# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ജനുവരി 29, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 193 –നമ്പർ 2

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**പത്താം സമ്മേളനം**

2024 ജനുവരി 29, തിങ്കൾ

സ്പീക്കർ

**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീ. ഷാജി സി. ബേബി**

ചീഫ് എഡിറ്റർ

**ശ്രീ. പി. രാമചന്ദ്രൻ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ** പേജ്

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

**II തിരുത്തിയ ഉത്തരം**

8-8-2023-ലെ നക്ഷത്രചിഹ്നമിടാത്ത 332-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III ചരമോപചാരം**

എം. കെ. പ്രേംനാഥ്, ആനത്തലവട്ടം ആനന്ദൻ, ആർ. രാമചന്ദ്രൻ,
പി. സിറിയക് ജോൺ, കാനം രാജേന്ദ്രൻ, കെ. കുഞ്ഞിരാമൻ,
കെ.പി. വിശ്വനാഥൻ, ടി.എച്ച്. മുസ്തഫ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

**IV ചെയർമാന്മാരുടെ പാനൽ**

**V അടിയന്തരപ്രമേയം**

സാമൂഹ്യ സുരക്ഷ പെൻഷൻ മുടങ്ങിയത് സംബന്ധിച്ച്
- ശ്രീ. പി.സി വിഷ്ണുനാഥ്

(അവതരണാനുമതി നിഷേധിച്ചു)

**VI ശ്രദ്ധ ക്ഷണിക്കൽ**

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത
- ശ്രീ. പി. നന്ദകുമാർ

**VII സബ്മിഷൻ**

(1) ഉളിയംകടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്
- ശ്രീ. എം. രാജഗോപാലൻ

(2) കാഞ്ഞിരപ്പുഴ ഡാം കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച്
- ശ്രീമതി ശാന്തകുമാരി കെ.

(3) ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മാണം
- ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

(4) റിംഗ് ബണ്ട് റോഡ് നിർമ്മാണം
- ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ

(5) കാരപ്പൊറ്റ-പുലിപ്പാടം റോഡ് പ്രവൃത്തി
- ശ്രീ. പി.പി. സുമോദ്

(6) സ്പോർട്സ് ക്വാട്ടയിലെ സൂപ്പർ ന്യൂമററി സർവ്വീസ്
- ശ്രീ. കെ.കെ രാമചന്ദ്രൻ

**VIII മേശപ്പുറത്തു വച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

**IX ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച**

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**പത്താം സമ്മേളനം**

2024 ജനുവരി 29, തിങ്കൾ

---

വാല്യം 193} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 2

---

നിയമസഭ 2024 ജനുവരി മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**മി. സ്പീക്കർ:** ഓർഡർ..... ഓർഡർ.... ചോദ്യം നം. (*1)

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കാൻ നടപടി**

1 (*1) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. മാണി സി. കാപ്പൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി കെ. കെ. രമ:

ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവ ഉൾപ്പെടെയുള്ള ആശുപത്രികളിൽ രൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) മരുന്നുക്ഷാമവുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിൽ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കാരുണ്യ പദ്ധതി വഴി ആശുപത്രികളിൽ രോഗികൾക്ക് മരുന്ന് സൗജന്യമായി നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവർക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവയുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ കെ.എം.എസ്.സി.എൽ. (കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്) മുഖേനയാണ് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റ് (EDL) പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കുണ്ടെന്നുള്ളത് ഉറപ്പാക്കുന്നുണ്ട്. ആശുപത്രികൾ ഒരു വർഷത്തേയ്ക്ക് ആവശ്യപ്പെട്ട മരുന്നുകൾ വിതരണം ചെയ്ത് ഉപയോഗിച്ച് കഴിഞ്ഞ സാഹചര്യത്തിലും കെ.എം.എസ്.സി.എൽ. വിതരണം ചെയ്യാത്ത മരുന്നുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും വിവിധ സ്കീമുകളിലൂടെ അവശ്യ മരുന്നുകൾ ലഭ്യമാക്കിവരുന്നുണ്ട്. ആയതിനാൽ രോഗികൾക്കുള്ള മരുന്ന് വിതരണം തടസ്സപ്പെട്ടിട്ടില്ല. സർക്കാർ ആശുപത്രികളിലൂടെ മെച്ചപ്പെട്ട ചികിത്സയും

ഗുണനിലവാരമുള്ള മരുന്നുകളും ലഭ്യമാക്കിയതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായത് കാരണം വാർഷിക ഇൻഡന്റ് പ്രകാരം ഒരു വർഷത്തേയ്ക്ക് നൽകിയ ചിലയിനം മരുന്നുകൾ സ്ഥാപനത്തിന് അനുവദിച്ച സാമ്പത്തിക പരിധിക്കപ്പുറം കൂടുതലായി വിതരണം ചെയ്യേണ്ടതായി വന്നിട്ടുണ്ട്.

കെ.എം.എസ്.സി.എൽ. വഴി ലഭ്യമാകുന്ന എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റ് (EDL) പ്രകാരമുള്ള മരുന്നുകൾ കുറവുണ്ടാകുന്ന സ്ഥാപനങ്ങളിൽ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും സമയബന്ധിതമായി നടപ്പാക്കിവരുന്നു. ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകളുടെ ആവശ്യകത കണക്കാക്കി മുൻ സാമ്പത്തിക വർഷം തന്നെ സംസ്ഥാനത്തുള്ള എല്ലാ ആശുപത്രികളും ഇൻഡന്റ് തയ്യാറാക്കി കെ.എം.എസ്.സി.എൽ.-ന് നൽകുകയും മരുന്ന് സംഭരണം സംബന്ധിച്ച കലണ്ടർ പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് സുതാര്യമായ ഇ-ടെണ്ടർ നടപടികളിലൂടെ മരുന്ന് ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുള്ള വിപുലമായ സംവിധാനം കെ.എം.എസ്.സി.എൽ.

ഒരുക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 550 മോളിക്യൂൾസാണ് എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ആശുപത്രികളിലുള്ള മരുന്നിന്റെ സ്റ്റോക്ക് 30% ആകുമ്പോൾ തന്നെ ഇൻഡന്റ് പ്രകാരം അടുത്ത ബാച്ച് വെയർഹൗസുകളിൽനിന്ന് എത്തിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. ഒരു സാമ്പത്തിക വർഷത്തെ നിശ്ചിത ഇൻഡന്റ് പ്രകാരമുള്ള മരുന്ന് സപ്ലൈ 100 ശതമാനം കഴിഞ്ഞാൽ 25 ശതമാനം കൂടി അധികമായി കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നുണ്ട്. എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ലഭ്യമല്ലാത്ത മരുന്നുകൾ ഇപ്രകാരം ആശുപത്രികളിൽ ലഭ്യമാകുകയില്ല. ഇൻഡന്റ് പ്രകാരം അനുവദനീയമായതും അധികമായുള്ള 25 ശതമാനവും വിതരണം ചെയ്ത് തീരുകയും ടി ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ മരുന്നുകൾ കാരുണ്യ ഫാർമസി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപതികളിലെ ഡോക്ടർമാർ കുറിപ്പടികളിൽ ജനറിക് മരുന്നുകൾ മാത്രമേ കുറിക്കാവൂ എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അത്യാവശ്യമുള്ള മരുന്നുകൾ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ വഴിയും എത്തിക്കുന്നുണ്ട്. മരുന്നുകളുടെ ലഭ്യതക്കുറവ് അവലോകനം

ചെയ്യുന്നതിലേയ്ക്കായി എല്ലാ ബുധനാഴ്ചകളിലും ആസ്ഥാന കാര്യാലയത്തിലേയും ജില്ലാ മരുന്ന് സംഭരണശാലകളിലേയും ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും മരുന്നുകളുടെ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആശുപത്രിതല അവലോകന യോഗത്തിലും ഫാർമസിസ്റ്റുമാരുടെ അവലോകന യോഗത്തിലും മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിലും മരുന്ന് ലഭ്യത സംബന്ധിച്ച് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ കെ.എം.എസ്.സി.എൽ. അതത് സമയങ്ങളിൽ പരിഹരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ കെ.എം.എസ്.സി.എൽ. മുഖേനയാണ് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നത്. കെ.എം.എസ്.സി.എൽ. വിതരണം ചെയ്യാത്തതും സ്റ്റോക്ക് ലഭ്യതക്കുറവുമൂലം കെ.എം.എസ്.സി.എൽ.-ൽ നിന്നും അവശ്യ മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിലും അവശ്യ മരുന്നുകൾ ലോക്കൽ പർച്ചേസ്,

KASP, RSBY, RBSK, JSSK, TRIBAL FUND, HDS FUND തുടങ്ങി വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. ആയതിനാൽ രോഗികൾക്കുള്ള മരുന്ന് വിതരണം തടസ്സപ്പെട്ടിട്ടില്ല. സർക്കാർ ആശുപത്രികളിലൂടെ മെച്ചപ്പെട്ട ചികിത്സയും ഗുണനിലവാരമുള്ള മരുന്നുകളും ലഭ്യമാക്കിയതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായത് കാരണം വാർഷിക ഇൻഡന്റ് പ്രകാരം ഒരു വർഷത്തേയ്ക്ക് നൽകിയ ചിലയിനം മരുന്നുകൾ സ്ഥാപനത്തിന് അനുവദിച്ച സാമ്പത്തിക പരിധിക്കപ്പുറം കൂടുതലായി വിതരണം ചെയ്യേണ്ടതായി വന്നിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റ് പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കുണ്ടെന്നുള്ളത് ഉറപ്പാക്കുന്നുണ്ട്. കെ.എം.എസ്.സി.എൽ. വഴി ലഭ്യമാകുന്ന എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റ് പ്രകാരമുള്ള മരുന്നുകൾ കുറവുണ്ടാകുന്ന സ്ഥാപനങ്ങളിൽ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും സമയബന്ധിതമായി നടപ്പാക്കിവരുന്നു. ഒരു സാമ്പത്തിക

വർഷത്തേയ്ക്ക് മരുന്നുകളുടെ ആവശ്യകത കണക്കാക്കി മുൻ സാമ്പത്തിക വർഷം തന്നെ സംസ്ഥാനത്തുള്ള എല്ലാ ആശുപത്രികളും ഇൻഡന്റ് തയ്യാറാക്കി കെ.എം.എസ്.സി.എൽ.-ന് നൽകുകയും മരുന്ന് സംഭരണം സംബന്ധിച്ച കലണ്ടർ പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് സുതാര്യമായ ഇ-ടെണ്ടർ നടപടികളിലൂടെ മരുന്ന് ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുള്ള വിപുലമായ സംവിധാനം കെ.എം.എസ്.സി.എൽ. ഒരുക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 550 മോളിക്യൂൾസാണ് എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ആശുപത്രികളിലുള്ള മരുന്നിന്റെ സ്റ്റോക്ക് 30 ശതമാനം ആകുമ്പോൾ തന്നെ ഇൻഡന്റ് പ്രകാരം അടുത്ത ബാച്ച് വെയർഹൗസുകളിൽനിന്ന് എത്തിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. ഒരു സാമ്പത്തിക വർഷത്തെ നിശ്ചിത ഇൻഡന്റ് പ്രകാരമുള്ള മരുന്ന് സപ്ലൈ 100 ശതമാനം കഴിഞ്ഞാൽ 25 ശതമാനം കൂടി അധികമായി കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നുണ്ട്. എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ലഭ്യമല്ലാത്ത മരുന്നുകൾ ഇപ്രകാരം ആശുപത്രികളിൽ ലഭ്യമാകുകയില്ല. ഇൻഡന്റ് പ്രകാരം

അനുവദനീയമായതും അധികമായുള്ള 25 ശതമാനവും വിതരണം ചെയ്ത് തീരുകയും ടി ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ മരുന്നുകൾ കാരുണ്യ ഫാർമസി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ കുറിപ്പടികളിൽ ജനറിക് മരുന്നുകൾ മാത്രമേ കുറിക്കാവൂ എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അത്യാവശ്യമുള്ള മരുന്നുകൾ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ വഴി എത്തിക്കുന്നുണ്ട്. മരുന്നുകളുടെ ലഭ്യതക്കുറവ് അവലോകനം ചെയ്യുന്നതിലേയ്ക്കായി എല്ലാ ബുധനാഴ്ചകളിലും ആസ്ഥാന കാര്യാലയത്തിലേയും ജില്ലാ മരുന്ന് സംഭരണശാലയിലേയും ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും മരുന്നുകളുടെ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആശുപത്രിതല അവലോകന യോഗത്തിലും ഫാർമസിസ്റ്റുമാരുടെ അവലോകന യോഗത്തിലും മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിലും മരുന്ന് ലഭ്യത സംബന്ധിച്ച്

ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ കെ.എം.എസ്.സി.എൽ. അതത് സമയങ്ങളിൽ പരിഹരിച്ചുവരുന്നുണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കീഴിലെ ആശുപത്രികളിലെ മരുന്ന് ലഭ്യത സംബന്ധിച്ച് നിരന്തര പരിശോധനയും അവലോകനവും നടത്തിവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ മരുന്ന് ലഭ്യത/ലഭ്യതക്കുറവ് സംബന്ധിച്ച ആശുപത്രി തിരിച്ചുള്ള കണക്ക് മാസത്തിൽ രണ്ട് തവണ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശേഖരിച്ച് കെ.എം.എസ്.സി.എൽ.-നെ അറിയിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ സ്ഥാപന മേധാവിയും സ്റ്റോർ കസ്റ്റോഡിയനും അംഗങ്ങളായുള്ള സ്ഥാപനതല മോണിറ്ററിംഗ് കമ്മിറ്റി വിവിധ മരുന്നുകളുടെ ലഭ്യത നിരന്തരം മോണിറ്റർ ചെയ്യുകയും കുറവ് വരുന്ന മരുന്നുകളുടെ ലഭ്യത കെ.എം.എസ്.സി.എൽ.-ൽ നിന്നോ ജില്ലാതല സമിതി വഴി മറ്റ് സ്ഥാപനങ്ങളിൽനിന്നോ ലഭ്യമാക്കി മരുന്ന് ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി മരുന്നുകളുടെ

ലഭ്യത ഡി.ഡി.എം.എസ്. സോഫ്റ്റ്‌വെയർ പരിശോധിച്ച് അതത് ദിവസങ്ങളിൽ ലഭ്യതക്കുറവുള്ള മരുന്നുകൾ അവയുടെ സ്റ്റോക്ക് ജില്ലകളിൽ കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും ആവശ്യാനുസരണം ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നു. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽ പ്രവർത്തനങ്ങൾ സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തുന്നു.

(ഡി) രോഗികൾക്ക് കാരുണ്യ പദ്ധതി വഴി മരുന്നുകൾ സൗജന്യമായി നൽകിവരുന്നുണ്ട്.

(ഇ) നിലവിൽ കിടപ്പുരോഗികൾ ഉൾപ്പെടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും മരുന്നുകൾ സൗജന്യമായാണ് ലഭിക്കുന്നത്. കൂടാതെ എൽ.എസ്.ജി.ഡി. പ്രോജക്ടുകൾ മുഖേനയും സാന്ത്വന പരിചരണ പദ്ധതി പ്രകാരവും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, മന്ത്രി പറഞ്ഞതിൽനിന്നും വളരെ വ്യത്യസ്തമാണ് യഥാർത്ഥ ചിത്രം. പല സർക്കാർ ആശുപത്രികളിലും ഫാർമസികളിലും മരുന്നില്ലെന്നുള്ളത് വസ്തുതയാണ്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ ഫാർമസിസ്റ്റുകളുടെ അവലോകന യോഗം രണ്ട് വർഷം

മുമ്പുവരെ കൃത്യമായി നടന്നിരുന്നു. ഇപ്പോൾ അത് നടക്കുന്നില്ല. ജീവൻരക്ഷാ മരുന്നുകൾപോലും ലഭ്യമല്ലാത്ത സാഹചര്യം ഇന്ന് സർക്കാർ ആശുപത്രികളിൽ നിലനിൽക്കുന്നുണ്ട്. ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും വിവിധ പരിശോധനകൾക്കായി രോഗികളെ പുറത്തേയ്ക്കാണ് റഫർ ചെയ്യുന്നത്. പാവപ്പെട്ട രോഗികൾക്ക് സ്കാനിംഗിനും മറ്റ് പരിശോധനകൾക്കുമായി സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടിവരുന്നു. Implanting വേണ്ടിവന്നാൽ അതിന്റെ ഉപകരണങ്ങൾപോലും പുറത്തുനിന്ന് രോഗി വാങ്ങേണ്ട സാഹചര്യമുണ്ട്. ആശുപത്രിയിൽ ഇത്തരം സൗകര്യങ്ങളില്ലാത്തതുമൂലം പാവപ്പെട്ട രോഗികൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. ഇതിനെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ചത് ഉദ്യോഗസ്ഥർ നൽകിയ മറുപടിയായിരിക്കും. പക്ഷേ യാഥാർത്ഥ്യം വ്യത്യസ്തമാണ്. സർക്കാർ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞത് വളരെയധികം തെറ്റിദ്ധരിപ്പിക്കുന്ന കാര്യമാണ്. അത് പിൻവലിക്കാൻ തയ്യാറാകണം. (.....ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ മിനിസ്റ്റർ പറയുന്നത് കേൾക്കുക.

ശ്രീമതി വീണാ ജോർജ്: സർ, 2023-24 സാമ്പത്തിക വർഷം ജനുവരി മാസം ആദ്യ ആഴ്ച വരെ സംസ്ഥാനത്ത് 554 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്തു. 2015-16 കാലയളവിൽ ഒരു വർഷം മുഴുവൻ വിതരണം ചെയ്ത മരുന്നുകളുടെ ആകെ തുക 256 കോടി രൂപയാണ്. ഇത്രമാത്രം വർദ്ധനവ് സംസ്ഥാനത്തെ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട തുകയുടെ വിനിയോഗത്തിലുണ്ടായിട്ടുണ്ട്. സർക്കാർ ഇതിനെ തുറന്ന മനസ്സോടെയാണ് സമീപിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഏതെങ്കിലും പ്രത്യേക മരുന്ന് ലഭ്യമല്ലെന്ന് ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അത് പരിഗണിക്കുന്നതാണ്. ദിവസവും മന്ത്രിതലത്തിൽ നടത്തുന്ന മോണിറ്ററിംഗിന്റെ അടിസ്ഥാനത്തിലും പ്രിൻസിപ്പൽ സെക്രട്ടറിയും ഡയറക്ടർമാരും നടത്തുന്ന മോണിറ്ററിംഗിന്റെ അടിസ്ഥാനത്തിലും എന്റെ മുമ്പിലുള്ള വസ്തുതകളുടെ അടിസ്ഥാനത്തിലുമാണ് ഞാൻ കാര്യങ്ങൾ വ്യക്തമാക്കിയത്. അല്ലാതെ ഉദ്യോഗസ്ഥർ പറഞ്ഞ് തരുന്നതല്ല. അതിൽ പ്രധാനമായും ആരോഗ്യ വകുപ്പ് കെ.എം.എസ്.സി.എൽ. മുഖേനയാണ് മരുന്ന് സംഭരിച്ച് വിതരണം ചെയ്യുന്നത്. എതാണ്ട് 550 മോളിക്യൂൾസും

837-ഓളം മരുന്നുകളും എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഇൻഡന്റ് തയ്യാറാക്കുന്നത് 2023-24 സെപ്റ്റംബർ-ഒക്ടോബർ മാസത്തിലാണ്. ആറ് മാസം മുമ്പ് ഈ നടപടിക്രമങ്ങൾ ആരംഭിക്കും. ദേശീയ തലത്തിലുള്ള സുതാര്യമായതും മത്സരാധിഷ്ഠിതമായിട്ടുള്ളതുമായ ഇ-ടെണ്ടർ നടപടിയിലൂടെയാണ് മരുന്നുകളുടെ സംഭരണ നടപടികൾ നടക്കുന്നത്. ഉദാഹരണത്തിന് പിറവം താലൂക്ക് ആശുപത്രിയിൽ പാരസറ്റമോൾ ടാബ്‌ലെറ്റ് 100 എണ്ണം ചോദിച്ചാൽ അത് മൂന്ന് ഗഡുക്കളായി നൽകും. 100 എണ്ണവും ഉപയോഗിച്ച് കഴിഞ്ഞാൽ 25 ശതമാനം കൂടി അധികം നൽകാൻ സാധിക്കും. അതായത് എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഇൻഡന്റ് പ്രകാരം ആവശ്യപ്പെട്ട മരുന്ന് 100 ശതമാനം ഒരു ആശുപത്രി ഉപയോഗിച്ച് കഴിഞ്ഞാൽ 25 ശതമാനം കൂടി അധികം നൽകും. അതിനുശേഷം മാനദണ്ഡപ്രകാരം ആ മരുന്ന് നൽകാൻ കെ.എം.എസ്.സി.എൽ.-ന് സാധിക്കില്ല. ആ അവസരത്തിൽ ആശുപത്രികളുടെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തിക്കൊണ്ട് ആ മരുന്നുകൾ ലഭ്യമാക്കുന്നതിന് സാധിക്കും. അതല്ലെങ്കിൽ മറ്റ്

ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്ന് മരുന്നുകൾ ലഭ്യമാക്കാൻ സാധിക്കും. രണ്ടാമത്തെ കാറ്റഗറിയായ എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിലില്ലാത്ത മരുന്നുകൾ കാരുണ്യ ഫാർമസി വഴി പ്രാദേശികമായി ലഭ്യമാക്കും. ഉദാഹരണത്തിന് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുള്ള എറണാകുളം ജനറൽ ആശുപത്രിയിലെ മരുന്നുകളുടെ ആവശ്യമല്ല പിറവം താലൂക്ക് ആശുപത്രിയെ സംബന്ധിച്ചുള്ളത്. ആ രീതിയിൽ അവിടെ ആവശ്യമുള്ള മരുന്നുകൾ പ്രാദേശികമായി കാരുണ്യ ഫാർമസി വഴി ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ രീതിയിലാണ് ഇത് കൈകാര്യം ചെയ്യുന്നത്. ഒരു പ്രത്യേക മരുന്ന് ചൂണ്ടിക്കാണിച്ചാൽ തീർച്ചയായും അതുസംബന്ധിച്ച കൃത്യമായ വിവരം നൽകാൻ സാധിക്കും. അദ്ദേഹം സൂചിപ്പിച്ചത് യു.ഡി.എഫ്.ന്റെ കാലത്തെ കാര്യമാണ്. ഞാൻ അന്നത്തെ പത്രവാർത്തകൾ വായിക്കാം.....(....ബഹളം....)... 'മരുന്ന് വാങ്ങാനാകാതെ മരിക്കേണ്ട ഗതികേടുണ്ടാകുമോ' ! അന്നത്തെ ഒരു എഡിറ്റോറിയലാണ്.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീമതി വീണാ ജോർജ്: അതുകൊണ്ട് ഇതിനെ തുറന്ന മനസ്സോടെ നമുക്കൊരുമിച്ച് സമീപിക്കാം. അല്ലാതെ ഇങ്ങനെ ആക്ഷേപിക്കുന്നത് ശരിയായ കാര്യമല്ല. മറ്റൊരു കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. (....ബഹളം....) ഞാൻ കഴിഞ്ഞ ദിവസം എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു ഉദ്ഘാടനത്തിന് പോയപ്പോൾ ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.യും എന്നോടൊപ്പമുണ്ടായിരുന്നു. ഒരാൾ എന്റെ സമീപത്തുവന്ന് ഈ ഫാർമസിയിൽ മരുന്നില്ലെന്ന് പറയുകയുണ്ടായി. അക്കാര്യം പരിശോധിച്ചപ്പോൾ അയാൾ ഫാർമസിയിൽ പോയിട്ടില്ല. ഇങ്ങനെ തെറ്റിദ്ധരിപ്പിക്കുന്ന ചില പ്രചാരണങ്ങൾ നടക്കുകയാണ്. അത് ദുഃഖകരമാണ്. സാധാരണക്കാർ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിൽ ഇങ്ങനെയാണ് കാര്യങ്ങളെന്ന് വരുത്തിത്തീർക്കുന്നത് തെറ്റായ കാര്യമാണ്. ഒരു പ്രത്യേക മരുന്ന് സംബന്ധിച്ചാണ് പറഞ്ഞതെങ്കിൽ നമുക്ക് അക്കാര്യം പരിശോധിക്കാം.

ശ്രീ. അനൂപ് ജേക്കബ്: സർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ രണ്ട് മൂന്നിടത്ത് ആവർത്തിച്ച് തീപിടുത്തമുണ്ടായി.

ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതൊരു അട്ടിമറിയാണോ എന്നത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുകയുണ്ടായോ; അന്വേഷണ റിപ്പോർട്ട് ഇപ്പോൾ ഗവൺമെന്റിന് ലഭ്യമാണോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഇക്കാര്യം സംബന്ധിച്ച് വളരെ കൃത്യമായി ഗവൺമെന്റ് പരിശോധിച്ചിരുന്നു. ഫയർ ആൻഡ് സേഫ്റ്റി, ഡ്രഗ്സ് കൺട്രോൾ എന്നിങ്ങനെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഓഫീസർമാരടങ്ങുന്ന ഒരു കമ്മിറ്റിയാണ് ഇത് അന്വേഷിച്ചത്. പ്രസ്തുത റിപ്പോർട്ട് 2023 ഡിസംബർ മാസം അവസാനം ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആദ്യം ഒരു ഇന്ററിം റിപ്പോർട്ടും അവർ നൽകിയിരുന്നു. ഇതിൽ പറഞ്ഞിരിക്കുന്നതിന്റെ അന്തഃസത്ത, ഈ തീപിടുത്തങ്ങൾ ഉണ്ടായിരിക്കുന്നത് ബ്ലീച്ചിംഗ് പൗഡർ സൂക്ഷിച്ചിരുന്ന സ്ഥലത്തെ ഈർപ്പമുള്ള ചില സാഹചര്യങ്ങൾ അടക്കമുള്ള സാങ്കേതിക കാര്യങ്ങളാലാണെന്നാണ്. ആ കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ചുള്ള

ക്രമീകരണങ്ങൾ വെയർഹൗസുകളിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതാണ്ട് എല്ലായിടത്തും സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് വെയർഹൗസ് പൂർണ്ണമായും മാറ്റേണ്ടതായിട്ടുള്ളത്. 2019 കാലയളവിൽ ഫയർ ആൻഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റിന്റെ എൻ.ഒ.സി. ലഭ്യമാകുന്നതിന്റെ മാനദണ്ഡങ്ങളിൽ വ്യത്യാസമുണ്ടായി. നിലവിലെ ചില വെയർഹൗസുകളിൽ എൻ.ഒ.സി. ലഭ്യമല്ലാത്ത സാഹചര്യവുമുണ്ട്. അതിനെ മാനദണ്ഡപ്രകാരമുള്ള വെയർഹൗസുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഒരു കാര്യം കൂടി ചേർത്ത് പറയാൻ ആഗ്രഹിക്കുന്നു. ഈ ബ്ലീച്ചിംഗ് പൗഡറിന്റെ ക്വാളിറ്റി സംബന്ധിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് ഡ്രഗ്സ് കൺട്രോളറുടെ നേതൃത്വത്തിൽ നടത്തിയ വിശദമായ പരിശോധനയിൽ ബ്ലീച്ചിംഗ് പൗഡർ ക്വാളിറ്റിയുള്ളതാണെന്ന് കണ്ടെത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇത്തവണത്തെ ശബരിമല മണ്ഡലകാലത്തുൾപ്പെടെ ഈ ബ്ലീച്ചിംഗ് പൗഡർ സംസ്ഥാനത്ത് എല്ലായിടത്തും വിതരണം ചെയ്തിട്ടുണ്ട്. നേരത്തെ പറഞ്ഞ ഓഫീസർമാരടങ്ങിയ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

ഇങ്ങനെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈർപ്പമുള്ളതോ സൂര്യപ്രകാശം നേരിട്ടുപതിക്കുന്നതോ ബൾക്കായി ചാക്കിൽ സൂക്ഷിക്കുന്നതോ ആയ സാഹചര്യങ്ങൾ ഒഴിവാക്കിക്കൊണ്ട് മാനദണ്ഡപ്രകാരം കമ്മിറ്റി നിർദ്ദേശിച്ച രീതിയിൽ ബ്ലീച്ചിംഗ് പൗഡർ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും സ്വീകരിക്കുന്നുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, എല്ലായിടത്തും മരുന്നുകൾ ലഭ്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. കഴിഞ്ഞ ദിവസം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ വാതിൽക്കൽ രോഗികൾ കുത്തിയിരുന്ന് പ്രതിഷേധിക്കുന്ന സാഹചര്യമുണ്ടായി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള എം.എൽ.എ.മാർക്ക് അവിടെ ചെല്ലേണ്ടിവന്നു.. (ബഹളം).... ഇത് കേരളമൊട്ടാകെ നിലനിൽക്കുന്ന പ്രശ്നമാണ്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്ന് ഒരു രോഗി ബഹുമാനപ്പെട്ട മന്ത്രിക്ക് കത്തയച്ചു. ആ രോഗി എഴുതിയിരിക്കുകയാണ്. ഗുരുതര ശ്വാസകോശ രോഗമായ chronic obstructive pulmonary disease-ന് ആറിനം മരുന്നുകളാണ് ഡോക്ടർ

എഴുതിയത്. മരുന്ന് വാങ്ങാൻ ആശുപത്രിയിൽ ചെന്നപ്പോൾ മരുന്നുകൾ അവിടെയില്ലാത്തതുകൊണ്ട് മരുന്നുകൾക്കുനേരെ ഗുണന ചിഹ്നം (X) ഇട്ട് കൊടുത്തിരിക്കുകയാണ്. പ്രസ്തുത കുറിപ്പടി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ മുന്നിൽനിന്ന് ആ രോഗി കാണിച്ചുകൊണ്ടിരിക്കുന്ന ചിത്രമാണിത്. (ചിത്രം ഉയർത്തിക്കാണിച്ചു.) മന്ത്രിക്ക് തുറന്ന കത്തെഴുതിയിരിക്കുകയാണ്. മരുന്ന് ക്ഷാമം പരിഹരിക്കണം....(മൈക്ക് ഓഫ്).....

<u>മി. സ്പീക്കർ</u>: ചോദ്യം കഴിഞ്ഞു. യെസ്...യെസ്.... മിനിസ്റ്റർ... ചോദ്യം ക്ലിയറായി....(ബഹളം)....

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ഇങ്ങനെ പറയുന്നത് ദുഃഖകരമാണ്. ....(ബഹളം).... വളരെ ക്ലിയറായിട്ടുള്ള കാര്യങ്ങളും അതിന്റെ നടപടിക്രമങ്ങളും ഞാൻ പറഞ്ഞു. ലിസ്റ്റ് പ്രകാരം സംഭരിക്കുന്ന മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി എല്ലാ ആശുപത്രികളിലും ഉണ്ടാകുന്നുണ്ടെന്നുള്ളത് ഉറപ്പാക്കുന്നുണ്ട്.

ഉദാഹരണത്തിന് .....(ബഹളം).... ഞാൻ ഒന്ന് പറഞ്ഞുകൊള്ളട്ടെ. ചോദ്യം ചോദിക്കുക മാത്രമല്ലല്ലോ! ഉത്തരവും കൂടി പറയണ്ടേ?

മി. സ്പീക്കർ: മിനിസ്റ്റർ, പ്ലീസ്... ചോദ്യത്തിന് പകരം പ്രസംഗം അനുവദിക്കില്ല. പോയിന്റ് ക്ലിയറാണ്. മന്ത്രിക്ക് തുടർന്ന് സംസാരിക്കാം.

ശ്രീമതി വീണാ ജോർജ്: സർ, സംസ്ഥാനത്ത് കെ.എം.എസ്.സി.എൽ. എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റ് പ്രകാരം ഓരോ ആശുപത്രിക്കും മരുന്നുകൾ നൽകുന്നുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാര്യമാണെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശരിയല്ല. കോഴിക്കോട് ബീച്ച് ഹോസ്പിറ്റലിലെ ഒരു കാര്യം പത്രത്തിൽ വന്നതിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. അതിനുമുമ്പ് അതേ പത്രത്തിൽ മറ്റൊരു കാര്യവും വന്നിരുന്നു. തിരുവനന്തപുരത്ത് ജനറൽ ആശുപത്രിയിൽ 9 മരുന്നുകൾ എഴുതി. ആ 9 മരുന്നുകളിൽ 'മരുന്നിന് മരുന്നില്ല' എന്നതായിരുന്നു തലക്കെട്ട്. ഇത്രയും കൃത്യമായി ഇടപെടുമ്പോൾ ഇങ്ങനെയൊരു കാര്യം എങ്ങനെ സംഭവിക്കുന്നുവെന്നുള്ളത് സംബന്ധിച്ച് പരിശോധിച്ചു. ആ വാർത്തയിലെ അടിക്കുറിപ്പിൽ ഇങ്ങനെ എഴുതിയിരുന്നു - 7 മരുന്ന് കിട്ടി.

ബാക്കി 2 മരുന്നുകളിൽ ഒന്ന് എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഇല്ലാത്തതാണ്. ഒരു മരുന്ന് എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിലുള്ളതും. ഞാൻ നേരത്തെ പറഞ്ഞതുപോലെ 125 ശതമാനവും മരുന്ന് സപ്ലൈ ചെയ്തതിന് ശേഷമുള്ളതാണ്. എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റ് പ്രകാരമുള്ള മരുന്നുകൾ ആശുപത്രികളിൽ ഉണ്ടെന്നുള്ളത് ഉറപ്പാക്കുന്നുണ്ടെന്ന കാര്യമാണ് ഞാൻ ഈ സഭയിൽ പറഞ്ഞത്. എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഇല്ലാത്ത മരുന്നുകൾ ഡോക്ടർമാർ എഴുതിയാൽ അത് പ്രാദേശികമായി സംഭരിച്ച് കൊടുക്കുന്നതിനുള്ള നടപടിയെടുക്കാൻ മാത്രമേ കെ.എം.എസ്.സി.എൽ.-ന് സാധിക്കുകയുള്ളൂ. ഒരു മരുന്ന് എഴുതിയാൽ അപ്പോൾ തന്നെ എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിലൂടെ അത് വാങ്ങിച്ചുകൊടുക്കുന്നതിന് കഴിയുകയില്ല. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, ജനറിക് നെയിമുകൾ എഴുതുന്നതിന് ഡോക്ടർമാർക്ക് കർശന നിർദ്ദേശം നൽകുകയാണ്. ഉദാഹരണം പറഞ്ഞാൽ Pantop വളരെ സാധാരണമായി ഉപയോഗിക്കുന്ന ഒരു മരുന്നാണ്. എന്നാൽ Pantop ഇല്ലെന്നാണ് ജനറൽ ആശുപത്രിയിൽ നിന്നുള്ള കുറിപ്പിൽ കണ്ടത്. ലക്ഷക്കണക്കിന് രൂപയുടെ കാപ്സ്യൂൾസ് അവിടെ ഇരിക്കുമ്പോഴാണ് Pantop

ഇല്ലെന്ന വാർത്ത വന്നത്. അതുകൊണ്ടാണ് ജനറിക് നെയിം എഴുതണമെന്ന് ഡോക്ടർമാരെ നിർബന്ധിക്കുന്നത്. കേരളത്തിൽ മാത്രമല്ല നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡ പ്രകാരവും കേരള മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡ പ്രകാരവും ജനറിക് നെയിം എഴുതേണ്ടതായിട്ടുണ്ട്. എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റ് പ്രകാരമുള്ള മരുന്നുകൾ ആശുപത്രികളിലുണ്ടെന്നുള്ളത് ആരോഗ്യ വകുപ്പ് ഉറപ്പാക്കുന്നുണ്ട്. എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിലില്ലാത്ത ഏതെങ്കിലും മരുന്നുകൾ ബഹുമാന്യരായിട്ടുള്ള പ്രതിപക്ഷാംഗങ്ങൾ ചൂണ്ടിക്കാണിച്ചാൽ തീർച്ചയായും അത് അവിടെ എത്തിക്കുന്നതിനും ഇടപെടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീമതി കെ. കെ. രമ: സർ, സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യമാകുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. കോടിക്കണക്കിന് രൂപയുടെ കണക്ക് മാത്രം പറഞ്ഞതുകൊണ്ട് കാര്യമില്ല. താഴെത്തട്ടിൽ മരുന്നുകൾ ലഭ്യമല്ല. വാർഷിക ഇൻഡന്റ് പ്രകാരം മരുന്നുകൾ വാങ്ങുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. ഏതെങ്കിലുമൊരു പകർച്ചവ്യാധി

പിടിപെടുകയോ അല്ലെങ്കിൽ രോഗികൾ കൂടുതലായി ആശുപത്രികളിൽ എത്തുകയോ ചെയ്യുന്ന സമയത്ത് ആ വർഷം വീണ്ടും മരുന്ന് വാങ്ങാൻ സാധിക്കുകയില്ല. അതുപോലെതന്നെ ലോക്കൽ പർച്ചേസിൽ പലപ്പോഴും ഇൻ-പേഷ്യന്റ് രോഗികൾക്ക് മാത്രമാണ് മരുന്ന് ലഭിക്കുന്നത്. ഒ.പി. രോഗികൾക്ക് മരുന്ന് ലഭിക്കാത്തതുമൂലം രോഗികൾ തിരിച്ചുപോകുന്ന സാഹചര്യവുമുണ്ട്. അതുപോലെ ഇൻഡന്റ് പ്രകാരം മരുന്ന് വാങ്ങിക്കഴിഞ്ഞാൽ കൂടുതലുള്ള മരുന്നുകൾ (രോഗികൾക്ക് കൂടുതലായി അധിക കാലം ഉപയോഗിക്കാൻ സാധിക്കാതെ വരുന്ന മരുന്നുകൾ) ഔദ്യോഗിക നടപടികൾ ഭയന്ന് കൂടുതൽ എഴുതുന്നതിനായി ഉദ്യോഗസ്ഥർ നിർബന്ധിതരാകുന്നുണ്ട്. ഇവയെല്ലാം പരിഹരിക്കുന്നതിനായി ആവശ്യാനുസരണം ഇൻഡന്റുകൾ നൽകുന്നതിനും അധികമുള്ള മരുന്നുകൾ ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൈമാറുന്നതിനും മരുന്നുകളുടെ വിതരണം സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിനും സർക്കാർ തലത്തിൽ അവ പ്രയോജനപ്രദമാക്കുന്നതിനുമായി ഒരു ഏകീകൃത ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം ആരംഭിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, നിലവിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് ഇക്കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നത്. ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റത്തിലൂടെ ഏതൊരു ആശുപത്രിയിലും എത്ര മരുന്നുകളുടെ സ്റ്റോക്കുണ്ട്; വാർഡിലെ ആവശ്യത്തിനായി എടുത്തിട്ടുള്ള മരുന്നുകൾ എത്രയാണ്; വെയർ ഹൗസിൽ എത്ര മരുന്നുകളുണ്ട്; എത്ര മരുന്നുകൾ അവിടെ നൽകിയിട്ടുണ്ട്; ഇൻഡന്റിന്റെ എത്ര ശതമാനം മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട് എന്നീ കാര്യങ്ങൾ കൃത്യമായി ഏത് സ്ഥലത്തിരുന്നും മോണിറ്റർ ചെയ്യാൻ സാധിക്കും. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, 2015-16 കാലയളവിൽ 256 കോടി രൂപയുടെ മരുന്നുകളാണ് കെ.എം.എസ്.സി.എൽ. വഴി മൊത്തം സംഭരിച്ചിരുന്നതെങ്കിൽ 2023-24 ജനുവരി മാസം വരെ 554 കോടി രൂപയുടെ മരുന്നുകൾ സംഭരിച്ചിട്ടുണ്ട്. 150 കോടി രൂപയുടെ മരുന്നുകൾ കൂടി സംഭരിക്കുന്നതിന് ഓർഡർ നൽകി. 2024-25-ൽ ലഭിച്ചിരിക്കുന്ന ഇൻഡന്റിന്റെ തുക 845 കോടി രൂപയാണ്.

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? സംസ്ഥാനത്ത് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. അത് നമ്മുടെ മുമ്പിലുള്ള യഥാർത്ഥ്യമാണ്. ബഹുമാന്യയായ അംഗം ഈ സിസ്റ്റം സംബന്ധിച്ച കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്. സാധാരണയായി സെപ്റ്റംബർ, ഒക്ടോബർ മാസത്തിലാണ് ഇതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നത്. ഓരോ തവണയും ഇൻഡന്റ് കഴിഞ്ഞ വർഷത്തേക്കാൾ 20 ശതമാനം അധികം കൂട്ടിനൽകണമെന്നാണ് ആശുപത്രികളോട് പറയുന്നത്. അങ്ങനെ നൽകിയ ഇൻഡന്റ് ദേശീയ മത്സരാധിഷ്ഠിത ഇ-ടെൻഡർ നടപടികൾ കഴിഞ്ഞുവന്നതിനുശേഷം ലിസ്റ്റ് ചെയ്ത് ക്വാളിറ്റി പരിശോധിക്കുന്നതിന്റെ ഭാഗമായി കമ്പനികളിൽ പോയി ഉദ്യോഗസ്ഥർ പരിശോധന നടത്തും. ഇവർക്ക് പർച്ചേസ് ഓർഡർ നൽകിക്കഴിഞ്ഞാൽ മരുന്ന് ലഭ്യമാകാൻ മിനിമം 60 ദിവസമെടുക്കും. അതുകൊണ്ടാണ് വാർഷിക ഇൻഡന്റ് സ്വീകരിച്ചുകൊണ്ട് ഒരു വർഷത്തേയ്ക്കെന്നുള്ള നിലയിൽ നമ്മൾ പോകുന്നത്. പകുതിയോ അതിന്റെ

കാൽ ഭാഗത്തേയ്ക്കോ മാറ്റിയാൽ ഈ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. പുതിയതായി ഇനി ചെയ്യേണ്ട മാറ്റങ്ങളെക്കുറിച്ച് കെ.എം.എസ്.സി.എൽ. ആലോചിക്കുന്നുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: സർ, കാരുണ്യ ഫാർമസികൾ ഇതിനൊരു പരിഹാരമാണ്. തൊടുപുഴ ജില്ലാ ആശുപത്രിയിൽ കാരുണ്യ ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഇല്ലാത്ത മരുന്നുകൾ എങ്ങനെ വിതരണം ചെയ്യുമെന്നുള്ള കാര്യമാണ് ഞാൻ നേരത്തെ പറഞ്ഞത്. അത് കാരുണ്യ ഫാർമസികൾ മുഖേന വിതരണം ചെയ്യാം. അതുകൊണ്ട് പ്രാദേശികമായി കാരുണ്യ ഫാർമസികൾ ശക്തിപ്പെടുത്തണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. നിലവിൽ സംസ്ഥാനത്ത് 74 കാരുണ്യ ഫാർമസികളാണ് പ്രവർത്തിക്കുന്നത്. 240 സ്ക്വയർ ഫീറ്റുള്ള സ്ഥലമുണ്ടെങ്കിൽ കാരുണ്യ ഫാർമസി ആരംഭിക്കാൻ കഴിയും. തൊടുപുഴയിൽ കാരുണ്യ ഫാർമസി ആരംഭിക്കാവുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുനിന്നും വ്യത്യസ്തമായി മൂന്നിരട്ടി തുക ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും മരുന്ന് വാങ്ങുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുംവേണ്ടി ചെലവഴിച്ചിട്ടുള്ള സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. ...(ബഹളം)..... എനിക്ക് ചോദ്യം ചോദിക്കാൻ അവസരം നൽകണം. .....(ബഹളം).....

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 140 കോടി രൂപ ചെലവഴിച്ച് ആലപ്പുഴയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ആലപ്പുഴ ജനറൽ ആശുപത്രിയുടെ ഉദ്ഘാടനവും പ്രവർത്തനവും എന്ന് യാഥാർത്ഥ്യമാക്കാൻ സാധിക്കും?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ച, നമ്മൾ ദീർഘനാളായി ആഗ്രഹിച്ച, ലക്ഷ്യം വച്ച തീരദേശ മേഖലയിൽ വലിയ സഹായകരമാകുന്ന പുതിയ കെട്ടിടത്തിന്റെ വളരെ മനോഹരമായ സിവിൽ സ്ട്രക്ച്ചറും മറ്റ് കാര്യങ്ങളും പൂർത്തിയായിട്ടുണ്ട്.

നിലവിലെ ആശുപത്രിയിൽ ഇപ്പോൾ ഉപയോഗിക്കുന്ന ഫർണിച്ചർ അവിടേയ്ക്ക് മാറ്റേണ്ടതില്ലെന്ന് കരുതി. കിഫ്ബിയുടെ ഭാഗമായി പുതിയ ഫർണിച്ചറുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രൊക്യൂവർമെന്റ് നടപടികൾ നടക്കുകയാണ്. ഫെബ്രുവരി മാസത്തിൽ തന്നെ അതിന്റെ ഉദ്ഘാടനം നടത്താൻ സാധിക്കും.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കോവിഡ് കാലത്ത് ഏറെ ദുരന്തം വിതച്ച ഒരു മേഖലയാണ് മഞ്ചേശ്വരം നിയോജകമണ്ഡലം. മഞ്ചേശ്വരത്തുള്ള ആളുകൾക്ക് ഏറെ ആശ്രയിക്കാൻ കഴിയുന്ന ഏക ആശുപത്രിയാണ് മംഗൽപാടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി. ഞാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലം മുതൽ രാത്രികാല ചികിത്സ ആ ആശുപത്രിയിൽ ലഭിച്ചിരുന്നു. കഴിഞ്ഞ നാല് മാസമായി ആ ആശുപത്രിയിൽ രാത്രികാല സേവനം നിർത്തിവച്ചിരിക്കുകയാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മംഗലാപുരത്ത് പഠിക്കുന്ന ഡോക്ടർമാർക്ക് മഞ്ചേശ്വരത്ത് ഇന്റർവ്യൂ നടത്തി നിയമനം നടത്താൻ കഴിയില്ലെന്ന സാങ്കേതിക തടസ്സമാണ് പറയുന്നത്.

അവിടത്തെ ഉൾഗ്രാമങ്ങളിലെ ആളുകൾക്ക് രാത്രിയിൽ ഹൃദ്രോഗമോ മറ്റുവിധത്തിലുള്ള അസുഖമോ വന്നാൽ മംഗലാപുരത്തെ ആശുപത്രികളെ ആശ്രയിക്കേണ്ട ഗതികേടാണുള്ളത്. ആ ആശുപത്രിയിൽ രാത്രികാല സേവനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാന്യനായ അംഗം ഇക്കാര്യം പലതവണ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആരോഗ്യ വകുപ്പ് നിരന്തരമായി അവിടെയുള്ള എട്ട് തസ്തികകളിൽ ഡോക്ടർമാരെ നിയമിച്ചു. എന്നാൽ നിയമിച്ച ഡോക്ടർമാർ പി.ജി. പഠനത്തിനായി പോയതിനാൽ ദേശീയ ആരോഗ്യ ദൗത്യം വഴി ഡോക്ടർമാരെ നിയമിക്കുന്നതിന് പലതവണ ശ്രമിക്കുകയും പല പ്രാവശ്യം ഇന്റർവ്യൂ നടത്തുകയും ചെയ്തിരുന്നു. ഏതായാലും ഇപ്പോൾ നമുക്ക് ആവശ്യമായ ഡോക്ടർമാരെ ലഭ്യമായിട്ടുണ്ട്. ഇന്ന് മുതൽ അവിടെ രാത്രികാല ചികിത്സ ഉണ്ടായിരിക്കുന്നതാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി ചോദ്യങ്ങൾക്ക് ഉത്തരമായി പറഞ്ഞത് Kerala Medical Services

Corporation Limited-ൽ കഴിഞ്ഞ കുറെ വർഷങ്ങളായി നിലവിലിരിക്കുന്ന ഒരു സിസ്റ്റത്തെക്കുറിച്ചാണ്. ആ സിസ്റ്റം പരാജയപ്പെട്ടോ എന്നുള്ളതാണ് പ്രതിപക്ഷാംഗങ്ങളുടെ ചോദ്യം. അത് പരിശോധിച്ചാൽ മനസ്സിലാകും. സി. & എ. ജി.യുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് അവരുടെ ടെസ്റ്റ് പീരിയഡിൽ 67 ആശുപത്രികളിൽ നടത്തിയ പരിശോധനയിൽ 62826 സന്ദർഭങ്ങളിൽ മരുന്നുകൾ ലഭ്യമായില്ലെന്നാണ്. ഇതിൽ ചില അവശ്യ മരുന്നുകൾ 1745 ദിവസം വരെ ലഭ്യമാകാതെ ഉണ്ടായിരുന്നുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. 4732 ഇനം മരുന്നുകൾക്ക് ആശുപത്രികൾ ഇൻഡന്റ് നൽകിയെങ്കിലും 536 ഇനങ്ങൾക്ക് മാത്രമാണ് ഓർഡർ കൊടുത്തത്. 1085 ഇനങ്ങൾക്ക് ഓർഡർ നൽകിയിട്ടേയില്ല. ഓർഡർ ചെയ്ത മരുന്നുകൾ 60 ദിവസത്തിനുള്ളിൽ നൽകണമെന്ന വ്യവസ്ഥ നിലനിൽക്കുമ്പോൾ തന്നെ 81 ശതമാനം ഓർഡറുകളിലും ഈ കാലയളവുകളിൽ മരുന്ന് ലഭ്യമായിട്ടില്ല. ചില കമ്പനികൾ 988 ദിവസം വരെ കാലതാമസം വരുത്തിയെന്നാണ് കണ്ടെത്തിയിരിക്കുന്നത്. അതായത് പ്രസ്തുത സിസ്റ്റം പരാജയപ്പെട്ടു. നിലവിലുണ്ടായിരുന്ന സിസ്റ്റം പരാജയപ്പെട്ട്

ആശുപത്രികളിൽ മരുന്ന് ലഭ്യമായിട്ടില്ല. മാത്രമല്ല കാലാവധി കഴിഞ്ഞ മരുന്നുകളും നശിപ്പിച്ചുകളയേണ്ട മരുന്നുകളും വരെ ഈ ആശുപത്രികളിലൂടെ വിതരണം നടത്തിയെന്ന് സി. & എ. ജി. റിപ്പോർട്ടുകൾ വന്നിരിക്കുന്നു. ഇവിടെ മരുന്നുകൾ ലഭ്യമല്ലെന്ന് ജനങ്ങളും മുഴുവൻ മാധ്യമങ്ങളും രോഗികളും റിപ്പോർട്ട് ചെയ്തു. എല്ലായിടത്തും ആവശ്യമായ മരുന്നുണ്ടെന്ന് പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി മാത്രമാണ്. മരുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. കാരണം മരുന്ന് കമ്പനികൾക്ക് കെ. എം. എസ്. സി. എൽ. കോടിക്കണക്കിന് രൂപ നൽകാനുണ്ട്. സാമ്പത്തിക പ്രതിസന്ധി കാരണം ശരിയായ രീതിയിൽ മരുന്ന് സപ്ലൈ ചെയ്യാൻ സാധിക്കുന്നില്ല. ഇത്തരത്തിൽ സിസ്റ്റം മുഴുവൻ തകർന്ന് അവശ്യ മരുന്നുകൾ ലഭ്യമല്ലാത്ത ഈ സ്ഥിതി പരിഹരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കും?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സി.&എ.ജി.യുടെ ഒരു കരട് റിപ്പോർട്ടിൽ സംസ്ഥാന സർക്കാരിനോട്, ആരോഗ്യ വകുപ്പിനോട് ചോദിച്ച ചില ചോദ്യങ്ങളാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. അവരുടെ ഫൈനൽ റിപ്പോർട്ട് ആയിട്ടില്ല.

ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കൊടുത്തിട്ടുണ്ട്. രാജ്യത്തുതന്നെ ആദ്യമായി ഇതുപോലെ ഒരു കമ്പനി രൂപീകരിച്ചുകൊണ്ട് യഥോചിതം മരുന്ന് പ്രൊക്യൂവർ ചെയ്ത ഒരു സംസ്ഥാനമാണ് കേരളം. മരുന്നിന്റെ സംഭരണം സംബന്ധിച്ച് പറയുമ്പോൾ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ എത്ര മോളിക്യൂൾസാണ് പ്രൊക്യൂവർ ചെയ്തത്? 2014-15 കാലയളവിൽ 350 മോളിക്യൂൾസ് മാത്രമാണ് നൽകിയത്. അവിടെയാണ് ഇത്രയധികം കൂടുതൽ മരുന്നുകൾ നൽകിയിരിക്കുന്നത്. ഓരോ വർഷവും കഴിയുമ്പോൾ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ മരുന്നുകൾ നമ്മൾ കൊടുക്കുന്നുണ്ട്. ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം Essential Drug List-ൽ ഉൾപ്പെടുത്തേണ്ട മരുന്നുകളുടെ എണ്ണം ഓരോ വർഷവും കൂടിവരികയാണ്. Non Bidder items ഉണ്ടാകും. പക്ഷേ പരാമവധി items അതിലുൾപ്പെടുത്തി മുമ്പോട്ട് കൊണ്ടുപോകുന്നതിനാണ് ശ്രമിക്കുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ 7 വർഷം മുമ്പുവരെ സൂപ്പർ സ്പെഷ്യാലിറ്റികളായ കാർഡിയോളജി, ന്യൂറോളജി, സ്ട്രോക്ക് സ്റ്റെബിലൈസേഷൻ യൂണിറ്റ് എന്നിവ ഉണ്ടായിരുന്നില്ല. ഇന്ന് എറണാകുളം ജനറൽ ആശുപത്രിയിൽ

കിഡ്നി ട്രാൻസ്പ്ലാന്റേഷൻ നടത്തുകയും അടുത്തത് ഹാർട്ട് ട്രാൻസ്പ്ലാന്റേഷൻ നടത്താനുള്ള തയ്യാറെടുപ്പിലേയ്ക്ക് പോകുകയുമാണ്. ആ രീതിയിൽ സർക്കാർ ആശുപത്രികൾ മാറിയിട്ടുണ്ട്. 7 വർഷം മുമ്പ് ആവശ്യമുണ്ടായിരുന്ന മരുന്നുകളല്ല ഇപ്പോൾ അവിടെ വേണ്ടത്. സൂപ്പർ സ്പെഷ്യാലിറ്റി തലത്തിലുള്ള മരുന്നുകൾ ആവശ്യമാണ്. തീർച്ചയായും ഈ കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് കൂടുതൽ മോളിക്യൂൾസ് ഉൾപ്പെടുത്തുന്നതിന് വേണ്ടിയാണ് ശ്രമിക്കുന്നത്. പരമാവധി മരുന്നുകൾ ഉൾപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും മറ്റ് അംഗങ്ങളുടേതും ഉൾപ്പെടെയുള്ള ക്രിയാത്മകമായ എല്ലാ നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടുതന്നെ നമുക്ക് മുമ്പോട്ടുപോകാം.

**കേരളീയം 2023-ന്റെ നേട്ടങ്ങൾ**

2 (*2) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിപ്രായ ഭിന്നതകളെ ജനാധിപത്യപരമായി ഉൾക്കൊണ്ട് പൊതുതാല്പര്യത്തിനായി ഒരേ മനസ്സോടെ മുന്നേറുന്നതിനും കേരള വികസന മാതൃകയുടെ നേട്ടങ്ങളിൽ ഊന്നി നിന്നുകൊണ്ടും പുതിയ കാലത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുന്നതിനുള്ള വിളംബരമായി കേരളീയം 2023-നെ മാറ്റിത്തീർക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കേരളത്തിന്റെ സാമൂഹ്യ, സാംസ്കാരിക, വികസന നേട്ടങ്ങളെ ഇകഴ്ത്തിക്കാണിക്കാനും സാമുദായിക സൗഹൃദം തകർക്കുന്നതിനുമുള്ളതായി പറയപ്പെടുന്ന ബോധപൂർവ്വമായ ശ്രമങ്ങൾക്ക് തടയിടാനും യഥാർത്ഥ കേരളത്തെ ലോകത്തിനുമുമ്പിൽ അവതരിപ്പിക്കാനും കേരളീയം 2023-ന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ കേരളീയത്തിന്റെ നേട്ടങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഒന്നാം ഘട്ടത്തിലെ അഭൂതപൂർവ്വമായ ജനപങ്കാളിത്തവും അനുകൂലമായ പൊതുജനാഭിപ്രായവും പരിഗണിച്ച് കേരളീയം ഒരു തുടർ പ്രക്രിയയായി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ&ബി) സംസ്ഥാന രൂപീകരണത്തിനുശേഷം വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ സുരക്ഷാ മേഖലകളിൽ നമ്മുടെ നാട് കൈവരിച്ച നേട്ടങ്ങൾ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന സാങ്കേതികവിദ്യാ രംഗത്തും അടിസ്ഥാന സൗകര്യ വികസനത്തിലുമെല്ലാം നാം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുന്നതിനാണ് 'കേരളീയം' എന്ന സവിശേഷ പരിപാടിക്ക് രൂപം നൽകിയത്. ലോകം ചർച്ച ചെയ്ത കേരള മാതൃക, സംസ്ഥാനത്തിന്റെ ഭാവി ആവശ്യങ്ങൾ, ഭാവി കേരളം എങ്ങനെയായിരിക്കണമെന്ന ആലോചനകളും കേരളീയത്തിന്റെ ഉദ്ദേശ്യമാണ്. അതിന്റെ ആദ്യപതിപ്പാണ് 2023 നവംബറിൽ സംഘടിപ്പിച്ചത്. കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവും തന്മയഭാവത്തോടെ അവതരിപ്പിക്കുന്ന വികസന സാംസ്കാരിക മഹോത്സവമായി 'കേരളീയം' മാറി. സംസ്ഥാനം നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ, വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ, മുന്നോട്ടുള്ള സാധ്യതകൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള സംവാദങ്ങൾ

കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. നൊബേൽ ജേതാവ് പ്രൊഫസർ (ഡോ.) അമർത്യ സെൻ ഉൾപ്പെടെയുള്ള പ്രശസ്തർ കേരളീയത്തിന്റെ ഭാഗമായി. 5 പ്രധാന വേദികളിലായി 25 സെമിനാറുകൾ സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ മേഖലകളിലെ പുരോഗതി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വിദഗ്ധർ സെമിനാറുകളിൽ പങ്കെടുത്തു. 220 പ്രഭാഷകർ വിഷയാവതരണം നടത്തി. ഇതിൽ 181 പേർ നേരിട്ടും 22 പേർ ഓൺലൈനായും 17 പേർ പ്രീ-റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുകളിലുമായി 30839 പേർ പങ്കെടുത്തു. സെമിനാറുകളിൽ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും നവകേരള നിർമ്മിതിക്കുള്ള മാർഗ്ഗരേഖകളായി മാറും. സെമിനാറുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി +ചേർത്തിട്ടുണ്ട്.

കേരളത്തിന്റെ തനതുവിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേളകൾ, സാംസ്കാരികോത്സവം, പുഷ്പമേള, ട്രേഡ് ഫെയർ, ചലച്ചിത്രോത്സവം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുത ദീപാലങ്കാരം എന്നിവയും സാംസ്കാരിക പൈതൃകം, കാർഷിക-വ്യാവസായിക പുരോഗതി, നൂതന സാങ്കേതികവിദ്യാ രംഗത്തെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രദർശനങ്ങളും ഇതിന്റെ ഭാഗമായിരുന്നു. ഉദ്ഘാടന സമ്മേളനത്തിലും സമാപന സമ്മേളനത്തിലുമായി നാല്പതിനായിരത്തോളം പേരും 7 ദിവസത്തെ വിവിധ പരിപാടികളിലായി ലക്ഷക്കണക്കിന് ആളുകളും പങ്കെടുത്തു. നമ്മുടെ വികസന മാതൃകകൾ ലോകത്തിനുമുമ്പാകെ അവതരിപ്പിക്കുന്നതിനോടൊപ്പം ലോക വൈജ്ഞാനിക മേഖലയിൽനിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കാനും എല്ലാ വർഷവും കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന 'കേരളീയം' പരിപാടി സഹായകമാകും.

(സി) 'കേരളീയം 2023' പരിപാടിയിൽ പങ്കെടുക്കുന്നതിനായും കാണുന്നതിനായും സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നും കൂടാതെ വിദേശത്തുനിന്നുപോലും കാണികളെത്തുകയുണ്ടായി. എല്ലാ വേദികളിലും അത്ഭുതാവഹമായ തിരക്കാണ് അനുഭവപ്പെട്ടത്. ഇത്തരത്തിലുള്ള അഭൂതപൂർവ്വമായ ജനപങ്കാളിത്തവും അനുകൂലമായ പൊതുജനാഭിപ്രായവും

പരിഗണിച്ച് ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഒരുമിച്ച് ആഘോഷിക്കാൻ ഇനിമുതൽ മലയാളത്തിന്റെ മഹോത്സവമായി 'കേരളീയം' വരുംവർഷങ്ങളിലും സംഘടിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 'കേരളീയം 2024'-നായി ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗസ്ഥ തലത്തിൽ ഒരു ഓർഗനൈസിംഗ് കമ്മിറ്റി ഇതിനോടകം സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> സർ, നവകേരള സൃഷ്ടിക്കായുള്ള കേരള മാതൃകയിൽ കേരളം ഇന്നേവരെ നേടിയിട്ടുള്ളതും ഇനി നേടാൻ ആഗ്രഹിക്കുന്നതുമായ തലങ്ങളെ കൂട്ടിയോജിപ്പിച്ച് ഇത്തരത്തിലുള്ള ഒരു പരിപാടി സംഘടിപ്പിക്കുകയും യു.ഡി.എഫ്. നേതൃത്വം ബഹിഷ്കരിച്ചുവെന്ന് പ്രഖ്യാപിക്കുകയും യു.ഡി.എഫ്.കാരെല്ലാം പങ്കെടുക്കുകയും ചെയ്ത ബൃഹത്തായ ഒരു പദ്ധതിയായാണ് കേരളീയം 2023 മാറിയിട്ടുള്ളത്. കേരളം നെഞ്ചേറ്റിയ ആ പരിപാടി കേരളപ്പിറവിയുടെ വാർഷിക പരിപാടിയെന്ന നിലയിൽ ഇനിയങ്ങോട്ട് ലോകം ശ്രദ്ധിക്കുന്ന പരിപാടിയായി. കലണ്ടറിൽ ലോകത്ത് എവിടെയുമുള്ള മനുഷ്യർക്ക്

കേരളത്തിലേയ്ക്ക് വരേണ്ടതായ, ലോകം ശ്രദ്ധിക്കുന്ന വളരെ പ്രധാനപ്പെട്ട 52 സ്ഥലങ്ങളിലൊന്നായി കേരളത്തെ കണ്ടിട്ടുണ്ട്. ടൂറിസ്റ്റ് ഭൂപടത്തിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം അതിനുണ്ട്. അതുവച്ചുകൊണ്ട് വിദേശ ടൂറിസം ഉൾപ്പെടെയുള്ള എല്ലാവരെയും ആകർഷിക്കാൻ സാധിക്കുന്ന ഒരു സ്ഥിരം കലണ്ടറായി ഇതിനെ കൈകാര്യം ചെയ്ത് മുമ്പോട്ട് കൊണ്ടുപോകാൻ ആവശ്യമായ നിലപാട് സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, കേരളീയം നാം ഉദ്ദേശിച്ചതുപോലെ ജനങ്ങളാകെ പങ്കാളിത്തം വഹിച്ചൊരു പരിപാടിയായാണ് മാറിയത്. ഒരു ഭേദചിന്തയുമില്ലാതെ നമ്മുടെ നാട് ആ പരിപാടികൾക്ക് ഒഴുകിയെത്തുകയായിരുന്നു. നവംബർ 1 എന്നത് മഴ കുറച്ച് കൂടുതലുണ്ടാകുന്ന സമയമായി മാറുന്നു എന്നതാണ് ആകെയുണ്ടായ ഒരു വിഷമം. അതിന്റേതായ പ്രയാസമുണ്ടായി എന്നതല്ലാതെ മഴയെ അവഗണിച്ചുകൊണ്ടുള്ള വൻ ജനപങ്കാളിത്തമാണ് ഓരോ പരിപാടിക്കുമുണ്ടായത്. ഇതൊരു സ്ഥിരം പരിപാടിയായി നിലനിർത്താൻ നമുക്ക് കഴിയണമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്. കാരണം കേരളത്തെ ലോക സമക്ഷം അവതരിപ്പിക്കാൻ

കഴിയുന്ന ഒരു പരിപാടിയാണിത്. നമ്മുടെ നാട് ഇന്നുള്ളിടത്തുനിന്ന് ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. ആ മുന്നോട്ടുപോക്ക് എങ്ങനെയെന്നതിന് നമുക്ക് ചില അഭിപ്രായങ്ങളുണ്ടാകും. എന്നാൽ അതുസംബന്ധിച്ച് അഭിപ്രായം പറയാനുള്ള വിദഗ്ദ്ധർ ലോകത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. അത്തരം ആളുകൾകൂടി പങ്കെടുക്കുന്ന സെമിനാറുകളും മറ്റും നമ്മുടെ ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് സഹായകമാകും. അതോടൊപ്പം കേരളത്തിൽ നല്ല രീതിയിലാണ് ടൂറിസം അഭിവൃദ്ധിപ്പെട്ടുവരുന്നത്. ടൂറിസത്തിന്റെ മുന്നോട്ടുള്ള യാത്രയ്ക്കും ഈ പരിപാടി സഹായകമാകുമെന്ന് തന്നെയാണ് കാണുന്നത്. ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി കൂടുതൽ നല്ല രീതിയിൽ പരിപാടി നടത്താനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ തവണ ഔപചാരികമായി ബഹിഷ്കരിക്കാൻ തീരുമാനിച്ചവരും ഇനിയുള്ള പരിപാടികളിൽ പങ്കെടുക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കേരള വികസന മാതൃക ലോക ശ്രദ്ധയിൽ കൊണ്ടുവരുന്നതിനോടൊപ്പം കക്ഷി-രാഷ്ട്രീയ അതിർവരമ്പുകൾ ലംഘിച്ച് കേരളത്തിലെ മുഴുവൻ മനുഷ്യരുടെയും സാംസ്കാരിക

മഹോത്സവമാക്കി സർവ്വതല സ്പർശിയായ രീതിയിലുള്ള ഫലപ്രദമായ ബന്ധപ്പെടലാക്കി ഇതിനെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും ആ തരത്തിലുള്ള ഒരു പരിപാടിയായാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ സാംസ്കാരിക രംഗം, വിവിധ കലാകാരന്മാർ, സാഹിത്യകാരന്മാർ എല്ലാം ഈ പരിപാടിയുടെ ഭാഗമായി മാറാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അത് ഇനിയും ആ തരത്തിൽ തന്നെ നല്ല പങ്കാളിത്തത്തോടെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്താൻ സാധിക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, കേരളീയത്തിന്റെ സംഘാടനത്തിൽ പങ്കുവഹിക്കാൻ കഴിഞ്ഞത് നിയമസഭാ സാമാജികനെന്ന നിലയിൽ എന്റെ ജീവിതത്തിലെ ഒരു വലിയ അനുഭവമായാണ് കാണുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ വളർച്ചയും നേട്ടങ്ങളും ലോകത്തിനുമുന്നിൽ സമർപ്പിക്കാനും ലോക പ്രതിഭകളിൽനിന്ന് പലതും സ്വാംശീകരിക്കാനും ഇടയാകുന്ന ഒരു മഹോത്സവമായിരുന്നു 'കേരളീയം'. അതിൽ ചെറുപ്പക്കാർ, പുതിയ തലമുറയിൽപ്പെട്ടവർ, വനിതകൾ

ഉൾപ്പെടെയുള്ളവർ വലിയ തോതിൽ പങ്കെടുക്കുകയും ചെയ്തു. എന്നാൽ കേരളീയത്തിൽ പങ്കെടുക്കാതെ അകലെനിന്ന് മാത്രം നോക്കിക്കണ്ട ദോഷൈകദൃക്കുകളായ ചിലർ ധൂർത്താണെന്നൊരു ആക്ഷേപം ഉന്നയിക്കുന്നു. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്താണ്?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഈ പരിപാടി നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായൊരു പരിപാടിയാണെന്നാണ് കേരളം പൊതുവെ കണ്ടിട്ടുള്ളത്. ഇതേവരെ ഇത്തരമൊരു പരിപാടി നടത്താൻ കഴിഞ്ഞില്ലല്ലോ എന്നൊരു ചിന്തയാണ് ആളുകളിലെല്ലാം ഉണ്ടായത്. കാരണം അത്രമാത്രം സ്വീകാര്യതയാണ് ഇതുമായി ബന്ധപ്പെട്ട എല്ലാ പരിപാടികൾക്കുമുണ്ടായത്. സെമിനാർ എന്നുപറയുന്നത് കേരളത്തിന്റെ ഭാവി കാര്യങ്ങൾ എങ്ങനെ വേണമെന്നതിനെക്കുറിച്ചടക്കം ആസൂത്രണം ചെയ്യാനുള്ളതായിരുന്നു. അതിന്റെ ഭാഗമായി പങ്കെടുത്ത വിദഗ്ദ്ധരും ആ വിഷയത്തിൽ പ്രാവീണ്യമുള്ള നമ്മുടെ നാട്ടിലുള്ളവരുമെല്ലാം വിലപ്പെട്ട അഭിപ്രായങ്ങളാണ് അവതരിപ്പിച്ചത്. നടന്ന പരിപാടികളിൽ ആയിരക്കണക്കിന് കലാകാരന്മാർക്കാണ് അണിനിരക്കാൻ കഴിഞ്ഞത്.

കേരളത്തിലെ കലാരംഗമാകെ ഈ പരിപാടിയെ വലിയ തോതിൽ പിന്താങ്ങുന്ന അവസ്ഥയാണുണ്ടായത്. അതുപോലെതന്നെ ജനങ്ങൾ ഇതെല്ലാം കാണുന്നതിനും ആസ്വദിക്കുന്നതിനും വലിയ തോതിൽ ഒഴുകിയെത്തുന്ന നിലയാണുണ്ടായത്. ഇതിലൊന്നും ഒരു തരത്തിലുള്ള ഭേദചിന്തയും ഉണ്ടായിട്ടില്ല. എല്ലാവരും ഒരേ മനസ്സോടെ ആ ദിവസങ്ങളിൽ തിരുവനന്തപുരത്ത് കേരളീയം പരിപാടിയിൽ പങ്കെടുക്കുന്നതിനാണ് എത്തിച്ചേർന്നിട്ടുള്ളത്. അത് ഒരു തരത്തിലും ധൂർത്തായിരുന്നില്ല. അത് നമ്മുടെ നാടിന്റെ വലിയൊരു നിക്ഷേപമായാണ് മാറിയതെന്നതാണ് വസ്തുത.

ഡോ. സുജിത് വിജയൻപിള്ള: സർ, സംഘാടക മികവുകൊണ്ടും ജനപങ്കാളിത്തംകൊണ്ടും ഏറെ ശ്രദ്ധ നേടാൻ കേരളീയം 2023-ന് സാധിച്ചിട്ടുണ്ട്. എനിക്ക് ചോദിക്കാനുള്ളത് വരും വർഷങ്ങളിൽ മറ്റ് നഗരങ്ങളെയും കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് കേരളം മുഴുവൻ നിറഞ്ഞുനിൽക്കുന്ന, ടൂറിസം കലണ്ടറിന്റെ തുടക്കമെന്ന നിലയിൽ, ടൂറിസം വാരാഘോഷമെന്ന രീതിയിൽ വിപുലപ്പെടുത്തിക്കൊണ്ട് ചെയ്യാൻ സാധിക്കുമോ എന്നുള്ളതാണ്.

ശ്രീ. പിണറായി വിജയൻ: സർ, അടുത്ത വർഷത്തെ 'കേരളീയം' എങ്ങനെ നടത്തണമെന്നുള്ളതിനെക്കുറിച്ച് ആലോചന നടന്നിട്ടില്ല. എന്നാൽ ഇത് നടന്നുകഴിഞ്ഞപ്പോൾ തന്നെ അതിന്റെ തുടർച്ചയായി ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇതൊരു നഗരത്തിൽ മാത്രമായി ഒതുങ്ങരുതെന്നും കേരളത്തിലാകെ വേണമെന്നുമൊക്കെയുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വ്യാപകമായി ഉയർന്നുവരുന്നുണ്ട്. അത് എത്ര കണ്ട് സാധ്യമാണെന്ന കാര്യങ്ങളൊക്കെ പരിശോധിച്ചശേഷമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. ഏതായാലും ആ അഭിപ്രായങ്ങളൊന്നും സർക്കാർ തള്ളിക്കളയുന്നില്ല.

ശ്രീമതി ഒ. എസ്. അംബിക: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ യുവതീ-യുവാക്കൾ കേരളത്തെ കൈയൊഴിയുന്നുവെന്ന ബോധപൂർവ്വമായ പ്രചാരണം നടക്കുമ്പോൾ യഥാർത്ഥ വസ്തുത ബോദ്ധ്യപ്പെടുത്താനും യുവജനതയ്ക്ക് ആത്മവിശ്വാസം പകരാനും എന്തെല്ലാമാണ് കേരളീയത്തിലൂടെ സാധ്യമായത്; വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, കേരളീയത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയുടെ പ്രശ്നങ്ങളും ചർച്ച ചെയ്തിരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയുടെ പ്രശ്നങ്ങൾ കേരളീയത്തിന്റെ ഭാഗമായി മാത്രം ചർച്ച ചെയ്യുതല്ല. നാം സ്ഥിരമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കേരളത്തിന് ഉന്നത വിദ്യാഭ്യാസ രംഗത്ത് നല്ല പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ കേരള യൂണിവേഴ്സിറ്റി A++ ഗ്രേഡ് നേടിയിരിക്കുകയാണ്. A+ ഗ്രേഡ് നേടിയ മറ്റ് രണ്ടു-മൂന്ന് യൂണിവേഴ്സിറ്റികളുമുണ്ട്. അതോടൊപ്പം A++ ഗ്രേഡ് നേടിയ ഒട്ടേറെ കലാലയങ്ങളും സ്ഥാപനങ്ങളും ഉണ്ട്. A+ ഗ്രേഡ് നേടിയ മറ്റ് ഒട്ടേറെ കോളേജുകളും നിൽക്കുന്നു. അങ്ങനെ നമ്മളൊരു പുരോഗതിയുടെ പാതയിലാണ്. അതിന്റെ ഭാഗമായി വലിയ തോതിൽ പുതിയ കോഴ്സുകൾ വന്നിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ അന്തരീക്ഷമാകെ മാറുകയാണ്. കേരളീയത്തിന്റെ ഭാഗമായി വിദേശത്തുനിന്നും ഇവിടെ വന്ന് പഠിക്കുന്ന കുട്ടികളുടെ സംഗമം നടത്തിയിരുന്നു. ആശ്ചര്യകരമായിരുന്നു അത്. ധാരാളം ആളുകളാണ് ആ സംഗമത്തിലുണ്ടായിരുന്നത്. ഇത്രയുമധികം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ടോയെന്ന് അത് കണ്ടപ്പോഴാണ് മനസ്സിലാകുന്നത്. നമ്മുടെ നാട് എങ്ങനെയെങ്കിലും തകർന്ന് കിട്ടണമെന്നൊരു മനസ്സുംകൊണ്ട് നടന്നുകഴിഞ്ഞാൽ

ഇങ്ങനെ ചില വിഘ്നങ്ങൾ സ്വാഭാവികമായും ഉണ്ടായെന്ന് വരും. നമ്മുടെ നാട് മാറുകയും പുരോഗമിക്കുകയും ചെയ്യുകയാണ്. നാമെല്ലാവരും ഈ നാട് കൂടുതൽ മെച്ചപ്പെടണമെന്ന് ആഗ്രഹിക്കുകയാണ് വേണ്ടത്. അല്ലാതെ എന്തിനാണ് ഇങ്ങനെയൊരു നിഷേധാത്മക സമീപനവുംകൊണ്ട് നടക്കുന്നതെന്നാണ് എനിക്ക് മനസ്സിലാകാത്തത്? ഇതെല്ലാം നാടിനല്ലേ ഗുണം ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസ മേഖല വളർന്നുവരുമ്പോൾ നാടിന്റെ മാറ്റമാണുണ്ടാകുന്നത്. ഇവിടെ എല്ലാ സൗകര്യങ്ങളും ഒത്തിണങ്ങുകയാണ് ചെയ്യുന്നത്. അതിനുവേണ്ടിയല്ലേ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിനല്ലേ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തേയ്ക്ക് സംസ്ഥാനത്തിനും രാജ്യത്തിനും പുറത്തുനിന്ന് കുട്ടികൾ പഠിക്കാനായി വരാൻ പോകുകയാണ്. എന്നാൽ നമ്മുടെ നാട്ടിൽനിന്ന് സംസ്ഥാനത്തിന് പുറത്തോ, രാജ്യത്തിന് പുറത്തോ പോകുന്ന കുട്ടികളെയാകെ നിരോധിക്കാൻ നമുക്ക് കഴിയില്ല. കുട്ടികൾക്കെല്ലാം ഓരോ അഭിപ്രായങ്ങളുണ്ട്. അവരുടെ ഉള്ളം കൈയിലാണ് ലോകം. എവിടെ പഠിക്കണമെന്നും എങ്ങനെ പഠിക്കണമെന്നും അവർക്കറിയാം. ആ അഭിപ്രായങ്ങൾ ചെറുപ്രായത്തിൽ തന്നെ അവർ രൂപപ്പെടുത്തിയെടുക്കുകയാണ്. അതിന്റെ ഭാഗമായി രക്ഷിതാക്കളെയും അവർ

മാറ്റുകയാണ്. ആ തരത്തിൽ ധാരാളം കുട്ടികൾ വിദേശത്തേയ്ക്ക് പോകുന്നുണ്ട്. അത് കേരളത്തിൽ മാത്രമല്ല, രാജ്യത്താകെയുള്ള അവസ്ഥയാണ്. നാം അതിനെ നേരിടേണ്ടത് എങ്ങനെയാണ്; നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ കഴിവുകൾ വർദ്ധിപ്പിച്ചുകൊണ്ട് ആ രംഗം കൂടുതൽ പ്രാപ്തമാക്കണം. എല്ലാ രീതിയിലും മികവുറ്റതാക്കണം. മികവാർന്ന ഉന്നത വിദ്യാഭ്യാസ മേഖലയാണ് നാം ഉദ്ദേശിക്കുന്നത്. ആ ഘട്ടത്തിലും ചിലർ പുറത്തുപോയെന്ന് വരും. അത് കണ്ട് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയാകെ തകർന്നുപോയെന്ന് ആശങ്കപ്പെടേണ്ടതായിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അതാണ് സ്വീകരിക്കുന്നത്. അതിന് ഫലമുണ്ടായിട്ടുണ്ട്. അത് ഇനിയും നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മുണ്ട് മുറുക്കിയുടുത്ത് മുന്നോട്ടുപോകേണ്ട സമയമാണെന്ന് അങ്ങ് തന്നെ പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പെൻഷൻ ലഭിക്കാതെ പലരും ആത്മഹത്യ ചെയ്യുന്നു. കർഷക ആത്മഹത്യകൾ പെരുകുന്നു.

തദവസരത്തിൽ 30 കോടി രൂപയാണ് 'കേരളീയം' പരിപാടിക്കുവേണ്ടി അങ്ങയുടെ സർക്കാർ ചെലവഴിച്ചത്. സാമ്പത്തിക പ്രതിസന്ധി വരുന്ന കാലത്ത് സർക്കാരിന്റെ പ്രയോറിറ്റിയിൽ മാറ്റം വരുത്തേണ്ടതല്ലേ; ജനങ്ങൾക്ക് പെൻഷൻ കൊടുക്കാനും സാമൂഹ്യക്ഷേമ വിഷയങ്ങൾ പരിഹരിക്കാനുമല്ലേ സർക്കാർ ആദ്യം മുൻഗണന നൽകേണ്ടത്; അതല്ലേ ബുദ്ധിയുള്ള ഒരു സർക്കാർ ചെയ്യേണ്ടത്?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗത്തിന്റെയും അദ്ദേഹത്തെ പ്രതിനിധീകരിക്കുന്നവരുടെയും ബുദ്ധിയിൽനിന്നും വ്യത്യസ്തമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ബുദ്ധി. ഈ നാടിന്റെ എല്ലാ മേഖലകളും മുന്നോട്ടുപോകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. നമുക്ക് സാമ്പത്തിക പ്രയാസമുണ്ടെന്നുള്ളത് വസ്തുതയാണ്. എന്നാൽ സാമ്പത്തിക പ്രയാസത്തിന്റെ പേരിൽ ഈ നാട്ടിൽ നടക്കേണ്ടതായ ഒന്നും നടക്കാതിരിക്കുന്നില്ല. എല്ലാ കാര്യങ്ങളും ക്രമമായി തന്നെ നടക്കുകയാണ്. എല്ലാ രംഗങ്ങളും മുറപോലെ മുന്നോട്ടുപോകുകയാണ്. വികസന പ്രവർത്തനങ്ങളൊന്നും സ്തംഭിച്ചുപോയിട്ടില്ല. നമ്മുടെ ആരോഗ്യ-വിദ്യാഭ്യാസ

രംഗങ്ങൾ ലോകമാകെ ശ്രദ്ധിക്കുന്ന രീതിയിൽ മെച്ചപ്പെട്ടുനിൽക്കുകയാണ്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത വിധം മികവാർന്ന രീതിയിലാണ് നമ്മുടെ ക്ഷേമപ്രവർത്തനങ്ങൾ നടക്കുന്നത്. ഇതൊന്നും സാമ്പത്തിക പ്രയാസങ്ങളുടെ ഘട്ടത്തിൽ ഉപേക്ഷിച്ചിട്ടില്ല. കേന്ദ്ര സർക്കാർ കേരളത്തോട് ഒരു പ്രത്യേക നിലപാട് സ്വീകരിക്കുമ്പോൾ അതിനെതിരായി നമുക്ക് പ്രതിഷേധം പ്രകടിപ്പിക്കേണ്ടതായി വരുന്നുവെന്നുള്ളതും വസ്തുതയാണ്. എന്നാൽ നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ സാധിക്കില്ല. നമ്മുടെ നാടിന് മുന്നോട്ടുപോകുന്നതിനുള്ള ആസൂത്രിതമായ ശ്രമങ്ങൾ ഉപേക്ഷിക്കുവാനും കഴിയില്ല. അതിന്റെ ഭാഗമാണ് കേരളീയം 2023. അത് വെറുമൊരു ആഘോഷ പരിപാടി മാത്രമായിരുന്നില്ല. നാളത്തെ കേരളം എങ്ങനെ രൂപപ്പെടണം എന്നതിനെക്കുറിച്ച് അതിവിപുലമായ ആലോചന നടത്താനുള്ള ഒന്നായിരുന്നു. അത് നാടിന് ഒഴിച്ചുകൂടാനാകാത്ത ഒരു പരിപാടിയായതിനാലാണ് സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും 'കേരളീയം' നടത്താൻ നാം നിർബന്ധിതരായത്.

ശ്രീ. വി. ജോയി: സർ, കേരളീയം 2023 തിരുവനന്തപുരത്തിന് പുതിയൊരു അനുഭവമാണ് നൽകിയത്. ഒളിഞ്ഞും ലൈറ്റ് അണഞ്ഞപ്പോഴും അത് വന്നുകണ്ട ധാരാളം പേരുണ്ട്. പല രാജ്യങ്ങളിലും ആ രാജ്യം തന്നെ ഫെസ്റ്റുകൾ സംഘടിപ്പിക്കാറുണ്ട്. ദുബായ് ഷോപ്പിംഗ് ഫെസ്റ്റ് പോലെ ധാരാളം സ്ഥലങ്ങളിൽ അത് നടത്തുന്നുണ്ട്. കേരളത്തിന്റെ തനതായ തനിമ വിളിച്ചോതുന്ന തരത്തിൽ ലോകത്തെയാകെ ഇത് അറിയിക്കുന്നതിനും ടൂറിസ്റ്റുകളെക്കൂടി ആകർഷിക്കുന്നതിനുമുള്ള നടപടികൾ വരുംവർഷങ്ങളിൽ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കഴിഞ്ഞ 'കേരളീയം' ഏതാനും ആഴ്ചകളുടെ തയ്യാറെടുപ്പിന്റെ ഭാഗമായാണ് നടത്തിയത്. എന്നാൽ മുൻകൂട്ടിയുള്ള തയ്യാറെടുപ്പിന്റെ ഭാഗമായിട്ടാണ് അടുത്ത വർഷം 'കേരളീയം' നടത്താൻ പോകുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് ഇതിൽ പങ്കെടുക്കാനുള്ള സൗകര്യങ്ങൾ അതിലൂടെ കൈവരിക്കാനാകും. അതിനാവശ്യമായ മുൻകൂട്ടിയുള്ള ഒരുക്കങ്ങൾ നടത്തുന്നതാണ്. അതോടൊപ്പം ടൂറിസത്തിനും വലിയ പ്രാധാന്യം കൊടുക്കാൻ കഴിയും.

## കെ-സ്മാർട്ട് പദ്ധതി

3 (*3) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്ന കെ-സ്മാർട്ട് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏതെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് ഓൺലൈനായി രസീത് ലഭിക്കുന്നതിനും അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) കെ-സ്മാർട്ട് പദ്ധതിയിലെ 'എന്റെ കെട്ടിടങ്ങൾ' എന്ന മെനുവിൽ എന്തെല്ലാം സേവനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ സ്വതന്ത്രമായ നടത്തിപ്പ് ജനങ്ങളെ പരിചയപ്പെടുത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന വിവിധങ്ങളായ സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതിനാണ് കെ-സ്മാർട്ട് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി മുനിസിപ്പാലിറ്റിയും കോർപ്പറേഷനും പോലുള്ള നഗരഭരണ സ്ഥാപനങ്ങളിൽ 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. 72 സേവനങ്ങളാണ് ആദ്യഘട്ടത്തിൽ ഓൺലൈനായി കെ-സ്മാർട്ട് വഴി ലഭ്യമാക്കിയിട്ടുള്ളത്.

(ബി) ജനന മരണ വിവാഹ രജിസ്ട്രേഷൻ, ബിൽഡിംഗ് പെർമിഷൻസ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ്, പരാതി പരിഹാരം, എച്ച്.ആർ.എം.എസ്, ഡിജിറ്റൽ ഫയൽ മാനേജ്മെന്റ്, ഫിനാൻസ് എന്നീ മൊഡ്യൂളുകൾ വഴി 72 സേവനങ്ങളാണ് ആദ്യഘട്ടത്തിൽ കെ-സ്മാർട്ട് വഴി ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളത്.

(സി) സിറ്റിസൺ ഓൺലൈനിൽ സമർപ്പിക്കുന്ന അപേക്ഷയുടെ രസീത് അപ്പോൾത്തന്നെ ലഭ്യമാകുന്നതാണ്. സമർപ്പിച്ച അപേക്ഷയുടെ തൽസ്ഥിതി സിറ്റിസൺ ഡാഷ് ബോർഡിൽ ലഭ്യമാണ്.

(ഡി) "എന്റെ കെട്ടിടങ്ങൾ" എന്ന മെനുവിലൂടെ ജനങ്ങൾക്ക് സ്വന്തം കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നതിനും അവയെ സംബന്ധിച്ച സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും ഓൺലൈനായി എടുക്കുന്നതിനും നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനും സാധിക്കുന്നു.

കെട്ടിട നിർമ്മാണം പൂർത്തീകരിക്കപ്പെടുമ്പോൾ തന്നെ മറ്റൊരു അപേക്ഷ കൂടാതെ നികുതി നിർണ്ണയം നടക്കുകയും കെട്ടിട നമ്പറും ബിൽഡിംഗ് സർട്ടിഫിക്കറ്റും ലഭ്യമാവുകയും ചെയ്യുന്നു. ബിൽഡിംഗ് സർട്ടിഫിക്കറ്റ് ഓൺലൈനായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്നു. ഈ സർട്ടിഫിക്കറ്റ് കെട്ടിടത്തിന്റെ കാലപ്പഴക്കം, കെട്ടിടത്തിന്റെ വിലാസം, ഉടമയുടെ വിവരങ്ങൾ, കൈവശക്കാരന്റെ വിവരങ്ങൾ, കെട്ടിടത്തിന്റെ നികുതി വിവരങ്ങൾ, നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച

വിവരങ്ങൾ, കെട്ടിടത്തിന്റെ തരം എന്നിവ തെളിയിക്കുന്നതിനെല്ലാം ഉപയോഗിക്കാൻ കഴിയുന്നു. സ്വന്തം ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതികൾ ഒരുമിച്ച് അടവാക്കുന്നതിനും കഴിയുന്നു.

(ഇ) കെ-സ്മാർട്ട് നടപ്പിലാക്കിയ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഐ.കെ.എം. സാങ്കേതിക വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന വരുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും പരിശീലനങ്ങളും നൽകിവരുന്നു. അക്ഷയ സെന്റർ മുഖേനയും ആവശ്യമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനും സജ്ജമാണ്. ഐ.കെ.എം.-ന്റെ റാപിഡ് റെസ്പോൺസ് ടീമിന്റെ നേതൃത്വത്തിൽ ഹെൽപ്പ് ഡെസ്ക് സംവിധാനത്തിലൂടെയും പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനും സജ്ജമാണ്. കെ-സ്മാർട്ട് സംബന്ധിച്ച വീഡിയോ ട്യൂട്ടോറിയലുകൾ, ചോദ്യോത്തരങ്ങൾ അടങ്ങുന്ന ലഘുലേഖകൾ എന്നിവ ഐ.കെ.എം.-ന്റെ വെബ്സൈറ്റിലും അർബൻ ലോക്കൽ ബോഡികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഇ-ലിറ്ററസിയുടെ ഭാഗമായുള്ള ക്യാമ്പയിനിൽ കൂടുതൽ

പരിശീലനങ്ങൾ ഉൾപ്പെടുത്തി എല്ലാ പൗരന്മാർക്കും കെ-സ്മാർട്ട് ഉപയോഗിക്കുന്നതിനും അവരെ സ്വയം പര്യാപ്തരാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി അവസാനിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച ഏറ്റവും ധീരമായ ഒരു നടപടിയായിട്ടാണ് കെ-സ്മാർട്ട് പദ്ധതിയെ കാണുന്നത്. സാധാരണ ജനങ്ങൾ ഏറ്റവും കൂടുതൽ സമീപിക്കുന്ന ഒരു കേന്ദ്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. കേരളത്തിൽ മറ്റൊരു സ്ഥാപനങ്ങളിലും ഇത്തരം സൗകര്യങ്ങളുണ്ടാവില്ല. എന്നാൽ ഇതിലെ ചില പോരായ്മകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. എയർപോർട്ട്, എൻ.എച്ച്., പി.സി.ബി., ഡാറ്റാ ബാങ്ക് തുടങ്ങിയവയുമായി ബന്ധപ്പെട്ട സേവനങ്ങളും ഫയർ എൻ.ഒ.സി., ലേ ഔട്ട് അപ്രൂവൽ എന്നിവയും കെ-സ്മാർട്ട് പദ്ധതിയുമായി സംയോജിപ്പിച്ചില്ലെങ്കിൽ ഇതിനുവേണ്ടി ഭാവിയിൽ സമയം നഷ്ടപ്പെടുന്ന ഒരവസ്ഥയുണ്ടാകും. അതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. എം. ബി. രാജേഷ്:</u> സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അഴിമതി ഇല്ലാതാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും സഹായിക്കുന്നതാണ് കെ-സ്മാർട്ട് പദ്ധതി. കഴിഞ്ഞ ഏതാനും ദിവസത്തെ അനുഭവം തന്നെ വളരെ പ്രോത്സാഹജനകമായിട്ടുള്ളതാണ്. അദ്ദേഹം പറഞ്ഞ പ്രശ്നങ്ങൾ കൂടി പരിഗണിച്ച് പ്രസ്തുത പദ്ധതി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്താവുന്നതാണ്. പ്രധാനമായും അഴിമതി ആരോപണങ്ങൾക്ക് ഇടയാക്കിയിരുന്ന ഒന്നായിരുന്നു ബിൽഡിംഗ് പെർമിറ്റുകൾ. നിലവിൽ ബിൽഡിംഗ് പെർമിറ്റുകൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചാൽ പ്ലാൻ ചട്ടപ്രകാരമാണെന്ന് സോഫ്റ്റ്‌വെയർ തന്നെ പരിശോധിച്ച് ഉറപ്പുവരുത്തുകയാണ്. മാന്വൽ ഇന്റർവെൻഷൻ വരുന്നില്ല. നേരിട്ട് ഓഫീസിൽ പോകേണ്ടതായി വരുന്നില്ല. ലോകത്ത് എവിടെയിരുന്നും ഓൺലൈനായി പ്ലാൻ സമർപ്പിക്കാം. പ്ലാൻ സമർപ്പിക്കുന്ന മുറയ്ക്ക് അത് ചട്ടപ്രകാരമാണെന്ന് സോഫ്റ്റ്‌വെയർ ഉറപ്പുവരുത്തുന്നു. പ്ലാൻ

ചട്ടപ്രകാരമാണെങ്കിൽ മിനുട്ടുകൾക്കുള്ളിൽ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുകയാണ്. കോർപ്പറേഷന്റെ കാര്യമെടുത്താൽ ഓവർസിയർ, എ.ഇ., എ.എക്സ്.ഇ., സൂപ്രണ്ടിംഗ് എഞ്ചിനീയർ, സെക്രട്ടറി തുടങ്ങി ആറ് തട്ടുകൾ വരെ ബിൽഡിംഗ് പെർമിറ്റിന് ആവശ്യമായി വന്നിരുന്നു. ആ തട്ടുകൾ ഇപ്പോൾ ഇല്ലാതാവുകയാണ്. അതുതന്നെയാണ് കാലതാമസം ഒഴിവാക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും കാരണമാകുന്നത്. ജനങ്ങൾ നേരിട്ട് ഓഫീസുകളിൽ പോകുമ്പോഴാണല്ലോ അഴിമതിക്കുള്ള സാധ്യതയുണ്ടാകുന്നത്. സിവിൽ രജിസ്ട്രേഷനിൽ വലിയ മാറ്റമുണ്ടാക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്. പ്രവാസികൾക്ക് വളരെയേറെ പ്രയോജനകരമാണ് കെ-സ്മാർട്ട് മുഖേനയുള്ള വിവാഹ രജിസ്ട്രേഷൻ. വീഡിയോ കോളിലൂടെ വിവാഹം രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതാണ്. ഇക്കഴിഞ്ഞ പത്തിരുപത് ദിവസങ്ങൾകൊണ്ട് 570 വിവാഹ രജിസ്ട്രേഷനുകളാണ് കെ-സ്മാർട്ട് വഴി നടന്നത്. വയനാട് നിന്ന് ഭാര്യയും കാനഡയിൽനിന്ന് ഭർത്താവും വീഡിയോ കോളിലൂടെ പങ്കെടുത്ത വിവാഹ രജിസ്ട്രേഷനാണ് ആദ്യം നടന്നത്. കാര്യങ്ങൾ കൂടുതൽ

സുതാര്യമാകുന്നുവെന്നാണ് കാണുന്നത്. മറ്റ് വകുപ്പുകളുമായിട്ടുള്ള സംയോജനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഇരുപത്തഞ്ചോ മുപ്പതോ ശതമാനം ആളുകൾക്ക് മാത്രമേ ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുന്നുള്ളൂ. മറ്റുള്ളവർ അക്ഷയ കേന്ദ്രങ്ങളെയാണ് സമീപിക്കുന്നത്. എന്നാൽ ഇന്ന് അക്ഷയ കേന്ദ്രങ്ങളിൽ വലിയ തിരക്കനുഭവപ്പെടുകയാണ്. അക്ഷയ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ കേന്ദ്രങ്ങൾ തുറക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; കൂടാതെ മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, 2024 ജനുവരി ഒന്ന് മുതൽ മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്. അക്ഷയ കേന്ദ്രങ്ങൾക്ക് പുറമേ എല്ലാ നഗരസഭകളിലും ഐ.കെ.എം.-ലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത് നിലനിർത്തിക്കൊണ്ട് പോകണമെന്നല്ല സർക്കാർ ആഗ്രഹിക്കുന്നത്. ഭാവിയിൽ ഫെസിലിറ്റേഷൻ സെന്ററുകളുടെയും ഹെൽപ് ഡെസ്കിന്റെയും

സഹായമില്ലാതെ തന്നെ ജനങ്ങൾക്ക് സേവനം ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ മുനിസിപ്പൽ/കോർപ്പറേഷൻ ഓഫീസുകളിൽ വരാതെ തന്നെ കാര്യങ്ങൾ നടത്താവുന്ന സ്ഥിതിയിലേയ്ക്ക് എത്തിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. അക്ഷയ കേന്ദ്രങ്ങൾക്ക് പുറമെ കുടുംബശ്രീയുടെ സംവിധാനങ്ങൾ കൂടി ജനങ്ങളുടെ സഹായത്തിനുവേണ്ടി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഡിജിറ്റൽ ലിറ്ററസി ക്യാമ്പയിൻ കേരളത്തിൽ ആരംഭിച്ചിരിക്കുകയാണ്. ഡിജിറ്റൽ ലിറ്ററസി കരിക്കുലത്തിൽ ഉൾപ്പെടുത്തി കെ-സ്മാർട്ട് ഉൾപ്പെടെയുള്ള സർക്കാർ സേവനങ്ങൾ എങ്ങനെ ഓൺലൈനായി ലഭ്യമാക്കാമെന്നുകൂടി ജനങ്ങളെ പഠിപ്പിക്കുന്നുണ്ട്. എല്ലാവർക്കും പൂർണമായും ഡിജിറ്റലായി സേവനങ്ങൾ, വിരൽത്തുമ്പിലൂടെ, മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭ്യമാക്കാനുള്ള സാഹചര്യമുണ്ടാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. പി. നന്ദകുമാർ: സർ, കെ-സ്മാർട്ട് പദ്ധതിക്ക് വലിയ അംഗീകാരമാണ് ലഭിച്ചത്. എന്റെ ചോദ്യം, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച അക്ഷയ കേന്ദ്രങ്ങളെപ്പറ്റിയാണ്. അക്ഷയ കേന്ദ്രങ്ങളിൽ പലതും

ഉപഭോക്താക്കളിൽനിന്നും പല നിരക്കിലാണ് ഫീസുകൾ ഈടാക്കുന്നത്. അതിനൊരു ഏകീകരണം കൊണ്ടുവരുന്നതിനും ക്രമപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അത് മറ്റൊരു വിഷയമാണ്. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അവ പരിശോധിക്കാവുന്നതാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യം വളരെ ശരിയാണ്. കെ-സ്മാർട്ട് പദ്ധതിക്ക് വലിയ സ്വീകാര്യതയാണ് ചുരുങ്ങിയ ദിവസംകൊണ്ട് ലഭിച്ചത്. കർണ്ണാടക സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജനുവരി ഒന്നിന് തന്നെ ഐ.കെ.എം.-മായി സഹകരിച്ച് ഈ പദ്ധതി അവിടെ നടപ്പാക്കാൻ എം.ഒ.യു. ഒപ്പിട്ടുകഴിഞ്ഞു. കർണ്ണാടകയ്ക്കാകുമ്പോൾ കെ-സ്മാർട്ട് എന്ന പേരുതന്നെ അവിടെയും ഉപയോഗിക്കാമെന്ന സൗകര്യം കൂടിയുണ്ട്. അതിനുപുറമെ ഇപ്പോൾ ഝാർഖണ്ഡ്, പഞ്ചാബ്, ഉത്തർ പ്രദേശ്, നാഗാലാന്റ് എന്നീ സംസ്ഥാനങ്ങളും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സർക്കാരിനെ സമീപിച്ചിരിക്കുകയാണ്. യൂറോപ്യൻ യൂണിയന്റെ

പ്രതിനിധി കെ-സ്മാർട്ടിനെക്കുറിച്ചും ഐ.എൽ.ജി.എം.എസ്.-നെക്കുറിച്ചും മനസ്സിലാക്കുന്നതിനായി കേരളത്തിൽ വരികയും ഐ.കെ.എം. സന്ദർശിക്കുകയും എന്നെ വന്നുകാണുകയും ചെയ്തിരുന്നു. അതിനാൽ ഈ പദ്ധതിക്ക് വലിയ സ്വീകാര്യതയാണ് കേരളത്തിനകത്തും പുറത്തും ലഭിച്ചിട്ടുള്ളത്. അതുപോലെ നാഷണൽ അർബൻ ഡിജിറ്റൽ മിഷൻ കെ-സ്മാർട്ട് വികസിപ്പിച്ചത് കണക്കിലെടുത്ത് ഐ.കെ.എം.-നെ അവരുടെ പാർട്ണറായി അംഗീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട ഏക സർക്കാർ ഏജൻസിയായി ഐ.കെ.എം. മാറിയിട്ടുണ്ടെന്ന കാര്യവും അറിയിക്കുകയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, ജനസേവനത്തിൽ പുതിയൊരു മാതൃക സൃഷ്ടിച്ചുകൊണ്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന കെ-സ്മാർട്ട് പദ്ധതി രാജ്യത്തിനുതന്നെ ഉജ്ജ്വല മാതൃകയാണ്. എന്റെ ചോദ്യം, ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി പ്രവർത്തിക്കുന്ന ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

മെച്ചപ്പെടേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തീർച്ചയായും ഐ.കെ.എം. വളരെ അഭിമാനകരമായ നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. അതിനനുസരിച്ച് സ്ഥാപനത്തിനുണ്ടാകുന്ന വളർച്ച ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിലും തീർച്ചയായും പ്രതിഫലിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. ആന്റണി ജോൺ: സർ, ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ഓഫീസുകളിലൊന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. അതുകൊണ്ട് തന്നെ അവ കാര്യക്ഷമമായി ഏറ്റവും കൂടുതൽ വേഗത്തിൽ അവിടെനിന്നുള്ള സേവനങ്ങൾ ജനങ്ങൾക്ക് നൽകേണ്ടതുണ്ട്. ആ ഒരു കാഴ്ചപ്പാടോടുകൂടിയാണ് രാജ്യത്തിനുതന്നെ മാതൃകയായിട്ടുള്ള കെ-സ്മാർട്ട് പദ്ധതി ഇപ്പോൾ സർക്കാർ നടപ്പാക്കിയിട്ടുള്ളത്. ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയും അല്ലെങ്കിൽ അതിനുശേഷവും നാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആശ്രയിക്കുകയാണ്. അതുകൊണ്ട് കൂടുതൽ സേവനങ്ങൾ കെ-സ്മാർട്ട് വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇപ്പോൾ 72 സേവനങ്ങൾ ലഭ്യമാക്കിയ കാര്യം സൂചിപ്പിച്ചിരുന്നു. പൗര സേവനങ്ങളെല്ലാം ഇപ്പോൾ കെ-സ്മാർട്ട് വഴി ലഭ്യമാണ്. ബാക്കി കൂടുതൽ സേവനങ്ങൾകൂടി കെ-സ്മാർട്ട് വഴി ലഭ്യമാകും. മാത്രമല്ല, ഇതിനകം 72,000 ഫയലുകളാണ് കെ-സ്മാർട്ട് പദ്ധതിയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അതിൽ 34,000 ഫയലുകൾ തീർപ്പാക്കുകയും 24,000 ഫയലുകൾ തീർപ്പാക്കിയത് 24 മണിക്കൂറിനകവുമാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, വളരെ പ്രതീക്ഷയോടുകൂടിയാണ് ജനുവരി മാസം ഒന്നാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമെല്ലാം ചേർന്ന് കൊച്ചിയിൽ കെ-സ്മാർട്ട് പദ്ധതി ഉദ്ഘാടനം ചെയ്തത്. പക്ഷെ മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത് കൊച്ചിയിലെ നിലവിലെ അവസ്ഥ വളരെ ദയനീയമാണെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 72 സേവനങ്ങൾ കെ-സ്മാർട്ട് പദ്ധതിയിലൂടെ ലഭ്യമാകുമെന്നാണ്. നഗരത്തിൽ നിലവിൽ കിട്ടിക്കൊണ്ടിരുന്ന സേവനങ്ങൾപോലും ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. അതിനാൽ അടിയന്തരമായി മന്ത്രി ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് പറയാനുള്ളത്. കാരണം നഗരത്തിലെ അസസ്മെന്റ്

രജിസ്റ്റർ പ്രകാരമുള്ള എല്ലാ കെട്ടിടങ്ങളുടേയും ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ടോ; കെട്ടിടങ്ങളിലെ ഡാറ്റാ എൻട്രി പൂർത്തിയാക്കാതെ ഇ-ഗവേണൻസ് സംവിധാനം നടപ്പാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ ഭാഗികമായി ഓഫ്‌ലൈൻ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം പറഞ്ഞതുപോലുള്ള ദയനീയ സാഹചര്യമൊന്നുമില്ല. അത് അദ്ദേഹം അതിശയോക്തിപരമായി പറഞ്ഞതാണ്. 2016-ലെ വസ്തു നികുതി പരിഷ്കരണ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി ഡിജിറ്റൽ സൈൻ ചെയ്ത കെട്ടിടങ്ങളുടെ വിവരങ്ങളാണ് കെ-സ്മാർട്ടിൽ ലഭ്യമാക്കിയിട്ടുള്ളത്. ഈ വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാൻ വിട്ടുപോയ കെട്ടിടങ്ങളുണ്ടെങ്കിൽ അവയും നടപടികൾ പൂർത്തിയാക്കി എൽ.ഡി.എം.എസ്. മൊഡ്യൂൾവഴി കെ-സ്മാർട്ട് പദ്ധതിയിലേയ്ക്ക് മാറ്റുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത കെട്ടിടങ്ങളുണ്ടെങ്കിൽ നടപടികൾ പൂർത്തിയാക്കി അവയും ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. അത്തരം ചില പ്രശ്നങ്ങളാണ് അവശേഷിക്കുന്നത്. അക്കാര്യം

പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി നടത്തേണ്ടത് അതത് നഗരസഭകളാണ്. ഡാറ്റാ എൻട്രിയുടെ പേരിലുണ്ടായ കാലതാമസത്തിന്റെ പേരിൽ കെ-സ്മാർട്ട് പദ്ധതിയാകെ പാളിപ്പോയെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. പ്രതീക്ഷയോടുകൂടിയാണെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. ആ പ്രതീക്ഷ ഇപ്പോൾ വലിയൊരളവിൽ സഫലമായിരിക്കുകയാണ്. ആ പ്രതീക്ഷയുള്ളതുകൊണ്ടാണ് കർണ്ണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഈ പദ്ധതി ഏറ്റെടുക്കാൻ വരുന്നത്. ഇന്ത്യയ്ക്കുതന്നെ മാതൃകയായിട്ടുള്ള ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനമായിട്ടാണ് ഈ പദ്ധതി പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

### ഓൺലൈൻ ലോൺ ആപ്പുകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി

4 (*4) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധാരണക്കാരെ കടക്കെണിയിലാക്കി ആത്മഹത്യയിലേയ്ക്ക് തള്ളിവിടുന്ന തരത്തിലുള്ള ഓൺലൈൻ ലോൺ ആപ്പുകളുടെ പ്രവർത്തനം നിയന്ത്രിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം ഓൺലൈൻ ലോൺ ആപ്പുകളെ നിയന്ത്രിക്കുന്നതിന് പര്യാപ്തമായ കേന്ദ്രനിയമം നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) അംഗീകാരമില്ലാത്ത ലോൺ ആപ്പുകൾ ഉപയോഗിച്ച് വായ്പ എടുത്തതിലൂടെ തട്ടിപ്പിന് ഇരയായവർക്ക് പൊലീസിൽ പരാതി നൽകാൻ പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഇപ്രകാരമുള്ള സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോകത്താകെ വർദ്ധിച്ചുവരുന്ന സൈബർ

കുറ്റകൃത്യങ്ങൾ തടയുന്നതും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതും ഇന്ന് ആധുനിക പോലീസ് സംവിധാനത്തിന്റെ ഭാരിച്ച ഉത്തരവാദിത്തമാണ്. സാമൂഹ്യ മാധ്യമങ്ങളുടെ ദുരുപയോഗം, ഓൺലൈൻ ഗെയിമുകൾ, സൈബർ തട്ടിപ്പുകൾ, വ്യാജ ലോൺ ആപ്പുകൾ എന്നിവ വഴിയുള്ള സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനാവുന്ന ആധുനിക സംവിധാനങ്ങൾ ഇന്ന് കേരള പോലീസിനുണ്ട്. സംസ്ഥാനത്ത് അനധികൃത നിക്ഷേപ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നവരെയും പ്രചാരണം നടത്തുന്നവരെയും സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നതോടൊപ്പം മുൻകരുതലുകൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തുവരുന്നു.

സൈബർ ഓപ്പറേഷൻസ് ഹെഡ് ക്വാർട്ടേഴ്സും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോം യൂണിറ്റുകളും സൈബർ പട്രോളിംഗ് നടത്തി അനധികൃത ഓൺലൈൻ ലോൺ ആപ്പുകൾ കണ്ടെത്തി അവ സൈബർ സ്പേസിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓൺലൈൻ ലോൺ തട്ടിപ്പുകൾ നടത്തുന്നതായി സൈബർ പട്രോളിങ്ങിൽ കണ്ടെത്തിയ 330 അനധികൃത ഓൺലൈൻ ലോൺ ആപ്പുകളിൽ ഇതിനകം 158 എണ്ണം ഐടി ആക്ട് വകുപ്പ് 79(3) (b) പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. ഇത്തരം ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ മിക്കവയും വിദേശ നിർമ്മിതമാകയാൽ ദേശീയതലത്തിൽതന്നെ അവയെ നിയന്ത്രിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി തേടേണ്ടതുണ്ട്. ഇത്തരത്തിൽ 172 ഓൺലൈൻ ലോൺ ആപ്പുകളിലേയ്ക്കുള്ള ഇന്റർനെറ്റ് ലോൺ അക്സസ്സ് തടയുന്നതിനായി ഐ.ടി. നിയമത്തിന്റെ U/s 69A വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സൈബർ ഓപ്പറേഷൻസ് വിഭാഗം സംസ്ഥാന നോഡൽ ഓഫീസർ മുഖേന ഇന്ത്യാ ഗവൺമെന്റിന്റെ ഇലക്ട്രോണിക്സ്& ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളും വിവിധ ഏജൻസികളുടെ സേവനങ്ങളും സംയോജിപ്പിച്ചുകൊണ്ട് മാത്രമെ രാജ്യത്തിനകത്തും പുറത്തും ബന്ധമുള്ള ഇത്തരം കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനാകൂ. അത്തരത്തിൽ ശക്തവും കാര്യക്ഷമവുമായ സൈബർ ക്രൈമുകളുടെ

അന്വേഷണം സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിന് 05-01-2024-ലെ സ.ഉ.(കൈ) നമ്പർ 04/2024/ആഭ്യന്തരം പ്രകാരം പ്രത്യേക സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങളിൽപ്പെട്ട വസ്തുക്കളുടെ പരിശോധനയുക്തകുന്ന നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സംവിധാനങ്ങൾ സംസ്ഥാനത്തെ എല്ലാ സൈബർ ഡിവിഷനുകളിലും സജ്ജമാക്കിയിട്ടുണ്ട്. സൈബറിടങ്ങൾ ഉപയോഗപ്പെടുത്തിയുള്ള സാമ്പത്തിക തട്ടിപ്പുകൾ, മയക്കുമരുന്ന്, ആയുധ വ്യാപാരം, ലൈംഗിക വ്യാപാരം, ഡാറ്റ മോഷണം, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ക്രയവിക്രയങ്ങൾ നടത്തുന്ന കുറ്റകൃത്യങ്ങൾ സംസ്ഥാന പോലീസ് സൈബർഡോം വികസിപ്പിച്ച Grapnel സോഫ്റ്റ് വെയർ ഉപയോഗിച്ച് കണ്ടെത്തുന്നതിന് സാധിക്കും.

(ബി) ഓൺലൈൻ ലോൺ ആപ്പ് തട്ടിപ്പ് കേസുകളിൽ ഇന്ത്യൻ പീനൽ കോഡിലേയും ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെയും വകുപ്പുകൾ പ്രകാരമാണ് നിയമ നടപടികൾ സ്വീകരിച്ചുവരുന്നത്. ഇൻഫർമേഷൻ

ടെക്നോളജി ആക്ട് 79(3)(b) വകുപ്പുപ്രകാരം അനധികൃത ഓൺലൈൻ ലോൺ ആപ്പുകൾ സാമൂഹ്യമാധ്യമങ്ങളിൽനിന്നും നീക്കം ചെയ്തുവരുന്നു. അപ്രകാരം നീക്കം ചെയ്യാത്ത ലോൺ ആപ്പുകളിലേയ്ക്കും മറ്റുമുള്ള ഇന്റർനെറ്റ് ആക്സസ് തടയുന്നതിനും അതുവഴി പൊതുജനങ്ങളെ ഇത്തരം തട്ടിപ്പുകളിൽനിന്നും സംരക്ഷിക്കുന്നതിനുമായി പോലീസിലെ സൈബർ ഓപ്പറേഷൻ വിഭാഗം സംസ്ഥാന നോഡൽ ഓഫീസർ മുഖേന ഇൻഫർമേഷൻ ടെക്നോളജി ആക്ട് 69A വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ഇന്ത്യാ ഗവണ്മെന്റിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ച് വിവരം നൽകുന്നതിനായി കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പർ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

പരാതിക്കാരന് നഷ്ടപ്പെട്ട പണം പ്രതികളുടെ അക്കൗണ്ടിൽ നിന്നും കൈമാറ്റം ചെയ്യപ്പെടാതെ ബ്ലോക്ക് ചെയ്യുന്നതിന് കഴിയും. ഇതിനായി 1930 എന്ന ടോൾ ഫ്രീ നമ്പറിലെ സേവനം 24 മണിക്കൂറും ലഭ്യമാണ്. അക്കൗണ്ടുകളിൽ തടഞ്ഞുവച്ചിരിക്കുന്ന കബളിപ്പിക്കപ്പെട്ട തുക

പരാതിക്കാർക്ക് തിരിച്ചുനൽകുന്നത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിമാർക്ക് സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ നൽകിയിട്ടുമുണ്ട്.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനിരയായി സാമ്പത്തിക നഷ്ടം സംഭവിക്കുന്നവർക്ക് മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിന്റെ നാഷണൽ സൈബർ ക്രൈം പോർട്ടലിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിനും പ്രത്യേക സംവിധാനം നിലവിലുണ്ട്.

(ഡി) സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരം നൽകുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പറിലും 1930 എന്ന ടോൾ ഫ്രീ നമ്പറിലും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് കണ്ണൂർ റൂറൽ ഒഴികെ എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ഇന്ന് ലോകത്തെ ഏറ്റവും ശ്രദ്ധേയമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമാണ് കേരള പോലീസിന്റേത്. ഏകദേശം അഞ്ച്

ലക്ഷത്തിലധികം പേർ ഇതിന്റെ ഉള്ളടക്കങ്ങൾ പങ്കുവയ്ക്കുകയോ ഇഷ്ടപ്പെടുന്നതായോ കണ്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ കൂട്ടായ പ്രവർത്തനത്തിലൂടെ എല്ലാ സംവിധാനങ്ങളുമുപയോഗിച്ച് ഇതിന്റെ അപകടങ്ങളെക്കുറിച്ചുള്ള പ്രചാരണങ്ങളും അതിനാവശ്യമായ മുൻകരുതലുകളും ഇന്റർനെറ്റ് ഉപയോഗിക്കുന്ന എല്ലാവരിലുമെത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സോഷ്യൽ മീഡിയ സംവിധാനം പ്രവർത്തിക്കുന്നത്. അതോടൊപ്പം സുരക്ഷിത പണമിടപാടുകളെ സംബന്ധിച്ച അവബോധം വിവിധ പ്രചാരണ മാർഗ്ഗങ്ങളിലൂടെ നൽകിവരുന്നു. സൈബർ സുരക്ഷ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, ഓൺലൈൻ ആപ്പുകൾ സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള മുൻകരുതലുകൾ തുടങ്ങിയവ സംബന്ധിച്ച് സൈബർ പോലീസ് സ്റ്റേഷനുകൾ, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം എന്നിവ മുഖേനയും കേരള പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും ആവശ്യമായ ബോധവത്കരണം തുടർച്ചയായി നടത്തിവരുന്നുണ്ട്. അതോടൊപ്പം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകരിച്ച നോൺ ബാങ്കിംഗ്

ഫിനാൻഷ്യൽ കോർപ്പറേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ലോൺ ആപ്പുകളെക്കുറിച്ചും ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ചും ബോധവൽക്കരണം നൽകുന്നുണ്ട്.

ശ്രീ. വി. ശശി: സർ, കേരള പോലീസ് ഏർപ്പെടുത്തിയ Integrated Core Policing System (iCoPS) സൈബർ കേസന്വേഷണത്തിന് എത്രമാത്രം സഹായിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, Integrated Core Policing System നല്ല രീതിയിൽ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ദേശീയ തലത്തിൽ രൂപീകരിച്ചിട്ടുള്ളതാണ് Crime and Criminal Tracking Network. ഈ സിസ്റ്റം എല്ലാ പോലീസ് സ്റ്റേഷനുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പോലീസിലെ തന്നെ വിദഗ്ദ്ധരായ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ചാണ് iCoPS എന്നറിയപ്പെടുന്ന Integrated Core Policing System രൂപകൽപ്പന ചെയ്തത്. ഇതുവഴി പല സോഫ്റ്റ്‌വെയറുകളിലായി നിലനിന്നിരുന്ന കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങൾ ഒരു ഡാറ്റാ എൻട്രിയിലൂടെ (one data one entry) ലഭ്യമാക്കുന്നതിനാണ് ലക്ഷ്യംവച്ചത്.

ഒരു കുറ്റവാളി അല്ലെങ്കിൽ സംശയിക്കുന്ന വ്യക്തി ഏതെങ്കിലും കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും ആസൂത്രണ രീതിയും സഹകുറ്റവാളികളുടെ വിവരങ്ങളും iCoPS വഴി കണ്ടെത്താനാകും. Artificial Intelligence സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന Face Recognition സംവിധാനവും ഇതിൽ ലഭ്യമാണ്. ഒരു കുറ്റവാളിയുടെ ഫോട്ടോ ഗ്യാലറിയിൽ ലഭ്യമാണെങ്കിൽ അയാൾ മറ്റൊരു കുറ്റകൃത്യത്തിന് ശ്രമിക്കുകയോ ഏർപ്പെടുകയോ ചെയ്താൽ അത് തിരഞ്ഞ് വിവരങ്ങൾ ശേഖരിക്കാനും പോലീസിന് സാധിക്കും. ഇതാണ് ഈ സിസ്റ്റത്തിന്റെ പ്രത്യേകത.

ശ്രീ. വി. ശശി: സർ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പിലൂടെ പണം നഷ്ടപ്പെട്ട വിവരം കോൾ സെന്ററിൽ ലഭിച്ചാൽ അതിന്മേൽ എന്ത് നടപടിയാണ് പോലീസ് സ്വീകരിക്കുന്നത്; നഷ്ടപ്പെട്ട പണം തിരികെ ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ഇപ്പോൾ പോലീസിൽ ഒരു കോൾ സെന്റർ നിലവിലുണ്ട്. ഇതിന്റെ ടോൾ ഫ്രീ നമ്പർ 1930 ആണ്. കോൾ സെന്റർ 24 മണിക്കൂറും പ്രവർത്തിക്കും. ടോൾ ഫ്രീ

നമ്പരിൽ പരാതി ലഭിച്ചുകഴിഞ്ഞാൽ പോലീസ് ബന്ധപ്പെട്ട ബാങ്ക് മുഖേന പ്രതികളുടെ അക്കൗണ്ട് മരവിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. നിശ്ചിത സമയത്തിനകം ലഭിക്കുന്ന പരാതികളിൽ നഷ്ടപ്പെട്ട പണം കൈമാറ്റം ചെയ്യാനാകാതെ തടയുവാനും കഴിയും. ഈ പണം യഥാർത്ഥ അവകാശികൾക്ക് തിരികെ ലഭിക്കുകയും ചെയ്യും. ഈ ടോൾ ഫ്രീ നമ്പറിന് പുറമെ ഓൺലൈൻ തട്ടിപ്പ് സംബന്ധിച്ച് വിവരങ്ങൾ നൽകുന്നതിനായി 9497980900 എന്ന വാട്സാപ് നമ്പരും 24 മണിക്കൂറും ലഭ്യമാണ്.

മി. സ്പീക്കർ: ഓർഡർ...........ഓർഡർ..........ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

**[10.00 A.M]**

**II തിരുത്തിയ ഉത്തരം**

**പതിനഞ്ചാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 08-08-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 332-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി**

മി. സ്പീക്കർ: ഓർഡർ... ഓർഡർ... 15-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ 08-08-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 332-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, 15-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ 08-08-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 332-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

**[10.01 A.M]**

## III ചരമോപചാരം

എം. കെ. പ്രേംനാഥ്, ആനത്തലവട്ടം ആനന്ദൻ, ആർ. രാമചന്ദ്രൻ, പി. സിറിയക് ജോൺ, കാനം രാജേന്ദ്രൻ, കെ. കുഞ്ഞിരാമൻ, കെ. പി. വിശ്വനാഥൻ, ടി. എച്ച്. മുസ്തഫ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

മി. ചെയർമാൻ: ഓർഡർ...ഓർഡർ... മുൻ എം.എൽ.എ. എം. കെ. പ്രേംനാഥ് 2023 സെപ്റ്റംബർ 29-നും മുൻ എം.എൽ.എ. ആനത്തലവട്ടം ആനന്ദൻ 2023 ഒക്ടോബർ 5-നും മുൻ എം.എൽ.എ. ആർ. രാമചന്ദ്രൻ 2023 നവംബർ 21-നും മുൻമന്ത്രി പി. സിറിയക് ജോൺ 2023 നവംബർ 30-നും മുൻ എം.എൽ.എ. കാനം രാജേന്ദ്രൻ 2023 ഡിസംബർ 8-നും മുൻ എം.എൽ.എ. കെ. കുഞ്ഞിരാമൻ 2023 ഡിസംബർ 13-നും മുൻമന്ത്രി കെ. പി. വിശ്വനാഥൻ 2023 ഡിസംബർ 15-നും മുൻമന്ത്രി ടി. എച്ച്. മുസ്തഫ 2024 ജനുവരി 14-നും അന്തരിച്ചു.

### എം. കെ. പ്രേംനാഥ്

പ്രമുഖ സോഷ്യലിസ്റ്റ് നേതാവും മുൻ എം.എൽ.എ.-യുമായ എം. കെ. പ്രേംനാഥ് 2023 സെപ്റ്റംബർ 29-ന് അന്തരിച്ചു.

സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന ചോമ്പാലയിലെ കുന്നമ്പത്ത് നാരായണക്കുറുപ്പിന്റെയും പത്മാവതി അമ്മയുടെയും മകനായി ജനിച്ച എം. കെ. പ്രേംനാഥ് സോഷ്യലിസ്റ്റ് വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ് പൊതുരംഗത്തെത്തിയത്. ഇൻഡിപ്പെൻഡന്റ് സ്റ്റുഡന്റ്സ് ഓർഗനൈസേഷന്റെ സംസ്ഥാന പ്രസിഡന്റായിരുന്ന പ്രേംനാഥ് മടപ്പള്ളി ഗവൺമെന്റ് കോളേജിൽനിന്ന് ബിരുദം, കേരള സർവ്വകലാശാലയിൽനിന്ന് ചരിത്രത്തിൽ ബിരുദാനന്തര ബിരുദം, കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഇംഗ്ലീഷിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, ഭാരതീയ വിദ്യാഭവനിൽനിന്ന് പത്രപ്രവർത്തനത്തിൽ പി.ജി. ഡിപ്ലോമ എന്നിവ കരസ്ഥമാക്കി. തിരുവനന്തപുരം ലോ കോളേജിൽനിന്ന് നിയമബിരുദം നേടിയശേഷം വടകരയിൽ അഭിഭാഷകനായി പ്രവർത്തനം ആരംഭിച്ച പ്രേംനാഥ് യുവജനതാദൾ സംസ്ഥാന സെക്രട്ടറി, വൈസ് പ്രസിഡന്റ്, ദേശീയ സമിതി അംഗം, ജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ജില്ലാ പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. 1976-ൽ അടിയന്തരാവസ്ഥയ്ക്കെതിരെ നിയമം ലംഘിച്ച് കോഴിക്കോട് ജാഥ നടത്തി

അറസ്റ്റ് വരിച്ച് പോലീസ് മർദ്ദനത്തിനിരയായി. പ്രമുഖ സോഷ്യലിസ്റ്റ് നേതാവായ ജോർജ് ഫെർണാണ്ടസുമായി അടുത്ത ബന്ധം പുലർത്തിയ പ്രേംനാഥ് ഒട്ടേറെ വിദ്യാർത്ഥി-യുവജന സമരങ്ങൾക്ക് നേതൃത്വം നൽകി. 2006-ൽ വടകര നിയോജകമണ്ഡലത്തിൽനിന്ന് ജനതാദൾ (എസ്)-ന്റെ പ്രതിനിധിയായാണ് പന്ത്രണ്ടാം കേരള നിയമസഭാംഗമായി പ്രേംനാഥ് തെരഞ്ഞെടുക്കപ്പെട്ടത്. വടകര റൂറൽ ബാങ്ക് പ്രസിഡന്റ്, 'സ്വതന്ത്രഭൂമി' മാസികയുടെ പത്രാധിപർ, തിരുവനന്തപുരം പാപ്പനംകോട് എഞ്ചിനീയറിംഗ് കോളേജ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് യൂണിയൻ എച്ച്.എം.എസ്. സംസ്ഥാന പ്രസിഡന്റ്, ഗ്രാമകേളി സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച പ്രേംനാഥ് "സ്വാതന്ത്ര്യം തന്നെ അമൃതം" എന്ന പുസ്തകവും രചിച്ചിട്ടുണ്ട്. തീർത്തും ലളിത ജീവിതം നയിച്ച മനുഷ്യസ്നേഹിയും പരിശ്രമശാലിയുമായ ഒരു നേതാവിനെയാണ് അഡ്വ. എം. കെ. പ്രേംനാഥിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## ആനത്തലവട്ടം ആനന്ദൻ

കേരളത്തിലെ തൊഴിലാളി സമരങ്ങളിലെ ഊർജ്ജസ്വലനായ നേതാവും മുൻ എം.എൽ.എ.യുമായ ആനത്തലവട്ടം ആനന്ദൻ 2023 ഒക്ടോബർ 5-ന് അന്തരിച്ചു.

ചിറയിൻകീഴ് ആനത്തലവട്ടത്ത് വി. കൃഷ്ണന്റെയും നാണി അമ്മയുടെയും മകനായി 1937 ഏപ്രിൽ 22-ന് ജനിച്ച ആനത്തലവട്ടം ആനന്ദൻ സ്കൂൾ പഠനകാലത്തുതന്നെ രാഷ്ട്രീയപ്രവർത്തനത്തിൽ സജീവമായിരുന്നു. കയർ തൊഴിലാളിയായിരിക്കെ തൊഴിലാളി സംഘടനാ പ്രവർത്തനം തുടങ്ങിയ അദ്ദേഹം 1954-ൽ ഒരണ കൂടുതൽ കൂലിക്കുവേണ്ടി നടന്ന കയർത്തൊഴിലാളി പണിമുടക്കിന് നേതൃത്വം നൽകി. ആനത്തലവട്ടം ആനന്ദന്റെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ആദ്യപടിയായിരുന്നു ആ സമരം. 1956-ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ അദ്ദേഹം 1958-ൽ നാട്ടുകാരെ സംഘടിപ്പിച്ച് ആനത്തലവട്ടത്ത് ആദ്യത്തെ കയർ സഹകരണ സംഘം രൂപീകരിക്കുകയും അതിന്റെ പ്രസിഡന്റാവുകയും ചെയ്തു. തുടർന്ന് കയർത്തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിലും മാന്യമായ വേതനവും ഉറപ്പാക്കാനുള്ള അക്ഷീണമായ

പോരാട്ടത്തിനിടെ നിരവധി തവണ അറസ്റ്റും ജയിൽവാസവും നേരിട്ട ആനന്ദൻ അടിയന്തരാവസ്ഥക്കാലത്ത് പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിക്കപ്പെടുകയും 1976-ൽ അറസ്റ്റിലാകുകയും അടിയന്തരാവസ്ഥ പിൻവലിക്കുന്നതുവരെ ജയിൽവാസം അനുഭവിക്കുകയും ചെയ്തു.

കെ.എസ്.ആർ.ടി.സി. ജീവനക്കാർ, മോട്ടോർ വാഹന തൊഴിലാളികൾ, തെങ്ങുകയറ്റ തൊഴിലാളികൾ തുടങ്ങി അസംഘടിത മേഖലകളിലെ നിരവധി തൊഴിലാളി സംഘടനകളുടെ നേതാവായി മാറിയ ആനത്തലവട്ടം ആനന്ദൻ സി.പി.ഐ.(എം) ചിറയിൻകീഴ് ബ്രാഞ്ച് സെക്രട്ടറിയിൽനിന്നും പടിപടിയായി ഉയർന്ന് 1971-ൽ സി.പി.ഐ.(എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗവും 1984-ൽ സംസ്ഥാനകമ്മിറ്റി അംഗവും 2009-ൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായി. സി.പി.ഐ.(എം) സംസ്ഥാന സമിതിയിലെ പ്രത്യേക ക്ഷണിതാവ്, സി.ഐ.ടി.യു. സംസ്ഥാന പ്രസിഡന്റ്, കയർ അപ്പെക്സ് ബോഡി വൈസ് ചെയർമാൻ എന്നീ നിലകളിൽ രാഷ്ട്രീയ, ട്രേഡ് യൂണിയൻ രംഗങ്ങളിൽ സജീവമായി തുടർന്നുവരികയായിരുന്നു.

1979 മുതൽ 1984 വരെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ആനത്തലവട്ടം ആനന്ദൻ 1987, 1996, 2006 എന്നീ വർഷങ്ങളിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽനിന്നും വിജയിച്ച് എട്ട്, പത്ത്, പന്ത്രണ്ട് എന്നീ കേരള നിയമസഭകളിൽ അംഗമായി. നിയമസഭയിലെ കയർത്തൊഴിലാളികളുടെ ശബ്ദമായിരുന്ന അദ്ദേഹം. 2006 മുതൽ 2011 വരെ വി. എസ്. അച്യുതാനന്ദൻ മന്ത്രിസഭയുടെ കാലയളവിൽ സി.പി.ഐ.(എം) ചീഫ് വിപ്പായി പ്രവർത്തിച്ച അദ്ദേഹം കയർഫെഡ് ചെയർമാൻ, കയർബോർഡ് ചെയർമാൻ, കയർബോർഡ് വൈസ് ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെയും പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെയും പരിസ്ഥിതി കമ്മിറ്റിയുടെയും ചെയർമാനായിരുന്ന ആനത്തലവട്ടം ആനന്ദൻ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കയർ മിത്ര ഉൾപ്പെടെ നിരവധി അവാർഡുകളും ആനത്തലവട്ടത്തെ തേടിയെത്തി.

മാർക്സിസം, ലെനിനിസത്തെ കുറിച്ചുള്ള ഉൾക്കാഴ്ച അദ്ദേഹത്തെ പാർട്ടി പ്രവർത്തകരുടെ പ്രിയങ്കരനായ അദ്ധ്യാപകനാക്കി മാറ്റി. പറയാനുള്ളത് കൃത്യമായി പറയാനാകുമെന്നതാണ് ആനത്തലവട്ടത്തെ നേതാവാക്കി മാറ്റിയത്. അത് പാർട്ടി വേദിയിലായാലും പൊതുയോഗ വേദിയിലായാലും ചാനൽ ചർച്ചയിലായാലും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഒരിടത്തും ഇടറിപ്പോകുകയോ ആത്മക്ഷോഭത്താൽ മുറിഞ്ഞുപോകുകയോ ചെയ്യാത്ത വാക്കുകളായിരുന്നു ആനത്തലവട്ടത്തിന്റെ കരുത്ത്. എല്ലാ വിഭാഗം തൊഴിലാളികളും തന്റെ വർഗ്ഗത്തിന്റെ ഭാഗമാണെന്ന് വിശ്വസിച്ച അദ്ദേഹത്തിന്റെ ജീവിതം കക്ഷിരാഷ്ട്രീയത്തിന് അതീതമായി അവർക്കായുള്ള പോരാട്ടംകൊണ്ട് സമ്പന്നമായിരുന്നു. സമരമുഖങ്ങളിൽ തൊഴിലാളി വർഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വിട്ടുവീഴ്ചയില്ലാതെ പൊരുതിയ ആനത്തവട്ടം ആനന്ദന്റെ നിര്യാണത്തിലൂടെ ഇടതുപക്ഷ പ്രസ്ഥാനത്തെ ആശയതലത്തിൽ സജ്ജമാക്കുന്നതിന് അവിസ്മരണീയ സംഭാവന നൽകിയ നേതാവിനെയും മികച്ച ഒരു നിയമസഭാ സാമാജികനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## ആർ. രാമചന്ദ്രൻ

സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗവും മുൻ എം.എൽ.എ.യുമായിരുന്ന ആർ. രാമചന്ദ്രൻ 2023 നവംബർ 21-ന് അന്തരിച്ചു.

കരുനാഗപ്പള്ളി കല്ലേലിഭാഗം കളത്തിൽ വീട്ടിൽ രാഘവൻ ഉണ്ണിത്താന്റെയും ഈശ്വരി അമ്മയുടെയും രണ്ടാമത്തെ മകനായി 1952 ഒക്ടോബർ 15-ന് ജനിച്ച രാമചന്ദ്രൻ വിദ്യാഭ്യാസകാലത്തുതന്നെ ഇടതുപക്ഷ രാഷ്ട്രീയത്തിൽ ആകൃഷ്ടനായി. എ.ഐ.എസ്.എഫ്.-ലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച അദ്ദേഹം പിന്നീട് എ.ഐ.എസ്.എഫ്. സംസ്ഥാന ജോയിന്റ് സെക്രട്ടറിയും സംസ്ഥാന കമ്മിറ്റി അംഗവുമായി പ്രവർത്തിച്ചു. 1978-ൽ സി.പി.ഐ. കരുനാഗപ്പള്ളി താലൂക്ക് കമ്മിറ്റി സെക്രട്ടറിയും തുടർന്ന് 1982-ൽ ചവറ മണ്ഡലം സെക്രട്ടറിയുമായ രാമചന്ദ്രൻ 1991-ൽ പന്മന ഡിവിഷനിൽനിന്നും കൊല്ലം ജില്ലാ കൗൺസിലിലേയ്ക്കും 2000-ത്തിൽ തൊടിയൂർ ഡിവിഷനിൽനിന്ന് കൊല്ലം ജില്ലാ പഞ്ചായത്തിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടു. 2004-ൽ കൊല്ലം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റായും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ഫാമിംഗ് കോർപ്പറേഷന്റെയും സിഡ്കോയുടേയും ചെയർമാനായി പ്രവർത്തിച്ചിട്ടുള്ള രാമചന്ദ്രൻ സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗവും സംസ്ഥാന എക്സിക്യൂട്ടീവ് അംഗവുമായും പ്രവർത്തിച്ചിരുന്നു. 2012 മുതൽ 2016 വരെ സി.പി.ഐ. കൊല്ലം ജില്ലാ സെക്രട്ടറിയായിരുന്ന രാമചന്ദ്രൻ 2016-ൽ കരുനാഗപ്പള്ളിയിൽനിന്ന് പതിനാലാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

കരുനാഗപ്പള്ളി അർബൻ സഹകരണ ബാങ്ക് പ്രസിഡന്റ്, തൊടിയൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച രാമചന്ദ്രൻ കെ.എം.എം.എൽ. യൂണിയൻ നേതാവ് എന്ന നിലയിൽ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട സങ്കീർണ്ണ വിഷയങ്ങളിലെ അവസാന വാക്കായിരുന്നു. മികച്ച ഒരു പൊതുപ്രവർത്തകനെയും സഹകാരിയെയുമാണ് ആർ. രാമചന്ദ്രന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

**<u>പി. സിറിയക് ജോൺ</u>**

മുതിർന്ന കോൺഗ്രസ് നേതാവും മുൻമന്ത്രിയും ആയ പി. സിറിയക് ജോൺ 2023 നവംബർ 30-ന് അന്തരിച്ചു.

1933 ജൂൺ 11-ന് ജോൺ-മറിയമ്മ ദമ്പതികളുടെ മകനായി ജനിച്ച സിറിയക് ജോൺ ചെറുപ്രായത്തിൽത്തന്നെ കോൺഗ്രസ് പ്രസ്ഥാനത്തിൽ ആകൃഷ്ടനായി പൊതുരംഗത്തെത്തി. കോട്ടയം ജില്ലയിലെ പാല മരങ്ങാട്ടുപള്ളിയിൽ നിന്ന് എസ്.എസ്.എൽ.സി. വരെയുള്ള പഠനത്തിനുശേഷം വയനാട്ടിലെ കട്ടിപ്പാറയിലേയ്ക്ക് കുടിയേറിയ സിറിയക് ജോൺ ആദ്യം തന്റെ പിതാവിനോടൊപ്പം കാർഷികവൃത്തിയിലാണ് ശ്രദ്ധിച്ചത്. തുടർന്ന് കോൺഗ്രസ്സിന്റെ താമരശ്ശേരി മണ്ഡലം പ്രസിഡന്റായ അദ്ദേഹം കൽപ്പറ്റ മണ്ഡലത്തിൽനിന്ന് 1970-ൽ ആദ്യമായി നാലാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. തിരുവമ്പാടി മണ്ഡലം നിലവിൽ വന്നപ്പോൾ 1977, 1980, 1982 വർഷങ്ങളിലായി തുടർച്ചയായി മൂന്നുതവണ അവിടെനിന്നുള്ള നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു.

1982-ൽ കരുണാകരൻ മന്ത്രിസഭയിൽ കൃഷി വകുപ്പുമന്ത്രിയായെങ്കിലും ഒന്നര വർഷത്തിനുശേഷം രാജിവച്ചു. പിന്നീട് ജോസ് കുറ്റ്യാനി, കെ. കെ. ബാലകൃഷ്ണൻ എന്നിവരോടൊപ്പം കോൺഗ്രസ് വിട്ട സിറിയക് ജോൺ, കോൺഗ്രസ് (എസ്)-ൽ ചേർന്നു. കോൺഗ്രസ് (എസ്)

സംസ്ഥാന വൈസ് പ്രസിഡന്റായിരുന്ന അദ്ദേഹം കോൺഗ്രസ് (എസ്), എൻ.സി.പി.യിൽ ലയിച്ചപ്പോൾ എൻ.സി.പി. സംസ്ഥാന ജനറൽ സെക്രട്ടറിയും തുടർന്ന് സംസ്ഥാന പ്രസിഡന്റുമായി. പിന്നീട് കോൺഗ്രസ്സിൽ തിരിച്ചെത്തിയ സിറിയക് ജോൺ ദീർഘകാലം കെ.പി.സി.സി. നിർവ്വാഹക സമിതി അംഗമായിരുന്നു. കർഷക കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് സ്ഥാനവും വഹിച്ചിട്ടുണ്ട്. താമരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ പ്രസിഡന്റ്, റബ്ബർ ബോർഡ് അംഗം എന്നീ നിലകളിലും സിറിയക് ജോൺ പ്രവർത്തിച്ചു.

മലയോര കുടിയേറ്റ മേഖലയിൽ നിന്ന് ഉയർന്നുവന്ന് സംസ്ഥാന രാഷ്ട്രീയത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച സിറിയക് ജോണിന്റെ വിയോഗത്തിലൂടെ ലാളിത്യം കൈമുതലാക്കിയ മികച്ച പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

**കാനം രാജേന്ദ്രൻ**

സി.പി.ഐ. സംസ്ഥാന സെക്രട്ടറിയും ദേശീയ സെക്രട്ടേറിയറ്റംഗവും മുൻ എം.എൽ.എ.യുമായ കാനം രാജേന്ദ്രൻ 2023 ഡിസംബർ 8-ന് അന്തരിച്ചു.

കോട്ടയം ജില്ലയിൽ വാഴൂർ കാനം കൊച്ചുകളപ്പുരയിൽ പരമേശ്വരൻ നായർ-ചെല്ലമ്മ ദമ്പതികളുടെ മകനായി 1950 നവംബർ 10-ന് ജനിച്ച കാനം പഠനകാലത്തുതന്നെ രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമായിരുന്നു. പത്തൊൻപതാം വയസ്സിൽ എ.ഐ.എസ്.എഫ്. സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ഇരുപത്തിമൂന്നാം വയസ്സിൽ എ.ഐ.വൈ.എഫ്. സംസ്ഥാന സെക്രട്ടറിയായ അദ്ദേഹം തന്റെ യുവജന സംഘടനയെ കേരളത്തിൽ വേരോട്ടമുള്ളതാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. അതിനുള്ള അംഗീകാരമായി കാനം തന്റെ ഇരുപത്തിയഞ്ചാം വയസ്സിൽ സി.പി.ഐ. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ടു.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കളും മുൻനിരക്കാരുമായിരുന്ന എൻ. ഇ. ബാലറാം, എം. എൻ. ഗോവിന്ദൻ നായർ, സി. അച്യുതമേനോൻ, ടി. വി. തോമസ്, പി. കെ. വാസുദേവൻ നായർ., വെളിയം ഭാർഗവൻ എന്നീ മഹാരഥന്മാർക്കൊപ്പമുള്ള പ്രവർത്തനാനുഭവങ്ങളിലൂടെ കാനത്തിന്റെ രാഷ്ട്രീയ ജീവിതം കൂടുതൽ തിളക്കമാർന്നതായി. രണ്ടുതവണ സി.പി.ഐ. കോട്ടയം ജില്ലാ സെക്രട്ടറിയായ കാനം 1982-ലും 1987-ലും വാഴൂരിനെ പ്രതിനിധീകരിച്ച് ഏഴ്, എട്ട് നിയമസഭകളിലായി ഒമ്പതുവർഷം നിയമസഭാംഗമായി. അതിനിടയിൽ തൊഴിലാളി സംഘാടനത്തിൽ ശ്രദ്ധയൂന്നിയ കാനം, 2006-ൽ എ.ഐ.ടി.യു.സി. സംസ്ഥാന ജനറൽ സെക്രട്ടറിയായി. തൊഴിലാളി നേതാവായിരിക്കെ, അസംഘടിത മേഖലകളിൽ നിരവധി തൊഴിലാളി സംഘടനകൾക്ക് രൂപം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. പുതുതലമുറ ബാങ്കിംഗ്, ഓൺലൈൻ വിപണനം, കലാപ്രവർത്തകർ, സിനിമാ സാങ്കേതിക രംഗത്തുമുൾപ്പെടെ ആദ്യമായി തൊഴിലാളി സംഘടന രൂപീകരിച്ചത് കാനം രാജേന്ദ്രൻ എ.ഐ.ടി.യു.സി. സംസ്ഥാന ജനറൽ

സെക്രട്ടറിയായ കാലത്തായിരുന്നു. അതുകൊണ്ടുതന്നെ സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശ സമരങ്ങളുടെ മുന്നണിയിലും കാനം എന്ന പേര് അടയാളപ്പെട്ടു. സി.പി.ഐ.യുടെ മുഖപത്രമായ ജനയുഗത്തിന്റെ ചീഫ് എഡിറ്ററുമായിരുന്നു കാനം രാജേന്ദ്രൻ.

2015-ൽ കോട്ടയം സമ്മേളനത്തിൽ സി.പി.ഐ. സംസ്ഥാന സെക്രട്ടറിയായ കാനം പിന്നീട് രണ്ട് തവണകൂടി തെരഞ്ഞെടുക്കപ്പെടുകയും തന്റെ അവസാന നാൾ വരെ ആ പദവിയിൽ തുടരുകയും ചെയ്തു. കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയത്തിൽ സി.പി.ഐ.യുടെ പ്രസക്തിയും പ്രാധാന്യവും സ്ഥാപിച്ചെടുക്കുന്നതിൽ കരുത്തുറ്റ നേതൃപാടവം കാട്ടിയ കാനം രാജേന്ദ്രന്റെ ആകസ്മിക വിയോഗം സി.പി.ഐ. എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് മാത്രമല്ല, രാഷ്ട്രീയ കേരളത്തിന് ഒന്നാകെ കനത്ത നഷ്ടമാണ്.

## കെ. കുഞ്ഞിരാമൻ

സി.പി.ഐ.(എം.) മുൻ സംസ്ഥാന കമ്മിറ്റിയംഗവും തൃക്കരിപ്പൂർ എം.എൽ.എ.യും ആയിരുന്ന കെ. കുഞ്ഞിരാമൻ 2023 ഡിസംബർ 13-ന് അന്തരിച്ചു.

ചെറുവത്തൂർ തുരുത്തി കുണ്ടൻമാടിലെ കെ. വി. കുഞ്ഞമ്പു വൈദ്യരുടെയും കെ. കുഞ്ഞിമാണിക്കത്തിന്റെയും മകനായി 1943 നവംബർ 10-ന് കെ. കുഞ്ഞിരാമൻ ജനിച്ചു. വിദ്യാർത്ഥി കാലത്തുതന്നെ പൊതുപ്രവർത്തനത്തിൽ താൽപ്പര്യം കാട്ടിയ കുഞ്ഞിരാമനെ എ.കെ.ജി.-യാണ് കെ.എസ്.എഫ്-ൽ ചേർത്തത്. വൈദ്യരായിരുന്ന അദ്ദേഹത്തിന്റെ പിതാവ്, മകനെ തന്റെ പാതയിലേയ്ക്ക് കൊണ്ടുവരാൻ വടകര സിദ്ധാശ്രമത്തിൽ സംസ്കൃതം പഠിക്കാനും തുടർന്ന് തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ വൈദ്യം പഠിക്കാനും അയച്ചു. അവിടെയും കെ.എസ്.എഫ്-ൽ സജീവമായിരുന്ന കുഞ്ഞിരാമൻ 1967-1970 കാലത്ത് കെ.എസ്.എഫ്. സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായി. തുടർന്ന് കെ.എസ്.വൈ.എഫ്. അവിഭക്ത കണ്ണൂർ ജില്ലാ

വൈസ് പ്രസിഡന്റ്, തൃപ്പൂണിത്തുറ ആയുർവേദ കോളേജ് യൂണിയൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ച കുഞ്ഞിരാമൻ, 1979 മുതൽ 1984 വരെ ചെറുവത്തൂർ പഞ്ചായത്ത് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

സി.പി.ഐ.(എം.) കാരിയിൽ ബ്രാഞ്ച് സെക്രട്ടറി, ചെറുവത്തൂർ ലോക്കൽ സെക്രട്ടറി, നീലേശ്വരം ഏരിയ സെക്രട്ടറി, കാസർഗോഡ് ജില്ല രൂപവൽക്കരിച്ചപ്പോൾ ജില്ലാ സെക്രട്ടേറിയറ്റ് അംഗം എന്നീ പദവികളും കുഞ്ഞിരാമൻ വഹിച്ചു. സി.ഐ.ടി.യു. ജില്ലാ കമ്മിറ്റി അംഗം, തോട്ടം തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി, നീലേശ്വരം ബ്ലോക്ക് ഡെവലപ്പ്മെന്റ് കമ്മിറ്റി ചെയർമാൻ, ഡി.ഡി.സി. അംഗം., ഔഷധി ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ തുടങ്ങി വിവിധ മേഖലകളിലും പ്രവർത്തിച്ച കെ. കുഞ്ഞിരാമൻ 1994 മുതൽ 2004 വരെ കാസർഗോഡ് ജില്ലാ സെക്രട്ടറിയായും 24 വർഷം സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റി അംഗമായും പ്രവർത്തിച്ചു. 2006-ലും 2011-ലും കേരള നിയമസഭയിലേയ്ക്ക് തൃക്കരിപ്പൂരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

പൊതുതാൽപ്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും രാഷ്ട്രീയത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്ത ഒരു ജനകീയ നേതാവിനെയാണ് കെ. കുഞ്ഞിരാമന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## കെ. പി. വിശ്വനാഥൻ

മുതിർന്ന കോൺഗ്രസ് നേതാവും മുൻമന്ത്രിയുമായ കെ. പി. വിശ്വനാഥൻ 2023 ഡിസംബർ 15-ന് അന്തരിച്ചു.

1940 ഏപ്രിൽ 22-ന് കുന്നംകുളം ആർത്താറ്റ് കുറുക്കൻപാറ കല്ലയിൽ പാങ്ങന്റെയും പാറുക്കുട്ടിയുടെയും ഒമ്പതാമത്തെ മകനായി ജനിച്ച വിശ്വനാഥൻ എം.ജെ.ഡി. ഹൈസ്കൂളിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം നേടി. കേരള വർമ്മ കോളേജിൽനിന്ന് പ്രീ യൂണിവേഴ്സിറ്റി പാസ്സായ ശേഷം ഇംഗ്ലീഷിൽ ബിരുദം നേടി. കേരള വർമ്മയിൽ ബാസ്ക്കറ്റ്ബാൾ ടീം ക്യാപ്റ്റനായിരുന്ന അദ്ദേഹം ഹോക്കിയിലും അത്‌ലറ്റിക്സിലും പ്രാവീണ്യം നേടിയിരുന്നു. 1963-ൽ യൂത്ത് കോൺഗ്രസ് മണ്ഡലം സെക്രട്ടറിയായ വിശ്വനാഥൻ 1964-ൽ എറണാകുളം ലോ കോളേജിൽ നിയമ

പഠനത്തിനെത്തുകയും 1967-ൽ യൂത്ത് കോൺഗ്രസ് തൃശ്ശൂർ ജില്ലാ പ്രസിഡന്റാകുകയും ചെയ്തു.

1970-ൽ തൃശ്ശൂർ ഡി.സി.സി. സെക്രട്ടറിയായ വിശ്വനാഥൻ 1977-ലെ തെരഞ്ഞെടുപ്പിൽ കുന്നംകുളം മണ്ഡലത്തിൽനിന്നും വിജയിച്ച് നിയമസഭയിലെത്തി. 1980-ൽ വീണ്ടും അതേ മണ്ഡലത്തിൽനിന്ന് വിജയിച്ചത് ഇടതുമുന്നണിക്കൊപ്പം കോൺഗ്രസിലെ ആന്റണി വിഭാഗത്തിന്റെ സ്ഥാനാർത്ഥിയായിട്ടായിരുന്നു. 1987 മുതൽ കൊടകരയിലേയ്ക്ക് മാറിയ വിശ്വനാഥൻ  തുടർച്ചയായി നാല് തെരഞ്ഞെടുപ്പുകളിൽ വിജയിച്ച് 20 വർഷം ഒരേ മണ്ഡലത്തിലെ ജനപ്രതിനിധിയായി.

1991 മുതൽ 1994 വരെ കെ. കരുണാകരന്റെയും 2004 മുതൽ 2005 വരെ ഉമ്മൻചാണ്ടിയുടെയും മന്ത്രിസഭകളിൽ വനം വകുപ്പുമന്ത്രിയായിരുന്നു. മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളിലും വനസംരക്ഷണത്തിലും കൈവരിച്ച നേട്ടത്തിന് 'ആന്റി നാർക്കോട്ടിക് കൗൺസിൽ ഓഫ് ഇന്ത്യ'-യുടെ ദേശീയ അവാർഡും മികച്ച പാർലമെന്റേറിയനുള്ള 'മാതൃകാ സാമാജിക് അവാർഡും കെ. പി. വിശ്വനാഥന് ലഭിച്ചിട്ടുണ്ട്.

സഹകരണ രംഗത്തും വലിയൊരു മാതൃകയും സാന്നിധ്യവുമായിരുന്ന കെ. പി. വിശ്വനാഥന്റെ വിയോഗത്തിലൂടെ രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിൽ കർമ്മനിരതനായിരുന്ന ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## ടി. എച്ച്. മുസ്തഫ

മുതിർന്ന കോൺഗ്രസ് നേതാവും മുൻമന്ത്രിയുമായ ടി. എച്ച്. മുസ്തഫ 2024 ജനുവരി 14-ന് അന്തരിച്ചു.

ആലുവ ചാലക്കൽ തോട്ടത്തിൽ കോട്ടപ്പുറത്ത് കുടുംബത്തിൽ ഹൈദ്രോസ്-ഫാത്തിമാ ബീവി ദമ്പതികളുടെ മകനായി 1941 ഡിസംബർ 7-ന് ജനിച്ച ടി. എച്ച്. മുസ്തഫ തന്റെ പതിനാറാം വയസിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. 1957-ൽ യൂത്ത് കോൺഗ്രസ് വാഴക്കുളം മണ്ഡലം പ്രസിഡന്റായത് മുതൽ മുഴുവൻ സമയ പാർട്ടി പ്രവർത്തകനായ ടി. എച്ച്. മുസ്തഫ 1978-ൽ കോൺഗ്രസ് പിളർന്നപ്പോൾ ഇന്ദിരാഗാന്ധി നേതൃത്വം നൽകിയ പക്ഷത്തിനൊപ്പം ചേർന്നു. തുടർന്ന് എറണാകുളം ഡി.സി.സി. പ്രസിഡന്റും കെ. കരുണാകരന്റെ വിശ്വസ്തനുമായി മാറിയതോടെ സംഘടനാ രംഗത്ത് ടി. എച്ച്. മുസ്തഫ

കരുത്തനായി. തികഞ്ഞ രാഷ്ട്രീയ പ്രവർത്തകനായി മാറിയ അദ്ദേഹത്തിന്റെ സവിശേഷതകളിൽ ഒന്ന് മണിക്കൂറുകളോളം സദസ്സിനെ പിടിച്ചിരുത്താൻ കഴിയുന്ന വിധത്തിൽ പ്രസംഗിക്കാനുള്ള അനിതര സാധാരണമായ കഴിവായിരുന്നു.

1977-ൽ ആലുവയിൽനിന്ന് ആദ്യമായി അഞ്ചാം കേരള നിയമസഭയിൽ അംഗമായ ടി. എച്ച്. മുസ്തഫ 1982, 1987, 1991, 2001 വർഷങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ കുന്നത്തുനാട് മണ്ഡലത്തിൽനിന്ന് വിജയിച്ചു. ഏഴാം കേരള നിയമസഭയിൽ കോൺഗ്രസ് നിയമസഭാ കക്ഷി ഉപനേതാവായിരുന്ന ടി. എച്ച്. മുസ്തഫ; കെ. കരുണാകരൻ മന്ത്രിസഭയിൽ 1991 മുതൽ 1995 വരെ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയായിരുന്നു. സംസ്ഥാന ഖാദി ബോർഡ് വൈസ് ചെയർമാനായും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബർ മാർക്കറ്റിംഗ് ഫെഡറേഷൻ ചെയർമാനായും സിയാൽ ഡയറക്ടറായും പ്രവർത്തിച്ച ടി. എച്ച്. മുസ്തഫ ഐ.എൻ.ടി.യു.സി. സംസ്ഥാന, ദേശീയ നിർവാഹക സമിതികളിൽ അംഗമായിരുന്നു. കേരളത്തിലെ റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രത്യേക

താൽപ്പര്യമെടുത്തിരുന്ന ടി. എച്ച്. മുസ്തഫ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ രൂപീകരിച്ച കാലം മുതൽ അതിൽ സജീവമായിരുന്നു. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ പ്രസിഡന്റായിരിക്കെ ഫെഡറേഷന്റെ പ്രവർത്തന മേഖല വിപുലീകരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്ന ടി. എച്ച്. മുസ്തഫ അവസാനം മത്സരിച്ചത് 2023 നവംബർ 26-ന് നടന്ന ആലുവ-കുന്നത്തുനാട് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭരണ സമിതിയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിലാണ്. അതിൽ അദ്ദേഹത്തിന്റെ പാനൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിരുന്നു.

എറണാകുളം ജില്ലയിലെ കോൺഗ്രസ് പ്രവർത്തകർക്ക് പൊതുവിലും പെരുമ്പാവൂർ, കുന്നത്തുനാട് മേഖലയിലുള്ളവർക്ക് പ്രത്യേകിച്ചും അവസാന കാലഘട്ടംവരെ പ്രിയപ്പെട്ട നേതാവായിരുന്ന ടി. എച്ച്. മുസ്തഫയുടെ നിര്യാണത്തിലൂടെ സൗമ്യവും ഹൃദ്യവുമായ ഇടപെടലുകളിലൂടെ സഹപ്രവർത്തകരുടെയും സാധാരണക്കാരുടെയും ഹൃദയം കവർന്ന ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദര സൂചകമായി ബഹുമാനപ്പെട്ട സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

[10.17 A.M]

## IV ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ കെ. ബാബു (നെന്മാറ), പി. ബാലചന്ദ്രൻ, എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

**[10.17 A.M]**

## V അടിയന്തരപ്രമേയം

സാമൂഹ്യ സുരക്ഷ പെൻഷൻ മുടങ്ങിയത് സംബന്ധിച്ച്

മി. സ്പീക്കർ: സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ മുടങ്ങിയത് കാരണം കോഴിക്കോട് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ മുതുകാട്

വളയത്ത് ജോസഫ് ആത്മഹത്യ ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് അർഹതപ്പെട്ട പെൻഷൻ മുടങ്ങിയിട്ട് അഞ്ചുമാസമായി എന്നാണ് അടിയന്തരപ്രമേയ നോട്ടീസിൽ ആരോപിച്ചിരിക്കുന്നത്. എല്ലാ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള ശ്രമങ്ങൾക്കാണ് സർക്കാർ പ്രഥമ മുൻഗണന നൽകിയിട്ടുള്ളത്. നവംബർ, ഡിസംബർ മാസങ്ങളിലായി ഓരോ മാസത്തെയും പെൻഷൻ നൽകിയിരുന്നു. ആഗസ്റ്റ് മാസത്തിൽ ഓണ സമയത്ത് രണ്ട് മാസത്തെ പെൻഷൻ ഒരുമിച്ചാണ് അന്തരിച്ച വളയത്ത് ജോസഫ് ഉൾപ്പെടെയുള്ള എല്ലാവർക്കും ലഭിച്ചത്. പേരാമ്പ്ര

മുതുകാട് ഭിന്നശേഷിക്കാരനായ വളയത്ത് ജോസഫ് 2024 ജനുവരി 23-നാണ് ആത്മഹത്യ ചെയ്തത്. അദ്ദേഹത്തിന്റെ വേർപാട് നമുക്കെല്ലാം ദുഃഖകരമാണ്. ക്ഷേമ പെൻഷൻ നൽകാത്തതിനാൽ ആത്മഹത്യ ചെയ്തുവെന്നാണ് മാധ്യമങ്ങളിൽ വാർത്ത വന്നത്. ഇദ്ദേഹം ചക്കിട്ടപ്പാറ പഞ്ചായത്ത് സെക്രട്ടറിക്ക് എഴുതിയ കത്ത് ചൂണ്ടിക്കാണിച്ചാണ് ക്ഷേമ പെൻഷനുമായി ബന്ധപ്പെടുത്തിയുള്ള വാർത്തകൾ പ്രചരിച്ചത്. മാധ്യമങ്ങളിൽ സംഭവം റിപ്പോർട്ട് ചെയ്ത ഉടൻതന്നെ ഇക്കാര്യം പരിശോധിച്ചതാണ്. 2023 നവംബർ 9-നാണ് അദ്ദേഹം പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയത്. വളയത്ത് ജോസഫ് എന്നറിയപ്പെടുന്ന അദ്ദേഹത്തിന്റെ ഔദ്യോഗിക നാമം വി. പാപ്പച്ചൻ എന്നാണ്. ഈ ആത്മഹത്യയ്ക്ക് കാരണമായത് ക്ഷേമ പെൻഷൻ ലഭിക്കാത്തതുമൂലമാണെന്ന് തെളിയിക്കുന്നൊരു വസ്തുതയും ഉയർന്നുവന്നിട്ടില്ല; എന്നാൽ നേരെ മറിച്ചുള്ള വസ്തുതകളാണുള്ളത്. അദ്ദേഹം ഈ കത്ത് പഞ്ചായത്ത് സെക്രട്ടിക്ക് നൽകുന്നത് 2023 നവംബർ മാസം 9-ാം തീയതിയാണ്. അതിനുശേഷം നവംബർ, ഡിസംബർ മാസങ്ങളിൽ അദ്ദേഹം പെൻഷൻ വാങ്ങിയിട്ടുണ്ട്.

സാധാരണഗതിയിൽ അടുത്ത പെൻഷൻ due ആകുന്ന സമയം പോലുമായിട്ടില്ല. അതിനാൽ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാര്യം അടിസ്ഥാനരഹിതമാണ്. കഴിഞ്ഞ ദിവസം പ്രമുഖ പത്രത്തിന്റെ പത്രപ്രവർത്തകനുമായി ഇക്കാര്യം സംസാരിച്ചപ്പോൾ ഇങ്ങനെയൊരു വാർത്ത വന്നതിനുശേഷം അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അതിൽ വസ്തുതയില്ലെന്ന് മനസ്സിലായെന്നാണ് അദ്ദേഹം പറഞ്ഞത്; ഇങ്ങനെയൊരു സംഭവമില്ലെന്ന് പത്രപ്രവർത്തകർ തന്നെ പറയുകയാണ്. നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷൻ വളയത്ത് ജോസഫ് വാങ്ങിയിട്ടുമുണ്ട്. അതിനാൽ ഇത് വസ്തുതാപരമല്ല. ശ്രീ. പി. സി. വിഷ്ണുനാഥ് തെറ്റിദ്ധരിച്ചിട്ടായിരിക്കും അടിയന്തരപ്രമേയ നോട്ടീസ് നൽകിയിരിക്കുന്നത്; അതിലെ ആത്മാർത്ഥതയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. അതുകൊണ്ട് ഈ അടിയന്തരപ്രമേയവുമായി മുന്നോട്ടുപോകേണ്ട കാര്യമില്ല. വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശക തത്വത്തിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ട ജനങ്ങൾക്ക് സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. സാമൂഹ്യ ക്ഷേമ പെൻഷൻ എന്ന ആശയം കോൺഗ്രസ് മുഖ്യമന്ത്രിയായ ആർ. ശങ്കർ ആദ്യം നടപ്പിലാക്കുമ്പോൾ അദ്ദേഹത്തിന്റെ ലക്ഷ്യം ഇതായിരുന്നു. സർക്കാർ നൽകുന്ന ഔദാര്യമല്ല ഇത്. സർക്കാർ നിറവേറ്റുന്ന ഭരണഘടനാപരമായ ബാധ്യതയും ജനങ്ങളുടെ അവകാശവുമാണത്. ആ പൗരാവകാശത്തെ, രാജഭരണകാലത്ത് പ്രജകൾക്ക് ലഭിക്കുന്ന ഔദാര്യംപോലെ ചിത്രീകരിക്കുന്ന ഒരു PR narrative കഴിഞ്ഞ കുറേ കാലങ്ങളായി നമ്മൾ കണ്ടുവരികയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ സംസ്ഥാനത്തെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വീട്ടുകരം ഇവയെല്ലാം വർദ്ധിപ്പിച്ചു. ജനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് ഇരട്ടിയും നാലിരട്ടിയുമൊക്കെയാക്കി. അതുകൂടാതെ പെട്രോളിനും ഡീസലിനും രണ്ട് രൂപ സെസ്സ് ഏർപ്പെടുത്തി. അതിനെല്ലാം പറഞ്ഞ ന്യായമെന്താണ്? ഇതെല്ലാം വർദ്ധിപ്പിക്കുന്നത് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുവേണ്ടിയാണെന്നാണ്. ഒരു ഭിന്നശേഷിക്കാരൻ പമ്പിൽ പോയി അവന്റെ മുച്ചക്ര വാഹനത്തിന് പെട്രോളടിക്കുമ്പോഴും രണ്ടുരൂപ

സെസ്സ് വാങ്ങുന്നുണ്ട്. പക്ഷെ അവന് അഞ്ച് മാസത്തെ പെൻഷൻ കുടിശ്ശികയാണ്. ഇതാണ് സംസ്ഥാനത്തെ സാഹചര്യം. വളയത്ത് ജോസഫിന്റെ ആത്മഹത്യ ദൗർഭാഗ്യകരമായിപ്പോയെന്ന് മന്ത്രിതന്നെ പറഞ്ഞല്ലോ. ജോസഫ് എന്നയാൾ കളക്ടർക്കും പഞ്ചായത്ത് സെക്രട്ടറിക്കും മറ്റ് ഉത്തരവാദിത്വപ്പെട്ടവർക്കും ആത്മഹത്യ ചെയ്യുമെന്ന് നോട്ടീസ് കൊടുത്തപ്പോൾ തന്നെ ഇതുസംബന്ധിച്ച് വാർത്ത വന്നിരുന്നതാണ്. അതിനുശേഷം അദ്ദേഹത്തിന് രണ്ടുമാസത്തെ പെൻഷൻ കൊടുത്തുവെന്ന് പറഞ്ഞു. ജോസഫ് സ്ട്രോക്ക് വന്ന് ശരീരം തളർന്ന ഒരാളാണ്. ഭാര്യ ഹൃദ്രോഗം ബാധിച്ച് മരിച്ചു. 47 വയസ്സുള്ള മകൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നു. മകളെ സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അനാഥാലയത്തിൽ ഏൽപ്പിക്കുകയാണ് ചെയ്തത്. അവിടേയും പണം ചെലവാക്കേണ്ട സാഹചര്യം വന്നിട്ടുണ്ട്. അത് കൊടുത്തിട്ടുമുണ്ട്. അദ്ദേഹത്തിന് വീട്ടിൽനിന്നും മുതുകാട് കവലയിലേക്ക് പോകാൻ 80 രൂപ വേണം. ആ സാഹചര്യത്തിൽ കുടിശ്ശികയായി ലഭിക്കുന്ന തുകപോലും ജീവിതച്ചെലവിന് തികയുകയില്ല. പെൻഷൻ കുടിശ്ശിക പൂർണ്ണമായും കിട്ടാത്ത സാഹചര്യത്തിൽ ജീവിതം വഴിമുട്ടിയപ്പോൾ അദ്ദേഹം ആത്മഹത്യ ചെയ്തു. അദ്ദേഹം മരിച്ചുകിടക്കുമ്പോൾ,

സമീപത്തുണ്ടായിരുന്ന മരുന്ന് ബോക്സിന്റെ പുറത്ത് ഈ പണം ലഭിക്കാത്തതുകൊണ്ട് ഞാൻ ആത്മഹത്യ ചെയ്യുന്നുവെന്നും സർക്കാരാണ് ഇതിന് ഉത്തരവാദിയെന്നും എഴുതിവച്ചിരുന്നു. ഇങ്ങനെ ഒരാൾ എഴുതിവച്ചിട്ട് ആത്മഹത്യ ചെയ്താൽ ആ ആത്മഹത്യയ്ക്ക് കേരള സർക്കാരല്ലാതെ പിന്നെ തമിഴ്നാട് സർക്കാർ പ്രതിയാകുമോ? ഇന്നലെ മാതൃഭൂമി പത്രത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഒരു അഭിമുഖം പ്രസിദ്ധീകരിച്ചു. ഉമ്മൻചാണ്ടി സർക്കാർ 600 രൂപ ക്ഷേമ പെൻഷൻ 18 മാസം കുടിശ്ശിക വരുത്തിയ കാലത്താണ് ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നതെന്നാണ് അദ്ദേഹം പറയുന്നത്. ഇത്തരം വ്യാജ പ്രചാരണങ്ങൾ സർക്കാരിനേയും അതിനെ നയിക്കുന്നവരുടേയും മുഖമുദ്രയാണ്. ഞാൻ അതിൽ അത്ഭുതപ്പെടുന്നില്ല. കാരണം ജീവിച്ചിരിക്കുന്നൊരു മറിയക്കുട്ടി സാമൂഹ്യ സുരക്ഷാ പെൻഷന്റെ വിഷയം ഉയർത്തിക്കാണിച്ചപ്പോൾ, മറിയക്കുട്ടിക്ക് ലക്ഷങ്ങളുടെ ആസ്തി, മറിയക്കുട്ടിക്ക് അടിമാലിയിൽ ഇരുന്നൂറ് ഏക്കറിൽ 5,000 രൂപ വാടക ലഭിക്കുന്ന വീട്, സ്വന്തമായി രണ്ട് വീടുകൾ, പഴമ്പള്ളിച്ചാലിൽ ഒന്നരയേക്കർ ഭൂമി, മറിയക്കുട്ടിയുടെ മകൾ വിദേശത്താണ് എന്നെല്ലാമാണ് പ്രചരിപ്പിച്ചത്. മറിയക്കുട്ടി ദേശാഭിമാനി കണ്ടെത്തിയ ആ ഭൂമി എന്റെ പേരിലാക്കി

നൽകണമെന്നാണ് വില്ലേജ് ഓഫീസിൽ പോയിപ്പറഞ്ഞത്. കാരണം ദേശാഭിമാനി ഒന്നരയേക്കർ ഭൂമി കണ്ടെത്തി തന്നിട്ടുണ്ട്. അതിന് മറിയക്കുട്ടി കരം അടയ്ക്കാൻ വില്ലേജ് ഓഫീസറെ സമീപിച്ചപ്പോൾ ദേശാഭിമാനി തെറ്റ് പറ്റിയെന്ന് പറഞ്ഞു. നിങ്ങളെ എതിർക്കുന്നവരെ മുഴുവൻ ഇങ്ങനെ അധിക്ഷേപിക്കുന്നത് നിങ്ങളുടെ ഒരു രീതിയാണ്. ഞാൻ അതിൽ അത്ഭുതപ്പെടുന്നില്ല. ആന്തൂരിലെ സാജന്റെ കാര്യവും സാജന്റെ ഭാര്യയുടെ കാര്യവും ഞാൻ പറയേണ്ടതില്ലല്ലോ! ഉത്തരവാദപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുന്നു, 600 രൂപ ക്ഷേമപെൻഷൻ 18 മാസം കുടിശ്ശികയായിരുന്നുവെന്ന് അങ്ങ് പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? ഇപ്പോൾ 5 മാസത്തെ കുടിശ്ശികയെക്കുറിച്ച് ചോദിച്ചാൽ 18 മാസത്തെ പെൻഷൻ കുടിശ്ശികയായിരുന്നുവെന്ന് പറയും. 600 രൂപ 18 മാസത്തെ കുടിശ്ശികയായിരുന്നുവെന്ന് ഇവിടെ ചില ആളുകളുടെ ശബ്ദം അശരീരിയായി മുഴങ്ങുന്നത് കേട്ടു. നവകേരള സദസ്സിൽ മന്ത്രിമാർ പ്രസംഗിച്ചു. എന്റെ കൈയിൽ ഡോ. തോമസ് ഐസക് 26-4-2017-ന് ശ്രീ. എം സ്വരാജിന്റെ ഒരു ചോദ്യത്തിന് നൽകിയ മറുപടിയുണ്ട്. എം. സ്വരാജിന്റെ ചോദ്യം ഇതായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷേമപെൻഷൻ എത്രമാസത്തെ കുടിശ്ശിക

ഉണ്ടായിരുന്നു. ഡോ. തോമസ് ഐസക്കിന്റെ മറുപടി, 2014 നവംബർ മുതൽ 2015 ജനുവരി വരെയുള്ള പെൻഷൻ തുക വിതരണം ചെയ്യപ്പെടാതെയുണ്ട്. 2014 നവംബർ മാസം മുതൽ 4 മാസത്തെ പെൻഷൻ കുടിശ്ശികയായുണ്ട്. അതിനുശേഷം 29-06-2016-ൽ ശ്രീ. എം. ദാസന്റെ ചോദ്യത്തിന് നൽകിയ മറുപടിയിലും ഡോ. തോമസ് ഐസക് പറയുന്നത് 4 മാസത്തെ കുടിശ്ശികയുണ്ടെന്നാണ്. ഇത് എന്റെ കൈയിലുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ മുഴുവനും വായിക്കുന്നില്ല. ഇത് മാത്രമല്ല, കുടിശ്ശികയായി..........(ബഹളം)..........

<u>മി. സ്പീക്കർ:</u> പ്ലീസ്... അദ്ദേഹം വായിക്കട്ടെ....വിഷ്ണുനാഥ്...അവതരിപ്പിക്കൂ.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, എന്റെ സമയം നഷ്ടപ്പെടരുത്. ഡോ. തോമസ് ഐസക് പറയുന്നത് 1,000 കോടി രൂപ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശികയായി കൊടുത്തിട്ടുണ്ടെന്നാണ്. 18 മാസത്തെ കുടിശ്ശിക 1,000 കോടി രൂപയാണോ? അങ്ങേയ്ക്കും കണക്ക് അറിയാമല്ലോ. 2016-ൽ ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുള്ള ധവളപത്രത്തിൽ പറയുന്നത് സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക 1,000 കോടി രൂപയിൽ താഴെയെന്നാണ്. ഡോ. തോമസ് ഐസക് ശ്രീ. സ്വരാജിന് നൽകിയ മറുപടി, ശ്രീ. എം. ദാസന് നൽകിയ മറുപടി, ഈ

ഗവൺമെന്റിന്റെ ധവളപത്രത്തിലെല്ലാം പറയുന്നത് 1,000 കോടി രൂപയെന്നാണ്. 2016-17-ലെ ബഡ്ജറ്റിലും പറയുന്നത് അങ്ങനെയാണ്. 18 മാസം കുടിശ്ശികയുണ്ടെങ്കിൽ അത് നൽകണം. 5 വർഷം 60 ഇൻസ്റ്റാൾമെന്റാണ് നൽകേണ്ടത്. അതും ചേർത്ത് 2016-2021 മുതൽ 78 ഇൻസ്റ്റാൾമെന്റ് കൊടുത്തിട്ടുണ്ടാകണം. അത്രയും ഇൻസ്റ്റാൾമെന്റ് ക്ഷേമ പെൻഷൻ ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് കൊടുത്തതെന്നതിന്റെ രേഖ ഈ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കാമോയെന്ന് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ വെല്ലുവിളിക്കുകയാണ്. 2016-2021-ൽ 78 ഇൻസ്റ്റാൾമെന്റ് ക്ഷേമ പെൻഷനായി നൽകിയത് സംബന്ധിച്ച രേഖ ഈ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കാമോ എന്ന് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഞാൻ കണക്ക് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കാത്തതുകൊണ്ട് ആ കാലഘട്ടത്തിൽ പെൻഷൻ വാങ്ങിയ ഒരു വ്യക്തിയുടെ കൈയിൽനിന്നും രേഖകൾ നേരിട്ടുപോയി വാങ്ങി. ചിറയിൻകീഴ് പഞ്ചായത്തിലെ സരസ്വതി എന്ന സ്ത്രീക്ക് 2016 ജനുവരിയിൽ 1,200 രൂപ വാർദ്ധക്യകാല പെൻഷൻ കിട്ടിയതിന്റെ രേഖ ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. 2015 നവംബർ, ഡിസംബർ, 2016 ജനുവരി എന്നീ മാസങ്ങളിൽ നിങ്ങൾ കുടിശ്ശികയാണെന്ന് പറഞ്ഞ കാലയളവിൽ പെൻഷൻ

ലഭിച്ച വ്യക്തിയുടെ പാസ്ബുക്ക്, മറ്റ് രേഖകളെല്ലാമുണ്ട്. ഞാൻ പറയുന്നത് പോകട്ടെ. ഇപ്പോഴും ഈ സഭയിൽ ശ്രീമതി ഒ. എസ്. അംബിക ഉണ്ടല്ലോ; കഴിഞ്ഞ കാലത്തെ ക്ഷേമ പെൻഷനുകളുടെ കുടിശ്ശികയെക്കുറിച്ച് ശ്രീമതി ഒ. എസ്. അംബികയുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നൽകിയ മറുപടിയുണ്ട്. അത് മുഴുവൻ വായിക്കാൻ സമയമില്ല. അതിൽ ഈ വർദ്ധനവിനെക്കുറിച്ച് പറയുന്നുണ്ട്. 01-04-2013-ൽ 80 വയസ്സിന് മുകളിലുള്ളവർക്ക് 1,100 രൂപയും 2014-ൽ 1,200 രൂപയും കൊടുത്തിരുന്നതെന്ന് തെളിയിക്കുന്ന നിയമസഭയുടെ ഉത്തരം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇപ്പോൾ ഈ സഭയിൽ അംഗമായിരിക്കുന്ന ശ്രീമതി ഒ. എസ്. അംബികയ്ക്ക് കൊടുത്തതിന്റെ രേഖ എന്റെ കൈയിലുണ്ട്. 01-04-2013-ൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയായിരുന്നു. എന്നിട്ടും പാപ്പച്ചൻ എന്ന ജോസഫ് ആത്മഹത്യ ചെയ്തതിനെക്കുറിച്ച് പറഞ്ഞാൽ മറിയക്കുട്ടി നരേന്ദ്ര മോദിയുടെ അടുത്തുപോയതിനെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. ശ്രീ. പിണറായി വിജയന്റെ കൂടെ സെൽഫിയെടുത്ത സിനിമ താരം ശോഭന

പിറ്റേ ദിവസം ശ്രീ. നരേന്ദ്ര മോദിയുടെ കൂടെനിന്ന് സെൽഫിയെടുത്തത് കണ്ടില്ലേ!

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് പ്ലീസ്....പ്ലീസ്.......കൺക്ലൂഡ്. പോയിന്റിലേയ്ക്ക് വരൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നമ്മുടെ നാട്ടിൽ നിത്യനിദാനച്ചെലവിന് വകയില്ലാതെ, മരുന്ന് വാങ്ങാൻ പണമില്ലാതെ 50 ലക്ഷം ആളുകൾ ദുരിതം അനുഭവിക്കുമ്പോൾ ഈ എ.സി.യുടെ സുഖശീതളിമയിൽ നമുക്ക് സ്വസ്ഥമായിരിക്കാൻ കഴിയില്ല. അവരുടെ വികാരം പ്രകടിപ്പിക്കാനല്ലെങ്കിൽ പിന്നെ ഈ സഭയൊക്കെ എന്തിനാണ്? ഇവിടെ നവകേരളീയം നടത്താൻ പണമുണ്ട്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

മി. സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ, സംഗീതം ഒഴുകുന്ന തൊഴുത്ത് 40 ലക്ഷം രൂപയ്ക്ക് നിർമ്മിച്ചിട്ട് അതിന്റെ മുമ്പിലെ ചാണകക്കുഴിക്ക് 3,72,000 രൂപ അനുവദിക്കുന്ന സർക്കാർ ഈ നാട്ടിലെ പാവപ്പെട്ടവന് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാൻ

തയ്യാറാകുന്നില്ല. ഉമ്മൻ ചാണ്ടിയുടെ കാലത്ത് ഒരാൾക്ക് മൂന്ന് പെൻഷൻ ലഭിക്കുമായിരുന്നു. 2019-ലെ സർക്കാർ ഉത്തരവ് വഴി അത് ഒറ്റ പെൻഷനാക്കി മാറ്റി.

മി. സ്പീക്കർ: പ്ലീസ്... ശ്രീ. പി. സി. വിഷ്ണുനാഥ് സമയം അതിക്രമിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അഗതിമന്ദിരം/അനാഥാലയങ്ങളിൽ താമസിക്കുന്നവർക്ക് പെൻഷൻ കിട്ടുമായിരുന്നു. അവിടെ താമസിക്കുന്നവരുടെ പെൻഷനും എക്സ്ഗ്രേഷ്യാ പെൻഷനും ഇല്ലാതെയാക്കി. ഇത്രയും ഗുരുതരമായ പ്രശ്നം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണം. ഈ പാവങ്ങളുടെ സാമൂഹ്യ സുരക്ഷാ പെൻഷന്റെ മുഴുവൻ കുടിശ്ശികയും കൊടുത്തുതീർക്കാനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം ചർച്ച ചെയ്യുന്നതിന് സഭാ നടപടികൾ നിർത്തിവയ്ക്കേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം. ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് നല്ല കാര്യമാണ്. കാരണം

ഇത്തരമൊരു വിഷയത്തെ സംബന്ധിച്ചാണ് കഴിഞ്ഞ കുറെക്കാലമായി കേരളത്തോട് കേന്ദ്രസർക്കാർ കാണിക്കുന്ന അവഗണന ഉൾപ്പെടെയുള്ള കാര്യങ്ങൾ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ അദ്ദേഹം ഇവിടെ പറഞ്ഞവയിൽ ചിലത് വസ്തുതകളല്ലെന്ന കാര്യം കൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. മരണപ്പെട്ട വളയത്ത് ജോസഫ് ഒരു വർഷത്തിനിടയിൽ പെൻഷനും തൊഴിലുറപ്പ് വേതനവും ഉൾപ്പെടെ കൈപ്പറിയത് എത്രയാണെന്ന് അറിയുന്നത് നല്ലതാണ്. ഈ ഒരു വർഷത്തിനിടയിൽ 52,400 രൂപ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ കൈപ്പറ്റിയിരുന്നത് ജോസഫ് തന്നെയായിരുന്നു. തനിച്ച് താമസിക്കുന്ന അദ്ദേഹം 2023-ൽ മാത്രം 24,400 രൂപ പെൻഷൻ വാങ്ങിയിട്ടുണ്ട്. അവസാനമായി പെൻഷൻ കൈപ്പറ്റിയിരുന്നത് 2023 ഡിസംബർ 27-നാണ്. സ്വന്തം പെൻഷനും മാനസിക വെല്ലുവിളി നേരിടുന്ന മൂത്തമകൾ മേരിയുടെ പെൻഷനുമുൾപ്പെടെ 3,200 രൂപയാണ് ഏറ്റവും ഒടുവിൽ അദ്ദേഹം കൈപ്പറ്റിയിരുന്നത്. നവംബറിലും ഒരു മാസത്തെ പെൻഷൻ തുക ഇവർക്ക് ലഭിച്ചിരുന്നു. ഓഗസ്റ്റ് മാസത്തിൽ അതായത്

ഓണത്തിന് രണ്ട് മാസത്തെ പെൻഷൻ തുകയായ 6,400 രൂപ ഒരുമിച്ച് കൈപ്പറ്റിയിരുന്നു. ജനുവരി 15 വരെ തൊഴിലുറപ്പ് പദ്ധതിയിൽ ജോസഫ് പണിയെടുത്തിരുന്നു. ജനുവരി 3-ന് പേരാമ്പ്രയിലെ കാനറ ബാങ്ക് ശാഖയിൽനിന്നും 5,500 രൂപ കൂലിയിനത്തിൽ കൈപ്പറ്റിയിരുന്നു. കഴിഞ്ഞ വർഷം 99 തൊഴിൽ ദിനങ്ങൾ ജോസഫ് പൂർത്തിയാക്കിയിരുന്നു. അംഗപരിമിതനെന്ന പ്രത്യേക പരിഗണനയിൽ സ്വന്തം വീട്ടുവളപ്പിൽത്തന്നെ തൊഴിലുറപ്പ് പണിക്കുള്ള സൗകര്യം പഞ്ചായത്ത് ഏർപ്പാടാക്കി. അതുകൊണ്ടാണ് അദ്ദേഹത്തിന് ആ പണി ചെയ്യാൻ പറ്റിയത്. 2023 ഏപ്രിൽ ഒന്ന് മുതൽ 2024 ജനുവരി വരെയുള്ള കാലയളവിലായി തൊഴിലുറപ്പ് പദ്ധതി കൂലിയിനത്തിൽ 28,000 രൂപ ജോസഫ് കൈപ്പറ്റിയിട്ടുണ്ട്. വെള്ളിമാടുകുന്നിൽ സർക്കാർ ഗ്രാന്റ് വാങ്ങി പ്രവർത്തിക്കുന്ന അഗതി മന്ദിരത്തിൽ കഴിയുന്ന അദ്ദേഹത്തിന്റെ മകൾക്ക് മാനദണ്ഡപ്രകാരം സാധാരണഗതിയിൽ ക്ഷേമപെൻഷന് അർഹതയില്ലായിരുന്നുവെങ്കിലും മാനുഷിക പരിഗണനയിൽ പെൻഷൻ നൽകുന്നുണ്ട്; അത് നിർത്തിയിട്ടില്ല. ഈ തുകയും ജോസഫാണ് കൈപ്പറ്റി

ഉപയോഗിക്കുന്നത്. ജോസഫിന്റെ ആവശ്യപ്രകാരം ഇദ്ദേഹത്തിന്റെ വീട്ടിലേയ്ക്കുള്ള നടപ്പാത ചക്കിട്ടപ്പാറ പഞ്ചായത്ത് കഴിഞ്ഞ വർഷം 5 ലക്ഷം രൂപ ചെലവഴിച്ച് കോൺക്രീറ്റ് ചെയ്തുനൽകി. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരാളോട് എങ്ങനെയാണ് പെരുമാറുന്നതെന്നുള്ളത് മനസ്സിലാക്കാൻ വേണ്ടിയിട്ടാണ് ഞാൻ ഇക്കാര്യം പറയുന്നത്. (.....ബഹളം.....)

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്..... അദ്ദേഹം സാംസാരിക്കട്ടെ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കാലിന് ശേഷിക്കുറവുള്ളതിനാൽ സർക്കാരിന്റെ വിവിധ സാമൂഹ്യ സുരക്ഷ പദ്ധതികളിലും ജോസഫ് അംഗമാണ്. പഞ്ചായത്തിന്റെ അതിദരിദ്രരുടെ പട്ടികയിലുൾപ്പെട്ടതിനാൽ 10 കിലോ ഭക്ഷ്യധാന്യം സൗജന്യമായി മുടങ്ങാതെ ലഭിക്കുമായിരുന്നു. ഒന്നര ഏക്കർ ഉൾപ്പെടെയുള്ള ഭൂമി സ്വന്തമായിട്ടുള്ള ജോസഫിന് ആത്മഹത്യയിലേയ്ക്ക് നയിക്കും വിധമുള്ള സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്നില്ല. (......ബഹളം.......)

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്..... അദ്ദേഹം മറുപടി പറയട്ടെ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇദ്ദേഹത്തിന്റെ ആത്മഹത്യാ ഭീഷണി കത്ത് ലഭിച്ചതിനെത്തുടർന്ന് പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ വീട്ടിലെത്തി അന്വേഷണം നടത്തുകയും വീട്ടുപറമ്പിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ സൗകര്യം ഉറപ്പാക്കുകയും ചെയ്തിരുന്നു. അദ്ദേഹം മുമ്പ് മൂന്ന് ആത്മഹത്യാ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കേസ് വന്ന കാര്യം പറയേണ്ടി വന്നതുകൊണ്ടാണ് മരിച്ച ഒരാളെപ്പറ്റി പറയുന്നത്; നിങ്ങളും അത് പറയിപ്പിക്കുകയാണ്. നേരത്തെ മൂന്നുവട്ടം കളക്ടറേറ്റ് ഉൾപ്പെടെയുള്ള ഓഫീസുകളിലെത്തി ജോസഫ് ആത്മഹത്യയ്ക്ക് ശ്രമിച്ചിട്ടുണ്ട്. 2016-ൽ ചക്കിട്ടപ്പാറ വില്ലേജ് ഓഫീസിൽ മണ്ണെണ്ണയുമായി ചെന്ന് ജോസഫ് ആത്മഹത്യാ ഭീഷണി ഉയർത്തിയിരുന്നു. 2019 ജൂൺ 28-നും ജൂലൈ 29-നുമാണ് കളക്ടറേറ്റിലും വനം വകുപ്പ് ഓഫീസിലും സമാനമായ സംഭവങ്ങൾ അരങ്ങേറിയത്. അങ്ങനെ മൂന്ന് തവണയുണ്ടായി. ഒന്നര ഏക്കർ ഭൂമിക്ക് പട്ടയം ലഭിക്കാത്ത വിഷയം പറഞ്ഞും പറമ്പിൽനിന്ന് തേക്ക് മരം മുറിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം ഉയർത്തിയുമായിരുന്നു ആത്മഹത്യാ ഭീഷണികൾ. 50 സെന്റ് ഭൂമിക്ക്

ജോസഫിന് പട്ടയം ലഭിച്ചിരുന്നു. അതിനാൽ രണ്ടാമത് പട്ടയം അനുവദിക്കാൻ നിയമ തടസ്സമുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. ഇതാണ് വസ്തുത. ആരായാലും എന്തുകാരണമായാലും അങ്ങനെയൊരു ആത്മഹത്യ ഒരിക്കലും ഉണ്ടാകാൻ പാടില്ല. ഇത്തരം കാര്യങ്ങളെ നമ്മൾ ചെറുക്കണം. ഈ വസ്തുതകൾ പറഞ്ഞില്ലെങ്കിൽ ആളുകൾ കാര്യം മനസ്സിലാക്കുകയില്ല. മനുഷ്യന്റെ ജീവന് യു.ഡി.എഫ്. - എൽ.ഡി.എഫ്. എന്നുള്ള വ്യത്യാസമില്ലല്ലോ. അതുകൊണ്ട് ഇക്കാര്യങ്ങൾ നിങ്ങളും പറയേണ്ടതാണ് എന്നുള്ളതുകൊണ്ടാണ് പരാമർശിക്കേണ്ടി വന്നത്. ടിയാൻ ആത്മഹത്യ ചെയ്തത് സംബന്ധിച്ചുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസെടുത്തിട്ടുണ്ട്. പോലീസിന്റെ റിപ്പോർട്ടിൽ പറയുന്നത് ടിയാൻ ആത്മഹത്യ ചെയ്ത സ്ഥലത്തിന്റെ സമീപത്തുനിന്ന് ലഭിച്ച ഗുളിക ഇടുന്ന കവറിനുപുറത്ത് എഴുതിയിരുന്ന കുറിപ്പിന്റെ ആധികാരികത സംബന്ധിച്ച അന്വേഷണം പ്രത്യേകം നടന്നുവരുന്നുണ്ടെന്നാണ്. അതിൽ എഴുതിയിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയാകട്ടെ. ക്ഷേമപെൻഷന്റെ സ്ഥിതി യഥാർത്ഥ്യങ്ങളിലൊന്നാണ്.

ഇന്ത്യയിൽ സാർവ്വത്രികമായി ക്ഷേമ പെൻഷൻ നടപ്പിലാക്കിയ ഏക സംസ്ഥാനം കേരളമാണ്. അഗതികളും അശരണരുമായിട്ടുള്ളവർക്കൊരു കൈത്താങ്ങെന്ന നിലയിലാണ് അത് നടപ്പിലാക്കുന്നത്. ഇവിടെ ഭരണഘടനയെക്കുറിച്ച് പ്രമേയാവതാരകൻ പറഞ്ഞല്ലോ; ഭരണഘടന നിലവിൽ വന്നിട്ട് എത്രയോ കാലമായി. ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങൾ ഇതുവരെ നിങ്ങളാരും നടപ്പാക്കിയതായിട്ട് കണ്ടില്ലല്ലോ; 1980-ലെ ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്താണ് കർഷക തൊഴിലാളിക്ക് 45 രൂപ വച്ച് പെൻഷൻ നൽകാൻ ആരംഭിച്ചത്. എന്നാൽ അത് ആരംഭിച്ചപ്പോൾ പ്രൊഡക്റ്റീവ് അല്ലെന്നും കൊടുക്കരുതെന്നും അതിശക്തമായി വാദം ഉന്നയിക്കുകയാണല്ലോ അന്നത്തെ യു.ഡി.എഫ്. നേതാക്കന്മാരെല്ലാം ചെയ്തത്. ഇതെല്ലാം രേഖകളിലുണ്ട്. 1980-ൽ ഇ. കെ. നായനാർ മുഖ്യമന്ത്രിയായശേഷം കർഷക തൊഴിലാളി പെൻഷൻ ആരംഭിക്കുകയും 2.94 ലക്ഷം തൊഴിലാളികൾക്ക് 45 രൂപ വച്ച് പ്രതിമാസ പെൻഷൻ നൽകുകയും ചെയ്തു. അന്ന് ഇതിനെതിരെ വലിയ എതിർപ്പുകൾ വന്നു. ഇത് നിർത്തലാക്കുമെന്ന് പറഞ്ഞു. എന്തായാലും നിർദ്ദേശക

തത്വങ്ങൾ നന്നായി അറിയാവുന്ന അന്നത്തെ കോൺഗ്രസ് നേതൃത്വവും യു.ഡി.എഫ്. നേതൃത്വവും പിന്നീട് അധികാരത്തിൽ വന്നപ്പോൾ അതിനൊരു പരിഷ്ക്കരണവും നടത്തിയില്ല. അത് പരിഷ്ക്കരിച്ചത് 1987-ൽ ഇ. കെ. നായനാർ വീണ്ടും അധികാരത്തിൽ വന്നപ്പോഴാണ്. എന്നാൽ അത് വീണ്ടും വർദ്ധിപ്പിക്കാൻ പിന്നീട് അധികാരത്തിൽ വന്ന അന്നത്തെ യു.ഡി.എഫ്. ശ്രമിച്ചില്ല. 2006-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് വരുന്നതിന് തൊട്ടുമുമ്പ് പെൻഷൻ 120 രൂപയായിരുന്നു. 2006-ൽ ഇടത് സർക്കാർ അധികാരത്തിൽ വരുമ്പോൾ രണ്ടര വർഷം പെൻഷൻ കുടിശ്ശിക വരുത്തിയിട്ടാണ് എ. കെ. ആന്റണി സർക്കാർ അധികാരം ഒഴിഞ്ഞത്. യു.ഡി.എഫ്.-നെ സംബന്ധിച്ച് ഇതൊരു പുതിയ കാര്യമല്ല. ഇതെല്ലാം രേഖകളിലുള്ളതാണ്. ഇപ്പോൾ 18 മാസത്തിന്റെ കാര്യം പറഞ്ഞപ്പോൾ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. വി.എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അന്നത്തെ രേഖ അനുസരിച്ച് രണ്ടര വർഷത്തെ പെൻഷൻ അതായത് 30 മാസം കുടിശ്ശിക ഉണ്ടായിരുന്നു. അത് കൊടുത്തിരുന്നില്ല. പഴയ രേഖ നോക്കിയാൽ മതി. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റാണ്

120 രൂപ പെൻഷൻ ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് 500 രൂപയാക്കിയത്. അതിനുശേഷമാണ് 2011-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റ് വന്നത്. ആ ഗവൺമെന്റ് വന്നിട്ട് എന്താണുണ്ടായത്? 500 രൂപയെന്നുള്ളത് ഒരു സമയത്ത് 600 രൂപയാക്കുമെന്ന് പറഞ്ഞതല്ലാതെ കൊടുത്തില്ല. 18 മാസക്കാലം പെൻഷൻ കൊടുക്കാത്തത് സംബന്ധിച്ച് ഇവിടെ ചില കണക്കുകൾ പ്രമേയാവതാരകൻ സൂചിപ്പിച്ചു. യു.ഡി.എഫ്.ന്റെ സമയത്ത് പെൻഷൻ തുക കൂട്ടിയില്ല. പക്ഷേ കൊടുക്കാതിരുന്നല്ലോ. അതിന് ധവളപത്രം ഇറക്കിയതിന് ഓരോ ന്യായം പറയുകയാണ്. നിങ്ങൾ വീണ്ടും നിയമസഭാ ചോദ്യം എടുത്തുനോക്കിയാൽ മതി. 02-07-2015-ൽ ഡോ. എം. കെ. മുനീർ പറഞ്ഞ മറുപടിയാണ് ഇക്കാര്യത്തിൽ നേരത്തെ നമ്മൾ ക്വാട്ട് ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏതൊക്കെ വിഭാഗത്തിന് എത്ര ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നു; അതിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര വർദ്ധിപ്പിച്ചു; കുടിശ്ശിക വന്നിട്ടുണ്ടോ; ഓരോ പെൻഷനും എത്ര മാസത്തെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ എന്നാണ് ചോദിച്ചിരിക്കുന്നത്.

കുടിശ്ശിക അടക്കമുള്ള എല്ലാ കണക്കുകളും ഉത്തരത്തിൽ നൽകിയിട്ടുണ്ട്. 2020-ൽ ശ്രീ. രാജു എബ്രഹാം ചോദിച്ച ചോദ്യത്തിന് ഡോ. ടി. എം. തോമസ് ഐസക്കിന്റെ മറുപടിയിലാണ് 1473 കോടി രൂപ കുടിശ്ശികയാണെന്നുള്ള കാര്യം പറയുന്നത്. ഡോ. എം. കെ. മുനീറിന്റെ രണ്ട് ഉത്തരങ്ങളുണ്ട്. 02-07-2015-നും അതിനുശേഷം 2016-നും കൊടുത്ത മറുപടിയിൽ അത്രയും കുടിശ്ശികയുണ്ടെന്ന കാര്യം അദ്ദേഹവും അതുകൂടാതെ ഗവൺമെന്റും അംഗീകരിച്ചിട്ടുണ്ട്. മാത്രമല്ല, അതിനുമുമ്പ് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ രണ്ടരവർഷക്കാലത്തെ കുടിശ്ശികയുണ്ടായിരുന്നു. ഭരണഘടനയിലുള്ള പ്രൊവിഷനൊക്കെ ഇപ്പോൾ കണ്ടെത്തിയത് നല്ലതാണ്. (...ബഹളം....)

മി. സ്പീക്കർ: പ്ലീസ്......... പ്ലീസ്.......

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ജോസഫിന് പെൻഷൻ നൽകിയതിന്റെയും മുടങ്ങിയതിന്റെയും കണക്കുകൾ ഞാൻ നേരത്തെ പറഞ്ഞു. ഇതെല്ലാം വളരെ കൃത്യമായി രേഖയിലുള്ളതാണ്. പിന്നീട് കൊടുത്തുതീർത്തത് എൽ.ഡി.എഫ്. സർക്കാരാണ്. പെൻഷൻ

കുടിശ്ശികയായി കിടക്കുന്ന സമയത്ത് 1600 രൂപയാക്കി അത് വർദ്ധിപ്പിച്ചത് ഈ ഘട്ടത്തിലാണെന്ന് എടുത്തുപറയേണ്ടതില്ല. സാമൂഹ്യസുരക്ഷാ പെൻഷൻ 1600 രൂപയാക്കി വർദ്ധിപ്പിച്ചത് എൽ.ഡി.എഫ് സർക്കാരാണ്. ആദ്യം 600 രൂപയായിരുന്നത് 400 രൂപ കൂടി വർദ്ധിപ്പിച്ച് 1000 രൂപയാക്കി. ഓരോ ഘട്ടത്തിലായി വർദ്ധിപ്പിച്ച് ഏറ്റവും അവസാനം 400 രൂപ വർദ്ധിപ്പിച്ചു. അങ്ങനെ ഓരോ ഘട്ടത്തിലും വർദ്ധിപ്പിച്ച് കൊടുത്തുകൊണ്ടിരുന്നതാണ്. ഇനി ഒരു കണക്കുകൂടിയുണ്ട്. കണക്കുകൾ കള്ളം പറയില്ല. 9,011 കോടി രൂപയാണ് 5 വർഷം കൊണ്ട് ഉമ്മൻ ചാണ്ടി സർക്കാർ കൊടുത്തത്. ഒന്നാം പിണറായി വിജയൻ സർക്കാർ 5 വർഷക്കാലം കൊടുത്തത് 35,154 കോടി രൂപയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ടര വർഷംകൊണ്ട് 23,958 കോടി രൂപ കൊടുത്തു. എല്ലാം വെട്ടിക്കുറയ്ക്കുകയാണെന്ന് നിങ്ങൾ പറയുന്നല്ലോ? രണ്ട് സർക്കാരുകളുടെ ഏഴ് വർഷക്കാലം പൂർത്തിയായപ്പോൾ 59,112 കോടി രൂപ കൊടുത്തു. അക്കാര്യത്തിൽ അവതാരകനും യു.ഡി.എഫ്. നേതാക്കളും ശ്രദ്ധിക്കേണ്ട ഒരു കണക്കുകൂടി പറയാം. 23,958 കോടി രൂപ എന്നുപറഞ്ഞാൽ 24000 കോടി

രൂപയായെടുക്കാം. 24,000 കോടി രൂപ രണ്ടര വർഷം കൊണ്ട് കൊടുത്തുവെന്നുപറഞ്ഞാൽ ഇപ്പോഴുള്ള കണക്കനുസരിച്ച് 5 വർഷം പൂർത്തിയാകുമ്പോൾ 48,000 കോടി രൂപ കൊടുക്കും. പക്ഷേ അതിൽ കൂടുതൽ കൊടുക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അത് കൊടുക്കുകയും ചെയ്യും. അവിടെയാണ് നമുക്കൊരുമിച്ച് പ്രവർത്തിക്കേണ്ട ആവശ്യകത വരുന്നത്. ചില കാര്യങ്ങളിൽ പ്രതിപക്ഷം സഹകരിക്കണം എന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. ക്ഷേമ പെൻഷൻ കൃത്യമായി കൊടുക്കാനുള്ള സംവിധാനം എങ്ങനെയാണുണ്ടായത്? മുമ്പ് രണ്ടര വർഷക്കാലം കൊടുക്കാതിരുന്നിട്ടും ഇതൊരു സാധാരണ സംഭവമാണ്, എല്ലാ സർക്കാർ ഉദ്യോഗസ്ഥരും മുണ്ട് മുറുക്കി ഉടുക്കണമെന്ന് യു.ഡി.എഫ് സർക്കാർ പറഞ്ഞൊരു കാലഘട്ടമുണ്ട്. വിമാനത്തിന് ടിക്കറ്റെടുക്കാൻപോലും പണമില്ലെന്നുപറഞ്ഞ് അന്ന് കുറേ നാടകങ്ങൾ നടത്തിയല്ലോ? അതിനുശേഷം ഒന്നാം പിണറായി വിജയൻ സർക്കാർ വന്നപ്പോൾ പെൻഷൻ കൊടുക്കുന്നതിനുവേണ്ടി ഒരു കമ്പനി രൂപീകരിച്ചു. അതിനുമുമ്പ് ഒരു വർഷത്തിൽ ഓണം, വിഷു, ക്രിസ്തുമസ് എന്നിങ്ങനെ മൂന്ന് ഉത്സവ

സമയത്താണ് പെൻഷൻ കൊടുത്തുകൊണ്ടിരുന്നത്. 4 മാസം വീതം കൊടുക്കും. അത് മാസംതോറും കൊടുക്കണമെന്ന സമീപനമെടുത്ത് നടപ്പിലാക്കി തുടങ്ങിയത് പിണറായി വിജയൻ സർക്കാരാണ്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ കൃത്യമായും അത് നടപ്പിലാക്കി; ഈ സർക്കാരും നടപ്പിലാക്കി. പെൻഷനുവേണ്ടി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനിയുണ്ടാക്കി. ഒരു മനുഷ്യൻ ആത്മഹത്യ ചെയ്ത സംഭവം കേരളത്തിലും ഇന്ത്യയിലാകെയും തെറ്റായി പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന കാര്യമായതുകൊണ്ട് ഞാൻ പറയുകയാണ്. പ്രസ്തുത കമ്പനി എന്താണ് ചെയ്യുന്നത്? സാധാരണഗതിയിൽ നമുക്ക് ഫണ്ടിന്റെ ലിക്വിഡിറ്റി പ്രശ്നമുണ്ട്. നമുക്ക് കേന്ദ്രസർക്കാരിൽനിന്നും കിട്ടാനുള്ള പണം ലഭിക്കുന്നതിന് സമയമെടുക്കും. നമ്മൾ ഈ കമ്പനിയിൽനിന്നും ഫണ്ട് മൊബിലൈസ് ചെയ്ത് പെൻഷൻ കൊടുക്കും. അതിനുശേഷം റീഇമ്പേഴ്സ് ചെയ്തുകൊടുക്കുന്ന രീതിയാണുള്ളത്. അതിന് പലിശയുണ്ടാകും. അത് നമ്മൾ കൊടുക്കും. ഇതാണ് പെൻഷൻ കമ്പനിയുടെ രീതി. രണ്ടാം പിണറായി വിജയൻ ഗവൺമെന്റ് ചുമതലയെടുക്കുമ്പോൾ

അന്ന് കടമെടുത്ത വകയിൽ 34,000 കോടി രൂപയുണ്ടായിരുന്നു. ആകെ 57,400 കോടി രൂപ പലപ്പോഴായി കടമെടുത്തെങ്കിലും മുഴുവൻ കൊടുത്തുതീർത്തു. അല്ലാതെ 57,400 കോടി രൂപ കടമായി നിർത്തിയിരിക്കുകയല്ല ചെയ്തത്. അത് റൊട്ടേറ്റ് ചെയ്യുന്നതാണ്. ഞാൻ ധനകാര്യ വകുപ്പിന്റെ ചുമതലയേറ്റെടുക്കുന്ന സമയത്തെ കണക്ക് പറഞ്ഞു. 34,000 കോടി രൂപയിൽ 11,000 കോടി രൂപയാണ് ഇനി കൊടുത്തുതീർക്കാനുള്ളത്. ബാക്കി മുഴുവൻ കൊടുത്തുതീർത്തു. ഇനി എടുക്കാൻ കഴിയില്ല. അവിടെയാണ് അന്നത്തെ പ്രതിപക്ഷവും ഇപ്പോഴത്തെ പ്രതിപക്ഷവും ചെയ്ത സഹായം ഓർക്കുന്നത്. പെൻഷൻ കമ്പനി, കിഫ്ബി എന്നിവ ഓഫ് ബഡ്ജറ്റ് ബോറോയിംഗാണ്, ഇത് വലിയ പരാജയമാണ്, പ്രശ്നമാണ്, സർക്കാരിനെ കടത്തിലേയ്ക്കെത്തിക്കും എന്നൊക്കെ വലിയ പ്രചാരണം നടത്തുകയും സി. & എ. ജി. റിപ്പോർട്ടിലുൾപ്പെടെ ആ കാര്യങ്ങൾ വരികയും ചെയ്തതിന്റെ ഭാഗമായിട്ടാണ് നമുക്ക് ഇതിൽനിന്നും പണമെടുക്കാൻ കഴിയാത്ത സ്ഥിതി വന്നത്. പെൻഷൻ സംബന്ധിച്ച് കുറെ കാര്യങ്ങൾ സർക്കാർ ചെയ്തു. എല്ലാവരുടെയും പെൻഷൻ സംരക്ഷിച്ചു, നാലായിരം രൂപ

വരെ പി.എഫ്. പെൻഷൻ വാങ്ങുന്നവർക്ക് അത് സംരക്ഷിച്ചുകൊടുത്തു. പെൻഷൻ നേരിട്ടുപോയി വാങ്ങാൻ കഴിയാത്തവർക്ക് വീട്ടിൽ കൊണ്ടുപോയി കൊടുക്കുന്ന സംവിധാനം ഏർപ്പെടുത്തി. ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 35 ലക്ഷത്തിന് താഴെയായിരുന്നു. എന്നാൽ ഇപ്പോഴത് 62 ലക്ഷത്തോളം ആയെന്ന കാര്യം അങ്ങേയ്ക്കറിയാം. എല്ലാ കണക്കുകളും കൃത്യമായിട്ടുണ്ട്. 16 ക്ഷേമനിധി പെൻഷനുകൾ സർക്കാരാണ് കൊടുക്കുന്നത്. ക്ഷേമനിധി പെൻഷനുൾപ്പെടെയാണ് 62 ലക്ഷത്തോളം ആളുകളുള്ളത്. (....ബഹളം....)

മി. സ്പീക്കർ: യെസ്........യെസ്........ ശ്രീ. പി. സി. വിഷ്ണുനാഥ് പ്ലീസ്........

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് എന്ന പെൻഷൻ കമ്പനിയുടെ ബാധ്യതയെ സംസ്ഥാന സർക്കാരിന്റെ ബാധ്യതയാക്കാൻ തീരുമാനിച്ചതോടുകൂടിയാണ് താളം തെറ്റിയത്. ഇതിൽ എന്തെങ്കിലും ആത്മാർത്ഥത നിങ്ങൾക്കുണ്ടെങ്കിൽ വാസ്തവത്തിൽ കേന്ദ്ര ഗവൺമെന്റിന് എതിരെയല്ലേ സമരം ചെയ്യേണ്ടത്.

ജനങ്ങൾ സമരം ചെയ്യുകയാണെങ്കിൽ യഥാർത്ഥത്തിൽ നിങ്ങൾക്കെതിരെയാണ് ചെയ്യേണ്ടത്. കാരണം നിങ്ങൾ ചെയ്തതിന്റെ പേരിലാണ് കിഫ്ബിയും പെൻഷൻ കമ്പനിയും ഇത്തരത്തിലായത്. ഇപ്പോൾ കടമെടുക്കാൻ സമ്മതിക്കുന്നില്ല. അതിനെക്കുറിച്ച് ഞാൻ പ്രത്യേകിച്ച് പറയുന്നില്ല. 57,400 കോടി രൂപയാണ് ഇപ്പോൾ കുറവ് വരുത്തിയിട്ടുള്ളത്. 2017 മുതൽ 1,07,000 കോടി രൂപയാണ് പെൻഷൻ കമ്പനിയും മറ്റുമെടുത്തതിന്റെ പേരിൽ നമുക്കെടുക്കാനുള്ള കടം വെട്ടിക്കുറച്ചത്. യു.ജി.സി. ഉൾപ്പെടെ അയ്യായിരം കോടിയോളം രൂപ നൽകാനുള്ള സ്ഥിതിയിൽ നിൽക്കുകയാണ്. നമുക്ക് അർഹമായ 57,400 കോടി രൂപ കിട്ടുകയാണെങ്കിൽ എൽ.ഡി.എഫ്. മാനിഫെസ്റ്റോയിൽ പറഞ്ഞ രീതിയിൽ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പെൻഷൻ തുക 2500 രൂപയാക്കും. അതിൽ യാതൊരു സംശയവുമില്ല. 57,400 കോടി രൂപ ഒരു വർഷം വെട്ടിക്കുറച്ചപ്പോൾ പെൻഷൻ നിന്നുപോകുമെന്നും മറ്റും പറഞ്ഞിട്ട് ഒന്നും നിന്നുപോയില്ലല്ലോ. ശ്രീലങ്കയാകുമെന്നല്ലേ ആദ്യം പറഞ്ഞത്. ഒരു കാര്യം എനിക്ക് അപേക്ഷിക്കാനുണ്ട്. ഇക്കാര്യത്തിൽ ഇപ്പോഴും നമ്മൾ

വൈകിയിട്ടില്ല. അവതാരകൻ ഇവിടെ പല കാര്യങ്ങളും പറഞ്ഞു. അതിൽ വസ്തുതകളല്ലാത്ത കാര്യം ഞാൻ പറഞ്ഞു. നമുക്കിപ്പോഴും ഒരു സാധ്യതയുണ്ട്. നമുക്ക് ഇത്രയും ആളുകളെ സംരക്ഷിക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം കിട്ടണം. കേരളത്തിലെ ഗവൺമെന്റല്ല, എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും നാളെ ഒരിക്കലും നിങ്ങൾ വരില്ലെന്ന് ഉറപ്പുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇതൊന്നും കൊടുക്കരുത്, ഒന്നും കിട്ടരുത്, ഇത് തകരണം എന്ന രീതിയിൽ നിങ്ങൾ സംസാരിക്കുന്നത്. നാളെ വരുമെന്ന് പ്രതീക്ഷയുണ്ടെങ്കിൽ ഇതൊക്കെ കിട്ടണമെന്നല്ലേ ആഗ്രഹിക്കുന്നത്? അപ്പോൾ അമ്പതിനായിരം കോടി രൂപ ഒരു വർഷം കിട്ടാതിരുന്നാൽ പത്തുവർഷമാകുമ്പോൾ അഞ്ച് ലക്ഷം കോടി രൂപയല്ലേ കേരളത്തിന് നഷ്ടമാകുന്നത്. അതുകൊണ്ട് ഇപ്പോഴും നമുക്ക് സമയമുണ്ട്. ഡൽഹിയിലേയ്ക്ക് സമരത്തിനുവേണ്ടിയുള്ള റിക്വസ്റ്റ് വച്ചിട്ടുണ്ട്. സമരത്തിനെക്കുറിച്ചുള്ള കാര്യം ആലോചിക്കുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെയും ഉപനേതാവിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം വിളിച്ച് സംസാരിച്ചിരുന്നു. ഞാനും ആ യോഗത്തിൽ പങ്കെടുത്തു.

അവിടെ പറഞ്ഞ ഒരു കാര്യം, കേരളത്തിലെ ഈ പൊതുവായ പ്രശ്നത്തെക്കുറിച്ച് നമുക്ക് കേന്ദ്രത്തിൽ ഉന്നയിക്കണം. ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഉന്നയിക്കുന്നുണ്ടല്ലോ. അങ്ങയുടെ പാർട്ടിയുടെ നേതാക്കന്മാരായ സിദ്ധരാമയ്യയും മറ്റ് സംസ്ഥാനങ്ങളിലെ കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിമാരും മറ്റ് മുഖ്യമന്ത്രിമാരും ഈ പ്രശ്നം ന്യായമാണെന്ന് ഉൾക്കൊള്ളുന്നു. സംസ്ഥാനത്തിന്റെ ഫിസ്കൽ ഫെഡറലിസത്തെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് സമരത്തെക്കുറിച്ച് ആലോചിക്കുകയും ഇതുസംബന്ധിച്ച് പ്രതിപക്ഷത്തിനെ വിളിച്ച് സംസാരിച്ച് ഒരു തീയതി തീരുമാനിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. നമുക്ക് ഡേറ്റിന്റെ പ്രശ്നമുള്ളതിനാൽ 9-ാം തീയതിക്കകം ചെയ്യണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കാരണം 9-ാം തീയതി വരെയാണ് പാർലമെന്റ് സമ്മേളനം. 9-ാം തീയതിക്ക് മുമ്പുള്ള ദിവസം ആലോചിച്ച് അറിയിക്കാമെന്ന് പറഞ്ഞിട്ടാണ് പ്രതിപക്ഷം പോയത്. എന്നാൽ അവർ അറിയിച്ചില്ല. 8-ാം തീയതിയാണ് ഞങ്ങൾ പോകാൻ തീരുമാനിച്ചിരിക്കുന്നത്. പ്രതിപക്ഷം ഇക്കാര്യത്തിൽ സഹകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. കാരണം ഇത് കേരളത്തിന്റെ

പൊതുപ്രശ്നമാണ്. ഇവിടെ പെൻഷന്റെ കാര്യം ഉന്നയിക്കുന്നതുപോലെ കേന്ദ്രത്തിൽ നമുക്ക് യോജിച്ചുപോയി സംസ്ഥാനത്തിന് കിട്ടാനുള്ള പണം വാങ്ങിയെടുക്കാൻവേണ്ടിയുള്ള കാര്യമാണ് ചെയ്യേണ്ടത്. സർക്കാരിനെ ഡീസ്റ്റെബിലൈസ് ചെയ്ത് സർക്കാരിന് കുഴപ്പം വരട്ടെയെന്ന നിലയിൽ മാത്രം കാണരുത്. വാസ്തവത്തിൽ ആത്മഹത്യപോലുള്ള കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനല്ലേ ഈ സംഭവം കാരണമാവുകയുള്ളൂ. ഇതൊന്നും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല. രാഷ്ട്രീയത്തിൽ സത്യസന്ധമായി കാര്യങ്ങൾ പറഞ്ഞുപോകണം. അവിശ്വാസപ്രമേയം വന്ന് പുതിയ ഗവൺമെന്റ് വരുമ്പോൾ ഔട്ട് ഓഫ് റേഞ്ചാകുന്ന എം.എൽ.എ.മാരെ ഡെവലപ് ചെയ്യുകയല്ല വേണ്ടത്. സത്യസന്ധമായി കാര്യങ്ങൾ കൊണ്ടുപോകണം. ബീഹാറിൽനിന്നുമെല്ലാം കേൾക്കുന്ന കാര്യങ്ങളുണ്ടല്ലോ. പലരും ഔട്ട് ഓഫ് റേഞ്ചാണ്. അവരെ കിട്ടുന്നില്ല. കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന നിലപാടിനകത്ത് സംസ്ഥാന ഗവൺമെന്റ്, സാധാരണക്കാരന്റെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അടക്കമുള്ള കാര്യങ്ങളെടുക്കുമ്പോൾ നമുക്ക് സംയുക്തമായി മുന്നോട്ടുപോകാൻ കഴിയണം. അതുകൊണ്ടുതന്നെ

ഇക്കാര്യത്തിൽ കേരളത്തിനുവേണ്ടി ഒരുമിച്ചുനിൽക്കണം. പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതൊന്നും വസ്തുതയല്ലെന്ന് ഞാൻ എടുത്തുപറഞ്ഞു. ഇനിയായാലും പെൻഷൻ കൃത്യമായി കൊടുത്തുതീർക്കാൻ കഴിയണം. മാർച്ച് മാസം വരെ തരാനുള്ള പണത്തിൽ യു.ജി.സി. ഉൾപ്പെടെ അയ്യായിരം കോടിയോളം രൂപ നൽകാനുള്ള സ്ഥിതിയിൽ നിൽക്കുകയാണ്. വലിയ കട്ടിംഗാണ് കേന്ദ്രത്തിൽനിന്ന് വരുത്തിയതെന്നുള്ളത് സഭയുടെ പൊതുവായ ശ്രദ്ധയ്ക്ക് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് തന്റെ പ്രസംഗത്തിൽ ഒരു രേഖ മേശപ്പുറത്ത് വയ്ക്കുന്നതായി പ്രസ്താവിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റ ചട്ടം അധ്യായം II-ലെ 6(എ) പ്രകാരം, "ഒരു അനൗദ്യോഗിക അംഗം ഒരു കടലാസ്സോ രേഖയോ സഭയുടെ മേശപ്പുറത്തുവയ്ക്കുവാൻ ആഗ്രഹിക്കുന്നപക്ഷം, അതിന്റെ ഒരു പകർപ്പ് സ്പീക്കർക്ക് ആ കടലാസ്സോ രേഖയോ മേശപ്പുറത്തുവയ്ക്കുന്നതിന് അനുവാദം

നൽകേണ്ടതുണ്ടോയെന്ന് തീരുമാനിക്കുന്നതിന് അദ്ദേഹത്തിനു കഴിയത്തക്കവണ്ണം അവയുടെ ഒരു പകർപ്പ് മുൻകൂട്ടി അദ്ദേഹത്തിന് നൽകേണ്ടതാണ്. ആ കടലാസ്സോ രേഖയോ മേശപ്പുറത്ത് വയ്ക്കുവാൻ സ്പീക്കർ ആ അംഗത്തെ അനുവദിക്കുന്നപക്ഷം ആ അംഗത്തിന് അതിനെ ഉചിതമായ സമയത്ത് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്" എന്നാണ്. എന്നാൽ അതുസംബന്ധിച്ച് ഒരു കത്ത് ചെയറിന് ലഭിച്ചിട്ടില്ലാത്തതിനാൽ രേഖ മേശപ്പുറത്ത് വയ്ക്കണമെന്ന ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ആവശ്യം തള്ളുന്നു.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ചത് രണ്ട് വിഷയങ്ങളാണ്. ഒന്ന്, നമ്മുടെ സംസ്ഥാനത്ത് ഏകദേശം 48-50 ലക്ഷം ആളുകൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവരാണ്. എന്നാൽ അഞ്ച്

മാസമായി അവർക്ക് ആ പെൻഷൻ കിട്ടിയിട്ടില്ല. ഇവിടെ അവതരിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം അതാണ്. എന്നാൽ അതിന് ഒരു മറുപടി പറഞ്ഞില്ല. രണ്ടാമത്തെ കാര്യം, ഈ വിഷയം ഇപ്പോൾ സഭയിൽ കൊണ്ടുവരാനുണ്ടായ പ്രധാന കാരണം കോഴിക്കോട് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ മുതുകാട് വളയത്ത് ജോസഫിന്റെ മരണമാണ്. ഒരാൾ മുൻകൂട്ടി കത്ത് നൽകി, തനിക്ക് പെൻഷൻ കിട്ടിയില്ലെങ്കിൽ താൻ ആത്മഹത്യ ചെയ്യുമെന്ന് പറയുകയും അയാൾ ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു. മരുന്നിന്റെ കുറിപ്പടിയിൽ താൻ ആത്മഹത്യ ചെയ്യാനുള്ള കാരണവും എഴുതിവയ്ക്കുന്നു. ഇദ്ദേഹം ആത്മഹത്യ ചെയ്തത് പെൻഷൻ കിട്ടാത്തതുകൊണ്ടല്ലെന്ന് എന്ത് തെളിവുകളുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്? പെൻഷൻ കിട്ടിയില്ലെങ്കിൽ തനിക്ക് ജീവിക്കാൻ കഴിയില്ലെന്നും ആത്മഹത്യ ചെയ്യുമെന്നും ഒരാൾ മുൻകൂട്ടി പറയുകയാണ്. അയാളുടെ ജീവിത സാഹചര്യം ശ്രീ. പി. സി. വിഷ്ണുനാഥ് വളരെ വ്യക്തമായി പറഞ്ഞു. സ്ട്രോക്ക്മൂലം ശരീരം തളർന്ന വ്യക്തിയും ഭാര്യ മരണപ്പെടുകയും ചെയ്തയാളാണ് അദ്ദേഹം.

ടൗണിലല്ല അദ്ദേഹം താമസിച്ചിരുന്നത്. ജംഗ്ഷനിലേയ്ക്ക് എത്തിച്ചേരണമെങ്കിൽ ഒരുവശത്തേയ്ക്കുള്ള യാത്രയ്ക്ക് മാത്രം 80-120 രൂപവരെ ഓട്ടോറിക്ഷയ്ക്ക് നൽകേണ്ടിവരും. സാധനം വാങ്ങാനോ ഒരു ചായ കുടിക്കാനോ വരണമെങ്കിൽ ഇത്തരത്തിൽ ഓട്ടോറിക്ഷയ്ക്ക് പണം നൽകണം. അവിടെയാണ് അൻപത് സെന്റ് പട്ടയഭൂമിയുണ്ടെന്ന് പറയുന്നത്. കൃഷിപോലും ചെയ്യാൻ കഴിയാത്ത കുന്നിൻ പ്രദേശമാണത്. ഭിന്നശേഷിക്കാരിയായ മകളെ അത്തരം ആളുകളെ പരിപാലിക്കുന്ന ഒരു മന്ദിരത്തിൽ ഏൽപ്പിച്ചിരിക്കുകയാണ്. അവിടെയും പണം നൽകേണ്ടതുണ്ട്. അയാളുടെ കൈയിൽ പണമില്ല. ഒരു വർഷം 28,000/- രൂപ കിട്ടിയാൽ ഒരു കുടുംബത്തിന് ജീവിക്കാൻ കഴിയുമോ? തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്തതിന്റെ ഫലമായി ഒരു വർഷം 28,000/- രൂപ കിട്ടിയെന്നും അതിനാൽ അദ്ദേഹത്തിന് ആത്മഹത്യ ചെയ്യേണ്ട ഒരു കാര്യവുമില്ലെന്നുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. അയാൾക്ക് ഓട്ടോറിക്ഷയ്ക്ക് നൽകാൻപോലും ഈ പണം തികയില്ല. ആ സ്ഥിതിയിലാണ് അയാൾ കുറിപ്പ് തയ്യാറാക്കിവച്ച് മരിച്ചത്. ആ കുറിപ്പിന്റെ ആധികാരികത

സംബന്ധിച്ച് കുറേ ദിവസങ്ങളായി പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഒരാൾ ആത്മഹത്യ ചെയ്തതിനെ ഈ സഭയിൽ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ചത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ്. നിങ്ങൾ ചെയ്യുന്നതെല്ലാം ശരിയാണ്, അഞ്ച് മാസം പെൻഷൻ നൽകാത്തത് തെറ്റല്ല, അതുകൊണ്ട് ഒരു കുഴപ്പവുമില്ലെന്നാണ് നിങ്ങൾ പറയുന്നത്. പെൻഷൻ തുക മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ് പാവപ്പെട്ട ആളുകൾ. മരുന്ന് വാങ്ങാൻപോലും അവരുടെ കൈയിൽ പണമില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ........... (മൈക്ക് ഓഫ്) ..............

ശ്രീ. വി. ഡി. സതീശൻ: Sir, let me complete. അങ്ങ് സംസാരിക്കുമ്പോൾ ഞാൻ കൈ ഉയർത്തിയാലും അങ്ങ് വഴങ്ങാറില്ല, അതുകൊണ്ട് ഞാൻ അങ്ങേയ്ക്ക് വഴങ്ങുന്നില്ല. അങ്ങ് ഒരാൾക്കും വഴങ്ങാറില്ല. എനിക്ക് വഴങ്ങുന്നവർക്ക് ഞാനും വഴങ്ങും.

മറിയക്കുട്ടിയുടെ കാര്യം പറഞ്ഞപ്പോൾ നിങ്ങൾ ബഹളമുണ്ടാക്കിയത് എന്തിനാണ്? അവർ ഭിക്ഷാ പാത്രവുമായി വഴിയിലിറങ്ങുകയുണ്ടായി. അവർ എല്ലാവരോടും സംസാരിക്കും. മാധ്യമങ്ങളെല്ലാം അവരുടെ അടുത്ത് ചെന്നു. ദേശാഭിമാനി ദിനപ്പത്രത്തിന് ഒടുവിൽ അവരോട് മാപ്പ് പറയേണ്ടിവന്നില്ലേ? സൈബർ ഇടങ്ങളിൽ അവരെക്കുറിച്ച് എത്രമാത്രം മോശം പ്രചാരണമാണ് നിങ്ങൾ നടത്തിയത്; എൺപത്തിയാറ് വയസ്സുള്ള വന്ദ്യവയോധികയായ ഒരു സ്ത്രീയെ നിങ്ങൾ വെറുതെ വിട്ടോ? നിങ്ങളുടെ സൈബർ ഇടങ്ങളിൽ അവരെ ആക്രമിച്ചു. വളരെയധികം സ്വത്തുള്ള, മധ്യവർഗ കുടുംബത്തിൽപ്പെട്ട ആളാണ് അവരെന്ന് നിങ്ങൾ വരുത്തിത്തീർക്കുകയും ഒടുവിൽ ദേശാഭിമാനി പത്രത്തിൽ ക്ഷമ ചോദിച്ച് തിരുത്ത് കൊടുക്കേണ്ടിവരികയും ചെയ്തു. എന്നിട്ടും നിങ്ങളുടെ സൈബർ ഇടങ്ങളിൽ ആ 86 വയസ്സുകാരിയെ ആക്രമിക്കുന്നത് ഇതുവരെ നിർത്തിയിട്ടില്ല. ചക്കിട്ടപാറയിലെ ജോസഫിന്റെയും ആന്തൂരിലെ സാജന്റെയും പ്രശ്നവും ഇത്തരത്തിലുള്ളതാണ്. മരിച്ചാലും നിങ്ങൾ അവരെയൊന്നും വെറുതെ വിടില്ല. നിങ്ങളുടെ കുറ്റങ്ങൾ മറച്ചുവയ്ക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അഞ്ച് മാസമായി പെൻഷൻ നൽകാതെ നിങ്ങൾ

പഴയ കണക്ക് പറയുകയാണ്. പഴയ കണക്ക് ഇവിടെ വളരെ വ്യക്തമല്ലേ; നിങ്ങൾ മറുപടി പറഞ്ഞില്ലല്ലോ. 806 കോടി രൂപയുടെ സാമൂഹ്യ സുരക്ഷാ പെൻഷന്റെ കുടിശ്ശിക തീർക്കേണ്ടതുണ്ടെന്നാണ് ഡോ. തോമസ് ഐസക് 2016-ൽ ഇറക്കിയ ധവളപത്രത്തിൽ പറയുന്നത്. ഏത് സർക്കാരിന്റെ കാലത്തും ഇത്തരത്തിൽ സംഭവിക്കാം. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നിയമസഭയിൽ നൽകിയ മറുപടി ഞാൻ വായിക്കാം, "01-04-2010-ൽ 300 രൂപയായിരുന്നു പെൻഷൻ. വി. എസ്. അച്ചുതാനന്ദൻ സർക്കാർ 2011-ൽ അധികാരത്തിൽ നിന്നൊഴിയുന്നതിന് മുമ്പത്തെ അവസാന ബഡ്ജറ്റിൽ പെൻഷൻ തുക 300 രൂപയിൽനിന്ന് 400 രൂപയാക്കി വർദ്ധിപ്പിച്ചു". ആ തുക കൊടുത്തത് ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പെൻഷൻ തുക 2013-ൽ 500 രൂപയായും 2014-ൽ 600 രൂപയായും വർദ്ധിപ്പിച്ചു. കൂടാതെ എൺപത് വയസിന് മുകളിലുള്ളവരുടെ പെൻഷൻ 1100-ഉം പിന്നീട് 1200-ഉം രൂപയായും വർദ്ധിപ്പിച്ചു. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് പതിനാറ്

ലക്ഷം പേർക്ക് നൽകിയിരുന്ന പെൻഷൻ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് മുപ്പത്തിനാല് ലക്ഷം പേർക്കായി വർദ്ധിപ്പിച്ചു. ഇരട്ടിയിലധികം വർദ്ധനവാണുണ്ടായത്. അങ്ങുപറഞ്ഞ മറ്റ് ക്ഷേമനിധി പെൻഷൻകാരുടെ എണ്ണം കൂടി കണക്കാക്കിയാൽ അത് നാൽപ്പത്തിനാല് ലക്ഷമാകും. ഓരോ സർക്കാരും അതത് സാഹചര്യങ്ങളിൽ ഇത്തരത്തിൽ ചെയ്തിട്ടുണ്ട്. കുടിശ്ശിക സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. മാതൃഭൂമി പത്രത്തിന് നൽകിയ ഇന്റർവ്യൂവിൽ ഉമ്മൻ ചാണ്ടിയുടെ കാലത്ത് 18 മാസം പെൻഷൻ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് അങ്ങയെപ്പോലെ ഒരാൾ പറയാമോ? ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 2014 നവംബർ മുതൽ 2015 ജനുവരി വരെയുള്ള പെൻഷൻ തുക അതായത് നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിലെ വാർദ്ധക്യകാല പെൻഷൻ, വിധവകൾ, വികലാംഗർ, 50 വയസ് കഴിഞ്ഞ അവിവാഹിതർ എന്നിവർക്കുള്ള പെൻഷനുകൾ വിതരണം ചെയ്യപ്പെടാതെ കുടിശ്ശികയുണ്ടായിരുന്നു എന്നത് ഇവിടെ നൽകിയ മറുപടിയാണ്. ഉമ്മൻ ചാണ്ടിയുടെ കാലത്ത് ഇത്തരത്തിൽ മൂന്ന് മാസം കുടിശ്ശിക വരുത്തിയതിന്റെ കാരണംകൂടി ഡോ. തോമസ് ഐസക് പറയുന്നുണ്ട്. 2015 ഫെബ്രുവരി

മുതലുള്ള പെൻഷൻ തുക ഗുണഭോക്താക്കൾക്ക് DBT (Direct Benefit Transfer) സംവിധാനത്തിൽ വിതരണം ചെയ്തുവരികയായിരുന്നു. DBT സംവിധാനത്തിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താത്തതുമൂലവും തെറ്റായ രേഖപ്പെടുത്തലുകൾ, ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ എന്നീ കാരണങ്ങളാൽ വിതരണം ചെയ്ത തുക ലഭിക്കാതെ വന്നതുമൂലവുമുള്ള കുടിശ്ശികയാണത്. സർക്കാർ പണം നൽകിയെങ്കിലും സാങ്കേതിക കാരണങ്ങളാലാണ് ഉമ്മൻ ചാണ്ടിയുടെ കാലത്ത് കുടിശ്ശിക വന്നത്. ആ കുടിശ്ശിക എത്രയാണ്? ഇത് നിയമസഭയുടെ മേശപ്പുറത്തുവച്ച ഡോക്യുമെന്റാണ്. നിങ്ങൾ എം.എൽ.എ.മാർ ഇതുപറയുമ്പോൾ പരിഹസിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയാമോ? ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ ഇത് ഗീബൽസിയൻ മോഡലിലുള്ള ഒരു നരേറ്റീവാണ്. ഉമ്മൻ ചാണ്ടി സർക്കാർ 18 മാസത്തെ കുടിശ്ശിക വരുത്തിയെന്ന് നിങ്ങൾപോലും വിശ്വസിച്ചിരിക്കുകയാണ്. ഒരു നുണ ആയിരം വട്ടം ആവർത്തിച്ച് പറയുമ്പോൾ സത്യമായി മാറുമെന്ന നിങ്ങളുടെ

ചീട്ടുകൊട്ടാരമാണ് ഈ നിയമസഭയിൽ പൊളിഞ്ഞുവീണത്. ശ്രീ. പി. സി. വിഷ്ണുനാഥിനെ ഇക്കാര്യത്തിൽ അഭിനന്ദിക്കുന്നു. തെരഞ്ഞെടുപ്പ് കാലത്തുൾപ്പെടെ സത്യവിരുദ്ധമായ കാര്യങ്ങളാണ് നിങ്ങൾ പ്രചരിപ്പിച്ചത്. നിങ്ങൾ എന്തൊക്കെ ബുദ്ധിമുട്ടുകൾ വരുത്തി. ക്ഷേമനിധി പെൻഷൻ കിട്ടുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുക്കാൻ പാടില്ലായെന്നാണ് പറയുന്നത്. ഒരു ഫീൽഡിൽ വർക്ക് ചെയ്യുമ്പോൾ അവരുടെ അംശദായംകൊണ്ട് കിട്ടുന്നതാണ് ക്ഷേമനിധി പെൻഷൻ. അറുപത് വയസ്സുകഴിയുമ്പോൾ അവർക്ക് കിട്ടുന്ന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വേറെയല്ലേ? അങ്ങനെ ക്ഷേമനിധി പെൻഷൻ കിട്ടുന്ന എത്രപേരെ നിങ്ങൾ മാറ്റി. ഞങ്ങളുടെ കാലത്ത് ഇളവുകൾ വരുത്തി കൂടുതൽ ആളുകൾക്ക് കൊടുത്തു. അന്ന് 600 രൂപയല്ലേ നൽകിയുള്ളൂ എന്നാൽ ഇന്ന് 1600 രൂപയാണ് നൽകുന്നത് എന്നാണ് പറയുന്നത്. അത് ശരിയാണ്. കാരണം അന്ന് അരിയുടെ വില 28 രൂപയായിരുന്നത് ഇന്ന് 60 രൂപയായി. ഏഴര വർഷത്തിനുമുമ്പുള്ള വിലയാണ്. മരുന്നിന്റെ വിലയൊക്കെ എത്ര ഇരട്ടിയായി കൂടി. 200 മുതൽ 300 ശതമാനം വരെ വില വർദ്ധനവുണ്ടായിട്ടുണ്ട്.

നിങ്ങളുടെ കാലത്ത് 9,000 കോടി രൂപ കൊടുത്തുവെന്നും ഞങ്ങളുടെ കാലത്ത് 28,000 കോടി രൂപ കൊടുത്തുവെന്നും പറയുകയാണ്. എന്നാൽ പിന്നെ ഇ.എം.എസ്.-ന്റെ കാലം മുതലുള്ള കണക്കെടുക്കാൻ പറ്റുമോ; അന്നത്തെ ഇക്കോണമിയും അന്ന് കൊടുക്കുന്ന പെൻഷനുമെന്താണ്? അന്നത്തെ കണക്കും ഇന്നത്തെ കണക്കും താരതമ്യം ചെയ്യാൻ സാധിക്കുമോ. ഓരോ സർക്കാർ മാറിമാറി വരുമ്പോഴും ഇക്കോണമിയുടെ വലിപ്പം കൂടും. മാത്രമല്ല ആളുകളുടെ ജീവിത ചെലവ് വർദ്ധിക്കും. എന്തിനാണ് നിങ്ങൾ ശമ്പള പരിഷ്കരണ കമ്മീഷൻ വയ്ക്കുന്നത്? ഇപ്പോഴും ഇ.എം.എസ്.-ന്റെ കാലത്തെ ശമ്പളം കൊടുത്താൽ പോരെ; അഞ്ച് വർഷം കൂടുമ്പോൾ ശമ്പള പരിഷ്കരണ കമ്മീഷൻ വച്ച് വർദ്ധിപ്പിച്ച് കൊടുക്കുന്നതെന്തിനാണ്? ജീവിതച്ചെലവ് വർദ്ധിക്കുന്നതുകൊണ്ടാണല്ലോ. (...ബഹളം...) ഞാൻ പൂർത്തിയാക്കട്ടെ.(...ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്....പ്ലീസ്.... you can speak.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ദയവായി ബഹളമുണ്ടാക്കരുത്. ഇത് വളരെ കൃത്യമായ കാര്യമാണ്. (...ബഹളം...) (...ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്....പ്ലീസ്.... അവിടെ ഇരിക്കൂ. അദ്ദേഹം പൂർത്തിയാക്കട്ടെ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കാലാകാലങ്ങളിൽ പെൻഷൻ, ശമ്പളം ഇതെല്ലാം വർദ്ധിപ്പിക്കുന്നത് ജീവിതച്ചെലവ് വർദ്ധിക്കുന്നതിനനുസരിച്ചാണ്. നിങ്ങളുടെ സർക്കാർ ഇത്രയേ കൊടുത്തുള്ളൂ, ഞങ്ങളുടെ സർക്കാർ ഇത്രയും കൊടുത്തുവെന്ന് പറയുന്നതൊന്നും ശരിയായ കണക്കല്ല. അതിനൊക്കെ ഒരുപാട് വ്യത്യാസം വരും. (...ബഹളം...) ഞാൻ വഴങ്ങുന്നില്ല. ഈ സഭയിലെ ഏറ്റവും ശബ്ദമുള്ള ആളുകൾ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കിയാൽ ഞാനെങ്ങനെ സംസാരിക്കും? (...ബഹളം...)

<u>മി. സ്പീക്കർ</u>: അങ്ങ് സംസാരിക്കൂ. സമയം കളയണ്ട. (...ബഹളം...)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹളമുണ്ടാക്കി തടസ്സപ്പെടുത്തി എന്റെ സമയം കളയാമെന്ന് വിചാരിക്കണ്ട. എനിക്ക് പറയാനുള്ള കാര്യങ്ങളാണ് ഇതെല്ലാം. ബഹുമാനപ്പെട്ട മന്ത്രി രണ്ട് പ്രാവശ്യമായി 25 മിനിട്ട് സംസാരിച്ചു. ഞങ്ങളാണ് തടസ്സമുണ്ടാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്തായി? ഞങ്ങൾ ഇതിന്റെ

അപകടം പറഞ്ഞു. ഞങ്ങളും രണ്ട് വൈറ്റ് പേപ്പർ ഇറക്കി. കിഫ്ബിയിലൂടെ എക്സ്ട്രാ ബഡ്ജറ്ററിയായി പണം വാങ്ങിക്കുകയാണ്. കഴിഞ്ഞ ഇലക്ഷൻ സമയത്ത് രണ്ടാമതും ജയിക്കാൻവേണ്ടി ശ്രീ. തോമസ് ഐസക് പുറത്തുനിന്നും പണമുണ്ടാക്കി പെൻഷൻ കൊടുത്തു. ഇപ്പോൾ അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായതുകൊണ്ട് അതിന്റെ ഫലം അനുഭവിക്കുകയാണ്. വരാനിരിക്കുന്ന സർക്കാരുകൾ അനുഭവിക്കുമെന്ന് ഞങ്ങൾ മുൻകൂട്ടി പ്രവചന സ്വഭാവത്തിൽ പറഞ്ഞു. ഇവിടെ കിഫ്ബിയുടെ ബിൽ വന്നപ്പോഴും സോഷ്യൽ സെക്യൂരിറ്റി പെൻഷന്റെ കാര്യങ്ങൾ വന്നപ്പോഴും കൃത്യമായി ഞങ്ങൾ കാര്യങ്ങൾ പറഞ്ഞു. എക്സ്ട്രാ ബഡ്ജറ്ററി എടുത്തുകഴിഞ്ഞാലും ഗവൺമെന്റിന്റെ സോവറിൻ ഗ്യാരന്റി അവിടെയുണ്ട്. കിഫ്ബിയിലുണ്ടാക്കുന്ന സ്ഥാപനങ്ങളൊന്നും self income generative അല്ല. നാഷണൽ ഹൈവേയുടെ കാര്യത്തിൽ കേന്ദ്ര സർക്കാർ ഫണ്ട് കൊടുക്കാൻ കാരണം അത് ഇൻകം ജനറേറ്റീവാണ്. ടോൾ കിട്ടുന്ന പണം നേരെ നാഷണൽ ഹൈവേ അതോറിറ്റിക്ക് പോകുകയാണ്. എന്നാൽ കിഫ്ബിയിലൂടെ ചെലവ് ചെയ്യുന്ന തുകയിന്മേൽ ഇൻകം സ്വയം ജനറേറ്റ്

ചെയ്യപ്പെടുന്നില്ല. അതുകൊണ്ട് അതിന്റെ അന്തിമമായ ബാധ്യത മുഴുവൻ തിരിച്ച് ബഡ്ജറ്റിലേയ്ക്ക് വരും. ബഡ്ജറ്റിലേയ്ക്ക് വന്നുകഴിഞ്ഞു. അതിന്റെ പിരിമുറുക്കം നിങ്ങൾക്കുണ്ടാകുമ്പോൾ നിങ്ങൾ ചെയ്ത തെറ്റ് ചൂണ്ടിക്കാണിച്ചതാണോ ഞങ്ങളുടെ കുഴപ്പം? ഈ പെൻഷൻ ഫണ്ടും എക്സ്ട്രാ ബഡ്ജറ്ററിയാണ്. പിന്നെ എന്താണ് ബഡ്ജറ്റിന്റെ വിശ്വാസ്യതയും പവിത്രതയും? എക്സ്ട്രാ ബഡ്ജറ്ററി ലോണെടുത്ത് കാര്യങ്ങൾ ചെയ്തിട്ട് അവസാനം അതിന്റെ പ്രഷർ മുഴുവൻ ബഡ്ജറ്റിൽ വന്നിരിക്കുന്നു. ഇപ്പോൾ സഞ്ചിത നിധിയിൽനിന്നും പണമെടുത്ത് കൊടുക്കാനുള്ള ബാധ്യതയുണ്ടായിരിക്കുന്നു. അപകടമാണ്, ചെയ്യരുതെന്ന് ഞങ്ങൾ പലതവണ പറഞ്ഞതല്ലേ. ഇപ്പോൾ സീക്രട്ട് സെക്ഷനിൽനിന്നും പുതിയ ഓർഡർ ഇറക്കിയിരിക്കുന്നു - സോഷ്യൽ സെക്യൂരിറ്റി സ്കീമിൽ പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് മാറ്റം, which would be serviced by the assistance provided by the Government through its budget. ഇനി സോഷ്യൽ സെക്യൂരിറ്റി പെൻഷന്റെ തുക മുഴുവൻ ബഡ്ജറ്റിലൂടെ തരാമെന്നാണ് പറഞ്ഞിരിക്കുന്നത്. ബഡ്ജറ്റിലൂടെ കൊടുക്കേണ്ടി വരുന്നതിന്റെ പ്രഷറാണ്

നിങ്ങളിൽ ഏറ്റവും കൂടുതലുണ്ടായിരിക്കുന്നത്. ബാക്കി നിങ്ങളുടെ ധൂർത്താണ്. മുഖ്യമന്ത്രി എത്ര അഭിമാനത്തോടെയാണ് 'കേരളീയം' ലോകം മുഴുവൻ ശ്രദ്ധിച്ചുവെന്ന് പറയുന്നത്. നിങ്ങൾ ഓണത്തിന് എത്ര ദിവസം പരിപാടി നടത്തിയതാണ്. അതിനുശേഷം രണ്ട് മാസം കഴിയുന്നതിനുമുമ്പ് തുലാവർഷക്കാലത്ത് ചെളിപിടിച്ച് കിടക്കുന്ന സ്ഥലത്ത് ആരെങ്കിലും ഇതുപോലൊരു പരിപാടി നടത്തുമോ? പണമില്ലാത്ത കാലമാണ്. ഒരു ഗവൺമെന്റിന്റെ മുമ്പിൽ പ്രയോരിറ്റിയാണ് പ്രധാനം. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൊടുക്കണമെന്നതാണോ, അഞ്ച് മാസമായി കുടിശ്ശിക വരുത്തിയിരിക്കുന്ന കുഞ്ഞുങ്ങൾക്കുള്ള ഉച്ചഭക്ഷണത്തിന്റെ പണം കൊടുക്കണമെന്നതാണോ അതോ ഈ തുലാവർഷക്കാലത്ത് തിരുവനന്തപുരത്ത് കോടികൾ മുടക്കി പരിപാടി നടത്തുന്നതാണോ നിങ്ങളുടെ പ്രയോരിറ്റി? That you have to decide. നിങ്ങൾ ലോകത്തോട് ഉറക്കെ പറയുകയാണ്, ഈ സർക്കാരിന്റെ പ്രയോരിറ്റി എന്നത് അഞ്ച് മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ കൊടുക്കുന്നതല്ല, കുഞ്ഞുങ്ങളുടെ ഉച്ചഭക്ഷണത്തിന്റെ പണം കൊടുക്കുന്നതല്ല, ഈ സർക്കാരിന്റെ പ്രയോരിറ്റി

എന്നുപറയുന്നത് കേരളീയവും നവകേരള സദസ് എന്ന ആർഭാടവും നടത്തുക എന്നതാണ് എന്ന്. അങ്ങനെയാകരുത് നിങ്ങളെന്ന് ഞങ്ങൾ പ്രതിപക്ഷം പറയുകയാണ്. ദയവുചെയ്ത് ധൂർത്തും അഴിമതിയുമാകരുത് നിങ്ങളുടെ പ്രയോരിറ്റിയെന്ന് ഉത്തരവാദിത്വത്തോടും ധാർമ്മികമായ ബോധ്യത്തോടുംകൂടി ഞങ്ങൾ നിങ്ങളോട് പറയുകയാണ്. മരുന്ന് വാങ്ങാൻ പണമില്ലാത്ത, ഒരു നേരത്തെ ഭക്ഷണത്തിന് നിവൃത്തിയില്ലാത്ത പാവങ്ങൾക്ക് പെൻഷൻ കൊടുക്കുന്നതായിരിക്കണം നിങ്ങളുടെ പ്രയോരിറ്റി. അതിന് തയ്യാറാണോ? (...ബഹളം...) (...ബഹളം...) അതാകണം നിങ്ങളുടെ പ്രയോരിറ്റി. ഇത് 50 ലക്ഷം പേരെ ബാധിക്കുന്ന വിഷയമാണ്. നിങ്ങൾ പെൻഷൻ കൊടുത്തേ മതിയാകൂ. ഫെബ്രുവരി മാസം ആദ്യത്തെ ആഴ്ച കൊടുക്കുമെന്ന് ഉറപ്പുവരുത്താൻ നിങ്ങൾ തയ്യാറുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. ഇതിന് ഉത്തരം ലഭിച്ചേ മതിയാകൂ. ......(ബഹളം)..........

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ

ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**[11.08 A.M.]**

## VI. ശ്രദ്ധക്ഷണിക്കൽ

### സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തിലെ സർക്കാർ ആശുപത്രികൾ പ്രത്യേകിച്ച് മെഡിക്കൽ കോളേജ് ആശുപത്രികൾ സമാനതകളില്ലാത്ത പുരോഗതിയാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. ജില്ലാ ആശുപത്രികളിൽ പോലും ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തുന്ന സംസ്ഥാനമാണ് കേരളം. കാസ്പ് വഴിയുള്ള ഇരട്ടി സൗജന്യ ചികിത്സ 200 കോടി രൂപയിൽനിന്നും 1400 കോടി രൂപയായി. ഇതിൽ കേന്ദ്ര വിഹിതം 138 കോടി രൂപ മാത്രമാണ്. സർക്കാർ മെഡിക്കൽ കോളേജാശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ അടക്കം സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം കേരളത്തിൽ ഇന്ന് അങ്ങോളമിങ്ങോളമുണ്ട്. മറ്റൊരു കാര്യം, മഞ്ചേരി മെഡിക്കൽ കോളേജിൽ കുറച്ചുകൂടി സൗകര്യം

ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയാണ്. വലിയ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാ സൗകര്യങ്ങളിൽ പരിമിതിയുണ്ട്. മെഡിക്കൽ കോളേജിനെ ആശ്രയിക്കുന്ന പല രോഗികൾക്കും കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയെ ആശ്രയിക്കേണ്ട സാഹചര്യമാണിന്നുണ്ടാകുന്നത്. മഞ്ചേരി മെഡിക്കൽ കോളേജിൽ സ്കാനിംഗ് സംവിധാനമടക്കമില്ല. ഈ കാര്യങ്ങൾ സർക്കാർ ശ്രദ്ധിക്കുമോയെന്നതാണ് എന്റെ ചോദ്യം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സമാനതകളില്ലാത്ത മുന്നേറ്റമാണ് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലുണ്ടായിരിക്കുന്നത്. ഈ കാലഘട്ടത്തിലാണ് ചരിത്രത്തിൽത്തന്നെ ആദ്യമായി ഒരു വർഷം രണ്ട് പുതിയ മെഡിക്കൽ കോളേജുകൾ ഇടുക്കിയിലും കോന്നിയിലുമായി അനുവദിക്കപ്പെട്ടത്. രണ്ടാം വർഷം അവിടെ പഠനം നടക്കുകയാണ്. നഴ്സിംഗ് മേഖലയിൽ സംസ്ഥാനത്ത് പുതിയതായി 2400-ൽ അധികം സീറ്റുകൾ സൃഷ്ടിച്ചു. നമ്മുടെ സംസ്ഥാനത്തുനിന്നും വിദ്യാർത്ഥികൾ മറ്റ്

സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന സാഹചര്യം ഒഴിവാക്കിക്കൊണ്ട് പരമാവധി അവസരം സംസ്ഥാനത്ത് സൃഷ്ടിക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് സംസ്ഥാന സർക്കാർ നഴ്സിംഗ് മേഖലയിൽ 2400 പുതിയ സീറ്റുകൾ വർദ്ധിപ്പിച്ചത്. സർക്കാർ മേഖലയിൽ മാത്രം നഴ്സിംഗ് സീറ്റുകളുടെ എണ്ണം ഇരട്ടിയാക്കി; 400 സീറ്റിൽനിന്നും 612 സീറ്റുകളാക്കി. അതുകൂടാതെ സംസ്ഥാന സർക്കാരിന്റെ ആരോഗ്യ വകുപ്പിനുകീഴിലുള്ള SIMET (State Institute of Medical Education and Technology)-ന്റെ കീഴിൽ ഏഴ് പുതിയ നഴ്സിംഗ് കോളേജുകൾ ഈ കാലഘട്ടത്തിൽ ആരംഭിക്കാൻ സാധിച്ചു. സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ചരിത്രത്തിലാദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് 40-ാമത്തെ ദേശീയ റാങ്കിംഗിൽ വന്നു. എയിംസ് ഉൾപ്പെടെയുള്ള (ഓട്ടോണോമസ്) ആശുപത്രികളും മെഡിക്കൽ കോളേജുകളുമാണ് അതിന് മുന്നിലുള്ളത്. സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം പരിശോധിക്കുമ്പോൾ രാജ്യത്തുതന്നെ ഒന്നാമത്തേയോ രണ്ടാമത്തേയോ റാങ്കിംഗിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് വന്നു. തിരുവനന്തപുരം ദന്തൽ കോളേജ് 25-ാം റാങ്കിംഗിലുണ്ട്.

സംസ്ഥാനത്ത് ആദ്യമായി ലിവർ ട്രാൻസ്പ്ലാന്റേഷൻ ഈ കാലഘട്ടത്തിൽ ആരംഭിക്കാൻ കഴിഞ്ഞു. കഴിഞ്ഞ ദിവസവും (ഇന്നലെ) കോട്ടയം മെഡിക്കൽ കോളേജിൽ ഒരു ലിവർ ട്രാൻസ്പ്ലാന്റേഷൻ നടന്നു. കേരളത്തിന് പുറത്ത് നാൽപതും അമ്പതും ലക്ഷം രൂപയാകുന്നത് പരമാവധി സൗജന്യമായാണ് ഇവിടെ നടത്തുന്നത്. അതിനുവേണ്ട സാമഗ്രികളുടെ ചെലവുകൾ മാത്രം എടുത്തുകൊണ്ടാണിത് നടത്തുന്നത്. കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ പൂർത്തീകരിക്കാൻ സാധിച്ചു. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ചരിത്രത്തിലാദ്യമായി ഒറ്റത്തവണ ഡോക്ടർമാരുടെ/അദ്ധ്യാപകരുടെ 270 തസ്തികകളാണ് സൃഷ്ടിച്ചത്. കോഴിക്കോട് ബി.എസ്.എൽ. (ബയോ സേഫ്റ്റി ലെവൽ) ത്രീ ലാബ് പൂർത്തിയായി വരുന്നു. രാജ്യത്ത് സെന്റർ ഓഫ് എക്സലൻസായി കേന്ദ്രസർക്കാർ 10 ആശുപത്രികളെ തെരഞ്ഞെടുത്തതിൽ ഒന്ന് എസ്.എ.ടി. ആശുപത്രിയാണ്. അതുകൂടാതെ നിരവധി കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളായ മഞ്ചേരിയും കൊല്ലവും അണ്ടർ ഗ്രാജുവേറ്റ് കോളേജുകളായിരുന്നതിനെ

പി.ജി. കോളേജുകളായി ഉയർത്തുന്നതിന് സാധിച്ചു. കൂടാതെ, ഫെലോഷിപ്പ് പ്രോഗ്രാമുകൾ നമ്മുടെ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് സാധിച്ചു. റോബോട്ടിക് സർജറി കാൻസർ സെന്ററുകളിൽ ഈ ഘട്ടത്തിൽ ആരംഭിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ആർ.സി.സി.യിൽ അത് ഉദ്ഘാടനം ചെയ്തു. മഞ്ചേരിയെക്കുറിച്ച് പ്രത്യേകമായി അദ്ദേഹം ചോദിച്ചതുകൊണ്ട് പ്രധാനപ്പെട്ട പോയിന്റുകൾ മാത്രം പറയുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജിനെ പി.ജി. കോളേജായി ഉയർത്തുകയും ഇ.എൻ.ടി., ഒഫ്താൽമോളജി, ഡെർമറ്റോളജി എന്നീ മൂന്ന് വിഭാഗങ്ങളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. വികസന പ്രവർത്തനങ്ങൾക്ക് 2.81 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മേഖലാ സമ്മേളനത്തിലും ഇതുസംബന്ധിച്ച നിർദ്ദേശം ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട് ......... (ബഹളം) ......... അതുകൂടാതെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് 60 സീറ്റുകളോടുകൂടിയ പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു. ഇതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു. മഞ്ചേരി

മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ, കാർഡിയോളജി, കാർഡിയോ തൊറാസിക്, നെഫ്രോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് 15 തസ്തികകളാണ് അധികം സൃഷ്ടിച്ചിട്ടുള്ളത്. ഡിസംബർ മാസത്തിലാണ് അതിന്റെ ഉത്തരവ് ഇറങ്ങിയത്. 103 കോടി രൂപ മുതൽമുടക്കി ഒരുക്കുന്ന റസിഡൻഷ്യൽ ഫെസിലിറ്റിയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഹോസ്റ്റൽ ഫെസിലിറ്റിയിൽ ചിലത് പൂർത്തിയായി. ചിലതിന്റെ അവസാന സിവിൽ വർക്കുകൾ പൂർത്തീകരിച്ചുവരികയാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഇപ്പോൾ 23.75 കോടി രൂപ അനുവദിച്ചുകൊണ്ട് ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സ്കാനിംഗ് സംബന്ധമായ കാര്യത്തിൽ പരിഹാരമുണ്ടാക്കുന്നതിനായി എം.ആർ.ഐ. മെഷീൻ സ്ഥാപിക്കുന്നതിന് 7.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒ.പി. ബ്ലോക്കിന്റെ നിർമ്മാണത്തിന് 50.50 കോടി രൂപയും റേഡിയോളജി ആൻഡ് ലബോറട്ടറി കോംപ്ലക്സ്

നിർമ്മാണത്തിന് 26 കോടി രൂപയുമാണ് വേണ്ടത്. അതിന്റെ പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള 57 ഡോക്ടർമാരും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 122 അദ്ധ്യാപക വിഭാഗം ഡോക്ടർമാരും 46 സീനിയർ റസിഡന്റ്സും 62 ജൂനിയർ റസിഡന്റ്സും 100 ഹൗസ് സർജന്മാരും 6 പി.ജി. വിദ്യാർത്ഥികളും മഞ്ചേരി മെഡിക്കൽ കോളേജിൽ സേവനം അനുഷ്ഠിച്ചുവരുന്നുണ്ട്. മറ്റ് വിശദമായ കാര്യങ്ങൾ മേശപ്പുറത്തുവയ്ക്കുകയാണ്.+

ശ്രീ. പി. നന്ദകുമാർ: സർ, മഞ്ചേരി മെഡിക്കൽ കോളേജിൽ സ്കാനിംഗ് സൗകര്യം ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല. അവിടെ സ്കാനിംഗ് സൗകര്യമില്ലാത്തതുകൊണ്ട് എമർജൻസി കേസുകളിൽ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് പോകേണ്ട സാഹചര്യമുണ്ട്. അടിയന്തരമായി അത് നടപ്പിലാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

ശ്രീമതി വീണാ ജോർജ്: സർ, അക്കാര്യത്തെക്കുറിച്ച് പറഞ്ഞിരുന്നു. അതിനുവേണ്ടി 7.10 കോടി രൂപ അനുവദിച്ചിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ഞാൻ ഇക്കാര്യം സംസാരിക്കുമ്പോൾ സംസ്ഥാന ആരോഗ്യ

+ അനുബന്ധമായി ചേർക്കുന്നു.

വകുപ്പിന് അർഹമായ വിഹിതങ്ങളിൽ ഒരു രൂപപോലും കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. ഇത് വളരെ ദുഃഖകരമാണ്. സംസ്ഥാനത്തിന് അർഹമായിട്ടുള്ള സാമ്പത്തിക വിഹിതങ്ങൾ കേന്ദ്രം നിഷേധിക്കുന്നതിനെതിരെ ജനാധിപത്യപരമായി പ്രതിഷേധിക്കേണ്ടത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം കൂടിയാണ്. അതിൽനിന്നാണ് അവർ ഒളിച്ചോടിപ്പോകുന്നത്. കേന്ദ്രം സംസ്ഥാനത്തോട് ധനനിഷേധം നടത്തുമ്പോൾ ഇവിടെ സൂചിപ്പിച്ച എല്ലാ കാര്യങ്ങളും സംസ്ഥാനം ഒറ്റയ്ക്ക് മുന്നോട്ടുകൊണ്ടുപോകുകയാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്രത്തിനോട് പ്രതിഷേധം അറിയിക്കാതെ, ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള പ്രതിപക്ഷത്തിന്റെ ഈ ശ്രമം അത്യന്തം അപഹാസ്യമാണ്. ഇക്കാര്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിനൊപ്പം നിൽക്കണമെന്ന കാര്യംകൂടി ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്.

**മി. സ്പീക്കർ:** ശ്രീ. ഐ. സി. ബാലകൃഷ്ണൻ.......Not in the seat

(ശ്രീ ഐ.സി. ബാലകൃഷ്ണൻ സീറ്റിലില്ലാത്തതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

**[11.15 a.m.]**

## VII. **സബ്മിഷൻ**

### (1) ഉളിയംകടവിൽ റഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. എം. രാജഗോപാലൻ: സർ, തൃക്കരിപ്പൂർ-പയ്യന്നൂർ മണ്ഡലങ്ങളെയും അതുവഴി കാസർഗോഡ്-കണ്ണൂർ ജില്ലകളെയും ബന്ധിപ്പിക്കുന്ന ഉളിയംകടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കണമെന്ന ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ചരിത്ര പ്രാധാന്യമുള്ള ഇടമാണിത്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഉജ്ജ്വല അദ്ധ്യായമായിരുന്ന മഹാത്മജിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പുകുറുക്കൽ സമരത്തിൽ ഉളിയംകടവ് ഒരു സമര കേന്ദ്രമായിരുന്നു. സ്വാതന്ത്ര്യസമര സ്മൃതികളിലിരമ്പുന്ന ഉപ്പുസത്യാഗ്രഹ സ്മൃതിമണ്ഡപം ഇവിടെ സ്ഥിതി ചെയ്യുന്നു. ഈ പദ്ധതി നടപ്പിലാക്കിയാലുണ്ടാകുന്ന നേട്ടങ്ങൾ വളരെ പ്രധാനമാണ്. ഒന്ന്, ഇരുകരകളിലും റോഡുകളുണ്ട്. പാലം നിർമ്മിച്ചാൽ കണ്ണൂർ ജില്ലയിലെ

പയ്യന്നൂരുമായും കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തുമായും ബന്ധിപ്പിക്കാൻ കഴിയും. രണ്ട്, നദിയുടെ വലതുകരയിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് തൊട്ടടുത്ത പയ്യന്നൂർ ടൗണിൽ സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് പോകുന്നതിന് അഞ്ച് കിലോ മീറ്റർ ദൂരം ലാഭിക്കാൻ കഴിയും. മൂന്ന്, പദ്ധതി പ്രാവർത്തികമായാൽ ഏകദേശം 800 ഹെക്ടറോളം കൃഷി സ്ഥലത്ത് ഉൾപ്പെടുന്ന തെങ്ങ്, കവുങ്ങ്, നെല്ല്, പച്ചക്കറികൾ തുടങ്ങിയ കാർഷിക വിളകൾക്ക് ജലസേചനത്തിന് ഉപകാരപ്രദമാകും. അതുപോലെ ഈ പ്രദേശത്ത് ഉപ്പുവെള്ളം കയറുന്നത് തടയാൻ സാധിച്ചാൽ അവിടത്തെ ജനങ്ങൾ (ഒരു മുനിസിപ്പാലിറ്റിയിലും നാല് പഞ്ചായത്തുകളിലും ഉൾപ്പെട്ട ജനങ്ങൾ) വേനൽക്കാലത്ത് അനുഭവിക്കുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്താൻ കഴിയും.

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്.... കൺക്ലൂഡ്

ശ്രീ. എം. രാജഗോപാലൻ: സർ, വേനൽ വേലിയേറ്റംമൂലം ഉപ്പുവെള്ളം കയറി കൃഷിയിടം നശിക്കുകയാണ്. ഈ പദ്ധതിക്കുവേണ്ടി 85.40 കോടി

രൂപയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. നബാർഡ് വഴിയോ മറ്റ് സാമ്പത്തിക ഏജൻസികൾ വഴിയോ അല്ലെങ്കിൽ ബഡ്ജറ്റ് ഫണ്ട് വഴിയോ ഈ വർഷം തന്നെ പദ്ധതിക്ക് ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ........ (ബഹളം) ..........

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇതുസംബന്ധിച്ച മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

(2) കാഞ്ഞിരപ്പുഴ ഡാം കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച്

ശ്രീമതി ശാന്തകുമാരി കെ: സർ, കാഞ്ഞിരപ്പുഴ അണക്കെട്ട് കമ്മീഷൻ ചെയ്യണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പാലക്കാടിന്റെ കാർഷിക പ്രശ്നത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ ഭാരതപ്പുഴയുടെ കൈവഴിയായ കാഞ്ഞിരപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ചിരുന്ന കാഞ്ഞിരപ്പുഴ അണക്കെട്ടിന് മൂന്നാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി 1961-ലാണ് 365 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭിച്ചത്. ...(ബഹളം)... 1964-ൽ ആസൂത്രണ

\+ അനുബന്ധമായി ചേർക്കുന്നു.

കമ്മീഷന്റെ അനുമതിയും 1966-ൽ കേരള സർക്കാർ ഭരണാനുമതിയും നൽകിയിട്ടുള്ള കാഞ്ഞിരപ്പുഴ അണക്കെട്ട് നാളിതുവരെ പൂർണ്ണമായും കമ്മീഷൻ നടത്തിയിട്ടില്ല. 70.8 ദശലക്ഷം ഘനമീറ്റർ സംഭരണശേഷിയുള്ള ഡാമും 66 കിലോമീറ്റർ നീളം വരുന്ന ഇടതുകര കനാലും 9.36 കിലോമീറ്റർ നീളം വരുന്ന വലതുകര കനാലും കൂടാതെ 196.02 കിലോമീറ്റർ ഡിസ്ട്രിബ്യൂട്ടറി ആൻഡ് മൈനർ ഡിസ്ട്രിബ്യൂട്ടറി കനാലുമാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിഭാവനം ചെയ്തത്. 1980-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. പൂർത്തിയായ കനാൽ ശൃംഖലയിലൂടെ പാലക്കാട് താലൂക്കിലെ മണ്ണാർക്കാട്, ഒറ്റപ്പാലം ഭാഗത്തെ 8467 ഹെക്ടർ സ്ഥലം ജലസേചനത്തിനുവേണ്ടി ഉപയോഗിച്ചുവരികയാണ്. ഇതിലേറ്റവും ശ്രദ്ധേയമായ വിഷയം, നിലവിൽ 61.70 കിലോമീറ്റർ വരെയുള്ള കാഞ്ഞിരപ്പുഴ കനാലിലൂടെ ജലവിതരണം നടത്തുന്നുണ്ടെങ്കിലും കാലപ്പഴക്കംമൂലം കനാലിലൂടെയുള്ള ജലച്ചോർച്ച വളരെ കൂടുതലായതിനാൽ ജലവിതരണം നടത്തുന്നതിൽ ബുദ്ധിമുട്ട് നേരിടുകയാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി ....(ബഹളം).....വാലറ്റം വരെയുള്ള

ജലവിതരണം വളരെ സുഗമമായി നടക്കും. അതുകൂടാതെ നിലവിൽ 4.29 കിലോമീറ്റർ ഇടതുകര മെയിൻ കനാലും 4 ഡിസ്ട്രിബ്യൂട്ടറി നിർമ്മാണവും ഏറ്റെടുത്ത് അത് കമ്മീഷൻ ചെയ്യേണ്ടതുണ്ട്...... (ബഹളം).....

മി. സ്പീക്കർ: യെസ്....യെസ്..... പ്ലീസ്.......പ്ലീസ്........

ശ്രീമതി ശാന്തകുമാരി കെ.: സർ, വർഷങ്ങൾ നിലനിൽക്കുന്ന ഈ ജലസേചന/കുടിവെള്ള പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനുള്ള അടിയന്തര നടപടി കമ്മീഷൻ ചെയ്ത് ഏറ്റെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ ഇതുസംബന്ധിച്ച മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

## (3) ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മാണം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, വളരെയേറെ ടൂറിസം പ്രാധാന്യമുള്ള റോഡാണ് പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡായ ഈരാറ്റുപേട്ട-വാഗമൺ റോഡ്. കാലങ്ങളായി തകർന്നുകിടക്കുന്ന പ്രസ്തുത റോഡ് ഈ ഗവൺമെന്റിന്റെ കാലത്ത് 20 കോടി രൂപ അനുവദിച്ച് BM&BC

\+ അനുബന്ധമായി ചേർക്കുന്നു.

നിലവാരത്തിൽ റീ-ടാർ ചെയ്തു. അക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയെയും വകുപ്പിനെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. എന്നാൽ 1960-കളിൽ നിർമ്മിച്ച ടി റോഡ് ആധുനിക നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിനുവേണ്ടി കിഫ്ബി മുഖേന 63.99 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് 85.66 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 458 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. RICK (Road Infrastructure Company Kerala Ltd) എന്ന ഗവൺമെന്റ് ഏജൻസിയെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ അതിന്റെ അന്തിമഘട്ടത്തിലെത്തിയിട്ടുമുണ്ട്. എന്നാൽ ഈ സന്ദർഭത്തിൽ 12-10-2023-ൽ ഈ പദ്ധതിയുടെ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദ്ദേശിച്ച് കിഫ്ബി RICK-ന് ഒരു കത്ത് നൽകിയിരിക്കുകയാണ്. 65 വർഷം മുമ്പ് നിർമ്മിച്ച ഈ മലമ്പ്രദേശ റോഡ് അന്നത്തെ കാലഘട്ടത്തേക്കാൾ പതിന്മടങ്ങ് ഗതാഗതാവശ്യം വർദ്ധിച്ചിരിക്കുന്ന സന്ദർഭത്തിൽ വീതികൂട്ടിയും മതിയായ ഓടകൾ തീർത്തും സംരക്ഷണ ഭിത്തികളും സുരക്ഷാ ക്രമീകരണങ്ങളുമൊക്കെ ഒരുക്കി പുനർനിർമ്മിക്കേണ്ടത് അടിയന്തരാവശ്യമാണ്. അതിനാൽ ടി റോഡിന് പുനർനിർമ്മാണാവശ്യത്തിനായി സ്ഥലം

ഏറ്റെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശം കിഫ്ബിക്ക് നൽകി ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

## (4) റിംഗ് ബണ്ട് റോഡ് നിർമ്മാണം

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, വൈപ്പിൻ നിയോജകമണ്ഡലത്തിന്റെ വികസനത്തിനായി കിഫ്ബി അനുവദിച്ച തുകകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിൽ കാലതാമസം നേരിടുന്നതിലൂടെ പദ്ധതികൾ നടപ്പിലാകാതെ തുക നഷ്ടപ്പെടുന്ന അവസ്ഥയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പ്രതിപക്ഷാംഗങ്ങൾ നിശബ്ദമായിരിക്കണമെന്ന് അപേക്ഷിക്കുകയാണ്. കാരണം ഇത് പ്രതിപക്ഷ നേതാവിന്റെകൂടി മണ്ഡലത്തെ ബാധിക്കുന്ന കാര്യമാണ്. വൈപ്പിൻ-പറവൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കടമക്കുടി ഗ്രാമപഞ്ചായത്തിലെ കടമക്കുടി

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

പിഴല പാലത്തിനായി കിഫ്ബി 43.7 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഈ പാലം യാഥാർത്ഥ്യമാക്കുവാൻ സാധിച്ചിട്ടില്ല. എറണാകുളത്തുനിന്നും കണ്ടെയ്നർ റോഡുവഴി പറവൂർ മണ്ഡലത്തിൽ എത്തിച്ചേരുന്നതിനായി ആവിഷ്കരിച്ച എളുപ്പമാർഗ്ഗമായ മൂന്ന് പാലങ്ങളുടെ പദ്ധതിയിൽ രണ്ടാമത്തെയും മധ്യത്തിലെയും പാലമാണിത്. ആദ്യത്തെ പാലമായ മൂലമ്പള്ളി പാലത്തിന്റെ പണി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുള്ളതും അവസാന പാലമായ ചാത്തനാട് കടമക്കുടി പാലത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലുമാണ്. വാട്ടർ മെട്രോ വരുന്നതോടെ സാധാരണ ജനവിഭാഗം താമസിക്കുന്ന ഈ പ്രദേശത്തെ ഗതാഗത പ്രശ്നത്തിന് പരിഹാരമായെന്ന കിഫ്ബിയുടെ നിഗമനം യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതാണ്. പ്രസ്തുത നിഗമനവും ഈ പാലങ്ങൾ തമ്മിലുള്ള കണക്റ്റിവിറ്റി ഇല്ലായെന്നതുമാണ് മുഖ്യമായും ഈ പാലത്തിനായുള്ള ഫണ്ട് തൽക്കാലം നീക്കിവയ്ക്കുന്നതിന് കിഫ്ബി കാരണമായി പറഞ്ഞിട്ടുള്ളത്. അതുപോലെതന്നെ വൈപ്പിൻകരയിലെ വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിനായി അനുവദിച്ചിരുന്ന 75 കോടി

രൂപ ലാപ്സാകുന്ന സ്ഥിതിയാണ്. അവിടത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളനുസരിച്ച് വൈപ്പിൻകരയുടെ നിലനിൽപ്പിനും സുഗമമായ ഗതാഗതത്തിനുമുതകുന്ന കായൽ റോഡിന്റെ നിർമ്മാണത്തിനായി ആ 75 കോടി രൂപ മാറ്റി അനുവദിക്കണമെന്ന ആവശ്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുപോലെതന്നെ വളരെ പ്രശസ്തമായ മുളവുകാട് പഞ്ചായത്തിലെ വല്ലാർപാടം പ്രദേശത്തെ ദ്വീപിന്റെ സംരക്ഷണത്തിനായി ആവിഷ്കരിച്ച 20 കോടി രൂപയുടെ വല്ലാർപാടം-പനമ്പുകാട് റിംഗ് ബണ്ട് റോഡും നാളിതുവരെ നടപ്പിലാക്കാൻ ഭരണാനുമതി നൽകിയ പൊതുമരാമത്ത് വകുപ്പിന് കഴിഞ്ഞിട്ടില്ല. ഇക്കാര്യം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗം ആറ് പദ്ധതികളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. അതിനെ സംബന്ധിച്ചുള്ള വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

**(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)**

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

(5) കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തി

ശ്രീ. പി. പി. സുമോദ്: സർ, ബഡ്ജറ്റിൽ 3.40 കോടി രൂപ ഉൾപ്പെടുത്തിയ എന്റെ മണ്ഡലത്തിലെ പുതുക്കോട് പഞ്ചായത്തിലെ കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തിയെ സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ ഈ റോഡ് ചേലക്കര മണ്ഡലത്തെ ബന്ധിപ്പിക്കുന്ന ധാരാളം യാത്രക്കാർ സഞ്ചരിക്കുന്ന റോഡ് കൂടിയാണ്. എന്നാൽ കരാറുകാരന്റെ കെടുകാര്യസ്ഥതമൂലം ഈ റോഡിന്റെ പ്രവൃത്തിക്ക് കാലതാമസം നേരിട്ടതിനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. പ്രദേശവാസികളെയാകെ ബുദ്ധിമുട്ടിലാക്കുന്ന ഈ റോഡിന്റെ പണി പൂർത്തീകരിക്കാൻ റീ-ടെണ്ടർ നടപടികൾ അടിയന്തരമായി നടത്തി ഒരു മാസത്തിനുള്ളിൽത്തന്നെ റോഡിന്റെ പണി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(6) സ്പോർട്സ് ക്വാട്ടയിലെ സൂപ്പർ ന്യൂമററി സർവ്വീസ്

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, 2017-2018-ൽ കേരളത്തിനുവേണ്ടി സന്തോഷ് ട്രോഫി നേടിയ 11 ടീമംഗങ്ങൾക്ക് സംസ്ഥാന സർക്കാർ വിദ്യാഭ്യാസ വകുപ്പിൽ ജോലി നൽകിയിരുന്നു. അവർക്ക് ജോലി നൽകിയതിലൂടെ കേരളത്തിലെ കായിക മേഖലയിൽ വലിയ ഉണർവ്വാണ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്. അന്ന് സർവ്വീസിൽ പ്രവേശിച്ച കായികതാരങ്ങൾക്ക് ആക്ടീവ് സ്പോർട്സിൽ നിലനിൽക്കുന്നതിനുവേണ്ടി 35 വയസ്സുവരെ സൂപ്പർ ന്യൂമററിയായി തുടരുവാൻ അനുമതി നൽകിയിരുന്നു. എന്നാൽ ഇപ്പോൾ അവധിയുമായി ബന്ധപ്പെട്ട് ഇറങ്ങിയിട്ടുള്ള പൊതുഭരണ വകുപ്പ് സർക്കാർ ഉത്തരവ് നം.123/2022 തീയതി 04-07-2023 പ്രകാരം ആകെ മൂന്നുമാസക്കാലം മാത്രമായി അവധി ചുരുക്കിയിരിക്കുകയാണ്. ഐ.എസ്.എൽ. (ഇന്ത്യൻ സൂപ്പർ ലീഗ്) പോലെയുള്ള മത്സരങ്ങളിലും പ്രൊഫഷണൽ ടീമിന്റെ പങ്കാളികളാകുന്നതിന്റെ ഭാഗമായും ഇവർക്ക് പ്രത്യേകമായ മൂന്ന് മാസക്കാലയളവിൽ അത് കൈകാര്യം

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ചെയ്തുപോകാൻ സാധിക്കാത്ത അവസ്ഥ സൃഷ്ടിക്കപ്പെടുകയാണ്. അതിന്റെ ഭാഗമായി കേരളത്തിന്റെ അഭിമാന താരങ്ങൾക്ക് കിട്ടിയ ഈ അംഗീകാരം പൂർണ്ണമായും പ്രയോജനപ്പെടുത്തണമെന്നും 35 വയസ്സുവരെ സൂപ്പർ ന്യൂമററിയായി സർവ്വീസിൽ തുടരുന്നതിന് അനുമതി നൽകണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ):സർ, ഞാൻ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

**[11.26 a.m.]**

## VIII. മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് I പ്രകാരം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസ് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2024 | 1 | 2023-ലെ ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് | അല്ല |

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

II തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ് ):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസ് | | | ചട്ടം75 (2)പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2023 | 3 | 2023-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2023 | 4 | 2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് | അല്ല |

**[11.27 a.m.]**

## IX. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച

ശ്രീ. ഇ. ചന്ദ്രശേഖരൻ: "2024 ജനവരി 25-ന് ബഹുമാനപ്പെട്ട ഗവർണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

(നന്ദിപ്രമേയത്തിന് ഭേദഗതികൾ നൽകിയിട്ടുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]**

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2024 ജനുവരി 25-ന് ഗവർണർ നിയമസഭാംഗങ്ങളോട് നടത്തിയ പ്രസംഗം അദ്ദേഹത്തിന്റെ ഭരണഘടന ബാധ്യതയെന്ന രീതിയിൽ നിർവ്വഹിക്കുകയാണ് ചെയ്തതെന്ന് നമുക്കെല്ലാമറിയാം. ഗവർണർ പ്രസംഗത്തിന്റെ ആദ്യ വാചകവും അവസാന വാചകവും മാത്രമായി വായിച്ചാൽ സാങ്കേതികമായി അദ്ദേഹത്തിന്റെ നയപ്രഖ്യാപനം കഴിഞ്ഞുവെന്നാണ് വയ്പ്. പക്ഷെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് സഭാതലത്തിൽ അദ്ദേഹത്തിന് വായിക്കാൻ തോന്നിയില്ലെന്നത് മറ്റൊരു കാര്യമാണ്. ഇത്തരമൊരു സന്ദർഭത്തിൽ ബഹുമാനപ്പെട്ട ഗവർണർ തുടർന്ന്

സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാടുകളെക്കുറിച്ച് നമുക്ക് കാണാൻ സാധിക്കും. നിയമസഭാ വേദിയിൽ മാത്രമല്ല അതിനുശേഷവും ഗവർണർ സ്വീകരിച്ച നടപടി നമ്മളെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. നിയമസഭാ സമ്മേളനത്തിനുശേഷമാണ് അദ്ദേഹം നിലമേൽ എന്ന സ്ഥലത്ത് സ്വീകരിച്ച പുതിയ അടവുകൾ നമുക്ക് കാണാൻ കഴിഞ്ഞത്. നിലയില്ലാതെ പോയി നിലമേലെത്തി നിലത്തിരുന്ന് സമരം നടത്തുന്നൊരു നടപടിയാണ് അദ്ദേഹം സ്വീകരിച്ചത്. ഏതായാലും അത്തരം സന്ദർഭത്തിൽ നമ്മുടെ രാജ്യത്ത് പൊതുവിൽ ഗവർണർമാർ സ്വീകരിക്കുന്ന നിലപാടിനെക്കുറിച്ച് നമുക്കെല്ലാം നല്ല ബോധ്യമുള്ളതാണ്. ഒരുവശത്ത്, കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റിന്റെ നയങ്ങളിൽനിന്ന് വ്യത്യസ്തമായ നയം നടപ്പാക്കുന്ന സംസ്ഥാന ഗവൺമെന്റുകളെ എങ്ങനെയൊക്കെയാണ് പ്രയാസപ്പെടുത്തേണ്ടതെന്ന് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക നടപടികളിലൂടെ വീക്ഷിക്കാവുന്നതാണ്. അതോടൊപ്പം സംസ്ഥാനത്തേയ്ക്കയച്ചിട്ടുള്ള കേന്ദ്രത്തിന്റെ പ്രതിനിധിയെന്ന നിലയിലുള്ള ഗവർണർമാരുടെ പ്രവർത്തനത്തിൽക്കൂടി ബി.ജെ.പി. ഇതര

ഗവൺമെന്റുകളെ പ്രയാസപ്പെടുത്താനും ശ്വാസംമുട്ടിക്കാനും ഗവർണർ പദവി ഉപയോഗിക്കുന്നുവെന്നത് നമുക്ക് കാണാൻ കഴിയുന്നതാണ്. ഭരണഘടനയിൽ പറയുന്ന ഗവർണർ പദവി പഴയ കൊളോണിയൽ വ്യവസ്ഥയുടെ ബാക്കിപത്രമാണ്. സി.പി.ഐ.യെ സംബന്ധിച്ചിടത്തോളം ഈ ഗവർണർ പദവിതന്നെ നമ്മുടെ രാജ്യത്തിന് ആവശ്യമില്ലെന്ന അഭിപ്രായമാണ് രേഖപ്പെടുത്താനുള്ളത്. ഇത്തരം ഗവർണർമാർ വിവിധ സംസ്ഥാനങ്ങളിൽ കടന്നുചെന്ന് കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളിൽനിന്ന് വ്യത്യസ്തമായ നയം നടപ്പാക്കുന്ന സംസ്ഥാനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്. അത്തരമൊരു നിലപാട് സ്വീകരിക്കാൻ രാജ്യവ്യാപകമായി തയ്യാറാകുന്ന സാഹചര്യമുണ്ടായാൽ ഭരണഘടനാ ഭേദഗതിയിലൂടെ മാറ്റംവരുത്തി ഗവർണർ പദവി തന്നെ ഒഴിവാക്കേണ്ടതാണെന്ന കാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റാണ് അധികാരത്തിലിരിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളിൽനിന്ന് വ്യത്യസ്തമായ നയമാണ് ഈ

ഗവൺമെന്റ് സ്വീകരിച്ചുപോരുന്നത്. 1991-ൽ അന്നത്തെ പ്രധാനമന്ത്രി നരസിംഹറാവുവും ധനകാര്യ വകുപ്പുമന്ത്രി ഡോ. മൻമോഹൻ സിംഗും രാജ്യത്ത് നടപ്പാക്കാൻ തുടങ്ങിയ പുത്തൻ സാമ്പത്തിക നയത്തിന്റെ പരിണിതഫലം ഇന്ന് രാജ്യവ്യാപകമായി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ നയം ഏറ്റവും വലിയ കുത്തകകളെ പ്രോത്സാഹിപ്പിക്കാനും കോർപ്പറേറ്റുകൾക്ക് കൂടുതൽ സൗകര്യമുണ്ടാക്കാനും രാജ്യം ദീർഘമായ കാലംകൊണ്ട് നേടിയിട്ടുള്ള എല്ലാവിധ സംവിധാനങ്ങളെയും നേട്ടങ്ങളെയും ഇല്ലായ്മ ചെയ്യാനും ഇപ്പോൾ വഴിവച്ചിട്ടുണ്ടെന്ന് കാണാൻ സാധിക്കും. (....ബഹളം....) കുത്തകകളുടെയും ശതകോടീശ്വരന്മാരുടെയും എണ്ണം വർദ്ധിക്കുകയാണ്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി പുതിയ കോർപ്പറേറ്റുകൾ രാജ്യത്തിന്റെ ഭരണ രംഗത്തുപോലും സ്വാധീനം ചെലുത്തി എല്ലാവിധത്തിലുള്ള നേട്ടങ്ങളും കൈവരിക്കുകയാണ്. നാടിന്റെ സാമ്പത്തിക മേഖലയിൽ അവർക്ക് കടന്നുകയറാൻ കഴിയാത്ത ഒരു മേഖലയുമില്ലെന്ന് വന്നിരിക്കുകയാണ്. തീർച്ചയായും അത്തരമൊരു പുത്തൻ സാമ്പത്തിക നയം സ്വീകരിക്കുന്ന ഗവൺമെന്റിനെതിരെ ഒരു ബദൽ നയം നടപ്പാക്കുന്ന

ഗവൺമെന്റെന്ന നിലയ്ക്കാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 2016-2021 കാലഘട്ടത്തിൽ ഇവിടെ പ്രവർത്തിച്ചതെന്ന് എല്ലാവർക്കുമറിയാം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പൊതുവായ സാമ്പത്തിക രംഗത്തെ നിലപാടുൾപ്പെടെ വളരെ ദുർബലരായ ജനവിഭാഗങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നടപടി സ്വീകരിക്കാനും പിന്നാക്ക വിഭാഗങ്ങളെ സംരക്ഷിക്കാനും പ്രത്യേകിച്ച് അതിദരിദ്രരെ കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് മുന്നോട്ട് കൊണ്ടുവരാൻ ശ്രമിക്കാനും നമ്മുടെ നാടിന്റെ സമഗ്ര വികസനത്തിനാവശ്യമായ നടപടികൾ ഒന്നൊന്നായി സ്വീകരിക്കാനും വിദ്യാഭ്യാസ രംഗമുൾപ്പെടെയുള്ള എല്ലാ മേഖലകളിലും അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനും സാധിച്ചിട്ടുണ്ടെന്നത് ഈ സംസ്ഥാനത്തെ എല്ലാ വകുപ്പുകളുടെയും കഴിഞ്ഞ കാലത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. അടിസ്ഥാനപരമായി പുത്തൻ സാമ്പത്തിക നയത്തിനെതിരായ ബദൽ നയം നടപ്പാക്കുന്ന വൻകിടക്കാരുടെയും കോർപ്പറേറ്റുകളുടെയും കുത്തകകളുടെയും താല്പര്യത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന സമൂഹത്തിലെ

ദുർബലരുടെയും പാവപ്പെട്ടവരുടെയും രക്ഷയ്ക്കുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റെന്ന നിലയ്ക്കാണ് ഈ ഗവൺമെന്റ് ഇവിടെ നിലനിൽക്കുന്നത്. അതിന്റെ ഫലമായാണ് 2016-2021-ലെ ഗവൺമെന്റിന് ഭരണത്തുടർച്ചയുണ്ടായത്. ആ ഭരണത്തുടർച്ചയ്ക്ക് ഇടവരുത്തിയ സാഹചര്യത്തെക്കുറിച്ച് കഴിഞ്ഞ കാലങ്ങളിൽ ദീർഘമായി ചർച്ച ചെയ്തിട്ടുള്ളതാണ്. ആ ഭരണത്തുടർച്ചയ്ക്കുശേഷം ഇപ്പോൾ കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് കഴിഞ്ഞ രണ്ടര വർഷക്കാലത്തിനിടയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. കേരളത്തിന്റെ സമഗ്രമായ വികസനത്തിനും എല്ലാ മേഖലകളിലും വികസനമുണ്ടാക്കാനും എല്ലാ ജനവിഭാഗങ്ങളെയും ഒന്നിച്ചുചേർത്ത് മുന്നോട്ടുനയിക്കാനും പ്രധാനപ്പെട്ട വിഷയങ്ങൾ ഒന്നൊന്നായി പരിഹരിച്ച് മുന്നോട്ടുപോകാനുമുള്ള ശ്രമമാണ് നടത്തുന്നത്. നവകേരള സദസ്സിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ മുഴുവൻ ജനങ്ങളെയും ഒന്നിച്ച് അണിനിരത്താൻ കഴിഞ്ഞിട്ടുള്ള അതിബൃഹത്തായ പരിപാടിയെന്ന നിലയ്ക്കാണ് നമുക്ക് മുന്നോട്ടുപോകാൻ

സാധിച്ചത്. അതിന്റെ ഫലമായി കേരളീയ സമൂഹത്തിൽ പുത്തൻ ഉണർവുണ്ടായിട്ടുണ്ട്. കേരളത്തിലെ എല്ലാ മേഖലയിലും നടക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചും നടന്നതുമായ കാര്യങ്ങൾ പറയുകയും കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങളുടെ ഫലമായി നമ്മൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തുകൊണ്ട് മുന്നോട്ടുപോയപ്പോൾ നമ്മുടെ സംസ്ഥാനത്തെ പ്രതിപക്ഷം അതിനോട് മുഖം തിരിച്ചുനിന്നുവെന്നത് നമ്മളെല്ലാവരും കണ്ടതാണ്. ആ പരിപാടിയുമായി സഹകരിച്ച് മുന്നോട്ടുപോകാനും കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായ അതിശക്തമായ മുന്നേറ്റം കേരളത്തിലുണ്ടെന്ന് ബോധ്യപ്പെടുത്താനും സഹായകരമായ വിധത്തിൽ പ്രതിപക്ഷത്തിന്റെകൂടി പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചതാണ്. അവർ അതിനെതിരെ എല്ലാ അർത്ഥത്തിലും നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. എന്നാൽ കേരളത്തിലെ ജനങ്ങൾ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങളെയും നടപ്പാക്കിയ പദ്ധതികളെയും അതോടൊപ്പം ഗവൺമെന്റിനെ ശ്വാസം മുട്ടിക്കുന്ന കേന്ദ്രഗവൺമെന്റ് നയങ്ങളെയും

ചെറുത്ത് നിൽക്കാൻ സന്നദ്ധമായെന്ന് തെളിയിച്ചതായിരുന്നു നവകേരള സദസ്സുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുള്ളതെന്ന് കാണാൻ കഴിയും. കഴിഞ്ഞ തവണ കേരളത്തിൽനിന്ന് തെരഞ്ഞെടുത്ത് കേന്ദ്രത്തിലേക്ക് എം.പി.മാരായി പോയിട്ടുള്ള നമ്മുടെ സുഹൃത്തുക്കൾ കേരളത്തിലെ ജനങ്ങളുടെ ഏറ്റവും അടിസ്ഥാന പ്രശ്നങ്ങളായ റെയിൽവേ വികസനം, റേഷൻ സംവിധാനങ്ങൾ, അർഹമായ ആവശ്യങ്ങൾ, ചികിത്സാ രംഗത്ത് AIIMS പോലുള്ള ആശുപത്രി സംവിധാനങ്ങളുണ്ടാകേണ്ടതിന്റെ ആവശ്യകത എന്നിവയെല്ലാം ഉയർത്തിക്കൊണ്ടുവരുന്ന കേരളത്തിലെ ഗവൺമെന്റിനുവേണ്ടി ഒരു വാക്കുപോലും പാർലമെന്റിനകത്ത് ഉന്നയിക്കാൻ തയ്യാറായിട്ടില്ലെന്നത് ദുഃഖകരമായ വസ്തുതയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അനുദിനം ശക്തിപ്രാപിച്ചുകൊണ്ട് മുന്നോട്ടുപോകുകയും അതിന്റെ വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ അതിലേറ്റവും കൂടുതൽ വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് യു.ഡി.എഫ്.ഉം കേരളത്തിലെ ബി.ജെ.പി. ഉൾപ്പെടെയുള്ള പ്രതിപക്ഷവും ഒറ്റക്കെട്ടായി നിന്നുകൊണ്ട് സംസ്ഥാന ഗവൺമെന്റിനെ ശ്വാസം മുട്ടിക്കുന്ന

നടപടികൾ സ്വീകരിക്കുകയാണ്. യു.ഡി.എഫ്.ഉം., ബി.ജെ.പി.യും ഇതിൽ സമാനമായ നിലപാടാണ് സ്വീകരിക്കുന്നത്. നല്ലൊരു ബന്ധം സ്ഥാപിച്ച് പ്രതിപക്ഷ ഐക്യനിരയെന്ന നിലയിൽ ബി.ജെ.പി.യും കോൺഗ്രസ്സും ഒന്നിച്ചുനിന്നുകൊണ്ട് കേരളത്തിലെ ഗവൺമെന്റിന്റെ പ്രവർത്തനത്തെ എതിർക്കുന്നതിന്റെ അനുഭവമാണ് നമുക്ക് കാണാൻ കഴിയുന്നത്. (....ബഹളം....)...........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....

(തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുന്നതായി പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും മുദ്രാവാക്യം വിളിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും ചെയ്തു.)

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേന്ദ്രത്തിൽ കേരളത്തിന്റെ അവകാശങ്ങളെക്കുറിച്ച് പറയാൻ ബാധ്യതപ്പെട്ട എം.പി.മാർ അവിടെ കേരളത്തിനുവേണ്ടി ശബ്ദിക്കുന്നില്ല. അതോടൊപ്പം കേരളത്തിലെ പ്രതിപക്ഷ കക്ഷികൾ കേരളത്തിന്റെ പൊതുവായ പ്രശ്നങ്ങൾ ഉന്നയിക്കുന്ന സാഹചര്യം വരുമ്പോൾ അതിനോട് അനുകൂലമായി പ്രതികരിക്കാൻ

തയ്യാറാകുന്നില്ല. എല്ലാ അർത്ഥത്തിലും ബി.ജെ.പി.യും യു.ഡി.എഫ്.ഉം സമാനമായ നിലയിൽ കേരളത്തിലെ ഗവൺമെന്റിനെ എങ്ങനെയെല്ലാം ബുദ്ധിമുട്ടിക്കാമെന്നാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ മുഴുവൻ പ്രതിപക്ഷത്തിന്റെയും ഒറ്റക്കെട്ടായ എതിർപ്പുകളെ നേരിട്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ കാലങ്ങളിൽ ഓരോ മേഖലയിലും നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ള ഒരുപിടി നേട്ടങ്ങൾ എണ്ണിയെണ്ണി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതെല്ലാം പ്രതിപക്ഷത്തിന്റെ എതിർപ്പുകളെ നേരിട്ടുകൊണ്ടും ജനങ്ങളുടെ പിന്തുണയോടും കൂടിയാണ് ഈ ഗവൺമെന്റിന് നടപ്പാക്കാൻ കഴിഞ്ഞത്. കേരളത്തിന് അർഹമായി ലഭിക്കേണ്ട വിഹിതം പോലും കേന്ദ്രഗവൺമെന്റ് അനുവദിക്കുന്നില്ല. പത്താം ധനകാര്യ കമ്മീഷന്റെ കാലഘട്ടത്തിൽ പദ്ധതി വിഹിതമായി കേരളത്തിന് അനുവദിച്ചിരുന്ന തുക 3.8 ശതമാനമായിരുന്നത് ഇപ്പോൾ 1.9 ശതമാനം മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ എങ്ങനെ തടസ്സപ്പെടുത്താമെന്നും ബി.ജെ.പി. ഇതര ഗവൺമെന്റെന്ന നിലയിൽ ഈ

ഗവൺമെന്റിനെ എങ്ങനെയാണ് എതിർക്കേണ്ടതെന്നുമുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ഈ സംസ്ഥാനങ്ങളിലെല്ലാം സാമ്പത്തികമായ നിയന്ത്രണങ്ങൾ വരുത്തുന്നത് സംബന്ധിച്ച് കഴിഞ്ഞ ദിവസങ്ങളിൽ മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധിച്ചാൽ മനസ്സിലാക്കാൻ കഴിയും. 2014-ൽ ആദ്യമായി ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നീതി ആയോഗിന്റെ യോഗങ്ങളിലടക്കം പങ്കെടുത്തുകൊണ്ട് എങ്ങനെയാണ് സംസ്ഥാനങ്ങളുടെ വിഹിതം വെട്ടിക്കുറയ്ക്കാൻ കഴിയുകയെന്നതാണ് അദ്ദേഹം ആദ്യം സ്വീകരിച്ച നിലപാട്. സംസ്ഥാനങ്ങളുടെ വിഹിതം വെട്ടിക്കുറയ്ക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ നിരന്തരമായ ചർച്ചകൾ നടത്തുകയും ആ ചർച്ചകളിൽ അവസാന നിമിഷം വരെ നീതി ആയോഗിന്റെ സി.ഇ.ഒ. ഉൾപ്പെടെയുള്ളവർ ശക്തമായി വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി സംസ്ഥാന വിഹിതം വെട്ടിക്കുറയ്ക്കാൻ കഴിയാതെ പോകുകയും കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഒന്നിച്ചുചേർത്ത് നടപ്പാക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യത്തിൽ വലിയതോതിൽ പണം വെട്ടിക്കുറച്ചതുമായ അനുഭവങ്ങൾ രാജ്യത്ത് പരസ്യമായി ചർച്ച

ചെയ്യപ്പെടുകയാണ്. സി.ഇ.ഒ. ഉൾപ്പെടെയുള്ളവർ അക്കാര്യങ്ങൾ പുറത്തുകൊണ്ടുവന്നിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ആർ.എസ്.എസ്.ന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനം നടത്തുന്ന ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യ മുന്നണി/കമ്മ്യൂണിസ്റ്റുകാർ നയിക്കുന്ന സംസ്ഥാന ഗവൺമെന്റിനെ യാതൊരു കാരണവശാലും ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ അനുവദിക്കില്ലെന്ന നിലപാടാണ് സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നയങ്ങൾ ഒരു വശത്ത് നടപ്പാക്കുകയും സമൂഹത്തിലെ ദുർബലരുടെ കാര്യങ്ങൾ അവർ കാണാതിരിക്കുകയും രാജ്യത്തെ വൻകിട കോർപ്പറേറ്റുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ എല്ലാവിധ സൗകര്യങ്ങളും അനുവദിച്ചുകൊടുക്കുകയും ചെയ്യുന്ന നിലപാടാണ് അവർ സ്വീകരിക്കുന്നത്. 2018 മുതൽ 2023 വരെയുള്ള കാലയളവിനുള്ളിൽ 10.5 ലക്ഷം കോടി രൂപയാണ് കോർപ്പറേറ്റുകൾക്കുവേണ്ടി അനുവദിക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായത്. എന്നാൽ സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങളുടെ അരി വിഹിതം വർദ്ധിപ്പിക്കാനോ സമൂഹത്തിലെ ദുർബലരുടെ

രക്ഷയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനോ തയ്യാറാകാതെ പണം ചെലവഴിച്ചാൽ ആ പണം ദുർവിനിയോഗമാണെന്നാണ് നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രി അഭിപ്രായപ്പെടുന്നത്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ദേശീയ തലത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി ഇതുവരെ അനുവദിച്ചതിനെക്കാൾ 29000-ൽ ചില്വാനം കോടി രൂപയുടെ വെട്ടിച്ചുരുക്കലാണ് ഈ കഴിഞ്ഞ ബഡ്ജറ്റിൽ കേന്ദ്ര ഗവൺമെന്റ് വരുത്തിയിരിക്കുന്നത്. നമ്മുടെ രാജ്യത്ത് ഏറ്റവുമധികം പ്രയാസപ്പെടുന്ന ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലല്ല മറിച്ച് മറ്റുപല കാര്യങ്ങളിലുമാണ് അവർക്ക് താല്പര്യം. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ മുഖ്യ പരിഗണന കൊടുക്കുന്നതെന്തിനാണ്? ഹിന്ദുത്വ അജണ്ട നടപ്പാക്കുന്നതിനുള്ള നടപടികളുമായി അവർ മുന്നോട്ടുപോകുകയാണ്. കോർപ്പറേറ്റുകളെ പ്രോത്സാഹിപ്പിക്കാനും അവർക്ക് സാമ്പത്തിക നേട്ടമുണ്ടാക്കിക്കൊടുക്കാനും എല്ലാ തരത്തിലുമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെയും അവരുടെ കൈകളിലേയ്ക്ക് ഏൽപ്പിച്ചുകൊടുക്കാനും വിമാനത്താവളങ്ങൾ, പോർട്ടുകൾ, റെയിൽവേ സ്റ്റേഷനുകൾ

എന്നിവയുൾപ്പെടെ കഴിഞ്ഞ അമ്പതുവർഷക്കാലംകൊണ്ട് നേടിയിട്ടുള്ള പൊതുസമ്പത്ത് അവരുടെ കൈകളിലെത്തിക്കുന്നതിനും പുറമെ ഹിന്ദുത്വ അജണ്ട നടപ്പാക്കിക്കൊണ്ട് രാജ്യത്തെ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ച് 2024-ലെ തെരഞ്ഞെടുപ്പിൽ എങ്ങനെ ജയിക്കാൻ കഴിയുമെന്നതിനെക്കുറിച്ചാണ് അവർ ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഏറ്റവും പ്രത്യക്ഷമായ ഉദാഹരണമായി മറ്റ് ഒട്ടേറെ കാര്യങ്ങളോടൊപ്പം ക്ഷേത്ര നിർമ്മാണ പ്രവർത്തനങ്ങളും നമുക്ക് കാണാൻ സാധിക്കും. ക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വലിയ താൽപ്പര്യത്തോടുകൂടി ഇറങ്ങിത്തിരിച്ചിരിക്കുന്നത് രാജ്യത്തെ പ്രധാനമന്ത്രിയാണെന്ന് നമുക്കറിയാം. നിർമ്മാണവും സംവിധാനവും വിതരണവും ഉൾപ്പെടെയുള്ള കാര്യങ്ങളെല്ലാം ഒരേയൊരാൾ നിർവ്വഹിക്കുന്നുവെന്ന രീതിയിലാണ് നമ്മുടെ രാജ്യത്തിന്റെ പൊതുപണം ഉപയോഗിച്ചുകൊണ്ട് ക്ഷേത്രനിർമ്മാണം നടത്തുന്നത്. ഒരു മതനിരപേക്ഷ രാജ്യത്തിന് ഒരിക്കലും ചേരാത്ത നടപടിയാണിത്. ഈ രാജ്യത്ത് ഇതിനുമുമ്പ് ഒരു ഭരണകർത്താവും സ്വീകരിച്ചിട്ടില്ലാത്ത നടപടി

ശ്രീ. നരേന്ദ്ര മോദി സ്വീകരിക്കുന്നു. രാജ്യത്തിന്റെ പണമുപയോഗിച്ച് ഒരു മതവിശ്വാസത്തിലുള്ള ആളുകൾക്കുവേണ്ടി മാത്രം ആരാധനാലയം നിർമ്മിക്കുന്നതോടൊപ്പം അതിന്റെ തുടർനടപടികളുമായി ബന്ധപ്പെട്ട എല്ലാ ചടങ്ങുകളും നടത്തുന്നതിന് അദ്ദേഹം തന്നെ മുന്നോട്ടുവരുന്നു. ഇതിന്റെയെല്ലാം ഫലമായി നമ്മുടെ രാജ്യത്തെ ഭൂരിപക്ഷം വരുന്ന ജനതയെ തങ്ങൾക്കനുകൂലമാക്കിക്കൊണ്ട് അവരുടെ വിശ്വാസം നേടിയെടുക്കാമെന്ന് മാത്രമല്ല, അയോദ്ധ്യ എന്ന കേന്ദ്രത്തെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായി അയോദ്ധ്യയെ മാറ്റാൻ പോകുകയാണ്. വ്യാവസായിക-വാണിജ്യ-ടൂറിസം ഉൾപ്പെടെയുള്ളവ ഇതിന്റെ ഭാഗമായി നടപ്പാക്കുകയാണ്. യഥാർത്ഥത്തിൽ വിശ്വാസികളെ പറഞ്ഞുപറ്റിക്കുന്ന ഏർപ്പാടാണ് കേന്ദ്ര ഭരണകർത്താക്കൾ സ്വീകരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി ലോകത്തെമ്പാടുമുള്ള ആളുകളെ അവിടേയ്ക്ക് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും അതിന്റെ ഭാഗമായി വലിയ ഒരുക്കങ്ങൾ നടക്കുകയും ചെയ്യുന്നു. വൻകിട

കോർപ്പറേറ്റ് ശക്തികൾ വലിയ തോതിൽ അവിടെ ഭൂമിയെടുത്ത് ഫൈവ് സ്റ്റാർ, സെവൻ സ്റ്റാർ ഹോട്ടലുകൾ നിർമ്മിക്കാനുള്ള സംവിധാനമുണ്ടാക്കുന്നു. അവർ രാജ്യത്തിന്റെയും ലോകത്തിന്റെയും നാനാഭാഗത്തുനിന്നും ആളുകളെ അവിടെയെത്തിച്ചുകൊണ്ട് തങ്ങളുടെ വാണിജ്യവും വ്യാവസായികപരവുമായ ലാഭം കൊയ്യാനുള്ള നടപടികളുൾപ്പെടെ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സമൂഹത്തിലെ ദുർബലരും പാവപ്പെട്ടവരുമായ മതവിശ്വാസികളെ അല്ലെങ്കിൽ ദൈവവിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് അവിടെ വലിയ സത്കർമ്മം ചെയ്യുന്നുവെന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഒരു വശത്ത് നടത്തുകയും മറുവശത്ത് വൻകിടക്കാരന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി ആരാധനാലയങ്ങളെയടക്കം ഉപയോഗിക്കുകയും ചെയ്യുന്ന സമീപനമാണ് കേന്ദ്ര ഭരണകർത്താക്കൾ സ്വീകരിക്കുന്നതെന്ന് കാണാൻ കഴിയും. അത്തരം പ്രവർത്തനങ്ങൾ നടത്തുമ്പോൾ സ്വാഭാവികമായും മതനിരപേക്ഷ രാജ്യത്തെ മതന്യൂനപക്ഷങ്ങൾ ഇപ്പോൾ വലിയ ആശങ്കയിലാണ്. അതുമായി ബന്ധപ്പെട്ട വലിയ വിഷയങ്ങൾ നമ്മുടെ രാജ്യത്ത് വളർന്നുവരികയാണ്. അയോദ്ധ്യ കഴിഞ്ഞാൽ, പുതിയ ചില

കേന്ദ്രങ്ങളിൽ ക്ഷേത്രങ്ങൾ നിർമ്മിക്കേണ്ടതാണെന്ന രീതിയിൽ ഇതരമതസ്ഥരുടെ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ വലിയ തോതിലുള്ള ഇടപെടലുകൾ നടത്താൻ ശ്രമിക്കുകയാണ്. ഇതിനാവശ്യമായ വിധത്തിൽ എല്ലാ സംവിധാനങ്ങളെയും ഉപയോഗിക്കാൻ കോടതികളെയുൾപ്പെടെ തങ്ങൾക്കനുകൂലമാക്കി മാറ്റാനുള്ള എല്ലാ നടപടികളും കേന്ദ്ര ഭരണകർത്താക്കൾ സ്വീകരിക്കുന്നു. എവിടെയെങ്കിലും വിയോജിപ്പിന്റെയോ എതിർപ്പിന്റെയോ ശബ്ദമുണ്ടെങ്കിൽ അവിടെയെല്ലാം കേന്ദ്ര ഏജൻസികളെ ഉപയോഗിച്ചുകൊണ്ടുള്ള കടന്നാക്രമണങ്ങൾ നടത്തിക്കൊണ്ട് ആളുകൾക്ക് നേരെയുള്ള പ്രവർത്തനങ്ങൾ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഒരു ജനാധിപത്യ ഭരണക്രമത്തിൽനിന്ന് സാവധാനം ജനാധിപത്യ വിരുദ്ധമായ പ്രവർത്തനങ്ങളിലൂടെ ഫാസിസ്റ്റ് സ്വഭാവത്തിലുള്ള ഗവൺമെന്റായി മാറാൻ പോകുന്നുവെന്നതിന്റെ സർവ്വ ലക്ഷണങ്ങളും ഈ സമീപകാലത്ത് നമുക്ക് കാണാൻ കഴിയും. രാജ്യത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ മുന്നിലുള്ള ഏറ്റവും വലിയ പ്രശ്നം ജനങ്ങളുടെ സുരക്ഷിതത്വമാണെന്നതിൽ യാതൊരു

സംശയവുമില്ല. രാജ്യത്തെ ഭൂമിയുടെ കച്ചവടമാണ് ബി.ജെ.പി. നയിക്കുന്ന ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. ഭരണഘടനയിലെ 370-ാം വകുപ്പ് റദ്ദാക്കുന്നതിലൂടെ സ്വീകരിച്ച നടപടി ഒരുവശത്ത്, കാശ്മീരിൽ അതുണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ മറുവശത്ത്. അവിടെയും കച്ചവട മനോഭാവമാണ്. തൊട്ടപ്പുറത്തുള്ള മണിപ്പൂരിൽ ഏറ്റവും വലിയ കലാപമാണ് നടക്കുന്നത്; അവിടെ തിരിഞ്ഞുനോക്കാൻ നേരമില്ല. പ്രശ്നങ്ങൾ നിലനിൽക്കുന്നിടത്ത് അത് പരിഹരിക്കുന്നതിനുപകരം സാമ്പത്തിക നേട്ടമുണ്ടാക്കാനാണ് കേന്ദ്ര ഗവൺമെന്റിന് താല്പര്യം. കേന്ദ്രഗവൺമെന്റിന്റെ നയത്തിൽനിന്ന് വ്യത്യസ്തമായി സംസ്ഥാന ഗവൺമെന്റ് വൻകിടക്കാരുടെ താല്പര്യങ്ങൾക്കും പുത്തൻ സാമ്പത്തിക നയങ്ങൾക്കും എതിരായ ബദൽ നയം നടപ്പാക്കുന്ന ഗവൺമെന്റെന്ന നിലയിൽ കേരളത്തിൽ നടപ്പാക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ ഓരോന്നായി പറയുക എളുപ്പമല്ല. വിദ്യാഭ്യാസം, റവന്യൂ, കൃഷി, വ്യവസായം, തദ്ദേശസ്വയംഭരണം, സാമൂഹ്യക്ഷേമം, സിവിൽ സപ്ലൈസ്, സഹകരണം തുടങ്ങി എല്ലാ മേഖലകളിലും അത്ഭുതകരമായ മുന്നേറ്റങ്ങളാണുണ്ടായിരിക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസ

രംഗത്തുണ്ടായിട്ടുള്ള കുതിപ്പ് ഉന്നതവിദ്യാഭ്യാസ രംഗത്തുകൂടി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങളുമായാണ് ഈ ഗവൺമെന്റ് തുടർ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പ്രവർത്തനമാരംഭിച്ചത്. റവന്യൂ വകുപ്പ് വൻതോതിൽ ഡിജിറ്റൽ സർവ്വെയുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ പോകുന്നു. 2016 മുതൽ 2021 വരെയുള്ള ഗവൺമെന്റിന്റെ കാലത്തും 2021 മുതലുള്ള ഗവൺമെന്റിന്റെ കാലത്തും മൂന്ന് ലക്ഷത്തിൽപരം പേർക്ക് പട്ടയം കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഓരോ രംഗവും പരിശോധിച്ചാൽ, കൃഷിയുടെ കാര്യത്തിൽ 2021-22 കാലഘട്ടത്തിൽ 4.64 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞു. ഈ രാജ്യത്തിനുതന്നെ ഏറ്റവും മെച്ചപ്പെട്ട മാതൃകയായി നിൽക്കുന്ന സഹകരണ മേഖലയെ കടന്നാക്രമിക്കാനും തകർക്കാനുംവേണ്ടി ലക്ഷക്കണക്കിന് കോടി രൂപയുടെ മേൽ കണ്ണുനട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പുതിയ സഹകരണ നിയമം നടപ്പാക്കാൻ നടത്തുന്ന ശ്രമങ്ങൾ നമുക്ക് കാണാൻ കഴിയും. എന്നാൽ അതിനെയെല്ലാം മറികടന്നുകൊണ്ട് മുന്നോട്ടുപോകാൻ കേരളത്തിലെ സഹകരണ വകുപ്പിന് കഴിഞ്ഞു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, വ്യവസായ വകുപ്പിന്റെ കാര്യത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങളെന്ന് ലക്ഷ്യമിട്ടിരുന്നത് ഒരു ലക്ഷത്തിൽ കൂടുതലാക്കാനുള്ള ശ്രമത്തിന്റെ ഫലമായി ഏകദേശം 66000-ൽ അധികം സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏത് മേഖലയെടുത്ത് നോക്കിയാലും കേന്ദ്ര ഗവൺമെന്റ് എല്ലാ അർത്ഥത്തിലും സംസ്ഥാന ഗവൺമെന്റിനെ ശ്വാസം മുട്ടിക്കുന്ന നടപടി സ്വീകരിക്കുമ്പോഴും അതിനെ മറികടന്നുകൊണ്ട് രാജ്യത്തിന് മാതൃകയായ ഒരു ബദൽ നയം നടപ്പാക്കിക്കൊണ്ട് ഈ ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ഗവർണർ കേരളത്തിലെ ഭരണഘടനാ ബാധ്യത നിർവ്വഹിച്ചതുകൊണ്ട് അതിനുള്ള നന്ദി പ്രകാശിപ്പിക്കുന്നു എന്നതിൽ കവിഞ്ഞ് കേരളത്തിലെ ഗവർണർ സ്വീകരിച്ചുപോകുന്ന നടപടികളുടെ കാര്യം പരിശോധിച്ചാൽ "എങ്ങനെയാണ് നന്ദി പറയേണ്ടു ഞാൻ" എന്ന് തോന്നുന്ന ഒരവസ്ഥയാണ് ഈ സന്ദർഭത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് എന്നുപറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഗവൺമെന്റിന്റെ നേട്ടങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടും വരാനിരിക്കുന്ന വർഷം കേരളത്തിൽ ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്ന ജനക്ഷേമകരമായ പദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ടുമാണ് നന്ദിപ്രമേയം എഴുതി തയ്യാറാക്കിയിട്ടുള്ളത്. കേരളത്തിലെ ഗവർണർ ആ നന്ദിപ്രമേയത്തോട് കാണിച്ച സമീപനം അത്യന്തം പ്രതിഷേധാർഹമാണ്. കേന്ദ്ര ഗവൺമെന്റിനോടും നയപ്രഖ്യാപനത്തെ അവഹേളിച്ച ഗവർണറോടുമാണ് പ്രതിപക്ഷം ഇന്ന് നടത്തിയ പ്രതിഷേധം രേഖപ്പെടുത്തേണ്ടത്. പക്ഷേ പ്രതിപക്ഷം അതിനല്ല തയ്യാറായിട്ടുള്ളത്. ഗവർണർ പ്രസംഗത്തിന്റെ ആദ്യ വാചകവും അവസാന വാചകവും മാത്രമായി വായിക്കുന്നത് തെറ്റാണെന്ന് പറയാൻ സാധിക്കില്ല. ഗുരുതരമായ ശാരീരിക പ്രശ്നങ്ങളുണ്ടെങ്കിൽ ഗവർണർമാർക്ക് അങ്ങനെ ചെയ്യാവുന്നതേയുള്ളൂ. അദ്ദേഹത്തിന്റെ ശാരീരിക ആരോഗ്യത്തിന് യാതൊരു തരക്കേടുമില്ലെന്നുള്ളതാണ് അതിനുശേഷമുണ്ടായ സംഭവ വികാസങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് ഈ സഭയോടും ഫെഡറൽ

ഭരണഘടനയോടും ജനാധിപത്യത്തോടുമുള്ള ആദരവ് സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം നയപ്രഖ്യാപനം വേണ്ടരീതിയിൽ അവതരിപ്പിക്കേണ്ടതായിരുന്നു. അദ്ദേഹം അപ്രകാരം ചെയ്തിട്ടില്ലാത്തതിനാൽ ശക്തമായ പ്രതിഷേധം ജനാധിപത്യ വിശ്വാസികളായ മുഴുവനാളുകളും രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. ഒട്ടും പക്വതയില്ലാത്തതും കടുത്ത ഭാഷയിൽ വിമർശിക്കാൻ ഇടയാക്കുന്ന പെരുമാറ്റവുമാണ് കേരളത്തിലെ ഗവർണറിൽ നിന്നുമുണ്ടാകുന്നത്. പക്ഷേ, ഒരു ജനപ്രതിനിധിയെന്ന നിലയിലും അദ്ദേഹത്തിന്റെ പ്രായത്തെ മാനിക്കുന്നതുകൊണ്ടുമെല്ലാം നമുക്ക് അത്തരത്തിലുള്ള ഭാഷ ഉപയോഗിക്കാൻ സാധിക്കുന്നില്ല.

നിലമേൽ എന്ന സ്ഥലത്ത് അദ്ദേഹം കാണിച്ച പ്രകടനം എങ്ങനെയാണ് വിശേഷിപ്പിക്കുക? ജനാധിപത്യ രാഷ്ട്രത്തിൽ പ്രതിഷേധങ്ങളും കരിങ്കൊടി പ്രകടനങ്ങളും വലിയ സമരങ്ങളും പിക്കറ്റിംഗുകളും ഉണ്ടാകാറുണ്ട്. ഭരണ സംവിധാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് എങ്ങനെയാണ് ജനാധിപത്യപരമായി അതിനെയെല്ലാം നിയന്ത്രിക്കുക; അതാണ് ഗവൺമെന്റ് സാധാരണയായി

ചെയ്യുന്നത്. പ്രകടനം നടത്തുന്ന വിദ്യാർത്ഥികളെ നിയന്ത്രിക്കുന്നതിന് പോലീസ് തയ്യാറായിട്ടുണ്ട്. ഗവർണറുടെ വാഹനത്തിന്റെ അടുത്തൊന്നും ആ വിദ്യാർത്ഥികളെത്തിയിട്ടില്ല. ഏകദേശം ഇരുപത്തഞ്ച് മീറ്റർ അല്ലെങ്കിൽ നൂറ് മീറ്ററോളം അകലെയാണ് ആ കുട്ടികളുണ്ടായിരുന്നതെന്നാണ് ചിത്രങ്ങൾ കാണുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. ഇത്രയേറെ പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരു സംസ്ഥാനത്തോട് കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന അവഗണനയിൽ പ്രതിഷേധിക്കേണ്ടതുള്ളതിനാൽ ശക്തമായ പ്രതിഷേധം തന്നെയാണ് രേഖപ്പെടുത്തിയത്.

നമ്മുടെ സർവ്വകലാശാലകളെ കാവി പൂശാനൊരുങ്ങുന്ന ഗവർണറുടെ തീരുമാനത്തെ ഒരു കാരണവശാലും ജനാധിപത്യ വിശ്വാസികൾക്ക് നോക്കിക്കാണാനോ അംഗീകരിക്കാനോ കഴിയില്ല. തങ്ങൾക്കിഷ്ടമുള്ളവരെ യൂണിവേഴ്സിറ്റികളിൽ തിരുകിക്കയറ്റുന്നതിന് ഗവർണർ നടത്തുന്ന പ്രവർത്തനത്തെയാണ് കേരളം എതിർക്കുന്നത്; അതിനെതിരായാണ് ശക്തമായ പ്രതിഷേധമുണ്ടായത്. എന്നാൽ അങ്ങനെ പ്രതിഷേധം നടക്കുമ്പോൾ വാഹനം തുറന്ന് എല്ലാ സുരക്ഷാ ക്രമീകരണങ്ങളും തെറ്റിച്ച്

ഗവർണർമാർ തെരുവിലിറങ്ങി നിൽക്കുന്നത് ആദ്യമായാണ് കാണുന്നത്. ഏതോ ഒരു സിനിമയിൽ മാമുക്കോയയുടെ ഒരു കഥാപാത്രത്തെയാണ് ഓർമ്മ വരുന്നത്. ഞാൻ ആ പേര് പറയുന്നില്ല. പലർക്കും ആ പേര് അറിയാം. എന്റെ മനസ്സിൽ ആ പേര് ഉണ്ടെങ്കിലും ഞാൻ ആ പേര് പറയുന്നില്ല. അത് പെട്ടെന്ന് ഓർമ്മ വന്നത് എനിക്ക് മാത്രമാണോ എന്നൊരു സംശയമുണ്ടായിരുന്നു. എനിക്ക് മാത്രമായിരിക്കില്ല. എല്ലാവർക്കും അത് ഓർമ്മ വന്നിട്ടുണ്ടാകുമെന്നാണ് തോന്നുന്നത്. അതുപോലെയൊരു സമീപനം ഗവർണറുടെ പദവിയിലിരിക്കുന്ന ഒരാളിൽനിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്. നേരിട്ട് തല്ലാൻ ചെല്ലുക എന്നുള്ളതൊന്നും ഗവർണർക്കോ മന്ത്രിമാർക്കോ സാധിക്കുന്ന കാര്യമല്ല. മന്ത്രിമാർ കരിങ്കൊടി പ്രകടനം നേരിടാറുള്ളപ്പോൾ പോലീസുകാർ അവരെ മാറ്റാറുള്ളത് സ്വാഭാവികമാണ്. പക്ഷേ ആ പദവിയിലിരിക്കുന്ന ഒരാൾ റോഡിൽ ഇറങ്ങിനിന്ന് തല്ലാൻ പോകുന്ന പോലെയൊന്നും താഴാൻ പാടില്ലെന്നതാണ് നമ്മൾ കാണേണ്ടത്. അതുകൊണ്ട് നയപ്രഖ്യാപനം വായിക്കാത്തതും

അതിനുശേഷം തെരുവിൽ ഈ പ്രകടനം നടത്തിയതും ഗവർണർ പദവിക്ക് ഒട്ടും യോജിച്ചതല്ലെന്ന് പറയാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

കേരളത്തിന്റെ അവസ്ഥയെന്താണ്? നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ഒരുമിച്ചിരുന്ന് നടപ്പിലാക്കുന്നതിന് തയ്യാറാകേണ്ടുന്ന പ്രതിപക്ഷം എന്താണ് കാണിക്കുന്നത്? ഈ രാജ്യമാകെ ഒരു വലിയ തകർച്ചയുടെ വക്കിലാണ്. മതപരമായി ഒരു രാജ്യത്തെ സൃഷ്ടിച്ചെടുക്കാൻ ബി.ജെ.പി. നടത്തുന്ന പരിശ്രമം മാത്രമല്ല; സാമ്പത്തികമായി അങ്ങേയറ്റം തകർന്ന ഒരു അവസ്ഥയാണ് ഈ രാജ്യത്തിന്റേത്. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ പരിധികളും ലംഘിച്ചുകൊണ്ടുള്ള കടമെടുപ്പിലൂടെയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ജനാധിപത്യപരമായ ഫെഡറലിസം നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായാൽ സംസ്ഥാനങ്ങൾക്ക് കടമെടുക്കേണ്ട ആവശ്യം വരില്ലായിരുന്നു. സംസ്ഥാനങ്ങളുടെ നികുതി വിഹിതം പിരിച്ച് ഇവിടെ ചെലവഴിക്കാൻ നമുക്ക് സാധ്യമല്ല. നമ്മളാരും അങ്ങനെ വാശിപിടിച്ചിട്ടില്ല. അതാണ് യൂണിയൻ ഓഫ് സ്റ്റേറ്റ്സ്; സംസ്ഥാനങ്ങളുടെ യൂണിയനാണ്

കേന്ദ്രം. സംസ്ഥാനങ്ങളിൽനിന്നുള്ള വലിയ ശതമാനം നികുതിയും കേന്ദ്രത്തിലേയ്ക്കാണ് പോകുന്നത്. കേന്ദ്ര ഗവൺമെന്റ് പദ്ധതി വിഹിതമായി നൽകുന്ന നികുതി വിഹിതമുപയോഗിച്ച് സംസ്ഥാനം ഭരണം നടത്തുകയാണ്. ആ നികുതി വിഹിതത്തിൽ വലിയ കുറവുണ്ടാകുന്ന സമയത്ത് എങ്ങനെയാണ് ക്ഷേമ പദ്ധതികൾ നടപ്പാക്കാൻ സാധിക്കുക? ക്ഷേമ പദ്ധതികളുടെ 70 ശതമാനത്തോളം നടപ്പിലാക്കേണ്ടത് സംസ്ഥാനമാണ്. ഇവിടെ ഒരു റോഡ് പൊളിഞ്ഞുപോയാൽ ടാർ ചെയ്യേണ്ടതും ആശുപത്രികളിൽ മരുന്നെത്തിക്കേണ്ടതും ഡോക്ടർമാർക്കെല്ലാം ശമ്പളം കൊടുക്കേണ്ടതും മറ്റെല്ലാ ചെലവും വഹിക്കേണ്ടതും സംസ്ഥാന ഗവൺമെന്റാണ്. ഗവൺമെന്റ് സ്കൂളുകളിലെ വിദ്യാഭ്യാസ സൗകര്യം, അദ്ധ്യാപകർക്കും സെക്രട്ടറിയേറ്റിലെ ജീവനക്കാർ മുതൽ താഴെത്തലത്തിൽ വില്ലേജാഫീസർ വരെയുള്ള മുഴുവനാളുകൾക്കും ശമ്പളം കൊടുത്ത് ഈ ഭരണം നിലനിർത്തുന്നതിനുള്ള പണം ചെലവഴിക്കേണ്ടതും സംസ്ഥാന ഗവൺമെന്റാണ്. ആ സംസ്ഥാന ഗവൺമെന്റിന് നികുതി വിഹിതത്തിന്റെ 70 ശതമാനം തന്നാൽ അതാണ് ഏറ്റവും ജനാധിപത്യപരമായി മാറുക.

പക്ഷേ ഒരു സംസ്ഥാനവും അങ്ങനെ ചോദിച്ചിട്ടില്ല. 50 ശതമാനം നികുതി വിഹിതമെങ്കിലും നൽകണമെന്നാണ് സംസ്ഥാനങ്ങൾ ആവശ്യപ്പെടുന്നത്. ആ 50 ശതമാനം നികുതി വിഹിതം സംസ്ഥാനത്തിന് കിട്ടുകയാണെങ്കിൽ സ്വാഭാവികമായും 1600 രൂപ വച്ച് കൊടുക്കേണ്ട പെൻഷൻ തടസ്സപ്പെടില്ല. 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തതിനേക്കാൾ അല്പം കൂടുതൽ 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തു. 13-ാം ധനകാര്യ കമ്മീഷന്റെ കാലത്ത് 30 ശതമാനമാണ് നികുതി വിഹിതം ലഭിച്ചത്. 14-ാം ധനകാര്യ കമ്മീഷൻ 42 ശതമാനം നൽകണമെന്ന് പറഞ്ഞപ്പോൾ ശ്രീ. നരേന്ദ്രമോദി നേരിട്ട് ഇടപെട്ടുവെന്നാണ് പറയുന്നത്. ഇതെല്ലാം വളരെ വ്യക്തമായി പുറത്തുവന്ന വിവരങ്ങളാണ്. ധനകാര്യ കമ്മീഷനോട് 42 ശതമാനം എന്നുള്ളത് വെട്ടിക്കുറച്ച് 30 ശതമാനമായി മാറ്റണമെന്ന് രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രി നിർദ്ദേശിച്ചു. അതിന്റെ അർത്ഥം സംസ്ഥാനങ്ങളെ പൂർണ്ണമായും ഇരുട്ടിലാക്കി നോക്കുകുത്തികളായി മാറ്റിക്കൊണ്ട് മുഴുവൻ പണവും കേന്ദ്രം സമാഹരിക്കുന്ന രീതി കേന്ദ്ര

ഗവൺമെന്റ് കൈക്കൊള്ളുന്നവെന്നുള്ളതാണ്. രാജ്യത്തിന്റെ ട്രഷറിയെ ദുർബലമാക്കുന്ന സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണ രീതിയെക്കുറിച്ച് പറയുകയാണെങ്കിൽ ഏറ്റവും വലിയ ലാഭവിഹിതം കേന്ദ്ര ഗവൺമെന്റിന് കൊടുക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനം എൽ.ഐ.സി.യാണ്. ആ ലാഭവിഹിതം കേന്ദ്രത്തിന് ലഭിക്കുകയാണെങ്കിൽ കേന്ദ്രത്തിന്റെ ട്രഷറി കനപ്പെടും. എന്നാൽ കേന്ദ്രത്തിന്റെ ട്രഷറിയെ ബലപ്പെടുത്താനല്ല; പകരം അദാനിയെപ്പോലുള്ള വൻകിട കോർപ്പറേറ്റുകളിലേയ്ക്ക് നമ്മുടെ രാജ്യത്തിന്റെ പണം ഒഴുക്കുന്നതിനുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. വൻകിട വ്യവസായികളോട് സംസ്ഥാന സർക്കാർ എതിരല്ല. കേരളത്തിലടക്കം വൻകിട നിക്ഷേപങ്ങളും വൻകിട വ്യവസായങ്ങളും ഉണ്ടാകണമെന്ന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ഇത് അതുപോലെയല്ല; സംസ്ഥാനത്തിന്റെ/സർക്കാരിന്റെ ഖജനാവിലേയ്ക്ക് കാശ് വരേണ്ടുന്ന കൈവഴികൾ വെട്ടി അദാനിയുടെ പോക്കറ്റിലേയ്ക്ക് പണം വിന്യസിക്കുന്ന

ഏർപ്പാട് രാജ്യത്തോടുള്ള വഞ്ചനയാണ്. എൽ.ഐ.സി.യുടെ 25 ശതമാനം ഷെയർ അദാനിക്കോ അല്ലെങ്കിൽ ഏതെങ്കിലും കോർപ്പറേറ്റുകൾക്കോ നൽകാൻ തീരുമാനിക്കുകയെന്നത് ഈ രാജ്യത്തിന്റെ ജനാധിപത്യവും ധനകാര്യ ഫെഡറലിസവും അപകടപ്പെടുത്തുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ്. അതുകൊണ്ട് ശക്തമായ കേന്ദ്രവും സംസ്ഥാനവും വേണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പദ്ധതി വിഹിതമായി നമുക്ക് ലഭിക്കാനർഹതപ്പെട്ട 50 ശതമാനം ലഭ്യമാകണം. അത് ചോദിക്കാൻ നമുക്ക് ഒരുമിച്ച് പോകാമെന്ന് പറയുമ്പോൾ പ്രതിപക്ഷത്തിരിക്കുന്നവർ മുഖം തിരിക്കുകയാണ്. നവകേരള സദസ്സിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ജനങ്ങളെ നേരിൽകണ്ട് യഥാർത്ഥ വസ്തുതയെന്താണെന്ന് സംവദിച്ചത് ഈ നാട്ടിലെ ജനങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. സത്യമല്ലാത്ത ഒരുകാര്യത്തെക്കുറിച്ചും കേന്ദ്രത്തിനെതിരായി ആക്ഷേപം ഉന്നയിക്കുന്നില്ലല്ലോ? സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കേണ്ട പണം കേന്ദ്രഗവൺമെന്റ് പിടിച്ചുവയ്ക്കുന്നുവെന്ന് പറയുമ്പോൾ, കോൺഗ്രസ് അനുഭാവിയായാലും മുസ്ലീം ലീഗ്

അനുഭാവിയായാലും ഏത് പാർട്ടിയുടെ അനുഭാവിയായാലും സംസ്ഥാന ഗവൺമെന്റ് ഉന്നയിക്കുന്ന ആവശ്യകതകളുടെ കൂടെയാണ് നിൽക്കുക. അതുകൊണ്ടാണ് കക്ഷിരാഷ്ട്രീയഭേദമില്ലാതെ കോൺഗ്രസ്സിന്റെ പ്രാദേശിക നേതാക്കളടക്കം നവകേരള സദസ്സിൽ പലസ്ഥലത്തും എത്തിച്ചേർന്നത്. അതിനുകാരണം ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ എന്താണെന്നുള്ളത് അവർ മനസ്സിലാക്കുന്നുവെന്നാണ്. അഭൂതപൂർവ്വമായ ജനമുന്നേറ്റമാണ് നവകേരള സദസ്സിൽ കാണാൻ സാധിച്ചത്. അതുകൊണ്ട് ഫെബ്രുവരി 8-ാം തീയതി നിയമസഭ ഒന്നടങ്കം ഡൽഹിയിൽപോയി കേന്ദ്രഗവൺമെന്റിനോട് പ്രതിഷേധിക്കേണ്ടതും നമ്മുടെ അവകാശങ്ങൾ ചോദിക്കേണ്ടതുമാണ്. എന്നാൽ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് കൂടെനിൽക്കാൻ തയ്യാറാകാത്ത പ്രതിപക്ഷത്തെ നാട്ടുകാർ കാണുന്നുണ്ട്. പ്രതിപക്ഷത്തുള്ള എല്ലാവർക്കും ഈ അഭിപ്രായമല്ലെന്നും പ്രതിപക്ഷത്തിരിക്കുന്ന ചില പാർട്ടികൾക്ക് ഈ പ്രതിഷേധത്തിനോടൊപ്പം ഡൽഹിയിൽ വരണമെന്നും കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയത്തിനെതിരെ ശക്തമായി പ്രതിഷേധിക്കണമെന്നും ആഗ്രഹമുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

അവരുടെ അണികൾ അത് രേഖപ്പെടുത്തുന്നുമുണ്ട്. നമ്മൾ പോകേണ്ടതാണെന്നാണ് അവരുടെ അണികൾ പറയുന്നത്. പക്ഷെ കോൺഗ്രസ് പാർട്ടി അതിന് സമ്മതിക്കില്ല. കോൺഗ്രസ്സിന്റെ ഈ മോശം സ്വഭാവമല്ലേ അവരെ ഇപ്രകാരം തകർത്തുകളഞ്ഞത്; ഇപ്പോൾ കോൺഗ്രസിന്റെ അവസ്ഥയെന്താണ്? ബീഹാറിൽ ശ്രീ. നിതീഷ് കുമാർ കൂറുമാറി. അവിടെ കോൺഗ്രസ്സാണ് അങ്ങേയറ്റം അവതാളത്തിലാകുന്നത്. ആകെ 19 എം.എൽ.എ.മാരുള്ളതിൽ 10 പേരും എപ്പോൾ കൂറുമാറുമെന്ന് പറയാൻ കഴിയാതെയിരിക്കുകയാണ്. കോൺഗ്രസ്സുകാരുടെ ഇത്തരം സമീപനംമൂലം അവർ ഈ രാജ്യത്തുനിന്നുതന്നെ ഇല്ലാതാകുന്നതാണ്. കേരളത്തിലാണ് ഇടതുപക്ഷം ഏറ്റവും ശക്തമായിട്ടുള്ളത്. ബംഗാളിലും ത്രിപുരയിലുമൊക്കെയുണ്ടായിരുന്നു. ആ സമയത്ത് ഞങ്ങൾ എങ്ങനെയാണ് കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നതെന്നും എന്താണ് നഷ്ടപ്പെട്ടതെന്നും ത്രിപുരയിലെയും ബംഗാളിലെയും ജനങ്ങൾക്ക് അറിയാം. ആ നഷ്ടം കേരളത്തിൽ സംഭവിക്കരുതെന്നാണ് കേരളത്തിലെ ഇടതുപക്ഷം ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റിന്റെ പരിപാടികളോടൊപ്പം സഹകരിച്ചുകൊണ്ട്, ഈ ഗവൺമെന്റിനെ നിലനിർത്തിയാൽ മാത്രമേ ഇന്ത്യയിൽ ജനാധിപത്യപരമായി കാര്യങ്ങൾ നടപ്പിലാക്കുന്ന ഇടമുണ്ടാകുകയുള്ളൂവെന്ന് യു.ഡി.എഫ്. പക്ഷത്തുള്ളവർ ചിന്തിക്കണം. സാമ്പത്തിക സ്ഥിതിയെക്കുറിച്ച് മാത്രമല്ല ഞാൻ പറയുന്നത്, അതീവ ഭയാനകമായ അവസ്ഥയിലൂടെ രാജ്യം കടന്നുപോകുയാണ്. നമ്മുടെ രാജ്യത്തിന്റെ മതേതരത്വവും സോഷ്യലിസവും ഭരണഘടനയുടെ preamble-ൽനിന്നും വെട്ടിമാറ്റിയിട്ടാണ് ബി.ജെ.പി. ഗവൺമെന്റ് ഭരണഘടനയുടെ preamble പ്രദർശിപ്പിക്കുന്നത്. യഥാർത്ഥ ജനാധിപത്യമെന്ന് പറയുന്നത് equal opportunity ആണ്. അത് നൽകുന്നില്ല. എന്നാൽ വളരെ സുചിന്തിതമായി ആലോചിച്ചാണ് സോഷ്യലിസവും മതേതരത്വവും ഭരണഘടനയിൽ ചേർത്തിട്ടുള്ളത്. അത് ഇന്ത്യയുടെ നിലനിൽപ്പിന് ഒഴിവാക്കാൻ കഴിയാത്ത കാര്യമാണ്. ഇവിടെ മതപരമായ ഒരു ചടങ്ങിൽ മതേതര രാജ്യത്തിന്റെ പ്രധാനമന്ത്രി യജമാനനായി പങ്കെടുക്കുന്ന ലജ്ജാകരമായിട്ടുള്ള കാര്യമാണ് നാം കണ്ടത്. ഇതിൽപ്പരം ആപത്കരമായ കാര്യം എന്താണ് ഉണ്ടാകാനുള്ളത്; ഈ രാജ്യം മതപരമായ

രാജ്യമായി മാറിയാൽ എന്നാണ് രാജ്യത്തെ കലാപങ്ങൾ നിലയ്ക്കുക; രാജവാഴ്ച എല്ലാത്തിനും ഉത്തരമാണോ? ശ്രീരാമരാജ്യം വരണമെന്നാണ് പറയുന്നത്. ശ്രീരാമനെയൊന്നും ആരും എതിർക്കുന്നില്ല. ശ്രീരാമനും പുരാണേതിഹാസങ്ങളുമെല്ലാം മലയാളികളുടെ മനസ്സിലും ഇന്ത്യയിലെവിടെയും പതിഞ്ഞുകിടക്കുന്നതാണ്. പക്ഷെ, മര്യാദാ പുരുഷോത്തമനായ ശ്രീരാമന്റെ പേരിൽ ഈ രാജ്യത്തിന്റെ മതേതര ഗവൺമെന്റ് എന്നുപറയേണ്ട കേന്ദ്രഗവൺമെന്റ് നടത്തുന്നത് ഒട്ടും മര്യാദയില്ലാത്ത കാര്യങ്ങളല്ലേ? പ്രതിഷ്ഠാ കർമ്മത്തിന്റെ യജമാനനായി ഒരു മതേതര രാജ്യത്തിന്റെ പ്രധാനമന്ത്രി പങ്കെടുക്കുന്നു. ഇപ്പോൾ ജവഹർലാൽ നെഹ്റുവിനെയാണ് ഓർമ്മ വരുന്നത്. അദ്ദേഹം എത്രമാത്രം തന്റേടത്തോടുകൂടി അങ്ങനെയുള്ള കാര്യങ്ങൾ നിഷേധിച്ചു. അതുപോലും ഓർമ്മിക്കാൻ ഈ കോൺഗ്രസ്സിന് സാധിക്കുന്നില്ലല്ലോ; ബി.ജെ.പി.യെ എതിർക്കാൻ കഴിയുന്നില്ലല്ലോ; അക്കാര്യത്തിൽ അഴകുഴമ്പൻ സമീപനങ്ങളാണ് സ്വീകരിച്ചത്. ശ്രീരാമന് ക്ഷേത്രമുണ്ടാക്കുന്നതിന് ഞങ്ങളാരും എതിരല്ല. പക്ഷെ അവിടത്തെ പ്രതിഷ്ഠാ കർമ്മത്തിന്

യജമാനനായി മതേതര രാജ്യത്തിന്റെ പ്രധാനമന്ത്രി പോയി സാഷ്ടാംഗം വീഴുന്നത് നാളെ വലിയ അപകടമുണ്ടാക്കുന്ന വസ്തുതയാണ്. അതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഈ രാജ്യത്തെ മതേതര രാജ്യമായി നിലനിർത്തണം. ജനങ്ങൾ ആശങ്കയിലാണ്. ഹിന്ദുക്കളായ ജനങ്ങളും മതന്യൂനപക്ഷത്തിൽപ്പെട്ടവരും ആശങ്കയിലാണ്. ഒരു രാജവാഴ്ചകൊണ്ട് ഹിന്ദുവിന് ഒന്നും കിട്ടാനില്ല. രാമരാജ്യമെന്ന് പറയുന്നത് ജനാധിപത്യമാണെന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ കുഴപ്പമില്ല. പക്ഷെ നിങ്ങൾ ഉദ്ദേശിക്കുന്നത് രാജവാഴ്ചയും ചാതുർവർണ്ണ്യ വ്യവസ്ഥിതിയുമാണ്. അതിന് കോടിക്കണക്കിന് ആളുകൾ ആരാധിക്കുന്ന രാമനെ കരുവാക്കരുതെന്നതാണ് ഞങ്ങൾക്ക് പറയാനുള്ളത്. അത് അപകടകരമായ വസ്തുതയാണ്. അതുകൊണ്ട് ഈ രാജ്യത്തിന്റെ മതേതരത്വവും ജനാധിപത്യവും കേരളത്തിന്റെ സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനുവേണ്ടി നമുക്ക് ഒരുമിച്ച് പോരാടണം. അത്തരം കാര്യങ്ങളാണ് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. അതിനാൽ നയപ്രഖ്യാപനത്തിന്റെ നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമനസ്സോടുകൂടി അംഗീകരിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ നയപ്രഖ്യാപന പ്രസംഗം നടത്തിയ ഗവർണറുടെ നടപടിയെ വിമർശിച്ചിട്ട് കാര്യമില്ല. ഒരു ഫിസ്കൽ ഫെഡറലിസത്തിന്റെ സാമാന്യ മര്യാദ മറന്ന് പ്രവർത്തിക്കുന്ന രീതിയിൽ അദ്ദേഹം മുന്നോട്ടുപോയിട്ട് കുറെ മാസങ്ങളായി. കേരളത്തിന്റെ ഒരുവർഷത്തെ വികസനത്തിന്റെയും ഭരണപരമായ ലക്ഷ്യത്തിന്റെയും ആകെത്തുകയാണ് നയപ്രഖ്യാപനത്തിൽ അടങ്ങിയിട്ടുള്ളത്. ജനാധിപത്യപരവും പുരോഗമനപരവും വികസനാത്മകവുമായി എങ്ങനെ ഒരു നവകേരള സൃഷ്ടി നടത്താമെന്നതിന്റെ രത്നചുരുക്കമാണ് ഈ നയപ്രഖ്യാപനം. ഈ സന്ദർഭത്തിൽ, 'കേരള' എന്ന് വിളിച്ചിരുന്ന ഈ സംസ്ഥാനത്തെ 'കേരളം' എന്ന് വിളിക്കണമെന്ന പ്രമേയവും മതേതരത്വത്തിന്റെ പ്രാണൻ നിലനിർത്തുന്നതിനുവേണ്ടി, ഏകീകൃത സിവിൽ കോഡിനോടുള്ള കേന്ദ്രത്തിൽനിന്നും വ്യതിരിക്തമായ അഭിപ്രായം പ്രകടിപ്പിക്കുന്ന പ്രമേയവും കേരള നിയമസഭ അംഗീകരിക്കുകയുണ്ടായി. ഇത് രണ്ടും സമകാലീന കേരളത്തിന്റെ പൊതുസ്വഭാവം എന്താണെന്ന് സൂചിപ്പിക്കുന്നവയാണ്.

വിദ്യാഭ്യാസ-ആരോഗ്യ-വ്യാവസായിക മേഖലകളിലുണ്ടായ അഭ്രുതപൂർവ്വവും അനിതര സാധാരണവുമായ വളർച്ച ആർക്കും പ്രത്യക്ഷത്തിൽ നോക്കിയാൽ മനസ്സിലാകും. കേന്ദ്രസമ്മർദ്ദംകൊണ്ടും വൈരനിര്യാതന ബുദ്ധിയോടുകൂടിയുള്ള രാഷ്ട്രീയ സമീപനത്തിന്റെയും ഫലമായി കേരളം വലിയ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുണ്ടെന്നുള്ളത് നേരായ കാര്യമാണ്. പക്ഷെ കേരളത്തിലെ സാധാരണ ജനവിഭാഗങ്ങളെ അതിദരിദ്രരെന്ന് വിശേഷിപ്പിച്ചിരുന്ന, ഗാന്ധിജി ദരിദ്രനാരായണന്മാരെന്ന് വിളിച്ച ആ വിഭാഗത്തെ ദാരിദ്ര്യത്തിൽനിന്നും മോചിപ്പിക്കുന്നതിനുവേണ്ടി ചരിത്രം അംഗീകരിച്ച നടപടി കൈക്കൊള്ളുകയും അത് തുടർന്നുകൊണ്ടുപോകുമെന്ന് പ്രഖ്യാപിച്ച് അതിദരിദ്രരില്ലാത്ത ഒരു കേരളം സൃഷ്ടിക്കുന്ന നയപ്രഖ്യാപനമാണ് ഇവിടെയുണ്ടായത്. ജനാധിപത്യപരമായി കേരളത്തിന്റെ എല്ലാ തലങ്ങളും മതേതരവൽക്കരിക്കുന്നതിനുവേണ്ടി വളരെ അർത്ഥപൂർണ്ണമായ പരിശ്രമങ്ങൾ ഈ സന്ദർഭത്തിൽ നടക്കുകയുണ്ടായി. നവനൈപുണ്യ കേരളത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം അവതരിപ്പിക്കുന്നതിനുവേണ്ടി 'കേരളീയം' എന്നുള്ള ലോകത്തിന്റെ

ശ്രദ്ധയാകർഷിച്ച പരിപാടി ആരംഭിക്കുമ്പോൾ മഴ പെയ്തുവെന്നാണ് പ്രതിപക്ഷം പറയുന്നത്. എപ്പോൾ മഴ പെയ്യുമെന്നോ പെയ്യാതിരിക്കുമെന്നോ പറയാൻ സാധിക്കാത്ത സന്ദർഭമാണ് കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായുണ്ടായിട്ടുള്ളത്. കോൺഗ്രസ്സിൽ രൂപം കൊള്ളുന്ന ചക്രവാതച്ചുഴികൾ പോലെ അന്തരീക്ഷത്തിൽ എപ്പോഴാണ് ചക്രവാതച്ചുഴി രൂപംകൊള്ളുകയെന്ന് പറയാൻ സാധിക്കില്ല. 'നവകേരളീയം' നടക്കുന്ന സന്ദർഭത്തിൽ മഴ പെയ്തതുകൊണ്ട് അതിന്റെ അന്തഃസത്ത ഒലിച്ചുപോയെന്നാണ് പ്രതിപക്ഷനേതാവ് അൽപ്പം മുമ്പ് പറഞ്ഞത്. എന്നാൽ  അതിൽ സംബന്ധിച്ചവരും അതിനെ വീക്ഷിച്ചവരും ലോകത്തിലെ മുഴുവൻ ജനവിഭാഗങ്ങളും കേരളത്തെക്കുറിച്ച് അഭിമാനംകൊണ്ട നിമിഷങ്ങളായിരുന്ന കേരളീയത്തിൽ സംഭവിച്ചത്. കേരളത്തിലേയ്ക്ക് വന്ന അതിഥികളെ സൽക്കരിക്കാനും വേണ്ടരീതിയിൽ സ്വീകരിക്കാനും പണച്ചെലവ് വന്നിട്ടുണ്ടാകും. പക്ഷേ ഒരു നവകേരള ദർശനത്തിന്റെ പാതയിലേയ്ക്ക് കേരള ജനതയെ, ഇന്ത്യൻ ജനതയെ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായിരുന്ന അതെന്നും

അത് തുടർന്നുകൊണ്ടുപോകണമെന്നും പ്രഖ്യാപിക്കുന്ന നയപ്രഖ്യാപന രേഖയാണത്. 'കേരളീയം' പരിപാടിയെ അഭിനന്ദിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. കേരളത്തിലെ ഓരോ ഗ്രാമീണ മനസ്സും മാറിമറിഞ്ഞ് സന്തോഷിച്ച നിമിഷങ്ങളാണ് നവകേരള സദസ്സിന്റെ നിമിഷങ്ങൾ. മുഖ്യമന്ത്രിയും ക്യാബിനറ്റും ഗ്രാമ ഗ്രാമാന്തരങ്ങളിലൂടെ സഞ്ചരിച്ച് കേരളം അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് കേരളത്തിലെ ജനങ്ങളോട് സംവദിച്ചപ്പോൾ നിങ്ങൾ ഒരു കോടി രൂപ വിലയുള്ള ബസ്സിലാണ് ഒരുമിച്ച് യാത്ര ചെയ്യുന്നതെന്ന വിമർശനം പ്രതിപക്ഷം കൊണ്ടുവന്നു. രണ്ടാമത്, യു.ഡി.എഫ്.ന്റെ കാലത്ത് ചെയ്തതുപോലെ രോഗികൾക്ക് അവിടെവച്ചുതന്നെ പണം അനുവദിക്കുന്നില്ലെന്നുള്ള വിമർശനമാണ് വന്നത്. എന്താണ് നവകേരള സദസ്സിന്റെ ഉദ്ദേശ്യം? നവകേരള സദസ്സിനുമുമ്പുതന്നെ കേരളത്തിലെ ജനങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് പരിശോധിക്കുന്നതിനുള്ള അദാലത്തുകൾ താലൂക്കടിസ്ഥാനത്തിൽ നടത്തുകയുണ്ടായി. അതിലും പരിഹരിക്കാൻ സാധിക്കാത്ത പ്രശ്നങ്ങൾ പരാതികളായി സ്വീകരിച്ചു. ഏകദേശം 55 ലക്ഷത്തോളം പരാതികൾ ഏറ്റുവാങ്ങാൻ മുഖ്യമന്ത്രിയുടെ

നേതൃത്വത്തിൽ സഞ്ചരിച്ച ക്യാബിനറ്റിന് സാധിച്ചുവെന്നുള്ളതാണ് യാഥാർത്ഥ്യം. ആ പരാതികൾക്ക് മുഴുവൻ ഈ നയപ്രഖ്യാപനത്തിന്റെ കാലയളവിൽ പരിഹാരം കാണുന്നതിനുവേണ്ടി എല്ലാവിധത്തിലുമുള്ള പരിശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ നാട്ടിൽ ഭിന്നശേഷിക്കാരനായ ഒരു ഗായകനാണ് ഈ പൗരസദസ്സിൽ പങ്കെടുത്തത്. ഭിന്നശേഷിക്കാർക്കുള്ള ജോലി സംവരണം ചെയ്യണമെന്നും അത് പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഒരാഴ്ചയ്ക്കകം ആ ഭിന്നശേഷിക്കാരനായ ഗായകന് ജോലി നൽകുക മാത്രമല്ല ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ഫോൺകോൾ അധികാരികളെ തേടിയെത്തുകയും ചെയ്തു. ഞാൻ സൂചിപ്പിക്കുന്നത്, പാരിസ്ഥിതിക പ്രശ്നങ്ങളുൾപ്പെടെ ജനങ്ങളുമായി ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് നവകേരള സദസ്സുമായി കേരളത്തിന്റെ മുഖ്യമന്ത്രിയും ക്യാബിനറ്റും സഞ്ചരിച്ചതെന്നാണ് നവനൈപുണ്യ കേരളത്തെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഇങ്ങനെ ഇന്ത്യയുടെയോ ലോകത്തിന്റെയോ ചരിത്രത്തിലുണ്ടോ; നമ്മുടെ ജനാധിപത്യ സമ്പ്രദായം

പൊട്ടിമുളച്ച് വളർന്നുവെന്ന് പറയുന്ന ഗ്രീക്കിലോ ഏഥൻസിലോ അല്ലെങ്കിൽ ഏതെങ്കിലും പുരാതന സാംസ്കാരിക നഗര പശ്ചാത്തലത്തിലോ ഇങ്ങനെയൊരു സംഭവം പൗരാണിക കാലം മുതലുണ്ടോ? അവിടെ ചെന്ന് കാണുകയെന്നല്ലാതെ ജനങ്ങളുടെ അടുക്കലേയ്ക്ക് പോകുകയെന്നുള്ള ഒരു പുതിയ പ്രവണതയ്ക്ക് കേരളത്തിൽ തുടക്കം കുറിക്കുന്നു. സാക്ഷര കേരളം സൃഷ്ടിച്ചതും തലചായ്ക്കാൻ ഇടമില്ലാത്തവർക്ക് മണ്ണ് നൽകുകയും അവർക്കെല്ലാവർക്കും കൂര നൽകുകയും അധികാരം മുഴുവൻ പെറ്റുകൂടിക്കിടന്നിരുന്ന തിരുവനന്തപുരത്തുനിന്ന് അധികാരത്തെ ഗ്രാമഗ്രാമാന്തരങ്ങളിലേയ്ക്ക് നടത്തിച്ച് കൈവിരൽ ചൂണ്ടിയാൽ തൊടാൻ പാകത്തിൽ കൊച്ചുകൊച്ച് സർക്കാരുകളെ സൃഷ്ടിച്ച് അധികാരവികേന്ദ്രീകരണം നടത്തിയതും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ഈ രാജ്യത്തെ തൊഴിലാളിക്ക്, അടിസ്ഥാന ജനവിഭാഗത്തിന് "നെല്ലിൻ ചുവട്ടിൽ മുളയ്ക്കും കാട്ടുപുല്ലല്ല സാധു പുലയൻ" എന്ന് കവി പാടിയതുപോലെ അവന്റെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി അതിദരിദ്രരില്ലാത്ത ഒരു കേരളം സൃഷ്ടിക്കുക,

അവശർക്ക് മുഴുവൻ ജീവിക്കാനാവശ്യമായ പെൻഷനും ആനുകൂല്യങ്ങളും നൽകുക, അവരെ സാമൂഹ്യപുരോഗതിയുടെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള സന്ദർഭങ്ങളൊരുക്കുക, അവരെ നവവൈജ്ഞാനിക ലോകവുമായി കൂട്ടിയിണക്കുക എന്നിങ്ങനെ സാമൂഹ്യപുരോഗതി ഉൾപ്പെടുന്ന വിധത്തിൽ അടിത്തട്ടിലുള്ള എല്ലാവരെയും കൂട്ടി ബന്ധിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന രീതിയിൽ നടപ്പാക്കുന്ന ഒരു നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. നയപ്രഖ്യാപനം അവതരിപ്പിക്കുന്നയാൾ 'എന്റെ സർക്കാർ' എന്നുപറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത്. 'എന്റെ സർക്കാർ' എന്നുവച്ചാൽ ഫിസ്കൽ ഫെഡറലിസത്തിന്റെ നടത്തിപ്പിൽ ശക്തമായ സംസ്ഥാനമെന്നും സുശക്തമായ കേന്ദ്രവുമെന്നുമാണ് നിർവ്വചനം. ആ നിർവ്വചനമനുസരിച്ച് ശക്തമായ കേന്ദ്രത്തിന്റെ പ്രതിനിധി 'എന്റെ സർക്കാർ' എന്ന് അഭിസംബോധന ചെയ്യുമ്പോൾ ആ രേഖയുടെ അന്തഃസത്തയോട് അൽപ്പമെങ്കിലും കൂറും ആദരവും കാണിക്കേണ്ടതുണ്ട്. കേരളത്തിലെ ജനങ്ങളോടുള്ള ഉത്തരവാദിത്തമാണ് നിയമസഭയിൽ ഇങ്ങനെയൊരു

നയപ്രഖ്യാപനരേഖ അതിന്റെ ബഹുമാന്യതയോടുകൂടി അവതരിപ്പിക്കുകയെന്നുള്ളത്. അദ്ദേഹം അത് ചെയ്തില്ലെന്നുള്ളത് കേരള ചരിത്രത്തിന്റെ നിയമസഭാ രേഖകളിൽ കറുത്ത ലിപികളാൽ എഴുതിച്ചേർക്കപ്പെട്ടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അങ്ങനെ ജനാധിപത്യത്തിന്റെ വേറിട്ട ഒരു കാഴ്ച നമുക്ക് മുമ്പിൽ പ്രദാനം ചെയ്ത ഇതുപോലുള്ള ഗവർണർമാരെ കേരളം പലപ്പോഴും കണ്ടിട്ടുണ്ടെങ്കിലും ഇത്രയും താഴ്ന്നപോയ അവസ്ഥയിലെത്തിയ ഒരാളെ കണ്ടിട്ടില്ല. സൈബർ ലോകത്ത് അതായത് പ്രതീതി യാഥാർത്ഥ്യത്തിന്റെ കൂടി ലോകമാണ് നാം ജീവിക്കുന്ന ലോകം. ഈ സൈബർ ലോകത്തേയ്ക്ക് പോകുന്ന വിദ്യാർത്ഥികളെയും യുവജനങ്ങളെയും മറ്റ് ജനവിഭാഗങ്ങളെയും ഒരു പുതിയ കേരളത്തിലെ പൗരന്മാരാക്കി മാറ്റുന്നതിനുവേണ്ടി അവകാശ ബോധമുള്ളവരും ജനാധിപത്യ ബോധമുള്ളവരും മതേതര ബോധമുള്ളവരുമാക്കി മാറ്റിക്കൊണ്ട് അവരുടെ ജീവിത പുരോഗതി ലക്ഷ്യം വയ്ക്കുന്ന ഈ നയപ്രഖ്യാപന രേഖയുടെ ഉള്ളടക്കത്തെ കേരള ജനതയ്ക്കുവേണ്ടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

**[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ കെ. ബാബു (നെന്മാറ)]**

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. പ്രമേയത്തെ പിന്തുണയ്ക്കുമ്പോഴും ഗവർണർ സഭയിലടക്കം നടത്തിയ നടപടികളോടുള്ള പ്രതിഷേധവും അറിയിക്കുകയാണ്. കഴിഞ്ഞ രണ്ടരവർഷക്കാലത്തിലധികമായി ഈ ഗവൺമെന്റ് നടത്തിയ സമാനതകളില്ലാത്ത വികസനക്ഷേമ പ്രവർത്തനങ്ങളും ഈ സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കുവേണ്ടി വിഭാവനം ചെയ്യുന്ന പദ്ധതികളുമെല്ലാം വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഗവർണർക്കൂടി അംഗീകരിച്ച ഒരു പ്രസംഗം ഈ സഭയിൽ അവതരിപ്പിക്കുന്നതിന് വേണ്ടിയാണ് അദ്ദേഹം ഇവിടെ എത്തിയത്. എന്നാൽ ദൗർഭാഗ്യവശാൽ പ്രസംഗത്തിന്റെ തുടക്കവും ഒടുക്കവും മാത്രം വായിച്ച് ബാധ്യത നിറവേറ്റിയെന്ന് വരുത്തിത്തീർത്തുകൊണ്ട് ഈ സഭയേയും കേരളത്തിലെ ജനങ്ങളേയും ഗവർണർ അപമാനിച്ചിരിക്കുന്നുവെന്ന അഭിപ്രായം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്തരം നടപടികളുമായി

ഗവർണർ മുന്നോട്ടുപോകുമ്പോൾ അത് ഈ സംസ്ഥാനത്തെ തകർക്കാനുള്ള ആസൂത്രിതമായ ഒരു ഗൂഢാലോചനയുടെ ഭാഗമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ കുറേ കാലങ്ങളായി കേന്ദ്രസർക്കാർ വൈരനിര്യാതന ബുദ്ധിയോടെയുള്ള പ്രതികാര നടപടികളുമായി കേരളത്തെ സാമ്പത്തികമായി ഞെരുക്കുകയും ഭരണഘടനാ തത്വങ്ങൾ ലംഘിച്ച് മറ്റിതര നിയന്ത്രണങ്ങൾ ജനങ്ങളിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അത് ജനങ്ങളുടെ താൽപ്പര്യങ്ങൾക്കും സംസ്ഥാനത്തിന്റെ വികസന പുരോഗതിക്കും വിഘാതം സൃഷ്ടിക്കാൻ ലക്ഷ്യം വച്ചിട്ടുള്ളതാണെന്ന് പകൽപോലെ വ്യക്തമാണ്. അതിനെ കൈയടിച്ച് പ്രോത്സാഹിപ്പിക്കുന്ന ഏറ്റവും പരിതാപകരമായ നിലപാടാണ് കേരളത്തിലെ യു.ഡി.എഫ്. പക്ഷത്തുള്ളവർ സ്വീകരിക്കുന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഗവർണറെ ന്യായീകരിക്കാൻ പലപ്പോഴും അവർ മുന്നോട്ടുവരുന്നത്. കേന്ദ്രസർക്കാരിന്റെ തെറ്റായ നടപടികൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി കേരളത്തിലെ ഗവർണർ മുന്നോട്ടുപോകുമ്പോൾ അതിന് സഹായകരമായ ഒരു നിലപാട് ഇവിടത്തെ യു.ഡി.എഫ്. ജനത സ്വീകരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കുറ്

ആരോടാണെന്ന് കേരളത്തിലെ ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള ബാധ്യത അവർക്കുണ്ട്. ഇന്നത്തെ അടിയന്തരപ്രമേയം സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിസന്ധി സംബന്ധിച്ചായിരുന്നു. സംസ്ഥാനത്ത് വികസനം നടത്തുന്നതിനും കൃത്യമായി പെൻഷൻ നൽകുന്നതിനുംവേണ്ടി ഈ സർക്കാർ കൊണ്ടുവന്ന കിഫ്ബി അടക്കമുള്ള പല പദ്ധതികളെയും പ്രവർത്തനങ്ങളെയും അട്ടിമറിക്കുന്ന കേന്ദ്രനയങ്ങളെ എതിർക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്ന വസ്തുതയാണ് നാം മനസ്സിലാക്കേണ്ട ഏറ്റവും വലിയ യാഥാർത്ഥ്യം. ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രകാരം പതിമൂന്നാം ധനകാര്യ കമ്മീഷൻ 3.88% കേന്ദ്രവിഹിതം കേരളത്തിന് നൽകുകയുണ്ടായി. നമ്മുടെ ഭരണഘടനയുടെ ഫെഡറൽ തത്വങ്ങൾ ഫിസ്കൽ ഫെഡറലിസം പ്രകാരം നമുക്ക് അർഹതപ്പെട്ടതാണ്. സംസ്ഥാനത്തെ ജനങ്ങളിൽനിന്നും കേന്ദ്രം പിരിക്കുന്ന നികുതിക്ക് ആനുപാതികമായി ഇവിടത്തെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം അനുവദിക്കുകയെന്നത് കേന്ദ്ര സർക്കാരിന്റെ ഭരണഘടനാപരമായ ബാധ്യതയും കേരളത്തിന്റെ അവകാശവുമാണ്. ആ അവകാശം നഗ്നമായി ലംഘിച്ചുകൊണ്ടാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേന്ദ്രവിഹിതം 1.92 ശതമാനമായി വെട്ടിക്കുറച്ചത്.

ഇത്തരത്തിലുള്ള നീതി നിഷേധത്തിനെതിരെ ചെറുവിരലനക്കാൻ ഇവിടത്തെ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്നുള്ളത് ലജ്ജാകരമാണ്. കേന്ദ്ര നയങ്ങൾക്കെതിരെ സംയുക്തമായി നിവേദനം നൽകാൻ ക്ഷണിച്ചപ്പോൾ യു.ഡി.എഫ്. പക്ഷത്തെ എം.പി.മാർ മാറിനിൽക്കുകയാണുണ്ടായത്. പ്രസ്തുത നിവേദനത്തിൽ ഒപ്പിടാനും നിവേദന സംഘത്തിന്റെ ഭാഗമാകാനും അവർ തയ്യാറായില്ല. കേന്ദ്രനയങ്ങൾക്കെതിരെയുള്ള കേരളത്തിന്റെ പ്രതിഷേധത്തിന്റെ ഭാഗമായി ഫെബ്രുവരി മാസം 8-ാംതീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിലേയ്ക്ക് പോകുകയാണ്. ഇതുസംബന്ധിച്ച് പ്രതിപക്ഷാംഗങ്ങളുമായി ചർച്ച നടത്തിയ അവസരത്തിൽ വളരെ നിഷേധാത്മകമായ നിലപാടുകളുമായി അവർ മുന്നോട്ടുപോകുകയാണുണ്ടായത്. ഇത്തരം സമീപനങ്ങളാണ് ഗവർണറുടെ തെറ്റായ നടപടികൾക്ക് പ്രോത്സാഹനമാകുന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഗവർണർ സഞ്ചരിക്കുന്ന വഴിയിലൂടെ ആർക്കും യാത്ര ചെയ്യാൻ കഴിയാത്ത ദുഃസ്ഥിതിയിലെത്തിയിരിക്കുകയാണ്. ആരെങ്കിലും ദൗർഭാഗ്യവശാൽ വഴിയിൽ നിന്ന് കൈ ഉയർത്തുകയോ എന്തെങ്കിലും ഒരു ചലനമുണ്ടായാലോ അദ്ദേഹം

അവിടെ ചാടിയിറങ്ങി ആക്രോശിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. കേരളത്തിന്റെ സാമൂഹിക അന്തരീക്ഷത്തെ കലുഷിതമാക്കുന്ന സ്ഥിതിയിലേയ്ക്കാണ് ഗവർണറുടെ നടപടികൾ പോകുന്നത്. അതിന് പ്രോത്സാഹനജനകമായ സമീപനങ്ങൾ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും വച്ചുപുലർത്തുന്ന ഒരു ദുഃസ്ഥിതിയിലേയ്ക്ക് കേരളത്തിന്റെ സാമൂഹികാന്തരീക്ഷം മാറിയിരിക്കുന്നു. ഇത് സമാനതകളില്ലാത്ത പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. കേന്ദ്രവും കേന്ദ്രത്തിന്റെ അന്വേഷണ ഏജൻസികളും യു.ഡി.എഫ്., പ്രതിപക്ഷനിരകളും ഒരുപറ്റം മാധ്യമങ്ങളും ചേർന്ന് ഈ സർക്കാരിനേയും സർക്കാർ നടത്തുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെയും കണ്ടില്ലെന്ന് നടിക്കുകയാണ്. എത്രയോ പ്രധാനപ്പെട്ട കാര്യങ്ങളിൽ കേരളം ഇന്നും ഒന്നാമതാണെന്ന് കേന്ദ്ര സർക്കാരിനുപോലും സമ്മതിക്കേണ്ടി വന്നിട്ടുണ്ട്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പൊതുജനാരോഗ്യ മേഖല, പൊതുവിദ്യാഭ്യാസം, ക്രമസമാധാന പാലനം, ദാരിദ്ര്യ ലഘൂകരണം തുടങ്ങി ഒട്ടേറെ മേഖലകളിൽ ഇന്നും കേരളം ഇന്ത്യയിൽ ഒന്നാമതാണ്. ഈ

അവസരത്തിൽ സംസ്ഥാനത്തിന്റെ വികസനവും പുരോഗതിയും തടസ്സപ്പെടുത്താൻ കുപ്രചാരണങ്ങളിലൂടെയും നിയമ വിരുദ്ധമായ നടപടികളിലൂടെയും കൂട്ടായ ശ്രമം നടക്കുകയാണ്. അതെല്ലാം മൂടിവച്ച് സർക്കാരിനെ മോശമായി ചിത്രീകരിക്കാനുള്ള തെറ്റായ പ്രവണതയുടെയും തെറ്റായ സമീപനത്തിന്റെയും ചട്ടുകമായി കേരളത്തിന്റെ ഭരണത്തലവനായ ഗവർണർ മാറുന്നുവെന്നത് അങ്ങേയറ്റം തെറ്റായ നടപടിയാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവർണർ നടത്തിയ തെറ്റായ നടപടികളെല്ലാം നിലനിർത്തിക്കൊണ്ട് അദ്ദേഹം ഇവിടെ അവതരിപ്പിച്ച പ്രസംഗത്തിൽ വസ്തുതാപരമായി ചൂണ്ടിക്കാണിച്ച സമാനതകളില്ലാത്ത വികസന ക്ഷേമപ്രവർത്തനത്തിന്റെയും പുരോഗതിയുടെയും കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് എല്ലാ പിന്തുണയും നൽകുന്നു. സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഒരിക്കൽക്കൂടി അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ടും ഈ നന്ദിപ്രമേയത്തെ പിന്താങ്ങുന്നതായി അറിയിച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. നന്ദകുമാർ:</u> സർ, നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. അതോടൊപ്പം ഗവർണർ സഭയോട് കാണിച്ച അനാദരവിൽ ശക്തമായി പ്രതിഷേധിക്കുകയും ചെയ്യുന്നു. പ്രതിപക്ഷം ഇവിടെനിന്നും ഒളിച്ചോടുകയാണ് ചെയ്തത്. ഗവർണറുടെ ഭാഗത്തുനിന്നുണ്ടായ ഈ തെറ്റായ നടപടിക്കെതിരെ പ്രതിഷേധിക്കേണ്ടിവരുമെന്ന് അറിഞ്ഞുകൊണ്ടാണ് പ്രതിപക്ഷം ഇവിടെനിന്ന് രക്ഷപ്പെട്ടുപോയത്. കേന്ദ്രത്തിനെതിരെയും ഗവർണർക്കെതിരെയും ശബ്ദിക്കാൻ അവർ തയ്യാറല്ലെന്നാണ് ഇവിടെ വ്യക്തമാക്കിയത്. നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിച്ച ജനാധിപത്യം, മതനിരപേക്ഷത, ഫെഡറലിസം, സാമൂഹ്യനീതി എന്നീ കാലാതീത മൂല്യങ്ങൾ സംരക്ഷിക്കുകയെന്നതാണ് ഇന്നത്തെ കടമ. ആ വെല്ലുവിളി എങ്ങനെ ഏറ്റെടുക്കാൻ കഴിയുമെന്നതാണ് ഇന്നത്തെ രാഷ്ട്രീയം. കേന്ദ്രസർക്കാർ ഫെഡറലിസ്റ്റ് മൂല്യങ്ങളെ വിലമതിക്കാതെ സംസ്ഥാനത്തെ കടന്നാക്രമിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര ബി.ജെ.പി. സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. സംസ്ഥാനത്തിന് അർഹതപ്പെട്ട പണമാണ് നൽകാത്തത്. സംസ്ഥാന സർക്കാർ നിരവധി തവണ കണക്കുകൾ വിവരിച്ചിട്ടും പ്രതിപക്ഷം ശ്രദ്ധിക്കാൻ

തയ്യാറാകുന്നില്ല. ഞങ്ങളത് വീണ്ടും ആവർത്തിക്കുകയാണ്. 5891 കോടി രൂപയാണ് സംസ്ഥാനത്തിന് ലഭിക്കാനുള്ളത്. ഞങ്ങൾ അത് ഇടയ്ക്കിടയ്ക്ക് ഇവിടെ ഓർമ്മപ്പെടുത്തുന്നുണ്ടെങ്കിലും യു.ഡി.എഫ്. അംഗങ്ങൾ മിണ്ടുന്നില്ല. അവർക്ക് ഇടതുപക്ഷ വിരുദ്ധ അപസ്മാരം പിടിപെട്ടിരിക്കുകയാണ്. പ്രതിപക്ഷനേതാവിനും കെ.പി.സി.സി. പ്രസിഡന്റിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേര് കേട്ടാൽ അപസ്മാരം പിടിപെടും. കേരളത്തിന്റെ മുഖ്യധാരാ പത്രങ്ങളും യു.ഡി.എഫ്. പത്രങ്ങളും സംഘപരിവാറിന് അടിപ്പെട്ടുപോയ ചാനലുകളും അവസരവാദപരമായ സാമ്പത്തിക ചർച്ച അവതരിപ്പിക്കുന്ന വിദഗ്ദ്ധർ എന്ന് പറയപ്പെടുന്നവരും ചില ആമാശയവാദികളും സംസ്ഥാനത്തിന് കേന്ദ്രം നൽകേണ്ട വിഹിതം നൽകിയെന്ന് പറയാൻ കഴിയാത്തതുകൊണ്ട് തെറ്റായ രൂപത്തിലുള്ള പ്രചാരണം സംഘടിപ്പിക്കുകയാണ്. ധനകാര്യ ഫെഡറൽ രംഗത്ത് ഇന്നുവരെ കാണാൻ കഴിയാത്ത ഭരണഘടനാപരമായ ലംഘനവും കീഴ്വഴക്കവുമാണ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി നടത്തിയതെന്നും ധനകാര്യ കമ്മീഷന്റെ അധികാരത്തിൽ കൈയിട്ടുവാരിയെന്നും നീതി ആയോഗ് സി.ഇ.ഒ. ശ്രീ. ബി. വി. ആർ. സുബ്രഹ്മണ്യം തുറന്നുപറഞ്ഞത് നിങ്ങളോരോരുത്തരും

ശ്രദ്ധിച്ചുകാണും. അക്കാര്യം The Reporters' Collective പുറത്തുകൊണ്ടുവരികയുണ്ടായി. സംസ്ഥാനങ്ങൾക്ക് ന്യായമായി ലഭിക്കേണ്ട തുക നിഷേധിക്കുന്നതിന് ഇത് കാരണമായി. നമ്മുടെ പ്രതിപക്ഷത്തിന് ഇതൊന്നും ഒരു പ്രശ്നമേയല്ല. ഇതുസംബന്ധിച്ച് അവർ ശബ്ദിക്കുകയോ കണ്ടതായി നടിക്കുകയോ ചെയ്യുന്നില്ല. നിങ്ങൾ എൽ.ഡി.എഫ്. വിരുദ്ധർ മാത്രമല്ല, കേരള വിരുദ്ധരുമാണ്. സംസ്ഥാനത്ത് വലിയ കടക്കെണിയാണെന്നാണ് അവരുടെ മറ്റൊരു പ്രചാരണം. മറ്റ് സംസ്ഥാനങ്ങളുടെ അവസ്ഥയെന്താണെന്ന് ചൂണ്ടിക്കാണിക്കുന്നില്ല. ഇന്ത്യയുടെ (കോർപ്പറേറ്റ് സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളുമടക്കം) ആകെ കടത്തിന്റെ 42% കേന്ദ്ര സംസ്ഥാന ബാധ്യതകളാണെന്ന് നമുക്കറിയാം. ഇക്കാര്യം അവർ മറക്കുകയാണ്. ഇത് കേരളത്തിന്റെ മാത്രം പ്രശ്നമല്ല. കേന്ദ്രസർക്കാർ സംസ്ഥാനങ്ങളോട് കൈക്കൊള്ളുന്ന സമീപനത്തിലുണ്ടാകുന്ന പ്രശ്നമാണ്. കോർപ്പറേറ്റുകൾക്ക് സമ്പത്ത് വർദ്ധിപ്പിക്കുമ്പോഴും ടാക്സ് റവന്യൂ കുറയ്ക്കുമ്പോഴും ഒരക്ഷരംപോലും മിണ്ടാത്തവരാണ് കോൺഗ്രസ്സുകാർ. അവരുടെ സാമ്പത്തിക നയം അതാണെന്നതാണ് കാരണം. ആഗോളവൽക്കരണ നയത്തിന്റെ വക്താക്കളും

പ്രയോക്താക്കളുമാണവർ. അവരാണ് ബി.ജെ.പി. സർക്കാരിന്റെ സാമ്പത്തിക നയങ്ങളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഇത്തരം കാര്യങ്ങൾ വിസ്മരിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം മതനിരപേക്ഷതയുടെ വിഷയമാണ്. വിശ്വാസത്തെ വോട്ട് ആക്കുന്ന കാലമാണിത്. എന്താണ് കോൺഗ്രസ്സിന്റെ സമീപനം; ഇന്ന് കോൺഗ്രസ് പത്രമായ മലയാള മനോരമയും മറ്റ് പത്രങ്ങളിലൊന്നായ മാതൃഭൂമിയും അടക്കം ബാബറി മസ്ജിദ് പ്രശ്നത്തിൽ, തർക്കഭൂമി എന്നാണ് എഴുതിപ്പിടിപ്പിക്കുന്നത്. അയോധ്യയിലെ രാമക്ഷേത്ര ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നൽകിയ പരസ്യങ്ങളിലും ഇതുപോലെയാണ് പറയുന്നത്. കൂടാതെ അവരുടെ പണം നേടിക്കൊണ്ട് ചില ചാനലുകളും 'തർക്കഭൂമി' എന്ന രൂപത്തിലേയ്ക്കാണ് വിഷയത്തെ അവതരിപ്പിക്കുന്നത്. കോൺഗ്രസ് എല്ലാകാലത്തും വർഗ്ഗീയതയെ ശക്തമായി പിന്തുണയ്ക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. അല്ലെങ്കിൽ മൗനമായിട്ടെങ്കിലും വർഗ്ഗീയതയെ സഹായിക്കുന്ന നിലപാടുകളാണ് കൈക്കൊള്ളുന്നത്. 1989-ൽ രാമക്ഷേത്രം നിർമ്മാണത്തിന് കല്ലിടാൻ ആരാണ് അനുവാദം നൽകിയത്; 1992-ൽ 'കർസേവകർ' (Karsevaks) ബാബറി മസ്ജിദ് തകർക്കുമ്പോൾ കസേരയിൽ നോക്കുകുത്തിയായി ഇരുന്നത്

ഏത് പ്രധാനമന്ത്രിയാണ്; ചരിത്രം പലതും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രശ്നങ്ങൾ ഇപ്പോൾ തുടങ്ങിയതല്ല. ജവഹർലാൽ നെഹ്റുവിനെ അവഗണിച്ചുകൊണ്ട് അന്നത്തെ ഉത്തർപ്രദേശ് മുഖ്യമന്ത്രി ഗോവിന്ദ് വല്ലഭ് പന്ത് ചെയ്തതെന്താണെന്ന് ചരിത്രരേഖയിലുണ്ട്. കോൺഗ്രസ് എക്കാലത്തും വർഗ്ഗീയതയുടെ പ്രീണനനയം സ്വീകരിച്ചവരാണ്. ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുണ്ടായിരുന്ന കോൺഗ്രസ്സിന്റെ ശക്തമായ ഒരുവിഭാഗം എതിർക്കുമ്പോഴും അക്കാലത്തും കോൺഗ്രസ്സിനകത്ത് ഈ വർഗ്ഗീയ പ്രീണനനയം ഉണ്ടായിരുന്നു. ശക്തമായ നേതൃത്വത്തിന് അക്കാലത്ത് നെഹ്റു ഉണ്ടായിരുന്നതുകൊണ്ട് അത് തടയാൻ സാധിച്ചു. എന്നാൽ  ഇന്ന് നേതൃത്വമൊട്ടാകെ വർഗ്ഗീയതയ്ക്ക് കൂട്ടുനിൽക്കുന്ന അവസ്ഥയാണ് നമുക്ക് കാണാൻ കഴിയുന്നത്. പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ റിഹേഴ്സലായി 5 സംസ്ഥാനങ്ങളിൽ നടന്ന തെരെഞ്ഞെടുപ്പിൽ, മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്നതിൽ എന്ത് സമീപനമാണ് കോൺഗ്രസ് സ്വീകരിച്ചത്; മൃദുഹിന്ദുത്വ സമീപനമല്ലേ? ഛത്തീസ്ഗഡിൽ നല്ലൊരു ശതമാനം പേർ അതായത് ജനസംഖ്യയുടെ പകുതിയോളം പേർ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണുള്ളത്. മധ്യപ്രദേശിലും രാജസ്ഥാനിലും ഭൂരിപക്ഷവും പാവപ്പെട്ട

ജനങ്ങളാണ്. തൊഴിലും കൂലിയും വിദ്യാഭ്യാസവും ആരോഗ്യവും നൽകുന്നതിന് പകരം പശുവിന്റെ ചാണകം രണ്ട് രൂപയ്ക്ക് വിലയ്ക്ക് വാങ്ങാനാണ് അവർ തീരുമാനിച്ചത്. രാമക്ഷേത്രത്തിലേയ്ക്ക് സൗജന്യ യാത്ര അനുവദിക്കുമെന്നാണ് അവർ പറഞ്ഞത്. ഇതാണ് കോൺഗ്രസ്സിന്റെ മതനിരപേക്ഷ സമീപനം. ഇന്ന് ഇന്ത്യ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ മുഖ്യമായിട്ടുള്ളതും മതനിരപേക്ഷത തന്നെയാണ്. മതനിരപേക്ഷത സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ എങ്ങനെയാണ് കോൺഗ്രസ്സിന് മുഖ്യ പങ്ക് വഹിക്കാൻ കഴിയുന്നത്? ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ ആശങ്കയിലും ഭീതിയിലുമാണ്. ബി.ജെ.പി.ക്കെതിരെ ഇന്ത്യയിലെ എല്ലാ പ്രതിപക്ഷ പാർട്ടികളും ഒന്നിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. എന്നാൽ കോൺഗ്രസ്സിന്റെ സമീപനമെന്താണ്? എല്ലാവരെയും യോജിപ്പിക്കുന്ന സമീപനമാണോ? ഇന്ത്യ മുന്നണിയുടെ ഇന്നത്തെ അവസ്ഥയെന്താണ്; ഈ അവസ്ഥയിലാക്കി മാറ്റിയതിന് കോൺഗ്രസ്സിന് പങ്കില്ലേ? അഞ്ച് സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രാദേശിക പാർട്ടികളോടും ഇടതുപക്ഷ പാർട്ടിയോടും യോജിപ്പിന്റെ സമീപനമാണോ എടുത്തത്?

ഇപ്പോൾ എ.എ.പി.-യും തൃണമൂൽ കോൺഗ്രസ്സും ഒറ്റയ്ക്ക് മത്സരിക്കാൻ നീക്കം നടത്തുന്നു. ശ്രീ. നിതീഷ് കുമാർ കോൺഗ്രസ് വിട്ടുപോയിക്കഴിഞ്ഞു. ബീഹാറിലെ ചില കോൺഗ്രസ് എം.എൽ.എ.മാർ അവരുടെ പ്രധാന ഉപഗ്രഹമായ ഹൈക്കമാൻഡിൽനിന്ന് ബന്ധം വിച്ഛേദിച്ചിരിക്കുന്നു. ഇപ്പോൾ ബന്ധമില്ല. പത്രങ്ങളിൽ പറയുന്നത് അവരെ ടെലഫോണിലും കിട്ടുന്നില്ല, അവരുമായി ബന്ധപ്പെടാനും കഴിയുന്നില്ലെന്നാണ്. അവർ വേറെ സങ്കേതത്തിൽ പോയിക്കഴിഞ്ഞുവെന്നാണ് വാർത്ത. ഇനി അവരെ കാണണമെങ്കിൽ ആ മണ്ഡലത്തിലെ ആൾക്കാർ ഹേബിയസ് കോർപ്പസ് കൊടുത്ത് ഇവരെ ഹാജരാക്കാൻ പറയേണ്ടിവരും. അല്ലെങ്കിൽ ബി.ജെ.പി. അവരെ കൊണ്ടുവരണം. ഇതാണ് ഇന്നത്തെ കോൺഗ്രസ്. ഇവർക്ക് എങ്ങനെയാണ് ഇന്ത്യ മുന്നണിയെ നയിക്കാൻ കഴിയുന്നത്? കണ്ടാലും കൊണ്ടാലും പഠിക്കാത്തവരാണ് കോൺഗ്രസ്സുകാർ. കേരളത്തോട് കേന്ദ്രം കാണിക്കുന്ന ശത്രുതാപരമായ നിലപാടിനും അവഗണനയ്ക്കുമെതിരെ ഒരക്ഷരം ഉരിയാടാൻ കേരളത്തിൽനിന്നും പോയ 18 എം.പി.മാരും തയ്യാറാകുന്നില്ല. ഏതെങ്കിലുമൊരു വിഷയത്തിൽ കേരളത്തോടുള്ള

അവഗണനയ്ക്കെതിരെ പ്രതികരിക്കുകയോ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി എന്നെങ്കിലും സംസാരിച്ചതായോ കാണാൻ കഴിയുമോ; ശ്രീ. രാഹുൽ ഗാന്ധി അടക്കമുള്ള കോൺഗ്രസ്സിന്റെ എം.പി.മാർ കേരളത്തിനുവേണ്ടി ഒന്നും ആവശ്യപ്പെട്ടില്ലെന്ന് മാത്രമല്ല കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി പ്രക്ഷോഭം സംഘടിപ്പിക്കുമ്പോൾ നിന്ദ്യമായ സമീപനമാണ് എടുത്തിട്ടുള്ളതെന്ന് പറയേണ്ടിയിരിക്കുന്നു. ജനകീയ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഉചിതമായ കർഷക സമരം നടന്നു. ആ സമര സമയത്ത് എന്തായിരുന്നു അവരുടെ സമീപനം; ആ സമരത്തിന് ആധാരമായ രൂപത്തിലുള്ള നിയമ നടപടികൾ കൊണ്ടുവന്നു. പ്രതിപക്ഷത്തും ഇടതുപക്ഷത്തുമുള്ള എം.പി.മാരാണ് സസ്പെന്റ് ചെയ്യപ്പെട്ടത്. കേരളത്തിലെ ഒരു എം.പി.പോലും അതിനെ എതിർക്കാൻ തയ്യാറായില്ല. പാർലമെന്റിൽ തൊഴിലാളി വിരുദ്ധമായ അഞ്ച് കോഡുകൾ കൊണ്ടുവന്നു. ആ സമയത്ത് എന്ത് സമീപനമാണ് സ്വീകരിച്ചത്? അപ്പോൾ സാമ്പത്തിക നയത്തിലും രാഷ്ട്രീയ നയത്തിലും അവർ സ്വീകരിക്കുന്ന സമീപനം അതാണ്. ഇതിലൂടെ ഇന്ത്യയിലെ ജനങ്ങളെ നയിക്കാനുള്ള ത്രാണിയും അവകാശവും

കോൺഗ്രസ്സിനില്ലെന്ന് അവർ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ താൽപ്പര്യം കാണിക്കുന്നില്ലെന്ന് മാത്രമല്ല വികസനം തടയുന്ന സമീപനമാണ് കേന്ദ്ര സർക്കാർ എടുത്തുകൊണ്ടിരിക്കുന്നത്. അക്കാര്യം തുറന്നുകാണിക്കാൻ തയ്യാറാവുന്നില്ലെന്ന് പറഞ്ഞാൽ അത് എൽ.ഡി.എഫ്.-ന് എതിരായ പ്രശ്നമല്ല, കേരളത്തോടുള്ള അവഗണനയാണ്, മലയാളിയോടുള്ള അപമാനമാണ്.

കേരളം മലയാളികളുടെ മാതൃഭൂമിയാണ്. കേന്ദ്ര സർക്കാരിന്റെ കടന്നാക്രമണം മലയാളിക്കെതിരെയുള്ള കടന്നാക്രമണമാണ്. അത് എൽ.ഡി.എഫ്.-ന്റെ മാത്രം പ്രശ്നമല്ല. കേരളം ഇപ്പോൾ നേടിയ നേട്ടങ്ങൾ ഇല്ലാതാക്കുകയും വികസന പ്രവർത്തനങ്ങൾ തടയുകയും പെൻഷൻതന്നെ ഇല്ലാതാക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ നടപടിക്കെതിരെ പ്രതിഷേധിക്കാൻ കഴിയില്ലെന്ന് പറഞ്ഞാൽ കേരളത്തിലെ ജനങ്ങളെ വഞ്ചിക്കുകയെന്നതാണ് അവർ സ്വീകരിച്ച നയം. ഇത് തിരുത്താൻ അവർ തയ്യാറാകുന്നില്ല. മലയാളികളുടെ അഭിമാനത്തെയാണ് ചോദ്യം ചെയ്യുന്നത്.

അതുകൊണ്ട് അവർ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ എറിയപ്പെടാൻ പോകുകയാണ്. ഭരണഘടനയുടെ ആമുഖം സമരായുധമാക്കേണ്ട കാലമാണിത്. റിപ്പബ്ലിക് ദിനത്തിൽ ഒറിജിനൽ എന്ന വിശേഷണത്തോടെ സർക്കാർ വെബ്സൈറ്റായ MyGov.in അക്കൗണ്ടിൽ മതേതരത്വവും സോഷ്യലിസവും ഇല്ലാത്ത ഭരണഘടനയുടെ ആമുഖം പ്രത്യക്ഷപ്പെട്ടു. ഇത് വളരെ ഗൗരവപ്പെട്ട പ്രശ്നമാണ്. ഇന്ത്യാ ഗവൺമെന്റ് പറയുകയാണ്, ഇനി മതനിരപേക്ഷതയും അതുപോലെതന്നെ സോഷ്യലിസവും വേണ്ടെന്ന്. ഭരണഘടനയും ഫെഡറലിസവും സംരക്ഷിക്കുവാൻ ശക്തമായ പോരാട്ടത്തിലാണ് ഞാൻ. ഫെബ്രുവരി 8-ലെ സമരവുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവും പ്രതിപക്ഷനേതാവിന്റെ പത്രമായ മലയാള മനോരമയും പറഞ്ഞത് അവിടെ സമ്മേളനമാണ് നടക്കാൻ പോകുന്നതെന്നാണ്. എന്താണ് സമ്മേളനം, എന്താണ് കോൺഫറൻസ്, ഞാൻ അതിന്റെ വ്യാഖ്യാനം പറയാം. കേരളത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര ബില്ലിനെതിരെ സമരം നടത്തുന്നത് ആദ്യമായല്ല. കപ്പൽ നിർമ്മാണശാല അടക്കമുള്ള കേരളത്തിന്റെ വൻകിട വ്യവസായ സ്ഥാപനം

സ്ഥാപിക്കുന്നതിനുവേണ്ടി ഇടതുപക്ഷ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ സഖാവ് എ.കെ.ജി. അടക്കമുള്ളവർ ഉജ്ജ്വലമായ സമരം നടത്തിയ പാരമ്പര്യമുള്ള സംസ്ഥാനമാണ് കേരളം. കേന്ദ്രത്തിന്റെ അവഗണനയ്ക്ക് എതിരായി നടക്കുന്ന പ്രക്ഷോഭ സമരം ഡൽഹിയിൽ മാത്രമല്ല കേരളത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങളിലും നടക്കും. ഇത് കേരളത്തെ അപമാനിക്കലാണ്. കേരളത്തിന് എതിരായിട്ടുള്ള നീക്കമാണ്. അതുകൊണ്ട് കേരളത്തിന്റെ മുഴുവൻ  അഭിമാനവും നേടിയ നേട്ടങ്ങളും സംരക്ഷിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പ്രക്ഷോഭ സമരം. എന്ത് എതിർപ്പുണ്ടെങ്കിലും ഏത് രൂപത്തിൽ തടയാൻ ശ്രമിച്ചാലും യു.ഡി.എഫ്.-ന്റെ ഈ കാപട്യ രാഷ്ട്രീയത്തെ തിരിച്ചറിഞ്ഞുകൊണ്ട് കേരളവും ഇടതുപക്ഷവും മുന്നോട്ടുപോകും. കഴിഞ്ഞ ദശമി ദിനത്തിൽ ആർ.എസ്.എസ്.-ന്റെ ആത്മീയ നേതാവ് ശ്രീ. മോഹൻ ഭഗവത് പറഞ്ഞത് ഞങ്ങളുടെ പ്രധാന ശത്രു മാർക്സിസം ആണെന്നാണ്. അതുകൊണ്ട് മാർക്സിസം ഇന്ത്യൻ മണ്ണിൽ കുഴിച്ചുമൂടണം.  കാരണം മറ്റാർക്കും പ്രത്യയ ശാസ്ത്രമില്ലെന്നാണ് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം. മാർക്സിസം അജയ്യമാണ്, അത് ശാസ്ത്രമാണ്.

ഹിറ്റ്ലർ ശ്രമിച്ചിട്ട് പരാജയപ്പെട്ടതാണ്. ധാരാളം ആളുകളെ കൊല്ലാനും ജയിലിൽ അടയ്ക്കാനും കഴിഞ്ഞിട്ടുണ്ടാവാം. പക്ഷേ ഇന്നും ആ പ്രത്യയശാസ്ത്രം ജീവിക്കുന്നുണ്ടെന്ന് ഇവർ മനസ്സിലാക്കണം. അത് ഇവിടത്തെ കോൺഗ്രസ്സുകാർക്ക് പാഠമാണ്. ഇടതുപക്ഷത്തെ ചെറുത്തുകൊണ്ട്, എതിർത്തുകൊണ്ട് ഇന്ത്യയിൽ ഒരു രാഷ്ട്രീയ ഭാവിയില്ല. വോട്ടിന്റെ കണക്ക് മാത്രമല്ല, ആ പ്രത്യയശാസ്ത്രത്തിന്റെ കരുത്താണത്. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ശക്തി ഇന്നല്ലെങ്കിൽ നാളെ ജനങ്ങൾ തിരിച്ചറിയുക തന്നെ ചെയ്യും. ആ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്ന മഹാഭൂരിപക്ഷം വരുന്ന കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം യു.ഡി.എഫ്.-ന്റെ കാപട്യം തുറന്ന് കാണിക്കപ്പെടും. ശക്തമായ രൂപത്തിൽ കേരളത്തിലെ ജനങ്ങൾ തിരിച്ചടി നൽകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു. അതോടൊപ്പം കേരള ഗവർണർ നിയമസഭയോട് കാണിച്ച അനാദരവിൽ എന്റെ പ്രതിഷേധംകൂടി രേഖപ്പെടുത്തുന്നു. നമ്മുടെ രാജ്യം

വൈവിധ്യങ്ങളുടെ ഒരു സംഗമ ഭൂമിയാണ്. ഇന്ത്യയെ ഒരുമിപ്പിച്ച് നിർത്തുന്നതുതന്നെ ഈ വൈവിധ്യങ്ങളാണ്. ഈ വൈവിധ്യത്തിന്റെ അടിത്തറയാണ് മതനിരപേക്ഷതയും ഫെഡറലിസവും. ഈ രണ്ട് ആശയങ്ങളും നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളാണ്. അതായത് പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ചുപോലും ഇത് ഭേദഗതി ചെയ്യാൻ കഴിയില്ല. ഈ രണ്ട് ആശയങ്ങളുമാണ് സംഘ്പരിവാർ നയിക്കുന്ന ബി.ജെ.പി. ഭരണത്തിൽ ഭീഷണി നേരിടുന്നത്. ഇത് രാജ്യത്തിന്റെയും കേരളത്തിന്റെയും ഭാവിയെ ബാധിക്കുന്ന ഒന്നാണ്. ഇത്തരത്തിലുള്ള സാഹചര്യത്തിൽ ഒരുമിച്ചുനിന്ന് പോരാടുക മാത്രമാണ് ഒരു മാർഗ്ഗമായിട്ടുള്ളത്. എന്നാൽ രാജ്യത്തെ പ്രതിപക്ഷമെന്ന് അവകാശപ്പെടുന്നവരും കേരളത്തിലെ പ്രതിപക്ഷ കക്ഷിയുമായ കോൺഗ്രസ് ഒറ്റുകാരുടെ വേഷം കെട്ടുന്നുവെന്നതാണ് പ്രത്യേകത. കേരളത്തിലെ സ്വതന്ത്ര മാധ്യമങ്ങളെന്ന് പറയുന്ന ഒരു കൂട്ടർ ഈ ഒറ്റുകാർക്ക് കുടപിടിച്ചുകൊടുക്കുന്ന നടപടിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. 2024 ജനുവരി 22-ലെ യു.പി.യിലെ സംഭവം കൂടി കഴിഞ്ഞതോടെ മതം ഇന്ത്യൻ

ഭരണകൂടത്തിന്റെ രാഷ്ട്രീയ ഉപകരണമായി മാറി. ഇത് തലമുറകളെ ബാധിക്കുന്ന ഒന്നാണെന്ന് തിരിച്ചറിയണം. ഞങ്ങളാണ്, കോൺഗ്രസ്സാണ്, രാജീവ് ഗാന്ധിയാണ്, പൂട്ടിയ പള്ളി തുറന്നത്. ശിലാന്യാസത്തിന് അനുമതി കൊടുത്തത്. ഡിസംബർ 6-ന് നരസിംഹറാവു ആണ് പ്രധാനമന്ത്രി. ഞങ്ങൾ അഭിമാനപൂർവ്വം പറയുന്നു, അതുകൊണ്ട് ഞങ്ങൾക്കും നിർണ്ണായക സ്ഥാനമുണ്ട് എന്നാണ് കർണ്ണാടക ഉപമുഖ്യമന്ത്രി ശ്രീ. ഡി. കെ. ശിവകുമാർ പറയുന്നത്. വെള്ളി ഇഷ്ടികയുമായി ശ്രീ. കമൽ നാഥ്. ജനുവരി 22-ന് സംസ്ഥാനത്ത് പൊതുഅവധി പ്രഖ്യാപിച്ച് ഹിമാചൽ പ്രദേശ്, ബീഹാറിലെ 10 എം.എൽ.എ.മാർ ഇപ്പോൾ എവിടെയാണെന്ന് നമുക്കറിയാം. പള്ളി സ്വയം പൊളിച്ചുമാറ്റി സൗകര്യമുണ്ടാക്കി കൊടുക്കണമായിരുന്നു എന്നാണ് ബഹുമാനപ്പെട്ട തിരുവനന്തപുരം എം.പി. പറഞ്ഞത്. ശ്യാമപ്രസാദ് മുഖർജിയുടെ മന്ത്രിസ്ഥാനവുമായി ബന്ധപ്പെട്ട് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആർ.എസ്.എസ്.-ഉം ആയി സഖ്യമുണ്ടാക്കിയെന്നാണ് കേരളത്തിലെ ശ്രീ. കെ. സുധാകരൻ പറയുന്നത്. ഈ ആശയത്തോടൊപ്പം അദ്ദേഹം പറയുകയാണ്, ഞാൻ കണ്ണൂരിൽ ശാഖയ്ക്ക് കാവൽ നിന്നിട്ടുണ്ട്,

എന്നോടുകളിച്ചാൽ ഞാൻ ആർ.എസ്.എസ്.-ൽ പോകുമെന്ന്. ഇത് കേരള ജനതയോട് ഒരു കെ.പി.സി.സി. പ്രസിഡന്റ് പറയുന്നതാണ്. കോലീബി സഖ്യം, വടകര-ബേപ്പൂർ മോഡലിനെക്കുറിച്ചൊക്കെ നമ്മൾ നേരത്തെ ചർച്ച ചെയ്യാറുണ്ടായിരുന്നു. വോട്ട്, സീറ്റ് ഇതൊക്കെ അവർ അങ്ങോട്ടുമിങ്ങോട്ടും മാറാറുണ്ട്. അന്നൊന്നും ഞങ്ങളാണ് ഇതെന്ന് പറഞ്ഞ് ഹിന്ദുത്വ പ്രത്യയശാസ്ത്രത്തെ ഇത്തരത്തിൽ അനുകൂലിക്കുക പതിവില്ല. എന്നാൽ ഇപ്പോൾ അത് പരസ്യമായി പറയാനുള്ള വ്യഗ്രത കാണിക്കുന്നു. കോൺഗ്രസ്സിൽനിന്നും ലീവെടുത്ത് ബി.ജെ.പി.-യിലേയ്ക്കും ബി.ജെ.പി.യിൽ നിന്നും ലീവെടുത്ത് കോൺഗ്രസ്സിലേയ്ക്കും ഒരു തരം ഡെപ്യൂട്ടേഷൻ സംവിധാനമായി ഇന്ത്യയിലെ കോൺഗ്രസ് ഇപ്പോൾ മാറിയിരിക്കുന്നു. മുസ്ലീം ലീഗുകാരോട് പറയാനുള്ളത്, അവരിപ്പോൾ ഇവിടെയില്ല, കോൺഗ്രസ്സിന്റെ കൂടെ പോയിരിക്കുകയാണ്. അവരെ വല്ലാതെ വിശ്വസിക്കണ്ടെന്നാണ്. പാഠപുസ്തകത്തിൽനിന്നും മുഗൾചരിത്രവും ഗാന്ധിജിയുടെ രക്തസാക്ഷിത്വവും എടുത്തുമാറ്റി. യു.ഡി.എഫ്.-കാരോ മുസ്ലീംലീഗോ ഒരു പന്തംകൊളുത്തി പ്രകടനം നടത്തുമെന്ന് പ്രതീക്ഷിച്ചു.

എന്നാൽ ഒന്നും സംഭവിച്ചില്ല. കോൺഗ്രസ് അങ്ങനെയൊരു പ്രകടനം നടത്താൻ തയ്യാറാകില്ല, കാരണം അടിയന്തരാവസ്ഥയും പാഠപുസ്തകത്തിൽനിന്നും എടുത്തുമാറ്റി. അതുകൂടി എടുത്തുമാറ്റിയപ്പോൾ സന്തോഷമായി. അതുകൊണ്ടുതന്നെ ഞങ്ങൾ പ്രകടനത്തിനില്ല. ഈ സാഹചര്യത്തിൽ ഇതൊക്കെ കേരളത്തിൽ പഠിപ്പിക്കുമെന്ന നടപടിയാണ് പിണറായി സർക്കാരെടുത്തത്. അങ്ങനെയൊരു നിലപാടെടുത്തതിനെ അഭിനന്ദിക്കണ്ട; ഉപദ്രവിക്കാതിരുന്നുകൂടെ? ഭരണഘടനയിലെ സാമ്പത്തിക ഫെഡറലിസം തകർത്തുകൊണ്ട് കേന്ദ്രഗവൺമെന്റ് കേരളത്തോട് ചെയ്യുന്ന ഈ ക്രൂരതകൾ തലമുറകളോളം നിലനിൽക്കുന്ന ഒന്നാണ്. ഇതിനെ കേവലം ഭരണ-പ്രതിപക്ഷ തർക്കമാക്കി മാറ്റാനുള്ള വലിയ പരിശ്രമമാണ് നടക്കുന്നത്. അതങ്ങനെയുള്ള ഒരു തർക്കമല്ല. കേരളത്തിൽ ഇന്ന് കാണുന്ന ഈ മാറ്റങ്ങൾക്കൊന്നും ഒരുപങ്കും വഹിക്കാൻ ബി.ജെ.പി.-ക്കോ സംഘ്പരിവാറിന്റെ പ്രത്യയശാസ്ത്രത്തിനോ കഴിഞ്ഞിട്ടില്ല. നിയമസഭയിലേയ്ക്കോ ലോകസഭയിലേയ്ക്കോ ഒരു സീറ്റ് കേരളത്തിൽനിന്ന് ബി.ജെ.പി.ക്ക് വിജയിപ്പിച്ചെടുക്കാനും കഴിയില്ല. ബി.ജെ.പി.യും

തങ്ങളുമായാണ് മത്സരമെന്ന് ചിലയാളുകൾ പറയുന്നത് എന്തിനുവേണ്ടിയാണെന്ന് നമുക്കറിയാം. എന്നാൽ ഒരിക്കലും അതിന് കഴിയില്ല. അതുകൊണ്ടുതന്നെ അവർക്ക് എന്തുമാകാം. ആ വൈരാഗ്യം കേരളത്തിന് എതിരായി അവർ നന്നായി ഉപയോഗിക്കുകയാണ്. പക്ഷേ കേരളത്തിലെ യു.ഡി.എഫ്.-ഉം ഒരുപറ്റം മാധ്യമങ്ങളും എന്തിനാണ് അതിനോടൊപ്പം നിൽക്കുന്നത്. ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ നിൽക്കണ്ടേ? അവരങ്ങനെ നിൽക്കുന്നതിന് ഒരു കാരണമുണ്ട്. 1957-ൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നത് ഒരു ചരിത്രമായിരുന്നു. ആ ഗവൺമെന്റിനെ തകർത്തത് വർഗ്ഗീയ സാമ്രാജ്യത്വ കൂട്ടുകെട്ടാണ്. അതിന്റെ ചരിത്രത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. 2021-ൽ കേരളത്തിൽ രണ്ടാം പിണറായി ഗവൺമെന്റിന്, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് തുടർഭരണം ലഭിച്ചതും ഒരു ചരിത്രമാണ്. വർഗ്ഗീയതയ്ക്കും ഉദാരവത്കരണ നയങ്ങൾക്കുമെതിരായി ബദൽ നയങ്ങളുയർത്തി ജനങ്ങളുടെ സമരായുധമായി എല്ലാ കാര്യത്തിലും ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ പഴയ വിമോചന സമരത്തിന്റെ

പിന്മുറക്കാർ ഒത്തുകൂടിയിട്ടുണ്ട്. വർഗ്ഗീയതയും മുതലാളിത്തവും ഒന്നിച്ച് കേരളത്തിലെ ഈ ബദൽ ഗവൺമെന്റിനെ തകർക്കാൻ ശ്രമിക്കുമ്പോൾ ഗവർണറും അതിൽ പരസ്യമായി രംഗത്തുവന്നിരിക്കുന്ന കാഴ്ചയാണ് നാം കാണേണ്ടത്. ഇവിടെ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് കേരളത്തിലെ മുഴുവൻ ജനങ്ങളെയും അണിനിരത്തി ജനപ്രതിനിധികളാകെ ഡൽഹിയിലേയ്ക്ക് പോകുന്നതിനും അവിടെ ശക്തമായ സമരം മുന്നോട്ടുകൊണ്ടുവരുന്നതിനും തീരുമാനിച്ചിട്ടുള്ളത്. അത്തരം തീരുമാനങ്ങളെല്ലാം പ്രതിപക്ഷവുമായി ചർച്ച ചെയ്തിട്ടുണ്ട്. ഏത് കാര്യം ചർച്ച ചെയ്താലും കോൺഗ്രസ് പങ്കെടുക്കില്ല, കേന്ദ്രത്തിനെതിരായി അവർ ഒന്നും പറയില്ല. ഞങ്ങൾ എ.സി.-യിൽ ഇരിക്കുന്നില്ലെന്നൊക്കെ പ്രതിപക്ഷം പറയുന്നത് കേട്ടു, 18 പേർ പാർലമെന്റിൽപോയി എ.സി.യിലിരുന്ന് കേരളത്തിൽ പെൻഷൻ കൊടുക്കാനുൾപ്പെടെയുള്ള പണം നൽകണമെന്ന് ആവശ്യപ്പെടാതെ കേരളത്തിന്റെ 'കെ-റെയിൽ' ഇല്ലാതാക്കാനും കേരളത്തിന്റെ വികസനം തകർക്കണമെന്നും നിരന്തരമായി

ആവശ്യപ്പെടുന്നത് ഏത് ശീതളച്ഛായയിലാണെന്ന് വ്യക്തമാക്കാൻ യു.ഡി.എഫ്. സന്നദ്ധമാകണം.

മി. ചെയർമാൻ: പ്ലീസ്.......പ്ലീസ്...........

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, കേരളത്തിന്റെ താൽപ്പര്യം ഉയർത്തിക്കൊണ്ട്, നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയിൽ കേന്ദ്രഗവൺമെന്റ് കാണിക്കുന്ന അവഗണനയിൽ പ്രതിഷേധിച്ചുകൊണ്ടുള്ള സമരവുമായി മുന്നോട്ടുപോകേണ്ടതുണ്ട്. ഗവർണർ സഭയോട് കാണിച്ച അനാദരവിൽ പ്രതിഷേധിച്ചുകൊണ്ടും നന്ദിപ്രമേയ ചർച്ചയ്ക്ക് പിന്തുണ അറിയിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. അതേസമയം നയപ്രഖ്യാപനത്തോട് നന്ദികേട് കാണിച്ച ഗവർണറോടും പ്രതിപക്ഷത്തോടുമുള്ള അമർഷവും ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുന്നു. 75-ാമത് ഇന്ത്യൻ റിപ്പബ്ലിക് ദിനത്തിന്റെ തലേന്നാണ് ഈ നിയമസഭാ ഹാളിൽ നയപ്രഖ്യാപനം അവതരിപ്പിക്കപ്പെട്ടത്. ആ പ്രസംഗത്തിന്റെ അവസാന ഭാഗത്ത്

ചൂണ്ടിക്കാണിക്കുന്നത്, നമ്മുടെ രാജ്യത്തിന് വലിയ പ്രതീക്ഷ നൽകുന്ന പ്രതിരോധത്തിന്റെ തീ നാളങ്ങളാണ്. അത് അവസാനിക്കുന്നത് "വൈവിദ്ധ്യവും വർണ്ണാഭവുമായ ഈ രാഷ്ട്രത്തിന്റെ ഭാഗമെന്ന നിലയിൽ നാം ഒത്തൊരുമിച്ച് നമ്മുടെ പന്ഥാവിലുള്ള എല്ലാ വെല്ലുവിളികളേയും അതിജീവിച്ചുകൊണ്ട് സമഗ്രമായ വളർച്ചയുടെയും ഉത്തരവാദിത്വമുള്ള പ്രതിരോധശേഷിയുടെയും വർണ്ണകമ്പളം നെയ്തെടുക്കും." എന്ന പ്രഖ്യാപനത്തോടെയായിരുന്നു. അതിനെയാണ് ഞാൻ പ്രതിരോധത്തിന്റെ തീനാളമെന്ന് വിശേഷിപ്പിച്ചത്. നവകേരള സദസ്സിലേയ്ക്ക് അലകടൽ ഇളകിവരുന്നത് പോലെയാണ് അലയടിച്ച് ജനകോടികൾ എത്തിച്ചേർന്നത്. അവർ പകർന്ന് നൽകിയ ആത്മവിശ്വാസമാണ് ഈ നയപ്രഖ്യാപനത്തിലെമ്പാടും നമുക്ക് കാണാൻ കഴിഞ്ഞത്. മലയാളികളുടെ ഈ മാതൃഭൂമിയുടെ മാനാഭിമാനം ചോദ്യംചെയ്ത്, വെല്ലുവിളിച്ച്, കേരള വിരുദ്ധ കേന്ദ്രസ്ഥാനീയർ പോർവിളി നടത്തുമ്പോൾ ചങ്കുറപ്പോടെ കേരളീയർ പ്രതിരോധിക്കാനെത്തുന്ന കാഴ്ചയാണ് നവകേരള സദസ്സിൽ നമ്മൾ കണ്ടത്. കണ്ടാലും കൊണ്ടാലും പഠിക്കാത്ത ഈ കള്ള കോൺഗ്രസ് അഥവാ

കേരളത്തിലെ സംഘി കോൺഗ്രസ് നാടിനെ ഒറ്റികൊടുക്കാൻ ഒരുമ്പിട്ടിറങ്ങിയ കാലം കൂടിയാണ് ഈ കലികാലമെന്ന് ഓർക്കണം. എന്തിനാണ് കോൺഗ്രസ് കേന്ദ്രവഞ്ചകരുടെ വക്കാലത്തുമായി കേരളത്തിൽ നടക്കുന്നത്? ഈ സഭയിൽപോലും അവർ ആ വക്കാലത്ത് ഏറ്റുപിടിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ കോൺഗ്രസ്സുകാർ ഒന്നിച്ച് സംഘികളാകുന്ന കാഴ്ചയാണ് നാം കാണുന്നത്. എന്നാൽ കേരളത്തിൽ നേരെമറിച്ചാണ് സംഭവിക്കുന്നത്, കേരളത്തിലെ സംഘികളെല്ലാംകൂടി കോൺഗ്രസ്സായിരിക്കുന്നു. അവരും കോൺഗ്രസ്സിന്റെ ഖദറിട്ട് കെ.പി.സി.സി.യിലും കേരളത്തിന്റെ പ്രതിപക്ഷ കസേരയിലുമെല്ലാം കയറിയിരിക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. എല്ലാകാലത്തും കോൺഗ്രസ്സിൽ ഒരുപറ്റം സംഘികൾ പ്രവർത്തിക്കുകയും നയിക്കുകയും ചെയ്തിട്ടുണ്ട്. അതിന് നിരവധി ഉദാഹരണങ്ങളുമുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത് കേൾക്കാതെ അയോദ്ധ്യപള്ളിയുടെ പള്ളയിൽ രാമ വിഗ്രഹം സ്ഥാപിച്ചത് പഴയ സംഘി കോൺഗ്രസാണ്. ആധുനിക സംഘി കോൺഗ്രസ്സുകാർ ഒരുമിച്ച് കേരളത്തിലെത്തി പ്രതിപക്ഷത്തിന്റെ പള്ളയിൽ

കയറിയിരുന്ന് മലയാള നാടിന് പാര പണിയുന്ന കാഴ്ചയാണ് നമ്മൾ ഇപ്പോൾ കാണുന്നത്. അതുകൊണ്ടാണ് പ്രതിപക്ഷം നിർധനരായ മലയാളികൾക്ക് നൽകുന്ന ക്ഷേമപെൻഷൻ മുടക്കാൻ കേന്ദ്രത്തെ കൂട്ടുപിടിച്ച് ശ്രമിക്കുന്നത്. ക്ഷേമപെൻഷന്റെ പേരിലാണ് ഇന്നവർ ഈ പടിയിറങ്ങിപ്പോയത്. അറുപത് ലക്ഷത്തിലധികം വരുന്ന പാവപ്പെട്ടവർക്ക് പ്രതിമാസം 1600/- രൂപ നൽകുന്ന പെൻഷൻ പദ്ധതിക്കുവേണ്ടി കടം വാങ്ങുന്നത് രാജ്യദ്രോഹപരമാണെന്ന് കേന്ദ്രസർക്കാർ പാർലമെന്റിൽ പറയുമ്പോൾ കൈപൊക്കി അതിനെ പിന്തുണച്ച കേരളത്തിലെ 18 എം.പി.മാരും സംഘികളുടെ, സഹകരണ കോൺഗ്രസ്സിന്റെ അംബാസിഡർമാരായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്ന് നമ്മൾ മനസ്സിലാക്കണം. പെൻഷനെ മാത്രമല്ല അവരിങ്ങനെ നേരിടുന്നത്, പാവപ്പെട്ടവരുടെ പാർപ്പിട പദ്ധതിയായ ലൈഫിനുനേരെയും സംഘി കോൺഗ്രസ്സുകാർ കേരളത്തിൽ പ്രവർത്തിക്കുകയാണ്. ഏഴ് വർഷത്തിനകം നാല് ലക്ഷം വീടുകൾ നൽകിയ ലൈഫ് പദ്ധതിയിൽ അവശേഷിക്കുന്ന എല്ലാ ഭവനരഹിതർക്കും വീട് നൽകുവാൻ പദ്ധതിയുണ്ടാക്കിയപ്പോൾ

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും കൂട്ടി സംഘി കോൺഗ്രസ് കോടതിയിലും കേന്ദ്ര മന്ത്രിമാരുടെ മന്ദിരങ്ങളിലും കയറിയിറങ്ങി കുത്തിതിരിപ്പുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കടം വാങ്ങാതെ കൈയിലുള്ള പണംകൊണ്ട് വീടുവച്ച് നൽകിയാൽ പോരെയെന്നാണ് കോൺഗ്രസ്സുകാരുടെ ചോദ്യം. അതിനെ പിന്തുണയ്ക്കുന്ന ചില മാധ്യമ വാർത്തകളും വരുന്നുണ്ട്. കേന്ദ്ര സർക്കാർ പ്രധാനമന്ത്രിയുടെ പേരിൽ നൽകുന്ന 72000/- രൂപയുടെ വീടോ, കേരളത്തിലെ യു.ഡി.എഫ്.കാർ നൽകിയ ഒന്നേ കാൽ ലക്ഷം രൂപയുടെ വീടോ അല്ല, മറിച്ച് നമ്മൾ നൽകുന്ന വീട് നാല് ലക്ഷം രൂപയുടേതാണ്. അവർ നൽകുന്നതുപോലത്തെ വീടാണ് നൽകിയിരുന്നതെങ്കിൽ എൽ.ഡി.എഫ്. സർക്കാരിന് ഇതിനകം പത്തുപതിനഞ്ച് ലക്ഷം വീട് നൽകാൻ കഴിയുമായിരുന്നു. അപേക്ഷിച്ച മുഴുവൻ പേർക്കും വീട് നൽകിയതിനുശേഷം പിന്നെയും കൈയിൽ പണം ബാക്കിയുണ്ടാകുമായിരുന്നു. ലൈഫ് പദ്ധതിയിൽ രാജ്യത്ത് മറ്റെവിടെയും കൊടുക്കാത്ത തുക (നാല് ലക്ഷം രൂപ) നൽകിക്കൊണ്ടുള്ള ഭവന നിർമ്മാണമാണ്. ലൈഫ് പദ്ധതിയെ തകർക്കുവാൻ ഇവർ പരിശ്രമിക്കുന്നു.

ആ പദ്ധതിക്കായി നാടൊന്നാകെ സഹകരിച്ചുകൊണ്ടിരിക്കുകയാണ്. 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ ഏറ്റെടുത്തപ്പോൾ മണ്ണില്ലാത്തവർക്ക് മണ്ണ് നൽകാൻവേണ്ടി ഏതാണ്ട് 2834 സെന്റ് ഭൂമി ഇതിനോടകം സർക്കാരിനെ ഏൽപ്പിക്കാൻ ജനങ്ങൾ തയ്യാറായി. ആ മനസ്സിലേയ്ക്ക് യു.ഡി.എഫ്. എത്തണമെങ്കിൽ അവർ മണ്ണിനടിയിലേയ്ക്ക് പോകുന്നതുവരെ കാത്തിരിക്കേണ്ട സ്ഥിതിയാണ് ഇപ്പോൾ നമ്മുടെ മുമ്പിലുള്ളത്. പ്രതിപക്ഷത്തിന് കേരളത്തോട് പക എന്തിനാണെന്നും പാവപ്പെട്ടവർക്ക് വീട് നൽകുന്നതെന്തിനാണ് ഇവർ തടയുന്നതെന്നും എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. വീട് മാത്രമല്ല ഭക്ഷണവും മുടക്കുന്നവരാണ് അവർ. വയറെരിയുന്നവരുടെ മിഴി നനയാതിരിക്കാൻ 'ഹൃദയപൂർവ്വം' എന്ന പദ്ധതിയുടെ ഭാഗമായി ഡി.വൈ.എഫ്.ഐ.ക്കാർ ലക്ഷക്കണക്കിന് പൊതിച്ചോറുകൾ ആശുപത്രികളിൽ എത്തിക്കുകയാണ്. ആ പൊതിച്ചോർ വിതരണത്തെ തടസ്സപ്പെടുത്താൻ നടന്നവരാണ് യൂത്ത് കോൺഗ്രസ്സുകാർ. ആ കോൺഗ്രസ്സുകാർ ജനകീയ ഹോട്ടലിനെയും സുഭിക്ഷ ഹോട്ടലിനെയും ഉൾപ്പെടെ അടയ്ക്കാൻ ആഹ്വാനം നൽകുകയാണ്. എന്റെ നാടായ പാലക്കാട്

ജില്ലയിൽ വിളയുന്ന നെല്ലിൽനിന്നും ലഭിക്കുന്ന അരി ലോകോത്തര മാർക്കറ്റുള്ളതാണ്. കേന്ദ്ര സർക്കാർ കഴിഞ്ഞ ആറ് വർഷമായി കർഷകന് നെല്ലിന്റെ വിലപോലും നൽകുന്നില്ല. വിവിധയിനത്തിൽ അവർക്ക് പണം നൽകാനുണ്ട്. ജനുവരി 26-ന് മാതൃഭൂമി ദിനപത്രത്തിൽ ആ വാർത്ത വന്നിട്ടുണ്ട്. അതിൽ കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. 2017-18 മുതലുള്ള നെൽ വിലയുടെ കുടിശ്ശിക കേന്ദ്ര സർക്കാർ നൽകാനുണ്ട്. അന്ന് അത് 6.37 കോടി രൂപയാണ്. 2018-19-ൽ 6.54 കോടി രൂപയും 2019-20-ൽ 188.38 കോടി രൂപയുമാണ്. 2019-20-ലെ പണവും കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. 2020-21-ൽ 39.36 കോടി രൂപ, 2021-22-ൽ 23.11 കോടി രൂപ, 2022-23-ൽ 351.22 കോടി രൂപ എന്നിങ്ങനെ ആകെ 614.98 കോടി രൂപയാണ് കിട്ടാനുള്ളത്. അതായത് 615 കോടി രൂപയാണ് നൽകാനുള്ളത്. നെല്ല് ഇവിടെനിന്ന് വാങ്ങി കൊണ്ടുപോയി അരി ഉപയോഗിച്ചശേഷം കേന്ദ്ര സർക്കാർ പണം നൽകാത്തതാണ്. ഇവിടെ സൂചിപ്പിച്ചത് കേന്ദ്ര സർക്കാർ നൽകാത്ത പണത്തിന്റെ കണക്കാണ്. ആറ് വർഷമെന്ന് പറഞ്ഞാൽ 12 സീസണിൽ മനുഷ്യൻ കൊയ്തുണ്ടാക്കിയ

നെല്ലാണ് അവർ പറ്റിച്ചുകൊണ്ടുപോയത്. ഈ അവഗണനയ്ക്കെതിരെ പ്രതിഷേധിക്കാൻ പ്രതിപക്ഷം മുന്നോട്ടുവരുന്നില്ല. സാഹചര്യങ്ങൾ ഇത്തരത്തിൽ തുടരുമ്പോഴും ഇവിടത്തെ നെൽ കർഷകന്റെ കൈയിൽനിന്ന് നെല്ല് സംഭരിച്ച് രാജ്യത്തെ ഏറ്റവും കൂടിയ വില നൽകുന്ന കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനെ കൈ കൂപ്പി തൊഴുന്നതിനുപകരം അവരെ കുറ്റം പറഞ്ഞ് നടക്കുന്ന കോൺഗ്രസ്സുകാരുടെ നയം, അത് കേന്ദ്രത്തെ സഹായിക്കുന്നതാണ്. വ്യാജ ഐ.ഡി. കാർഡ് യൂത്ത് കോൺഗ്രസ്സുകാർ മാത്രമാണുണ്ടാക്കിയതെന്ന് ധരിക്കണ്ട. അതിൽ സീനിയേഴ്സുമുണ്ട്. സംഘികൾ നാഷണൽ കോൺഗ്രസ്സിന്റെ വ്യാജ ഐ.ഡി.യുമായി കേരളത്തിൽ നടക്കുകയാണ്. വ്യാജ ഐ.ഡി. കൈവശംവച്ച സംഘികളാണ് കേരളത്തിലെ കോൺഗ്രസ്സുകാർ. അവർ എന്തായാലും കേരളത്തിനും മലയാളികൾക്കും എതിരായിരിക്കും. അവരുടെ വാക്ക് കേട്ടിട്ടാണ് കേന്ദ്രഗവൺമെന്റ് ചാടിക്കളിക്കുന്നത്. അത് മാത്രമല്ല 'ആർ.എസ്.എസ്. കളരിക്ക് കാവൽ നിന്നവൻ' എന്ന ഒരു വിദ്വാന്റെ പ്രഖ്യാപനം നമ്മളെ അത്ഭുതപ്പെടുത്തിയ ഒന്നാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു

സംഘികളുമായി പണ്ട് സഖ്യമുണ്ടാക്കിയിരുന്നുവെന്ന വസ്തുതാവിരുദ്ധമായ കാര്യം പറഞ്ഞ് നടന്നവനും സംഘി സംഘി എന്നുപറഞ്ഞാൽ ഞാൻ സംഘി കൂട്ടത്തിൽ ചേരുമെന്ന് പറഞ്ഞവനും ഇപ്പോൾ കള്ള പഹയൻമാരുടെ കേന്ദ്ര കമ്മിറ്റിയുടെ അദ്ധ്യക്ഷ പദവിയിൽ കയറിയിരിക്കുന്നവനുമാണ് ഈ വിദ്വാൻ. കള്ള പഹയൻമാരുടെ കേന്ദ്ര കമ്മിറ്റിയെന്ന് പറയേണ്ട കാര്യമുണ്ടോ ചുരുക്കി കെ.പി.സി.സി.യെന്ന് പറഞ്ഞാൽ പോരെയെന്നാണ് ശ്രീമതി യു. പ്രതിഭ, എം.എൽ.എ. ചോദിക്കുന്നത്. ഇതാണ് യഥാർത്ഥത്തിൽ അതിന്റെ മലയാളമെന്ന് പറയുന്നത്. പുതുതലമുറയ്ക്ക് പ്രതീക്ഷകൾ നൽകുന്ന ഇടപെടൽ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് നമ്മുടെ നാട്ടിൽ നടത്തുന്നത് കാണാൻ സാധിക്കും. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ മാത്രമല്ല പുതിയ കാലത്തിലെ തൊഴിൽ അന്വേഷകരായ ആളുകൾക്ക് തൊഴിൽ നൽകാനാവശ്യമായ നിരവധി പദ്ധതികൾ അവിഷ്കരിച്ചു. 2022-23-ൽ 139840 പുതിയ സംരംഭകരെ കൈപിടിച്ചുയർത്തി ഈ സർക്കാർ മൂന്നുലക്ഷം പേർക്കാണ് തൊഴിൽ സൃഷ്ടിച്ചുകൊടുത്തത്. ഇപ്പോഴത്തെ നയപ്രഖ്യാപനത്തിൽ പറയുന്നത് 30000 കൃഷിക്കൂട്ടങ്ങളുണ്ടാക്കി മൂന്നുലക്ഷം

തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ്. സർക്കാർ സർവ്വീസിൽ എൽ.ഡി.എഫ്. ഭരണകാലം ചരിത്രം സൃഷ്ടിക്കുകയാണ്. 2023 ജനുവരി മുതൽ ജൂൺ വരെയുള്ള ആറുമാസത്തിനുള്ളിൽ 15146 പേർക്ക് ജോലി നൽകിയ വിവരം പത്രങ്ങൾ പ്രസിദ്ധീകരിച്ചു. അതേ കാലയളവിൽ ഇന്ത്യയിലെ 26 സംസ്ഥാനങ്ങളിൽ എല്ലാംകൂടി ചേർന്ന് 19000-ൽ താഴെ പേർക്കാണ് അവിടത്തെ പി.എസ്.സി. മുഖാന്തരം തൊഴിൽ നൽകിയത്. ഇതാണ് നമ്മുടെ നാടിന്റെ സ്ഥിതിയെന്ന് പറയുന്നത്. അതിനെയെല്ലാം മറികടന്നുകൊണ്ട് മുന്നേറുന്ന ഈ കേരളത്തെ തോൽപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഭരണ സംഘികളും കേരള പ്രതിപക്ഷ സംഘി കോൺഗ്രസ്സും മലയാള നാടിന്റെ വികസനം മുടക്കാൻ ശ്രമിക്കുകയാണ്. അവർ എത്ര ശ്രമിച്ചാലും അത് നടക്കില്ല, കാരണം ചരിത്രം അതാണ്. ഈ നാടിനെ തകർക്കാനും കേരളത്തിന്റെ വികസനം മുടക്കാനും പെൻഷനും ലൈഫ് ഭവന പദ്ധതികളും മുടക്കാനും മതനിരപേക്ഷതയുടെ മാനവികത തകർക്കാനും രാജ്യദ്രോഹികളായ ആർ.എസ്.എസ്.ഉം ആയി ചേർന്ന് കേരളത്തിലെ സംഘി കോൺഗ്രസ് നടത്തുന്ന സംഘടിത പരിപാടിയെ ചെറുത്ത്

തോൽപ്പിക്കാൻ പോരാടുന്ന ഈ സർക്കാരിന്റെ എല്ലാ നല്ല നയങ്ങളെയും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുകയാണ്.

ശ്രീമതി ദെലീമ: സർ, ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങളെ ആകെ കാറ്റിൽപ്പറത്തിക്കൊണ്ട് കേരളത്തിന് ന്യായമായി അനുവദിച്ചുകിട്ടേണ്ട കേന്ദ്രവിഹിതം നിഷേധിച്ച് ഈ കൊച്ചുസംസ്ഥാനത്തെ ശ്വാസംമുട്ടിച്ച് കൊല്ലാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന്റെ മൃഗീയമായ സമീപനങ്ങളെയും വെല്ലുവിളികളെയും അതിജീവിച്ച് അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെയുള്ള സർവ്വമേഖലകളിലും അതിശയകരമായ പുരോഗതി കൈവരിച്ച് മുന്നോട്ട് കുതിക്കുന്നതാണ് കേരളത്തിന്റെ വികസന കാഴ്ചപ്പാട്. കുടുംബത്തോട് കൂറില്ലാത്ത കുടുംബനാഥനെപ്പോലെ ബഹുമാനപ്പെട്ട ഗവർണർക്ക് ഇതുകണ്ട് വിറളിപിടിച്ചാൽ അതിൽ നമുക്ക് അത്ഭുതപ്പെടാനില്ല. എങ്കിലും ഒരു കാര്യത്തിൽ സന്തോഷമുണ്ട്, മറ്റൊരു രീതിയിലും കേരളത്തിൽ അക്കൗണ്ട് തുറക്കാൻ ഇവർക്ക് കഴിയില്ലെന്നുള്ളത്. ഇതുതിരിച്ചറിഞ്ഞ്

കേരളത്തെ സാമ്പത്തികമായി തകർത്തെറിഞ്ഞ് ജനങ്ങളുടെ മുന്നിൽ സർക്കാരിനെ ഇകഴ്ത്തിക്കാണിക്കുന്ന കേന്ദ്രത്തിന്റെ നിലപാട് പൂർണ്ണമായും അദ്ദേഹം അംഗീകരിച്ചുവെന്നതാണ് ബഹുമാനപ്പെട്ട ഗവർണറുടെ ഒളിച്ചോട്ടം വ്യക്തമാക്കുന്നത്. ആരൊക്കെ എതിർത്താലും പതിയിരുന്ന് അക്രമിച്ചാലും 'കേരള മോഡൽ' വികസനത്തിന് നൂറ് ശതമാനം വിജയം വരിച്ച് മുന്നേറാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന് ദാരിദ്ര്യ നിർമ്മാർജന സൂചികയിൽ ഒന്നാം സ്ഥാനമാണുള്ളത്. സ്ത്രീ ശാക്തീകരണത്തിന് ഒന്നാം സ്ഥാനം കൂടാതെ ഗ്രാമവികസനം, ആരോഗ്യ രംഗം, വിദ്യാഭ്യാസം, നഗര വികസനം, സമഗ്ര പാർപ്പിട പദ്ധതി, പരിസ്ഥിതി സംരക്ഷണം, വയോജന സംരക്ഷണം, ക്രമസമാധാന പാലനം, പൊതുവിതരണ സംവിധാനം, കുടിവെള്ള പദ്ധതി, മികച്ച സിവിൽ സർവ്വീസ് സംവിധാനം, ഇ-ഗവേണൻസ്, ഡിജിറ്റൽ സാക്ഷരത, സാമൂഹ്യനീതി, കാര്യക്ഷമമായ പൊതുമരാമത്ത് സംവിധാനം, തൊഴിൽ-സുരക്ഷ, മികച്ച തൊഴിൽ വേതന നിരക്ക്, തദ്ദേശഭരണം, ഐ.ടി., ടൂറിസം തുടങ്ങി രാജ്യവും ലോകവും ഉറ്റുനോക്കുന്ന സകല മേഖലകളിലും കുതിച്ചുയരുന്ന നമ്മുടെ നാടിന്റെ

മികവിനെക്കുറിച്ച് അഭിമാനത്തോടെ മാത്രമേ നമുക്കേവർക്കും ഓർക്കാൻ കഴിയുകയുള്ളൂ. കനത്ത സാമ്പത്തിക ഞെരുക്കത്തിലേയ്ക്ക് കേരളത്തെ തള്ളിവിടാൻ കേന്ദ്രം കരുനീക്കം നടത്തുമ്പോൾപോലും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ മുന്നിട്ടിറങ്ങുന്നതെന്നത് നമ്മളെയെല്ലാവരെയും അതിശയിപ്പിക്കുന്നു. എന്റെ നിയോജകമണ്ഡലമായ അരൂരിൽ മാത്രം ഈ കാലയളവിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ എനിക്ക് ധൈര്യപൂർവ്വം പറയാൻ സാധിക്കും. 2021 മേയ് മാസം മുതൽ 2024 ജനുവരി വരെയുള്ള രണ്ടരവർഷക്കാലത്തെ അരൂർ മണ്ഡലത്തിലെ വികസനം മാത്രം പരിശോധിച്ചാൽ ഈ സർക്കാർ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ നമുക്ക് മനസ്സിലാകും. ദേശീയപാത 66-നോട് ചേർന്ന് തുറവൂർ താലൂക്ക് ഹോസ്പിറ്റലിനായി 51.4 കോടി രൂപ ചെലവിൽ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഈ ഹോസ്പിറ്റലിൽ തീർത്തും നിർധനരായ രോഗികൾക്കുവേണ്ടി സൗജന്യമായി 15 ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നു. നൂറുകണക്കിന് നിർധനരായ രോഗികൾക്ക് ഡയാലിസിസ് ഇവിടെ ചെയ്യുന്നു. ആധുനിക

സൗകര്യങ്ങളോടുകൂടിയുള്ള ഗൈനക്കോളജി ഇവിടെ പ്രവർത്തിക്കുന്നു. ഡയാലിസിസ് രോഗികളുടെ എണ്ണം ദൈനംദിനം വർദ്ധിച്ചുവരുന്നതനുസരിച്ച് കൂടുതൽ ഡയാലിസിസ് യൂണിറ്റുകളും ആവശ്യമായ സ്റ്റാഫിനെയും അനുവദിച്ചാൽ ജില്ലയിലെ ഏറ്റവും നല്ല താലൂക്ക് ഹോസ്പിറ്റലായി തുറവൂരിനെ നമുക്ക് മാറ്റാൻ കഴിയുമെന്നതിൽ യാതൊരു സംശയവുമില്ല. എന്റെ മണ്ഡലത്തിലെ തന്നെ ആയിരക്കണക്കിനാളുകൾക്ക് ജോലി നൽകുന്ന 84.5 ഏക്കറിൽ സ്ഥിതിചെയ്യുന്ന പള്ളിപ്പുറം മെഗാ ഫുഡ് പാർക്ക് 128.49 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിച്ചതാണ്. മണ്ഡലത്തിൽ ഒട്ടനവധി പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. 100 കോടി രൂപ മുതൽമുടക്കി നിർമ്മിക്കുന്ന പെരുമ്പളം പാലത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 98 കോടി രൂപ മുതൽ മുടക്കി നിർമ്മിക്കുന്ന മാക്കേക്കടവ് - നേരേകടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. 16.8 കോടി രൂപ മുതൽ മുടക്കി നിർമ്മിച്ച വാക്കയിൽ പാലം ഉദ്ഘാടനം ചെയ്യാൻ തയ്യാറാകുന്നു. 33.14 കോടി രൂപ മുതൽ മുടക്കി

നിർമ്മിക്കുന്ന കാക്കത്തുരുത്ത് പാലം, 13.14 കോടി രൂപ മുതൽമുടക്കി നിർമ്മിക്കുന്ന അഞ്ചുതുരുത്തുപാലം, ഒരു കോടി രൂപ മുതൽ മുടക്കി നിർമ്മിക്കുന്ന കരുമാഞ്ചേരി പാലം, 20 കോടി രൂപയുടെ സർക്യൂട്ട് ടൂറിസം ലിങ്ക് റോഡ്, 20 കോടി രൂപയുടെ ഗ്രാമീണ റോഡുകൾ, 20 കോടി രൂപ മുടക്കി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വിവിധ സ്കൂളുകൾ, 4 കോടി രൂപ എം.എൽ.എ. ഫണ്ടിലുൾപ്പെടുത്തി നിർമ്മിക്കുന്ന ആശുപത്രി കെട്ടിടങ്ങൾ, 5 കോടി രൂപ മുടക്കി വ്യവസായ പാർക്ക് നവീകരണം, സ്മാർട്ട് കൃഷി ഭവനുകളുടെ നിർമ്മാണം, മണ്ഡലത്തിലെ എല്ലാ വില്ലേജ് ആഫീസുകളും സ്മാർട്ടാകുന്നതിനുവേണ്ടിയുള്ള പ്രവർത്തനം എന്നിങ്ങനെ പോകുന്നു മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ. തീരപ്രദേശമായ അരൂർ മണ്ഡലത്തിന്റെ ഏറ്റവും പ്രധാന വിഷയമാണ് വെള്ളക്കെട്ട്. വെള്ളക്കെട്ട് തടയുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ചെങ്കിലും ആ തുക നാമമാത്രമായതുകൊണ്ട് വെള്ളക്കെട്ട് തടയുന്നതിന് ഒരു സമഗ്ര പാക്കേജ് ഉണ്ടാകണമെന്ന് കൂടി ഞാൻ അഭ്യർത്ഥിക്കുന്നു. ഇങ്ങനെ എണ്ണം പറഞ്ഞ് വികസന പ്രവർത്തനങ്ങൾ നിരത്താൻ എല്ലാ

ജനപ്രതിനിധികൾക്കും കഴിയുമെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. വസ്തുതകൾ ഇതായിരിക്കെ കുപ്രചരണങ്ങളും കല്ലുവച്ച നുണകളും ഈ സർക്കാരിനെതിരെ പടച്ചുവിടുന്നവരെ ജനം തിരിച്ചറിയുമെന്ന് പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. കേന്ദ്രഗവൺമെന്റ് കാണിക്കുന്ന ക്രൂരതയ്ക്കെതിരെ ഒന്നിച്ചുനിന്ന് നാടിനുവേണ്ടി പോരാടേണ്ട ഉത്തരവാദിത്വമുള്ള പ്രതിപക്ഷം ഗവർണറെപ്പോലെ ജനങ്ങളോടും നാടിനോടുമുള്ള ധാർമ്മികമായ കർത്തവ്യബോധം മറന്ന് വഞ്ചനാപരമായ നിലപാടാണ് സ്വീകരിക്കുന്നതെന്നത് ഞെട്ടലോടെ കേരളം ഈ അടുത്ത ദിവസങ്ങളിൽ കാണുകയുണ്ടായി. സംഘപരിവാറിന്റെ ബി ടീമായി നിന്നുകൊണ്ട് അവർക്ക് ഒത്താശ ചെയ്ത് പരവതാനി വിരിക്കുന്ന നിലപാടാണ് കേരളത്തിന്റെ പൊതുബോധത്തോട് നമ്മുടെ പ്രതിപക്ഷം സ്വീകരിച്ചതെന്ന് പറയാതിരിക്കാൻ വയ്യ. ഇടതുപക്ഷം ഭരിക്കുന്നുവെന്ന ഒറ്റക്കാരണത്താൽ കേരളത്തിനെതിരെ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന പകപോക്കൽ നയം തികച്ചും ജനാധിപത്യ വിരുദ്ധവും ഫെഡറൽ തത്വങ്ങൾക്കെതിരുമാണ്. ഇന്ത്യൻ ഭരണഘടനയെപ്പോലും

അംഗീകരിക്കാത്ത ആർ.എസ്.എസ്.-ന്റെ നിയന്ത്രണത്തിലുള്ള ബി.ജെ.പി. ഭരണത്തിൽ ജനങ്ങൾ കൂടുതൽ ഭയചകിതരാണ്. ജനാധിപത്യ സംവിധാനങ്ങൾതന്നെ ഇല്ലാതാക്കി ഏകാധിപത്യ ഭരണത്തിലേയ്ക്ക് നീങ്ങാൻ മടിക്കില്ലെന്നാണ് അവരുടെ ചെയ്തികളിൽനിന്ന് വെളിവാകുന്നത്. 'ഒരു രാഷ്ട്രം, ഒരു മതം, ഒരു ഭരണാധികാരി' എന്ന ആർ.എസ്.എസ്. ലക്ഷ്യത്തിലേയ്ക്ക് അതിവേഗം നീങ്ങാനാണ് അവർ ശ്രമിക്കുന്നത്. ബി.ജെ.പി. സർക്കാരിന്റെ ജനാധിപത്യ വിരുദ്ധ നയങ്ങൾക്കെതിരെ ഇന്ത്യയിലാകെ പ്രതിരോധം ഉയർന്നുവരുമ്പോഴും നിർഭാഗ്യമെന്ന് പറയട്ടെ, കേരളത്തിലെ യു.ഡി.എഫ്. അതിന് കുടപിടിക്കുകയാണ്. ബി.ജെ.പി.ക്കെതിരെ സമരം ചെയ്യാൻ തങ്ങളെ കിട്ടില്ലെന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന പ്രതിപക്ഷമാണ് നമുക്കുള്ളത്. കേരളത്തിന്റെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി യോജിച്ച സമരത്തിന് തയ്യാറാകണമെന്ന് മുഖ്യമന്ത്രി നേരിട്ട് അഭ്യർത്ഥിച്ചിട്ടും രാഷ്ട്രീയ തിമിരം ബാധിച്ച പ്രതിപക്ഷ നേതാക്കൾ അത് നിഷ്കരുണം തള്ളി. കേരളത്തിന്റെ താൽപ്പര്യമൊന്നും ഇവർക്ക് വിഷയമല്ല. ഏത് വിധത്തിലും എൽ.ഡി.എഫ്.-നെ ഇകഴ്ത്തികാണിച്ച്

അധികാരത്തിൽ തിരിച്ചുവരാനാകുമോയെന്ന ഏക ചിന്തയാണ് യു.ഡി.എഫ്.-നെ നയിക്കുന്നവർക്കുള്ളത്. കേരളത്തെ സാമ്പത്തികമായി ഞെരുക്കി, വികസന പ്രവർത്തനങ്ങളെല്ലാം മുടക്കി, ജനക്ഷേമ പദ്ധതികൾ ഇല്ലാതാക്കി ജനങ്ങളെ എൽ.ഡി.എഫ്.-ന് എതിരാക്കാമെന്ന ചിന്തയിലാണ് ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം. സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹമായ വിഹിതംപോലും അനുവദിക്കുന്നില്ല. നികുതി വിഹിതത്തിലും പദ്ധതി വിഹിതത്തിലും അടിക്കടി കുറവുവരുത്തുന്നു. കടമെടുപ്പ് നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് തടയുന്നു. 64,000 കോടി രൂപയാണ് കേന്ദ്രം സംസ്ഥാനത്തിന് നൽകാനുള്ളത്. ഇങ്ങനെ എല്ലാവിധത്തിലും പകപോക്കുന്ന സാഹചര്യത്തിലാണ് സർക്കാരും ജനങ്ങളും പ്രതിരോധവുമായി തെരുവിലിറങ്ങുന്നത്. രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനമാണ് കേരളമെന്ന് കേന്ദ്ര സർക്കാരിന്റെ വിവിധ റിപ്പോർട്ടുകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. പി.എസ്.സി. വഴി ഏറ്റവും കൂടുതൽ നിയമനം നടക്കുന്നത് കേരളത്തിലാണ്. യു.പി.എസ്.സി.-യുടെ കണക്കനുസരിച്ച് ഇന്ത്യയിലാകെയുള്ള നിയമനങ്ങളുടെ 46 ശതമാനവും

നടത്തുന്നത് കേരള പി.എസ്.സി.-യാണ്. കണ്ണഞ്ചിപ്പിക്കുന്ന വികസന പ്രവർത്തനങ്ങളാണ് കേരളത്തിൽ നടക്കുന്നത്. 65 ലക്ഷത്തോളം കുടുംബങ്ങൾക്ക് 1600 രൂപ വീതം ക്ഷേമപെൻഷൻ നൽകുന്ന മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ല. അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ദേശീയ സാഹചര്യത്തിൽ തൊഴിലില്ലായ്മയും പട്ടിണിയും വർദ്ധിക്കുന്നു. രാജ്യം രൂപീകൃതമായിട്ട് ഇന്നേവരെ ഇല്ലാത്തവണ്ണം രാജ്യത്തിന്റെ മൂന്ന് സേനാ വിഭാഗങ്ങളിലും ഒരൊറ്റ പുതിയ സ്ഥിരം റിക്രൂട്ട്മെന്റ് പോലുമില്ലാത്ത ഒരു വർഷമെന്ന സാഹചര്യമുണ്ടാകുന്നു.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്

ശ്രീമതി ദെലീമ: സർ, പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി അയോദ്ധ്യയിൽ രാമക്ഷേത്രത്തിന്റെ പ്രതിഷ്ഠ നടത്തുന്ന സമയത്ത് കോൺഗ്രസ്സിന്റെ സമുന്നത നേതാവ് ശ്രീ. രാഹുൽഗാന്ധി അസമിൽ ശ്രീ ശ്രീ ശങ്കർദേവ് സത്ര ക്ഷേത്രത്തിൽ സന്ദർശനം നടത്തുന്നതിൽ അവസരം നിഷേധിക്കപ്പെട്ട് നടുറോഡിൽ കുത്തിയിരിക്കുന്ന ചിത്രം ലോകം മുഴുവൻ കണ്ടതാണ്. അത്രമേൽ അപകടകരമായി വളർന്നുകൊണ്ടിരിക്കുന്ന

സംഘപരിവാറിനോട് മൃദുസമീപനം സ്വീകരിക്കുന്ന പ്രതിപക്ഷത്തോട് സഹതാപം മാത്രമേയുള്ളൂ. വസ്തുതകൾ ഇതായിരിക്കെ കുപ്രചരണങ്ങളും കല്ലുവച്ച നുണകളും ഈ സർക്കാരിനെതിരെ പടച്ചുവിടുന്നവരെ ജനം തിരിച്ചറിയുമെന്ന് പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. 'ആങ്ങള ചത്താലും വേണ്ടില്ല, നാത്തൂന്റെ കണ്ണീര് കണ്ടാൽ മതി' എന്ന ഞെട്ടിക്കുന്ന നിലപാടാണ് പ്രതിപക്ഷം കേരളത്തോട് കാണിക്കുന്നത്. ഇങ്ങനെ എല്ലാ വശത്തുനിന്നും വളഞ്ഞിട്ട് ആക്രമിച്ച് ഈ സർക്കാരിനെ അസ്ഥിരപ്പെടുത്താൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന്റെയും അവർക്ക് കുടപിടിക്കുന്ന സംസ്ഥാന പ്രതിപക്ഷത്തിന്റെയും എല്ലാ കുതന്ത്രങ്ങളെയും ജനദ്രോഹ നിലപാടുകളെയും മറികടന്ന് വികസനത്തിന്റെ വെള്ളിവെളിച്ചത്തിലേയ്ക്ക് കേരള ജനതയെ കൈപിടിച്ച് നടത്താൻ ഈ ഗവൺമെന്റ് നിതാന്ത ജാഗ്രതയോടുകൂടി മുന്നേറുമെന്ന് മാത്രം ഓർമ്മപ്പെടുത്തിക്കൊണ്ടും ഈ പ്രവർത്തനങ്ങളിൽ നാടിനൊപ്പം ഉയിരുകൊടുത്ത് കൂടെയുണ്ടാകുമെന്ന് പ്രഖ്യാപിച്ചുകൊണ്ടും ഈ നന്ദിപ്രമേയത്തെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. ഐ. ബി. സതീഷ്: സർ, നന്ദിപ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ജനാധിപത്യത്തിന്റെ അമ്മയായാണ് ഇന്ത്യ വിശേഷിക്കപ്പെടുന്നത്. ഇന്ത്യൻ ജനാധിപത്യത്തിൽ ഇരുൾ പടരുന്ന ഒരു കാലത്ത് പ്രതീക്ഷയുടെ വെളിച്ചവും പ്രതിരോധത്തിന്റെ ശബ്ദവും ഈ നയപ്രഖ്യാപനത്തിലുണ്ട്. ജർമ്മൻ പാർലമെന്റ് മന്ദിരത്തിന് മുകളിൽ, Reichstag-ക്ക് മുകളിൽ നാസി പതാക പറന്നിരുന്ന ഒരു കാലത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അന്തരീക്ഷത്തിൽ കഴുകന്റെ ചിറകടിയൊച്ചയും കാറ്റിൽ കരിഞ്ഞ അസ്ഥിയുടെ മണവുമാണ്. നമ്മുടെ ഇന്ത്യയും ആ ഇരുണ്ട കാലത്തിലേയ്ക്ക് നീങ്ങുകയാണോയെന്ന സംശയം വസ്തുതകളുടെയും യുക്തിബോധത്തിന്റെയും അടിസ്ഥാനത്തിൽ തെളിഞ്ഞുവരികയാണ്. 'ഒരു രാഷ്ട്രം, ഒരു നികുതി' നടപ്പാക്കി. 'ഒരു രാഷ്ട്രം, ഒരു യൂണിഫോം', 'ഒരു രാഷ്ട്രം, ഒരു തെരഞ്ഞെടുപ്പ്, ഒരു ഭരണാധികാരി', 'ഹിന്ദി, ഹിന്ദു, ഹിന്ദുസ്ഥാൻ' എന്നീ ആശയങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ആസൂത്രിതമായ ശ്രമം നടക്കുമ്പോൾ പ്രതിരോധത്തിന്റെ ഉത്തവാദിത്വം ഏറ്റെടുക്കാൻ, ചെറുത്തുനിൽപ്പിന്റെ ശക്തിയാകാൻ മലയാളി സമൂഹത്തിന് കഴിയും. ആ കരുത്തിന്റെ വിളംബരം കൂടിയാണ് ഈ നയപ്രഖ്യാപനം.

ബിൽക്കിസ് ബാനു ഒരു ദുരന്തപ്രതീകമാണ്. വംശവെറിയുടെ ഭ്രാന്തുപിടിച്ച് ഒരു കൂട്ടം മൃഗമനസ്സുള്ളയാളുകൾ തുടർച്ചയായി മാനഭംഗപ്പെടുത്തിയ ഇന്ത്യൻ സ്ത്രീ ബിൽക്കിസ് ബാനു നിസ്സഹായതയുടെ അടയാളമാണ്. സംരക്ഷിക്കാൻ ആരുമുണ്ടാകില്ലായെന്ന രാഷ്ട്രീയമാണ് സംഘികൾ ബോധ്യപ്പെടുത്താൻ ശ്രമിച്ചത്. ആ ബിൽക്കിസ് ബാനു എന്ന സ്ത്രീയുടെ ദൈന്യത ഇന്ത്യൻ ജനാധിപത്യത്തിന്റെ കണ്ണീരായി മാറിയപ്പോൾ സംരക്ഷകരായി എത്തിയത് സഖാവ് വൃന്ദാ കാരാട്ടും ടീസ്റ്റ സെതൽവാദിനെപ്പോലുള്ള മനുഷ്യാവകാശ പ്രവർത്തകരുമായിരുന്നു. ഗാന്ധിജിയുടെയും നെഹ്റുവിന്റെയും പൈതൃകം അവകാശപ്പെടുന്ന കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് ഒരു ശബ്ദവും ഒരു പ്രതിരോധവും നമുക്ക് കാണാൻ കഴിഞ്ഞില്ല. മറ്റൊരു അടയാളമാണ് അയോദ്ധ്യ. മതനിരപേക്ഷത ഭരണഘടനയിൽ കേവലമൊരു ഔപചാരികതയാണെന്ന് ഓർമ്മപ്പെടുത്താനുള്ള ഒരടയാളം. പ്രധാനമന്ത്രി മതരാഷ്ട്രത്തിന്റെ ശിലയാണ് അയോദ്ധ്യയിൽ സ്ഥാപിച്ചത്. ജയ് ശ്രീറാം നിലവിളികൾ ഉയരുമ്പോൾ ഞങ്ങളുടെ പട്ടികയിൽ 5 ലക്ഷം പള്ളികളുണ്ടെന്ന് ആർ.എസ്.എസ്. പ്രഖ്യാപിക്കുന്നു. ഗ്യാൻ വ്യാപി മുതൽ

അങ്ങോട്ട് തുടങ്ങുന്നു. ഞങ്ങളുടെ രഥയാത്രകൾ ഇനി ആരംഭിക്കാൻ പോകുന്നതേയുള്ളൂ. പറഞ്ഞുതീർന്നില്ല മധ്യപ്രദേശിലെ ക്രിസ്ത്യൻ പള്ളിക്ക് മുകളിൽ കാവി പതാക ഉയർന്നുകഴിഞ്ഞു. ജനാധിപത്യത്തെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും സംസാരിച്ച മന്ത്രിമാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ മണിപ്പൂരിൽ പരസ്യ വിചാരണ ചെയ്യപ്പെടുകയും പരസ്യമായി ഏത്തമിടാൻ നിർബന്ധിതരാകുകയും ചെയ്തു. എങ്ങനെയാണ് നമ്മുടെ ഇന്ത്യ ഈ രൂപത്തിൽ എത്തിച്ചേർന്നത്? രാമായണം സീരിയലിലെ 'രാമൻ' എന്ന കഥാപാത്രത്തെ അവതരിപ്പിച്ച അഭിനേതാവിനെ കോൺഗ്രസ് സ്ഥാനാർത്ഥിയാക്കിയപ്പോൾ രാമായണം സീരിയലിലെ രാമനെയാണ് നിങ്ങൾക്ക് കിട്ടിയതെങ്കിൽ യഥാർത്ഥ രാമനെ ഞങ്ങൾ കളത്തിലിറക്കാൻ പോകുകയാണെന്ന് എൽ.കെ. അദ്വാനി അന്ന് പറഞ്ഞു. ഇപ്പോൾ വിശ്വാസികളുടെ ഹൃദയത്തിലെ രാമൻ രാഷ്ട്രീയ ആയുധവും ഉപകരണവും അടയാളവുമായി മാറിയപ്പോൾ ശ്രീ. രാഹുൽഗാന്ധി ഹനുമാന്റെ വേഷം കെട്ടി പരിഹാസ്യനാകുകയാണ്. തീവ്ര ഹിന്ദുത്വ വാദത്തോട് മത്സരിച്ച് ഇന്ത്യൻ ജനാധിപത്യത്തിൽ ഇടം നേടാൻ സാധിക്കുമോ

എന്നാണ് കോൺഗ്രസ് നോക്കുന്നത്. തീർച്ചയായും, ഈ ഘട്ടത്തിൽ എല്ലാ കോൺഗ്രസ് വിശ്വാസികളും ഈ നേതൃത്വത്തിന്റെ പിന്നാലെ സഞ്ചരിക്കുന്നവരല്ലെന്ന് നമുക്കറിയാം. കേരളത്തെതന്നെ ഉദാഹരണമായെടുക്കാം. സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങ്, കുട്ടികളുടെ പ്രവേശനോത്സവ ചടങ്ങ്, കേരളീയം, നവകേരള സദസ് തുടങ്ങിയവ കോൺഗ്രസ് ബഹിഷ്കരിച്ചു. പക്ഷേ ഈ നേതൃത്വത്തിന്റെ ആഹ്വാനം കേട്ടവരല്ല അണികൾ. ആ അണികളിൽ ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. തെറ്റായ വഴിയിലൂടെ നേതൃത്വം സഞ്ചരിക്കുമ്പോൾ ഗാന്ധിത്തൊപ്പി തലയിൽ വച്ചില്ലെങ്കിലും ഗാന്ധിയെയും നെഹ്റുവിനെയും മനസ്സിൽ വച്ച് ആരാധിക്കുന്ന ഇന്ത്യൻ ജനാധിപത്യത്തിന്റെയും ദേശീയതയുടെയും ബോധം ഇപ്പോഴും മനസ്സിൽ പേറിനടക്കുന്ന കോൺഗ്രസ്സുകാരുണ്ട്. അവരോട് ഞങ്ങൾ പറയുകയാണ്, നിങ്ങൾക്ക് ഇടപെടാനാകണം, ബീഹാറിലെ എം.എൽ.എ.മാർ എവിടെയാണ്? ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ അവർ 'പരിധിക്കുപുറത്താണ്'. കോൺഗ്രസ്സിന് ഏതെങ്കിലും കാലത്ത് ചരിത്രപരമായ രാഷ്ട്രീയ ഉത്തരവാദിത്വം നിർവ്വഹിക്കാനായിട്ടുണ്ടോ? കേന്ദ്ര

അന്വേഷണ ഏജൻസികൾ രാഷ്ട്രീയ എതിരാളികളെ പകയോടുകൂടി സമീപിക്കുന്നു. അവർക്ക് ഇരട്ട നിലപാടല്ലേ? ആം ആദ്മി പാർട്ടി മന്ത്രിസഭയുടെ മന്ത്രിയായിരുന്ന മനീഷ് സിസോദിയ രാഷ്ട്രീയമായ വേട്ടയാടലിന്റെ ഇരയായി ജയിലിൽ അടയ്ക്കപ്പെട്ടപ്പോൾ കോൺഗ്രസ് എന്താണ് ചെയ്തത്? ഇരുമ്പഴികൾക്കുള്ളിൽ കിടക്കുന്ന മനീഷ് സിസോദിയയുടെ പോസ്റ്റർ ഡൽഹിയിലാകെ ഒട്ടിക്കുകയും ബി.ജെ.പി.യെക്കാൾ ആവേശത്തോടെ അവർ ആഹ്ലാദിക്കുകയും ചെയ്തു. ശ്രീ. ഡി. കെ. ശിവകുമാർ, ശ്രീ. പി. ചിദംബരം, ശ്രീ. കാർത്തി ചിദംബരം ശ്രീ. രാഹുൽ ഗാന്ധി, ശ്രീമതി സോണിയാ ഗാന്ധി എന്നിവരെപ്പോലുള്ളവരെ വേട്ടയാടാൻ ഇ.ഡി. ശ്രമിക്കുമ്പോൾ മാത്രമാണ് കോൺഗ്രസ്സുകാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നത്. അയോദ്ധ്യ പ്രശ്നത്തെക്കുറിച്ച് പറയുമ്പോൾ, അയോദ്ധ്യ ഇന്ന് ഒരു ആഘോഷമായി മാറിയിരിക്കുന്നു. കോൺഗ്രസ് ഭരിക്കുന്ന മൂന്ന് സംസ്ഥാനങ്ങളാണുള്ളത്. അതിൽ ഹിമാചൽ പ്രദേശിൽ ബി.ജെ.പി. സംസ്ഥാനങ്ങളെപ്പോലെ ഈ കഴിഞ്ഞ ജനുവരി 22-ാം തീയതി അവധി പ്രഖ്യാപിച്ചിരിക്കുന്നു. ശ്രീ. സിദ്ധരാമയ്യ

വെള്ളിക്കട്ടിയും ശ്രീ. കമൽനാഥ് വലിയ പണവും സംഭാവനയായി നൽകി. കേരളത്തിലെ പെരുമ്പാവൂർ എം.എൽ.എ.യും ആവതുപോലെ സംഭാവനകൾ നൽകിയെന്ന വാർത്തകൾ നമ്മുടെ മുന്നിൽ നിൽക്കുകയാണ്. കോൺഗ്രസ്സിന് നിലപാടുണ്ടോ? ഇവിടെ കേരളം ഇന്ത്യയ്ക്ക് മാതൃകയാകുകയാണ്. ഇന്ത്യക്ക് സന്ദേശം നൽകുകയാണ്. ഇവിടെ സൂര്യനെന്നും ചന്ദ്രനെന്നും കേൾക്കുമ്പോൾ കോൺഗ്രസ്സുകാർക്കും ചില മാധ്യമങ്ങൾക്കും ഹാലിളകും. എന്താണ് ആ സൂര്യൻ? ആ സൂര്യനെന്ന് പറയുന്നത് ഒരു ആശയമാണ്. ആ ആശയത്തിന്റെ പിന്നാലെ മലയാളി സമൂഹത്തെ സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്ന നേതൃത്വമാണ് ഊർജ്ജ സ്രോതസ്സ്. എന്താണ് ആ ആശയം? സംസ്ഥാനത്തിലെ എല്ലാവരെയും ഉൾപ്പെടുത്തിയുള്ള സുസ്ഥിര വികസനമാണ് കേരളത്തിന്റെ അടിസ്ഥാന മൂല്യമെന്ന് തിരിച്ചറിയുന്ന നേതൃത്വം. ഓരോ വ്യക്തിയെയും ശാക്തീകരിച്ചും അമൂല്യമായ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിച്ചും സാമൂഹ്യ-സാംസ്കാരിക വൈവിധ്യത്തെ ആഘോഷിച്ചും മുന്നേറുകയാണ് നമ്മുടെ ലക്ഷ്യം. പുത്തൻ ആശയ രൂപീകരണത്തിൽ ഊന്നൽ നൽകി മനുഷ്യ വിഭവശേഷി

വർദ്ധിപ്പിക്കുമ്പോഴും സാമ്പത്തിക വളർച്ചയും സാമൂഹിക ഉന്നമനവും സന്തുലിതമായ ആവാസ വ്യവസ്ഥയുമാണ് നമ്മുടെ ലക്ഷ്യം. അതീവ ദരിദ്രരില്ലാത്ത ആദ്യത്തെ സമൂഹമായി മലയാളി സമൂഹം മാറാൻ പോകുന്നു. മൂന്നര ലക്ഷത്തിലധികം ആളുകൾക്ക് കയറിക്കിടക്കാൻ കിടപ്പാടമുണ്ടായ നാടായി കേരളം മാറാൻ പോകുന്നു. ഇന്ത്യയിൽ ഏറ്റവും കുറച്ച് പട്ടിണിക്കാരുള്ള നാടായി കേരളം മാറിക്കഴിഞ്ഞിരിക്കുന്നു. ഇത് കേരള മാതൃകയാണ്. കേരളം കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് കാണാതെ പോകുന്ന ആളുകളുണ്ട്. Debashis Chatterjee എന്ന പ്രശസ്ത ധനകാര്യ വിദഗ്ധൻ പറഞ്ഞത്, 'Kerala is a world-class state.... It's equivalent to Europe', എന്നാണ്. യൂറോപ്പിനെ ഓർമ്മിപ്പിക്കുന്ന വികസനത്തിന്റെ നാടാണ് കേരളമെന്നാണ് അദ്ദേഹം പറഞ്ഞത്. വിവിധ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ കണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. ആ നേട്ടങ്ങളെ മുറുകെപ്പിടിക്കുക, കേരളീയവും നവകേരള സദസ്സും മുന്നോട്ടുവയ്ക്കുന്ന ആശയമുണ്ട്. ആ ആശയവുമായി പുതിയ കാലത്തിലേയ്ക്ക് നടക്കുക. ഡിജിറ്റൽ വേൾഡ് എന്നാൽ ഗൂഗിൾ പേ ചെയ്യുന്നതല്ലെന്നത്

തെളിയിക്കുകയാണ് കേരളം. കെ-ഡിസ്ക്, കേരള സ്റ്റാർട്ട് അപ് മിഷൻ, കെ-സ്മാർട്ട് എന്നിവ കേരളത്തിലുണ്ട്. അങ്ങനെ പുതിയ കാലത്തിന്റെ സവിശേഷതകളെ സ്വാംശീകരിച്ച് കേരളം ഒരുപാട് മുന്നോട്ടുപോകുമ്പോൾ ഒരു പുതിയ സമരത്തിന്റെയും പ്രക്ഷോഭത്തിന്റെയും ദേശീയ മാതൃക അതായത്, കെ.-മാതൃക കൂടി കേരളം മുന്നോട്ടുവയ്ക്കുന്നു. അതാണ് നമ്മളെല്ലാവരും ചേർന്ന് ഡൽഹിയിൽ നടത്തുന്ന ഐതിഹാസികമായ പ്രക്ഷോഭം. അത് ചരിത്രത്തിന്റെ ഭാഗമാകാൻ പോകുന്ന കെ.-മാതൃകയാണ്. ആ മാതൃകയ്ക്കൊപ്പം ചേരാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല. കേരളമെന്നാൽ പാരിൻ നടുവിൽ കേവലം ഒരു പിടി മണ്ണല്ല, ആത്മാഭിമാന ബോധമുള്ള, ചെറുത്തുനിൽപ്പിന്റെ പൈതൃകത്തെ സിരകളിൽ ഏറ്റുവാങ്ങുന്ന ഒരു ജനതയാണ്. മലയാളം - മലയാളി, കേരളം - കേരളീയർ അവർ ഇന്ത്യയ്ക്ക് സന്ദേശം നൽകും. നാളത്തെ ഇന്ത്യ എന്താകണമെന്ന ചോദ്യത്തിന് ഇന്നത്തെ കേരളമാകണം നാളത്തെ ഇന്ത്യയെന്ന സന്ദേശമാണ് 2024 ഫെബ്രുവരി 8-ാം തീയതി ഇന്ദ്രപ്രസ്ഥത്തിൽ കേരളത്തിലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ നൽകാൻ പോകുന്നത്. ആ

ഐതിഹാസികമായ, ചരിത്രത്തിൽ ഇടം നേടാൻ പോകുന്ന ആ ചെറുത്തുനിൽപ്പിലേയ്ക്ക് കടന്നുവരാൻ വൈകിയെങ്കിലും പ്രതിപക്ഷത്തിന് വിവേകം നൽകണമേയെന്ന് ആഗ്രഹിച്ചുകൊണ്ടും നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, നന്ദിപ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ഒരു കലണ്ടർ വർഷത്തിന്റെ ആദ്യ സമ്മേളനം ഗവർണറുടെ നയപ്രഖ്യാപനത്തോടുകൂടി ആരംഭിക്കണമെന്നത് ഭരണഘടനാ വ്യവസ്ഥയാണ്. ചട്ടപ്രകാരം നയപ്രഖ്യാപനം നടന്നുകഴിഞ്ഞാൽ ഒരു നന്ദിപ്രമേയം അവതരിപ്പിക്കണം. സഭയോട് എന്ത് നെറികേട് കാട്ടിയാലും അവഹേളനം നടത്തിയാലും നന്ദിപ്രമേയം ഒരു ഔപചാരികമായ ആവശ്യമാണ്. പ്രമേയാവതാരകൻ പറഞ്ഞതുപോലെ നില മറന്ന് നിലയ്ക്കൽ ചെന്ന് നിലത്തിരുന്ന് എന്ത് പ്രകടനം നടത്തിയാലും നന്ദിപ്രമേയം അവതരിപ്പിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. ഒരു മിനിട്ടുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചതിനെ സംബന്ധിച്ച് ഇവിടെ പല പരാമർശങ്ങളും വന്നു. ശാരീരികമായോ മറ്റ് ആരോഗ്യ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ പ്രസംഗം മുഴുവൻ

വായിക്കണമെന്നില്ല. ശാരീരികമായ പ്രശ്നമാണോ മറ്റെന്തെങ്കിലും പ്രശ്നമാണോ എന്നുള്ളത് തുടർന്നുള്ള ദിവസങ്ങളിലെ പ്രവർത്തനങ്ങളിലൂടെ വിലയിരുത്താൻ കഴിയുമെന്ന് മാത്രമാണ് സൂചിപ്പിക്കാനുള്ളത്. ഗവൺമെന്റിന്റെ നേട്ടങ്ങളും ഗവൺമെന്റിന്റെ നയങ്ങളും നിലപാടുകളും വ്യക്തമാക്കാൻവേണ്ടി ഭരണപക്ഷം ഒരു ആയുധമാക്കുമ്പോൾ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാനും ഗവൺമെന്റിനെ ആക്രമിക്കാനുമുള്ള അവസരമായി പ്രതിപക്ഷം അത് ഏറ്റെടുക്കുമ്പോഴാണ് നന്ദിപ്രമേയത്തിന്മേലുള്ള ചർച്ച പ്രധാനപ്പെട്ട ഒരു സംഗതിയായി മാറുന്നത്. സർക്കാരിനെതിരെ കാര്യമായി ഒന്നും പറയാനില്ലെന്ന തുറന്ന് സമ്മതിക്കലായി ഇന്നത്തെ ചർച്ചയിൽ പ്രതിപക്ഷം പങ്കെടുക്കാതിരിക്കുന്നതിനെ കാണേണ്ടിവരും. കേരളത്തിലെ പ്രതിപക്ഷ നേതാവിന്റെ സ്ഥാനം ഗവർണർ അപഹരിച്ചിരിക്കുകയാണ്. പ്രതിപക്ഷ നേതാവിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും അദ്ദേഹം ചെയ്യുമെന്ന് നാട്ടുകാർ പ്രതീക്ഷിക്കുന്ന കാര്യങ്ങളുമൊക്കെ ഗവർണർ ചെയ്യുന്നതുകൊണ്ട് പ്രതിപക്ഷത്തിന് യാതൊരു പ്രസക്തിയുമില്ലാത്ത

സ്ഥിതിവിശേഷമാണുള്ളത്. കേന്ദ്ര സർക്കാർ കഴിഞ്ഞ കുറെ നാളുകളായി സംസ്ഥാനത്തെ വളരെയധികം ഞെരുക്കിക്കൊണ്ടിരിക്കുന്നു എന്നതാണ് ഈ നന്ദിപ്രമേയ ചർച്ചയിൽ ഭരണപക്ഷത്തുനിന്നും ഉന്നയിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം. നമുക്ക് കിട്ടേണ്ട നികുതി വിഹിതം നൽകുന്നില്ല, പദ്ധതി വിഹിതം വെട്ടുക്കുറയ്ക്കുന്നു, ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നൽകുന്ന സഹായങ്ങൾ തിരികെ ചോദിക്കുന്നു തുടങ്ങിയ പ്രശ്നങ്ങൾ കേരളത്തിലെ ജനങ്ങളെ നേരിട്ട് ബാധിക്കുന്നതാണ്. ഈ പ്രശ്നങ്ങളിൽ പ്രതിപക്ഷത്തിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കാൻ നന്ദിപ്രമേയ ചർച്ചയിൽ അവസരമുണ്ടാക്കേണ്ടതായിരുന്നു. കാരണം, 2024 ഫെബ്രുവരി 8-ാം തീയതി ഡൽഹിയിൽ വച്ച് നടക്കാൻ പോകുന്ന വലിയ സമരത്തിൽ പങ്കെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം ക്ഷണിച്ചപ്പോൾ ആലോചിച്ച് പറയാമെന്ന് പറഞ്ഞവർ ആലോചിച്ചശേഷം പങ്കെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിന്റെ യുക്തിയെന്തെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ബാദ്ധ്യസ്ഥരാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ ബുദ്ധിമുട്ടിക്കുന്ന കാര്യത്തിൽ പ്രതിപക്ഷം കേന്ദ്ര സർക്കാരിനോടൊപ്പമാണോയെന്ന് സംശയം ജനിപ്പിക്കുന്ന

നിലപാടാണ് ആലോചിച്ചതിനുശേഷം എടുത്തതെന്നാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. ഈ കാലഘട്ടത്തിലുണ്ടായ രാഷ്ട്രീയ മാറ്റങ്ങളെക്കുറിച്ച് ഒരു ചിന്ത ആവശ്യമാണ്. 1992 ഡിസംബർ മാസം 6-ാം തീയതി ബാബറി മസ്ജിദ് പൊളിക്കപ്പെട്ടു. അന്ന് മതേതരത്വത്തിന്റെ കശാപ്പ്, ജനാധിപത്യത്തിന്റെ തകർച്ച എന്നൊക്കെ വിലയിരുത്തപ്പെടുകയുണ്ടായി. 30 വർഷം കഴിയുമ്പോൾ സ്ഥിതിഗതികളെന്താണ്; 1992 ഡിസംബർ മാസം 6-ാം തീയതി നടന്ന ഒരു സംഭവമെന്ന നിലയിൽ മാത്രം കണ്ടുകൊണ്ട് ആ സ്ഥാനത്ത് പണിത ക്ഷേത്രം തുറന്നുകൊടുക്കാൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രി നേരിട്ട് പോകുകയാണ്. ഭരണകൂടത്തിന്റെ വീഴ്ചയിൽനിന്ന് ആരംഭിച്ച ഒരു സംഗതിയുടെ പരിസമാപ്തിക്കുവേണ്ടി ഭരണകൂടംതന്നെ ചെല്ലുന്നുവെന്ന് പറയുമ്പോൾ നമ്മുടെ പൊതുമണ്ഡലത്തിലെ ചിന്താഗതിയിലുണ്ടാകുന്ന മാറ്റം വളരെ ഗൗരവമായി നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഇവിടെ കുറെ നാളുകളായി ബി.ജെ.പി.യും ആർ.എസ്.എസ്.-ഉം അവരുടെ രാഷ്ട്രീയ വളർച്ചയ്ക്കുള്ള തുറുപ്പുചീട്ടായി ഉപയോഗിക്കുന്നത് അയോദ്ധ്യയെയാണ്. ആ തുറുപ്പുചീട്ട് അവർക്ക്

നൽകിക്കൊടുത്തത് കോൺഗ്രസ്സാണ്. കോൺഗ്രസ് രാജ്യം ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ദീർഘനാളുകളായി അടഞ്ഞുകിടന്നിരുന്ന രാമജന്മഭൂമി തുറന്നുകൊടുക്കാൻ രാജീവ് ഗാന്ധി പ്രധാനമന്ത്രി ആയിരുന്നപ്പോഴാണ് ഉത്തരവിട്ടത്. അതിന് പ്രത്യേക സാഹചര്യങ്ങളുമുണ്ട്. സമയക്കുറവുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. ഷാ ബാനു കേസുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ വന്ന Muslim Women (Protection of Rights on Divorce) Act 1986 ഉണ്ട്. 1989-ലെ തെരഞ്ഞെടുപ്പിനുമുമ്പ് രാമജന്മഭൂമി രാജീവ് ഗാന്ധി തുറന്നുകൊടുത്തു. ആദ്യമായി തെരഞ്ഞെടുപ്പ് രംഗത്തേയ്ക്ക് രാമജന്മഭൂമിയെ ഒരു വിഷയമാക്കി കൊണ്ടുവരാനുള്ള അവസരം ബി.ജെ.പി.-ക്ക് നൽകിയത് കോൺഗ്രസ്സാണ്. രഥയാത്ര നടത്തിയ ശ്രീ. എൽ. കെ. അദ്വാനിയെ അറസ്റ്റുചെയ്ത ചരിത്രത്തിലേയ്ക്ക് പോകാനൊന്നും ഇപ്പോൾ സമയമില്ല. ഒരു കേന്ദ്ര സർക്കാർ തന്നെ താഴെ വീണത് ആ രഥയാത്രയെ തടഞ്ഞതുകൊണ്ടാണ്. ബാബറി മസ്ജിദ് പൊളിക്കാനുള്ള പരിശ്രമത്തെ ശ്രീ. എൽ. കെ. അദ്വാനിയെ അറസ്റ്റുചെയ്തുകൊണ്ട് തടയാൻ ശ്രമിച്ചതുകൊണ്ട് വി. പി. സിംഗിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റുതന്നെ

താഴെ വീണു. 1992 ഡിസംബർ മാസം 6-ാം തീയതി ബാബറി മസ്ജിദ് പൊളിക്കുമ്പോൾ ആരാണ് പ്രധാനമന്ത്രി; പി. വി. നരസിംഹറാവു എന്ത് ചെയ്തു; ബി.ജെ.പി. എന്ന രാഷ്ട്രീയ പ്രസ്ഥാനം രൂപം കൊണ്ടത് 1980-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷമാണ്. അതിനുശേഷം നടന്ന 1984-ലെ തെരഞ്ഞെടുപ്പിൽ വെറും രണ്ട് എം.പി.മാരുമായാണ് ബി.ജെ.പി. ജയിച്ചുവരുന്നത്. ആ ബി.ജെ.പി.യെ ഇത്രയും വളർത്തിക്കൊണ്ടുവരുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിച്ചത് രാമജന്മഭൂമിയെന്ന വിഷയമാണ്. ആ വിഷയം ബി.ജെ.പി.ക്ക് നൽകിക്കൊടുത്തത് കോൺഗ്രസ്സാണ്. ബി.ജെ.പി.യുടെ രാഷ്ട്രീയ വളർച്ചയ്ക്ക് വർഗ്ഗീയമായി വളരാനുള്ള സാഹചര്യങ്ങളും ഒത്താശകളും ചെയ്തുകൊടുത്തത് കോൺഗ്രസ്സാണ്. ആ കോൺഗ്രസ്സിന്റെ നടപടിയുടെമേൽ നിന്നുകൊണ്ടാണ് ബി.ജെ.പി. വളർന്നതെന്ന വസ്തുത വിസ്മരിക്കരുത്. ഇന്ത്യയിൽ മതേതരത്വം മാത്രമല്ല സോഷ്യലിസ്റ്റ് രാഷ്ട്രമെന്ന സങ്കൽപ്പവും അപകടത്തിലായിരിക്കുകയാണ്. എന്താകും പാർലമെന്ററി ജനാധിപത്യത്തിന്റെ ഭാവിയെന്നതിനെ സംബന്ധിച്ച് ആശങ്കകളുണ്ട്. ഭാഷയുടെയും ആഹാര രീതിയുടെയും വേഷത്തിന്റെയുമൊക്കെ വ്യത്യസ്തത

നിലനിർത്തിയിരുന്ന ഒരു സംസ്ഥാനത്ത് ഫെഡറലിസമെന്ന ആശയം തന്നെ തമസ്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ വലിയ തോതിലുള്ള മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ ആ മാറ്റങ്ങൾക്ക് ചുക്കാൻ പിടിക്കാൻ ബി.ജെ.പി.ക്ക് ഭരണാധികാരം അടക്കമുള്ള അവസരങ്ങൾ നൽകിക്കൊടുത്തത് കോൺഗ്രസ്സാണ്. ആ കോൺഗ്രസ്സിന് ഒരു കാരണവശാലും ബി.ജെ.പി.ക്ക് ബദലാകാൻ കഴിയില്ല. അത് രാഷ്ട്രീയ കാരണങ്ങളാൽ മാത്രമല്ല. പി. വി. നരസിംഹറാവു പ്രധാനമന്ത്രി ആയിരുന്നപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലാണ് ആഗോള സാമ്പത്തിക നയങ്ങൾ ഇന്ത്യയിൽ ആരംഭിച്ചത്. ശ്രീ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായപ്പോൾ ആ നയങ്ങൾ കൂടുതൽ ശക്തമായി നടപ്പാക്കി. ഇന്ന് തീവ്രമായി ആഗോളവൽക്കരണ നയങ്ങൾ, മുതലാളിത്ത/സാമ്രാജ്യത്വ അനുകൂല നടപടികൾ സ്വീകരിക്കുന്നതും അവരുടെ താൽപ്പര്യങ്ങൾ സ്വാംശീകരിക്കുന്ന ഭരണനടപടി സ്വീകരിക്കുന്നതും ബി.ജെ.പി. ആണെങ്കിൽ ആ നയങ്ങൾക്ക് തുടക്കം കുറിച്ചത് കോൺഗ്രസ്സാണ്. ഒരു പാർലമെന്റ് തെരഞ്ഞെടുപ്പിലേയ്ക്ക്

നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിൽ ബി.ജെ.പി.ക്ക് ബദലായി കോൺഗ്രസ്സിനെ വിജയിപ്പിക്കണമെന്ന് പ്രചാരണം നടത്തുമ്പോൾ, ബി.ജെ.പി.യുടെ നയങ്ങൾക്ക് ബദലായ ഒരു നയം ഈ രാജ്യത്ത് അവതരിപ്പിക്കാൻ കെൽപ്പുള്ള രാഷ്ട്രീയ പ്രസ്ഥാനമല്ല കോൺഗ്രസ്സെന്ന യാഥാർത്ഥ്യം ജനങ്ങളിലേയ്ക്കെത്തിക്കാനുള്ള ബാധ്യത നമുക്കുണ്ട്. കോൺഗ്രസ് പാപ്പരായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥാവിശേഷമാണിന്നുള്ളത്. സമയച്ചുരുക്കംകൊണ്ട് മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതിയിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ടത് കേരളത്തിന് അർഹമായത് ലഭ്യമാക്കാനുള്ള സമരമാണ് നടത്തുന്നത്. അത് ജനങ്ങളുടെ സമരമാണ്, കേരളത്തിലെ ശരാശരി മലയാളിയുടെ ആവശ്യമാണ്. ആ ആവശ്യങ്ങൾക്കൊപ്പം നിൽക്കാൻ പ്രതിപക്ഷം തയ്യാറാകാത്തതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

**[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ബാലചന്ദ്രൻ]**

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പൂർണ്ണ മനസ്സോടുകൂടി പിന്തുണയ്ക്കുന്നു. നയപ്രഖ്യാപന പ്രസംഗം നടത്തിയ ബഹുമാന്യനായ ഗവർണർ ഈ സഭയോടും കേരളീയരോടും നന്ദികേടാണ് കാണിച്ചത്. അതിൽ ശക്തമായി പ്രതിഷേധിക്കുകയും ചെയ്യുന്നു. ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനം ചരിത്ര പ്രസിദ്ധമാണ്. നയപ്രഖ്യാപനത്തിന്റെ ഒടുവിൽ ബഹുമാന്യനായ ഗവർണർ പറഞ്ഞതുപോലെ, "നമ്മുടെ മഹത്തായ പൈതൃകം കെട്ടിടങ്ങളിലോ സ്മാരകങ്ങളിലോ അല്ലെന്നും മറിച്ച് ജനാധിപത്യം, മതനിരപേക്ഷത, ഫെഡറലിസം, സാമൂഹ്യനീതി എന്നീ കാലാതീത മൂല്യങ്ങളോടും ഇന്ത്യൻ ഭരണഘടനയുടെ വിലമതിക്കാനാകാത്ത പൈതൃകത്തോടും നാം കാണിക്കുന്ന ബഹുമാനത്തിനും പരിഗണനയിലുമാണെന്നും നമുക്ക് ഓർക്കാം." ഇത് യഥാർത്ഥത്തിൽ ഒരു ആഹ്വാനവും താക്കീതുമാണ്. നമ്മുടെ രാജ്യത്തെ മുഴുവനും മതാധിഷ്ഠിത

രാജ്യമാക്കി മാറ്റുന്നതിനുവേണ്ടിയും ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളെ തകർക്കുന്നതിനുംവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്ന സംഘപരിവാർ ശക്തികൾക്കെതിരായി പോരടിക്കാനുള്ള ആഹ്വാനമാണ്. അതോടൊപ്പം ഇത്തരം ശക്തികൾക്ക് നൽകുന്ന ഏറ്റവും കരുത്തുറ്റ ആഹ്വാനം കൂടിയാണെന്ന് നാം കാണേണ്ടതാണ്. കഴിഞ്ഞ ദിവസമാണ് റിപ്പബ്ലിക് ദിനം നാം ആചരിച്ചത്. ആ ദിവസത്തിന്റെ ചൈതന്യം മുഴുവൻ ഉൾക്കൊള്ളുന്ന രൂപത്തിലാണ് കേരള സർക്കാരിന്റെ നയപ്രഖ്യാപനമെന്ന് കാണാൻ കഴിയണം. അത് കൃത്യമായ ആഹ്വാനവും താക്കീതുമായിരുന്നു. ഈ നാട്ടിലെ മതനിരപേക്ഷ ശക്തികളോടുള്ള ആഹ്വാനവും രാജ്യത്തിന്റെ ഐക്യത്തെ തകർക്കുന്ന സംഘപരിവാർ ശക്തികളോടുള്ള താക്കീതുമായി അത് മാറി. ഒരുപക്ഷേ ഇന്ത്യയിലെ നിയമസഭകളിൽ കേരളത്തിന് മാത്രമേ ഇത്തരമൊരു തത്വം ഉയർത്താൻ സാധിക്കുകയുള്ളൂ. ഒരു ആഹ്വാനവും താക്കീതുമായിയെന്ന പ്രശ്നംകൂടി നാം കാണേണ്ടതുണ്ട്. രാജ്യത്തിന്റെ ഏറ്റവും നിർണ്ണായകമായ ദിവസങ്ങളിലൂടെയാണ് നാം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ലോകസഭാ തെരഞ്ഞെടുപ്പ്

ആസന്നമായിരിക്കുന്ന ഘട്ടത്തിൽ ആർ.എസ്.എസ്.ന്റെ പ്രഖ്യാപിത ലക്ഷ്യം രാജ്യത്ത് നടപ്പാക്കുന്ന സാഹചര്യം വന്നുപോകുമോയെന്ന ആശങ്ക നാട്ടിലെ ജനങ്ങളിൽ മുഴുവനും ശക്തിപ്പെട്ടുവരുന്ന ഒരു ഘട്ടമാണിത്. ഭരണഘടന തന്നെ വെല്ലുവിളിച്ച് ഒരു മതരാഷ്ട്രമായി മാറ്റാൻ കേന്ദ്ര ഭരണാധികാരികൾ ശ്രമിക്കുമ്പോൾ നാം ഓരോരുത്തരും എവിടെ നിൽക്കുന്നു, എന്ത് പറയുന്നു, എന്ത് ചെയ്യുന്നുവെന്നത് വളരെ നിർണ്ണായകമാണ്. അത്തരമൊരു പരീക്ഷണ ഘട്ടമായിരുന്നു ഈ ജനുവരി മാസം 22-ാം തീയതിയെന്നത് നമുക്കെല്ലാവർക്കുമറിയാം. അയോദ്ധ്യയിലെ ക്ഷേത്രപ്രതിഷ്ഠയ്ക്ക് കാർമ്മികത്വം വഹിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നേരിട്ടുപോയപ്പോൾ അതൊരു വെല്ലുവിളി തന്നെയായിരുന്നുവെന്ന് നമുക്ക് കാണാം. ആ പ്രശ്നത്തെ കേരളത്തിലെ മാധ്യമങ്ങൾ ഏത് വിധത്തിലാണ് അവതരിപ്പിച്ചതെന്നും നാം കണ്ടതാണ്. ബാബറി മസ്ജിദ് പൊളിച്ചപ്പോഴുള്ള നമ്മുടെ മുഖ്യധാരാ മാധ്യമങ്ങളുടെ റിപ്പോർട്ടും ഈ മാസം 22-ാം തീയതിക്കുശേഷമുണ്ടായ റിപ്പോർട്ടും തമ്മിൽ താരതമ്യം ചെയ്താൽ നമുക്ക് അക്കാര്യം ബോധ്യമാകും. 'ഒരു വോട്ട് പ്രതിഷ്ഠ' എന്നാണ് ദേശാഭിമാനി വിശേഷിപ്പിച്ചത്. 'ഇന്ത്യൻ

മതേതരത്വത്തിന്റെ പ്രാണഹത്യ' എന്നാണ് ജനയുഗം വിശേഷിപ്പിച്ചത്. ഇവ രണ്ടും ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ മുഖപത്രങ്ങളാണെന്ന് നമുക്കറിയാം. എന്നാൽ ഇന്ത്യയിലെ ഏറ്റവും വലിയ മതനിരപേക്ഷ പാർട്ടിയാണ് കോൺഗ്രസ്സെന്ന് ചില ശുദ്ധാത്മാക്കൾ ഇപ്പോഴും വിശ്വസിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ആ കോൺഗ്രസ് എടുത്ത നിലപാടെന്താണെന്ന് നാം കണ്ടതാണ്. ബാബറി മസ്ജിദ് മുസ്ലീങ്ങൾ അന്തസ്സായി ഏൽപ്പിച്ചുകൊടുക്കണമായിരുന്നു എന്നാണ് കോൺഗ്രസ് പ്രവർത്തക സമിതിയംഗമായ തിരുവനന്തപുരത്തെ എം.പി. വിശേഷിപ്പിച്ചത്. ഹിമാചൽ പ്രദേശിലെ കോൺഗ്രസ് ആ ദിവസം സംസ്ഥാനത്ത് പൊതു അവധി പ്രഖ്യാപിക്കുക മാത്രമല്ല, പി.സി.സി. പ്രസിഡന്റിന്റെ മകനും മന്ത്രിയും നേരിട്ട് മുഖ്യാതിഥിയായി പങ്കെടുത്ത കാഴ്ചയും നാം കണ്ടതാണ്. ശ്രീ. ഡി. കെ. ശിവകുമാറിന്റെ വിശേഷണം നേരത്തെ ഇവിടെ പരാമർശിക്കപ്പെട്ടതാണ്. കേരളത്തിലെ കോൺഗ്രസ്സാകട്ടെ മൗനത്തിലായിരുന്നു. യാതൊരു പ്രതികരണവും അവരുടെ ഭാഗത്തുനിന്നുമുണ്ടായില്ല. എന്നാൽ, ഇക്കാര്യത്തിൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ യഥാവസരത്തിൽ പ്രതികരിച്ചു. ഇന്ത്യയിലെ മുഖ്യമന്ത്രിമാരിൽ ഇക്കാര്യത്തിൽ യഥാവസരം പ്രതികരിച്ച ഏക മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനായിരുന്നു. ആഗോള ശ്രദ്ധ പിടിച്ചുപറ്റിയ ഒരു പ്രസ്താവനയായിരുന്നു അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. ചരിത്രത്തിൽനിന്ന് കോൺഗ്രസ് ഒന്നും പഠിക്കില്ലെന്ന് നമുക്കറിയാം. നേരത്തെ ഇവിടെ സംസാരിച്ച സഹപ്രവർത്തകരെല്ലാം അക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. 'രാജീവ് ഗാന്ധിയുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു, 'രാമക്ഷേത്രം രൂപപ്പെട്ടു' എന്നാണ് ഉത്തരേന്ത്യയിൽ മുഴുവൻ കോൺഗ്രസ്സുകാർ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ. എന്നാൽ ശ്രീ. രാഹുൽ ഗാന്ധിയാകട്ടെ ജനുവരി 22-ാം തീയതി രാമക്ഷേത്രം അന്വേഷിച്ച് ആസാമിൽ മുഴുവനും ചുറ്റുകയായിരുന്നു. ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുമതി നിഷേധിച്ച ഘട്ടത്തിൽ അദ്ദേഹം ഹനുമാൻ വേഷം കെട്ടി തെരുവോരങ്ങളിൽ തന്റെ മൃദുഹിന്ദുത്വ നാടകം കളിക്കുന്ന കാഴ്ചയും നാം കണ്ടതാണ്. മതനിരപേക്ഷത മരിച്ച ഇന്ത്യയിൽ കോൺഗ്രസ്സിന് ഒരു സ്ഥാനവുമുണ്ടാകില്ലെന്ന വസ്തുത കോൺഗ്രസ്

മനസ്സിലാക്കിയിട്ടില്ല. ആ തിരിച്ചറിവ് ഇപ്പോഴും കോൺഗ്രസ്സിനില്ല. 'എനിക്ക് തോന്നുമ്പോൾ ഞാൻ ആർ.എസ്.എസ്.-ലേയ്ക്ക് പോകും', 'സംഘ് പരിവാർ ശക്തികളെ മുഴുവനും സെനറ്റിലേക്ക് തിരുകിക്കയറ്റുന്നതിൽ തെറ്റില്ല' എന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന ഒരു കെ.പി.സി.സി. പ്രസിഡന്റ് നേതൃത്വം നൽകുന്നൊരു പാർട്ടിയിൽനിന്നും ഇതിലപ്പുറം നാം ഒന്നും പ്രതീക്ഷിക്കേണ്ടതില്ല. രാജ്യത്തിന്റെ ഫെഡറലിസം തകർക്കുന്ന നിലപാടുകളാണ് അനുദിനം കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളം എന്നൊരു സംസ്ഥാനമേ ഇല്ലെന്ന മനോഭാവത്തോടുകൂടിയാണ് അവർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയാണ് കേരളം നേരിടുന്നത്. ഇതിനെതിരെ ഒന്നിച്ചൊരു പ്രക്ഷോഭം നടത്താനോ സമരം ചെയ്യാനോ സ്വന്തം നിലയിൽ ഒരു വാക്കെങ്കിലും ഉച്ചരിക്കാനോ തയ്യാറാകാത്ത സ്ഥിതിയാണ് അപ്പുറത്തുള്ളവരുടെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. കേന്ദ്ര സർക്കാരിനോടുള്ള വിധേയത്വം മാത്രമല്ല ആർ.എസ്.എസ്.-നോടൊപ്പം ചേർന്നുകൊണ്ട് കേരളത്തിലെ വോട്ടർമാർ പിണറായി വിജയൻ സർക്കാരിന് ഭരണത്തുടർച്ച

നൽകിയതിലുള്ള വൈരാഗ്യം കൂടി പ്രകടിപ്പിക്കുകയാണ്. ഏതുവിധത്തിലും കേരളത്തെ തകർക്കുകയെന്ന മനോഭാവത്തിന്റെ ഭാഗമായുള്ള നിലപാടുകളാണ് അവരിപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കോൺഗ്രസ് ഉയർത്തിപ്പിടിക്കേണ്ടത് സംഘ് പരിവാർ മുദ്രാവാക്യമല്ല, നരസിംഹ റാവുവിന്റെ ലെഗസിയുമല്ല മറിച്ച് ഗാന്ധിജിയുടെയും നെഹ്റുവിന്റെയും അബ്ദുൽ കലാം ആസാദിന്റെയും ലെഗസിയാണ്. അതിന് അവർ തയ്യാറാകുമോ എന്നതാണ് ഇപ്പോഴത്തെ ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. അതാണവർ ആലോചിക്കേണ്ടത് എന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആ നിലയിൽ കോൺഗ്രസ് പുറകിലോട്ട് പോകുമ്പോൾ അവർ തുടർച്ചയായി തകർന്നുപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രാജസ്ഥാനിലെയും ഗുജറാത്തിലെയും മധ്യപ്രദേശിലെയും അനുഭവങ്ങളിൽനിന്നും പാഠം പഠിക്കാത്ത ഒരു പാർട്ടിയായി കോൺഗ്രസ് മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഇങ്ങനെ കേരളത്തിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമോ അതെല്ലാം സ്വീകരിച്ച് മുന്നോട്ടുപോകുന്ന നിലപാടാണ് കേന്ദ്ര

സർക്കാരിനുള്ളത്. കേരളത്തിലെ ഭക്ഷ്യ സുരക്ഷ, റെയിൽ, വിദ്യാഭ്യാസ-ആരോഗ്യ രംഗത്തെല്ലാം കേന്ദ്രം കടുത്ത അവഗണന പ്രകടിപ്പിച്ച് മുന്നോട്ടുപോകുമ്പോൾ കെ-ഫോൺ, കെ-റെയിൽ, തുരങ്കപാത തുടങ്ങി മാതൃകാപരമായ എല്ലാ പരിപാടികളും 'അനുവദിക്കില്ല' എന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറയുന്നത്. അദ്ദേഹം വായ തുറന്നാൽ കേൾക്കുന്നതെല്ലാം 'അനുവദിക്കില്ല.. അനുവദിക്കില്ല.. അനുവദിക്കില്ല..' എന്നാണ്. അദ്ദേഹത്തിന്റെ ആത്മകഥയുടെ പേരുതന്നെ അതായി മാറുമോയെന്നാണ് എന്റെ സംശയം. ഈ രൂപത്തിൽ കേരളത്തിലെ പഴയ കാലഘട്ടത്തിലെ പ്രതിപക്ഷ നേതാക്കളുടെ പാരമ്പര്യവും ചരിത്രവുമെല്ലാം വിസ്മരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. ഇന്നത്തെ പ്രതിപക്ഷ നേതാവ് ഇരിക്കുന്ന കസേരയിൽ ഇതിനുമുമ്പ് ആരൊക്കെ ഇരുന്നിട്ടുണ്ട്. മഹാനായ ഇ.എം.എസ്., കെ. കരുണാകരൻ, ശ്രീ. എ. കെ. ആന്റണി, ഇ. കെ. നായനാർ, ശ്രീ. വി. എസ്. അച്യുതാനന്ദൻ, ഉമ്മൻ ചാണ്ടി എന്നിങ്ങനെ പ്രഗത്ഭമതികളിരുന്ന കസേരയാണത്. ഒരു ഘട്ടത്തിലും ഒരു സംഘർഷ

ഭൂമിയിൽ ചാടിയിറങ്ങി തന്റെ അനുയായികളോട് അക്രമണത്തിന് ആഹ്വാനം നൽകിയ ചരിത്രം അവർക്കില്ല. എന്നാൽ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സംഘർഷ ഭൂമിയിലിറങ്ങി '...അടിയെടാ... അടിക്കും..' എന്ന് പറഞ്ഞുകൊണ്ട് തന്റെ അനുയായികൾക്ക് ആവേശം പകരുകയും അക്രമത്തിന് പരസ്യമായി ആഹ്വാനം ചെയ്യുകയും ചെയ്യുന്ന കാഴ്ച നാം കാണുകയുണ്ടായി. യഥാർത്ഥത്തിൽ കേരളീയർക്കും ഈ സഭയ്ക്കും മുഴുവൻ അപമാനമുണ്ടാക്കുന്ന നിലപാടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് എന്ന വസ്തുത നാം കാണേണ്ടതുണ്ട്. ഇവിടെ കർഷകരുടെ ആത്മഹത്യ സംബന്ധിച്ച് വിലാപകാവ്യം എഴുതുകയാണ് പ്രതിപക്ഷം. യഥാർത്ഥത്തിൽ കോൺഗ്രസ് ഭരണകാലത്ത് ആവിഷ്കരിച്ച പുത്തൻ സാമ്പത്തിക നയവും അതിന്റെ നടപടികളുമാണ് കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിച്ചത്. വിലത്തകർച്ച മാത്രമല്ല, അടൽ ബിഹാരി വാജ്പേയി കൊണ്ടുവന്ന സർഫാസി നിയമവും ഇതിനൊരു കാരണമാണ്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന കോമൺ മിനിമം പരിപാടിയിൽ സർഫാസി നിയമം പിൻവലിക്കുമെന്ന് ഉറപ്പുനൽകിയെങ്കിലും

അഞ്ച് വർഷവും പ്രസ്തുത നിയമം പിൻവലിക്കാൻ സർക്കാർ തയ്യാറായില്ലെന്ന വഞ്ചനാപരമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ഇന്നത്തെ കർഷക ആത്മഹത്യയുടെ ഉത്തരവാദിത്തം കോൺഗ്രസ്സിന് തന്നെയാണ്. കോൺഗ്രസിന്റെ ജനവിരുദ്ധ, കർഷകവിരുദ്ധ നടപടികളുടെ ഭാഗമായിട്ടാണ് ഇത്തരമൊരു അവസ്ഥയുണ്ടായിട്ടുള്ളത്. മലയോര മേഖലകളിലുള്ള കർഷകരുടെ ദുരിതം പലപ്പോഴും പ്രതിപക്ഷാംഗങ്ങൾ ഇവിടെ പറയുന്നത് കേട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ ആ ദുരിതത്തിന്റെ ഉത്തരവാദിയും കോൺഗ്രസ്സുകാരാണ്. പരിസ്ഥിതി സംരക്ഷിക്കണമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ആ പരിസ്ഥിതി സംരക്ഷണം മനുഷ്യർക്കുകൂടി വേണ്ടിയാണെന്ന് മനസ്സിലാക്കണം. പക്ഷേ, 1986-ൽ രാജീവ് ഗാന്ധി കൊണ്ടുവന്ന കേന്ദ്ര നിയമത്തിലായാലും തുടർന്ന് പരിസ്ഥിതി വകുപ്പുമന്ത്രി കൊണ്ടുവന്ന ഭേദഗതിയിലായാലും മനുഷ്യരെ വിസ്മരിച്ചുകൊണ്ട് കേവലം പരിസ്ഥിതിവാദം കൊണ്ടുവന്നതിന്റെ ഫലമാണ് ഇന്ന് മനുഷ്യന് ഒരു സ്ഥാനവുമില്ലാതെ മൃഗങ്ങൾക്കും ഇഴജന്തുക്കൾക്കും മാത്രം മുഖ്യപ്രാധാന്യം നൽകുന്ന ഒരവസ്ഥ വന്നത്. മലയോര നിവാസികളുടെ

കണ്ണീരിന്റെ പ്രധാന ഉത്തരവാദി കോൺഗ്രസ് തന്നെയാണ്. കോൺഗ്രസ് ഭരണകാലത്ത് കൊണ്ടുവന്ന കേന്ദ്രനിയമങ്ങളും ചട്ടങ്ങളുമാണ് ഇന്നത്തെ പ്രതിസന്ധിക്ക് പ്രധാന കാരണം. ഇതൊക്കെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന് കോൺഗ്രസ്സുകാർ മനസ്സിലാക്കണം. പ്രതിപക്ഷ കക്ഷികൾ ഏതൊക്കെ രീതിയിൽ എതിർപ്പുകൾ പ്രകടിപ്പിച്ചാലും നവകേരള സദസ്സിലായാലും മനുഷ്യച്ചങ്ങലയിലായാലും സർവ്വകലാശാല തെരഞ്ഞെടുപ്പുകളിലായാലും പുരോഗമന ജനാധിപത്യ ശക്തികൾ വൻവിജയം നേടി മുന്നോട്ടുപോകുന്ന കാഴചയാണ് കാണാൻ സാധിക്കുന്നത്. ഇതൊന്നും കാണാതെ കണ്ണടച്ച് ഇരുട്ടാക്കി മുന്നോട്ടുപോയിട്ട് യാതൊരു പ്രയോജനവുമില്ല, അത് വിജയിക്കാനും പോകുന്നില്ല. കേരളം നിശ്ചയദാർഢ്യത്തോടുകൂടി നവകേരളം കെട്ടിപ്പടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട. ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. നയപ്രഖ്യാപന പ്രസംഗം നടത്തിയതിലൂടെ കേരള

നിയമസഭയെ അപമാനിക്കുന്ന ഒരു നിലപാടാണ് ഗവർണർ സ്വീകരിച്ചതെന്ന് പറയാതിരിക്കാൻ കഴിയില്ല. അതൊരു ബോധപൂർവ്വമായ പരിശ്രമമാണ്. അപ്രതീക്ഷിതമായി സംഭവിച്ചതല്ല. അതൊരു തിരക്കഥയുടെ തുടർച്ചയാണ്. ചില ഗവർണർമാർ ആരോഗ്യ പ്രശ്നങ്ങൾകൊണ്ട് നയപ്രഖ്യാപന പ്രസംഗത്തിന്റെ ആദ്യഭാഗവും അവസാന ഭാഗവും വായിച്ച് പ്രസംഗം അവസാനിപ്പിക്കാറുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ സമീപകാല ദിവസങ്ങളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ അത്തരം ശാരീരിക-ആരോഗ്യ പ്രശ്നങ്ങളുണ്ടെന്ന് തോന്നുന്നില്ല. എന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങളുണ്ടോയെന്ന് പരിശോധിച്ച് മനസ്സിലാക്കേണ്ടതുണ്ട്. രാജ്യവ്യാപകമായി നടക്കുന്ന ജനവിരുദ്ധ പ്രവർത്തനങ്ങൾക്ക് ബദലായിട്ടുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ സർക്കാരിന്റെ നിലപാടുകളെയും നയസമീപനങ്ങളെയും പ്രവർത്തനങ്ങളെയും അട്ടിമറിക്കുന്നതിനുവേണ്ടി ബോധപൂർവ്വമായി ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.യുടെയും അജണ്ട നടപ്പാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമാണിതെന്ന് കേരളം

തിരിച്ചറിയുന്നുണ്ടെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നവകേരള നിർമ്മിതിക്കുള്ള സുവർണരേഖയാണ് ഈ നയപ്രഖ്യാപനം. അടിസ്ഥാന ജനാധിപത്യം ശക്തിപ്പെടുത്തുക, വിദ്യാഭ്യാസത്തിലൂടെ ശാസ്ത്രാവബോധവും മതനിരപേക്ഷ മൂല്യങ്ങളും പ്രോത്സാഹിപ്പിക്കുക, യുവതലമുറയിൽ സമഗ്രമായ ചരിത്രബോധം വളർത്തി സുസ്ഥിര വികസനവും സാങ്കേതിക പുരോഗതിയും സാമൂഹികക്ഷേമവും കൈവരിക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധയൂന്നിക്കൊണ്ട് മുന്നോട്ടുപോകുന്ന ഈ സർക്കാരിന്റെ നയപ്രഖ്യാപന ലക്ഷ്യങ്ങൾ നവകേരള സൃഷ്ടിക്കുവേണ്ടിയാണ് അവതരിപ്പിക്കുന്നത്. കേന്ദ്ര-സംസ്ഥാന അസമത്വം അവസാനിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന് അനിവാര്യവും ആവശ്യവുമാണെന്ന് നയപ്രഖ്യാപനത്തിൽ സൂചിപ്പിക്കുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ പ്രതിലോമകരമായ സാമ്പത്തിക നയങ്ങൾമൂലം കേരളം വൻസാമ്പത്തിക പ്രതിസന്ധി നേരിടുന്നൊരു കാലമാണിത്. എങ്കിലും പ്രതീക്ഷാനിർഭരമായ വികസനക്ഷേമ നേട്ടങ്ങളാണ് ഈ സർക്കാരിന്റെ നേതൃത്വത്തിൽ ഇക്കാലംകൊണ്ട് കേരളം നേടിയത്. ആ വികസനക്ഷേമ വഴിയിലൂടെ മുന്നോട്ടുപോകാനും

അതിദരിദ്രരുടെ ജീവിതാവസ്ഥയിൽ പുതിയ പ്രകാശം പരത്താനും മനുഷ്യാന്തസ്സും നീതിയും ഉറപ്പാക്കാനും പുതിയ കാലത്തേയ്ക്കുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ നയം ലക്ഷ്യം വയ്ക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച പരിശ്രമങ്ങളിലൂടെ അതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. സാമൂഹ്യ പുരോഗതിയെ പിന്നോട്ടടിക്കുന്ന കേന്ദ്ര സമീപനങ്ങളെ കേരളം ജനാധിപത്യ രീതിയിൽ എതിർത്ത് തോൽപ്പിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. കേരളം അതിനായി ഒരുങ്ങുകയാണ്. ഈ വസ്തുതകൾ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് ഗവൺമെന്റ് നടപ്പാക്കിയ നവകേരള സദസ്സ് ഉൾപ്പടെയുള്ള പരിപാടികളിലെ ജനപങ്കാളിത്തത്തിലൂടെ സർക്കാരിന്റെ പ്രവർത്തനങ്ങളോടുള്ള സ്വീകാര്യത വിളിച്ചറിയിക്കുകയാണ്. പല രീതിയിൽ പ്രതിപക്ഷ വിമർശനങ്ങളുണ്ടായിട്ടും ജനങ്ങളെ അതിൽ നിന്നും തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല. ഇത് അപ്രതീക്ഷിതമല്ല. പ്രതിപക്ഷ വിമുക്ത ഭാരതമെന്നത് രാജ്യം ഭരിക്കുന്ന കക്ഷിയുടെയും അതിന് നേതൃത്വം നൽകുന്ന പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെയും മുദ്രാവാക്യമാണ്. അത്

കോൺഗ്രസ് പാർട്ടി തിരിച്ചറിയുന്നുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം. കേരളത്തെ മാത്രം നോക്കിക്കൊണ്ട് രാജ്യത്തെ വീക്ഷിക്കുന്ന അന്ധൻമാരുടെ സമീപനമാണ് കോൺഗ്രസ് സ്വീകരിക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ജനാധിപത്യ വിരുദ്ധമെന്ന് മാത്രമല്ല, ഫാസിസത്തിന്റെ കേളികൊട്ടുകൂടിയാണ് ഈ ആശയം. പ്രതിപക്ഷത്തെ ഇല്ലാതാക്കണമെങ്കിൽ ആദ്യം കമ്മ്യൂണിസ്റ്റുകാരെ പിഴുതെറിയണമെന്ന് ആർ.എസ്.എസ്.-ന് അറിയാം. ഇടതുപക്ഷ പാർട്ടികൾ മുന്നോട്ടുവയ്ക്കുന്ന പുരോഗമന-ജനാധിപത്യ-മതനിരപേക്ഷ ആശയങ്ങളും ശാസ്ത്ര ബോധവുമാണ് ഹിന്ദുത്വ ഫാസിസത്തിന്റെ യഥാർത്ഥ ശത്രുവെന്ന തിരിച്ചറിവിൽനിന്നുമാണ് കമ്മ്യൂണിസ്റ്റുകാരോട് ആർ.എസ്.എസ്.കാർക്കുള്ള വെറുപ്പ് രൂപം കൊണ്ടതെന്നത് ചരിത്ര വസ്തുതയാണ്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെതിരെ കേന്ദ്ര സർക്കാരും ബി.ജെ.പി.യും കൈക്കൊള്ളുന്ന സമീപനത്തെ വിലയിരുത്തേണ്ടത്. മാതൃകാ സംസ്ഥാനമായി ബി.ജെ.പി. വിശേഷിപ്പിക്കുന്ന ഉത്തർപ്രദേശ്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളുടെ

എല്ലാ സൂചികകളെയും അപേക്ഷിച്ച് ഏറെ മുന്നിലാണ് കേരളം നിൽക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, ശിശുമരണ നിരക്ക്, ആയുസ്, മാനവ വികസന സൂചിക തുടങ്ങിയവയിലെല്ലാം കേരളം മുന്നിലാണ്. ബി.ജെ.പി.യുടെ സാമൂഹിക രാഷ്ട്രീയ ചിന്തയ്ക്കും നവ ഉദാരനയത്തിലൂന്നിയ സാമ്പത്തിക നയങ്ങൾക്കും ദേശീയ തലത്തിൽ ബദൽ ഉയർത്തുന്നൊരു സംസ്ഥാനമാണ് കേരളം. അതുകൊണ്ടാണ് രാജ്യം ഭരിക്കുന്നവർ കേരളത്തെ ഭയപ്പെടുന്നത്. അവർക്ക് എങ്ങനെയും കേരളത്തെയും കേരളം ഉയർത്തുന്ന ബദലിനെയും തകർക്കണം. എങ്കിൽ മാത്രമേ ഹിന്ദുത്വ ഫാസ്സിസ്റ്റുകൾക്ക് അവരുടെ അജണ്ട സുഗമമായി നടപ്പാക്കാൻ കഴിയൂ എന്ന തിരിച്ചറിവുണ്ട്. അതിനാലാണ് കേരളത്തിനെതിരെ സാമ്പത്തിക ആക്രമണത്തിനും ഉപരോധ സമാനമായ വിവേചനത്തിനും നരേന്ദ്രമോദി സർക്കാർ തയ്യാറാകുന്നത്. മുന്നോട്ടുകുതിക്കാൻ കഴിയാത്ത രീതിയിൽ വരിഞ്ഞുമുറുക്കുകയെന്ന സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. അതിനായി അവർ പല മാർഗ്ഗങ്ങളും അവലംബിക്കുകയാണ്. ന്യായമായി ലഭിക്കേണ്ട സാമ്പത്തിക വിഹിതം നിഷേധിക്കുക, വികസന പ്രവർത്തനങ്ങൾ തടയുക, ഇതിനായി

ഗവർണർ എന്ന ഭരണഘടനാ പദവിയേയും അന്വേഷണ ഏജൻസികളേയും ഉപയോഗിക്കുക തുടങ്ങിയ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് കേരളത്തിലെ ഈ ജനകീയ സർക്കാരിനെയും മനുഷ്യ നന്മയുടെ ഈ ബദലിനെയും തകർക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് കിണഞ്ഞ് പരിശ്രമിക്കുകയാണ്. കേരളത്തിന് ലഭിക്കേണ്ട 57,400 കോടി രൂപ കേന്ദ്ര ഗവൺമെന്റ് തടഞ്ഞുവച്ചിരിക്കുകയാണ്. ഇത് പലരും ചർച്ച ചെയ്ത വിഷയമായതിനാൽ ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ തുക ലഭിച്ചാൽ മാത്രം കേരളം ഒരു മിച്ച സംസ്ഥാനമായി മാറുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. പത്താം ധനകാര്യ കമ്മീഷൻ നികുതി വിഹിതമായി 3.9 ശതമാനമാണ് കേരളത്തിന് നൽകിയിരുന്നതെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ അത് 1.9 ശതമാനമാക്കി കുറച്ചതിന്റെ ഫലമായി കേരളത്തിന് 18,000 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണുണ്ടായിട്ടുള്ളത്. നാല് വർഷങ്ങൾക്കുമുമ്പ് റവന്യൂ വരുമാനത്തിന്റെ 45 ശതമാനമാണ് കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്നതെങ്കിൽ ഇന്നത് 30 ശതമാനമായി കുറഞ്ഞിരിക്കുന്നു.

അതായത് സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 70 ശതമാനം കണ്ടെത്തേണ്ടത് സംസ്ഥാനത്തിന്റെ ബാധ്യതയായി മാറുന്നു. മറ്റ് സംസ്ഥാനങ്ങൾക്ക് കേന്ദ്രം 45-50 ശതമാനംവരെ അനുവദിക്കുമ്പോഴാണ് കേരളത്തോട് ഈ അവഗണന കാണിക്കുന്നത്. മുൻകാലങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം 25-30 ശതമാനം വരെയായിരുന്നുവെങ്കിൽ ഇന്ന് 40 ശതമാനവും സംസ്ഥാനം വഹിക്കേണ്ട സ്ഥിതിയിലേയ്ക്കെത്തിയിരിക്കുകയാണ്. പല പദ്ധതികളും കേന്ദ്ര സർക്കാർ നിർത്തലാക്കിയപ്പോൾ അത് പൂർണ്ണമായി സംസ്ഥാനം ഏറ്റെടുക്കേണ്ട ബാധ്യതയിലേയ്ക്ക് മാറിയിരിക്കുന്നു. കേരളത്തിൽ നടപ്പാക്കിയിരിക്കുന്ന വിവിധ പദ്ധതികൾ പരിശോധിക്കുമ്പോൾ നമുക്കത് മനസ്സിലാകും. ലൈഫ് മിഷൻ പദ്ധതിയിലൂടെ 4 ലക്ഷം രൂപ ചെലവഴിച്ച് വീടുകൾ നിർമ്മിച്ച് നൽകുമ്പോൾ അതിൽ മോദിയുടെ പേരെഴുതിവച്ചില്ലെന്ന് പറഞ്ഞാണ് വിവാദങ്ങളുണ്ടായതെന്ന് നമുക്കറിയാവുന്ന കാര്യമാണ്. 30,000 വീടുകൾക്ക് 72,000 രൂപ വീതം അനുവദിച്ചാൽ കേരളത്തിൽ വീട് നിർമ്മിക്കാൻ കഴിയുമെന്നാണ് കേന്ദ്രത്തിന്റെ കണക്ക്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ

വീട് വയ്ക്കാൻ ഒന്നര ലക്ഷം രൂപ മതിയെന്നാണ് കേന്ദ്രത്തിന്റെ കണക്ക്. എന്നാൽ കേരളത്തിൽ ആ ഒന്നര ലക്ഷം രൂപയുടെ 60 ശതമാനമായ 72,000 രൂപ അനുവദിക്കുമ്പോൾ, കേരളത്തിലെ പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അനുവദിക്കുന്നത് നാല് ലക്ഷം രൂപയാണെന്ന് കാണണം. അപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നയവും ഇടതുപക്ഷത്തിന്റെ മനുഷ്യ മുഖവും തമ്മിലുള്ള വ്യത്യാസം നമുക്ക് മനസ്സിലാകും. കേരളത്തിലെ 22 ലക്ഷം കുടുംബങ്ങൾക്ക് മാത്രമായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ കേന്ദ്രം തീരുമാനിക്കുമ്പോൾ അത് 43 ലക്ഷം കുടുംബങ്ങളിലെ 73 ലക്ഷം ആളുകൾക്കുവേണ്ടി പദ്ധതി വിപുലപ്പെടുത്തി. ഇതിനായി കേരളത്തിൽ 1400 കോടി രൂപ മൊത്തത്തിൽ ചെലവഴിക്കേണ്ടി വരികയും അതിൽ കേന്ദ്ര വിഹിതമായി 140 കോടി രൂപ മാത്രം ലഭിക്കുകയും ചെയ്യുമ്പോൾ കേരളത്തിലെ 73 ലക്ഷം പേർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലപ്പെടുത്തിയെന്ന് പറയുന്നതിലൂടെ കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ എങ്ങനെയാണ് ഇടതുപക്ഷം നെഞ്ചോട് ചേർത്തുപിടിക്കുന്നതെന്ന്

മനസ്സിലാക്കാൻ സാധിക്കും. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ രാവിലെ അടിയന്തരപ്രമേയത്തിലൂടെ സാമൂഹ്യക്ഷേമ പെൻഷനുവേണ്ടി മുറവിളി കൂട്ടിയ പ്രതിപക്ഷം ഇത് മനസ്സിലാക്കേണ്ടതാണ്. എന്നാൽ അക്കാര്യം കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. 62-63 ലക്ഷം പേർക്ക് സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്യുമ്പോൾ അതിൽ വെറും 6 ലക്ഷം പേർക്ക് മാത്രമാണ് കേന്ദ്ര ഗവൺമെന്റ് വിഹിതം ലഭിക്കുന്നതെന്ന സത്യം മനസ്സിലാക്കണം. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വികലാംഗർ, വാർദ്ധക്യം ബാധിച്ചവർ, വിധവകൾ എന്നിവർക്ക് ശരാശരി 300 രൂപ കേന്ദ്രവിഹിതമായി നൽകുമ്പോൾ ബാക്കി 1300 രൂപ സംസ്ഥാന സർക്കാർ നൽകുകയും അങ്ങനെ ഏകദേശം 56 ലക്ഷം ആളുകൾക്ക് 1,600 രൂപ നൽകുന്നതുൾപ്പെടെ പ്രതിമാസം 900 കോടി രൂപയിലധികം പാവപ്പെട്ടവരുടെ കൈകളിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നതാണ് സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി. അത് കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടിയുള്ള ഏറ്റവും വലിയ ഇടപെടലല്ലേ? നാം ടെലിവിഷൻ പരസ്യങ്ങളിലൂടെ കാണുന്ന സ്വപ്ന പദ്ധതി എന്ന പേരിലറിയപ്പെടുന്ന

'ദേശീയ ജൽജീവൻ മിഷൻ' പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്? 2011-ൽ ഞാൻ നിയമസഭാ സാമാജികനായി വരുന്ന കാലത്ത് 25 ശതമാനം സംസ്ഥാന വിഹിതവും 75 ശതമാനം ദേശീയ കുടിവെള്ള പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റും നൽകുമായിരുന്നു. എന്നാൽ ഇന്ന് ദേശീയ ജൽജീവൻ മിഷന്റെ സ്ഥിതിയെന്താണ്? പണ്ട് കേന്ദ്ര വിഹിതമായി 75 ശതമാനം തുക നൽകിയിരുന്നെങ്കിൽ ഇന്ന് 45 ശതമാനമായി ചുരുക്കി. മാത്രവുമല്ല, അതിൽ 30 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 10 ശതമാനം ഗുണഭോക്താവും ചെലവാക്കേണ്ടതുണ്ട്. അത്തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതംപോലും സംസ്ഥാനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്ന തരത്തിലേയ്ക്ക് സാധാരണ ജനങ്ങളുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽനിന്ന് പിന്നോട്ടുപോകുന്നതും കോർപ്പറേറ്റുകളെ താലോലിക്കുന്നതും രാജ്യത്തിന്റെ സമ്പത്ത് മുഴുവനും കോർപ്പറേറ്റുകളുടെ കൈയിലേയ്ക്കെത്തിക്കുന്നതുമായ ഒരു ഗവൺമെന്റാണ് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്നത്. അത്തരം ജനകീയ വിഷയങ്ങളിൽനിന്ന് ചർച്ച വഴിതിരിച്ചുവിടുന്നതിനുവേണ്ടിയുള്ള വർഗ്ഗീയ

ഫാസിസ്റ്റ് നയങ്ങളും മതപ്രീണന നയങ്ങളുമൊക്കെയാണ് രാജ്യത്ത് നടക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. ജനങ്ങളുടെ മതവിശ്വാസത്തെ വിറ്റ് കാശാക്കുന്നതിനുവേണ്ടി അത്തരം വൈകാരികമായ തലങ്ങളിലേയ്ക്ക് രാജ്യത്തെ കൊണ്ടെത്തിക്കുന്ന, രാജ്യത്തിന്റെ ഭാവിതന്നെ തകർക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായി ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ആർ.എസ്.എസ്. അജണ്ട നടപ്പാക്കുന്ന കാര്യങ്ങളുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ബദൽ നിർദ്ദേശവുമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. പല കാര്യങ്ങളിലും രാജ്യവും ലോകവും ശ്രദ്ധിക്കുന്ന നാടാണ് നമ്മുടേത്. വരുന്ന ഇരുപത്തിയഞ്ച് വർഷംകൊണ്ട് ലോകത്തെ വികസിത രാഷ്ട്രങ്ങളിലെ മധ്യവരുമാന രാജ്യങ്ങളുടെ ജീവിത നിലവാരത്തിലേയ്ക്ക് കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരത്തെ ഉയർത്തുകയെന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനം സംബന്ധിച്ച നന്ദി പ്രമേയമാണിത്. അതുകൊണ്ടാണ് അഭിമാനത്തോടുകൂടി കേരളം ഇതിനെ

പിന്തുണയ്ക്കുന്നത്. അതിനാൽ ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാന്യനായ ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. കേരളമെന്ന നാടിന്റെ ഭാവി വികസനത്തിന് കൃത്യമായ ദിശാബോധം നൽകുന്ന പ്രഖ്യാപനങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായുള്ളത്. നമ്മുടെ നാടിനെ തകർക്കാൻ, മഹിതമായ പാരമ്പര്യമുള്ള കേരളത്തെ തകർക്കാൻ ഒരു പത്മവ്യൂഹം ചമയ്ക്കുന്നുണ്ട്. അതിന് നേതൃത്വം നൽകുന്നത് കേന്ദ്ര ഗവൺമെന്റും നമ്മുടെ ബഹുമാനപ്പെട്ട ഗവർണറും കേരളത്തിലെ യുഡി.എഫ്.ഉം ആണ്. എന്തെങ്കിലും ആത്മാർത്ഥത ഉണ്ടായിരുന്നുവെങ്കിൽ കേരളത്തിലെ യു.ഡി.എഫ്. ഇന്ന് ഈ പ്രസംഗത്തിന്റെ ഭാഗമായി മാറിനിൽക്കാൻ പാടുണ്ടായിരുന്നോ; ഇത് ഈ കൂട്ടുകെട്ടിന്റെ ഭാഗമാണ്. കേരളമെന്ന നമ്മുടെ നാടിനെ എല്ലാ അർത്ഥത്തിലും ദുർബലപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റും ഗവർണറും യു.ഡിഎഫ്.-ഉം ചേർന്നിട്ടുള്ളൊരു ശൃംഖലയാണ് ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നത്.

ഗവർണർ പദവിയെ ഭരണഘടനാപരമായി നമ്മൾ ബഹുമാനിക്കുന്നുണ്ട്. 1974-ലെ ഷംഷേർ സിംഗ് കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഏഴംഗ ബെഞ്ചിന്റെ സുപ്രധാനമായ വിധിയുണ്ട്. മലയാളിയായ കൃഷ്ണയ്യരും പ്രസ്തുത ബെഞ്ചിന്റെ ഭാഗമായിരുന്നു. ജനാധിപത്യ രീതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനാണ് ഏറ്റവും പ്രാമുഖ്യമുള്ളത്. അതിന് മുകളിലല്ല മി. ആരിഫ് മുഹമ്മദ് ഖാൻ എന്ന ഗവർണർ. ഏതാണ്ട് ജൂനിയർ മാൻഡ്രേക്ക് എന്ന സിനിമയിൽ ശ്രീ. ജഗതി ശ്രീകുമാർ അവതരിപ്പിച്ച കഥാപാത്രത്തെയാണ് ഇപ്പോൾ കേരളത്തിലെ ഗവർണർ അനുസ്മരിപ്പിക്കുന്നത്. ശ്രീ. ആരിഫ് മുഹമ്മദ് ഖാന് കേരളത്തിന്റെ ചരിത്രം അറിയാത്തതുകൊണ്ടാണ്. സർ സി.പി. രാമസ്വാമി അയ്യരെ നാടുകടത്തിയ ജനാധിപത്യ പാരമ്പര്യമുള്ള നാട്ടിൽ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെയും ജനാധിപത്യത്തെയും തകർക്കാൻ ബി.ജെ.പി. ഗവൺമെന്റിന്റെ അച്ചാരം വാങ്ങി വന്നാൽ ഈ ജനാധിപത്യ കേരളം അതിന് വഴങ്ങില്ലെന്ന് പ്രഖ്യാപിക്കുന്ന അത്യുജ്ജ്വലമായ ജനകീയ പ്രതിഷേധം കേരളത്തിലുണ്ടാകും. ബി.ജെ.പി.യെയും

ശ്രീ. നരേന്ദ്ര മോദിയെയും കാണിച്ച് കേരളത്തെ ഭയപ്പെടുത്താമെന്നുള്ളതാണോ; നമ്മൾ ഒരു ലോകസഭാ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുകയാണ്. കഴിഞ്ഞ 5 വർഷമായി യു.ഡി.എഫ്.-ന്റെ 18 എം.പി.മാർ പാർലമെന്റിൽ ഇരിക്കുകയല്ലേ. കേരളത്തോട് ഇത്രമേൽ വൈരനിര്യാതന ബുദ്ധി കാണിക്കുന്ന ഘട്ടത്തിൽ 'കമാ' എന്നൊരക്ഷരം പറഞ്ഞോ; ശ്രീ. നരേന്ദ്ര മോദിയുടെ സർക്കാർ കേരളത്തോട് ചെയ്യുന്നതെന്താണ്; അതുസംബന്ധിച്ച് ബഹുമാന്യരായ അംഗങ്ങളെല്ലാം ഇവിടെ നേരത്തെ വിശദീകരിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ നീതി ആയോഗ് അടുത്തിടെ നടത്തിയ വളരെ പ്രധാനപ്പെട്ട Multidimensional Poverty Index-ൽ 0.55% ആണ് കേരളം. ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട സംസ്ഥാനമാണ് കേരളം. ഇന്ത്യയിൽ അങ്ങനെ അഭിമാനിക്കാൻ സാധിക്കുന്ന വേറെ ഏത് സംസ്ഥാനമാണുള്ളത്; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് എല്ലാ രംഗത്തും ആധുനികമായ വികസന കാഴ്ചപ്പാടിൽ ഏറ്റവും സമർത്ഥമായി മുന്നോട്ടുപോയില്ലേ; ഈ ലോകസഭാ ഇലക്ഷന്റെ ഭാഗമായി

മുന്നോട്ടുപോകുമ്പോൾ കേരളത്തിൽനിന്നും ജയിച്ചുപോയ 18 യു.ഡി.എഫ്. എം.പി.മാർ കേരളത്തിനുവേണ്ടി പാർലമെന്റിൽ സ്വീകരിച്ച സമീപനമെന്താണ്? കേരള വിരുദ്ധ രാഷ്ട്രീയമാണ്. കേരളത്തെ അപമാനിക്കലാണ്. കേരളത്തിന്റെ വികസനത്തെ തടയലാണ്. കെ.-റെയിൽ പദ്ധതി കേരളത്തിന് അനുവദിക്കാൻ പാടില്ലെന്ന് പാർലമെന്റിൽ പറയുന്ന ഒരു യു.ഡി.എഫ്. എം.പി.യെ നമ്മൾ കണ്ടില്ലേ; നിങ്ങൾ ആരുടെ കൂടെയാണ്; ആരുടെ താൽപ്പര്യമാണ് സംരക്ഷിക്കുന്നത്? ഈ നാട്ടിൽ ജനിച്ചുവളർന്ന്, ഇവിടെ രാഷ്ട്രീയ പ്രവർത്തനം നടത്തി, ഈ നാട്ടുകാരുടെ വോട്ട് വാങ്ങി പാർലമെന്റിൽ പോയിട്ട് കേരളത്തിന് കൊടുക്കേണ്ട എന്നുപറയുന്നത് മര്യാദയാണോ; എന്തൊരു രീതിയാണിത്? കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കുവേണ്ടി എത്രനാളുകളായി ആവശ്യമുന്നയിക്കുന്നു. ഇതുവരെ ലഭിച്ചിട്ടില്ല. AIIMS മോഡൽ മാതൃകയിലുള്ള ആശുപത്രി കേരളത്തിന് നൽകിയോ; ഇവിടെ എന്തോ മഹാ വികസനം നടന്നുവെന്നാണ് ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും പറയുന്നത്. കഴിഞ്ഞ 10 വർഷത്തെ അനുഭവമെടുത്താൽ ഈ കേരളത്തിന് നൽകിയിട്ടുള്ള

വികസനമെന്താണെന്ന് ബി.ജെ.പി.ക്കാർ പറയട്ടെ. ജനസംഖ്യാനുപാതികമായി നമുക്ക് ലഭിക്കേണ്ട നികുതിപോലും തന്നിട്ടില്ല. ബി.ജെ.പി.ക്കാർക്ക് കേരളത്തിലെ ജനങ്ങളുടെ വോട്ട് വേണം. ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി രണ്ടുതവണ കേരളത്തിൽ വന്നു. കേന്ദ്ര മന്ത്രിമാർ വന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ ജനങ്ങൾ വോട്ട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. 1957 മുതൽ ആരംഭിക്കുന്ന കേരളത്തിന്റെ ജനാധിപത്യ പാരമ്പര്യത്തിൽ നാട്ടിൽ നിലനിൽക്കുന്നൊരു സാമാന്യ മര്യാദയുണ്ട്. ഏത് പാർട്ടിയാണെങ്കിലും നാടിന് ഒരു പൊതുപ്രശ്നം വന്നാൽ അക്കാര്യത്തിൽ എല്ലാവരും യോജിച്ചുനിന്ന് പ്രവർത്തിക്കുക എന്നതാണ് ആ മര്യാദ. കേരളം ഇപ്പോൾ അനുഭവിക്കുന്ന ഈ പ്രതിസന്ധി, ഇവിടെ സാമൂഹ്യ ക്ഷേമപെൻഷൻ കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നുവെന്ന് രാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിന് കൃത്യമായി മറുപടി പറഞ്ഞു. എങ്ങനെയാണ് രണ്ടോ മൂന്നോ മാസത്തെ കുടിശ്ശികയുണ്ടാകുന്നത്? 1957 മുതൽ ആരംഭിച്ച ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത്

എപ്പോഴെങ്കിലും പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതി നടപ്പിലാക്കാത്ത അനുഭവം ഉണ്ടായിരുന്നോ; 2016-ൽ ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകിയ ഗവൺമെന്റല്ലേ സാമൂഹ്യ സുരക്ഷാ പെൻഷൻ 1600 രൂപയായി ഉയർത്തിയതും 60 ലക്ഷം കുടുംബങ്ങൾക്ക് അത് വിതരണം ചെയ്തതും. 18 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നത് കൊടുത്തുതീർത്തതുൾപ്പെടെ ബാക്കിവന്ന കാര്യമാണ് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ സൂചിപ്പിച്ചത്. അതാണ് പ്രതിപക്ഷം രാവിലെ ഇവിടെ തെറ്റിദ്ധരിപ്പിക്കുന്ന നിലയിൽ അവതരിപ്പിച്ചത്. ക്ഷേമ പെൻഷൻ ഏറ്റവും ഫലപ്രദമായി കൊടുത്തുതീർത്തത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. ഇപ്പോഴുള്ള പ്രതിസന്ധിയെന്താണ്? ഇതുമാത്രമല്ല, ഭാവി വികസനത്തെയും ബാധിക്കും. 57,400 കോടി രൂപ കേന്ദ്രം നൽകാനുണ്ട്. എന്നാൽ കേരളത്തിന്റെ പൊതുവിഷയത്തിന്റെ ഭാഗമായി കേരളത്തിന് നൽകാനുള്ളത് നൽകണമെന്ന് കേരളത്തിൽനിന്നും ജയിച്ചുപോയ ഒരു യു.ഡി.എഫ്. എം.പി. പോലും എന്തുകൊണ്ടാണ് പാർലമെന്റിൽ പറയാൻ തയ്യാറാകാതിരുന്നത്? കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന്

പകരം ആരുടെ താൽപ്പര്യമാണ് അവർ സംരക്ഷിക്കുന്നത്? ബി.ജെ.പി. ഗവൺമെന്റ്, ഗവർണർ, യു.ഡി.എഫ്. സഖ്യം എന്നിവർ ചേർന്ന് കേരളത്തെ തകർക്കാൻ ഒരു പത്മവ്യൂഹം ചമയ്ക്കുന്നു എന്നുവേണം കരുതാൻ. യു.ഡി.എഫ്. എക്കാലത്തും ഗവർണറുടെയും ബി.ജെ.പി. ഗവൺമെന്റിന്റെ കൂടെയും ചേർന്നുനിൽക്കുന്ന സമീപനം സ്വീകരിക്കുന്നതിന്റെ ഭാഗമായല്ലേ നമുക്ക് ഇക്കാര്യങ്ങളെ കാണാൻ സാധിക്കുകയുള്ളൂ? നവകേരള സദസ്സ് നടന്നു. ഇതഃപര്യന്തമുള്ള കേരളത്തിന്റെ ജനാധിപത്യ ചരിത്രത്തിൽ, കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽ എവിടെയെങ്കിലും നവകേരള സദസ്സുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും നാട്ടിലെ ജനങ്ങളെയാകെ അഭിസംബോധന ചെയ്യുന്നൊരു പ്രോഗ്രാം നടന്നിട്ടുണ്ടോ? ജനാധിപത്യത്തിന്റെ ഉൾക്കരുത്തെന്ന് പറയുന്നത് ജനങ്ങളാണ്. ജനങ്ങളാണ് രാജാക്കന്മാർ. ആ ജനങ്ങളുമായുള്ള സംവാദമാണ് നവകേരള സദസ്സിലൂടെ സാധ്യമാക്കിയിരിക്കുന്നത്. മഞ്ചേശ്വരത്തുനിന്നും ആരംഭിച്ച നവകേരള സദസ്സ് തിരുവനന്തപുരത്ത് സമാപിച്ചപ്പോൾ കേരളത്തിൽ അഭൂതപൂർവ്വമായ ജനമുന്നേറ്റമുണ്ടായില്ലേ? സ്ഥലജല വിഭ്രാന്തിയുണ്ടായ

പ്രതിപക്ഷം അവിടെയും ബഹിഷ്കരിച്ചു. ജനാധിപത്യപരമായി നിങ്ങൾക്ക് ബഹിഷ്കരിക്കാം. അങ്ങനെ ബഹിഷ്കരിച്ച പ്രതിപക്ഷം പിന്നീട് ചെയ്തതെന്താണ്; പരിപാടി ബഹിഷ്കരിച്ച യൂത്ത് കോൺഗ്രസ്സിന് നവകേരള സദസ്സിൽ എന്താണ് കാര്യം; വണ്ടിക്ക് മുന്നിൽ ചാടുക. അങ്ങനെ ചാടിയാൽ എന്താണ് സംഭവിക്കുക; മുഖ്യമന്ത്രി സഞ്ചരിക്കുന്ന വാഹനത്തിനുനേരെ ഷൂ എറിയാൻ ശ്രമിക്കുക. നവകേരളമെന്ന ആധുനിക കേരളം, പുതിയ തലമുറ, വികസന പ്രശ്നങ്ങളിലൂൾപ്പെടെ നമ്മുടെ കേരളം ഇനിയും ഒരുപാട് മുന്നോട്ടുപോകണം. പുതിയ കേരളം പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുവെന്ന് നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. ഒരു റെസിഡെൻഷ്യൽ ഏരിയയായി കേരളം മാറുന്നു. ജീവിത ചുറ്റുപാടിലും അതിന്റെ വളർച്ചയിലും ആധുനിക സയൻസ് ആൻഡ് ടെക്നോളജിയുടെ ഭാഗമായും നമുക്ക് ഒരുപാട് മുന്നോട്ടുപോകണം. ഭാവി കേരളം എങ്ങനെയെന്ന് ചർച്ച ചെയ്യുമ്പോൾ ഞങ്ങൾക്ക് വ്യത്യസ്ത അഭിപ്രായമുണ്ടെന്ന് പറയാം. ബദൽ വികസന കാഴ്ചപ്പാട് അവതരിപ്പിക്കാം. ബഹിഷ്കരിച്ചവർ നവകേരള സദസ്സിനെ അലങ്കോലമാക്കാൻ ഗുണ്ടകളെയും

തെമ്മാടികളെയും ഇറക്കി മോശമാക്കാനല്ലേ ശ്രമിച്ചത്; അതിന്റെ ഭാഗമായി വലിയ സമരം. നേരത്തെ ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ പറഞ്ഞു, രാഷ്ട്രീയ കേരളത്തിന്റെ ചരിത്രത്തിൽ എപ്പോഴെങ്കിലും എവിടെയെങ്കിലും ഒരു പ്രതിപക്ഷനേതാവ് 'അടിക്കും. അതിശക്തമായിട്ട് അടിക്കും. ഏറ്റവും ശക്തമായിട്ട് അടിക്കും' എന്നുപറഞ്ഞ് അക്രമത്തിന് പ്രേരണ നൽകുന്ന നിരുത്തരവാദപരമായ സമീപനം സ്വീകരിച്ചത് കേരളത്തിന്റെ പ്രതിപക്ഷനേതാവല്ലേ; ഇത് കേരളത്തിന് മാന്യത നൽകുന്ന കാര്യമാണോ; ഇത് കേരളത്തിൽ ഇതുവരെ സംഭവിച്ചിട്ടുള്ള കാര്യമാണോ? നവകേരള സദസ്സെന്നത് കേരളത്തിലെ ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായി സ്വീകരിച്ച ഏറ്റവും വലിയ ജനകീയ പരിപാടിയായി മാറി. അതുകൊണ്ട് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഗവർണറും ചേർന്ന് നടത്തുന്ന ഈ കേരള വിരുദ്ധ നീക്കം ഇവിടെ വിലപ്പോകാൻ പോകുന്നില്ലായെന്ന് നിസ്സംശയം പറയാം. എല്ലാ അർത്ഥത്തിലും കേരളത്തിലെ ജനങ്ങളുടെ വികാരം ഏറ്റുവാങ്ങിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. മുഖ്യമന്ത്രിയെ ലക്ഷ്യം വയ്ക്കുകയാണ്. അതിനുവേണ്ടി അപസർപ്പക കഥകളെ

വെല്ലുന്ന കഥകൾ അവതരിപ്പിക്കുകയാണ്. കെ.പി.സി.സി.യുടെ പ്രസിഡന്റ് അമേരിക്കയിൽപ്പോയി ചികിത്സിച്ചല്ലോ? ഞങ്ങൾ അതിന് എതിരല്ല. നല്ലതാണ്. മുഖ്യമന്ത്രി പോയപ്പോൾ വലിയൊരു കത്ത് എഴുതിയല്ലോ? ഇതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. നിങ്ങളും ഞങ്ങളും ഒരുപോലെയല്ല. മോദിയാണ് ഗ്യാരണ്ടി എന്നിവിടെ പറയുന്നു. അത് ഫേക്ക് ഗ്യാരണ്ടിയാണ്. കേരളത്തിലെ ജനങ്ങൾ ഒന്നടങ്കം പറയുന്നു, ഈ കേരളം 1957 മുതൽ ഇടതുപക്ഷം ഭരിച്ചു. ഇപ്പോഴും ഇടതുപക്ഷ ഭരണം തുടരുന്നു. ആ ഇടതുപക്ഷ സാമ്പത്തിക നയങ്ങളാണ് കേരളത്തിന്റെ ഗ്യാരണ്ടി. ശ്രീ. നരേന്ദ്ര മോദിയല്ല ശ്രീ. പിണറായി വിജയനാണ് കേരളത്തിന്റെ ഗ്യാരണ്ടിയെന്ന് കേരളത്തിലെ ജനങ്ങൾ പറയും. അവർക്ക് വിശ്വാസ്യതയുണ്ട്. ശ്രീ. നരേന്ദ്ര മോദി കേരളത്തിന് ഒന്നും തന്നിട്ടില്ല. അർഹതപ്പെട്ട നികുതി, കോച്ച് ഫാക്ടറി, AIIMS-ന്റെ യൂണിറ്റ് എന്നിവയൊന്നും തന്നിട്ടില്ല. കേരളത്തിൽ പ്രത്യേകമായി ഒരു പദ്ധതിയും പ്രഖ്യാപിച്ചിട്ടില്ല. നാട്ടിൽ വർഗ്ഗീയതയും കലാപവുമുണ്ടാക്കി ജനങ്ങളെ ഭിന്നിപ്പിക്കുന്ന, മതസ്ഥാപനങ്ങളെ തകർക്കുന്ന അപകടകരമായ ആ ഗ്യാരണ്ടി

കേരളത്തിനുവേണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജനുവരി മാസം 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.00 മണിക്ക് പിരിഞ്ഞു.)

* * * * *

**അനുബന്ധം**

I. (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

1. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ലൈഫ് ഭവന പദ്ധതി**

5 (*5) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനം എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി ലൈഫ് മിഷൻ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. വിവിധ

കേന്ദ്ര/സംസ്ഥാന പദ്ധതികൾ കൂടി സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നത്. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 22-01-2024 വരെ 491621 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം അനുവദിക്കുകയും 371934 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 119687 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കൂടാതെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന 32 ഭവന സമുച്ചയങ്ങളുടേയും പാർട്ണർഷിപ്പിലൂടെ 3 ഭവന സമുച്ചയങ്ങളുടേയും നിർമ്മാണം ആരംഭിച്ചു. ഇതിൽ ലൈഫ് മുഖേന നിർമ്മാണം ആരംഭിച്ചവയിൽ 4 ഭവന സമുച്ചയങ്ങളുടെയും പാർട്ണർഷിപ്പിലൂടെയുള്ളവയിൽ 2 ഭവന സമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകി. 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പന്നിയോട്, ശ്രീ.സുകുമാരൻ വൈദ്യർ സൗജന്യമായി നൽകിയ 2.50 ഏക്കർ ഭൂമിയിൽ 112 ഭവനങ്ങളും 2

അംഗൻവാടികളുമുൾപ്പെടുന്ന ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 24.99 കോടി രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഭൂരഹിതരുടെ പുനരധിവാസത്തിനായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുവാനും പദ്ധതിയിലൂടെ കഴിഞ്ഞു. ഇതിനു പുറമേ 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി വാഗ്ദാനം ചെയ്യപ്പെട്ട 28.636 ഏക്കർ ഭൂമിയിൽ 15.42 ഏക്കർ ഭൂമി രേഖാമൂലം ലഭിച്ചത് ഗുണഭോക്താക്കൾക്ക് കൈമാറി വരുന്നു.

(ബി) ലൈഫ് ഭവന പദ്ധതിയിൽ ഇതുവരെ ചെലവഴിച്ചിട്ടുള്ള ആകെ തുകയും അതിലെ കേന്ദ്ര, സംസ്ഥാന വിഹിതവും എത്ര വീതമാണെന്ന് അറിയിക്കാമോ?

ലൈഫ് ഭവന പദ്ധതിയിൽ 2017 -18 വർഷം മുതൽ 24-01-2024 വരെ ആകെ 17104.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

| നം | ഇനം | തുക (കോടിയിൽ) |
|---|---|---|
| 1 | സംസ്ഥാന വിഹിതം | 5,087.77 |
| 2 | ഹഡ്കോ ലോൺ | 4,445.38 |

| | | |
|---|---|---|
| 3 | ബാങ്ക് ലോൺ | 425 |
| 4 | ഗ്രാമ നഗര പി.എം.എ.വൈ. സ്കീമിനു വേണ്ടിയുള്ള കേന്ദ്ര വിഹിതം | 2,081.69 |
| 5 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം | 5,065.03 |
| | **ആകെ** | **17,104.87** |

(സി) ലൈഫ് മിഷൻ വീടുകൾക്ക് മുന്നിൽ ലോഗോയും പ്രധാനമന്ത്രിയുടെ ഫോട്ടോയും പതിപ്പിക്കണമെന്നും ആയത് ചെയ്തില്ലെങ്കിൽ പദ്ധതിയുമായി കേന്ദ്രസർക്കാർ സഹകരിക്കില്ലെന്നും സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കാമോ?

പി.എം.എ.വൈ.(നഗരം)-ലൈഫ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളിൽ പി.എം.എ.വൈ. ലോഗോ പ്രദർശിപ്പിക്കേണ്ടതാണെന്നും ഗുണഭോക്താവിന്റെ പേരുൾപ്പെടെയുള്ള വിവരങ്ങൾ പ്രാദേശിക ഭാഷയിൽ ലോഗോയോടൊപ്പം പ്രദർശിപ്പിക്കേണ്ടതാണെന്നും സർക്കാരിന് ലഭിച്ച 23-08-2023-ലെ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ

N-11011/43/2017-HFA-I-UD/FTS/9029438 നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നു. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കുന്ന രീതിയിൽ ലോഗോ പ്രദർശിപ്പിക്കേണ്ടതാണെന്നും ലോഗോയിൽ പദ്ധതിയുടെ പേര് മാറ്റാൻ പാടില്ലെന്നും 06-09-2023-ലെ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ N-11011/43/2017-HFA-I-UD/FTS/ 9029438 പ്രകാരം നിർദ്ദേശിച്ചിരുന്നു. കേന്ദ്ര മന്ത്രാലയം അനുശാസിക്കുന്ന രീതിയിൽ ബ്രാന്റിംഗ് മാനദണ്ഡങ്ങൾ പാലിക്കാത്ത പക്ഷം സംസ്ഥാനം സമർപ്പിക്കുന്ന പുതിയ പ്രൊപ്പോസലുകൾ പരിഗണിക്കുന്നതല്ലായെന്നും കേന്ദ്ര വിഹിതം നൽകുന്നതല്ലായെന്നും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 19-09-2023-ലെ FNo.44(1)/PF-S/2023-24(CAPEX) കത്ത് മുഖേന അറിയിച്ചതായി സംസ്ഥാന ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്.

Hon. Minister (LSGD) vide his letter no. 1188/M(LSG & Ex)2023 dated 20-11-2023 addressed to the Union Minister for Housing and Urban Affairs expressed concern that affixing branding logos on houses may inadvertently compromise the dignity and self-respect of beneficiaries; and

hence requested Govt. of India to reconsider the mandatory branding direction for PMAY Houses.

(ഡി) കേന്ദ്രസർക്കാർ സഹകരിക്കാതിരുന്നാലും ലൈഫ് ഭവന പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലൈഫ് ഭവന പദ്ധതിയുമായി സംസ്ഥാന സർക്കാർ മുന്നോട്ട് പോകുകയാണ്.

**കളമശ്ശേരി ബോംബ് സ്ഫോടനത്തെക്കുറിച്ചുള്ള വ്യാജപ്രചാരണങ്ങൾക്കെതിരെ സ്വീകരിച്ച നടപടി**

6(*6) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. വി.സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി കൺവെൻഷൻ സെന്ററിലുണ്ടായ ബോംബ് സ്ഫോടനത്തെ തുടർന്ന് മതവിദ്വേഷം വളർത്തുന്ന രീതിയിലും സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിലും സാമൂഹ്യ മാധ്യമങ്ങൾ വഴി ചിലർ

ബോധപൂർവ്വം നടത്തിയതായി പറയപ്പെടുന്ന വ്യാജ പ്രചാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

കളമശ്ശേരി കൺവൻഷൻ സെന്ററിൽ 29-10-2023-ന് രാവിലെ ഉണ്ടായ സ്ഫോടനത്തെത്തുടർന്ന് ഒരാൾ സംഭവസ്ഥലത്തും 7 പേർ ചികിത്സയിലിരിക്കെയും മരണപ്പെട്ടിട്ടുള്ളതാണ്. സംഭവത്തിൽ കളമശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2421/2023 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

രാജ്യത്തിന് മാതൃകയായി മതനിരപേക്ഷത നിലനിൽക്കുന്ന സംസ്ഥാനത്തെ വിദ്വേഷ-വ്യാജപ്രചാരണങ്ങൾ നടത്തി കലുഷിതമാക്കാനുള്ള പ്രവണതകളെ സർക്കാർ വളരെ ഗൗരവമായാണ് കാണുന്നത്. സംഭവത്തെ തുടർന്ന് മതവിദ്വേഷം വളർത്തുന്ന രീതിയിലും സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിലും സാമൂഹ്യ മാധ്യമങ്ങൾ വഴി ചിലർ ബോധപൂർവ്വം വ്യാജപ്രചാരണങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 53 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് വ്യാജ

പ്രചരണത്തിന് ഉപയോഗിച്ച 69 സോഷ്യൽ മീഡിയ ലിങ്കുകൾ ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ 79(3)(b) വകുപ്പ് പ്രകാരം സമയബന്ധിതമായി വിവിധ സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് വ്യാജ സന്ദേശങ്ങൾ നിർമ്മിച്ചവരെയും പ്രചരിപ്പിച്ചവരേയും കണ്ടെത്തുന്നതിന് കർശന നിർദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്വേഷ-വ്യാജ പ്രചരണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുന്നതിനായി ജില്ലാ പോലീസ് മേധാവികളെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തികൊണ്ട് സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച സർക്കുലർ നിലവിലുണ്ട്. 29-10-2023-ലെ സംഭവത്തെ തുടർന്ന് വ്യാജ പ്രചരണങ്ങൾ തടയുന്നതിനായി സാമൂഹ്യമാധ്യമങ്ങൾ മോണിറ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവി നിർദേശം നൽകിയിട്ടുമുണ്ട്.

(സി) സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാജ പ്രോഫൈലുകൾ നിർമ്മിച്ചവരെ കണ്ടെത്തുന്നതിന് സാമൂഹ്യ മാധ്യമ സ്ഥാപനങ്ങളെ സമീപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാജ പ്രോഫൈലുകൾ നിർമ്മിച്ച് വ്യാജപ്രചരണങ്ങൾ നടത്തിയവരെ കണ്ടെത്തുന്നതിനും ഇത്തരം വ്യാജസന്ദേശങ്ങൾ അടിയന്തിരമായി സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതിനും ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ തെറ്റായതും അതീവഗുരുതരവുമായ പ്രചാരണം നടത്തുന്നവരെ നിരീക്ഷിക്കാനും തുടർനടപടികൾ സ്വീകരിക്കാനും സൈബർ സെൽ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സൈബർ പട്രോളിംഗിലൂടെ വ്യാജ പ്രചരണങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും പ്രത്യേകം പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരുടെ സേവനം എല്ലാ സൈബർ പോലീസ് സ്റ്റേഷനുകളിലും സൈബർ ആസ്ഥാനത്തെ സോഷ്യൽമീഡിയ സെല്ലിലും ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ

സേവനം ഉപയോഗിച്ച് സൈബർ ഇടങ്ങളിൽ കർശന നിരീക്ഷണം നടത്തിവരുന്നു. അതോടൊപ്പം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സൈബർ ഡോമുകൾ ഇത്തരം കുറ്റകൃത്യങ്ങളെ അതീവ ജാഗ്രതയോടെ നിരീക്ഷിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) കളമശ്ശേരി സ്ഫോടനകേസുമായി ബന്ധപ്പെട്ട് മാത്രം വ്യാജപ്രചാരണം നടത്തിയവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിലെ പ്രതികൾ ആരെല്ലാമെന്നും വെളിപ്പെടുത്താമോ?

കളമശ്ശേരി സ്ഫോടന കേസുമായി ബന്ധപ്പെട്ട് വ്യാജ പ്രചരണം നടത്തിയവർക്കെതിരെ 53 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

## ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ

7(*7) <u>ശ്രീ. വി. ആർ. സുനിൽകുമാർ:</u>
<u>ശ്രീ ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീ. വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ ആരോഗ്യമേഖല ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നായി ലോകാരോഗ്യ സംഘടന ആന്റി മൈക്രോബിയൽ പ്രതിരോധത്തെ കണക്കാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ.) പൊതുജനാരോഗ്യത്തിന് വർദ്ധിച്ചുവരുന്ന ഭീഷണിയാണ്. ലോകാരോഗ്യ സംഘടന മനുഷ്യരാശിയെ ബാധിക്കുന്ന 10 പ്രധാന ഘടകങ്ങളിൽ പ്രധാനമായ ഒന്നായി AMR-നെ കണക്കാക്കുന്നു. ഇതിന് അടിയന്തര ശ്രദ്ധ ആവശ്യമാണ് എന്ന് മനസ്സിലാക്കി, വളരുന്ന ഈ പ്രശ്നത്തെ നേരിടാൻ സംസ്ഥാനം ഇതിനകം തന്നെ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എ.എം.ആർ. നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തന പദ്ധതിക്ക് മാർഗ്ഗനിർദേശം നൽകുന്നതിന് രാജ്യത്ത് എ.എം.ആർ.-ന്റെ

തെളിവുകൾ സൃഷ്ടിക്കുന്നതിനായി ഗുണനിലവാരമുള്ള എ.എം.ആർ. നിരീക്ഷണ ഡാറ്റ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ AMR (ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ്) സർവൈലൻസും കേരളത്തിൽ KARSAP (കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) വഴി ആരംഭിച്ചിട്ടുണ്ട്. AMR action plan തയ്യാറാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. KARSAP-കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ സംസ്ഥാനം പുറത്തിറക്കുകയും കേരളത്തിലെ എ.എം.ആർ.-ന്റെ വ്യാപ്തി, തോത്, നിരീക്ഷണം എന്നിവ കണക്കാക്കുന്നതിനായി കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സർവൈലൻസ് നെറ്റ്‌വർക്ക് (കാർസ്-നെറ്റ്) സ്ഥാപിക്കുകയും ചെയ്തു. ലോകാരോഗ്യ സംഘടന(WHO)-യുടെ സാങ്കേതിക പിന്തുണയോടെ പൊതു-സ്വകാര്യ മേഖലകളിൽ നിന്നുള്ള 31 ലബോറട്ടറികളിലായി ഈ ശൃംഖല വിപുലീകരിച്ചിട്ടുണ്ട്. ഏകാരോഗ്യം എന്ന ആശയത്തിൽ ഊന്നി ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണം, ഫിഷറീസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഡ്രഗ്സ് കൺട്രോൾ മുതലായ ഡിപ്പാർട്ട്മെന്റുകളുടെ സംയോജിത

പ്രവർത്തനമാണ് KARSAP-എ.എം.ആർ. പ്രോഗ്രാം-ന്റെ ഭാഗമായി നടപ്പിലാക്കുന്നത്.

KARSAP-ന് കീഴിൽ ആറ് തന്ത്രപ്രധാനമായ മുൻഗണനകളാണുള്ളത്:

1. Awareness & Understanding (ബോധവൽക്കരണവും ധാരണയും) -ആന്റിബയോട്ടിക് സാക്ഷര കേരളം എന്ന ലക്ഷ്യത്തോടെ കമ്മ്യൂണിറ്റി തലത്തിലും, ആരോഗ്യ പ്രവർത്തകർക്കിടയിലും, വിദ്യാർത്ഥികൾക്കിടയിലും, അദ്ധ്യാപകർക്കിടയിലും ഏകാരോഗ്യ സങ്കല്പത്തോടെ മൃഗസംരക്ഷണം, കൃഷി, പ്രകൃതി എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കിടയിൽ എ.എം.ആർ.-നെക്കുറിച്ചും അത് തടയുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുക, അതുവഴി ആന്റി മൈക്രോബിയൽസ് ശരിയായി മാത്രം, അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം, ഡോക്ടറുടെ കുറിപ്പടിയോടെ മാത്രം ഉപയോഗിക്കുന്നതിനുള്ള ശീലം വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യം. മേൽ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കുന്നതിനും ബ്ലോക്ക്, ജില്ലാ തലങ്ങളിൽ എ.എം.ആർ. കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആന്റിബയോട്ടിക് സാക്ഷരത എന്ന ലക്ഷ്യത്തിലേക്ക്

എത്താൻ പൊതുജന അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ബ്ലോക്ക് തലത്തിൽ എ.എം.ആർ. കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ലോകമെമ്പാടും നവംബർ മാസത്തിൽ AMR അവെയർനെസ്സ് വാരം കൊണ്ടാടുന്നതിനോടൊപ്പം സംസ്ഥാനത്തും ഗോ ബ്ലൂ ക്യാംമ്പയിൻ ആചരിച്ചു വരുന്നുണ്ട്.

2. Knowledge & Evidence (അറിവും തെളിവും): മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ത്രിതീയതല ആശുപത്രികളിലെ എ.എം.ആർ. സർവൈലൻസ് സംവിധാനങ്ങൾക്ക് പുറമെ ജില്ലാതല എ.എം.ആർ. ലാബുകൾ സജ്ജീകരിച്ച് ഹബ് ആൻഡ് സ്പോക്ക് ലബോറട്ടറി നെറ്റ്വർക്ക് സംവിധാനം വഴി പ്രാഥമികതല ആശുപത്രികൾ മുതൽ സാമ്പിളുകൾ ശേഖരിച്ചു പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കിവരുന്നു. നിലവിൽ 11 ജില്ലകളിൽ ജില്ലാ എ.എം.ആർ. ലാബുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 11 ജില്ലകളിൽ ജില്ലാ എ.എം.ആർ. ലാബ് സ്ഥാപിച്ചതുവഴി, രോഗികൾക്ക് ഗുണകരമായ രീതിയിൽ കൾച്ചർ റിപ്പോർട്ടുകൾ തയ്യാറാക്കുകയും AMR സർവൈലൻസ് നടക്കുകയും ചെയ്യുന്നു.

3. INFECTION PREVENTION: (അണുബാധ നിയന്ത്രണം) കേരളത്തിലെ വിവിധ തലത്തിലുള്ള സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. മുഴുവൻ ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകി ആശുപത്രികളിൽ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

4. Rational Antibiotic Therapy: ആന്റി മൈക്രോബിയൽ ഉപയോഗം ശരിയായ രൂപത്തിലാണെന്നു ഉറപ്പുവരുത്തുന്നതിനായി ആശുപത്രികളിലെ ആന്റിബയോട്ടിക് ഉപയോഗം കൃത്യമായി മോണിറ്റർ ചെയ്ത് ആന്റിബയോട്ടിക് മെട്രിക്സ് മോണിറ്റർ ചെയ്യുക, വിവിധ തലത്തിലുള്ള ആശുപത്രികളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കി മാറ്റുക, ആശുപത്രികളിൽ ആന്റിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി ആന്റിബയോട്ടിക് സ്റ്റിവാർഡ്ഷിപ് പ്രോഗ്രാം നടപ്പിലാക്കുക, ഡോക്ടറുടെ കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്ക് വിൽപ്പന മെഡിക്കൽ ഷോപ്പുകളിൽ നിയമപരമായി തന്നെ നിയന്ത്രിക്കുക തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമായി നടന്നുവരുന്നു.

5. Research (ഗവേഷണം): എ.എം.ആർ. സംബന്ധിച്ച ഗവേഷണങ്ങൾ മെഡിക്കൽ കോളേജുകൾ, ഹെൽത്ത് സർവീസ് തലങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ഏക ആരോഗ്യ പദ്ധതിയുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

6. Collaboration (സഹകരണം):-ഏകാരോഗ്യ പദ്ധതിയുടെ ഭാഗം കൂടിയായി വിവിധ വകുപ്പുകൾ, ഐ.എം.എ., ഐ.എ.പി. മറ്റ് വിവിധ സംഘടനകൾ, ഡ്രഗ്സ് കൺട്രോളർ എന്നിവരെല്ലാം ചേർന്ന് എ.എം.ആർ. -ന് എതിരെ പ്രവർത്തിച്ചുവരുന്നു.

(ബി) 2050 ആകുമ്പോഴേക്കും ലോകമെമ്പാടും ഒരു കോടി ആളുകൾ ആന്റിബയോട്ടിക്ക് പ്രതിരോധംമൂലം മരിക്കാൻ സാദ്ധ്യതയുണ്ടെന്ന പഠനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ കേരളത്തിൽ ആന്റിബയോട്ടിക്കുകൾ വിതരണം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആന്റിമൈക്രോബിയൽ റെസിസ്റ്റൻസിന്റെ (എ.എം.ആർ.) അപകടകരമായ വർദ്ധനവ് 2050-ഓടെ പ്രതിവർഷം 10 ദശലക്ഷം മരണങ്ങൾക്ക് കാരണമായേക്കാം. ഇത് 2020-ലെ ക്യാൻസർ മൂലമുള്ള ആഗോള മരണനിരക്കിന് തുല്യമായിരിക്കുമെന്ന് 2023 ഫെബ്രുവരി 7-ന് പുറത്തിറക്കിയ ഐക്യരാഷ്ട്ര പരിസ്ഥിതി പരിപാടിയുടെ (UNEP) റിപ്പോർട്ട് സൂചിപ്പിക്കുന്നു. കേരളത്തിൽ ആൻറിബയോട്ടിക്കുകളുടെ കൗണ്ടർ വിൽപന [OTC] പൂർണമായി നിരോധിച്ചിരിക്കുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് KARSAP-ന്റെ കീഴിലുള്ള ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്. ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയുന്നതിനായി, Beta Lactum antibiotics, Fluoroquinolones വിഭാഗത്തിൽ ഉൾപ്പെടുന്ന ആന്റിബയോട്ടിക്കുകളെ ഷെഡ്യൂൾ എച്ച്, എച്ച്1 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഇവയുടെ വിൽപ്പന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്റർ ഔഷധവ്യാപാരികൾ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള ഭേദഗതികൾ ഡ്രഗ്സ് റൂൾസിൽ (Rule 65(3)(1), 65(4)(1), 65(9)(a) പ്രാബല്യത്തിലുള്ളതുമാണ്.

പ്രസ്തുത നിർദ്ദേശം ഔഷധവ്യാപാരികൾ പാലിക്കുന്നുണ്ടോയെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു. നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന കണ്ടെത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ 2023-ൽ രണ്ട് ഘട്ടങ്ങളിലായി സംസ്ഥാന വ്യാപകമായി ചില്ലറ ഔഷധ വില്പനകേന്ദ്രങ്ങളിൽ റെയ്ഡുകൾ നടത്തി. ഒന്നാം ഘട്ടത്തിൽ (17-01-2023 & 23-02-2023) 290 റീട്ടെയിൽ മെഡിക്കൽ ഷോപ്പുകളിൽ പരിശോധന നടത്തുകയും വകുപ്പുതല നടപടികളുടെ ഭാഗമായി 204 ഷോകോസ് നോട്ടീസ് നൽകുകയും 47 ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തു. കുറിപ്പടിയില്ലാതെയുള്ള ആന്റി ബയോട്ടിക്കുകളുടെ വിൽപ്പന തടയുന്നതിനായി ഓപ്പറേഷൻ അമൃത് (AMRITH-Antimicrobial Resistance Intervention For Total Health) എന്ന പദ്ധതി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ അമൃതിന്റെ ഭാഗമായി രണ്ടാം ഘട്ടം 28-10-2023 മുതൽ 30-10-2023 വരെ 165 ചില്ലറ ഔഷധ

വില്പന കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് വകുപ്പുതല നടപടികളുടെ ഭാഗമായി, 91 സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 5 ഔഷധ വില്പന ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ അമൃത് ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ടോൾ ഫ്രീ നമ്പർ വഴി (1800 4253 182) പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിക്കുന്നതിനുള്ള സംവിധാനം 06-01-2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ഉളവാക്കുന്ന മഹാവിപത്തിനെക്കുറിച്ചും ആയത് തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഔഷധ വ്യാപാരികൾക്കും രജിസ്റ്റേഡ് ഫാർമസിസ്റ്റുകൾക്കും അവബോധം നൽകുന്നതിനായി, ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ സംസ്ഥാനമൊട്ടാകെ 2023-ൽ 185 ബോധവത്കരണ ക്ലാസുകൾ നടത്തിയിരുന്നു. കൂടാതെ, ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾ എച്ച്, ഷെഡ്യൂൾ എച്ച്1 മരുന്നുകൾ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വിൽപ്പന നടത്തുന്നതല്ലായെന്ന

മുന്നറിയിപ്പ് എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിന് വ്യാപാരികൾക്ക് ഡ്രഗ്സ് കൺട്രോളർ കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) എല്ലാ ബ്ലോക്കുകളിലും ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റി സ്ഥാപിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ബ്ലോക്ക്തല AMR കമ്മിറ്റികൾ രൂപീകരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. ആരോഗ്യ വകുപ്പിന് കീഴിലുള്ള 191 ആരോഗ്യ ഹെൽത്ത് ബ്ലോക്കുകളിൽ AMR കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യമായി ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. (SOP) സംസ്ഥാനം പുറത്തിറക്കിയിട്ടുണ്ട്. ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗ്ഗരേഖയാണ് പുറത്തിറക്കിയത്. ആന്റിബയോട്ടിക് സാക്ഷരത

കൈവരിക്കാൻ ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വളരെ പ്രധാനമാണ്. ബ്ലോക്ക് മെഡിക്കൽ ഓഫീസർ ചെയർമാനായുള്ള ബ്ലോക്കുതല എ.എം.ആർ. കമ്മിറ്റിയിൽ ആരോഗ്യ വകുപ്പ്, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, അക്വാകൾച്ചർ, ഭക്ഷ്യസുരക്ഷ, മലിനീകരണ നിയന്ത്രണം തുടങ്ങിയ വകുപ്പുകളിലെയും ഐ.എം.എ., ഐ.എ.പി, എ.പി.ഐ. തുടങ്ങിയവയിലെയും പ്രതിനിധികളുണ്ട്. ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും ആന്റിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗത്തെക്കുറിച്ചും അണുബാധ നിയന്ത്രണ രീതികളെക്കുറിച്ചും സാർവ്വത്രിക അവബോധം നൽകുക എന്നതാണ് ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ പ്രധാന ലക്ഷ്യം. അംഗീകൃത മെഡിക്കൽ ഓഫീസറുടെ കുറിപ്പടിക്കനുസൃതമായി മാത്രം ആന്റിബയോട്ടിക്കുകൾ കഴിക്കുക, ആന്റിബയോട്ടിക് രഹിത ഭക്ഷണവും വെള്ളവും ഉപയോഗിക്കുക, ഉപയോഗിക്കാത്തതും കാലഹരണപ്പെട്ടതുമായ ആന്റിബയോട്ടിക്കുകളും മരുന്നുകളും സുരക്ഷിതമായി നീക്കം ചെയ്യുക എന്നിവയുടെ പ്രാധാന്യം സംബന്ധിച്ച് അവബോധം നൽകുന്നു.

(ഡി) സംസ്ഥാനത്ത് ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് എല്ലാ കുടുംബാരോഗ്യകേന്ദ്രങ്ങളും ആന്റിബയോട്ടിക്ക് സ്മാർട്ട് ആക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുള്ള പ്രവർത്തനങ്ങളും തുടങ്ങിയിട്ടുണ്ട്. കോഴിക്കോട് കക്കോടി കുടുംബാരോഗ്യ കേന്ദ്രം, പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം എന്നിവ ആന്റിബയോട്ടിക് സ്മാർട്ട് കുടുംബാരോഗ്യ കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ചുവടെ ചേർത്തിരിക്കുന്ന 10 ക്രൈറ്റീരിയകൾ പാലിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളെയാണ് ആന്റിബയോട്ടിക് സ്മാർട്ട് ആക്കി പ്രഖ്യാപിക്കുന്നത്.

1. AMR-നെ പറ്റി മലയാളത്തിലുള്ള IEC ആശുപത്രിയിൽ പ്രദർശിപ്പിക്കണം.

2. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരും അണുബാധ നിയന്ത്രണത്തിനെപ്പറ്റി പരിശീലനം സിദ്ധിച്ചവരാകണം.

3. കുറിപ്പടികളുടെ ആഡിറ്റ് മൂന്ന് മാസത്തിലൊരിക്കൽ നടത്തണം.

4. ആശുപത്രിയിൽ അണുബാധ നിയന്ത്രണത്തിനുള്ള കമ്മിറ്റിയും ആന്റിബയോട്ടിക് സ്റ്റീവാർഡ് ഷിപ്പ് കമ്മറ്റിയും ഉണ്ടായിരിക്കണം.

5. പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കാനുള്ള ക്ലാസുകൾ രണ്ടാഴ്ചയിൽ ഒരിക്കൽ നടത്തണം.

6. OP-യിൽ നിന്ന് നല്കിയ ആന്റിബയോട്ടിക്കുകളുടെ മെട്രിക്സ് ലോകാരോഗ്യ സംഘടന ആവശ്യപ്പെടുന്ന അവെയർ (Aware) ക്ലാസിഫിക്കേഷൻ പ്രകാരമാണോ എന്ന് മൂന്നു മാസത്തിലൊരിക്കൽ പരിശോധിച്ചിരിക്കണം.

7. കൂടാതെ ആശുപത്രി NQAS സർട്ടിഫിക്കറ്റ് ലഭിച്ചതോ, ഒരു വർഷത്തിനുള്ളിൽ നേടാൻ ആസൂത്രണം ചെയ്തതോ ആയിരിക്കണം.

8. ആന്റിബയോട്ടിക്കുകളുടെ അവെയർ (Awere) ക്ലാസിഫിക്കേഷൻ പ്രിസ്ക്രൈബ് ചെയ്യുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം.

9. പ്രിസ്ക്രൈബ് ചെയ്യുന്ന ആന്റിബയോട്ടിക്കുകളിൽ 95 ശതമാനത്തിൽ അധികം അക്സസ് (Access) കാറ്റഗറിയിൽ നിന്നുള്ളതായിരിക്കണം.

10. പ്രൗഡ് (PROUD) പദ്ധതി അല്ലെങ്കിൽ ശാസ്ത്രീയ രീതിയിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ നീക്കം ചെയ്യാനുള്ള സംവിധാനം ഉണ്ടായിരിക്കണം.

ബ്ലോക്ക് എ.എം.ആർ. കമ്മിറ്റി ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളെ ആന്റിബയോട്ടിക് സ്മാർട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കാനുള്ള പ്രവർത്തനം ആരോഗ്യവകുപ്പിന്റെ കീഴിൽ ഊർജ്ജിതമായി നടന്നുവരുന്നു.

**പോലീസിന് ലാത്തി ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

8(*8) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന് ലാത്തി ഉപയോഗിക്കുന്നതിനുള്ള ചട്ടങ്ങൾ, മാന്വൽ, മാനദണ്ഡങ്ങൾ എന്നിവ വിശദമാക്കാമോ?

കേരള പോലീസ് മാനുവൽ (Chapter VI) സെക്ഷൻ 79 പ്രകാരം പോലീസ് ഉദ്യോഗസ്ഥർക്ക് കൃത്യനിർവ്വഹണത്തിന്റെ ഭാഗമായുള്ള പ്രതിരോധത്തിന് ലാത്തി ഉപയോഗിക്കുവാൻ അനുവാദമുണ്ട്. അക്രമാസക്തമായ ജനക്കൂട്ടത്തെ പിരിച്ചുവിടുവാൻ കൊളോണിയൽ കാലം മുതൽ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിരുന്ന ഡ്രിൽ പരിശീലന രീതി (Riot Drill & Handgun Drill), സംസ്ഥാന പോലീസ് മേധാവിയുടെ 03-03-2019-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.08/2019 പ്രകാരം ആധുനിക ജനാധിപത്യ സമൂഹത്തിന് ഉതകുംവിധം ശാസ്ത്രീയമായി പരിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) സമരം ചെയ്യുന്നവരുടെ തലയിൽ ലാത്തി ഉപയോഗിച്ച് അടിക്കാൻ നിയമപരമായി വ്യവസ്ഥ ചെയ്യുന്നുണ്ടോ?

സമരം ചെയ്യുന്നവരെ അടിക്കാൻ വ്യവസ്ഥയില്ല.

(സി) ആലപ്പുഴയിൽ നടന്ന ഒരു സമരത്തിനിടെ പോലീസ് പ്രമുഖ പ്രതിപക്ഷ യുവജന സംഘടനയുടെ ജില്ലാ പ്രസിഡന്റിന്റെയും വനിതാ പ്രവർത്തകരുടെയും തലയ്ക്കടിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ?

ആലപ്പുഴ ജില്ലാ ഭരണകൂട ആസ്ഥാനത്തേയ്ക്ക് 100 ഓളം യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ ഒത്തുകൂടി നടത്തിയ ജാഥ ആലപ്പുഴ മുനിസിപ്പൽ ഓഫീസിന് മുന്നിൽ വച്ച് പോലീസ് ബാരിക്കേഡ് ഉപയോഗിച്ച് തടയുകയുണ്ടായി. ഈ സമയം പ്രതിഷേധക്കാർ കയ്യിൽ കരുതിയിരുന്ന പട്ടിക കഷ്ണങ്ങളും കരിങ്കൽ കഷ്ണങ്ങളും ഇഷ്ടിക കഷ്ണങ്ങളും കൊണ്ട് പോലീസിനെ ആക്രമിച്ചപ്പോൾ ലാത്തി വീശി പ്രതിഷേധക്കാരെ പിരിച്ചു വിട്ടിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 68/24 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. പരിക്ക് പറ്റിയതായ ആരോപണം ഉന്നയിച്ച് ലഭിച്ച പരാതികളിന്മേൽ ആലപ്പുഴ അഡീഷണൽ പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരുന്നു.

**നെല്ല് സംഭരണ വിലയിനത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുള്ള തുക**

9(*9) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24-ലെ ഒന്നാംവിള സീസണിൽ ആകെ രജിസ്റ്റർ ചെയ്ത നെൽ കർഷകരുടെ എണ്ണം, കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ അളവ്, കർഷകർക്ക് വിതരണം ചെയ്ത തുക എന്നിവ വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

2023-24 ഒന്നാംവിള സീസണിൽ ആകെ 90951 കർഷകർ രജിസ്റ്റർ ചെയ്തു. ഇതുവരെ 130785.555 മെട്രിക് ടൺ നെല്ല് സംഭരിച്ചു. 25-01-2024 വരെ 178.18 കോടി രൂപ പി.ആർ.എസ്. വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നെൽ കർഷകരെ സഹായിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കേന്ദ്രം നൽകുന്ന താങ്ങുവിലയ്ക്ക് പുറമെ സംഭരണ വിലയായും മറ്റു വിധത്തിലും എന്തെല്ലാം

സഹായങ്ങളാണ് സംസ്ഥാന സർക്കാർ നെൽ കർഷകർക്ക് നൽകിവരുന്നത്; വിശദമാക്കാമോ?

വികേന്ദ്രീകൃത ധാന്യ സംഭരണ-സംസ്കരണ-വിതരണ പദ്ധതി പ്രകാരം സംഭരിക്കുന്ന നെല്ലിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന താങ്ങുവില (MSP) കൂടാതെ സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസും (SIB) ചേർത്തുള്ള സംഭരണ വിലയായി കിലോഗ്രാമിന് 28.20 രൂപയ്ക്കാണ് കേരളത്തിൽ സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. കൂടാതെ ക്വിന്റലിന് 12 രൂപ കൂടി കർഷകർക്ക് കൈകാര്യ ചെലവായി നൽകുന്നു. ഇതുകൂടാതെ, കൃഷി വകുപ്പ് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് 5,500/- രൂപ, തരിശുനിലകൃഷിക്ക് ഹെക്ടർ ഒന്നിന് കർഷകന് 35,000/- രൂപയും ഉടമയ്ക്ക് 5,000/- രൂപയും നെൽവയൽ ഉടമകൾക്ക് റോയൽറ്റിയായി ഹെക്ടറിന് 3,000/-രൂപ, ഉത്പാദന ബോണസായി ഹെക്ടറിന് 1,000/- രൂപ, ഹെക്ടർ ഒന്നിന് കുമ്മായത്തിന് 5,400/- രൂപ എന്നിങ്ങനെയും പാടശേഖര സമിതികൾക്ക് പൊതുവായും പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുന്നതിനായും കോൾ

മേഖലയിലെ പ്രത്യേക പദ്ധതിക്കായും സഹായങ്ങൾ നൽകിവരുന്നു. സൗജന്യനിരക്കിലുള്ള വൈദ്യുതി ലഭ്യത, വിവിധ തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ എന്നിവ ഇതിനുപുറമെയാണ്.

(സി) നെല്ല് സംഭരണ വില ഇനത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുള്ള തുകയുടെ ഏതെങ്കിലും ക്ലെയിം സംസ്ഥാന സർക്കാർ സമർപ്പിക്കാൻ ബാക്കിയുണ്ടോ; ഇപ്രകാരം സമർപ്പിച്ചിട്ടുള്ള ക്ലെയിമിൽ എന്തെങ്കിലും തുക കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

2023-24 സീസണിൽ ഏപ്രിൽ 2023 മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 731.2 കോടി രൂപ ക്ലെയിം ചെയ്തതിൽ 388.81 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ 342.39 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ഇനിയും ലഭിക്കുവാനുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പി.എച്ച്.എച്ച്. കാറ്റഗറിയിൽ 82202.19 മെട്രിക് ടൺ അരിയുടെ വിതരണം Mapper റിപ്പോർട്ടുമായി വ്യത്യാസപ്പെട്ടതുമൂലം 276.64 കോടി രൂപയും പൊതുവിതരണ സംവിധാനത്തിലൂടെ ടൈഡ് ഓവർ കാറ്റഗറിയിൽ

8.30 രൂപ/കിലോ ഗ്രാം പകരം 10.90 രൂപയ്ക്ക് വിതരണം ചെയ്തു എന്നതിനാൽ ഈ ഇനത്തിൽ 21.17 കോടി രൂപയും തടഞ്ഞുവച്ചിട്ടുണ്ട്. ഇതുൾപ്പെടെ 2017-18 മുതൽ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകളിൽ 1266.14 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്. 2023 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള ക്ലെയിം തയ്യാറാക്കി സമർപ്പിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.

(ഡി) ഇപ്രകാരം തുക തടഞ്ഞുവച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് മുഖാന്തരവും മന്ത്രിതല-സെക്രട്ടറി തല ചർച്ചകളിലൂടെയും തുക നേടിയെടുക്കാനുള്ള നടപടികൾ തുടരുന്നു.

**നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി**

10(*10) ഡോ. കെ. ടി. ജലീൽ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. കെ. രാമചന്ദ്രൻ:

ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മന്ത്രിസഭ ഒന്നാകെ ജനസമക്ഷം ഇറങ്ങിച്ചെന്ന് ജനങ്ങളുമായി സംവദിച്ച നവകേരള സദസ്സ് മുഖേന ജനാധിപത്യ പ്രക്രിയയ്ക്ക് തന്നെ പുതിയ ആഗോള മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നവകേരള സദസ്സിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അതിൽ എത്ര മാത്രം വിജയിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ;

(സി) നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടന്ന പ്രഭാത യോഗങ്ങളിൽ ലഭിച്ച അപേക്ഷകളും നിർദ്ദേശങ്ങളും പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ-സി) സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും സമൂഹത്തിന്റെ ചിന്താഗതികൾ അടുത്തറിഞ്ഞ് നവകേരള

സൃഷ്ടിക്ക് ഉതകുന്ന നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനുമായാണ് നവകേരള സദസ് സംഘടിപ്പിച്ചത്.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുഴുവൻ മന്ത്രിമാരും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഇതിന്റെ ഭാഗമായി പര്യടനം നടത്തി. മണ്ഡലം അടിസ്ഥാനത്തിൽ സംഘടിപ്പിച്ച പ്രഭാതയോഗങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമസ്ത മേഖലകളിലെയും പ്രമുഖരുമായി ആശയവിനിമയം നടത്തി. സ്വാതന്ത്ര്യസമര സേനാനികളും സാഹിത്യനായകന്മാരും നിയമജ്ഞരും കലാ-കായിക താരങ്ങളും കർഷകരും തൊഴിലാളികളും തദ്ദേശീയ ജനതയുടെ പ്രതിനിധികളും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ജനങ്ങളുടെ വിവിധങ്ങളായ നിർദ്ദേശങ്ങളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും സദസ് വേദിയായി. നാടിന്റെ ആവശ്യങ്ങളും സർക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമെല്ലാം ചർച്ച ചെയ്യുന്നതിനുള്ള ഉപാധി കൂടിയായിരുന്നു ഈ പരിപാടി. ഇതിലൂടെ ജനാധിപത്യ ഭരണ നിർവ്വഹണ ചരിത്രത്തിലെ അത്യപൂർവ്വ അദ്ധ്യായമായി നവകേരള സദസ് മാറി. സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിക്കുന്നതുൾപ്പെടെ പ്രഭാത

യോഗങ്ങളിൽ ലഭിച്ച വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും ആശയങ്ങളും വകുപ്പുതലത്തിൽ തരംതിരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. ഇതിനുശേഷം മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ഇതിൻമേൽ കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകൾ ഏതെല്ലാം വിധത്തിൽ തരംതിരിച്ച് മുൻഗണനാ പരിഗണനകൾ തീരുമാനിച്ച് നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിക്കാമോ?

ലഭിച്ച നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാനം ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതായും ഫലപ്രദമായും തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ നടപടി സ്വീകരിക്കും. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കെ-ഫോൺ പദ്ധതിയുടെ സേവനങ്ങൾ**

**11(*11)** ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലായിടത്തും കെ-ഫോൺ സേവനങ്ങൾ ലഭ്യമാക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം നടപ്പാക്കുന്നതിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. 20147 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത

ഉറപ്പ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വാണിജ്യ അടിസ്ഥാനത്തിൽ 1965 ഫൈബർ ടു ദ ഹോം (FTTH) കണക്ഷനുകളും 62 ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും നൽകിയിട്ടുണ്ട്. കൂടാതെ, 2909 കിലോ മീറ്റർ ഡാർക്ക് ഫൈബർ ലീസിന് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി മുഖേന ഒരുക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ വിവര സാങ്കേതികവിദ്യയുടെയും ആശയവിനിമയ സാങ്കേതിക വിദ്യയുടെയും വ്യാപനത്തിന് ഏറെ സഹായകരമാകുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിവരസാങ്കേതികവിദ്യ, ആശയവിനിമയ സാങ്കേതികവിദ്യ എന്നിവയുടെ വ്യാപനത്തിന് കെ-ഫോൺ പദ്ധതി വഴി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും

ബന്ധിപ്പിക്കുന്നതുവഴിയും സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത വഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിങ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പുരോഗതിയും ഡിജിറ്റൽ സാക്ഷരതയും കൈവരിക്കാനാകും. വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് ആവശ്യമായ തൊഴിൽ നൈപുണ്യം പ്രദാനം ചെയ്യാൻ കെ-ഫോൺ മുഖേന സാധിക്കുമെന്നാണ് കരുതുന്നത്. ഇന്റർനെറ്റിന്റെ വ്യാപനം വഴി കാർഷിക-വ്യാവസായിക മേഖലകളിൽ നൂതന സാങ്കേതിക വിദ്യയിലൂടെയുള്ള വളർച്ച സാധ്യമാകും. ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ കേരളത്തിൽ എവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഐ.ടി. പാർക്കുകളിലും മറ്റും 5 ജി സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ്-ഓഫ്-തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താനാവും. വിജ്ഞാന

സമ്പദ്‌വ്യവസ്ഥയിൽ ഒഴിച്ചു കൂടാനാകാത്ത ഇന്നോവേഷൻ, റിസർച്ച് തുടങ്ങിയവയ്ക്കും കെ-ഫോൺ മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കെ-ഫോൺ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ; പ്രസ്തുത കേസ് സംബന്ധിച്ച കോടതി പരാമർശം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

ബഹു. ഹൈക്കോടതി മുൻപാകെ കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. പ്രതിപക്ഷ നേതാവ് കേസ് [W.P.(C) No.1479 of 2024] ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 15-01-2024-ലെ ഇടക്കാല ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+ പദ്ധതിയുടെ നടത്തിപ്പിനായി ടെൻഡർ വിളിച്ച കക്ഷിയോട് (കെ.എസ്.ഐ.ടി.ഐ.എൽ.) എതിർ സത്യവാങ്മൂലം ഫയൽ ചെയ്യാൻ ഇടക്കാല ഉത്തരവിൽ ബഹു.കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസിൽ ബഹു.ലോകായുക്തയ്ക്കെതിരെ നടത്തിയ വസ്തുതാപരമല്ലാത്ത ആരോപണം അനുവദിക്കാനാകില്ലെന്നും ഭാവിയിൽ ഇത്തരം പരാമർശങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ ബഹു.പ്രതിപക്ഷ നേതാവ് കൈക്കൊള്ളണമെന്നും ഇടക്കാല ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

## പോലീസ് സേനയുടെ ആധുനികീകരണം

12(*12) ശ്രീ. എച്ച്. സലാം:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ ആധുനികീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനമുള്ള സംസ്ഥാനമാണ് കേരളം. ഏറ്റവും മികച്ച സേനയായി കേരള പോലീസിനെ പരിവർത്തനപ്പെടുത്തുകയാണ് ലക്ഷ്യം. അതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സേവനം ലഭ്യമാക്കുന്നതിനുള്ള (Service Delivery) നിരവധി പദ്ധതികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് സേനയുടെ ആധുനീകരണത്തിന്റെ

ഭാഗമായി ചുവടെ പറയുന്ന പദ്ധതികൾ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

<u>കേന്ദ്രീകൃത കൺട്രോൾ റൂം</u>

സംസ്ഥാനത്ത് പോലീസിന്റെ സേവനം 24 മണിക്കൂറും പൊതുജനങ്ങൾക്ക് ലഭ്യമാകുംവിധം അടിയന്തര സേവനങ്ങൾക്ക് 112 എന്ന നമ്പരിൽ കേന്ദ്രീകൃത കൺട്രോൾ റൂം ERSS പോലീസ് ആസ്ഥാനത്ത് ആരംഭിച്ചു. പൊതുജനങ്ങൾക്ക് ഏത് അടിയന്തര ഘട്ടങ്ങളിലും പോലീസിന്റെ സഹായം തേടാവുന്ന സാഹചര്യമാണ് ഇതുവഴി സജ്ജമാക്കിയിട്ടുള്ളത്.

<u>പോലീസ് സ്റ്റേഷനുകൾ</u>

പോലീസ് സ്റ്റേഷനുകളിൽ ഹാജരാകാതെ തന്നെ ഏതൊരു പൗരനും ഓൺലൈനായി പരാതി നൽകുവാനുള്ള പ്രത്യേക പോർട്ടൽ (THUNA/Pol-APP) പൊതുജനങ്ങൾക്കായി അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സേവനത്തിന് പുറമെ ഈ പോർട്ടൽ മുഖേന FIR പകർപ്പ് ഡൗൺലോഡ്, ആക്സിഡന്റ് GD അപേക്ഷ, മൈക്ക് ഉപയോഗിക്കാനുള്ള അനുവാദം, തുടങ്ങിയ നിരവധി സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

## ജനമൈത്രീ പോലീസ് സ്റ്റേഷനുകൾ

എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുള്ളതും പോലീസ് സ്റ്റേഷനുകളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. സേവനാവശ്യങ്ങൾക്ക് എത്തുന്ന പൊതുജനങ്ങൾക്ക് സഹായകമായി പബ്ലിക് റിലേഷൻ ഓഫീസർമാരേയും നിയമിച്ചു. മുതിർന്ന പൗരന്മാരുടെ പരാതികളും ആവശ്യങ്ങളും പരിഹരിക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചു വരുന്നുണ്ട്. വയോജനങ്ങൾക്കും കിടപ്പ് രോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കും ആവശ്യമായ സഹായങ്ങൾ ജനമൈത്രി ബീറ്റ് ഓഫീസർ/കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാർ (CRO) മുഖേന നൽകിവരുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് പ്രാഥമിക സൗകര്യങ്ങളോടുകൂടിയ വിശ്രമ സ്ഥലം ഏർപ്പെടു ത്തിയിട്ടുണ്ട്.

## ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ

സംസ്ഥാനത്ത് 148 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്.

സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും കുറഞ്ഞത് 12 അത്യാധുനിക സി.സി.ടി.വി ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

## സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ

പോലീസ് ആധുനികീകരണത്തിന്റെ ഭാഗമായി 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കുന്നതിനായിട്ടുള്ള പദ്ധതികൾ പുരോഗമിക്കുന്നു. ട്രാഫിക് കുറ്റകൃത്യങ്ങളും കുറ്റവാളികളെയും നിർമ്മിതബുദ്ധി സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കി നിരീക്ഷിച്ച് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി Automatic Number Plate Recognition System (ANPR ക്യാമറകൾ) ഇതിനകം സ്ഥാപിച്ചിട്ടുണ്ട്.

## വനിതാ പോലീസ് സ്റ്റേഷനുകൾ

സംസ്ഥാനത്ത് നിലവിലുള്ള 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ റവന്യൂ ജില്ലകളിൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾ കൂടി ആരംഭിച്ചു.

കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച മികച്ച പരിശീലനം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children (CCPWC). ഇതിന്റെ ഭാഗമായി സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ഒരു ട്രെയിനിംഗ് സെന്റർ കേരള പോലീസ് അക്കാദമിയിൽ സ്ഥാപിച്ചിട്ടുണ്ട്.

സോഷ്യൽ പോലീസിംഗ്

സോഷ്യൽ പോലീസിംഗ് പദ്ധതിയുടെ ഭാഗമായുള്ള സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിച്ചതിനുപുറമെ സമൂഹത്തിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമെന്ന നിലയിൽ ചുവടെ പറയുന്ന പദ്ധതികൾ പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ

ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗംകൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസിക വിഷമങ്ങളും മനോവൈകല്യങ്ങളും പരിഹരിക്കുന്നതിനായി ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

ഹോപ്പ് പദ്ധതി

പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുട്ടികളെയും SSLC/Plus Two പരീക്ഷയിൽ പരാജയപ്പെട്ട കുട്ടികളെയും കണ്ടെത്തി അവർക്ക് ക്ലാസ്സുകൾ നൽകിക്കൊണ്ട് അവരെ പഠന വഴിയിലേക്ക് തിരികെ കൊണ്ടുവരികയും അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുകയും ചെയ്യുന്ന പദ്ധതി.

ചിരി പദ്ധതി

ദുരിതമനുഭവിക്കുന്ന കുട്ടികൾക്കായി ഒരു മാനസികാരോഗ്യ പിന്തുണാ സംവിധാനം വികസിപ്പിക്കുന്നതിനും കുട്ടികളുടെ പെരുമാറ്റം, വൈകാരികാവസ്ഥ, വ്യക്തിത്വം, പഠനം, ശാരീരിക വെല്ലുവിളികൾ എന്നിവ തിരിച്ചറിയുന്നതിനും ശാസ്ത്രീയമായി പരിഹരിക്കുന്നതിനും എല്ലാ

കുട്ടികളുടെയും ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികളാണ് ചിരി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

Counter Child Sexual Exploitation Cell(CCSE)

സൈബർ സ്പെയ്സിലെ കുട്ടികളുടെ ലൈംഗിക ചൂഷണത്തെ ചെറുക്കുന്നതിന് ആവിഷ്കരിച്ച കേരള പോലീസിന്റെ മികവുറ്റ കേന്ദ്രമാണ് CCSE (Counter Child Sexual Exploitation Cell).

മയക്കുമരുന്ന് വിപത്തിനെതിരെയുള്ള നടപടികൾ

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വിപത്തിനെ പ്രതിരോധിക്കുന്നതിന് 'യോദ്ധാവ്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മയക്ക് മരുന്ന് ഉപയോഗം തടയുന്നതിനായി സ്ഥാപിച്ചിട്ടുള്ള Kerala Anti-Narcotic Special Action Force (KANSAF)-ന് വേണ്ടി മയക്ക് മരുന്ന് ഉപയോഗിച്ചിട്ടുണ്ടോ എന്നത് തിരിച്ചറിയുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequenser, Advanced equipment for document examination, PCR Machine, Ultra Low

Temperature Freezer, Automated DNA Extraction System, Mobile Compactor Storage തുടങ്ങിയ നിരവധി ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിനായി വാങ്ങിയിട്ടുണ്ട്. എല്ലാ റവന്യൂ ജില്ലകളിലും ഫോറൻസിക് സയൻസ് ലാബുകൾ പ്രവർത്തന സജ്ജമാക്കി. ഫോറൻസിക് സയൻസ് ലാബുകൾക്കുവേണ്ടി 28 പുതിയ തസ്തികകൾ 12-01-2023-ലെ സ.ഉ.(കൈ)നം.16/2024/ആഭ്യ. ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണത്തിൽ ഏറെ സഹായകരമായ വിരലടയാള പരിശോധനകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി Automated Finger Print Identification System നടപ്പാക്കിയിട്ടുണ്ട്.

<u>സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം</u>

വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കോമേഴ്സിന്റെയും കമ്പോള സമ്പദ്‌വ്യവസ്ഥയുടെയും കാലഘട്ടമാണ്. ഇതുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ അന്വേഷകർ ഉൾപ്പെടുന്ന പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ക്രൈം ബ്രാഞ്ചിന് കീഴിൽ ആരംഭിച്ചു. ഇതിനായി

ഒരു ഐ.ജി.പി.യും 4 എസ്.പി.യും 11 ഡിവൈ.എസ്.പി. മാരുമടങ്ങുന്ന 233 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

കേരള പോലീസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് തുടക്കമിട്ടിട്ടുണ്ട്. Crowd control and surveillance, facial identification, scanning video footage for anomalies എന്നിവ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സൈബർ ഡോം

തിരുവനന്തപുരത്തിന് പുറമെ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും സൈബർ ഡോം ആരംഭിച്ചു. തിരുവനന്തപുരം സൈബർ ഡോമിൽ നിർമ്മിത ബുദ്ധി സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭാവിയിൽ ഉണ്ടായേക്കാവുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ കേരള പോലീസ് സൈബർ ഡോം മെറ്റാവേഴ്സിൽ പഠനങ്ങൾ നടത്തിവരുന്നു. ഇതിലൂടെ സോഷ്യൽ മീഡിയ, ഓൺലൈൻ ഗെയിമിംഗ്, Augmented Reality (AR), Virtual Reality (VR), ക്രിപ്റ്റോ

കറൻസികൾ എന്നിവയുടെ ഗുണങ്ങളും ദോഷങ്ങളും മെറ്റാവേഴ്സ് സംയോജിപ്പിച്ച് ഉപയോക്താക്കൾക്ക് വെർച്വലായി അവബോധം നൽകുവാൻ സഹായിക്കുന്നു. കൂടാതെ പെരിമീറ്റർ സെക്യൂരിറ്റി, ഫെയ്സ് ഡിറ്റക്ഷൻ എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ പഠനങ്ങളും ഇവിടെ നടന്നു വരുന്നു. മയക്കുമരുന്ന്, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കഴിയുന്ന വിവിധ അധോലോക വിപണികളുടെ കേന്ദ്രമാണ് ഡാർക് വെബ്. ഡാർക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കേരള പോലീസ് സൈബർ ഡോം Grapnel എന്ന സോഫ്റ്റ്‌വെയർ സൗജന്യമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്തുവാനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുവാനും സാധിക്കും.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്കെതിരെയുള്ള നടപടികൾ

പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് 1930 എന്ന ടോൾ ഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നു. 1930 എന്ന ടോൾ ഫ്രീ നമ്പർ ഡിജിറ്റൽ പേയ്മെന്റ് നെറ്റ്‌വർക്കിലെ പ്രധാന ബാങ്കുകൾ/വാലറ്റുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിലൂടെ ബാങ്കിംഗ് ഇക്കോ സിസ്റ്റത്തിൽ കബളിപ്പിക്കപ്പെട്ട തുക കുറ്റവാളികൾ കൈക്കലാക്കുന്നതിന് മുന്നേ ബാങ്ക് അക്കൗണ്ടുകളിൽ തടഞ്ഞു വയ്ക്കുന്നതിന് കേരള പോലീസിന് സാധിക്കുന്നു. ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾ നിയമനടപടികൾക്കായി പോലീസ് ജില്ലകളിലേക്ക് അയക്കുന്നു. അക്കൗണ്ടുകളിൽ തടഞ്ഞു വച്ചിരിക്കുന്ന കബളിപ്പിക്കപ്പെട്ട തുക പരാതിക്കാർക്ക് തിരിച്ച് നൽകുന്നത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിമാർക്ക് സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ നൽകിയിട്ടുണ്ട്.

## സൈബർ പോലീസ് വിഭാഗം

സൈബർ സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അനുദിനം മാറിവരുന്ന സാങ്കേതികവിദ്യക്കൊപ്പം സങ്കീർണ്ണമായ സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യമാണ്. സാമ്പത്തിക തട്ടിപ്പുകൾക്കും വിദ്വേഷ പ്രചരണങ്ങൾക്കുമായി സൈബർ ഇടങ്ങൾ ദുരുപയോഗപ്പെടുത്തുന്ന സാമൂഹ്യവിരുദ്ധരുടെ പ്രവണതകളെ ശക്തമായി നേരിടേണ്ടതുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ ജില്ല ഒഴികെ) സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയും നിയമിക്കുകയുണ്ടായി. ക്രമസമാധാനരംഗത്ത് സേനയുടെ ഉപയോഗത്തിനായി സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം 545 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

## സൈബർ പോലീസ് ഡിവിഷൻ

സൈബർ ലോകത്തെ വെല്ലുവിളികളോടുള്ള പ്രതികരണം മുൻകൂട്ടി മനസ്സിലാക്കി പദ്ധതികൾ തയ്യാറാക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് അത്യാധുനിക സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് 05-01-2024-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. സൈബർ ഡിവിഷൻ ആസ്ഥാനം, സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ പട്രോളിംഗ് വിഭാഗം എന്നിവയ്ക്കായി പോലീസ് ഉദ്യോഗസ്ഥരുടെ 466 തസ്തികകൾ സൈബർ ഡിവിഷന്റെ ഭാഗമാക്കിയിട്ടുണ്ട്.

## പോലീസ് ടെലികമ്മ്യൂണിക്കേഷൻ

പോലീസ് ടെലികമ്മ്യൂണിക്കേഷൻ അനലോഗ് സംവിധാനത്തിൽ നിന്നും ഡിജിറ്റൽ കമ്മ്യൂണിക്കേഷനിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്ക് പകരം അത്യാധുനിക ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡ്രോൺ ഫോറൻസിക് ലാബ്

സംസ്ഥാനത്ത് ഡ്രോണുകൾ ഉയർത്തുന്ന സുരക്ഷാ ഭീഷണികൾ കൈകാര്യം ചെയ്യുന്നതിന് സൈബർ ഡോമിന് കീഴിൽ ഒരു Drone Forensic Lab and Research Centre സ്ഥാപിച്ചിട്ടുണ്ട്. സുരക്ഷാ ഭീഷണികൾ നേരിടുന്നതിനായി Anti-Drone-കൾ വികസിപ്പിക്കുക, വിവിധതരം പുതിയ ഡ്രോണുകൾ നിർമ്മിക്കുക, വി.വി.ഐ.പി. സുരക്ഷയ്ക്ക് ആവശ്യമായ Mobile Anti Drone System വികസിപ്പിക്കുക തുടങ്ങിയ സംരംഭങ്ങൾ ടി Drone Forensic Lab & Research Centre-ൽ പുരോഗമിച്ചുവരുന്നു.

ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം (iCoPS)

ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പോലീസ് സേവനങ്ങൾ ജനോപകാരപ്രദമാക്കുന്നതിനും വേഗത്തിൽ ലഭിക്കുന്നതിനുമുള്ള കേരളാ പോലീസിന്റെ സംരംഭമാണ് ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം (iCoPS). പൊതുജനങ്ങൾക്ക് ഓൺലൈനായി എല്ലാ സേവനങ്ങളും ഇതിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി MiCoPS എന്ന പേരിൽ പോലീസ് ഉദ്യോഗസ്ഥർക്കായി ഒരു മൊബൈൽ ആപ്പും സജ്ജീകരിച്ചിട്ടുണ്ട്. ആധുനിക

സാങ്കേതിക വിദ്യകളായ Container Platform-ൽ Micro Service അധിഷ്ഠിതമായ ആർക്കിടെക്ചർ ഉപയോഗിച്ചാണ് ഈ സോഫ്റ്റ്‌വെയറുകൾ പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ച രാജ്യത്തെ ആദ്യത്തെ പോലീസ് സേനയാണ് കേരള പോലീസ്. പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള പോലീസ് പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുക, ഓൺലൈൻ പരാതികൾ രജിസ്റ്റർ ചെയ്യുക, പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അവസ്ഥ കണ്ടെത്തൽ, വ്യക്തികളുടെ പരിശോധന തുടങ്ങിയ പൊതുസേവനങ്ങൾ നൽകാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളും സൃഷ്ടിക്കുന്നതിനായി ഗവൺമെന്റിന്റെ ദേശീയ ഇ-ഗവേണൻസ് പദ്ധതിക്കുകീഴിലുള്ള ഒരു മിഷൻ മോഡ് പ്രോജക്ടാണ് (എം.എം.പി.) CCTNS. ഡിജിറ്റൽ സിഗ്നേച്ചർ പോലുള്ള നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി ടി പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഇന്റർനെറ്റ്, ഫൈബർ കണക്ടിവിറ്റി എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇന്റർനെറ്റ്, ഫൈബർ കണക്ടിവിറ്റി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഭീകരവാദികൾ ഉപയോഗിക്കുന്ന ഡ്രോൺ അടക്കമുള്ളവയെ നിശ്ചലമാക്കുന്നതിനുള്ള സാങ്കേതികവിദ്യ സ്വായത്തമാക്കാൻ പോലീസ് സേനയ്ക്ക് കഴിഞ്ഞിട്ടുണ്ടോ?

കേരള പോലീസിന് ഇൻഡസ്ട്രിയൽ, സയന്റിഫിക് ആന്റ് മെഡിക്കൽ ഫ്രീക്വൻസി ബാൻഡിൽ പ്രവർത്തിക്കുന്ന ഡ്രോണുകൾ നിശ്ചലമാക്കാനുള്ള സാങ്കേതികവിദ്യ സ്വായത്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കണ്ടെത്തുന്നതിനും ഫലപ്രദമായി

നിയന്ത്രിക്കുന്നതിനും പോലീസ് സേന നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കണ്ടെത്തുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും പോലീസ് നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെപ്പറയുന്നു.

പൊതുജനങ്ങൾക്ക് സൈബർ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് 1930 എന്ന ടോൾ ഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നു. 1930 എന്ന ടോൾ ഫ്രീ നമ്പർ ഡിജിറ്റൽ പേയ്മെന്റ് നെറ്റ് വർക്കിലെ പ്രധാന ബാങ്കുകൾ/ വാലറ്റുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിലൂടെ ബാങ്കിംഗ് ഇക്കോ സിസ്റ്റത്തിൽ കബളിപ്പിക്കപ്പെട്ട തുക കുറ്റവാളികൾ കൈക്കലാക്കുന്നതിന് മുന്നേ ബാങ്ക് അക്കൗണ്ടുകളിൽ തടഞ്ഞുവയ്ക്കുന്നതിന് കേരള പോലീസിന് സാധിക്കുന്നു. ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾ നിയമനടപടികൾക്കായി പോലീസ് ജില്ലകളിലേക്ക് അയക്കുന്നു.

അക്കൗണ്ടുകളിൽ തടഞ്ഞു വച്ചിരിക്കുന്ന കബളിപ്പിക്കപ്പെട്ട തുക പരാതിക്കാർക്ക് തിരിച്ച് നൽകുന്നത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിമാർക്ക് സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ നൽകിയിട്ടുണ്ട്.

വ്യാജ വെബ്സൈറ്റുകൾ, ആപ്ലിക്കേഷനുകൾ എന്നിവ നീക്കം ചെയ്യാനും സൈബർ തട്ടിപ്പുകളിൽ ഉപയോഗിക്കുന്ന വ്യാജ ബാങ്ക് അക്കൗണ്ടുകൾ, മൊബൈൽ നമ്പറുകൾ എന്നിവ പ്രവർത്തന രഹിതമാക്കുന്നതിനും സൈബർ ആസ്ഥാനത്ത് പ്രത്യേക സംവിധാനം പ്രവർത്തിച്ചുവരുന്നു. 2023-ൽ മാത്രം 2061 വെബ്സൈറ്റുകളും 3634 മൊബൈൽ നമ്പറുകളും 4512 ബാങ്ക് അക്കൗണ്ടുകളും സൈബർ ആസ്ഥാനം ബ്ലോക്ക് ചെയ്തിട്ടുണ്ട്.

1930-ഹെൽപ്പ് ലൈൻ, സൈബർ തട്ടിപ്പ് ആന്റ് സോഷ്യൽ മീഡിയ വിഭാഗം, സൈബർ സുരക്ഷ, അഡ്വാൻസ്ഡ് ക്രൈം വിംഗ്, റിസർച്ച് ആൻഡ് അനാലിസിസ് വിംഗ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് വിംഗ് എന്നിവ ഉൾക്കൊള്ളുന്ന ഒരു സൈബർ ഡിവിഷൻ ഐജിപി സൈബർ ഓപ്പറേഷൻസിന് കീഴിൽ രൂപീകരിച്ചു.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി സ്ഥിതി ചെയ്യുന്ന സൈബർ ഡോമുകൾ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയുമായും ഐ.ടി. വ്യവസായം, സന്നദ്ധപ്രവർത്തകർ എന്നിവരുമായി സഹകരിച്ച് സൈബർ മേഖലകളിൽ ഗവേഷണവും പഠനവും നടത്തിവരുന്നു.

സൈബർ സ്പെയ്സിലെ കുട്ടികളുടെ ലൈംഗിക ചൂഷണത്തെ ചെറുക്കുന്നതിനുള്ള മികവുറ്റ കേന്ദ്രമാണ് CCSE (Counter Child Sexual Exploitation Cell). CCSE-യിൽ നിന്നുള്ള രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരള പോലീസ് നടത്തിയ പി-ഹണ്ടുകൾ (P-Hunt) 1651 കേസുകളിലേക്കും, 307 വ്യക്തികളുടെ അറസ്റ്റുകളിലേക്കും, 3001 ഇലക്ട്രോണിക് ഡിവൈസുകൾ പിടിച്ചെടുക്കുന്നതിലേക്കും നയിച്ചു.

ഡ്രോൺ ഫോറൻസിക് ലാബിൽ അത്യാധുനിക സംവിധാനവും ഡ്രോൺ വിശകലനവും ആന്റി ഡ്രോൺ സൗകര്യവുമുണ്ട്. DGCA അംഗീകൃത പരിശീലന കേന്ദ്രങ്ങളുമായി ചേർന്ന് ഡ്രോൺ സെന്റർ 51 പോലീസുകാരെ സർട്ടിഫൈഡ് പൈലറ്റുമാരായി പരിശീലിപ്പിച്ചിട്ടുണ്ട്.

PTC/KEPA എന്നിവയിലും BSNL/IIT കോട്ടയം, കൊച്ചിൻ യൂണിവേഴ്സിറ്റി/DSCI ബാംഗ്ലൂർ, NTRO ഡൽഹി തുടങ്ങിയ സ്ഥാപനങ്ങളിലൂടെ 2023-ൽ മാത്രം 1000-ത്തിൽപ്പരം പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് സോഷ്യൽ മീഡിയയിലൂടെയും മറ്റും സൈബർ ബോധവൽക്കരണ ക്യാമ്പയിനുകൾ നടത്തിവരുന്നു. സൈബർ ബോധവൽക്കരണ പരിപാടിയുടെ അംബാസഡർമാരായി 5000 സൈബർ വോളണ്ടിയർമാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങളുടെ വില വർദ്ധനവ്**

13(*13) **ശ്രീമതി കെ. കെ. രമ:**
**ശ്രീ. എ. പി. അനിൽ കുമാർ:**
**ശ്രീ. ചാണ്ടി ഉമ്മൻ:**
**ഡോ. മാത്യു കുഴൽനാടൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങൾക്ക് വില കൂട്ടാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വില വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ സബ്സിഡി വില പുനർനിർണ്ണയമുൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. സർക്കാർ ആയവ പരിശോധിച്ചു വരുന്നു.

(ബി) സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നത് വിലക്കയറ്റം രൂക്ഷമാക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സാധാരണ ജനങ്ങൾ വിലക്കയറ്റംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

(ബി &സി) സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങളുടെ വില്പന വില നിലവിലെ പൊതുവിപണി വിലയേക്കാൾ വളരെ കുറവാണ്. ആയതിനാൽ

സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങളുടെ വില കാലാനുസൃതമായി പൊതു വിപണിവിലയെയും പണപ്പെരുപ്പ സൂചികയെയും അടിസ്ഥാനമാക്കി കൂടുതൽ ജനങ്ങൾക്ക് ഈ സബ്സിഡി ആനുകൂല്യം ലഭിക്കത്തക്കവിധം പരിഷ്കരിക്കുന്നത് വിലക്കയറ്റം രൂക്ഷമാക്കും എന്ന് കരുതുന്നില്ല.

**യുവജന സംഘടനകൾ നടത്തുന്ന സമരങ്ങളിൽ**

**പങ്കെടുക്കുന്നവരെ പോലീസ് മർദിച്ചതായ പരാതി**

14(*14) ശ്രീമതി ഉമ തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന സംഘടനകൾ നടത്തുന്ന സമരങ്ങളിൽ പങ്കെടുത്തവരെ മുഖ്യമന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥർ അടക്കം അതിക്രൂരമായി മർദിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും നവകേരള സൃഷ്ടിക്കായുള്ള നിർദ്ദേശങ്ങൾ

സ്വരൂപിക്കുന്നതിനും ലക്ഷ്യമിട്ടാണ് സംഘടിപ്പിച്ചത്. ചില യുവജന സംഘടനകൾ തുടക്കം മുതൽ തന്നെ മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാർ സഞ്ചരിച്ച വാഹനങ്ങളെ തടസ്സപ്പെടുത്തിയും വാഹനത്തിന് നേരെ അക്രമസംഭവങ്ങൾ സംഘടിപ്പിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനാധിപത്യപരമായി സംഘടിപ്പിച്ച പ്രതിഷേധങ്ങൾക്കെതിരെ ഒരു പോലീസ് നടപടിയും ഉണ്ടായിട്ടില്ല. ഇത്തരം പ്രതിഷേധങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ സുരക്ഷാ ഉദ്യോഗസ്ഥർ മർദ്ദിച്ചതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രതിഷേധ സമരങ്ങളിൽ പങ്കെടുക്കുന്നവരെ ലാത്തികൊണ്ട് തലയ്ക്കടിക്കാൻ മുഖ്യമന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോയെന്ന് വ്യക്തമാക്കാമോ?

അതീവസുരക്ഷ നിഷ്കർഷിച്ചിട്ടുള്ള മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും വാഹനവ്യൂഹത്തിലേക്ക് പ്രതിഷേധക്കാർ നീങ്ങുന്നതും അവരുടെ ജീവന് തന്നെ അപകടം സംഭവിക്കുന്ന വിധത്തിൽ പ്രതിഷേധം അക്രമാസക്തമാവുകയും ചെയ്യുന്ന അവസരത്തിൽ, 02-06-2021-ൽ

സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച അഡ്വൈസറി പ്രകാരം സംരക്ഷിത വ്യക്തിയുടെ അടുത്തേക്ക് അനധികൃതമായി നീങ്ങുന്നവരെ തടഞ്ഞ് സുരക്ഷ ഉറപ്പാക്കേണ്ടത് പേഴ്സണൽ സെക്യൂരിറ്റി ഓഫീസറുടെ ചുമതലകളിൽപ്പെട്ടതാണ്.

(സി) പ്രതിഷേധങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ വസ്ത്രം പുരുഷ പോലീസ് വലിച്ചുകീറുന്നതും അവരുടെ മുടിയിൽ ബൂട്ടിട്ട് ചവിട്ടുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങൾ പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടും നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നവകേരള സദസ്സിന്റെ വിലയിരുത്തൽ**

15(*15) ശ്രീ. സി. കെ ഹരീന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. എം. മണി:

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) നവകേരളത്തിന്റെ ഭാവി വികസന സാധ്യതകളും സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങളും പൊതുജന സമക്ഷം അവതരിപ്പിക്കുന്നതിനും ജനങ്ങളുമായി സംവദിക്കുന്നതിനുമായി നവകേരള സദസ്സിലൂടെ സാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും സമൂഹത്തിന്റെ ചിന്താഗതികൾ അടുത്തറിഞ്ഞ് നവകേരള സൃഷ്ടിക്ക് ഉതകുന്ന നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനുമായാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുഴുവൻ മന്ത്രിമാരും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഇതിന്റെ ഭാഗമായി പര്യടനം നടത്തി. നിയോജകമണ്ഡല അടിസ്ഥാനത്തിൽ സംഘടിപ്പിച്ച പ്രഭാതയോഗങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമസ്ത മേഖലകളിലെയും പ്രമുഖരുമായി ആശയവിനിമയം നടത്തി. സ്വാതന്ത്ര്യ സമര സേനാനികളും

സാഹിത്യനായകൻമാരും നിയമജ്ഞരും കലാ-കായിക താരങ്ങളും കർഷകരും തൊഴിലാളികളും തദ്ദേശീയ ജനതയുടെ പ്രതിനിധികളും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ജനങ്ങളുടെ വിവിധങ്ങളായ നിർദ്ദേശങ്ങളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും സദസ്സ് വേദിയായി. നാടിന്റെ ആവശ്യങ്ങളും സർക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമെല്ലാം ചർച്ച ചെയ്യുന്നതിനുള്ള ഉപാധി കൂടിയായിരുന്നു ഈ പരിപാടി. ഇതിലൂടെ ജനാധിപത്യ ഭരണ നിർവ്വഹണ ചരിത്രത്തിലെ അത്യപൂർവ അദ്ധ്യായമായി നവകേരള സദസ്സ് മാറി.

(ബി) നവകേരള സദസ്സിലെത്തിച്ചേർന്നതും സദസ്സിനെ നിഷ്പക്ഷമായി വിലയിരുത്തുകയും ചെയ്ത വ്യത്യസ്ത മേഖലകളിലെ പ്രമുഖരുടെ പ്രതികരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ വെളിപ്പെടുത്താമോ?

സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിക്കുന്നത് ഉൾപ്പെടെ പ്രഭാത യോഗങ്ങളിൽ ലഭിച്ച വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും ആശയങ്ങളും വകപ്പുതലത്തിൽ തരംതിരിച്ച് നടപടികൾ

സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. ഇതിനുശേഷം മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ഇതിൻമേൽ കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ജനാധിപത്യത്തിനും മതേതരത്വത്തിനും ഫെഡറൽ തത്വത്തിനും എതിരായ ആശയങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനുള്ള മാനവീയതയുടെ മുന്നേറ്റം കൂടിയായി നവകേരള സദസ് മാറിയെന്ന അഭിപ്രായം സർക്കാരിനുണ്ടോ; വിശദമാക്കാമോ?

ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾക്കും ജനാധിപത്യവും മതനിരപേക്ഷതയും സംരക്ഷിക്കുന്നതിനുള്ള പോരാട്ടങ്ങൾക്കും ജനപിന്തുണ ആർജ്ജിക്കാനും അതിന് കരുത്ത് പകരാൻ നവ കേരളസദസ്സിലൂടെ കഴിഞ്ഞിട്ടുണ്ട്. നാടിന്റെ പുരോഗതിക്കായി കൂടുതൽ ഊർജ്ജത്തോടെ മുന്നോട്ട് പോകാനുള്ള പ്രചോദനം പകരുന്നതു കൂടിയായിരുന്നു നവകേരളസദസ്.

**മെഡിക്കൽ അനുബന്ധ കോഴ്സുകൾ**

**തുടങ്ങുന്നതിന് അനുമതി നൽകാൻ നടപടി**

16(*16) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീ. വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് വിദ്യാർത്ഥികൾ ഇതര സംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും പോകുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രസ്തുത കോഴ്സുകൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും വലിയ സാധ്യതകളുള്ള നിരവധി മെഡിക്കൽ/മെഡിക്കൽ അനുബന്ധ പാരാമെഡിക്കൽ നഴ്സിംഗ് കോഴ്സുകൾക്ക് കേരളത്തിലെ വിവിധ സർക്കാർ

സ്വാശ്രയ മെഡിക്കൽ/പാരാമെഡിക്കൽ/നഴ്സിംഗ് സ്ഥാപനങ്ങളിലായി അനുമതി നൽകി വരുന്നുണ്ട്. അനേകം സ്ഥാപനങ്ങൾ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് താൽപര്യം പ്രകടിപ്പിച്ച് അപേക്ഷകൾ സമർപ്പിക്കുന്നുണ്ട്. പ്രസ്തുത അപേക്ഷകളുടെ അടിസ്ഥാനത്തിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ/അതത് കൗൺസിലുകൾ നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, ഫാക്കൽറ്റികൾ എന്നിവ പ്രസ്തുത സ്ഥാപനങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇൻസ്പെക്ഷൻ നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ട് പരിഗണിച്ചാണ് പുതിയ കോഴ്സിന് അനുമതി നൽകി വരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മെഡിക്കൽ, പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇനിയും അനുമതി നൽകാനുള്ള അപേക്ഷകരുടെ വിവരങ്ങൾ ലഭ്യമാണോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ പാരാമെഡിക്കൽ, നഴ്സിംഗ് മേഖലയിൽ സർക്കാർ തലത്തിലും

സ്വകാര്യ/സ്വാശ്രയ മേഖലയിലും അനുവദിച്ച കോഴ്സുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) മെഡിക്കൽ പി.ജി കോഴ്സുകൾ

| കോഴ്സ് | സർക്കാർ മേഖല- സീറ്റുകളുടെ എണ്ണം | സ്വകാര്യ/സഹകരണമേഖല– സീറ്റുകളുടെ എണ്ണം |
|---|---|---|
| MD/MS | 68 | 169 |
| DM/M.ch | 23 | 12 |

(2) മെഡിക്കൽ യു.ജി കോഴ്സ്

| | | |
|---|---|---|
| MBBS | 200 | 750 |

(3)പാരാ മെഡിക്കൽ PG Course

| | | |
|---|---|---|
| MSC MLT | 0 | 5 |

(4)യു.ജി കോഴ്സ്

| | | |
|---|---|---|
| BPT | 30 | 180 |

| | | |
|---|---|---|
| BSC Optometry | 0 | 140 |
| BSC DT | 5 | 30 |
| BSC MLT | 0 | 240 |
| BSC RTT | 11 | 0 |
| Bachelor of Neuro technology | 0 | 5 |
| BCVT | 0 | 2 |
| BSC Perfusion Technology | 0 | 4 |
| BOT | 0 | 20 |
| BSC MIT | 30 | 15 |
| BASLP | 40 | 10 |
| BSC Nuclear Medicine | 6 | 0 |
| GNM | 100 | 537 |
| MSC Nursing | 32 | 0 |
| BSC Nursing | 612 | 1820 |

(5)Para Medical Diploma Courses

| | | |
|---|---|---|
| DMLT | 15 | 210 |
| DCSST | 0 | 9 |
| D-Respiratory Medicine | 0 | 5 |
| DRT | 0 | 50 |
| DOTAT | 0 | 100 |

| | | |
|---|---|---|
| DRRT | 0 | 45 |
| DNT | 0 | 2 |
| DCVT | 0 | 4 |
| DORA | 10 | 20 |
| DCDM | 5 | 20 |
| DCDH | 0 | 10 |
| DDT | 0 | 40 |
| DET | 0 | 5 |

നഴ്സിംഗ്/മെഡിക്കൽ വിഭാഗത്തിൽ ഇനിയും അനുമതി ലഭിക്കുന്നതിനായി ലഭ്യമായ അപേക്ഷകരുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നം. | സ്ഥാപനം |
|---|---|
| 1 | സെന്റ് ജോസഫ് കോളേജ് ഓഫ് നഴ്സിംഗ്, അഞ്ചൽ |
| 2 | ട്രാവൻകൂർ കോളേജ് ഓഫ് നഴ്സിംഗ്, കൊല്ലം |
| 3 | വിമല കോളേജ് ഓഫ് നഴ്സിംഗ്, വർക്കല |
| 4 | എയിസ് കോളേജ് ഓഫ് നഴ്സിംഗ്, നെടുമങ്ങാട് |
| 5 | കാവാത്തിയോട്ട് ടെക്നിക്കൽ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ സൊസൈറ്റി, ആയൂർ കൊല്ലം |
| 6 | INE, SME സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കോട്ടയം |
| 7 | CPAS ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ സ്കൂൾ ഓഫ് |

| | |
|---|---|
| | മെഡിക്കൽ എഡ്യൂക്കേഷൻ പത്തനംതിട്ട |
| 8 | അൽ അസർ കോളേജ് ഓഫ് നേഴ്സിംഗ്, ഏഴല്ലൂർ പി.ഒ, തൊടുപുഴ ഇടുക്കി |
| 9 | സിയോൺ എജ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്, അടൂർ |
| 10 | അൽഫോൻസാ സോഷ്യൽ സർവ്വീസ് സൊസൈറ്റി, മുരിക്കാശ്ശേരി, ഇടുക്കി |
| 11 | അമൽ ജ്യോതി കോളേജ് ഓഫ് നേഴ്സിംഗ്, കൂവപ്പള്ളി, കോട്ടയം |
| 12 | തിയോഫിലസ് കോളേജ് ഓഫ് നേഴ്സിംഗ്, MGDM ഹോസ്പിറ്റൽ ദേവഗിരി കങ്ങഴ പി.ഒ കോട്ടയം |
| 13 | സെന്റ് ജോസഫ് നഴ്സിംഗ് കോളേജ് , മഞ്ഞുമ്മൽ |
| 14 | മദർ തെരേസ സ്കൂൾ ഓഫ് നഴ്സിംഗ്, മൂവാറ്റുപുഴ |
| 15 | മെഡിക്കൽ ട്രസ്റ്റ് കോളേജ് ഓഫ് നേഴ്സിംഗ്, ഇരുമ്പനം, എറണാകുളം |
| 16 | ടി.എം.എസ്. കോളേജ് ഓഫ് നേഴ്സിംഗ്, അന്നൂർ അന്നൂർ ദന്തൽ കോളേജ് ആന്റ് ഹോസ്പിറ്റൽ, മൂവാറ്റുപുഴ, എറണാകുളം |
| 17 | KMCT കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് |
| 18 | സെന്റ് ജോസഫ് കോളേജ് ഓഫ് നേഴ്സിംഗ്, അഗസ്ത്യൻ മുഴി, മുക്കം കോഴിക്കോട് |
| 19 | മർക്കസ് മെഡിക്കൽ ട്രസ്റ്റ് |
| 20 | ഇ.എം.എസ്. മെമ്മോറിയൽ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ |

| | |
|---|---|
| | ആൻറ് റിസർച്ച് സെന്റർ ലിമിറ്റഡ് നമ്പർ ഡി 2708, പേരാമ്പ്ര, കോഴിക്കോട് |
| 21 | ഡോക്ടർ ഡി.എം. എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഫൗണ്ടഷൻ നസീറ നഗർ, മേപ്പാടി പി ഒ , വയനാട് |
| 22 | പ്രശാന്തി ഹോസ്പിറ്റൽ മഞ്ചേരി, മലപ്പുറം |
| 23 | മലങ്കര മെഡിക്കൽ മിഷൻ കോളേജ് ഓഫ് നേഴ്സിംഗ്, അട്ടപ്പൂട്ടി ഹിൽസ്, കുന്നംകുളം |
| 24 | മലബാർ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്, കോഴിക്കോട് |
| 25 | മലബാർ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്റർ, കോഴിക്കോട് |
| 26 | ജൂബിലി മിഷൻ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ |
| 27 | ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം |
| 28 | ബിലീവേഴ്സ് ചർച്ച്, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തിരുവല്ല |
| 29 | ഡോ.സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജ്, കാരക്കോണം |
| 30 | KMCT മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 31 | ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ |
| 32 | ഗവ.മെഡിക്കൽ കോളേജ്, കൊല്ലം |
| 33 | ഡോ.മൂപ്പൻസ് മെഡിക്കൽ കോളേജ്, വയനാട് |
| 34 | മൗണ്ട് സിയോൺ മെഡിക്കൽ കോളേജ്, അടൂർ |

| | |
|---|---|
| 35 | ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം |
| 36 | എം.വി.ആർ കാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോഴിക്കോട് |
| 37 | ശ്രീ അയ്യപ്പാ മെഡിക്കൽ കോളേജ്, വടശ്ശേരിക്കര |
| 38 | രുക്മിണി മെമ്മോറിയൽ ചാരിറ്റബിൾ എഡ്യൂക്കേഷണൽ ഹെൽത്ത് ട്രസ്റ്റ്, പൊന്നമ്പി |
| 39 | കേരള മെഡിക്കൽ കോളേജ്, പാലക്കാട് |
| 40 | ഐ.ഐ.എം.എസ്, പാലക്കാട് |

പാരാമെഡിക്കൽ വിഭാഗത്തിൽ അനുമതിക്കായി ലഭ്യമായ അപേക്ഷകരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ ഡി.എം.ഇ., നഴ്സിംഗ് രജിസ്ട്രാർ, പാരാമെഡിക്കൽ കൗൺസിൽ, മറ്റുബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ അടിയന്തര നിർദേശങ്ങൾ നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മെഡിക്കൽ/നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിൽ ലഭിക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി ഇൻസ്പെക്ഷൻ നടത്തി അടിയന്തിര റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശം നൽകിവരുന്നു. മിക്ക കേസുകളിലും വേഗത്തിൽ റിപ്പോർട്ടുകൾ ലഭ്യമാക്കാറുണ്ട്. സ്ഥാപനങ്ങൾ പരിശോധനാഫീസ് ഒടുക്കാത്തതുമൂലമോ സ്ഥാപനം കോഴ്സ് തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതുമൂലമോ മാത്രമാണ് നിലവിൽ കാലതാമസം വരുന്നത്. പരിശോധനയിൽ ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവായി കാണുന്ന സ്ഥാപനങ്ങൾക്ക് വീണ്ടും കുറവുകൾ പരിഹരിക്കുന്നതിനുള്ള അവസരം നൽകാറുണ്ട്. പരിഹരിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് പുന:പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുകയാണ് ചെയ്തുവരുന്നത്.

(ഡി) മെഡിക്കൽ ടൂറിസത്തിന്റെ ഹബ്ബായി സംസ്ഥാനത്തെ മാറ്റുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; അതിനായി പ്രത്യേക പ്രചാരണ പരിപാടികൾ നടപ്പാക്കുമോയെന്ന് അറിയിക്കാമോ?

ആരോഗ്യ മേഖല മെഡിക്കൽ ടൂറിസത്തിന്റെ ഹബ്ബാക്കി മാറ്റുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**അതിദരിദ്ര നിർമ്മാർജന പ്രവർത്തനങ്ങൾ**

17(*17) ശ്രീ. ഒ. ആർ. കേളു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിന്റെ കണക്കനുസരിച്ച് ഇന്ത്യയിലെ അതിദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. നീതി ആയോഗ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 0.55 ശതമാനം മാത്രം ദാരിദ്ര്യത്തോടെ ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമാണ് കേരളം. 2022-23 വർഷത്തേക്ക് ഈ കണക്ക് 0.48 ആയി

മാറുന്നുവെന്നും നീതി ആയോഗിന്റെ റിപ്പോർട്ടിലുണ്ട്. 0.70 എന്ന് നീതി ആയോഗിന്റെ തന്നെ മുൻ കണക്കിനുശേഷം ഉണ്ടായ പുരോഗതിയാണിത്.

(ബി) സംസ്ഥാനത്ത് അതിദരിദ്ര നിർമ്മാർജന പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണെന്നും അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും അറിയിക്കാമോ?

5 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗം പ്രത്യേകം പദ്ധതി രൂപപ്പെടുത്തുകയുണ്ടായി. തുടർന്ന് അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയമായ പ്രക്രിയയും രീതിശാസ്ത്രവും തയ്യാറാക്കി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആഹാരം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ഘടകങ്ങളെ ആസ്പദമാക്കി അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ 2021 ജൂലൈയിൽ ആരംഭിച്ച് 2022 ഫെബ്രുവരിയോടെ പൂർത്തീകരിച്ചു. തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-07-2022-ലെ സ.ഉ.(കൈ) നം.146/2022/LSGD പ്രകാരം സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആരംഭിച്ചു. അതിദാരിദ്ര്യ

പ്രവർത്തനങ്ങളിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി മൈക്രോപ്ലാനുകൾ തയ്യാറാക്കി. അവകാശം അതിവേഗം എന്ന പേരിൽ അതിദരിദ്രർക്ക് അവകാശ രേഖകൾ നൽകൽ (വോട്ടർ ഐ. ഡി., ആധാർ കാർഡ്, റേഷൻ കാർഡ്, ഹെൽത്ത് ഇൻഷൂറൻസ്, ഭിന്നശേഷി കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ കാർഡ് തുടങ്ങിയവ) ഭക്ഷണം, ആരോഗ്യ പരിശോധന, സാമൂഹ്യ സുരക്ഷാ പെൻഷൻ, ഭവനം ആവശ്യമുള്ളവർക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം ലഭ്യമാക്കൽ, ഏകാംഗ കുടുംബത്തിലുള്ള വ്യക്തികളെ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കൽ തുടങ്ങിയ സേവനങ്ങൾ നടപ്പിലാക്കി വരുന്നു. അതിദരിദ്ര പട്ടികയിലുൾപ്പെട്ട വിദ്യാർഥികളുടെ പഠന ആവശ്യങ്ങൾക്കുള്ള യാത്ര കെ.എസ്.ആർ.റ്റി,സി./ പ്രൈവറ്റ് ബസുകളിൽ സൗജന്യമാക്കി. തൊഴിൽ ചെയ്യാൻ ശേഷിയുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വരുമാനദായക

പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ മുഖേന ഉജ്ജീവനം എന്ന പ്രത്യേക പരിപാടി രൂപപ്പെടുത്തി.

(സി) സംസ്ഥാനത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ എല്ലാ വിഭാഗങ്ങളിലേയ്ക്കും എത്തിക്കുക എന്ന ലക്ഷ്യത്തിനായി ആരംഭിച്ച അതിദരിദ്ര നിർമ്മാർജന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ ഭാഗമായി നടത്തിയ സർവ്വേയുടെ വിശദാംശം ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ; നിലവിൽ എത്രപേരെ അതിദരിദ്രമുക്തരാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

(സി&ഡി) അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നാളിത് വരെയുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്ത് ആകെ 64006 കുടുംബങ്ങളെയാണ് കണ്ടെത്തിയത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടെത്തിയ കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) അതിദാരിദ്ര്യത്തിൽ നിന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുക്തരാക്കി. ഇതിന്റെ പ്രഖ്യാപനം 2023 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തി.

**കേരളീയം 23-ന്റെ വിലയിരുത്തൽ**

18(*18) ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ദെലീമ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ലോകത്തിന് മുന്നിൽ സമഗ്രവും സത്യസന്ധവുമായി അവതരിപ്പിക്കുകായെന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കാൻ കേരളീയം 23-ന് കഴിഞ്ഞിട്ടുണ്ടോയെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സാമൂഹ്യവികാസവും വ്യാവസായിക മുന്നേറ്റവും ആധുനിക കലകളും നൂതന വിദ്യാരംഗവും നമ്മുടെ തനത് കലാരൂപങ്ങളും അടക്കം കേരള സമൂഹത്തിന്റെ സൂക്ഷ്മ ഘടകങ്ങളെപ്പോലും ലോകത്തിന്റെ മുന്നിൽ അവതരിപ്പിച്ചിട്ടുണ്ടെന്ന ചാരിതാർത്ഥ്യം സർക്കാരിനുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാന രൂപീകരണത്തിനുശേഷം വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ സുരക്ഷാ മേഖലകളിൽ നമ്മുടെ നാട് കൈവരിച്ച നേട്ടങ്ങൾ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന സാങ്കേതിക വിദ്യാ രംഗത്തും അടിസ്ഥാന സൗകര്യ വികസനത്തിലുമെല്ലാം നാം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനായാണ് "കേരളീയം" എന്ന സവിശേഷ പരിപാടിക്ക് രൂപം നൽകിയത്. അതിന്റെ ആദ്യ പതിപ്പാണ് 2023 നവംബറിൽ സംഘടിപ്പിച്ചത്. ലോകം ചർച്ച ചെയ്ത കേരള മാതൃക, സംസ്ഥാനത്തിന്റെ ഭാവി ആവശ്യങ്ങൾ, ഭാവി കേരളം എങ്ങിനെയായിരിക്കണമെന്ന ആലോചനകൾ, കേരളത്തെ അതിന്റെ സാംസ്കാരികവും തൻമയ ഭാവത്തോടും കൂടി അവതരിപ്പിക്കുന്ന വികസന സാംസ്കാരിക മഹോത്സവമായി 'കേരളീയം' മാറി. നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ, വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ, മുന്നോട്ടുള്ള സാധ്യതകൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള സംവാദങ്ങൾ 'കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. നൊബേൽ ജേതാവ് പ്രൊഫ.

(ഡോ.) അമർത്യ സെൻ ഉൾപ്പെടെയുള്ള പ്രശസ്തർ കേരളീയത്തിന്റെ ഭാഗമായി. 5 പ്രധാന വേദികളിലായി 25 സെമിനാറുകൾ സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ മേഖലകളിലെ പുരോഗതി ലോകത്തിനുമുന്നിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധർ സെമിനാറുകളിൽ പങ്കെടുത്തു. 220 പ്രഭാഷകർ വിഷയാവതരണം നടത്തി. ഇതിൽ 181 പേർ നേരിട്ടും 22 പേർ ഓൺലൈനായും 17 പേർ പ്രീ റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുകളിലുമായി 30839 പേർ പങ്കെടുത്തു. സെമിനാറുകളിൽ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും നവകേരള നിർമ്മിതിക്കുള്ള മാർഗ്ഗരേഖകളായി മാറും. സെമിനാറുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ കേരളത്തിന്റെ തനതുവിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേളകൾ, സാംസ്കാരികോത്സവം, പുഷ്പമേള, ട്രേഡ് ഫെയർ, ചലച്ചിത്രോത്സവം, വൈദ്യുത ദീപാലങ്കാരം എന്നിവയും സാംസ്കാരിക പൈതൃകം, കാർഷിക-വ്യാവസായിക പുരോഗതി, നൂതന സാങ്കേതിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാരംഗത്തെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രദർശനങ്ങളും ഇതിന്റെ ഭാഗമായിരുന്നു. ഉദ്ഘാടന സമ്മേളനത്തിലും സമാപന സമ്മേളനത്തിലുമായായി 40000-ഓളം പേരും 7 ദിവസത്തെ വിവിധ പരിപാടികളിലായി ലക്ഷക്കണക്കിന് ആളുകളും പങ്കെടുത്തു. നമ്മുടെ വികസന മാതൃകകൾ ലോകത്തിനുമുമ്പാകെ അവതരിപ്പിക്കുന്നതോടൊപ്പം ലോക വൈജ്ഞാനിക മേഖലയിൽ നിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കാനും എല്ലാ വർഷവും കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന കേരളീയം പരിപാടി സഹായകമാകും.

(സി) ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഒരുമിച്ചാഘോഷിക്കാൻ ഇനിമുതൽ മലയാളത്തിന്റ മഹോത്സവമായി കേരളീയം തുടർന്നുള്ള വർഷങ്ങളിലും അതത് വർഷത്തെ അടയാളപ്പെടുത്തുന്നവിധം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

'കേരളീയം 2023' പരിപാടിയിൽ പടങ്കെടുക്കുന്നതിനായും കാണുന്നതിനായും സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നും കൂടാതെ വിദേശത്തുനിന്ന് പോലും കാണികൾ എത്തുകയുണ്ടായി. എല്ലാ വേദികളിലും

അത്ഭുതാവഹമായ തിരക്കാണനുഭവപ്പെട്ടത്. ഇത്തരത്തിലുള്ള അഭൂതപൂർവ്വമായ ജനപങ്കാളിത്തവും അനുകൂലമായ പൊതുജനാഭിപ്രായവും പരിഗണിച്ച് ലോക മെമ്പാടുമുള്ള മലയാളികൾക്ക് ഒരുമിച്ചാഘോഷിക്കാൻ ഇനിമുതൽ മലയാളത്തിന്റെ മഹോത്സവമായി കേരളീയം വരും വർഷങ്ങളിലും സംഘടിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 'കേരളീയം 2024' -നായി ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗസ്ഥതലത്തിൽ ഒരു ഓർഗനൈസിംഗ് കമ്മിറ്റിയും ഇതിനോടകം രൂപീകരിച്ചിട്ടുമുണ്ട്.

## നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ചവർക്കെതിരെ നടന്ന ആക്രമണങ്ങൾ

19(*19) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച പ്രമുഖ പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകർക്കെതിരെ ഭരണപക്ഷ യുവജന സംഘടനാ പ്രവർത്തകർ നടത്തിയ ആക്രമണം

പ്രോത്സാഹിപ്പിക്കുന്ന നടപടികൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ജനാധിപത്യപരമായി നടത്തുന്ന പ്രതിഷേധങ്ങളെ പോലീസ് നോക്കിനിൽക്കെ ഭരണപക്ഷ സംഘടനാ പ്രവർത്തകർ അടിച്ചമർത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമപരമാണോയെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും നവകേരള സൃഷ്ടിക്കായുള്ള നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനും ലക്ഷ്യമിട്ടാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഔദ്യോഗിക യാത്ര നടത്തിയ അവസരത്തിൽ ജനാധിപത്യപരമായി പ്രതിഷേധം നടത്തിയ ഒരു പ്രവർത്തകർക്കെതിരേയും ആക്രമണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആലപ്പുഴയിൽ പ്രമുഖ പ്രതിപക്ഷ യുവജന സംഘടനയുടെ ഭിന്നശേഷിക്കാരനായ നേതാവിനെ ഭരണപക്ഷ യുവജന സംഘടനാ

പ്രവർത്തകർ മർദിച്ച സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇത്തരത്തിലുള്ള ആരോപണവുമായി ബന്ധപ്പെട്ട് കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നം.1315/23 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ 17-01-2024-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സമാനമായ സംഭവങ്ങൾ തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മേൽസംഭവത്തിൽ രജിസ്റ്റർ ചെയ്ത കേസ് അന്വേഷണ ഘട്ടത്തിലാണ്. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റ്**

20(*20) ശ്രീ. എം. വിജിൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:

ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി. വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് അർബുദ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും കൂടുതൽ നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ലീനിയർ ആക്സിലറേറ്റർ, ബ്രാക്കിതെറാപ്പി, ടെലി കോബാൾട്ട് മെഷീൻ എന്നിവയാണ് ക്യാൻസർ ചികിത്സക്കായി ഉപയോഗിച്ചുവരുന്നത്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സംവിധാനവും കോഴിക്കോട്, തൃശ്ശൂർ, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ ബ്രാക്കി തെറാപ്പി സംവിധാനവും നിലവിലുണ്ട്. അതോടൊപ്പം തന്നെ കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ടെലി കോബോൾട്ട് സംവിധാനം നിലവിലുണ്ട്. ക്യാൻസർ രോഗനിർണ്ണയത്തിന് നൂതന

സാങ്കേതിക വിദ്യകളായ PET, SPECT, CT, MRI മുതലായവയാണ് ഉപയോഗിച്ചു വരുന്നത്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 2021-ൽ 3 കോടി രൂപ ചെലവിൽ നൂതന ക്യാൻസർ റേഡിയേഷൻ ചികിത്സയ്ക്കായി Telecobalt Machine പ്രവർത്തനമാരംഭിച്ചു. ഈ ഉപകരണത്തിൽ 20-25 രോഗികൾക്ക് ദിവസവും ചികിത്സ നല്കി വരുന്നു. 2023-ൽ പ്രവർത്തിച്ചുതുടങ്ങിയ 20 കോടി രൂപ വിലയുള്ള High Energy Linear Accelerator മുഖേന റേഡിയേഷൻ ചികിത്സ കൃത്യതയോടെ നല്കി വരുന്നു. 3 കോടി രൂപ വിലയുള്ള CT simulator radiation ചികിത്സയ്ക്ക് വേണ്ടിയുള്ള പ്രത്യേക High Quality CT scan എടുത്തുനൽകുന്നു. പുതുതായി BSc RRT എന്ന Radiographers degree കോഴ്സുകൾ ആരംഭിച്ചു. മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി എന്നീ വിഭാഗങ്ങളടങ്ങുന്ന മിനി RCC എന്ന പ്രൊപ്പോസൽ പരിഗണനയിലാണ്. ഇതിനായി സ്ഥലം അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ SPECT സ്ഥാപിക്കുകയും PET സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. കോട്ടയം മെഡിക്കൽ കോളേജിലെ

റേഡിയേഷൻ ഓങ്കോളജി വിഭാഗത്തിൽ 2021-ൽ 11.75 കോടി രൂപ മുടക്കി രണ്ടാമത്തെ ലീനിയർ ആക്സിലറേറ്ററും 4 കോടി രൂപ മുടക്കി സി.റ്റി. സിമുലേറ്ററും സ്ഥാപിച്ചു. കൂടാതെ 6 കോടി രൂപ HDR/Radiation machine എന്നിവ വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലെ കാൻസർ കെയർ സെന്ററിനെ Teritiary Cancer Care Centre ആക്കിമാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. അന്നനാളത്തിലും ഉദരത്തിലും ഉണ്ടാകുന്ന അർബുദങ്ങൾ ഉൾപ്പെടെയുള്ള രോഗികൾക്ക് അതിനൂതന ചികിത്സാരീതിയായ കീഹോൾ ശസ്ത്രക്രിയ 2022 മാർച്ച് മുതൽ ആരംഭിക്കുകയും ഞായർ ഒഴികെയുള്ള എല്ലാ ദിവസവും രാവിലെ 8 മുതൽ വൈകിട്ട് 6 വരെ പ്രസ്തുത ശസ്ത്രക്രിയകൾ നടക്കുന്നുണ്ട്. ഇതിനകം 2000 ഓപ്പറേഷനുകൾ ഇപ്രകാരം ചെയ്തു കഴിഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിൽ അർബുദരോഗ നിർണ്ണയം വേഗത്തിലാക്കുന്നതിനായി IHC Stainer എന്ന ഉപകരണം വാങ്ങുന്നതിനായി 48 ലക്ഷം KMSCL ന് കൈമാറിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയേഷൻ ഓങ്കോളജി വിഭാഗത്തിൽ ക്യാൻസർ രോഗികൾക്ക്

അതിനൂതന ചികിത്സയായ റേഡിയേഷനും (Linear Accelerator Machine) കീമോതെറാപ്പിയും നൽകുന്നു. കേരളത്തിന്റെ സമഗ്ര കാൻസർ നയം 2021-2023 പ്രകാരം പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കാൻസർ രോഗ നിർണ്ണയത്തിനായി ഏർളി കാൻസർ കെയർ ഡിറ്റക്ഷനുള്ള നടപടികൾ District Cancer Care Control Programme ന്റെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ നടത്തിവരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ റേഡിയേഷൻ ഓങ്കോളജി വിഭാഗത്തിൽ പുതുതായി ആരംഭിച്ച ആധുനിക ലീനിയർ ആക്സിലേറ്റർ (LINAC)/ ടെലി കോബാൾട്ട് മെഷീൻ ഉപയോഗിച്ചുള്ള റേഡിയേഷൻ ചികിത്സ എല്ലാ കാൻസർ രോഗികൾക്കും നൽകിവരുന്നു. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അർബുദ രോഗനിർണ്ണയത്തിന് ഉപകാരപ്രദമായ SPECT സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ഗവ.മെഡിക്കൽ കോളേജിന് 4.28 കോടി ചെലവിൽ ബ്രാക്കി തെറാപ്പി യൂണിറ്റ് വാങ്ങാൻ അനുമതി നൽകുകയും തുക കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആർ.സി.സി.-യിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് 3T

MRI സ്കാൻ, 3D ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റ് എന്നിവയും സ്ഥാപിക്കുകയുണ്ടായി. MRI സ്കാൻ യൂണിറ്റിന് 19.5 കോടിയും 3D ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റിന് 2.5 കോടി രൂപയുമാണ് ചെലവ് വന്നിട്ടുള്ളത്. പ്രോസ്റ്റേറ്റ് കാൻസർ, സ്തനാർബുദം എന്നിവ സൂക്ഷ്മമായി നിർണ്ണയിക്കുന്നതിനുള്ള പ്രത്യേക സംവിധാനം ഈ പുതിയ MRI യൂണിറ്റിൽ ഉണ്ട്. MRI സ്കാൻ ചെയ്യുമ്പോൾ ചിലർക്കെങ്കിലും ഇടുങ്ങിയ സ്ഥലത്തോടുള്ള ഭയം എന്ന "ക്ലോസ്റ്റോഫോബിയ' ഉണ്ടാകാറുമുണ്ട്. അത്തരത്തിൽ MRI മെഷീന്റെ ഇടുങ്ങിയ കുഴലിൽ സ്കാൻ ചെയ്യാൻ ഭയപ്പെടുന്നവർക്ക് ആശ്വാസമാണ് ഈ പുതിയ മെഷീൻ. പ്രാരംഭദശയിൽത്തന്നെ സ്തനാർബുദം കണ്ടുപിടിക്കാനുള്ള നൂതനസാങ്കേതികവിദ്യ പുതിയ മാമോഗ്രാഫി യൂണിറ്റിൽ ഉള്ളതും സാധാരണ മാമോഗ്രാമിൽ രണ്ടു ചിത്രങ്ങൾ ലഭിക്കുമ്പോൾ ഈ ഡിജിറ്റൽ മാമോഗ്രാമിൽ 15 ചിത്രങ്ങളാണ് ലഭിക്കുന്നത്. കേരളത്തിൽ ആദ്യമായാണ് ഇത്തരമൊരു മാമോഗ്രാഫി യൂണിറ്റ് സജ്ജമാക്കിയിട്ടുള്ളത്. അതുപോലെ തന്നെ 1.32 കോടി രൂപ ചെലവിൽ ആർ.സി.സി.-യിൽ സജ്ജമാക്കിയിട്ടുള്ള ഹൈപെക് ചികിത്സാ സംവിധാന (ശസ്ത്രക്രിയ വഴി

ട്യൂമർനീക്കം ചെയ്തതിനു ശേഷം വയറ്റിനുള്ളിൽ കീമോതെറാപ്പി മരുന്ന് ഒരു പ്രത്യേക താപനിലയിൽ നിറക്കുന്ന ചികിത്സ) ത്തിലൂടെ ചികിത്സാവിധി നിരീക്ഷിക്കാനും മരുന്നിന്റെ ഊഷ്മാവ് നിയന്ത്രിക്കാനും കഴിയുന്നു. മുൻ കാലങ്ങളിൽ ചികിത്സിച്ച് ഭേദമാക്കാൻ കഴിയാതിരുന്ന പല കാൻസറുകളും ഫലപ്രദമായി ചികിത്സിക്കാൻ ഈ ആധുനിക ചികിത്സാ സങ്കേതങ്ങൾ ഉപയോഗപ്പെടുന്നു എന്നത് ആശ്വാസകരമായ കാര്യമാണ്. അതിനൂതനമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ക്ലിനിക്കൽ ലബോറട്ടറി ട്രാക്കിംഗ് സംവിധാനവും, രോഗികളുടെ സാമ്പിൾ സ്വീകരിക്കുന്നതു മുതൽ റിപ്പോർട്ട് നൽകുന്നതു വരെയുള്ള വിവിധ ഘട്ടങ്ങൾ തത്സമയം നിരീക്ഷിക്കാനും പരിശോധനകൾ പൂർണ്ണമായും ആട്ടോമേറ്റഡ് ആയി നിർവഹിക്കാനുമുള്ള സംവിധാനവും ആർസിസിയിൽ ആരംഭിച്ചിട്ടുണ്ട്. ഈ സംരംഭം കേരളത്തിലെ ആദ്യത്തേതാണ്. ഒരു കോടിയോളം രൂപ ചെലവിലാണ് ഇതും സജ്ജീകരിച്ചിരിക്കുന്നത്. എം.സി.സി.-പിജി.ഐ.ഒ.എസ്.ആർ.-ൽ അർബുദ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗവും, ഒക്യൂലർ

ഓങ്കോളജി വിഭാഗവും, റോബോട്ടിക് ശസ്ത്രക്രിയ വിഭാഗവും ആരംഭിച്ചിട്ടുണ്ട്. ന്യൂറോ സർജിക്കൽ ഓങ്കോളജി-തലച്ചോർ, സുഷുമ്ന നാഡിയുമായി ബന്ധപ്പെട്ട അർബുദ ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി സംസ്ഥാനത്ത് തന്നെ സർക്കാർ നിയന്ത്രണത്തിലുള്ള ആദ്യത്തെ സ്ഥാപനമാണ് എം.സി.സി. -പി.ജി.ഐ.ഒ.എസ്.ആർ. കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സ വിഭാഗമായ ഒക്യൂലർ ഓങ്കോളജി എം.സി.സി.-പി.ജി.ഐ.ഒ.എസ്.ആർ.-ൽ ആരംഭിച്ചിട്ടുണ്ട്. കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിലെ കാൻസർ സർജറി വിഭാഗത്തിലേയ്ക്ക് അത്യാധുനിക ഉപകരണങ്ങളായ ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, CO2 ലേസർ എന്നിവ ഈ വർഷം (2024) വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഹെഡ് ആൻഡ് നെക്ക് കാൻസർ സർജറിയിലും മറ്റ് ന്യൂറോ സർജറിയിലും വളരെയധികം പ്രയോജനം ചെയ്യുവാൻ അത്യാധുനിക ഉപകരണമായ ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പിന് സാധിക്കും അതുപോലെ ശബ്ദ പേടകവുമായി (Larynx) ബന്ധപ്പെട്ട ക്യാൻസറുകൾക്ക് CO2 ലേസർ ഉപയോഗിച്ച് നൂതന ശസ്ത്രകിയ സാധ്യമാണ്. ഇത് കൂടാതെ മധ്യകേരളത്തിലെ പാവപ്പെട്ട സാധരണക്കാരായ

കാൻസർ രോഗികൾക്ക് റേഡിയോ തെറാപ്പി, റേഡിയോളജി തുടങ്ങി ഒട്ടുമിക്ക അത്യാധുനിക ഉപകരണങ്ങൾ ഉള്ള 100 ബെഡുകളോട് കൂടിയ സി.സി.ആർ.സി.യുടെ പുതിയ കെട്ടിടം ഈ വർഷം മേയ് മാസത്തോടെ തുറന്നു കൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇന്ത്യയിലും വിദേശത്തുമുള്ള വൻകിട ആശുപത്രികളിൽ മാത്രം നിലവിലുള്ള റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റ്, തിരുവനന്തപുരം ആർ.സി.സി.-യിൽ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

ആർ.സി.സി.-യിൽ റോബോട്ടിക് ശസ്ത്രകിയാ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ ചെലവിൽ സ്ഥാപിച്ച റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റ് 15-01-2024 -ൽ ബഹു. കേരള മുഖ്യമന്ത്രി ഉത്ഘാടനം നിർവ്വഹിച്ചു. കേരളത്തിലെ ആദ്യത്തേതും ദക്ഷിണ ഇന്ത്യയിലെ നാലാമത്തേതുമായ ഡബിൾ കൺസോൾ റോബോട്ടിക് സിസ്റ്റം ആണ് ആർ.സി.സി.-യിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഒരേസമയം രണ്ട് സർജന്മാർക്ക് ഈ സിസ്റ്റം ഉപയോഗിക്കാവുന്നതാണ്.

(സി) പ്രസ്തുത മേഖലയിൽ ഇതുമൂലം എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഓപ്പൺ സർജറിയെ അപേക്ഷിച്ച് റോബോട്ടിക് സർജറി രോഗികൾക്ക് കൂടുതൽ ഉപകാരപ്രദമായ കാര്യങ്ങൾ നൽകുന്നു. പ്രധാനമായും ആശുപത്രിയിലെ താമസം കുറയ്ക്കുന്നു, രോഗിയുടെ വേദനയും അസ്വസ്ഥതയും കുറയുന്നു, വേഗത്തിലുള്ള വീണ്ടെടുക്കൽ സമയവും സാധാരണ പ്രവർത്തനങ്ങളിലേക്ക് ചുരുങ്ങിയ സമയം കൊണ്ട് മടങ്ങിവരാൻ സഹായിക്കുന്നു, മുറിവുകൾ പരമ്പരാഗത ശസ്ത്രക്രിയയെക്കാൾ ചെറുതായതിനാൽ അണുബാധയ്ക്കുള്ള സാധ്യത കുറയുന്നു, രക്തസ്രാവവും രക്തനഷ്ടവും കുറയ്ക്കുന്നു, മുറിവിന്റെ കുറഞ്ഞ പാടുകൾ എന്നിവയാണ് ഇവകൊണ്ടുള്ള പ്രധാന നേട്ടങ്ങൾ. ആഴമേറിയതും ബുദ്ധിമുട്ടുള്ളതുമായ ഭാഗങ്ങളുടെ മികച്ച ദൃശ്യവൽക്കരണവും മാഗ്നിഫിക്കേഷനും മെച്ചപ്പെടുത്തിയ വൈദഗ്ദ്ധ്യം, കൂടുതൽ കൃത്യത മിനിമലി ഇൻവേസിവ് അല്ലെങ്കിൽ ലാപ്രോസ്കോപ്പിക് (ചെറിയ മുറിവ്) ശസ്ത്രക്രിയയുടെ വിപുലമായ രൂപമാണ് റോബോട്ടിക് സർജറി. ഒരു കമ്പ്യൂട്ടർ നിയന്ത്രിത റോബോട്ടിലൂടെ ശസ്ത്രക്രിയാ

വിദഗ്ദരുടെ കൈകളിൽ സാധാരണയായി കാണപ്പെടുന്ന പോരായ്മകൾ ഇല്ലാതാക്കുകയും ശസ്ത്രക്രിയയെ കൂടുതൽ കൃത്യതയുള്ളതാക്കുകയും ചെയ്യുന്നു. റോബോട്ടിന്റെ "കൈകൾ" ഉയർന്ന അളവിലുള്ള വൈദഗ്ധ്യം ഉള്ളതിനാൽ, ശരീരത്തിലെ വളരെ ഇടുങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കാൻ ശസ്ത്രക്രിയാ വിദഗ്ധരെ അനുവദിക്കുന്നു, അല്ലാത്ത പക്ഷം തുറന്ന (നീണ്ട മുറിവ്) ശസ്ത്രക്രിയയിലൂടെ മാത്രമേ ആക്സസ് ചെയ്യാൻ കഴിയൂ എന്നിവ പ്രധാന നേട്ടങ്ങളിൽപ്പെടുന്നു.

(ഡി) റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റ് ഒരുക്കുന്നതിന്റെ ഭാഗമായി മറ്റെന്തെല്ലാം അനുബന്ധ സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ട്?

റോബോട്ടിക് സർജറി എന്ന നൂതന ചികിത്സാ സങ്കേതം ഒരുക്കുന്നതിന്റെ ഭാഗമായി സർജൻസ്, നഴ്സസ്, ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻസ്, അനസ്തറ്റിസ്റ്റ്, തിയേറ്റർ സ്റ്റാഫ് എന്നിവർക്കുള്ള സ്പെഷ്യലൈസ്ഡ് ട്രെയിനിംഗും നടന്നുവരുന്നു.

(ഇ) രണ്ടാം ഘട്ടമെന്ന നിലയിൽ റോബോട്ടിക് സർജറി യൂണിറ്റ് മലബാർ ക്യാൻസർ സെന്ററിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശസ്ത്രക്രിയ യൂണിറ്റ് ഒരുക്കുന്നതിന്റെ ഭാഗമായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ എം.സി.സി.-പി.ജി.ഐ.ഒ.എസ്.ആർ.-ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതുകൂടാതെ റോബോട്ടിക് ഉപകരണങ്ങൾ സ്റ്റെറിലൈസ് ചെയ്യുന്നതിനായി പുതിയ പ്ലാസ്മ സ്റ്റെറിലൈസർ വാങ്ങിയിട്ടുണ്ട്. റോബോട്ടിക് സർജറി സംബന്ധിച്ച് ഡോക്ടർമാർക്കും ശസ്ത്രക്രിയ അനുബന്ധ ജീവനക്കാർക്കും ആവശ്യമായ പരിശീലനവും നൽകി വരുന്നു. റിബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ ഭാഗമായി റോബോട്ടിക് സംവിധാനം ഒരുക്കുന്നതിനായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായുള്ള പർച്ചേസ് ഓർഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നിരുന്നാലും ടെണ്ടർ വ്യവസ്ഥകൾ പ്രകാരം വിതരണക്കാരന് ഒരു ക്രെഡിറ്റ് ലെറ്റർ നൽകേണ്ടതായിട്ടുണ്ട്. അതിനായി ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ പരിശോധിച്ചുവരുന്നു.

## സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

21(*21) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ ആവശ്യമായ സാധനങ്ങൾ ഇല്ലാത്തതിനാൽ അവയുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതക്കുറവുണ്ട്. അത് പരിഹരിക്കാനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിലെ നിർദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും 24-11-2023-ലെ സ.ഉ. (സാധാ) നം.473/2023/F&CS ഉത്തരവ് പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. സബ്സിഡി സാധനങ്ങളുടെ വില പുനർനിർണ്ണയിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സമിതി റിപ്പോർട്ടിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

മേഖലാടിസ്ഥാനത്തിൽ അവലോകന യോഗങ്ങൾ നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വില്പന വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജീവനക്കാർക്കും മറ്റ് തൊഴിലാളികൾക്കും നല്കുകയും ചെയ്യുന്നുണ്ട്. കൂടുതൽ ആകർഷകമായ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ച് ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. ആകർഷകമായ ഡിസ്കൗണ്ടുകളും

ഓഫറുകളും നൽകി ഉപഭോക്താക്കളെ സപ്ലൈകോ വില്പനശാലകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ERP സോഫ്റ്റ്‌വെയർ എല്ലാ വില്പനശാലകളിലും നടപ്പാക്കിയിട്ടുണ്ട്. ആയത് സപ്ലൈകോയുടെ ഏകോപനവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നു. വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വിൽപനശാലകൾ മാറ്റി സ്ഥാപിക്കുന്നതിനും തെരഞ്ഞെടുത്ത വിൽപന ശാലകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനും പദ്ധതിയുണ്ട്. മെഡിക്കൽസ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ പെട്രോൾ പമ്പുകൾ ആരംഭിക്കുന്നതിനും നടപടിയെടുത്തുവരുന്നു. സപ്ലൈകോ വിൽപനശാലകളിലെ ജീവനക്കാർക്ക് ആധുനിക കച്ചവട തന്ത്രങ്ങളും ആകർഷകമായ പെരുമാറ്റ രീതികളും പരിശീലിക്കുന്നതിന് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതാണ്. ഇത്തരത്തിൽ സപ്ലൈകോ വിൽപനശാലകളെ കൂടുതൽ ഉപഭോക്തൃ സൗഹൃദ വിപണന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി&ഡി) ഉത്തരം (ബി) പിരിവിൽ കാണാവുന്നതാണ്.

**ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങൾ**

22(*22) ശ്രീ. എം. എം. മണി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ദെലീമ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീ. വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവകുപ്പിന്റെ പ്രവർത്തന മികവിന്റെ ഫലമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള 2023-ലെ ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് കീഴിൽ ഏറ്റവും കൂടുതൽ പേർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയതിനാണ് അവാർഡ് ലഭിച്ചത്.

ശിശുമരണ നിരക്കും അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കും ഏറ്റവും കുറവും കേരളത്തിലാണ്.

ഏറ്റവും മികച്ച പ്രതിരോധകുത്തിവെയ്പ്പ് നൽകുന്ന സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചു.

നാഷണൽ ഫാമിലി ഹെൽത്ത് സർവേയിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.

രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവിന് കേരളത്തിന് ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്.

ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് മികവിന് നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.

ഈ സർക്കാർ അധികാരമേറ്റ ശേഷം 2021-ൽ ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി സബ് നാഷണൽ സർട്ടിഫിക്കേഷന്റെ ഭാഗമായി കേരളത്തിന് 2021-ൽ സിൽവർ മെഡൽ ലഭിച്ചിരുന്നു. ജില്ലാതലത്തിൽ വയനാട്, മലപ്പുറം ജില്ലകൾക്ക് ഗോൾഡ് മെഡലും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് ജില്ലകൾക്ക് സിൽവർ മെഡലും എറണാകുളം, കണ്ണൂർ ജില്ലകൾക്ക് ബ്രോൺസ് മെഡലും ലഭിച്ചിരുന്നു. 2022-ൽ സബ് നാഷണൽ സർട്ടിഫിക്കേഷൻ നടത്തിയതിൽ കണ്ണൂർ ജില്ലയ്ക്ക് സിൽവർ കാറ്റഗറിയിൽ മെഡൽ ലഭിക്കുകയുണ്ടായി. ഇന്ത്യയിൽ മാതൃ മരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള ബഹുമതി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തിന് 2022 ഡിസംബർ മാസത്തിൽ ലഭിച്ചു.

പൊതുജന ആരോഗ്യ രംഗത്ത് മികച്ച പ്രവർത്തനം കണക്കിലെടുത്ത് ഇന്ത്യാടുഡേ ഏർപ്പെടുത്തിയ ദേശീയ പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്. 2022-ലെ ഏറ്റവും ഉയർന്ന പ്രതിശീർഷ ആരോഗ്യ ചെലവ് ദേശീയ

ശരാശരിയുടെ മൂന്നിരട്ടിയിലധികം തുക ചെലവഴിച്ച് ആരോഗ്യ പരിരക്ഷ പദ്ധതികൾ നടപ്പിലാക്കി മാതൃക സൃഷ്ടിച്ചതിനാലാണ് ഇന്ത്യ ടുഡേ ഏർപ്പെടുത്തിയ ദേശീയ പുരസ്കാരം കേരളത്തിന് ലഭിച്ചത്.

ലോക രോഗി സുരക്ഷാ ദിനത്തിന്റെ (International Patient safety Day-17 സെപ്റ്റംബർ 2021) ഭാഗമായി ദേശീയ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച രോഗി സുരക്ഷാ സപ്താഹ് (Rogi Suraksha Saptahh) വാരാഘോഷത്തിന്റെ ഭാഗമായി, ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ കേരളം ഒന്നാം സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ, കേരളം റണ്ണർ അപ്പായി തിരഞ്ഞെടുക്കപ്പെട്ടു. ഈ സർക്കാരിന്റെ കാലത്ത് 139 സർക്കാർആശുപത്രികൾക്ക് ഇതുവരെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചു. അതിൽ 65 ആശുപത്രികൾക്ക് പുതുതായി അംഗീകാരം

ലഭിക്കുകയും 74 ആശുപത്രിക്കൾക്ക് പുനഃഅംഗീകാരം ലഭിക്കുകയും ചെയ്തു. നാളിതുവരെ കേരളത്തിലെ ആകെ 172 സർക്കാർ ആശുപത്രിക്കൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ലഭിച്ചു, ഇതിൽ 74 ആശുപത്രികൾക്ക് പുനഃഅംഗീകാരം ലഭിച്ചു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 115 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ. (സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു).+

<u>ലക്ഷ്യ അംഗീകാരം സംബന്ധിച്ച വിവരങ്ങൾ</u>

മാതൃശിശു മരണ നിരക്ക് കുറയ്ക്കുക അതോടൊപ്പം തന്നെ ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ലക്ഷ്യ പദ്ധതി ആവിഷ്കരിച്ചത്. ഈ സർക്കാരിന്റെ കാലത്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് നിലവിൽ 7 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. നാളിതുവരെ കേരളത്തിൽ 10 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധം II ആയി ചേർക്കുന്നു).+

<u>മുസ്കാൻ സർട്ടിഫിക്കേഷൻ</u>

മികച്ച ശിശു സൗഹൃദ സേവനങ്ങൾക്ക് ആദ്യമായി സംസ്ഥാനത്തെ ഒരാശുപത്രിക്ക് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ഐ.എം.സി.എച്ച്. ആണ് 96 ശതമാനം സ്കോറോടെ മുസ്കാൻ സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയത്.

<u>ആശാധാര പ്രോജക്ട്</u>

ആശാധാര പ്രോജക്ടിന് 2023-ലെ നാഷണൽ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചിട്ടുണ്ട്.

ഇന്ത്യയിലെ മാതൃമരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള ബഹുമതി 2022 ഡിസംബറിൽ, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും കേരളസംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 കാലയളവിലെ പ്രവർത്തനങ്ങൾക്ക് ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനങ്ങൾ നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി FSSAI നിശ്ചയിച്ചിട്ടുള്ള 6 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കപ്പെടുന്നത്. ആയതിൽ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം ഉൾപ്പെട്ടിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന 6 മേഖലകളിൽ പ്രവർത്തന മികവാണ് ഇതിനായി പരിഗണിച്ചിട്ടുള്ളത്.

1) Human Resources and Institutional Data

2) Compliances

3) Food Testing Infrastructure

4) Training and Capacity Building

5) Consumer Empowerment

6) Improvement in SFSI Rank

സംസ്ഥാനത്തിന് കഴിഞ്ഞ ഒരു വർഷക്കാലയളവിലെ പ്രവർത്തനങ്ങൾക്ക് വിവിധ മേഖലകളിൽ ചുവടെ ചേർക്കും പ്രകാരം FSSAI സ്കോർ നൽകിയിട്ടുണ്ട്.

| Large State | Human Resources and Institutional data | Compliance | Food Testing Infrastructure | Training and Capacity Building | Consumer Empowerment | Improvement-in SFSI Rank | Total |
|---|---|---|---|---|---|---|---|
| Kerala | 8.5 | 15 | 13.5 | 8 | 16 | 2 | 63 |

2022-23 കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 155 ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചതിന് FSSAI യുടെ പ്രത്യേക അംഗീകാരം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

സൗജന്യ ചികിത്സാ പദ്ധതികളുടെ നടത്തിപ്പിനായി SHA-യ്ക്ക് ചുവടെ ചേർത്തിട്ടുള്ള അവാർഡുകൾ ലഭ്യമായിട്ടുണ്ട്.

1. ഗവേണൻസ് നൗ ഡിജിറ്റൽ ഇന്നൊവേഷൻ ഫോർ ഹെൽത്ത്കെയർ ട്രെയിനിംഗ്-നാലാമത്തെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡുകൾ 2021 (പ്രോജക്ട്-AB PMJAY KASP-യുമായി KBF-ന്റെ സംയോജനം).

2. APAC ഹെൽത്ത്കെയർ ഇംപാക്റ്റ് അവാർഡ് 2022-APAC 4th Health Tech ഇന്നൊവേഷൻ കോൺക്ലേവ് 3rd-4th മാർച്ച് 2022 (പ്രോജക്റ്റ്: ഹെൽത്ത്കെയർ മേഖലയിലെ നേതൃത്വപരമായ പങ്ക്)

3. ഇൻഡിഗ്ലോബൽ ഹെൽത്ത് കെയർ സമ്മിറ്റ് 2022-കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്) പദ്ധതിക്ക് കേരള സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുള്ള എക്സലൻസ് അവാർഡ്.

4. ആരോഗ്യ മന്തൻ 2023 - ആയുഷ്മാൻ ഉത്കൃഷ്ടത അവാർഡ് 2023.

5. മികച്ച ഐടി സംവിധാനം നടപ്പാക്കൽ പദ്ധതിക്കുള്ള ഗവേർണൻസ് നൗ പി.എസ്.യു.ഐ.ടി അവാർഡ് 2023

സംസ്ഥാനത്ത് ഈ വർഷം അനുവദിച്ച 80 AYUSH HWC -കൾക്ക് പുറമെ സർക്കാരിന്റെ-ആവശ്യപ്രകാരം 100 എണ്ണം കൂടി അനുവദിക്കപ്പെട്ടു. ഇത് സംസ്ഥാനം കാഴ്ചവെച്ച മികച്ച പ്രവർത്തനങ്ങളുടെ ഫലമാണ്. സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ 150 Ayush HWC-കൾക്ക് NABH അക്രഡിറ്റേഷൻ ലഭിച്ചു.

ഇ-ഗവേണൻസ് സംസ്ഥാന അവാർഡ് (2019-21) ഇ-ഹെൽത്ത് ഇ-മെഡിസിൻ വിഭാഗത്തിൽ 2-ാം സ്ഥാനം സംസ്ഥാന ഹോമിയോപ്പതി വകുപ്പിന് ലഭിച്ചു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്. തിരുവനന്തപുരം</u>

2023- ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ ദേശീയതലത്തിൽ മെഡിക്കൽ വിഭാഗത്തിൽ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിന് 44 -ാം റാങ്ക് ലഭിച്ചു.

അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്കുവേണ്ട മികവിന്റെ കേന്ദ്രമായി രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിൽ ഒന്നാണ് കേരളത്തിലെ എസ്.എ.റ്റി. ആശുപത്രി.

ഗവൺമെന്റ് മെഡിക്കൽ കോളേജ്. ആലപ്പുഴ

കാസ്പ് പദ്ധതി മുഖേന ഏറ്റവും കൂടുതൽ ഹെൽത്ത് കാർഡുകൾ പുതുക്കി നൽകിയതുവഴി കേരളത്തിൽ ഒന്നാം സ്ഥാനവും ഇന്ത്യയിൽ മൂന്നാം സ്ഥാനവും ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിന് ലഭിച്ചു.

കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണം, മുലയൂട്ടൽ പ്രോത്സാഹനം, ആന്റിബയോട്ടിക് ദുരുപയോഗം തടയൽ തുടങ്ങിയ വിഷയങ്ങൾ പരിഗണിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിലെ ശിശുരോഗ വിഭാഗത്തിന് കുട്ടികളുടെ ആരോഗ്യ ബോധവൽക്കരണ രംഗത്തെ മികവുറ്റ പ്രവർത്തനങ്ങൾക്ക് IAP കേരളയുടെ 2021-2022-ലെ പുരസ്ക്കാരം ലഭിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജിന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കി നൽകിയതിനുള്ള പ്രധാന മന്ത്രി ആരോഗ്യ മിത്ര (Best PMAM) അവാർഡ് മൂന്നാം സ്ഥാനം ലഭിച്ചു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം

1. ലക്ഷ്യ LaQshya

2022-23 ൽ 87 ശതമാനം മാർക്കോടെ ലക്ഷ്യ അംഗീകാരം നേടി.

2. <u>MBFHI( Mother Baby Friendly Hospital Initiative)</u>

97.26 ശതമാനം മാർക്കോടെ അംഗീകാരം നേടി. മാതൃ ശിശു സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും MBFHI മാനദണ്ഡങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.

3.<u>മെഡിസെപ് ബെസ്റ്റ് പെർഫോർമർ</u>

ആദ്യ 100 ദിവസത്തെ "Top Performer in Public Hospitals" എന്ന അംഗീകാരം നേടി.

4. <u>ആരോഗ്യ മന്ഥൻ 3.0 (KASP)-2021</u>

01-10-2020 മുതൽ 31-08-2021 വരെയുള്ള കാലയളവിലും 2022 വർഷത്തിലും രാജ്യത്ത് ഏറ്റവും കൂടുതൽ രോഗികൾക്ക് കാസ്പ് പദ്ധതി വഴി സൗജന്യ ചികിത്സ നൽകിയതിന് പുരസ്കാരം ലഭിച്ചു.

5. <u>കേരള ആരോഗ്യ സർവകലാശാലയുടെ A+ അക്രിഡിറ്റേഷൻ ലഭിച്ചു.</u>

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, എറണാകുളം</u>

എറണാകുളം മെഡിക്കൽ കോളേജിന്റെ പ്രവർത്തന മികവിന് NHM ന്റെ-Mother and Baby Friendly Hospital അവാർഡ് 2023 ൽ ലഭിച്ചു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി

2022, 2023 വർഷങ്ങളിൽ MBFHI അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ 2022 ജൂലായിൽ ഇ-ഹെൽത്ത് പെർഫോമൻസ് റിപ്പോർട്ടിൽ ഒന്നാം സ്ഥാനവും ലഭിച്ചിട്ടുണ്ട്.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്

1. 2021 വർഷത്തിൽ ത്വക് രോഗവിഭാഗത്തിന് ബെസ്റ്റ് പെർഫോമിംഗ് DSRC (Designated STI RTI Clinic) അവാർഡ് ലഭിച്ചിട്ടുണ്ട്.

2. 2021 ദേശീയ രക്തദാനദിനത്തോടന ബന്ധിച്ച് KSACS -യും Kerala Blood Transfusion Council-ഉം സംയുക്തമായി സംഘടിപ്പിച്ച സസ്നേഹം സഹജീവികൾക്കായി എന്ന രക്തദാന ചലഞ്ചിൽ മെഡിക്കൽ കോളേജ് വിഭാഗത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ഒന്നാമതെത്തുകയും പുരസ്കാരം ലഭിക്കുകയും ചെയ്തു.

3. മാതൃശിശു സംരക്ഷണകേന്ദ്രത്തിന് ലേബർ റൂമിന്റെയും അനുബന്ധ ചികിത്സയുടെയും നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് LaQshya അക്രിഡിറ്റേഷൻ അംഗീകാരം ലഭിച്ചു.

ആശുപത്രിയിലെ മാതൃശിശുചികിത്സാ നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് MBFHI (Mother Baby Friendly Hospital Initiative) അക്രിഡിറ്റേഷൻ അംഗീകാരം ലഭിച്ചു.

4. 2019-20, 2021-22 വർഷങ്ങളിൽ ABPMJAY-KASP രോഗികൾക്ക് പണരഹിത ചികിത്സാ ആനുകൂല്യം നൽകിയതിന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്ക് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചു.

5. അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ ബെസ്റ്റ് ഡിപ്പാർട്ട്മെന്റ് അവാർഡ് 2021, 2022 വർഷങ്ങളിൽ സർജറി വിഭാഗത്തിന് ലഭിച്ചു.

6. നിപ്പ രോഗം നേരിടുന്നതിന് സ്വീകരിച്ച നടപടികൾക്ക് കോഴിക്കോട് മെഡിക്കൽ കോളേജിന് Certificate of appreciation ലഭിച്ചു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, കണ്ണൂർ</u>

സംസ്ഥാനതലത്തിൽ മെഡിസെപ്പ് പദ്ധതി ഏറ്റവും മികച്ച രീതിയിൽ പൂർത്തീകരിച്ചതിന് 2022 വർഷത്തിൽ ഗവ.മെഡിക്കൽ കോളേജ് കണ്ണൂരിന് പുരസ്കാരം ലഭിച്ചു.

(ബി) ആയുഷ് ചികിത്സാ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം കർമ്മപദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പരമാവധി സ്ഥാപനങ്ങൾക്ക് ഗുണനിലവാര മാനദണ്ഡം അനുസരിച്ചുള്ള അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ആദ്യഘട്ടത്തിൽ 150 AYUSH HWC -കൾക്ക് NABH Entry Level Certification ലഭിച്ചു. കൂടാതെ ആശുപത്രികൾ NABH അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയുഷ് സ്പെഷ്യാലിറ്റി ചികിത്സകൾ കൂടുതൽ കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതിന് നാഷണൽ ആയുഷ് മിഷൻ കൂടുതൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ചു. ആയുഷ് സ്വാസ്ഥ്യ കേന്ദ്രങ്ങളിലെ യോഗ സേവനം ഫുൾ ടൈം ആക്കി ഉയർത്തുകയുണ്ടായി. എല്ലാ സ്വാസ്ഥ്യ കേന്ദ്രങ്ങളിലും രോഗീ സേവനത്തിനായി GNM Nurse നെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

(സി) സംസ്ഥാനത്തെ എത്ര ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങൾക്ക് നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് അംഗീകാരം നൽകിയിട്ടുണ്ട്; അവ ഏതെല്ലാമാണ്?

150 ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് NABH എൻട്രി ലെവൽ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.+

(ഡി) പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങൾ അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. മികവിന്റെ അടിസ്ഥാനത്തിൽ 100 ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾ കൂടി അധികമായി 2023-24 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളുടെ എണ്ണം 600-ൽ നിന്നും 700 ആയി ഉയരുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

23(*23) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീ. വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ രൂക്ഷമായ മരുന്ന് ക്ഷാമം അനുഭവപ്പെടുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ മരുന്നു ക്ഷാമം ആശുപത്രികളിലെ ശസ്ത്രക്രിയകളെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ രൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെടുന്നു എന്ന ആക്ഷേപം വസ്തുതാപരമല്ല. സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവ

ഉൾപ്പെടെയുള്ള ആശുപത്രികളിൽ കെ.എം.എസ്.സി.എൽ. മുഖേനയാണ് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എസൻഷ്യൽ ഡ്രഗ് ലിസ്റ്റ് (EDL) പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കുണ്ട് എന്നത് ഉറപ്പാക്കുന്നുണ്ട്. ആശുപത്രികൾ ഒരു വർഷത്തേയ്ക്ക് ആവശ്യപ്പെട്ടത് വിതരണം ചെയ്ത് ഉപയോഗിച്ച് കഴിഞ്ഞ സാഹചര്യത്തിലും കെ.എം.എസ്.സി.എൽ. വിതരണം ചെയ്യാത്ത മരുന്നുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും വിവിധ സ്കീമുകളിലൂടെ അവശ്യ മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. ആയതിനാൽ രോഗികൾക്കുള്ള മരുന്ന് വിതരണം തടസ്സപ്പെട്ടിട്ടില്ല. ആയതിനാൽ ആശുപത്രികളിലെ ശസ്ത്രക്രിയകൾക്ക് തടസ്സങ്ങൾ നേരിട്ടിട്ടില്ല.

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്ന് വാങ്ങിയ ഇനത്തിൽ മരുന്ന് കമ്പനികൾക്ക് നൽകാനുള്ള തുകയിൽ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്ന് വാങ്ങിയ ഇനത്തിൽ മരുന്ന് കമ്പനികൾക്ക് ആകെ 417.21 കോടി രൂപ കുടിശികയിനത്തിൽ നൽകാനുണ്ട്.

(ഡി) മരുന്നുക്ഷാമം പരിഹരിക്കുന്നതിന് അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മരുന്നുകളുടെ ലഭ്യതകുറവ് അവലോകനം ചെയ്യുന്നതിലേയ്ക്കായി എല്ലാ ബുധനാഴ്ചകളിലും ആസ്ഥാന കാര്യാലയത്തിലേയും ജില്ലാ മരുന്നു സംഭരണശാലയിലേയും ഉദ്യോഗസ്ഥർമാർ യോഗം ചേരുകയും, മരുന്നുകളുടെ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആശുപത്രിതല അവലോകന യോഗത്തിലും ഫാർമസിസ്റ്റുമാരുടെ അവലോകന യോഗത്തിലും മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിലും മരുന്നു ലഭ്യത സംബന്ധിച്ച് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ കെ.എം.എസ്.സി.എൽ. അതാത് സമയങ്ങളിൽ പരിഹരിച്ചുവരുന്നുണ്ട്.

**കെ-സ്മാർട്ട് പദ്ധതി**

24(*24) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാകുന്ന കെ-സ്മാർട്ട് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

K-SMART നഗരഭരണ സ്ഥാപനങ്ങളിൽ 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ജനന മരണ വിവാഹ രജിസ്ട്രേഷൻ, ബിൽഡിംഗ് പെർമിഷൻസ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ്, പരാതി പരിഹാരം, എച്ച്.ആർ.എം.എസ്., ഡിജിറ്റൽ ഫയൽ മാനേജ്മെന്റ്, ഫിനാൻസ്, മൊബൈൽ ആപ്പ് എന്നീ മൊഡ്യൂളുകൾ വഴി 72-ഓളം സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളത്.

(ബി) സാങ്കേതികവിദ്യാരംഗത്തെ മുന്നേറ്റങ്ങളെ ജനോപകാരപ്രദമായി ഉപയോഗിക്കുന്ന പ്രവൃത്തികളിൽ പ്രധാന്യമർഹിക്കുന്ന ഒന്നായി കെ-സ്മാർട്ട് പദ്ധതി വിലയിരുത്തപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കെ-സ്മാർട്ട് ആപ്പിന്റെ സേവനങ്ങൾ വഴി സാധ്യമാകുമോ; വിശദമാക്കാമോ?

പ്രവാസികൾക്ക് ഓൺലൈനായി അപേക്ഷകൾ നല്കുന്നതിനും സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കെ-സ്മാർട്ട് യാഥാർത്ഥ്യമായതിലൂടെ പ്രവാസികൾക്ക് നേരിട്ടെത്താതെ തന്നെ അതത് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാക്കാം. ലോഗിൻ ഐഡി ഉപയോഗിച്ച് വീഡിയോ കെ.വൈ.സി.-യും പൂർത്തിയാക്കുന്നതോടെ വിവാഹരജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ വിദേശത്തിരുന്ന് തന്നെ ചെയ്യാൻ സാധിക്കും.

## ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

25(*25) ശ്രീ. സി.സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ലീഗൽ മെട്രോളജി ആക്ട് 2009, ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ് 2011, കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ്-2012 എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പാക്കൽ, അളവിലും തൂക്കത്തിലുമുള്ള കൃത്രിമങ്ങൾ തടയൽ, പായ്ക്കറ്റ് ഉൽപ്പന്നങ്ങളിൽ നിർദ്ദിഷ്ടപ്രഖ്യാപനങ്ങൾ ഉണ്ടോ എന്ന് ഉറപ്പാക്കൽ, പ്രഖ്യാപനങ്ങളിൽ തിരുത്തൽ വരുത്തുകയോ അമിത വില ഈടാക്കുകയോ ചെയ്യുന്നത് തടയൽ എന്നിവയാണ് പ്രധാനമായും വകുപ്പിന്റെ ചുമതല. ആയതിൽ

നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസ് രജിസ്റ്റർ ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്യുന്നു. പിഴ ഒടുക്ക് വരുത്താത്തവർക്കതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) പ്രസ്തുത എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം നടപ്പിലാക്കുകയും ആയതിന്റെ ഭാഗമായി പരിശോധനകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തിരുന്നെങ്കിലും, ഇപ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയത് ഉപഭോക്തൃ സംരക്ഷണത്തെ ബാധിക്കുന്നു എന്ന് കണ്ടതിനാൽ പരിശോധനകൾ വ്യാപകമാക്കുവാനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുവാനും ആയത് വഴി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഏതൊക്കെ നിയമപ്രകാരമാണ് ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർക്ക് കേസെടുക്കുന്നതിന് അധികാരമുള്ളത്; വിശദമാക്കാമോ?

ലീഗൽ മെട്രോളജി ആക്ട് 2009, ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ് 2011, കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ് -2012 എന്നിവയുടെ അടിസ്ഥാനത്തിലാണ് ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ കേസെടുക്കുന്നത്.

ലീഗൽ മെട്രോളജി ആക്ട് 2009 പ്രകാരം അളവുതൂക്കവും, ലൈസൻസ് സംബന്ധവുമായ കുറ്റകൃത്യങ്ങൾക്കും, ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ് 2011 പ്രകാരം പായ്ക്കറ്റിൽ പ്രഖ്യാപനങ്ങൾ ഇല്ലാത്തത്, തിരുത്തിയത്, അമിത വില ഈടാക്കിയത്, രജിസ്ട്രേഷൻ ഇല്ലാത്തത് എന്നിവയ്ക്കും കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ് 2012 പ്രകാരം യഥാസമയം അളവുതൂക്ക ഉപകരണങ്ങൾ പരിശോധനക്ക് ഹാജരാക്കാത്തതിനും ലൈസൻസ് സംബന്ധമായ നടപടി ക്രമങ്ങൾ പാലിക്കാത്തതിനെതിരെയും കേസെടുക്കുന്നു.

(ഡി) ലീഗൽ മെട്രോളജി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ഒരു വർഷം സർക്കാരിലേക്ക് ലഭിക്കുന്ന ശരാശരി റവന്യൂ വരുമാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ച വരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ പ്രതിവർഷം ശരാശരി റവന്യൂ വരുമാനമായി 46,74,12,839/-രൂപ ലഭിച്ചിട്ടുണ്ട്.

### നെല്ല് സംഭരണം മെച്ചപ്പെടുത്തുന്നതിന് നടപടി

26(*26) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന നിലവിലെ രീതി കർഷക സൗഹൃദവും സുതാര്യവും കാര്യക്ഷമവുമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നെല്ലുസംഭരണം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 23-01-2023-ലെ സ.ഉ.(കൈ) നം.12/2023/കൃഷി നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഡോ. വി.കെ.ബേബി IAS(Rtd) ചെയർമാനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) നെല്ലുസംഭരണ രസീത് (പി.ആർ.എസ്.) നൽകുന്നതിന് പകരം നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

നെല്ല് സംഭരിക്കുന്ന സമയത്ത് സപ്ലൈകോ നൽകുന്ന ഇലക്ട്രോണിക്സ് കൈപ്പറ്റ് രസീത് (e-PRS) പരിശോധിച്ചശേഷം നെൽ കർഷകർക്ക് നെല്ലിന്റെ വില PRS വായ്പയായി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്.

(ഡി) നെല്ലുസംഭരണത്തിലെ ക്രമക്കേടുകൾ തടയുന്നതിനും സംഭരണ രീതി മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നെല്ലുസംഭരണ രീതി മെച്ചപ്പെടുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും ബയോമെട്രിക് വഴിയുള്ള സംഭരണ പദ്ധതി ഉൾപ്പെടെ നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധനകൾ നടന്നു വരുന്നു.

**വ്യാജ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് സംബന്ധിച്ച കേസ്**

27(*27) ശ്രീ. എ. രാജ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഔദ്യോഗിക തിരിച്ചറിയൽ കാർഡ് നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അധികാരപ്പെടുത്തിയ ഏജൻസി ഏതാണെന്ന് അറിയിക്കാമോ?

മുംബൈയിലെ എസ്.ഇ.എൽ.പി. പ്രൈവറ്റ് ലിമിറ്റഡ്, എന്ന സ്ഥാപനമാണ് സംസ്ഥാനത്ത് തിരിച്ചറിയൽ കാർഡ് പ്രിന്റ് ചെയ്ത് ലഭ്യമാക്കുന്നത്.

(ബി) വ്യാജ തിരിച്ചറിയൽ കാർഡ് വ്യാപകമായി തയ്യാറാക്കിയിട്ടുണ്ടെന്നും ഇതിനെതിരെ ശക്തമായ നടപടിവേണമെന്നും ആവശ്യപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്.

(സി) പ്രസ്തുത പരാതിയിന്മേൽ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വ്യാജ തിരിച്ചറിയൽ കാർഡ് ആരുടെയൊക്കെ പേരിലാണ് നിർമ്മിച്ചതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച കേസിന്റെ ഇതുവരെയുള്ള പുരോഗതി വെളിപ്പെടുത്താമോ?

(സി-ഇ) മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1627/2023 U/s 465, 468, 471 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത കേസ് ക്രൈം നം. 02/CB/CU-IV/TVM/R/2024 ആയി റീ-രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ക്രൈം ബ്രാഞ്ച് സെൻട്രൽ യൂണിറ്റ് IV-ന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം ക്രൈം ബ്രാഞ്ച്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഹൈ-ടെക് ക്രൈം എൻക്വയറി സെല്ലിലെ സൈബർ വിദഗ്ധർ ഉൾപ്പെട്ട പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തി വരുന്നു. അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്.

**സർക്കാർ ആശുപത്രികളിലെ**

**മരുന്നുക്ഷാമം പരിഹരിക്കുന്നതിന് നടപടി**

28(*28) <u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u>

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീ. വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്ന് സംഭരിച്ച് വിതരണം ചെയ്യുന്ന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിൽ അറുനൂറ് കോടി രൂപ ഉണ്ടായിരുന്നിട്ടും മരുന്ന് വാങ്ങാൻ നടപടി സ്വീകരിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന എല്ലാ സർക്കാർ ആശുപത്രികൾക്കും മറ്റ് സർക്കാർ സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയ്ക്കും ആവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും പ്രസ്തുത വകുപ്പ് അദ്ധ്യക്ഷന്മാർ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ, ദേശീയ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന മത്സര അധിഷ്ഠിത ഇ-ടെൻഡർ നടപടിക്രമങ്ങളിലൂടെ വാങ്ങി വിതരണം ചെയ്യുക എന്ന കർത്തവ്യമാണ്

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിലവിൽ പ്രധാനമായും നിർവ്വഹിച്ച് വരുന്നത്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ ഉപകരണങ്ങൾ, വെറ്റിനറി മരുന്നുകൾ മുതലായവ വാങ്ങി നൽകുന്നതിനായി നിക്ഷേപിച്ച തുകയാണ് ട്രഷറി അക്കൗണ്ടിൽ ഉള്ളത്. 15-ാമത് ഫിനാൻസ് കമ്മീഷൻ, കിഫ്ബി (KIIFB) തുടങ്ങിയ സ്ഥാപനങ്ങൾ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി നിക്ഷേപിച്ച തുകയും, ദേശീയ ആരോഗ്യ ദൗത്യം (NHM), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGD) തുടങ്ങി വിവിധ സർക്കാർ സ്ഥാപനങ്ങൾ/ഏജൻസികൾ ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുവാനും, സെക്യൂരിറ്റി ഡെപ്പോസിറ്റ്, നിരതദ്രവ്യം (EMD) തുടങ്ങിയവ വിതരണക്കാർക്ക് തിരികെ നൽകുവാനും, കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുവാനും ലഭിച്ച തുകയും ആണ് കോർപ്പറേഷന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ കാണുന്നത്.

(ബി) മരുന്നുകമ്പനികൾക്ക് നൽകാനുള്ള കുടിശിക എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മരുന്ന് കമ്പനികൾക്കുള്ള കുടിശ്ശിക അതത് സാമ്പത്തിക വർഷം അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിലൂടെയും സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് (എസ്.ഡി.ജി.) മുഖേനയും ആണ് കോർപ്പറേഷൻ നല്കിവരുന്നത്. ഇതിന് പുറമെ ദേശീയ ആരോഗ്യ ദൗത്യം വഴി അവശ്യ മരുന്ന് വിഭാഗത്തിലേക്ക് വരുന്ന തുകയും ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. കോർപ്പറേഷന്റെ മരുന്ന് സംഭരണവും വിതരണവും ഒരു തുടർ പ്രക്രിയ ആയതിനാൽ കമ്പനികൾ നല്കുന്ന ഇൻവോയ്സുകൾ അനുസരിച്ച് മുൻഗണനാക്രമത്തിൽ തുക അനുവദിച്ചുവരുന്നു. ഇതിന് പുറമേ അത്യാവശ്യ ഘട്ടങ്ങളിൽ പൊതു മേഖല സ്ഥാപങ്ങൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സാധ്യത പരിശോധിച്ചുവരുന്നു. ഇത്തരത്തിൽ മരുന്ന കമ്പനികളുടെ കുടിശ്ശിക കാലതാമസം കൂടാതെ കൊടുത്തുതീർക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(സി) ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

അത്യാവശ്യമുള്ള ചില മരുന്നുകൾ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ വഴി എത്തിക്കുന്നുണ്ട്. മരുന്നുകളുടെ ലഭ്യതകുറവ് അവലോകനം ചെയ്യുന്നതിലേയ്ക്കായി എല്ലാ ബുധനാഴ്ചകളിലും ആസ്ഥാന കാര്യാലയത്തിലേയും ജില്ലാ മരുന്ന സംഭരണശാലയിലേയും ഉദ്യോഗസ്ഥർ യോഗം ചേരുകയും, മരുന്നുകളുടെ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആശുപത്രിതല അവലോകന യോഗത്തിലും, ഫാർമസിസ്റ്റുമാരുടെ അവലോകന യോഗത്തിലും, മെഡിക്കൽ ഓഫീസർമാരുടെ അവലോകനയോഗത്തിലും മരുന്ന ലഭ്യത സംബന്ധിച്ച് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ കോർപ്പറേഷൻ അതത് സമയങ്ങളിൽ പരിഹരിച്ചുപോരുന്നുണ്ട്.

**സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ**

**വികസനത്തിനായുള്ള വൻകിട പദ്ധതികൾ**

29(*29) **ശ്രീ. വി. ജോയി:**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:**
**ശ്രീ. വി. കെ. പ്രശാന്ത്:**
**ശ്രീ. പി. ടി. എ. റഹീം:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2011-16-ലെ സർക്കാർ ആരംഭം കുറിക്കുകയും എന്നാൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലയ്ക്കുകയും ചെയ്ത ഏതെല്ലാം വൻകിട പദ്ധതികളാണ് 2016-21 കാലയളവിൽ പുനരാരംഭിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി മുൻകാലങ്ങളിൽ ആരംഭിക്കുകയും പുരോഗമിക്കുകയും ചെയ്തിരുന്ന വൻകിട പദ്ധതികളും 2011-16 കാലയളവിൽ ആരംഭിച്ച ചില പദ്ധതികളുമുണ്ട്. ഇവയിൽ ദേശീയ പാതാ വികസനം, ഗെയിൽ പാചക വാതക പൈപ്പ് ലൈൻ പദ്ധതി, ഇടമൺ കൊച്ചി പവർ ഹൈവേ, തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനം 2011-16 കാലയളവിൽ മുന്നോട്ട് പോകാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്. ഈ പദ്ധതികളിൽ കൊച്ചി - ഇടമൺ പവർ ഹൈവേ, ഗെയിൽ പാചകവാതക പൈപ്പ് ലൈൻ, ദേശീയപാതാ ആറുവരി വികസനം എന്നീ പദ്ധതികൾ 2016-21-ലെ സർക്കാർ ഏറ്റെടുക്കുകയും കണ്ണൂർ

വിമാനത്താവളം, കൊച്ചി മെട്രോ, വിഴിഞ്ഞം പദ്ധതി, കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ എന്നിവ പൂർത്തീകരിക്കുകയും മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. 2016-21 കാലയളവിൽ പ്രവർത്തനം പുനരാരംഭിച്ച മറ്റ് വ്യാവസായിക പദ്ധതികൾ:

1. <u>പെട്രോകെമിക്കൽ പാർക്ക്, കൊച്ചി</u>

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി.-യിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത 481.79 ഏക്കർ ഭൂമിയിലാണ് കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നത്. പ്രസ്തുത പാർക്കിലെ ആങ്കർ ഇൻവെസ്റ്ററായ ബി.പി.സി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണവും അതുവഴി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പെട്രോ കെമിക്കൽ വ്യവസായങ്ങളുടെ ഒരു ക്ലസ്റ്റർ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ 35 വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. പാർക്കിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

പെട്രോകെമിക്കൽ പാർക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപവും 10,000-ത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2024 ജൂലൈ മാസത്തോടെ പാർക്ക് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകും.

**2. കൊച്ചി ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെ.ബി.ഐ.സി.), പാലക്കാട് & കൊച്ചി**

ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച ചെന്നൈ-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയുടെ വിപുലീകരണമാണ് കൊച്ചി-ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (KBIC) രണ്ട് നോഡുകൾ-ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, പാലക്കാട്, ഗിഫ്റ്റ് സിറ്റി, കൊച്ചി എന്നിവ കെ.ബി.ഐ.സി. -യുടെ ഭാഗമായി അംഗീകരിച്ചിട്ടുണ്ട്.

ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, പാലക്കാട് -നോഡ് 1

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 313 ഏക്കറും പാലക്കാട് പുതുശ്ശേരി സെൻട്രൽ I&II-ൽ 1137 ഏക്കറും പുതുശ്ശേരി വെസ്റ്റിൽ 240 ഏക്കറും പുതുശ്ശേരി വെസ്റ്റിലേക്കുള്ള പ്രവേശന പാത 20.37 ഏക്കറും ചേർത്ത്

മൊത്തം 1710.37 ഏക്കർ ഭൂമി ഇതിനായി കണ്ടെത്തിയിട്ടുണ്ട്. 80 ശതമാനം ഭൂമി ഏറ്റെടുക്കൽ നടപടികളും പൂർത്തീകരിച്ചുകഴിഞ്ഞു. പാലക്കാട് നോഡിന് പാരിസ്ഥിതിക അനുമതിയുമായി ബന്ധപ്പെട്ട് ടേംസ് ഓഫ് റഫറൻസ് (ടി.ഒ.ആർ.) അനുവദിച്ചിട്ടുള്ളതും MoEF -ന്റെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുകയും ചെയ്തു. പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 2,000 കോടി രൂപയുടെ നിക്ഷേപവും 22000 പേർക്ക് നേരിട്ടും 80000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഐ .എം.സി. പാലക്കാടിന് ഉടൻ കേന്ദ്ര കാബിനറ്റ് അംഗീകാരം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു വർഷത്തിനുള്ളിൽ 85 ശതമാനം ഭൂമി ഏറ്റെടുക്കൽ എന്ന ചരിത്രനേട്ടം കൈവരിച്ചു. 1240.42 ഏക്കർ ഭൂമി കിൻഫ്രയുടെ കൈവശമാണ് .

ഗിഫ്റ്റ് സിറ്റി, അയ്യമ്പുഴ, എറണാകുളം- നോഡ് -2

എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ ഗിഫ്റ്റ് സിറ്റി സ്ഥാപിക്കുന്നതിനായി 358 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 11 (1) വിജ്ഞാപനം പുറപ്പെടുവിച്ച

കഴിഞ്ഞു. തുടർനടപടികൾ എന്ന നിലയിൽ 19(1) ഡിക്ലറേഷൻ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

3. വ്യാവസായിക ജലവിതരണം, കാക്കനാട് കൊച്ചി

കൊച്ചി കാക്കനാടുള്ള കിൻഫ്ര പാർക്ക് , ഇൻഫോ പാർക്ക്, സ്മാർട്ട്സിറ്റി എന്നീ പദ്ധതികളുടെ വിപുലീകരണത്തിന്റെ ഭാഗമായും നിലവിൽ കിൻഫ്ര സ്ഥാപിച്ചു വരുന്ന പെട്രോകെമിക്കൽ പാർക്ക്, ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കൺവെൻഷൻ സെന്റർ എന്നീ പദ്ധതികൾക്കാവശ്യമായ ജലവിതരണം ഉറപ്പാക്കുന്നതിന് നടപ്പിലാക്കി വരുന്ന ബൃഹത്തായ പദ്ധതിയാണിത്. 45 MLD ജലവിതരണ Intake Well-ന് ആവശ്യമയ ഭൂമി ഏറ്റെടുക്കുകയും 15 കിലോമീറ്റർ നീളമുള്ള പൈപ്പ് ലൈൻ വഴി കാക്കനാട് ജലവിതരണം എത്തിക്കുന്നതിനുള്ള ടെന്റർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്ത് തുടർ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ആകെ ചെലവ് 71.17 കോടി രൂപ പ്രതീക്ഷിക്കുന്നു.

4. <u>ഇന്റർനാഷണൽ എക്സിബിഷൻ-കം-കൺവെൻഷൻ സെന്റർ, (ഐ.ഇ.സി.സി.) കാക്കനാട്, കൊച്ചി</u>

എറണാകുളം ജില്ലയിലെ കാക്കനാട് 7 ഏക്കറിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള എക്സിബിഷൻ-കം-കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. സംസ്ഥാനത്ത് ചെറുകിട ഇടത്തരം മേഖലയുടെ സംരംഭങ്ങൾക്ക് അവരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിവിധ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിനും അതുവഴി ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഇതുവഴി സാധിക്കും. 90 കോടി രൂപയുടെ ചെലവാണ് പദ്ധതിക്കായി പ്രതീക്ഷിക്കുന്നത്. 2024 ജനുവരിയിൽ എക്സിബിഷൻ സെന്ററും 2024 ഓഗസ്റ്റിൽ കൺവെൻഷൻ സെന്ററും പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

5. <u>ലാൻഡ് ബാങ്ക്</u>

ലാൻഡ് ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി (ഘട്ടം-1) കണ്ണൂർ ജില്ലയിൽ 1054 ഏക്കർ ഭൂമി കണ്ടെത്തി അവ ഏറ്റെടുക്കുന്നതിനുള്ള

നടപടികൾ പുരോഗമിക്കുകയാണ്. 3 ലാൻഡ് പാഴ്സലുകളായി തിരിച്ച 1,054 ഏക്കർ ഭൂമി ഏറ്റെടുക്കൽ അന്തിമഘട്ടത്തിലാണ്.

(a) മട്ടന്നൂരിലെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് വിപുലീകരിക്കുന്നതിന്റെ ഭാഗമായി കീഴല്ലൂർ വില്ലേജിൽ 45.96 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തു.

(b) മട്ടന്നൂർ, കീഴല്ലൂർ വെള്ളാപറമ്പ് വില്ലേജുകളിലായി 500 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു. കൂടാതെ ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ അവസാന ഘട്ടത്തിലാണ്.

(c) അഞ്ചരക്കണ്ടി-പനയത്താംപറമ്പ്, പടുവിലായി, കീഴല്ലൂർ വില്ലേജുകളിലായി 500 ഏക്കർ ഏറ്റെടുക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

മലയോര മേഖലകളിലെ പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ നന്താരപടവ് തുടങ്ങി തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 13 ജില്ലകളിലെ മലയോര മേഖലകളെ ബന്ധിപ്പിച്ച് കൊണ്ട് 1251 കി.മി. ദൂരത്തിൽ മലയോരപ്പാത

നിർമ്മിക്കുന്ന പദ്ധതിയാണ് ഹിൽഹൈവേ. പ്രസ്തുത പദ്ധതിയുടെ പദ്ധതി ചെലവ് 3500 കോടി രൂപയാണ്.

### സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളിൽ എം.പി.-മാരുടെ ഇടപെടൽ

30(*30) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ എം.പി.-മാരുടെ എത്ര യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ടെന്നും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ എം.പി.-മാരുടെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള സഹകരണം സംബന്ധിച്ചും വ്യക്തമാക്കാമോ;

(ബി) കേന്ദ്രസർക്കാർ കേരളത്തോട് ആവർത്തിച്ച് പിൻതുടരുന്നതായി പറയപ്പെടുന്ന ജനാധിപത്യ വിരുദ്ധവും

ഫെഡറലിസത്തിനെതിരുമായ നടപടികൾ ഇന്ത്യൻ പാർലമെന്റിൽ ഉന്നയിക്കുന്നതിലും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലും സംസ്ഥാനത്തെ എം.പി.-മാരുടെ ഇടപെടൽ എത്രമാത്രം ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) എം.പി.-മാർ പാർലമെന്റിലും മറ്റും നടത്തിയിട്ടുള്ള ഇടപെടലുകളുടെ ഫലമായി സംസ്ഥാനത്തിന് ഏതെല്ലാം വൻകിട പദ്ധതികൾക്ക് അനുമതി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

(എ-സി) പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനം, മൺസൂൺ സമ്മേളനം, ശീതകാല സമ്മേളനം എന്നിവയ്ക്ക് മുന്നോടിയായി 7 യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ എം.പി.-മാരുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി കേന്ദ്ര സർക്കാരിൽ എം.പി.-മാർ

വേണ്ടത്ര സമ്മർദ്ദം ചെലുത്തണമെന്നും സുപ്രധാന വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കണമെന്നും പ്രസ്തുത യോഗങ്ങളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങളും പദ്ധതികളും നേടിയെടുക്കുന്നതിൽ എം.പി.-മാർ നടത്തുന്ന ഇടപെടലുകൾ ഗുണകരമാണോയെന്ന് വിലയിരുത്തിയിട്ടില്ല.

....................................

**ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**വകുപ്പുകൾ തമ്മിലുള്ള തർക്കപരിഹാരത്തിനുള്ള നടപടി**

1(2) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള തർക്കം കാരണം പദ്ധതികൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പദ്ധതികൾ തടസ്സപ്പെടുന്നത് കാരണം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ–സി) വിവിധ വകുപ്പുകളും സ്ഥാപനങ്ങളും തമ്മിലുള്ള തർക്കംമൂലം പദ്ധതികൾ തടസ്സപ്പെടാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തർക്കങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായും ധനകാര്യം, ആഭ്യന്തരം, ആസൂത്രണം എന്നീ വകുപ്പുകളിലേയും വിഷയം കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട വകുപ്പിന്റെയും സെക്രട്ടറിമാർ അടങ്ങുന്ന ഒരു സമിതി നിലവിലുണ്ട്.

ഈ സംവിധാനത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

**കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ്**

2 (3) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളീയം പരിപാടിക്ക് സ്പോൺസർഷിപ്പ് നൽകിയ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിശദാംശങ്ങളും ഓരോ സ്ഥാപനവും വ്യക്തിയും നൽകിയ തുകയും വ്യക്തമാക്കാമോ?

കേരളീയം പരിപാടിക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്പോൺസർഷിപ്പ് മുഴുവനായും ലഭ്യമായിട്ടില്ല. അതുകൂടി ലഭിച്ചശേഷം മാത്രമേ പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

**ദുരിതാശ്വാസ നിധിയിൽ ബില്ല് സമർപ്പിക്കുന്നത് സംബന്ധിച്ച്**

3(4) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് ഒരു ലക്ഷത്തിൽ താഴെ ചെലവ് വരുന്ന കാര്യങ്ങൾക്കായുള്ള അപേക്ഷയോടൊപ്പം ബില്ല് ആവശ്യമില്ലായെന്ന കാര്യം നിലനിൽക്കെ മിക്ക വില്ലേജ് ഓഫീസർമാരും ബില്ലിനായി അപേക്ഷ മടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകാൻ സാധിക്കുമോ;

അപേക്ഷകർക്ക് അർഹമായ തുക ലഭിക്കുന്നതിന് ചികിത്സാ രേഖകൾ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് 28-06-2022-ലെ REV-DRF-A1/48/2022/REV, 08-05-2023-ലെ REV-DRF-A1/55/2023/REV എന്നീ

സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു+). നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം വില്ലേജ് ഓഫീസർക്ക് അപേക്ഷ നിരസിക്കുവാനുള്ള അധികാരമില്ലാത്തതാകുന്നു.

(ബി) ബില്ല് സ്കാൻ ചെയ്യുന്നതിനും മറ്റുമായി അക്ഷയ കേന്ദ്രങ്ങൾ ഉയർന്ന ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉയർന്ന ഫീസ് ചുമത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നവകേരള സദസ്സിനായി ചെലവഴിച്ച തുക**

4(5) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് കിട്ടിയ പരാതികൾ എത്ര, കിട്ടിയ പരാതികളിൽ പൂർണ്ണമായും പരിഹരിച്ചവ, ഭാഗികമായി പരിഹരിച്ചവ, ഒരു നടപടിയും സ്വീകരിക്കാത്തവ എത്ര എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

6,42,076 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ചില പരാതികൾ ഒന്നിലധികം വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ്. ഇവ അതത് വകുപ്പുകൾക്ക് നടപടികൾക്കായി പ്രത്യേകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ ഇനിയും വർദ്ധനവ് വരും. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന-ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പു കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലോ ഉത്തരവുകളിലോ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും

പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നവകേരള സദസ്സിനായി ഓരോ മണ്ഡലത്തിലും പരസ്യം, ഫ്ലക്സ്, പന്തൽ, ലൈറ്റ് & സൗണ്ട്സ്, കസേര, ഭക്ഷണം, പൗര പ്രമുഖരുമായി നടത്തിയ പ്രഭാത ഭക്ഷണം, പ്രചരണം, മറ്റു ചെലവുകൾ എന്നിവയ്ക്കായി ആകെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പട്ടിക രൂപത്തിൽ ലഭ്യമാക്കുമോ;

(സി) നവകേരള സദസ്സിന്റെ ചെലവുകൾക്കായി സർക്കാർ നൽകിയ തുക, സ്പോൺസർഷിപ്പ് വഴി ലഭിച്ച തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിച്ച തുക, സദസ്സിന്റെ ചുമതല വഹിച്ച കൺവീനർമാർ പിരിച്ചു നൽകിയ തുക, മറ്റു സംഭാവനകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നവകേരള സദസ്സുമായി ബന്ധപ്പെട്ടുള്ള പരിപാടികൾക്കായി ആകെ എത്ര മതിലുകൾ പൊളിച്ചു; അവ പുതുക്കി പണിതോ; മതിലുകൾ

പൊളിച്ച് കെട്ടുന്നതിനായി എത്ര രൂപ ചെലവായി; ആ തുക എവിടെ നിന്ന് കണ്ടെത്തി; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി-ഡി) മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

**കേരളീയം പരിപാടിക്ക് അനുവദിച്ച തുക**

5(6) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 2023 നവംബർ മാസം നടത്തിയ കേരളീയം പരിപാടിക്കായി അനുവദിച്ച തുക എത്രയാണ്; വ്യക്തമാക്കാമോ;

(ബി) കേരളീയത്തിൽ എന്തെല്ലാം പരിപാടികളാണ് അവതരിപ്പിക്കപ്പെട്ടത്; അതിനോരോന്നിനുമായി അനുവദിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കേരളീയം പരിപാടി നടത്തിപ്പിനായി ആകെ 27,12,04,575/- രൂപ അനുവദിച്ചിട്ടുണ്ട്. പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

സ്പോൺസർഷിപ്പ് തുക പൂർണ്ണമായും ലഭിക്കുന്നതോടെ മാത്രമേ സർക്കാരിന്റെ ബാധ്യത കണക്കാക്കാനാകുകയുള്ളൂ.

**നവകേരള സദസ്സിലെ നിവേദനങ്ങളുടെ വിശദാംശങ്ങൾ**

6(7) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടത്തിയ നവകേരള സദസ്സിൽ സംസ്ഥാനമൊട്ടാകെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം ഇതിനോടകം തീർപ്പാക്കിയിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പരാതികൾ തീർപ്പാക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉണ്ടെങ്കിൽ എത്ര ദിവസത്തിനകം തീർപ്പാക്കുമെന്നും ഏത് രീതിയിലാണെന്നും വിശദമാക്കാമോ;

(ഡി) വാമനപുരം മണ്ഡലത്തിൽ നിന്ന് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്രയെണ്ണം ഇതിനോടകം തീർപ്പാക്കിയിട്ടുണ്ടെന്നും, വിശദമാക്കാമോ?

(എ-ഡി) 6,42,076 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. നിവേദനങ്ങൾ കഴിയുന്നത്ര വേഗത്തിൽ തീർപ്പാക്കണമെന്ന് പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. അതേസമയം നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പു കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ നടപടി സ്വീകരിക്കും. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ

ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതി പരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

പരാതികൾ കൈപ്പറ്റുന്ന ജില്ലാതല ഉദ്യോഗസ്ഥർ അവ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അന്തിമ തീരുമാനം കൈക്കൊള്ളണമെന്നും നിവേദകർക്ക് വിശദമായ മറുപടി നൽകി വിവരം ഓൺലൈൻ പോർട്ടലിൽ അപ് ലോഡ് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ നടപടിക്രമങ്ങളും കൂടുതൽ സമയവും ആവശ്യമുള്ള പരാതികൾ പരമാവധി 4 ആഴ്ചയ്ക്കകം തീർപ്പാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ നിവേദകന് ഇടക്കാല മറുപടി നൽകുന്നതാണ്.

നിവേദനങ്ങൾ പലതും പൊതുസ്വഭാവമുള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം

കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം നിവേദനങ്ങളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനു പുറമെ ആവശ്യമായ രേഖകളോ മറ്റുവിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ ധാരാളം അപേക്ഷകളുമുണ്ട്. ആവശ്യമായ രേഖകൾ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനമെടുക്കാൻ കഴിയൂ.

തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ൽ ലഭ്യമാണ്.

**നവകേരള സദസ്സിനായി ഉപയോഗിച്ച വാഹനങ്ങൾ**

7(10) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സ് സംഘടിപ്പിച്ചതെന്നു മുതൽ എന്നു വരെയാണ്; പ്രസ്തുത ദിവസങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും യാത്ര ചെയ്ത ആഡംബര ബസ് വാങ്ങി സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; നവകേരള സദസ്സുമായി ബന്ധപ്പെട്ട യാത്രയിൽ ഇന്ധന ചെലവും മെയിന്റനൻസും ഉൾപ്പെടെ ഈ ബസ്സിനായി ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

2023 നവംബർ 18 മുതൽ ഡിസംബർ 23 രെയും 2024 ജനുവരി 1, 2 തീയതികളിലുമാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്. യാത്രയ്ക്കായി ആഡംബര ബസ് വാങ്ങിയിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള ബസ് വിവിധോദ്ദേശ്യ വിനിയോഗത്തിനായാണ് വാങ്ങിയത്. ബസ് വാങ്ങുന്നതിന് 1.05 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇന്ധന-മെയിന്റനൻസ് ചെലവ് സംബന്ധിച്ച വിവരം പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(ബി) നവകേരള സദസ്സ് സംഘടിപ്പിച്ച ദിവസങ്ങളിൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വാഹനങ്ങളുടെയും അവരുടെ ഓഫീസുകളിലേക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള മറ്റ് വാഹനങ്ങളുടെയും യാത്രാ വിവരങ്ങൾ ഉൾപ്പെടുന്ന ലോഗ് ബുക്കുകളുടെ പകർപ്പ് ലഭ്യമാണോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ ദിവസങ്ങളിൽ പ്രസ്തുത വാഹനങ്ങളുടെ ഇന്ധന ചാർജ്, മെയിന്റനൻസ് എന്നീ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

(ബി&സി) വാഹനങ്ങളുടെ ലോഗ് ബുക്ക്, ഇന്ധന/മെയിന്റനൻസ് ചെലവ് സംബന്ധിച്ച വിശദവിവരങ്ങൾ സമാഹരിച്ചിട്ടില്ല.

**കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ്**

8(12) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടത്തിയ കേരളീയം-2023 പരിപാടിക്ക് സ്പോൺസർമാരായി പണം നൽകിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരും വിശദാംശവും ലഭ്യമാക്കുമോ;

സ്പോൺസർഷിപ്പ് വാഗ്ദാനം ചെയ്തവരിൽ നിന്ന് അത് ലഭ്യമായി വരുന്നതേയുള്ളൂ. ആയതിനാൽ ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ഇപ്പോൾ ലഭ്യമല്ല.

(ബി) ഇപ്രകാരം വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് നേടുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

സ്പോൺസർഷിപ്പ് തുക സ്വീകരിക്കുന്നത് സംബന്ധിച്ചത് ഉൾപ്പെടെ കേരളീയത്തിന്റെ നടത്തിപ്പിനായി 13-10-2023-ലെ സ.ഉ(കൈ) നം.153/2023/ധന പ്രകാരം ധനവിനിയോഗ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരളീയം പരിപാടിക്ക് സ്പോൺസർഷിപ്പ് നൽകിയവരിൽ സർക്കാരിന് നികുതി കുടിശ്ശിക നൽകാനുള്ളവരും നികുതിവെട്ടിപ്പ് കേസുകളിൽ ഉൾപ്പെട്ടതുമായ വ്യക്തികളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഇപ്രകാരം സ്പോൺസർഷിപ്പ് നൽകിയ ഓരോ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സർക്കാരിലേക്ക് അടയ്ക്കാനുള്ള നികുതി ഇനത്തിൽ ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല; കേരളീയത്തിന്റെ ഭാഗമായി യാതൊരുവിധ നികുതിയിളവുകളും ജി.എസ്.ടി വകുപ്പ് നൽകിയിട്ടില്ല.

**കേരളീയം-2023 സ്പോൺസേഴ്സ്**

9(13) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 കേരളീയം നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള കേരളീയം വെബ്ബ് സൈറ്റിലുള്ള സ്പോൺസേഴ്സ് ബ്രോഷറിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾക്ക് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പുമായോ മറ്റേതെങ്കിലും സർക്കാർ വകുപ്പുമായോ ഏതെങ്കിലും ഫോറങ്ങളിലോ കോടതികളിലോ വ്യവഹാരം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വകുപ്പിന്റെ പേര്, സ്ഥാപനങ്ങളുടെ പേര്, വ്യവഹാരങ്ങൾ സംബന്ധിച്ച മറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാക്കാമോ; ഇത്തരത്തിലുള്ള വ്യവഹാരത്തിൽ സംസ്ഥാന സർക്കാരിന് നികുതിയായോ അല്ലാതെയോ ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

**അങ്കമാലി നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ്**

10 (14) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവകേരള സദസ്സ് സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

നവകേരള നിർമ്മിതിയുടെ ഭാഗമായി ഇതിനകം സർക്കാർ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് ജനങ്ങളുമായി കൂടുതൽ സംവദിക്കുന്നതിനും സമൂഹത്തിന്റെ ചിന്താഗതികൾ അടുത്തറിയുന്നതിനുമായി എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഔദ്യോഗികമായി പര്യടനം നടത്തി സമസ്ത മേഖലയിലെയും പ്രമുഖ വ്യക്തികളുമായുള്ള ജില്ലാതല കൂടിക്കാഴ്ചയും മണ്ഡലം കേന്ദ്രീകരിച്ച് ബഹുജന സദസ്സും നടത്തുകയും ഇതിലൂടെ പൊതുജനങ്ങളുമായി സംവദിക്കുകായെന്നതാണ് നവ കേരള സദസ്സിന്റെ ഉദ്ദേശ്യ ലക്ഷ്യം.

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ എന്നാണ് നവകേരള സദസ്സ് നടത്തിയതെന്നും പ്രസ്തുത സദസ്സിൽ എത്ര പരാതികളും അപേക്ഷകളുമാണ് വിവിധ വിഷയങ്ങളിന്മേൽ ലഭിച്ചതെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

07-12-2023-നാണ് അങ്കമാലി നിയോജകമണ്ഡലത്തിൽ നവകേരള സദസ്സ് നടത്തിയത്. പ്രസ്തുത സദസ്സിൽ 3179 പരാതികളും/അപേക്ഷകളുമാണ് ലഭിച്ചത്. ആയതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത അപേക്ഷകളിൽ നാളിതുവരെ തീർപ്പാക്കിയ പരാതികളിലെയും അപേക്ഷകളിലെയും ഗുണഭോക്താക്കളുടെ പട്ടികയും സംക്ഷിപ്ത വിവരവും വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

ഇത്തരം വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. പരാതിയുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ നിവേദകർക്ക് app.navakeralasadas.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നവകേരള സദസ്സ് അങ്കമാലിയിൽ സംഘടിപ്പിച്ചതിന് സ്റ്റേജ്, ഭക്ഷണം, വാഹനം, യാത്രാബത്ത, അലങ്കാരം, പരസ്യം എന്നീ ഇനങ്ങളിൽ ചെലവായ തുകയുടെ കണക്ക് ലഭ്യമാണോ; എങ്കിൽ തുകയുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ; ഈ തുക സർക്കാർ ഖജനാവിൽ നിന്നും നൽകിയതാണോയെന്ന് അറിയിക്കാമോ; മറ്റ് വിധത്തിൽ കണ്ടെത്തിയതാണെങ്കിൽ ആരിൽ നിന്നെല്ലാമാണെന്നും പണം പിരിക്കുന്നതിനും ചെലവാക്കുന്നതിനുമുള്ള ചുമതല ആർക്കായിരുന്നുവെന്നും വ്യക്തമാക്കാമോ?

നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തിയത് അതാത് മണ്ഡലം സംഘാടക സമിതികളാണ്.

**സർക്കാർ വകുപ്പുകളിലെ തസ്തിക സൃഷ്ടിക്കൽ**

11(17) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും വിവിധ സർക്കാർ വകുപ്പുകളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് 28,463 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

വകുപ്പുതിരിച്ചുള്ള വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**റിട്ടയർ ചെയ്ത ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥരുടെ പുനർനിയമനം**

12(18) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും റിട്ടയർ ചെയ്ത എത്ര ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർക്ക് സർക്കാർ വിവിധ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്; ഇവർ ആരെല്ലാമാണെന്നും ഏതെല്ലാം തസ്തികയിലാണ് നിയമനം നൽകിയിട്ടുള്ളത് എന്നും വിശദമാക്കുമോ;

(ബി) നിയമനം നൽകിയ തസ്തികകളിൽ ഇവർക്ക് നൽകുന്ന ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**നവകേരള സദസ്സിന്റെ വിലയിരുത്തൽ**

13(19) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരിത്രത്തിൽ പുതിയ മുന്നേറ്റമായി മാറിയ നവകേരള സദസ്സിന്റെ ജനകീയ മുന്നേറ്റം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര ലക്ഷം ജനങ്ങളാണ് നവകേരള സദസ്സിൽ പങ്കാളികളായതെന്ന് സർക്കാർ വിശദമാക്കുമോ?

(എ & ബി) നവകേരള സദസ്സിലാകെ വൻ ജനപങ്കാളിത്തമാണ് ഉണ്ടായത്. ഓരോ സദസ്സിലും സ്ത്രീകളുടെയും കുട്ടികളുടെയും യുവജനങ്ങളുടെയും നല്ല പങ്കാളിത്തമാണ് ഉണ്ടായിരുന്നത്. ഏതാണ്ട് 23 ലക്ഷത്തോളം ജനങ്ങളുമായി നേരിട്ട് സംവദിക്കാൻ ഈ യാത്രയ്ക്ക് കഴിഞ്ഞു. സമൂഹമാധ്യമങ്ങളിലും വാർത്താ മാധ്യമങ്ങളിലും മറ്റുമായി ലക്ഷക്കണക്കിന് ജനങ്ങൾ സദസ്സ് വീക്ഷിച്ചു. ഇപ്രകാരം സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനങ്ങളുമായി സംവദിച്ചതിലൂടെ നവകേരള സദസ്സ് ജനകീയ മുന്നേറ്റമായി മാറി.

(സി) നവകേരള സദസ്സിൽ പൊതുജനങ്ങളിൽ നിന്നും എത്ര പരാതികളാണ് ലഭിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ ലഭിച്ചിട്ടുള്ള പരാതികൾ തീർപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

(സി & ഡി) 6,42,076 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ

പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന-ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ നടപടി സ്വീകരിക്കും. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കേരളീയം 2023 -ന്റെ ലക്ഷ്യപ്രാപ്തി**

14(20) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. മുകേഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത 25 വർഷത്തിനുള്ളിൽ വികസിത രാജ്യങ്ങളുടെ ജീവിത നിലവാരത്തിലേക്ക് കേരളത്തെ എത്തിക്കുക എന്ന ലക്ഷ്യത്തിന് ഊർജ്ജം

പകരാൻ കേരളീയം 2023-ന് കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നാലാം വ്യാവസായിക വിപ്ലവവും, നിർമ്മിതബുദ്ധിയും, മെഷീൻ ലേണിങ്ങുമെല്ലാം ലോകത്തിന്റെ ചിന്താഘടനയെത്തന്നെ മാറ്റിമറിക്കുന്ന ഈ സാഹചര്യത്തിൽ കേരളം ഒരു വൈജ്ഞാനിക നൂതനത്വ സമൂഹമായി പരിണമിക്കുന്നതിന്റെ സവിശേഷതകൾ കേരളീയത്തിൽ പ്രതിഫലിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സംസ്ഥാനത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്നതിന് ഉതകുന്ന തരത്തിലും കുറ്റമറ്റ നിലയിലും കേരളീയം-2023 സംഘടിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന സാങ്കേതിക വിദ്യാരംഗത്തും അടിസ്ഥാന സൗകര്യവികസനത്തിലുമെല്ലാം കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനായാണ് കേരളീയം എന്ന സവിശേഷ പരിപാടിക്ക്

രൂപം നൽകിയത്. അതിന്റെ ആദ്യ പതിപ്പാണ് 2023 നവംബറിൽ സംഘടിപ്പിച്ചത്.

ലോകം ചർച്ച ചെയ്ത കേരള മാതൃക, സംസ്ഥാനത്തിന്റെ ഭാവി ആവശ്യങ്ങൾ, ഭാവി കേരളം എങ്ങനെയായിരിക്കണമെന്ന ആലോചനകൾ, കേരളത്തെ അതിന്റെ സാംസ്കാരികവും തൻമയ ഭാവത്തോടും കൂടി അവതരിപ്പിക്കുന്ന വികസന സാംസ്കാരിക മഹോത്സവമായി കേരളീയം മാറി. നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ, വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ, മുന്നോട്ടുള്ള സാധ്യതകൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള സംവാദങ്ങൾ കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. നൊബേൽ ജേതാവ് പ്രൊഫ. (ഡോ.) അമർത്യസെൻ ഉൾപ്പെടെയുള്ള പ്രശസ്തർ കേരളീയത്തിന്റെ ഭാഗമായി 5 പ്രധാന വേദികളിലായി 25 സെമിനാറുകൾ സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ മേഖലകളിലെ പുരോഗതി ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ദർ സെമിനാറുകളിൽ പങ്കെടുത്തു. 220 പ്രഭാഷകർ വിഷയാവതരണം നടത്തി.

ഇതിൽ 181 പേർ നേരിട്ടും 22 പേർ ഓൺലൈനായും 17 പേർ പ്രീ-റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുകളിലുമായി 30839 പേർ പങ്കെടുത്തു. സെമിനാറുകളിൽ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും നവകേരള നിർമ്മിതിക്കുള്ള മാർഗ്ഗരേഖകളായി മാറും. സെമിനാറുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

കേരളത്തിന്റെ തനതുവിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേളകൾ, സാംസ്കാരികോത്സവം, പുഷ്പ മേള, ട്രേഡ് ഫെയർ, ചലച്ചിത്രോത്സവം, വൈദ്യുത ദീപാലങ്കാരം എന്നിവയും സാംസ്കാരിക പൈതൃകം, കാർഷിക വ്യാവസായിക പുരോഗതി, നൂതന സാങ്കേതിക വിദ്യാരംഗത്തെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രദർശനങ്ങളും ഇതിന്റെ ഭാഗമായിരുന്നു. ഉദ്ഘാടന സമ്മേളനത്തിലും സമാപന സമ്മേളനത്തിലുമായി 40000 ത്തോളം പേരും 7 ദിവസത്തെ വിവിധ പരിപാടികളിലായി ലക്ഷക്കണക്കിന് ആളുകളും പങ്കെടുത്തു.

നമ്മുടെ വികസന മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുന്നതോടൊപ്പം ലോക വൈജ്ഞാനിക മേഖലയിൽ നിന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ ആശയങ്ങൾ സ്വാംശീകരിക്കാനും എല്ലാ വർഷവും കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന കേരളീയം പരിപാടി സഹായകമാകും. ഓരോ വിഭാഗത്തിലുമുള്ള പരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി 20 ഓളം സബ്കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. സ്പോൺസർഷിപ്പ് ഉൾപ്പെടെ പ്രാദേശിക സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് കേരളീയം പരിപാടി സംഘടിപ്പിച്ചത്.

(ഡി) കേരളീയം ഒരു തുടർ പദ്ധതിയായി വരും വർഷങ്ങളിലും നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കേരളീയം 2024-നായി ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗസ്ഥ തലത്തിൽ ഒരു ഓർഗനൈസിംഗ് കമ്മിറ്റിയും ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്.

**നവകേരള സദസ്സിന്റെ വരവ്- ചെലവുകൾ**

15(23) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നവ കേരള സദസ്സ് സംഘടിപ്പിച്ചത് സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ നിയമസഭാ മണ്ഡലം അടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കുമോ?

അതത് നിയമസഭാ മണ്ഡലങ്ങളിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയാണ് പരിപാടിയുടെ നടത്തിപ്പിനുള്ള ഫണ്ട് കണ്ടെത്തിയത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

**അരുവിക്കര നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ്**

16(26) ശ്രീ ജി സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ കേരള സദസ്സുമായി ബന്ധപ്പെട്ട് അരുവിക്കര നിയോജകമണ്ഡലത്തിൽ നിന്നും എത്ര പരാതികൾ ലഭിച്ചുവെന്ന വിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പരാതികളിൽ നാളിതുവരെ എത്രയെണ്ണം തീർപ്പാക്കി എന്ന വിവരം അറിയിക്കാമോ?

(എ&ബി) പരാതികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമല്ല. ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ പരാതികൾ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അന്തിമ തീരുമാനം കൈക്കൊള്ളണമെന്നും നിവേദകർക്ക് വിശദമായ മറുപടി നൽകി വിവരം ഓൺലൈൻ പോർട്ടലിൽ അപ് ലോഡ് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ നടപടിക്രമങ്ങളും കൂടുതൽ സമയവും ആവശ്യമുള്ള പരാതികൾ പരമാവധി 4 ആഴ്ചയ്ക്കകം തീർപ്പാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ നിവേദകന് ഇടക്കാല മറുപടി നൽകുന്നുണ്ട്.

നിവേദനങ്ങൾ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം നിവേദനങ്ങളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം

ആവശ്യമായിവരും. ഇതിനുപുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ ധാരാളം അപേക്ഷകളും ഉണ്ട്. ആവശ്യമായ രേഖകൾ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ കഴിയൂ.

തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്.

**കേരളീയം പരിപാടിയുടെ വരവ് -ചെലവ് കണക്കുകൾ**

17(28) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളീയം പരിപാടിക്ക് സ്പോൺസർഷിപ്പ് സ്വീകരിച്ചതിൽ ഉൾപ്പെടെ ആക്ഷേപങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിൽ പ്രസ്തുത പരിപാടിയുടെ മുഴുവൻ വരവ് ചെലവ് കണക്കുകളുടെയും വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ?

ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആഡിറ്റ് ചെയ്ത കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ തയ്യാറാക്കുന്നതാണ്.

**നവകേരള സദസ്സിൽ ലഭിച്ച പരാതികളുടെ തീർപ്പാക്കൽ**

18(29) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ വിവിധ മണ്ഡലങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകളും പരാതികളും നിവേദനങ്ങളും തീർപ്പാക്കുന്നതിനായി ആവിഷ്കരിച്ച കർമ്മപദ്ധതി വിശദമാക്കുമോ;

നവകേരള സദസ്സിൽ ലഭിച്ച പരാതികളും നിവേദനങ്ങളും യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന-ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പ് കൽപിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ നടപടി സ്വീകരിക്കും. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ

ജില്ലയിലെയും പരാതി പരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്

(ബി) പ്രഭാതയോഗത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളും നൽകിയിട്ടുള്ള അപേക്ഷകളും എങ്ങനെ തീർപ്പുകൽപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിക്കുന്നതുൾപ്പെടെ പ്രഭാത യോഗങ്ങളിൽ ലഭിച്ച വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും ആശയങ്ങളും വകുപ്പുതലത്തിൽ തരംതിരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. ഇതിനുശേഷം മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ഇതിന്മേൽ കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**കേരളീയം പരിപാടിയുടെ ചെലവുകൾ**

19(30) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയം പരിപാടിക്കായി സർക്കാർ തലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നുമാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സ്പോൺസർഷിപ്പിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളീയം പരിപാടിയുടെ കണക്കുകൾ സംബന്ധിച്ച് വെളിപ്പെടുത്തൽ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(എ - ഡി) സ്പോൺസർഷിപ്പ് ഉൾപ്പെടെയുള്ള തുക വിനിയോഗിച്ചാണ് കേരളീയം പരിപാടി സംഘടിപ്പിച്ചത്. ടൂറിസം വകുപ്പിന്റെ 3452-80-104-99 -പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പരിപോഷണവും (പ്ലാൻ) എന്ന ഹെഡിൽ നിന്നുള്ള തുകയും

ഇതിനായി വിനിയോഗിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പ് തുക ഇനിയും ലഭിക്കാനുള്ളതിനാൽ അന്തിമ കണക്ക് ലഭ്യമായിട്ടില്ല.

(ഇ) പ്രസ്തുത പരിപാടിയുടെ ആവശ്യത്തിലേക്കായി ഏതെങ്കിലും തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നവകേരള സദസ്സിന്റെ വരവ് ചെലവ് കണക്കുകൾ**

20(32) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സ് പരിപാടികൾക്കായി എത്ര തുക സമാഹരിച്ചു എന്നും എത്ര തുക ചെലവഴിച്ചു എന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിപാടികളുടെ ചെലവിലേക്കായി എങ്ങനെയാണ് പണം കണ്ടെത്തിയതെന്ന് വിശദമാക്കുമോ;

(സി) നവകേരള സദസ്സ് പരിപാടികൾക്കായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) തിരൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി എത്ര തുക സമാഹരിച്ചു എന്നും എത്ര തുക ചെലവായി എന്നും വ്യക്തമാക്കുമോ?

(എ–ഡി) അതത് നിയമസഭാ മണ്ഡലങ്ങളിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയാണ് പരിപാടിയുടെ നടത്തിപ്പിനുള്ള ഫണ്ട് കണ്ടെത്തിയത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

**നവകേരള സദസ്സിന്റെ തുടർനടപടികൾ**

21(33) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നവകേരള സദസ്സിൽ ലഭിച്ച നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനുള്ള എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ?

മണ്ഡലം അടിസ്ഥാനത്തിൽ സംഘടിപ്പിച്ച പ്രഭാതയോഗങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമസ്ത മേഖലകളിലെയും പ്രമുഖരുമായി ആശയവിനിമയം നടത്തി. സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിക്കുന്നത്

ഉൾപ്പെടെ പ്രഭാത യോഗങ്ങളിൽ ലഭിച്ച വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും ആശയങ്ങളും വകുപ്പുതലത്തിൽ തരംതിരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. ഇതിനുശേഷം മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഇതിന്മേൽ കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**അരൂർ മണ്ഡലത്തിലെ നവകേരള സദസ്സ്**

22(34) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ അരൂർ മണ്ഡലത്തിൽ നിന്നും എത്ര പരാതികൾ ലഭിച്ചുവെന്നും അതിൽ എത്ര പരാതികൾ തീർപ്പാക്കിയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി മണ്ഡല തലത്തിൽ പ്രത്യേക പോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ പരാതികളുടെ നിലവിലെ സ്ഥിതി എം.എൽ.എ.മാർക്ക് അറിയുന്നതിനായി ജില്ലാ തലത്തിലോ താലൂക്ക് തലത്തിലോ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) നവകേരള സദസ്സിൽ അരൂർ മണ്ഡലത്തിൽ നിന്നും 6962 പരാതികൾ ലഭ്യമായിട്ടുണ്ട്. പരാതികളുടെ നിലവിലെ സ്ഥിതി www.navakeralasadas.kerala.gov.in എന്ന ഓൺലൈൻ പോർട്ടലിൽ ലഭ്യമാണ്.

**കേരള നോളജ് എക്കണോമി മിഷന്റെ നേതൃത്വത്തിൽ നൈപുണ്യ പരിശീലനം**

23(35) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കേരള നോളജ് എക്കണോമി മിഷന്റെ നേതൃത്വത്തിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

കേരള നോളജ് എക്കോണമി മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ല അടിസ്ഥാനമാക്കി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതിൽ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നൈപുണ്യ പരിശീലനവും നൈപുണ്യ പരിശീലനത്തിന്റെ ആവശ്യകതയും ഉദ്യോഗാർത്ഥികളിലേക്കും പൊതുജനങ്ങളിലേക്കും കൂടുതലായി എത്തിക്കുന്നതിനായി, 25-11-2023-ന് തിരുവനന്തപുരം ജില്ലാ സ്കിൽ ഫെയർ നടത്തി. എഴുന്നൂറോളം ഉദ്യോഗാർത്ഥികൾ സ്കിൽ ഫെയറിൽ പങ്കെടുക്കുകയും അവരുടെ താല്പര്യമുള്ള വിവിധ നൈപുണ്യ പരിശീലന കോഴ്സുകളിലേക്ക് രജിസ്ട്രേഷൻ നൽകുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിലെ കോളേജുകളെ കേന്ദ്രീകരിച്ചും സ്കിൽ ഫെയറുകൾ നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

2. സമാന താല്പര്യങ്ങളും ലക്ഷ്യങ്ങളുമുള്ള ഒരു കൂട്ടം വിദ്യാർത്ഥികൾ, അവരുടെ പഠനാനുഭവങ്ങളും പഠന താൽപര്യങ്ങളും പരസ്പരം പങ്കുവയ്ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കോളേജുകളിൽ സൃഷ്ടിക്കപ്പെടുന്ന ചെറിയ ഗ്രൂപ്പുകളാണ് ലേർണിംഗ് സർക്കിളുകൾ. തിരുവനന്തപുരം ജില്ലയിലെ 17 കോളേജുകളിൽ നിന്നായി 648 കുട്ടികൾക്ക് ഈ പദ്ധതി വഴി പരിശീലനം നൽകി. ഡ്രോൺ ആൻഡ് അലൈഡ് ടെക്നോളജിയിൽ അഞ്ചു ദിന ബൂട്ട് ക്യാമ്പ് തിരുവനന്തപുരം മാർ ബസേലിയോസ്, നാലാഞ്ചിറ വെച്ച് സംഘടിപ്പിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യാപകമായി സ്കിൽ ഗ്യാപ്പ് അസെസ്സ്മെന്റ് നടപ്പിലാക്കി വരുന്നു. 18 വയസ്സ് മുതൽ 35 വയസ്സ് വരെ പ്ലസ് ടു അടിസ്ഥാന വിദ്യാഭ്യാസമുള്ള ഏതൊരു വ്യക്തിക്കും ഈ ടെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്. ഉദ്യോഗാർത്ഥിയുടെ നൈപുണ്യ വിടവ് മനസ്സിലാക്കുകയും അവർക്ക് അനുയോജ്യമായ സ്കിൽ കോഴ്സ് നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.

4. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്കില്ലിങ് കേന്ദ്രങ്ങളായി മാറ്റുന്നതു സംബന്ധിച്ച് വിവിധ സ്ഥാപനങ്ങളുമായുള്ള ചർച്ചകൾ നടന്നു വരുന്നു. അതിനായി വൺ കോൺസ്റ്റിറ്റ്യൂവൻസി വൺ ഇൻസ്റ്റിറ്റ്യൂഷൻ എന്ന പദ്ധതി തുടങ്ങുകയും നിലവിൽ 132 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതുവരെ അപ്ലിക്കേഷൻ നൽകിയിട്ടുമുണ്ട്.

5. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള തൊഴിലന്വേഷകർക്ക് വേണ്ടിയുള്ള പ്രത്യേക നൈപുണ്യ പരിശീലനത്തിലൂടെ ജോലി നൽകുന്നതുമായി ബന്ധപ്പെട്ട് 'തൊഴിൽ തീരം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

6. SC/ST ഡിപ്പാർട്ടുമെന്റുമായി സംയോജിച്ച് പാർശ്വവല്കൃത വിഭാഗത്തിൽപ്പെട്ട തൊഴിലന്വേഷകർക്ക് പ്രത്യേക നൈപുണ്യ പരിശീലനത്തിലൂടെ ജോലി നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

7. കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്കുവേണ്ടി നൈപുണ്യ പരിശീലനത്തിലൂടെ ജോലി നൽകുന്നതുമായി ബന്ധപ്പെട്ട് 'തൊഴിലരങ്ങത്തേക്ക് ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഒരു ജില്ല ഒരു ആശയം പദ്ധതി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകാമോ?

'ഒരു ജില്ല ഒരു ആശയം' പദ്ധതി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ടി പദ്ധതിയിൽ ഒൻപത് ക്ലസ്റ്ററുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഒരേതരം ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന എം.എസ്.എം.ഇ. കളെ കോർത്തിണക്കിയാണ് ക്ലസ്റ്ററുകൾ രൂപപ്പെടുത്തിയിരിക്കുന്നത്.

1.കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ് ക്ലസ്റ്റർ, കോവളം

2.കോട്ടുകാൽ വില്ലേജ് കൈത്തറി, കാഞ്ഞിരംകുളം

3.ബാലരാമപുരം കൈത്തറി ക്ലസ്റ്റർ-2 (ബാലരാമപുരം വനിത), പള്ളിച്ചൽ

4.ബാലരാമപുരം ഇക്കോടെക്സ് കൈത്തറി, ധനുവച്ചപുരം

5.തിരുവനന്തപുരം എംബ്രോയ്ഡറി സൊസൈറ്റി, പ്ലാമൂട്ടുക്കട

6.കയർ ക്ലസ്റ്റർ തിരുവനന്തപുരം, നെയ്യാറ്റിൻകര

7.ബാലരാമപുരം കൈത്തറി ക്ലസ്റ്റർ-1, പള്ളിച്ചൽ

8.തിരുവനന്തപുരം പപ്പട് ക്ലസ്റ്റർ, വഞ്ചിയൂർ

9.Reed & Bamboo ഉൽപ്പന്നങ്ങൾ, വെളിയന്നൂർ

പ്രസ്തുത ക്ലസ്റ്ററുകളുടെ നിലവിലെ സാഹചര്യങ്ങൾ പഠിച്ച് ഈ ക്ലസ്റ്ററുകളുടെ ക്രമാതീതമായുള്ള വളർച്ചയ്ക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി മെന്റർ ഇൻസ്റ്റിറ്റ്യൂഷൻസിനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത മെന്ററിങ് സ്ഥാപനങ്ങളുടെ സഹായത്തോടെ ഉയർന്ന തൊഴിൽ ലഭ്യതയ്ക്കും ഉല്പന്നത്തിന്റെ മൂല്യവർദ്ധനവിനും ഉതകുന്ന തരത്തിലുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള സഹായം ഉറപ്പു വരുത്തി. ഇത്തരത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാനുകളുടെ ഇവാല്യുവേഷൻ പ്രക്രിയ Entrepreneurship Development Institute of India (EDII), Ahemedabad ന്റെ സഹായത്തോടുകൂടി നടപ്പിലാക്കി.

ഇന്നോവേഷൻ പ്ലാനിനെ അടിസ്ഥാനമാക്കി EDII നടത്തിയ മൂല്യനിർണയത്തിൽ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ് ക്ലസ്റ്റർ, (കോവളം) കോട്ടുകാൽ വില്ലേജ് കൈത്തറി, ബാലരാമപുരം കൈത്തറി ക്ലസ്റ്റർ-2 (പള്ളിച്ചൽ), ബാലരാമപുരം ഇക്കോ ടെക്സ് കൈത്തറി എന്നീ ക്ലസ്റ്ററുകൾ അടുത്ത ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

24(36) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

മാനന്തവാടി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള തവിഞ്ഞാൽ പഞ്ചായത്തിലെ 41-ാം മൈൽ പാലം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) മേൽ പ്രവൃത്തികളിൽ 100% പൂർത്തിയാക്കിയ പ്രവൃത്തികളുടെ പേര് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനന്തവാടി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**തീരദേശപരിപാലന പ്ലാൻ**

25(37) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശപരിപാലന പ്ലാൻ കേന്ദ്ര കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

CRZ വിജ്ഞാപനം 2019-ന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ (CZMP) തയ്യാറാക്കുന്നതിന്റെ ഭാഗമായി 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചു. പബ്ലിക് ഹിയറിംഗിന്റെ ഭാഗമായി ലഭിച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പൂർണ്ണമായും പരിശോധിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ

ടെക്നിക്കൽ സ്കൂട്ടിനി കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി**

26(38) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്രസാങ്കേതിക വകുപ്പിന് കീഴിലുള്ള കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വർഷങ്ങളായി താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

പരിഗണനയിലില്ല.

(ബി) കെ.എഫ്.ആർ.ഐ.യുടെ തൃശ്ശൂർ, പീച്ചി, പുലിക്കണ്ണി, നിലമ്പൂർ എന്നിവിടങ്ങളിലെ ഓഫീസുകൾക്ക് കീഴിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും അവർക്ക് ന്യായമായ ശമ്പള വർദ്ധനവ്, മറ്റ് മെഡിക്കൽ ഇൻഷ്വറൻസ്, പി.എഫ്.

ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ ശമ്പള വർദ്ധനവ്, മറ്റ് മെഡിക്കൽ ഇൻഷ്വറൻസ്, പി.എഫ്. ആനുകൂല്യങ്ങൾ എന്നിവ ധനകാര്യ വകുപ്പിന്റെ നിലവിലുള്ള സർക്കുലറുകളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മറ്റു ഗവേഷണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതുപോലെ തന്നെ കേരള വനഗവേഷണ സ്ഥാപനത്തിലും നടപ്പിലാക്കി വരുന്നു.

**തുരുത്തുകളും ബണ്ടുകളും വേലിയേറ്റ രേഖയായി പുനർനിർവ്വചിച്ചുകൊണ്ടുള്ള ഭേദഗതി**

27(39) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-ന് മുമ്പ് സ്ഥാപിക്കപ്പെട്ട തുരുത്തുകളും ബണ്ടുകളും വേലിയേറ്റ രേഖയായി പുനർനിർവ്വചിച്ചുകൊണ്ട് നിലവിലിരിക്കുന്ന 2011-ലെ സി.ആർ.ഇസഡ് വിജ്ഞാപനത്തിലെയും 2019-ലെ പുതിയ

വിജ്ഞാപനത്തിലെയും 26-11-2021-ലെ S.O.4886(E) ഭേദഗതിയിലെയും ഇളവുകൾ ഉൾപ്പെടുത്തിയിട്ടുള്ള കരട് മാപ്പിലെ ആക്ഷേപങ്ങൾ പരിഹരിച്ച് കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അനുമതിക്കായി ഇനിയുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(എ &ബി) CRZ വിജ്ഞാപനം 2019-ന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ (CZMP) തയ്യാറാക്കുന്നതിന്റെ ഭാഗമായി 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചു. ലഭിച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പൂർണ്ണമായും പരിശോധിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്കൂട്ടിനി മുൻപാകെ സമർപ്പിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. ഈ നടപടികൾ പൂർത്തിയായതിനുശേഷം കരട് മാപ്പ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി 2024 ഫെബ്രുവരി അവസാനത്തോടു കൂടി

സമർപ്പിക്കത്തക്ക രീതിയിലാണ് തീരദേശ പരിപാലന പ്ലാനിന്റെ തയ്യാറാക്കൽ പുരോഗമിക്കുന്നത്.

CRZ 2 കാറ്റഗറിയായി മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ള 175 തീരദേശ ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർത്തിരിക്കുന്നു, കാറ്റഗറിയിൽ ഉൾപ്പെടുത്താമെന്ന് കേന്ദ്ര വനം പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുള്ള 66 ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) പുതിയ മാപ്പ് ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാനിനോടൊപ്പമാണോ സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP) തയ്യാറാക്കുന്നതിനായി നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരികയാണ്. ഈ മാപ്പ് 12 മാസത്തിനുള്ളിൽ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് NCSCM അറിയിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിൽ നിന്നും ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കി ലഭിക്കുന്നതിനനുസരിച്ചായിരിക്കും കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

(ഡി) പുതിയ മാപ്പും ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാനും കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടില്ലെങ്കിൽ അതിന് ഇനി എത്രനാൾ കൂടി വേണ്ടിവരുമെന്ന് വിശദമാക്കാമോ;

ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP) തയ്യാറാക്കുന്നതിനായി നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരികയാണ്. ഈ മാപ്പ് 12 മാസത്തിനുള്ളിൽ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് NCSCM അറിയിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിൽ നിന്നും ഇന്റഗ്രേറ്റഡ് ഐലൻഡ് മാനേജ്മെന്റ് പ്ലാൻ (IIMP) പൂർത്തിയാക്കി ലഭിക്കുന്നതിനനുസരിച്ചായിരിക്കും കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

(ഇ) 2019-ലെ വിജ്ഞാപനത്തിലെയും 26-11-2021-ലെ ഭേദഗതിയിലെയും നിർണ്ണായകമായ ഇളവുകൾ ലഭിക്കാൻ കാലതാമസം

നേരിടുന്നുവെങ്കിൽ നിലവിലെ 2011-ന് അനുബന്ധമായി 01-05-2020-ൽ പ്രസിദ്ധീകരിച്ച S.O.1422(E) ഭേദഗതിയിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം ദ്വീപുകളുടെയും ബണ്ടുകളുടെയും ലൈനിൽ വേലിയേറ്റ രേഖ കണക്കാക്കി തീരദേശവാസികളുടെ കെട്ടിടനിർമ്മാണത്തിന് അനുമതിയ്ക്കായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(എഫ്) ലൈഫ് ഭവന പദ്ധതിയിൽ അർഹരായവർ ഉൾപ്പെടെ പതിനായിരക്കണക്കിന് തീരദേശവാസികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കാനുതകുന്ന 2020 മേയ് 1-ലെ S.O.1422(E) ഭേദഗതി നടപ്പിലാക്കാൻ സാധിക്കാത്തതിന് കാരണം വിശദമാക്കാമോ?

(ഇ&എഫ്) 2019 തീരദേശ പരിപാലന പ്ലാൻ (CZMP) നിലവിൽ വരുന്നതോടുകൂടി S.O. 1422(E) ഭേദഗതിയിലെ ഇളവുകൾ അർഹരായവർക്ക് ലഭിക്കുന്നതാണ്.

**മലിനീകരണ നിയന്ത്രണ ബോർഡിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി**

28(40) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിലെ മലിനീകരണ നിയന്ത്രണ ബോർഡുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ദേശീയ ഹരിത ട്രിബ്യൂണൽ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ജീവനക്കാരുടെ എണ്ണം പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ ഭാഗമായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

മലിനീകരണ നിയന്ത്രണ ബോർഡിൽ 03-10-2016-ലെ സ.ഉ.(കൈ)നം.8/2016/പരി സർക്കാർ ഉത്തരവ് പ്രകാരം 109 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.

| **തസ്തികകൾ** | **എണ്ണം** |
|---|---|
| ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ | 1 |
| എൻവയോൺമെന്റൽ എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 51 |
| അസിസ്റ്റന്റ് സയന്റിസ്റ്റ് | 12 |
| ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് | 8 |
| അസിസ്റ്റന്റ് | 26 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 10 |
| **ആകെ** | **109** |

(ബി) 2023 നവംബറിൽ ദേശീയ ഹരിത ട്രിബ്യൂണൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

സമർപ്പിച്ചിട്ടില്ല.

(സി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനത്തിൽ ഏറ്റവും നിർണായകമായ ലബോറട്ടറി പരിശോധനകൾ നടത്തുന്ന സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ളത്;

നിലവിലുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യുകയും അവ നികത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(ഡി) ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല.

(ഇ) കൂടുതൽ തസ്തിക സൃഷ്ടിക്കലുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രൊപ്പോസലുകൾ ബോർഡിന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഇല്ല.

**മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

29(41) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിൽ എത്ര ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്, സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ നിലവിലുണ്ട്; ഏതൊക്കെ ഓഫീസുകൾ, ലബോറട്ടറികൾ എന്നിവിടങ്ങളിൽ എത്ര തസ്തികകൾ വീതമാണ് നിലവിലുള്ളതെന്നും മേൽപ്പറഞ്ഞ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ

ജീവനക്കാരുടെ എണ്ണം അവസാനമായി നിർണയിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ;

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിൽ 15 സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളും 30 ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളുമാണ് നിലവിലുള്ളത്.

15 സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ 19-12-2022-ലെ സ.ഉ.(സാധാ) നം. 98/2022/പരി നം. ഉത്തരവ് പ്രകാരം ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളായി തരംതാഴ്ത്തുകയും അതേ തുടർന്ന് നിലവിൽ 45 (30+15=45) ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളാണ് നിലവിലുള്ളത്.

ചുവടെ ചേർക്കും പ്രകാരമാണ് മേൽ തസ്തികകളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനുകീഴിലുള്ള കാര്യാലയങ്ങളിൽ നിയമനം നൽകിയിരിക്കുന്നത്.

| കാര്യാലയം | തസ്തികളുടെ എണ്ണം |
|---|---|
| ഹെഡ് ഓഫീസ് | 2 |
| സെൻട്രൽ ലബോറട്ടറി എറണാകുളം | 12 |
| ജില്ലാ ഓഫീസ് തിരുവനന്തപുരം | 2 |

| | |
|---|---|
| ജില്ലാ ഓഫീസ് കൊല്ലം | 2 |
| ജില്ലാ ഓഫീസ് ആലപ്പുഴ | 2 |
| ജില്ലാ ഓഫീസ് പത്തനംതിട്ട | 2 |
| ജില്ലാ ഓഫീസ് എറണാകുളം-2 | 2 |
| ഇ.എസ്.സി. ഏലൂർ | 2 |
| ജില്ലാ ഓഫീസ് കോട്ടയം | 2 |
| ജില്ലാ ഓഫീസ് ഇടുക്കി | 2 |
| ജില്ലാ ഓഫീസ് തൃശ്ശൂർ | 2 |
| ജില്ലാ ഓഫീസ് പാലക്കാട് | 2 |
| ജില്ലാ ഓഫീസ് മലപ്പുറം | 2 |
| റീജിയണൽ ലാബ് കോഴിക്കോട് | 3 |
| ജില്ലാ ഓഫീസ് വയനാട് | 2 |
| ജില്ലാ ഓഫീസ് കണ്ണൂർ | 2 |
| ജില്ലാ ഓഫീസ് കാസർഗോഡ് | 2 |
| **ആകെ** | **45** |

സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ എണ്ണം അവസാനമായി നിർണയിച്ചത് 03-10-2016-ലെ സ.ഉ.(കൈ) നം. 8/2016/പരി നം. ഉത്തരവ് പ്രകാരമാണ്.

(ബി) പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ എണ്ണം കാലാനുസൃതമായി പരിഷ്കരിക്കാത്തതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനത്തിൽ നിർണായകമായ ലബോറട്ടറി പരിശോധനകൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും തന്മൂലം

ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിരിക്കുകയും ചെയ്യുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനാൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ലായെന്ന കാര്യം കൂടി പരിഗണിച്ചുകൊണ്ട് പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ എണ്ണം പരിഷ്കരിച്ച് കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

(ബി&സി) ലബോറട്ടറി പരിശോധനകൾ യഥാസമയം പൂർത്തിയാക്കാനുതകുന്ന വിധമുള്ള നടപടികൾ സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി**

30(42) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്ന സ്ഥാപനം ഗവേഷണ സ്ഥാപനമായി മാറ്റുന്നിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുയെന്ന് വിശദമാക്കാമോ;

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ 1,08,000 ചതുരശ്ര അടി വിസ്തൃതിയിൽ 2 കെട്ടിടങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കി (ഫേസ് IA & ഫേസ് IB). ഇതിൽ 80,000 ചതുരശ്ര അടി ഗവേഷണ ലാബുകൾക്കും അനുബന്ധ സൗകര്യങ്ങൾക്കുമായി ഉപയോഗിക്കുന്നു. 14 ബി എസ് എൽ II ലാബുകൾ, അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി, 80-ലധികം വൈറൽ പാരാമീറ്ററുകൾ കണ്ടെത്താൻ ശേഷിയുള്ള അഡ്വാൻസ്ഡ് മോളിക്യുലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റി എന്നിവ പ്രവർത്തിക്കുന്നു. BSL 3

ലബോറട്ടറിയുടെയും മൃഗപരീക്ഷണ ശാലയുടെയും നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാഥമിക ലക്ഷ്യം വിശദീകരിക്കാമോ;

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ:

1. അന്താരാഷ്ട്ര ജൈവ സുരക്ഷയും പാരിസ്ഥിതിക മാർഗനിർദേശങ്ങളും പൂർണ്ണമായും പാലിച്ചുകൊണ്ട് ആധുനിക വൈറോളജിയിൽ അത്യാധുനിക ഗവേഷണങ്ങൾ നടത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക.

2. വൈറോളജിയിൽ ഉന്നതനിലവാരത്തിലുള്ള ഗവേഷണങ്ങൾ നടത്തുന്നതിനും അതിലൂടെ വൈറസ് ജന്യരോഗങ്ങൾക്ക് പ്രതിരോധ വാക്സിനുകളും ആന്റിവൈറൽ മരുന്നുകളും നിർമ്മിക്കുക.

3. മേഖലയിൽ നിലവിലുള്ളതും ഉയർന്നുവരുന്നതുമായ വൈറസ് ജന്യ രോഗങ്ങളെക്കുറിച്ച് സർവ്വേ നടത്തി, ഡാറ്റാ ബേസുകൾ തയ്യാറാക്കുക.

4. ആഗോള തലത്തിൽ വർദ്ധിച്ചു വരുന്ന വൈറസ് ജന്യ രോഗങ്ങളെ നിയന്ത്രിക്കുന്നതിനും ഇല്ലാതാക്കുന്നതിനും പൊതുജനാരോഗ്യം മെച്ചപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

5. വൈറൽ രോഗനിർണയം, പ്രതിരോധം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ പൊതു ജനങ്ങൾക്ക് നല്കുന്നതിനും വൈറസ് ജന്യരോഗങ്ങളുടെ സവിശേഷതകളും തീവ്രതയും നിർവ്വചിക്കാനായി ക്ലിനിക്കൽ, എപ്പിഡെമിയോളജിക്കൽ മേഖലകളിൽ ഗവേഷണം നടത്തുക.

6. വൈറോളജി അടിസ്ഥാനമായ കോഴ്സുകളും പരിശീലനങ്ങളും നടത്തി വൈറോളജി മേഖലയിൽ പ്രവർത്തനത്തിനായി സജ്ജമായ മാനവവിഭവശേഷി ഉറപ്പു വരുത്തുക.

(സി) പേവിഷബാധയ്ക്കുള്ള തദ്ദേശീയ വാക്സിൻ വികസിപ്പിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

ഉണ്ട്; ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പും കേരള വെറ്ററിനറി & അനിമൽ

സയൻസസ് യൂണിവേഴ്സിറ്റിയും ചേർന്ന് Oral Rabies Vaccine പ്രൊജക്റ്റ് ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) ആന്റിബോഡികൾ, വാക്സിനുകൾ, രോഗനിർണ്ണയ കിറ്റുകൾ എന്നിവ വികസിപ്പിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആന്റിബോഡികൾ, വാക്സിനുകൾ രോഗ നിർണ്ണയ കിറ്റുകൾ എന്നിവ വികസിപ്പിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

ക്ലിനിക്കൽ സാമ്പിളുകളിൽ നിന്ന് അജ്ഞാത രോഗകാരികളെ കണ്ടെത്തുന്നതിനുള്ള മെറ്റാജെനോമിക് സീക്വൻസിംഗ് ഫെസിലിറ്റി, വാക്സിൻ ഇമ്മ്യൂൺ സ്റ്റഡീസിനും സീറോ സർവൈലൻസ് സ്റ്റഡീസിനും വേണ്ടിയുള്ള വൈറൽ ബയോ അസ്സെ ഫെസിലിറ്റി, റീകോമ്പിനന്റ് ഹ്യൂമൻ മോണോക്ലോണൽ ആന്റി ബോഡികൾ (mAbs) ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫേജ് ഡിസ്പ്ലേ സ്ക്രീനിംഗ് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി ബാക്ടീരിയോ ഫേജ് ലാബ്, എന്നിവ ഇതിൽ ചിലതാണ്. കൂടാതെ പ്രൈവറ്റ്

കമ്പനികളുമായി സഹകരിച്ച participatory R&D പ്രോഗ്രാം, സ്റ്റാർട്ട് ആപ്പ്-നു വേണ്ടിയുള്ള Innovation and Translation Facilitation Centre (ITFC) എന്നീ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

**ഫോറൻസിക് ലാബുകൾ**

31(43) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ഫോറൻസിക് ലാബുകൾ സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

സംസ്ഥാനത്ത് നിലവിൽ 14 ജില്ലാ ഫോറൻസിക്ക് ലബോറട്ടറികളും സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയും മൂന്ന് റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികളും (കൊച്ചി, തൃശ്ശൂർ, കണ്ണൂർ) പ്രവർത്തിച്ച വരുന്ന നിലവിലെ സാഹചര്യത്തിൽ പുതിയ ലാബുകൾ സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) നിലവിൽ എറണാകുളം ഫോറൻസിക് ലാബിൽ നിന്നും റിപ്പോർട്ടുകൾ ലഭിക്കുന്നതിന് വലിയ കാലതാമസം വരുന്ന

സാഹചര്യത്തിൽ, കൂടുതൽ ലാബുകൾ ആരംഭിക്കുന്നതിനോ നിലവിലുള്ള ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഫോറൻസിക് പരിശോധനയ്ക്കായി ലഭിക്കുന്ന കേസുകൾ പരിശോധിച്ച് കാലതാമസം കൂടാതെ റിപ്പോർട്ടുകൾ നല്കാറുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി റിപ്പോർട്ടുകൾ നല്കുന്നതിനുമായി 12-01-2024-ലെ സ.ഉ (എം.എസ്.)16/2024/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം 28 സയന്റിഫിക് ഓഫീസർമാരുടെ തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ബയോളജി ഡിവിഷനിൽ 4, കെമിസ്ട്രി ഡിവിഷനിൽ 2, ഡോക്യുമെന്റ്സ് ഡിവിഷനിൽ 3 സയന്റിഫിക്ക് ഓഫീസർമാരുടെ സേവനം ലഭ്യമാകുന്നതാണ്. നിലവിൽ അത്യാധുനിക പരിശോധന ഉപകരണങ്ങളും ലാബുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## പി.എസ്.സി. വഴിയുള്ള നിയമനം

32(44) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023 വരെ പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നിയമന ശിപാർശകളുടെ എണ്ണം |
|---|---|
| 2016 | 26,141 |
| 2017 | 35,911 |
| 2018 | 28,025 |
| 2019 | 35,422 |
| 2020 | 25,914 |
| 2021 | 26,724 |
| 2022 | 22,393 |
| 2023 | 34,110 |

(ബി) 2016-ലെ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഇതുവരെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള പുതിയ തസ്തികകൾ എത്രയാണെന്ന് വകുപ്പ്, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമായി 30,000-ത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വകുപ്പ്, വർഷം തിരിച്ചുള്ള വിവരം ക്രോഡീകരിച്ചിട്ടില്ല.

(സി) 2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ ഭരണ കാലത്ത് നടത്തിയ പി.എസ്.സി. നിയമനങ്ങളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ;

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നിയമന ശിപാർശകളുടെ എണ്ണം |
|---|---|
| 2011 | 20,196 |
| 2012 | 28,409 |
| 2013 | 39,183 |
| 2014 | 27,178 |
| 2015 | 29,089 |
| 2016 | 11,283 |

(ഡി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ എണ്ണം എത്രയാണെന്ന് വകുപ്പ്, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

**സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ സയന്റിഫിക് അസിസ്റ്റന്റ് തസ്തിക ഒഴിവുകൾ**

33(45) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായി എത്ര ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ബോർഡിൽ പ്രസ്തുത തസ്തികയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ 45 ഒഴിവുകളാണുള്ളത്. ടി ഒഴിവുകൾ പൂർണ്ണമായും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ കൂടി ഡൗൺ ഗ്രേഡ് ചെയ്ത് ജെ.എസ്.എ. തസ്തികയിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകളാണ് ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

15 സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ, ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയായി തരംതാഴ്ത്തി ആയവ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) റിപ്പോർട്ട് ചെയ്യാത്ത ഏതെങ്കിലും ഒഴിവുകൾ മേൽപറഞ്ഞ തസ്തികകളിൽ നിലവിൽ അവശേഷിക്കുന്നുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിലവിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; വിശദാംശം നൽകുമോ;

ഇല്ല. ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 22 ജീവനക്കാർ കോൺട്രാക്ട് അടിസ്ഥാനത്തിലും 22 ജീവനക്കാർ ദിവസ വേതനാടിസ്ഥാനത്തിലും സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ഡി) മലിനീകരണ നിയന്ത്രണ ബോർഡിനുകീഴിലുള്ള ജില്ലാ ലാബുകളിൽ നിലവിൽ എത്ര ജെ.എസ്.എ. തസ്തികകൾ വീതമാണുള്ളത്; ലബോറട്ടറി പരിശോധനകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ

പ്രസ്തുത സ്റ്റാഫ് സ്ട്രെങ്ത് പര്യാപ്തമാണോ; അല്ലെങ്കിൽ ആയത് പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

മലിനീകരണ നിയന്ത്രണ ബോർഡിനുകീഴിലുള്ള ജില്ലാ ലാബുകളിൽ നിലവിൽ ചുവടെ ചേർക്കും പ്രകാരമാണ് ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ ഉള്ളത്. പ്രസ്തുത സ്റ്റാഫ് സ്ട്രെങ്ത് ലബോറട്ടറി പരിശോധനകൾ സമയബന്ധിതമായി പൂർത്തീകരികരിക്കുവാൻ നിലവിൽ പര്യാപ്തമാണ്.

| കാര്യാലയം | എണ്ണം |
|---|---|
| ഹെഡ് ഓഫീസ് | 2 |
| സെൻട്രൽ ലബോറട്ടറി എറണാകുളം | 12 |
| ജില്ലാ ഓഫീസ് തിരുവനന്തപുരം | 2 |
| ജില്ലാ ഓഫീസ് കൊല്ലം | 2 |
| ജില്ലാ ഓഫീസ് ആലപ്പുഴ | 2 |
| ജില്ലാ ഓഫീസ് പത്തനംതിട്ട | 2 |
| ജില്ലാ ഓഫീസ് എറണാകുളം | 2 |
| ഇ.എസ്.സി. ഏലൂർ | 2 |
| ജില്ലാ ഓഫീസ് കോട്ടയം | 2 |
| ജില്ലാ ഓഫീസ് ഇടുക്കി | 2 |
| ജില്ലാ ഓഫീസ് തൃശ്ശൂർ | 2 |
| ജില്ലാ ഓഫീസ് പാലക്കാട് | 2 |
| ജില്ലാ ഓഫീസ് മലപ്പുറം | 2 |
| റീജിയണൽ ലാബ് കോഴിക്കോട് | 3 |
| ജില്ലാ ഓഫീസ് വയനാട് | 2 |
| ജില്ലാ ഓഫീസ് കണ്ണൂർ | 2 |
| ജില്ലാ ഓഫീസ് കാസർഗോഡ് | 2 |
| **ആകെ** | **45** |

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ വാർഷിക റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2016-17 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ മാത്രമാണ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്.

**പി.എസ്.സി നിയമനങ്ങളുടെ എണ്ണം**

34(46) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; ആയതിന്റെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2023 ഡിസംബർ വരെ 73,372 (എഴുപത്തിമൂവായിരത്തി മുന്നൂറ്റി എഴുപത്തി രണ്ട്) ഉദ്യോഗാർഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

**പി.എസ്.സി. വഴി നിയമനം ലഭിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ**

35(47) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ 1 മുതൽ 2023 ഡിസംബർ 31 വരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരീക്ഷകളിലൂടെ ഏതെല്ലാം വകുപ്പുകളിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

76,514 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം വകുപ്പ് തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

5729 പട്ടികജാതി ഉദ്യോഗാർത്ഥികൾക്കും 3731 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. സംസ്ഥാനതല തെരഞ്ഞെടുപ്പുകളിൽ ഒരേ റാങ്ക് ലിസ്റ്റിൽ നിന്നു തന്നെ വ്യത്യസ്ത വകുപ്പുകളിലേയ്ക്കും ജില്ലകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ

ചെയ്യുന്ന സാഹചര്യങ്ങൾ ഉള്ളതിനാൽ ഒരു നിശ്ചിത കാലയളവിൽ നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചും വകുപ്പ് തിരിച്ചുമുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**പി.എസ്.സി. പരീക്ഷയ്ക്ക് രണ്ട് വർഷത്തെ കൂടുതൽ അവസരം നൽകുന്നതിന് നടപടി**

36(48) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാരണം പി.എസ്.സി. പരീക്ഷ എഴുതാനുള്ള രണ്ട് വർഷത്തെ അവസരം നഷ്ടപ്പെട്ടതായ ഉദ്യോഗാർത്ഥികളുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങൾ അനുവദിച്ചതുപോലെ കേരളത്തിലും ഉദ്യോഗാർത്ഥികൾക്ക് കോവിഡ് കാരണം നഷ്ടപ്പെട്ടുപോയ 2 വർഷത്തെ അവസരം (വൺ ടൈം റിലാക്സേഷൻ) നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ & ബി) പരാതി പരിശോധിച്ചുവരുന്നു.

**കേരള പി.എസ്.സി. വഴിയുള്ള നിയമനം**

37(49) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016-ൽ മുൻ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2023 ഡിസംബർ വരെ കേരള പി.എസ്.സി. വഴി എത്ര ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

2023 ഡിസംബർ വരെ 2,34,640 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**പി.എസ്.സി. വഴി നിയമനം ലഭിച്ച പട്ടികവർഗ്ഗക്കാർ**

38(50) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ 2023 ഡിസംബർ 31 വരെ കേരള പോലീസ്, ഫയർ ഫോഴ്സ്, എക്സൈസ്, വനം വകുപ്പ് എന്നീ വകുപ്പുകളിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച പട്ടികവർഗ്ഗക്കാരുടെ എണ്ണം വ്യക്തമാക്കാമോ;

ആകെ 1468 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ബി) ഇവരിൽ എത്ര പേർ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നേടിയെന്ന് വ്യക്തമാക്കുമോ;

സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 1137 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(സി) ഈ കാലയളവിൽ പി.എസ്.സി. വഴി പ്രസ്തുത വകുപ്പുകളിൽ നിയമനം നേടിയ വയനാട് ജില്ലക്കാരായ പട്ടികവർഗ്ഗക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ജില്ല തിരിച്ചുള്ള വിവരം ക്രോഡീകരിച്ചിട്ടില്ല.

**ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് നിയമനം**

39(51) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ 2023 ഡിസംബറിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്നതിനായി എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത

ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാൽ മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ നിയമന ശിപാർശകൾ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) 45 ഒഴിവുകൾ നിലവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിച്ചിട്ടില്ല. നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാന പോലീസിലെ ഒഴിവുകൾ**

40(52) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ വിവിധ വിഭാഗങ്ങളിലായി സിവിൽ പോലീസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ;

ഏഴ് ബറ്റാലിയനുകളിലായി ആകെ 3703 ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 01-02-2024 വരെ ലഭ്യമാകാവുന്ന ഒഴിവുകൾ കണക്കാക്കി ഫെബ്രുവരി അവസാന ആഴ്ച പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; എങ്കിൽ അവയുടെ കാലാവധി എന്നുവരെയാണെന്നും ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനം നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

കേരള പോലീസ് വകുപ്പിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ

കാലാവധി 12-04-2024 വരെയാണ്. വിവിധ ബറ്റാലിയനുകളിലേക്ക് നടത്തിയ നിയമന ശിപാർശ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബറ്റാലിയൻ | - | അഡ്വൈസ് |
|---|---|---|
| തിരുവനന്തപുരം | - | 528 |
| പത്തനംതിട്ട | - | 687 |
| ഇടുക്കി | - | 382 |
| എറണാകുളം | - | 528 |
| തൃശ്ശൂർ | - | 548 |
| മലപ്പുറം | - | 750 |
| കാസറഗോഡ് | - | 559 |

**സി.പി.ഒ. മാരുടെ കെ.എ.പി.1 റാങ്ക് ലിസ്റ്റ്**

41(53) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 530/2019 വിജ്ഞാപന പ്രകാരം നിലവിൽ വന്ന കേരള പബ്ലിക് സർവീസ് കമ്മിഷന്റെ കെ.എ.പി.1, സി.പി.ഒ.റാങ്ക് ലിസ്റ്റിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ ഏതു റാങ്ക് വരെയുള്ള എത്രപേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടെന്നും ഇതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ച് ട്രെയിനിങ് അറ്റൻഡ് ചെയ്തു വരുന്ന എന്നുമുള്ള വിശദവിവരം നൽകാമോ;

കാറ്റഗറി നമ്പർ 530/2019 വിജ്ഞാപന പ്രകാരം നിലവിൽ വന്ന കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കെ.എ.പി. 1, സി.പി.ഒ. റാങ്ക് ലിസ്റ്റിൽ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടെ ആകെ 1449 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട് (മെയിൻ ലിസ്റ്റ് - 1203, സപ്ലിമെന്ററി ലിസ്റ്റ് - 246). പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 528 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. അഡ്വൈസ് ലഭിച്ചവരിൽ നിന്നും 402 പേർക്ക് ജോലിയിൽ പ്രവേശനം നൽകിയിരുന്നു. നിലവിൽ 379 പേർ പരിശീലനത്തിനായി പ്രവേശിച്ചിട്ടുണ്ട്.

(ബി) ഏതു തീയതി വരെയുള്ള ഒഴിവുകൾ കണക്കാക്കിയാണ് ഇവർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുള്ളതെന്ന കാര്യം വ്യക്തമാക്കാമോ;

11-01-2024 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ നിയമന ശിപാർശ ചെയ്തിട്ടുണ്ട്.

(സി) മേൽ അഡ്വൈസ് നൽകിയതിനുശേഷം പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനായി നിലവിൽ എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ

എത്ര ഒഴിവുകൾ ഉണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

നിയമന ശിപാർശ ചെയ്യപ്പെടുന്നതിനായി എൻ.ജെ.ഡി. ഒഴിവുകളൊന്നും തന്നെ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. 2024 ജൂൺ ഒന്ന് വരെയുണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാൻ വളരെ കുറച്ചുനാളുകൾ മാത്രമേ ഉള്ളൂ എന്ന സാഹചര്യം പരിഗണിച്ചും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികളിൽ ഭൂരിഭാഗം പേരും വീണ്ടും അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞവരാണെന്ന വസ്തുത കണക്കിലെടുത്തും നിലവിലുള്ള ഒഴിവുകൾ കണ്ടെത്തി പരമാവധി പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

നിലവിൽ സാധ്യമായ എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

## വിവിധ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ജീവനക്കാർ

42 (54) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ക്രിമിനൽ കേസ്സിലും വിജിലൻസ് കേസ്സിലും ഉൾപ്പെട്ട എത്ര സർക്കാർ ജീവനക്കാർ ഉണ്ടെന്ന വകുപ്പ് തിരിച്ച അറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദമാക്കാമോ?

(എ & ബി) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ക്രിമിനൽ കേസ്സിലും വിജിലൻസ് കേസിലും ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ വകുപ്പ് തിരിച്ചുള്ള കണക്ക്, പ്രസ്തുത ജീവനക്കാർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടി മുതലായവ ഇതോടൊപ്പം അനുബന്ധമായി+ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

43 (55) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 28,463 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം വകുപ്പുകളിലാണ് പുതിയ തസ്തികകൾ അനുവദിച്ച് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വകുപ്പുതിരിച്ചുള്ള വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

## പി.എസ്.സി. ജീവനക്കാരന്റെ മുഴുവൻ സീനിയോറിറ്റിയും ആനുകൂല്യങ്ങളും നല്കാൻ അടിയന്തര നടപടി

44(56) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനിലെ ജീവനക്കാരനായ ജോൺസൻ ജി-ക്ക് നിയമപരമായി ലഭിക്കാൻ അർഹതയുള്ള മുഴുവൻ

സീനിയോറിറ്റിയും സാമ്പത്തിക ആനുകൂല്യങ്ങളും നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) 2006 മുതൽ 2016 വരെയുള്ള സീനിയോരിറ്റി ഇദ്ദേഹത്തിനു നൽകാത്തത് ഏതു ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ; ഇദ്ദേഹത്തിന് അർഹതപ്പെട്ട 2003 മുതലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നൽകാതെ നോഷണൽ ആക്കാൻ ഏതു ചട്ടപ്രകാരമാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

28-042022-ലെ EST3-3/34872/06/GW നമ്പർ ഉത്തരവ് പ്രകാരം ശ്രീ. ജോൺസൺ ജി-യുടെ 22-10-2003 മുതൽ 18-10-2016 വരെയുള്ള കാലയളവിലെ ടിയാന്റെ സീനിയോറിറ്റി പുനർ നിർണയിച്ച് Notional Promotion അനുവദിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷനിൽ സേവനത്തിലിരിക്കെ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് 25-06-2004-ൽ വിടുതൽ ചെയ്ത ശ്രീ. ജോൺസൺ ജി-യെ 03-04-2013-ൽ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ പുനഃപ്രവേശിപ്പിക്കുകയും 18-10-2016 വരെയുള്ള സീനിയോറിറ്റി

പുനർനിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുന:പ്രവേശിച്ചതിനുശേഷം താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി ഒഴിവ് നിലവിൽ വന്ന ക്രമത്തിൽ ടിയാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 15-10-2016-ലെ EST II(2)43180/2008/GW നമ്പർ ഉത്തരവ് പ്രകാരം 19-10-2016 മുതൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുകയും അതിനു തുടർച്ചയായി ടി കേഡറിലെ ഉദ്യോഗക്കയറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ സർക്കാർ നൽകിയ രണ്ട് ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ; ഇങ്ങനെ വ്യക്തമായി സർക്കാർ ഉത്തരവ് നൽകിയിട്ടും ആയതു നടപ്പാക്കാതെ നീട്ടികൊണ്ട് പോകുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല എന്ന് വ്യക്തമാക്കുമോ;

പൊതുഭരണ വകുപ്പ് നൽകിയ കത്തുകളുടെ പകർപ്പ് ഉള്ളടക്കം+ ചെയ്യുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ജോൺസൻ ജി -ക്ക് മുഴുവൻ സീനിയോറിട്ടിക്കും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്ന് മൂന്ന് കോടതി ഉത്തരവുകൾ ഉണ്ടായിട്ടും അതു നടപ്പാക്കാത്തത് സംബന്ധിച്ച് പി.എസ്.സി. എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ നൽകിയ രണ്ടാമത്തെ ഉത്തരവിനെ തുടർന്ന് എല്ലാ ആനുകൂല്യങ്ങളും നല്കാൻ പി.എസ്.സി സെക്രട്ടറി ഉത്തരവായിട്ടും അത് നല്കാൻ കഴിയില്ലായെന്ന് നോട്ട് എഴുതിയ അസ്സിസ്റ്റന്റിനും സെക്ഷൻ ഓഫീസർക്കുമെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി&ഇ) കോടതി ഉത്തരവുകൾ പ്രകാരം ശ്രീ. ജോൺസൺ ജി-യ്ക്ക് അർഹതപ്പെട്ട സീനിയോറിറ്റി അനുവദിച്ച് നൽകിയിട്ടുണ്ട്.

(എഫ്) ഒൻപതാം നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചോദിച്ച ചോദ്യങ്ങൾക്ക് വസ്തുതാവിരുദ്ധവും വ്യക്തമല്ലാത്തതുമായ ഉത്തരങ്ങൾ നൽകിയ പി.എസ്.സി.-യിലെ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന പി.എസ്.സി.-യിലെ ഉദ്യോഗസ്ഥർക്കെതിരെ പി.എസ്.സി. നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എഫ് & ജി) പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ചോദ്യത്തിനുള്ള മറുപടി ലഭ്യമാക്കിയത്. മറുപടിയിൽ വസ്തുതാവിരുദ്ധമായ വിവരങ്ങൾ നൽകിയതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

**സർക്കാർ ജീവനക്കാരുടെ വകുപ്പ് മാറ്റത്തിന്റെ നടപടിക്രമം**

45(57) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ വകുപ്പ് മാറുന്നതിനുള്ള അപേക്ഷ നൽകുമ്പോൾ ആയതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർക്ക് 06-02-2013-ലെ G.O (P)no.05/2013/P&ARD നമ്പർ

ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 17 (ഡി)യിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുമാണ് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നത്.

(ബി) ഡിപ്പാർട്ട്മെന്റ് മാറുന്ന ജീവനക്കാരന്റെ സർവ്വീസ് സംരക്ഷിക്കപ്പെടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർ ഒഴികെയുള്ളവർ പുതിയ വകുപ്പിൽ ഏറ്റവും ജൂനിയറായി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നതാണ്. പുതിയ വകുപ്പിൽ പുതുതായി പ്രൊബേഷൻ പൂർത്തിയാക്കണം. എന്നാൽ ഇൻക്രിമെന്റ്, ലീവ്, മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് മുൻ വകുപ്പിലെ സർവ്വീസ് ഉൾപ്പെടുത്തും.

ജില്ലാതല പി.എസ്.സി. റാങ്ക് പട്ടികകളിൽ നിന്ന് ആസ്ഥാന കാര്യാലയങ്ങളിലേക്ക് നിയമിക്കപ്പെടുന്ന മേൽ വിഭാഗം ജീവനക്കാർക്ക് നിയമനം ലഭിച്ച ആസ്ഥാന കാര്യാലയ വകുപ്പിന്റെ ജില്ലാ ഓഫീസ് മാത്ര

ജില്ലയിൽ ഇല്ലാത്ത പക്ഷമോ അഥവാ ഉണ്ടെങ്കിൽ 5 വർഷത്തേയ്ക്ക് ഒഴിവുകൾ ഉണ്ടാകില്ല എന്ന സാഹചര്യത്തിലോ മറ്റൊരു വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുമ്പോൾ, മുൻ വകുപ്പിലെ സീനിയോറിറ്റി നിലനിർത്തി നൽകാനുള്ള ചട്ടഭേദഗതിക്കുള്ള നടപടികൾ നടന്നുവരുന്നു. നിലവിൽ ഇക്കാര്യത്തിൽ എക്സിക്യൂട്ടിവ് ഉത്തരവുകൾ നിലവിലുണ്ട്. ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 14 പ്രകാരം സീനിയോറിറ്റിയും ചട്ടം 17 (ഡി), ചട്ടം 10 എന്നിവ പ്രകാരം പ്രൊബേഷനും സംബന്ധിച്ച വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുണ്ട്.

(സി) വകുപ്പ് മാറുന്ന നടപടികൾ പൂർത്തിയാക്കാൻ സാധാരണ ഗതിയിലെടുക്കുന്ന സമയം അറിയിക്കാമോ;

മുൻകൂട്ടി നിർണ്ണയിക്കുവാൻ കഴിയില്ല.

(ഡി) വകുപ്പ് മാറുന്നതിനുള്ള അപേക്ഷ നിരസിക്കുന്ന സാഹചര്യങ്ങൾ വിശദമാക്കാമോ?

വകുപ്പുകളിലെ നിയമനാധികാരികളുടെ പരസ്പര സമ്മതത്തോടു കൂടിയാണ് ജീവനക്കാർക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നത്.

നിർദ്ദിഷ്ട ഉത്തരവുകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ ഒഴിവ് നിലവിലുള്ള പക്ഷം അനുവദിച്ചു നൽകുന്നുണ്ട്.

**സമാശ്വാസ തൊഴിൽദാന പദ്ധതി**

46(58) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ലിസ്റ്റിൽ ഇനിയും എത്ര പേർക്ക് ജോലി ലഭിക്കാനുണ്ടെന്നറിയിക്കാമോ;

(എ&ബി) മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർ അതത് ജീവനക്കാർ ജോലി ചെയ്യുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നത്. ഇപ്രകാരം ഓരോ വകുപ്പിലും ആശ്രിത നിയമനം

നൽകിയവരുടെ എണ്ണവും സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണവും ക്രോഡീകരിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

ഉണ്ട്. മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങളുൾപ്പടെ ആകെ ആശ്രിത നിയമനങ്ങൾ, ഓരോ വർഷവും വകുപ്പിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ കൂടുതലാകരുതെന്ന ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ കുറവുണ്ടാകുകയും പൊതു തസ്തികകളിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിന് കാരണമാകുന്നുണ്ട്.

(ഡി) ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നിയമന ഉത്തരവ് ലഭിച്ച് 4 വർഷത്തിന് ശേഷവും ഒഴിവിന്റെ അഭാവത്തിൽ നിയമനം ലഭിക്കാത്തവർക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റത്തിന് അനുമതി നൽകിയിരുന്നു. നേരിട്ട് നിയമനം നടത്തുന്ന എല്ലാ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളും ആശ്രിതനിയമനത്തിനായി പരിഗണിക്കുന്നുണ്ട്. ആശ്രിത നിയമനം കൂടുതൽ വേഗത്തിലാക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**ഒഴിവുകൾ അറിയാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി**

47(59) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. വഴി നിയമനം നടത്തുന്ന തസ്തികകളിലെ സൂപ്പറാനുവേഷൻ തീയതികളും അതനുസരിച്ചുള്ള ഒഴിവുകളും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും മനസ്സിലാക്കാൻ കഴിയും വിധം ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് നൽകിയ ഉറപ്പ് നടപ്പാക്കുന്നത് സംബന്ധിച്ച നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഒഴിവുകൾ കൃത്യമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതു സംബന്ധിച്ചും റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർഥികളുടെ എണ്ണം എന്നിവ അടക്കമുള്ള വിഷയങ്ങളും പരിശോധിക്കുന്നതിനായി പി.എസ്.സി. അംഗങ്ങളും പി.എസ്.സി. ഉദ്യോഗസ്ഥരും സർക്കാർ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. സ്പാർക്ക് മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച വിഷയവും ടി കമ്മിറ്റി പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ സജീവമായി പരിശോധിച്ചു വരുന്നു.

**തൊഴിലന്വേഷകർക്ക് വിദേശത്ത് ജോലി ലഭിക്കുന്നതിന് നടപടികൾ**

48(60) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും വിവിധ സാങ്കേതിക പരിജ്ഞാനം നേടിയവർക്കും വിദേശത്ത് ജോലി

ലഭിക്കുന്നതിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും വിവിധ സാങ്കേതിക പരിജ്ഞാനം നേടിയവർക്കും വിദേശത്ത് ജോലി ലഭ്യമാക്കുവാൻ സഹായിക്കുന്നതിനായി കേരളീയ പ്രവാസികാര്യവകുപ്പിന്റെ കീഴിലുള്ള നോർക്ക-റൂട്ട്സ്, തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിലുള്ള പൊതുമേഖല സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ് (ഒഡെപെക്) എന്നീ സ്ഥാപനങ്ങൾ മുഖാന്തരം ചുവടെ ചേർക്കുന്ന സേവനങ്ങൾ നൽകി വരുന്നു.

നോർക്ക റൂട്ട്സിൽ പ്രവർത്തിക്കുന്ന റിക്രൂട്ട്മെന്റ് വിഭാഗം നിയമപരവും സുതാര്യവും സുരക്ഷിതവുമായ മാർഗ്ഗങ്ങളിലൂടെ വിദേശത്ത് കുടിയേറുവാൻ ഉദ്യോഗാർഥികളെ സഹായിച്ചുവരുന്നു. എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമായിട്ടുള്ള 18 രാജ്യങ്ങളിലേയ്ക്ക് നഴ്സുമാർക്കും, പത്താംക്ലാസ് പാസാകാത്തവർക്കും ഇ-മൈഗ്രേറ്റ് സിസ്റ്റം പ്രയോജനപ്പെടുത്തിയാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്. നിലവിൽ സൗദി ആരോഗ്യ മന്ത്രാലയം, കുവൈറ്റ്

നാഷണൽ ഗാർഡ്, യു.കെ, ജർമ്മനി, കാനഡ എന്നീ രാജ്യങ്ങളിലെ ആരോഗ്യ മേഖലയിൽ നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് ചെയ്ത് വരുന്നു.

കോഴിക്കോട് ഐ.ഐ.എം.-മായി സഹകരിച്ച് അന്തർദേശീയ തലത്തിൽ വളർന്നു വരുന്ന വിദേശ തൊഴിൽ മേഖലകൾ തിരിച്ചറിയുന്നതിനും കുടിയേറ്റത്തിന്റെ വ്യാപ്തി തിരിച്ചറിയുന്നതിനും പഠനം നടത്തിയിട്ടുണ്ട്. നോർക്ക-റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാമിലൂടെ രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്ക വിധം യുവാക്കളുടെ തൊഴിൽ വൈദഗ്ദ്ധ്യം, ആശയ വിനിമയ വൈദഗ്ദ്ധ്യം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കുന്നുണ്ട്. വിദേശ റിക്രൂട്ട്മെന്റ് നടപടികളുമായി ബന്ധപ്പെട്ട പരിശീലനം, നൈപുണ്യവികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ നോർക്ക റൂട്ട്സിൽ മാർക്കറ്റ് റിസർച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വ്യാജ റിക്രൂട്ട്മെൻറ്, വിസ തട്ടിപ്പ് തുടങ്ങിയവയ്ക്കെതിരെ ബോധവത്ക്കരണം ഉൾപ്പെടെയുള്ള നടപടികൾ കാര്യക്ഷമമാക്കുന്നത്

സംബന്ധിച്ച കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ബോധവത്ക്കരണം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

യൂറോപ്യൻ രാജ്യങ്ങളിലെ തൊഴിൽ വിപണിയിൽ കൂടുതൽ അവസരങ്ങൾ നേടിയെടുക്കുന്നതിനായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് (NIFL)-ന്റെ തിരുവനന്തപുരം, കോഴിക്കോട് സെന്ററുകളിൽ ഇംഗ്ലീഷ്, ജർമ്മൻ, അറബിക് ഭാഷകളിൽ പരിശീലനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ, സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുവാൻ വിവിധ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് നോർക്ക റൂട്ട്സ് പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിംഗ് മേഖലയിലുള്ള തൊഴിൽ സാധ്യത കണക്കിലെടുത്ത് അതത് രാജ്യങ്ങളിലെ ഗവ.ലൈസൻസിങ് പരീക്ഷകൾ പാസാകുന്നതിന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ

നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെൻറ് (NICE)-മായി സഹകരിച്ച് പരിശീലനം നൽകുന്നുണ്ട്. ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ മേഖലയിലെ തൊഴിൽ സാധ്യത പരിഗണിച്ച് ഐ.സി.റ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് & അനലിറ്റിക്സ് തുടങ്ങിയ നൂതന സാങ്കേതിക കോഴ്സുകളിൽ പരിശീലനം നൽകുന്നുണ്ട്.

അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും സാങ്കേതിക പരിജ്ഞാനമുള്ളവർക്കും അല്ലാതെയുമുള്ള തൊഴിലാളികൾക്കും അനുയോജ്യമായ മേഖലകളിൽ തൊഴിൽ നേടുവാൻ സഹായിക്കുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, അങ്കമാലി, ഡൽഹി എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെ അന്താരാഷ്ട്ര നിലവാരമുള്ള വിദേശഭാഷാ പഠന കേന്ദ്രങ്ങൾ ഒഡെപെക് നടത്തുന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാകാൻ ആവശ്യമായ IELTS/OET പരിശീലനം ലഭ്യമാക്കുന്ന ഈ കേന്ദ്രങ്ങളിൽ ജർമ്മൻ, ഡച്ച്

എന്നീ ഭാഷകൾ പഠിപ്പിക്കുന്നു. തികച്ചും സൗജന്യമായോ അർഹരായ വിഭാഗങ്ങൾക്ക് സ്റ്റൈപ്പന്റോടെയോ ആണ് പരിശീലനം നൽകുന്നത്. അയാട്ട (IATA) അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷനും ഒഡെപെകിനു കീഴിൽ പ്രവർത്തിക്കുന്നു. വിദേശ റിക്രൂട്ട്മെൻറ്, എയർടിക്കറ്റ് എന്നീ മേഖലകൾക്ക് പുറമേ ടൂർ പാക്കേജ്, ട്രെയിനിംഗ്, സ്റ്റഡി എബ്രോഡ് എന്നീ മേഖലകളിൽക്കൂടി ഒഡെപെക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട് .

(ബി) ആയതിലേക്ക് ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ ഏജൻസികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

കേരളീയ പ്രവാസികാര്യവകുപ്പിന്റെ കീഴിലുള്ള നോർക്ക-റൂട്ട്സ്, തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ് (ഒഡെപെക്) എന്നീ സ്ഥാപനങ്ങളാണ് വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത സർക്കാർ ഏജൻസികൾ.

**മുസ്ലീം സമുദായത്തിന് നീക്കിവെച്ച സംവരണ ഊഴങ്ങൾ**

49 (61) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങളിൽ മുസ്ലീം സമുദായത്തിന് നീക്കിവെച്ച സംവരണ ഊഴങ്ങൾ ഭിന്നശേഷി സംവരണത്തിനായി അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ;

(ബി) പുതിയ ഉത്തരവ് നടപ്പിലാക്കുന്നതിലൂടെ മുസ്ലീം സമുദായത്തിന് സംവരണത്തിൽ രണ്ടു ശതമാനം കുറവ് വരുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ: വിശദമാക്കുമോ?

(എ - സി) നിലവിൽ 4% ഭിന്നശേഷി സംവരണം out of turn ആയാണ് പി.എസ്.സി. നടപ്പാക്കുന്നത്. നിലവിലുള്ള സാമുദായിക സംവരണത്തെ ഇത് ബാധിക്കുന്നില്ല. ഭിന്നശേഷി സംവരണം in turn ആയി നടപ്പാക്കണമെന്ന് കോടതി നിർദ്ദേശമുണ്ട്. ഇതിന് KS&SSR ഭേദഗതി

വരുത്തേണ്ടതുണ്ട്. ഇക്കാര്യം പി.എസ്.സി.യും സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതിനായി വകുപ്പുകളുമായുള്ള കൂടിയാലോചനകൾക്കുശേഷം പി.എസ്.സി.യുടെ ഉപദേശം തേടിയിരിക്കുകയാണ്. ചട്ടത്തിൽ ഭേദഗതി പ്രാബല്യത്തിൽ വരുമ്പോൾ എക്സിക്യൂട്ടീവ് ഉത്തരവ് അപ്രസക്തമാകുന്നതാണ്. ഒരു വിഭാഗത്തിന് അർഹമായ സംവരണത്തിൽ കുറവ് വരുമെന്ന ആശങ്ക തികച്ചും അടിസ്ഥാനരഹിതമാണ്. ഭിന്നശേഷിക്കാർക്ക് അർഹമായ സംവരണം ഉറപ്പുവരുത്തുമ്പോൾ തന്നെ നിലവിലുള്ള സാമുദായിക സംവരണത്തിൽ ഒരു കുറവും വരുന്നില്ലെന്ന് സർക്കാർ ഉറപ്പുവരുത്തും.

**ചവറ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

50(62) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽ എത്ര കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യകതമാക്കുമോ;

194 ഓഫീസുകളിൽ/ സ്ഥാപനങ്ങളിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 60 കുടുംബങ്ങൾക്കുമാണ് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളത്.

(ബി) പന്മന ഗ്രാമപഞ്ചായത്ത് ഏരിയയിൽ അനുവദിച്ച കെ-ഫോൺ കണക്ഷൻ ഇതുവരെ പൂർണമായും നൽകിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 15 കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട 14 കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്.

**കെ-ഫോൺ പദ്ധതിയുടെ വിശദാംശങ്ങൾ**

51(63) **ശ്രീ. ടി. വി. ഇബ്രാഹിം:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു:-

i) 7055 കിലോമീറ്റർ ബാക്ക് ബോൺ, 20227 കി.മീ. എ.ഡി.എസ്.എസ് (All Di-electric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 374 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി/നോൺ ഐ.ടി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

ii) 20,398 ഓഫീസുകളിൽ / സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തി.

iii) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 5497 വീടുകളിൽ കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.

iv) പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'എന്റെ KFON (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

v) ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി  നൽകുന്നതിനായി 2106 ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർ (LNP) മാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

vi) 2167 ഫൈബർ ടു ദ ഹോം കണക്ഷനുകളും 62 ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും നൽകിയിട്ടുണ്ട്. കൂടാതെ, 2909 കിലോ മീറ്റർ ഡാർക്ക് ഫൈബർ ലീസിനു നൽകിയിട്ടുണ്ട്.

vii) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്. National Long Distance (NLD) ലൈസൻസ് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) ഈ പദ്ധതിക്കുവേണ്ടി ആകെ വേണ്ടിവരുന്ന ചെലവ് എത്രയാണെന്നും ഇതുവരെ എത്ര രൂപ ഇതിനായി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

നികുതികൾക്ക് പുറമെ 1548.08 കോടി രൂപയുടെ ഭരണാനുമതിയാണ് കെ-ഫോൺ പദ്ധതിയ്ക്ക് നൽകിയത്. 724.22 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെയാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഇതിനകം എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

കെ-ഫോൺ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന 30,438 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ 28,435 ഇടങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 20,398 ഇടങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകാൻ ഉദ്ദേശിച്ചിരുന്നു. ഇതിൽ, തുടക്കത്തിൽ ലക്ഷ്യമിട്ട 14,000 സൗജന്യ ഗാർഹിക കണക്ഷനുകളിൽ 5497 എണ്ണം ഇതുവരെ നൽകിയിട്ടുണ്ട്.

(ഡി) ഓഫീസുകൾ, സൗജന്യമായി നൽകുന്ന കണക്ഷനുകൾ എന്നിവ ഒഴികെ താരിഫ് പ്ലാൻ തിരഞ്ഞെടുത്തവർക്ക് ഇതിനകം എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

കെ-ഫോൺ മുഖേന 2167 വാണിജ്യ ഗാർഹിക കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട്.

(ഇ) വീടുകളിൽ കെ-ഫോൺ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാവിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

വീടുകളിൽ കെ ഫോൺ കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള താല്പര്യം അറിയിച്ച 3562 ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാക്കളിൽ 2106 പേരെ നിലവിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(എഫ്) കെ-ഫോൺ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനവുമായി എന്ത് കരാറിലാണ് ഏർപ്പെട്ടിട്ടുള്ളതെന്നും പദ്ധതിയുടെ ഭാഗമായി ഇതിനകം അവർ ചെയ്ത സേവനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

മാനേജ്ഡ് സർവ്വീസ് പ്രൊവൈഡർ (MSP) എന്ന നിലയിലുള്ള സേവനം ലഭ്യമാക്കുന്നതിനായി എസ്.ആർ.ഐ.ടി. ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനവുമായി കെ.എസ്.ഐ.ടി.ഐ.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഡാർക്ക് ഫൈബർ ലീസ് ചെയ്യുക, വീടുകളിൽ കെ-ഫോൺ കണക്ഷനുകൾ

ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാക്കളെ തെരഞ്ഞെടുക്കുക എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് എസ്.ആർ.ഐ.ടി. ഇന്ത്യ ലിമിറ്റഡ് ഇതുവരെ ചെയ്തിട്ടുള്ളത്.

(ജി) കെ-ഫോൺ സംബന്ധിച്ച സി.എ.ജി. നിരീക്ഷണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2018-2023 കാലഘട്ടത്തിലെ കെ.എസ്.ഐ.ടി.ഐ.എൽ-ന്റെ പ്രവർത്തനം സംബന്ധിച്ച ഓഡിറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ കെ-ഫോൺ പദ്ധതി സംബന്ധിച്ച നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിംഗ് ഡയറക്ടർ സി.&എ.ജി-യ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**കെ-ഫോൺ പദ്ധതി**

52 (64) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. എ. സി. മൊയ്തീൻ:</u>
<u>ശ്രീമതി യു. പ്രതിഭ:</u>

<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റിന്റെ ലഭ്യത സാർവ്വത്രികമാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ പുരോഗതിയിലും വിജ്ഞാന സമ്പദ് വ്യവസ്ഥയിലേയ്ക്കുള്ള പ്രയാണത്തിലും മുഖ്യ പങ്കുവഹിക്കാൻ കെ-ഫോൺ പദ്ധതിക്ക് സാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

വിവരസാങ്കേതികവിദ്യ, ആശയ വിനിമയ സാങ്കേതികവിദ്യ എന്നിവയുടെ വ്യാപനത്തിന് കെ-ഫോൺ പദ്ധതി വഴിയൊരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും ബന്ധിപ്പിക്കുന്നതു വഴിയും സാർവത്രിക ഇന്റർനെറ്റ് ലഭ്യതവഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിങ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പുരോഗതിയും ഡിജിറ്റൽ സാക്ഷരതയും കൈവരിക്കാനാകും. വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് ആവശ്യമായ തൊഴിൽ നൈപുണ്യം പ്രദാനം ചെയ്യാൻ കെ-ഫോൺ മുഖേന സാധിക്കുമെന്നാണ് കരുതുന്നത്.

ഇന്റർനെറ്റിന്റെ വ്യാപനം വഴി കാർഷിക-വ്യാവസായിക മേഖലകളിൽ നൂതന സാങ്കേതിക വിദ്യയിലൂടെയുള്ള വളർച്ച സാധ്യമാകും. കൂടാതെ, ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ കേരളത്തിൽ എവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഐ.ടി. പാർക്കുകളിലും മറ്റും 5 ജി സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ്-തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താനാവും.

(ബി) പ്രസ്തുത പദ്ധതിക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉയർത്തി ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് കോടതി നടത്തിയ പ്രതികരണങ്ങൾ ലഭ്യമാണോ; വ്യക്തമാക്കാമോ;

ബഹു. ഹൈക്കോടതി മുൻപാകെ കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. പ്രതിപക്ഷ നേതാവ് കേസ് {W.P.(C)No.1479 of 2024} ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 15-01-2024-ലെ ഇടക്കാല ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു. പദ്ധതിയുടെ നടത്തിപ്പിനായി ടെൻഡർ വിളിച്ച കക്ഷിയോട് (കെ.എസ്.ഐ.ടി.ഐ.എൽ.) എതിർ സത്യവാങ്മൂലം ഫയൽ ചെയ്യാൻ ഇടക്കാല ഉത്തരവിൽ ബഹു.കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസിൽ ബഹു. ലോകായുക്തയ്ക്കെതിരെ നടത്തിയ വസ്തുതാപരമല്ലാത്ത ആരോപണം അനുവദിക്കാനാകില്ലെന്നും ഭാവിയിൽ ഇത്തരം പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ ബഹു. പ്രതിപക്ഷനേതാവ് കൈക്കൊള്ളണമെന്നും ഇടക്കാല ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

(സി) കെ-ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് സർക്കാർ മുൻഗണന നൽകുമോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ-ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

i) 28,435 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 20,398 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.

ii) തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 13,814 ഉപഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമായിട്ടുണ്ട്. നാളിതുവരെ 5,497 വീടുകളിൽ കെ-ഫോൺ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന കുടുംബങ്ങൾക്കും ഈ സാമ്പത്തിക വർഷം തന്നെ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കെ-ഫോണിന്റെ ലാസ്റ്റ് മൈൽ കണക്ടിവിറ്റി നൽകുന്നതിനായി 2106 ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാരുടെ (LNP) സേവനം

ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാരെ പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**കെ-ഫോൺ പദ്ധതി**

53 (66) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ബെൽ കൺസോർഷ്യത്തിനു ലഭിച്ച കരാറിന്റെ ടെൻഡറിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പങ്കെടുത്തത് എന്ന് വ്യക്തമാക്കാമോ;

ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL) കൺസോർഷ്യം, ടെലികമ്മ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡ് (TCIL) കൺസോർഷ്യം, A2Z ഇൻഫ്രാ എഞ്ചിനീയറിംഗ് ലിമിറ്റഡ് കൺസോർഷ്യം എന്നീ സ്ഥാപനങ്ങളാണ് ടെൻഡറിൽ പങ്കെടുത്തത്.

(ബി) പ്രസ്തുത ടെൻഡറിൽ രണ്ടാമതെത്തിയ സ്ഥാപനം കൺസോർഷ്യം രൂപീകരിച്ചാണോ പങ്കെടുത്തതെന്ന് വ്യക്തമാക്കാമോ;

എങ്കിൽ പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

അതെ. ടെലികമ്മ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡ് (TCIL), എസ്.ആർ.ഐ.ടി. ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

**ടെക്നോപാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനവും നിക്ഷേപ സാധ്യതകളും**

54 (67) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. വ്യവസായ മേഖലയിൽ കേരളം നൽകുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നിക്ഷേപ സാധ്യതകളും ലോകവുമായി പങ്കുവയ്ക്കുന്നതിന് നടത്തുന്ന പരിശ്രമങ്ങൾ വിശദമാക്കാമോ;

ഐ.ടി. വ്യവസായ മേഖലയിൽ കേരളം നൽകുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നിക്ഷേപ സാധ്യതകളും ലോകവുമായി പങ്കുവെക്കുന്നതിന് നടത്തുന്ന പരിശ്രമങ്ങൾ ചുവടെ ചേർക്കുന്നു.

- സെർച്ച് എഞ്ചിൻ ഒപ്റ്റിമൈസേഷൻ (SEO) മികവോടുകൂടിയ നവീകരിച്ച വെബ് സൈറ്റ് ഉൾപ്പെടെ ഡിജിറ്റൽ പ്ലാറ്റ് ഫോമുകളുടെ ഫലപ്രദമായ ഉപയോഗം.
- അടിസ്ഥാന വികസനം, ജീവനക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ, മറ്റു സാംസ്കാരിക പരിപാടികൾ എന്നിവ ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള വിദഗ്ധമായ പി.ആർ. പ്രവർത്തനം. ഇതിലൂടെ ഇവിടുത്തെ അതുല്യമായ ആവാസവ്യവസ്ഥയിൽ ഊന്നിയുള്ള കമ്പനികളുടെ ഉയർച്ചയും വളർച്ചയും കൂടി ദൃശ്യവൽക്കരിക്കപ്പെടുന്നുണ്ട്.
- ജെയ്ടെക്സ് (GITEX), സി.ഇ.എസ്. (കൺസ്യൂമർ ഇലക്ട്രോണിക്സ് ഷോ) തുടങ്ങിയ അന്താരാഷ്ട്ര പരിപാടികളിലെ പങ്കാളിത്തം.
- ബി.സി.ജി.ഗ്ലോബൽ, ഇന്ത്യ സ്കിൽസ് റിപ്പോർട്ട്, ഡിലോയിറ്റ് നാസ്സ്കോം റിപ്പോർട്ട് തുടങ്ങിയവയുടെ റിപോർട്ടുകൾ.
- ഹൈ പവർ ഐ.ടി. കമ്മിറ്റി മുഖേന കേരളത്തിലെ ഐ.ടി. മേഖലയെ പുഷ്ടിപ്പെടുത്തൽ.

നിക്ഷേപകരുടെയും സംരംഭകരുടെയും ഇടയിൽ കേരളത്തെ ഫലപ്രദമായി അവതരിപ്പിക്കുന്നതിനുവേണ്ടി അന്തർദേശീയ പ്രോപ്പർട്ടി കൺസൾട്ടന്റുമാരുടെ നിയമനം.

(ബി) കഴിഞ്ഞ ഏഴര വർഷമായി സംസ്ഥാനത്തെ ഐ.ടി. രംഗത്ത് പ്രവർത്തിക്കുന്ന കമ്പനികളുടെയും വിവിധ കമ്പനികളിലെ ജീവനക്കാരുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവും എത്രയെന്ന് അറിയിക്കുമോ;

കഴിഞ്ഞ ഏഴര വർഷമായി തിരുവനന്തപുരം ടെക്നോപാർക്കിൽ കമ്പനികൾ 358-ൽ നിന്നും 486 –ആയും ജീവനക്കാർ 50000 -ത്തിൽ നിന്നും 72000–ത്തോളം ആയും; കൊച്ചി ഇൻഫോപാർക്കിൽ കമ്പനികൾ 278-ൽ നിന്നും 580 –ആയും, ജീവനക്കാർ 28000 -ത്തിൽ നിന്നും 67000–ത്തോളം ആയും; കോഴിക്കോട് സൈബർപാർക്കിൽ കമ്പനികൾ 4-ൽ നിന്നും 83 –ആയും, ജീവനക്കാർ 65-ൽ നിന്നും 2200–ഓളം ആയും, വർദ്ധിക്കുകയുണ്ടായി.

കഴിഞ്ഞ ഏഴര വർഷമായി സംസ്ഥാനത്തെ മൂന്ന് ഐ.ടി. പാർക്കുകളിലുമായി മൊത്തം 509 കമ്പനികളുടെയും ഏകദേശം 63135 -ഓളം ജീവനക്കാരുടെയും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(സി) തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ ഇപ്പോൾ നിർമ്മാണം പൂർത്തീകരിച്ച ഫേസ് 3-ൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

പ്രത്യേക സാമ്പത്തിക മേഖലയിൽ നിർമ്മിച്ചിരിക്കുന്ന 'നയാഗ്ര' എന്ന ഐ.ടി. കെട്ടിടം 1.5 ദശലക്ഷം ച. അടിയിലാണ് നിർമ്മിച്ചിരിക്കുന്നത്. 1 ലക്ഷം ച.അടി ഐ.ടി. സ്പേസിൽ 85% വും ഇതിനകം തന്നെ കമ്പനികൾ ഏറ്റെടുത്തു കഴിഞ്ഞു. ലീഡ് ഗോൾഡ് (LEED Gold) സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ പ്രസ്തുത കെട്ടിടം വളരെ പ്രകൃതി സൗഹാർദ്ദമായാണ് നിർമ്മിച്ചിട്ടുള്ളത്. ഓഫീസ് മുറികൾക്കുപുറമെ ഫുഡ് കോർട്ടുകൾ, കുട്ടികൾക്ക് വേണ്ടിയുള്ള കെയർ സെന്റർ, വിശാലമായ ലോബികൾ എന്നിവയും ഒരുക്കിയിരിക്കുന്നു. 13 നിലകളുള്ള കെട്ടിടത്തിൽ 1350 കാറുകൾ ഒരേ സമയം പാർക്ക് ചെയ്യുന്നതിനുള്ള സംവിധാനവും 7 നിലകളിലായി ഒരുക്കിയിരിക്കുന്നു.

(ഡി) ടോറസ് ഡൗൺ ടൗൺ പദ്ധതിയുടെ ആദ്യഘട്ടമായ നയാഗ്ര യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നേരിടേണ്ടിവന്നതെന്ന് വിശദമാക്കാമോ?

നിർമ്മാണ കാലയളവിലെ കോവിഡ് മഹാമാരി, വിവിധ കോടതി വ്യവഹാരങ്ങൾ എന്നിവ കാരണം ടോറസ് ഡൗൺ ടൗൺ പദ്ധതിയുടെ ആദ്യഘട്ടമായ നയാഗ്രയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ട്. നിലവിൽ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കെ-ഫോൺ പദ്ധതി**

55 (68) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി പ്രകാരം എത്ര ഗാർഹിക കണക്ഷനുകളും എത്ര വാണിജ്യ കണക്ഷനുകളും നൽകുവാനാണ് ഉദ്ദേശിച്ചിരുന്നതെന്നും ഏത് കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും വ്യക്തമാക്കുമോ;

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്) കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ഏർപ്പെട്ട കരാർ പ്രകാരം, 30-06-2021-നാണ് പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്. കാലാവധി 31-03-2024 വരെ നീട്ടി നൽകിയിട്ടുണ്ട്. കൊറോണ മഹാമാരി മൂലമുണ്ടായ ലോക്ക് ഡൗൺ, ദേശീയപാത വികസനവുമായി ബന്ധപ്പെട്ട റോഡ് വീതി കൂട്ടലും, റോഡ് നിർമ്മാണവും, റെയിൽവേ അതോറിറ്റിയിൽ നിന്നും റൈറ്റ് ഓഫ് വേ അനുമതി ലഭിക്കാനുണ്ടായ കാലതാമസം, വൈദ്യുതി വിതരണം നിർത്തിവയ്ക്കുന്ന സമയക്രമത്തിനനുസരിച്ച് ജോലി പുനഃക്രമീകരിക്കേണ്ടിവരുന്നത് മുതലായ കാരണങ്ങളാൽ പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് കാലാവധി നീട്ടി നൽകിയത്.

(ബി) നാളിതുവരെ എത്ര ഗാർഹിക കണക്ഷനുകളും എത്ര വാണിജ്യ കണക്ഷനുകളും നൽകിയെന്ന് വെളിപ്പെടുത്തുമോ;

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 5471 കുടുംബങ്ങൾക്ക് കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. 1965 ഫൈബർ ടു ദ ഹോം കണക്ഷനുകൾ വാണിജ്യ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ച് അറിയിക്കുമോ ?

കെ-ഫോൺ പദ്ധതിക്കായി 724.22 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത്. പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL)-ന് അവർ ചെയ്യുന്ന പ്രവൃത്തിയുടെ ബിൽ തുക, പ്രൊജക്ട് മാനേജ്മെന്റ് ഏജൻസിയായ ടെലികമ്മ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡ് (TCIL), പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് ലിമിറ്റഡ് എന്നിവർക്കുള്ള ഏജൻസി ചാർജ്, ഗ്രാന്റ് തോൺട്ടൻ കമ്പനിക്കുള്ള കൺസൾട്ടൻസി ചാർജ്, റെയിൽവേയ്ക്കും ദേശീയ പാതാ അതോറിറ്റിയ്ക്കുമുള്ള റൈറ്റ് ഓഫ് വേ ചാർജുകൾ,

കെ.എസ്.ഇ.ബി.എൽ-നുള്ള വൈദ്യുതി ചാർജ് എന്നിങ്ങനെയാണ് തുക ചെലവഴിച്ചത്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

56(69) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു:-

i) 7,055 കിലോമീറ്റർ ബാക്ക്ബോൺ, 20,227 കി.മീ. എ.ഡി.എസ്.എസ് (Al-Dielectric Self Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ, 374 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി. /നോൺ ഐ.ടി. സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

ii) 20,398 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകി.

iii) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 5,497 വീടുകളിൽ കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.

iv) 2167 ഫൈബർ ടു ദ ഹോം കണക്ഷനുകളും 62 ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും നൽകിയിട്ടുണ്ട്. കൂടാതെ, 2909 കിലോ മീറ്റർ ഡാർക്ക് ഫൈബർ ലീസിനു നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്ര കണക്ഷനുകൾ നൽകിയെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

പട്ടിക അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(സി) പുതുതായി ഓരോ പഞ്ചായത്തിലും കണക്ഷനുകൾ നൽകാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'എന്റെ KFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ് സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നതിനായി 2106 ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർ (LNP)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ LNP-മാരുടെ സേവനം പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**തിരൂരങ്ങാടി മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ**

57(70) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകുന്നതിന് തെരഞ്ഞെടുത്തവരുടെ പേരുവിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവരിൽ ആർക്കെല്ലാം കെ-ഫോൺ കണക്ഷൻ നൽകിയെന്നും ഇനി ആർക്കെല്ലാം നൽകാനുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

1. (എ & ബി) തിരൂരങ്ങാടി മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകുന്നതിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത കുടുംബങ്ങളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിരുന്നു.

ഇതിൽ 29 കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നിലവിൽ നൽകിയിട്ടുണ്ട്. തിരഞ്ഞെടുത്തവരുടെയും കണക്ഷൻ ലഭിച്ചവരുടെയും ലഭിക്കാൻ ശേഷിക്കുന്നവരുടെയും തദ്ദേശസ്ഥാപന അടിസ്ഥാനത്തിലുള്ള പേരുവിവരം അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(സി) ബാക്കിയുള്ളവർക്ക് കണക്ഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട 10 കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. സാങ്കേതിക കാരണങ്ങളാലാണ് ശേഷിക്കുന്ന കുടുംബങ്ങൾക്ക് കണക്ഷൻ നല്കാൻ കാലതാമസമുണ്ടാകുന്നത്.

**കെ-ഫോൺ പദ്ധതിയുടെ കരാർ കാലാവധി**

58(71) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കെ-ഫോൺ പദ്ധതിയിൽ എസ്.ആർ.ഐ.ടി. അടങ്ങുന്ന ബെൽ കൺസോർഷ്യത്തിന് എത്ര തവണ കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം കരാർ കാലാവധി നീട്ടി നല്കാനുണ്ടായ കാരണം വിശദമാക്കാമോ;

(എ & ബി) അഞ്ച് തവണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. കൊറോണ മഹാമാരി മൂലമുണ്ടായ ലോക്ക് ഡൗൺ, ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട റോഡ് വീതികൂട്ടലും റോഡ് നിർമ്മാണവും, റെയിൽവേ അതോറിറ്റിയിൽ നിന്നും റൈറ്റ് ഓഫ് വേ അനുമതി ലഭിക്കാനുണ്ടായ കാലതാമസം, വൈദ്യുതി വിതരണം നിർത്തിവയ്ക്കുന്ന സമയക്രമത്തിനനുസരിച്ച് ജോലി പുനഃക്രമീകരിക്കേണ്ടി വരുന്നത് മുതലായ കാരണങ്ങളാൽ പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് കാലാവധി നീട്ടി നൽകിയത്.

(സി) കരാർ കാലാവധി നീട്ടി നൽകിയത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കരാർ കാലാവധി നീട്ടി നൽകിയ രേഖകളുടെ പകർപ്പ് അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

**ടെക്നോപാർക്ക് ഫേസ്-3**

59(72) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്ക് ഫേസ്-3 യിൽ പുതിയതായി എത്ര കമ്പനികളാണ് പ്രവർത്തനത്തിന് തയ്യാറായി വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ;

ടെക്നോപാർക്ക് ഫേസ്-3 ന്റെ എമ്പസി ടോറസ് റെക്സോണിൽ 2024 ജനുവരി 10-ന് ഉദ്ഘാടനം ചെയ്യപ്പെട്ട നയാഗ്ര കെട്ടിടത്തിൽ നിലവിൽ 8 കമ്പനികളാണ് പ്രവർത്തനത്തിന് തയ്യാറായി വന്നിട്ടുള്ളത്.

(ബി) ടെക്നോപാർക്ക് ഫേസ്-3 പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും എത്രപേർക്ക് തൊഴിൽ നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെക്നോപാർക്ക് ഫേസ്-3 പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ പ്രത്യക്ഷമായി ഏകദേശം 50,000 പേർക്കും പരോക്ഷമായി ഏകദേശം 1,50,000 പേർക്കും തൊഴിൽ നൽകുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഐ.ടി. മേഖലയിലെ ഉല്പാദനവും തൊഴിലവസരങ്ങളും**

60(73) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷം നാളിതുവരെ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ എത്ര കോടി രൂപയുടെ ഹാർഡ്‌വെയർ ഉല്പാദനമാണ് നടന്നതെന്ന് വ്യക്തമാക്കുമോ;

2023-24 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ ഐ.ടി മേഖലയിൽ 1.43 കോടി രൂപയുടെ ഹാർഡ്‌വെയർ ഉല്പാദനമാണ് നടന്നത്.

(ബി) 2025-26 വർഷം ആകുമ്പോൾ ഹാർഡ്‌വെയർ ഉല്പാദനം എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

2025-26 വർഷം ആകുമ്പോഴേക്കും 48 കോടി രൂപയുടെ ഉൽപാദനം നടത്താനാണ് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി. സംരംഭകർ എത്രയെന്നും ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും എണ്ണം എത്രയെന്നും വ്യക്തമാക്കുമോ;

സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം ടെക്നോപാർക്കിലെ 486 ഉം, കൊച്ചി ഇൻഫോപാർക്കിലെ 580 ഉം, കോഴിക്കോട് സൈബർപാർക്കിലെ 83 ഉം ഉൾപ്പെടെ ആകെ 1149 ഐ.ടി. സംരംഭങ്ങളാണുള്ളത്.

തിരുവനന്തപുരം ടെക്നോപാർക്കിൽ 72,000 (എഴുപത്തിരണ്ടായിരം) ത്തോളം ജീവനക്കാരും, കൊച്ചി ഇൻഫോപാർക്കിൽ 67,000 (അറുപത്തി ഏഴായിരം)ത്തോളം ജീവനക്കാരും, കോഴിക്കോട് സൈബർപാർക്കിൽ 2200-ഓളം ജീവനക്കാരും ഉൾപ്പെടെ ഏകദേശം 1,41,200 (ഒരു ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി ഇരുന്നൂറ്) ജീവനക്കാർ സംസ്ഥാനത്തെ സർക്കാർ ഐ.ടി. പാർക്കുകളിലെ ഐ.ടി./ഐ.ടി. അനുബന്ധ മേഖലകളിൽ ജോലി ചെയ്യുന്നു.

ഐ.ടി./ഐ.ടി. അനുബന്ധ മേഖലയിലെ സ്റ്റാർട്ടപ്പുകളുടെ എണ്ണം നിലവിൽ 1137 ആണ്. പ്രസ്തുത മേഖലയിലെ സ്റ്റാർട്ടപ്പുകളിലെ തൊഴിലവസരങ്ങൾ 12,000 (പന്ത്രണ്ടായിരം) ആണ്. സി-ഡിറ്റിൽ 355 ജീവനക്കാർ ജോലി ചെയ്യുന്നു. സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന 2800 അക്ഷയകേന്ദ്രങ്ങളിലുമായി 7,000 (ഏഴായിരം) പേർ ജോലി ചെയ്തു വരുന്നു.

ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ നിലവിലുള്ള 7 സ്റ്റാർട്ടപ്പുകളിൽ 20 ജീവനക്കാരുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് - കേരളയിൽ നിലവിൽ ഇൻക്യുബേറ്റ് ചെയ്തിട്ടുള്ള 74 സ്റ്റാർട്ടപ്പുകളിലായി 188 ജീവനക്കാരാണുള്ളത്.

(ഡി) ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവയുടെ വികസനത്തിനായി ഈ സർക്കാർ നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങളും അതുവഴിയുണ്ടാക്കിയ തൊഴിലവസരങ്ങളും വിശദമാക്കാമോ?

മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി. കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുവേണ്ടി അവർക്ക് ആവശ്യാനുസരണം SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ഐ.ടി. പാർക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

പാർക്കുകൾ നേരിട്ടും ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 62000 ച. അടി ഉൾപ്പെടെ 201.62 ലക്ഷം ച. അടി അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി. പാർക്കുകളിൽ നിലവിലുണ്ട്.

ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസിൽ ജോലി, പാർപ്പിട സൗകര്യങ്ങൾ, ഷോപ്പിംഗ് സൗകര്യങ്ങൾ, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സൗകര്യങ്ങളോടെ ഒരു സംയോജിത മിനി ടൗൺഷിപ്പ്

പദ്ധതിയായ 'ക്വാഡ് (QUAD)' - ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ദേശീയ പാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 5 ജി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**അക്ഷയ കേന്ദ്രങ്ങൾ**

61(74) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകർ നടത്തുന്ന അക്ഷയ കേന്ദ്രങ്ങളുടെ കൈമാറ്റത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

30-10-2019-ലെ സ.ഉ. (കൈ) നം. 24/2019/ വി. സാ.വ. നമ്പർ ഉത്തരവിലെ നാലാം ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരവും 30-07-2021-ലെ സ.ഉ.(കൈ)നം. 24/2021/വി. സാ.വ. നമ്പർ സർക്കാർ ഉത്തരവിലെ 2(iii) ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരവുമാണ് അക്ഷയ കേന്ദ്രം കൈമാറ്റം അനുവദിക്കുന്നത്. വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

30-10-2019-ലെ സ.ഉ. (കൈ) നം.24/2019/വീ.സാ.വ. നമ്പർ ഉത്തരവിലെ നാലാം ഖണ്ഡികയിലെ വ്യവസ്ഥ;

അക്ഷയ സംരംഭകന് സർക്കാർ ജോലി ലഭിക്കുന്ന അവസരത്തിലോ/മരണപ്പെടുന്ന അവസരത്തിലോ/ശാരീരിക മാനസിക അസ്വസ്ഥതകളാൽ കേന്ദ്രം നടത്താൻ പറ്റാത്ത സാഹചര്യത്തിലോ അല്ലാതെ മറ്റ് യാതൊരു സാഹചര്യത്തിലും കൈമാറ്റം അനുവദിക്കുന്നതല്ല. കൈമാറ്റം ചെയ്യുവാൻ കഴിയുന്നത് ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/പ്രായപൂർത്തിയായ മകൻ /മകൾ എന്നിവർക്ക് മാത്രമായി നിജപ്പെടുത്തുന്നു. അക്ഷയ കേന്ദ്രം കൈമാറ്റത്തിനുള്ള അപേക്ഷകളുടെ നിജസ്ഥിതി വളരെ വ്യക്തമായി അന്വേഷിച്ച് ഉത്തമ ബോധ്യമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കാൻ പാടുള്ളൂ. സംരംഭകരുടെ മരണം, ശാരീരിക മാനസിക അസ്വസ്ഥത എന്നിവമൂലമുള്ള കൈമാറ്റത്തിനുള്ള ഫീസ് 500/- രൂപയും സംരംഭകന് ജോലി ലഭിക്കുന്നത് മൂലമുള്ള കൈമാറ്റത്തിനുള്ള ഫീസ് 5000/- രൂപയുമായിരിക്കും. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ മറ്റേതെങ്കിലും

കാരണത്താൽ സെന്റർ നടത്താൻ കഴിയാത്ത അവസ്ഥ വരികയാണെങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ സന്നദ്ധനായ ഏറ്റവും ഉയർന്ന റാങ്ക് ലഭിച്ചയാൾക്ക് സംരംഭകത്വം അനുവദിക്കുന്നതാണ്. ഓൺലൈനായി ആധാർ ബന്ധിപ്പിച്ചുകൊണ്ടുള്ള കൈമാറ്റത്തിനുള്ള സംവിധാനം തയ്യാറാവുന്നതുവരെ നിലവിലെ രീതിയിൽ തന്നെ കേന്ദ്ര കൈമാറ്റം നടത്തുന്ന താണ്.

30-07-2021-ലെ സ. (കൈനം. 24/4021/വി.സാ.വ. നമ്പർ ഉത്തരവിലെ 2 (iii) ഖണ്ഡികയിലെ വ്യവസ്ഥ:

അക്ഷയ സംരംഭകന് സർക്കാർ ജോലി ലഭിക്കുന്ന അവസരത്തിലോ/മരണപ്പെടുന്ന അവസരത്തിലോ/ശാരീരിക മാനസിക അസ്വസ്ഥതകളാൽ കേന്ദ്രം നടത്താൻ പറ്റാത്ത സാഹചര്യത്തിലോ അക്ഷയ കേന്ദ്രം കൈമാറ്റം ചെയ്യേണ്ടി വരുമ്പോൾ 30-10-2019-ലെ സ.ഉ.(കൈ)നം. 24/2019/വി. സാ. വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം കുടുംബാംഗങ്ങൾക്കു പുറമേ സഹോദരൻ/സഹോദരി എന്നിവർക്കു കൂടി കേന്ദ്രം കൈമാറാമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നു. അപ്രകാരം അടുത്ത

ബന്ധുക്കളാരും തന്നെ കേന്ദ്രം കൈമാറി ലഭിക്കുവാൻ യോഗ്യരല്ലാതെ വരുന്ന കേസുകളിൽ മറ്റൊരു വ്യക്തിക്ക് കേന്ദ്രം കൈമാറ്റം ചെയ്യുന്നത് അക്ഷയ ഡയറക്ടർ പരിശോധിക്കേണ്ടതും അക്ഷയ ചീഫ് കോർഡിനേറ്ററായ ജില്ലാകളക്ടറുടെ ശിപാർശയോടുകൂടി അനുയോജ്യമായ ശിപാർശ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ബി) സംരഭകർ സ്വന്തമായി പണം ചെലവഴിച്ച് നടത്തിവരുന്ന അക്ഷയകേന്ദ്രങ്ങളുടെ കൈമാറ്റം നടത്താനുള്ള അവകാശം സംരഭകരിൽ നിലനിർത്തുന്നതിന് മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

ഇതുസംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. സർക്കാർ ഈ നിവേദനങ്ങൾ പരിശോധിച്ചു വരുന്നു

(സി) അക്ഷയ കേന്ദ്രത്തിലെ ഓപ്പറേറ്റർ/സൂപ്പർവൈസർ എന്നിവരെ വേരിഫയർ ആയി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

ഇല്ല. നിലവിലെ 22-02-2022-ലെ സംസ്ഥാന ഐ.ടി. മിഷൻ ഡയറക്ടറുടെ KSITM/UID/1/2022 നമ്പർ നടപടി ക്രമം പ്രകാരം അക്ഷയ സംരംഭകർ മാത്രമാണ് ആധാർ വെരിഫയറായി പ്രവർത്തിക്കുന്നത്.

(ഡി) അക്ഷയ സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിനുള്ള ഭരണ പരിഷ്കാര കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കുന്നത് സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

പരിശോധിച്ചു വരുന്നു.

**പുതിയ അക്ഷയ സെന്ററുകൾ**

62(75) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

കോതമംഗലം മണ്ഡലത്തിൽ 4 പുതിയ അക്ഷയ സെന്ററിനായുള്ള ലൊക്കേഷനുകൾക്കുള്ള അംഗീകാരം ജില്ലാ ഇ-ഗവേണൻസ്

സൊസൈറ്റിയിൽ നിന്നും ലഭിക്കുകയും ആയതിന് സർക്കാർ തലത്തിൽ അംഗീകാരം നല്കുന്ന കാര്യം പരിഗണനയിലുമാണ്. ടി ലൊക്കേഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനം & ലൊക്കേഷൻ |
|---|---|
| 1 | ശ്രീ ധർമ്മശാസ്താ ജംങ്ഷൻ കവളങ്ങാട് ഗ്രാമപഞ്ചായത്ത് |
| 2 | മിനി സിവിൽ സ്റ്റേഷൻ, കോതമംഗലം, കോതമംഗലം മുനിസിപ്പാലിറ്റി |
| 3 | കീരമ്പാറ, കീരമ്പാറ ഗ്രാമപഞ്ചായത്ത് |
| 4 | പ്ലാമുടി മിൽമാ ജംങ്ഷൻ, കോട്ടപ്പടി ഗ്രാമപഞ്ചായത്ത് |

മണ്ഡലത്തിൽ നിലവിൽ 5 ലൊക്കേഷനുകളിലേക്ക് സംരംഭകത്വ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു. ലൊക്കേഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനം |
|---|---|
| 1 | പിണ്ടിമന ഗ്രാമ പഞ്ചായത്ത് - ചെങ്കര |
| 2 | കവളങ്ങാട് ഗ്രാമ പഞ്ചായത്ത് - ഊന്നുകൽ |
| 3 | കവളങ്ങാട് ഗ്രാമ പഞ്ചായത്ത് - നീണ്ടപാറ |
| 4 | നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് -ഇരുമലപ്പടി |
| 5 | കോതമംഗലം നഗരസഭ – കമ്മ്യൂണിറ്റി ഹാൾ, കമ്പളത്തുമുറി |

കോതമംഗലം മണ്ഡലത്തിൽ നിലവിൽ 25 ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ദൂരപരിധി പാലിച്ചുകൊണ്ട് പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി 12 ലൊക്കേഷനുകൾ

കണ്ടെത്തിയിട്ടുണ്ട്. ആയതിന് ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സംരംഭക തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ ആരംഭിക്കുന്നതാണ്. ലൊക്കേഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | തദ്ദേശസ്വയം ഭരണ സ്ഥാപനം | ലൊക്കേഷൻ |
|---|---|---|
| 1 | കോതമംഗലം മുൻസിപ്പാലിറ്റി | രാമല്ലൂർ പബ്ളിക്ക് ലൈബ്രറി |
| 2 | കോതമംഗലം മുൻസിപ്പാലിറ്റി | എം എ കോളേജ് ജംങ്ഷൻ |
| 3 | കോതമംഗലം മുൻസിപ്പാലിറ്റി | അമ്പലപ്പടി |
| 4 | പിണ്ടിമന | അയിരൂർ പാടം ലൈബ്രറി ജംങ്ഷൻ |
| 5 | കുട്ടമ്പുഴ | മാമലക്കണ്ടം |
| 6 | കവളങ്ങാട് | തലക്കോട് |
| 7 | കവളങ്ങാട് | ആവോലിച്ചാൽ |
| 8 | കോട്ടപ്പടി | പ്ളാച്ചേരി അഗ്രോ സർവ്വീസ് സെൻറർ |
| 9 | വാരപ്പെട്ടി | പിറവൂർ കലാരഞ്ജിനി ജംങ്ഷൻ |
| 10 | കീരമ്പാറ | പാലമറ്റം |
| 11 | കീരമ്പാറ | നാടുകാണി |
| 12 | വാരപ്പെട്ടി | ഇഞ്ചൂർ അമ്പലംപടി |

(ബി) പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുമോ; അറിയിക്കുമോ?

നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്നതാണ്.

**കെ-ഫോൺ പദ്ധതി**

63(76) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര വീടുകൾക്കും ഏതെല്ലാം ഓഫീസുകൾക്കുമാണ് കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വീടുകളിലാണ് ഇപ്രകാരം കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതെന്നുള്ള വിശദവിവരം നൽകുമോ;

(എ&ബി) 78 ഓഫീസുകൾ/സ്ഥാപനങ്ങൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 31 കുടുംബങ്ങൾക്കുമാണ് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളത്. ഓഫീസുകൾ/സ്ഥാപനങ്ങളുടെയും വീടുകളുടെയും പട്ടിക അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(സി) വീടുകളിൽ കെ-ഫോൺ കണക്ഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സർക്കാർ തീരുമാനിക്കുകയും അതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് യഥാക്രമം 10%, 3% എന്നിങ്ങനെ മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, മാനദണ്ഡങ്ങൾ പ്രകാരമുള്ള, ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ചാണ് കണക്ഷൻ നൽകുന്നതിന് വേണ്ടിയുള്ള തുടർനടപടി സ്വീകരിച്ചുവരുന്നത്. മറ്റു ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിന് എന്റെ KFON (enteKFON) എന്ന മൊബൈൽ ആപ്ലിക്കേഷൻ അല്ലെങ്കിൽ www.kfon.in എന്ന വെബ് സൈറ്റ് മുഖാന്തരം അപേക്ഷ സമർപ്പിച്ച് കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ തുക ഒടുക്കണം.

**കെ-ഫോൺ പദ്ധതി**

64(77) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ സംവിധാനം നടപ്പാക്കുന്നതിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

i) 7055 കിലോമീറ്റർ ബാക്ക്ബോൺ, 20227 കി.മീ. എ.ഡി.എസ്.എസ് (Al-Dielectric Self Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ, 374 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി./നോൺ ഐ.ടി. സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

ii) 20,398 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തി.

iii) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 5497 വീടുകളിൽ കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.

iv) പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'എന്റെ KFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, ‘www.kfon.in' വെബ് സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

v) ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നതിനായി 2106 ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർ (LNP) മാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

vi) 2167 ഫൈബർ ടു ദ ഹോം കണക്ഷനുകളും 62 ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും നൽകിയിട്ടുണ്ട്. കൂടാതെ, 2909 കിലോ മീറ്റർ ഡാർക്ക് ഫൈബർ ലീസിനു നൽകിയിട്ടുണ്ട്.

vii) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ച്ചർ പ്രൊവൈഡർ (ഐ.പി. 1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ. എസ്. പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്. National Long Distance (NLD) ലൈസൻസ് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) പുതുക്കാട് മണ്ഡലത്തിൽ എത്ര കെ-ഫോൺ കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 24 കുടുംബങ്ങൾക്കും 27 വാണിജ്യ കണക്ഷനുകളും 102 ഓഫീസുകൾ/ സ്ഥാപനങ്ങൾക്കുമാണ് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളത്.

(സി) മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിലാണ് പ്രസ്തുത സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ഓഫീസുകൾ/ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ഡി) കെ-ഫോൺ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:-

i) പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'എന്റെ KFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ് സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

ii) ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നതിനായി 2106 ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർ (LNP) മാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാരെ പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

iii) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ച്ചർ പ്രൊവൈഡർ (ഐ.പി. 1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ. എസ്. പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്. National Long Distance (NLD) ലൈസൻസ് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

**സി-ഡിറ്റിനെ വിഭജിച്ച് കമ്പനി രൂപീകരിക്കുന്നതിന് നടപടി**

65(78) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡിറ്റിനെ വിഭജിച്ച് കമ്പനി രൂപീകരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

സി-ഡിറ്റിനെ വിഭജിച്ച് കമ്പനിയാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല.

(ബി) സി-ഡിറ്റ് ഡയറക്ടറായിരുന്ന ശ്രീ. ജി. ജയരാജിനെ തൽസ്ഥാനത്തുനിന്നും നീക്കി പുതിയ ഡയറക്ടറെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കുമോ;

ഇല്ല.

(സി) ശ്രീ. ജി. ജയരാജ് ഡയറക്ടറായിരുന്ന കാലയളവിലെടുത്ത നടപടികളും തീരുമാനങ്ങളും പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ;

കോടതി വിധിയുടെ വെളിച്ചത്തിൽ ഈ വിഷയം സർക്കാർ പരിശോധിച്ച് വരുകയാണ്.

(ഡി) ശ്രീ. ജി. ജയരാജ് ഡയറക്ടറായിരുന്ന കാലയളവിൽ കൈപ്പറ്റിയ ശമ്പളവും മറ്റിനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

30,47,768/- രൂപ ശമ്പള ഇനത്തിൽ കൈപ്പറ്റിയിരുന്നു.

(ഇ) ശ്രീ. ജി. ജയരാജ് ഡയറക്ടറായിരുന്ന കാലയളവിൽ വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുവദിച്ച് നൽകിയ പണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2022 മുതൽ ഡിസംബർ 2023 വരെ വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുവദിച്ച് നൽകിയ പണം സംബന്ധിച്ച് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം+ ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ-ഫോൺ പദ്ധതി**

66(79) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ കണക്ഷൻ നൽകുന്ന പദ്ധതി നിലവിലേതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു:-

i) 7055 കിലോമീറ്റർ ബാക്ക് ബോൺ, 20,227 കി.മീ. എ.ഡി.എസ്.എസ് (All Di-electric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 374 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി./നോൺ ഐ.ടി. സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

ii) 20,398 ഓഫീസുകളിൽ / സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തി.

iii) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 5,497 വീടുകളിൽ കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.

iv) പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി “എന്റെKFON” മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

v) ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നതിനായി 2106 ലാസ്റ്റ് മൈൽ നെറ്റ്വർക്ക് പ്രൊവൈഡർ (LNP) മാരെ നിലവിൽ തെരഞ്ഞെടുത്തിട്ടുണ്ട് .

vi) 2167 ഫൈബർ ടു ദ ഹോം കണക്ഷനുകളും 62 ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും നൽകിയിട്ടുണ്ട്. കൂടാതെ, 2909 കിലോ മീറ്റർ ഡാർക്ക് ഫൈബർ ലീസിനു നൽകിയിട്ടുണ്ട്.

vii) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്. National Long Distance (NLD) ലൈസൻസ് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) മലപ്പുറം ജില്ലയിൽ കെ-ഫോൺ കണക്ഷൻ നൽകൽ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ജില്ലയിൽ കണക്ഷൻ നൽകുന്ന അതോറിറ്റി ആരാണെന്നും അറിയിക്കുമോ;

(സി) മഞ്ചേരി മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി&സി) കെ-ഫോൺ ലിമിറ്റഡ് എന്ന സ്ഥാപനമാണ് സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി നടപ്പാക്കുന്നത്. സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾക്ക് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് മുഖേനയാണ് കണക്ഷൻ നൽകുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കേരളാ വിഷൻ ബ്രോഡ്ബാൻഡ് ലിമിറ്റഡ് മുഖേനയും ഗാർഹിക കണക്ഷനുകൾ കെ-ഫോൺ ലിമിറ്റഡ് തെരഞ്ഞെടുത്ത ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാർ മുഖേനയുമാണ് നിലവിൽ കെ-ഫോൺ കണക്ഷൻ നൽകുന്നത്. മലപ്പുറം ജില്ലയിലെ 3441 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ നിലവിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള

അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 2108 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ ഏതെല്ലാം സർക്കാർ ഓഫീസുകൾക്ക് നൽകിയെന്ന് വ്യക്തമാക്കാമോ;

ഓഫീസ്/സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ഇ) മഞ്ചേരി മണ്ഡലത്തിൽ വ്യക്തികൾക്ക് കണക്ഷൻ നൽകുന്നതിനുവേണ്ടി തെരഞ്ഞെടുത്ത വീടുകളുടെയും ഇതിനകം നൽകിയ കണക്ഷനുകളുടെയും വിശദാംശം തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

മഞ്ചേരി മണ്ഡലത്തിലെ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുവേണ്ടി തിരഞ്ഞെടുത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ പട്ടികയും ഇതിനകം കണക്ഷൻ നൽകിയ വീടുകളുടെ തദ്ദേശസ്ഥാപന അടിസ്ഥാനത്തിലുള്ള പട്ടികയും അനുബന്ധമായി+ഉള്ളടക്കം ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ-ഫോൺ പദ്ധതി**

67(80) <u>ശ്രീ. അൻവർ സാദത്ത്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയിൽ നാളിതുവരെ എത്ര പേർക്ക് സൗജന്യമായി കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കാമോ?

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 5497 കുടുംബങ്ങൾക്ക് കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കെ-ഫോൺ പദ്ധതിയിൽ നാളിതുവരെ എത്ര പേർക്ക് വാണിജ്യാടിസ്ഥാനത്തിൽ കണക്ഷൻ നൽകിയെന്ന് അറിയിക്കാമോ?

2167 കണക്ഷനുകൾ വാണിജ്യാടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.

(സി) കെ-ഫോൺ പദ്ധതിയിലെ ഡാർക്ക് ഫൈബർ ലീസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഏതൊക്കെ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഡാർക്ക് ഫൈബർ ലീസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് മാനേജ്ഡ് സർവ്വീസ് പ്രൊവൈഡർ (MSP) ആയ എസ്.ആർ.ഐ.ടി. ഇന്ത്യ ലിമിറ്റഡ്

എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്:-

i) ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്.

ii) കിംഗ്സ് ബ്രോഡ്ബാൻഡ് പ്രൈവറ്റ് ലിമിറ്റഡ്.

iii) റയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്.

iv) കേരള വിഷൻ ബ്രോഡ്ബാൻഡ് ലിമിറ്റഡ്.

v) എക്സ്ട്രാനെറ്റ് സപ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡ്.

**സൈബർ ആക്രമണങ്ങൾ തടയുന്നതിനുള്ള നടപടി**

68 (81) <u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u>
<u>ശ്രീ. എം. വിജിൻ:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔദ്യോഗിക വെബ്സൈറ്റുകൾ ഹാക്കർമാരിൽ നിന്നും സംരക്ഷിക്കുന്നതിനാവശ്യമായ ജാഗ്രതാനിർദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള പോലീസിന്റേത് ഉൾപ്പെടെ എല്ലാ സർക്കാർ വകുപ്പുകളിലെയും വെബ്സൈറ്റുകൾ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയശേഷം സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ആണ് ഹോസ്റ്റ് ചെയ്യുന്നത്. ഈ വെബ്സൈറ്റുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ 24 X 7 പ്രവർത്തിക്കുന്ന സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററിൽ (SOC) സസൂക്ഷ്മം നിരീക്ഷണത്തിലാണ്. കൂടാതെ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം ഇന്ത്യ (CERT-IN), നാഷണൽ സൈബർ കോ-ഓഡിനേഷൻ സെന്റർ (NCCC), നാഷണൽ ക്രിട്ടിക്കൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ച്ചർ പ്രൊട്ടക്ഷൻ സെന്റർ (NCIIPC) എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന വൾനറബിലിറ്റി അസസ്സ്മെന്റ് റിപ്പോർട്ട് പരിശോധിച്ച് പോലീസ് വകുപ്പ്, കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരളയുമായി (CERT-K) കൂടിയാലോചിച്ച് മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ വെബ്സൈറ്റുകളെ സൈബർ ആക്രമണങ്ങളിൽ നിന്നും പ്രതിരോധിക്കുന്നതിനായി സെർട്ട്-കെ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പുതുതായി രൂപകല്പന ചെയ്ത ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഹോസ്റ്റ് ചെയ്യുന്നതിന് മുൻപായി സെക്യൂരിറ്റി ഓഡിറ്റ് നടത്തി ആപ്പിക്കേഷനുകളിലെ സുരക്ഷാന്യൂനതകളെല്ലാം പരിഹരിച്ച് "സേഫ് ടു ഹോസ്റ്റ് സർട്ടിഫിക്കറ്റ്" സമർപ്പിച്ചെങ്കിൽ മാത്രമേ ഹോസ്റ്റ് ചെയ്യാനുള്ള തുടർനടപടിക്കായി അനുമതി ലഭിക്കുകയുള്ളൂ. ഇതിനുവേണ്ട മാർഗ്ഗനിർദേശ രേഖകൾ ഐ.ടി. വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഒരു മുൻകരുതൽ നടപടിയായി, നിലവിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളുടെ സുരക്ഷാ ന്യൂനതകൾ സെർട്ട്-കെ പീരിയോഡിക്കലായി പരിശോധിച്ച് കണ്ടെത്തുകയും അതിലെ സുരക്ഷാ പാളിച്ചകൾ യഥാസമയം അതത് ഡിപ്പാർട്ടുമെന്റുകളെ അറിയിക്കുകയും വേണ്ട സുരക്ഷാമാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

സൈബർ സുരക്ഷാആക്രമണങ്ങൾക്ക് വിധേയമാകുന്ന സർക്കാർ വെബ്സൈറ്റ്/വെബ് ആപ്ലിക്കേഷന്റെ ഇൻസിഡന്റ്/ലോഗ് അനാലിസിസ് നടത്തുകയും ഭാവിയിൽ ഇത്തരത്തിലുള്ള ആക്രമണങ്ങൾ വരാതിരിക്കുവാൻ വേണ്ടിയുള്ള മുൻകരുതലുകൾ ആവിഷ്കരിക്കുകയും ചെയ്യുന്നു.

വിവിധ ഡിപ്പാർട്ടുമെന്റിലുള്ള വിവര സാങ്കേതിക മേഖലയിലെ ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി സംബന്ധമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സുരക്ഷാ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ സൈബർ സുരക്ഷയെ സംബന്ധിച്ച ബോധവൽക്കരണം സർക്കാർ ജീവനക്കാർ, പൊതുജനങ്ങൾ എന്നിവരിലേയ്ക്ക് പരമാവധി എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഓൺലൈൻ പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) അമേരിക്ക കേന്ദ്രീകരിച്ചുള്ള ഹാക്കർമാരുടെ സൈബർ ആക്രമണത്തിൽ നിന്ന് കേരള പോലീസിന്റെ കമ്പ്യൂട്ടർ ശൃംഖലയെ സംരക്ഷിക്കുന്നതിൽ നടത്തിയ സമയോചിത ഇടപെടൽ ഫലപ്രദമായിട്ടുണ്ടോ; അറിയിക്കുമോ?

കേരളാ പോലീസിന്റെ കമ്പ്യൂട്ടറുകളും കമ്പ്യൂട്ടർ നെറ്റ് വർക്കുകളും സംരക്ഷിക്കുന്ന ചുമതലകൾക്കായി സൈബർ ഓപ്പറേഷൻ പോലീസ് ഇൻസ്പെക്ടർ ജനറലിനെ ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറായും (CISO) സൈബർ ഓപ്പറേഷൻസ് പോലീസ് സൂപ്രണ്ട്, ടെക്നിക്കൽ

ഇന്റലിജൻസ് പോലീസ് സൂപ്രണ്ട്, ടെലികമ്മ്യൂണിക്കേഷൻ & ടെക്നോളജി പോലീസ് സൂപ്രണ്ട് എന്നീ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടി ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്. ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറിന്റെ നിയന്ത്രണത്തിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരളയുടെയും (CERT-K) കേരള പോലീസിന്റെ ഡിസ്ട്രിക്ട് കമ്പ്യൂട്ടർ മെയിന്റനൻസ് യൂണിറ്റിന്റെയും (DCMU) പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഇൻസിഡന്റ് റെസ്പോൺസ് ടീമായി പ്രവർത്തിക്കുന്ന സൈബർ സെക്യൂരിറ്റി ഡെസ്ക് സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള പോലീസിന്റെ നെറ്റ് വർക്കും കമ്പ്യൂട്ടറുകളും സമ്പൂർണ്ണ സംരക്ഷണ വലയത്തിൽ കൊണ്ടുവരുന്നതിലേയ്ക്കായി വകുപ്പുതലത്തിൽ ഒരു ഉപ സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ (Sub SOC) രൂപകൽപ്പന ചെയ്യുന്ന നടപടികൾ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സുമായി (CDOT) സഹകരിച്ച് ദ്രുതഗതിയിൽ നടന്നുവരുന്നു. പോലീസ് സേനയെ സൈബർ അറ്റാക്കുകൾ നേരിടാൻ സുസജ്ജമാക്കുന്നതിന്റെ ഭാഗമായി ഒരു വിദഗ്ദ്ധസേനയെ

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുവാൻ വേണ്ടി ബി.എസ്.എൻ.എൽ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (CUSAT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (IIIT), നാഷണൽ ഫോറൻസിക് സയൻസ് യുണിവേഴ്സിറ്റി (NFSU) എന്നീ ഏജൻസികളുമായി ചേർന്ന് സമഗ്രമായ പരിശീലന പരിപാടികൾ നടത്തിവരുന്നു. പോലീസിന്റെ കമ്പ്യൂട്ടർ നെറ്റ് വർക്ക് സുരക്ഷിതമാക്കുന്നതിനായി ഫോർട്ടി ക്ലൈന്റ് സോഫ്റ്റ്വെയർ ഉപയോഗിക്കുന്നുണ്ട്. കൂടാതെ മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിന്റെ കീഴിലുള്ള ഇൻഡ്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ, മിനിസ്ട്രി ഓഫ് ഇലക്ട്രോണിക് & ഇൻഫർമേഷൻ ടെക്നോളജിക്ക് കീഴിലുള്ള കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം എന്നിവയുടെ നിർദ്ദേശങ്ങളും ഹാക്കിംഗിനെ ഫലപ്രദമായി നേരിടാൻ ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) ഇത്തരത്തിലുള്ള സൈബർ അറ്റാക്കുകൾ തടയുന്നതിനും വെബ്സൈറ്റുകൾ സംരക്ഷിക്കുന്നതിനും മറ്റ് ഔദ്യോഗിക ഏജൻസികളുടെ

സഹകരണം സംസ്ഥാന പോലീസിന് ലഭ്യമാക്കാൻ വിവര സാങ്കേതികവിദ്യാവകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

സൈബർ അറ്റാക്കുകൾ തടയുന്നതിനും വെബ്സൈറ്റുകൾ സംരക്ഷിക്കുന്നതിനുമായി കേരളത്തിലെ മറ്റ് ഔദ്യോഗിക ഏജൻസികളായ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് (C-DAC), കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരള (CERT-K), കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ (KELTRON) എന്നീ ഏജൻസികളുടെ സഹകരണം സംസ്ഥാന പോലീസിന് ലഭ്യമാക്കുന്നതിന് വിവര സാങ്കേതികവിദ്യാവകപ്പിന് കഴിഞ്ഞിട്ടുണ്ട്. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരള (CERT-K)-യുമായി നിരന്തര സമ്പർക്കം പുലർത്തിയാണ് സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സൈബർ സെക്യൂരിറ്റി ഡെസ്ക് മുഖാന്തിരം ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർ (CISO) നടപടികൾ സ്വീകരിച്ചുവരുന്നത്. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരള (CERT-K) കേന്ദ്ര ഏജൻസികളായ ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ (ICCCC), നാഷണൽ സൈബർ

കോർഡിനേഷൻ സെന്റർ (NCCC), നാഷണൽ ക്രിട്ടിക്കൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ പ്രൊട്ടക്ഷൻ സെന്റർ (NCIIPC), സൈബർ സ്വച്ഛതാ കേന്ദ്രം, കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം ഇന്ത്യ (CERT-IN) എന്നിവയുമായി നിരന്തര സമ്പർക്കം പുലർത്തിക്കൊണ്ട് സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന പോലീസ് ഉൾപ്പെടെയുള്ള വകപ്പുകൾക്ക് സഹായസഹകരണങ്ങൾ എത്തിച്ചുനൽകുകയും അവരുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) സംസ്ഥാന സൈബർ പോലീസിന് അത്യാധുനിക സാങ്കേതികവിദ്യയിൽ ആവശ്യമായ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി, ഡാർക്ക് വെബ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നതും, തെരഞ്ഞെടുക്കപ്പെട്ട സേനാംഗങ്ങൾക്ക് സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് (C-DAC), കേരള പോലീസ് അക്കാദമി (KEPA), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ട്രെയിനിംഗ്

സെന്റർ (C-DIT), സെൻട്രൽ ഡിറ്റക്റ്റീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റൂട്ട് (CDTI), നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ (NCRB), നാഷണൽ സൈബർ ക്രൈം ട്രെയിനിംഗ് സെന്റർ (CyTrain), സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ട്രെയിനിംഗ് & റിസർച്ച് (CCITR) ബാംഗ്ലൂർ, നാഷണൽ ടെക്നിക്കൽ & റിസർച്ച് ഓർഗനൈസേഷൻ (NTRO) ന്യൂഡൽഹി എന്നിവിടങ്ങളിൽ അയച്ച് പ്രത്യേക പരിശീലനം നൽകിവരുന്നു. കൂടാതെ പോലീസ് ട്രെയിനിംഗ് കോളേജിൽ Tracking of Cyber Crime and Empowering the Cyber Arms of Kerala Police എന്നൊരു പരിശീലന പരിപാടി നടന്നുവരുന്നുണ്ട്. സൈബർ സെക്യൂരിറ്റി, എത്തിക്കൽ ഹാക്കിംഗ്, നെറ്റ് വർക്ക് സുരക്ഷ, റിസ്ക് മാനേജ്മെന്റ്, ഡിജിറ്റൽ ഫോറൻസിക് തുടങ്ങിയ മേഖലകളിൽ സാങ്കേതിക വശം മെച്ചപ്പെടുത്തുന്നതിനും ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനും പുതുതായി പോലീസ് ആസ്ഥാനം കേന്ദ്രമാക്കി സൈബർ ഡിവിഷൻ (സൈബർ ഓപ്പറേഷൻ, റിസർച്ച് അനാലിസിസ് യൂണിറ്റ്) ആരംഭിച്ചിട്ടുള്ളതും, സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയാൻ എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ ഒഴികെ) സൈബർ പോലീസ് സ്റ്റേഷൻ

രൂപീകരിച്ചിട്ടുള്ളതും ടി യൂണിറ്റുകളിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതുമാണ്. കൂടാതെ പോലീസ് സ്റ്റേഷൻ തലത്തിൽ കേസ് അന്വേഷണത്തിന് അടിയന്തരസഹായം ലഭ്യമാക്കുന്നതിനായി 3 പോലീസുകാർ ഉൾപ്പെട്ട സൈബർ ഫോറൻസിക് ടീം രൂപീകരിച്ച് അവർക്ക് പരിശീലനം നൽകിയിട്ടുള്ളതുമാണ്. സംസ്ഥാന പോലീസ് സേനയിലെ 25 പോലീസ് ഉദ്യോഗസ്ഥർക്ക് ഡാർക്ക് വെബ് മേഖലയിലും, 75 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി മേഖലയിലും, 50 പോലീസ് ഉദ്യോഗസ്ഥർക്ക് ക്രിപ്റ്റോ കറൻസിയിലും പ്രമുഖ ഏജൻസികൾ മുഖാന്തരം അത്യാധുനിക പരിശീലനം നൽകിയിട്ടുള്ളതും, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം സംസ്ഥാന പോലീസിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 20 സബ്ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി സൈബർ കമാൻഡോ വിഭാഗം രൂപീകരിച്ചിട്ടുള്ളതുമാണ്. ഇത് കൂടാതെ സംസ്ഥാന പോലീസ് സേനയിലെ 360 ഓഫീസർമാർ ഉൾപ്പെടെ 860 പോലീസ് ഉദ്യോഗസ്ഥർ സൈബർ

കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാനും തടയുവാനുംവേണ്ടിയുള്ള അടിസ്ഥാന പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

### കെ-ഫോൺ പദ്ധതി

69 (82) <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫോൺ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ പബ്ലിക് വൈഫൈ അനുവദിക്കപ്പെട്ട സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കെ-ഫോൺ പദ്ധതി പ്രകാരം ഏതൊക്കെ സ്ഥലങ്ങളിൽ പബ്ലിക് വൈഫൈ സ്ഥാപിക്കണമെന്നത് സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

### കുന്നത്തുനാട് മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

70 (83) <u>ശ്രീ. പി. വി. ശ്രീനിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിനായി കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ എത്രയെന്നും അതിൽ എത്ര പേർക്ക് കണക്ഷൻ നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിനായി കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 110 ഗുണഭോക്താക്കളുടെയും ഇതിനകം കണക്ഷൻ നൽകിയ കുടുംബത്തിന്റെയും വിശദാംശം അടങ്ങിയ പട്ടിക അനുബന്ധമായി+ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കുന്നത്തുനാട് മണ്ഡലത്തിലെ സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുവേണ്ടി തെരഞ്ഞെടുത്ത വീടുകളുടെ തദ്ദേശസ്ഥാപന അടിസ്ഥാനത്തിലുള്ള പട്ടിക ക്രോഡീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) മണ്ഡലത്തിലെ എത്ര സർക്കാർ ഓഫീസുകൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ആകെ 202 സർക്കാർ ഓഫീസുകളിലാണ്/സ്ഥാപനങ്ങളിലാണ് കെ-ഫോൺ കണക്ഷൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നൽകേണ്ടത്. അവയിൽ 188 എണ്ണത്തിൽ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 165 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) കുന്നത്തുനാട് മണ്ഡലത്തിൽ കൂടുതൽ കണക്ഷനുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ് സൈറ്റും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ലാസ്റ്റ് മൈൽ കണക്ടിവിറ്റി നൽകുന്നതിനായി 2106 ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർ (LNP)-മാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ LNP-മാരുടെ സേവനം പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**സി-ഡിറ്റിൽ അസ്സറ്റ് മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ വാങ്ങിയ നടപടി**

71 (84) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ 2017-18 കാലയളവിൽ പദ്ധതി ഫണ്ട് ഉപയോഗിച്ച് കിൻസ്ഫോക്ക് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് അസ്സറ്റ് മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ വാങ്ങിയിരുന്നോ; എങ്കിൽ എത്ര തുകയ്ക്കാണ് പ്രസ്തുത സോഫ്റ്റ്വെയർ വാങ്ങിയതെന്ന് വിശദമാക്കുമോ; പ്രസ്തുത സോഫ്റ്റ്വെയറിന്റെ ക്ലൗഡ് ഹോസ്റ്റിംഗിനുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ?

സി-ഡിറ്റ് പദ്ധതി വിഹിതമുപയോഗിച്ച് ഇരുപത്തിയൊൻപത് ലക്ഷത്തി അൻപതിനായിരം രൂപയുടെ പർച്ചേയ്സ് ഓർഡർ മുഖേന എന്റർപ്രൈസ് മാനേജ്മെന്റ് (അസറ്റ് മാനേജ്മെന്റ്) സിസ്റ്റം എന്ന സോഫ്റ്റ്വെയർ വാങ്ങിയിരുന്നു. ഇതിൽ സോഫ്റ്റ് വെയർ ലൈസൻസിന് 20,36,680/- രൂപയും Implementation തുകയായ 5,78,200/- ന്റെ 30 ശതമാനമായ 1,73,460/- രൂപയും AMC ഇനത്തിൽ 3,23,320/- രൂപയും നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ. പദ്ധതിയുടെ പേരിൽ വാങ്ങിയ ഈ സോഫ്റ്റ്വെയർ കെ.എസ്.എഫ്.ഇ. പദ്ധതിയിലോ മറ്റേതെങ്കിലും

പദ്ധതിയിലോ നാളിതുവരെ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ബന്ധപ്പെട്ട പ്രോജക്ട് കരാർ കെ.എസ്.എഫ്.ഇ. റദ്ദാക്കിയതുമൂലം സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ കഴിഞ്ഞില്ല.

(സി)പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങിയത് പൊതുഖജനാവിന് നഷ്ടമുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സി-ഡിറ്റിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചറും ഡിജിറ്റൽ ആസ്തികളും കൈകാര്യം ചെയ്യുന്നതിനുള്ള സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനാണ് ഐ.ടി. അസറ്റ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വാങ്ങിയത്. സി-ഡിറ്റിന്റെ ആസ്തി വർദ്ധിപ്പിക്കാനാണ് പദ്ധതിതുക ഉപയോഗിച്ചത് എന്നതിനാൽ നഷ്ടം ഉണ്ടായിട്ടില്ല. ഉദ്ദേശിച്ചിരുന്നതുപോലെ 2019-ൽ കെ.എസ്.എഫ്.ഇ പ്രോജക്ട് നടപ്പിലായിരുന്നെങ്കിൽ സി-ഡിറ്റിന് അധിക വരുമാനം ലഭിക്കുമായിരുന്നു. എങ്കിലും അത്തരം പുതിയ പ്രോജക്ടുകൾ ലഭിക്കുന്ന അവസരത്തിൽ ഈ

സോഫ്റ്റ്‌വെയർ നിർമ്മാതാക്കളുമായി എ.എം.സി. പുതുക്കി അതുപയോഗിക്കാൻ കഴിയുന്നതാണ്.

## കുട്ടനാട്ടിലെ എൻ. സി. സി. നാഷണൽ ട്രെയിനിംഗ് സെന്റർ നിർമ്മാണം ആരംഭിക്കാൻ നടപടി

72 (85) ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ എൻ.സി.സി. നാഷണൽ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

എൻ.സി.സി.-യ്ക്ക് കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ദേശീയനിലവാരത്തിലുള്ള നേവൽ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് അനുവദിക്കുകയുണ്ടായി. എൻ.സി.സി.-യുടെ ആവശ്യപ്രകാരം 5 കേരള നേവൽ ബറ്റാലിയൻ ഓഫീസ് കെട്ടിടവും, 300 കേഡറ്റുകൾക്ക് താമസിച്ച് ജലജന്യ പരിശീലന പ്രവർത്തനങ്ങൾ നടത്താവുന്നതരത്തിലുള്ള താമസസൗകര്യങ്ങൾ, ബോട്ട് ഹൗസ് എന്നിവയുടെ രൂപ രേഖയും 12.88 കോടി രൂപയുടെ എസ്റ്റിമേറ്റും

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി.-യ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഫെൻസിംഗ് നിർമ്മാണത്തിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അനുവദിച്ച 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ട്രെയിനിംഗ് സെന്ററിൽ ഇന്ത്യൻ നേവിയുടെ പ്രാഥമിക പരിശീലനവും ജലത്തിലെ സാഹസിക പരിശീലനവും നടത്താനാവും. കൂടാതെ, പ്രളയ സമയങ്ങളിൽ അടിയന്തരഘട്ടത്തിൽ ജില്ലാ ഭരണകൂടത്തിന് നേവൽ ട്രെയിനിംഗ് സെന്റർ രക്ഷാപ്രവർത്തനങ്ങൾക്ക് ഷെൽട്ടറായും ഉപയോഗിക്കാവുന്നതാണ്. കൂടാതെ, നേവിയുടെ ബോട്ട് മറ്റ് സുരക്ഷാ ഉപകരണങ്ങൾ എല്ലാം തന്നെ അടിയന്തരഘട്ടത്തിൽ ഉപയോഗിക്കാൻ സാധിക്കും.

(ബി) നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് തർക്കം നിലനിൽക്കുന്ന പ്രദേശം ഒഴിവാക്കി നിർമ്മാണം ആരംഭിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതി പ്രദേശത്തോട് ചേർന്ന് വൈദികർ നടത്തുന്ന സ്ഥാപനത്തിന് ബുദ്ധിമുട്ട് ഉണ്ടാകാത്ത നിലയിൽ പദ്ധതി വേഗം നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട വിഭാഗങ്ങളെ എല്ലാം ഉൾപ്പെടുത്തി യോഗം വിളിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി-ഡി) റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ബഹുമാനപ്പെട്ട ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നുണ്ട്. അതോടൊപ്പം നിർമ്മാണപ്രവർത്തനങ്ങൾക്ക് സ്റ്റേയും ഉണ്ട്. ആയതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

**സൈനിക ക്ഷേമ വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ ഒഴിവുകൾ**

73 (86) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക ക്ഷേമ വകുപ്പിൽ കാസർഗോഡ്, ഇടുക്കി, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ ഒഴിവുള്ള ജില്ലാ ഓഫീസർമാരുടെ തസ്തികകൾ അസിസ്റ്റന്റ് ജില്ലാ ഓഫീസർമാർക്ക് ഫുൾ ചാർജ്ജ് നൽകി നികത്തിയിട്ടുണ്ടോ?

കാസർഗോഡ്, ഇടുക്കി, പാലക്കാട്, കോട്ടയം ജില്ലകളിലെ ജില്ലാ സൈനികക്ഷേമ ഓഫീസർമാരുടെ ഒഴിവുകളിൽ അസിസ്റ്റന്റ് ജില്ലാ സൈനികക്ഷേമ ഓഫീസർമാർക്ക് പൂർണ്ണ അധിക ചുമതല നൽകി ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(ബി) കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട ജില്ലകളിൽ ജില്ലാ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ?

ഉണ്ട്.

(സി) ഒഴിവുകൾ ഉണ്ടെങ്കിൽ അടിയന്തരമായി അസിസ്റ്റന്റ് ജില്ലാ ഓഫീസർമാർക്ക് ഫുൾ ചാർജ്ജ് നൽകി ഉത്തരവാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലാ സൈനികക്ഷേമ ഓഫീസറുടെ പൂർണ്ണ ചുമതല മലപ്പുറം ജില്ലാ സൈനികക്ഷേമ ഓഫീസർക്കും കോഴിക്കോട് ജില്ലാ സൈനികക്ഷേമ ഓഫീസറുടെ പൂർണ്ണ ചുമതല വയനാട് ജില്ലാ സൈനികക്ഷേമ ഓഫീസർക്കും പത്തനംതിട്ട ജില്ലാ സൈനികക്ഷേമ ഓഫീസറുടെ പൂർണ്ണ ചുമതല ആലപ്പുഴ ജില്ലാ സൈനികക്ഷേമ ഓഫീസർക്കും നൽകിയിട്ടുണ്ട്.

**സൈനികക്ഷേമ വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ നിയമനം**

74 (87) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സൈനികക്ഷേമ വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ നിയമനം കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഉന്നത സൈനിക ഓഫീസർമാർക്കായി നീക്കി വച്ചിരിക്കുന്നതിനാലും പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലായതിനാലും ഡയറക്ടറെ കൂടാതെ എത്ര ജില്ലാ ഓഫീസർമാരുടെ ഒഴിവുകളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ?

സൈനികക്ഷേമ വകുപ്പിൽ ഡയറക്ടറുടെ ഒഴിവ് കൂടാതെ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 7 ജില്ലാ സൈനികക്ഷേമ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) വിമുക്ത ഭടൻമാർക്ക്/വിധവകൾക്ക്/ആശ്രിതർക്ക് ലഭിക്കുന്ന സേവനങ്ങളിൽ തടസ്സം/താമസം നേരിടാതിരിക്കുവാൻ നിലവിൽ 2 ജില്ലാ ഓഫീസർമാർക്ക് സ്ഥാനക്കയറ്റം നൽകിയ വ്യവസ്ഥയിൽ മറ്റ് അർഹരായ ഉദ്യോഗസ്ഥർക്ക് കൂടി താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഒഴിവുള്ള ജില്ലാ ഓഫീസർമാരുടെ തസ്തികകൾ നികത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആറുമാസത്തിൽ കുറവ് സേവനകാലം ബാക്കിയുള്ളവർക്ക് താൽക്കാലികാടിസ്ഥാനത്തിൽ അർഹമായ പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

(ബി&സി) ജില്ലാ സൈനികക്ഷേമ ഓഫീസർ തസ്തികയിലേയ്ക്ക് താല്ക്കാലിക പ്രൊമോഷനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

75 (88) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചത് എത്രപേർക്കാണെന്നും എത്ര തുകയാണ് ആകെ അനുവദിച്ചതെന്നും വില്ലേജ് തിരിച്ച് അറിയിക്കാമോ?

നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) 2018, 2019 കാലഘട്ടത്തിലെ പ്രളയദുരന്തവുമായി ബന്ധപ്പെട്ട് നിലമ്പൂർ നിയോജകമണ്ഡലത്തിൽ എത്രപേർക്ക് ധനസഹായം നൽകിയെന്നും എത്ര തുക ഇതിനായി ചെലവഴിച്ചുവെന്നും വർഷവും വില്ലേജും തിരിച്ച് വിവരം ലഭ്യമാക്കുമോ; പ്രളയ പുനരധിവാസത്തിന്റെ

ഭാഗമായി പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ച ഭൂമിയും വീടുകളും എത്രയെന്ന് വില്ലേജ് തിരിച്ച് വിവരം നൽകാമോ?

| **വർഷം** | **വില്ലേജ്** | **ആളുകളുടെ എണ്ണം** | **അനുവദിച്ച തുക** | **ഭൂമിക്ക് ധനസഹായം അനുവദിച്ചവരുടെ എണ്ണം** | **വീടിന് ധനസഹായം അനുവദിച്ചവരുടെ എണ്ണം** |
|---|---|---|---|---|---|
| 2018 | വഴിക്കടവ് | 93 | 20830000 | - | - |
| | മൂത്തേടം | 38 | 2055000 | - | - |
| | എടക്കര | 77 | 9990000 | - | - |
| | പോത്ത്കല്ല് | 53 | 8965000 | - | - |
| | കുറുമ്പലങ്ങോട് | 90 | 36290000 | 31 | 31 |
| | ചുങ്കത്തറ | 42 | 3100000 | - | - |
| | നിലമ്പൂർ | 63 | 3420000 | - | - |
| | കരുളായി | 38 | 6845000 | - | - |
| | അമരമ്പലം | 40 | 6980000 | - | - |
| 2019 | വഴിക്കടവ് | 71 | 48761300 | 70 | 71 |
| | മൂത്തേടം | 1 | 594000 | 1 | 1 |
| | എടക്കര | 2 | 1475000 | 2 | 2 |
| | പോത്ത്കല്ല് | 211 | 161440849 | 209 | 197 |
| | കുറുമ്പലങ്ങോട് | 39 | 29825700 | 31 | 31 |
| | നിലമ്പൂർ | 1 | 599130 | 1 | 1 |

(സി) 2018, 2019 പ്രളയവുമായി ബന്ധപ്പെട്ട് 'റീബിൽഡ് കേരള' പദ്ധതിയിൽ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും

ചെലവഴിച്ച തുകയും എത്രയെന്ന് പദ്ധതികളുടെ പേര് സഹിതം വ്യക്തമാക്കാമോ?

'റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്' പദ്ധതി പ്രകാരം 2018-ലെ പ്രളയ പുനരധിവാസത്തിന് 31,00,000/- രൂപയും 2019-ലെ പ്രളയ പുനരധിവാസത്തിന് 24,26,95,979/- രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) 2016 മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ 'ഗ്രാമീണ റോഡ് പുനരുദ്ധാരണ' പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ മണ്ഡലത്തിലെ എത്ര റോഡുകളാണ് നവീകരിച്ചതെന്നും ചെലവഴിച്ച തുക എത്രയെന്നും പഞ്ചായത്തുകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ വിശദാംശങ്ങൾ

76 (90) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (സി.എം.ഡി.ആർ.എഫ്.)-യിൽ നിന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളിതുവരെ എത്ര തുക ധനസഹായമായി നൽകിയെന്നും ഇതുവഴി എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ (21-05-2021 മുതൽ 31-12-2023 വരെ) ആകെ 1976.85 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. 2,51,609 പേർക്ക് നാളിതുവരെ ധനസഹായം വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) ഏതെല്ലാം അവശതയുള്ളവർക്കാണ് ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നത്; വിശദമാക്കാമോ?

സാധാരണ ജീവിതശൈലീ രോഗങ്ങൾ ഒഴികെയുള്ള അസുഖങ്ങൾക്കുള്ള ചികിത്സാ സഹായവും അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായവും, തീപിടുത്തം/കടൽക്ഷോഭം എന്നിവ മൂലമുണ്ടായ നാശനഷ്ടത്തിനുള്ള ധനസഹായവും പ്രളയംമൂലം വാസഗൃഹങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ എന്നിവയ്ക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകിവരുന്നു.

(സി) മുൻസർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് വാമനപുരം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ധനസഹായ തുകയുടെയും എത്ര പേർക്ക് അവിടെ അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുള്ളതിന്റെയും വിവരങ്ങൾ വിശദമാക്കാമോ?

മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല.

**കടലാക്രമണത്തിന്റെ നഷ്ടപരിഹാരം ലഭിക്കാൻ നടപടി**

77 (91) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കടലാക്രമണത്തിലും മറ്റും സംഭവിക്കുന്ന നഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കാൻ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കടലാക്രമണത്തിൽ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വള്ളങ്ങൾക്കും വലയ്ക്കും സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും സമയബന്ധിതമായി ധനസഹായം അനുവദിച്ചുവരുന്നു.

എല്ലാ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് 2018 മുതൽ ഫിഷറീസ് വകുപ്പിന്റെകീഴിൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കടലാക്രമണത്തിലും മറ്റും സംഭവിക്കുന്ന നഷ്ടങ്ങൾക്ക് പദ്ധതിയുടെ ഗുണഭോക്താക്കളായ എല്ലാവർക്കും അനുവദനീയമായ ഇൻഷ്വറൻസ് ക്ലെയിം ഇൻഷ്വറൻസ് കമ്പനികൾ മുഖാന്തരം നൽകിവരുന്നു.

ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത യാനങ്ങളുടെ കാര്യത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ബന്ധപ്പെട്ട ജില്ലാ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താവിന് നേരിട്ട് നഷ്ടപരിഹാരം അനുവദിച്ചുവരുന്നു.

കൂടാതെ തീരശോഷണത്തെ സംസ്ഥാന സവിശേഷദുരന്തമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്തപ്രതികരണനിധിയിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

**ജലാശയ അപകടമരണങ്ങൾ**

78 (92) <u>ശ്രീ. പി. പി. സുമോദ്:</u> താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2023-ൽ സംസ്ഥാനത്ത് ഏത്ര ജലാശയ അപകടങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; അതിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**വടക്കാഞ്ചേരി മണ്ഡലത്തിൽ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച തുക**

79 (93) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായത്തിനും മറ്റുമായി എത്ര തുകയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 21-05-2021 മുതൽ 31-12-2023 വരെയുള്ള കാലയളവിൽ ആകെ 1976.85 കോടി രൂപ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര തുകയാണ് ഇപ്രകാരം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

**പൂഞ്ഞാർ മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം**

80 (94) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ദുരന്തനിവാരണ (എ) വകുപ്പിന്റെ 29-10-2021-ലെ സ.ഉ. (കൈ)നം.5/2021/ഡി.എം.ഡി പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളെയും നിലവിലെ സ്ഥലത്തുനിന്നും മാറ്റേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം

നൽകേണ്ടതുമാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ, കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളെയും നിലവിലെ താമസസ്ഥലത്തുനിന്ന് മാറ്റി പാർപ്പിക്കുന്നതിനും വസ്തു വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി ഒരു കുടുംബത്തിന് പത്തു ലക്ഷം രൂപ വീതം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ജില്ലാ കളക്ടറുടെ ശിപാർശ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം പത്ത് ലക്ഷം രൂപ അനുവദിക്കുന്നതിന് ഗുണഭോക്താക്കൾക്ക് സംസ്ഥാനത്ത് മറ്റൊരിടത്തും ഭൂമി ഇല്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട്. ജില്ലാ കളക്ടറുടെ ശിപാർശയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ ആർക്കെങ്കിലും സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും ഭൂമി ഉണ്ടോ എന്ന വിവരം, മാറ്റിപ്പാർപ്പിക്കേണ്ടവരുടെ വിശദാംശങ്ങൾ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും കാഞ്ഞിരപ്പള്ളി മീനച്ചിൽ താലൂക്ക് തഹസീൽദാർമാരുടെയും

റിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

**അഗ്നിരക്ഷാസേനയുടെ പ്രവർത്തനങ്ങൾ**

81 (95) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 വർഷത്തിൽ കേരള അഗ്നിരക്ഷാസേന എത്ര രക്ഷാപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ?

2023 വർഷത്തിൽ വകുപ്പിൽനിന്നും ആകെ 36,858 രക്ഷാപ്രവർത്തനങ്ങൾ നടത്തുകയും 5670 മനുഷ്യരുടെയും 4916 മൃഗങ്ങളുടെയും ജീവൻ രക്ഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി)എത്ര ജീവനുകൾ രക്ഷാപ്രവർത്തനത്തിലൂടെ രക്ഷപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

പിരിവ് (എ)-യിൽ ചേർത്തിട്ടുണ്ട്.

## ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളനിർമ്മാണം

82 (96) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയ്ക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് "സൈറ്റ് ക്ലിയറൻസ്" അനുമതിയും, കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ സെക്യൂരിറ്റി ക്ലിയറൻസ് ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു; ഇതിന്റെ അപേക്ഷ ഒക്ടോബർ 2023-ൽ തന്നെ ഓൺലൈൻ ആയി സമർപ്പിച്ചിട്ടുണ്ട്. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ

നടപടി ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ഏകദേശം 2570 ഏക്കർ വിസ്തൃതിയുള്ള ഭൂമി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിനോടനുബന്ധിച്ച സ്ഥലമേറ്റെടുക്കലിന്റെ ഭാഗമായുള്ള സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സ്ഥലമേറ്റെടുക്കൽ നടപടികളിൽ പൊന്തൻപുഴ വനമേഖലയുമായി ബന്ധപ്പെട്ട് പട്ടയം ലഭിക്കാത്തവരുടെ സ്ഥലവും ഉൾപ്പെട്ടിട്ടുള്ളതിനാൽ വസ്തു ഉടമസ്ഥർക്ക് നിയമപ്രകാരം ലഭിക്കുന്ന നഷ്ടപരിഹാരം ലഭിക്കാൻ എന്തെങ്കിലും തടസ്സം നേരിടുമോ; പതിറ്റാണ്ടുകളായി അവിടെ താമസിക്കുന്ന വ്യക്തികൾക്ക്

നഷ്ടപരിഹാരത്തിന് സ്പെഷ്യൽ പാക്കേജ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി & സി) സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തിയ തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് അന്തിമ റിപ്പോർട്ട് 30-06-2023-ന് സമർപ്പിക്കുകയും ആയത് വിലയിരുത്തി ശുപാർശ സമർപ്പിക്കുന്നതിന് ഏഴംഗ വിദഗ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തിരുന്നു. പ്രസ്തുത വിദഗ്ധ സമിതി സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്തുകയും പദ്ധതി പൊതു ആവശ്യം മുൻനിർത്തിയുള്ളതാണെന്നും, പദ്ധതിമൂലം സൃഷ്ടിക്കപ്പെടുന്ന സാമൂഹിക-സാമ്പത്തിക വികസനം പദ്ധതി വന്നാലുണ്ടായേക്കാവുന്ന സാമൂഹിക പ്രത്യാഘാതങ്ങളെക്കാളും കൂടുതലാണെന്നും കണ്ടെത്തുകയും ഇതിനായി കണ്ടെത്തിയിട്ടുള്ള 2570 ഏക്കർ ഭൂമി ഒരു അന്താരാഷ്ട്ര വിമാനത്താവളത്തിന് ആവശ്യമായ ഏറ്റവും കുറഞ്ഞ വിസ്തൃതിയാണെന്നും വിലയിരുത്തിക്കൊണ്ട് ശിപാർശ സമർപ്പിക്കുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ പൊന്തൻപുഴ വനമേഖലയോ മറ്റേതെങ്കിലും വനമേഖലയോ ഉൾപ്പെടുന്നില്ല.

(ഡി) പ്രസ്തുത പദ്ധതിയുടെ ഡിസൈൻ, ഡി.പി.ആർ. എന്നിവ പൂർത്തിയായിട്ടുണ്ടോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഡിസൈൻ പ്രകാരം സമീപത്തുള്ള റോഡുകളുടെ അലൈൻമെന്റിൽ വ്യത്യാസം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

(ഡി&ഇ) ശബരിമല വിമാനത്താവള പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക സാധ്യതാപഠന (Techno Economic Feasibility Study) റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിഗണിച്ചുകൊണ്ടാണ് പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയം "സൈറ്റ് ക്ലിയറൻസ്" അനുമതി നല്കിയത്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്; ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. DPR തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ഡിസൈൻ, അലൈൻമെന്റ് എന്നിവയിൽ തീരുമാനമെടുക്കാൻ കഴിയൂ.

(എഫ്) പ്രസ്തുത പദ്ധതിക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എസ്.പി.വി.-യുടെ ഓഫീസ് ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

ശബരിമല അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പിന് ഒരു കമ്പനി (SPV) രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം**

83 (97) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂരിലെ കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) റിസ വികസനത്തിനായി ഭൂമി ഏറ്റെടുത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ റൺവേ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

(എ&ബി) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 19-10-2023-ന് 5.0763 ഹെക്ടർ (12.543 ഏക്കർ) ഭൂമി

ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടായിരുന്നു. റിസ വികസനത്തിനായി ടെണ്ടർ അവാർഡ് പൂർത്തീകരിക്കുകയും 2024 ഫെബ്രുവരി മാസം പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

(സി)വിമാനത്താവള വികസനത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ അടഞ്ഞുപോയ എയർപോർട്ട് ബെൽറ്റ് റോഡിന് പകരം പുതിയ റോഡിന് സ്ഥലം ഏറ്റെടുത്ത് നിർമ്മിക്കുന്ന നടപടി സ്വീകരിക്കുമോ?

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി സ്ഥലം ഏറ്റെടുത്തപ്പോൾ അടഞ്ഞുപോയ എയർപോർട്ട് ബെൽറ്റ് റോഡിനുപകരം പുതിയ റോഡ് നിർമ്മിക്കുന്നതിനായി കൊണ്ടോട്ടി എം.എൽ.എ, ജില്ലാ കളക്ടർ, എയർപോർട്ട് ഡയറക്ടർ, കൊണ്ടോട്ടി നഗരസഭ ചെയർമാർ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സ്, എക്സ്പെർട്ട് കമ്മിറ്റി ചെയർമാൻ എന്നിവരുടെ നേതൃത്വത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിരുന്നു. പാലക്കാപ്പറമ്പ് - പിലാത്തോട്ടം മുൻസിപ്പൽ റോഡിനോട് ചേർന്ന് റോഡിന്റെ ഇരുവശത്തും 8 മീറ്റർ വീതിയിൽ പി.ഡബ്ല്യൂ.ഡി. റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി

ഏറ്റെടുക്കുവാനും, എയർപോർട്ട് അതോറിറ്റിയുടെ കൈവശത്തിലുള്ള ഭൂമിയിലൂടെ ക്രോസ്സ് റോഡ് നിർമ്മിക്കുന്നതിന് എയർപോർട്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ഡി)കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറങ്ങുന്നതിനും കൂടുതൽ ആഭ്യന്തര-അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

റിസ വികസനം പൂർത്തിയാകുന്നതോടെ കോഴിക്കോട് വിമാനത്താവളം വലിയ വിമാനങ്ങൾ ഇറങ്ങുന്നതിനും കൂടുതൽ ആഭ്യന്തര-അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിനും സജ്ജമാകും.

**തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതി**

84 (98) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)തിരുവനന്തപുരം മെട്രോ റെയിലിന്റെ തരം, റൂട്ട്, സ്റ്റേഷനുകൾ, പ്രോജക്ട് തുക തുടങ്ങിയവ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തിരുവനന്തപുരത്തിനുവേണ്ടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ലഭ്യമാക്കിയ സമഗ്ര മൊബിലിറ്റി പ്ലാൻ [Comprehensive Mobility Plan(CMP)] സർക്കാരിന്റെ പരിഗണനയിലാണ്. തിരുവനന്തപുരം മെട്രോ റെയിലിന്റെ വിശദ പദ്ധതിരേഖ [Detailed Project Report (DPR)] കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) തയ്യാറാക്കി വരികയാണ്. വിശദ പദ്ധതിരേഖ [Detailed Project Report (DPR)] പരിശോധിച്ചശേഷം മാത്രമേ തിരുവനന്തപുരം മെട്രോ റെയിലിന്റെ തരം, റൂട്ട്, സ്റ്റേഷനുകൾ, പ്രോജക്ട് തുക തുടങ്ങിയവ തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി)തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതി സംബന്ധിച്ച് കെ.എം.ആർ.എൽ. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാരിൽ ലഭ്യമായിട്ടില്ല.

**വടകര-മാഹി കനാൽ പ്രവൃത്തി**

85(100) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)വടകര-മാഹി കനാലിന്റെ മൂന്നാം റീച്ചിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; മൂന്നാം റീച്ചിന്റെ ഡി.പി.ആർ. എന്ന് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വടകര-മാഹി കനാലിന്റെ വികസന പ്രവൃത്തികളുടെ ഭാഗമായി മൂന്നാം റീച്ചിൽ പുതിയ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടന്റ് തയ്യാറാക്കുന്ന ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കാൻ കഴിയുന്നതാണ്.

(ബി)വടകര-മാഹി കനാലിന്റെ കുറുകെയുള്ള കോട്ടപ്പള്ളി പാലത്തിന്റെ പ്രവൃത്തിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വടകര-മാഹി കനാലിന്റെ കുറുകെ കോട്ടപ്പള്ളിയിൽ പാലം നിർമ്മിക്കുന്നതിന് ആർച്ച് ബ്രിഡ്ജ് ഡിസൈൻ അനുസരിച്ച് തയ്യാറാക്കിയ ഡി.പി.ആർ. ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ചുവരുന്നു.

(സി)2025 വർഷത്തോടെ ജലഗതാഗതത്തിന് സൗകര്യപ്രദമാകുന്ന തരത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

2025 വർഷത്തോടെ ജലഗതാഗത യോഗ്യമാക്കുന്നതിനായി നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ:

1. മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് - പ്രവൃത്തി അന്തിമഘട്ടത്തിലാണ്. 2024 ഏപ്രിൽ 30-ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ് - സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മെക്കാനിക്കൽ പ്രവൃത്തിക്ക് ULCCS-മായി കരാർ ആയിട്ടുണ്ട്.

3. വെങ്ങോളി റോഡ് ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയായി.

4. കനാലിന്റെ അഞ്ചാം റീച്ച് - ജലപാത ഗതാഗതയോഗ്യമായി. ഇരുഭാഗത്തുമുള്ള ബണ്ട് റോഡിന് കുറുകെയുള്ള കൾവെർട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

5. കേളോത്ത് കണ്ടി, കുറുവയൽ സ്റ്റീൽ നടപ്പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.

6. കണ്ണൻകുട്ടി സ്റ്റീൽ നടപ്പാലം - നിർമ്മാണം പൂർത്തിയായി.

കൂടാതെ കനാലിന്റെ റീച്ച് 1-ൽ ബാക്കിയുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്തു. പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ അംഗീകാരനടപടികൾ പുരോഗമിക്കുന്നു. കളിയാംവള്ളി റോഡ് ബ്രിഡ്ജ് നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

**ദേശീയ ജലപാതയൊഴികെയുള്ള ജലപാതകൾ സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി**

86(101) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ ദേശീയ ജലപാതയൊഴികെയുള്ള സഞ്ചാരയോഗ്യമായ ജലപാതയിലൂടെ വെസ്സലുകളുടെ സുരക്ഷിതമായ

യാത്ര ഉറപ്പുവരുത്തുന്നതിനായുള്ള കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ 20-12-2019-ലെ സ.ഉ.(കൈ)നം.10/2019/സി.എസ്.ഐ.എൻ.ഡി. ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ദേശീയ ജലപാതയൊഴികെയുള്ള ജലപാതകൾക്ക് കുറുകെയുള്ള നിർമ്മിതികളുടെ നിർമ്മാണ /പുനർനിർമ്മാണ പ്രവൃത്തികൾക്ക് ഹൊറിസോണ്ടൽ/വെർട്ടിക്കൽ ക്ലിയറൻസ് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടാണ് 20-12-2019-ൽ സ.ഉ.(കൈ) നം. 10/2019/ സി.എസ്.ഐ.എൻ., പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിൻപ്രകാരമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

**1. <u>വെസ്റ്റ് കോസ്റ്റ് കനാൽ</u>**

**<u>കൊല്ലത്തിന് തെക്ക്</u>**

ഹൊറിസോണ്ടൽ ക്ലിയറൻസ് - 25 മീ.

വെർട്ടിക്കൽ ക്ലിയറൻസ് - വേലിയേറ്റ രേഖയിൽ നിന്നും 5 മീ.

**<u>കോഴിക്കോടിന് വടക്ക്</u>** (മലബാർ ഭാഗം) -

IWAI- നിഷ്കർഷിച്ചിട്ടുള്ള ക്ലാസ്സ് -3 നിലവാരം

അതായത്,

<u>നദികൾക്ക്</u>

ഹൊറിസോണ്ടൽ ക്ലിയറൻസ് - 50 മീ.

വെർട്ടിക്കൽ ക്ലിയറൻസ് - 6 മീ.

<u>കനാലുകൾക്ക്</u>

ഹൊറിസോണ്ടൽ ക്ലിയറൻസ് - 32-40-മീ. (സാധാരണ കേസുകളിൽ)

സ്ഥലപരിശോധനയ്ക്കുശേഷം സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഇത് ഭേഗഗതി ചെയ്യുന്നത് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് തീരുമാനിക്കാവുന്നതാണ്.

വെർട്ടിക്കൽ ക്ലിയറൻസ് - 6 മീ.

**2. <u>ഫീഡർ കനാൽ</u>**

ഹൊറിസോണ്ടൽ ക്ലിയറൻസ് - സ്ഥലപരിശോധനയ്ക്കുശേഷം സൈറ്റ് കണ്ടീഷൻ അനുസരിച്ച് ലഭ്യമായ അളവുകളുടെ അടിസ്ഥാനത്തിൽ

ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്കും സബോർഡിനേറ്റ് എഞ്ചിനീയർമാർക്കും തീരുമാനിക്കാവുന്നതാണ്.

വെർട്ടിക്കൽ ക്ലിയറൻസ് - വേലിയേറ്റ നിലയിൽ നിന്നും 5 മീറ്റർ.

**3.കുട്ടനാട് പോലെയുള്ള താഴ്ന്ന പ്രദേശങ്ങൾ**

വെർട്ടിക്കൽ ക്ലിയറൻസ് - 2018 ലെ വെള്ളപ്പൊക്കനില + 2 മീറ്റർ

ഹൊറിസോണ്ടൽ ക്ലിയറൻസ് - സ്ഥലപരിശോധനയ്ക്കുശേഷം സൈറ്റ് കണ്ടീഷൻ അനുസരിച്ച് ലഭ്യമായ അളവുകളുടെ അടിസ്ഥാനത്തിൽ ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്കും സബോർഡിനേറ്റ് എഞ്ചിനീയർമാർക്കും തീരുമാനിക്കാവുന്നതാണ്.

**4. അഗ്രോ മെഷിനറികൾ കനാലിലൂടെ കൊണ്ടുപോകുന്ന സ്ഥലങ്ങൾ**

വെർട്ടിക്കൽ ക്ലിയറൻസ് - നോർമൽ വാട്ടർ ലെവൽ + 4 മീറ്റർ

ഹൊറിസോണ്ടൽ ക്ലിയറൻസ് - സ്ഥലപരിശോധനയ്ക്കുശേഷം സൈറ്റ് കണ്ടീഷൻ അനുസരിച്ച് ലഭ്യമായ അളവുകളുടെ അടിസ്ഥാനത്തിൽ

ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്കും സബോർഡിനേറ്റ് എഞ്ചിനീയർമാർക്കും തീരുമാനിക്കാവുന്നതാണ്.

(ബി) പ്രസ്തുത ഉത്തരവിലെ ഫീഡർ കനാലിനുകുറുകെ പാലം നിർമ്മിക്കാൻ അഞ്ച് മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്ന നിബന്ധന ഗ്രാമപ്രദേശങ്ങളിലെ ചെറുവഞ്ചികൾ മാത്രം കടന്നുപോകുന്ന തോടുകൾക്ക് കുറുകെയുള്ള പാലങ്ങളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും എസ്റ്റിമേറ്റ് തുക മൂന്നിരട്ടിയാകുന്നതിനാലും സ്ഥലമെടുപ്പ് ആവശ്യമായി വരുന്നതിനാലും തടസ്സം സൃഷ്ടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) വൈപ്പിൻകര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ വഞ്ചികൾ മാത്രം കടന്നുപോകുന്ന തോടിന് കുറുകെയുള്ളതും കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ ആയിട്ടുള്ളതുമായ മാലിപ്പുറം പാലത്തിന്റെ പുനർനിർമ്മാണം ബഡ്ജറ്റിൽ ഏഴ് കോടി രൂപ വകയിരുത്തിയിട്ടും പ്രസ്തുത

ഉത്തരവിലെ ഫീഡർ കനാലിനുകുറുകെ പാലം പണിയാൻ അഞ്ച് മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്ന നിബന്ധനമൂലം എസ്റ്റിമേറ്റ് തുക ഏകദേശം 20 കോടിയായി വർദ്ധിക്കുന്നതിനാലും സ്ഥലമെടുപ്പും പുനരധിവാസവും ആവശ്യമായി വരുന്നതിനാലും നടപ്പിലാക്കാൻ കാലതാമസം വന്നിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരവ് പുനഃപരിശോധിച്ച് സ്ഥലത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

(ബി &സി) ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവും വൻതോതിലുള്ള ചരക്ക് നീക്കത്തിന് സഹായിക്കുന്നതുമായ ഗതാഗത മാർഗ്ഗമെന്ന നിലയിൽ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ ജലപാത വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. ജലഗതാഗതം സുഗമമാക്കുന്നതിനായി, 2018-19 ലെ വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ തടസ്സങ്ങളും കൂടി കണക്കിലെടുത്താണ് ജലപാതകൾക്ക് കുറുകെയുള്ള

നിർമ്മിതികൾക്ക് മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ജലപാതകൾക്ക് കുറുകെ വിവിധ വകുപ്പുകൾ നിർമ്മിക്കുന്ന പാലങ്ങൾക്ക് മേൽ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നിരാക്ഷേപപത്രം നല്കി വരുന്നത്. കനാൽ/തോടുകളുടെ വീതിയും, പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനുള്ള സ്ഥല പരിമിതിയും, അതിലൂടെ സഞ്ചരിക്കുന്ന യാനങ്ങളുടെ എണ്ണവും കണക്കിലെടുക്കുമ്പോൾ മേൽ ഉത്തരവ് ചില സ്ഥലങ്ങളിലെങ്കിലും പ്രായോഗികമായ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും ഫീഡർ കനാലുകൾ ഉൾപ്പെടെയുള്ള ജലപാതാവികസന സാദ്ധ്യതകൾ മുൻനിർത്തി, ജലപാതാ വികസനവുമായി ബന്ധപ്പെട്ട് പിന്നീട് പൊളിച്ചുനീക്കേണ്ടി വന്നാൽ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്താൽ ജലപാതയ്ക്ക് കുറുകെയുള്ള നിർമ്മിതികൾ നിഷ്കർഷിച്ച മാനദണ്ഡപ്രകാരം ഇപ്പോഴേ നിർമ്മിക്കുന്നതാകും ഉചിതം. കൂടാതെ, വെള്ളപ്പൊക്ക സമയങ്ങളിൽ റസ്ക്യൂ ബോട്ടുകൾക്ക് സുരക്ഷിതമായി കടന്നു പോകുന്നതിനും, വെള്ളപ്പൊക്കം മൂലമുള്ള അധിക ജലത്തിന് സുഗമമായി കടന്നുപോകുന്നതിന് വഴിയൊരുക്കി സമീപ താഴ്ന്ന പ്രദേശങ്ങളെ

വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുന്നതിനും ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടത് ആവശ്യമാണ്.

**കോഴിക്കോട് കനോലി കനാൽ നവീകരണം**

87(102) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കനോലി കനാൽ നവീകരണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന കനാൽ സിറ്റി പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാലിന്റെ നവീകരണത്തിനായുള്ള പദ്ധതിയുടെ വിശദമായ പദ്ധതിരൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുവേണ്ടി സർവ്വേ, മണ്ണ് പരിശോധന, മറ്റ് വിവരശേഖരണങ്ങൾ തുടങ്ങിയ നടപടികൾ കൺസൾട്ടന്റ് പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിക്കുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതി തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും പദ്ധതിയുടെ ഉദ്ദേശ അടങ്കൽ തുക എത്രയാണെന്നും അറിയിക്കുമോ?

കനോലി കനാൽ വികസന പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ) ആണ്. മെ. ലീ അസോസിയേറ്റ്സ് സൗത്ത് ഏഷ്യാലിമിറ്റഡ് എന്ന കൺസൾട്ടൻസി സ്ഥാപനത്തെ വിശദമായ പദ്ധതിരൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. പൂർത്തിയായിട്ടില്ലാത്തതിനാൽ അടങ്കൽ തുക കണക്കാക്കിയിട്ടില്ല.

(സി)പദ്ധതി നിർമ്മാണം പരിസ്ഥിതി സൗഹൃദമായിരിക്കുമെന്ന് ഉറപ്പുവരുത്തുമോ; വ്യക്തമാക്കുമോ?

പരിസ്ഥിതി മലിനീകരണം പരമാവധി കുറച്ച് കുറഞ്ഞ ചെലവിൽ വൻതോതിലുള്ള ചരക്കുനീക്കത്തിന് സഹായിക്കുന്ന ജലഗതാഗതത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ മാലിന്യമുക്തമാക്കി

സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കനോലി കനാൽ വികസന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആയതിനാൽ പരിസ്ഥിതി സൗഹാർദ്ദപരമായാണ് പദ്ധതിരൂപരേഖ തയ്യാറാക്കിവരുന്നത്. തയ്യാറാക്കുന്ന പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി ആഘാതപഠനം നടത്തി ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയോടുകൂടിയാകും പദ്ധതി നടപ്പിലാക്കുക.

**കോവളം-ബേക്കൽ ജലപാത നിർമ്മാണം**

88(103) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)കോവളം-ബേക്കൽ ജലപാത നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത നിർമ്മാണ പ്രവൃത്തിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്.

രണ്ടാം ഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിൽ വിവിധ ഇടങ്ങളിലായുള്ള കനാലുകൾ വടകര-മാഹി കനാലുകൾ ഉൾപ്പെടെ, പൂർണ്ണതോതിൽ വികസിപ്പിക്കുകയും, ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ പുനർനിർമ്മിക്കുകയും ചെയ്ത് 2025-ൽ ഗതാഗതയോഗ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

മൂന്നാം ഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" ഉൾപ്പെടെ, പൂർത്തീകരിക്കുകയും, പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കി 2026-ൽ പൂർണ്ണതോതിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

വെസ്റ്റ്കോസ്റ്റ് കനാലിൽ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**കോവളം – കൊല്ലം**

കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്-3 സ്റ്റാൻഡേർഡിലേയ്ക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ കോവളം മുതൽ അഷ്ടമുടി കായൽ മൗത്ത് വരെയുള്ള (74.18 കി.മീ) ഭാഗത്ത് 51 കി.മീ. ഗതാഗതയോഗ്യമാണ്. അഷ്ടമുടി കായൽ മൗത്ത് മുതൽ കായംകുളം വരെയുള്ള ഭാഗം ഗതാഗതയോഗ്യവും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കോവളം - കൊല്ലം ഭാഗത്ത് നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. കോവളം മുതൽ പള്ളിത്തുറ വരെ കനാലിന്റെ വീതി 35 മീ. ആക്കുന്നതിനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു.

2. പനത്തുറ സ്റ്റീൽ പാലത്തിന്റെ നിർമ്മാണം അതിർത്തി തർക്കത്തെ തുടർന്ന് മുടങ്ങിയിരിക്കുന്നു. അതിർത്തി തിരിച്ച് കല്ലിട്ടതിനുശേഷം പ്രവൃത്തി ആരംഭിച്ച് 2024 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

3. പുത്തൻപാലം സ്റ്റീൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലാൻഡ് അക്വിസിഷൻ

നടന്നതിനുശേഷമേ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുകയുള്ളൂ. പ്രസ്തുത പ്രവൃത്തി 2024 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

4. ടി.എസ്. കനാലിനുകുറുകെ കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം 94 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 2024 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

5. പള്ളിത്തുറ മുതൽ കഠിനംകുളം കായൽ വരെയുള്ള ഭാഗത്ത് കല്ലിടൽ പ്രവൃത്തി നടന്നുവരുന്നു.

6. 16.09 കി.മീ. മുതൽ 22.55 കി.മീ. വരെ വീതിയും ആഴവും കൂട്ടൽ പ്രവൃത്തി പൂർത്തീകരണഘട്ടത്തിലാണ്. 2024 മാർച്ച് അവസാനത്തോടുകൂടി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

7. സെന്റ് ആൻഡ്രൂസ് പാലത്തിന്റെ നിർമ്മാണം 70 ശതമാനം പൂർത്തീകരിച്ചു. 2024 ഫെബ്രുവരി പകുതിയോടെ ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

8. അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.

9. ചാന്നാങ്കര പാലത്തിനുസമീപമുള്ള തീരസംരക്ഷണ പ്രവൃത്തിക്കായി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്.

10. ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ചെ. 46.00 കി.മീ. മുതൽ 49.00 കി.മീ. വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തിയിൽ ടണൽ ക്ലീനിംഗ് പൂർത്തീകരിക്കുകയും അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

11. ചെ. 49740 മീ. മുതൽ ചെ. 50900 മീ. വരെയും, ചെ. 50900 മീ. മുതൽ ചെ. 52200 മീ. വരെയുമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസന പ്രവർത്തനങ്ങൾ ടെണ്ടർ നടപടികളിലാണ്.

12. വർക്കല റാത്തിക്കൽ ജുമാമസ്ജിദിനുസമീപമുള്ള പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തി 70 ശതമാനം പൂർത്തീകരിച്ചു. ടി ഭാഗത്തെ ഡ്രെയിൻ നിർമ്മാണ പ്രവൃത്തി 63 ശതമാനം പൂർത്തീകരിച്ചു. താഴെവെട്ടൂർ മസ്ജിദിനുസമീപമുള്ള പാർശ്വഭിത്തി നിർമ്മാണം 75 ശതമാനം പൂർത്തീകരിച്ചു.

13. പരവൂർ മുതൽ ഇരവിപുരം വരെയുള്ള കനാലിന്റെ ആഴം കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

14. കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള വികസന പ്രവൃത്തികൾ 50 ശതമാനം പൂർത്തികരിച്ചു.

15. കല്ലുപാലം പണി പൂർത്തീകരിച്ചു.

16. കഠിനംകുളം, അരിവാളം, കാപ്പിൽ, അഷ്ടമുടി - വള്ളക്കടവ്, നെല്ലേറ്റിൽ കടവ്, കാപ്പിൽ കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഗുഹാനന്ദപുരം, ചേരിക്കടവ്, തോലുകടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം 75 ശതമാനം പൂർത്തീകരിച്ചു. വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി കോവളം മുതൽ വർക്കല വരെയുള്ള ലാൻഡ് അക്വിസിഷനും തുടർന്നുള്ള റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും നടന്നുവരുന്നു.

ടി ഭാഗത്ത് ടൂറിസം വകുപ്പിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1) കായിക്കര കടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചു.

2) പുത്തൻകടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ് - 71.7 ശതമാനം പൂർത്തീകരിച്ചു.

3) പണയിൽകടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ് - 78 ശതമാനം പൂർത്തീകരിച്ചു.

4) മുരുക്കുംപുഴ ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ് - 28 ശതമാനം പൂർത്തീകരിച്ചു.

17. ഇരവിപുരത്ത് സെന്റ് ജോൺസ് ബാപ്റ്റിസ്റ്റ് പള്ളിക്കുസമീപം കാരുണ്യതീരം മുതൽ ഇരവിപുരം പാലം റീച്ച്-2 ചെ.330. മീ. മുതൽ 680 മീ. വരെയുള്ള കൊല്ലംതോടിന്റെ വലതുകര സംരക്ഷണ പ്രവൃത്തി 42 ശതമാനം പൂർത്തീകരിച്ചു. കായിക്കര കടവ് ബോട്ടുജെട്ടി നിർമാണം - പ്രവൃത്തി പൂർത്തീകരിച്ചു.

18. കൊല്ലംതോട് റീച്ച് - 6 ചെ. 73.1 മുതൽ 73.50 കി.മീ. വരെയുള്ള കൊല്ലംതോടിന്റെ വലതുകരയുടെ അടിയന്തരസംരക്ഷണ പ്രവൃത്തി - 50 ശതമാനം പൂർത്തീകരിച്ചു.

ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടപ്പാക്കിവരുന്ന കോവളം മുതൽ കായംകുളം വരെയുള്ള നിർമ്മാണ പ്രവൃത്തികൾ 2024 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കും. കൂടാതെ കോവളം മുതൽ വർക്കല വരെ

കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 1480 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനകം 512 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു.

**കൊല്ലം – കോട്ടപ്പുറം**

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (NW 3)-യിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ജലഗതാഗതയോഗ്യമാണ്. ഇതിൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഭാഗത്ത് IWAI-യുടെ ഡെപ്പോസിറ്റ് ഫണ്ട് ഉപയോഗിച്ച് ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം ഉൾനാടൻ ജലഗതാഗത വകുപ്പ് നടത്തിവരുന്നു.

**കോട്ടപ്പുറം– ചാവക്കാട്**

തൃശ്ശൂർ - കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലേക്ക് എത്തിച്ചു. തൃപ്രയാർ, കണ്ടശ്ശൻ കടവ്, എനമാവ് എന്നിവിടങ്ങളിലായി 3 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിന് 2.25 കോടി രൂപയുടെ അനുമതി നല്കി. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. ചേറ്റുവ - ചാവക്കാട്

ഭാഗത്ത് ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനായി 1 കോടി രൂപ അനുവദിച്ചു. ടെണ്ടർ നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള പ്രവൃത്തിക്ക് അനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 2.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചാവക്കാട് പാലം മുതൽ തിരുവത്ര പാലം വരെയുള്ള ഭാഗം ആഴംകൂട്ടുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഉയരം കുറഞ്ഞതും വീതി കുറഞ്ഞതുമായ മറ്റു 15 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചശേഷം, ഡിസൈൻ ലഭ്യമാക്കുന്നതിനായി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB)-ലേയ്ക്ക് നല്കിയിട്ടുണ്ട്. കൂടാതെ ദേശിയ ജലപാത വികസനവുമായി ബന്ധപ്പെട്ട് വെസ്റ്റ് കോസ്റ്റ് കനാലിന്റെ അതിർത്തി നിർണ്ണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ വിവിധ ഇടങ്ങളിൽ നടന്നുവരുന്നു.

<u>**ചേറ്റുവ – കല്ലായി**</u>

പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് NW 3-ൽ 46 കോടി രൂപ ചെലവിൽ വെളിയം കോട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. 2024 ജൂൺ മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിന് വേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടായി ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് NABARD – RIDF – Tranche XXIX-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ കം ലോക്കിന്റെ പര്യവേക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു.

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (328 കി.മീ.) കഴിഞ്ഞു വരുന്ന കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി 'കോഴിക്കോട് കനാൽ സിറ്റി പ്രോജക്റ്റ്" എന്ന പദ്ധതി 1118 കോടി രൂപയുടെ പദ്ധതി

കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് ജലപാതാ വികസന പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുവേണ്ടി സർവ്വേ, മണ്ണ് പരിശോധന, മറ്റ് വിവര ശേഖരണങ്ങൾ തുടങ്ങിയ നടപടികൾ കൺസൾട്ടന്റ് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

**ഇരഞ്ഞിക്കൽ – വടകര**

ഇരഞ്ഞിക്കൽ - കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിംഗും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു.

പെരുന്തുരുത്തി പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**<u>വടകര – മാഹി</u>**

ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.

കനാൽ നിർമ്മാണം 5 റീച്ചുകളിലായി നടന്നുവരുന്നു.

റീച്ച്-1-പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തി ടെണ്ടറിംഗ് ഘട്ടത്തിലാണ്.

റീച്ച്-2 - പൂർത്തീകരിച്ചു.

റീച്ച്-3 – 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ ഉയർന്ന കട്ടിംഗ് ഭാഗത്തെ പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റീച്ച്-4 - കനാൽ എസ്കവേഷൻ പ്രവൃത്തി 90 ശതമാനം പൂർത്തിയായിട്ടുണ്ട്.

റിച്ച്-5 - പ്രവൃത്തി പൂർത്തീകരിച്ചു. പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി പുരോഗമിക്കുകയാണ്.

**<u>മാഹി – വളപട്ടണം</u>**

കനാൽ നിർമ്മാണം 3 കട്ടുകളിലായി നടന്നുവരുന്നു.

ഒന്നാം കട്ട് – പുതിയ അലൈൻമെന്റ് അംഗീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

രണ്ടാം കട്ട് – സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

മൂന്നാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**<u>നീലേശ്വരം – ബേക്കൽ</u>**

കോവളം-ബേക്കൽ ജലപാതയിൽ കാസർഗോഡ് ജില്ലയിൽ കൊറ്റി മുതൽ കോട്ടപ്പുറം (നീലേശ്വരം) വരെ 22 മീ. ജലപാത നിലവിലുണ്ട്. നീലേശ്വരം കോട്ടപ്പുറം മുതൽ ബേക്കലിനു സമീപം ചിത്താരി വരെ 21.92 കി.മീ. നീട്ടുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ജലപാതയുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ രൂപീകരിച്ച KWIL എന്ന SPV മുഖേന

നടപ്പാക്കുന്ന പദ്ധതിയിൽ നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിച്ചുകൊണ്ട് കൃത്രിമ കനാൽ നിർമ്മിച്ച് ജലപാത വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അലൈൻമെന്റ് തീരുമാനിച്ച് ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിന് വാട്ടർ ബാലൻസ് സ്റ്റഡി & മോഡൽ സ്റ്റഡി പൂർത്തിയാക്കി. നമ്പ്യാർക്കലിൽ ഡൈവേർഷൻ കനാലിനായി 3.23 ഏക്കർ ഭൂമിയും നീലേശ്വരം ചിത്താരി പുഴകളെ ബന്ധിപ്പിക്കുന്ന കൃത്രിമ കനാലിനായി 90 ഏക്കറും സ്ഥലം ഏറ്റെടുക്കുന്നതിനായി KIIFB-ൽ നിന്നും 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി LA തഹസീൽദാരെ ചുമതലപ്പെടുത്തുകയും ബെല്ല ഒഴികെയുള്ള വില്ലേജുകളിൽ 6(1) വിജ്ഞാപനം നടത്തുകയും ചെയ്തു. കൂടാതെ ഇരുപുഴകളിലും നിലവിലുള്ള ഉയരം - കുറഞ്ഞ പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കിവരുന്നു. ഡിസൈൻ ലഭ്യമായ കോട്ടക്കടവ് അരയി സ്റ്റീൽ ഫൂട് ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. 2025-ൽ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പാതയുടെ ഭാഗമായ കോവളം-ആക്കുളം ഭാഗത്ത് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്നും ഇവയിൽ പൂർത്തിയായവയും ബാക്കിയുള്ളവയും ഏതെല്ലാമാണെന്നും ഇവ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ?

കോവളം - ആക്കുളം ഭാഗത്ത് ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

(1) പനത്തുറ സ്റ്റീൽ പാലത്തിന്റെ നിർമ്മാണം അതിർത്തി തർക്കത്തെത്തുടർന്ന് മുടങ്ങിയിരിക്കുന്നു. അതിർത്തി തിരിച്ച് കല്ലിട്ടതിനുശേഷം പ്രവൃത്തി 2024 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(2) പുത്തൻപാലം സ്റ്റീൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലാൻഡ് അക്വിസിഷൻ നടന്നതിനുശേഷമേ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുകയുള്ളൂ. പ്രസ്തുത പ്രവൃത്തി 2024 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(3) ടി.എസ്. കനാലിനുകുറുകെ കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം 94 ശതമാനം പൂർത്തീകരിച്ചു - ടി പ്രവൃത്തി 2024 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

(സി) പ്രസ്തുത ജലപാതയിൽ ഉൾപ്പെട്ട പാർവതി പുത്തനാർ നവീകരിക്കുന്നതിനും സംരക്ഷണ ഭിത്തി കെട്ടുന്നതിനും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുടെ ഭാഗമായ പാർവ്വതീ പുത്തനാർ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പാർവ്വതീ പുത്തനാർ 25 മീ. വീതിയിൽ വികസിപ്പിക്കുന്നതിനും കനാൽ റോഡ്, അഴുക്ക്ചാൽ തുടങ്ങിയവയ്ക്കുവേണ്ടി ഇരുകരകളിലും 5 മീ. വീതം സ്ഥലം ലഭ്യമാക്കുന്നതിനുമായി 985.5553 ആർ. ഭൂമി ഏറ്റെടുക്കുന്നതിന് 124.743 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാർവ്വതീ പുത്തനാർ വികസനത്തിനായി കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തിയുടെ പുനർനിർമ്മാണം**

89 (104) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിന് കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന 5.8 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**വടകര-മാഹി കനാൽ നിർമ്മാണം**

90(105) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)വടകര-മാഹി കനാൽ നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഭൂവുടമകൾക്ക് ലഭിക്കേണ്ട തുക ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വടകര-മാഹി കനാൽ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കൊയിലാണ്ടി എൽ.എ. സ്പെഷ്യൽ തഹസീൽദാർ ഓഫീസ് മുഖേനയാണ് ഭൂവുടമകൾക്ക് തുക നൽകിവരുന്നത്. 138 പേർക്ക് തുക അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 121 പേർക്ക് തുക നൽകിയിട്ടുണ്ട്.

(ബി)എത്ര ഭൂവുടമകൾക്ക് ഇനി തുക നൽകാൻ ബാക്കിയുണ്ട് എന്നും ഇത് എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

തുക അവാർഡ് ചെയ്യാൻ ബാക്കിയുള്ള 371 പേർ ഉൾപ്പെടെ ആകെ 388 ഭൂവുടമകൾക്ക് തുക നൽകാനുണ്ട്. നടപടികൾ പൂർത്തീകരിക്കുന്നതിന് 3 മാസത്തോളം സമയം ആവശ്യമായി വരും.

**നവകേരള സദസ്സിന്റെ പ്രചാരണം**

91(106) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)നവകേരള സദസ്സിന്റെ പ്രചാരണത്തിന്, ഓരോ മണ്ഡലങ്ങളിലും സർക്കാരിന്റെ നേട്ടങ്ങൾ അടങ്ങിയ, ഒരു മണിക്കൂർ വീതമുള്ള, കണ്ടന്റ് തയ്യാറാക്കി കലാ ജാഥ നടത്തുന്നതിന് താല്പര്യമുള്ള ഏജൻസികളിൽ നിന്നും പ്രതിഫലം നൽകിക്കൊണ്ട് ഐ&പി.ആർ.ഡി. വകുപ്പ് മുഖേന പ്രൊപ്പോസൽ ക്ഷണിച്ചിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ?

ക്ഷണിച്ചിരുന്നു.

ചുവടെ പറയുന്ന പ്രൊപ്പോസലുകളാണ് ലഭിച്ചത്.

1. ലക്ഷ്യ, പാലക്കാട്

2. സന്ദ കൃഷ്ണ, വടക്കഞ്ചേരി, പാലക്കാട്

3. സിബിൻ ഹാരി, തൃശ്ശൂർ

4. സനീഷ് മുഖശ്രീ, ചെങ്ങന്നൂർ

5. ആർ. എൻ. ആർട്സ് ഹബ്, പാലക്കാട്

6. വൈഭവ് വിഷൻ ഇന്ത്യ

ഇതിൽ ആർ. എൻ. ആർട്സ് ഹബ് എന്ന ഏജൻസിയെ തെരഞ്ഞെടുത്തു. ഒരു ദിവസം മൂന്ന് എന്ന കണക്കിൽ പരമാവധി 4 നിയോജകമണ്ഡലങ്ങളിൽ പരിപാടി സംഘടിപ്പിക്കുന്നതിന് പ്രതിദിനം 1,05,000/- രൂപയാണ് നിശ്ചയിച്ചത്.

(ബി)പ്രസ്തുത പ്രൊപ്പോസലിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ച ഏജൻസികൾ ഏതൊക്കൊയെന്നും ആയതിന് തെരഞ്ഞെടുത്ത ഏജൻസികൾ ഏതൊക്കെയെന്നും അവർക്ക് നിശ്ചയിച്ച് നൽകിയ പ്രതിഫലം എത്രയെന്നും വ്യക്തമാക്കുമോ?

ചുവടെ പറയുന്ന പ്രൊപ്പോസലുകളാണ് ലഭിച്ചത്.

1. ലക്ഷ്യ, പാലക്കാട്

2. സന്ദ കൃഷ്ണ, വടക്കഞ്ചേരി, പാലക്കാട്

3. സിബിൻ ഹാരി, തൃശ്ശൂർ

4. സനീഷ് മുഖശ്രീ, ചെങ്ങന്നൂർ

5. ആർ. എൻ. ആർട്സ് ഹബ്, പാലക്കാട്

6. വൈഭവ് വിഷൻ ഇന്ത്യ

ഇതിൽ ആർ. എൻ. ആർട്സ് ഹബ് എന്ന ഏജൻസിയെ തെരഞ്ഞെടുത്തു. ഒരു ദിവസം മൂന്ന് എന്ന കണക്കിൽ പരമാവധി 4 നിയോജകമണ്ഡലങ്ങളിൽ പരിപാടി സംഘടിപ്പിക്കുന്നതിന് പ്രതിദിനം 1,05,000/- രൂപയാണ് നിശ്ചയിച്ചത്.

(സി)ഇപ്രകാരം തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന എത്ര മണ്ഡലങ്ങളിൽ കലാ ജാഥ നടത്തിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം നൽകുമോ?

സംസ്ഥാനത്ത് 137 മണ്ഡലങ്ങളിൽ കലാജാഥ നടത്തി. പ്രതിഫലം റിലീസ് ചെയ്തിട്ടില്ല.

(ഡി) സർക്കാരിന്റെ വികസന നേട്ടങ്ങൾ ഉൾക്കൊള്ളിച്ച കണ്ടന്റുകൾ തയ്യാറാക്കുന്നതിന് ഐ&പി.ആർ.വകുപ്പിന് കീഴിൽ സംവിധാനമുണ്ടായിട്ടും ഇത് പുറം ഏജൻസികളെ ഏൽപ്പിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ?

പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന കലാജാഥ മാതൃകയിലുള്ള പരിപാടികൾക്ക് നിലവിൽ പിന്തുടരുന്ന രീതിയാണ് ഇക്കാര്യത്തിലും സ്വീകരിച്ചത്.

## പ്രവാസി ക്ഷേമനിധി പെൻഷൻ

92(107) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)പ്രവാസി ക്ഷേമനിധിയിലെ അംഗം മരണപ്പെട്ടാൽ അവകാശിക്ക് പെൻഷൻ ലഭിക്കുവാൻ സമർപ്പിക്കേണ്ട അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും സമർപ്പിക്കേണ്ട രീതിയെക്കുറിച്ചുള്ള വിശദാംശവും നൽകാമോ?

പ്രവാസി ക്ഷേമനിധി അംഗത്വമെടുത്ത് തുടർച്ചയായി അഞ്ചു വർഷം അംശദായമടച്ച് അംഗത്വം നിലനിർത്തിയിട്ടുള്ള ഒരംഗം മരണപ്പെട്ടാലും, പ്രവാസി ക്ഷേമപെൻഷൻ വാങ്ങി വരുന്നയാൾ മരണപ്പെട്ടാലും അവകാശികൾക്ക് കുടുംബപെൻഷന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ മുഖേനയാണ് പെൻഷൻ അപേക്ഷ സമർപ്പിക്കേണ്ടത്. ടി

അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾക്കൂടി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

1. മരണമടഞ്ഞ അംഗത്തിന്റെ മരണ സർട്ടിഫിക്കറ്റിന്റെ കോപ്പി

2. അംഗവുമായി അവകാശിക്കുള്ള ബന്ധം തെളിയിക്കുന്നതിനുള്ള രേഖ (റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്/ ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ്)

3. അവകാശിയുടെ ആധാറിന്റെ പകർപ്പ്

4. അവകാശിയുടെ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്

5. അവകാശിയുടെ അല്ലെങ്കിൽ നോമിനിയുടെ സമ്മതപത്രം

(ബി)അപേക്ഷ സമർപ്പിച്ചാൽ നടപടി പൂർത്തിയാക്കുവാൻ എടുക്കുന്ന സാധാരണ സമയപരിധി അറിയിക്കാമോ?

സാധുവായ അപേക്ഷ മതിയായ എല്ലാ രേഖകളും സഹിതം സമർപ്പിച്ചാൽ പരമാവധി 2 മാസത്തിനുള്ളിൽ കുടുംബ പെൻഷൻ അനുവദിക്കുന്നതാണ്.

(സി)അപേക്ഷ നിരസിച്ചാൽ അപേക്ഷകരെ അറിയിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനാൽ നിരസിക്കുന്ന അപേക്ഷകളുടെ വിവരം അപേക്ഷകരെ ഓൺലൈനായി അറിയിക്കുന്ന സംവിധാനമുണ്ട്.

## പ്രതിപക്ഷ യുവജന സംഘടനയുടെ സെക്രട്ടേറിയറ്റ് മാർച്ച്

93(108) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)2023 ഡിസംബർ 20-ന് സെക്രട്ടേറിയേറ്റിനുമുമ്പിൽ ഒരു പ്രതിപക്ഷ യുവജന സംഘടന നടത്തിയ അക്രമസമരത്തിൽ എത്ര പോലീസുകാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

2023 ഡിസംബർ 20-ന് സെക്രട്ടേറിയറ്റിന് മുന്നിൽ പ്രതിപക്ഷ യുവജന സംഘടന നടത്തിയ മാർച്ചിൽ തിരുവനന്തപുരം സിറ്റിയിലെ 11 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. പരിക്ക് പറ്റിയ പോലീസ് ഉദ്യോഗസ്ഥരുടെ വിവരം താഴെ പറയുന്നു.

1. ശ്രീ. റോജ് (ISHO), 2. ശ്രീ. ദിൽജിത്ത് (SI), 3. ശ്രീ. രാജേഷ് (GSI), 4. ശ്രീമതി. അജിത എം (GASI), 5. ശ്രീ. രാജേഷ് (APSI), 6. ശ്രീ.രതീഷ് (CPO 8218), 7. ശ്രീ. സന്ദീപ് (CPO 8038), 8. ശ്രീ.മുഹമ്മദ് ഹാൻസി (6840 CPO), 9. ശ്രീ. സുധീർലാൽ (SCPO 6905), 10. ശ്രീ.വിഷ്ണു രാജ് (CPO 1805) 11. ശ്രീ.സുജിത്ത് (SCPO DHQ)

(ബി)എത്ര രൂപയുടെ പൊതുമുതൽ നശിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉദ്ദേശം 1,80,000/- രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്.

(സി)ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇത് സംബന്ധിച്ച് 4 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ ഉൾപ്പെട്ട പ്രതികളെ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിലെ പ്രസംഗം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്**

94(109) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിൽ മുഖ്യാതിഥിയായി പങ്കെടുത്ത എം.ടി. വാസുദേവൻ നായരുടെ പ്രസംഗം വിവാദമാകുമെന്ന് രഹസ്യാന്വേഷണ വിഭാഗം ആഭ്യന്തര വകുപ്പിന് റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ റിപ്പോർട്ടിലെ വിശദാംശവും റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ?

ഇത്തരത്തിൽ ഒരു റിപ്പോർട്ടും ലഭിച്ചിട്ടില്ല

(ബി)ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് നൽകുന്നതിന് സ്പെഷ്യൽ ബ്രാഞ്ചിന് ആഭ്യന്തര വകുപ്പ് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ എന്തെല്ലാം വിവരങ്ങളാണ് വകുപ്പ് ആരാഞ്ഞത്; വ്യക്തമാക്കാമോ?

ബാധകമല്ല.

(സി)പ്രസ്തുത പ്രസംഗത്തിന് പിന്നിൽ ബാഹ്യ ഇടപെടലുകൾ ഉണ്ടോയെന്ന് അന്വേഷിക്കാൻ ആഭ്യന്തര വകുപ്പ് രഹസ്യാന്വേഷണ വിഭാഗത്തോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് റിപ്പോർട്ടാണ് രഹസ്യന്വേഷണ വിഭാഗം സമർപ്പിച്ചിട്ടുള്ളത്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി)- പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**സമരങ്ങളിൽ പങ്കെടുക്കുന്നവരുടെ തലയിൽ ലാത്തികൊണ്ട് അടിക്കുന്ന നടപടി**

95(110) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് പ്രതിപക്ഷ യുവജന സംഘടനകൾ നടത്തുന്ന സമരങ്ങളിൽ പങ്കെടുക്കുന്നവരെ പോലീസ് ലാത്തികൊണ്ട് തലയ്ക്കടിക്കുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള നടപടി നിയമപരമാണോ എന്ന് വിശദമാക്കാമോ;

(ബി)യുവജന സംഘടനകൾ നടത്തുന്ന സമരങ്ങളിൽ പങ്കെടുക്കുന്ന വനിതകളുടെ വസ്ത്രം പുരുഷ പോലീസ് അടക്കം വലിച്ചുകീറുന്നതും അവരുടെ മുടിയിൽ ബൂട്ടിട്ട് ചവിട്ടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടി നിയമപരമാണോ എന്ന് വിശദമാക്കാമോ?

(എ &ബി) ജനാധിപത്യപരമായി സമരം ചെയ്യുവർക്കെതിരെ ഒരു പോലീസ് നടപടിയും ഉണ്ടായിട്ടില്ല.

**സിആർ.പി.സി. പ്രകാരമുള്ള 41A നോട്ടീസ്**

96 (111) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുന്നതിന് മുൻപ് ഏതൊക്കെ സാഹചര്യങ്ങളിലാണ് സിആർ.പി.സി. പ്രകാരമുള്ള 41A നോട്ടീസ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

സിആർ.പി.സി വകുപ്പ് 41 ഉപവകുപ്പ് (1)-ലെ വ്യവസ്ഥകൾ പ്രകാരം, ഒരു വ്യക്തിയുടെ അറസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കേസുകളിലും പോലീസ് ഉദ്യോഗസ്ഥൻ, ഏത് വ്യക്തിക്കെതിരെയാണ് ന്യായമായ പരാതി ഉന്നയിക്കപ്പെട്ടിട്ടുള്ളത്, അല്ലെങ്കിൽ വിശ്വസനീയമായ വിവരം ലഭിച്ചിട്ടുള്ളത് അല്ലെങ്കിൽ ടിയാൻ പോലീസിന് നേരിട്ട് കേസെടുക്കുന്ന ഒരു കുറ്റകൃത്യം ചെയ്തതായി ന്യായമായ സംശയം ഉള്ള പക്ഷമോ, ടിയാന്റെ മുൻപിലോ അല്ലെങ്കിൽ നോട്ടീസിൽ വ്യക്തമാക്കും പ്രകാരം മറ്റ് സ്ഥലത്തോ ഹാജരാകുന്നതിന് നിർദ്ദേശിച്ചുകൊണ്ട് ഒരു നോട്ടീസ് നൽകേണ്ടതാണ്.

(ബി)സിആർ. പി. സി. പ്രകാരമുള്ള 41A നോട്ടീസ് നൽകുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

CrPC 41A പ്രകാരം നോട്ടീസുകൾ നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

1.നോട്ടീസിന്റെ ഒറിജിനൽ പ്രതിക്ക് അല്ലെങ്കിൽ സംശയിക്കപ്പെടുന്നയാൾക്ക് നൽകണം.

2. ഒരു കാർബൺ പകർപ്പ് (വെള്ള പേപ്പറിൽ) അന്വേഷണ ഉദ്യോഗസ്ഥൻ തന്റെ കേസ് ഡയറിയിൽ സൂക്ഷിക്കേണ്ടതും ആയത് ആവശ്യപ്പെടുന്ന സമയത്ത് ബന്ധപ്പെട്ട മജിസ്ട്രേറ്റിനെ കാണിക്കാവുന്നതുമാണ്.

3. ഉപയോഗിച്ച ബുക്ക്‌ലെറ്റുകൾ അന്വേഷണ ഉദ്യോഗസ്ഥൻ പോലീസ് സ്റ്റേഷൻ SHO-യെ തിരികെ ഏൽപ്പിക്കേണ്ടതും അന്വേഷണം പൂർത്തീകരിച്ച്, CrPC 173(2) വകുപ്പ് പ്രകാരം അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ ആയത് സൂക്ഷിക്കേണ്ടതുമാണ്.

(സി) യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റിനെ പുലർച്ചെ അടൂരിലെ വീട്ടിൽനിന്നും തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് അറസ്റ്റ് ചെയ്തുകൊണ്ടുപോയ സംഭവത്തിൽ സിആർ. പി. സി. പ്രകാരമുള്ള 41A നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് നോട്ടീസ് നൽകിയത് എന്ന് വിശദമാക്കാമോ?

കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1372/2023 കേസിൽ രാവിലെ അറസ്റ്റ് ചെയ്യപ്പെട്ട പ്രതിയ്ക്ക് 41 A പ്രകാരമുള്ള നോട്ടീസ് നൽകിയിട്ടുണ്ട്.

**സംസ്ഥാനത്തെ ക്രമസമാധാനം സംബന്ധിച്ച്**

97 (112) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. വി. അൻവർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാധാന അന്തരീക്ഷം നിലനിർത്തുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് കേരളം സ്വീകരിക്കുന്നത് എന്ന് നീതി ആയോഗ് വെളിപ്പെടുത്തിയ സാഹചര്യം വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സമാധാന അന്തരീക്ഷം നിലനിർത്തുന്നതിലേയ്ക്ക് പോലീസ് വിവിധങ്ങളായ നടപടികൾ സ്വീകരിച്ചുവരുന്നു. സമാധാനാന്തരീക്ഷം തകർക്കുന്ന ഛിദ്ര ശക്തികളുടെ പ്രവർത്തന മേഖലകളിൽ നിരന്തരമായ പോലീസ് നിരീക്ഷണവും പട്രോളിങ്ങും ഏർപ്പെടുത്തിയും അവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം സാമുദായികവും വർഗ്ഗീയവുമായ കലാപങ്ങൾക്ക് ആഹ്വാനം നടത്തുന്ന രീതിയിൽ സോഷ്യൽ മീഡിയ വഴിയും മറ്റ് ഇതര മാധ്യമങ്ങളിലൂടെയും

നടത്തുന്ന സന്ദേശങ്ങളും വാർത്തകളും നിർമ്മിക്കുന്നവരെയും പ്രചാരണം നടത്തുന്നവരെയും കണ്ടെത്തി അവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. അപ്രകാരമുള്ള വാർത്തകളും സന്ദേശങ്ങളും സൈബർ ഇടങ്ങളിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൊലപാതകം, തട്ടിക്കൊണ്ട് പോകൽ തുടങ്ങിയ ഹീനമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തും പ്രതികളെ ഉടനെ തന്നെ അറസ്റ്റ് ചെയ്തും നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മോഷണം, പിടിച്ചുപറി തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്നും, സമൂഹത്തിലെ സമാധാനാന്തരീക്ഷം തകർക്കുന്ന മയക്കുമരുന്ന് ഗുണ്ടാ മാഫിയ സംഘങ്ങൾക്കെതിരെ KAAPA, PIT, NDPS ഉൾപ്പെടെയുള്ള നിയമങ്ങൾ പ്രയോഗിച്ച് തുടർ കുറ്റകൃത്യങ്ങൾ ഉണ്ടാകുന്നത് തടയുന്നു. കൂടാതെ കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളിൽ സമയബന്ധിതമായി കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചും, ജനങ്ങളുടെ സമാധാനാന്തരീക്ഷം തകർക്കുന്ന തീവ്രവാദ,

ഭീകരവാദ പ്രവർത്തനങ്ങളെ പ്രാരംഭഘട്ടത്തിൽതന്നെ അമർച്ച ചെയ്തും, പൊതുമുതലുകൾ സ്വകാര്യമുതലുകൾ തുടങ്ങിയവ കുറ്റകരമായി നശിപ്പിക്കുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചും, സംഘർഷ സാധ്യതാപ്രദേശങ്ങളിൽ സമാധാന ചർച്ചകൾക്ക് നേതൃത്വം നൽകിയും, ജനമൈത്രി പോലുള്ള സംവിധാനങ്ങളിലൂടെ സമാധാന അന്തരീക്ഷം സുസ്ഥിരപ്പെടുത്തിയും സംസ്ഥാനത്ത് സമാധാനാന്തരീക്ഷം നിലനിർത്തിവരുന്നു.

(ബി)സമാധാന അന്തരീക്ഷം തകർക്കാനും സംസ്ഥാനത്തെ ഒരു കലാപഭൂമിയാക്കി മാറ്റാനുമുള്ള ഉദ്ദേശത്തോടുകൂടി ചിലർ നടത്തിയതായി പറയപ്പെടുന്ന വ്യാജ പ്രസ്താവനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇത്തരത്തിൽ സമൂഹത്തിൽ സ്പർദ്ധ വളർത്തുന്ന തരത്തിലുള്ള ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വ്യാജ പ്രസ്താവനകൾ നടത്തി സമൂഹത്തിൽ വിഭാഗീയത സൃഷ്ടിക്കാൻ ശ്രമിക്കുന്ന സംഭവങ്ങൾ വളരെ ഗൗരവമായി കാണുകയും സാമൂഹിക മാധ്യമങ്ങൾവഴി മത-സാമുദായിക

ഐക്യം തകർക്കുന്ന തരത്തിലുള്ള പ്രവൃത്തികളിൽ ഏർപ്പെടുന്നവരെ നിരന്തരമായി നിരീക്ഷണം നടത്തിയും സൈബർ പട്രോളിംഗ് നടത്തി ഇത്തരക്കാരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചും ഇപ്രകാരമുള്ള സന്ദേശങ്ങളും വാർത്തകളും സൈബർ ഇടങ്ങളിൽ നിന്നും നീക്കം ചെയ്തും, കൂടാതെ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഇത്തരം പ്രവൃത്തികൾ നിരീക്ഷിച്ചും സംസ്ഥാനത്ത് സൗഹാർദ്ദ അന്തരീക്ഷം തകരാതിരിക്കുവാനുള്ള ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി)രാജ്യത്ത് വിവിധ സ്ഥലങ്ങളിൽ വർഗ്ഗീയ സംഘർഷങ്ങൾമൂലം സമാധാന അന്തരീക്ഷം തകരാറിലായതായി പറയപ്പെടുന്ന സാഹചര്യത്തിലും സമാധാനം പുലർത്താൻ ജാഗ്രതയോടെ പ്രവർത്തിക്കുന്ന പോലീസ് സേനയേയും സർക്കാരിനേയും ഇകഴ്ത്തി കാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഈ പ്രസ്താവനകളുടെ പിന്നിലെന്ന് വിലയിരുത്തിയിട്ടുണ്ടോ?

രാജ്യത്ത് വിവിധ സ്ഥലങ്ങളിൽ വർഗ്ഗീയ സംഘർഷങ്ങൾമൂലം സമാധാന അന്തരീക്ഷം തകരാറിലായതായി പറയപ്പെടുന്ന

സാഹചര്യത്തിലും സമാധാനം പുലർത്താൻ ജാഗ്രതയോടെ പ്രവർത്തിക്കുന്ന സംസ്ഥാന പോലീസ് സേനയെയും സംസ്ഥാന സർക്കാരിനെയും ഇകഴ്ത്തിക്കാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമാണ് ഇത്തരം പ്രവർത്തനങ്ങൾ എന്ന് അനുമാനിക്കാവുന്നതാണ്.

(ഡി)പ്രസ്തുത സാഹചര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കാൻ സർക്കാർ പോലീസിന് നിർദ്ദേശം നല്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സമാധാന അന്തരീക്ഷം തകർക്കുന്ന തരത്തിലുള്ള എല്ലാതരം പ്രവർത്തനങ്ങളും തടയുന്നതിന് സംസ്ഥാന പോലീസിലെ വിവിധ വിഭാഗങ്ങൾ ജാഗ്രതയോടെ പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ നിയമ നടപടികൾ സ്വീകരിച്ച് സമാധാന അന്തരീക്ഷം കാത്തുസൂക്ഷിക്കുംവിധമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പ്രതിപക്ഷ യുവജന സംഘടന പ്രസിഡന്റിന്റെ അറസ്റ്റ്**

98 (113) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഒരു പ്രതിപക്ഷ യുവജനസംഘടനാ പ്രസിഡന്റിനെ അറസ്റ്റ് ചെയ്യുന്നതിന് മുൻപ് സിആർ.പി.സി. പ്രകാരമുള്ള 41A നോട്ടീസ് നൽകിയിരുന്നോ; എങ്കിൽ ഈ നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നൽകിയിരുന്നു. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**ചാലക്കുടിയിൽ പോലീസ് ജീപ്പ് ആക്രമിച്ചത് സംബന്ധിച്ച്**

99 (117) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)ചാലക്കുടിയിൽ പോലീസ് ജീപ്പ് അടിച്ചുതകർക്കുകയും, ജീപ്പിന് മുകളിൽ കയറിനിന്ന് കലാപാഹ്വാനം നൽകുകയും ഡി.വൈ.എസ്.പി. ഉൾപ്പടെയുള്ള പോലീസുകാരെ അസഭ്യം പറയുകയും ചെയ്ത ഭരണപക്ഷാനുകൂല യുവജനസംഘടനയുടെ നേതാവിനെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടും ഭരണകക്ഷിയിൽപ്പെട്ട നേതാക്കൾ ഇടപെട്ട് മോചിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ആരോപണവുമായി ബന്ധപ്പെട്ട് ചാലക്കുടി പോലീസ് സ്റ്റേഷനിൽ Cr.No. 1590/2023 U/s 143, 147, 341, 353, 225, 225b, 149 IPC & Sec. 117(e) of KP Act ആയി 16 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളിൽ ഒരാളായ നിധിൻ പുല്ലൻ എന്നയാളെ പിറ്റേദിവസം (23-12-2023-ന്) നിയമാനുസരണം അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ടി സംഭവം നടന്ന് എത്ര ദിവസം കഴിഞ്ഞാണ് പോലീസ് ഭരണപക്ഷാനുകൂല യുവജനസംഘടനയുടെ നേതാവിനെ അറസ്റ്റ് ചെയ്തത്;

(സി)അദ്ദേഹത്തിനെതിരെ പോലീസ് ഏതെല്ലാം വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത്?

(ബി&സി) ഉത്തരം (എ)-യിൽ ചേർത്തിരിക്കുന്നു.

**നവകേരള യാത്രയുമായി ബന്ധപ്പെട്ട കേസുകൾ**

100 (119) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)നവകേരള യാത്രയുമായി ബന്ധപ്പെട്ട പ്രതിപക്ഷ പ്രതിഷേധങ്ങളെ തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പ്രസ്തുത കേസുകളിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി)പ്രതിഷേധക്കാർക്കെതിരെയുണ്ടായ ഭരണപക്ഷ വിദ്യാർത്ഥി, യുവജന സംഘടനകളുടെ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി)പ്രസ്തുത കേസുകളിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ)നവകേരള യാത്രയുമായി ബന്ധപ്പെട്ട പ്രതിഷേധ പരിപാടിയിൽ പങ്കെടുത്തവരെ ആക്രമിച്ച മുഖ്യമന്ത്രിയുടെ സുരക്ഷാ ജീവനക്കാർക്കെതിരെ കേസെടുക്കാനുള്ള ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശപ്രകാരമെടുത്ത കേസിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(എഫ്) പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിരിക്കുന്നത്; കേസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

**ആരോഗ്യപ്രവർത്തകർക്ക് പോലീസ് സംരക്ഷണം**

101 (121) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആരോഗ്യപ്രവർത്തകരുടെ സംരക്ഷണത്തിന് പോലീസ് മേധാവി ആവശ്യപ്പെട്ട അധിക തസ്തിക അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ അനുവദിച്ചിട്ടില്ല

(ബി)ആശുപത്രികളിലെ നിലവിലുള്ള സുരക്ഷാ ജീവനക്കാരും, ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരും കൃത്യമായി

പ്രവർത്തിച്ചാൽ അധിക പോലീസ് സംവിധാനം ആവശ്യമില്ലായെന്ന് ആഭ്യന്തര വകുപ്പ് തീരുമാനം എടുത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ആശുപത്രികളിലെ സുരക്ഷയ്ക്കായി അധിക പോലീസ് സംവിധാനം ആവശ്യമില്ലായെന്ന് കണക്കാക്കിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശുപത്രി ജീവനക്കാർക്ക് എതിരെ നടന്ന അതിക്രമങ്ങളുടെ വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തുന്ന നിരുത്തരവാദപരമായ പ്രചാരണങ്ങൾ തടയുന്നതിന് നടപടി**

102 (122) ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. മുരളിപെരുനെല്ലി:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ സ്വൈര്യ ജീവിതം തകർക്കുന്നതിനും മതസ്പർദ്ധയുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയും സാമൂഹ്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാധ്യമങ്ങളിലൂടെ നടത്തുന്നതായി പറയപ്പെടുന്ന പ്രചാരണങ്ങൾ സർക്കാർ പ്രത്യേകം നിരീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ജനങ്ങളുടെ സ്വൈര്യജീവിതം തകർക്കുന്നതിനും മതസ്പർദ്ധയുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയും സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തുന്ന പ്രചാരണം നിരീക്ഷിക്കുന്നതിന് എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ ഒഴികെ) സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ സൈബർ ഇടങ്ങളിൽ സൈബർ പട്രോളിംഗ് നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രചാരണങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനുംവേണ്ടി സോഷ്യൽ മീഡിയ സെല്ലുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസ് ആസ്ഥാനം കേന്ദ്രമാക്കി സൈബർ ഡിവിഷൻ (സൈബർ ഓപ്പറേഷൻ, റിസർച്ച് അനാലിസിസ് യൂണിറ്റ്) രൂപീകരിച്ചിട്ടുണ്ട്.

(ബി)കളമശ്ശേരി സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ഫെയ്സ്ബുക്ക് പേജിലൂടെ നടത്തിയ തെറ്റായ പ്രചാരണങ്ങൾ സംസ്ഥാനത്തെ

മതസൗഹാർദ്ദ അന്തരീക്ഷം തകർക്കുന്നതും ലഹളയുണ്ടാക്കണമെന്ന ബോധപൂർവ്വമായ ലക്ഷ്യത്തോടെയായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച പരാതിയുടെയും അനുബന്ധ അന്വേഷണ നടപടികളുടെയും പുരോഗതി വ്യക്തമാക്കാമോ?

(ബി&സി) കളമശ്ശേരി കൺവൺഷൻ സെന്ററിലുണ്ടായ ബോംബ് സ്ഫോടനത്തെ തുടർന്ന് മതവിദ്വേഷം വളർത്തുന്ന രീതിയിലും സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രചരണങ്ങൾ സാമൂഹ്യമാധ്യമങ്ങൾ വഴി ചിലർ ബോധപൂർവ്വം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം സിറ്റി, എറണാകുളം റൂറൽ, തൃശ്ശൂർ സിറ്റി, പാലക്കാട്, മലപ്പുറം, കോഴിക്കോട് റൂറൽ എന്നീ പോലീസ് ജില്ലകളിലായി ആകെ 53 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇത്തരം സംഭവങ്ങൾ ഗൗരവമായി കണ്ട് വ്യാജ പ്രചരണത്തിനായി ഉപയോഗിച്ച 69 സോഷ്യൽ

മീഡിയ ലിങ്കുകൾ ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ 79(3)(b) വകുപ്പ് പ്രകാരം സമയബന്ധിതമായി വിവിധ സാമൂഹ്യ മാധ്യമങ്ങളിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ നിരുത്തരവാദപരമായ പ്രചാരണങ്ങൾ സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രതയോടെയുള്ള പ്രവർത്തനവും നിയമ നടപടികളും കർശനമാക്കുമോ; വിശദമാക്കാമോ?

സാമൂഹ്യമാധ്യമങ്ങൾ വഴി വ്യാജ പ്രൊഫൈലുകൾ നിർമ്മിച്ച് വ്യാജ പ്രചരണങ്ങൾ നടത്തിയവരെ കണ്ടെത്തുന്നതിനും ഇത്തരം വ്യാജ സന്ദേശങ്ങൾ അടിയന്തരമായി സാമൂഹ്യമാധ്യമങ്ങളിൽനിന്നും നീക്കം ചെയ്യുന്നതിനും ബന്ധപ്പെട്ട സാമൂഹിക മാധ്യമങ്ങളായ ഫേസ് ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ എന്നിവർക്ക് രേഖാമൂലം നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. സൈബർ പട്രോളിംഗിലൂടെ വ്യാജപ്രചരണങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും പ്രത്യേകം പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരുടെ സേവനം എല്ലാ സൈബർ പോലീസ്

സ്റ്റേഷനുകളിലും സൈബർ ആസ്ഥാനത്തെ സോഷ്യൽ മീഡിയ സെല്ലിലും ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ സേവനം ഉപയോഗിച്ച് സൈബർ ഇടങ്ങളിൽ കർശന നിരീക്ഷണം നടത്തിവരുന്നു. കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സൈബർ ഡോമുകൾ ഇത്തരം കുറ്റകൃത്യങ്ങളെ അതീവ ജാഗ്രതയോടെ നിരീക്ഷിച്ചുവരുന്നുണ്ട്.

**അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട മാനദണ്ഡങ്ങൾ**

103 (124) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. റോജി എം ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വ്യക്തിയെ പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് അറസ്റ്റ് രേഖപ്പെടുത്തി വരുന്നത്. ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) രാഷ്ട്രീയ സമരങ്ങളിൽ പങ്കെടുക്കുന്നവരെ അറസ്റ്റ് ചെയ്യുന്നതിനുള്ള സുപ്രീം കോടതിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ വീട്ടിൽ കയറി അറസ്റ്റ് ചെയ്യുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമപരമാണോ എന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി)പ്രമുഖ പ്രതിപക്ഷ യുവജന സംഘടനയുടെ സംസ്ഥാന പ്രസിഡന്റിനെ അടൂരിലെ വീട്ടിൽനിന്നും പുലർച്ചെ അറസ്റ്റ് ചെയ്ത സംഭവത്തിൽ പോലീസ് പാലിക്കേണ്ട മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ടിയാനെ അറസ്റ്റ് ചെയ്ത സമയം അറസ്റ്റിനെ സംബന്ധിച്ച് പോലീസ് പാലിക്കേണ്ട എല്ലാ മാനദണ്ഡങ്ങളും കൃത്യമായി പാലിച്ചിട്ടുണ്ട്.

(ഡി)പ്രസ്തുത സംഭവത്തിൽ അറസ്റ്റ് ചെയ്യുന്നതിന് മുമ്പ് നൽകേണ്ട സിആർ.പി.സി. 41 എ നോട്ടീസ് നൽകിയിരുന്നോ; വിശദമാക്കാമോ?

അറസ്റ്റ് ചെയ്യുന്നതിന് മുൻപ് 41 എ സിആർ.പി.സി. പ്രകാരമുള്ള നോട്ടീസ് നൽകിയിരുന്നു.

**ക്രമസമാധാന പാലനത്തിൽ പോലീസ് സേന വഹിക്കുന്ന പങ്ക്**

104 (125) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയെ രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനപാലനസേനയാക്കി മാറ്റുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനമുള്ള സംസ്ഥാനമാണ് കേരളം. ഏറ്റവും മികച്ച സേനയായി കേരള പോലീസിനെ പരിവർത്തനപ്പെടുത്തുകയാണ് ലക്ഷ്യം. അതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സേവനം ലഭ്യമാക്കുന്നതിനുള്ള (Service Delivery) നിരവധി പദ്ധതികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കേരള പോലീസിനെ മികച്ച

ക്രമസമാധാനസേനയാക്കി മാറ്റുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**<u>കേന്ദ്രീകൃത കൺട്രോൾ റൂം</u>**

സംസ്ഥാനത്ത് പോലീസിന്റെ സേവനം 24 മണിക്കൂറും പൊതുജനങ്ങൾക്ക് ലഭ്യമാകുംവിധം അടിയന്തര സേവനങ്ങൾക്ക് '112' എന്ന നമ്പരിൽ കേന്ദ്രീകൃത കൺട്രോൾ റൂം ERSS പോലീസ് ആസ്ഥാനത്ത് ആരംഭിച്ചു. പൊതുജനങ്ങൾക്ക് ഏത് അടിയന്തരഘട്ടങ്ങളിലും പോലീസിന്റെ സഹായം തേടാവുന്ന സാഹചര്യമാണ് ഇതുവഴി സജ്ജമാക്കിയിട്ടുള്ളത്.

**<u>പോലീസ് സ്റ്റേഷനുകൾ</u>**

പോലീസ് സ്റ്റേഷനുകളിൽ ഹാജരാകാതെ തന്നെ ഏതൊരു പൗരനും ഓൺലൈനായി പരാതി നൽകുവാനുള്ള പ്രത്യേക പോർട്ടൽ (THUNA/Pol-APP) പൊതുജനങ്ങൾക്കായി അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സേവനത്തിന് പുറമെ ഈ പോർട്ടൽ മുഖേന FIR പകർപ്പ് ഡൗൺലോഡ്, ആക്സിഡന്റ് GD അപേക്ഷ, മൈക്ക് ഉപയോഗിക്കാനുള്ള അനുവാദം, തുടങ്ങിയ നിരവധി സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

**ജനമൈത്രി പോലീസ് സ്റ്റേഷനുകൾ**

എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി ഉയർത്തി പോലീസ് സ്റ്റേഷനുകളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. സേവനാവശ്യങ്ങൾക്ക് എത്തുന്ന പൊതുജനങ്ങൾക്ക് സഹായകമായി പബ്ലിക് റിലേഷൻ ഓഫീസർമാരേയും നിയമിച്ചു. മുതിർന്ന പൗരന്മാരുടെ പരാതികളും ആവശ്യങ്ങളും പരിഹരിക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നുണ്ട്. വയോജനങ്ങൾക്കും കിടപ്പ് രോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കും ആവശ്യമായ സഹായങ്ങൾ ജനമൈത്രി ബീറ്റ് ഓഫീസർ/കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാർ (CRO) മുഖേന നൽകി വരുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് പ്രാഥമിക സൗകര്യങ്ങളോടുകൂടിയ വിശ്രമ സ്ഥലം ഏർപ്പെടുത്തിയിട്ടുണ്ട്.

**ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ**

സംസ്ഥാനത്ത് 148 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്. സംസ്ഥാനത്തെ 520 പോലീസ്

സ്റ്റേഷനുകളിൽ ഓരോന്നിലും കുറഞ്ഞത് 12 അത്യാധുനിക സി.സി.ടി.വി. ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

**<u>സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ</u>**

പോലീസ് ആധുനികീകരണത്തിന്റെ ഭാഗമായി 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കുന്നതിനായിട്ടുള്ള പദ്ധതികൾ പുരോഗമിക്കുന്നു. ട്രാഫിക് കുറ്റകൃത്യങ്ങളും കുറ്റവാളികളെയും നിർമ്മിതബുദ്ധി സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി നിരീക്ഷിച്ച് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി Automatic Number Plate Recognition System (ANPR ക്യാമറകൾ) ഇതിനകം സ്ഥാപിച്ചിട്ടുണ്ട്.

**<u>വനിതാ പോലീസ് സ്റ്റേഷനുകൾ</u>**

സംസ്ഥാനത്ത് നിലവിലുള്ള 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ റവന്യൂ ജില്ലകളിൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾകൂടി ആരംഭിച്ചു. കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക

വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച മികച്ച പരിശീലനം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children (CCPWC). ഇതിന്റെ ഭാഗമായി സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ഒരു ട്രെയിനിംഗ് സെന്റർ കേരള പോലീസ് അക്കാദമിയിൽ സ്ഥാപിച്ചിട്ടുണ്ട്.

**സോഷ്യൽ പോലീസിംഗ്**

സോഷ്യൽ പോലീസിംഗ് പദ്ധതിയുടെ ഭാഗമായുള്ള സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിച്ചതിന് പുറമെ സമൂഹത്തിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമെന്ന നിലയിൽ ചുവടെ പറയുന്ന പദ്ധതികൾ പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ**

ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗം കൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസിക വിഷമങ്ങളും മനോവൈകല്യങ്ങളും പരിഹരിക്കുന്നതിനായി ഡിജിറ്റൽ ഡി-ഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

**ഹോപ്പ് പദ്ധതി**

പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുട്ടികളെയും SSLC/Plus Two പരീക്ഷയിൽ പരാജയപ്പെട്ട കുട്ടികളെയും കണ്ടെത്തി അവർക്ക് ക്ലാസ്സുകൾ നൽകിക്കൊണ്ട് അവരെ പഠന വഴിയിലേക്ക് തിരികെ കൊണ്ടുവരികയും അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുകയും ചെയ്യുന്ന പദ്ധതി.

**ചിരി പദ്ധതി**

ദുരിതമനുഭവിക്കുന്ന കുട്ടികൾക്കായി ഒരു മാനസികാരോഗ്യ പിന്തുണാസംവിധാനം വികസിപ്പിക്കുന്നതിനും കുട്ടികളുടെ പെരുമാറ്റം, വൈകാരികാവസ്ഥ, വ്യക്തിത്വം, പഠനം, ശാരീരിക വെല്ലുവിളികൾ എന്നിവ

തിരിച്ചറിയുന്നതിനും ശാസ്ത്രീയമായി പരിഹരിക്കുന്നതിനും എല്ലാ കുട്ടികളുടെയും ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികളാണ് ചിരി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**Counter Child Sexual Exploitation Cell (CCSE)**

സൈബർ സ്പെയ്സിലെ കുട്ടികളുടെ ലൈംഗിക ചൂഷണത്തെ ചെറുക്കുന്നതിന് ആവിഷ്ക്കരിച്ച കേരള പോലീസിന്റെ മികവുറ്റ കേന്ദ്രമാണ് CCSE (Counter Child Sexual Exploitation Cell).

**മയക്കുമരുന്ന് വിപത്തിനെതിരെയുള്ള നടപടികൾ**

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വിപത്തിനെ പ്രതിരോധിക്കുന്നതിന് 'യോദ്ധാവ്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മയക്ക് മരുന്ന് ഉപയോഗം തടയുന്നതിനായി സ്ഥാപിച്ചിട്ടുള്ള Kerala Anti-Narcotic Special Action Force (KANSAF)-ന് വേണ്ടി മയക്കുമരുന്ന് ഉപയോഗിച്ചിട്ടുണ്ടോ എന്നത് തിരിച്ചറിയുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequenser,

Advanced equipment for document examination, PCR Machine, Ultra Low Temperature Freezer, Automated DNA Extraction System, Mobile Compactor Storage തുടങ്ങിയ നിരവധി ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിനായി വാങ്ങിയിട്ടുണ്ട്. എല്ലാ റവന്യൂ ജില്ലകളിലും ഫോറൻസിക് സയൻസ് ലാബുകൾ പ്രവർത്തനസജ്ജമാക്കി. ഫോറൻസിക് സയൻസ് ലാബുകൾക്കുവേണ്ടി 28 പുതിയ തസ്തികകൾ 12-01-2023-ലെ സ.ഉ.(കൈ)നം.16/2024/ആഭ്യ. ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണത്തിൽ ഏറെ സഹായകരമായ വിരലടയാള പരിശോധനകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി Automated Finger Print Identification System നടപ്പാക്കിയിട്ടുണ്ട്.

**സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം**

വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കോമേഴ്സിന്റെയും കമ്പോള സമ്പദ്‌വ്യവസ്ഥയുടെയും കാലഘട്ടമാണ്. ഇതുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ അന്വേഷകർ ഉൾപ്പെടുന്ന പ്രത്യേക സാമ്പത്തിക

കുറ്റാന്വേഷണ വിഭാഗം ക്രൈം ബ്രാഞ്ചിന് കീഴിൽ ആരംഭിച്ചു. ഇതിനായി ഒരു ഐ.ജി.പി.-യും 4 എസ്.പി.-യും 11 ഡി.വൈ.എസ്.പി.-മാരുമടങ്ങുന്ന 233 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്.

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

കേരള പോലീസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് തുടക്കമിട്ടിട്ടുണ്ട്. Crowd control and surveillance, facial identification, scanning video footage for anomalies എന്നിവ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സൈബർ ഡോം**

തിരുവനന്തപുരത്തിന് പുറമെ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും സൈബർ ഡോം ആരംഭിച്ചു. തിരുവനന്തപുരം സൈബർ ഡോമിൽ നിർമ്മിത ബുദ്ധി സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭാവിയിൽ ഉണ്ടായേക്കാവുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ കേരള പോലീസ് സൈബർ ഡോം മെറ്റാവേഴ്സിൽ പഠനങ്ങൾ നടത്തിവരുന്നു. ഇതിലൂടെ സോഷ്യൽ മീഡിയ, ഓൺലൈൻ

ഗെയിമിംഗ്, Augmented Reality (AR), Virtual Reality (VR), ക്രിപ്റ്റോ കറൻസികൾ എന്നിവയുടെ ഗുണങ്ങളും ദോഷങ്ങളും മെറ്റാവേഴ്സ് സംയോജിപ്പിച്ച് ഉപയോക്താക്കൾക്ക് വെർച്വലായി അവബോധം നൽകുവാൻ സഹായിക്കുന്നു. കൂടാതെ പെരിമീറ്റർ സെക്യൂരിറ്റി, ഫെയ്സ് ഡിറ്റക്ഷൻ എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ പഠനങ്ങളും ഇവിടെ നടന്നുവരുന്നു.

മയക്കുമരുന്ന്, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കഴിയുന്ന വിവിധ അധോലോക വിപണികളുടെ കേന്ദ്രമാണ് ഡാർക് വെബ്. ഡാർക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കേരള പോലീസ് സൈബർ ഡോം Grapnel എന്ന സോഫ്റ്റ്‌വെയർ സൗജന്യമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഈ

സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്തുവാനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുവാനും സാധിക്കും.

**ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്കെതിരെയുള്ള നടപടികൾ**

പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് '1930'എന്ന ടോൾ ഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നു. 1930 എന്ന ടോൾ ഫ്രീ നമ്പർ ഡിജിറ്റൽ പേയ്മെന്റ് നെറ്റ് വർക്കിലെ പ്രധാന ബാങ്കുകൾ/വാലറ്റുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിലൂടെ ബാങ്കിംഗ് ഇക്കോ സിസ്റ്റത്തിൽ കബളിപ്പിക്കപ്പെട്ട തുക കുറ്റവാളികൾ കൈക്കലാക്കുന്നതിനുമുന്നേ ബാങ്ക് അക്കൗണ്ടുകളിൽ തടഞ്ഞു വയ്ക്കുന്നതിന് കേരള പോലീസിന് സാധിക്കുന്നു. ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾ നിയമനടപടികൾക്കായി പോലീസ് ജില്ലകളിലേയ്ക്ക് അയയ്ക്കുന്നു. അക്കൗണ്ടുകളിൽ തടഞ്ഞുവച്ചിരിക്കുന്ന കബളിപ്പിക്കപ്പെട്ട തുക പരാതിക്കാർക്ക് തിരിച്ച് നൽകുന്നത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിമാർക്ക് സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ

നൽകിയിട്ടുണ്ട്.

**<u>സൈബർ പോലീസ് വിഭാഗം</u>**

സൈബർ സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അനുദിനം മാറിവരുന്ന സാങ്കേതികവിദ്യയ്ക്കൊപ്പം സങ്കീർണ്ണമായ സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യമാണ്. സാമ്പത്തിക തട്ടിപ്പുകൾക്കും വിദ്വേഷ പ്രചരണങ്ങൾക്കുമായി സൈബർ ഇടങ്ങൾ ദുരുപയോഗപ്പെടുത്തുന്ന സാമൂഹ്യവിരുദ്ധരുടെ പ്രവണതകളെ ശക്തമായി നേരിടേണ്ടതുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ ജില്ല ഒഴികെ) സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയും നിയമിക്കുകയുണ്ടായി. ക്രമസമാധാനരംഗത്ത് സേനയുടെ ഉപയോഗത്തിനായി സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം 545 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

**<u>സൈബർ പോലീസ് ഡിവിഷൻ</u>**

സൈബർ ലോകത്തെ വെല്ലുവിളികളോടുള്ള പ്രതികരണം മുൻകൂട്ടി മനസ്സിലാക്കി പദ്ധതികൾ തയ്യാറാക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് അത്യാധുനിക സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് 05-01-2024-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. സൈബർ ഡിവിഷൻ ആസ്ഥാനം, സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ പട്രോളിംഗ് വിഭാഗം എന്നിവയ്ക്കായി പോലീസ് ഉദ്യോഗസ്ഥരുടെ 466 തസ്തികകൾ സൈബർ ഡിവിഷന്റെ ഭാഗമാക്കിയിട്ടുണ്ട്.

**<u>പോലീസ് ടെലികമ്മ്യൂണിക്കേഷൻ</u>**

പോലീസ് ടെലികമ്മ്യൂണിക്കേഷൻ അനലോഗ് സംവിധാനത്തിൽ നിന്നും ഡിജിറ്റൽ കമ്മ്യൂണിക്കേഷനിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്ക് പകരം അത്യാധുനിക ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**<u>ഡ്രോൺ ഫോറൻസിക് ലാബ്</u>**

സംസ്ഥാനത്ത് ഡ്രോണുകൾ ഉയർത്തുന്ന സുരക്ഷാ ഭീഷണികൾ കൈകാര്യം ചെയ്യുന്നതിന് സൈബർ ഡോമിന് കീഴിൽ ഒരു Drone Forensic Lab and Research Centre സ്ഥാപിച്ചിട്ടുണ്ട്. സുരക്ഷാ ഭീഷണികൾ നേരിടുന്നതിനായി Anti-Drone-കൾ വികസിപ്പിക്കുക, വിവിധ തരം പുതിയ ഡ്രോണുകൾ നിർമ്മിക്കുക, വി.വി.ഐ.പി. സുരക്ഷയ്ക്ക് ആവശ്യമായ Mobile Anti Drone System വികസിപ്പിക്കുക തുടങ്ങിയ സംരംഭങ്ങൾ ടി Drone Forensic Lab & Research Centre-ൽ പുരോഗമിച്ചുവരുന്നു.

**<u>ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം (iCoPS)</u>**

ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പോലീസ് സേവനങ്ങൾ ജനോപകാരപ്രദമാക്കുന്നതിനും വേഗത്തിൽ ലഭിക്കുന്നതിനുമുള്ള കേരളാ പോലീസിന്റെ സംരംഭമാണ് ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം (iCoPS). പൊതുജനങ്ങൾക്ക് ഓൺലൈനായി എല്ലാ സേവനങ്ങളും ഇതിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി MiCoPS എന്ന പേരിൽ പോലീസ്

ഉദ്യോഗസ്ഥർക്കായി ഒരു മൊബൈൽ ആപ്പും സജ്ജീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളായ Container Platform-ൽ Micro Service അധിഷ്ഠിതമായ ആർക്കിടെക്ചർ ഉപയോഗിച്ചാണ് ഈ സോഫ്റ്റ്‌വെയറുകൾ പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ച രാജ്യത്തെ ആദ്യത്തെ പോലീസ് സേനയാണ് കേരള പോലീസ്. പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള പോലീസ് പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുക, ഓൺലൈൻ പരാതികൾ രജിസ്റ്റർ ചെയ്യുക, പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അവസ്ഥ കണ്ടെത്തൽ, വ്യക്തികളുടെ പരിശോധന തുടങ്ങിയ പൊതു സേവനങ്ങൾ നൽകാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളും സൃഷ്ടിക്കുന്നതിനായി ഗവൺമെന്റിന്റെ ദേശീയ ഇ-ഗവേണൻസ് പദ്ധതിക്ക് കീഴിലുള്ള ഒരു മിഷൻ മോഡ് പ്രോജക്ടാണ് (എംഎംപി) CCTNS. ഡിജിറ്റൽ സിഗ്നേച്ചർ പോലുള്ള നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി ടി പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി)വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത ഏക സംസ്ഥാനമായി കേരളത്തെ കാത്തുസൂക്ഷിക്കുന്നതിൽ പോലീസ് സേന വഹിക്കുന്ന വിവിധങ്ങളായ പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത സംസ്ഥാനമായി കേരളത്തെ കാത്തുസൂക്ഷിക്കുന്നതിൽ പോലീസ് സേന വഹിക്കുന്ന വിവിധങ്ങളായ പങ്ക് ശ്ലാഘനീയമാണ്. സംസ്ഥാനത്ത് വർഗ്ഗീയ വിഭജനത്തിന് കാരണമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സംഘടനകളുടെയും വ്യക്തികളുടെയും പ്രവർത്തനങ്ങൾ സംസ്ഥാന പോലീസും രഹസ്യാന്വേഷണ വിഭാഗവും സസൂക്ഷ്മവും നിരന്തരവും നിരീക്ഷിച്ച് വരുന്നതും വർഗ്ഗീയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സമയബന്ധിതമായി പോലീസ് ഇടപെടലിലൂടെ അത്തരം ശ്രമങ്ങൾ നിഷ്ഫലമാക്കുകയും അർഹിക്കുന്ന സംഭവങ്ങളിൽ കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം സംഭവങ്ങൾക്ക് സാധ്യതയുള്ള മേഖലകളിൽ പോലീസിന്റെ നിരന്തര രഹസ്യ നിരീക്ഷണവും പട്രോളിംഗും ശക്തമാക്കിയും കൂടാതെ സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും നടത്തുന്ന വിദ്വേഷ

പ്രചരണങ്ങൾ നിരീക്ഷണ വിധേയമാക്കിയും നടപടികൾ സ്വീകരിച്ച് ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ പ്രാരംഭദശയിൽ തന്നെ സ്വീകരിച്ച് വർഗ്ഗീയ സംഘർഷ സാധ്യതകൾ ഇല്ലായ്മ ചെയ്യുന്നുണ്ട്. മികവുറ്റ ക്രമസമാധാനപാലനവും പഴുതടച്ചുള്ള രഹസ്യാന്വേഷണവും സമന്വയിപ്പിച്ചുകൊണ്ടും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ജനമൈത്രി പോലീസ് സംവിധാനത്തിലൂടെയും വർഗ്ഗീയ വിദ്വേഷങ്ങളും, വർഗ്ഗീയ പ്രചരണങ്ങളും ഒഴിവാക്കാൻ മുന്നറിയിപ്പ് നൽകിവരുന്നു. വർഗ്ഗീയ സംഘർഷങ്ങൾക്കുള്ള വിദൂര സാധ്യതകൾപോലും മുന്നിൽ കണ്ട് വിവിധ മതനേതാക്കളെയും, രാഷ്ട്രീയ സംഘടനാ നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് സൗഹാർദ്ദ സദസ്സുകളും മറ്റും സംഘടിപ്പിച്ചും സത്വര നടപടികളിലൂടെ കേരളത്തെ വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത സംസ്ഥാനമായി കാത്തു സൂക്ഷിക്കാൻ കേരളാ പോലീസിന് കഴിഞ്ഞിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സൈബർ ഇടങ്ങളിൽ സൈബർ പട്രോളിംഗ് നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) മതനിരപേക്ഷതയിലൂന്നിയതും ജനാധിപത്യ ബോധത്തോടുകൂടിയതുമായ നാടിന്റെ പ്രത്യേകതകൾ തകർക്കുന്നതിനും വർഗ്ഗീയ വിദ്വേഷ പ്രചാരണങ്ങളും സംഘർഷങ്ങളും സൃഷ്ടിക്കാനുമുള്ള ശ്രമങ്ങൾ തടയുന്നതിൽ കേരള പോലീസിന് നിർണ്ണായക പങ്ക് വഹിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മതനിരപേക്ഷതയിലൂന്നിയതും ജനാധിപത്യബോധത്തോടു കൂടിയതുമായ നാടിന്റെ പ്രത്യേകതകൾ തകർക്കുന്നതിനും വർഗ്ഗീയ വിദ്വേഷ പ്രചാരണങ്ങളും സംഘർഷങ്ങളും സൃഷ്ടിക്കാനുമുള്ള ശ്രമങ്ങൾ വളരെ ഗൗരവമായി കാണുകയും സാമൂഹിക മാധ്യമങ്ങൾവഴി മത-സാമുദായിക ഐക്യം തകർക്കുന്നതരത്തിലുള്ള പ്രവൃത്തികളിൽ ഏർപ്പെടുന്നവരെ കണ്ടെത്തുന്നതിന് സൈബർ ഇടങ്ങളിൽ നിരന്തരമായ നിരീക്ഷണം നടത്തിവരുന്നുണ്ട്. കൂടാതെ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഇത്തരം പ്രവൃത്തികൾ നിരീക്ഷിച്ച് സംസ്ഥാനത്തെ സൗഹാർദ്ദ അന്തരീക്ഷം തകരാതിരിക്കുവാനുള്ള ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നാടിന്റെ സമാധാനാന്തരീക്ഷം തകർക്കുന്ന ഛിദ്ര

ശക്തികൾക്കെതിരായി ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള മേഖലകളിൽ പോലീസിന്റെ രഹസ്യ നിരീക്ഷണവും, പട്രോളിംഗും ശക്തമാക്കിയും സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും നടത്തുന്ന വർഗ്ഗീയ വിദ്വേഷം ജനിപ്പിക്കുന്ന പ്രചരണങ്ങൾ നിരീക്ഷണ വിധേയമാക്കിയും സമൂഹത്തിൽ വർഗ്ഗീയ അസ്വാസ്ഥ്യവും സംഘർഷവും സൃഷ്ടിക്കുന്ന തരത്തിലുള്ള സംഭവങ്ങൾ തടയുകയും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഫലപ്രദമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ഗൗരവമായി കണ്ട് വ്യാജ പ്രചരണത്തിനായി ഉപയോഗിച്ച 69 സോഷ്യൽ മീഡിയ ലിങ്കുകൾ ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ 79(3)(b) വകുപ്പ് പ്രകാരം സമയബന്ധിതമായി വിവിധ സാമൂഹ്യമാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

മതനിരപേക്ഷതയിലൂന്നിയതും ജനാധിപത്യബോധത്തോടു കൂടിയതുമായ നാടിന്റെ പ്രത്യേകതകൾ തകർക്കുന്നതിനും, വർഗ്ഗീയ

സംഘർഷങ്ങൾ ഒഴിവാക്കുന്നതിനുമായി കേരള പോലീസ് നിർണായക പങ്ക് വഹിക്കുന്നുണ്ട്. ജനമൈത്രി പോലീസ് മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങൾക്ക് മുന്നറിയിപ്പുകളും നൽകിവരുന്നു. മതവിദ്വേഷം വളർത്തുന്ന രീതിയിലും സാമുദായിക സൗഹാർദ്ദം തകർക്കുന്നതരത്തിലും സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള വ്യാജ പ്രചരണങ്ങൾ നടത്തുന്നത് കണ്ടെത്തുന്നതിനും സാമൂഹ്യമാധ്യമ അക്കൗണ്ടുകൾ നിരന്തരം നിരീക്ഷിക്കുന്നതിനും സോഷ്യൽ മീഡിയ സെല്ലുകളെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഇത്തരം പരാതികളോ സൈബർ ആക്രമണങ്ങളോ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചാലുടൻ FIR രജിസ്റ്റർ ചെയ്ത് ശരിയായ രീതിയിൽ അന്വേഷണം നടത്തുന്നതിനോടൊപ്പം ഇത്തരം അക്കൗണ്ടുകളും പോസ്റ്റുകളും നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള സത്വരനടപടികൾ കൈക്കൊണ്ടുവരുന്നു. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സൈബർ ഇടങ്ങളിൽ സൈബർ പട്രോളിംഗ് നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ടനടപടികൾ സ്വീകരിക്കുന്നുണ്ട്. വർഗ്ഗീയ വിദ്വേഷ പ്രചാരണങ്ങളും

സംഘർഷങ്ങളും സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ തടയുന്നതിന് കേരള പോലീസ് നിതാന്ത ജാഗ്രത പുലർത്തിവരുന്നുണ്ട്. ഇത്തരം സന്ദേശങ്ങൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് കണ്ടെത്താൻ വിവിധ സാമൂഹ്യമാധ്യമങ്ങളിൽ പോലീസ് സൈബർ പട്രോളിംഗ് നടത്തുന്നുണ്ട്. ഇത്തരം പട്രോളിംഗ് നടത്തുന്നതിന്റെ ഭാഗമായി, വിദ്വേഷവും തെറ്റിദ്ധാരണയും മതസ്പർദ്ധയും വളർത്തുന്ന തരത്തിലുള്ള സാമൂഹ്യമാധ്യമ പോസ്റ്റുകൾ കണ്ടെത്തുന്ന പക്ഷം, അവയ്ക്ക് പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്താനായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

കളമശ്ശേരി സ്ഫോടനത്തെ തുടർന്ന്, ഇത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ് നൽകിക്കൊണ്ട് സാമൂഹ്യമാധ്യമങ്ങളിലും പത്രങ്ങളിലും അറിയിപ്പ് നൽകിയിരുന്നു. ശബരിമലയിൽ ദർശനത്തിനായി സ്ത്രീകൾ എത്തിയെന്ന വ്യാജവാർത്ത പ്രചരിപ്പിച്ചവർക്കെതിരെയും, അയ്യപ്പഭക്തൻ സംസ്ഥാനത്തിനുപുറത്ത് ആക്രമിക്കപ്പെട്ടത് കേരളത്തിനകത്ത്

സംഭവിച്ചതാണെന്ന തരത്തിലുള്ള പ്രചാരണങ്ങൾക്കെതിരെയും കേരള പോലീസ് മുന്നറിയിപ്പ് നൽകിയിരുന്നു.

(ഡി)സംസ്ഥാനത്തെ ക്രമസമാധാനനില സംബന്ധിച്ച് നീതി ആയോഗിന്റെ വിലയിരുത്തൽ എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള ജാഗ്രതാപൂർവ്വമായ നടപടികളെയാണ് വിലയിരുത്തലിന് വിധേയമാക്കിയതെന്ന് അനുമാനിക്കുന്നു.

**കെ.പി.സി.സി. അദ്ധ്യക്ഷനും പ്രതിപക്ഷനേതാവിനും എതിരെ പോലീസിന്റെ വധശ്രമം**

105(126) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് പ്രതിഷേധ സമരം നടത്തുന്ന ആൾക്കൂട്ടത്തെ പിരിച്ചുവിടുന്നതിനായി ഗ്രനേഡ് ഉൾപ്പെടെയുള്ള ആയുധങ്ങൾ പ്രയോഗിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരളാ പോലീസ് മാനുവൽ വാല്യം രണ്ടിൽ, ചാപ്റ്റർ II-ലെ സെക്ഷൻ IV-ൽ റൂൾ 239 മുതൽ 243 വരെയുള്ള ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട്, ആവശ്യമായ മുന്നറിയിപ്പുകൾ നൽകി നിയമവിരുദ്ധവും അക്രമാസക്തവുമായ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനായുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) 2023 ഡിസംബർ മാസത്തിൽ സെക്രട്ടേറിയറ്റിലേയ്ക്ക് കെ.പി.സി.സി. അദ്ധ്യക്ഷന്റെയും പ്രതിപക്ഷ നേതാവിന്റെയും നേതൃത്വത്തിൽ കോൺഗ്രസ് നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിന്റെ ഉദ്ഘാടനവേദിയിലേക്ക് ഗ്രനേഡും ജലപീരങ്കിയും പ്രയോഗിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഏത് സാഹചര്യത്തിൽ ആണെന്ന് വ്യക്തമാക്കുമോ?

ഇത്തരമൊരു മാർച്ച് സെക്രട്ടേറിയറ്റിലേയ്ക്ക് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി)മേൽപ്പറഞ്ഞ, നടന്നതായി പറയപ്പെടുന്ന സംഭവത്തിൽ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചുള്ള നടപടിക്രമങ്ങൾ

പൂർത്തീകരിച്ച് മുന്നറിയിപ്പുകൾ നൽകിയാണോ പ്രസ്തുത ആയുധങ്ങൾ പ്രയോഗിച്ചിട്ടുള്ളത്; അല്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി)കെ.പി.സി.സി അദ്ധ്യക്ഷനും പ്രതിപക്ഷ നേതാവിനും എം.പി.-മാർക്കും എം.എൽ.എ.-മാർക്കും എതിരെ പ്രകോപനം ഇല്ലാതെ പോലീസിന്റെ ഭാഗത്തുനിന്ന് വധശ്രമത്തിന് സമാനമായ ആക്രമണം നടത്തിയതായുള്ള ആക്ഷേപത്തെക്കുറിച്ച് ഡി.ജി.പി. അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(സി & ഡി) ബാധകമല്ല.

**മുഖ്യമന്ത്രിയുടെ സുരക്ഷ**

106(127) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് സുരക്ഷ ഒരുക്കുന്നതിനായി നിയോഗിച്ചിട്ടുള്ള ഗൺമാൻമാരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം എന്താണ്; എന്തൊക്കെ ആയുധങ്ങളാണ് ഇവർക്ക് ഔദ്യോഗികചുമതലയുടെ ഭാഗമായി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാന മുഖ്യമന്ത്രി Z+ കാറ്റഗറി സുരക്ഷയുള്ള സംരക്ഷിത വ്യക്തിയാണ്. സുരക്ഷ സംബന്ധിച്ച വിവരങ്ങളും സുരക്ഷാ ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്ന വിവരങ്ങളും നൽകുവാൻ നിർവ്വാഹമില്ല. സുരക്ഷാ ഉദ്യോഗസ്ഥർ എപ്പോഴും ജാഗ്രത പുലർത്തുകയും തങ്ങളുടെ ഡ്യൂട്ടി സമയത്ത് ഏത് സാഹചര്യവും മുൻകൂട്ടി മനസ്സിലാക്കി അത് നേരിടുവാൻ തയ്യാറായിരിക്കണമെന്ന് നിർദ്ദേശം നിലവിലുണ്ട്. നവകേരള സദസ്സുമായി ബന്ധപ്പെട്ട് ജനാധിപത്യപരമായ പ്രതിഷേധ സമരങ്ങൾക്കെതിരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. ഇത്തരം പ്രതിഷേധത്തിൽ പങ്കെടുത്തതിന്റെ പേരിൽ സുരക്ഷാ ഉദ്യോഗസ്ഥർ മർദ്ദിച്ചതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)ഇപ്രകാരം നിയോഗിക്കപ്പെടുന്ന ഗൺമാൻമാർക്ക് ലോക്കൽ പോലീസിനെ മറികടന്ന് ക്രമസമാധാന പ്രശ്നങ്ങളിൽ ഇടപെടുന്നതിന് അധികാരം നൽകിയിട്ടുണ്ടോ; ഇവർക്ക് ലാത്തി ഉപയോഗിച്ച് ആളുകളെ മർദ്ദിക്കുന്നതിന് അധികാരം ഉണ്ടോ; വിശദാംശം നൽകുമോ;

(സി)ഇപ്രകാരം സുരക്ഷയ്ക്കായി നിയോഗിക്കപ്പെടുന്ന ഗൺമാൻമാർ ഡ്യൂട്ടി സമയത്ത് മുഖ്യമന്ത്രിയോടൊപ്പം സഞ്ചരിക്കാതെ മറ്റു വാഹനങ്ങളിൽ സഞ്ചരിക്കുന്നതിന് അനുമതി ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി)മുഖ്യമന്ത്രിയോടൊപ്പം സഞ്ചരിക്കേണ്ട സുരക്ഷാ ചുമതലയുള്ള ഗൺമാൻ പ്രസ്തുത വാഹനവ്യൂഹത്തിൽ നിന്നും പുറത്തിറങ്ങി ലോക്കൽ പോലീസ് തടഞ്ഞു വച്ചിരുന്ന പ്രതിഷേധക്കാരെ മർദ്ദിക്കുന്നത് ഇയാളുടെ കൃത്യനിർവഹണത്തിൽ ഉള്ള ഗുരുതര വീഴ്ചയല്ലേ; ഇത്തരം സന്ദർഭങ്ങളിൽ ഇയാൾക്ക് എതിരെ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ)നവകേരള സദസ്സ് പരിപാടിക്കായി മുഖ്യമന്ത്രിയും സംഘവും ആലപ്പുഴയിൽ എത്തിച്ചേർന്നപ്പോൾ പ്രതിപക്ഷ വിദ്യാർഥി യുവജന

സംഘടനാ പ്രവർത്തകരെ ലാത്തി കൊണ്ട് മർദ്ദിച്ച മുഖ്യമന്ത്രിയുടെ ഗൺമാന് എതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

(ബി-ഇ) '(എ) ' പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ജനമൈത്രി പോലീസ് സ്റ്റേഷനുകൾ**

107(128) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളാണ് ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ആയി പ്രഖ്യാപിച്ചിട്ടുള്ളത്?

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി)മറ്റു പോലീസ് സ്റ്റേഷനുകളിൽനിന്നും വ്യത്യസ്തമായി എന്തൊക്കെ സംവിധാനങ്ങളാണ് ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

പോലീസ് സേനയുടെ അടിസ്ഥാന സേവന കേന്ദ്രങ്ങളാണ് പോലീസ് സ്റ്റേഷനുകൾ. ക്രമസമാധാന പരിപാലനത്തോടൊപ്പം കുറ്റകൃത്യങ്ങൾ തടയുന്നതും അവ അന്വേഷിക്കുന്നതും പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന ചുമതലയാണ്. അതോടൊപ്പം ജനസൗഹൃദ പ്രവൃത്തികൾ ജനങ്ങളിലേക്കെത്തിക്കുന്നതും പോലീസ് സ്റ്റേഷനുകൾ വഴിയാണ്. ഇത് കണക്കാക്കി പോലീസ് സ്റ്റേഷനുകളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം നൂതന സാങ്കേതികവിദ്യയുടെ പ്രയോജനം പരമാവധി വിനിയോഗിച്ചുള്ള സംവിധാനമാണ് നിലവിലുള്ളത്. പൊതു ജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ളം, വിശ്രമിക്കുവാൻ പ്രാഥമിക സൗകര്യങ്ങളോടുകൂടിയ വിശ്രമമുറികൾ, മുതിർന്ന പൗരന്മാർക്ക് പ്രത്യേക ഇരിപ്പിടം, കുട്ടികളുടെ പരാതി നോക്കുന്നതിന് ചൈൽഡ് ഫ്രണ്ട്‌ലി സിസ്റ്റം, സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്കുകൾ, അംഗ പരിമിത സൗഹൃദ ടോയ്‌ലെറ്റ് എന്നിവ പോലീസ് സ്റ്റേഷനുകളിൽ ഒരുക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പബ്ലിക് റിലേഷൻസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ജനമൈത്രി പോലീസിംഗിനായി രണ്ട് പോലീസ് ഉദ്യോഗസ്ഥരെ ബീറ്റ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിനൊപ്പം സമൂഹമാധ്യമങ്ങൾ വഴിയുള്ള സേവനത്തിനും മുൻതൂക്കം നൽകിവരുന്നു. ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷനുകൾ, പരാതി സമർപ്പിക്കുന്നതിന് ഓൺലൈൻ സംവിധാനം, മുന്നറിയിപ്പുകൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ, ആധുനിക പോലീസ് സംവിധാനം ജനസൗഹൃദമാക്കുന്നതിനുള്ള ഇടപെടലുകളാണ്.

(സി)ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്ക് ഇരിപ്പിടം ഉൾപ്പെടെയുള്ളവ സജ്ജമാക്കിയത് തുടർച്ചയായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിൽ ഉണ്ടോ; ഇത് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

വിവിധ ആവശ്യങ്ങൾക്കായി എത്തിചേരുന്നവർക്ക് മേൽപ്പറഞ്ഞ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്റ്റേഷൻ ഹൗസ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം മേലുദ്യോഗസ്ഥരുടെ പോലീസ് സ്റ്റേഷൻ പരിശോധനാ (Periodical Inspection) വേളകളിൽ ഇക്കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. പാകപ്പിഴകൾ പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകാറുണ്ട്.

**പോലീസിലെ ക്രിമിനൽവൽക്കരണം**

108 (129) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഗുരുതര ക്രിമിനൽ കേസുകളിലോ, സംഭവങ്ങളിലോ ഉൾപ്പെട്ടതിന്റെ പേരിൽ പോലീസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥരെയാണ് 2016 മുതൽ 2023 വരെ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടതെന്ന് വർഷം, പദവി എന്നിവ തിരിച്ച് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് വിവിധ സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ. ആയി ജോലി ചെയ്തുവരുന്നവരിൽ ഗുരുതര ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവർ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി)ജനങ്ങൾക്ക് പോലീസിൽ ഉള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടന്ന പ്രതിഷേധ സമരങ്ങളിൽ നടപടി**

109(130) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടന്ന പ്രതിഷേധ സമരങ്ങളുടെ പേരിൽ ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പ് അനുസരിച്ചാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വിശദമാക്കാമോ?

നവകേരള സദസ്സുമായി ബന്ധപ്പെട്ട് ജനാധിപത്യപരമായി നടന്ന പ്രതിഷേധ സമരങ്ങളുടെ പേരിൽ സംസ്ഥാനത്ത് ആർക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി)നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടത്തിയ പ്രതിഷേധ സമരങ്ങളുടെ പേരിൽ പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദമാക്കാമോ?

നവകേരള സദസ്സിനായി മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും സഞ്ചരിച്ചിരുന്ന ബസ്സിന് നേരെ ആക്രമണ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം നവകേരള സദസ്സിന്റെ സുഗമമായ നടത്തിപ്പ് തടസ്സപ്പെടുത്തണമെന്ന ഉദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങളും പ്രതിപക്ഷ സംഘടനാപ്രവർത്തകരിൽനിന്നും ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങളിൽ സംസ്ഥാനത്ത് വിവിധ പോലീസ് സ്റ്റേഷനുകളിലായി ഇന്ത്യൻ ശിക്ഷാ

നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം 349 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലായി 1491 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി.

(സി)പ്രതിഷേധ സമരങ്ങളിൽ പങ്കെടുത്ത പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകരെ ആക്രമിച്ചതിന് ഭരണപക്ഷ യുവജന സംഘടനാ പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെയാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഏതെല്ലാം വകുപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടത്തിയ ചില പ്രതിഷേധ സമരങ്ങൾ അക്രമാസക്തമാകുകയും പരിപാടി കാണുവാനും പങ്കെടുക്കുവാനുമായി എത്തിയ നാട്ടുകാരും യുവജന സംഘടനാ പ്രവർത്തകരും മറ്റുമായി സംഘർഷം ഉണ്ടായിട്ടുമുണ്ട്. ഇക്കാര്യത്തിൽ ഭരണാനുകൂല യുവജന സംഘടനാ പ്രവർത്തകർക്കെതിരെ 26 കേസുകൾ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ ഉൾപ്പെട്ട 39 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**വണ്ടിപ്പെരിയാർ കേസ്**

110 (131) ശ്രീമതി ഉമാ തോമസ്:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാറിൽ കുട്ടിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപം ഉണ്ടായതായി കോടതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ?

പ്രതിയെ വെറുതെ വിട്ടുകൊണ്ടുള്ള ബഹുമാനപ്പെട്ട കോടതി വിധിക്കെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ്. വീഴ്ച വന്നതായി വിധിയിൽ പരാമർശം ഉണ്ട്.

(ബി) പ്രസ്തുത കേസിൽ പ്രതിയെ രക്ഷപെടുത്താനായി ഉദ്യോഗസ്ഥർ അന്വേഷണത്തിൽ ബോധപൂർവ്വമായ വീഴ്ച വരുത്തിയതായി

കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബോധപൂർവ്വമായ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടില്ല.

(സി) ഇത്തരത്തിൽ പ്രതികൾക്കെതിരെ നടക്കുന്ന അന്വേഷണത്തിൽ അട്ടിമറികൾ ആവർത്തിക്കുന്നത് കാരണം സ്ത്രീകൾക്കും കുട്ടികൾക്കും നീതി ലഭിക്കാതെ പോകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം ഗൗരവമായി പരിഗണിക്കുന്നുണ്ടോ; ആയത് തടയാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഇത്തരം കേസുകളിൽ സമഗ്രവും ശാസ്ത്രീയവും പഴുതടച്ചുമുള്ള കാര്യക്ഷമമായ അന്വേഷണവും ഉയർന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടവുമാണ് നടക്കുന്നത്. കേസന്വേഷണത്തിന്റെ ഒരു ഘട്ടത്തിലും എതെങ്കിലും തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിലേയ്ക്ക് വേണ്ട ജാഗ്രത പുലർത്തിവരുന്നതുമാണ്. അതിനാൽ തന്നെ അന്വേഷണത്തിൽ അട്ടിമറി ഉണ്ടാകുന്ന സ്ഥിതി സംസ്ഥാനത്ത് ഇല്ല.

**അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ**

111 (132) <u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ അനുബന്ധമായി+ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ബി)സംസ്ഥാനത്തെ പ്രതിപക്ഷ പാർട്ടിയുടെ യുവജനസംഘടനയുടെ സംസ്ഥാന അധ്യക്ഷനെ വീട്ടിൽ ചെന്ന് അറസ്റ്റ് ചെയ്ത സംഭവത്തിൽ മേൽപ്പറഞ്ഞ നടപടിക്രമങ്ങളെല്ലാം പാലിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ടിയാനെ അറസ്റ്റ് ചെയ്ത സമയം അറസ്റ്റിനെ സംബന്ധിച്ച് പോലീസ് പാലിക്കേണ്ട എല്ലാ മാനദണ്ഡങ്ങളും കൃത്യമായി പാലിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി)മേൽ അറസ്റ്റ് വിഷയത്തിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെങ്കിൽ നടപടിക്രമം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

(ഡി)അറസ്റ്റ് നടപടിക്രമങ്ങൾ പാലിക്കാത്തതിന്റെ പേരിൽ കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലം മുതൽ നാളിതുവരെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഏതൊക്കെ കേസുകളിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ?

അറസ്റ്റ് നടപടികൾ പാലിക്കാത്തതിന്റെ പേരിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതായ സംഭവങ്ങൾ ഏതെങ്കിലും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേരള പോലീസിലെ ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ വിവരങ്ങൾ**

112 (133) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)കേരള പോലീസിൽ 01-01-2024-ലെ കണക്ക് പ്രകാരം ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ സാംഗ്ഷൻഡ് സ്ട്രെങ്ത് എത്രയാണ്; നിലവിൽ എത്രപേർ ഈ പദവിയിൽ ജോലി ചെയ്ത് വരുന്നു; എത്ര പുതിയ വേക്കൻസികൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) 07-07-2022 മുതൽ 17-01-2024 വരെയുള്ള കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാർ മറ്റു വകുപ്പുകളിലേയ്ക്കും മാതൃവകുപ്പുകളിലേയ്ക്കും റിലീവ് ചെയ്തു പോയിട്ടുണ്ട്; ഓരോന്നും തരം തിരിച്ച് വ്യക്തമാക്കാമോ;

(സി)07-07-2022 മുതൽ 17-01-2024 വരെയുള്ള കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാരെ ഇൻസ്പെക്ടർ ഓഫ് പോലീസ്

തസ്തികയിലേയ്ക്ക് പ്രോമോട്ട് ചെയ്തിട്ടുണ്ട്; പ്രമോഷൻ ഉത്തരവിന്റെ തീയതിയും എണ്ണവും വ്യക്തമാക്കാമോ;

(ഡി) 07-07-2022 മുതൽ 17-01-2024 വരെയുള്ള കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാർ ഏതൊക്കെ ഏജൻസികളിലേയ്ക്ക് അന്യത്ര സേവനത്തിനായി പോയിട്ടുണ്ട് എന്നറിയിക്കാമോ; 07-07-2022 മുതൽ 17-01-2024 വരെയുള്ള കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ അന്യത്ര സേവന കാലാവധി കഴിഞ്ഞുവെന്നും ഏതൊക്കെ ഏജൻസികളിൽനിന്നും മടങ്ങി വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) 07-07-2022 മുതൽ 17-01-2024 വരെയുള്ള കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാർ സർവ്വീസിൽ ഇരിക്കെ മരണപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) 05-01-2024-ലെ സ.ഉ.(കൈ)നം. 4/2024/2024/ആഭ്യന്തരം പ്രകാരം കേരളം പുതിയതായി രൂപീകരിച്ച സൈബർ ഡിവിഷനിൽ കേരള സിവിൽ പോലീസിൽ ഡയറക്ട് സബ്

ഇൻസ്പെക്ടർ, ഇൻസ്പെക്ടർ ഓഫ് പോലീസ്, ഡി.വൈ.എസ്.പി., എസ്.പി. (നോൺ ഐ.പി.എസ്.) തസ്തികകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ജി)ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 26-10-2023-ലെ ഉപ.സി.3/150/2023/പി&ആർ.ഡി.നം. പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശപ്രകാരം സബ് ഇൻസ്പെക്ടർ തസ്തികയിൽ 2023-2024 കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ-ജി) വിവരം ശേഖരിച്ചു വരുന്നു.

**മാധ്യമപ്രവർത്തകരുടെ പേരിൽ പോലീസ് കേസ്**

113 (134) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഈ സർക്കാരിന്റെ കാലത്ത് എത്ര മാധ്യമപ്രവർത്തകരുടെ പേരിൽ പോലീസ് കേസെടുത്തു; വിശദാംശം ലഭ്യമാക്കാമോ;

(ബി)ഏതെല്ലാം മാധ്യമപ്രവർത്തകരുടെ പേരിൽ എന്തിനെല്ലാം ആണ് കേസെടുത്തത്; ഏതെല്ലാം കേസുകളിൽ പോലീസ് റിപ്പോർട്ട് നൽകി; റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ?

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**ഹൈറിച്ച് ഓൺലൈൻ ഷോപ്പി എന്ന സ്ഥാപനത്തിന് എതിരെ സ്വീകരിച്ച നടപടികൾ**

114 (135) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൈറിച്ച് ഓൺലൈൻ ഷോപ്പി എന്ന സ്ഥാപനത്തിനെതിരെ ബഡ്സ് ആക്ട് പ്രകാരം സ്വീകരിച്ച നടപടികളും അവരുടെ കണ്ടുകെട്ടിയ സ്വത്ത് വിവരങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും വിവരിക്കാമോ; പ്രസ്തുത കമ്പനിയുടെ ഉടമ സമാന മാതൃകയിൽ തട്ടിപ്പ് നടത്തിയതിന് ജയിൽ വാസവും വിചാരണയും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇദ്ദേഹത്തിനെതിരെ നിലവിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ ഉണ്ട്?

ഹൈറിച്ച് ഓൺലൈൻ ഷോപ്പി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സ്ഥാവര ജംഗമവസ്തുക്കൾ കണ്ടുകെട്ടുന്നതിനായി ബഡ്സ് കോംപീറ്റന്റ് അതോറിറ്റി ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം താത്കാലികമായി ബാങ്ക് അക്കൗണ്ടുകൾ ഉൾപ്പെടെയുള്ള സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടി തൃശ്ശൂർ ജില്ലാ കളക്ടർ സ്വീകരിക്കുകയും, ഉത്തരവ് സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ ഡെസിഗ്നേറ്റഡ് കോടതി മുൻപാകെ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിനെതിരെ തൃശ്ശൂർ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തും വ്യാപിച്ച് കിടക്കുന്നതിനാലും റിസർവ് ബാങ്ക് അനുമതിയില്ലാതെ ബോണ്ടുകൾ സ്വീകരിച്ചതിനാലും ബഡ്സ് ആക്ട് നിയമം അനുശാസിക്കുംപ്രകാരം സി.ബി.ഐ. അന്വേഷണത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ?

സി.ബി.ഐ. അന്വേഷണത്തിനായി കൈമാറുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**കുറ്റകൃത്യങ്ങളുടെയും ക്രൈം കേസുകളുടെയും വിവരങ്ങൾ**

115(136) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് 2015 ജനവരി മുതൽ 2023 ഡിസംബർ വരെയുള്ള കാലയളവിൽ രജിസ്റ്റർചെയ്ത ഐ.പി.സി. കേസുകൾ, കൊലപാതകം, കൊലപാതക ശ്രമം, കവർച്ച, ആക്രമിച്ച് കവർച്ച, ആക്രമിക്കൽ, സ്ത്രീ പീഡനം, സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമം, പോക്സോ കേസുകൾ, ലഹരിക്കടത്ത് എന്നീ കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി)2015 ജനവരി മുതൽ 2023 ഡിസംബർ വരെ പോലീസുകാർ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവയിൽ കുറ്റപത്രം സമർപ്പിച്ചത് എത്ര, ശിക്ഷിക്കപ്പെട്ടവർ എത്ര എന്നീ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി)കേരള പോലീസിൽ ക്രിമിനൽ കേസിലെ പ്രതികളായ എത്ര പേരുണ്ടെന്നും അതിൽ നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളായവർ, സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമം നടത്തിയവർ, ലൈംഗിക പീഡനം നടത്തിയവർ, ഗുണ്ടകളുമായി ചങ്ങാത്തം സ്ഥാപിച്ചവർ എന്നിങ്ങനെയുള്ളവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം**

116 (137) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അതോറിറ്റിക്ക് എത്ര പരാതികൾ ലഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; ഇതിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച

വിശദാംശങ്ങൾ നൽകാമോ; ഇത്തരം പരാതികളിന്മേൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി)സമീപകാലത്ത് പോലീസ് സേനയ്ക്കെതിരെ വ്യാപകമായി ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിക്കുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും അതോറിറ്റിക്ക് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) നിരന്തരം ആക്ഷേപങ്ങൾക്ക് വിധേയരാകുന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എന്തെങ്കിലും സംവിധാനം അതോറിറ്റിയിൽ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ ലഭ്യമായ പരാതികളുടെ ജില്ല തിരിച്ചുള്ള കണക്കുകളും, സ്വീകരിച്ച നടപടിയും ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്. അതോറിറ്റികളിൽ ലഭിച്ച എല്ലാ പരാതികളിലും പ്രത്യേകം തെളിവെടുപ്പ് നടത്തി നടപടി സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.

പോലീസുകാർക്കെതിരെ അതോറിറ്റികളിൽ ലഭിക്കുന്ന പരാതികളിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് ശിപാർശ ചെയ്തുവരികയാണ് അതോറിറ്റികൾ സ്വീകരിച്ചിട്ടുള്ള പ്രവർത്തനരീതി.

**കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ വിവരം**

117(138) **ശ്രീ. കെ. ജെ. മാക്സി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)വിവിധ കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുത്ത് സ്റ്റേഷൻ പരിസരത്തും മറ്റു സ്ഥലങ്ങളിലുമായി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

വിവിധ പോലീസ് സ്റ്റേഷനുകളിൽ ഡിസംബർ 2023 വരെ പിടിച്ചെടുത്ത വാഹനങ്ങളിൽ ഒഴിവാക്കാൻ അവശേഷിക്കുന്ന വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം സിറ്റി -1523

തിരുവനന്തപുരം റൂറൽ - 1771

കൊല്ലം സിറ്റി - 1751

കൊല്ലം റൂറൽ - 1371

പത്തനംതിട്ട - 1109

കോട്ടയം - 1934

ആലപ്പുഴ -  1560

ഇടുക്കി - 810

കൊച്ചിൻ സിറ്റി –827

എറണാകുളം റൂറൽ - 1332

തൃശ്ശൂർ സിറ്റി – 2617

തൃശ്ശൂർ റൂറൽ  – 1527

പാലക്കാട് –2853

മലപ്പുറം – 4779

കോഴിക്കോട് സിറ്റി – 2102

കോഴിക്കോട് റൂറൽ – 318

വയനാട് - 530

കണ്ണൂർ സിറ്റി - 882

കണ്ണൂർ റൂറൽ – 817

കാസർഗോഡ് –1889

(ബി)പിടിച്ചെടുത്ത വാഹനങ്ങൾ സ്റ്റേഷൻ പരിസരത്തും മറ്റു പല സ്ഥലങ്ങളിലും കിടന്നുനശിക്കുന്നതും മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നതും പരിഗണിച്ച് കോടതി നടപടികൾക്കായി ആവശ്യമുള്ളത് ഒഴികെയുള്ള വാഹനങ്ങൾ ലേലം ചെയ്തു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ ഉൾപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളിൽ, അവകാശികൾ ഇല്ലാത്ത വാഹനങ്ങളുടെ ലേലനടപടികൾ സർക്കാർ ഉത്തരവുകളുടെ

അടിസ്ഥാനത്തിൽ MSTC പ്ലാറ്റ്ഫോം മുഖേന സ്വീകരിച്ച് വരുന്നുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറിതലത്തിലും അഡീഷണൽ ചീഫ് സെക്രട്ടറിതലത്തിലുമുള്ള യോഗങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. സർക്കാർ പുറപ്പെടുവിച്ച 11-09-2018-ലെ സ.ഉ.(പി) 60/2018/ആഭ്യന്തരം ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ ഇതിനായി നിലവിലുണ്ട്. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി പരിശോധനയ്ക്കുശേഷം Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും ഏൽപിച്ച് നൽകി 14-11-2022-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി)ഉടമകൾ രേഖകൾ ഹാജരാക്കി കൈപ്പറ്റാത്ത വാഹനങ്ങൾ പോലീസിന് ഉപയോഗിക്കാൻ സംവിധാനം ഉണ്ടാകണമെന്ന ആഭ്യന്തരം സംബന്ധിച്ച സബ്ജക്ട് കമ്മറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

2011-ലെ കേരള പോലീസ് ആക്ട് 56(7)-ാം വകുപ്പ് പ്രകാരം അവകാശികൾ ഇല്ലാത്ത ജംഗമവസ്തുവകകൾ (unclaimed movable articles) ഔദ്യോഗിക ആവശ്യങ്ങൾക്കായി വാങ്ങേണ്ടി വരുമായിരുന്നവയ്ക്ക് പകരമായി പോലീസ് വകുപ്പിൽ ഉപയോഗിക്കുകയോ ലേലത്തിൽ വിൽക്കുകയോ ചെയ്യാവുന്നതാണ്.

**ക്രിമിനൽ ബന്ധമുള്ള പോലീസുകാരെ പിരിച്ചുവിടുന്ന നടപടി**

118(139) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)ക്രിമിനൽ കേസുകളിൽ പ്രതികളായ എത്ര പോലീസ് ഉദ്യോഗസ്ഥർ സേനയിൽ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഗുരുതര സ്വഭാവമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരും ഗുണ്ടാ മാഫിയ ബന്ധമുള്ളവരുമായി എത്രപേരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി)ഇതിൽ എത്ര പേർ നിലവിൽ ക്രമസമാധാന ചുമതലയിൽ ഉണ്ട്; ഓരോരുത്തരും പ്രവർത്തിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കുമോ;

(സി)എത്ര പോലീസുകാരെയാണ് ക്രിമിനൽ ബന്ധത്തിന്റെ പേരിൽ സർവ്വീസിൽ നിന്നും നാളിതുവരെ പിരിച്ചുവിടേണ്ടതായി വന്നിട്ടുള്ളത്; ഈ പോലീസ് ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഉൾപ്പെടെയുള്ള വിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി)പിരിച്ചുവിട്ട എത്ര പേരെ പിന്നീട് തിരിച്ചെടുത്തിട്ടുണ്ട്; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി ഉണ്ടായത്;

(ഇ) മേൽപ്പറഞ്ഞ രീതിയിൽ പോലീസുകാരെ പിരിച്ചുവിടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ക്രിമിനൽ ബന്ധമുള്ള പോലീസുകാരെ പിരിച്ചുവിടുന്ന നടപടി തടസ്സപ്പെട്ടതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; ഈ കാര്യത്തിൽ അടിയന്തര തുടർനടപടി സ്വീകരിക്കുമോ?

(എ- ഇ) വിവരം ശേഖരിച്ചുവരുന്നു.

**വ്യാജ ആധാർകാർഡ്**

119 (140) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് ഒരു പ്രതിപക്ഷ യുവജന സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വ്യാജ ആധാർ കാർഡ് നിർമ്മിച്ചതിന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

യൂത്ത് കോൺഗ്രസിന്റെ സംഘടനാ തെരഞ്ഞെടുപ്പിന് വ്യാജ ഇലക്ടൽ ഫോട്ടോ ഐഡന്റിറ്റി കാർഡ് നിർമ്മിച്ചും വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർത്തും ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>**തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷൻ:**</u>യൂത്ത് കോൺഗ്രസ്സ് സംഘടനാ ഭാരവാഹി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഓൺലൈൻ ആയി നടന്ന തെരഞ്ഞെടുപ്പിൽ CR-CARD എന്ന മൊബൈൽ ആപ്പ് വഴി വ്യാജമായി തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് സംഘടനാ തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച എന്നുള്ള പരാതിയിൽ IPC 465, 468, 471, IT Act, 2008 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നം.1490/2023 ആയി 17-11-2023-ന് കേസ് രജിസ്റ്റർ ചെയ്തു.

(2)**<u>മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ:</u>** പ്രതിക്ക് വ്യാജരേഖ ചമച്ച് അസ്സലായി ഉപയോഗിക്കണമെന്ന ഉദ്ദേശത്തോടെ ഇന്ത്യൻ യൂത്ത് കോൺഗ്രസ്സിന്റെ 2023-26 സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരാതിക്കാരന്റെ ഇലക്ഷൻ ഐഡി കാർഡും ഫോട്ടോയും വ്യാജമായി ഉണ്ടാക്കി ഉപയോഗിച്ച് തെരഞ്ഞെടുപ്പിലെ വോട്ടേഴ്സ് ലിസ്റ്റിൽ ID നമ്പർ KL90721358801 നമ്പറായി മെമ്പർഷിപ്പ് ചേർത്ത് ഉപയോഗിച്ചതിന് ലഭിച്ച പരാതിയിൽ ക്രൈം നം. 2124/2023 നമ്പറായി 19-11-2023-ൽ കേസ് രജിസ്റ്റർ ചെയ്തു.

(3)**<u>ബാലുശ്ശേരി പോലീസ് സ്റ്റേഷൻ:</u>**പരാതിക്കാരൻ അഖിലേന്ത്യാ റിസർച്ച് കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചുവരുന്ന ഇന്ത്യൻ യൂത്ത് കോൺഗ്രസ്സിന്റെ കേരള ഘടകം തെരഞ്ഞെടുപ്പിൽ 10-05-2023-നം 14-11-2023-നം ഇടയിലെ കാലയളവിൽ കേസിലെ മൂന്ന് പ്രതികൾ ചേർന്ന് ഗൂഡാലോചന നടത്തി ഒന്നാം പ്രതിയുടെ വ്യാജ തിരിച്ചറിയൽ രേഖ നിർമ്മിച്ച് സംഘടനാ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും അർഹരായ സ്ഥാനാർത്ഥികളെ തോൽപ്പിച്ച് ചതിക്കുകയും ചെയ്തു എന്നുള്ള പരാതിയിൽ ക്രൈം നം. 1085/2023 ആയി 12-12-2023-ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)നിലവിൽ ഏത് ഏജൻസിക്കാണ് അന്വേഷണ ചുമതല; എന്തൊക്കെ തട്ടിപ്പുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

കേരള പോലീസാണ് നിലവിൽ കേസ് അന്വേഷിച്ചുവരുന്നത്. കേസുകൾ അന്വേഷണഘട്ടത്തിലാണ്.

മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ പരാതിക്കാരൻ കേസ് സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**മാധ്യമപ്രവർത്തനങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളിൽ നടപടി**

120(141) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)2016-ൽ പുതിയ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ മാധ്യമപ്രവർത്തകർക്കെതിരെയും മാധ്യമ സ്ഥാപനങ്ങൾക്കെതിരെയും ഫയൽ ചെയ്തിട്ടുള്ള ആകെ കേസുകൾ എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി)പ്രസ്തുത കാലയളവിൽ ഓൺലൈൻ മാധ്യമപ്രവർത്തകർക്കെതിരെയും സ്ഥാപനങ്ങൾക്കെതിരെയും മറ്റു ദൃശ്യ-ശ്രാവ്യ മാധ്യമ പ്രവർത്തകർക്കെതിരെയും സ്ഥാപനങ്ങൾക്കെതിരെയും ഫയൽ ചെയ്ത കേസുകളുടെ എണ്ണം തരംതിരിച്ച് അറിയിക്കുമോ;

(സി)പ്രസ്തുത കാലയളവിൽ സാമൂഹ്യമാധ്യമങ്ങളിൽ സർക്കാർ വിരുദ്ധ പോസ്റ്റുകൾ ഇട്ടതിനും ഷെയർ ചെയ്തതിനും മറ്റു വിധത്തിലുള്ള ഇടപെടലുകൾ നടത്തിയതിനും രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി)മാധ്യമപ്രവർത്തനങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത ആകെ കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ളതും പിൻവലിക്കപ്പെട്ടിട്ടുള്ളതും കോടതി തള്ളിക്കളഞ്ഞിട്ടുള്ളതുമായ കേസുകളുടെ എണ്ണം എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളിലെ അന്വേഷണം കാര്യക്ഷമമാക്കുന്നതിന് നടപടി**

121 (143) ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ:

<u>ശ്രീ. സജീവ് ജോസഫ്:</u>
<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ആക്രമണ കേസുകളിലും അവർ കൊലചെയ്യപ്പെടുന്ന കേസുകളിലും പോലീസ് അന്വേഷണം കാര്യക്ഷമമാകാത്തത് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ റിപ്പോർട്ട് ചെയ്യുന്ന എല്ലാ കേസുകളിലും കാര്യക്ഷമമായ അന്വേഷണം നടത്തി പ്രതികൾക്കെതിരെ പരമാവധി തെളിവുകൾ ശേഖരിച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി)വാളയാറിലും വണ്ടിപ്പെരിയാറിലും കുട്ടികളെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസുകളിൽ, പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്തുനിന്നും കൃത്യവിലോപം ഉണ്ടായതുമൂലം പ്രതികൾ രക്ഷപ്പെടുന്ന സാഹചര്യം ഉണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ?

ബഹുമാനപ്പെട്ട കോടതി വിധിയിലെ പരാമർശം ഗൗരവമായി കണ്ട്, വിധിയ്ക്കെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽ 13-ഉം 9-ഉം വയസ്സുള്ള സഹോദരിമാരുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് വാളയാർ പോലീസ് സ്റ്റേഷനിൽ യഥാക്രമം ക്രൈം നം.43/2017, 240/2017 പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിരുന്നു. രണ്ടു കേസുകളിലെയും വിചാരണ പൂർത്തിയാക്കി കോടതി പ്രതികളെ വിടുതൽ ചെയ്തിട്ടുള്ളതാണ്. തുടർന്ന് നൽകിയ അപ്പീലിൽ കേസുകൾ പുനഃരന്വേഷണം നടത്തുന്നതിന് ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുള്ളതും കേസുകൾ അന്വേഷണത്തിനായി CBI-ക്ക് കൈമാറിയിട്ടുള്ളതുമാണ്.

(സി)സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ആക്രമണ കേസുകളിലും അവർ കൊലചെയ്യപ്പെടുന്ന കേസുകളിലും പോലീസ് അന്വേഷണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇരകൾക്ക് നീതി ലഭിക്കുന്നതിനായി സമഗ്രവും ശാസ്ത്രീയവും കാര്യക്ഷമവുമായ രീതിയിൽ അന്വേഷണം നടത്തിവരുന്നു.

**ആമിന അബ്ദുൾഖാദർ കൊലപാതക കേസ്**

122 (144) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം അയിരൂർപ്പാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

ആമിന അബ്ദുൾ ഖാദർ എന്ന സ്ത്രീയുടെ മരണവുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നം.434/2021 U/s 302, 397 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ചിന് കൈമാറി ക്രൈം നം.257/CB/EKM/R/2021 പ്രകാരം റീ നമ്പർ ചെയ്ത് കേസിന്റെ ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

(ബി)പ്രസ്തുത കൊലപാതക കേസുമായി ബന്ധപ്പെട്ട നാർക്കോ അനാലിസിസ് ടെസ്റ്റ് അടിയന്തരമായി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഈ കേസ്സിലെ കുറ്റകൃത്യത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്നവരുടെ നാർക്കോ അനാലിസിസ് പരിശോധന നടത്തുന്നതിനുള്ള അനുമതി ബഹുമാനപ്പെട്ട കോടതിയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇവരെ നാർക്കോ അനാലിസിസ് പരിശോധനയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഹൈറിച്ച് മണി ചെയിൻ തട്ടിപ്പ്**

123 (145) ശ്രീ. ടി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈറിച്ച് മണി ചെയിൻ തട്ടിപ്പ് കേസിൽ, നിക്ഷേപകരായി അന്യരാജ്യത്തും അന്യസംസ്ഥാനത്തും ഉള്ളവർ ഉണ്ടെന്ന് ഇതുവരെയുള്ള അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അന്തർ സംസ്ഥാന, അന്താരാഷ്ട്ര പണമിടപാടുകൾ ഉള്ളതായി ഇതേവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ?

തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിൽ ഹൈറിച്ച് ഓൺലൈൻ ഷോപ്പി എന്ന സ്ഥാപനത്തിനെതിരെ ചേർപ്പ് പോലീസ് സ്റ്റേഷൻ ക്രൈം. നമ്പർ. 1070/23 U/s 3,4,5,6 Prize Chits & Money Circulation Schemes (Banning)

Act, 1978 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ അന്യസംസ്ഥാനത്ത് നിന്നും നിക്ഷേപകർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യരാജ്യത്ത് ഉള്ളവർ നിക്ഷേപകരായി ഉണ്ടോയെന്നത് സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു. അന്തർ സംസ്ഥാന പണമിടപാടുകൾ നടന്നതായി വെളിവായിട്ടുണ്ട്. അന്താരാഷ്ട്ര പണമിടപാടുകൾ നടന്നതായ തെളിവുകൾ ഒന്നുംതന്നെ ഇതുവരെയുള്ള അന്വേഷണത്തിൽ ലഭ്യമായിട്ടില്ല.

(ബി) ഇതുവരെയുള്ള അന്വേഷണത്തിൽ, ഈ കേസിൽ ഉൾപ്പെട്ട ഏകദേശം നിക്ഷേപത്തുക എത്രയാണ്?

ഈ കേസ്സിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ, ഏകദേശം 3141,33,91,800 കോടി (മൂവായിരത്തി ഒരുന്നൂറ്റി നാൽപത്തിയൊന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എണ്ണൂറ്) രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഈ കേസ് 2019-ലെ ബി.യു.ഡി.എസ്. ആക്ട് വകുപ്പ് 30 പ്രകാരം സി.ബി.ഐ.-ക്ക് കൈമാറാനുള്ള വിവരങ്ങൾ കോംപീറ്റന്റ് അതോറിറ്റി മുമ്പാകെ നിലവിലുണ്ടോ;വിശദമാക്കാമോ?

സി.ബി.ഐ-യ്ക്ക് കൈമാറുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**സൈബർ ഡോം പദ്ധതി**

124(146) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സൈബർ സുരക്ഷയ്ക്ക് ഭീഷണിയായി വർദ്ധിച്ചുവരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് പോലീസ് വകുപ്പിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കാമോ; സൈബർ ഡോം പദ്ധതി എന്താണെന്ന് വിശദമാക്കാമോ?

സൈബർ സുരക്ഷയ്ക്ക് ഭീഷണിയായി വർദ്ധിച്ചുവരുന്ന വെല്ലുവിളികളെ മുൻകൂട്ടി കാണുന്നതിനും നവീനമായ സാങ്കേതികവിദ്യയുടെ സഹായത്താൽ അവയെ തരണം ചെയ്യുന്നതിനും സംസ്ഥാനത്ത് സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് 05-01-2024-ലെ സ.ഉ.(കൈ)നം.04/2024/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

സൈബർ ഡിവിഷന്റെ കീഴിൽ സൈബർ വഞ്ചന/സാമൂഹ്യ മാധ്യമ നിരീക്ഷണ വിഭാഗവും, സൈബർ സുരക്ഷാ വിഭാഗവും പരിശീലനവും കാര്യശേഷി വിഭാഗവും റിസർച്ച് & അനാലിസിസ് വിഭാഗവും പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുണ്ട്.

സൈബർ തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യുവാനും തടയുവാനുമായി 24*7 മണിക്കൂർ പ്രവർത്തിക്കുന്ന 1930 കോൾ സെന്ററുകളും കേരള സൈബർ ക്രൈം കോ-ഓഡിനേഷൻ സെന്ററും (C4) സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് സൈബർ വഞ്ചന/സാമൂഹ്യ മാധ്യമ നിരീക്ഷണ വിഭാഗത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്നു.

കേരള പോലീസിന്റെ കമ്പ്യൂട്ടറുകളും കമ്പ്യൂട്ടർ നെറ്റ്‌വർക്കുകളും സംരക്ഷിക്കുന്ന ചുമതലകൾക്കായി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് സൈബർ ഓപ്പറേഷനെ ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറായും (CISO) സൂപ്രണ്ട് ഓഫ് പോലീസ് സൈബർ ഓപ്പറേഷൻസിനെയും സൂപ്രണ്ട് ഓഫ് പോലീസ് ടെക്നിക്കൽ ഇന്റലിജൻസിനെയും സൂപ്രണ്ട് ഓഫ് പോലീസ് ടെലികമ്മ്യൂണിക്കേഷൻ ആൻഡ് ടെക്നോളജിയെയും ഡെപ്യൂട്ടി ചീഫ്

ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്. ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറിന്റെ നിയന്ത്രണത്തിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരളയുടെയും (CERT-K) കേരള പോലീസിന്റെ ഡിസ്ട്രിക്ട് കമ്പ്യൂട്ടർ മെയിന്റനൻസ് യൂണിറ്റിന്റെയും (DCMU) പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഇൻസിഡന്റ് റസ്പോൺസ് ടീമായി പ്രവർത്തിക്കുന്ന "സൈബർ സെക്യൂരിറ്റി ഡെസ്ക്" സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം (CERT-K) കേരളയുമായി സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സൈബർ സെക്യൂരിറ്റി ഡെസ്ക് മുഖാന്തിരം ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർ (CISO) നിരന്തര സമ്പർക്കം പുലർത്തിവരുന്നു.

നിലവിൽ കേരള പോലീസിന്റേത് ഉൾപ്പെടെ എല്ലാ സർക്കാർ വകുപ്പുകളിലെയും വെബ്സൈറ്റുകൾ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയശേഷം സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് ഹോസ്റ്റ് ചെയ്യുന്നത്. ഈ വെബ്സൈറ്റുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ 24x7 പ്രവർത്തിക്കുന്ന സെക്യൂരിറ്റി ഓപ്പറേഷൻ

സെന്ററിൽ (SOC) സസൂക്ഷ്മം നിരീക്ഷണത്തിലാണ്. അതത് വകുപ്പുകളുടെ വെബ് സൈറ്റുകളിൽ ഉണ്ടാകുന്ന സൈബർ ആക്രമണങ്ങളെ തത്സമയം നിരീക്ഷിച്ച് സംശയാസ്പദമായ പ്രവൃത്തികൾ അതത് ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാരെ (CISO) CERT-K-യെ അറിയിക്കുകയും തുടർന്ന് അതത് CISO-മാർ അവ പ്രതിരോധിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. നിലവിലെ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ നവീകരിക്കുന്ന മുറയ്ക്കും വർഷാവർഷവും പീരിയോഡിക് സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നുണ്ട്. ഇതുകൂടാതെ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം ഇന്ത്യ (CERT-IN), നാഷണൽ സൈബർ കോ-ഓഡിനേഷൻ സെന്റർ (NCCC), നാഷണൽ ക്രിട്ടിക്കൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ പ്രൊട്ടക്ഷൻ സെന്റർ (NCIIPC) എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്ന വൾനറബിലിറ്റി അസസ്മെന്റ് റിപ്പോർട്ട് പരിശോധിച്ച് കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരളയുമായി (CERT-K) കൂടിയാലോചിച്ച് സൈബർ സെക്യൂരിറ്റി സംബന്ധമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള പോലീസിന്റെ നെറ്റ്‌വർക്കും കമ്പ്യൂട്ടറുകളും സമ്പൂർണ്ണ സംരക്ഷണ വലയത്തിൽ

കൊണ്ടുവരുന്നതിലേയ്ക്കായി വകുപ്പുതലത്തിൽ ഒരു ഉപസെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ (Sub SOC) രൂപകൽപ്പന ചെയ്യുന്ന നടപടികൾ സെൻട്രൽ ഫോർ ഡെവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സുമായി (C.DOT) സഹകരിച്ച് ദ്രുതഗതിയിൽ നടന്നുവരുന്നു. പോലീസ് സേനയെ സൈബർ അറ്റാക്കുകൾ നേരിടാൻ സുസജ്ജമാക്കുന്നതിന്റെ ഭാഗമായി ഒരു വിദഗ്ധ സേനയെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുവാൻ വേണ്ടി BSNL, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (CUSAT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (IIT), നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റി (NFSU) എന്നീ ഏജൻസികളുമായി ചേർന്ന് സമഗ്രമായ പരിശീലന പരിപാടികൾ നടന്നുവരുന്നു.

സൈബർ ഡിവിഷന്റെ നേതൃത്വത്തിൽ പോലീസ് സേനയിലെ 25 പോലീസ് ഉദ്യോഗസ്ഥർക്ക് ഡാർക്ക് വെബ് മേഖലയിലും, 75 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി മേഖലയിലും, 50 പോലീസ് ഉദ്യോഗസ്ഥർക്ക് ക്രിപ്റ്റോ കറൻസിയിലും പ്രമുഖ ഏജൻസികൾ മുഖാന്തരം

അത്യാധുനിക പരിശീലനം നൽകിയിട്ടുള്ളതും, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം സംസ്ഥാന പോലീസിൽനിന്നും 20 സബ് ഇൻസ്പെക്ടർമാരെ സൈബർ കമാൻഡോ ട്രെയിനിംഗിനായി തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. ഇതുകൂടാതെ സംസ്ഥാന പോലീസ് സേനയിലെ 360 ഓഫീസർമാർ ഉൾപ്പെടെ 860 പോലീസ് ഉദ്യോഗസ്ഥർ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാനും തടയുവാനും വേണ്ടിയുള്ള അടിസ്ഥാന പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

ആധുനിക സൈബർ ലോകത്തിലെ വെല്ലുവിളികളായ ക്രിപ്റ്റോ കറൻസി, ഡാർക്ക് വെബ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മാൽവെയർ അറ്റാക്ക്, സൈബർ ഫിനാൻഷ്യൽ ഫ്രോഡ് തുടങ്ങിയ മേഖലകളിൽ അത്യാധുനികരീതിയിൽ ഗവേഷണവും പഠനവും നടത്തുവാനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് സൈബർ ഡോമുകൾ റിസർച്ച് & അനാലിസിസ് വിഭാഗത്തിൽ പ്രവർത്തിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി പൊതു-സ്വകാര്യ

പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ നൂതന സംരംഭമാണ് സൈബർ ഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസിലാക്കി അവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ, സൈബർ സുരക്ഷക്കുവേണ്ടി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ ഓർഗനൈസേഷൻസ്, വിവിധ രാജ്യങ്ങളിലെ സൈബർ സെക്യൂരിറ്റി ഏജൻസികൾ, രാജ്യത്തെ വിവിധ ലോ എൻഫോഴ്സ്മെന്റ് ഏജൻസികൾ, എത്തിക്കൽ ഹാക്കർമാർ, രാജ്യത്തെ പ്രമുഖ ഐ.ടി. കമ്പനികൾ എന്നിവരെ ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് സൈബർ സുരക്ഷാ ഭീഷണികളെ തടയുന്നതിൽ സംസ്ഥാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഡിജിറ്റൽ അസറ്റുകളുടെ സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായിട്ടുള്ള വിവര സാങ്കേതികവിദ്യാ ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുന്ന ഏജൻസി ആണ് സൈബർ ഡോം.

## അങ്കമാലി കേന്ദ്രീകരിച്ച് പോലീസ് സബ്ഡിവിഷൻ ആരംഭിക്കാൻ നടപടി

125 (147) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം റൂറൽ പോലീസ് ജില്ലയിൽ അങ്കമാലി കേന്ദ്രീകരിച്ച് പോലീസ് സബ്ഡിവിഷൻ (ഡിവൈ.എസ്.പി. ഓഫീസ്) ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പുതിയ സബ് ഡിവിഷനുകൾ ആരംഭിക്കുവാൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയിരുന്ന നിവേദനം സംസ്ഥാനത്ത് പോലീസ് മേധാവിയുടെ റിപ്പോർട്ടിനായി അയച്ചുനൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് മുഖ്യമന്ത്രിക്ക് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ)-യിൽ ചേർത്തിട്ടുണ്ട്.

**കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ**

126 (148) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോസ്റ്റൽ പോലീസ് പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്നും എത്ര രൂപയാണ് പ്രതിവർഷം ലഭിക്കുന്നതെന്ന് വ്യകതമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

(ബി) ഏതൊക്കെ ഇനങ്ങളിലായി എത്ര രൂപ വീതം ചെലവഴിക്കുന്നതിന് വേണ്ടിയാണ് ഈ ഫണ്ട് അനുവദിക്കുന്നതെന്ന് വ്യകതമാക്കുമോ;

(സി)സംസ്ഥാന ബഡ്ജറ്റിലെ ഏതൊക്കെ ഹെഡ്ഡുകളിലാണ് ഈ തുക ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി)ഈ തുക ചെലവാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ മാർഗ്ഗനിർദേശങ്ങൾ എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാകുമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ ഇപ്രകാരം കേന്ദ്രസഹായമായി ലഭിച്ച തുക പൂർണ്ണമായും ചെലവാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ചെലവഴിക്കാതെ ബാക്കിയായ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാകുമോ?

(ബി-ഇ) (എ)-യിൽ ചേർത്തിട്ടുണ്ട്.

**മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം**

127 (149) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)മുക്കം പോലീസ്സ്റ്റേഷന് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് പ്ലാൻ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി)എങ്കിൽ പ്രസ്തുത ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

മുക്കം പോലീസ് സ്റ്റേഷന്റെ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ 1.75 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റും, പൊതുമരാമത്ത് ആർക്കിടെക്ചറൽ വിഭാഗത്തിൽ നിന്നുള്ള വിശദീകരണവും സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കെട്ടിട പൂർത്തീകരണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി)-യിൽ ചേർത്തിട്ടുണ്ട്.

**കല്ലടിക്കോട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

128 (150) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2023-24 സ്റ്റേറ്റ് പ്ലാൻ സ്കീമിൽ 226.76 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം വിശദമാക്കാമോ; പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കല്ലടിക്കോട് ഉൾപ്പെടെയുള്ള പുതിയ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വെള്ളയിൽ പോലീസ് സ്റ്റേഷൻ നിർമ്മാണം**

129 (151) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ വെള്ളയിൽ പോലീസ് സ്റ്റേഷൻ നിർമ്മാണം തടസ്സപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വെള്ളയിൽ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി സർക്കാർ നിർദ്ദേശമനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ)-യിൽ ചേർത്തിട്ടുണ്ട്.

**പേരാമ്പ്ര പോലീസ് സ്റ്റേഷൻ**

130 (152) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)പേരാമ്പ്ര പോലീസ് സ്റ്റേഷൻ കെട്ടിടവും ക്വാർട്ടേഴ്സും ജീർണ്ണാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പേരാമ്പ്ര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിയിൽനിന്നും ലഭിച്ച പ്ലാനും പ്രൊപ്പോസലും സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു. ജീർണ്ണാവസ്ഥയിലുള്ള പ്രസ്തുത ക്വാർട്ടേഴ്സുകൾ ലേലം ചെയ്ത് പൊളിച്ചുമാറ്റുന്നതിന് ആവശ്യമായ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷന് സംസ്ഥാന പോലീസ് മേധാവി കത്ത് നൽകിയിട്ടുണ്ട്.

(ബി)പോലീസ് സബ്ഡിവിഷൻ ഓഫീസ് ഉൾപ്പെടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പേരാമ്പ്ര പോലീസ് സ്റ്റേഷൻ, ക്വാർട്ടേഴ്സ്, സബ് ഡിവിഷൻ ഓഫീസ് ഇവയെല്ലാം ഒരുമിച്ച് നിർമ്മിക്കുന്നതിന് ഒരു കോണ്ടൂർ സർവ്വെ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഒരു പ്ലാൻ അനുവദിച്ചുനൽകുവാൻ കോഴിക്കോട്

പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷൻ ഓഫീസിലേയ്ക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ പ്ലാനുകൾ പ്രസ്തുത ഓഫീസിൽനിന്നും ലഭിക്കാത്തതിനാൽ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് മാത്രമായുള്ള പ്ലാനും, എസ്റ്റിമേറ്റും കെ.പി.എച്ച്.സി.സി.-യിൽനിന്നും വാങ്ങി ആയത് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി, പോലീസ് ആസ്ഥാനത്ത് സമർപ്പിച്ചിട്ടുണ്ട്.

(സി) പേരാമ്പ്രയിലെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് ഒരു പൈതൃക സ്മാരകമായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പേരാമ്പ്ര പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം പൈതൃക സ്മാരകമായി മാറ്റുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ പോലീസ് മേധാവി, കോഴിക്കോട് റൂറൽ പേരാമ്പ്ര ഡിവൈ.എസ്.പി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പെരിങ്ങോം പോലീസ് സ്റ്റേഷൻ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം**

131 (153) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം പോലീസ് സ്റ്റേഷനിലെ ഉപയോഗശൂന്യമായ സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

കണ്ണൂർ റൂറൽ ജില്ലയിലെ പെരിങ്ങോം പോലീസ് സ്റ്റേഷനിൽ പുതിയ ക്വാർട്ടേഴ്സ് കെട്ടിടം നിർമ്മിക്കുന്നതിനായി Special Assistance to States for Capital Investment (SASCI) 2023-2024 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന പോലീസ് മേധാവി ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ടി പദ്ധതി നഗരപ്രദേശങ്ങളിലെ പോലീസ് സ്റ്റേഷൻ പരിധിയിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് വേണ്ടിയുള്ളതാണ്. പെരിങ്ങോം പോലീസ് സ്റ്റേഷൻ കണ്ണൂർ റൂറൽ ജില്ലയിൽ ആയതിനാൽ പ്രസ്തുത സ്റ്റേഷൻ പരിധിയിലെ ക്വാർട്ടേഴ്സ് നിർമ്മാണം പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

(ബി) പെരിങ്ങോം പോലീസ് സ്റ്റേഷൻ വളപ്പിന് ചുറ്റുമതിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചുറ്റുമതിൽ നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. പെരിങ്ങോം പോലീസ് സ്റ്റേഷന്റെ ചുറ്റുമതിൽ പുതുക്കി നിർമ്മിക്കുന്നതിനായി ലൊക്കേഷൻ സ്കെച്ച് സഹിതം കണ്ണൂർ റൂറൽ ജില്ലാ പോലീസ് മേധാവി, പൊതുമരാമത്ത് വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**ചെറുപുഴ പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടം നിർമ്മാണം**

132 (154) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)താല്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ?

ചെറുപുഴ പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ

നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സർവ്വെ നമ്പർ 68/1-ലെ 9 ആർ 20 സ്ക്വയർ മീറ്റർ ഭൂമി വിട്ടുനൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയോട് അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി ആഭ്യന്തര വകുപ്പിന് വിട്ടുനൽകുന്നതിന് ചെറുപുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുമുണ്ട്.

ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 2024-2025 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി)ചെറുപുഴ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

(എ)- പിരിവിൽ ചേർത്തിട്ടുണ്ട്.

## കറുകച്ചാൽ, പൊൻകുന്നം എന്നീ പോലീസ് സ്റ്റേഷനുകളിലെ ഉപയോഗശൂന്യമായ ഭൂമി

133(155) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)കറുകച്ചാൽ, പൊൻകുന്നം പോലീസ് സ്റ്റേഷനുകളിലെ ഉപയോഗശൂന്യമായ ഭൂമിയിൽ എന്തെങ്കിലും പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ?

കറുകച്ചാൽ, പൊൻകുന്നം പോലീസ് സ്റ്റേഷനുകളിൽ ഉപയോഗശൂന്യമായ ഭൂമി ഇല്ല. സ്റ്റേഷനുകളോടനുബന്ധിച്ചുള്ള പോലീസ് വകുപ്പിന്റെ ഭൂമികളിൽ കാലഹരണപ്പെട്ട ക്വാർട്ടേഴ്സുകൾക്ക് പകരം പുതിയ ക്വാർട്ടേഴ്സുകൾ പണിയുന്നതിനും, ബോർവെൽ നിർമ്മിക്കുന്നതിനും, സൈബർ ക്രൈം മുതലായ വിഷയങ്ങൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ പണിയുന്നതിനുമുള്ള പോലീസ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതും പ്രാവർത്തികമാക്കാനുള്ളതുമാണ്.

(ബി) പ്രസ്തുത സ്ഥലങ്ങളുടെ സർവ്വേ നമ്പറുകൾ, റിക്കാർഡ് പ്രകാരമുള്ള ആകെ അളവുകൾ, അതിൽ നിലവിൽ ഉപയോഗിക്കുന്ന പ്രദേശത്തിന്റെ അളവുകൾ എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

പ്രസ്തുത സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കറുകച്ചാൽ പോലീസ് സ്റ്റേഷൻ- കറുകച്ചാൽ വില്ലേജ്, Block No.15, Survey No.430/2, Changanassery Taluk, Station - 93 Cent, Quarters: 1.32 ½ Acre (2 Acres 28 Cents) കറുകച്ചാൽ പോലീസ് സ്റ്റേഷന് ആകെയുള്ള 2 ഏക്കർ 28 സെന്റിലാണ് പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും, പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടവും, കാലഹരണപ്പെട്ട പോലീസ് ക്വാർട്ടേഴ്സുകളും, പോലീസ് ഉദ്യോഗസ്ഥർക്ക് താമസസൗകര്യത്തിനായിട്ടുള്ള ക്വാർട്ടേഴ്സുകളും സ്ഥിതി ചെയ്യുന്നത്.

പൊൻകുന്നം പോലീസ് സ്റ്റേഷൻ - ചിറക്കടവ് വില്ലേജ്, Resurvey No. 184/1, 185/1 (Old Survey No.10/1417) 4 Acre 56 Cent

പൊൻകുന്നം പോലീസ് സ്റ്റേഷന് ആകെയുള്ള 4 ഏക്കർ 56 സെന്റിലാണ് പൊൻകുന്നം പോലീസ് സ്റ്റേഷൻ കെട്ടിടവും, അനുബന്ധ കെട്ടിടങ്ങളും, കാഞ്ഞിരപ്പള്ളി DySP ഓഫീസും, കൂടാതെ പോലീസ് ഉദ്യോഗസ്ഥർക്കുള്ള താമസസൗകര്യത്തിനായി ഉള്ള 31 പോലീസ് ക്വാർട്ടേഴ്‌സുകളും, ടി ഓഫീസുകളുടെയും, ക്വാർട്ടേഴ്‌സുകളുടെ ആവശ്യത്തിനായുള്ള ജല സൗകര്യത്തിനുള്ള കുളവും, മോട്ടോർ പുരയും സ്ഥിതി ചെയ്യുന്നത്.

(സി)പോലീസ് വകുപ്പ് പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി പദ്ധതികൾ പ്രാവർത്തികമാക്കുന്നില്ലായെങ്കിൽ സ്ഥല ലഭ്യതക്കുറവുമൂലം ബുദ്ധിമുട്ടുന്ന മറ്റ് വകുപ്പുകളുടെ പദ്ധതികൾക്ക് സ്ഥലം വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കറുകച്ചാൽ പോലീസ് സ്റ്റേഷനോട് അനുബന്ധിച്ചുള്ള പോലീസ് വകുപ്പ് വക ഭൂമിയിൽ കാലഹരണപ്പെട്ട ക്വാർട്ടേഴ്സുകൾക്ക് പകരം പുതിയ ക്വാർട്ടേഴ്‌സുകൾ നിർമ്മിക്കുന്നതിനും, ശുദ്ധജലത്തിനായി ബോർവെൽ നിർമ്മിക്കുന്നതിനും, സൈബർക്രൈം മുതലായ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിനാൽ

മറ്റ് വകുപ്പുകൾക്ക് വിട്ടുകൊടുക്കുവാൻ പര്യാപ്തമായ ഭൂമി ഇല്ല. കറുകച്ചാൽ, പൊൻകുന്നം പോലീസ് സ്റ്റേഷനുകളിൽ "Special Assistance to State for Capital Investment" എന്ന പദ്ധതിയുടെ ഭാഗമായി പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ നിന്നുള്ള ഫണ്ട് ലഭ്യതയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) കറുകച്ചാൽ, പൊൻകുന്നം ടൗണുകളുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കോടികൾ വിലമതിക്കുന്ന ഏക്കർ കണക്കിന് ഭൂമി അന്യാധീനപ്പെട്ട് കാടുകയറിക്കിടക്കുന്ന സാഹചര്യത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

(സി) -യിൽ ചേർത്തിട്ടുണ്ട്.

**അയ്യമ്പുഴ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് നടപടി**

134(156) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)എറണാകുളം റൂറലിലെ അയ്യമ്പുഴ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റും അനുബന്ധ രേഖകളും സംസ്ഥാന പോലീസ് മേധാവിക്ക് ലഭ്യമാക്കിയിട്ടും ഭരണാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

ഫണ്ട് ലഭ്യതയുടെ പരിമിതിമൂലവും സ്റ്റേറ്റ് പ്ലാൻ സ്കീമിൽ എല്ലാ ജില്ലകൾക്കും തുല്യപരിഗണന നൽകേണ്ടതിനാലും അയ്യമ്പുഴ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്ന കാര്യം പരിഗണനയിൽ വന്നിട്ടില്ല.

(ബി) പ്രദേശത്തിന്റെ ആവശ്യകത കണക്കിലെടുത്ത് പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാന പോലീസ് മേധാവിയിൽനിന്നും പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കാവുന്നതാണ്.

**കൈപ്പമംഗലം തീരപ്രദേശത്ത് ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടി**

135 (157) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം തീരപ്രദേശത്തെ ഒഴിഞ്ഞ വീടുകളും സ്ഥലങ്ങളും കേന്ദ്രീകരിച്ചുള്ള ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനായി തീരപ്രദേശ പോലീസ് സ്റ്റേഷനെയും, കൈപ്പമംഗലം പോലീസ് സ്റ്റേഷനെയും ക്രിയാത്മകമായി ഉപയോഗിക്കുന്നതിനായുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നൂതന പരിപാടി ആസൂത്രണം ചെയ്യാമോ?

തീരപ്രദേശത്ത് ലഹരിവിരുദ്ധ നടപടികൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി കൊടുങ്ങല്ലൂർ സബ് ഡിവിഷനിൽ പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്. അതോടൊപ്പം കൈപ്പമംഗലം സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ഉൾപ്പെടെ രണ്ട് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ പ്രത്യേക പോലീസ് സംഘം ഒഴിഞ്ഞ വീടുകളിലും പ്രാന്തപ്രദേശങ്ങളിലും നിരീക്ഷണം നടത്തി രഹസ്യ വിവരങ്ങൾ ശേഖരിച്ചുവരുന്നു. കൈപ്പമംഗലം പോലീസ് സ്റ്റേഷൻ

പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് പോലീസ് നിരീക്ഷണം ശക്തമാക്കിയിട്ടുള്ളതും ടി സ്റ്റേഷൻ പരിധിയിലെ വിവിധ സ്കൂളുകളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ചും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ മയക്കുമരുന്നുകളുടെ വിപത്തിനെതിരെ ബോധവൽക്കരണ ക്ലാസ്സുകളും നൽകിവരുന്നു. കൂടാതെ സംശയാസ്പദമായ വിവരങ്ങൾ കൈമാറുന്നതിന് ആവശ്യമായ നിർദ്ദേശം അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും നൽകിയിട്ടുണ്ട്.

ജനമൈത്രി പോലീസിംഗിന്റെ ഭാഗമായി ബീറ്റ് പോകുന്ന പോലീസ് ഉദ്യോഗസ്ഥർ ശേഖരിക്കുന്ന രഹസ്യവിവര പ്രകാരം സ്കൂൾ പരിസരങ്ങളിലും വ്യാപാരസ്ഥാപനങ്ങളിലും മറ്റു പരിസരങ്ങളിലുമുള്ള ലഹരി മരുന്നുകളുടെ ഉപയോഗവും വിതരണവും തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മയക്കുമരുന്ന് ഉൽപ്പന്നങ്ങളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി കടലോര ജാഗ്രതാസമിതിയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും മറ്റും സംഘടിപ്പിച്ചുവരുന്നുണ്ട്. ആഘോഷ വേളകളിൽ മയക്കുമരുന്ന്

ഉൽപ്പന്നങ്ങളുടെ വിപണനം തടയുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്ന് റെയ്ഡുകൾ നടത്തിയും കർശന വാഹന പരിശോധന നടത്തിയും നടപടി സ്വീകരിച്ചുവരുന്നു. DOG SQUAD-ന്റെ സഹായത്തോടുകൂടി ജനങ്ങൾ കൂട്ടം ചേരുന്ന സ്ഥലങ്ങളിലും, ഓട്ടോസ്റ്റാൻഡിലും മറ്റും കർശന പരിശോധനകൾ നടത്തിവരുന്നു. അഴീക്കോട് തീരദേശ പോലീസ് സ്റ്റേഷൻ പരിധിയിൽ ജില്ലാ ഡാൻസാഫ് ടീമിന്റെ നേതൃത്വത്തിൽ രഹസ്യ നിരീക്ഷണങ്ങളും പരിശോധനയും നടത്തി ലഹരി മരുന്ന് വിൽപ്പന നടത്തുന്നവരെയും, ഉപയോഗിക്കുന്നവരെയും പിടികൂടി ഇവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ അഴീക്കോട് തീരപ്രദേശ പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധപ്രവർത്തനങ്ങളുടെ ഭാഗമായി ക്രിക്കറ്റ്, ഫുട്ബോൾ മൽസരങ്ങൾ സംഘടിപ്പിച്ചുവരുന്നു. തീരദേശ പട്രോളിംഗും, ദിവസേന ബീറ്റ് പട്രോളിംഗും, ബോട്ട് പട്രോളിംഗും നടത്തി ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മയക്കുമരുന്ന് കൈവശം വയ്ക്കുന്നവർക്കെതിരെ കരുതൽ തടങ്കൽ ഉൾപ്പെടെയുള്ള ശക്തമായ നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിൽ ആഭ്യന്തര വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ**

136 (158) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ ആലത്തൂർ മണ്ഡലത്തിൽ ആഭ്യന്തര വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആഭ്യന്തര വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**മലപ്പുറം കുട്ടമണ്ണയിലെ എം.എസ്.പി.-യുടെ ഭൂമി അലൈമെന്റ് മാറ്റം വരുത്തുന്നതിന് നടപടി**

137 (159) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ)മലപ്പുറം ജില്ലയിൽ കുട്ടമണ്ണ എം.എസ്.പി.-യുടെ അധീനതയിലുള്ള ഗ്രൗണ്ടിന്റെ വടക്ക് - കിഴക്ക് ഭാഗങ്ങളിൽ സർക്കാർ അനുവദിച്ച അഞ്ച് സെന്റ് ഭൂമിയിൽ വടക്ക് ഭാഗത്തുള്ള 2.5 സെന്റ് ഭൂമി അലൈമെന്റ് മാറ്റം വരുത്തി നൽകണമെന്നാവശ്യപ്പെട്ട് എം.എൽ.എ. സി.എം.ഒ. പോർട്ടൽ വഴി സമർപ്പിച്ച നിവേദനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പോലീസ് ആസ്ഥാനത്തുലഭിച്ച പ്രസ്തുത നിവേദനം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് എം.എസ്.പി. കമാൻഡന്റിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി എം.എസ്.പി. കമാൻഡന്റ് പോലീസ് ആസ്ഥാനത്ത് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ അലൈൻമെന്റിൽ മാറ്റം വരുത്തുമ്പോഴുള്ള ഭൂമിയുടെ ഘടനയും അതിന്റെ ചിത്രവും ഉൾപ്പെടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ എം.എസ്.പി. കമാൻഡന്റിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ കത്ത് പ്രകാരം (H 14-178408/2023/PHQ) ആവശ്യപ്പെട്ട വിവരങ്ങൾ എം.എസ്.പി. കമാൻഡന്റ് 30-10-23-ൽ റിപ്പോർട്ട് ചെയ്തിട്ടും അനുമതിക്കായി സർക്കാരിലേയ്ക്ക് അയയ്ക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി)അലൈൻമെന്റ് മാറ്റം വഴി സർക്കാരിന് യാതൊരു നഷ്ടവും വരാത്ത സാഹചര്യത്തിൽ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് കുട്ടമണ്ണ നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും ഗതാഗതയോഗ്യമായ റോഡ് നിർമ്മാണത്തിനും ആഭ്യന്തരവകുപ്പ് സത്വരനടപടികൾ സ്വീകരിക്കുമോ?

(ബി&സി) (എ) -യിൽ ചേർത്തിട്ടുണ്ട്.

**പോലീസ് കസ്റ്റഡിയിലെ വാഹനങ്ങൾ**

138(160) <u>ശ്രീ. മുരളി പെരുനെല്ലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളുമായി ബന്ധപ്പെട്ട് പോലീസ് കസ്റ്റഡിയിലെടുത്ത്, സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളുടെ പരിസരത്തുള്ള പൊതു നിരത്തുകളുടെ അരികിൽ വർഷങ്ങളായി സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾക്ക് ചുറ്റും കാട് പിടിച്ചുകിടക്കുന്നത് വഴിയാത്രക്കാർക്കുൾപ്പെടെ അപകടങ്ങൾ ഉണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്റ്റേഷൻ പരിസരത്തു വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലം വഴിയാത്രക്കാർക്കുൾപ്പെടെ അപകടങ്ങൾ ഉണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ ഉൾപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളിൽ അവകാശികൾ ഇല്ലാത്തവ ലേലം ചെയ്യാൻ പോലീസ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. മറ്റ് കേസ്സിലുൾപ്പെട്ടവ കോടതിയുടെ അനുമതിയോടെ വിട്ടു നൽകാനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

(എ) യിൽ ചേർത്തിട്ടുണ്ട്.

**ഈരാറ്റുപേട്ട മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം അനുവദിക്കാൻ നടപടി**

139(161) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ടയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളതും ബി.റ്റി.ആർ. പ്രകാരം സർക്കാർ പുറമ്പോക്കായിട്ടുള്ളതും ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനോട് ചേർന്ന് ആഭ്യന്തര വകുപ്പിന്റെ കൈവശമുള്ളതുമായ മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട വില്ലേജിൽ ബ്ലോക്ക് 48 ൽ റീ.സ. 49/13-ൽപ്പെട്ട 01.13.20 ഹെക്ടർ സ്ഥലത്തിൽ നിന്നും 50 സെന്റ് സ്ഥലം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് കൈമാറി നൽകുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി മറ്റൊരു സ്ഥലം കണ്ടെത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചു വരുന്നു.

**കോസ്റ്റൽ വാർഡന്മാരുടെ ജോലിസ്ഥിരത**

140 (162) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളിലെ കോസ്റ്റൽ വാർഡൻമാരുടെ ശമ്പള വർദ്ധനവ് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

17-11-2022-ലെ സ.ഉ. (കൈ) നം. 231/2022/ആഭ്യന്തരം പ്രകാരം തീരദേശ പോലീസ് സ്റ്റേഷനുകളിലെ കോസ്റ്റൽ വാർഡൻമാരുടെ ദിവസ വേതനം 730/- (എഴുനൂറ്റി മുപ്പത് രൂപയായും) പരമാവധി പ്രതിമാസ വേതനം 19710/- (പത്തൊൻപതിനായിരത്തി എഴുനൂറ്റിപ്പത്ത്) രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ദുരിത കാലത്തെ സേവനം കണക്കിലെടുത്ത് മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നും തെരെഞ്ഞെടുത്ത കോസ്റ്റൽ വാർഡൻമാരുടെ ജോലിസ്ഥിരത ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികളെകുറിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ കരാർ പുതുക്കി നല്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(ബി&സി) 26-07-2023 തീയതിയിലെ സ.ഉ. (സാധാ) നം. 2103/2023/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 18 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച 177 കോസ്റ്റൽ വാർഡൻമാരുടെ കരാർ നിയമനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

**കേരള പോലീസിൽ പുതിയ നിയമനം**

141 (163) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഇന്നുവരെ കേരള പോലീസിൽ പുതുതായി എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ടെന്നും ഇതിൽ വനിതാ വിഭാഗത്തിൽ എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ടെന്നും ഉള്ള കണക്കു ലഭ്യമാക്കുമോ;

(ബി) പുതുതായി ഈ കാലയളവിൽ എത്ര ബറ്റാലിയനുകൾ നിലവിൽ വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരുടെ ചുമതലകൾ**

142(164) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരായി സേവനം അനുഷ്ഠിക്കുന്നവരുടെ കൃത്യ നിർവ്വഹണ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

അതീവ സുരക്ഷ (Z Plus) ആവശ്യമുള്ള ബഹു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സുരക്ഷാ കാര്യങ്ങളും സുരക്ഷ നിർവഹിക്കുന്ന ഉദ്യോഗസ്ഥരുടെ ചുമതലകളും അതീവ രഹസ്യ സ്വഭാവമുള്ളതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ ആഭ്യന്തരവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും തസ്തികകളും

143 (165) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളടക്കം കാസർകോട് ജില്ലയിൽ ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ട എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ച തസ്തികകൾ എത്രയാണെന്ന് ഓഫീസും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എത്രയാണെന്ന് ഓഫീസും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എത്ര കാലമായി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നത് ഓഫീസും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താത്തത് എന്തുകൊണ്ടാണെന്നും എന്നത്തേയ്ക്ക് അവ നികത്തുമെന്നും ഓഫീസും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ?

(എ-ഇ) ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

**ബേക്കൽ ബീച്ച് ഫെസ്റ്റ് ഒന്നാം എഡിഷനിലെ ക്രമക്കേടുകളിൽ നടപടി**

144(166) ശ്രീ. സജീവ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ബീച്ച് ഫെസ്റ്റ് ഒന്നാം എഡിഷനിലെ അഴിമതികളും ക്രമക്കേടുകളും അന്വേഷിക്കണം എന്നാവശ്യപ്പെട്ട് വിജിലൻസിൽ നൽകിയ പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

പരാതി സംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തി വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരാതി പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) വിജിലൻസ് ഡയറക്ടറേറ്റിൽ 7239364/vigiD/23 നമ്പറിലും സെക്രട്ടറിയേറ്റ് വിജിലൻസ് നമ്പർ D2/144/23 നമ്പറിലും ഉള്ള പരാതിയിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിജിലൻസ് ഡയറക്ടറേറ്റിൽ 7239364/വിജിഡി/23 നമ്പരായി ഒരു പരാതി ലഭിച്ചിട്ടില്ല. സെക്രട്ടറിയേറ്റ് വിജിലൻസിൽ ലഭിച്ച ഡി2/144/23 നമ്പർ പരാതി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനും വിനോദ സഞ്ചാര വകുപ്പിനും കൈമാറിയിട്ടുണ്ട്.

(സി) പരാതിക്കാരനിൽ നിന്നും ഫെസ്റ്റ് ചെയർമാൻ, കൺവീനർ, കോ-ഓർഡിനേറ്റർ എന്നിവരിൽ നിന്നും വിജിലൻസ് മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ?

പരാതി പരിശോധനയിൽ മൊഴി രേഖപ്പെടുത്തിയിട്ടില്ല.

(ഡി) എന്തൊക്കെ ക്രമക്കേടുകളും അഴിമതികളുമാണ് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

പരാതി സംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തി വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരാതി പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) ബേക്കൽ ഫെസ്റ്റ് രണ്ടാം എഡിഷനെക്കുറിച്ച് വന്നിട്ടുള്ള ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് സ്വമേധയാ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോപണങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

**കാസർഗോഡ് ബേക്കൽ ബീച്ച് ഫെസ്റ്റിലെ അഴിമതി അന്വേഷണം**

145 (170) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ബീച്ച് ഫെസ്റ്റിന്റെ ഒന്നാം എഡിഷനിലെ അഴിമതികളും ക്രമക്കേടുകളും അന്വേഷിക്കണമെന്നാവശ്യപ്പെട്ട് വിജിലൻസിൽ നൽകിയ പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

പരാതി പ്രാഥമിക പരിശോധന നടത്തി വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) വിജിലൻസ് ഡയറക്ടറേറ്റിൽ 7239364/വിജി ഡി/23 നമ്പറിലും സെക്രട്ടേറിയറ്റ് വിജിലൻസ് ഡി2/144/23 നമ്പറിലുമുള്ള പരാതിയിൽ തുടർ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിജിലൻസ് ഡയറക്ടറേറ്റിൽ 7239364/വിജിഡി/23 നമ്പരായി ഒരു പരാതി ലഭിച്ചിട്ടില്ല. സെക്രട്ടേറിയേറ്റ് വിജിലൻസിൽ ലഭിച്ച ഡി2/144/23 നമ്പർ പരാതി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനും വിനോദ സഞ്ചാര വകുപ്പിനും കൈമാറിയിട്ടുണ്ട്.

(സി) പരാതിക്കാരൻ, ഫെസ്റ്റിന്റെ ചെയർമാൻ, കൺവീനർ, കോ-ഓർഡിനേറ്റർ എന്നിവരിൽ നിന്നും വിജിലൻസ് മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ?

പരാതി പരിശോധനയിൽ മൊഴി രേഖപ്പെടുത്തിയിട്ടില്ല.

(ഡി) എന്തൊക്കെ ക്രമക്കേടുകളും അഴിമതിയുമാണ് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

പരാതി സംബന്ധിച്ച് പരിശോധന നടത്തി വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരാതി പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) ബേക്കൽ ഫെസ്റ്റ് രണ്ടാം എഡിഷനിലും വന്നിട്ടുള്ള വ്യാപക ആരോപണത്തിൽ വിജിലൻസ് സ്വമേധയാ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ആരോപണങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ല.

**കാട്ടാക്കട കോടതി സമുച്ചയത്തിന്റെ നിർമ്മാണം**

146 (171) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കോടതി സമുച്ചയത്തിന്റെ മൂന്നാംഘട്ട നിർമ്മാണത്തിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ; പ്രസ്തുത പദ്ധതിക്കായുള്ള തുടർനടപടി എന്താണെന്ന് വിശദമാക്കാമോ?

കാട്ടാക്കട കോടതി സമുച്ചയത്തിന്റെ രണ്ടാംഘട്ട നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിയുടെ മൂന്നാംഘട്ട നിർമാണത്തിന് 1340 ലക്ഷം രൂപയുടെ ഭരണാനുമതി ആവശ്യപ്പെട്ട് സമർപ്പിച്ച എസ്റ്റിമേറ്റിലെ അപാകതകൾ പരിശോധിച്ച് പുനഃസമർപ്പിക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കാട്ടാക്കട കോടതി സമുച്ചയത്തിന്റെ മൂന്നാംഘട്ട നിർമാണത്തിന് ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള നടപടികളിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ് .

**ഫയർ വുമൺ തസ്തിക**

147(172) **ശ്രീ. പി.പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ അഗ്നിശമന സേനാ വിഭാഗത്തിൽ എത്ര ഫയർ വുമൺ തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചതെന്ന് വ്യക്തമാക്കാമോ?

അഗ്നിശമന സേനാ വിഭാഗത്തിൽ 100 ഫയർ വുമൺ തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചത്. അതിൽ 83 പേർക്ക് പരിശീലനം നടന്നു വരുന്നു.

ശേഷിക്കുന്ന 17 പേർക്ക് പി.എസ്.സി നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ബി) ഫയർ വുമൺ തസ്തികയിൽ നിയമനം ലഭിച്ച് പരിശീലനം പൂർത്തിയാക്കിയവരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(സി) പുതിയതായി എത്ര ഫയർ വുമൺ തസ്തികകളിലാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) പിരിവ് (എ)-യിൽ ചേർത്തിട്ടുണ്ട്.

## മാള ഫയർ സ്റ്റേഷന്റെ നവീകരണം

148 (173) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ മാള ഫയർ സ്റ്റേഷന്റെ പരിമിതികൾ പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

മാള ഫയർ സ്റ്റേഷൻ നവീകരണത്തിനായി15,00,000/- (പതിനഞ്ച് ലക്ഷം രൂപ) വകയിരുത്തിയിരുന്നു. തുടർന്ന് കെട്ടിടത്തിന്റെയും

ഗ്യാരേജിന്റെയും അറ്റകുറ്റപ്പണികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതിയ്ക്കും ടെണ്ടറിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കാട്ടാക്കട ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

149 (174) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കെട്ടിട നിർമ്മാണത്തിന് 231 ലക്ഷം രൂപ നേരത്തേ അനുവദിച്ചിരുന്നു. ഇന്റർലോക്ക്, ചുറ്റുമതിൽ, 3,200 ലിറ്റർ ശേഷിയുള്ള സമ്പ് തുടങ്ങിയവ പൂർത്തിയാക്കുന്നതിന് 50 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ 3 മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കാമോയെന്ന് അറിയിക്കുമോ?

പിരിവ് (എ)യിൽ ചേർത്തിട്ടുണ്ട്.

**ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

150(175) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിനുവേണ്ടി വൈപ്പിൻ മണ്ഡലത്തിൽ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എളങ്കുന്നപ്പുഴ വില്ലേജ് സർവ്വേ 412/6 ൽപ്പെട്ട 7.10 ആർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. വൈപ്പിൻ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി റീ-സർവ്വേ നം.412/6-ൽപ്പെട്ട 7.10 ആർ സ്ഥലം ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കിയ അർത്ഥനാപത്രം 16-02-2023-ന് എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പിരിവ് (എ)യിൽ ചേർത്തിട്ടുണ്ട്.

**കൊങ്ങാട് അഗ്നിരക്ഷാനിലയ നിർമ്മാണം**

151(176) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച തീയതി സഹിതമുള്ള വിശദാംശം ലഭ്യമാക്കാമോ?

കെട്ടിടം നിർമ്മിക്കുന്നതിന് 22-04-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1134/22/ആഭ്യന്തരം, പ്രകാരം 253 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലവിളംബം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾക്ക് വനംവകുപ്പ് നിശ്ചയിച്ച അടിസ്ഥാന വിലയേക്കാൾ വളരെ കുറഞ്ഞ തുകയാണ് ലേല നടപടികളിലൂടെ ലഭ്യമായത്. രണ്ട് തവണ ലേലം നടത്തിയിട്ടും മതിപ്പ് വില ലഭിക്കാത്തതിനാൽ വീണ്ടും എം.എസ്.ടി.സി. മുഖാന്തരം ലേലം നടത്തി ഉയർന്ന തുകയ്ക്ക് ലേലം ഉറപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.മരങ്ങൾ മുറിച്ച് മാറ്റുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പിരിവ് (ബി)യിൽ ചേർത്തിട്ടുണ്ട്.

**കറുകച്ചാലിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി**

152(177) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി, പാമ്പാടി ഫയർ സ്റ്റേഷനുകളുടെ പ്രയോജനം കറുകച്ചാൽ മുതൽ നെടുങ്കുന്നം, കങ്ങഴ, വെള്ളാവൂർ, മണിമല പ്രദേശങ്ങളിൽ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യം കണക്കിലെടുത്ത് കറുകച്ചാലിൽ പുതിയ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുന്ന മുറയ്ക്ക് മാത്രമേ സ്ഥല ലഭ്യത പരിശോധിക്കേണ്ടതുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കറുകച്ചാലിലെ പോലീസ് സ്റ്റേഷന്റെ ഭാഗമായിട്ടുള്ളതും ഉപയോഗശൂന്യമായി കാട് കയറിക്കിടക്കുന്നതുമായ ഭൂമിയിൽ നിന്ന് ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്.

**പരവൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

153 (178) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പരവൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പരവൂർ അഗ്നിരക്ഷാ നിലയത്തിൽ കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 3 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സ്റ്റേഷൻ കെട്ടിടം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സ്ട്രക്ച്ചറൽ ഡിസൈൻ വിംഗിൽ നിന്നുള്ള ടെൻഡേറ്റീവ് ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി കഴിഞ്ഞപ്പോൾ പുതുക്കിയ എസ്റ്റിമേറ്റ് തുക 5.0768 കോടി രൂപ ആയി. പുതുക്കിയ എസ്റ്റിമേറ്റ് തുകയ്ക്ക് ഭരണാനുമതിയ്ക്കായി ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്.

**ആലപ്പുഴ ഫയർ & റസ്ക്യൂ സ്റ്റേഷന്റെ നവീകരണത്തിനുള്ള നടപടികൾ**

154 (179) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായലിലേയും കരയിലെയും അഗ്നിരക്ഷാപ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടി വരുന്ന ആലപ്പുഴ ഫയർ & റസ്ക്യൂ സ്റ്റേഷന്റെ ശോചനീയമായ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സമർപ്പിക്കപ്പെട്ട പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ഫയർ സ്റ്റേഷൻ, ജില്ലാ ഫയർ ഓഫീസറുടെ കാര്യാലയം എന്നിവ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുവാനും DSR 2018 പ്രകാരം റിവൈസ് ചെയ്ത് ലഭ്യമാക്കുവാനും നിർദ്ദേശിച്ചിരിക്കുകയാണ്.

**ആലത്തൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

155(180) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

കെട്ടിടം നിർമ്മിക്കുന്നതിനായി ആലത്തൂർ താലൂക്കിൽ കുഴൽമന്ദം1 വില്ലേജിൽ 50 സെന്റ് ഭൂമി ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ്, പ്ലാൻ എന്നിവ അംഗീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്നു.

(ബി) ആലത്തൂർ ഫയർസ്റ്റേഷന്റെ പ്രവർത്തനങ്ങൾ വാടകക്കെട്ടിടത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതുവരെ ഫയർ സ്റ്റേഷന്റെ പ്രവർത്തനം താൽക്കാലികമായി മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി എരിമയൂർ-2 വില്ലേജിൽ കുനിശ്ശേരി എന്ന സ്ഥലത്ത് വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**മലപ്പുറം ജില്ലാ ജയിൽ നിർമ്മിക്കുന്നതിന് നടപടി**

156(181) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ജില്ലാ ജയിലില്ലാത്തതിനാൽ തടവുപുള്ളികളെ കണ്ണൂരിലേക്ക് മാറ്റേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യം പരിഹരിക്കുന്നതിനായി മലപ്പുറം ജില്ലയിൽ ജില്ലാ ജയിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ ജയിലുകളിൽ തടവുകാരുടെ എണ്ണം പാർപ്പിട ശേഷിയെക്കാളും അധികരിക്കുന്ന അവസരത്തിൽ കണ്ണൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ ജയിലുകളിലേക്ക് മാറ്റിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തവനൂരിൽ പുതിയതായി ഒരു സെൻട്രൽ ജയിൽ 2022 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ജയിലിൽ ആറ് (6) മാസമോ അതിൽ കൂടുതൽ കാലയളവിലേക്കോ ശിക്ഷിക്കപ്പെട്ടിട്ടുള്ള എല്ലാ തടവുകാരേയും പാർപ്പിച്ചുവരുന്നു.

മലപ്പുറം ജില്ലയിൽ പുതിയ ജില്ലാ ജയിൽ സ്ഥാപിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. പുതിയ ജില്ലാ ജയിൽ ആരംഭിക്കുന്ന കാര്യത്തിൽ കൂടുതൽ പരിശോധന ആവശ്യമാണ്.

**മാവേലിക്കര സ്പെഷ്യൽ സബ് ജയിലിൽ**
**മാലിന്യ സംസ്കരണ പ്ലാന്റ്**

157(182) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര സ്പെഷ്യൽ സബ് ജയിലിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശുചിത്വ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ്, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ആലപ്പുഴ ജില്ലാ ശുചിത്വമിഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് നഗരസഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അതോടൊപ്പം, പാചകപ്പുരയോടു ചേർന്ന് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ജയിൽ പുള്ളികളെ കിടത്തി ചികിത്സിക്കാൻ ആശുപത്രി**

158 (183) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ സെൻട്രൽ ജയിലിൽ ഡോക്ടർ ഉണ്ടെങ്കിലും കിടത്തി ചികിത്സിക്കാൻ സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് സെൻട്രൽ ജയിലുകളിലുള്ളതുപോലെ ഇവിടെയും ജയിൽ പുള്ളികളെ കിടത്തി ചികിത്സിക്കാൻ ഒരു ആശുപത്രി തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തവനൂർ സെൻട്രൽ ജയിലിൽ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ആയത് 2024-25 വാർഷിക പദ്ധതി പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഗവ.ഹോമിയോപ്പതിക്മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനത്തിനായുള്ള റോട്ടേഷൻ**

159(184) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ 2012 വരെ നിലവിലുണ്ടായിരുന്ന ട്യൂട്ടർ തസ്തിക റദ്ദുചെയ്ത് ആരോഗ്യ വകുപ്പുസെക്രട്ടറിയുടെ 30-032012-ലെ 6695/ജെ2/2012/ ജെ&എഫ്.ഡബ്ല്യൂ.ഡി നമ്പർ കത്ത് പ്രകാരവും 13-01-2012-ലെ ജി.ഒ(പി) 48/2012/ഫിൻ എന്ന സർക്കാർ ഉത്തരവ് പ്രകാരവും 2019-ലെ സ്പെഷ്യൽ റൂൾസ് അനുസരിച്ചും കേരള പി.എസ്.എസി പുറപ്പെടുവിച്ച കാറ്റഗറി നം.47/2020 മുതൽ 58/2020 വരെയുള്ള കാറ്റഗറി നമ്പർ പ്രകാരമുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ നാളിതുവരെയുള്ള യു.ജി.സി മാനദണ്ഡപ്രകാരമുള്ള അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനത്തിന് അവലംബിക്കുവാൻ നിശ്ചയിച്ചിട്ടുള്ള റോട്ടേഷൻ ക്രമം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങൾക്കുള്ള റോട്ടേഷൻ ക്രമം, പുതിയ നിയമനങ്ങൾക്കായി നിലവിൽ കെ.പി.എസ്.സി അനുവർത്തിക്കുന്ന അതേരീതിയിലുള്ള റോട്ടേഷൻ ചാർട്ട് പ്രകാരമുള്ളതാണോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) റൊട്ടേഷൻ ക്രമം എപ്രകാരമായിരിക്കണമെന്നതിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനമെടുത്തിട്ടില്ല.

**റീ ബിൽഡ് കേരള പദ്ധതി**

160(185) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനു കീഴിൽ നടപ്പിലാക്കുന്നതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു. പുതിയ പദ്ധതികൾ നിലവിൽ പരിഗണനയിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജാതി സെൻസസ്

161(187) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജാതി സെൻസസ് എടുക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) സംസ്ഥാനത്ത് ജാതി സെൻസസ് എടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ സ്വീകരിച്ചിട്ടില്ല.

(സി) വിവിധ ജാതി മത സമുദായങ്ങൾ വേർതിരിച്ചുള്ള ശതമാന കണക്ക് വിശദമാക്കാമോ;

(ഡി) വിവിധ ജാതി മത സമുദായങ്ങളിൽ പെട്ടവർക്ക് ഉദ്യോഗരംഗത്ത് ലഭിച്ചിട്ടുള്ള പ്രാതിനിധ്യം ശതമാനാടിസ്ഥാനത്തിൽ വിശദമാക്കാമോ?

(സി&ഡി) 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ ജാതി സെൻസസ് സംബന്ധിച്ച 'raw caste data' സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ വിശദാംശങ്ങൾ കൈമാറാനാകില്ല എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാരിൽ നിലവിൽ ഈ വിവരങ്ങൾ ലഭ്യമല്ല.

**വേമ്പനാട് കായൽ വികസന അതോറിറ്റി രൂപീകരണം**

**162(188) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട് കായലിന്റെ ആവാസവ്യവസ്ഥ സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉണ്ട്. വേമ്പനാട് കായലിന്റെ സ്വാഭാവികമായ നീരൊഴുക്ക് ക്രമപ്പെടുത്തി മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് വഴി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിൻപ്രകാരം വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ഫിഷറീസ് വകുപ്പ് മുഖേന തുക അനുവദിച്ച് നൽകുന്നുണ്ട്.

2022-23 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ കൈനകരി, പാണാവള്ളി, ചേന്നംപള്ളിപ്പുറം, മുട്ടാർ കാവാലം എന്നീ ഗ്രാമപഞ്ചായത്തുകളിലെയും കോട്ടയം ജില്ലയിലെ കുമരകം ഗ്രാമപഞ്ചായത്തിലെയും വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി ഒരു കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ എഴുപുന്ന, തൈക്കാട്ടുശ്ശേരി, വയലാർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആദ്യ ഘട്ടമായി എഴുപുന്ന ഗ്രാമപഞ്ചായത്തിലെ തോടുകളുടെ നവീകരണത്തിനായി 35,15,932/- രൂപ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയ്ക്ക് അനുവദിച്ചിട്ടുണ്ട്.

വേമ്പനാട്-കോൾ തണ്ണീർത്തടത്തിന്റെ പരിപാലനത്തിനും സംരക്ഷണത്തിനുമായി സംയോജിത കർമ്മ പരിപാലന പരിപ്രേഷ്യം സംസ്ഥാന തണ്ണീർത്തട അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. CSS സ്കീം പ്രകാരം

60:40 അനുപാതത്തിൽ ഇതിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്ക് ഫണ്ട് അനുവദിക്കുകയും ചുവടെ ചേർക്കുന്ന പ്രവർത്തികൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു.

(1) തണ്ണീർത്തടത്തിന്റെ സമഗ്ര ജലഗുണ നിലവാര പരിശോധന മാസത്തിൽ ഒന്ന് എന്ന തരത്തിൽ Centre For Water Resources Development and Management (CWRDM)-മായി ചേർന്ന് നടത്തി വരുന്നു.

(2) സസ്യ ജന്തു ജാലങ്ങളുടെ റിപ്പോർട്ടിംഗ് അതാത് സ്ഥലത്ത് നിന്ന് അപ്ഡേറ്റ് ചെയ്യാവുന്ന തരത്തിൽ മൊബൈൽ ആപ്ലിക്കേഷനും, പൊതു ജനത്തിന് പ്രസ്തുത റിപ്പോർട്ടിംഗ് ലഭ്യമാക്കുംവിധം കെൽട്രോണുമായി ചേർന്ന് വെബ് പോർട്ടലും സജ്ജീകരിച്ചിട്ടുണ്ട്.

(3) സുസ്ഥിര കക്ക കൃഷിയുമായി ബന്ധപ്പെട്ട് മുഹമ്മ പ്രദേശത്ത് കക്ക relaying-ഉം അവയുടെ നിരീക്ഷണവും പോളകളെ ചെറുത്തു നിറുത്താനുള്ള മാർഗ്ഗങ്ങളുംAshoka Trust for Research in Ecology and the Environment (ATREE)- യുമായി ചേർന്ന് നടപ്പിലാക്കി വരുന്നു.

(4) തണ്ണീർത്തടത്തിന്റെ വൃഷ്ടി പ്രദേശ സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പുമായി ചേർന്ന് കരാറൊപ്പിട്ട് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(5) റാംസാർ തണ്ണീർത്തടത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

(6) തണ്ണീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്കായി തണ്ണീർത്തട മിത്രങ്ങൾ എന്ന പേരിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികളെയും മറ്റ് താല്പര്യമുള്ള തദ്ദേശീയരെയും ഉൾപ്പെടുത്തി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്.

(7) വിവിധ തണ്ണീർത്തട സംരക്ഷണ ബോധവൽക്കരണ പരിപാടികൾ, പാതിരാമണൽ ദ്വീപ് ശുചീകരണം, തണ്ണീർത്തട മിത്രങ്ങൾക്കായുള്ള പരിശീലന പരിപാടികൾ എന്നിവ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ നേതൃത്വത്തിൽ വേമ്പനാട് - കോൾ തണ്ണീർത്തടത്തിൽ നടത്തിയിട്ടുണ്ട്.

(8) നിലവിലെ സംയോജിത കർമ്മ പരിപാലന പരിപ്രേഷ്യം കാലാവധി പൂർത്തിയാകുന്നതിനാൽ, Wetlands International South Asia (WISA), CWRDM എന്നിവരുമായി ചേർന്ന് ടി പരിപ്രേഷ്യം പരിഷ്കരിക്കുകയും

കരട് കർമ്മ പദ്ധതി SWAK ടെക്നിക്കൽ കമ്മിറ്റി ശിപാർശയോടെ അതോറിറ്റി മുൻപാകെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്. ടി പദ്ധതി പരിഷ്കരണത്തിനായി വിവിധ തണ്ണീർത്തട അനുബന്ധ വിഭാഗങ്ങളുമായി ചർച്ചകൾ സംഘടിപ്പിക്കുകയും പരമാവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച കുഫോസിന്റെ പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

പഠന റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(സി) വേമ്പനാട് കായലിന്റെ സംരക്ഷണത്തിനായി വേമ്പനാട് കായൽ വികസന അതോറിറ്റി രൂപീകരണത്തിന് നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

വേമ്പനാട് ഇക്കോ ഡെവലപ്മെന്റ് അതോറിറ്റി (VEDA) രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ കേന്ദ്ര തണ്ണീർത്തട വിജ്ഞാപന പ്രകാരം തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ റാംസാർ തണ്ണീർത്തടമായ വേമ്പനാട് - കോൾ തണ്ണീർത്തടത്തിന്റെ പരിപാലന പദ്ധതികൾ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി വിവിധ ഏജൻസികളുടെ സഹായ ത്തോടെയാണ് നടപ്പിലാക്കുന്നത്.

വേമ്പനാട് കായൽ ഉൾപ്പെടെ സംസ്ഥാനത്തെ വിജ്ഞാപനം ചെയ്തിട്ടുള്ള തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചതിനാൽ വേമ്പനാട് ഇക്കോ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് പ്രസക്തി ഇല്ലെന്ന് കണ്ട് ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിരുന്നു.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെ കുടിശ്ശിക**

163(189) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് ഇപ്പോൾ ലഭിക്കുന്ന കേന്ദ്ര വിഹിതം എത്രയെന്ന് വിശദമാക്കുമോ; ഈയിനത്തിൽ കേന്ദ്രത്തിൽ നിന്നും വിഹിതം ലഭിക്കുന്നതിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്ര വിഹിതം 151.33 കോടിയാണ്. പ്രസ്തുത പദ്ധതിക്കുവേണ്ടി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വിഹിതത്തിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ല.

(ബി) കാസ്പിൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികൾക്കും സർക്കാർ ആശുപത്രികൾക്കും സർക്കാർ നിലവിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്രയെന്ന് വേർതിരിച്ച് അറിയിക്കാമോ;

കാസ്പിൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികൾക്ക്2,69,07,97,307 രൂപയും, സർക്കാർ ആശുപത്രികൾക്ക് 8,59,61,18,856 രൂപയും കുടിശ്ശികയുണ്ട്.

(സി) ആശുപത്രികൾക്ക് നിലവിൽ നൽകാനുള്ള കുടിശ്ശികയിൽ കേന്ദ്രത്തിൽ നിന്നു ലഭിക്കാനുള്ള വിഹിതവും കൂടി ഉൾപ്പെടുന്നുണ്ടോ; കുടിശ്ശിക കൊടുത്തു തീർക്കാത്തതുമൂലം സ്വകാര്യ ആശുപത്രികൾ രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ?

കുടിശ്ശിക നിലനിൽക്കുന്നുവെന്ന കാരണത്താൽ സ്വകാര്യ ആശുപത്രികൾ രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യം ഉണ്ടാകരുത് എന്ന നിർദേശം ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്.

(ഡി) ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുമ്പോൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള 2022-ലെ പുതുക്കിയ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് കേരളത്തിൽ നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കുമോ; ഇത് പ്രാബല്യത്തിൽ കൊണ്ടു വരുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി ലഭിക്കുന്ന കേന്ദ്ര വിഹിതം വർധിപ്പിക്കുന്ന സാഹചര്യത്തിൽ പുതുക്കിയ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ് .

## കാസ്പ് പദ്ധതി മുഖേന നൽകാനുള്ള തുക

164(190) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) പ്രകാരം സ്വകാര്യ ആശുപത്രികൾക്ക് സർക്കാർ നൽകാനുള്ള കുടിശ്ശികയുടെ വിശദാംശം നൽകാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സ്വകാര്യ ആശുപത്രികൾക്ക് സർക്കാർ നൽകാനുള്ള കുടിശ്ശികയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു

(ബി) സർക്കാർ ആശുപത്രികൾ കഴിഞ്ഞ മൂന്ന് വർഷം എത്ര തുകയുടെ ക്ലെയിം ആണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകിയിട്ടുള്ളതെന്ന വിവരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ, താലൂക്ക്, മറ്റ് ആശുപത്രികൾ എന്നിവയുടെ ഇനം തിരിച്ചുള്ള കണക്ക് നൽകാമോ?

വിശദാംശം അനുബന്ധമായി+ ചേർക്കുന്നു

(സി) ഇതിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആശുപത്രികൾക്ക് കഴിഞ്ഞ മൂന്ന് വർഷം നൽകാനുള്ള തുകയുടെ വിശദാംശം മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ, താലൂക്ക്, മറ്റ് ആശുപത്രികൾ എന്നിവയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി+ ചേർക്കുന്നു

**കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി**

165(191) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേൾവി ശേഷിയില്ലാത്ത കുട്ടികൾക്ക് നടത്തുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പദ്ധതിക്കുള്ള പ്രായ പരിധി എത്രയാണ്?

5 വയസ്സുവരെയുള്ള ഗുരുതരമായ ശ്രവണ വൈകല്യമുള്ള കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതി മുഖാന്തരം ചികിത്സാ ആനുകൂല്യങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നത്. മെനിഞ്ചയിറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ അംഗീകാരത്തോടുകൂടി പ്രായഭേദമന്യേ ചികിത്സാസഹായം നൽകുന്നുണ്ട്.

(ബി) പ്രസ്തുത പ്രായ പരിധി കഴിഞ്ഞ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷന് സർക്കാർ ധനസഹായം എന്തെങ്കിലും നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ കുട്ടികൾക്ക് തുടർ സേവനങ്ങളായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രായഭേദമന്യേയും പ്രോസസ്സർ അപ്ഗ്രഡേഷൻ 25 വയസ്സ് വരെയും നൽകുന്നുണ്ട്.

(സി) ശ്രുതി തരംഗം പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഗുരുതരമായ ശ്രവണ വൈകല്യമുള്ള, കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ ആദായ നികുതിദായകരോ അല്ലാത്ത കുടുംബങ്ങളിൽപ്പെട്ട 5 വയസ്സുവരെയുള്ള കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതി മുഖാന്തരം

ചികിത്സാ ആനുകൂല്യങ്ങൾ നൽകുന്നത്. മെനിഞ്ചയിറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ അംഗീകാരത്തോടുകൂടി പ്രായഭേദമന്യേ ചികിത്സാസഹായം ലഭിക്കും.

പ്രസ്തുത പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി, ഓഡിറ്ററി വെർബൽ തെറാപ്പി സെഷനുകൾ (140 എണ്ണം), ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, പ്രോസസ്സർ അപ്ഗ്രഡേഷൻ എന്നീ സേവനങ്ങൾ പദ്ധതിയുടെ കീഴിൽ സംസ്ഥാന ആരോഗ്യ ഏജൻസിയുമായി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ മുഖാന്തരം നൽകുന്നുണ്ട്.

**ഇ-ഹെൽത്ത് പദ്ധതി**

166(192) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ തൃശ്ശൂർ ജനറൽ ആശുപത്രി, അയ്യന്തോൾ, വിൽവട്ടം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാച്ചേരി,

പറവട്ടാനി, ഗോസായിക്കുന്ന് എന്നീ അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഇ-ഹെൽത്ത് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്ര-സംസ്ഥാന ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ**

167(193) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്ര-സംസ്ഥാന ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ ഏതെല്ലാമാണെന്നും അവ എപ്രകാരമാണ് നടപ്പിലാക്കി വരുന്നതെന്നും വിശദീകരിക്കാമോ?

സാർവ്വത്രിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ആരോഗ്യ പരിരക്ഷാ പദ്ധതികളാണ് കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട്, മെഡിസെപ് എന്നിവ. ഈ പദ്ധതികൾ സംബന്ധിച്ച വിശദാംശവും സർക്കാർ നടപ്പിലാക്കി വരുന്ന മറ്റ് ആരോഗ്യ പദ്ധതികളും ചുവടെ ചേർക്കുന്നു.

1. <u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)</u>

സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 2019 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് KASP അഥവാ കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി രൂപീകരിച്ചത്. 2018-19 കാലഘട്ടത്തിൽ RSBY, CHIS അംഗത്വം പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം അർഹരായ കുടുംബത്തിന് ഒരുവർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിൽസാ ആനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ പൊതു-സ്വകാര്യ ആശുപത്രികൾ വഴി ലഭിക്കുന്നതാണ്. സർക്കാർ-സ്വകാര്യ

ആശുപത്രികൾ ഉൾപ്പടെ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം നിലവിൽ 761 ആണ്.

ചികിത്സാ ആനുകൂല്യങ്ങളിൽ കാസ്റ്റ് പാക്കേജുകൾ അനുസരിച്ച് ദ്വിതിയ, തൃതിയ പരിചരണം, 26 സ്പെഷ്യാലിറ്റികളിൽ 1675 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജുകൾ/ഡേ കെയർ സിറ്റിംഗ് ചാർജുകൾ ഉൾപ്പെടുന്നു. 15 ദിവസത്തെ ഡിസ്ചാർജിനു ശേഷമുള്ള മരുന്നുകൾ ഉൾപ്പെടെ നൽകുന്നു.

2. <u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത, എന്നാൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് APL/BPL വ്യതാസമില്ലാതെ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണിത്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന നൽകി വരുന്ന ചികിത്സ ആനുകൂല്യം. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ ചികിത്സാനുകൂല്യം നൽകുന്നതാണ്.

3. <u>മെഡിസെപ്</u>

കേരളത്തിലെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ സുരക്ഷ ഉറപ്പാക്കാനുള്ള സർക്കാരിന്റെ ഇൻഷുറൻസ് പദ്ധതി. ഈ പദ്ധതി പ്രകാരം ഒരു വർഷം പരമാവധി 3 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

4. <u>മറ്റ് പദ്ധതികൾ</u>

i) 18 വയസിൽ താഴെയുള്ള കുട്ടികൾക്കുള്ള പ്രത്യേക പദ്ധതികളായി ആരോഗ്യ കിരണം, RBSK, ഹൃദ്യം, താലോലം, ക്യാൻസർ സുരക്ഷാ സ്കീം, മിഠായി.

ii) ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, തലാസീമിയ രോഗചികിത്സയ്ക്കായി ആശാധാര പദ്ധതി.

iii) ഗർഭിണികൾക്കുള്ള ചികിത്സയ്ക്കായി JSSK, സുമൻ, മാതൃയാനം പദ്ധതികൾ.

iv) പട്ടികവർഗ്ഗക്കാർക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

v) അന്യ സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് പദ്ധതി.

vi) 0 മുതൽ 5 വയസ്സുവരെയുള്ള ഗുരുതരമായ ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് ചികിത്സ ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതിയാണ് ശ്രുതിതരംഗം.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ വിവര ശേഖരണം**

168(194) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) ഉൾപ്പെട്ട ഹൃദ്രോഗികളുടെ വിവരങ്ങൾ ഉപയോഗിച്ചുള്ള റിസർച്ച് അഥവാ മറ്റ് വിവര ശേഖരണം ഇപ്പോൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നേടിയ രോഗികളുടെ ചികിത്സാ സമയത്തെ ആശുപത്രിയിലെ അനുഭവങ്ങൾ, തുടർ ചികിത്സ തേടുന്ന വിവരങ്ങൾ, ചികിത്സയ്ക്ക് ശേഷമുള്ള അവരുടെ ആരോഗ്യ അവസ്ഥ എന്നീ കാര്യങ്ങൾ വിലയിരുത്തുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വിവരശേഖരണം നടത്താറുണ്ട്. രോഗികൾക്ക്

തുടർന്നും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ ചെയ്യുന്ന പ്രവൃത്തിയാണിത്. ഗുണഭോക്താക്കൾക്ക് ലഭിച്ച ചികിത്സയുടെ ഗുണനിലവാരം, എംപാനൽ ചെയ്ത ആശുപത്രികളിലെ പരിചരണത്തിന്റെ ഗുണനിലവാരം തുടങ്ങിയവ ഉറപ്പാക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശം. ഇതൊരു പതിവ് പ്രവർത്തനം ആയതിനാൽ പ്രസ്തുത ഉദ്യമത്തിനായി പ്രത്യേക എത്തിക്കൽ കമ്മിറ്റി അനുമതി തേടിയിട്ടില്ല. എന്നാൽ ഇതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മൂന്നാംകക്ഷികൾക്ക് ലഭ്യമാക്കാറില്ല. ഇൻഷ്വറൻസ് വിവരങ്ങൾ ഉപയോഗിക്കുന്ന വിദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓഫീസിൽ ജോലി ചെയ്യുവാൻ അനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത ആരോഗ്യ ഇൻഷ്വറൻസ് സംബന്ധിച്ച വിവരങ്ങൾ ഉപയോഗിക്കാൻ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ

എത്തിക്കൽ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത വിവരങ്ങൾ ഉപയോഗിച്ചുള്ള പഠനങ്ങളിൽ, വിദേശ ഏജൻസികളിലെ ജീവനക്കാർക്ക്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ജീവനക്കാർ നേരിട്ടോ ഇ മെയിൽ മുഖേനയോ വിവരങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ആയതിന് ആരോഗ്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാമോ;

(ഡി) ഇൻഷുറൻസ് വിവരങ്ങൾ ഉപയോഗിക്കുന്ന വിദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓഫീസിൽ വന്ന് ജോലി ചെയ്യാൻ എക്സിക്യൂട്ടീവ് ഡയറക്ടർ അനുമതി കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ബി-ഡി) ഉത്തരം (എ) പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ചികിത്സാ ഇൻഷുറൻസ്**

169(195) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആയുഷ്-മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയിൽ (എ.ബി -പി.എം.ജെ.എ.വൈ.) അംഗങ്ങൾ അല്ലാത്ത നിർധന രോഗികൾ, സൗജന്യ ഡയാലിസിസ് നടത്തുന്നതിനായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി)/ കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്.) എന്നിവയെ ആശ്രയിച്ചുവരുന്നതിനാൽ, ഇവർക്കാവശ്യമായ ചികിത്സയ്ക്കുള്ള ഇൻഷുറൻസ് വാലറ്റ് തുക അടിയന്തര പ്രാധാന്യത്തോടെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഓരോ സാമ്പത്തിക വർഷവും അഞ്ചു ലക്ഷം രൂപയുടെ വാലറ്റ് ബാലൻസ് ഓട്ടോമാറ്റിക് ആയി പുതുക്കി ലഭിക്കുന്നതാണ്. അപ്രകാരമാണ് പ്രസ്തുത പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ഇതിനായി പ്രത്യേക നടപടിയുടെ ആവശ്യമില്ല. എന്നാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം ലഭിക്കാത്ത കുടുംബങ്ങൾക്കുവേണ്ടിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതുപ്രകാരം ഒരു കുടുംബത്തിന് ഒറ്റത്തവണ മാത്രം

ഉപയോഗിക്കാവുന്ന രണ്ടുലക്ഷം രൂപ വരെയുള്ള വാലറ്റ് ബാലൻസാണുള്ളത്. (വൃക്ക സംബന്ധമായ അസുഖമെങ്കിൽ മൂന്ന് ലക്ഷം വരെയും).

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

170(196) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി ജീവനക്കാരെ നിയമിക്കുന്നത് ഏതെല്ലാം രീതിയിലാണെന്ന് വ്യക്തമാക്കാമോ; നിയമനം നടത്തുമ്പോൾ പാലിക്കേണ്ട സർക്കാരിന്റെയോ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെയോ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലികമായി ചുവടെ ചേർക്കുന്ന രീതിയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

1. ആശാ വർക്കർമാരിൽ നിന്നുമുള്ള നിയമനം

2. കുടുംബശ്രീ മുഖേനയുള്ള നിയമനം

3. എൻ.എച്ച്.എം മുഖേനയുള്ള നിയമനം

4. കോവിഡ് ബ്രിഗേഡിൽ നിന്നുമുള്ള നിയമനം

5.എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

6. വാക്ക് ഇൻ ഇന്റർവ്യൂ നടത്തിയുള്ള നിയമനം

7. എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലുള്ള നിയമനം

8. ആശുപത്രി വികസന സമിതികൾ മുഖേനയുള്ള നിയമനം

ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ അനുബന്ധമായി+ ചേർക്കുന്നു

(ബി) ഈ ഉത്തരവുകൾ പാലിക്കാതെ ആരുടെയെങ്കിലും നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമെന്ന് വ്യക്തമാക്കാമോ?

പരിശോധിച്ചു വരുന്നു.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ജോലി നോക്കി വരുന്ന ജീവനക്കാരിൽ ആരെങ്കിലും സ്ഥിരം ജീവനക്കാർ ഉണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ല. ആശുപത്രികളിലെ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ തുടങ്ങിയ ജീവനക്കാരാണ് പദ്ധതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നത്.

(ഡി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ജോലി നോക്കി വരുന്ന താത്കാലിക ജീവനക്കാർക്ക് സീനിയോറിറ്റി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ദിവസ വേതന ജീവനക്കാർക്ക് സീനിയോറിറ്റി പരിഗണിക്കുന്നത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ജോലി നോക്കി വരുന്ന താത്കാലിക ജീവനക്കാർക്ക് സീനിയോറിറ്റി ബാധകമല്ല.

(ഇ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി ദിവസ വേതന അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി തസ്തികയിൽ പ്രവേശിച്ച് ജോലി നോക്കി വരുന്ന ജീവനക്കാരുടെ പേര്, ജോലിയിൽ

പ്രവേശിച്ച തീയതി, ദിവസ വേതന നിരക്ക്, നിയമന രീതി എന്നിവ വ്യക്തമാക്കാമോ?

ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നൽകാനുള്ള കുടിശ്ശിക**

171(197) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികളായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് പദ്ധതി, ആർ.ബി.എസ്.കെ., ആരോഗ്യകിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം എന്നീ പദ്ധതികളിൽ എത്ര രൂപ വിവിധ ആശുപത്രികൾക്കും മറ്റും കുടിശ്ശികയായി ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ടി പദ്ധതികളിലെ കുടിശ്ശിക മൂലം എംപാനൽ ചെയ്ത ആശുപത്രികളിൽ മതിയായ ചികിത്സ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്നിട്ടുണ്ടോ; എങ്കിൽ ഈ കുടിശിക എന്നത്തേക്ക് തീർക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

കുടിശ്ശിക മൂലം ചികിത്സ മുടങ്ങുന്ന സാഹചര്യം ഉണ്ടാകരുതെന്ന് എംപാനൽ ചെയ്ത ആശുപത്രികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതി**

172(198) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആർദ്രം മിഷന്റെ രണ്ടാം ഘട്ടം**

173(199) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവന ചെയ്യുന്നതെന്ന് വിശദമാക്കുമോ?

ആർദ്രം മിഷന്റെ രണ്ടാം ഘട്ടത്തിൽ താഴെക്കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

1. ഹെൽത്തി ലൈഫ് ക്യാമ്പയിൻ

ജീവിതശൈലീ രോഗങ്ങൾ, മാനസികാരോഗ്യം, വയോജന ആരോഗ്യവും ക്ഷേമവും, പകർച്ചവ്യാധി നിയന്ത്രണം, രോഗ നിവാരണം എന്നീ മേഖലകളിൽ ശീലവൽക്കരണം നടത്തുവാനും അതിലൂടെ ജീവിതശൈലീ രോഗങ്ങളുടേയും പകർച്ചവ്യാധികളുടേയും പ്രാചുര്യം കുറയ്ക്കാനും ലക്ഷ്യമിട്ടുള്ള ക്യാമ്പയിനുകൾ നടന്നുവരുന്നു. അതോടൊപ്പം നവകേരളം കർമ്മ പദ്ധതിയിലെ മറ്റ് മിഷനുകളുമായി യോജിച്ചുള്ള വിവിധ തരം ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ

സംഘടിപ്പിക്കുന്നതിലേക്കുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ഉപകേന്ദ്രങ്ങൾ ജനകീയ ആരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതോടെ വാർഡ് തലം മുതൽ കൂടുതൽ ജനപങ്കാളിത്തത്തോടെ ക്യാമ്പയിനുകൾ നടപ്പിലാക്കാനാകും. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ രൂപീകരിക്കുന്ന ജനകീയ ആരോഗ്യ ക്ലബ്ബുകൾ വഴി ജനങ്ങളുടെ ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്താനുള്ള ശീലവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കും.

2. <u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി</u>

സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 23 കോടി രൂപയുടെ (ഒരു പി. എച്ച്.സി.-ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 166 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ 3 എണ്ണത്തിന്റെ (എറണാകുളം ജില്ലയിലെ

തൃക്കാക്കര, ആലപ്പുഴ ജില്ലയിലെ തലവടി, നീലംപേരൂർ) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഒരെണ്ണത്തിന്റെ (കൊല്ലം ജില്ലയിലെ ഇരവിപുരം) നിർമ്മാണം ആരംഭിച്ചുവെങ്കിലും പ്രവൃത്തികളിൽ പുരോഗതി ഇല്ലാത്തതിനാൽ കരാർ റദ്ദ് ചെയ്ത് പുതിയ ടെണ്ടർ വിളിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ആയതിൽ 204 എണ്ണം സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടും (ഒരു പി. എച്ച്.സി.-ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) 300 എണ്ണം എൻ.എച്ച്.എം. ഫണ്ടും (ഒരു പി. എച്ച്.സി.-ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) ആണ്. 504 എണ്ണത്തിൽ 429 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 21 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് എൻ.എച്ച്.എം. ഫണ്ട് മുഖേന 32.86 കോടി രൂപയുടെ (ഒരു പി. എച്ച്.സി. ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 68 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 41 എണ്ണത്തിന്റെ നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

<u>സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി</u>

സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 28.31 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തു. ആയതിൽ 48 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ

കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 13 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

സംസ്ഥാനത്ത് 2021-2022 സാമ്പത്തിക വർഷത്തിൽ 75 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 27.86 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തു. ഇതിൽ 8 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. 22 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

<u>താലൂക്കാശുപത്രികളുടെ ഒ.പി പരിവർത്തനം</u>

2018-19 സാമ്പത്തിക വർഷത്തിൽ 8 താലൂക്കാശുപത്രികളേയും 2019-20 സാമ്പത്തിക വർഷത്തിൽ 27 താലൂക്കാശുപത്രികളേയും 2021-22 സാമ്പത്തിക വർഷത്തിൽ 8 താലൂക്കാശുപത്രികളേയുമാണ് തെരഞ്ഞെടുത്തത്. ഇതിൽ 12 എണ്ണത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി. 19 എണ്ണത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ.പി പരിവർത്തനം

ജി.എച്ച് തിരുവനന്തപുരം, ഡി.എച്ച് കൊല്ലം, ജി.എച്ച് പത്തനംതിട്ട, ജി.എച്ച് ആലപ്പുഴ, ജി. എച്ച്. കോട്ടയം, ജി. എച്ച്. തൃശ്ശൂർ, ഡി. എച്ച്. പാലക്കാട്, ഡി. എച്ച് തിരൂർ, ജി. എച്ച്. കോഴിക്കോട്, ജി. എച്ച്. കൽപ്പറ്റ, ഡി. എച്ച് മാനന്തവാടി, ഡി.എച്ച്. തലശ്ശേരി, ജി.എച്ച്. കാസർഗോഡ്, ഡി.എച്ച് കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ ഒ.പി പരിവർത്തന പ്രവൃത്തികൾ പൂർത്തിയായി.

3.വാർഷിക ആരോഗ്യ പരിശോധന

30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുക വഴി രക്താതിമർദ്ദം, പ്രമേഹം, ക്യാൻസർ എന്നിവ പ്രാരംഭ ഘട്ടത്തിൽ തിരിച്ചറിയുക, ജീവിതശൈലീ രോഗങ്ങളുടെ രജിസ്ട്രി തയ്യാറാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ക്യാമ്പയിൻ എന്നിവ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

4.ക്യാൻസർ നിയന്ത്രണ പദ്ധതി

ഫീൽഡ്തല സ്ക്രീനിംഗ്, നേരത്തെയുള്ള രോഗനിർണ്ണയം എന്നിവ വഴി ക്യാൻസർ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിച്ച് ചികിത്സ നൽകുക, ക്യാൻസർ രോഗ പ്രതിരോധത്തെ സംബന്ധിച്ച് ജനങ്ങൾക്ക് ശാസ്ത്രീയ അവബോധം നൽകി സമൂഹത്തിലെ ക്യാൻസർ പ്രാചുര്യം കുറയ്ക്കുക, സർക്കാർ ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കി രോഗികൾക്ക് ക്യാൻസർ ചികിത്സ പ്രാപ്യമാക്കുക വഴി ചികിത്സാ ചിലവ് ഗണ്യമായി കുറയ്ക്കാനാകും.

5.നിർണ്ണയ –ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

സർക്കാർ മേഖലയിലെ ലാബുകളെ ഹബ് & സ്പോക്ക് മാതൃകയിൽ ബന്ധപ്പെടുത്തുന്നത് വഴി ഗുണനിലവാരവും ആധുനിക പരിശോധനാ സംവിധാനങ്ങളും ഉറപ്പാക്കുക, ലാബ് ശൃംഖലകൾ വഴി പരിശോധനകൾ കുറഞ്ഞ നിരക്കിൽ രോഗികൾക്ക് പ്രാപ്യമാക്കുക.

6.വയോജന-സാന്ത്വന പരിചരണം

നിലവിലെ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് സാന്ത്വന പരിചരണ രംഗത്ത് ഏകീകൃത പരിചരണ സംവിധാനം ഒരുക്കുക, കിടപ്പ് രോഗികളുടേയും ദീർഘകാല രോഗങ്ങളുള്ള വയോജനങ്ങളുടേയും രജിസ്ട്രി തയ്യാറാക്കി സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുക.

7.ഏകാരോഗ്യ സമീപനം(One Health Initiative)

ജന്തുജന്യ രോഗങ്ങൾക്ക് കാരണമാവുന്ന അസാധാരണമായ സംഭവങ്ങളുടെ നിരീക്ഷണവും അതിലേക്ക് നയിക്കുന്ന ഘടകങ്ങളുടെ നേരത്തെയുള്ള കണ്ടെത്തലും, ആവശ്യകത അടിസ്ഥാനമാക്കിയുള്ള പങ്കാളിത്ത ഇടപെടലുകളും പ്രവർത്തനങ്ങളും ഉൾപ്പെട്ടതാണ് എകാരോഗ്യ സമീപനം.

8. രോഗ നിവാരണ പ്രവർത്തനങ്ങൾ(Disease elimination)

മലേറിയ 2025 വർഷത്തോടെയും, മന്ത് രോഗം 2027 വർഷത്തോടെയും,കാലാ അസാർ 2026 വർഷത്തോടെയും,

ക്ഷയരോഗം 2025 വർഷത്തോടെയും നിവാരണം ചെയ്യുക,മലേറിയ, മന്ത് രോഗം, കാലാ അസാർ, ക്ഷയരോഗം, എന്നീ പകർച്ചവ്യാധികളെ നിർമ്മാർജ്ജനം ചെയ്യുവാനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇതിനായി പ്രത്യേക കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

9.ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും(Integrated Medicine & Research)

വിവിധ ചികിത്സാ ശാഖകളുടെ ഏകോപനത്തിലൂടെ ശാസ്ത്രീയ ചികിത്സ പ്രോത്സാഹിപ്പിക്കുക, ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുക.

10.സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും കുറഞ്ഞത് പത്ത് കിടക്കകൾ വീതമെങ്കിലും ഉള്ള ഐസൊലേഷൻ വാർഡുകൾ ഉണ്ടാക്കുക. മെഡിക്കൽ കോളേജുകളിൽ ഐസൊലേഷൻ ബ്ലോക്കുകൾ ഉണ്ടാക്കുക.

ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ

ആരോഗ്യവർദ്ധക സേവനങ്ങൾ, രോഗ പ്രതിരോധം, രോഗ നിരീക്ഷണം, രോഗനിയന്ത്രണം, മാതൃ-ശിശു ആരോഗ്യം മുതലായ മേഖലകളിലെ ഇടപെടലുകളുടെ ഒരു കേന്ദ്രബിന്ദുവായി ആരോഗ്യ ഉപകേന്ദ്രങ്ങൾ മാറ്റുന്നതിനും അവയെ ജനകീയ ആരോഗ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രാപ്തമാക്കുന്ന രീതിയിൽ കാലാനുസൃതമായി ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി കേരളത്തിലെ എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിട്ടുണ്ട്. പൊതുജനാരോഗ്യ മേഖലയിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വാർഡ് തലം മുതൽ ശക്തമായ ഒരു സംവിധാനം ഒരുക്കുന്നതിന് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ നേതൃത്വം വഹിക്കും.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കും. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

ജനകീയ പങ്കാളിത്തത്തോടുകൂടി സംഘടിപ്പിക്കുക എന്നതാണ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം.

(ബി) സി.എച്ച്.സി.-കളുടെ നവീകരണവും സ്റ്റാഫ് പാറ്റേൺ പുതുക്കലും ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 28.31 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ 48 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 13 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2021-2022 സാമ്പത്തിക വർഷത്തിൽ 76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 27.86 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 8

സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. 22 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

സർക്കാർ ഉത്തരവ് നമ്പർ 207/2021/ആ.കു.വ തീയതി 22-01-2021 പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാൻഡേർഡൈസേഷനനുസരിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

### കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

174(200) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിലെ താലൂക്ക് ആശുപത്രി, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആർദ്രം ഒന്നാം ഘട്ടത്തിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കരിന്തളം, എണ്ണപ്പാറ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടംബാരോഗ്യ

കേന്ദ്രങ്ങളായി ഉയർത്താൻ തിരഞ്ഞെടുക്കുയും രണ്ടാം ഘട്ടത്തിൽ അജാനൂർ, ആനന്ദാശ്രമം, മടിക്കൈ, പാണത്തൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട സേവനം, ലാബ് സൗകര്യം ആരംഭിക്കൽ എന്നിവ നൽകി ടി സ്ഥാപനങ്ങൾ നിലവിൽ ആർദ്രം പദ്ധതി വിഭാവന ചെയ്യുന്ന രീതിയിൽ കുടുബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിക്കുകയും ചെയ്തു വരുന്നു.

ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ കൊന്നക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. എൻ.എച്ച്.എം Rop 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

ആർദ്രം പദ്ധതിയുടെ ഭാഗമായി തന്നെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഒ.പി രജിസ്ട്രേഷൻ, ഫാർമസി ബ്ലോക്ക് നവീകരണം, വെയിറ്റിംഗ് ഏരിയ ഉൾപ്പെടുന്ന പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

കൂടാതെ, ടി നിയോജക മണ്ഡലത്തിലെ പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തെയും, വെള്ളരിക്കുണ്ട് സാമൂഹികാരോഗ്യ കേന്ദ്രത്തെയും ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നു വരുന്നു.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ**

175(201) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർദ്രം മിഷന്റെ ഭാഗമായി താലൂക്ക് ആശുപത്രിതലം മുതൽ മുകളിലോട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള ഡോക്ടർ/നഴ്സ് എന്നിവരുടെയും, ക്വാളിഫൈഡ് ടെക്നീഷ്യൻമാരുടേയും സേവനം, ഓരോ കിടക്കകളിലും രോഗിയുടെ ആന്തരിക അവയവ പ്രവർത്തനങ്ങളും/ജീവനാഡീ പ്രവർത്തനങ്ങളും നിരന്തരമായി മോണിറ്റർ ചെയ്യുന്നതിനുള്ള സൗകര്യം, നഴ്സിംഗ് സ്റ്റേഷൻ, ഹാൻഡ് വാഷിംഗ്, ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം, വാഷിംഗ് ഏരിയ ഉൾപ്പെടുന്ന റീ-പ്രൊസസ്സിംഗ് യൂണിറ്റ്, ആർ.ഒ. വാട്ടർ പ്ലാന്റ്, എയർ കണ്ടീഷനിംഗ് സംവിധാനം, ഡയാലിസിസ് റൂമിനകത്ത് ടെലിവിഷൻ, സ്റ്റോറേജ് ഫെസിലിറ്റി, കൂട്ടിരുപ്പുകാർക്ക് ടോയ്‌ലെറ്റ് സൗകര്യമുൾപ്പെടെയുള്ള വെയ്റ്റിംഗ് ഏരിയ, ഡയാലിസിസ് യൂണിറ്റും മെയിൻ ട്രാഫിക് ഏരിയയും തമ്മിൽ നിശ്ചിത അകലം എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കണം. കൂടാതെ പരമാവധി സ്ഥലങ്ങളിൽ മൂന്ന് ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന, കുറഞ്ഞത് 10 ബെഡുകളുള്ള ഡയാലിസിസ് യൂണിറ്റ് ആകുന്നതാണ് അഭികാമ്യം.

ഡയാലിസിസ് സ്റ്റേഷന് (ഒരു മെഷീനും ഒരു ബെഡ്ഡും ഉൾപ്പെടെ) 150 സ്ക്വയർ ഫീറ്റ് ഏരിയ, മെഷീനുകളുടെ എണ്ണത്തിനനുസരിച്ച് റിവേഴ്സ് ഓസ്മോസിസ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും (1000 LPH/ഏകദേശം 10 മെഷീൻ) ആയത് പ്രവർത്തിക്കുന്നതിന് തടസ്സങ്ങളില്ലാത്ത ജലലഭ്യതയും ഉറപ്പാക്കണം. ഈ പ്ലാന്റിന് (1000 LPH plant) 500 സ്ക്വയർ ഫീറ്റ് സ്ഥലം ഉണ്ടായിരിക്കണം. ഡയാലിസിസിൽ പരിശീലനം ലഭിച്ചിട്ടുള്ള ഡോക്ടറുടെ സേവനവും ഓരോ ഷിഫ്റ്റിലും ഒരു നഴ്സിംഗ് സ്റ്റാഫ്, 3 മെഷീൻ, ഒരു ഡയാലിസിസ് ടെക്നീഷ്യൻ, ഒരു ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെ സേവനവും അത്യാവശ്യമാണ്. കൂടാതെ ഡയാലിസിസ് റൂമിന് എയർ കണ്ടിഷൻ സൗകര്യവും 700F – 720F and 55% – 60% ഹ്യൂമിഡിറ്റിയും ഉറപ്പാക്കണം. ഡയാലിസിസ് റൂമിലേക്ക് തടസ്സമില്ലാത്ത വൈദ്യുതി ഉറപ്പാക്കാൻ ഓൺലൈൻ യു.പി.എസ് കണക്ഷനും അത്യാവശ്യമാണ്. ഓരോ ഡയാലിസിസ് സ്റ്റേഷനും നിരീക്ഷിക്കാൻ പറ്റുന്ന വിധത്തിൽ ഡയാലിസിസ് റൂമിൽ ഒരു നഴ്സിംഗ് സ്റ്റേഷനും ഓരോ ഡയാലിസിസ് സ്റ്റേഷനിലേക്കും ഓക്സിജൻ, വാക്വം, ആവശ്യമായ വൈദ്യുതി കണക്ഷൻ എന്നിവയും ഉറപ്പാക്കണം.

ഡയാലിസിസ് റൂമിനോട് ചേർന്ന് റീ പ്രോസസിംഗ് ഏരിയ (2 സിങ്ക് ഉൾപ്പെടെ), ബൈകാർബ് മിക്സിംഗ് ഏരിയ, ഡയലൈസർ സ്റ്റോറേജ് ഏരിയ എന്നിവ ഉണ്ടാകണം. ഐസൊലേഷൻ റൂം ഐസൊലേറ്റ് ഡയാലിസിസ് ചെയ്ത് രോഗികൾക്ക് പ്രത്യേക ഡയാലിസിസ് റൂമും, കെമിക്കൽ സ്റ്റോറേജ് ഏരിയയും കൺസ്യൂമബിൾ സ്റ്റോറേജ് ഏരിയയും ഉൾപ്പെടുന്ന രണ്ട് സ്റ്റോറേജ് ഏരിയയും അതോടൊപ്പം തന്നെ ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഏരിയ, സ്റ്റാഫ് റൂം, രോഗികൾക്ക് വെയിറ്റിംഗ് റൂം എന്നിവയും അത്യാവശ്യമാണ്. ഡയാലിസിസ് റൂമിലേക്ക് ആവശ്യമായ വെയിംഗ് മെഷീൻ (പ്ലാറ്റ്ഫോം ടൈപ്പ്), കാർഡിയാക് മോണിറ്റർ, ഡിഫിബ്രിലേറ്റർ കൂടാതെ ഡയാലിസിസ് രോഗികൾക്ക് കത്തീറ്റർ ഇടുന്നതിനുള്ള ഒരു മിനി തിയേറ്റർ ഉള്ളതും അഭികാമ്യമാണ്. ഹാൻഡ് വാഷിംഗ്, ഹാൻഡ് റബ്ബിംഗ് ഏരിയയും ആവശ്യമാണ്. ക്ലീൻ ചെയ്യുന്നതിനും മെയിന്റനൻസ് ചെയ്യുന്നതിനും എളുപ്പമുള്ള മെറ്റീരിയൽ കൊണ്ടുള്ളതായിരിക്കണം ഡയാലിസിസ് റൂമിന്റെ ഫ്ലോർ. ഡയാലിസിസ്

റൂമിന്റെ ഭിത്തികൾ വാട്ടർ റസിസ്റ്റന്റും എളുപ്പത്തിൽ ക്ലീൻ ചെയ്യാൻ പറ്റുന്നതും ആയിരിക്കണം.

(ബി) സംസ്ഥാനത്ത് ഏതെങ്കിലും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതെവിടെയെല്ലാമാണെന്നും എന്നാണ് ആരംഭിച്ചതെന്ന് ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കാമോ?

കോട്ടയം ജില്ലയിൽ എഫ്.എച്ച്.സി ഈരാറ്റുപേട്ടയിൽ ഡയാലിസിസ് യൂണിറ്റിന്റെ സേവനം 2020 നവംബർ മാസം മുതൽ നൽകി വരുന്നുണ്ട്. എഫ്.എച്ച്.സി.-യുടെയും ഈരാറ്റുപേട്ട വ്യാപാരി വ്യവസായി ഏകോപന സമിതി നേതൃത്വം നൽകുന്ന പുനിയം ചാരിറ്റബിൾ സൊസൈറ്റിയുടെയും സംയുക്ത പ്രവർത്തനത്തിലൂടെയാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിലെ താനാളൂർ കുടുംബാരോഗ്യകേന്ദ്രത്തിന്റെ സ്ഥലത്ത് കിഡ്നി വെൽഫെയർ സൊസൈറ്റി താനാളൂർ എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ 2019 മുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. മലപ്പുറം ജില്ലയിലെ

കാടാമ്പുഴ ഗ്രാമപഞ്ചായത്തിൽ മാറാക്കര കുടുംബാരോഗ്യകേന്ദ്രത്തിന്റെ സ്ഥലത്ത് 2020 മുതൽ കാടാമ്പുഴ ലൈഫ് മിഷൻ സൊസൈറ്റി മുഖേന ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ യു.പി.എച്ച്.സി ഉരുവച്ചാലിൽ 25-12-2017-ലും, എടക്കാട് അർബ്ബൻ ഡയാലിസിസ് സെന്റർ 22-5-2020-ലും ആരംഭിച്ചു.

(സി) എറണാകുളം ജില്ലയിൽ സർക്കാർ മേഖലയിൽ എവിടെയെല്ലാമാണ് ഡയാലിസിസ് യൂണിറ്റ് നിലവിലുള്ളതെന്നും ഓരോ സ്ഥലത്തും ഒരു ദിവസം എത്ര ഡയാലിസിസുകൾ വീതം നടത്തുന്നുണ്ടെന്നും വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ സർക്കാർ മേഖലയിൽ 9 ആരോഗ്യ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങളും ഓരോ സ്ഥലത്തും ഒരു ദിവസം നടക്കുന്ന ഡയാലിസിസിന്റെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ജനറൽ ആശുപത്രി, എറണാകുളം | 45 |
| 2. | ജനറൽ ആശുപത്രി, മൂവാറ്റുപുഴ | 10 |
| 3. | ജില്ലാ ആശുപത്രി, ആലുവ | 44 |

| | | |
|---|---|---|
| 4. | താലൂക്ക് ആസ്ഥാന ആശുപത്രി, പെരുമ്പാവൂർ | 18 |
| 5. | താലൂക്ക് ആസ്ഥാന ആശുപത്രി, ഫോർട്ട് കൊച്ചി | 14 |
| 6. | താലൂക്ക് ആസ്ഥാന ആശുപത്രി, വടക്കൻ പറവൂർ | 18 |
| 7. | താലൂക്ക് ആസ്ഥാന ആശുപത്രി, തൃപ്പൂണിത്തുറ | 10 |
| 8. | താലൂക്ക് ആശുപത്രി, പിറവം | 14 |
| 9. | ഗവ. മെഡിക്കൽ കോളേജ്, കളമശ്ശേരി | 35 |

**ചെറുപ്പ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

176(202) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ ചെറുപ്പ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും അനുവദിച്ച വിധത്തിൽ സ്റ്റാഫ് സ്ട്രെംഗ്ത് നിലവിലുണ്ടോ; വ്യക്തമാക്കാമോ?

19-09-2023-ലെ സ.ഉ(സാധാ) നം.2402/2023/ആ.കു.വ പ്രകാരം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന്റെ കീഴിൽ നിന്നും ഭരണ നിയന്ത്രണം കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ ചെറുപ്പ

സാമൂഹികാരോഗ്യകേന്ദ്രത്തിന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്കുള്ള സ്റ്റാഫ് സ്റ്റേംഗ്ത് നിലവിലില്ല. സ്ഥാപനത്തിലെ നിലവിലെ സ്റ്റാഫ് സ്റ്റേംഗ്ത് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രഖ്യാപിത സ്റ്റാഫ് സ്റ്റേംഗ്തിലുള്ള കുറവുകൾ വ്യക്തമാക്കാമോ?

ചെറുപ്പ സാമൂഹികാരോഗ്യകേന്ദ്രത്തിന് ആവശ്യമായ തസ്തികകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മെഡിക്കൽ ഓഫീസർ | 2 |
| ഫാർമസിസ്റ്റ് | 1 |
| ലാബ് ടെക്നീഷ്യൻ | 1 |
| ലാബ് അസിസ്റ്റന്റ് | 2 |
| സ്റ്റാഫ് നഴ്സ് | 10 |
| റേഡിയോഗ്രാഫർ | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | 4 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 2 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 4 |

(സി) ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ആരോഗ്യവകുപ്പിൽ അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**തുറവൂർ താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം**

177(203) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ തുറവൂർ താലൂക്ക് ആശുപത്രിക്ക് അനുവദിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകാമോ?

തുറവൂർ താലൂക്ക് ആശുപത്രിയിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി+ ചേർക്കുന്നു. നിലവിലെ ജീവനക്കാർക്ക് പുറമേ 30 പേരെ ജില്ലയിലെ മറ്റ് ആശുപത്രികളിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിലും, എൻ.എച്ച്.എം വഴി 18-ഉം HMC/LSGD മുഖേന 32-ഉം താൽക്കാലിക ജീവനക്കാരെ വിവിധ വിഭാഗങ്ങളിലായും നിയോഗിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പുതിയ കെട്ടിട നിർമ്മാണം പൂർത്തികരിക്കുമ്പോൾ പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവകുപ്പിൽ അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്.

**കോങ്ങാട് മണ്ഡലത്തിലെ സർക്കാർ ആശുപത്രികൾ**

178(204) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കോങ്ങാട് മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനത്തിനായി വിവിധ പദ്ധതികൾ പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അനുബന്ധമായി[+] ചേർക്കുന്നു.

(ബി) പ്രസ്തുത ആശുപത്രി വികസനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

(സി) കോങ്ങാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ വാർഡ് നിർമ്മാണം നാളിതുവരെ ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനുള്ള അനുയോജ്യമായ സ്ഥലം ഈ സ്ഥാപനത്തിൽ ലഭ്യമല്ല.

മഞ്ചേശ്വരം താലൂക്ക് ആശുപത്രിയുടെ വികസനം

179(205) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; നിലവിൽ പ്രസ്തുത പദ്ധതി, നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടുകൂടിയുള്ള മഞ്ചേശ്വരം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി 17.47 കോടി രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. തുടർന്ന് കിഫ്ബിയിൽ നിന്നും 13.737 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി എപ്പോൾ തുടങ്ങി എപ്പോൾ പൂർത്തികരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും ധനാനുമതി ലഭ്യമായതിനുശേഷം DSR 2018 നിലവിൽ വരികയും അതനുസരിച്ച് പദ്ധതി നിർവ്വഹണ എജൻസിയായ KITCO, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിൽ സാങ്കേതിക സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് മാറ്റങ്ങൾ വരുത്തുകയും ചെയ്തു. അപ്ഡേറ്റ് ചെയ്ത എസ്റ്റിമേറ്റ് സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ കിഫ്ബിയിൽ പുതുക്കിയ സാമ്പത്തിക അനുമതിക്കായി സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിനാലാണ്, പ്രവൃത്തി ആരംഭിക്കാൻ കാലതാമസമുണ്ടായത്.

കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചതിനു ശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കോഴിക്കോട് ത്വക്ക് രോഗാശുപത്രി**

180(206) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അവയവമാറ്റ ആശുപത്രി സ്ഥാപിക്കുന്നതിന്റെ ഭാഗമായി നിലവിലെ ത്വക്ക് രോഗാശുപത്രിയുടെ പ്രവർത്തനത്തിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കോഴിക്കോട് ചേവായൂരിൽ സ്ഥിതിചെയ്യുന്ന ത്വക്ക് രോഗാശുപത്രി ഉൾപ്പെടുന്ന 25 ഏക്കർ 26.25 സെന്റ് സ്ഥലത്തിൽ നിന്നും 20 ഏക്കർ സ്ഥലം ആണ് പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് എന്ന സ്ഥാപനത്തിനായി നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. നിലവിലുള്ള ത്വക്ക് രോഗാശുപത്രിയുടെ പ്രവർത്തനം അവിടെ നിന്ന് മാറ്റാതെയും സേവനങ്ങൾ തടസ്സപ്പെടാതെയും ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ത്വക്ക് രോഗാശുപത്രിക്കുകൂടി ആധുനിക കെട്ടിടം പണിതുനൽകുന്ന രീതിയിലാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നത്. പ്രസ്തുത ആശുപത്രിയുമായി ബന്ധപ്പെട്ട് കഴിഞ്ഞുവരുന്ന അന്തേവാസികളെ അതേ സ്ഥലത്തു തന്നെ പുനരധിവസിപ്പിച്ചു കൊണ്ടായിരിക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുക. ത്വക്ക് രോഗാശുപത്രിയുടെ കോമ്പൗണ്ടിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഉദയം പദ്ധതിയുടെ ഗുണഭോക്താക്കൾക്കും നിലവിലുള്ള സേവനങ്ങൾക്ക് തടസ്സം ഉണ്ടാകാത്ത വിധത്തിൽ ആണ് നിർമ്മാണ പ്രവൃത്തികൾ ക്രമപ്പെടുത്തുക.

(ബി) ത്വക്ക് രോഗാശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിൽ ഇല്ല.

**ആരോഗ്യ മേഖലയ്ക്കുവേണ്ടി നീക്കി വച്ച തുക**

181(207) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ (കേന്ദ്ര-സംസ്ഥാന അനുപാതം 60-40) എന്നതിൽ വരുന്ന പദ്ധതികളിൽ കേന്ദ്രഗവൺമെന്റ് സംസ്ഥാന സർക്കാരിന് കുടിശ്ശികയിനത്തിൽ എത്ര തുക നൽകാനുണ്ട്; പദ്ധതി തിരിച്ച് തുക വ്യക്തമാക്കാമോ?

ആരോഗ്യ മേഖലയിൽ (കേന്ദ്ര-സംസ്ഥാന അനുപാതം 60-40) എന്നതിൽ വരുന്ന പദ്ധതികളിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിന് നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നാഷണൽ ഹെൽത്ത് മിഷൻ (2023-24)

സാമ്പത്തിക വർഷം ലഭിക്കുവാനുള്ള കുടിശ്ശിക.

| പദ്ധതി | ലഭിക്കാനുള്ള തുക | ലഭിച്ച തുക | ഇനി അനുവദിക്കാനുള്ള തുക |
|---|---|---|---|
| NHM ക്യാഷ് ഗ്രാന്റ് (രൂപ കോടിയിൽ) | 409.05 | 0 | 409.05 |
| NHM Kind ഗ്രാന്റ് (രൂപ കോടിയിൽ ) | 35.55 | 65.57 | -30.02 |
| ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റനൻസ് (Reimbursement) | 381.42 | 103.15 | 278.27 |

| | | | |
|---|---|---|---|
| (കോടിയിൽ) | | | |
| ആകെ (കോടിയിൽ ) | 826.02 | 168.72 | 657.3 |

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

| | | |
|---|---|---|
| 1. | National Programme for prevention and Management of burn injuries (NPPMBI) | 1,86,84,000 /-രൂപ |
| 2. | Capacity building forTrauma Care in Hospitals located at National High ways | 3,51,50,000/- രൂപ. |
| 3. | National Programme for prevention and Management of burn injuries- | 2,70,04,000 / -രൂപ. |
| | ആകെ | **8,08,38,000/- രൂപ** |

(ബി) 2021-22, 2022-23 സംസ്ഥാന ബജറ്റുകളിൽ എത്ര തുക ആരോഗ്യമേഖലയ്ക്കുവേണ്ടി നീക്കി വച്ചുവെന്ന് വ്യക്തമാക്കാമോ?

2021-22 ബഡ്ജറ്റിൽ പ്ലാൻ ഫണ്ട് ഇനത്തിൽ 3459.66 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 8107.49 കോടി രൂപയും ഉൾപ്പെടെ ആകെ 11567.15 കോടി രൂപയും 2022-23 ബഡ്ജറ്റിൽ പ്ലാൻ ഫണ്ട് ഇനത്തിൽ 2374.64

കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 6534.39 കോടി രൂപയും ഉൾപ്പെടെ ആകെ 8909.03 കോടി രൂപയും ആരോഗ്യ മേഖലയ്ക്കുവേണ്ടി നീക്കി വച്ചിരുന്നു.

**ദന്തൽ ഹൈജിനിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ നടപടി**

182(208) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ജില്ലാ/താലൂക്ക് ആശുപത്രികളും സി.എച്ച്.സി.-കളുമുൾപ്പടെ 49 യൂണിറ്റുകളിൽഡെന്റിസ്റ്റുകൾ ഉണ്ടായിട്ടും ഡെന്റൽ ഹൈജീനിസ്റ്റിന്റെ തസ്തികകൾ സൃഷ്ടിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിച്ച് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ അട്ടപ്പാടിയിൽ ആദിവാസി, ദളിത്, പിന്നാക്ക ജനവിഭാഗങ്ങൾ ആശ്രയിക്കുന്ന കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ ഡെന്റിസ്റ്റ് ഉണ്ടായിട്ടും ഡെന്റൽ ഹൈജിനിസ്റ്റ് തസ്തിക നിലവിലില്ല എന്നത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

**കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി സേവനം**

183(209) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ വർഷങ്ങളായി ഗൈനക്കോളജി ഡോക്ടറുടെ സേവനം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. കുറ്റ്യാടി താലൂക്കാശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ 2 ജൂനിയർ കൺസൾട്ടന്റുമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികകളിൽ നിലവിൽ രണ്ട് മെഡിക്കൽ ഓഫീസർമാർ ജോലി ചെയ്തുവരുന്നു.

(ബി) ഈ ആശുപത്രിയിൽ പ്രസവ കേസുകൾ നടത്താൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കുറ്റ്യാടി താലൂക്കാശുപത്രിയിൽ പ്രസവ കേസ്സുകൾ നടത്താൻ ലേബർ റൂം സൗകര്യം ലഭ്യമാണ്. രണ്ട് ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-നു പുറമെ ഒരു പീഡിയാട്രീഷ്യൻ, ഒരു അനസ്തെറ്റിസ്റ്റ് എന്നിവരുടെ സേവനവും ലഭ്യമാണ്. ആഴ്ചയിൽ നാലുദിവസം ഗൈനക്ക് ഒ.പി.-യും കൂടാതെ ആന്റിനേറ്റൽ ക്ലിനിക്കും പ്രവർത്തിച്ചു വരുന്നു.

**കെ.എം.എസ്.സി.എൽ വഴി മരുന്നുകൾക്കായുള്ള ഓർഡർ**

184(210) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കുമായി 2023-24 സാമ്പത്തിക വർഷത്തിൽ കെ.എം.എസ്.സി. എൽ. വഴി എത്ര രൂപയുടെ മരുന്നുകൾക്കാണ് ഓർഡർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കുമായി 2023-24 സാമ്പത്തിക വർഷത്തിൽ 22-01-2024 വരെ കെ.എം.എസ്.സി.എൽ. വഴി 635.75 കോടി രൂപയുടെ മരുന്നുകൾക്കുള്ള വിതരണോത്തരവുകളാണ് നൽകിയിട്ടുള്ളത്.

(ബി) മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ, താലൂക്ക്, പി.എച്ച്.സി., സി.എച്ച്.സി. അടക്കമുള്ള ഓർഡറിന്റെ വിശദാംശം നൽകാമോ?

മെഡിക്കൽകോളേജ്, ജനറൽ, ജില്ലാ, താലൂക്ക്, പി.എച്ച്.സി., സി.എച്ച്.സി.,അടക്കമുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ ഓരോയിനം മരുന്നുകൾക്കും ഒരു പർച്ചേസ് ഓർഡായിട്ടാണ് നൽകുന്നത്. അതനുസരിച്ച് ഓരോ ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിലും എത്തിച്ചേരുന്ന മരുന്നുകൾ,പ്രസ്തുത ജില്ലയിലെ വിവിധ തലങ്ങളിലുള്ള ആശുപത്രികൾ

ഫിനാൻഷ്യൽ ക്യാപ്പിന് അനുസൃതമായി സമർപ്പിച്ചിട്ടുള്ള ഇൻഡന്റ് അനുസരിച്ചാണ് മരുന്ന വിതരണം നടത്തുന്നത്.

അത്തരത്തിൽ സംസ്ഥാനത്തെ14 ജില്ലകളിലെയും വിവിധ ആശുപത്രി തലങ്ങളിൽ നിന്നും ലഭിച്ച ഇൻഡന്റ് മൂല്യത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) ഇതിൽ നിലവിൽ എത്ര തുകയ്ക്കുള്ള മരുന്നാണ് ആശുപത്രികളിൽ എത്തിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ?

2023-24 സാമ്പത്തിക വർഷം ഇതുവരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 554.34 കോടി രൂപയ്ക്കുള്ള മരുന്നുകളാണ് 1570-ൽപ്പരം സർക്കാർ ആശുപത്രികളിലായി വിതരണം നടത്തിയിട്ടുള്ളത്.

(ഡി) ഓർഡർ നൽകിയ മരുന്നുകളിൽ നിലവിൽ സ്റ്റോക്ക് ഇല്ലാത്ത മരുന്നുകളുടെ വിശദാംശം നൽകാമോ?

നിലവിൽ സംസ്ഥാനത്തെ സംഭരണ ശാലകളിലേയും ആശുപത്രികളിലേയും സ്റ്റോക്ക് പൊസിഷൻ പരിശോധിക്കുമ്പോൾ എല്ലാ മരുന്നുകളും സംസ്ഥാനത്ത് ലഭ്യമാണ്. ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ മരുന്നുകളുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ആയത് ആശുപത്രികൾ തമ്മിലുള്ള മരുന്ന് കൈമാറ്റം, ജില്ലകളിലെ മരുന്ന് സംഭരണശാലകൾ തമ്മിലുള്ള മരുന്ന് കൈമാറ്റം എന്നിവ വഴി പരിഹരിക്കുന്നു.

(ഇ) നിലവിൽ ആശുപത്രികൾക്ക് വിതരണം ചെയ്ത മരുന്നുകളിൽ എല്ലാ ബാച്ചുകളുടെയും ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപ്പാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യമുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. കൂടാതെ ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുൻപ് ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ.(National

Accreditation Board for Testing and Calibration Laboratories) അംഗീകൃത ലാബ് (NABL Accredited lab) അല്ലെങ്കിൽ ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്രമരുന്ന പരിശോധനാ ലബോറട്ടറിയിൽ (CDL/NIB)നിന്നുമുള്ള ഗുണനിലവാര പരിശോധനാഫലവും ഔഷധ നിർമാതാവിന്റെ ഇൻഹൗസ് ടെസ്റ്റ് റിപ്പോർട്ടും ഇൻവോയിസ് കോപ്പിയും പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷമാണ് ജില്ലാ മരുന്നുസംഭരണശാലകളിൽ സംഭരണ വിതരണത്തിനായി സ്വീകരിക്കുന്നത്. ഇപ്രകാരം ഗുണനിലവാരം ഉറപ്പ് വരുത്തിയ മരുന്നുകൾ മാത്രമാണ് കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം നടത്തുന്നത്.

**മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ രാത്രികാല ചികിത്സ**

185(211) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ രാത്രികാല ചികിത്സ നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മംഗൽപാടി താലൂക്ക് ആശുപത്രിയിൽ സൂപ്രണ്ട്-1, ജനറൽ മെഡിസിൻ-1, അസിസ്റ്റന്റ് സർജൻ-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-4 എന്നിങ്ങനെ ഡോക്ടർമാരുടെ 9 തസ്തികകളാണുള്ളത്. ഇതിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ 2 ഒഴിവുകളാണ് നിലവിൽ ഉള്ളത്. ഇതിൽ ഒരു ഡോക്ടറെ അഡ്ഹോക്ക് വ്യവസ്ഥയിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. പി.എസ്.സി അഡ്വൈസ് പ്രകാരം 2 പേരെ മേൽപ്പറഞ്ഞ സി.എം.ഒ തസ്തികയിലെ ഒഴിവുകളിൽ നിയമിച്ചെങ്കിലും പി.ജി പഠനത്തിനായി അവധിയിൽ പോയതിനാൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ഈ ഒഴിവുകൾ എൻ.ജെ.ഡി ആയി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് സർജന്മാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ ഈ ഒഴിവുകളിലേക്ക് അടിയന്തിരമായി സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

മണ്ഡലത്തിലെ 2 ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ഓരോ ഡോക്ടർമാരെ വീതം ജോലി ക്രമീകരണ വ്യവസ്ഥയിൽ ഇവിടേക്ക് നിയമിച്ച് ഉത്തരവായിട്ടുണ്ട്. ജോലിക്രമീകരണ അടിസ്ഥാനത്തിൽ നിയമിച്ച

ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഈ ആശുപത്രിയിൽ 24 മണിക്കൂർ കാഷ്വാലിറ്റി സേവനം പുനരാരംഭിക്കുന്നതാണ്. കൂടാതെ അഡ്ഹോക്ക് നിയമനത്തിനായി ഇന്റർവ്യൂ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ രാത്രികാല ചികിത്സ നിർത്തി വയ്ക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ രാത്രികാല ചികിത്സ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

**ഐസൊലേഷൻ വാർഡ് നിർമ്മാണം**

186(212) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പേരാമ്പ്ര മണ്ഡലത്തിൽ ഒരു ഐസൊലേഷൻ വാർഡ്

നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോ എന്നും ഇതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏത് കുടുംബാരോഗ്യ കേന്ദ്രത്തിലാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നതെന്നും ആർക്കാണ് ഇതിന്റെ ചുമതലയെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

(എ&ബി) 26-07-2021 തീയതിയിലെ GO(Rt) 1555/2021/H & FWD സർക്കാർ ഉത്തരവ് പ്രകാരം ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി 50% കിഫ്ബി ഫണ്ടും 50% എം.എൽ.എ ആസ്തി വികസന ഫണ്ടും ഉൾപ്പെടെ 1.75 കോടി രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. കെ.എം.എസ്.സി.എൽ നിർവ്വഹണ ഏജൻസിയായ പ്രസ്തുത പദ്ധതിയിൽ പേരാമ്പ്ര മണ്ഡലത്തിലെ പേരാമ്പ്ര താലൂക്കാശുപത്രിയെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരെഞ്ഞെടുത്തിരുന്നത്. എന്നാൽ ഈ ആശുപത്രിയിലോ ഈ മണ്ഡലത്തിലെ മറ്റ് ആശുപത്രികളിലോ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്

അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**പാവറട്ടി ആയുർവേദ ആശുപത്രി, ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് കെട്ടിടം**

187(213) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി ആയുർവേദ ആശുപത്രി, ഹോമിയോ ഡിസ്പെൻസറി എന്നിവ നിലവിൽ സാംസ്കാരിക നിലയത്തോട് ചേർന്ന് വളരെ പരിമിതമായ സൗകര്യങ്ങളോടെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മണലൂർ മണ്ഡലത്തിലെ പാവറട്ടി ആയുർവേദ ആശുപത്രി നിലവിൽ സാംസ്കാരിക നിലയത്തിനോട് ചേർന്ന് പരിമിതമായ സൗകര്യങ്ങളോടെയാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഹോമിയോ ഡിസ്പെൻസറി നിലവിൽ സാംസ്കാരിക നിലയത്തോട് ചേർന്നല്ല പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പാവറട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായുള്ള ഒന്നര ഏക്കർ ഭൂമിയിൽ നിന്നും ഇരുപത് സെന്റ് അനുവദിച്ച് കിട്ടുന്നതിന് പാവറട്ടി ഗ്രാമപഞ്ചായത്ത് അധികൃതരിൽ നിന്നും അപേക്ഷ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത ആരോഗ്യകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് പാവറട്ടി ഗ്രാമപഞ്ചായത്ത് അധികൃതരിൽ നിന്നും അപേക്ഷ ഹോമിയോപ്പതി ഡയറക്ടറുടെ കാര്യാലയത്തിലോ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലോ നിലവിൽ ലഭ്യമായിട്ടില്ല.

**പട്ടാമ്പി മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

188(214) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ നിലവിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

പട്ടാമ്പി മണ്ഡലത്തിൽ നിലവിൽ ഓങ്ങല്ലൂർ, വല്ലപ്പുഴ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെങ്കിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കുന്നതിന് പുതുതായി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വേങ്ങര സി.എച്ച്.സി.-യിൽ ഡയാലിസിസ് സെന്റർ**

189(215) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര സി.എച്ച്.സി.-യിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനായി 4 കോടി രൂപ മുടക്കി എല്ലാ സൗകര്യങ്ങളോടുംകൂടി ബഹുനില കെട്ടിടം നിർമ്മിച്ചെങ്കിലും ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) കാലതാമസം ഉണ്ടാകുന്ന പക്ഷം ജനപങ്കാളിത്തത്തോടെ വേങ്ങര ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചുങ്കത്തറ സി.എച്ച്.സി.- യിൽ അനുമതി നൽകിയ രീതിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ എത്രയും വേഗം അനുകൂല തീരുമാനം എടുക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

(എ-സി) ഡയാലിസിസ് തുടങ്ങുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ നയമനുസരിച്ച് താലൂക്ക് ആശുപത്രി മുതൽ മാത്രമാണ് ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള അനുമതി നല്കി വരുന്നത്. താലൂക്ക് തലം മുതൽ മുകളിലേക്കുള്ള എല്ലാ ആശുപത്രികളിലും ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുക എന്നതിനാണ് നിലവിൽ മുൻഗണന നൽകുന്നത്.

**അഴിക്കോട് സി.എച്ച്.സി.-യുടെ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി**

190(216) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് സി.എച്ച്.സി.-യുടെ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷയുടെ (ഇ 2/347/2023) നിലവിലെ സ്ഥിതി അറിയിക്കാമോ?

ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ബി) പ്രസ്തുത അനുമതി ലഭിക്കുന്നതിന് സാധ്യതയുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

**ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് നിർമ്മാണം**

191(217) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നബാർഡ് സഹായത്തോടെയുള്ള ട്രോമാകെയർ യൂണിറ്റ് കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ട്രോമാകെയർ യൂണിറ്റ് എന്നത്തേക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ-സി) നബാർഡ് സഹായത്തോടെ ട്രോമാ കെയർ യൂണിറ്റ് കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്. താഴത്തെ നിലയിൽ കാഷ്വാലിറ്റിയും ഒന്നാം നിലയിൽ ഓപ്പറേഷൻ തീയേറ്ററുമാണ് പൂർത്തീകരിച്ചത്. ട്രയാജ് സംവിധാനത്തോടെയുള്ള അത്യാഹിത വിഭാഗം, മൈനർ ഓപ്പറേഷൻ

തീയേറ്റർ, ഒബ് സർവേഷൻ റൂം എന്നിവ ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. ജനറേറ്റർ ആവശ്യമാണെന്നുകണ്ട് അതും സ്ഥാപിക്കുവാൻ പണമടച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ആവശ്യമായ മാനവശേഷിയും (HR) ലഭ്യമാണ്.

**കോതമംഗലം താലൂക്ക് ആശുപത്രിയിൽ വിഷചികിത്സ**

192(218) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കാശുപത്രിയിൽ വിഷ ചികിത്സയുമായി ബന്ധപ്പെട്ട് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

പാമ്പിൻ വിഷബാധയ്ക്കെതിരെയുള്ള ആന്റി സ്നേക്ക് വെനം ആശുപത്രിയിൽ സ്റ്റോക്കുണ്ട്. എന്നാൽ പ്രസ്തുത മരുന്നിന് ഗുരുതര അലർജി ഉണ്ടാകാനുള്ള സാധ്യത കൂടുതൽ ആയതിനാലും ആശുപത്രിയിൽ ഐ.സി.യു സംവിധാനം ഇല്ലാത്തതിനാലും ആന്റി സ്നേക്ക് വെനം ആവശ്യമുള്ള രോഗികളെ പ്രാഥമിക ചികിത്സയ്ക്കുശേഷം ഹയർ സെന്ററിലേയ്ക്ക് റഫർ ചെയ്യുകയാണ് ചെയ്യാറുള്ളത്.

(ബി) പ്രസ്തുത ആശുപത്രിയിൽ വിഷ ചികിത്സയ്ക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സി.എസ്.ആർ ഫണ്ട് ഉപയോഗപ്പെടുത്തി ഐ.സി.യു സൗകര്യം ആരംഭിക്കുന്നതിനുവേണ്ടി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

**മേലാറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ പുനഃരാരംഭിക്കുന്നതിന് നടപടി**

193(219) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേലാറ്റൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സ, പ്രസവം, സിസേറിയൻ എന്നിവ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മേലാറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ നിലവിലുണ്ട്. നിലവിലെ സർക്കാർ മാനദണ്ഡപ്രകാരം താലൂക്കാശുപത്രി

മുതലുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് ഗൈനക്കോളജി വിഭാഗം പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനം**

194(220) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് നിലവിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

പേരാമ്പ്ര താലൂക്കാശുപത്രിയുടെ വികസനത്തിനായി 04-05-2019-ലെ സ.ഉ(സാധാ)നം. 1040/2019/ആ.കു.വ പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ആശുപത്രിക്ക് സമീപമുള്ള സി.കെ.ജി.എം.

കോളേജിന്റെ 2 ഏക്കർ ഭൂമി വിട്ടുകിട്ടിയെങ്കിൽ മാത്രമേ കെട്ടിട നിർമ്മാണം സാധ്യമാകുകയുള്ളൂ. സ്ഥലം വിട്ടുകിട്ടുന്നതിനായി ആരോഗ്യ വകുപ്പിന്റെയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത സമിതി സ്ഥലം സന്ദർശിച്ചിരുന്നു. കൊയിലാണ്ടി തഹൽസീദാർ തയ്യാറാക്കിയ സർവ്വേ പ്ലാൻ ഭൂമി വിട്ടുകിട്ടുന്നതിനായി സി.കെ.ജി.എം.കോളേജ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. സർവ്വേ പ്ലാൻ പ്രകാരം ഭൂമി കൈമാറുന്നതിനുള്ള നിരാക്ഷേപ പത്രം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭിക്കേണ്ടതായിട്ടുണ്ട്.

(ബി) ആശുപത്രിയുടെ വികസനത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പേരാമ്പ്ര സി.കെ.ജി.എം. കോളേജിന്റെ രണ്ട് ഏക്കർ സ്ഥലം കൈമാറിക്കിട്ടുന്നതിനുള്ള എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയെന്ന് വിശദമാക്കാമോ?

മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി ആശുപത്രിയിലെ പ്രവർത്തനങ്ങൾ**
**കാര്യക്ഷമമാക്കാൻ നടപടി**

195(221) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഒ.പി. ചികിത്സ നേടുന്നവരുടെ എണ്ണം കൂടുന്ന സാഹചര്യം കണക്കിലെടുത്ത് കൂടുതൽ ഡോക്ടർമാരെയും മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി ആർദ്രം മാനദണ്ഡപ്രകാരം താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആർദ്രം മാനദണ്ഡ പ്രകാരമുള്ള തസ്തികകൾ ഈ ആശുപത്രിയിൽ നിലവിലുണ്ട്. ആരോഗ്യവകുപ്പിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽനിലവിൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ആധുനിക സംവിധാനങ്ങളോടെ കെട്ടിടസമുച്ചയം പണി തീർത്തിട്ടും കിടത്തി ചികിത്സയ്ക്കുള്ള ബെഡ് കപ്പാസിറ്റി വർദ്ധിപ്പിക്കാത്ത സാഹചര്യത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ?

നിലവിൽ പരിഗണനയിലില്ല.

(സി) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യുന്നതിന് പോലീസ് സർജന്റെ സേവനം ലഭ്യമല്ലാത്തതിനാൽ കോട്ടയം മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യത്തിന് പരിഹാരമുണ്ടാക്കാമോ?

നിലവിലെ മാനദണ്ഡപ്രകാരം ജില്ലാതല ആശുപത്രികളിലാണ് പോലീസ് സർജന്റെ സേവനം ലഭ്യമാക്കി വരുന്നത്. കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി ആർദ്രം മാനദണ്ഡപ്രകാരം താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിരിക്കുന്നത്.

ഡോക്ടറുടെ സേവനം ലഭ്യമാകുന്നത് സംബന്ധിച്ച്

196(222) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്ക് ഹോസ്പിറ്റലിൽ രാത്രി സമയങ്ങളിൽ ഒരു ഡോക്ടറുടെ സേവനം മാത്രമേ ലഭ്യമാകുന്നുള്ളൂവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കൊടുങ്ങല്ലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ രാത്രി 8 മണി വരെ രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. രാത്രി 8 മണി മുതൽ രാവിലെ 8 മണി വരെ നിലവിൽ ഒരു ഡോക്ടറുടെ സേവനമാണ് നൽകി വരുന്നത്.

(ബി) കൂടുതൽ ഡോക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ച് പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

കൊടുങ്ങല്ലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികിലെ 4 അനുവദനീയ തസ്തികകളിലും ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. കൂടുതൽ ഡോക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന കാര്യം പരിഗണനയിലാണ്.

**ആലത്തൂർ താലൂക്കാശുപത്രി കെട്ടിട നിർമ്മാണം**

197(223) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കാശുപത്രിക്കായി കിഫ്ബി മുഖേന നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ആലത്തൂർ താലൂക്കാശുപത്രിയുടെ ഒ.പി ബ്ലോക്ക്, ക്യാഷ്വാലിറ്റി ആൻഡ് ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. സംപ് ആൻഡ് പമ്പ് റൂമിന്റെ ഒന്നാം നില വരെയുള്ള ആർ.സി.സി സ്ട്രക്ചറൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. പ്രധാന കെട്ടിടത്തിലെ 19 ഫൂട്ടിംഗ് വർക്കുകൾ പൂർത്തിയാക്കുകയും പ്ലിന്ത് ബിം വർക്കുകൾ പുരോഗമിക്കുകയും ചെയ്യുന്നു

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. കെട്ടിട നിർമ്മാണാവശ്യത്തിനായി നിലവിലുള്ള എക്സ്റേ ബ്ലോക്ക് പൊളിക്കുന്നതിന് പ്രസ്തുത കെട്ടിടം, നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സിന് കൈമാറിയിട്ടുണ്ട്. കെട്ടിടം പൊളിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

2024 അവസാനത്തോടുകൂടി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**ചേലേമ്പ്ര, പള്ളിക്കൽ എഫ്.എച്ച്.സി–കളുടെ കെട്ടിട നിർമ്മാണം**

198(224) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയ ചേലേമ്പ്ര, പള്ളിക്കൽ എഫ്.എച്ച്.സി.-കളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

ചേലേമ്പ്ര എഫ്.എച്ച്.സി. കെട്ടിട നിർമാണത്തിനുള്ള ഡി.പി.ആർ അംഗീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് നടത്തി വരുന്നു. ആയതിന്റെ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. പള്ളിക്കൽ എഫ്.എച്ച്.സി. കെട്ടിടനിർമ്മാണത്തിന് ഹെൽത്ത് ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ

നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആയതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് HLL മുഖേന നടത്തി വരുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് തയ്യറാക്കിയ ഡി.പി.ആർ. ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ചേലേമ്പ്ര എഫ്.എച്ച്.സി. കെട്ടിടം നിർമ്മാണത്തിന് തയ്യാറാക്കി സമർപ്പിച്ച പ്ലാനിൽ മാറ്റം വരുത്തി എഫ്.എച്ച്.സി.-ക്ക് അനുസൃതമായ പ്ലാൻ തയ്യാറാക്കി പുനഃസമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പള്ളിക്കൽ എഫ്.എച്ച്.സി. കെട്ടിട നിർമ്മാണത്തിന് ഹെൽത്ത് ഗ്രാന്റ് ലഭ്യമാകുന്ന മുറയ്ക്ക് ആയതു ഉപയോഗിച്ച് നടത്താനുദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ലാൻ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് HLL മുഖേന തയ്യാറാക്കി വരുന്നു.

(സി) സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം പ്രൊവിഷൻ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾക്ക് അതത് വർഷം തന്നെ ഭരണാനുമതി നൽകി

പ്രവൃത്തി ആരംഭിക്കുന്ന തരത്തിലുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**പേരൂർക്കട ജില്ലാ ആശുപത്രി**

199(225) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

1. ആശുപത്രിയിലെ ഒ.പി ട്രാൻസ്ഫർമേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒ.പി. കൗണ്ടർ ഒഴികെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2. ടി ആശുപത്രിയിലെ ലാബ് നിലവിൽ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്നു. ആയത് 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. എച്ച്.ഡി.എഫ്.സി സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ജില്ലാ പഞ്ചായത്ത് വഴി നടപ്പിലാക്കിയ ഓക്സിജൻ പ്ലാന്റ് ട്രാൻസ്ഫോമർ കണക്ട് ചെയ്ത് പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ഡിജിറ്റൽ എക്സ്റേ യൂണിറ്റ് 17-01-2024 മുതൽ 24 മണിക്കൂറും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

5. ലക്ഷ്യ പദ്ധതി പ്രകാരം ലേബർ റൂമിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ കണക്ഷൻ ലഭിച്ചാലുടൻ ലേബർ റൂം, എൻ.ബി.എസ്.യു. എന്നിവയുടെ പ്രവർത്തനം ലക്ഷ്യ ക്വാളിറ്റി ഇൻപ്രൂവ്മെന്റ് പദ്ധതി പ്രകാരം നടത്തുന്നതാണ്.

6. 360 ഡിഗ്രി മെറ്റബോളിക് സെന്റർ ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി തിരുവനന്തപുരം നഗരസഭ വഴി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

7. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പാലിയേറ്റീവ് വാർഡ് നിർമ്മിച്ചിട്ടുണ്ട്.

8. ഡേകെയർ കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

9. പ്ലാൻ ഫണ്ട് ഉപയോഗിച്ച് 830 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന തീയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തികൾ 95 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

നിലവിൽ പേരൂർക്കട ജില്ലാ മാതൃകാശുപത്രിയിൽ ആറ് ഡയാലിസിസ് മെഷ്യൻ, രണ്ട് ഷിഫ്റ്റുകളിലായി പ്രവർത്തിച്ചു വരുന്നു. നൈറ്റ് ഷിഫ്റ്റ് കൂടി ആരംഭിച്ച് കൂടുതൽ രോഗികൾക്ക് ഡയാലിസിസ് സൗകര്യം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പയ്യന്നൂർ താലൂക്ക് ആശുപത്രിക്ക് അനുവദിച്ച ആധുനിക ഉപകരണങ്ങൾ**

200(226) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രശ്നങ്ങൾ പരിഹരിച്ച് ഉപകരണങ്ങൾ വേഗത്തിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഉപകരണങ്ങൾ വാങ്ങുന്നതിന് കിഫ്ബിയുടെ ധനാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വാങ്ങുന്നത് 4 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രി**

201(227) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രിയുടെ ഭാഗമായി അമ്മയും കുഞ്ഞും ആശുപത്രി, ഡയാലിസിസ് യൂണിറ്റ്, ഐസൊലേഷൻ വാർഡ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ അമ്മയും കുഞ്ഞും ആശുപത്രി കാഞ്ഞങ്ങാടാണുള്ളത്. വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രിയുടെ ഭാഗമായി അമ്മയും കുഞ്ഞും ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. നിലവിൽ വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രിയിൽ ലക്ഷ്യ നിലവാരത്തിലുള്ള 12 പ്രസവ വാർഡ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ഡയാലിസിസ് യൂണിറ്റ്**

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ വെള്ളരിക്കുണ്ട് താലൂക്കിലെ പൂടംകല്ല് (പനത്തടി) താലൂക്ക് ആശുപത്രിയിൽ കിഫ്ബി പ്രോജക്ടിന്റെ കീഴിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് Kerala Health Research and Welfare Society (KHRWS)- ക്ക് പ്രവർത്തന ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സൈറ്റിൽ സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ ജോലികളും പൂർത്തിയായി. എന്നാൽ നിലവിൽ ഡയാലിസിസ് യൂണിറ്റിലേക്ക് വൈദ്യുതി ബോർഡിന്റെ സർവീസ് കണക്ഷൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അധിക ജോലികൾക്ക് കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന് അഡീഷണൽ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ് സ്വീകരിച്ചുവരുന്നു.

**ഐസൊലേഷൻ വാർഡ് നിർമ്മാണം**

ആദ്യഘട്ട പ്രവർത്തന ഉത്തരവ് നൽകിയ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ വെള്ളരിക്കുണ്ട് താലൂക്കിലെ പൂടംകല്ല് (പനത്തടി) താലൂക്ക് ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ് (70% ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്). പെയിന്റിംഗ്, ഇന്റീരിയർ വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

**ശസ്ത്രക്രിയയ്ക്കിടെ ശസ്ത്രക്രിയാ ഉപകരണങ്ങൾ ശരീരത്തിനുള്ളിൽ കുടുങ്ങുന്ന സംഭവങ്ങളിൽ നടപടി**

202(228) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ശസ്ത്രക്രിയയ്ക്കിടെ ശസ്ത്രക്രിയാ ഉപകരണങ്ങൾ ശരീരത്തിനുള്ളിൽ കുടുങ്ങുന്ന സംഭവങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങളിൽ ഉത്തരവാദികളാകുന്നവർക്കെതിരെ എന്ത് നടപടിയാണ് ആരോഗ്യ വകുപ്പ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ 04-09-2020-ന് പ്രസവ ശസ്ത്രക്രിയയ്ക്ക് വിധേയയായ ശ്രീമതി.അൽഫീന അലി എന്ന യുവതിയുടെ വയറിനുള്ളിൽ കോട്ടൺ അവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നു. പ്രസ്തുത ശസ്ത്രക്രിയ നടത്തിയ ഗൈനക്കോളജിസ്റ്റ്, ഡോ. ഗീത ജി.നായർ-ക്കെതിരെ ടിയാൾ സർവ്വീസിൽ നിന്നും അടിത്തുൺപറ്റി പിരിഞ്ഞതിനാൽ, കെ.എസ്.ആർ ഭാഗം III ചട്ടം 59(b) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും, ടിയാളുടെ മാസ പെൻഷനിൽ നിന്നും 500 രൂപ ആജീവനാന്തം തടഞ്ഞുകൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പു കൽപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശസ്ത്രക്രിയ നടത്തിയ അനസ്തേറ്റിസ്റ്റ് ഡോ.സന്തോഷ് ബാബുവിനെതിരെ കെ.സി.എസ്.(സി.സി&എ)ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

2017-ൽ നവംബർ 30 ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് നടന്ന സിസേറിയൻ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ സർജിക്കൽ സിസർ മറന്നു വച്ച് തുന്നിക്കെട്ടിയെന്ന ശ്രീമതി ഹർഷിനയുടെ പരാതിയിന്മേൽ വകുപ്പ്

തലത്തിൽ രണ്ട് തവണ അന്വേഷണം നടത്തി എങ്കിലും പ്രസ്തുത അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാലും ശസ്ത്രക്രിയ ഉപകരണം ഏത് അവസരത്തിലാണ് വയറ്റിൽ കുടുങ്ങിയതെന്ന് കണ്ടെത്തുന്നതിന് കഴിയാത്ത സാഹചര്യത്തിലും ഇതുസംബന്ധിച്ച് ആഭ്യന്തര വകുപ്പിനെക്കൊണ്ട് അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം ചികിത്സാപിഴവ് സംബന്ധിച്ച് ഉത്തരവാദികളായവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ശ്രീ. ജോസഫ് പോൾ എന്ന വ്യക്തിയ്ക്ക് പാൻക്രിയാസിന്റെ ഓപ്പറേഷനിടെ ഫോർസെപ്സ് ശരീരത്തിനുള്ളിൽ കുടുങ്ങിയത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയം മുഖേന അന്വേഷണം നടത്തുകയും ടി അന്വേഷണ റിപ്പോർട്ട് പ്രകാരം സർജറി നടത്തിയ ഡോക്ടർമാർ, സർജറി സമയത്ത് കൂടെ ഉണ്ടായിരുന്ന നഴ്സ് ഉൾപ്പെടെ ഉള്ളവർ കുറ്റക്കാർ ആണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ട് നാലംഗ അന്വേഷണ കമ്മീഷനെ

നിയോഗിച്ച് അന്വേഷണം നടത്തുകയും പ്രിൻസിപ്പൽ തലത്തിൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടിനെ ശരിവയ്ക്കുന്ന രീതിയിൽ പ്രസ്തുത ശസ്ത്രക്രിയയിൽ പങ്കെടുത്ത അനസ്തറ്റിസ്റ്റ് ഒഴികെ ബാക്കിയുള്ള ടീം അംഗങ്ങൾക്ക് കൂട്ടുത്തരവാദിത്വമുണ്ടെന്ന് നിഗമനത്തിൽ എത്തുകയും ചെയ്തിരുന്നു. കുറ്റക്കാരായി കണ്ടെത്തിയവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സിസേറിയന് വിധേയയായ ശ്രീമതി ജീതു.എസ്.-ന്റെ വയറ്റിനുള്ളിൽ ഗൗസ് പീസ് അകപ്പെട്ടതുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതിയിന്മേൽ ജില്ലാ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും ഡോക്ടറുടെ ഭാഗത്ത് ചികിത്സാ പിഴവ് സംഭവിച്ചിട്ടുള്ളതായിട്ടുള്ള എക്സ്പേർട്ട് സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(ബി) ഇത്തരം സംഭവങ്ങളാൽ പ്രയാസമനുഭവിക്കുന്നവർക്ക് സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരമോ ധനസഹായമോ നൽകാറുണ്ടോ; വ്യക്തമാക്കാമോ?

ശ്രീമതി ഹർഷിനയ്ക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ ഇത്തരം സംഭവങ്ങളാൽ പ്രയാസമനുഭവിക്കുന്ന എത്ര പേരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇവർക്ക് നാളിതുവരെ എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്; എന്തെല്ലാം സഹായങ്ങൾ നൽകാൻ ശേഷിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം (ബി) പിരിവിൽ ചേർത്തിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ സർക്കാർ, സ്വകാര്യ ആശുപത്രികൾ**

203(229) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര ജനറൽ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്നും നിലവിൽ എവിടെയൊക്കെയാണ് ജനറൽ ആശുപത്രികളുള്ളതെന്നും അറിയിക്കാമോ; മലപ്പുറം ജില്ലയിലെ ജനറൽ ആശുപത്രികളിലെ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ നിലവിലുള്ള ജനറൽ ആശുപത്രിയെ ഗവൺമെന്റ് മെഡിക്കൽ കോളേജായി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആരോഗ്യസ്ഥാപനം ദ്വിഭരണ സംവിധാനത്തിൽ പ്രവർത്തിച്ച വരുന്നു. ആശുപത്രിയിലെ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ജീവനക്കാരെ ഡീംഡ് ഡെപ്യൂട്ടേഷൻ ആയാണ് കണക്കാക്കപ്പെടുന്നത്. ആരോഗ്യ വകുപ്പിൽ നിന്നും വിവിധ വിഭാഗങ്ങളിൽ 419 പേർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. ആയതിന്റെ വിശദാംശവും ഈ സ്ഥാപനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന ജിവനക്കാരുടെ വിവരങ്ങളുംഅനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയും ജനറൽ ആശുപത്രിയും വ്യത്യസ്ത സംവിധാനമായാണോ പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ; രണ്ട് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ?

ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മലപ്പുറം ജില്ലയിലെ ജനറൽ ആശുപത്രി സ്റ്റാറ്റസ് മറ്റേതെങ്കിലും ആശുപത്രികളിലേക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

പ്രസ്തുത വിഷയം സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

(ഡി) സർക്കാർ മേഖലയിലോ സ്വകാര്യ മേഖലയിലോ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളില്ലാത്ത മലപ്പുറം ജില്ലയിലെ താലൂക്കുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പെരിന്തൽമണ്ണ, തിരൂർ, നിലമ്പൂർ താലൂക്കുകളിലെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമുള്ള സർക്കാർ, സ്വകാര്യ ആശുപത്രികളുടെ പേരുവിവരങ്ങളും സൂപ്പർ സ്പെഷ്യാലിറ്റി വിശദാംശങ്ങളും ബെഡ്ഡ് സ്ട്രെംഗ്തും ലഭ്യമാക്കാമോ?

556 ബെഡ്ഡുകളുള്ള മെഡിക്കൽ കോളേജ് ആശുപത്രിയാണ് മലപ്പുറം ജില്ലയിൽ പ്രവർത്തിച്ചു വരുന്നത്. ടി ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സ്വകാര്യ മേഖലയിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുറ്റിപ്പുറം താലൂക്ക് കണ്ണാശുപത്രി പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി

204(230) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം താലൂക്കാശുപത്രിയിൽ നാഷണൽ ഹെൽത്ത് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ചതിൻപ്രകാരം നിർമ്മാണം പൂർത്തീകരിച്ച കണ്ണാശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) നിർമ്മാണം പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും കണ്ണാശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ആവശ്യമായ ചികിൽസാ ഉപകരണങ്ങളും ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെയും അനുവദിച്ച് ആശുപത്രി പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയോടുചേർന്ന് നിർമ്മിച്ച ഐ വാർഡിന്റെ ഇലക്ട്രിഫിക്കേഷൻ അടക്കമുള്ള ജോലികൾ പൂർത്തീകരിച്ചു. അവിടേയ്ക്ക് ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും വൈദ്യുതി കണക്ഷനും ലഭ്യമാവുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തിലെ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടിൽ 15 ലക്ഷം രൂപ ഫർണിച്ചർ വാങ്ങുന്നതിനായി കരട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ദേശീയ ആരോഗ്യ ദൗത്യം (NHM) പ്രകാരം അനുമതി നൽകിയ 9 ഉപകരണങ്ങളിൽ 6 ഉപകരണങ്ങൾക്ക് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. 3 ഉപകരണങ്ങൾ കൂടി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കുറ്റിപ്പുറം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

205(231) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കുറ്റിപ്പുറം താലൂക്കാശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കെട്ടിടത്തിൽ സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഘടകങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ PWD കെട്ടിട വിഭാഗത്തിൽ പുരോഗമിച്ചു വരുന്നു. സാങ്കേതികാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**മൂന്നാർ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണം**

206(232) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖേന മൂന്നാറിൽ അനുവദിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

കിഫ്ബി മുഖേന മൂന്നാറിൽ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണത്തിനായി 78.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തികൾക്കായുള്ള അനുയോജ്യമായ ഭൂമി ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കോംപൗണ്ടിൽ കണ്ടെത്തുകയും ആയത് ഈ ആവശ്യത്തിലേക്കായി ആരോഗ്യ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കിഫ്ബി മുഖേന മൂന്നാറിൽ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണത്തിനായി 78.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തികൾക്കായുള്ള അനുയോജ്യമായ ഭൂമി ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കോംപൗണ്ടിൽ കണ്ടെത്തുകയും ആയത്

ഈ ആവശ്യത്തിലേക്കായി ആരോഗ്യ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**വെൺപകൽ ആശുപത്രി ഐസൊലേഷൻ വാർഡ്**

207(233) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിന്റെ 61 ശതമാനത്തോളം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. Super Structure-ന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ടും എം.എൽ.എ ആസ്തി വികസന ഫണ്ടും ചേർത്ത് Rs.1,75,96,748/- (ഒരു കോടി എഴുപത്തിയഞ്ചു ലക്ഷത്തി

തൊണ്ണൂറ്റിയാറായിരത്തി എഴുന്നൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) രൂപയാണ് അനുവദിച്ചിട്ടുളളത്.

(സി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ SPV ആയി നിശ്ചയിച്ചത് KMSCL-നെയാണ്. പദ്ധതിയുടെ നിർമ്മാണ ഏജൻസിയായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി വ്യക്തമാക്കുമോ?

കരാർ കാലാവധി 30-11-2022-ൽ അവസാനിച്ചിരുന്നു. തുടർന്ന് 07-11-2023 വരെ കരാർ നീട്ടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കരാർ വീണ്ടും നീട്ടി നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രി വികസനം

208(234) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 2016 മാർച്ച് മുതൽ 2023 മാർച്ച് വരെ ആരോഗ്യ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര എന്ന് വിശദമാക്കുമോ;

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) ഈ കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

1. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനത്തിനുവേണ്ടി നെയ്യാറ്റിൻകര താലൂക്കിൽ, നെയ്യാറ്റിൻകര വില്ലേജിൽ ഉൾപ്പെട്ട 10 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് 03-08-2023-ലെ (സാധാ) നം. 1946/2023/H&FWD ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിൻ പ്രകാരം, സ്ഥലം അളന്ന് തിരിച്ച് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

2. എം.എൽ.എ. പേ വാർഡിന്റെ രണ്ടും മൂന്നും നിലകളുടെ നിർമ്മാണം - Rs.1,00,00,000/- (ഒരു കോടി രൂപ മാത്രം)

3. ആശുപത്രിക്ക് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - Rs.9,36,000/- (ഒൻപത് ലക്ഷത്തി മുപ്പത്തി ആറായിരം രൂപ മാത്രം)

4. റൂഫിംഗ് - മെയിന്റനൻസ് 3-ാം വാർഡ് (സർജറി വാർഡ് - Rs.30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം)

**കുടുംബാരോഗ്യകേന്ദ്രങ്ങൾ**

209 (235) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജക മണ്ഡലത്തിൽ നിലവിൽ കൊല്ലങ്കോട്, മുതലമട, പല്ലശ്ശന, അയിലൂർ, വടവന്നൂർ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. കൊടുവായൂർ സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളുടെ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാതെയുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം അനുബന്ധമായി+ ചേർക്കുന്നു.

### മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ വികസന പദ്ധതികൾ

210(236) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നത് സംബന്ധിച്ച എം.എൽ.എ-യുടെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആരോഗ്യ സ്ഥാപനങ്ങളിലെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് സർക്കാർ തുടർന്നുവരുന്നത്. ഇതനുസരിച്ച് ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടന്നു വരുന്നത്. ഇതുപ്രകാരം മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആർദ്രം മാനദണ്ഡപ്രകാരം താലൂക്ക് തലം മുതലാണ് സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാകുന്നത്.

(ബി) ആരോഗ്യ വകുപ്പുമന്ത്രിയുടെ 20-10-2023-ലെ സന്ദർശന വേളയിൽ പ്രഖ്യാപിച്ച ഡയാലിസിസ് കേന്ദ്രം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ഡയാലിസിസ് കേന്ദ്രത്തിനായുള്ള അടിസ്ഥാന സൗകര്യം ക്രമീകരിക്കുന്ന മുറയ്ക്ക് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത ആശുപത്രിയിൽ ഫോറൻസിക് സർജൻ തസ്തിക സൃഷ്ടിക്കൽ, ബ്ലഡ് ബാങ്ക് സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആർദ്രം മാനദണ്ഡ പ്രകാരം ഫോറൻസിക് സ്പെഷ്യാലിറ്റി സേവനങ്ങൾ ജില്ലാ ആശുപത്രികൾ മുതലാണ് നൽകി വരുന്നത്. ആയതിനാൽ മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം, ബ്ലഡ് ബാങ്ക് സ്ഥാപിക്കൽ എന്നിവ നിലവിൽ പരിഗണനയില്ല.

## ബജറ്റ് വർക്കുകൾ ആയ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണം

211(237) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ബജറ്റ് വർക്കുകൾ ആയ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഡിഎച്ച്എസ്-20416, 20431 എന്നീ നമ്പർ ഫയലുകളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദീകരിക്കാമോ?

എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടില്ല. കടപ്ലാമറ്റം എഫ്.എച്ച്.സി.-യിലെ കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ്, സൈറ്റ് പ്ലാൻ എന്നിവ 16-10-2023-ലെ കത്തുപ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിരുന്നു. എഫ്.എച്ച്.സി. സ്റ്റാൻഡേർഡൈസേഷൻ ഗൈഡ് ലൈൻസ് പ്രകാരം പ്ലാൻ പുതുക്കി നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നത് പ്രകാരം പുതുക്കിയ പ്ലാൻ 10-01-2024-ലെ

കത്തുപ്രകാരം ലഭ്യമാക്കുകയും ആയത് ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിക്കുകയും പ്രസ്തുത വിവരം ജില്ലാ മെഡിക്കൽ ഓഫീസറെ 24-01-2024 ലെ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി.-യിൽ പുതിയതായി നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ്, സൈറ്റ് പ്ലാൻ എന്നിവ 16-10-2023-ലെ കത്തുപ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിരുന്നു. എഫ്.എച്ച്.സി. സ്റ്റാൻഡേർഡൈസേഷൻ ഗൈഡ്ലൈൻസ് പ്രകാരം പ്ലാൻ പുതുക്കി നൽകുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ടിരുന്നതുപ്രകാരം പുതുക്കിയ പ്ലാൻ 10-01-2024-ലെ കത്ത് പ്രകാരം ലഭ്യമാക്കുകയും ആയത് ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിക്കുകയും പ്രസ്തുത വിവരം ജില്ലാ മെഡിക്കൽ ഓഫീസറെ 24-01-2024 ലെ കത്തുപ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട ഫയലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി സ്റ്റാൻഡേർഡ് ഗൈഡ് ലൈൻസ് പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി. കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങൾക്കായി പുതിയ കെട്ടിടം പണിയുന്നതിലേക്ക് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ പ്ലാനുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ലഭ്യമായ പ്ലാനുകൾ പ്രകാരം എഫ്.എച്ച്.സി സ്റ്റാൻഡേർഡൈസേഷൻ ഗൈഡ് ലൈൻസ് പാലിച്ചിട്ടുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) കോട്ടയം ജില്ലാ പൊതുമരാമത്ത് വകുപ്പ് ഇതുസംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ആയത് കോട്ടയം ഡി.എം.ഒ ഡി.എച്ച്.എസ്-ലേക്ക് അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദീകരിക്കാമോ?

ഇല്ല. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ പ്ലാനുകൾ ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു. ആയത് ആരോഗ്യ വകുപ്പ്

ഡയറക്ടർ അംഗീകരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് തിരികെ നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നല്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പ്രസ്തുത പ്രവൃത്തിയുടെ പ്ലാനുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർ എസ്റ്റിമേറ്റുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണ പുരോഗതി**

212(238) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണമാരംഭിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണമാരംഭിച്ച ഐസൊലേഷൻ വാർഡിന്റെ 62 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നിലവിൽ സൂപ്പർ സ്ട്രക്ചർ നിർമ്മാണ ഘട്ടത്തിലാണ്.

(ബി) കരാർ കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

പ്രസ്തുത സ്ഥലത്തുള്ള മരം മുറിച്ചുമാറ്റുന്നതിലുണ്ടായ കാലതാമസവും അവശ്യ സാധന സാമഗ്രികളുടെ ലഭ്യതക്കുറവുമാണ് പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തതിനു കാരണം.

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാർ കമ്പനിയുടെ വിവരങ്ങളും നിർവ്വഹണ ഏജൻസിയുടെ വിവരങ്ങളും നൽകാമോ?

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനേയും നിർമ്മാണ ഏജൻസിയായി തൃശ്ശൂർ ജില്ലാ

ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെയുമാണ് നിശ്ചയിച്ചിരിക്കുന്നത്.

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണമാരംഭിച്ച ഐസൊലേഷൻ വാർഡിന്റെ 62 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മെഡിക്കൽ കോളേജുകളിൽ കൂടുതൽ സീനിയർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാൻ നടപടി**

213(239) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രോഗികളെ പരിശോധിക്കുന്നതിനായി സീനിയർ ഡോക്ടർമാരുടെ അഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രോഗികളെ പരിശോധിക്കുന്നതിനായി ഓരോ വിഭാഗത്തിലും പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ സീനിയർ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(സി) ഒ.പി.-യിൽ എത്തുന്ന രോഗികളുടെ കൃത്യമായ രോഗാവസ്ഥ യഥാസമയം കണ്ടെത്തുന്നതിന് ജൂനിയർ ഡോക്ടർമാർക്ക് കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഒ.പി.-യിൽ എത്തുന്ന രോഗികളുടെ രോഗാവസ്ഥ നിർണ്ണയിക്കുന്നതും ചികിത്സിക്കുന്നതും സീനിയർ ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ്.

(ഡി) മെഡിക്കൽ കോളേജുകളിൽ രോഗികളെ പരിശോധിക്കുന്നതിനായി കൂടുതൽ സീനിയർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മെഡിക്കൽ കോളേജുകളിൽ രോഗീപരിചരണത്തിന് സീനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി ഒഴിവുകൾ വരുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നൽകിവരുന്നു.

**കോഴിക്കോട് മെഡിക്കൽ കോളേജിൽ നഴ്സിംഗ് ഓഫിസറുടെ സ്ഥലംമാറ്റം**

214(240) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ജീവനക്കാരൻ പീഡിപ്പിച്ചതായി പറയപ്പെടുന്ന പെൺകുട്ടിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചതിന്റെ പേരിൽ സീനിയർ നഴ്സിംഗ് ഓഫീസർ അനിത പി.ബി.-യെ സ്ഥലം മാറ്റിയ നടപടി ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ജീവനക്കാരൻ പീഡിപ്പിച്ചതായി പറയപ്പെടുന്ന പെൺകുട്ടിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചതിന്റെ പേരിലല്ല സീനിയർ നഴ്സിംഗ് ഓഫീസർ ശ്രീമതി അനിത പി. ബി.-യെ സ്ഥലം മാറ്റിയത്. കോഴിക്കോട് മെഡിക്കൽ

കോളേജ് ഹോസ്പിറ്റൽ ജീവനക്കാരൻ പീഡിപ്പിച്ചതായി പറയപ്പെടുന്ന പെൺകുട്ടിയെ അതിജീവിത എന്ന നിലയിൽ കണ്ടുകൊണ്ട് നിയമനടപടികൾ സമയബന്ധിതമായി സ്വീകരിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീമതി അനിത പി. ബി മാത്രമല്ല, സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയ്ക്ക് മുകളിലുള്ള മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ് ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ., ചീഫ് നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് സൂപ്രണ്ട് എന്നീ തസ്തികളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സർക്കാർ സംവിധാനം മുഴുവനും അതിജീവിതയ്ക്കൊപ്പം നിലകൊണ്ടു. 22-03-2023-ൽ നൽകിയ ടി പരാതിയിന്മേൽ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 23-03-2023-ൽ അഞ്ച് സ്ഥിരം ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും ഒരു താത്ക്കാലിക ജീവനക്കാരിയെ സേവനത്തിൽനിന്നും പിരിച്ചുവിടുകയുമുണ്ടായി. എന്നാൽ തിരിച്ചറിയൽ പരേഡിൽ ഈ ആറ് ജീവനക്കാരും പങ്കെടുത്തിരുന്നില്ലെന്ന് ഈ വിഷയത്തിൽ അന്വേഷണം നടത്തി ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ

എഡ്യൂക്കേഷൻ (മെഡിക്കൽ) 25-08-2023-ൽ സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. കൂടാതെ അതിജീവിതയെ സ്വാധീനിക്കാൻ ശ്രമിച്ച കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത ജീവനക്കാരുടെ എണ്ണത്തിലും ഓരോ ജീവനക്കാരന്റെയും പങ്ക് എത്രമാത്രമുണ്ടെന്നത് സംബന്ധിച്ചും പരസ്പരവിരുദ്ധമായ മൊഴികളാണ് ശ്രീമതി അനിതയും ചീഫ് നഴ്സിംഗ് ഓഫീസറായ ശ്രീമതി സുമതിയും നൽകിയതെന്ന് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. ഉയർന്ന ഉദ്യോഗസ്ഥതലത്തിലുണ്ടായ പരസ്പര വിശ്വാസമില്ലാതെയുള്ള പ്രവർത്തനങ്ങളെയും അതീവ ഗൗരവതരമായ ഒരു വിഷയം കൈകാര്യം ചെയ്യുന്നതിൽ സംഭവിച്ച വീഴ്ചയുമാണ് ശ്രീമതി അനിതയുടെയും ചീഫ് നഴ്സിംഗ് ഓഫീസറായ ശ്രീമതി സുമതിയുടെയും പരസ്പരവിരുദ്ധമായ മൊഴികൾ സൂചിപ്പിക്കുന്നതെന്ന് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. മെഡിക്കൽ കോളേജിലെ മൂന്നാം നിലയിലെ പ്രധാന വരാന്തയിൽനിന്നും ഇരുപതാം വാർഡിലെ പ്രവേശന വഴിയിലുള്ള ഒരു സൈഡ് റൂമാണ് അതിജീവിതയ്ക്ക് അനുവദിച്ചിരുന്നത്. ഈ മുറി ഇരുപതാം വാർഡിലെ നഴ്സിംഗ്

സ്റ്റേഷനിൽനിന്നും നേരിട്ടുള്ള നിരീക്ഷണത്തിലോ മേൽനോട്ടത്തിലോ അല്ലാതെയാണെന്നതും ഇത്രയും ഗൗരവതരമായ ഒരു സംഭവത്തെ ഉത്തരവാദിത്വപ്പെട്ടവർ ലഘൂകരിച്ചുകണ്ടുവെന്നതിന് തെളിവാണ്. ഒരു ഫുൾടൈം സെക്യൂരിറ്റിയെ അവിടെ നിയോഗിക്കുന്നതിൽ അധികൃതർ പരാജയപ്പെട്ടു. സന്ദർശക നിയന്ത്രണം, സി.സി.ടി.വി. സംവിധാനം, സെക്യൂരിറ്റി നൽകൽ എന്നി വിഷയങ്ങളിൽ ഗുരുതരമായ വീഴ്ചയാണ് വാർഡിന്റെ ചുമതലയുള്ള നഴ്സിംഗ് വിഭാഗം ജീവനക്കാരുൾപ്പെടെയുള്ള മെഡിക്കൽ കോളേജ് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ നഴ്സിംഗ് സൂപ്രണ്ടായ ശ്രീമതി ബെറ്റി ആന്റണിയെ കോന്നി മെഡിക്കൽ കോളേജിലേയ്ക്കും ചീഫ് നഴ്സിംഗ് ഓഫീസറായ ശ്രീമതി സുമതി വി. പി.-യെ തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലേയ്ക്കും സ്ഥലം മാറ്റിയിരുന്നു. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ് ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ. എന്നിവർക്കെതിരെയും കർശന

നടപടികൾ സ്വീകരിക്കാൻ അന്വേഷണ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. മേൽവിവരിച്ചവിധം കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ചകൾ വരുത്തിയതുമൂലമാണ് ശ്രീമതി അനിത ഉൾപ്പടെയുള്ള ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചത്.

(ബി) കുറ്റാരോപിതനായ ജീവനക്കാരന് അനുകൂലമായ നിലപാട് സ്വീകരിക്കാത്തതിന്റെ പേരിൽ മേല്പറഞ്ഞ ഉദ്യോഗസ്ഥയെ സ്ഥലം മാറ്റിയ നടപടി മരവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കുറ്റാരോപിതനായ ജീവനക്കാരന് അനുകൂലമായ നിലപാട് സ്വീകരിക്കാത്തതിന്റെ പേരിൽ അല്ല മേൽപ്പറഞ്ഞ ഉദ്യോഗസ്ഥയെ സ്ഥലം മാറ്റിയത്. അതിജീവിതയെ സ്വാധീനിക്കാൻ ശ്രമിച്ച കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത ജീവനക്കാരുടെ എണ്ണത്തിലും ഓരോ ജീവനക്കാരന്റെയും പങ്ക് എത്രമാത്രമുണ്ടെന്നത് സംബന്ധിച്ചും പരസ്പരവിരുദ്ധമായ മൊഴികളാണ് ശ്രീമതി അനിതയും ചീഫ് നഴ്സിംഗ് ഓഫീസറായ ശ്രീമതി സുമതിയും നൽകിയതെന്ന് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. കൂടാതെ തിരിച്ചറിയൽ പരേഡ് നടത്തിയതിലെ നടപടിക്രമങ്ങളിലും വീഴ്ചകളുണ്ടായി.

ഈ വിഷയത്തിൽ അന്വേഷണം നടത്തി ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (മെഡിക്കൽ) 25-08-2023-ൽ സമർപ്പിച്ച റിപ്പോർട്ടിൽ ചീഫ് നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് സൂപ്രണ്ട്, സീനിയർ നഴ്സിംഗ് ഓഫീസർ എന്നീ തസ്തികയിലെ ജീവനക്കാരുടെ നിരുത്തരവാദപരമായ സമീപനവും പരസ്പര വിശ്വാസമില്ലാതെയുള്ള പ്രവർത്തനങ്ങളും അതീവ ഗൗരവമേറിയ ഒരു വിഷയം കൈകാര്യം ചെയ്യുന്നതിൽ സംഭവിച്ച വീഴ്ചയുമാണ് ഇത്തരം വിഷയങ്ങൾ സംഭവിക്കാൻ ഇടയാക്കിയതെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ശ്രീമതി അനിതയെ ഇടുക്കി ജില്ലയിലേയ്ക്ക് സ്ഥലം മാറ്റി. ടി നടപടിക്കെതിരെ ശ്രീമതി അനിത OA (EKM) 1978/2023 നമ്പരായി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തു. ബഹുമാനപ്പെട്ട ട്രൈബ്യൂണലിന്റെ 01-12-2023-ലെ ഉത്തരവ് പാലിച്ചുകൊണ്ട് ശ്രീമതി അനിതയെ സർക്കാർതലത്തിൽ നേരിൽ കേൾക്കുകയും ഈ വിഷയത്തിൽ സ്വീകരിച്ച നടപടിക്രമങ്ങളിൽ ഉദ്യോഗസ്ഥതല വീഴ്ച ഉണ്ടായിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ ടിയാളെ

ഇടുക്കി മെഡിക്കൽ കോളേജിലേയ്ക്ക് സ്ഥലംമാറ്റിയ നടപടി സാധുവാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. 16-01-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 93/2024/ആ.കു.വ.-യുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. ടി ഉത്തരവ് പുനഃപരിശോധിക്കുന്ന വിഷയം പരിഗണനയിലില്ല.

**തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ**

215(241) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; ഓരോ തസ്തികയിലുമുള്ള ഒഴിവുകളുടെ എണ്ണം ഇനം തിരിച്ച് വിശദമാക്കാമോ?

തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ തസ്തികകൾ അടിയന്തരമായി നികത്തുന്നതിനുവേണ്ടി നിയോജകമണ്ഡലം എം.എൽ.എ. നൽകിയ കത്തുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റത്തിലൂടെയും ജൂനിയർ ദന്തൽ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് പ്ലേസ്മെന്റ് മുഖേനയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒഴിവുകൾ നികത്തുന്നതിന് അഡ്ഹോക് വ്യവസ്ഥയിൽ താൽക്കാലികമായി നിയമനം നടത്തിവരികയും ചെയ്യുന്നു. സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകളിൽ താൽക്കാലികമായി നിയമനം നടത്തിയിട്ടുണ്ട്. സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -1 തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻവഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡയാലിസിസ് ടെക്നീഷ്യൻ

തസ്തികയിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ ഡോക്ടർമാർ ഇല്ലാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ കൺസൾട്ടിന്റെ 2 തസ്തികകളും ജൂനിയർ കൺസൾട്ടിന്റെ 1 തസ്തികയുമാണ് നിലവിലുള്ളത്. അതിൽ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഓരോ ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാകുന്നുണ്ട്. ശൂന്യവേതന അവധിയിൽ പ്രവേശിച്ച ഡോക്ടറോട് തിരികെ ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, തിരൂർ ജില്ലാ ആശുപത്രിയിൽനിന്നും ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം ജോലി ക്രമീകരണ വ്യവസ്ഥയിൽ തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഗൈനക്കോളജി തസ്തികകളിലും മറ്റുതസ്തികകളിലുമുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റത്തിലൂടെയും ജൂനിയർ ദന്തൽ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് പ്ലേസ്മെന്റ് മുഖേനയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒഴിവുകൾ നികത്തുന്നതിന് അഡ്ഹോക് വ്യവസ്ഥയിൽ താൽക്കാലികമായി നിയമനം നടത്തിവരികയും ചെയ്യുന്നു. സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകളിൽ താൽക്കാലികമായി നിയമനം നടത്തിയിട്ടുണ്ട്. സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -1 തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡയാലിസിസ് ടെക്നീഷ്യൻ

തസ്തികയിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഹോമിയോപ്പതി വകുപ്പിലെ ഒഴിവുകൾ**

216(242) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ 12-05-2016-നുശേഷം എറണാകുളം ജില്ലയിൽ അറ്റൻഡർ ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഹോമിയോപ്പതി വകുപ്പിൽ 12-05-2016-നുശേഷം എറണാകുളം ജില്ലയിൽ അറ്റൻഡർ ഗ്രേഡ് II തസ്തികയിൽ 22 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

(ബി) നിലവിൽ എറണാകുളം ജില്ലയിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ എറണാകുളം ജില്ലയിൽ അറ്റൻഡർ ഗ്രേഡ് II തസ്തികയിൽ ഒഴിവുകളില്ല.

(സി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആയവ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ എറണാകുളം ജില്ലയിൽ അറ്റൻഡർ ഗ്രേഡ് II തസ്തികയിൽ ഒഴിവുകളില്ല.

**ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ**

**അദ്ധ്യാപക നിയമനം**

217(243) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ യു.ജി.സി. മാനദണ്ഡം പ്രാബല്യത്തിൽ വരുന്നതിനുമുമ്പും ആയതിനുശേഷവും ഓരോ വിഭാഗത്തിലെയും അദ്ധ്യാപക തസ്തികകളിലെ നിയമനവും നിയമനപ്രക്രിയയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

അദ്ധ്യാപക തസ്തികയിലെ സ്ഥിര നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നടത്തിവരുന്നു.

(ബി) ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ നിലവിൽ വന്നതുമുതൽ ഓരോ വിഭാഗത്തിലെയും ട്യൂട്ടർ/അസിസ്റ്റന്റ് പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ എന്നിവരുടെ നിയമനം സംബന്ധിച്ച വിശദാംശം നൽകാമോ; നിലവിലെ സ്ഥിതി അറിയിക്കാമോ; ദീർഘകാലമായി അദ്ധ്യാപക തസ്തികകളിലെ ഒഴിവ് നികത്താതിരിക്കുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

I. ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് നിലവിൽവന്നതുമുതൽ ഓരോ വിഭാഗത്തിലും താഴെപ്പറയും പ്രകാരം നിയമനം നൽകിയിട്ടുണ്ട്.

1. <u>മെറ്റീരിയ മെഡിക്ക</u>:- പി.എസ്.സി. മുഖാന്തരം 19 പേർക്ക് ട്യൂട്ടർ തസ്തികയിലും ഒരാൾക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.

2. <u>ഓർഗനോൺ ഓഫ് മെഡിസിൻ</u>:- പി.എസ്.സി. മുഖാന്തരം 15 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

3. ഫാർമസി വകുപ്പ്:- പി.എസ്.സി. മുഖാന്തരം 6 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

4. അനാട്ടമി വകുപ്പ്:- പി.എസ്.സി. മുഖാന്തരം 10 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

5. ഫിസിയോളജി & ബയോകെമിസ്ട്രി വകുപ്പ്:- പി.എസ്.സി. മുഖാന്തരം 10 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

6. പത്തോളജി & മൈക്രോബയോളജി വകുപ്പ്:- പി.എസ്.സി. മുഖാന്തരം 8 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്

7. കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ്: പി.എസ്.സി. മുഖാന്തരം 8 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

8. ഫോറൻസിക് മെഡിസിൻ & ടോക്സിക്കോളജി: പി.എസ്.സി. മുഖാന്തരം 6 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

9. പ്രാക്ടീസ് ഓഫ് മെഡിസിൻ വകുപ്പ്: പി.എസ്.സി. മുഖാന്തരം 11 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

10. കേസ് ടേക്കിംഗ് & റെപ്പർട്ടറി വകുപ്പ്: പി.എസ്.സി. മുഖാന്തരം 8 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

11. ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വകുപ്പ്: പി.എസ്.സി. മുഖാന്തരം 6 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

12. സർജറി വകുപ്പ്: പി.എസ്.സി. മുഖാന്തരം 5 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

മേൽപ്രകാരം ട്യൂട്ടർ തസ്തികയിൽ നിയമനം നൽകുകയും തുടർന്ന് ഒഴിവുകൾക്കനുസരിച്ച് ലെക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ, റീഡർ/ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്ക് ഉദ്യോഗകയറ്റം നൽകുകയുമുണ്ടായി.

II. നിലവിലെ സ്ഥിതി:

താഴെപ്പറയുന്ന വകുപ്പുകളിൽ, താഴെപ്പറയുന്ന തസ്തികകളിൽ ഒഴിവുണ്ട്.

1. മെറ്റീരിയ മെഡിക്ക:

അസോസിയേറ്റ് പ്രൊഫസർ - 4 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 5 ഒഴിവ്

2. ഓർഗനോൺ ഓഫ് മെഡിസിൻ:

അസോസിയേറ്റ് പ്രൊഫസർ - 3 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 6 ഒഴിവ്

3. ഫാർമസി വകുപ്പ്:

അസോസിയേറ്റ് പ്രൊഫസർ - 1 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

4. അനാട്ടമി വകുപ്പ്:

അസോസിയേറ്റ് പ്രൊഫസർ - 2 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

പ്രൊഫസർ - 1 ഒഴിവ്

5. ഫിസിയോളജി & ബയോകെമിസ്ട്രി വകുപ്പ്:

അസോസിയേറ്റ് പ്രൊഫസർ - 1 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

പ്രൊഫസർ - 1 ഒഴിവ് (പ്രൊമോഷൻ വഴി നികത്തണം)

6. പത്തോളജി വകുപ്പ്:

പ്രൊഫസർ - 2 ഒഴിവ്

അസോസിയേറ്റ് പ്രൊഫസർ - 2 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

7. കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ്:

പ്രൊഫസർ - 2 ഒഴിവ് (പ്രൊമോഷൻ വഴി നികത്തണം)

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

8. ഫോറൻസിക് മെഡിസിൻ & ടോക്സിക്കോളജി:

അസോസിയേറ്റ് പ്രൊഫസർ - 1 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

9. പ്രാക്ടീസ് ഓഫ് മെഡിസിൻ:

അസോസിയേറ്റ് പ്രൊഫസർ - 1 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 3 ഒഴിവ്

10. <u>കേസ് ടേക്കിംഗ് & റെപ്പർട്ടറി വകുപ്പ്</u>:

അസോസിയേറ്റ് പ്രൊഫസർ - 3 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 4 ഒഴിവ്

11. <u>ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി</u>:

പ്രൊഫസർ - 2 ഒഴിവ് (1 പ്രൊമോഷൻ വഴി നികത്തണം.)

അസോസിയേറ്റ് പ്രൊഫസർ - 1 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

12. <u>സർജറി വകുപ്പ്</u>:

പ്രൊഫസർ - 1 ഒഴിവ്

അസോസിയേറ്റ് പ്രൊഫസർ - 2 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകളും കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പത്തോളജി വകുപ്പിലെ പ്രൊഫസർ തസ്തികയിലെ ഒഴിവുമൊഴികെ മറ്റെല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബഹു. കോടതിയിൽ കേസ് നിലനിന്നതിനാലാണ് കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗം പ്രൊഫസർ തസ്തിക ഒഴിവ് റിപ്പോർട്ട് ചെയ്യാൻ വൈകിയത്. ടി ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

III. 16-07-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം 324/2013/എച്ച്.&എഫ്.ഡബ്ല്യു.ഡി. പ്രകാരം സെന്റർ കൗൺസിൽ ഓഫ് ഹോമിയോപ്പതിയുടെ മാനദണ്ഡം അനുസരിച്ച് തിരുവനന്തപുരം/കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ ട്യൂട്ടർ തസ്തിക അബോളിഷ് ചെയ്ത് അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സൃഷ്ടിക്കുകയുണ്ടായി. ആ സമയത്തെ സ്പെഷ്യൽ റൂളിൽ

ബി.എച്ച്.എം.എസ്. ആയിരുന്നു അടിസ്ഥാന യോഗ്യത. സി.സി.എച്ച്. റൂൾ പ്രകാരം അസിസ്റ്റന്റ് പ്രൊഫസറുടെ അടിസ്ഥാന യോഗ്യത ബി.എച്ച്.എം.എസ്. എം.ഡി (ഹോമിയോ) ആവുകയും ആയതനുസരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തേണ്ടതുമുണ്ടായിരുന്നു. അസിസ്റ്റന്റ് പ്രൊഫസറുടെ നിയമന നടപടികൾക്കായി സ്പെഷ്യൽ റൂൾ രൂപീകൃതമായത് 11-03-2019-ലെ ജി.ഒ.(പി) നം 6/2019/ആയുഷ് പ്രകാരമാണ്. ആയതുപ്രകാരം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി സംബന്ധിച്ച് കോടതി കേസ് ഉണ്ടാവുകയും നിയമന നടപടികൾ നീണ്ടുപോവുകയുമുണ്ടായി. ഇപ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുവന്ന കാലതാമസവും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിന്നിരുന്നതിനാലുമാണ് പി.എസ്.സി. മുഖേന നിയമന നടപടികൾ വൈകിയത്. അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ നികത്താത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാർതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; ഇതുമൂലം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളുടെ അഫിലിയേഷൻ നഷ്ടമാകുമെന്ന തരത്തിലുള്ള ഗൗരവതരമായ ആക്ഷേപം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം നടക്കുന്നതുവരെ കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നടത്തിവരുന്നു. കൂടാതെ തിരുവനന്തപുരം/കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പത്തോളജി വകുപ്പിൽ റീ എംപ്ലോയ്മെന്റ് മുഖേന ഓരോ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ അനാട്ടമി വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും സർജറി വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും

ഗൈനക്കോളജി വകുപ്പിൽ പ്രൊഫസർ തസ്തികയിലും റീ എംപ്ലോയ്മെന്റ് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി ഡോക്ടറുടെ നിയമനം**

218(245) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗത്തിലെ ജൂനിയർ കൺസൾട്ടന്റ് പ്രസവാവധിയിലായതിനാൽ പകരം ഡോക്ടറെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ തിരൂർ ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റിനെ നിയമിച്ചുകൊണ്ട് 05-12-2023-ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ പുറത്തിറക്കിയ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടി വൈകുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) ഉണ്ട്. പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ഓങ്കോളജി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) 05-12-2023-ലെ എ 1-1885/2023

ഉത്തരവുപ്രകാരം ഒരു ജൂനിയർ കൺസൾട്ടന്റിനെ (ഓങ്കോളജി) പ്രസ്തുത ആശുപത്രിയിൽ തിരൂർ ജില്ലാ ആശുപത്രിയിൽനിന്നും നിയമിച്ചിരുന്നു. ടി മെഡിക്കൽ ഓഫീസറെ തിരൂർ ജില്ലാ ആശുപത്രിയിൽനിന്നും 23-01-2024-ന് വിടുതൽ ചെയ്യുകയും 25-01-2024-ന് ടിയാൻ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ജോലിക്ക് ഹാജരാകുകയും ചെയ്തിട്ടുണ്ട്.

**കാസർകോട് ജില്ലയിലെ ആരോഗ്യ-വനിത-ശിശുവികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ**

219 (246) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യ-വനിത-ശിശുവികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര തസ്തികകൾ വീതം അനുവദിച്ചിട്ടുണ്ടെന്ന് ഓഫീസും തസ്തികയും തിരിച്ചു വ്യക്തമാക്കുമോ;

(സി) എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് ഓഫീസും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എത്ര കാലമായി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് ഓഫീസും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ?

(എ-ഡി) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കാസർഗോഡ് മെഡിക്കൽ കോളേജും സർക്കാർ നഴ്സിംഗ് കോളേജും പ്രവർത്തിക്കുന്നു. കാസർഗോഡ് നിയോജകമണ്ഡലത്തിലാണ് പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ആരോഗ്യ വകുപ്പിന് കീഴിൽ 60 സ്ഥാപനങ്ങൾ നിലവിലുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിൽ 2020-ൽ 182 നോൺ ടീച്ചിംഗ് സ്റ്റാഫും 91 ടീച്ചിംഗ് സ്റ്റാഫും 2023-ൽ ഒരു ടീച്ചിംഗ് സ്റ്റാഫും ഉൾപ്പെടെ 274 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കാസർഗോഡ് സർക്കാർ നഴ്സിംഗ് കോളേജിൽ 2023-ൽ 7 സ്ഥിരം തസ്തികകളും (ടീച്ചിംഗ് -3, നോൺ ടീച്ചിംഗ് -4,) 6 താൽക്കാലിക തസ്തികകളും (ടീച്ചിംഗ് -2, നോൺ ടീച്ചിംഗ് -4,) സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള

തസ്തികകൾ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കാസർഗോഡ് ജില്ലയിലെ ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശം, തസ്തികകളുടെ വിവരം, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു+.

കാസർഗോഡ് ജില്ലയിലെ ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മണ്ഡലം തിരിച്ചുള്ള സ്ഥാപനങ്ങൾ, തസ്തികകൾ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എന്നിവയുടെ വിശദാംശം അഅനുബന്ധമായി ചേർക്കുന്നു+.

കാസർഗോഡ് ജില്ലയിലെ ഹോമിയോപ്പതി ഡയറക്ടറേറ്റിന്റ നിയന്ത്രണത്തിലുള്ള മണ്ഡലം തിരിച്ചുള്ള സ്ഥാപനങ്ങൾ, തസ്തികകൾ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

കാസർഗോഡ് ജില്ലയിലെ വനിതാ-ശിശുവികസന വകുപ്പിന്റെ കീഴിലുള്ള മണ്ഡലം തിരിച്ചുള്ള സ്ഥാപനങ്ങൾ, തസ്തികകൾ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താത്തത് എന്തുകൊണ്ടാണെന്നും എപ്പോൾ നികത്തുമെന്നും ഓഫീസും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ?

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിലെ 50% തസ്തികകളിൽ നിയമനം നടത്തുന്നതിനും മെഡിക്കൽ കോളേജ് പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ബാക്കിയുള്ള തസ്തികകളിൽക്കൂടി നിയമനം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ സീനിയർ കൺസൾട്ടന്റ് തസ്തികയിലെയും കൺസൾട്ടന്റ് തസ്തികയിലെയും ഒഴിവുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാനക്കയറ്റത്തിലൂടെയും ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പ്ലേസ്മെന്റ് മുഖേനയും നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

റേഡിയോഗ്രാഫർ തസ്തികയുടെ 2023 വർഷത്തിലെ പൊതുസ്ഥലമാറ്റം മുഖേന 16-06-2023 മുതൽ 3 തസ്തികകളിൽ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ടി തസ്തികകളിൽ നിയമനം നൽകുന്നതാണ്. ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ടി തസ്തികയിൽ നിയമനം നൽകുന്നതാണ്. ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിൽ കാസർഗോഡ് ജില്ലയിൽ ഒരു തസ്തിക ആർദ്രം പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികയാണ് പ്രസ്തുത തസ്തികയിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ടി തസ്തികയിൽ നിയമനം നൽകുന്നതാണ്. കാസർഗോഡ് ജില്ലയിലെ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകളിൽ പി.എസ്.സി. നിയമനം മുഖേന ഡോക്ടർമാരെ നിയമിക്കുന്നുണ്ട്. എന്നാൽ

ഭൂരിഭാഗം പേരും ഉപരിപഠനം തുടർന്നുവരുന്നവരായതിനാൽ സർവ്വീസിൽ പ്രവേശിച്ച ഉടൻത്തന്നെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച് പഠനം തുടരുകയാണ് ചെയ്തുവരുന്നത്. നിലവിൽ കേരള പി.എസ്.സി.-ൽനിന്നും അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. ആയതിനാൽ എല്ലാ ഒഴിവുകളിലേയ്ക്കും ഉടൻനിയമനം നടത്തുന്നതാണ്. നിലവിൽ ജില്ലാ നഴ്സിംഗ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റത്തിനായി ഫീഡർ തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ജീവനക്കാരില്ല. നഴ്സിംഗ് ട്യൂട്ടറുടെ നാല് ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രിൻസിപ്പാൾ തസ്തികയിൽ നിലവിൽ സ്ഥാനക്കയറ്റത്തിനായി ഫീഡർ തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ജീവനക്കാരില്ല. നഴ്സിംഗ് ഓഫീസർ തസ്തികയിലെ എല്ലാ ഒഴിവുകളും ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിലെ 5 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡിസ്ട്രിക്ട് വെക്ടർ ബോൺ കൺട്രോൾ ഓഫീസർ (ജില്ലാ മലേറിയ ഓഫീസർ)- തസ്തികയിൽ ആകെ 10 ഒഴിവുകളുണ്ട്. ആയതിൽ കാസർഗോഡ് ജില്ലയിൽ ഒരൊഴിവാണ് നിലവിലുള്ളത്. ടി തസ്തികയിലുള്ള നിയമനത്തിനായി ഡി.പി.സി. ലിസ്റ്റ്

ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിലെ 2007-2010 കംബൈൻഡ് സീനിയോരിറ്റി പട്ടിക കേസ് നിലനിൽക്കുന്നു. നിലവിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സീനിയോരിറ്റി പട്ടിക HIC, SIC യോഗ്യതകളുടെ അടിസ്ഥാനത്തിൽ List-1, List-2 എന്നിങ്ങനെ തരംതിരിച്ച് 22-01-2024-ൽ പ്രൊവിഷണൽ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഉടൻത്തന്നെ പ്രൊമോഷന് അർഹരായ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് നിലവിലെ ഒഴിവുകളിൽ പ്രൊമോഷൻ നടപടികൾ ആരംഭിക്കുന്നതാണ്. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ഹെൽത്ത് സൂപ്പർവൈസർ എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതാണ്. ജില്ലയിൽ നിലനിൽക്കുന്ന മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പബ്ലിക് ഹെൽത്ത് നഴ്സ്, പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന

നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ, എം.സി.എച്ച്. (Maternal and child Health Officer), DPHN (District Public Health Nurse) എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യരായിട്ടുള്ള ജീവനക്കാർ നിലവിലില്ല. ആയതിനാലാണ് പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നൽകാൻ സാധിക്കാത്തത്. പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജെ.പി.എച്ച്.എൻ. ഗ്രേഡ്-2-ൽനിന്നും ജെ.പി.എച്ച്.എൻ ഗ്രേഡ്-1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി കാസർഗോഡ് ജില്ലയിൽ ജെ.പി.എച്ച്.എൻ. ഗ്രേഡ്-1 തസ്തികയിലെ ഒഴിവുകൾ നികത്തുകയും ജെ.പി.എച്ച്.എൻ. ഗ്രേഡ്-2 തസ്തികയിൽ നിലവിൽവന്ന ഒഴിവുകൾ പി.എസ്.സി.-ലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർ തസ്തികകളുടെ ഒഴിവ് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം

നടത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസ വേതന വ്യവസ്ഥയിൽ മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാക്കിവരുന്നു. ഫാർമസിസ്റ്റ്, നഴ്സ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-ൽനിന്നും എൻ.എ.സി. ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസ വേതന വ്യവസ്ഥയിൽ നിയമനം നടത്തിവരുന്നു. കുക്ക് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ കത്തയച്ചിട്ടുണ്ട്. സാനിട്ടേഷൻ തസ്തിക നികത്തുന്നതിന് പാർട്ട് ടൈം ജിവനക്കാരുടെ കോമൺ സീനിയോറിറ്റി ലിസ്റ്റ് അയച്ചുതരുന്നതിന് കാസർഗോഡ് കളക്ടർക്ക് ജില്ലാ മെഡിക്കൽ ഓഫീസർ കത്തയച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ, തസ്തികകൾ നികത്താത്തത് സംബന്ധിച്ചും ആയത് എപ്പോൾ നികത്തും എന്നതുസംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവ. താലൂക്ക് ആശുപത്രിയിലെ നിയമനങ്ങൾ**

220(247) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ നഗരസഭയിൽ പ്രവർത്തിക്കുന്ന നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവ. താലൂക്ക് ആശുപത്രിയിൽ വേണ്ടത്ര ഡോക്ടർമാരെയും അനുബന്ധ സ്റ്റാഫുകളെയും നിയമിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ?

ആരോഗ്യവകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അനിവാര്യമായ അധിക തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. 22-09-2021-ലെ സ.ഉ. (കൈ) നം. 168/2021/ആ.കു.വ പ്രകാരം നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് -1, ഫാർമസിസ്റ്റ് -1, ക്ലാർക്ക് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നപക്ഷം പ്രസ്തുത

ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

സ്ഥിരം ജീവനക്കാർക്കുപുറമെ എൻ.എച്ച്.എം., എച്ച്.എം.സി., മുനിസിപ്പാലിറ്റി പ്രോജക്ട്, ജോലി ക്രമീകരണ വ്യവസ്ഥ എന്നിവ മുഖേന നിയമിച്ച ജീവനക്കാരുടെ സേവനവും ടി ആശുപത്രിയിൽ ലഭ്യമാക്കിവരുന്നു.

**അവയവ ദാനം**

221(248) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണം എത്ര; വൃക്ക, കരൾ തുടങ്ങിയ അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം തരംതിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മരണാനന്തര അവയവദാന പദ്ധതിയിൽ പേര് ചേർക്കപ്പെട്ട് അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| അവയവം | കാത്തിരിക്കുന്നവരുടെ എണ്ണം |
|---|---|
| വൃക്ക | 2400 |
| കരൾ | 899 |
| ഹൃദയം | 75 |
| ശ്വാസകോശം | 6 |
| പാൻക്രിയാസ് | 12 |
| ചെറുകുടൽ | 2 |
| **ആകെ** | **3394** |

(ബി) മൃതസഞ്ജീവനി പദ്ധതി നടപ്പിൽവന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഇത്തരത്തിൽ എത്രപേർക്ക് അവയവങ്ങൾ ദാനം നൽകി ജീവൻ നിലനിർത്തിയെന്ന് വ്യക്തമാക്കാമോ?

മൃതസഞ്ജീവനി പദ്ധതി നടപ്പിൽവന്നതിനുശേഷം നാളിതുവരെ മരണാന്തര അവയവദാനത്തിലൂടെ താഴെ പറയുംപ്രകാരം 1063 പേർക്ക് അവയവമാറ്റം നടത്തിയിട്ടുണ്ട്.

വൃക്ക മാറ്റിവയ്ക്കൽ - 636

കരൾ മാറ്റിവയ്ക്കൽ - 299

ഹൃദയം മാറ്റിവയ്ക്കൽ - 77

ശ്വാസകോശം മാറ്റിവയ്ക്കൽ - 4

പാൻക്രിയാസ് മാറ്റിവയ്ക്കൽ - 17

ചെറുകുടൽ മാറ്റിവയ്ക്കൽ - 5

ശ്വാസനാളം മാറ്റിവയ്ക്കൽ - 1

കൈമാറ്റിവയ്ക്കൽ - 24

(സി) പ്രസ്തുത പദ്ധതി സജീവമാക്കാനും സുതാര്യമായ അവയവദാനങ്ങളിലൊന്നുപോലും സാങ്കേതിക പ്രശ്നങ്ങളാൽ വൈകാതിരിക്കുവാനും പരാതികൾ പരിഹരിച്ച് അവയവദാനം സുഗമവും സുതാര്യവുമാക്കാനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് അവയവദാനവും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടക്കുന്നത് 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൺ ആക്ട്,

2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസ് എന്നിവയുടെ അടിസ്ഥാനത്തിലാണ്. ടി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിജ്ഞാപനം വഴി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

മസ്തിഷ്ക മരണാനന്തര അവയവ ദാതാവിൽനിന്നുള്ള അവയവങ്ങളുടെ വിന്യാസം എങ്ങനെയാവണമെന്ന് നിശ്ചയിച്ചുകൊണ്ട് 04-02-2012-ലെ സ.ഉ. (എം.എസ്) നം. 37/2012/ ആ.കു.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്കമരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട് രാജ്യത്തുതന്നെ ആദ്യമായി മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ 19-01-2020-ലെ സ.ഉ. (കൈ) നം. 7/2020/ആ.കു.വ. പ്രകാരം പുറപ്പെടുവിച്ചത് കേരള സർക്കാരാണ്. തുടർന്ന് പല സംസ്ഥാനങ്ങളും ഇത് മാതൃകയാക്കുകയും ചെയ്തിട്ടുണ്ട്.

അവയവദാന കൈമാറ്റ പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനും കൂടാതെ അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ

പ്രവർത്തനങ്ങളും ഒരുകുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയും കേരള സർക്കാരിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (KSOTTO) സ്ഥാപിക്കുകയും ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ ഇൻഫോർറ്റിക് സെന്റർ മുഖേന അവയവദാന കൈമാറ്റ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള രജിസ്ട്രി തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവയവത്തിനുവേണ്ടി കാത്തിരിക്കുന്ന രോഗികളുടെ പേര് ചേർക്കൽ, മുൻഗണനാടിസ്ഥാനത്തിലുള്ള അവയവ വിന്യാസം, അവയവമാറ്റത്തിനുശേഷമുള്ള രോഗികളുടെ അതീജീവനം എന്നിവയുടെ കണക്ക് വിവരങ്ങൾ ഈ രജിസ്ട്രി മുഖേന ശേഖരിക്കുവാൻ കഴിയും. അവയവദാന രംഗത്ത് സമഗ്രമാറ്റം കൊണ്ടുവരുന്നതിനുവേണ്ടി പ്രോട്ടോക്കോൾ, നയങ്ങൾ, മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് വിദഗ്ധ പ്രവർത്തന സംഘവും (Expert Working Group) അനുബന്ധമായി ഓരോ അവയവങ്ങൾക്കും പ്രത്യേകം വൈദഗ്ധ്യമുള്ളവരുടെ കമ്മിറ്റികളും രൂപീകരിച്ച് 12-05-2023-ലെ സ.ഉ.

(സാധാ) നം. 1134/2023/ആ.കു.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അവയവമാറ്റ ശസ്ത്രക്രിയ**

222(249) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സർക്കാർ ആശുപത്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം

2. മെഡിക്കൽ കോളേജ്, ആലപ്പുഴ

3. മെഡിക്കൽ കോളേജ്, കോട്ടയം

4. മെഡിക്കൽ കോളേജ്, തൃശ്ശൂർ

5. മെഡിക്കൽ കോളേജ്, കോഴിക്കോട്

6. ജനറൽ ആശുപത്രി, എറണാകുളം

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് മെഡിക്കൽ കോളേജിൽ പുതുതായി തുടങ്ങിയ പി.എം.എസ്.വൈ. ബ്ലോക്കിൽ കരൾ മാറ്റശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിവരുന്നു. ആവശ്യമായ ഉപകരണങ്ങളും ജീവനക്കാരും സജ്ജമാകുന്ന മുറയ്ക്ക് കരൾ മാറ്റശസ്ത്രക്രിയ ആരംഭിക്കാൻ സാധിക്കുന്നതാണ്.

(സി) കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ ഏതൊക്കെ ജില്ലകളിൽനിന്നും രോഗികൾ എത്തുന്നുവെന്നും ആഴ്ചയിൽ എത്ര സർജറികൾ നടക്കുന്നുണ്ടെന്നും ഏതൊക്കെ ദിവസങ്ങളിലാണ് സർജറി നടത്തുന്നതെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽനിന്നും അയൽ

സംസ്ഥാനങ്ങളിലെ ഗൂഡല്ലൂർ, കോയമ്പത്തൂർ എന്നിവിടങ്ങളിൽനിന്നും രോഗികൾ എത്തുന്നുണ്ട്. ചൊവ്വ, വെള്ളി, ശനി ദിവസങ്ങളിൽ ഒരു ഓപ്പറേഷൻ ടേബിൾ സൗകര്യമാണ് നിലവിൽ സർജറിക്കായി ലഭ്യമായിട്ടുള്ളത്. ലഭ്യമായ 3 തിയേറ്ററുകളിൽ ആകെ 9 പേർക്ക് സർജറി നടത്താനുള്ള സൗകര്യമാണ് ഇപ്പോൾ നിലവിലുള്ളത്.

(ഡി) സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ ഒരു എം.സി.എച്ച്. കോഴ്സ് നടത്തുന്നതിന് അനുമതി ലഭിച്ചിരുന്നോയെന്ന് വിശദമാക്കാമോ; അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ എന്നാണ് ലഭിച്ചതെന്നും പ്രസ്തുത കോഴ്സ് ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ എം.സി.എച്ച്. കോഴ്സ് ആരംഭിക്കുന്നതിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ അഫിലിയേഷൻ, നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതിപത്രം എന്നിവ ലഭിക്കുന്ന മുറയ്ക്ക് കോഴ്സ് ആരംഭിക്കാവുന്നതാണ്.

**മുൻഗണന റേഷൻ കാർഡിലുൾപ്പെട്ടവരുടെ ചികിൽസ ആനുകൂല്യം**

223(250) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര, ആർ.സി.സി. തുടങ്ങിയ ആശുപത്രികളിൽ മുൻഗണന റേഷൻ കാർഡിലുൾപ്പെട്ട അംഗങ്ങൾക്ക് ചികിൽസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര, ആർ.സി.സി. തുടങ്ങിയ ആശുപത്രികളിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തരം നടപ്പിലാക്കി വരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യകിരണം എന്നീ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP): RSBY,CHIS മുതലായ മുൻആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ അംഗങ്ങളായിരുന്നവരും 2018-19

സാമ്പത്തിക വർഷം വരെ പ്രസ്തുത പദ്ധതി മുഖാന്തരം ലഭിച്ചിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കിയിട്ടുള്ളവരുമായ (APL/BPL വ്യത്യാസമില്ലാതെ) എല്ലാ കുടുംബങ്ങളും പദ്ധതി ഗുണഭോക്താക്കളാണ്. യോഗ്യരായ കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 5 ലക്ഷം രൂപവരെയുള്ള ചികിത്സാ സേവനങ്ങൾ പദ്ധതിയിൻ കീഴിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള പൊതു/സ്വകാര്യ ആശുപത്രികളിൽനിന്നും സൗജന്യമായി ലഭിക്കും.

കാരുണ്യ ബെനവലന്റ് ഫണ്ട്: വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കുറവുള്ളവരും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കളല്ലാത്തവരും സർക്കാർ ഉദ്യോഗസ്ഥർ, അവരുടെ ആശ്രിതർ/ ആദായ നികുതി ദായകർ എന്നിവരല്ലാത്തവരുമായ എല്ലാ കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതി മുഖാന്തരം സേവനം ലഭ്യമാണ്. യോഗ്യരായ കുടുംബത്തിന് 2 ലക്ഷം രൂപവരെയുള്ള ചികിത്സാ സേവനങ്ങൾ പദ്ധതിയുടെ കീഴിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള പൊതു/സ്വകാര്യ ആശുപത്രികളിൽനിന്നും സൗജന്യമായി ലഭിക്കും. വൃക്ക രോഗങ്ങളുടെ

ചികിത്സയ്ക്ക് അധികമായി ഒരു ലക്ഷം രൂപകൂടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യകിരണം പദ്ധതി: സംസ്ഥാനത്ത് സ്ഥിരതാമസക്കാരായിട്ടുള്ള ഒരു വയസ്സ് മുതൽ പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. കുട്ടികളുടെ മാതാപിതാക്കൾ കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരോ ആദായ നികുതി ദായകരോ ആകാൻ പാടില്ല. ഒരു വയസ്സിൽ താഴെയുള്ള കുട്ടികളുടെ ചികിത്സ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ജനനി ശിശു സുരക്ഷാ കാര്യക്രം (JSSK) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്. പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതിപ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കും. എ.പി.എൽ./ബി.പി.എൽ.

വ്യത്യാസമില്ലാതെയാണ് പരിഗണന. ഈ പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. മേൽപദ്ധതികൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**മരുന്ന് കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക**

224(251) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്ന് വാങ്ങിയതിൽ മരുന്ന് കമ്പനികൾക്ക് കൊടുക്കാനുള്ള നിലവിലെ കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകാമോ?

സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്ന് വാങ്ങിയതിൽ മരുന്ന് കമ്പനികൾക്ക് നിലവിൽ 417.21 കോടി രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാരുണ്യ ഫർമസിക്ക് ആവശ്യമുള്ള മരുന്ന് വാങ്ങിയതിൽ മരുന്ന് കമ്പനികൾക്ക് കൊടുക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകാമോ?

കാരുണ്യ ഫാർമസിക്ക് ആവശ്യമുള്ള മരുന്ന് വാങ്ങിയതിൽ മരുന്ന് കമ്പനികൾക്ക് നിലവിൽ 98.59 കോടി രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്.

(സി) ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങാൻവേണ്ടി കെ.എം.എസ്.സി.എൽ.-ന് കഴിഞ്ഞ മൂന്ന് വർഷം നൽകിയ തുകയുടെ വിശദാംശങ്ങൾ നൽകാമോ?

2020-2021, 2021-2022, 2022-2023 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മാതൃക ഇൻവോയ്സുകൾക്ക് ആനുപാതികമായി 171,82,03,649/- രൂപ കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

(ഡി) എത്ര രൂപയുടെ മരുന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കോർപ്പറേഷന് ലഭ്യമായ 171.82 കോടി രൂപയിൽ ഇനി വിതരണം ചെയ്യാനുള്ള 16,64,30,547/- രൂപയുടെ മരുന്നുകൾക്കുപുറമെ കഴിഞ്ഞ മൂന്ന് മാസത്തിന് മുമ്പുവരെ ലഭിച്ച പ്രൊഫോമകൾക്ക് ഉൾപ്പെടെ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവയിൽ ഈ ആഴ്ചതന്നെ പർച്ചേസ് ഓർഡർ നൽകുന്നതാണ്.

**നൈട്രൈൽ ഗ്ലൗസുകൾ**

225(252) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ജേക്കബ്ബ് സയന്റിഫിക്സ് എന്ന സ്ഥാപനം നൈട്രൈൽ ഗ്ലൗസുകൾ നൽകാൻ താല്പര്യം അറിയിച്ചുകൊണ്ട് 04-06-2021-ൽ ഇ-മെയിൽ അയച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഇ-മെയിലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്, ജേക്കബ്ബ് സയന്റിഫിക്സ് എന്ന സ്ഥാപനം Non Sterile Powder

Free Latex Exam (Small, Medium, Large) ഗ്ലൗസുകളും Non Sterile Powder Free Nitrile Exam (Small, Medium, Large, XL) ഗ്ലൗസുകളും നൽകാൻ താല്പര്യം അറിയിച്ചുകൊണ്ട് 04-06-2021-ൽ ഇ-മെയിൽ അയച്ചിട്ടുണ്ട്. പ്രസ്തുത ഇ–മെയിലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത സ്ഥാപനം എത്ര രൂപ നിരക്കിൽ എത്ര നൈട്രൈൽ ഗ്ലൗസുകൾ വരെ നൽകാനാണ് താല്പര്യം അറിയിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനം 04-06-2021-ൽ നൽകിയ ഇ-മെയിൽ പ്രകാരം Non sterile powder free Latex Exam Gloves (Small, Medium, Large) 7.85 രൂപ + 12 % GST നിരക്കിൽ 7.40 ലക്ഷം എണ്ണവും Non Sterile Powder Free Nitrile Exam Gloves (Small, Medium, Large, XL) Rs.8.85 + 12% GST നിരക്കിൽ 25 ലക്ഷം എണ്ണവും QUOTE ചെയ്ത് നൽകാമെന്ന് അറിയിച്ചു.

(ഡി) എത്ര ദിവസംകൊണ്ട് നൈട്രൈൽ ഗ്ലൗസുകൾ ലഭ്യമാക്കാമെന്നാണ് ജേക്കബ്ബ് സൈന്റിഫിക്സ് എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ.-ന് ഉറപ്പ് നൽകിയത് ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്പനി നിരക്കുകൾ QUOTE ചെയ്ത ഇ-മെയിൽ സന്ദേശത്തിൽ ഇത്ര ദിവസത്തിനുള്ളിൽ Non sterile powder free Latex Exam (Small, Medium, Large) ഗ്ലൗസുകൾ നൽകാമെന്ന് പറയുന്നില്ല. എന്നാൽ അവരുടെ കൈവശമുള്ള Immediate stock സപ്ലൈ ചെയ്യാമെന്നാണ് കെ.എം.എസ്.സി.എൽ.-നെ ഉറപ്പ് അറിയിച്ചത്.

(ഇ) ഇതുസംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ലെറ്റർ ഓഫ് ഇൻഡൻറ് (LOI) നൽകാത്തതിനാൽ ഇതുസംബന്ധിച്ച നോട്ട് ഫയൽ തയ്യാറാക്കിയിട്ടില്ലെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**നിയമവിരുദ്ധമായി എംബാമിംഗ്**

226(253) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മരണപ്പെടുന്ന അതിഥി തൊഴിലാളികളുടെ മൃതദേഹം കേടുകൂടാതെ എംബാം ചെയ്ത് നാട്ടിലേയ്ക്ക് അയയ്ക്കുന്നതിന്റെ മറവിൽ സ്വകാര്യ ഏജൻസികൾ നടത്തുന്ന സാമ്പത്തിക തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ അനാട്ടമി വിഭാഗത്തിന് മാത്രമുള്ള അധികാരം സ്വകാര്യ ഏജൻസികൾ ദുരുപയോഗം ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് മരണപ്പെടുന്ന അതിഥി തൊഴിലാളികളുടെ മൃതദേഹം കേടുകൂടാതെ എംബാം ചെയ്ത് നാട്ടിലേയ്ക്ക് അയയ്ക്കുന്നത് സംബന്ധിച്ച് സ്വകാര്യ ഏജൻസികൾ സാമ്പത്തിക തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ മൃതദേഹം എംബാം ചെയ്യുന്ന ജോലികൾ അനാട്ടമി വകുപ്പ് മേധാവിയുടെ കൃത്യമായ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്.

**കെ.എം.എസ്.സി.എൽ. മരുന്നുകൾ വാങ്ങിയ നടപടി**

227(254) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-23 വരെയുള്ള കാലയളവിൽ എത്ര ഇനം മരുന്നുകൾക്ക് സർക്കാർ ആശുപത്രികൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്

ഇൻഡന്റ് നൽകിയെന്നും കെ.എം.എസ്.സി.എൽ. എത്ര ഇനങ്ങൾക്ക് ഓർഡർ നൽകിയെന്നും വർഷം തിരിച്ച് വിവരം നൽകാമോ?

2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ സർക്കാർ ആശുപത്രികളിൽനിന്നും ഇൻഡന്റ് ലഭിച്ച ഇനങ്ങളുടെയും അതിൽ വിതരണോത്തരവ് നൽകിയ ഇനങ്ങളുടെയും എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ മരുന്ന് സംഭരണ വിതരണത്തിനായി ഉപയോഗിക്കുന്ന കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ ഡി.ഡി.എം.എസ്.-ൽനിന്നും ശേഖരിച്ചത് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത കാലയളവിൽ എത്ര സ്ഥാപനങ്ങൾ, ഓർഡർ ചെയ്ത മരുന്നുകൾ 60 ദിവസത്തിനുള്ളിൽ നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ലെന്ന് വ്യക്തമാക്കാമോ?

2016-2017, 2017-18 കാലയളവിൽ ദർഘാസ് നിബന്ധനപ്രകാരം വിതരണോത്തരവ് നൽകുന്ന അളവിന്റെ 50% നാൽപ്പത്തിയഞ്ച് ദിവസത്തിനുള്ളിലും 100% അറുപത് ദിവസത്തിനുള്ളിലും പൂർത്തിയാക്കണമെന്നതാണ് ദർഘാസ് വ്യവസ്ഥ. എന്നാൽ 2018-19 മുതൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിതരണോത്തരവ് അളവിന്റെ 50% അറുപത് ദിവസത്തിനുള്ളിലും 100% എഴുപത് ദിവസത്തിനുള്ളിലും പൂർത്തിയാക്കണമെന്നതാണ് ദർഘാസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ദർഘാസ് നിബന്ധനപ്രകാരം വിതരണം പൂർത്തിയാക്കാത്തവരിൽനിന്നും വിതരണം ചെയ്യാത്ത അളവിന്റെ മൂല്യത്തിന്റെ 0.5% എന്ന നിരക്കിൽ ദിവസേന ഈടാക്കും. അത്തരത്തിൽ പരമാവധി 10% വരെ ഈടാക്കും. ഇത്തരത്തിൽ തുടരെ വിതരണത്തിൽ വീഴ്ചവരുത്തുന്ന കമ്പനികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താറുമുണ്ട്. പ്രസ്തുത കാലയളവിൽ വിതരണത്തിൽ കാലതാമസം വരുത്തിയ കമ്പനികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ കാലയളവിൽ മരുന്ന് കമ്പനികൾ പരമാവധി എത്ര ദിവസം കാലതാമസം വരുത്തിയെന്ന് വിശദമാക്കാമോ?

231 മുതൽ 447 ദിവസം വരെ.

(ഡി) വ്യവസ്ഥകൾ ലംഘിച്ച സ്ഥാപനങ്ങളിൽനിന്ന് പിഴ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. പിഴയിനത്തിൽ 7.24 കോടി രൂപ ഈടാക്കിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ**

228(255) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിവിധ സ്ഥാപനങ്ങളിൽനിന്നും സാമഗ്രികൾ വാങ്ങുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; ഇതുസംബന്ധിച്ച നടപടിക്രമങ്ങളുടെ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

സ്ഥാപനങ്ങളിൽനിന്നും സാമഗ്രികൾ വാങ്ങുമ്പോൾ കോർപ്പറേഷനിലെ വിവിധ വിഭാഗങ്ങൾ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

അവശ്യ മരുന്ന് വിഭാഗം: ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, ജയിൽ, ആശുപത്രികൾ എന്നീ സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ് ക്രോഡീകരിച്ച് ദേശീയതലത്തിൽ മത്സരാധിഷ്ഠിത ഇ-ദർഘാസുകൾ ക്ഷണിക്കുന്നു. കോർപ്പറേഷന്റെ

ഔദ്യോഗിക വെബ്സൈറ്റിലും ഇ-ടെണ്ടർ പോർട്ടലിലും പ്രസിദ്ധപ്പെടുത്തുന്ന ടെണ്ടർ ഡോക്യുമെന്റിൽ പ്രസ്തുത ദർഘാസിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യതകൾ, ടെണ്ടർ ഡോക്യുമെന്റിന്റെ വില, നിരതദ്രവ്യം, ദർഘാസ് ചെയ്യുന്ന മരുന്നുകളുടെ സ്പെസിഫിക്കേഷൻ, ഷെൽഫ് ലൈഫ്, ദർഘാസ് അളവ് തുടങ്ങിയവ ഉൾപ്പെടുത്താറുണ്ട്. കൂടാതെ ദർഘാസിൽ പങ്കെടുക്കുന്ന സ്ഥാപനം സമർപ്പിക്കേണ്ട സാങ്കേതിക പ്രമാണങ്ങൾ, പ്രൈസ് ബിഡ് തുടങ്ങിയവയും പരാമർശിക്കാറുണ്ട്.

സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിൽനിന്നുള്ള എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ, ഗവ. ഫാർമസി കോളേജ് വിഭാഗം അദ്ധ്യാപകർ, ആരോഗ്യവകുപ്പിൽനിന്നുള്ള വിദഗ്ദ്ധർ എന്നീ സ്ഥാപനങ്ങളിൽനിന്നും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ നിയോഗിക്കുന്ന ഉദ്യോഗസ്ഥരാണ് ടെക്നിക്കൽ ഡോക്യുമെന്റുകൾ പരിശോധിക്കുന്നത്. കൂടാതെ ദർഘാസിൽ പങ്കെടുക്കുന്ന കമ്പനികളുടെ ഫാക്ടറി 3 വർഷത്തിലൊരിക്കലെന്ന തലത്തിൽ ഡ്രഗ്സ് കൺട്രോളർ നിയോഗിക്കുന്ന എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവി നിയോഗിക്കുന്ന ഗവ. ഫാർമസി

കോളേജ് വിഭാഗം അദ്ധ്യാപകരും ഉൾപ്പെട്ട ടീം പരിശോധന നടത്താറുണ്ട്. ഇതിനുപുറമെ സാമ്പിൾ പരിശോധന ആവശ്യമുള്ള ചിലയിനം സാധന സാമഗ്രികളുടെ സാമ്പിളുകളും (കമ്പനിയുടെ പേരും കമ്പനിയെ സംബന്ധിച്ച മറ്റുവിവരങ്ങളും നീക്കം ചെയ്ത - മാസ്ക് ചെയ്ത സാമ്പിളുകൾ) വിദഗ്ധരെകൊണ്ട് പരിശോധന നടത്താറുണ്ട്. അത്തരത്തിൽ സാങ്കേതിക പരിശോധനയിൽ യോഗ്യത നേടുന്ന കമ്പനികളുടെ മാത്രം പ്രൈസ് ബിഡ് തുറന്ന് പരിശോധിച്ച്, അതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിട്ടുള്ള കമ്പനികളുടെ വിവരങ്ങളും കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താറുണ്ട്. മേൽസൂചിപ്പിച്ച പ്രകാരം ദർഘാസിൽ എൽ 1 ആകുന്ന കമ്പനികൾക്കാണ് ലെറ്റർ ഓഫ് ഇൻഡന്റ് നൽകുന്നത്. പ്രസ്തുത കമ്പനികൾ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടേണ്ടതും നിശ്ചിത തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി (നിലവിൽ കരാർ തുകയുടെ 3%) കോർപ്പറേഷനിൽ സമർപ്പിക്കേണ്ടതുമാണ്. ലെറ്റർ ഓഫ് ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം (മൂന്നോ നാലോ തവണയായി) വിതരണോത്തരവുകൾ നൽകാറുണ്ട്. വിതരണോത്തരവുകൾ നൽകിയാൽ

നിശ്ചിത ദിവസത്തിനുള്ളിൽ പ്രസ്തുത കമ്പനികൾ മരുന്ന് വിതരണം നടത്തേണ്ടതുണ്ട്. ഗുണനിലവാരത്തിൽ വീഴ്ച വരുത്തുകയോ യഥാസമയം വിതരണം നടത്താതിരിക്കുകയോ ചെയ്താൽ ദർഘാസുപ്രകാരമുള്ള ശിക്ഷണ നടപടികളും ദർഘാസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എൽ 1 വിതരണം നടത്താത്ത സാഹചര്യത്തിൽ പ്രസ്തുത ഇനം വിതരണം നടത്താൻ സന്നദ്ധത പ്രകടിപ്പിക്കുന്ന എൽ 2/എൽ 3/എൽ 4 വിതരണക്കാരിൽനിന്നും സാമഗ്രികൾ സംഭരിക്കാറുണ്ട്. ടെണ്ടർ ഡോക്യുമെന്റിന്റെ ഒരു പകർപ്പ് ഇതോടൊപ്പം + ഉള്ളടക്കം ചെയ്യുന്നു.

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി: 19-06-2012-ലെ G.O. (MS)NO.186/2012/H&FWD ഉത്തരവിൽ ബ്രാൻഡഡ് മരുന്നുകൾ ടെണ്ടറുകൾ കൂടാതെ സംസ്ഥാനത്തുടനീളം ഗുണമേന്മയോടുകൂടിയ മരുന്നുകൾ ലാഭേച്ഛയില്ലാതെ വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടി കാരുണ്യ മരുന്ന് കമ്പനിക്കാരുടെ ഇടനിലക്കാരെ ഒഴിവാക്കി കമ്പനികളുടെ പ്രതിനിധികളുമായി നേരിട്ട് വിലപേശൽ (NEGOTIATION PROCESS) നടത്തി മരുന്ന് സംഭരിക്കുന്ന രീതിയാണ് നിലവിലുള്ളത്. അതിനായി മാനേജിംഗ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയറക്ടറുടെ മേൽനോട്ടത്തിൽ ഒരു PRICE NEGOTIATION COMMITTEE രൂപകരിച്ചിട്ടുണ്ട്. ടി രീതിയിൽ നെഗോസിയേഷൻ മുഖേന ലഭ്യമാക്കുന്ന നിരക്കുകൾ പ്രൈസ് അപ്രൂവൽ കമ്മിറ്റിക്ക് സമർപ്പിക്കുന്നു. പ്രൈസ് നെഗോസിയേഷൻ കമ്മിറ്റി നൽകിയ നിരക്കുകൾ പ്രൈസ് അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും അനുപ്രകാരം കമ്പനികൾക്ക് Letter Of Indent (LOI) നൽകുകയും ചെയ്യുന്നു. നടപടിക്രമങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

<u>ഉപകരണവിഭാഗം:</u> ഭരണാനുമതി ലഭിക്കുന്ന ഉപകരണങ്ങൾക്ക് സാങ്കേതിക സമിതി അംഗീകരിക്കുന്ന/നിഷ്കർഷിക്കുന്ന സാങ്കേതിക വിവരണ പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ച് ഉപകരണത്തിന്റെ സാങ്കേതിക വിലയിരുത്തൽ നടത്തും. യോഗ്യരായ ദർഘാസിൽനിന്നും L1 ദർഘാസ് കണ്ടെത്തുന്നു. ദർഘാസ് അംഗീകാര സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 2 വർഷം കാലാവധിയുള്ള റണ്ണിംഗ് കോൺട്രാക്ടിൽ ഉപകരണങ്ങളുടെ പട്ടിക പ്രസിദ്ധീകരിക്കും. റണ്ണിംഗ് കോൺട്രാക്ടിലെ ആദ്യം നൽകുന്ന വിതരണ ഉത്തരവിന് മുന്നോടിയായി ലെറ്റർ ഓഫ് ഇൻഡന്റ് (LOI) നൽകുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിന് ആനുപാതികമായി വിതരണക്കാരൻ കരുതൽ ധനവും ഉടമ്പടി കരാറും സമർപ്പിക്കേണ്ടതുണ്ട്. ഇത് സമർപ്പിക്കുന്ന മുറയ്ക്ക് വിതരണക്കാരന് വിതരണ പത്രിക നൽകുന്നു. ആദ്യം നൽകുന്ന വിതരണ പത്രികയ്ക്ക് മാത്രമാണ് LOI നൽകുന്നത്. തുടർന്ന് റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെട്ട ഉപകരണങ്ങൾക്ക് വിതരണ ഉത്തരവ് മാത്രമാണ് നൽകുന്നത്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിവിധ സ്ഥാപനങ്ങളിൽനിന്നും സാധനങ്ങൾ വാങ്ങുമ്പോൾ ലെറ്റർ ഓഫ് ഇൻഡന്റ്, സപ്ലൈ ഓർഡർ/പർച്ചേസ് ഓർഡർ എന്നിവ നിഷ്കർഷിക്കുന്നുണ്ടോ; ഇവയുടെ ആവശ്യകതയെക്കുറിച്ച് വിശദമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അവശ്യമരുന്ന് വിഭാഗവുമായി ബന്ധപ്പെട്ട് ദർഘാസിൽ യോഗ്യത നേടുന്നവർക്ക് ലെറ്റർ ഓഫ് ഇൻഡന്റ് നൽകാറുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കമ്പനി കോർപ്പറേഷനുമായി കരാറിലേർപ്പെടുന്നതും കരുതൽ ധനം സമർപ്പിക്കുന്നതും. തുടർന്ന് മൂന്ന് അല്ലെങ്കിൽ നാല് തവണകളായി പർച്ചേസ് ഓർഡറുകൾ നൽകി മരുന്ന് സംഭരണം നടത്തുന്നു. കോർപ്പറേഷന്റെ

കാരുണ്യ പർച്ചേസ് വിഭാഗം വിവിധ സ്ഥാപനങ്ങൾക്ക് ഓർഡർ നൽകുമ്പോൾ ലെറ്റർ ഓഫ് ഇൻഡൻറ് (LOI) നിഷ്കർഷിക്കാറുണ്ട് ചില അടിയന്തര ഘട്ടങ്ങളിൽ സപ്ലൈ ഓർഡർ എന്ന പേരിലും ലെറ്റർ ഓഫ് ഇൻഡന്റ് (LOI) കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. ഈ ലെറ്റർ ഓഫ് ഇൻഡന്റിൽ (LOI) വിതരണം ചെയ്യേണ്ട മരുന്നിന്റെ പേര്, എണ്ണം, നിരക്ക്, വിതരണം നടത്തേണ്ട സംഭരണശാലയുടെ മേൽവിലാസം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതിൽ കമ്പനികൾ പാലിക്കേണ്ട നിർദ്ദേശങ്ങളും നിബന്ധനകളും (TERMS & CONDITIONS) നൽകിയിട്ടുണ്ട്. ആയതിനാൽ ലെറ്റർ ഓഫ് ഇൻഡന്റിന് (LOI) വളരെ പ്രാധാന്യമുണ്ട്.

(സി) സാൻ ഫാർമ എന്ന സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങിയപ്പോൾ ലെറ്റർ ഓഫ് ഇൻഡന്റ് മാത്രമാണോ നൽകിയതെന്ന് വിശദമാക്കാമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

സാൻ ഫാർമ എന്ന സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങിയപ്പോൾ ലെറ്റർ ഓഫ് ഇൻഡന്റ് (LOI) ആണ് നൽകിയത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങിയപ്പോൾ സപ്ലൈ ഓർഡർ/പർച്ചേസ് ഓർഡർ നൽകിയിരുന്നോയെന്ന് വിശദമാക്കാമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

സാൻ ഫാർമ എന്ന സ്ഥാപനത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 30-03-2020-ന് ലെറ്റർ ഓഫ് ഇൻഡന്റാണ് നൽകിയിരുന്നത്.

**നിപ്പ വൈറസ്**

229(256) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഇടയ്ക്കിടയ്ക്ക് നിപ്പ വൈറസിന്റെ സാന്നിധ്യമുണ്ടായ സാഹചര്യത്തിൽ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ 2018, 2021, 2023 വർഷങ്ങളിൽ നിപ്പ വൈറസ് രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ തുടർന്നും മനുഷ്യരിൽ

നിപ്പ രോഗബാധയുള്ള സാഹചര്യം ഉണ്ടാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിപ്പയുടെ പ്രധാന രോഗലക്ഷണങ്ങളായ Acute Encephalitits Syndrome (AES), SARI എന്നിവയുടെ നിരീക്ഷണം ഫീൽഡ് തലത്തിൽ ശക്തമാക്കിയതിന്റെ ഭാഗമായി നിപ്പ സംശയിക്കുന്ന രോഗികളുടെ സാമ്പിളുകൾ പ്രാഥമിക പരിശോധനക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലെ ലാബിലേയ്ക്ക് അയച്ചുവരുന്നു.

2. 16-09-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2363/2023/H&FWD പ്രകാരം നിപ്പ ചികിത്സ പ്രോട്ടോക്കോൾ പരിഷ്കരിച്ചിട്ടുണ്ട്.

3. ഏകാരോഗ്യ സമീപനത്തിലൂടെ നിപ്പപോലുള്ള സാംക്രമികരോഗങ്ങൾ നിരീക്ഷിക്കുവാൻ നിരീക്ഷണ യൂണിറ്റ് സ്ഥാപിക്കുന്നതിന് മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും കോഴിക്കോട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി മാർഗ്ഗരേഖയിൽ ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വനം വകുപ്പ്,

മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, ഭക്ഷ്യ സുരക്ഷ വകുപ്പ്, ജലസേചന വകുപ്പുകൾ പാലിക്കേണ്ട ചുമതലകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. ഇൻഫെക്ഷൻ കൺട്രോൾ ടീമിന്റെ നേതൃത്വത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ജീവനക്കാർക്ക് തുടർച്ചയായി ട്രെയിനിംഗ് നൽകിവരുന്നു.

5. നിപ്പ രോഗത്തിന്റെ ഉറവിടം കണ്ടെത്തുന്നതിനും നിപ്പ ഗവേഷണത്തിനുമായി "കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ്പ റിസർച്ച്" കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിപ്പ രോഗത്തിന്റെ ഉറവിടം, രോഗപ്പകർച്ച, രോഗത്തിന്റെ നിദാന ശാസ്ത്രം, പ്രതിരോധ മാർഗ്ഗങ്ങൾ, സർവെയിലൻസ് എന്നിവ സംബന്ധിച്ച് പൂനെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയും ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമോളജിയും ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുന്ന ഗവേഷണ പഠനങ്ങളുടെ

ഏകോപനം 'കേരള വൺ ഹെൽത്ത് സെന്റർ ഫോർ റിസർച്ച് ' ലക്ഷ്യം വയ്ക്കുന്നു.

6. 2023-ലെ നിപ്പ ബാധിതരുടെ സമ്പർക്കപ്പട്ടികയിലുള്ളവരുടെ 'സീറോ സർവെയലൻസ്' പഠനം ICMR-മായി ചേർന്ന് ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

7. നിപ്പ ചികിത്സയ്ക്കായുള്ള മോണോക്ലോണൽ ആന്റിബോഡി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പഠനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV) തോന്നയ്ക്കൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി( NIV) പൂനെ, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB) തിരുവനന്തപുരം എന്നിവിടങ്ങളിൽ പുരോഗമിച്ചുവരുന്നു.

(ബി) വൈറസിന്റെ പ്രാഥമിക പരിശോധനയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിപ്പ പരിശോധന സംവിധാനങ്ങൾ (PCR, Truenat) കോഴിക്കോട് മെഡിക്കൽ കോളേജിലെ VRDL ലാബിൽ ലഭ്യമാണ്. ബയോസേഫ്റ്റി ലെവൽ-3 ലാബിന്റെ നിർമ്മാണം 80% പൂർത്തിയായിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ സ്ഥിരം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

സ്ഥിരം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. Integrated Disease Surveillance Programme (IDSP) സംവിധാനം ഉപയോഗിച്ച് ജില്ലാ സർവെയിലൻസ് യൂണിറ്റ് മുഖേന നിരീക്ഷണം നടക്കുന്നുണ്ട്. നിപ്പ ആകാൻ സാധ്യതയുള്ള എല്ലാ കേസ്സുകളിലും (മരണപ്പെട്ടവ ഉൾപ്പെടെ) RTPCR/ TRUENAT ടെസ്റ്റുകൾ കോഴിക്കോട് മെഡിക്കൽ കോളേജ് VRDL ലാബിൽ സ്ഥിരമായി ചെയ്യുന്നുണ്ട്.

**കെ.എം.എസ്.സി.എൽ.- ന്റെ മരുന്ന് വിതരണത്തിലെ ക്രമക്കേട്**

230(257) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (കെ.എം.എസ്.സി.എൽ), സർക്കാർ ആശുപത്രികളിലേയ്ക്ക് കാലാവധി കഴിഞ്ഞതും നിലവാരമില്ലാത്തതിനാൽ വിതരണം മരവിപ്പിച്ചതുമായ മരുന്നുകൾ നൽകി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഇതുസംബന്ധിച്ച സി.എ.ജി.-യുടെ കണ്ടെത്തൽ എന്തായിരുന്നു; ഇതിന് സർക്കാർ നൽകിയ മറുപടി ലഭ്യമാക്കാമോ;

(സി) കാലാവധി കഴിഞ്ഞ മരുന്നുകളിൽ രാസസംയുക്തങ്ങൾക്ക് മാറ്റം സംഭവിക്കുമെന്നതിനാൽ രോഗികളുടെ ജീവൻതന്നെ അപകടത്തിലാക്കുന്നതാണ് കെ.എം.എസ്.സി.എൽ.-ന്റെ ഈ ഗുരുതര പിഴവെന്ന് സി.എ.ജി.-യുടെ കണ്ടെത്തലിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) സി. ആൻഡ് എ.ജി.- യുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## സി.എ.ജി. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നടത്തിയ ഓഡിറ്റ്

231 (258) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ 2021-22 വരെയുള്ള കാലഘട്ടങ്ങളിൽ സി.എ.ജി. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നടത്തിയ ഓഡിറ്റിന്റെ കണ്ടെത്തലുകൾ സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2016-17 മുതൽ 2021-22 വരെയുള്ള കാലഘട്ടങ്ങളിൽ സി.എ.ജി. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നടത്തിയ ഓഡിറ്റിന്റെ കണ്ടെത്തലുകൾ അടങ്ങുന്ന സി.എ.ജി. റിപ്പോർട്ടുകളിലെ ബന്ധപ്പെട്ട ഖണ്ഡികകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

## തിരൂരങ്ങാടി താലൂക്ക് ആശുപത്രിയുടെ കാഷ്വാലിറ്റി ബ്ലോക്കിന്റെ കെട്ടിട നിർമ്മാണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

232(259) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ കിഫ്ബി മുഖേനയുള്ള കാഷ്വാലിറ്റി ബ്ലോക്കിന്റെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ കിഫ്ബി മുഖേന അത്യാഹിത വിഭാഗം കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. നിലവിൽ അടിത്തറ മാത്രമേ നീക്കം ചെയ്യേണ്ടതായി ബാക്കിയുള്ളൂ. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആരാണ് ഉദ്ഘാടനം നിർവ്വഹിച്ചതെന്നും എന്ന് നിർവഹിച്ചുവെന്നും ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്തെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് പ്രവൃത്തി ആരംഭിക്കുന്നതിന്റെ മാനദണ്ഡങ്ങൾ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് മുമ്പായിരുന്നോയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ച് എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതടക്കമുള്ള കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനുമുമ്പ് പ്രവൃത്തിയുടെ ഉദ്ഘാടനം നടത്തിയതിനുള്ള കാരണം എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

(ബി-ഇ) നിർമ്മാണ പ്രവൃത്തിയുടെ ശിലാസ്ഥാപന കർമ്മം 18-02-2021-ൽ ഓൺലൈനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്ന് ലഭിച്ച സാമ്പത്തിക അനുമതി DSR-2016 അടിസ്ഥാനമാക്കിയുള്ളതായതിനാൽ ആയത് DSR-2018 അനുസരിച്ച് പരിഷ്കരിക്കേണ്ടതിനാലും ധനാനുമതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ

മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം ഉൾപ്പെടുത്തി ഭേദഗതി വരുത്തി അംഗീകാരം നേടേണ്ടതിനാലുമാണ് പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസമുണ്ടായത്. കിഫ്ബിയിൽനിന്ന് പുതുക്കിയ ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർ ആശുപത്രികളിലെ അവശ്യ മരുന്നുകളുടെ ലഭ്യത**

233(260) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകൾ ലഭിക്കുന്നില്ലെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള വാർത്തകളുടെ ഉറവിടം എവിടെ നിന്നാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; ഇത്തരം വാർത്തകൾക്കെതിരെ നിയമനടപടി സ്വീകരിക്കുമോ?

ഉണ്ട്. ഇക്കാര്യത്തിൽ നടത്തിയ ഔദ്യോഗിക അന്വേഷണത്തിൽ വാർത്ത ശരിയല്ലെന്ന് ബോധ്യപ്പെടുകയുണ്ടായി. തെറ്റായ

വാർത്തകൾക്കെതിരെ അതത് ഘട്ടങ്ങളിൽ ജനങ്ങളെ ജാഗ്രതപ്പെടുത്തുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**മാവേലിക്കര ജില്ലാ ആശുപത്രി**

234(261) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ 2016 ജൂൺ മുതൽ വിവിധ പദ്ധതികളിലൂടെ അനുവദിച്ച തുകയും അതിന്റെ വിനിയോഗവും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത ആശുപത്രിയിൽ കിഫ്ബി മുഖേന അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ കിഫ്ബി മുഖേനയുള്ള പുതിയ കെട്ടിട നിർമ്മാണത്തിന്റെ തൽസ്ഥിതി അറിയിക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ച് പൂർണ്ണസജ്ജമായി പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി-ഡി) ഇൻകൽ ലിമിറ്റഡ് എസ്.പി.വി.-യായി മാവേലിക്കര ജില്ലാ ആശുപത്രിക്കുവേണ്ടി കിഫ്ബി പദ്ധതിപ്രകാരം ഒരു പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് 16-4-2018-ലെ സർക്കാർ ഉത്തരവ് നം. (ആർ.ടി.) 1247/2018/H&FWD പ്രകാരം 126.55 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 102.79 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഇതിനകം 32% പുരോഗതി കൈവരിച്ചു. 4-ാം നിലയുടെ സ്ട്രക്ച്ചർ പൂർത്തികരിച്ചുവരുന്നു. അനുബന്ധ സിവിൽ പ്രവൃത്തികൾ, MEP പ്രവൃത്തികൾ എന്നിവ എല്ലാ നിലകളിലും നടന്നുവരുന്നു. ഇതിനകം മോർച്ചറി ബ്ലോക്ക് പൂർത്തിയാക്കി ആശുപത്രി അധികാരികൾക്ക് കൈമാറുകയും ആയത് പ്രവൃത്തിച്ചുവരികയുമാണ്. പ്രസ്തുത പദ്ധതി 2024 ജൂൺ മാസത്തോടുകൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പി.പി.ഇ. കിറ്റ്

235(262) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിത ടെക്സ്റ്റ്റ്കോട്ട് എന്ന സ്ഥാപനം, കെ.എം.എസ്.സി.എൽ.-ന് 2020 മാർച്ച് 28-നോ 29-നോ പി.പി.ഇ. കിറ്റ് നൽകാൻ താൽപ്പര്യം അറിയിച്ചുകൊണ്ട് ഇ-മെയിൽ അയച്ചിട്ടുണ്ടോ; പ്രസ്തുത ഇ-മെയിലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനിത ടെക്സ്റ്റ്റ്കോട്ട് എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ.-ന് 2020 മാർച്ച് 28 തീയതിയിൽ പി.പി.ഇ. കിറ്റ് നൽകാൻ താൽപ്പര്യം അറിയിച്ചുകൊണ്ട് ഇ-മെയിൽ അയച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) അനിത ടെക്സ്റ്റ്റ്കോട്ട് എന്ന സ്ഥാപനം 2020 മാർച്ച് 28-ന് എത്ര രൂപ നിരക്കിൽ എത്ര പി.പി.ഇ. കിറ്റുകൾ നൽകാനാണ് താൽപ്പര്യം അറിയിച്ചത്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Rs.550+12% GST നിരക്കിൽ 25000 എണ്ണം പി.പി.ഇ. കിറ്റുകൾ വരെ നൽകാനാണ് താൽപ്പര്യം അറിയിച്ചത്.

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഇ-മെയിലിന്റെ അടിസ്ഥാനത്തിൽ എത്ര പി.പി.ഇ. കിറ്റുകൾ വാങ്ങാനാണ് കെ.എം.എസ്.സി.എൽ. തീരുമാനിച്ചത്; ഇതുസംബന്ധിച്ച പർച്ചേസ് ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

10,000 എണ്ണം പി.പി.ഇ. കിറ്റുകൾ വാങ്ങാനാണ് കെ.എം.എസ്.സി.എൽ. തീരുമാനിച്ചത്. ഇതുസംബന്ധിച്ച ലെറ്റർ ഓഫ് ഇൻഡന്റ് (LOI) -ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) എത്ര ദിവസം കൊണ്ടാണ് 2020 മാർച്ച് 28-ന് നൽകിയ പർച്ചേസ് ഓർഡർപ്രകാരമുള്ള പി.പി.ഇ. കിറ്റുകൾ അനിത ടെക്സ്റ്റ്കോട്ട് എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ.-ന് നൽകിയതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

28 ദിവസംകൊണ്ട് 5000 പി.പി.ഇ. കിറ്റുകളാണ് ആദ്യഘട്ടം എന്ന രീതിയിൽ അനിത ടെക്സ്റ്റൈൽ കോട്ട് എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ.-ന് നൽകിയത്. ബാക്കിയുള്ള 5000 എണ്ണം പി.പി.ഇ. കിറ്റുകൾ പ്രസ്തുത കമ്പനിയിൽനിന്നും വാങ്ങിയിട്ടില്ല. ഇതുസംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബിന് കെട്ടിടം**

236(263) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് ലാബിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി കോട്ടപ്പടിയിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 20 സെന്റ് സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയുംവേഗം ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) ഇതിനായുള്ള ഒരു പ്രൊപ്പോസൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 05-08-2023-ൽ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ ടി വകുപ്പിന്റെ പരിശോധനയിലാണുള്ളത്.

(സി) പ്രസ്തുത പബ്ലിക് ഹെൽത്ത് ലാബിൽ കൂടുതൽ പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

നിലവിൽ മലപ്പുറം ജില്ലാ പബ്ലിക് ഹെൽത്ത് ലാബിൽ clinical pathology, Biochemistry, Microbiology, Serology, Hormone Assey, PCR എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## സ്നേഹപൂർവ്വം പദ്ധതി

237(264) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്നേഹപൂർവ്വം പദ്ധതി വഴി 2023-24 സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു)

സ്നേഹപൂർവ്വം പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 17 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

## എൻഡോസ്കോപിക് ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

238(265) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന ഡിപ്ലോമ ഇൻ എൻഡോസ്കോപിക് ടെക്നോളജി (ഡി.ഇ.റ്റി.) കോഴ്സിന് പി.എസ്.സി.

അംഗീകാരമില്ലാത്തതിനാൽ ഈ കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എൻഡോസ്കോപിക് ടെക്നീഷ്യൻമാരുടെ തസ്തിക മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ടോ ഇല്ലെങ്കിൽ ഇവർ ചെയ്യേണ്ട ജോലികൾ എപ്രകാരമാണ് നിർവ്വഹിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) എൻഡോസ്കോപിക് ടെക്നീഷ്യൻമാരുടെ തസ്തിക മെഡിക്കൽ കോളേജുകളിൽ നിലവിലില്ല. ആശുപത്രി വികസന സമിതി (HDS) മുഖേന ടെക്നീഷ്യന്മാരെ നിയമിച്ചാണ് നിലവിൽ മെഡിക്കൽ കോളജുകളിൽ എൻഡോസ്കോപ്പി ചെയ്തുവരുന്നത്.

(സി) സർക്കാർ നടത്തുന്ന ഈ കോഴ്സ് പൂർത്തീകരിച്ചവരെ എൻഡോസ്കോപിക് ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിച്ച് പി.എസ്.സി. വഴി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

എൻഡോസ്കോപിക് ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസലുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലില്ല.

**വിദേശത്ത് മെഡിക്കൽ കോഴ്സ് പൂർത്തിയാക്കുന്നവരുടെ രജിസ്ട്രേഷൻ**

239(266) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് മെഡിക്കൽ കോഴ്സ് (ഡോക്ടർ) പൂർത്തിയാക്കിയിട്ടുള്ളവരുടെ രജിസ്ട്രേഷൻ നടത്തുമ്പോൾ അപേക്ഷ സമർപ്പിക്കേണ്ടതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) അപേക്ഷ സമർപ്പിച്ച് രജിസ്ട്രേഷൻ പൂർത്തിയായി സർട്ടിഫിക്കറ്റ് അനുവദിക്കാൻ എടുക്കുന്ന സമയപരിധി അറിയിക്കാമോ?

കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ സ്ഥിര/പ്രൊവിഷണൽ രജിസ്ട്രേഷനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ദേശീയ മെഡിക്കൽ കമ്മീഷന്റെ (erstwhile MCI) നിർദ്ദേശപ്രകാരം പ്ലസ്ടു സർട്ടിഫിക്കറ്റ്, നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് പരീക്ഷയുടെ റിസൽട്ട്, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി, എംബസി, ഇന്റേൺഷിപ്പ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്ത സ്ഥാപനം എന്നിവിടങ്ങളിൽ നിന്നുള്ള വെരിഫിക്കേഷൻ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനോടൊപ്പം പാസ്‌പോർട്ട് വിവരങ്ങളുടെ വിശദമായ പരിശോധനയും നടത്തേണ്ടതുണ്ട്. അതതു സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകൾ സ്കൂട്ടിണിക്ക് വിധേയമാക്കിയാണ് താൽക്കാലിക/ സ്ഥിരരജിസ്ട്രേഷൻ അനുവദിക്കുന്നത്. പ്രസ്തുത റിപ്പോർട്ടുകളുടെ ലഭ്യതയെ അടിസ്ഥാനമാക്കിയാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനുള്ള സമയപരിധി എന്നതിനാൽ കൃത്യമായ സമയപരിധി നിശ്ചയിക്കാൻ കഴിയില്ല.

(സി) അപേക്ഷയിൽ പിഴവുണ്ടെങ്കിലോ ആവശ്യമായ രേഖകൾ ഇല്ലായെങ്കിലോ ആ വിവരം സൂചിപ്പിച്ച് അപേക്ഷകരെ അറിയിക്കാറുണ്ടോ; വിശദാംശം നൽകാമോ?

അപേക്ഷയിൽ അപാകതയുള്ളപക്ഷം കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ അപേക്ഷകരുടെ പ്രൊഫൈൽ മുഖേന ഒബ്ജക്ഷൻ അറിയിക്കുകയും ആവശ്യമെങ്കിൽ ഫോൺ/ഇ-മെയിൽ/കത്ത് മുഖേന വിവരങ്ങൾ അറിയിക്കുകയും ചെയ്തുവരുന്നു.

## പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് വിതരണം

240(267) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ കൗൺസിൽ വഴി വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

പാരാമെഡിക്കൽ കൗൺസിൽ വഴി വിതരണം ചെയ്യുന്ന ഡിഗ്രി/ഡിപ്ലോമ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>ഡിഗ്രി കോഴ്സുകൾ</u>

1. BSc Medical Laboratory Technology ( BSc MLT).
2. BSc Medical Radiological Technology ( BSc MRT)
3. BSc Optometry
4. BSc Cardio Vascular Technology
5. BSc Perfusion Technology

6. BSc Medical Microbiology

7. BSc Medical Biochemistry

8. MSc Medical Microbiology

9. MSc Medical Biochemistry

10. MSc Medical Laboratory Technology ( MSc MLT).

ഡിപ്ലോമ കോഴ്സുകൾ

1. Diploma in Medical Laboratory Technology ( DMLT-1 year)

2. Diploma in Medical Laboratory Technology ( DMLT-2 year)

3. Diploma in Radiological Technology ( DRT)

4. Diploma for Certified Radiological Assistant ( DCRA – 1 year)

5. Diploma in Radiological Diagnosis and Radio Theraphy Technician ( DRRT – 3 year)

6. Diploma in Ophthalmic Assistant (DOA – 2 year)

7. Diploma in Cardio Vascular Technology (DCVT – 2 year)

8. Diploma in Neuro Technology (DNT – 2 year)

9. Diploma in Anaesthesia & Operation Theatre Technology

(DOTAT - 2 year)

10. Diploma in Dialysis Technology (DDT - 2 year)

11. Diploma in Endoscopy Technology (DET - 2 year)

12. Diploma in Respiratory Technology (Res T)

13. Diploma in Central Sterile Supply Department Technology (DCSST - 2 year)

14. Post Graduate Diploma in Clinical Child Care Development

(PGDCCD - 2 year)

(ബി) പാരാമെഡിക്കൽ കൗൺസിൽ വഴി വിവിധ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകി മാസങ്ങളായി ഉദ്യോഗാർത്ഥികൾ കാത്തിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകളുടെ അപേക്ഷ ഏത് മാസംവരെ തീർപ്പാക്കിയെന്നും നിലവിൽ എത്ര അപേക്ഷകൾ പെൻഡിംഗ് ഉണ്ടെന്നും വ്യക്തമാക്കാമോ; സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നേരിട്ട കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

(ബി&സി) ഉണ്ട്. 2023 സെപ്തംബർ മാസംവരെയുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. നിലവിൽ 550 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാനുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ വർക്കുകളെല്ലാം മാനുവൽ പ്രോസസിംഗ് ആയിട്ടാണ് നടന്നുകൊണ്ടിരിക്കുന്നത്. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടില്ല. ഡിഗ്രി സർട്ടിഫിക്കറ്റുകൾ അതാത് യൂണിവേഴ്സിറ്റികളിൽ വെരിഫിക്കേഷന് അയച്ച് അവിടെനിന്നും റിപ്പോർട്ട് വന്നതിനുശേഷം മാത്രമേ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രോസസ് ചെയ്യുവാൻ കഴിയുകയുള്ളൂ. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്നതിനാൽ അവിടെനിന്നും വെരിഫിക്കേഷൻ നടത്തിയതിനുശേഷം മാത്രമേ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നുള്ളൂ.

ഇപ്രകാരം സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കേണ്ടതിനാലാണ് രജിസ്ട്രേഷൻ നൽകുന്നതിൽ കാലതാമസം നേരിടുന്നത്.

(ഡി) നിലവിൽ പെൻഡിംഗുള്ള അപേക്ഷയിൽ തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

25-01-2024-ൽ കൂടിയ പാരാമെഡിക്കൽ കൗൺസിൽ യോഗത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ നിലവിൽ പെൻഡിംഗുള്ള അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**വയനാട് മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ പ്രവേശനം**

241(268) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനായി ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

ഉണ്ടെങ്കിൽ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ വയനാട് മെഡിക്കൽ കോളേജ് പ്രവർത്തിച്ചുവരുന്ന സ്ഥലത്ത് മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാണോ; വിശദമാക്കാമോ?

(എ&ബി) 12-02-2021-ലെ സ.ഉ.(കൈ)32/2021/ആ.കു.വ നമ്പർ ഉത്തരവുപ്രകാരം മാനന്തവാടി/ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ആശുപത്രിയായി മാറ്റിക്കൊണ്ട് വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കാൻ അനുമതി നൽകുകയുണ്ടായി. തുടർന്ന് 19-02-2021-ലെ സ.ഉ.(കൈ)നം.45/2021/ആ.കു.വ നമ്പർ ഉത്തരവുപ്രകാരം പ്രസ്തുത മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് ആവശ്യമായ 140 തസ്തികകൾ സൃഷ്ടിക്കുകയും ടി തസ്തികകളിൽ നിയമന ഉത്തരവുകളും നൽകുകയുണ്ടായി. സർക്കാർ നൽകിയ അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മെഡിക്കൽ കോളേജിൽ 2023-24 അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കാൻ കേരള ആരോഗ്യ സർവ്വകലാശാല അനുമതി നൽകിയിരുന്നു.

NMC ചൂണ്ടിക്കാണിച്ചിരുന്ന അപര്യാപ്തതകൾ പരിഹരിച്ച് കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുമതി നാഷണൽ മെഡിക്കൽ കമ്മീഷനിൽനിന്ന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത മെഡിക്കൽ കോളേജിനായി പുതിയ കെട്ടിടം പണിയുന്നതിനായി കണ്ടെത്തിയിട്ടുള്ള ബോയ്സ് ടൗണിലെ ഭൂമി കോടതി വ്യവഹാരത്തിലായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നില്ലെന്ന അവസ്ഥയും നിലവിലുണ്ട്. ഇക്കാര്യത്തിൽ അനുകൂല നിലപാടിനായി സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയിൽ നിന്നും അനുകൂല നിലപാട് ലഭ്യമാകുന്ന പക്ഷം കെട്ടിടനിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

**കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പി. ജി. കോഴ്സുകൾ**

242(269) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിലവിലുള്ള പി.ജി. കോഴ്സുകൾ ഏതൊക്കെയാണ്; എത്ര പി.ജി. സീറ്റുകൾ നിലവിലുണ്ട്; വിശദമാക്കുമോ?

കണ്ണൂർ മെഡിക്കൽ കോളേജിൽ നിലവിലുള്ള പി.ജി. മെഡിക്കൽ കോഴ്സുകളുടെയും സീറ്റുകളുടെയും വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| Sl.No | **Course** | **Number of Seats** |
|---|---|---|
| 1 | MD Anaesthesia | 2 |
| 2 | MD Dermatology, Venerology & Leprosy | 3 |
| 3 | MD Emergency Medicine | 2 |
| 4 | MD General Medicine | 4 |
| 5 | MS General Surgery | 2 |
| 6 | MS Obstetrics and Gynaecology | 2 |
| 7 | MS Ophthalmology | 2 |
| 8 | MS Orthopaedics | 2 |
| 9 | MS ENT | 3 |
| 10 | MD Paediatrics | 2 |
| 11 | MD Psychiatry | 2 |
| 12 | MD Radio Diagnosis | 1 |
| 13 | MD Respiratory Medicine | 2 |
| 14 | MD Community Medicine | 2 |
| 15 | MD Microbiology | 1 |
| 16 | MD Pathology | 2 |
| 17 | MD Physiology | 2 |
| | Total | 36 |

(ബി) സർക്കാരിന് കൂടുതൽ സാമ്പത്തിക ബാധ്യതയില്ലാതെ ഏതൊക്കെ പി.ജി. കോഴ്സുകൾ അവിടെ തുടങ്ങാൻ കഴിയും?

സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയില്ലാതെ പുതിയ പി.ജി. കോഴ്സുകൾ തുടങ്ങുവാൻ കഴിയുകയില്ല.

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ, എറണാകുളം, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള പോസ്റ്റ് ഗ്രാജുവേറ്റ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള അനുമതി ലഭ്യമാകുകയും കേന്ദ്ര സർക്കാരുമായി MOU ഒപ്പുവച്ചതിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ താഴെപ്പറയുന്ന പുതിയ പി.ജി. സീറ്റുകൾക്കുള്ള എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പി.ജി. സീറ്റുകളിൽ പ്രവേശനം നടത്താൻ കഴിയുന്നതാണ്.

| Sl.No | Course | Number of Seats |
|---|---|---|
| 1 | MD General Medicine | 2 |
| 2 | MD Anaesthesiology | 2 |
| 3 | MD Radio Diagnosis | 2 |
| 4 | MS Obstetrics & Gynaecology | 1 |
| 5 | MS General Surgery | 1 |
| 6 | MS Orthopaedics | 1 |
| 7 | MD Respiratory Medicine | 1 |
| 8 | MD Emergency Medicine | 2 |
| 9 | MD Paediatrics | 2 |
| 10 | MD Forensic Medicine | 1 |
| | Total | 15 |

## കോബാൾട്ട് തെറാപ്പി മെഷീൻ

243(270) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗത്തിലേയ്ക്ക് പുതിയ കോബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് പുതിയ ടെലി കോബാൾട്ട് മെഷീൻ പ്ലാൻ ശീർഷകത്തിൽനിന്നും തുക ചെലവഴിച്ച് വാങ്ങുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത മെഷീൻ വാങ്ങുന്നതിനാവശ്യമായ തുക നടപ്പുസാമ്പത്തിക വർഷത്തിലെ (2023-24) പ്ലാൻ ശീർഷകത്തിൽനിന്നും വിനിയോഗിക്കുവാൻ തടസ്സമുള്ളതായും KASP ഫണ്ടിൽനിന്നും പ്രസ്തുത തുക വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**വിദഗ്ദ്ധ ചികിത്സ ലഭിക്കാതെ മരണപ്പെട്ടത് സംബന്ധിച്ച അന്വേഷണം**

244(271) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടിഞ്ഞാറെ ചാ ലക്കുടി തരകൻ വീട്ടിൽ ടി. കെ. രാജുവിന്റെ മകൾ പത്ത് വയസ്സുള്ള അനറ്റ് വിദഗ്ധ ചികിത്സ ലഭിക്കാതെ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽനിന്ന് വിദഗ്ധ ചികിത്സയ്ക്കായി തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ച കുട്ടിയെ പീഡിയാട്രിക് സർജറി/ജനറൽ സർജറി വിഭാഗത്തിലെ മുതിർന്ന ഡോക്ടർമാരോ മറ്റുമുതിർന്ന ഡോക്ടർമാരോ പരിശോധിച്ചില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽനിന്ന് വിദഗ്ധ ചികിത്സയ്ക്കായി തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ച കുട്ടിയെ പീഡിയാട്രിക് ഡ്യൂട്ടി മെഡിക്കൽ ഓഫീസർ ചികിത്സിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം നടത്തിയിട്ടുള്ള അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കുമോ?

അൾട്രാ സൗണ്ട് സ്കാൻ ചെയ്തപ്പോൾ Appendicitis ആകാനുള്ള സാധ്യത ഇല്ലായിരുന്നു. ആയതിനാൽ കുട്ടിയുടെ കണ്ടീഷൻവച്ച് Conservative Management നൽകാൻ ഡോക്ടർമാർ തീരുമാനിച്ചു. രോഗിയുടെ വേദന 'dulcolax' Suppository വച്ചപ്പോഴും Motion Pass ചെയ്തപ്പോഴും കുറഞ്ഞു. കുട്ടിയുടെ അവസ്ഥയിൽ പുരോഗതി ഉണ്ടായതിനാൽ ഉടൻ സർജറി ആവശ്യമില്ലെന്ന് തീരുമാനിക്കുകയുണ്ടായി.

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

തൃശ്ശൂർ മെഡിക്കൽ കോളേജ് ഒഴികെ മറ്റുമെഡിക്കൽ കോളേജുകളിൽ നിന്നുമുള്ള പീഡിയാട്രിഷ്യൻമാരുടെയും പീഡിയാട്രിക് സർജൻമാരുടെയും ടീം ഉൾപ്പെടുന്ന ഒരു ഉന്നതതല മെഡിക്കൽ സംഘത്തെക്കൊണ്ട് കേസ് വീണ്ടും അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## നെടുംകുന്നം ആയുർവേദ ഡിസ്പെൻസറി ആശുപത്രിയാക്കി ഉയർത്തുന്ന പദ്ധതി

245(272) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുംകുന്നം ആയുർവേദ ഡിസ്പെൻസറിയെ ആശുപത്രിയാക്കി ഉയർത്തുന്ന പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ചുള്ള നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ത്വരിതഗതിയിലാക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് നാഷണൽ ആയുഷ് മിഷന്റെ പിന്തുണയോടെ സാധ്യതാ പഠനം നടത്തിയതിൻപ്രകാരം തയ്യാറാക്കിയ പ്രയോറിറ്റി ലിസ്റ്റിൽ 50 കിടക്കകളോടുകൂടിയ താലൂക്കുതല ആശുപത്രിയായി ഉയർത്തുന്നതിനുള്ള 9 സ്ഥാപനങ്ങളുടെ ലിസ്റ്റ് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ നെടുങ്കുന്നം സർക്കാർ ആയുർവേദ ഡിസ്പെൻസറി ഉൾപ്പെട്ടിട്ടില്ല.

**കുന്നത്തുനാട് മണ്ഡലത്തിലെ ആയുഷ് പദ്ധതി**

246(273) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലാണ് ആയുഷ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മോനപ്പിള്ളി, വടവുകോട്, മഴവന്നൂർ എന്നീ സർക്കാർ ഹോമിയോ ഡിസ്പെൻസറികളെയും പൂതൃക്കയിലെ സർക്കാർ ആയുർവേദ ഡിസ്പെൻസറിയേയും നാഷണൽ ആയുഷ് മിഷന്റെ പദ്ധതിപ്രകാരം ആയുഷ് ഹെൽത്ത് & വെൽനെസ് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

നാഷണൽ ആയുഷ് മിഷൻ മുഖേന ആയുഷ് ഹെൽത്ത് & വെൽനെസ് സെന്ററായി ഉയർത്തുന്ന സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ ഗ്രാൻഡായി 6.85 ലക്ഷം ലഭ്യമാണ്. ഇതിൽ അടിസ്ഥാന സൗകര്യവികസനത്തിനുള്ള 5 ലക്ഷം രൂപ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 1.85 ലക്ഷം രൂപ വിനിയോഗിച്ച് ഹെർബൽ ഗാർഡൻ, ലാപ്ടോപ്പ് തുടങ്ങിയവ സ്ഥാപനങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 4.57 ലക്ഷം രൂപ ഓരോ വർഷവും ആവർത്തന ഗ്രാന്റായി ലഭ്യമാക്കുന്നു.

(സി) കുന്നത്തുനാട് മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെ ഷെൽഫ് ലൈഫ്**

247(274) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകൾക്ക് എത്രശതമാനം ഷെൽഫ് ലൈഫ് വേണമെന്നാണ് ചട്ടം നിഷ്കർഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലെങ്കിൽ മരുന്ന് തിരികെ നൽകി കമ്പനിയിൽനിന്ന് പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ?

കെ.എം.എസ്.സി.എൽ. മുഖേന വാങ്ങുന്ന മരുന്നുകൾ നിലവിൽ സംഭരണശാലകളിൽ വിതരണത്തിനെത്തിക്കുമ്പോൾ പ്രസ്തുത ഇനത്തിന്റെ ആകെ ഷെൽഫ് ലൈഫിന്റെ 75% എങ്കിലും വേണമെന്നാണ് ദർഘാസിൽ നിഷ്കർഷിച്ചിരിക്കുന്നത്. 75%-നുതാഴെ ഷെൽഫ് ലൈഫുള്ള മരുന്നുകൾ മരുന്ന് സംഭരണ വിതരണത്തിനായി ഉപയോഗിക്കുന്ന കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ ഡി.ഡി.എം.എസ്. സോഫ്റ്റ്‌വെയർ (ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്‌മെന്റ് സിസ്റ്റം) മുഖേന സ്റ്റോക്കിൽ സ്വീകരിക്കാൻ സാധിക്കില്ല. അത്തരത്തിൽ വിതരണത്തിനെത്തുന്ന 75%-നുതാഴെ ഷെൽഫ് ലൈഫുള്ള മരുന്നുകൾ സ്റ്റോക്കിൽ സ്വീകരിക്കാൻ സാധിക്കാത്തതിനാൽ വിതരണക്കാർ തിരികെ എടുക്കാറുണ്ട്. എന്നാൽ ഏതെങ്കിലും മരുന്നിനത്തിന് അടിയന്തര

ആവശ്യം നേരിട്ടാൽ കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ 75%-നുതാഴെ ഷെൽഫ് ലൈഫുള്ള മരുന്നുകളും ആവശ്യമായ അളവിൽ സ്റ്റോക്കിൽ എടുക്കാറുണ്ട്.

(ബി) 2017 മുതൽ 2023 വരെയുള്ള കാലയളവിൽ എത്ര ബാച്ച് മരുന്നുകൾക്ക് ഇപ്രകാരമുള്ള ഷെൽഫ് ലൈഫ് ഇല്ലായിരുന്നുവെന്ന് വ്യക്തമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുകളുടെ സംഭരണവും വിതരണവും നടത്തുന്നത് ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ (ഡി.ഡി.എം.എസ്.) മുഖാന്തരമാണ്. ടി സോഫ്റ്റ്‌വെയർ മുഖാന്തരം 75%-ൽ താഴെ ബാലൻസ് ഷെൽഫ് ലൈഫുള്ള മരുന്നുകൾ സാധാരണഗതിയിൽ ശേഖരത്തിലെടുക്കുവാൻ സാധ്യമല്ല. 2017-2023 കാലയളവിൽ 81 ബാച്ചുകൾക്ക് ഷെൽഫ് ലൈഫിൽ ഇളവുവരുത്തി സ്റ്റോക്കിൽ സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ മുഖ്യമായും കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സപ്ലൈചെയിൻ തടസ്സപ്പെട്ടതിനാൽ അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് ഷെൽഫ്

ലൈഫിൽ ഇളവുവരുത്തി സ്റ്റോക്കിൽ സ്വീകരിച്ചത്. മറ്റുള്ളവ പ്രസ്തുത ഇനങ്ങളുടെ സ്റ്റോക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ടിയായിരുന്നു. ഇങ്ങനെ ഇളവുവരുത്തി നൽകിയ നടപടി കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് സാധൂകരിച്ചിട്ടുള്ളതാണ്.

(സി) ഷെൽഫ് ലൈഫ് ഇല്ലാത്ത മരുന്നുകൾ തിരികെ നൽകിയിരുന്നോയെന്നും എത്ര രൂപയാണ് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും പിഴയായി ഈടാക്കുന്നതെന്നുമുള്ള വിശദാംശം നൽകാമോ?

നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലാത്തയിനം മരുന്നുകൾ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിലൂടെ സ്വീകരിക്കാൻ സാധിക്കാത്തതിനാൽ വിതരണക്കാർ തിരിച്ചെടുക്കാറുണ്ട്. ആയതിനാൽ നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലാത്ത പേരിൽ പ്രത്യേകം പിഴ ഈടാക്കാൻ വ്യവസ്ഥയില്ല.

**കെ.എം.എസ്.സി.എൽ. മരുന്നുകളുടെ ഗുണനിലവാര പരിശോധന**

248(275) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ നാളിതുവരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഓരോ വർഷവും എത്ര ബാച്ച് മരുന്നുകളാണ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ 2023-24 (23-1-24 വരെ) വരെയുള്ള വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) മേല്പറഞ്ഞ കാലയളവിൽ വാങ്ങിയ എത്ര ബാച്ചുകളുടെ ഗുണനിലവാര പരിശോധന നടത്തിയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. അംഗീകൃത ലാബ് (NABL Accredited lab) അല്ലെങ്കിൽ ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്രമരുന്ന് പരിശോധനാ ലബോറട്ടറിയിൽ (CDL/NIB) നിന്നുമുള്ള ഗുണനിലവാര പരിശോധനാഫലവും ഔഷധ നിർമ്മാതാവിന്റെ ഇൻഹൗസ് ടെസ്റ്റ് റിപ്പോർട്ടും ഇൻവോയിസ് കോപ്പിയും പരിശോധിച്ച് ഉറപ്പുവരുത്തിയശേഷമാണ് ജില്ലാ മരുന്ന് സംഭരണശാലകളിൽ സംഭരണ വിതരണത്തിനായി സ്വീകരിക്കുന്നത്. ഇപ്രകാരം ഗുണനിലവാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തിയ മരുന്നുകൾ മാത്രമാണ് കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം നടത്തുന്നത്. 2017-18 മുതൽ നാളിതുവരെയുള്ള ദർഘാസ് കാലയളവിൽ ഗുണനിലവാര പരിശോധന നടത്തിയ ബാച്ചുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

**സംസ്ഥാനത്തെ അലോപ്പതി മരുന്ന് വിൽപ്പന**

249(276) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര തുകയുടെ അലോപ്പതി മരുന്നുകൾ വിപണനം ചെയ്യുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 10,000 കോടി രൂപയുടെ അലോപ്പതി മരുന്നുകൾ വിപണനം ചെയ്യുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) മരുന്ന് വിൽപനയ്ക്ക് ആനുപാതികമായി ഗുണനിലവാര പരിശോധന നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ സംസ്ഥാനങ്ങളിലായി പതിനായിരത്തി അഞ്ഞൂറിലധികം മരുന്ന് നിർമ്മാണ യൂണിറ്റുകൾ ചേർന്ന് എഴുപതിനായിരത്തോളം മരുന്നുകൾ വിപണിയിൽ എത്തുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഓരോ ബ്രാൻഡ് ഉൽപ്പന്നത്തിന്റെയും നാല് മുതൽ അഞ്ചോളം ബാച്ചുകൾ കണക്കാക്കിയാൽ സംസ്ഥാന ഔഷധ വിപണിയിൽ ഒരുസമയം ഏകദേശം രണ്ടര ലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ട്. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിച്ചുറപ്പിക്കുന്നത്. ലബോറട്ടറി പരിശോധനയിലൂടെ ഒരു മരുന്നിന്റെ ഗുണനിലവാര പരിശോധന പൂർത്തീകരിക്കുന്നതിന് 3 മുതൽ 20 ദിവസംവരെ സമയം ആവശ്യമാണ്. ആയതിനാൽ വിപണിയിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും ഗുണനിലവാരം പരിശോധിക്കുക പ്രായോഗികമല്ല. ഇത്തരം സാഹചര്യം നിലനിൽക്കുന്നതിനാലാണ് നിയമം

അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നത്. ഇത് രാജ്യമൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. ഗുണനിലവാര പരിശോധനയ്ക്കായി എല്ലാ സംസ്ഥാനങ്ങളിലും സ്റ്റാറ്റ്യൂട്ടറി പരിശോധനാ ലാബുകൾ വേണമെന്ന് നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്. കേരള സംസ്ഥാനത്ത് നിലവിൽ ഇത്തരത്തിലുള്ള 4 ലാബുകളാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാനത്ത് തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും NABL അംഗീകാരം നേടിയ ലബോറട്ടറികളാണ്. പ്രസ്തുത ലബോറട്ടറികളിൽ INJECTIONS അണുരഹിതമാവേണ്ട മരുന്നുകൾ എന്നിവയുടെ ആധുനിക പരിശോധനകൾ നടത്താൻവേണ്ട സൗകര്യങ്ങളുണ്ട്.

(സി) ജി.എസ്.ടി. ഏർപ്പെടുത്തിയതോടെ ഇതര സംസ്ഥാന വിതരണക്കാരിൽനിന്നും നേരിട്ട് വിൽപ്പന കേന്ദ്രങ്ങളിൽ എത്തുന്ന മരുന്നുകൾ പരിശോധിക്കപ്പെടുന്നില്ലെന്നുള്ള ആക്ഷേപം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രം ജി.എസ്.ടി. നയം നടപ്പാക്കിയതോടുകൂടി നിലവിലെ വിതരണ ശൃംഖലയിൽ ഗണ്യമായ മാറ്റംവരികയും ഒരു വ്യാപാരിക്ക് രാജ്യത്ത് എവിടെനിന്നും മരുന്നുകൾ വാങ്ങാമെന്നുമുള്ള അവസ്ഥ സംജാതമാകുകയും ചെയ്തു. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് മരുന്നുകൾ നേരിട്ട് വാങ്ങുന്ന വ്യാപാര സ്ഥാപനങ്ങൾ നിരന്തരമായി പരിശോധിക്കുകയും ഇത്തരം സ്ഥാപനങ്ങളിൽനിന്ന് മരുന്ന് സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്.

**പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഐ.പി. വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി**

250(277) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഐ.പി. വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗം എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഐ.പി. വിഭാഗത്തിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന കൂടുതൽ സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ-സി) 24 മണിക്കൂറും പ്രവർത്തിക്കുന്ന പുതുക്കാട് താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ ഇല്ലാത്തതിനാൽ നിലവിലെ സ്പെഷ്യാലിറ്റി വിഭാഗമായ ഗൈനക്കോളജിസ്റ്റിന്റെ സേവനംകൂടി ഉപയോഗപ്പെടുത്തിയാണിത് നടപ്പിലാക്കുന്നത്. ഈ ആശുപത്രിയിലേയ്ക്ക് അനസ്തേഷ്യ വർക്ക് സ്റ്റേഷൻ ലഭിക്കുന്നതിനായി കെ.എം.എസ്.സി.എൽ.-ന് അപേക്ഷ നൽകിയിട്ടുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ ഇല്ലാത്തതിനാൽ 4 അസിസ്റ്റന്റ് സർജന്മാരെ താൽക്കാലിക അടിസ്ഥാനത്തിൽ സേവനം

ലഭ്യമാക്കാൻ ദേശീയ ആരോഗ്യ ദൗത്യത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. അനസ്തേഷ്യ വർക്ക് സ്റ്റേഷനും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെയും ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കാട് താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഗൈനക്കോളജിസ്റ്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി ഗൈനക്കോളജി ഐ.പി. പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ അങ്കണവാടികൾ**

251 (278) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ അടിസ്ഥാന സൗകര്യമില്ലാത്ത എത്ര അങ്കണവാടികളുണ്ടെന്നും പ്രസ്തുത അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

എല്ലാ അങ്കണവാടികൾക്കും അടിസ്ഥാന സൗകര്യമുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും സ്വന്തമായി ഭൂമിയുള്ള

അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സ്വന്തമായി കെട്ടിടമില്ലാത്ത 25 അങ്കണവാടികളുണ്ട്. ഇതിൽ സ്വന്തമായി ഭൂമിയുള്ള 11 അങ്കണവാടികളിൽ 9 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2 അങ്കണവാടികൾക്ക് ഫണ്ട് ലഭ്യമായിട്ടില്ല.

(സി) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ച അങ്കണവാടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ച അങ്കണവാടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അടിമാലി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം**

252 (279) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിമാലി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതി പുതുക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അടിമാലി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം പൂർത്തിയാക്കുന്നതിനായി 09-11-2023-ലെ കത്ത് മുഖേന ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച 30.25 കോടി രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്.

(ബി) ആശുപത്രിയുടെ നിർമ്മാണത്തിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ?

പുതുക്കിയ എസ്റ്റിമേറ്റ് തുക 30.25 കോടി രൂപയാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികളുടെ വികസനം

253(280) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികളുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഐ.സി.ഡി.എസ്. പരിധിയിൽ വരുന്ന എരുമേലി പഞ്ചായത്തിലെ 72-ാം നമ്പർ അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. ടി പ്രവൃത്തിക്ക് 27,64,952/-രൂപ വകയിരുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം എരുമേലി പഞ്ചായത്തിലെ 96-ാം നമ്പർ അങ്കണവാടിക്ക് ശിശുസൗഹൃദ ടോയ്‌ലെറ്റ് നിർമ്മിച്ചു. 2022-23 സാമ്പത്തിക വർഷം കാഞ്ഞിരപ്പള്ളി അഡീഷണൽ ഐ.സി.ഡി.എസ്. പരിധിയിൽ വരുന്ന മുണ്ടക്കയം പഞ്ചായത്തിലെ 35-ാം നമ്പർ അങ്കണവാടിക്കും 2023-24

സാമ്പത്തിക വർഷം പാറത്തോട് പഞ്ചായത്തിലെ 8-ാം നമ്പർ അങ്കണവാടിക്കും 50,000/-രൂപ നിരക്കിൽ ശിശുസൗഹൃദ ടോയ്‌ലെറ്റ് നിർമ്മിച്ചു. ഈരാറ്റുപേട്ട ഐ.സി.ഡി.എസ്. പരിധിയിൽ വരുന്ന 126-ാം നമ്പർ അങ്കണവാടിയിൽ 2,00,000/-രൂപ ചെലവഴിച്ച് ചായം പദ്ധതിപ്രകാരം നവീകരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 53-ാം നമ്പർ അങ്കണവാടിക്ക് 50,000/- രൂപ ചെലവഴിച്ച് ശിശുസൗഹൃദ ടോയ്‌ലെറ്റ് നിർമ്മിച്ചു.

**ചായം പദ്ധതിയിൽ ഉൾപ്പെടുത്തിയ അങ്കണവാടികൾ**

254(281) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

അങ്കണവാടികളുടെ നവീകരണത്തിനായി, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചായം, സ്പെഷ്യൽ അങ്കണവാടി എന്നീ

പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ചായം പദ്ധതിപ്രകാരം 303 അങ്കണവാടികളും സ്പെഷ്യൽ അങ്കണവാടി പദ്ധതിപ്രകാരം 84 അങ്കണവാടികളും നവീകരിച്ചിട്ടുണ്ട്. സക്ഷം അങ്കണവാടി അപ്ഗ്രഡേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ 250 അങ്കണവാടികൾ നവീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടികളും ഒരു ലക്ഷം മുതൽ 10 ലക്ഷം രൂപ നിരക്കിൽ 26 അങ്കണവാടികളും 2 ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടികളും നവീകരണം നടത്തുന്നതിനും 3,000 രൂപ നിരക്കിൽ 13246 അങ്കണവാടികൾക്ക് നവീകരണം നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ചായം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം അങ്കണവാടികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ചായം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുള്ള അങ്കണവാടികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിൽ 51-ാം നമ്പർ അങ്കണവാടി മാതൃക അങ്കണവാടിയായി മാറ്റുന്നതിന് 2015-ൽ ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെയായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഉണ്ട്, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിൽ 51-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ 80% പൂർത്തികരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾക്ക് 17,32,000/-രൂപ ആവശ്യമാണ്. പ്രസ്തുത പ്രവൃത്തിയുടെ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി 14-11-2023-ൽ ബഹുമാനപ്പെട്ട എം.എൽ.എ, LSGD പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരുകയും അധിക തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുവാൻ കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും എസ്റ്റിമേറ്റ്

ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ അനുമതിക്ക് വിധേയമായി വകുപ്പിൽനിന്നും തുക അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ടി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ**

255(282) **ശ്രീ. ഐ. ബി. സതീഷ്**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ ആകെ എണ്ണം എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ ആകെ എണ്ണം -222. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം - 72. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുത്തുപറമ്പ് അനലിറ്റിക്കൽ ലാബിന്റെ നിർമ്മാണം**

256 (283) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് വലിയവെളിച്ചത്ത് അനലിറ്റിക്കൽ ലാബിന് സ്വന്തം കെട്ടിടം നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ലാബിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ഈ ലാബ് യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

(എ-സി) ലാബിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട DPR പി.ഡബ്ല്യു.ഡി.-യിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ**

257 (284) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകെ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഇവയുടെ വിലനിലവാരം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം സപ്ലൈകോ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13 ഇനം നിത്യോപയോഗ ഭക്ഷ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നു. സർക്കാർ നിർദ്ദേശമനുസരിച്ച് വിപണിയിടപ്പെടലിന്റെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സ്ഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിക്കുകയില്ലെന്ന മുൻസർക്കാർ നയത്തിനനുസൃതമായി 2016 മെയ് മാസം മുതൽ ഈ 13 ഇനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം

അവശ്യവസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യതുമൂലം 2021 ഏപ്രിൽ മുതൽ 2023 ആഗസ്റ്റുവരെ ഏകദേശം 1,094.55 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ തേയില, മല്ലിപൊടി, മുളകുപൊടി, മഞ്ഞൾപൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനംവരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റാവശ്യസാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന

വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലെന്നത് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്. സപ്ലൈകോ 21 മൊബൈൽ മാവേലി വാഹനങ്ങളിലൂടെയും സംസ്ഥാനത്തുടനീളം ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നുണ്ട്. മാവേലി സ്റ്റോറുകൾ കുറവായ മേഖല, പ്രളയ ബാധിതമേഖല, തീരപ്രദേശങ്ങൾ, മലയോര ആദിവാസി മേഖലകൾ എന്നിവിടങ്ങളിലാണ് മൊബൈൽ മാവേലികൾ കൂടുതലും പ്രവർത്തിക്കുന്നത്. സപ്ലൈകോയുടെ “87” ചില്ലറ മെഡിക്കൽ സ്റ്റോറുകൾ വഴി അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിൽപ്പന നടത്തി ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു. വിപണി വില പിടിച്ചുനിർത്തുന്നതിനായി സപ്ലൈകോ ഉത്സവകാലങ്ങളിൽ പ്രത്യേകം ഫെയറുകൾ സംഘടിപ്പിക്കുന്നു.

ഓണം ഫെയറുകൾ, ക്രിസ്തുമസ് – പുതുവത്സര ഫെയറുകൾ, വിഷു- ഈസ്റ്റർ - ഈദ്-ഉൽ ഫിതർ ഫെയറുകൾ. സംസ്ഥാനത്തെ എല്ലാ

സപ്ലൈകോ സൂപ്പർമാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നീ വിൽപ്പനശാലകൾ 2023 ഏപ്രിൽ 4 മുതൽ 20 വരെ ഈസ്റ്റർ-വിഷു-റംസാൻ ഫെയറുകളായി പ്രവർത്തിച്ചു. ഇതിനുപുറമേ സംസ്ഥാനത്തെ എല്ലാ ജില്ലാ/താലൂക്ക് ആസ്ഥാനങ്ങളിലും ഒരു പ്രമുഖ വിൽപ്പനശാലയിൽ അരി, പഞ്ചസാര എന്നീ ഇനങ്ങൾക്കും തെരഞ്ഞെടുക്കപ്പെട്ട എഫ്.എം.സി.ജി. ഇനങ്ങൾക്കും തെരഞ്ഞെടുക്കപ്പെട്ട ശബരി ഇനങ്ങൾക്കും പ്രത്യേകം Discount/Offer നൽകിക്കൊണ്ട് 12-04-2023 മുതൽ 21-04-2023 വരെയുള്ള കാലയളവിൽ വിഷു-റംസാൻ ഫെയറുകൾ സംഘടിപ്പിക്കുകയും ചെയ്തു. ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുവാനും ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാനുമായി സപ്ലൈകോ വില്പനശാലകളിൽ കുടുംബശ്രീ ഉത്പന്നങ്ങൾക്ക് റാക്ക് സൗകര്യം അനുവദിക്കുകയും അവയുടെ വില്പന പ്രോത്സാഹിപ്പിക്കുവാൻ നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നടപടികൾ ഒരുപരിധിവരെ വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിനും വിലക്കയറ്റത്തിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടാതിരിക്കുന്നതിനും സഹായകമായി.

വിലക്കയറ്റം തടയുന്നതിനായി ആവശ്യമായ ഘട്ടത്തിൽ മേൽപ്പറഞ്ഞ നടപടികൾ കൂടുതൽ കാര്യക്ഷമമായി തുടർന്നും നടപ്പാക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോയിൽ താഴെപ്പറയും പ്രകാരമുള്ള പരിഷ്കാരങ്ങൾ നടപ്പാക്കിയിട്ടുണ്ട്. സപ്ലൈകോയിൽ ERP (എൻറർപ്രൈസ് റിസോഴ്സ് പ്ലാനിങ്ങ്), E-Office എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തി. സപ്ലൈകോയിൽ നിലവിലുള്ള 1633 ഔട്ട്ലെറ്റുകളെയും 56 ഡിപ്പോകളെയും 5 മേഖല ഓഫീസുകളെയും കമ്പ്യൂട്ടർവഴി ബന്ധിപ്പിച്ചുകൊണ്ട് സമഗ്രമായ പദ്ധതി രൂപരേഖ അടിസ്ഥാനമാക്കിയാണ് ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നത്. ERP-യിലേയ്ക്ക് മാറുന്നതുമൂലം സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന പ്രധാന പ്രയോജനങ്ങൾ താഴെ പറയുന്നു.

സുതാര്യത, മെച്ചപ്പെട്ട കാര്യക്ഷമത, മെച്ചപ്പെട്ട ഡാറ്റ സുരക്ഷയും ഗുണനിലവാരവും മെച്ചപ്പെട്ട ഏകീകരണവും വർക്ക്ഫ്ലോകളും മെച്ചപ്പെട്ട ഓഡിറ്റ്, മെച്ചപ്പെട്ട സപ്ലൈ ചെയിൻ മാനേജ്മെന്റ്, മെച്ചപ്പെട്ട ഉപഭോക്തൃ സേവനം, മെച്ചപ്പെട്ട റിപ്പോർട്ടിംഗും ആസൂത്രണവും കൂടാതെ സപ്ലൈകോയുടെ ഓഫീസ് ഉപയോഗത്തിനായി E-Office സംവിധാനം ഉപയോഗിക്കുന്നതിലൂടെ സമയബന്ധിതമായി ഫയൽ നീക്കം നടക്കുകയും നടപടിക്രമങ്ങൾ വേഗത്തിലാകുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ രീതിയിൽ സപ്ലൈകോയുടെ കാര്യക്ഷമത വർദ്ധിക്കുന്നതിനാൽ പൊതുജനങ്ങൾക്കും മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നു.

ശബരി ഉൽപ്പന്നങ്ങൾ റീ-ബ്രാൻഡ് ചെയ്തു:- 2023 ഓണക്കാലത്ത്, സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങളിൽ 13 ഇനങ്ങൾ ആധുനികവും ആകർഷകവുമായ പായ്ക്കിംഗിൽക്കൂടി റീ-ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു.

(സി) സംസ്ഥാനത്തെ റേഷൻ കടകളെ കൂടുതൽ പുതുമകളോടും വൈവിധ്യങ്ങളോടുംകൂടി ആധുനികവൽക്കരിച്ച് കെ-സ്റ്റോർ എന്ന നൂതന

സംരംഭമാക്കി മാറ്റുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് നിലവിൽ റേഷൻകടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്കുപുറമെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉത്പന്നങ്ങളുടെ വിപണനവും നടപ്പിലാക്കുന്നതുവഴി റേഷൻ കടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം ലക്ഷ്യമിട്ടുകൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കിവരുന്നു.

1. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പമെന്റ് കോർപ്പറേഷന്റെ കുടിവെള്ളം ലിറ്ററിന് 10/- രൂപ നിരക്കിൽ റേഷൻ കടകൾ വഴി നൽകിവരുന്നു.

2. വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ/പിന്നോക്ക പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾവഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ.

3. മിൽമയുടെ തെരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ.

4. IOC യുടെ ചോട്ടു ഗ്യാസ്.

5. സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ.

6. CSC വഴിയുള്ള സേവനങ്ങൾ.

7. 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം.

(ഡി) റേഷൻകാർഡ് ഉടമകൾക്ക് ബാങ്കിലോ എ.ടി.എം.-കൗണ്ടറിലോ പോകാതെ പതിനായിരം രൂപവരെ പിൻവലിക്കാൻ കഴിയുന്ന സൗകര്യം കെ-സ്റ്റോർവഴി ലഭ്യമാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ ബയോമെട്രിക് സംവിധാനം സ്ഥാപിച്ചിട്ടുള്ള കെ-സ്റ്റോറുകളിൽ പ്രസ്തുത സൗകര്യം ലഭ്യമാണ്. ആധാർ എനേബിൾഡ് പേയ്മെന്റ് സിസ്റ്റം മുഖേനയാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്.

**കെ-സ്റ്റോറുകൾ**

258 (285) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്ത് എത്ര കെ-സ്റ്റോറുകൾ തുറന്നുവെന്നും എന്തെല്ലാം ഡിജിറ്റൽ സേവനങ്ങളാണ് നിലവിൽ കെ-സ്റ്റോറിൽ ലഭിക്കുന്നതെന്നും അറിയിക്കാമോ?

ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്ത് 359 കെ-സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. CSC വഴിയുള്ള നിരവധി സേവനങ്ങൾ, യൂട്ടിലിറ്റി ബിൽ പെയ്മെന്റ്, പതിനായിരം രൂപ വരെയുള്ള ബാങ്ക് പണമിടപാടുകൾ എന്നിവ നടത്തുന്നതിനുള്ള സൗകര്യം കെ-സ്റ്റോറുകൾ വഴി നൽകിവരുന്നു.

## കുന്നത്തുനാട് മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

259(286) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളെല്ലാം സംസ്ഥാന തലത്തിൽ നടപ്പാക്കുന്നവയാണ്. ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പ് സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്ന വകുപ്പുതല ഓഫീസുകളുടെ നവീകരണം, വിശപ്പുരഹിതകേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കുന്നത്തുനാട് താലൂക്ക് സപ്ലൈ ഓഫീസിന്റെ നവീകരണം നിർവ്വഹിക്കുകയും കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഒരു സുഭിക്ഷ ഹോട്ടലും വാഴക്കുളം പഞ്ചായത്തിലും

കിഴക്കമ്പലം പഞ്ചായത്തിലും ഓരോ കെ-സ്റ്റോറുകൾ വീതം പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

താലൂക്ക് സപ്ലൈ ഓഫീസിന്റെ നവീകരണത്തിനായി Rs.15,47,846/- രൂപയും വിശപ്പുരഹിത കേരളം സുഭിക്ഷ പദ്ധതിക്കായി Rs.1,63,220/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഫീസ് നവീകരണ പ്രവർത്തനങ്ങൾ 90%-ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കിനായി അനുവദിച്ച തുക PWD-യ്ക്ക് കൈമാറിയിട്ടുണ്ട്. സുഭിക്ഷ ഹോട്ടൽ നിലവിൽ വിജയകരമായി പ്രവർത്തിച്ചുവരുന്നുണ്ട്.

**സുഭിക്ഷ ഹോട്ടൽ**

260(287) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സുഭിക്ഷ ഹോട്ടലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള സ്ഥലം ഇതുവരെയും ലഭ്യമാകാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കുമോ?

സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനായി അനുയോജ്യമായ കെട്ടിടം, നടത്തിപ്പ് ഏജൻസി എന്നിവ കണ്ടെത്തി ഇവരുമായി കരാറിൽ ഏർപ്പെട്ടശേഷം ഹോട്ടൽ പ്രവർത്തിക്കുന്നതിനുള്ള സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് നടപടിക്രമങ്ങൾ പാലിച്ച് വാങ്ങുകയും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നടത്തിപ്പ് ചുമതലയുള്ള ഏജൻസിക്ക് രേഖാമൂലം കൈമാറേണ്ടതുമാണ്. സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിലേയ്ക്കായി അനുയോജ്യമായ കെട്ടിടം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ വാടകരഹിതമായി ലഭ്യമാകാത്ത പക്ഷം പൊതുമരാമത്ത് വകപ്പ് നിശ്ചയിക്കുന്ന നിരക്കിൽ ചുരുങ്ങിയത് മൂന്ന് വർഷമോ അതിലധികമോ

കാലാവധി നിശ്ചയിച്ച് വാടകയ്ക്കെടുക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ സുഭിക്ഷ കമ്മിറ്റിക്ക് അധികാരമുണ്ട്. തുടർന്ന് ഹോട്ടൽ ആരംഭിക്കുന്നതിലേയ്ക്കായി ആവശ്യമായ പ്രാരംഭ ചെലവ് കണക്കാക്കി വ്യക്തമായ പ്രൊപ്പോസൽ ജില്ലാ സപ്ലൈ ആഫീസറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഹോട്ടൽ ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രാരംഭ ചെലവ് ഇനത്തിൽ തുക അനുവദിച്ച് നൽകുകയും ചെയ്യുന്നു. ഹോട്ടൽ ആരംഭിക്കുന്നതിന് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ലൈസൻസ് എടുക്കേണ്ടതും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്. ഈ മേഖലയിൽ പ്രവർത്തിച്ച് പരിചയമുള്ള കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, സർക്കാർ ഇതരസംഘടനകൾ എന്നിവരെ ഹോട്ടൽ നടത്തിപ്പിനായി പരിഗണിക്കാവുന്നതും ആയതിന് ജില്ലാ സുഭിക്ഷ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം 200/- രൂപ മുദ്രപത്രത്തിൽ ജില്ലാ സപ്ലൈ ഓഫീസറുമായി കരാർ ഒപ്പിടേണ്ടതാണ്.

**തെളിമ പദ്ധതി**

261(288) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെളിമ പദ്ധതിയിലൂടെ ഇതുവരെ റേഷൻകാർഡ് സംബന്ധമായ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തെളിമ പദ്ധതിയിലൂടെ ഇതുവരെ റേഷൻകാർഡ് സംബന്ധമായ 33671 പരാതികൾ പരിഹരിച്ചിട്ടുണ്ട്.

**കെ-സ്റ്റോർ പദ്ധതി**

262 (289) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-സ്റ്റോർ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിലെ റേഷൻ കടകൾ നവീകരിക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവായ ഗ്രാമീണ/മലയോര/വിദൂര/ ഒറ്റപ്പെട്ട/ആദിവാസി മേഖലയിലെ റേഷൻ കടകൾ നവീകരിക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും കെ-സ്റ്റോർ പദ്ധതി മുഖേന കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 359 കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കൂടുതൽ റേഷൻ കടകളിൽ സമയബന്ധിതമായി കെ-സ്റ്റോർ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കൂടുതൽ റേഷൻ കടകളിൽ കെ-സ്റ്റോർ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) പുതുക്കാട് മണ്ഡലത്തിൽ നിലവിൽ എത്ര കെ-സ്റ്റോറുകളാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

രണ്ട് കെ-സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ റേഷൻ കാർഡുകൾ**

263(290) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കാർഡുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ എത്ര കാർഡുകൾ പി.വി.സി. കാർഡുകളാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 9421550 റേഷൻ കാർഡുകളാണുള്ളത്. 02-11-2021 മുതൽ പ്രാബല്യത്തിൽ വന്ന പി.വി.സി. റേഷൻ കാർഡ് സംവിധാനം നിലവിൽ 3097020 കാർഡുടമകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എല്ലാ റേഷൻ കാർഡുടമകളും നിർബന്ധമായും പി.വി.സി. രൂപത്തിലുള്ള റേഷൻ കാർഡ് എടുക്കണമെന്ന് നിബന്ധനയില്ല. ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് അംഗീകൃത അക്ഷയ കേന്ദ്രം വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ ടി റേഷൻ കാർഡ് പി.ഡി.എഫ്. ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്ത് എ.ടി.എം. കാർഡിന്റെ വലിപ്പത്തിൽ പി.വി.സി. മെറ്റീരിയലിൽ പ്രിന്റെടുത്ത് ഉപയോഗിക്കാവുന്നതാണ്.

(ബി) സ്മാർട്ട് കാർഡ് എന്ന ലക്ഷ്യം പൂർത്തികരിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ; എന്താണ് സ്മാർട്ട് കാർഡ്കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് റേഷൻ കാർഡ് സംവിധാനം നടപ്പാക്കുന്നത് നിലവിൽ സർക്കാർ പരിഗണനയിലില്ല.

**പുതുതായി മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിന് നടപടി**

264(291) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ പുതുതായി മുൻഗണനാ കാർഡുകൾ നൽകുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) താലൂക്കിലെ അർഹരായ മുഴുവൻ പേർക്കും മുൻഗണനാ കാർഡുകൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) എല്ലാ മാസവും ചികിത്സാർത്ഥം ഗുരുതര രോഗമുള്ളവർ ഉൾപ്പെടുന്ന റേഷൻകാർഡ് തരംമാറ്റുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച്

യോഗ്യരായവർക്ക് കാർഡുകൾ മുൻഗണനയിലേയ്ക്ക് മാറ്റിവരുന്നു. കൂടാതെ തരംമാറ്റുന്നതിനായി ആവശ്യമായ രേഖകൾ സഹിതം സർക്കാർ നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ ഓൺലൈനായി നേരിട്ടോ അക്ഷയ മുഖേനയോ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ചും അർഹരായവർക്ക് മുൻഗണനാകാർഡ് അനുവദിച്ചുവരുന്നു. തരംമാറ്റുന്നതിനായി നവകേരള സദസ്സ് മുഖേന ലഭിച്ച 64 അപേക്ഷകളിൽ 29 എണ്ണം മുൻഗണനയ്ക്കുള്ള കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം താലൂക്കിൽ 2618 മുൻഗണനാ കാർഡുകൾ നൽകിയിട്ടുണ്ട്. പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകൂ എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതോടൊപ്പം ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ പട്ടികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നിലമ്പൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച റേഷൻ കാർഡുകൾ**

265(292) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-പൊതുവിതരണ വകുപ്പ് 2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ കെ-സ്റ്റോർ, ഒപ്പം പദ്ധതി, ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്ന സഞ്ചരിക്കുന്ന റേഷൻകട പദ്ധതി എന്നിവ ആരംഭിച്ചിട്ടിട്ടുണ്ട്.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പുതുതായി എത്ര റേഷൻ കാർഡുകൾ അനുവദിച്ചുവെന്നും ഇതിൽ എത്രപേർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചുവെന്നും പഞ്ചായത്ത്/വില്ലേജ് തിരിച്ച് അറിയിക്കാമോ?

നിലമ്പൂർ താലൂക്കിൽ 2016 മുതൽ നാളിതുവരെ പുതുതായി അനുവദിച്ച 14696 റേഷൻ കാർഡുകളിൽ 5985 എണ്ണം മുൻഗണനാ

വിഭാഗത്തിൽപ്പെട്ടതാണ്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയുന്നു.

| നം. | പഞ്ചായത്ത് | പുതുതായി അനുവദിച്ച കാർഡ് | മുൻഗണനാ കാർഡിന്റെ എണ്ണം |
|---|---|---|---|
| 1. | നിലമ്പൂർ | 2085 | 751 |
| 2. | വഴിക്കടവ് | 2339 | 804 |
| 3. | മൂത്തേടം | 1334 | 692 |
| 4. | എടക്കര | 1741 | 744 |
| 5. | പോത്തുകൽ | 1586 | 745 |
| 6. | ചുങ്കത്തറ | 1938 | 752 |
| 7. | കരുളായി | 2136 | 702 |
| 8. | അമരമ്പലം | 1537 | 795 |
| **ആകെ** | | **14696** | **5985** |

**സംസ്ഥാനത്തെ റേഷൻ കാർഡുകൾ**

266(293) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കാർഡുകളുണ്ടെന്ന് കാർഡുകളുടെ തരംതിരിച്ച് അറിയിക്കാമോ?

സംസ്ഥാനത്തെ ആകെ റേഷൻ കാർഡുകൾ - 94,21,741

| വിഭാഗം | എണ്ണം |
|---|---|
| AAY | 589116 |
| PHH | 3549248 |
| NPS | 2298498 |
| NPNS | 2956446 |
| NPI | 28433 |
| **ആകെ** | **9421741** |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അനധികൃത മുൻഗണനാ കാർഡുകൾ മാറ്റി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

സ്വമേധയാ സറണ്ടർ ചെയ്തതിലൂടെയും ഉദ്യോഗസ്ഥരുടെ പരിശോധന വഴിയും അനർഹമാണെന്ന് കണ്ടെത്തിയ 207626 മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) അർഹതപ്പെട്ട എത്ര കുടുംബങ്ങൾക്ക് മുൻഗണന കാർഡുകൾ പുതുതായി നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

പുതുതായി അനുവദിച്ച PHH കാർഡുകൾ - 97523.

മുൻഗണനാ വിഭാഗത്തിലേയ്ക്ക് തരംമാറ്റിയത്

AAY – 39621

PHH – 329674

**റേഷൻ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ**

267(294) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുവദിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനത്തിന് റേഷൻ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുവദിച്ചിട്ടുള്ള അംഗങ്ങളുടെ എണ്ണം 15480040 ആണ്.

(ബി) ഈ ലിസ്റ്റിലെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്ര സർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം 2011-ലെ ജനസംഖ്യ സെൻസസ് അടിസ്ഥാനപ്പെടുത്തിയാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി നിജപ്പെടുത്തിയത്. നിലവിലെ ജനസംഖ്യപ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി പരിമിതമായതിനാൽ ആയത് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിതലത്തിൽ ഉൾപ്പെടെ നിരവധി തവണ കേന്ദ്രസർക്കാരിനെ സമീപിച്ചെങ്കിലും അടുത്ത സെൻസസിന്റെ അടിസ്ഥാന വിവരങ്ങൾ പരിശോധിച്ചതിനുശേഷമേ നിലവിലെ പട്ടിക പരിഷ്കരിക്കുന്നതിന് സാധിക്കുകയുള്ളൂയെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

**റേഷൻ കാർഡുകളുടെ മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

268(295) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡുകളുടെ മുൻഗണന നിശ്ചയിക്കുന്നത് ഏതെല്ലാം മാനദണ്ഡങ്ങൾ പ്രകാരമാണെന്ന് വിശദമാക്കുമോ?

റേഷൻ കാർഡുകളുടെ മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന 18-09-2017-ലെ സ.ഉ. (സാധാ)നം. 320/2017/ഭ.പൊ.വി.വ., 27-10-2020-ലെ സ.ഉ. (സാധാ)നം.319/2020/ഭ.പൊ.വി.വ. എന്നീ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) മുൻഗണനാ പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പി.ഡി.എസ്. കൺട്രോൾ ഓർഡർ 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയാണ്. നേരിട്ടും ടെലിഫോൺ പരാതി സെല്ലിലൂടെയും ലഭിക്കുന്ന പരാതികളിന്മേൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഫീൽഡുതല പരിശോധന നടത്തി അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ വില പിഴയായി ഈടാക്കി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്തുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ ഒത്തുനോക്കിയും മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചും ഒരംഗം മാത്രമുള്ള കാർഡുകളും ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും അനർഹരെ കണ്ടെത്തി പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. അനർഹമായ മുൻഗണനാ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുവാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള നോട്ടീസ് എല്ലാ റേഷൻ ഡിപ്പോകളിലും പ്രദർശിപ്പിക്കുകയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനും അപ്രകാരമുള്ളവരുടെ വിവരങ്ങൾ അറിയിക്കുന്നതിനും മാധ്യമ പ്രചാരണം നടത്തിവരികയും ചെയ്യുന്നു. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി OPERATION YELLOW എന്ന പേരിൽ ഒരു പരിശോധനാ പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം

പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേര് വിവരങ്ങൾ അറിയിക്കുവാൻ അവസരം നൽകിയിട്ടുണ്ട്.

(സി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകളാണ് ഇപ്പോൾ പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ?

ഓൺലൈൻ മുഖേന ലഭ്യമായ അപേക്ഷകളിൽ അർഹരെന്ന് കണ്ടെത്തിയ 64511 പേരിൽ 45127 പേർക്ക് മുൻഗണനാ കാർഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 19384 പേർക്ക് ഒഴിവുകൾ വരുന്ന മുറയ്ക്ക് മുൻഗണനാ കാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റേഷൻകട അനുവദിക്കുന്നതിനുള്ള അപേക്ഷ**

269 (296) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിയൂർ ഗ്രാമപഞ്ചായത്തിലെ തുറശ്ശേരി മുക്കിൽ റേഷൻകട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. മുന്നാരാജ്, മുതുവന സമർപ്പിച്ച അപേക്ഷയിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

**കെ-സ്റ്റോറുകൾ**

270(297) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെയായി എത്ര കെ-സ്റ്റോറുകളാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

359 കെ-സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ എത്ര റേഷൻ ഷോപ്പുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇവ മുഴുവൻ കെ-സ്റ്റോറുകളാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് ആകെ 14168 റേഷൻ കടകളാണുള്ളത്. ഇവ മുഴുവൻ കെ-സ്റ്റോറുകൾ ആക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 2000 കെ-സ്റ്റോറുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) റേഷൻ ഷോപ്പുകൾ കെ-സ്റ്റോറായി ഉയർത്തുമ്പോൾ അധികമായി ലഭ്യമാവുന്ന സൗകര്യങ്ങൾ വിശദമാക്കാമോ?

റേഷൻ ഷോപ്പുകൾ കെ-സ്റ്റോറായി ഉയർത്തുന്നതുവഴി നിത്യോപയോഗ സാധനങ്ങളായ മിൽമയുടെ തെരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പെയ്മെന്റ്, പതിനായിരം രൂപവരെയുള്ള പണമിടപാടുകൾ എന്നീ സേവനങ്ങളും ലഭിക്കുന്നതാണ്.

**കെ-സ്റ്റോറിൽ ലഭിക്കുന്ന സേവനങ്ങൾ**

271(298) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ എവിടെയൊക്കെ കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

താമരശ്ശേരി താലൂക്കിൽ കൂടരഞ്ഞി പഞ്ചായത്തിലെ കക്കാടംപൊയിൽ എന്ന സ്ഥലത്ത് ARD 49 കെ-സ്റ്റോർ ആയി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കെ-സ്റ്റോറിൽ ലഭിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്തെല്ലാമാണെന്നും മറ്റുസേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

നിത്യോപയോഗ സാധനങ്ങളായ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമയുടെ തെരഞ്ഞെടുത്ത ഉത്പന്നങ്ങൾ, IOC-യുടെ ചോട്ടുഗ്യാസ് (5 kg), വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളുടെ (MSME) നിത്യോപയോഗ സാധനങ്ങൾ, CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പെയ്മെന്റ്, പതിനായിരം രൂപവരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവ കെ-സ്റ്റോറുകൾ വഴി നൽകിവരുന്നു.

## റേഷൻ കടകളുടെ നവീകരണം

272(299) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗം ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) റേഷൻ കടകളെ നവീകരിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾവഴി വില്പന നടത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) പൊതുവിതരണരംഗം ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആശ്രമങ്ങൾ/കോൺവെന്റുകൾ/ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികൾക്കായി NPI റേഷൻ കാർഡ് നൽകി.

2. ഇ-റേഷൻ കാർഡിനോടൊപ്പം കാർഡുടമകൾക്ക് PVC കാർഡുകളും നൽകുവാൻ തുടങ്ങി.

3. തെളിമ പദ്ധതിവഴി റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകി.

4. മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന മാത്രം സ്വീകരിക്കുന്ന സംവിധാനം ഏർപ്പെടുത്തി (100% Online).

5. Operation Yellow പദ്ധതിപ്രകാരം സംസ്ഥാനത്ത് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശംവയ്ക്കുന്നവരിൽനിന്നും പിഴ ഈടാക്കുവാനും അനർഹമായ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്യുവാനും ആരംഭിച്ചു.

6. 1988-ലെ റേഷൻ വ്യാപാരി ക്ഷേമനിധി ആക്ടുപ്രകാരം രൂപീകൃതമായ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളെല്ലാംതന്നെ ഓൺലൈൻ ആക്കുന്നതിനായി ഒരു വെബ് പോർട്ടൽ രൂപീകരിക്കാൻ തീരുമാനിക്കുകയും ആയതിനായി ARVENSION Technologies എന്ന സ്റ്റാർട്ട് അപ്പ് കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

7. സംസ്ഥാനത്തിലെ എല്ലാ റേഷൻ കടകളുടെയും ഓൺലൈൻ പരിശോധനയുമായി ബന്ധപ്പെട്ട് 'എഫ് പി എസ് Mobile' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചു.

8. സംസ്ഥാനത്തെ റേഷൻ വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ സഞ്ചാരപാത നിയന്ത്രിക്കുന്നതിനായി ഒരു ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം വികസിപ്പിച്ചിട്ടുണ്ട്.

9. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും തടസ്സരഹിത നെറ്റ്‌വർക്ക് കണക്റ്റിവിറ്റി സാധ്യമാക്കുന്നതിന്റെ ഭാഗമായി കെ-ഫോൺ നെറ്റ്‌വർക്കിലേയ്ക്ക് മാറ്റുന്നതിനായി വകുപ്പിനുകീഴിലുള്ള എല്ലാ ഓഫീസുകളെയും കെ-ഫോൺ സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

10. പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുന്നതിന്റെയും ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെയുൾപ്പെടുത്തി നിലവിൽ നൽകിവരുന്ന സേവനങ്ങൾക്കുപുറമെ പൊതുജനോപകാരപ്രദമായ

കൂടുതൽ സേവനങ്ങളും ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻ കടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം ലക്ഷ്യമിട്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കെ-സ്റ്റോറുകൾ വഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കിവരുന്നു.

a. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉത്പന്നമായ ഹില്ലി അക്വാ കുപ്പിവെള്ളം ഒരു ലിറ്ററിന് 10 രൂപ നിരക്കിൽ (നിലവിൽ 5 ജില്ലകളിൽ) ലഭ്യമാക്കിവരുന്നു.

b. വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ/ പിന്നോക്ക പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ.

c. മിൽമയുടെ തെരഞ്ഞെടുത്ത ഉത്പന്നങ്ങൾ.

d. IOC യുടെ ചോട്ടുഗ്യാസ്.

e. സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ.

f. CSC വഴിയുള്ള സേവനങ്ങൾ.

g. 10,000/-രൂപവരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം.

11. സംസ്ഥാനത്ത് അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽനിന്ന് റേഷൻ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് സർക്കാർ ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

12. സംസ്ഥാനത്ത് നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് One Nation One Ration Card (ONORC) പദ്ധതിപ്രകാരം Ration Rights Card (RRC) നൽകുന്നതിന്റെ ഭാഗമായി അന്യസംസ്ഥാന തൊഴിലാളികളിൽ ആധാർ കാർഡോ, റേഷൻ കാർഡോ ഇല്ലാത്ത വ്യക്തികൾ, ആധാർ കാർഡുള്ളവരും റേഷൻ കാർഡ് ഇല്ലാത്തവർ, ആധാർ കാർഡുള്ളവരും

എന്നാൽ റേഷൻ കാർഡ് സ്വന്തം സംസ്ഥാനത്തുള്ളവർ എന്നിങ്ങനെയുള്ള രീതിയിൽ മൂന്ന് വിഭാഗമായി തരംതിരിച്ച് റേഷൻ കാർഡ് (Ration Rights Card) ലഭ്യമാക്കിയിട്ടുണ്ട്.

13. ഇലക്ട്രോണിക് ഫയലിംഗ് സംവിധാനമായ ഇ-ഓഫീസ് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലെ 100 ഓഫീസുകളിലും CONSUMER DISPUTES REDRESSAL COMMISSION ഹെഡ് ഓഫീസിലും (State - CDRC) വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.

**റേഷൻ സാധനങ്ങളുടെ വാതിൽപടി വിതരണം**

273(300) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരമുള്ള റേഷൻ സാധനങ്ങളുടെ വാതിൽപടി വിതരണം സപ്ലൈകോയിൽനിന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പരിശോധിച്ചുവരുന്നു.

(ബി) വാതിൽപ്പടി വിതരണം നിർവ്വഹിക്കുന്നതിനായി സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്ക് നൽകിവരുന്ന പ്രതിമാസ ചെലവ് എത്രയാണെന്നും അവ ഏതെല്ലാം ഇനങ്ങളിലാണ് നൽകിവരുന്നതെന്നും വിശദമാക്കാമോ?

റേഷൻ വാതിൽപ്പടി വിതരണം നിർവ്വഹിക്കുന്നതിനായി ഗതാഗത കൈകാര്യ ചെലവുകൾക്ക് Transportation & Handling, Rent of Godowns and offices, Salary/Wage, other expenses Stationery, maintainance etc, Mill cleaning എന്നീ ഇനങ്ങളിൽ പ്രതിമാസം ശരാശരി 21 കോടി രൂപയും ശമ്പളയിനത്തിൽ പ്രതിമാസം ശരാശരി 2.40 കോടി രൂപയും സപ്ലൈകോയ്ക്ക് നൽകിവരുന്നു.

(സി) റേഷൻ വിതരണത്തിനായി സപ്ലൈകോയ്ക്ക് എത്ര തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ടെന്നും ഇതിനായി ശമ്പളയിനത്തിൽ എത്ര തുകയാണ് സർക്കാർ സപ്ലൈകോയ്ക്ക് പ്രതിമാസം നൽകിവരുന്നതെന്നും വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 27-01-2018-ലെ സ.ഉ(കൈ)നം.05/2018/ഭ.പൊ.വി.വ ഉത്തരവുപ്രകാരം 318 തസ്തികകൾ സപ്ലൈകോയിൽ സൃഷ്ടിക്കുകയും ആയതിൽ 42 തസ്തികകൾ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽനിന്നുള്ള ഡെപ്യൂട്ടേഷൻവഴി നിയമിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(ഡി) റേഷൻ വിതരണം സപ്ലൈകോയിൽനിന്ന് പൊതുവിതരണ വകുപ്പ് ഏറ്റെടുക്കുന്നതിലൂടെ നിലവിൽ ചെലവാക്കപ്പെടുന്ന തുകയിൽനിന്ന് എത്ര തുക സർക്കാരിന് ലാഭിക്കാൻ കഴിയുമെന്നാണ് പൊതുവിതരണ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്; വിശദമാക്കാമോ?

റേഷൻ വിതരണം സപ്ലൈകോയിൽനിന്ന് പൊതുവിതരണ വകുപ്പ് ഏറ്റെടുക്കുന്നതിലൂടെ നിലവിൽ ചെലവാക്കപ്പെടുന്ന തുകയിൽനിന്ന് പ്രതിമാസം 42.30 ലക്ഷം രൂപയും പ്രതിവർഷം 5.07 കോടി രൂപയും സർക്കാരിന് ലാഭിക്കാൻ കഴിയുമെന്നാണ് പൊതുവിതരണ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്.

(ഇ) പൊതുവിതരണ വകുപ്പ് സമർപ്പിച്ച പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പൊതുവിതരണ വകുപ്പ് സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**റേഷൻ കടകളിലൂടെയുള്ള ഫോർട്ടിഫൈഡ് അരി വിതരണം**

274 (301) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നുണ്ടോ; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

ഉണ്ട്. ജനങ്ങളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് രാജ്യമൊട്ടാകെ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്.

(ബി) ഫോർട്ടിഫൈഡ് അരിയുടെ വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. മൂന്ന് ഘട്ടങ്ങളിലായാണ് സമ്പുഷ്ടീകരിച്ച അരി ലഭ്യമാക്കുന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ (2023-24) 2024 മാർച്ച് മാസത്തോടെ രാജ്യമൊട്ടാകെ പൊതുവിതരണ സമ്പ്രദായം വഴി ഫോർട്ടിഫൈഡ് അരി വിതരണം നടത്തുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഫോർട്ടിഫൈഡ് അരിയുടെ ഉപയോഗവുമായി ബന്ധപ്പെട്ട ആശങ്കകൾ പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമാണോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

(സി&ഡി) ഉണ്ട്. തലാസീമിയ, സിക്കിൾസെൽ അനീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരിയുടെ ഉപയോഗം ദോഷകരമാകുമെന്ന

ആശങ്കയെ തുടർന്ന് ഇത്തരം രോഗികൾക്ക് ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിക്കുകയും പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി 31-01-2023-ലെ സ.ഉ (സാധാ) 233/2023/ആ.കു.വ. പ്രകാരം മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായും അഡീഷണൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ (പബ്ലിക്ക് ഹെൽത്ത്) കൺവീനറായും വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. സമിതിയുടെ റിപ്പോർട്ടിൽ, തലാസീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യേണ്ടതില്ലെന്നും സിക്കിൾസെൽ അനീമിയ രോഗികൾക്ക് മെഡിക്കൽ മേൽനോട്ടത്തിൽ മാത്രമേ ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യാവൂയെന്നും ശിപാർശ ചെയ്യുന്നു. ആരോഗ്യവകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് തലാസീമിയ, സിക്കിൾസെൽ അനീമിയ രോഗികളുടെ പരിശോധന ശക്തിപ്പെടുത്താൻ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. സമ്പുഷ്ടീകരിച്ച ഭക്ഷ്യധാന്യങ്ങളുടെ ഗുണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ വിപുലമായ ബോധവൽക്കരണം നടത്തണമെന്നും തലാസീമിയ, സിക്കിൾസെൽ അനീമിയ രോഗികൾക്ക് ഇരുമ്പ് ഒഴികെയുള്ള

സൂക്ഷ്മപോഷകങ്ങൾകൊണ്ട് സമ്പുഷ്ടമാക്കിയ ഭക്ഷ്യധാന്യങ്ങൾ ഉറപ്പാക്കണമെന്നും പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിക്കാത്ത ആളുകൾക്ക് മിതമായ നിരക്കിൽ സമ്പുഷ്ടീകരിച്ച ഭക്ഷ്യധാന്യങ്ങളുടെ വിപണി ലഭ്യത ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

275 (302) ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സപ്ലൈകോയിൽ സബ്സിഡി സാധനങ്ങൾക്ക് ഉള്ളതായി പറയപ്പെടുന്ന ദൗർലഭ്യവും റേഷൻ അരി വിതരണത്തിലെ തടസ്സങ്ങളും

വിലക്കയറ്റത്തിന് കാരണമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

അവശ്യവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. റേഷൻ അരി വിതരണത്തിൽ യാതൊരു തടസ്സവും സംസ്ഥാനത്ത് ഉണ്ടായിട്ടില്ല.

(സി) അയൽസംസ്ഥാനങ്ങളിൽ വിളവെടുപ്പ് തുടങ്ങിയ സാഹചര്യത്തിൽ അരിവില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

അയൽസംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞ വിലയ്ക്ക് അരി സംഭരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. സപ്ലൈകോയുടെ സ്വന്തം ശബരി ബ്രാൻഡിൽ പാലക്കാടൻ മട്ട അരിയും ആന്ധ്രാ ജയ അരിയും പൊതുവിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ സപ്ലൈകോ വില്പനശാലകളിലൂടെ വില്പന നടത്തിവരുന്നുണ്ട്.

**സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ്**

276 (303) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:

<u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതക്കുറവുണ്ട്. അത് പരിഹരിക്കാനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സബ്സിഡി നൽകുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടുപ്രകാരം എത്ര ശതമാനം വില വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(ബി&സി) സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും നിലവിലെ സ്ഥിതി സുസ്ഥിരമായി

മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും കേരള സർക്കാർ 24-11-2023-ലെ സ.ഉ. (സാധാ) നം.473/2023/F&CS ഉത്തരവുപ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും യുക്തിസഹമായ രീതിയിൽ സബ്സിഡി വില പുനർനിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**പൊതുവിപണിയിലെ വിലക്കയറ്റം തടയാൻ നടപടി**

277 (304) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിലെ വിലക്കയറ്റം തടഞ്ഞ് നിർത്തുന്നതിൽ സർക്കാർ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടില്ല.

(ബി) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം അവലോകനം ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ 11-07-2023-ൽ നടന്ന വീഡിയോ കോൺഫറൻസിംഗ് മുഖേന ഒരു യോഗം ചേരുകയും ടി യോഗത്തിന്റെ മിനിട്ട്സിലെ എട്ടാമത്തെ തീരുമാനപ്രകാരം സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് 24-11-2023-ലെ സ.ഉ.(സാധാ) നം. 473/2023/ഭ.പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് കമ്മിറ്റി നാല് മാസത്തിലൊരിക്കൽ യോഗംകൂടി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച സ്ഥിതി

വിലയിരുത്തുന്നതിനും ജില്ല കളക്ടർമാർ, ഭക്ഷ്യ-കൃഷി വകപ്പ് ജില്ലാതല ഉദ്യോഗസ്ഥരുമായി എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശിപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ-പൊതുവിതരണ കമ്മീഷണർക്ക് സമർപ്പിക്കുകയും ഭക്ഷ്യ-പൊതുവിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശിപാർശകൾ സഹിതം ഉന്നതതല യോഗത്തിൽ സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭക്ഷ്യ, കൃഷി വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥരുമായി ജില്ലാ കളക്ടർമാർ യോഗം ചേരുകയും പൊതുവിപണയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്.

(സി) പൊതുവിപണിയിൽ ഇടപ്പെടുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ധനസഹായം നൽകിവരുന്നുണ്ടോ; എങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഈ സാമ്പത്തിക വർഷം എത്ര തുക നൽകാനാണ് പ്രഖ്യാപനം നടത്തിയത്; അതിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

പൊതുവിപണിയിൽ ഇടപ്പെടുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എല്ലാ സാമ്പത്തിക വർഷവും സംസ്ഥാന ബഡ്ജറ്റിൽ ഒരു നിശ്ചിത തുക ധനസഹായമായി വകയിരുത്താറുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ആകെ 190.80 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത് മുഴുവനായി അനുവദിച്ച് നൽകിയിട്ടുണ്ട്. 03-08-2023-ലെ G.O (Rt) No.334/2023/F&CSD പ്രകാരം 70 കോടി രൂപയും 21-08-2023-ലെ G.O(Rt) No.354/2023/F&CSD പ്രകാരം 70 കോടി രൂപയും വിപണിയിടപ്പെടലിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2023 ഓണക്കാലത്ത് AAY റേഷൻ കാർഡ് ഉടമകൾക്ക് സൗജന്യ കിറ്റ് വിതരണം ചെയ്യുന്നതിനായി 32.27 കോടി രൂപയും 2022 ഓണക്കാലത്ത് AAY റേഷൻ കാർഡ് ഉടമകൾക്ക് പഞ്ചസാര വിതരണം ചെയ്തവകയിലുണ്ടായ നഷ്ടം നികത്തുന്നതിനായി 0.897 കോടി രൂപയും ബഡ്ജറ്റിൽ വിപണിയിടപ്പെടലിനായി വകയിരുത്തിയ 190.80 കോടി രൂപയിൽനിന്നും അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 17.633 കോടി രൂപ

വിപണിയിടപ്പെടലിനായി സമർപ്പിച്ച 2023-24 ലെ ക്ലെയിംപ്രകാരം അനുവദിച്ച് സപ്ലൈകോയുടെ ട്രഷറി അക്കൗണ്ടിൽ നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ആവശ്യമായ നിത്യോപയോഗ സാധനങ്ങളുടെ ദൈനംദിന കണക്കും സംസ്ഥാന ലഭ്യതയും മറ്റുസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അളവും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ ഭക്ഷ്യ സാധനങ്ങളുടെ ദൗർലഭ്യം നേരിടുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി&ഇ) ഇതുസംബന്ധിച്ച കണക്ക് വകുപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സംസ്ഥാനത്തെ ഭക്ഷ്യ സാധനങ്ങളുടെ ദൗർലഭ്യം നേരിടുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ സഹായം യഥാസമയം അഭ്യർത്ഥിക്കാറുണ്ട്. ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിന് നിരവധി നിവേദനങ്ങൾ നൽകുകയും സംസ്ഥാന ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും ബന്ധപ്പെട്ട കേന്ദ്രമന്ത്രിയുമായും

ഉദ്യോഗസ്ഥരുമായും നിരന്തരം ആശയവിനിമയം നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇതുവരെ അനുകൂല നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടില്ല.

**സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി**

278 (305) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യ വിതരണത്തിനുള്ള വിഹിതം, ഡീലർമാരുടെ മാർജിൻ, അഡീഷണൽ മാർജിൻ എന്നിവയുൾപ്പെടെയുള്ള വിവിധ ഇനങ്ങളിൽ നടപ്പുസാമ്പത്തിക വർഷം മുൻകൂറായും അല്ലാതെയും ലഭിച്ച കേന്ദ്ര വിഹിതം ഇനം തിരിച്ച് വ്യക്തമാക്കുമോ?

പ്രസ്തുത ഇനങ്ങളിൽ നടപ്പുസാമ്പത്തികവർഷം മുൻകൂറായി ലഭിച്ച കേന്ദ്രവിഹിതമായ 58.46 കോടി രൂപയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) മേൽപ്പറഞ്ഞ എല്ലാ ഇനങ്ങൾക്കും ആനുപാതികമായി ഈ സർക്കാർ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയതും നൽകിയതുമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഹിതം എത്രയെന്നും ഇനി നൽകാനുള്ള കുടിശ്ശിക എത്രയെന്നും എന്നുവരെയുള്ള തുക വിതരണം നടത്തിയെന്നും വിശദമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെയും സപ്ലൈകോയുടെയും സാമ്പത്തിക പ്രതിസന്ധി റേഷൻ വിതരണ രംഗത്തെ ബാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; ഇത് മറികടക്കാൻ എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

(ബി&സി) ലഭ്യമായ കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാന സർക്കാർ വകയിരുത്തിയതും നൽകിയതും ഇനി നൽകാനുള്ളതുമായ തുകയുടെ വിവരങ്ങൾ ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു+. റേഷൻ വ്യാപാരികൾക്കുള്ള മാർജിൻ 2023 ഡിസംബർ മാസംവരെ നൽകിയിട്ടുണ്ട്. ഗതാഗത കൈകാര്യ ചെലവിനത്തിൽ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാർക്ക് 2023 നവംബർ മാസംവരെയുള്ള തുക സപ്ലൈകോ, സപ്ലൈകോയുടെ തനതുഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സബ്സിഡി ഉല്പന്നങ്ങളുടെ വിലവർദ്ധനവ്

279 (306) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമാണ് വില വർദ്ധിപ്പിക്കേണ്ടതെന്ന് നിർണ്ണയിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സമിതിയുടെ നിർദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നത് വിലക്കയറ്റം രൂക്ഷമാക്കുമോയെന്നുള്ള കാര്യം സമിതി

പഠന വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച സമിതിയുടെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-സി) സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും 24-11-2023-ലെ സ.ഉ. (സാധാ) നം.473/2023/F&CS ഉത്തരവുപ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണിയിടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുതുക്കിയ വിലനിർണ്ണയ സ്കീമുകളും, സ്കീമിന് കീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കുവാനും സപ്ലൈകോ വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാനും സമിതിയോട് ആവശ്യപ്പെട്ടിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## സപ്ലൈകോ വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക

280 (307) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ വിതരണക്കാർക്ക് തുക നൽകാനുണ്ടോ; വിശദാംശം നൽകാമോ?

സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ 25-012024 വരെയുള്ള കണക്കുപ്രകാരം വിതരണക്കാർക്ക് നൽകുവാനുള്ള കുടിശ്ശിക 792.20 കോടി രൂപയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| **ഉത്പന്നങ്ങൾ** | **തുക (കോടിയിൽ)** |
|---|---|
| ആട്ടപ്രോസസ്സിംഗ് ചാർജ്സ് | 5.58 |
| ശബരിവെളിച്ചെണ്ണ | 62.64 |
| FMCG ഉത്പന്നങ്ങൾ | 213.38 |
| സബ്സിഡി-അരി, പയർ, മറ്റു പലവ്യഞ്ജനങ്ങൾ | 295.10 |
| നോൺസബ്സിഡി-അരി, പയർ, മറ്റു പലവ്യഞ്ജനങ്ങൾ | 65.53 |
| ശബരി ഉത്പന്നങ്ങൾ | 0.99 |
| പഞ്ചസാര | 38.39 |
| ഡിപ്പോവിതരണക്കാർ | 110.59 |
| **ആകെ** | **792.20** |

(ബി) വിതരണക്കാർക്ക് കുടിശ്ശിക തുക നൽകാത്തത് വിവിധ അവശ്യസാധനങ്ങളുടെ കച്ചവടത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സബ്സിഡി നഷ്ടം നൽകാത്തതിനെ തുടർന്ന് സപ്ലൈകോയുടെ പ്രവർത്തനം പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) അരി, പഞ്ചസാര, പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ എന്നീ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തതിന്റെ കുടിശ്ശിക പൂർണ്ണമായും നൽകാത്തതുമൂലം ടി ഇനങ്ങളുടെ വിതണക്കാരിൽ ഭൂരിഭാഗവും കഴിഞ്ഞ മാസങ്ങളിൽ നടത്തിയ ടെണ്ടറുകളിൽ പങ്കെടുക്കാതെ വിട്ടുനിൽക്കുന്നു. ഇതുമൂലം സപ്ലൈകോ ഡിപ്പോകളിൽനിന്നുള്ള ആവശ്യകതക്കനുസരിച്ച് എല്ലാ സബ്സിഡി സാധനങ്ങളും സംഭരിക്കുവാൻ സാധിക്കുന്നില്ല. സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും നിലവിലെ സ്ഥിതി സുസ്ഥിരമായി

മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും കേരള സർക്കാർ 24-11-2023-ലെ സ.ഉ. (സാധാ) നം.473/2023/F&CS ഉത്തരവുപ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ധനുമായ ഡോ. രവിരാമൻ അദ്ധ്യക്ഷനായും ഭക്ഷ്യ പൊതുവിതരണ വകുപ്പുസെക്രട്ടറി, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണിയിടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും ഭാവിയിൽ കാര്യക്ഷമമായി വിപണിയിടപെടൽ നടത്താൻ കഴിയുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ടി സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**പൊതുവിതരണ കേന്ദ്രങ്ങളിൽ അളവും തൂക്കവും ഗുണനിലവാരവും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ**

281(308) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളിൽ സാധനങ്ങൾ തൂക്കി നൽകാൻ ഉപയോഗിക്കുന്ന പാത്രത്തിന്റെ തൂക്കം കുറച്ച് ത്രാസ് (ഇലക്ട്രോണിക്ക് ത്രാസ് ഉൾപ്പെടെ) ന്യൂട്രൽ വാല്യൂ ആക്കി മാത്രമേ വിതരണം ചെയ്യാവൂയെന്ന നിർദ്ദേശം ഉത്തരവായി പുറപ്പെടുവിക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; തൂക്കത്തിൽ കൃത്രിമം കാട്ടി സാധാരണക്കാരായ ജനങ്ങളെ ചൂഷണം ചെയ്യുന്ന പൊതുവിതരണ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്. തൂക്കം നോക്കുന്നതിനുമുമ്പ് ത്രാസ് (ഇലക്ട്രോണിക്ക് ത്രാസ് ഉൾപ്പെടെ) ന്യൂട്രൽ വാല്യൂ ആക്കണമെന്ന് ത്രാസ് മുദ്രചെയ്യുന്ന സമയത്ത് വ്യാപാരികൾക്ക് നിർദ്ദേശം നൽകാറുണ്ട്. തൂക്കത്തിൽ കൃത്രിമം കാണിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ലീഗൽ മെട്രോളജി നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്.

(ബി) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരവും അളവ് തൂക്കവും കൃത്യമാക്കുവാൻ ഭക്ഷ്യസാധനങ്ങൾ കൃത്യമായ അളവിൽ പായ്ക്ക് ചെയ്ത് ഗുണനിലവാരം

പരിശോധിച്ച് വിതരണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് റേഷൻ കടകളിലും NFSA ഗോഡൗണുകളിലും അടിക്കടി പരിശോധന നടത്തി പിഴവ് കണ്ടെത്തുന്ന പക്ഷം കർശന നടപടികൾ സ്വീകരിക്കാറുണ്ട്. പൊതുവിതരണ കേന്ദ്രങ്ങളിലെ ത്രാസുകൾ കൃത്യത ഉറപ്പാക്കി മുദ്ര ചെയ്യുന്നുണ്ട്.

(സി) സപ്ലൈകോ മാർക്കറ്റുകളിലൂടെ സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ കാർഡുമായി വരുന്ന ആർക്കും വിതരണം ചെയ്യുന്ന നിലവിലുള്ള രീതി പുന:പരിശോധിച്ച് ആധാർ അധിഷ്ഠിത (റേഷൻ കടകൾക്ക് സമാനമായി) വിതരണം നടത്തുവാൻ തയ്യാറാകുമോ; നിലവിൽ റേഷൻ കാർഡുമായി വരുന്നവർക്ക് സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ ലഭ്യമാക്കുന്ന രീതി ചില ജീവനക്കാരും തൽപ്പരകക്ഷികളും ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരിശോധിച്ചുവരുന്നു. ഇത്തരത്തിലുള്ള കൃത്രിമങ്ങൾ നടക്കുവാനുള്ള സാധ്യത പൂർണ്ണമായി ദൂരീകരിക്കുന്നതിനുവേണ്ടിയാണ് ആധാർ അധിഷ്ഠിത

സബ്സിഡി വിതരണം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നത്.

(ഡി) സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവും തൂക്കവും ഗുണനിലവാരവും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ കോന്നിയിലുള്ള CFRD FQM ലാബ്, Regional Analytical Lab, മറ്റ് NABL Accredited Lab-കൾ

എന്നിവയിൽ സാമ്പിളുകൾ പരിശോധനയ്ക്കയച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലെയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാമാസവും റാൻഡമായി ശേഖരിച്ച് CFRD-യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ Barring from Supplies, Penalty അടക്കമുള്ള കർശനനടപടികളും സ്വീകരിച്ചുവരുന്നു. ഡിപ്പോകളിൽ

കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

**സപ്ലൈകോ വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക**

282(309) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിൽ മതിയായ സാധനങ്ങൾ ലഭ്യമല്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിൽ സബ്‌സിഡി സാധനങ്ങളുടെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. ആയത് പരിഹരിക്കാനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സപ്ലൈകോ വിതരണക്കാർക്ക് നൽകേണ്ട തുക കുടിശ്ശികയായിട്ടുണ്ടോ;

(സി) കുടിശ്ശിക തുക എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. സപ്ലൈകോ വിതരണക്കാർക്ക് നൽകേണ്ട കുടിശ്ശിക തുക, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൊടുത്ത് തീർക്കുന്നതാണ്.

**സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധനവ്**

283(310) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം നടത്തുന്ന സബ്സിഡി സാധനങ്ങളുടെ വില വിപണി വിലയ്ക്ക് ആനുപാതികമായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ വില വർദ്ധനവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ശിപാർശകൾ സമർപ്പിക്കുന്നതിനായി വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സമിതിയുടെ ഘടനയും ധർമ്മവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് സമിതി ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

(എ-ഡി) സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും 24-11-2023-ലെ സ.ഉ. (സാധാ) നം.473/2023/F&CS ഉത്തരവുപ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ദ്ധനുമായ ഡോ. രവിരാമൻ അദ്ധ്യക്ഷനായും ഭക്ഷ്യ പൊതുവിതരണ വകുപ്പുസെക്രട്ടറി, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപ്പെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുതുക്കിയ വിലനിർണ്ണയ സ്കീമുകളും സ്കീമിനുകീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കുവാൻ സപ്ലൈകോ വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാനും

സമിതിയോട് ആവശ്യപ്പെട്ടിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കാൻ നടപടി**

284 (311) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മാവേലി സ്റ്റോറുകളെ ആശ്രയിക്കുന്ന സാധാരണക്കാർക്ക് ഭക്ഷ്യസാധനങ്ങൾ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വില നിലവാരം പിടിച്ചുനിർത്തുന്നതിനായി സംഘടിപ്പിക്കപ്പെട്ട ഇത്തരം സ്ഥാപനങ്ങൾ വഴി ഇടതടവില്ലാതെ അവശ്യവസ്തുക്കൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തെ മാവേലി സ്റ്റോറുകളെ ആശ്രയിക്കുന്ന സാധാരണക്കാർക്ക് ഭക്ഷ്യസാധനങ്ങൾ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി സാധനങ്ങളുടെ കുറവ് പരിഹരിച്ച് ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ്

285 (312) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി സാധനങ്ങളുടെ വില പരിഷ്കരിക്കാൻ സർക്കാർ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് സമിതിയിൽ അംഗങ്ങളായിട്ടുള്ളതെന്നും സമിതിയെ നിയോഗിച്ചത് ഏതുസാഹചര്യത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തീരുമാനമെടുത്തിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില വർദ്ധനവ് ഉണ്ടാകില്ലെന്ന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാരിന് കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി സാധനങ്ങളുടെ വില പരിഷ്കരിക്കുന്നതിനും സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും 24-11-2023-ലെ സ.ഉ. (സാധാ) നം.473/2023/F&CS ഉത്തരവുപ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ധനുമായ ഡോ. രവിരാമൻ അദ്ധ്യക്ഷനായും ഭക്ഷ്യ-പൊതുവിതരണ വകുപ്പുസെക്രട്ടറി, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപ്പെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുതുക്കിയ വിലനിർണ്ണയ സ്കീമുകളും, സ്കീമിനുകീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കുവാനും സപ്ലൈകോ വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാനും കമ്മിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സപ്ലൈകോയ്ക്ക് സർക്കാർ നൽകുവാനുള്ള കുടിശ്ശിക തുക എത്രയാണ്; ഏതുവർഷം മുതലുള്ള തുകയാണ് കുടിശ്ശികയായിട്ടുള്ളത്; സപ്ലൈകോയ്ക്ക് ആവശ്യമായ സഹായം സർക്കാർ യഥാസമയം നൽകാത്തതാണ് സപ്ലൈകോയുടെ വിപണി ഇടപ്പെടലിന് വിഘാതം സൃഷ്ടിച്ചതെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

സർക്കാരിന്റെ വിപണി ഇടപ്പെടൽ പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ സപ്ലൈകോയ്ക്ക് സർക്കാരിൽനിന്ന് 2010-11 സാമ്പത്തിക വർഷം മുതൽ 2023 ആഗസ്റ്റുവരെ ലഭിക്കാനുള്ള കുടിശ്ശിക 1,507.71 കോടി രൂപയാണ്. സപ്ലൈകോ വിതരണക്കാർക്ക് നൽകേണ്ട കുടിശ്ശിക തുക സർക്കാരിൽനിന്നും ഫണ്ട് ലഭ്യമായ മുറയ്ക്ക് നൽകിവരുന്നതും ഇനിയും കൊടുത്തുതീർക്കാനുള്ള കുടിശ്ശിക ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നൽകുന്നതുമാണ്. അതിനാൽ ഫണ്ടിന്റെ അപര്യാപ്തത സപ്ലൈകോയുടെ വിപണിയിടപ്പെടലിന് വിഘാതം സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സപ്ലൈകോയിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി**

286(313) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ജനജീവിതം ദുസ്സഹമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകപ്പ് വിവിധതരം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്നതരം അരി FCI വഴി സംഭരിക്കുന്നതിനും ആയത് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിൽക്കൂടി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ

സഹായത്തോടുകൂടി സപ്ലൈകോ നടത്തിവരുന്ന വിപണി ഇടപ്പെടൽമൂലം 13 അവശ്യസാധനങ്ങൾ സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴി 2016 മെയ് മാസത്തിലെ നിരക്കിൽ നൽകിവരുന്നു. കൂടാതെ വകുപ്പിൽ നിലവിലുള്ള ജില്ല/താലൂക്കുതല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചുനിർത്തുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് മേൽകമ്മിറ്റി നാല് മാസത്തിലൊരിക്കൽ യോഗംകൂടി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച സ്ഥിതി വിലയിരുത്തുന്നതിനും ജില്ല കളക്ടർമാർ, ഭക്ഷ്യ-കൃഷി വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥരുമായി എല്ലാമാസവും യോഗങ്ങൾ ചേർന്ന് ശിപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ കമ്മീഷണർക്ക് സമർപ്പിക്കാനും ഭക്ഷ്യ-പൊതുവിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശിപാർശകൾ സഹിതം ഉന്നതതല

യോഗത്തിൽ സമർപ്പിക്കാനും നിർദേശിച്ചതനുസരിച്ച് സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭക്ഷ്യ, കൃഷി വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികളും തീരുമാനങ്ങളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം സർക്കാർ വിളിച്ചുചേർത്തിട്ടുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണവകുപ്പ് ഉദ്യോഗസ്ഥർ പൊതുവിപണിയിലെ 2843 കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 163 കടകൾക്കെതിരെ

നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. അവശ്യവസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും ശേഖരണത്തിനുംവേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ Price Monitoring Cell 15-05-2017-ലെ G.O No. 19/2017-CSD പ്രകാരം പ്രവർത്തിച്ചുവരുന്നു. നിലവിൽ 14 ജില്ലകളും Price Monitoring cell-ന്റെ കേന്ദ്രങ്ങളായി കേന്ദ്രസർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ ടി 14 ജില്ലകളിൽനിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ സഹായത്തോടെ PMS ആപ്പിൽ രേഖപ്പെടുത്തിവരുന്നു. പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും സർക്കാരിന് കാര്യക്ഷമമായ ഇടപ്പെടൽ പൊതുവിപണിയിൽ നടത്തുന്നതിനും ആയതുവഴി അനുദിനം വർദ്ധിച്ചു വരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപ്പെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനുംവേണ്ടി 18/06/2022-ലെ GO (Rt) No. 173/2022/F&CSD പ്രകാരം Centre for Price

Research Kerala ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ 14 Data Entry Operator-മാരെയും അനുദിനം വർദ്ധിച്ചുവരുന്ന വിലകളെ കുറിച്ച് പഠനം നടത്തി മികച്ച ശിപാർശ സർക്കാരിന് നൽകുന്നതിനുവേണ്ടി ഒരു Research Officer-നെയും Research Assistant-നെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. 14 ജില്ലകളിൽനിന്നും സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയിൽനിന്നും ശേഖരിച്ച്, താരതമ്യം ചെയ്ത് റിപ്പോർട്ട് സർക്കാരിലേയ്ക്കും പ്ലാനിംഗ് ബോർഡിലേയ്ക്കും സപ്ലൈകോയിലേയ്ക്കും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലേയ്ക്കും നൽകിവരുന്നു. Essential Commodity Act മായി ബന്ധപ്പെട്ട് എല്ലാ ജില്ലാ സപ്ലൈ ആഫീസർമാരും പൊതുവിപണിയിലേയ്ക്ക് ഇറങ്ങിച്ചെന്ന് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ പരിശോധന ശക്തമാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ നിരവധി സപ്ലൈകോ വില്പനശാലകളിൽ മാസങ്ങളായി സബ്സിഡി സാധനങ്ങളിൽ ഭൂരിഭാഗവും ലഭ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സബ്സിഡിയിൽ വിൽക്കുന്ന പല ഉല്പന്നങ്ങളും ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടാവുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) സപ്ലൈകോ വിൽപ്പനശാലകൾ വഴി വില്പന നടത്തിവരുന്ന 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വില 2016-നുശേഷം വർദ്ധിപ്പിച്ചിട്ടില്ല. സംസ്ഥാനത്ത് സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സപ്ലൈകോ വില്പനശാലകളിലെ സബ്സിഡി ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും 24-11-2023 -ലെ സ.ഉ. (സാധാ) നം.473/2023/F&CS ഉത്തരവുപ്രകാരം ഒരു

വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപ്പെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുതുക്കിയ വിലനിർണ്ണയ സ്കീമുകളും, സ്കീമിനുകീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കുവാനും സപ്ലൈകോ വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാനും സമിതിയോട് ആവശ്യപ്പെട്ടിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) സപ്ലൈകോയുടെ വിപണി ഇടപ്പെടലിനായി 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും അതിൽ എത്ര തുക ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

സപ്ലൈകോയുടെ വിപണി ഇടപ്പെടലിനായി 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 2408-01-102-99 (NP) Grant to KSCSC Ltd for MIO -33 Subsidies (NP) എന്ന ശീർഷകത്തിൽ 180 കോടി വകയിരുത്തിയിരുന്നു. ടി ശീർഷകത്തിൽ അധിക ധനാനുമതിയായി, 2022 ഓണത്തോടനുബന്ധിച്ച്

01-08-2022-ലെ സ.ഉ.(സാധാ) 273/2022/FCS നമ്പർ സർക്കാർ ഉത്തരവുപ്രകാരം 220 കോടി രൂപ ഓണക്കിറ്റിനായി ചെലവഴിച്ചു. അതനുസരിച്ച് സപ്ലൈകോ ഓണക്കിറ്റ് തയ്യാറാക്കി റേഷൻ കടകളിൽ എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി ടി തുക വിനിയോഗിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ ആകെ 190.80 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത് മുഴുവനായി അനുവദിച്ച് നൽകിയിട്ടുണ്ട്. 21-08-2023-ലെ G.O. (Rt) No.354/2023/FCSD പ്രകാരം 70 കോടി രൂപയും വിപണിയിടപ്പെടലിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2023 ഓണക്കാലത്ത് AAY റേഷൻ കാർഡ് ഉടമകൾക്ക്, സൗജന്യ കിറ്റ് വിതരണം ചെയ്യുന്നതിനായി 32.27 കോടി രൂപയും 2022 ഓണക്കാലത്ത് AAY റേഷൻ കാർഡ് ഉടമകൾക്ക് പഞ്ചസാര വിതരണം ചെയ്തുവകയിലുണ്ടായ നഷ്ടം നികത്തുന്നതിനായി 0.897 കോടി രൂപയും ബഡ്ജറ്റിൽ വിപണിയിടപ്പെടലിനായി വകയിരുത്തിയ 190.80 കോടി രൂപയിൽനിന്നും അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 17.633 കോടി രൂപ

വിപണിയിടപ്പെടലിനായി സമർപ്പിച്ച 2023-24-ലെ ക്ലെയിംപ്രകാരം അനുവദിച്ച് സപ്ലൈകോയുടെ ട്രഷറി അക്കൗണ്ടിൽ നൽകിയിട്ടുണ്ട്.

**സംഭരിക്കുന്ന നെല്ലിന് നേരിട്ട് പണം നൽകുന്ന സംവിധാനം**

287(314) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി നെല്ല് സംഭരിക്കുമ്പോൾ പണത്തിനുപകരം കർഷകർക്ക് പാഡി റസീപ്റ്റ് ഷീറ്റ് നൽകി ബാങ്കുകൾ മുഖേന ലോണായി നെല്ലിന്റെ സംഭരണ വില നൽകുന്നതിന് സർക്കാരും ബാങ്കുകളുമായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

എസ്.ബി.ഐ, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുമായി സപ്ലൈകോ ഏർപ്പെട്ടിട്ടുള്ള കരാർ പത്രത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) സ്വന്തമായി ഉല്പാദിപ്പിച്ച നെല്ലിന്റെ വില കർഷകന് ലോണായി നൽകുവാൻ തീരുമാനിച്ചത് ഏതുസാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ലോണിന്റെ തിരിച്ചടവ് സംബന്ധിച്ച് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2014-ൽ അധികാരത്തിലിരുന്ന ഗവൺമെന്റാണ് PRS വായ്പാസംവിധാനം കൊണ്ടുവന്നത്. ആ സമ്പ്രദായം തുടർന്നുപോരുകയാണ്.

i) കർഷകരിൽനിന്ന് നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ മേൽനോട്ടത്തിൽ കർഷകരുടെ കൃഷിയിടത്തിൽനിന്ന് നെല്ല് സംഭരിച്ച്, കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തരം അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ നൽകുന്നതിന് ഏകദേശം 6 മാസത്തിൽ കുറയാതെ സമയമെടുക്കുന്നതാണ്. ടി അരി (CMR) റേഷൻഷോപ്പ് വഴി വിതരണം നടത്തി 'അന്നവിതരൺ' പോർട്ടലിൽ ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നു. അതിനുശേഷം ആയതിന്റെ ക്ലെയിം തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽനിന്ന് സപ്ലൈകോയ്ക്ക് ലഭിക്കുന്നത്. ഓരോ സീസണിലും നെല്ല് സംഭരണം മുതൽ കേന്ദ്ര സർക്കാരിൽനിന്ന്

ഫണ്ട് ലഭിക്കുന്നതിന് 6 മുതൽ 8 മാസംവരെ കാലതാമസം നേരിടുന്നുണ്ട്. 2022-23 ഒന്നാം സീസണിൽ സപ്ലൈകോ കർഷകരിൽനിന്നും നെല്ല് നേരിട്ട് സംഭരിക്കുകയും നേരിട്ട് തുക കർഷകന് അക്കൗണ്ടിൽ നൽകുകയും ചെയ്തിരുന്നു. കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് നേരിട്ട് മില്ലുകളിൽ എത്തിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം നടത്തുന്നു. ഇപ്രകാരം വിതരണം നടത്തുന്ന അരിയുടെ വിതരണ വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നമുറയ്ക്ക് അവ കേന്ദ്ര സർക്കാരിലേയ്ക്ക് നൽകിയാൽ മാത്രമേ നെല്ല് സംഭരിച്ചതിനുള്ള കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. ഇപ്രകാരമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും നെൽകർഷകർക്ക് സമയബന്ധിതമായി സംഭരണ തുക ലഭിക്കുന്നതിനും വേണ്ടിയാണ് സപ്ലൈകോ പി.ആർ.എസ്. വായ്പാപദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്.

ii) PRS വായ്പ കരാർ അനുസരിച്ച് വായ്പ അനുവദിച്ച് 12 മാസത്തിനുള്ളിൽ പലിശ ഉൾപ്പടെയുള്ള വായ്പ തുക സപ്ലൈകോ തിരിച്ചടയ്ക്കേണ്ടതാണ്. കാലാവധിക്കുള്ളിൽ വായ്പ തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ കുടിശ്ശികയായ തീയതി മുതൽ അടവാക്കുന്ന തീയതിവരെ പിഴപലിശ (കൂട്ടുപലിശ

മാസനിരക്കിൽ) ഈടാക്കുന്നതാണ്. ഇതിനുപുറമെ മറ്റുചാർജ്ജസ്, ചെലവുകൾ എന്നിവ എന്തെങ്കിലുമുണ്ടെങ്കിൽ അവയും അടവാക്കേണ്ടതായിവരുന്നതാണ്. PRS വായ്പകളുടെ തിരിച്ചടവ് സപ്ലൈകോ ഉറപ്പ് (guarantee) നൽകുന്നുണ്ട്. അനുബന്ധത്തിൽ വിശദമായി വ്യവസ്ഥകൾ പ്രതിപാദിച്ചിട്ടുണ്ട്+.

(സി) സർക്കാർ ലോൺ തിരിച്ചടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ ആയത് കർഷകന്റെ ബാധ്യതയായി കണക്കാക്കുമോ; ഇത് കർഷകന്റെ സിബിൽ സ്കോറിനെ ദോഷകരമായി ബാധിക്കുന്നുണ്ടോ; സർക്കാർ ലോൺ തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ കർഷകനുമേൽ ബാധ്യത നിശ്ചയിച്ച് ബാങ്കുകൾ ജപ്തി നോട്ടീസുകൾ നൽകിയിട്ടുണ്ടെങ്കിൽ എത്രപേർക്ക് ഇപ്രകാരം ജപ്തി നോട്ടീസ് ലഭിച്ചിട്ടുണ്ട് ?

പി.ആർ.എസ്. വായ്പാ പദ്ധതിയിൽ ബന്ധപ്പെട്ട ബാങ്കുകളുമായുള്ള കരാറിൽ സപ്ലൈകോയാണ് ഗ്യാരന്റർ (Guarantor). ആയതിനാൽ കർഷകർക്ക് പി.ആർ.എസ്. വായ്പവഴി നൽകുന്ന നെല്ലിന്റെ സംഭരണ തുകയുടെ മുതലും പലിശയും അടയ്ക്കുന്നത് സപ്ലൈകോയാണ്. ആയതിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകന് ബാധ്യത വരുന്നില്ല. പിന്നീട് ഈ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് തിരികെ നൽകുന്നതാണ്.

കേന്ദ്ര-സംസ്ഥാന വിഹിതമായി സപ്ലൈകോയ്ക്ക് ലഭ്യമാകുന്ന താങ്ങുവിലയിൽ നിന്നാണ് പി.ആർ.എസ്. വായ്പാപദ്ധതി. പി.ആർ.എസ്. വായ്പാ പദ്ധതിയിൽ ബന്ധപ്പെട്ട ബാങ്കുകളുമായുള്ള കരാറിൽ സപ്ലൈകോയാണ് ഗ്യാരന്റർ (Guarantor). ആയതിനാൽ കർഷകർക്ക് പി.ആർ.എസ്. വായ്പവഴി നൽകുന്ന നെല്ലിന്റെ സംഭരണ തുകയുടെ മുതലും പലിശയും അടയ്ക്കുന്നത് സപ്ലൈകോയാണ്. ആയതിൽ കർഷകന് ബാധ്യത വരുന്നില്ല. പിന്നീട് ഈ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് തിരികെ നൽകുന്നതാണ്.

കേന്ദ്ര-സംസ്ഥാന വിഹിതമായി സപ്ലൈകോയ്ക്ക് ലഭ്യമാകുന്ന താങ്ങുവിലയിൽ നിന്നാണ് പി.ആർ.എസ് വായ്പാപദ്ധതി. പി.ആർ.എസ്. വായ്പാപദ്ധതിയിൽ ബന്ധപ്പെട്ട ബാങ്കുകളുമായുള്ള കരാറിൽ സപ്ലൈകോയാണ് ഗ്യാരന്റർ (Guarantor). ആയതിനാൽ കർഷകർക്ക് പി.ആർ.എസ്. വായ്പവഴി നൽകുന്ന നെല്ലിന്റെ സംഭരണ തുകയുടെ മുതലും

പലിശയും അടയ്ക്കുന്നത് സപ്ലൈകോയാണ്. ആയതിൽ കർഷകന് ബാധ്യത വരുന്നില്ല. പിന്നീട് ഈ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് തിരികെ നൽകുന്നതാണ്.

കേന്ദ്ര സംസ്ഥാന വിഹിതം ലഭ്യമാകാൻ കാലതാമസം നേരിട്ടാൽ ബാക്കി തിരിച്ചടവ് തുകയും ആയതിന്റെ പിഴ പലിശസഹിതം തിരിച്ചടച്ച് കർഷകരുടെ “CIBIL Score” നെ ബാധിക്കാത്ത തരത്തിലുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ തിരിച്ചടവ് നടത്തിയില്ലെങ്കിൽ മാത്രമാണ് പി.ആർ.എസ്. വായ്പ കുടിശ്ശികയാകുന്നത്. 2021-22 സീസൺവരെയുള്ള വായ്പകൾ തിരിച്ചടച്ചിട്ടുണ്ട്. 2022-23-ലെ വായ്പകൾ തിരിച്ചടവ് നടത്തിവരികയാണ്. വായ്പ തിരിച്ചടയ്ക്കാത്ത കാരണത്താൽ ഇതുവരെ ജപ്തി നോട്ടീസുകൾ നൽകിയിട്ടില്ല.

(ഡി) കർഷകർക്ക് അനാവശ്യ ബാധ്യത അടിച്ചേൽപ്പിക്കുന്ന പാഡി റസീറ്റ് ഷീറ്റ് സമ്പ്രദായം നിർത്തലാക്കി സംഭരിക്കുന്ന നെല്ലിന് നേരിട്ട് പണം നൽകുന്ന സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ?

സപ്ലൈകോയ്ക്ക് മതിയായ ഫണ്ട് ലഭ്യമാകാതെ വരുന്നതിനാലാണ് സംഭരിച്ച നെല്ലിന്റെ തെളിവായി നൽകിയിരിക്കുന്ന പി.ആർ.എസ്. ഉപയോഗിച്ച് ബാങ്ക് മുഖേന കർഷകർക്ക് തുക നൽകുന്ന പി.ആർ.എസ്. വായ്പാപദ്ധതി ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിലെ സാഹചര്യത്തിൽ നേരിട്ട് പണം നൽകുന്നരീതി സ്വീകരിക്കാൻ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

**നെല്ല് സംഭരണത്തിനുള്ള താങ്ങുവില**

288(315) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്രയാണ്; അനുവദിച്ച തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

നെല്ല് സംഭരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക, ചെലവഴിച്ച തുക, അനുവദിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നടപ്പ് സാമ്പത്തിക വർഷം നെല്ലിന്റെ സംഭരണത്തിനുള്ള താങ്ങുവിലയിൽ കേന്ദ്രസർക്കാരിന്റെ വിഹിതം എത്ര രൂപയാണ്; എത്ര ശതമാനമാണ്; സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര രൂപയാണ്; എത്ര ശതമാനമാണ്; 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത വിഹിതം എത്ര ശതമാനം വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>നടപ്പു സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനുള്ള താങ്ങുവില</u>: കേന്ദ്ര വിഹിതം (MSP) - 21.83 രൂപ /Kg (77%). സംസ്ഥാന വിഹിതം (SIB) - 6.37 രൂപ /Kg (23%).

<u>2015-16 സാമ്പത്തിക വർഷത്തിലെ പ്രസ്തുത വിഹിതം</u>: 2015-16 കർഷകർക്ക് നൽകിയ തുക - കേന്ദ്ര വിഹിതം (MSP) -14.10 രൂപ/Kg (65.58%). സംസ്ഥാന വിഹിതം (SIB) - 7.40 രൂപ/Kg (34.42%).

(സി) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നെല്ലിന്റെ താങ്ങുവിലയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം 2015-16-ലെ 32%-ൽനിന്നും നിലവിലെ 22% ആയി കുറയാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തികവർഷം നെല്ലിന്റെ താങ്ങുവില 28.20 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണവിലയായ 28.20 രൂപ/കിലോഗ്രാമിന് സംസ്ഥാനത്ത് ഉറപ്പുവരുത്തിയിട്ടുണ്ട്. ഈ തുകയിൽ കുറയാതെ കർഷകന് ലഭ്യമാക്കാനാണ് സംസ്ഥാന പ്രോത്സാഹന ബോണസ് നൽകിവരുന്നത്.

(ഡി) സംസ്ഥാന സർക്കാർ വിഹിതം ഗണ്യമായി കുറഞ്ഞതുമൂലം നെൽക്കർഷകർക്ക് ഉയർന്ന താങ്ങുവില ലഭിക്കേണ്ട സാഹചര്യം ഇല്ലാതായതിനാൽ കർഷകർക്കുണ്ടായ നഷ്ടം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് നെൽകർഷകർക്ക് ലഭിച്ചുവരുന്ന സംഭരണവിലയിൽ കുറവ് ഉണ്ടായിട്ടില്ല.

## എരമം–പുല്ലുപാറയിൽ താലൂക്കുതല ഗോഡൗൺ നിർമ്മാണം

289 (316) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-പുല്ലുപാറയിൽ നിർമ്മിക്കാൻ തീരുമാനിച്ച താലൂക്കുതല ഗോഡൗൺ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

19-12-2023-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പയ്യന്നൂർ മണ്ഡലത്തിലെ എരമം-പുല്ലുപാറ ഉൾപ്പെടെയുള്ള മൂന്ന് സ്ഥലങ്ങളിലെ ഗോഡൗണുകളുടെ നിർമ്മാണത്തിനായി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ ലഭ്യമാക്കിയ ശിപാർശ അംഗീകരിക്കുകയുണ്ടായി. ആയതിനെതുടർന്ന്, പൊതുമരാമത്ത് വകുപ്പിൽനിന്നും 5.88 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായതിന്മേൽ, പയ്യന്നൂർ താലൂക്കിലെ ഗോഡൗൺ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ഏതുവകുപ്പിനെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ താലൂക്കിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മാനന്തവാടി പെട്രോൾ- ഡീസൽ പമ്പിന്റെ പ്രവർത്തനം**

290(317) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ കീഴിൽ ആരംഭിക്കുന്ന പെട്രോൾ-ഡീസൽ പമ്പിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) വയനാട് ജില്ലയിലെ മാനന്തവാടിയിൽ സപ്ലൈകോ പെട്രോൾ ബങ്ക് ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നമ്പർ ലഭ്യമാക്കുന്നതിന് മാനന്തവാടി മുനിസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കെട്ടിട നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് ഇലക്ട്രിസിറ്റി ബോർഡിൽനിന്ന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി

മാനന്തവാടി പെട്രോൾ ബങ്കിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ചങ്ങനാശ്ശേരിയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ**

291 (318) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ, ഹൗസിംഗ് ബോർഡ് ചെയർമാൻ എന്നിവർ പങ്കെടുത്ത 09-02-2023-ലെ യോഗതീരുമാനപ്രകാരം എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഭക്ഷ്യവും പൊതുവിതരണ ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09-02-2023-ന് നടന്ന യോഗത്തിൽ തീരുമാനിച്ച പ്രകാരം,

പ്രസ്തുത സ്ഥലം ഗോഡൗൺ നിർമ്മിക്കുന്നതിനാവശ്യമായ specifications പ്രകാരം അനുയോജ്യമാണോയെന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുവാൻ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ, രണ്ടുവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിൽ നിലനിർത്തിക്കൊണ്ട് ഗോഡൗൺ നിർമ്മാണത്തിനായിമാത്രം ഭൂമിയുടെ ഉപയോഗാനുമതിയും കൈവശാനുഭവവും കൈമാറി നൽകണമെന്നാവശ്യപ്പെട്ട് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമർപ്പിച്ച ശിപാർശയിന്മേൽ 'Lease Out' വ്യവസ്ഥയിൽമാത്രം ഗോഡൗൺ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിഷയത്തിൽ തുടർനടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത സ്ഥലം സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് താലൂക്ക് സപ്ലൈ ഓഫീസർ

റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത സ്ഥലം എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കുവാൻ അനുയോജ്യമാണെന്ന് കോട്ടയം ജില്ലാ സപ്ലൈ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**കൺട്രോളർ ഓഫ് ലീഗൽ മെട്രോളജി തസ്തികയിലെ നിയമനം**

292(319) **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ്, 2018 പ്രകാരം കൺട്രോളർ ഓഫ് ലീഗൽ മെട്രോളജി തസ്തികയിലേക്കുള്ള നിയമനത്തിനുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2018 പ്രകാരം കൺട്രോളർ ഓഫ് ലീഗൽ മെട്രോളജി തസ്തികയിലേക്കുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. Appointment from All India Service or By promotion from Joint Controller, (now re-designated as Additional Controller), Legal Metrology with qualification of Graduation in Science with Physics as one of the subjects conferred/recognized by any of the Universities in Kerala OR B.Tech awarded /recognized by any of the Universities in Kerala OR Diploma in Engineering after undergoing a regular course of study of three years with three year professional experience in Central or State Government Service or in public sector undertaking or Registered Private Sector undertaking after acquiring the basic qualification prescribed for the post, in the field of Engineering in which the candidate has earned the Diploma.

2. Must be able to speak, read and write Malayalam.

(ബി) കൺട്രോളർ ഓഫ് ലീഗൽ മെട്രോളജി തസ്തികയിലേക്ക് നടത്തിയ നിയമനങ്ങളിൽ കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ്, 2018-ലെ റൂൾ 3, 4 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന

വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ആഭ്യന്തര വകുപ്പിന്റെ 28-03-2023 തീയതിയിലെ സ.ഉ.(സാധാ) നം.821/2023/ആഭ്യന്തരം, ഉത്തരവുപ്രകാരമാണ് അന്യത്ര സേവന വ്യവസ്ഥയിൽ ലീഗൽ മെട്രോളജി കൺട്രോളർ തസ്തികയിൽ ശ്രീ. വി. കെ. അബ്ദുൾ ഖാദർ-നെ നിയമിച്ചിട്ടുള്ളത്.

**ഭക്ഷ്യവസ്തുക്കളുടെ പാക്കിംഗിലെ അളവുതൂക്ക വിവരങ്ങൾ**

293(320) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിസ്റ്റോർ, റേഷൻകടകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ പാക്കിംഗിൽ അളവ്, തൂക്കം, ഉല്പാദകന്റെ പേര് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ?

പരിശോധിക്കാറുണ്ട്.

(ബി) കിറ്റുകളിലടക്കം വിതരണം ചെയ്യുന്ന പാക്കറ്റുകൾ അളവുതൂക്ക നിയമപ്രകാരം ഇത്തരം നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പായ്ക്കറ്റുകളിൽ വിതരണം ചെയ്യുന്ന ഉത്പന്നങ്ങളിൽ പാക്കേജ്ഡ് കമ്മോഡിറ്റീസ് നിയമലംഘനമുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്താറുണ്ട്. എന്നാൽ സൗജന്യ കിറ്റുകളിലാക്കി വിതരണം നടത്തുന്ന പാക്കറ്റുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ മാത്രമേ പരിശോധന നടത്താറുള്ളൂ.

**അരുവിക്കര മണ്ഡലത്തിലെ പ്ലാൻ ഫണ്ട് ഉപയോഗം**

294(321) **ശ്രീ. ജി. സ്റ്റീഫൻ:** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുൻവർഷങ്ങളിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളിൽ നിലവിൽ ബാക്കിയുള്ള ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

അരുവിക്കര മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുൻവർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ നടപ്പിലാക്കിയതിനാൽ മുൻവർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുകകൾ ബാക്കിയില്ല. തൻവർഷത്തെ നിർമ്മാണ പ്രവൃത്തികളിൽ നിലവിൽ ബാക്കിയുള്ള ടെണ്ടർ സേവിംഗ്സ് തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം ജില്ലാപഞ്ചായത്ത് | 16,87,694/- |
| വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | 24,80,983/- |
| പൂവച്ചൽ ഗ്രാമപഞ്ചായത്ത് | 43,555/- |
| ആര്യനാട് ഗ്രാമപഞ്ചായത്ത് | 94,554/- |
| അരുവിക്കര ഗ്രാമപഞ്ചായത്ത് | 11,218/- |
| ആകെ | 43,18,004/- |

അരുവിക്കര മണ്ഡലത്തിലെ വെള്ളനാട്, തൊളിക്കോട്, ഉഴമലയ്ക്കൽ, വിതുര, കുറ്റിച്ചൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്ലാൻ ഫണ്ടിൽ ടെണ്ടർ സേവിംഗ്സ് ബാക്കിയില്ല

**വാമനപുരം മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

295(322) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിപ്രകാരം വാമനപുരം മണ്ഡലത്തിലെ 9 ഗ്രാമപഞ്ചായത്തുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ, ജനറൽ വിഭാഗങ്ങളിലായി നാളിതുവരെ അനുവദിച്ച വീടുകളുടെ എണ്ണം അറിയിക്കാമോ?

ലൈഫ് ഭവന പദ്ധതിപ്രകാരം വാമനപുരം മണ്ഡലത്തിലെ 9 ഗ്രാമപഞ്ചായത്തുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ, ജനറൽ വിഭാഗങ്ങളിലായി 22-01-2024 വരെ 6,012 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിൽ പൂർത്തിയായിട്ടുള്ളതും പൂർത്തിയാക്കാനുള്ളതുമായ വീടുകളുടെ വിവരം പട്ടികജാതി, പട്ടികവർഗ്ഗ, ജനറൽ വിഭാഗങ്ങൾ തിരിച്ച് നൽകാമോ?

| വിഭാഗം | പട്ടിക ജാതി | പട്ടിക വർഗ്ഗം | ജനറൽ | ആകെ |
|---|---|---|---|---|
| പൂർത്തീകരിച്ചിട്ടുള്ള വീടുകളുടെ എണ്ണം | 748 | 262 | 3802 | 4812 |

| | | | | |
|---|---|---|---|---|
| പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം | 272 | 96 | 832 | 1200 |

(സി) പുതുതായി തയ്യാറാക്കപ്പെട്ട ലൈഫ് ഗുണഭോക്തൃ പട്ടികയിൽ നിന്നുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലായെന്നും ഓരോ ഗ്രാമപഞ്ചായത്തിലും എത്ര പേരുടെ പട്ടികയാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള വീടുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

പി.എം.എ.വൈ. ഗ്രാമീണിൽ ഒരു വീടിന് 72,000 രൂപയും അർബനിൽ 1,50,000 രൂപയുമാണ് കേന്ദ്ര ധനസഹായമായി ലഭിക്കുന്നത്. വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി പി.എം.എ.വൈ. പദ്ധതി പ്രകാരം 730 ഗുണഭോക്താക്കൾക്ക് മാത്രമാണ് മേൽപ്പറഞ്ഞ കേന്ദ്ര ധനസഹായം ലഭിച്ചിട്ടുള്ളത്. ലൈഫ് ഭവന പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം നിർവ്വഹണം നടത്തുന്ന മറ്റ് വീടുകൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല.

## കെ-സ്മാർട്ട് പദ്ധതി

296(323) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി സംഘടിപ്പിച്ചിട്ടുള്ള പരിശീലന പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ?

നഗരഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ ഇതിനകംതന്നെ നടത്തിയിട്ടുണ്ട്. കൂടുതൽ വിപുലമായ പരിശീലനങ്ങൾ വിഭാവനംചെയ്ത് നടപ്പിലാക്കുന്നതാണ്. 18-12-2023 മുതൽ 22-12-2023 വരെ 281 മാസ്റ്റർ ട്രെയിനർമാർക്കും, 26-12-2023 മുതൽ 31-12-2023 വരെ കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും

മേയർ, ചെയർപേഴ്സൺ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജീവനക്കാർ, ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ ജീവനക്കാർ എന്നിങ്ങനെ ആകെ 2933 പേർക്ക് കെ-സ്മാർട്ടിന്റെ വിവിധ മൊഡ്യൂളുകളിൽ പരിശീലനം നൽകിയിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി 03-01-2024, 11-01-2024, 22-01-2024, 24-01-2024 മുതൽ 27-01-2024 വരെ നഗരഭരണ തദ്ദേശസ്ഥാപനങ്ങളിലെയും, ഐ.കെ.എം.-ലെയും ഹോസ്പിറ്റൽ കിയോസ്കുകളിലെയുമായി ആകെ 2548 പേർക്ക് കെ-സ്മാർട്ടിന്റെ വിവിധ മൊഡ്യൂളുകളിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ബി) കെ-സ്മാർട്ട് സംവിധാനം പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവിധ സർട്ടിഫിക്കറ്റുകൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള കാലപരിധി സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

നിലവിൽ സേവനാവകാശ നിയമപ്രകാരമുള്ള സമയ പരിധിയാണ് സോഫ്റ്റ്‌വെയറിൽ നിശ്ചയിച്ചിട്ടുള്ളത്. കെ-സ്മാർട്ട് പൂർണ്ണതോതിൽ

പ്രവർത്തനക്ഷമമാകുന്നതോടെ സേവനങ്ങൾക്കായുള്ള സമയപരിധി പുതുക്കി നിശ്ചയിക്കാവുന്നതാണ്.

(സി) കെ-സ്മാർട്ട് സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അക്ഷയകേന്ദ്രം മാതൃകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇ-സേവ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

ഇ-സേവ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. കെ-സ്മാർട്ട് നടപ്പിലാക്കിയ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഐ.കെ.എം. സാങ്കേതിക വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ Facilitation സെന്ററുകൾ മുഖേന പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും പരിശീലനങ്ങളും നൽകിവരുന്നു. അക്ഷയ സെന്റർ മുഖേനയും ആവശ്യമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനും സജ്ജമാണ്.

**കെ-സ്മാർട്ട് പദ്ധതി**

297 (324) <u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. പി. ബാലചന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള എല്ലാ സേവനങ്ങളും സുതാര്യവും അതിവേഗത്തിലും ഓൺലൈനായി ലഭ്യമാക്കുന്ന കെ-സ്മാർട്ട് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ-സ്മാർട്ട് നഗരഭരണ സ്ഥാപനങ്ങളിൽ 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ജനന മരണ വിവാഹ രജിസ്ട്രേഷൻ, ബിൽഡിംഗ് പെർമിഷൻസ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ്, പരാതി പരിഹാരം, എച്ച്.ആർ.എം.എസ്, ഡിജിറ്റൽ ഫയൽ മാനേജ്മെൻറ്, ഫിനാൻസ്, മൊബൈൽ ആപ്പ് എന്നീ മൊഡ്യൂളുകൾവഴി എഴുപത്തിരണ്ടോളം സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളത്.

(ബി) മറ്റ് സംസ്ഥാനങ്ങൾ ഈ പദ്ധതിയുടെ മാതൃകയിൽ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി സമീപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കർണാടക സംസ്ഥാനം ഇതിനായി സമീപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ കേരള മിഷൻ കർണ്ണാടകയുമായി MoU ഒപ്പുവെക്കുകയും ചെയ്തിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപന അധികൃതർ മുതൽ വകുപ്പുമന്ത്രിക്ക് വരെ ഓൺലൈനായി പരാതികൾ സമർപ്പിക്കുന്നതിനും ആയതിന്മേൽ സ്വീകരിച്ച നടപടി യഥാസമയം പരാതിക്കാരനെ അറിയിക്കുന്നതിനുമുള്ള സംവിധാനം ഈ പദ്ധതിയിൽ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പരാതി പരിഹാര മൊഡ്യൂൾവഴി നഗരഭരണ സ്ഥാപനങ്ങളിലേക്കുള്ള പരാതികളാണ് സ്വീകരിക്കുന്നത്. അടുത്ത ഘട്ടത്തിൽ അദാലത്ത്, അപ്പീൽ എന്നിവ ഏർപ്പെടുത്തുന്നതാണ്. ഇതോടെ വകുപ്പുമന്ത്രിക്കുവരെ ഓൺലൈനായി പരാതികൾ സമർപ്പിക്കാൻ സാധിക്കുന്നതാണ്. സിറ്റിസൺ ഓൺലൈനിൽ സമർപ്പിച്ച അപേക്ഷയുടെ തൽസ്ഥിതി ഡാഷ് ബോർഡിൽ ലഭ്യമാണ്.

(ഡി) വിപുലമായ ഓൺലൈൻ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി കെ-സ്മാർട്ട് മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ കെ-സ്മാർട്ട് മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമാണ്. കെ-സ്മാർട്ട് മൊബൈൽ ആപ്പ് മുഖേന ആദ്യഘട്ടത്തിൽ നൽകുന്ന സേവനങ്ങൾ:

1. ജനനം, മരണം, വിവാഹം എന്നിവ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം

2. ഉപയോക്താവിന് സ്വന്തമായി യൂസർ പ്രൊഫൈൽ ക്രിയേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം.

3. സിവിൽ രജിസ്ട്രേഷനുകളിൽ മികച്ചതും വിപുലവുമായ രീതിയിൽ തിരച്ചിൽ നടത്തുന്നതിനുള്ള സംവിധാനം

4. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം

5. സിവിൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വേഗതയേറിയ പേയ്മെന്റ് സംവിധാനം

കെ-സ്മാർട്ട് ജി.ഐ.എസ് ആപ്പിലെ Know Your Land എന്ന സവിശേഷത ഉപയോഗിച്ച് ഉപയോക്താവിന് ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുക എന്നും, പ്രസ്തുത സ്ഥലം എയർപോർട്ട് സോൺ, റെയിൽവേ സോൺ, കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) എന്നിവയിൽ ഉൾപ്പെട്ടതാണോ എന്ന വിവരവും അറിയാൻ സാധിക്കും.

**ക്ഷേമപെൻഷനുകൾക്കായി നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകൾ**

298(325) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന വിവിധയിനം ക്ഷേമപെൻഷനുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെയും പരാതികളുടെയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന വിവിധയിനം ക്ഷേമപെൻഷനുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നവകേരള സദസ്സിൽ

ലഭിച്ച അപേക്ഷകളുടെയും പരാതികളുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ഇങ്ങനെ ലഭിച്ച അപേക്ഷകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ക്ഷേമപെൻഷൻ അനുവദിച്ച് ലഭ്യമായവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

അപേക്ഷകളുടെ പരിശോധന നടന്നുവരുന്നു. പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ വിവരം ലഭ്യമാവുകയുള്ളൂ.

**കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ് വിഭാഗം ഒഴിവുകൾ**

299 (326) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലനിൽക്കുന്ന ഒഴിവുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ചുവടെ ചേർക്കുന്ന ഒഴിവുകൾ നിലനിൽക്കുന്നുണ്ട്.

ഓവർസിയർ ഗ്രേഡ് I -21

ഓവർസിയർ ഗ്രേഡ് II -30

ഓവർസിയർ ഗ്രേഡ് III - 3

അസിസ്റ്റന്റ് എഞ്ചിനീയർ -13

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ - 2

(ബി) ഈ ഒഴിവുകൾ വിവിധ സ്കീമുകളിലെ പദ്ധതികളുടെ നിർവ്വഹണത്തെ ബാധിക്കുന്നതിനാൽ ആയവ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് ഇന്റർവ്യൂ നടത്തി നിയമിക്കാനും നിലവിലുള്ള

ഒഴിവുകൾ നികത്തുന്നതുവരെ ഒന്നാംതരം ഓവർസിയർ/രണ്ടാം തരം ഓവർസിയർമാർക്ക് പൂർണ്ണ അധിക ചുമതല നൽകി അതത് എക്സിക്യൂട്ടീവ് എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉടനടി ഉത്തരവ് പുറപ്പെടുവിക്കാനും കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് പ്രിൻസിപ്പൽ ഡയറക്ടറുടെ 20-01-2024-ലെ LSGD/PD/1701/2024-DEA4 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെട്ടിട നിർമ്മാണ പെർമിറ്റ്**

300(327) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ നൽകുന്ന സമയത്ത് തറയുടെ നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണ ഇനത്തിൽപ്പെടുത്താമോ?

കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ നൽകുന്ന സമയത്ത് തറയുടെ നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019/ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ

2019 ചട്ടം 92, ചട്ടം 92 ന്റെ പ്രോവിസോ(2) എന്നിവ പ്രകാരം പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണ ഇനത്തിൽപ്പെടുന്നു.

(ബി) അങ്ങനെയെങ്കിൽ ആയതിന് ഫൈൻ ഒടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതെങ്ങനെയാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ?

കെട്ടിട നിർമ്മാണ പെർമിറ്റ് നേടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019/കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 92 പ്രോവിസോ (2) പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019/കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95(4) പ്രകാരം കോമ്പൗണ്ടിംഗ് ഫീ എന്നത് "The compounding fee shall be double the permit fee in force" ആണ്.

(സി) ഫൈൻ ഇനത്തിലല്ലാതെ ക്രമപരമായ ഇനത്തിലാണ് തുക കണക്കാക്കുന്നതെങ്കിൽ പൊതുവെ ഏകീകരിച്ച മാനദണ്ഡങ്ങളുണ്ടോ; വിശദമാക്കാമോ?

കെട്ടിട നിർമ്മാണ പെർമിറ്റ് നേടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019/കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 92 പ്രോവിസോ (2) പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുണ്ട്.

(ഡി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും പ്രത്യേകം പ്രത്യേകം തുകയോ ഫൈനോ തീരുമാനിക്കാമോ?

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും പ്രത്യേകം പ്രത്യേകം തുകയോ ഫൈനോ തീരുമാനിക്കാൻ കഴിയില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019/കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 95(4) പ്രകാരം കോമ്പൗണ്ടിംഗ് ഫീ ആണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഈടാക്കേണ്ടത്.

**ലൈഫ് ഭവന പദ്ധതി**

301 (328) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ലൈഫ് ഭവന പദ്ധതിയിൽ വീടും സ്ഥലവും ഇല്ലാത്ത എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും നിലവിൽ എല്ലാ അപേക്ഷകർക്കും വീട് ലഭ്യമാക്കാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ ലൈഫ് ഭവന പദ്ധതിയിൽ ലൈഫ് മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തിയിട്ടുള്ള 50,999 ഭൂമിയുള്ള ഭവനരഹിതരും 13,763 ഭൂരഹിത ഭവനരഹിതരും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 26,132 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും ഭൂമിയും വീടും ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ നിലവിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

22-01-2024 വരെ 45,400 കുടുംബങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വച്ചിട്ടുണ്ട്. ഇതിൽ 26,132 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

**മേലേപ്പുറം ശ്രീനാരായണഗുരു വായനശാല നിർമ്മാണം**

302 (329) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ മേലേപ്പുറം ശ്രീനാരായണ ഗുരു വായനശാലയ്ക്ക് പുതിയ കെട്ടിടം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ ഇനിയും പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ മേലേപ്പുറം ശ്രീനാരായണഗുരു വായനശാലയ്ക്ക് പുതിയ കെട്ടിടം എന്ന

പ്രവൃത്തി അക്രെഡിറ്റഡ് ഏജൻസി മുഖേന നടപ്പിലാക്കാൻ എം.എൽ.എ. നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സെന്റേജ് ഉൾപ്പെടുത്തിയിട്ടുള്ള ഡി.പി.ആർ. ഭരണാനുമതിക്കായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ത്രികക്ഷി കരാർ ഉടമ്പടി ഒപ്പുവയ്ക്കുന്നതിനുള്ള കത്ത് M/s K.E.L..-ന് (കേരള ഇലക്ട്രിക്കൽ അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്) നൽകിയിട്ടുമുണ്ട്.

**ക്ഷേമപെൻഷനുകളുടെ കേന്ദ്ര വിഹിതം**

303 (330) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് നിലവിലുള്ളതെന്നും ഇവയിൽ ഓരോന്നിലും കേന്ദ്ര വിഹിതം എത്രവീതമാണെന്നും വ്യക്തമാക്കുമോ?

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ,

കർഷകത്തൊഴിലാളി പെൻഷൻ എന്നിങ്ങനെ അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സാംസ്കാരിക വകുപ്പുമുഖേനയുള്ള കലാകാര പെൻഷൻ, അവശ കലാകാര പെൻഷൻ, കായിക യുവജനക്ഷേമ വകുപ്പുമുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പുമുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമപെൻഷൻ എന്നിവയും ചുവടെ ചേർത്തിട്ടുള്ള ക്ഷേമനിധി ബോർഡ് പെൻഷനുകളുമാണ് സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്നത്.

1. കർഷകക്ഷേമ പെൻഷൻ (കൃഷി വകുപ്പുവഴി)

2. മത്സ്യത്തൊഴിലാളി ക്ഷേമ ബോർഡ്

3. ലോട്ടറി തൊഴിലാളി ക്ഷേമ ബോർഡ്

4 ക്ഷീര കർഷക തൊഴിലാളി ക്ഷേമ ബോർഡ്

5. കയർ തൊഴിലാളി ക്ഷേമ ബോർഡ്

6. ഖാദി തൊഴിലാളി ക്ഷേമ ബോർഡ്

7. വ്യാപാരി ക്ഷേമ ബോർഡ്

8. അസംഘടിത തൊഴിലാളി ക്ഷേമ നിധി ബോർഡ്

9. ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് (സ്കാറ്റേർഡ് വിഭാഗം)

10. ആഭരണ തൊഴിലാളി ക്ഷേമ ബോർഡ്

11. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ ബോർഡ്

12. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമബോർഡ്

13. ബീഡി-സിഗാർ തൊഴിലാളി ക്ഷേമ ബോർഡ്

14. തയ്യൽ തൊഴിലാളി ക്ഷേമ ബോർഡ്

15. കൈത്തറി തൊഴിലാളി ക്ഷേമ ബോർഡ്

16. കശുവണ്ടി തൊഴിലാളി ക്ഷേമ ബോർഡ്

കൂടാതെ, 13 ക്ഷേമനിധി ബോർഡുകൾ (ചുമട്ടു തൊഴിലാളി സ്കാറ്റേർഡ് വിഭാഗം ഒഴികെ) അവരുടെ തനതുഫണ്ടിൽനിന്നും ക്ഷേമ പെൻഷൻ നൽകുന്നുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പെൻഷൻ ഇനത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കേണ്ട തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പെൻഷന് എത്ര രൂപ വീതമാണ് കുടിശ്ശികയുള്ളത്; വിശദമാക്കാമോ?

2023 ജൂൺ മാസം വരെയാണ് കേന്ദ്രവിഹിതം ലഭിച്ചിട്ടുള്ളത്. 2023 ജൂലൈ മുതൽ 2024 ജനുവരി വരെയുള്ള കേന്ദ്ര വിഹിതം കുടിശ്ശികയാണ്. എങ്കിലും 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കേന്ദ്രവിഹിതം ഉൾപ്പടെയുള്ള തുക സംസ്ഥാന സർക്കാർ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. 2023 ജൂലൈ മുതൽ 2024 ജനുവരി വരെയുള്ള മാസങ്ങളിലെ കേന്ദ്രവിഹിത കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) കേന്ദ്രം നൽകാനുള്ള തുക ഉൾപ്പെടെയാണോ സംസ്ഥാനം പെൻഷനായി വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്നത്. ടി മൂന്ന് പെൻഷനുകളിൽ കേന്ദ്ര വിഹിതം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം കൂടി ചേർത്ത് 1600/-രൂപയാണ് സംസ്ഥാനം പെൻഷനായി വിതരണം ചെയ്യുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്. 2023 ജൂലൈ മാസം മുതലുള്ള കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല. അപ്രകാരം ലഭിക്കേണ്ടുന്ന കേന്ദ്രവിഹിതവും സംസ്ഥാനംതന്നെ അഡ്വാൻസായി നൽകിക്കൊണ്ടാണ് പെൻഷൻ വിതരണം ചെയ്യുന്നത്. ഈ തുക സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്‌മെന്റായി അനുവദിക്കേണ്ടതുണ്ട്.

**തമ്മാനിമറ്റം തൂക്കുപാലത്തിന്റെ പുനർനിർമ്മാണം**

304 (331) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തമ്മാനിമറ്റം തൂക്കുപാലം പുനർനിർമ്മിക്കുന്നതിനായി സിവിൽ/മെക്കാനിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല. പ്രവൃത്തിയുടെ കറക്ട് ചെയ്ത സിവിൽ, മെക്കാനിക്കൽ ഡ്രോയിംഗ്സ് ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി സാങ്കേതികാനുമതി നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) തകർന്ന ഉൂക്കുപാലത്തിന്റെ അവശിഷ്ടങ്ങൾ നീക്കംചെയ്ത് പുതിയ പാലം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിച്ച്, അവശിഷ്ടങ്ങൾ നീക്കം ചെയ്തശേഷം പുതിയ പാലം നിർമ്മാണം തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**മലമ്പുഴ പുതുപ്പതിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമ്മാണം**

305(332) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ പുതുപ്പതിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കണ്ടറി

ബ്ലോക്ക് നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

05-09-2023-ലെ സ.ഉ(സാധാ) നം.1775/2023/തസ്വഭവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(ബി & സി) പ്രസ്തുത പ്രവൃത്തിയുടെ Soil Investigation, design എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്. ആയതിനുള്ള തുക ഗ്രാമപഞ്ചായത്ത് വകയിരുത്തുന്നമുറയ്ക്ക് പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

306(333) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

22-01-2024 വരെ അനുവദിച്ച വീടുകളുടെയും പൂർത്തീകരിച്ച വീടുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | പൂഞ്ഞാർ | 131 | 97 |
| 2 | പൂഞ്ഞാർ തെക്കേക്കര | 150 | 110 |
| 3 | തീക്കോയി | 156 | 119 |
| 4 | തിടനാട് | 254 | 217 |
| 5 | എരുമേലി | 553 | 297 |
| 6 | കൂട്ടിക്കൽ | 293 | 214 |

| | | | |
|---|---|---|---|
| 7 | മുണ്ടക്കയം | 451 | 304 |
| 8 | പാറത്തോട് | 326 | 230 |
| 9 | കോരുത്തോട് | 371 | 228 |
| 10 | ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | 606 | 565 |
| **ആകെ** | | **3291** | **2381** |

**ക്ഷേമ പെൻഷൻ മസ്റ്ററിംഗ്**

307 (334) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2023 ജൂലൈ 30-ന് മുമ്പായി ക്ഷേമ പെൻഷൻ മസ്റ്ററിംഗ് നടത്താനാകാത്തവർക്ക് ഡിസംബറിൽ മസ്റ്ററിംഗിന് അവസരം നൽകിയത് പ്രകാരം മസ്റ്ററിംഗ് നടത്തിയവർക്ക് മുൻ മാസങ്ങളിലെ അർഹതപ്പെട്ട പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത സമയപരിധി 2023 ജൂലൈ 31 വരെ

നീട്ടിനൽകുകയും തുടർന്ന് 2023 ആഗസ്റ്റ് 31 വരെ അന്തിമമായി ദീർഘിപ്പിച്ചുനൽകിയും ഉത്തരവായിരുന്നു. ആയതിനുശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപ്റ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു.

28-03-2023-ലെ സ.ഉ.(കൈ)നം.58/2023/ധന. ഖണ്ഡിക 2 (vi), (vii) എന്നിവ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തീകരിക്കാത്തവർക്ക് തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. എന്നാൽ അവർക്ക് മസ്റ്ററിംഗ് നടത്തുന്ന മാസം മുതൽക്കുള്ള പെൻഷൻ മാത്രമേ നിലവിൽ ലഭിക്കുകയുള്ളൂ. മസ്റ്ററിംഗ് ചെയ്യാത്ത കാലയളവിലെ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. യഥാസമയം മസ്റ്ററിംഗ് ചെയ്യാത്തതിനാൽ കുടിശ്ശികയാകുന്ന പെൻഷന് 07-10-2022-ലെ സ.ഉ.(എം.എസ്) നം.174/2022/ധന. ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ ബാധകമായിരിക്കും. പ്രസ്തുത ഉത്തരവ് പ്രകാരം മസ്റ്ററിംഗ് ചെയ്യുന്നതിൽ വന്ന കാലതാമസം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പെൻഷൻ കുടിശ്ശികയായ സാമൂഹ്യ സുരക്ഷാ പെൻഷൻ

ഗുണഭോക്താക്കളുടെയും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ കുടിശ്ശിക വ്യക്തിഗതമായി അനുവദിക്കാൻ കഴിയില്ലായെന്നും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തി കുടിശ്ശിക വിതരണത്തിനായി സർക്കാർ ഫണ്ട് കണ്ടെത്തി ആയത് അനുവദിക്കുമ്പോൾ മാത്രമേ ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക ലഭ്യമാകുകയുള്ളൂവെന്നും ഉത്തരവായിട്ടുണ്ട്.

**കെട്ടിട നിർമ്മാണ അപേക്ഷ ഫീസ് വർദ്ധനവ്**

308 (335) <u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ്, സ്ക്രൂട്ടിണി ഫീസ് എന്നിവ ഉയർത്തിക്കൊണ്ട് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

31-03-2023-ലെ GO(Ms)No.85/2023/LSGD ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈടാക്കുന്ന കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷാഫീസ്, സ്കൂട്ടിണി ഫീസ് എന്നിവയുടെ നിരക്ക് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കെട്ടിടനിർമ്മാണ അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, സ്കൂട്ടിണി ഫീസ് എന്നിവ ഉയർത്തിക്കൊണ്ടു കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫീസ് വർദ്ധനവ് കാരണം പാവപ്പെട്ട ജനങ്ങൾക്ക് വീട് വയ്ക്കുന്നതിനും നിലവിലുള്ള വീടുകളിൽ മുറികൾ കൂട്ടിയെടുക്കുന്നതിനും സാധിക്കാതെയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപെട്ടിട്ടില്ല. 80 ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് വർദ്ധിപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത ചട്ടങ്ങളിലെ ഭേദഗതി പ്രകാരം നിലവിലുള്ള വീടുകളിൽ പുതിയ മുറി കൂട്ടിച്ചേർക്കുമ്പോഴോ മറ്റ് ബിൽഡിങ്ങുകൾ പണിയുമ്പോഴോ

നിലവിലുള്ള ബിൽഡിംഗിന്റെ വിസ്തീർണത്തിന്റെകൂടി അടിസ്ഥാനത്തിൽ അധിക ഫീസ് നൽകണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

അപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ല. വർദ്ധനവ്/വ്യതിയാനം വരുത്തുന്ന കെട്ടിട വിസ്തീർണത്തിന്റെ മാത്രം ഫീസ് നൽകുന്നതിനാണ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

**മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ കുന്നംപാറ വാതക ശ്മശാന നിർമ്മാണം**

309(336) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ കുന്നംപാറ വാതക ശ്മശാന നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ & ബി) പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും DB3-Budget/680/2022/MPA പ്രകാരം ഭരണാനുമതിക്കായി ഡി.പി.ആർ. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതും എന്നാൽ KPBR 2019 Rule 28(1) അവസാന ഖണ്ഡിക പ്രകാരം വഴിയുടെ വീതി 5.00 മീറ്റർ ആവശ്യമായതിനാൽ ആയത് പരിഗണിച്ച് എസ്റ്റിമേറ്റ്, അനുബന്ധ രേഖകൾ എന്നിവ പുനഃസമർപ്പിക്കണമെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

KPBR നിഷ്കർഷിച്ചിട്ടുള്ള വീതി നിലവിൽ ലഭ്യമാകണമെങ്കിൽ മേലേപ്പുറം റസിഡൻഷ്യൽ കോളനിയിൽ ആവശ്യമായ സ്ഥലം റോഡിന്റെ വീതിക്കുവേണ്ടി വിട്ടുകിട്ടേണ്ടതുണ്ടെന്നും ആയതിന്റെ നടപടികൾക്കായി അകത്തേത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും വഴി ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുന്നതാണെന്നും മലമ്പുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, ചീഫ് എഞ്ചിനീയറുടെ ഓഫീസ് എന്നിവിടങ്ങളിലെ ഫയൽ നമ്പർ ലഭ്യമാക്കാമോ?

- പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫയൽ നം. DB3-Budget/680/2022/MPA

- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫയൽ നം. DB4-9543/2022/CE/LID&EW

**നവകേരളസദസ് പരിപാടിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച ഫണ്ട്**

310(337) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ് പരിപാടിയുടെ നടത്തിപ്പിനായി എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് അനുവദിച്ചിട്ടുണ്ട്; ഫണ്ട് അനുവദിച്ച തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, ഓരോ സ്ഥാപനവും അനുവദിച്ച ഫണ്ട് എത്ര, ഏത് ഇനത്തിൽ വകയിരുത്തിയ

തുകയിൽ നിന്നാണ് ഫണ്ട് അനുവദിച്ചത് എന്നീ വിവരങ്ങൾ ഓരോ ജില്ലയിലെയും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആകെ അനുവദിച്ച ഫണ്ട് എത്രയാണ്; എത്ര സ്ഥാപനങ്ങൾ അനുവദിച്ച ഫണ്ട് തിരിച്ചടച്ചിട്ടുണ്ട്; ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച ഫണ്ടാണ് തിരിച്ചടയ്ക്കേണ്ടി വന്നത്; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി ഉണ്ടായത്; വിശദമാക്കാമോ?

(എ & ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ.മാർ തുടങ്ങിയവരുടെ ആവശ്യം പരിഗണിച്ച് വിവിധ പരിപാടികൾക്കായി ഫണ്ട് വിനിയോഗിക്കാൻ യഥേഷ്ടാനുമതി നൽകിവരാറുണ്ട്. സമാന രീതിയിൽ നവകേരള സദസ്സിനും യഥേഷ്ടാനുമതി ലഭ്യമാക്കുകയാണ് ചെയ്തത്. വിശദമായ വിവരം ശേഖരിച്ചുവരുന്നു.

**കെട്ടിട നിർമാണ പെർമിറ്റിനുള്ള പഴയ സോഫ്റ്റ്‌വെയർ**

311 (338) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമാണ പെർമിറ്റിനായി ഉപയോഗിച്ചിരുന്ന പഴയ സോഫ്റ്റ്‌വെയർ കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാക്കിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

**കാസർകോട് ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ തസ്തികകൾ**

312 (339) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഉള്ള സ്ഥാപനങ്ങൾ, ത്രിതല പഞ്ചായത്തുകളടക്കം ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്രയാണെന്ന് ഓഫീസും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയാണെന്നും എത്ര കാലമായി പ്രസ്തുത തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്നും ഓഫീസും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ?

(ബി & സി) അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഒഴിഞ്ഞുകിടക്കുന്ന ഈ തസ്തികകൾ നികത്താത്തതെന്തുകൊണ്ടാണെന്നും ഇവ എപ്പോൾ നികത്തുമെന്നും വ്യക്തമാക്കുമോ?

പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്ത ഒഴിവുകളിൽ പി.എസ്.സി.-യിൽനിന്നും നിയമനശിപാർശ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകുന്നതും, സ്ഥാനക്കയറ്റം/സ്ഥലംമാറ്റം വഴി നികത്തേണ്ട ഒഴിവുകൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ-സ്മാർട്ട് പദ്ധതി

313 (340) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് ഉപഭോക്താവിന് ലഭിക്കുന്നത്; വിശദമാക്കാമോ?

കെ-സ്മാർട്ട് നഗരഭരണ സ്ഥാപനങ്ങളിൽ 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ജനന മരണ വിവാഹ രജിസ്ട്രേഷൻ, ബിൽഡിംഗ് പെർമിഷൻസ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ്, പരാതി പരിഹാരം, എച്ച്.ആർ.എം.എസ്., ഡിജിറ്റൽ ഫയൽ മാനേജ്മെൻറ്, ഫിനാൻസ്, മൊബൈൽ ആപ്പ് എന്നീ മൊഡ്യൂളുകൾ വഴി 72 സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഉപഭോക്താവിന് സേവനങ്ങൾ ലഭിക്കുന്നത് അപേക്ഷ നൽകുന്നതിന്റെ സീനിയോരിറ്റി പ്രകാരമാണോ;

അല്ലെങ്കിൽ അപേക്ഷ പരിഗണിക്കുന്നത് സീനിയോരിറ്റി പ്രകാരമാക്കാൻ നടപടി സ്വീകരിക്കുമോ?

ആദ്യം അപേക്ഷിച്ചവർക്ക് ആദ്യം എന്ന രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതാണ്.

(സി) അപേക്ഷകൾ തീർപ്പാക്കുന്നതിനും സേവനങ്ങൾ നൽകുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ സേവനാവകാശ നിയമപ്രകാരമുള്ള സമയ പരിധിയാണ് സോഫ്റ്റ്‌വെയറിൽ നിശ്ചയിച്ചിട്ടുള്ളത്.

**കെട്ടിട നികുതി അഡ്വാൻസായി അടയ്ക്കാൻ സംവിധാനം**

314 (341) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപഭോക്താവിന് കെട്ടിട നികുതി അഡ്വാൻസായി അടയ്ക്കാൻ നിലവിൽ സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

ഇല്ല

(ബി) ഇല്ലെങ്കിൽ നിശ്ചിത വർഷത്തേയ്ക്ക് കെട്ടിട നികുതി അഡ്വാൻസ് തുകയായി സ്വീകരിക്കുന്നതിനുള്ള സംവിധാനം പുതുതായി വന്ന സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; അപ്രകാരം ഒടുക്കുന്ന ഉപഭോക്താവിന് സബ്സിഡി അനുവദിക്കുമോ?

നിശ്ചിത വർഷത്തേയ്ക്ക് കെട്ടിട നികുതി (വസ്തു നികുതി) ഓൺലൈനായി ഒടുക്കുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

**ലൈഫ് ഫ്ലാറ്റ് സമുച്ചയ നിർമ്മാണം**

315 (342) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഫ്ളാറ്റ് സമുച്ചയത്തിന്റെ അടിത്തറയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 80% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നൂതന പ്രീ-ഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യയിലുള്ള ഈ പ്രവർത്തിക്കുവേണ്ടി നിർമ്മാണ സാമഗ്രികളും വിദഗ്ധ തൊഴിലാളികളും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. കോവിഡ്-19 മഹാമാരി കാരണം തുടക്കത്തിൽ നിർമ്മാണത്തിന് തടസ്സം നേരിട്ടിരുന്നു. പ്രവൃത്തിയുടെ കരാറിനുശേഷം ഇരുമ്പിന്റെ കമ്പോള വിലയിലെ  വലിയ വില വർദ്ധനവ് കാരണം ടെണ്ടർ തുകയിൽ വർദ്ധനവ് വേണമെന്ന് കരാറുകാർ ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം പരിശോധിച്ച സാങ്കേതിക സമിതിയുടെ ശിപാർശ പരിശോധിച്ചുവരികയാണ്. നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പദ്ധതി പൂർത്തീകരിച്ച് ഫ്ലാറ്റ് എപ്പോൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

പ്രൈസ് എസ്കലേഷനുമായി ബന്ധപ്പെട്ട കരാറുകാരുടെ ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ തീരുമാനമായാലുടൻ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കി ഭവന സമുച്ചയ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

**ആലപ്പുഴ മണ്ഡലത്തിലെ വികസന പദ്ധതികൾ**

316 (343) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ആയി ചേർത്തിരിക്കുന്നു.

(ബി) മണ്ഡലത്തിൽ അമൃത് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ, അവയുടെ നിലവിലെ സ്ഥിതി, ചെലവഴിക്കുന്ന തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധമായി+ ആയി ചേർത്തിരിക്കുന്നു.

(സി) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖേന മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, ചെലവഴിക്കുന്ന തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദവിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം**

317 (344) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലുൾപ്പെടുന്ന ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പിന് നൽകിയ ERA3/84/2022-LSGD നമ്പർ ഫയലിന്മേൽ അന്തിമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ധനകാര്യ വകുപ്പുമായി ഏതെങ്കിലും തരത്തിലുള്ള കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസിനുകീഴിലുള്ള ജീവനക്കാരുടെ ശമ്പള വിതരണം സംബന്ധിച്ച് 2023 ജൂലൈ 25-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരുമായി യോഗം ചേർന്നിരുന്നു.

(സി) പ്രസ്തുത വിഷയത്തിന്റെ പ്രാധാന്യം ധനകാര്യ വകുപ്പിനെ ബോധ്യപ്പെടുത്തുവാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഇല്ല.

(ഡി) തദ്ദേശസ്വയംഭരണ ഏകീകൃത പൊതുസർവ്വീസും ഇന്റർ ട്രാൻസ്ഫർ പോളിസിയും നടപ്പിലാക്കിയ സാഹചര്യത്തിൽ നിലവിലുള്ള

വ്യത്യസ്ത പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ ഏകോപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

സംയോജിത തദ്ദേശസ്വയംഭരണ വകുപ്പിൽ, വകുപ്പ് ഏകീകരണത്തിനുമുമ്പ് നിലനിന്നിരുന്ന മാതൃകയിൽ കെ.പി.ഇ.പി.എഫ്., സി.പി.എഫ്., ജി.പി.എഫ്. എന്നിങ്ങനെ 3 രീതിയിലുള്ള പ്രോവിഡന്റ് ഫണ്ട് സംവിധാനങ്ങളാണ് നിലവിലുണ്ടായിരുന്നത്. ഇതിൽ കെ.പി.ഇ.പി.എഫ്., സി.പി.എഫ്. എന്നിവ ജി.എ.ഐ.എൻ.പി.എഫ്. വഴി ഇടപാടുകൾ നടത്തുന്ന രീതിയിലേയ്ക്ക് മാറ്റുന്നത് പരിശോധിച്ചുവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരുടെയും പ്രോവിഡന്റ് ഫണ്ട് ഒറ്റ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി മുനിസിപ്പൽ/കോർപ്പറേഷൻ ജീവനക്കാർ പഞ്ചായത്ത്/ഗ്രാമവികസന വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽനിന്നും വിരമിക്കുമ്പോൾ നൽകേണ്ട

പെൻഷൻ, മറ്റുസർവ്വീസ് ആനുകൂല്യങ്ങൾ എന്നിവ എപ്രകാരം അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലുൾപ്പെട്ട മുനിസിപ്പൽ കോമൺ സർവ്വീസിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 18-05-2023-ൽ ധനകാര്യ വകുപ്പുമായി ചർച്ച നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി മുനിസിപ്പൽ/കോർപ്പറേഷൻ ജീവനക്കാർ പഞ്ചായത്ത്/ഗ്രാമവികസന വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽനിന്ന് വിരമിക്കുമ്പോൾ നൽകേണ്ട പെൻഷൻ, മറ്റുസർവ്വീസ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്ന വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതുവരെ ചുവടെ ചേർക്കുംപ്രകാരം തീരുമാനം കൈക്കൊള്ളുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

a) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽനിന്നും വിരമിക്കുന്ന ജീവനക്കാരന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ തദ്ദേശസ്വയംഭരണ

പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനുമുമ്പ് ജീവനക്കാരൻ ജോലി നിർവ്വഹിച്ചിരുന്ന സർവ്വീസിൽനിന്നും അനുവദിക്കേണ്ടതാണ്.

b) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനുമുമ്പ് മുനിസിപ്പൽ കോമൺ സർവ്വീസിൽ അംഗമായിരുന്ന ജീവനക്കാരൻ പൊതുസർവ്വീസിലെ മറ്റേതെങ്കിലും സർവ്വീസിൽ ജോലി ചെയ്താൽ അവിടെനിന്നും 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി വാങ്ങി മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പുതിയ ഘടകങ്ങൾ**

318 (345) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികളായ ഞാറുനടൽ, കൊയ്ത്ത് എന്നീ ഘടകങ്ങൾകൂടി ഉൾപ്പെടുത്തുന്നതിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ?

2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടിട്ടുള്ള പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. പ്രസ്തുത തൊഴിലുറപ്പ് നിയമ പ്രകാരം ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ ഏറ്റെടുക്കുന്നത് അനുവദനീയമല്ല. ആയതിനാൽത്തന്നെ ഞാറുനടൽ, കൊയ്ത്ത് തുടങ്ങിയ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നിലവിലുള്ള നിയമ വ്യവസ്ഥ അനുവദിക്കുന്നില്ല. ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് നടപടിയെടുക്കാൻ സാധിക്കില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണ്ണയം**

319 (346) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിനും പുതിയ

നഗരസഭകളും ഗ്രാമപഞ്ചായത്തുകളും രൂപീകരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

(എ & ബി) സംസ്ഥാനത്ത് നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയും നഗരസ്വഭാവം കൈവരിച്ച ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും നിലവിലുള്ള ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തേണ്ട ആവശ്യകതയും പരിശോധിച്ച് അതിനനുസൃതമായ ശിപാർശകൾ സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി

സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

**നവകേരള സദസ്സിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്**

320(347) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് നൽകണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച രേഖയുടെ പകർപ്പ് നൽകുമോ?

01-11-2023 തീയതിയിലെ സ.ഉ.(സാധാ) നം.2144/2023/എൽ. എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഉത്തരവ് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഭരണ സമിതികൾക്ക് സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള അധികാരമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുൻസിപ്പാലിറ്റി ആക്റ്റ്, ആക്റ്റിൻകീഴിൽ ഇറക്കിയിട്ടുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയ്ക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഭരണ സമിതികൾക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

(സി) പ്രസ്തുത ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് സെക്രട്ടറിമാർക്കുള്ള അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുൻസിപ്പാലിറ്റി ആക്റ്റ്, ആക്റ്റിൻകീഴിൽ ഇറക്കിയിട്ടുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിൽ പ്രതിപാദിക്കുന്ന അധികാരങ്ങളും ഉത്തരവാദിത്വങ്ങളും സെക്രട്ടറിക്ക് നിർവ്വഹിക്കാവുന്നതാണ്.

(ഡി) ഭരണ സമിതിയുടെ അംഗീകാരം ഇല്ലാതെ ഫണ്ട് വിനിയോഗിക്കുവാൻ സെക്രട്ടറിമാർക്ക് സാധ്യമാണോ; ആണെങ്കിൽ ഇത് സംബന്ധിച്ച ചട്ടം ഏതാണെന്ന് വ്യക്തമാക്കുമോ?

2011- ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 34 ഉപചട്ടം 3 പ്രകാരം ആക്ടിന്റെ 213-ാം വകുപ്പിന്റെ 2 (എ) ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള നിർബന്ധിതവും അനിവാര്യവുമായ പണം നൽകലുകളും സർക്കാർ ഉത്തരവാകുന്ന മറ്റ് പണം നൽകലുകളും പഞ്ചായത്ത് പ്രസിഡന്റ് അധികൃതമാക്കിയാലും ഇല്ലെങ്കിലും പഞ്ചായത്ത് സെക്രട്ടറി നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) ഭരണ സമിതിയുടെ അംഗീകാരം ഇല്ലാതെ ഫണ്ട് വിനിയോഗം നടത്തിയതിന് ഈ സർക്കാരിന്റെ കാലയളവിൽ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

20-07-2019 മുതൽ 14-07-2023 കാലയളവിൽ നെടുങ്കണ്ടം പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായും ധനവിനിയോഗ

മാനദണ്ഡങ്ങൾ പാലിക്കാതെയും ഭരണസമിതിയുടെ അംഗീകാരം ഇല്ലാതെ ഫണ്ട് വിനിയോഗം നടത്തിയതിന് നെടുങ്കണ്ടം പഞ്ചായത്ത് സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

**തിരൂരങ്ങാടി മണ്ഡലത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ**

321 (348) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി, തിരൂരങ്ങാടി എന്നീ മുനിസിപ്പാലിറ്റികളിലും നന്നമ്പ്ര, തെന്നല, പെരുമണ്ണ ക്ലാരി, എടരിക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധമായി+ ചേർക്കുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ തസ്തികകൾ നികത്തുന്നതിനുവേണ്ടി നിയോജകമണ്ഡലം എം.എൽ.എ. നൽകിയ കത്തുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

നിയോജകമണ്ഡലം എം.എൽ.എ.-യുടെ കത്ത് സർക്കാരിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല

(സി) ഓരോ തസ്തികകളിലും ജീവനക്കാരെ എന്നത്തേക്ക് നിയമിക്കാനാകുമെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധമായി+ ചേർക്കുന്നു.

**സ്വവർഗ്ഗ വിവാഹങ്ങളുടെ വിവരശേഖരണം**

322(349) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ഒക്ടോബർ മാസം പതിനേഴാം തീയതി സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച് സ്വവർഗ്ഗ വിവാഹത്തെ സംബന്ധിച്ച്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ അത്തരത്തിലുള്ള വിവാഹങ്ങൾ നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണമാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച വിവരശേഖരണത്തിനായി നടപടി സ്വീകരിക്കുമോ?

(എ & ബി) പരിശോധിച്ചിട്ടില്ല

**വില്ലടം സ്റ്റേഡിയം**

323 (350) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തൃശ്ശൂരിലെ വില്ലടം സ്റ്റേഡിയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

2022-23 വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി അനുവദിച്ച ഡിവിഷൻ 6-ലെ തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയം (വില്ലടം) നിർമ്മാണത്തിന്റെ ഡിസൈനും, മണ്ണ് പരിശോധനാറിപ്പോർട്ടും തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ്

കോളേജിൽനിന്നും തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്.

**ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് തുക പൂർണമായും നൽകുന്നതിന് നടപടി**

324 (351) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ലൈഫ് പദ്ധതി പ്രകാരം തുക അനുവദിച്ചുനൽകിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 മുതൽ 22-01-2024 വരെ ലൈഫ് പദ്ധതി പ്രകാരം 2,29,490 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതിൽ 1,09,803 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,19,687 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) ഇതിൽ എത്ര ഗുണഭോക്താക്കൾക്ക് ഭാഗികമായി തുക അനുവദിച്ചുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ലൈഫ് ഭവന പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിലേർപ്പെടുമ്പോഴും തുടർന്ന് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചുനൽകുന്നത്. ഇപ്രകാരം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിൽക്കുന്ന 1,19,687 ഗുണഭോക്താക്കൾക്ക് നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ പുരോഗതി അനുസരിച്ചുള്ള സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുടർഗഡുക്കൾ അനുവദിച്ചുനൽകുന്നതാണ്.

(സി) ഇത്തരത്തിൽ ഭാഗികമായി തുക അനുവദിച്ചതുമൂലം വീടുപണി പൂർത്തീകരിക്കാൻ കഴിയാത്തവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വീട് അനുവദിച്ചവർക്കെല്ലാം തുക പൂർണമായും നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(സി & ഡി) ശ്രദ്ധയിൽപെട്ടിട്ടില്ല. നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക അനുവദിച്ച് നൽകിവരുന്നുണ്ട്.

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലെ ജീവനക്കാരുടെ സർവ്വീസ് വിഷയങ്ങൾ**

325 (352) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ എച്ച്.സി., ആർ.ഐ., ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, കൗൺസിൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകളിൽ ഗ്രാമവികസനം, പഞ്ചായത്ത്, അർബൻ അഫയേഴ്സ്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽനിന്നും എത്ര ജീവനക്കാരെ പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ മുഖേന നിയമിച്ചിട്ടുണ്ട്; ആയവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) ഗ്രാമവികസനം, പഞ്ചായത്ത്, അർബൻ അഫയേഴ്സ്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ എച്ച്.സി.,

ആർ.ഐ., ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അസിസ്റ്റൻറ് സെക്രട്ടറി, സെക്രട്ടറി എന്നീ തസ്തികകളിൽ കെ.എം.സി.എസ്.-ൽ മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽനിന്നും എത്ര ജീവനക്കാരെ പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ മുഖേന നിയമിച്ചിട്ടുണ്ട്; ആയവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) 2022 മെയ് മുതൽ 2024 ജനുവരി വരെ മുനിസിപ്പൽ സർവ്വീസിൽ എത്ര ഡെപ്യൂട്ടി സെക്രട്ടറി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; ആയതിലേക്ക് നാളിതുവരെ ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം ലഭ്യമാക്കാമോ; മുനിസിപ്പൽ സർവ്വീസിൽനിന്നും 2022 ജനുവരി മുതൽ എത്ര ജീവനക്കാരാണ് വിരമിച്ചിട്ടുള്ളത്; ആയവ സംബന്ധിച്ച വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ; മുനിസിപ്പൽ സർവ്വീസിൽ 2022 ജനുവരി മുതൽ നൽകിയിട്ടുള്ള ഉദ്യോഗക്കയറ്റങ്ങൾ മുനിസിപ്പൽ കോമൺ സർവ്വീസ് സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ തിരിച്ച് ലഭ്യമാക്കാമോ;

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) മുനിസിപ്പൽ സർവ്വീസിൽ 6 അക്കൗണ്ട്സ് ഓഫീസർ, 93 അക്കൗണ്ട്സ് അസിസ്റ്റൻറ് എന്നീ തസ്തികകൾ സൃഷ്ടിച്ചതിന്മേൽ നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; നിയമനങ്ങൾ നടത്തിയിട്ടില്ലായെങ്കിൽ ടി വിഷയത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ടി തസ്തികകളിൽ നിയമനം നടന്നിട്ടില്ല. മേൽ തസ്തികകളിലെ കേഡർ, നിയമന രീതി എന്നിവ നിശ്ചയിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ഇ) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണംമൂലം പഞ്ചായത്തുകളിലേയ്ക്കും ജെ.ഡി ഓഫീസിലേയ്ക്കും ബ്ലോക്കിലേയ്ക്കും ജില്ലാ പഞ്ചായത്തിലേയ്ക്കും സ്ഥലം മാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളത്തിൽനിന്നും റിക്കവറി നടത്തുന്ന പി.എഫ്. തുക അവരുടെ അക്കൗണ്ടിലേക്കും മറ്റും അടയ്ക്കുന്നതിന് നാളിതുവരെ സംവിധാനങ്ങളൊന്നും വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടാതെ ക്യാൻസർ പോലെ മാരകമായ രോഗങ്ങളുള്ള ജീവനക്കാർക്ക്

ആറുമാസം കൂടുമ്പോൾ ലോൺ എടുക്കാൻ പറ്റാത്ത ഒരു സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സംയോജിത തദ്ദേശസ്വയംഭരണ വകുപ്പിൽ, വകുപ്പ് ഏകീകരണത്തിനുമുമ്പ് നിലനിന്നിരുന്ന മാതൃകയിൽ കെ.പി.ഇ.പി.എഫ്., സി.പി.എഫ്., ജി.പി.എഫ്. എന്നീ മൂന്ന് രീതിയിലുള്ള പെൻഷൻ സംവിധാനങ്ങളാണുള്ളത്. ഇതിൽ കെ.പി.ഇ.പി.എഫ്., സി.പി.എഫ്. എന്നിവ GAIN PF വഴി ഇടപാടുകൾ നടത്തുന്ന രീതിയിലേയ്ക്ക് മാറ്റുന്നതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയാക്കുന്നമുറയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരെയും ഒറ്റ പി.എഫ്. സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്. കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് (കെ.പി.ഇ.പി.എഫ്.) അംഗങ്ങളായ ജീവനക്കാർക്ക് ആറുമാസം കൂടുമ്പോൾ ലോൺ എടുക്കാൻ പറ്റാത്ത യാതൊരു സാഹചര്യവും നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഞ്ചായത്തുകളിലേയ്ക്കും ജെ.ഡി.ഓഫീസുകളിലേയ്ക്കും ബ്ലോക്ക്

പഞ്ചായത്തുകളിലേയ്ക്കും ജില്ലാ പഞ്ചായത്തുകളിലേയ്ക്കും സ്ഥലംമാറി പോയിട്ടുള്ള മുനിസിപ്പൽ ജീവനക്കാരുടെ പി.എഫ്. വിഹിതം അടയ്ക്കുന്നതിനുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ 31-07-2023-ലെ PD/LSGD/ 49449/2023-AE2 നമ്പർ കത്തുപ്രകാരം എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് മുനിസിപ്പൽ ജീവനക്കാരുടെ പ്രതിമാസ പി.എഫ്. വിഹിതം എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേയ്ക്ക് അടച്ചുവരുന്നുണ്ട്. നിലവിൽ നഗരസഭകളിൽനിന്നും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറിപ്പോയ ജീവനക്കാർക്ക് താൽക്കാലിക വായ്പ അനുവദിക്കാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിനുമുമ്പായി നഗരസഭ ജീവനക്കാരുടെ പി.എഫ്. സംബന്ധമായ ആവശ്യങ്ങൾക്ക് അതത് നഗരസഭകൾക്ക് അലോട്ട്മെന്റ് അനുവദിക്കുകയും അതിൽനിന്നും തുകകൾ അനുവദിച്ചുവരുന്ന നടപടിയാണ് നിലനിന്നിരുന്നത്. ആയത് നിലവിൽ തുടർന്നുവരുന്നുണ്ട്. എന്നാൽ ഏകീകരണത്തിനുശേഷം സ്ഥലം മാറിപ്പോയ ജീവനക്കാർക്ക് തുക

അനുവദിക്കുന്നതിനാവശ്യമായ അലോട്ട്മെന്റ് ജെ.ഡി. ഓഫീസുകൾക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് തീരുമാനം എടുക്കുന്നതിനായി 25-11-2023-ലെ PD/LSGD/57907/2023/CPF2 നമ്പർ കത്തുപ്രകാരം ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. നിലവിൽ നഗരസഭകളിൽതന്നെ തുടർന്നുവരുന്ന ജീവനക്കാർക്ക് ഇത്തരത്തിൽ ലോണുകൾ അനുവദിക്കുന്നതിന് തടസ്സമില്ലാത്തതുമാണ്.

(എഫ്) തദ്ദേശസ്വയംഭരണ പൊതുവകുപ്പിൽ സ്പെഷ്യൽ റൂൾ പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലേക്ക് ബൈ-ട്രാൻസ്ഫർ നിയമനം വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്നത് വിശദമാക്കാമോ; ഇല്ലെങ്കിൽ ആയത് നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ 60 ശതമാനം ബൈ-ട്രാൻസ്ഫർ നിയമനം ഏതൊക്കെ വകുപ്പിലെ ജീവനക്കാർക്ക് അർഹതപ്പെട്ടതാണെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു

(ജി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസസ് നിലവിൽ വന്നതിനുശേഷം മുനിസിപ്പൽ കോമൺ സർവ്വീസിന്റെ ഭാഗമായിരുന്ന ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ ഓഫീസർ/കൗൺസിൽ സെക്രട്ടറി/ സെക്രട്ടറിയുടെ പി.എ./അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ-II എന്നീ തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം എന്നാണ് അവസാനമായി നടത്തിയിട്ടുള്ളത്; നിലവിൽ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം ബൈ-ട്രാൻസ്ഫർ നിയമനം നൽകി ഒഴിവുകൾ നികത്താം എന്നിരിക്കെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ പ്രൊവിഷണൽ സെക്രട്ടറിമാർ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തദ്ദേശസ്വയംഭരണ പൊതുവകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുള്ളതിനാൽ പ്രൊവിഷണൽ സെക്രട്ടറിമാരായി തുടരുന്ന ജീവനക്കാരുടെ നിയമനം പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നിലവിൽ വന്നതിനുശേഷം മുനിസിപ്പൽ കോമൺ സർവ്വീസിന്റെ ഭാഗമായിരുന്ന ഡെപ്യൂട്ടി സെക്രട്ടറി, കൗൺസിൽ സെക്രട്ടറി, സെക്രട്ടറിയുടെ പി.എ., അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ ഗ്രേഡ്-I എന്നീ തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടില്ല. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ പ്രൊവിഷണൽ സെക്രട്ടറിമാർ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ സെക്രട്ടറിമാരെ നിയമിക്കുന്നമുറയ്ക്ക് പ്രൊവിഷണൽ സെക്രട്ടറിമാരായി തുടരുന്ന ജീവനക്കാരെ മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്യുന്നതാണ്.

**ജനകീയ ഹോട്ടലുകളുടെ സബ്സിഡി**

326 (353) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 993 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ജനകീയ ഹോട്ടലുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 73 |
| 2 | കൊല്ലം | 54 |
| 3 | പത്തനംതിട്ട | 34 |
| 4 | ആലപ്പുഴ | 74 |
| 5 | കോട്ടയം | 60 |
| 6 | ഇടുക്കി | 41 |
| 7 | എറണാകുളം | 85 |
| 8 | തൃശ്ശൂർ | 84 |
| 9 | പാലക്കാട് | 93 |
| 10 | മലപ്പുറം | 138 |
| 11 | കോഴിക്കോട് | 103 |
| 12 | വയനാട് | 24 |
| 13 | കണ്ണൂർ | 89 |
| 14 | കാസർഗോഡ് | 41 |

(ബി) സർക്കാർ സബ്സിഡി സമയബന്ധിതമായി ലഭിക്കാത്തതുമൂലം എത്ര ജനകീയ ഹോട്ടലുകൾ പൂട്ടിപ്പോയിട്ടുണ്ടെന്ന് അറിയിക്കുമോ?

വിവിധ കാരണങ്ങളാൽ പല കാലങ്ങളിലായി 205 ജനകീയ ഹോട്ടലുകൾ അടച്ചിട്ടുണ്ട്.

(സി) ഏറനാട് മണ്ഡലത്തിൽ നിലവിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതുതായി ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും അറിയിക്കാമോ?

ഏറനാട് മണ്ഡലത്തിൽ നിലവിൽ 7 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. കാവനൂർ സി.ഡി.എസ്.-ൽനിന്നും പുതുതായി ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി വാർഡ് 16-ലെ വിസ്മയ അയൽക്കൂട്ട അംഗങ്ങളുടെ അപേക്ഷ പരിശോധിച്ച് ഉത്തരവുകൾക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് 30-01-2023-ന് സി.ഡി.എസ്.-ന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നതിനാൽ മറ്റു ഹോട്ടലുകൾക്ക് അനുമതി നൽകേണ്ടതില്ല എന്ന് 28-10-2022 തീയതിയിലെ സാധാരണ യോഗത്തിൽ തീരുമാനം എടുത്തിട്ടുള്ളതാണെന്നും ടി തീരുമാനം നിലനിൽക്കെ മറ്റൊരു ജനകീയ

ഹോട്ടലിന് അംഗീകാരം നൽകാൻ കഴിയില്ലെന്ന വിവരം 04-03-2023-ലെ കത്ത് പ്രകാരം മെമ്പർ സെക്രട്ടറി ജില്ലാമിഷനെ അറിയിച്ചിട്ടുണ്ട്.

(ഡി) ഏറനാട് മണ്ഡലത്തിൽ കീഴുപറമ്പ് പ്രവർത്തിക്കുന്ന ശിശിരം, അരീക്കോട് പ്രവർത്തിക്കുന്ന ഹരിതശ്രീ എന്നീ ജനകീയ ഹോട്ടലുകൾക്ക് നിലവിൽ എത്ര തുക സബ്സിഡി ഇനത്തിൽ കുടിശ്ശിക ഉണ്ടെന്നും ആയത് എപ്പോൾ നൽകുമെന്നും അറിയിക്കുമോ?

ഏറനാട് മണ്ഡലത്തിൽ കീഴുപറമ്പ് പ്രവർത്തിക്കുന്ന ശിശിരം, അരീക്കോട് പ്രവർത്തിക്കുന്ന ഹരിതശ്രീ എന്നീ ജനകീയ ഹോട്ടലുകൾക്ക് നൽകേണ്ട സബ്സിഡി കുടിശ്ശിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

കീഴുപറമ്പ് ശിശിരം - 2,74,900/- രൂപ
(2023 ജനുവരി മുതൽ ആഗസ്റ്റ് വരെ)

അരീക്കോട് ഹരിതശ്രീ - 60,000/- രൂപ
(2023 ജൂൺ മുതൽ ആഗസ്റ്റ് വരെ)
ഫണ്ട് ലഭ്യതക്കനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി ഇനത്തിൽ കുടിശ്ശികയുള്ള തുക നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുടിശ്ശിക നൽകുന്നതിലേക്കായി നവംബർ മാസത്തിൽ 33.6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നാളിതുവരെ 164.71 കോടി രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ കെട്ടിട വാടക, വെള്ളം, വെളിച്ചം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നുണ്ട്. സപ്ലൈകോ സബ്സിഡി നിരക്കിൽ ഭക്ഷ്യ സാധനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

**അതിദരിദ്രമുക്ത കേരളം**

327 (354) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് പ്രസിദ്ധപ്പെടുത്തിയ മൾട്ടി ഡയമെൻഷനൽ ദാരിദ്ര സൂചികയിൽ ഏറ്റവും കുറഞ്ഞ അതിദരിദ്രരുള്ള സംസ്ഥാനമായി കേരളത്തെ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നീതി ആയോഗ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 0.55 ശതമാനം മാത്രം ദാരിദ്ര്യത്തോടെ ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളത്തെ കണക്കാക്കിയിട്ടുണ്ട്. 2022-23 വർഷത്തേക്ക് ഈ കണക്ക് 0.48 ആയി മാറുന്നുവെന്നും നീതി ആയോഗിന്റെ റിപ്പോർട്ടിലുണ്ട്. 0.70 എന്ന നീതി ആയോഗിന്റെതന്നെ മുൻ കണക്കിന് ശേഷമുണ്ടായ പുരോഗതിയാണിത്.

(ബി) സംസ്ഥാനത്തെ അതിദരിദ്രരെ കണ്ടെത്തുന്നതിന് പ്രായോഗികമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും അതുവഴി എത്രപേരെ കണ്ടെത്താൻ സാധിച്ചുവെന്നും വെളിപ്പെടുത്താമോ?

<u>പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങൾ</u>

- അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയ, രീതിശാസ്ത്രം എന്നിവ തയ്യാറാക്കി അതുസംബന്ധിച്ച് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകൽ.

- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും, വാർഡുതലത്തിലുമുള്ള ജനകീയ സമിതികളുടെ രൂപീകരണം.

- പദ്ധതി ഏകോപനത്തിന് സംസ്ഥാനതല ഏകോപന സമിതിയും, ജില്ലാതല സമിതിയും രൂപീകരിക്കൽ.
- അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ.
- വാർഡുതല പട്ടികകൾ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (MIS) അപ്‌ലോഡ് ചെയ്യൽ.
- പ്രാഥമികമായി പട്ടികപ്പെടുത്തിയ കുടുംബങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി വിവരശേഖരണം നടത്തൽ.
- വിവരശേഖരണ പ്രക്രിയയുടെ സൂപ്പർ ചെക്കിംഗ്.
- ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വാർഡുതലത്തിൽ അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ.
- അർഹരായവരുടെ തദ്ദേശസ്ഥാപനതല പട്ടിക തയ്യാറാക്കലും അംഗീകാരം നേടലും.
- വാർഡുതലത്തിലുള്ള പട്ടികകൾ വാർഡ്/ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകരിക്കൽ.

- തദ്ദേശസ്ഥാപനതലത്തിൽ അർഹരായവരുടെ അന്തിമ പട്ടിക തയ്യാറാക്കൽ.
- മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കി വിപുലമായ പരിശീലനങ്ങൾ.
- തദ്ദേശസ്വയംഭരണ സ്ഥാപനതല പദ്ധതിയും ഓരോ കുടുംബത്തിനും പ്രത്യേകം മൈക്രോ പ്ലാനും തയ്യാറാക്കൽ.
- തദ്ദേശസ്വയംഭരണ സ്ഥാപനതല പദ്ധതിയുടെയും മൈക്രോ പ്ലാനുകളുടെയും നടത്തിപ്പിനാവശ്യമായ വിഭവ സമാഹരണം നടത്തൽ.
- പദ്ധതി നിർവ്വഹണവും മോണിട്ടറിംഗും.

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്താകമാനം 64006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളിലായി 103099 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി) ഇത്തരത്തിൽ കണ്ടെത്തിയ അതിദരിദ്രരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിവരിക്കാമോ?

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യക്തികളെയും കുടുംബങ്ങളെയും അതിദാരിദ്ര്യ അവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിനായി ഓരോ കുടുംബത്തിനും നൽകേണ്ട സേവനം സംബന്ധിച്ച് മൈക്രോപ്ലാൻ തയ്യാറാക്കൽ തദ്ദേശസ്ഥാപനതലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. "അവകാശം അതിവേഗം" എന്ന പേരിൽ അതിദരിദ്രർക്ക് അവകാശ രേഖകൾ നൽകൽ (വോട്ടർ ഐ.ഡി., ആധാർ കാർഡ്, റേഷൻ കാർഡ് ഹെൽത്ത് ഇൻഷ്വറൻസ്, ഭിന്നശേഷി കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ കാർഡ് മുതലായവ) ഭക്ഷണം, ആരോഗ്യ പരിശോധന, സാമൂഹ്യ സുരക്ഷാ പെൻഷൻ, അതിദരിദ്ര പട്ടികയിൽ ഭവനം ആവശ്യമുള്ളവർക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം ലഭ്യമാക്കൽ, ഏകാംഗ കുടുംബത്തിലുള്ള വ്യക്തികളെ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റിപാർപ്പിക്കൽ തുടങ്ങിയ സേവനങ്ങൾ തദ്ദേശസ്ഥാപനതലത്തിൽ

നടപ്പിലാക്കിവരുന്നു. കൂടാതെ അതിദരിദ്ര പട്ടികയിലുൾപ്പെട്ട വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾക്കുള്ള യാത്രയും സൗജന്യമാക്കിയിട്ടുമുണ്ട്. തൊഴിലെടുക്കാൻ ശേഷിയുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ സാധ്യമാക്കുന്നതിനും അതത് പോലെ നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാനദായക പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ മുഖേന 'ഉജ്ജീവനം' എന്ന പദ്ധതി രൂപപ്പെടുത്തി.

(ഡി) ഇതുവരെ കണ്ടെത്തിയവരുടെ അതിദാരിദ്ര്യം തുടച്ചുനീക്കി അതിദരിദ്രമുക്ത സ്വയംഭരണ സ്ഥാപനമായി മാറുന്നതിന് ഏതെങ്കിലും തദ്ദേശസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ രണ്ട് ഗ്രാമപഞ്ചായത്തുകളിൽ (ആലപ്പുഴ ജില്ലയിലെ കുമാരപുരം, കാസർഗോഡ് ജില്ലയിലെ കള്ളാർ) അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പ്രകാരം അതിദരിദ്രരായ കുടുംബങ്ങൾ ഉണ്ടായിരുന്നില്ല. അതിദാരിദ്ര്യം കണ്ടെത്തിയ തദ്ദേശസ്ഥാപനങ്ങളിൽ സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യമുക്ത ഗ്രാമപഞ്ചായത്തായി കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്

നിയോജകമണ്ഡലത്തിലെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ അതിദരിദ്രമുക്തമാക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ നാളിതുവരെ 47.89% പുരോഗതി കൈവരിക്കാനായിട്ടുണ്ട്.

**തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിചെലവ്**

328 (355) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ഇതുവരെ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിചെലവ് എത്രയായി എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

24-01-2024 വരെയുള്ള കണക്ക് പ്രകാരം തദ്ദേശസ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിന്റെ 33.77% ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തുക പിന്നീട് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടില്ല.

(സി) കടുത്ത ട്രഷറി നിയന്ത്രണവും ബഡ്ജറ്റ് വിഹിതം അനുവദിക്കാത്തതുംമൂലം തദ്ദേശസ്ഥാപനങ്ങളിൽ ഭരണപ്രതിസന്ധി ഉണ്ടായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എപ്രകാരം തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രാദേശിക സർക്കാരുകൾക്കുള്ള 2023-24 സാമ്പത്തിക വർഷത്തെ പൊതുആവശ്യ ഫണ്ടിന്റെ ഒമ്പത് ഗഡുവും, സംരക്ഷണ (റോഡ് & റോഡിതര) ഫണ്ടിന്റെ രണ്ട് ഗഡുവും വികസന ഫണ്ടിന്റെ രണ്ട് ഗഡുവും ഇതിനോടകം അനുവദിച്ചുനൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കിയ മാതൃകാ പദ്ധതികൾ**

329 (356) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കിയ മാതൃകാ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, രാജ്യത്തിനാകെ മാതൃകയായ നിരവധി പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ അതിദാരിദ്ര്യം അനുഭവിക്കുന്ന ചെറുന്യൂനപക്ഷത്തെ അതിൽനിന്ന് കരകയറ്റി അന്തസ്സായ ജീവിതം ഉറപ്പുവരുത്താനായി ആരംഭിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്ക് സുപ്രധാന പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. സർവ്വെയിലൂടെ കണ്ടെത്തിയ 64006 അതിദരിദ്രരിൽ 47.89 ശതമാനത്തെ ഇതിനകം ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിച്ചു. ഒരു വർഷത്തിനുള്ളിൽ അവശേഷിക്കുന്ന അതിദരിദ്രരെക്കൂടി ദാരിദ്ര്യത്തിൽനിന്ന്

കരകയറ്റാനുള്ള തീവ്രശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മാലിന്യമുക്ത നവകേരളം സംസ്ഥാനത്തെയാകെ മാലിന്യമുക്തമാക്കാനുള്ള വലിയൊരു പദ്ധതിയാണ്. ഇതിനായി സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നഗരപ്രദേശങ്ങളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ലോക ബാങ്ക് സഹായത്തോടെയുള്ള വിപുലമായ കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP)-യും ആരംഭിച്ചുകഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും സുഗമമായും ലഭ്യമാക്കുന്ന കെ-സ്മാർട്ട് പദ്ധതി 2024-ലെ പുതുവർഷ ദിനത്തിൽ നഗരസഭകളിൽ ആരംഭിച്ചു. ജനന-മരണ സർട്ടിഫിക്കറ്റുകൾ, വിവാഹ രജിസ്ട്രേഷൻ, മറ്റുരജിസ്ട്രേഷനുകൾ, പെർമിറ്റുകൾ എന്നിവ ഓൺലൈനായി അപേക്ഷ സ്വീകരിച്ച് ഓൺലൈനായിത്തന്നെ നൽകുന്നതാണ് സംവിധാനം.

മുൻ സർക്കാർ ആരംഭിച്ച ലൈഫ് പദ്ധതിയിൽ ഇതിനകം 3,74,508 വീടുകൾ നിർമ്മിച്ചു. 1,19,163 വീടുകൾ നിർമ്മാണ പുരോഗതിയിലാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിച്ച ആദ്യ

സംസ്ഥാനമാണ് കേരളം. തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് 100 ശതമാനം പൂർത്തീകരിച്ച ഏക സംസ്ഥാനവും കേരളമാണ്. ഇവയെല്ലാം രാജ്യത്തിനാകെ മാതൃകയായ പദ്ധതികളാണ്.

(ബി) പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ സുതാര്യമാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കുമോ?

നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയെങ്കിലും ഏറ്റവും പ്രധാനപ്പെട്ടത് പൊതുജനങ്ങൾക്ക് സമയബന്ധിതമായും സുതാര്യമായും സേവനങ്ങൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയറും, നഗരസഭകളിൽ കെ-സ്മാർട്ട് ആപ്ലിക്കേഷനും വിന്യസിച്ചതാണ്. ഇതിലൂടെ പൊതുജനങ്ങൾക്ക് ഓൺലൈനായിത്തന്നെ അപേക്ഷകൾ സമർപ്പിക്കുന്നതിനും, അപേക്ഷയുടെ തൽസ്ഥിതി മനസിലാക്കുന്നതിനും, തദ്ദേശസ്ഥാപനങ്ങൾ സന്ദർശിക്കാതെ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും സാധിക്കും. വിവിധ സേവനങ്ങൾ സംബന്ധിച്ച പരാതി സ്ഥിരം അദാലത്ത് സംവിധാനത്തിൽ

നൽകി കാലതാമസം കൂടാതെ പരിഹാരം കാണുവാൻ കഴിയുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**കാട്ടാക്കട നിയോജക മണ്ഡലത്തിലെ ലൈഫ് പദ്ധതി**

330 (357) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജക മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി ലൈഫ് പദ്ധതി പ്രകാരം നൽകിയ വീടുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം പൂർത്തീകരിച്ചവ, എഗ്രിമെന്റ് വച്ചവ, ഇനി പൂർത്തീകരിക്കാനുള്ളവ എന്നിവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി 4136 വീടുകൾ ലൈഫ് പദ്ധതി പ്രകാരം 22-01-2024 വരെ അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വച്ചതിന്റെയും പൂർത്തീകരിച്ചതിന്റെയും ഇനി പൂർത്തീകരിക്കാനുള്ളവയുടെയും പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം. | പൂർത്തീകരിച്ച വീടുകളുടെ എണ്ണം. | പൂർത്തീകരിക്കാൻ ബാക്കിയുള്ള വീടുകളുടെ എണ്ണം. |
|---|---|---|---|
| കാട്ടാക്കട | 801 | 680 | 121 |
| മലയിൻകീഴ് | 902 | 789 | 113 |
| മാറനല്ലൂർ | 824 | 712 | 112 |
| പള്ളിച്ചൽ | 760 | 698 | 62 |
| വിളപ്പിൽ | 443 | 302 | 141 |
| വിളവൂർക്കൽ | 406 | 161 | 245 |
| ആകെ | 4136 | 3342 | 794 |

**സമ്പൂർണ്ണ ബാരിയർ ഫ്രീ സംസ്ഥാനം**

331 (358) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തെ സമ്പൂർണ്ണ ബാരിയർ ഫ്രീ സംസ്ഥാനമാക്കുന്ന പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഭിന്നശേഷി സൗഹൃദമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 'ചട്ടം 42 ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കുട്ടികൾക്കുമുള്ള വ്യവസ്ഥകളിൽ', പൊതുജനങ്ങൾക്ക് പ്രവേശനമുള്ള A2, B, C, D, E, F, J എന്നീ വിനിയോഗ ഗണങ്ങളിൽപ്പെട്ട എല്ലാ കെട്ടിടങ്ങളിലും വിനിയോഗഗണം A1-ൽ വരുന്ന അപ്പാർട്ട്മെന്റ് കെട്ടിടങ്ങളിലും/പാർപ്പിട ഫ്ലാറ്റുകളിലും ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കുട്ടികൾക്കും സജ്ജീകരിക്കേണ്ട സൗകര്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+

**പ്രധാനമന്ത്രി സഡക് യോജനാ പദ്ധതി**

332 (359) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന പദ്ധതി നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; പി.എം.ജി.എസ്.വൈ. പദ്ധതിയിലേയ്ക്കുള്ള പ്രൊപ്പോസലുകൾ മുൻഗണന നിശ്ചയിച്ച് കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിക്കേണ്ടത് ആരാണെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കാമോ; പദ്ധതിയുടെ ഫണ്ട് വിനിയോഗ അനുപാതം വിശദമാക്കാമോ; 100 ശതമാനം കേന്ദ്ര ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്ത് പ്രവൃത്തികൾ നിർവ്വഹിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

പ്രധാൻമന്ത്രി ഗ്രാം സഡക് യോജന (PMGSY) പദ്ധതി പി.എം.ജി.എസ്.വൈ.-I, പി.എം.ജി.എസ്.വൈ.-II എന്നീ ഘട്ടങ്ങൾ പിന്നിട്ട് ഇപ്പോൾ പി.എം.ജി.എസ്.വൈ.-III ആണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. പി.എം.ജി.എസ്.വൈ.-I ൽ 1374 റോഡുകൾ, ഒരു Long Span Bridge എന്നിവയുൾപ്പെടെ ആകെ 3308.373 Km പ്രവൃത്തിക്കായി അനുമതി ലഭിച്ചതിൽ 1360 പ്രവൃത്തികളിലായി 3238.95 Km പൂർത്തീകരിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ.-II-ൽ 149 റോഡുകൾക്കും 3 Long Span Bridge-നുമായി ആകെ 582.888 Km-നാണ് അനുമതി ലഭിച്ചത്. ഇതിൽ 140 പ്രവൃത്തികളിലായി ആകെ 560.668 Km പൂർത്തീകരിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ.-III-ൽ 255 പ്രവൃത്തികൾക്കായി 1280.984 Km പ്രവൃത്തിക്ക് അംഗീകാരം ലഭിച്ചതിൽ 32 പ്രവൃത്തികളിലായി ആകെ 271.634 Km പൂർത്തീകരിച്ചിട്ടുണ്ട്.

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച്, സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരവും ലഭ്യമായതിനുശേഷമാണ് പ്രൊപ്പോസലുകൾ ഗ്രാമവികസന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. 2000 ഡിസംബർ 25-ന് 100% കേന്ദ്ര വിഹിതമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായി പി.എം.ജി.എസ്.വൈ. ആരംഭിച്ചുവെങ്കിലും 2015-16 മുതൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിലുള്ള ഫണ്ടിംഗ് പാറ്റേൺ 60:40 ആക്കി മാറ്റി. ആയതിനാൽ നിലവിൽ 100% കേന്ദ്ര ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ നിർവ്വഹിക്കുന്നില്ല.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പ്രവൃത്തികൾ ഉൾപ്പെടുന്നതിന്റെ നടപടിക്രമങ്ങൾ അറിയിക്കാമോ; സംസ്ഥാനത്തെ ലോക്സഭാ എം.പി.മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികളാണോ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പരിഗണിക്കുകയെന്നത് വ്യക്തമാക്കാമോ; കേന്ദ്ര മന്ത്രാലയത്തിലേക്ക് സമർപ്പിക്കുന്ന

പ്രവൃത്തികളുടെ മുൻഗണന നിശ്ചയിക്കുന്നത് സംസ്ഥാന സർക്കാരാണോ എന്നറിയിക്കാമോ?

പി.എം.ജി.എസ്.വൈ.3-ൽ ഉൾപ്പെടുത്തേണ്ട റോഡുകൾ അപ്ഡേഷൻ ഓഫ് ഡിസ്ട്രിക് റൂറൽ റോഡ് പ്ലാനിൽ ഉൾപ്പെട്ടതായിരിക്കണം. അതിൽ പ്രധാനമായും ഗ്രാമീണ അഗ്രികൾച്ചറൽ മാർക്കറ്റിന്റെയും ഹയർ സെക്കണ്ടറി സ്കൂളിന്റേയും ഹോസ്പിറ്റലിന്റെയും സമീപമുള്ള റോഡുകളെയാണ് തെരഞ്ഞെടുക്കുന്നത്. ഹാബിറ്റേഷനും ഫെസിലിറ്റികളും അതിന് നിശ്ചയിക്കപ്പെട്ട മാർക്ക് പ്രകാരമുള്ള CUCPL (Comprehensive Upgradation cum Consolidation Priority List) റാങ്ക് അടിസ്ഥാനത്തിലാണ് നടത്തുന്നത്. ജില്ലയിലെ മുഴവൻ റൂറൽ റോഡുകളും ബ്ലോക്ക് അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രോസസ്സിലൂടെയാണ് റാങ്ക് നിർണ്ണയിക്കുന്നത്. ഇതിൽ ബന്ധപ്പെട്ട എം.പി.യുടെ ശിപാർശയും ജില്ലാ പഞ്ചായത്തിന്റെ അംഗീകാരവും ഉൾപ്പെടുന്നു. കർശനമായ മാനദണ്ഡത്തോടെ ചുരുങ്ങിയത് 3.കി.മീ നീളവും 7.5 മീറ്റർ (Through Route)/6 മീറ്റർ (Major Rural Link) വീതിയിൽ മുഴവൻ നീളത്തിലും സ്ഥല ലഭ്യത (ഫ്രീ സറണ്ടർ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്

ലഭ്യമാക്കേണ്ടതായും ഉണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച്, സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെയും അംഗീകാരവും ലഭ്യമായതിനുശേഷം പ്രൊപ്പോസലുകൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിക്കുന്നു. ആയതിനുശേഷം പ്രീ-എംപവേർഡ് കമ്മിറ്റിയും കടന്ന് സെക്രട്ടറി (ആർ.ഡി.) ചെയർമാനായ എംപവേർഡ് കമ്മിറ്റിയാണ് പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നത്. മേൽപ്പറഞ്ഞ രീതിയിൽ കേന്ദ്ര മന്ത്രാലയം പുറത്തിറക്കുന്ന പി.എം.ജി.എസ്.വൈ. മാനദണ്ഡങ്ങൾ പാലിച്ചാണ് ഓരോ സ്കീമിനും മുൻഗണന നിശ്ചയിക്കുന്നത്.

(സി) 2022-2023 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നിർവ്വഹിക്കുന്നതെന്നും ഓരോ പ്രവൃത്തിക്കും സംസ്ഥാന സർക്കാർ വിഹിതമായി എത്ര രൂപ വീതമാണ് വിനിയോഗിക്കേണ്ടതെന്നും ബ്ലോക്ക് തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) 2019, 2020, 2021, 2022, 2023 എന്നീ വർഷങ്ങളിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ, ഏറനാട്, വണ്ടൂർ, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി, വയനാട് ജില്ലയിലെ മാനന്തവാടി, കൽപ്പറ്റ, സുൽത്താൻബത്തേരി എന്നീ നിയോജകമണ്ഡലങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നടപ്പാക്കിയതും അനുമതി ലഭിച്ചതുമായ പ്രവൃത്തികളുടെ തുക സഹിതമുള്ള വിവരങ്ങൾ ബ്ലോക്ക് തിരിച്ച് ലഭ്യമാക്കുമോ; മേൽ വർഷങ്ങളിലെ പ്രവൃത്തികൾക്ക് സംസ്ഥാന സർക്കാർ വിഹിതമായി എത്ര തുകയാണ് അനുവദിച്ചതെന്നും അറിയിക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

**ലൈഫ് ഭവന പദ്ധതി**

333 (360) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി ഒന്നാംഘട്ടം (2017) ലിസ്റ്റിൽ ഭൂമിയുള്ളവരും ഭൂരഹിതരും ആയ എത്ര ഭവനരഹിതരാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെട്ടിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ; ഇതിൽ എത്ര പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ 54,116 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തിയതിൽ 52,680 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ 2017-ലെ സർവ്വെയിലൂടെ 1,84,255 പേർ ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയിരുന്നു. ടി ഗുണഭോക്താക്കളെ ലൈഫ് അർഹതാ മാനദണ്ഡ പ്രകാരം രേഖാ പരിശോധനയും ഫീൽഡുതല പരിശോധനയും നടത്തിയതിൽ 1,02,542 ഗുണഭോക്താക്കൾ അർഹരായി കണ്ടെത്തുകയും ഇതിൽ 1,00,201 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുകയും ചെയ്തു. കൂടാതെ ഭൂരഹിതരിൽനിന്നും ഭൂമി ആർജ്ജിച്ചവർ, വിവിധ വകുപ്പുകൾ, പി.എം.എ.വൈ (ഗ്രാമീൺ), പി.എം.എ.വൈ (അർബൻ), തുടങ്ങിയവയിൽ നിന്നുള്ള 1,09,250 ഗുണഭോക്താക്കളുൾപ്പെടെ ആകെ 2,62,131 ഭൂമിയുള്ള ഭവനരഹിത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 2017-ലെ

ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ രേഖാ പരിശോധനയിൽ 1,57,775 ഗുണഭോക്താക്കൾ അർഹരായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 31,520 പേർക്ക് ഭൂമി ലഭ്യമാക്കിയതിൽ 29,918 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 22-01-2024 വരെ ലൈഫ് പദ്ധതിയിൽ 4,91,621 ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതി 2020-ൽ ഭൂമിയുള്ളവരും ഭൂരഹിതരുമായ എത്ര ഭവനരഹിതരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ എത്ര പേർക്ക് ആനുകൂല്യം നൽകാനായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ആനുകൂല്യം നൽകാൻ ബാക്കിയുള്ളവർക്ക് എപ്പോൾ നൽകാനാകുമെന്ന് അറിയിക്കാമോ?

(ബി & സി) ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ 3,69,262 ഭൂമിയുള്ള ഭവനരഹിതരും 1,96,446 ഭൂരഹിത ഭവനരഹിതരും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 81,288 ഭൂമിയുള്ള ഭവനരഹിതർക്കും 1,134 ഭൂരഹിത ഭവന രഹിതർക്കും

ആനുകൂല്യം നൽകിയിട്ടുണ്ട്. ലൈഫ് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

334(361) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിച്ച വിശ്രമ കേന്ദ്രങ്ങളുടെ എണ്ണം വ്യക്തമാക്കാമോ?

ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം സംസ്ഥാനത്ത് 1138 വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നിർവ്വഹിക്കാത്ത എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ?

പദ്ധതി ഏറ്റെടുത്ത് നിർവഹിക്കാത്ത (പദ്ധതി രൂപീകരിച്ചശേഷം സ്ഥലമില്ലാത്തതിനാലും മറ്റുകാരണങ്ങളാലും, പദ്ധതി

രൂപീകരിക്കാത്തതിനാലും) 121 തദ്ദേശസ്ഥാപനങ്ങളുണ്ട്. ടി വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം**

335(362) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ വെട്ടിപ്പൊളിക്കുന്നതിനാൽ ഗ്രാമീണ റോഡുകളിലൂടെയുള്ള യാത്ര ദുരിതപൂർണമാകുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് റോഡുകൾ മുറിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം റോഡുകൾ പുനർനിർമ്മിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലജീവൻ മിഷൻ പദ്ധതിയിൽ മാർഗ്ഗരേഖ അനുവദിക്കുന്നതരത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**കോങ്ങാട് മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ**

336(363) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 2018 മുതൽ നാളിതുവരെ ഭരണാനുമതി ലഭിച്ച കോങ്ങാട് മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു

(ബി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തി നടത്തേണ്ടതായ റോഡുകൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**ജനകീയ ഹോട്ടൽ**

337(364) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര ജനകീയ ഹോട്ടലുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 993 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്.

**അരുവിക്കര നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് ലഭിച്ച തുക**

338(365) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അരുവിക്കര നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് 2023-24 വർഷം പ്ലാൻ-നോൺപ്ലാൻ ഇനത്തിൽ വിവിധ ഹെഡുകളിൽ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ആയതിൽനിന്നും എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് 2023-24 സാമ്പത്തിക വർഷം പ്ലാൻ-നോൺ പ്ലാൻ ഇനത്തിൽ വിവിധ ഹെഡുകളിൽ അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. മേൽപ്പറഞ്ഞതുപ്രകാരം അനുവദിച്ച തുകയിൽനിന്നും നാളിതുവരെ ചെലവഴിച്ച തുകയുടെ പട്ടിക തിരിച്ചുള്ള വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**ആലത്തൂർ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ**

339(366) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി, വണ്ടാഴി എന്നീ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താൽക്കാലികമായി ചാർജ്ജ് അറേഞ്ച്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയതിൽ ജോലിയിൽ പ്രവേശിക്കാത്തതുകാരണം ഉണ്ടായിട്ടുള്ള 18 ഒഴിവുകൾ പി.എസ്.സി.-ക്ക് NJD വേക്കൻസിയായി 19-01-2024-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ഉത്തരവ് ലഭ്യമാകുന്നമുറയ്ക്ക് ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി, വണ്ടാഴി എന്നീ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പദ്ധതി**

340(367) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി വിഭാവനം ചെയ്ത രീതിയിൽ ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ ത്രിതല പഞ്ചായത്ത് സംവിധാനം വളരെ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലായി വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയ്ക്ക് 19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ. ഉത്തരവുപ്രകാരം സർക്കാർ അംഗീകാരം

നൽകുകയും ആയതിൻപ്രകാരം തദ്ദേശസ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു.

(ബി) ഗ്രാമീണ ലൈബ്രറികൾ, യൂത്ത് ക്ലബ്ബുകൾ, ആരോഗ്യ പരിപാലനസേന, ജീവകാരുണ്യ യുവജനസേന തുടങ്ങിയ പദ്ധതികൾ എല്ലാ പഞ്ചായത്തിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭൂരിപക്ഷം തദ്ദേശസ്ഥാപനങ്ങളിലും സർക്കാർ/സ്വകാര്യ ഉടമസ്ഥതയിലുള്ള ലൈബ്രറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പാലിയേറ്റീവ് കെയർ പോലുള്ള സംവിധാനങ്ങൾ തദ്ദേശസ്ഥാപനതലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) സാമൂഹിക തിന്മകൾക്കെതിരെ യുവജനങ്ങളെ അണിനിരത്താൻ കർമ്മസേനയെ നിയോഗിക്കുകയും മുതിർന്ന പൗരന്മാരുടെ ശുശ്രൂഷയ്ക്ക് പ്രത്യേക പദ്ധതികൾ നടപ്പാക്കുകയും ചെയ്യുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സാമൂഹ്യതിന്മകളെ നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖപ്രകാരം

തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് തദ്ദേശസ്ഥാപനതലത്തിൽ ജാഗ്രതാ സമിതികൾ, ജെൻഡർ ഡെസ്കുകൾ മുതലായവ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന പൗരന്മാർ ഉൾപ്പെടെയുള്ളവരുടെ പരിചരണത്തിനായി പാലിയേറ്റീവ് കെയർ, പകൽവീട് പോലുള്ള സംവിധാനങ്ങൾ നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്നുണ്ട്.

**കേരളശ്ശേരി പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ്**

341(368) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ റീട്ടെയിനിംഗ് വാൾ ഉൾപ്പെടുത്തിയിട്ടുള്ള എത്ര പെർമിറ്റുകൾ ഉണ്ട്; അവ ഏതെല്ലാം; അഡ്രസ്സ് സഹിതം വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ 4 അപേക്ഷകർക്ക് റീട്ടെയിനിംഗ് വാൾ

ഉൾപ്പെടുത്തിയിട്ടുള്ള പെർമിറ്റ് നൽകിയിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി വ്യക്തികളുടെ പേരും മേൽവിലാസവും ശേഖരിച്ചുവരുന്നു.

(ബി) കേരളശ്ശേരി പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ സ്ഥലം പരിശോധിച്ചശേഷമാണോ ബിൽഡിംഗ് പെർമിറ്റ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

അസിസ്റ്റന്റ് എഞ്ചിനീയർ അല്ലെങ്കിൽ ഓവർസിയർ സ്ഥലപരിശോധന നടത്തിയതിനുശേഷമാണ് ബിൽഡിംഗ് പെർമിറ്റ് നൽകുന്നത്.

(സി) വീടിന്റെ തറയിൽനിന്നും എത്ര മീറ്റർ അകലെയുള്ള മൺതിട്ടകൾക്കാണ് റീട്ടെയിനിംഗ് വാൾ എന്ന സംവിധാനം കേരളശ്ശേരി പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നത്;

2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടത്തിലെ ചട്ടം 10 പ്രകാരമാണ് മണ്ണെടുത്ത് നിർമ്മാണം നടത്തുന്ന പ്ലോട്ടുകളിൽ സംരക്ഷണ ഉപാധിയായി സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ ആവശ്യപ്പെടുന്നത്.

(ഡി) വീടിനോടുചേർന്ന് മൺതിട്ടകളുള്ള എത്ര പേർക്ക് പ്രസ്തുത പഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട് എന്ന്

വ്യക്തമാക്കാമോ; നൽകിയിട്ടില്ലെങ്കിൽ അവിടെ ഓവർസിയർ സ്ഥലപരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

റിപ്പോർട്ട് പ്രകാരം 4 അപേക്ഷകർക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. വിവരം ശേഖരിച്ചുവരുന്നു.

**കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റുകൾ**

342(369) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ 2006 മുതൽ നാളിതുവരെ പുതിയ വീട് നിർമ്മിക്കുന്നതിനുള്ള എത്ര ബിൽഡിംഗ് പെർമിറ്റുകൾ നൽകിയിട്ടുണ്ട്; ആയത് ആർക്കെല്ലാമെന്ന് മേൽവിലാസം സഹിതം വർഷം തിരിച്ച് ലഭ്യമാക്കാമോ?

25-07-2007-ലെ 24136/ആർ.എ.1/2007 നമ്പർ സർക്കുലർ പ്രകാരമാണ് പഞ്ചായത്തുകളിൽ കെട്ടിടനിർമ്മാണ ചട്ടം ബാധകമായിട്ടുള്ളത്. അതുപ്രകാരം കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ

2007 ജൂലൈ മാസം മുതൽ കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. വിവരം ശേഖരിച്ചുവരുന്നു.

**ഉദിയൻകുളങ്ങര മാർക്കറ്റ് നിർമ്മാണം**

343 (370) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) മാർക്കറ്റ് നിർമ്മാണത്തിന് പഞ്ചായത്ത് ഭരണ സമിതി എടുത്ത തീരുമാനം നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

(എ & ബി) ഉദിയൻകുളങ്ങര മാർക്കറ്റിൽ പുതിയ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് പ്ലാൻ തയ്യാറാക്കുന്നതിന് ഏൽപ്പിക്കപ്പെട്ട ഏജൻസി സമർപ്പിച്ച പ്ലാൻ, എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ചുനിൽക്കുന്നതിനാൽ പ്ലാൻ റിവൈസ് ചെയ്യുന്നതിന് ആവശ്യപ്പെട്ടിരിക്കുകയാണ്. റിവൈസ്ഡ് പ്ലാൻ

ലഭിക്കുന്നതിനുള്ള കാലതാമസംമൂലമാണ് പഞ്ചായത്ത് ഭരണസമിതി തീരുമാനം നടപ്പിലാക്കാൻ വൈകുന്നത്.

(സി) മാർക്കറ്റ് നിർമ്മാണത്തിന് പൂർത്തിയാക്കാനവശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

റിവൈസ്ഡ് പ്ലാൻ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സമർപ്പിക്കുന്നതാണ്.

**ഭവന പദ്ധതി പ്രകാരമുള്ള വീടുകൾക്കുള്ള വീട്ടുനമ്പർ**

344 (371) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ-വൺ ഗ്രേഡിൽപ്പെട്ട പഞ്ചായത്തുകളിൽ മൂന്ന് സെൻറ് സ്ഥലത്ത് ലൈഫ് ഭവന പദ്ധതി പ്രകാരവും മറ്റ് ഭവന പദ്ധതികൾ പ്രകാരവും നിർമ്മിക്കുന്ന വീടുകൾക്ക് വീട്ടുനമ്പർ ലഭിക്കുന്നതിന് പലവിധ കാരണങ്ങളാൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

മൂന്ന് സെന്റ് സ്ഥലത്ത് ലൈഫ് ഭവന പദ്ധതി പ്രകാരവും മറ്റ് ഭവന പദ്ധതികൾ പ്രകാരവും നിർമ്മിക്കുന്ന വീടുകൾക്ക് വീട്ടുനമ്പർ ലഭിക്കുന്നതിന് തടസ്സം നേരിടുന്നത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കടുത്തുരുത്തി ഗവ. പോളിടെക്നിക്ക് -പഞ്ചായത്ത് വക സ്ഥലത്തിന്റെ കൈമാറ്റ നടപടി**

345(372) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവ. പോളിടെക്നിക്ക് കോളേജിന്റെ കൈവശമുണ്ടായിരുന്നതും ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവഴിക്കായി നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും തിട്ടപ്പെടുത്തി സർവ്വെ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ട് പഞ്ചായത്തിൽനിന്നും സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ട് കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽനിന്നും സർക്കാരിലേക്ക് നൽകിയിട്ടില്ല. എന്നാൽ റവന്യൂ വകുപ്പ് നൽകിയ പ്രസ്തുത റിപ്പോർട്ട് ഉചിതമാർഗ്ഗേണ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് 22-01-2024 തീയതിയിൽ കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമിയിൽനിന്നും ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ട് പഞ്ചായത്തിൽനിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ്, പോളിടെക്നിക്കിലേയ്ക്കുള്ള വഴിയും പോളിടെക്നിക്കും പഞ്ചായത്തുവക സ്ഥലങ്ങളും അളന്നതിട്ടപ്പെടുത്തി ടി സർവ്വെ സ്കെച്ച് വിഷൻ & മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള വിവരം പഞ്ചായത്ത് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) കടുത്തുരുത്തി ഗവ. പോളിടെക്നിക്ക് കോളേജിന്റെ പഞ്ചായത്തുവക സ്ഥലം സംബന്ധിച്ച് എൽ.എസ്.ജി.ഡി./ആർ.സി.4/ 137/2017 & കമ്പ്യൂട്ടർ നം.469030 നമ്പർ ഫയലിൽ കഴിഞ്ഞ 7 വർഷമായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

സർക്കാരിൽ ലഭ്യമായ രേഖകൾ പ്രകാരം 09-05-2017-ലാണ് ആർ.സി4/137/2017/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ നടപടികൾ ആരംഭിച്ചത്. കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 19 ഏക്കർ 39.14 സെന്റ് വസ്തു ഗവ. പോളിടെക്നിക്ക് കോളേജിന് വിട്ടുകൊടുക്കുന്നതിന് 22-03-2005-ലെ സ.ഉ.(സാധാ) നം.1105/05/ ത.സ്വ.ഭ.വ. പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

ടി ഭൂമിയിൽനിന്നും 8 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിന് വിട്ടുനൽകുന്നതിന് 30-07-2014-ലെ സ.ഉ.(സാധാ) നം.1969/2014/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകുകയുണ്ടായി.

AICTE വ്യവസ്ഥ പ്രകാരം 20 ഏക്കർ സ്ഥലം ആവശ്യമുണ്ടായിരുന്ന കാലഘട്ടത്തിലാണ് പോളിടെക്നിക്കിന് പരമാവധി സ്ഥലം ലഭ്യമാക്കുന്നതിന്

കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചത്. എന്നാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം പോളിടെക്നിക്കിന് ആവശ്യമായി കണക്കാക്കുന്നത് 8 ഏക്കർ സ്ഥലം മാത്രമാണ്. ആയതിനാൽ സ്ഥാപനത്തിന്റെ ഭാവി വികസന ആവശ്യങ്ങൾകൂടി കണക്കിലെടുത്ത് 8.5 ഏക്കർ സ്ഥലം പോളിടെക്നിക്കിന് വിട്ടുനൽകുന്നതിന് 21-11-2017-ലെ സ.ഉ.(സാധാ)നം.3727/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ശേഷിക്കുന്ന ഭൂമി സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടുപ്രകാരം ഗവ. പോളിടെക്നിക്ക് കോളേജിനും കേന്ദ്രീയ വിദ്യാലയത്തിനും ഭൂമി അനുവദിച്ചശേഷം ബാക്കിവരുന്ന സ്ഥലത്തുനിന്നും 60.5 സെന്റ് സ്ഥലം ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും, 9 സെന്റ് സ്ഥലം ഗവ. ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനും, 8 സെന്റ് സ്ഥലം അംഗൻവാടി സ്ഥാപിക്കുന്നതിനും, 3 സെന്റ് സ്ഥലം പോളിടെക്നിക്ക്, കേന്ദ്രീയ വിദ്യാലയം എന്നീ ആവശ്യങ്ങൾക്കായി സ്ഥലമെടുപ്പ് നടത്തിയപ്പോൾ ജീവിക്കാൻ മറ്റ് നിർവ്വാഹമില്ലാത്ത ഒരു വ്യക്തിക്ക് വിട്ടുനൽകുന്നതിനും കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതി സർക്കാരിനോട് അഭ്യർത്ഥിച്ച്

തീരുമാനിച്ചിട്ടുള്ളതാണെന്നും കൂടാതെ ശേഷിക്കുന്ന ഭൂമിയിൽനിന്നും ഒരേക്കർ ഭൂമി ലൈഫ് മിഷന് വിട്ടുനൽകുന്നതിനും തീരുമാനിച്ചിരുന്നുവെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് ഓരോ ആവശ്യത്തിനും ആവശ്യമായ ഭൂമിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം വ്യക്തമായ ശിപാർശയോടെ പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ഉചിതമാർഗ്ഗേണ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് 22-01-2024 തീയതിയിൽ കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രാപുരം - കോഴിപ്പാറ റോഡ് നിർമ്മാണം**

346(373) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രാപുരം - കോഴിപ്പാറ റോഡ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇല്ല. ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നിവരുടെ ഓഫീസുകളിലെ ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ D3-1786/23-24 എന്ന നമ്പർ ഫയലായി നടപടി സ്വീകരിച്ചുവരുന്നുവെന്നും പ്രസ്തുത ഓഫീസിലെ നടപടികൾ പൂർത്തിയാക്കി എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ഭരണാനുമതിക്കായി കൈമാറുന്നതാണെന്ന വിവരം എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ത്രിതലപഞ്ചായത്തുകളുടെ കാര്യക്ഷമതയും സ്വയംപര്യാപ്തതയും ഉറപ്പാക്കാൻ നടപടി

347 (374) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതലപഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുകൂടി ലക്ഷ്യംവച്ച് ഉല്പാദന മേഖലയിൽ എന്തൊക്കെ കർമ്മപദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; ഇതിനായി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗരേഖകളുടെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുക എന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പരമപ്രധാനമായ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിനായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനം, സംരംഭകത്വം, നൈപുണ്യവികസനം തുടങ്ങിയവയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുമുള്ള പ്രോജക്റ്റുകൾക്ക് വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നൽകണമെന്ന പദ്ധതി

ആസൂത്രണ മാർഗ്ഗരേഖകളിലൂടെ [സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19-04-2022, സ.ഉ.(കൈ)നം.86/2022/തസ്വഭവ; തീയതി 19-04-2022] തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം കൂടിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 04-01-2023-യിലെ സ.ഉ.(കൈ)നം.3/2023/ തസ്വഭവ; ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുമുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാകുന്നതിലൂടെ സ്വാഭാവികമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനവും വർദ്ധിക്കുന്നതാണ്.

(ബി) തദ്ദേശസ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്ന ഘട്ടത്തിൽ അവയുടെ പ്രായോഗികതയും നിയമപരമായ നിലനിൽപ്പും ഉറപ്പാക്കാൻ നടപടി സ്വീകരിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർമാരും നൂതന

പ്രോജക്ടുകൾക്ക് ജില്ലാകളക്ടർ അദ്ധ്യക്ഷനായ ഒരു സമിതിയുമാണ് അംഗീകാരം നൽകുന്നത്. പ്രോജക്ടുകളിൽ വിശദമായ പരിശോധന നടത്തിയാണ് അതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അംഗീകാരവും സാങ്കേതികാനുമതിയും നൽകേണ്ടത്. പ്രോജക്ടുകളുടെ സാമ്പത്തിക-സാങ്കേതികക്ഷമതയും പ്രായോഗികതയും വിലയിരുത്തി അംഗീകാരം നൽകുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 19-04-2022-ലെ സ.ഉ(കൈ) നം.84/2022/തസ്വഭവ., സ.ഉ.(കൈ)നം.86/2022/തസ്വഭവ. എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പദ്ധതികൾക്ക് അംഗീകാരം നൽകിയത് ഓഡിറ്റിംഗിൽ കണ്ടെത്തുന്ന ഘട്ടത്തിൽ ചുമത്തുന്ന ശിക്ഷാനടപടിക്ക് അതത് പദ്ധതികൾക്ക് അംഗീകാരം നൽകുന്ന ജില്ലാതല സമിതിക്കും ബാധ്യതയുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ നഷ്ടോത്തരവാദിത്വം വെറ്റിംഗ്

ഓഫീസർമാർക്കും, പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന വീഴ്ചകൾക്ക് നഷ്ടോത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനും ആയിരിക്കുമെന്ന് 19-04-2022-ലെ സ.ഉ. (കൈ)നം. 84/2022/തസ്വഭവ, സ.ഉ.(കൈ)നം.86/2022/തസ്വഭവ എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ ആസൂത്രണ കമ്മിറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്കാണ് അംഗീകാരം നൽകുന്നത്. പ്രോജക്ടുകൾ സംബന്ധിച്ച്, അവ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണോ എന്നുള്ള പൊതുവായ പരിശോധന മാത്രമേ ജില്ലാ ആസൂത്രണ കമ്മിറ്റി നടത്തുന്നുള്ളൂ. പ്രോജക്ടുകളുടെ സാമ്പത്തിക-സാങ്കേതികക്ഷമതയും പ്രായോഗികതയും ഉൾപ്പെടെ പ്രോജക്ടിന്റെ അംഗീകാരം സംബന്ധിച്ച എല്ലാ ഘടകങ്ങളും വിശദമായി വിലയിരുത്തി അംഗീകാരം നൽകുന്നത് അതിനായി നിയോഗിച്ചിട്ടുള്ള വിദഗ്ധരായ വെറ്റിംഗ് ഓഫീസർമാരാണ്.

(ഡി) ത്രിതലപഞ്ചായത്തുകളുടെ പദ്ധതി രൂപീകരണത്തിൽ അതത് സ്ഥാപനങ്ങൾക്ക് വരുമാനദായകമായ പദ്ധതികൾക്ക് പ്രാമുഖ്യം

നൽകാനും അതിലൂടെ തദ്ദേശസ്ഥാപനങ്ങളെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്ന വിധത്തിൽ മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിക്കാമോ?

ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാകുകയും അതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മറ്റുവരുമാനദായക പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ ഏറ്റെടുത്തുവരുന്നുമുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതാണ്.

(ഇ) എം.എൽ.എ./എം.പി. ഫണ്ട്, മറ്റ് ബാഹ്യഫണ്ടുകൾ എന്നിവ മുഖേന പൂർത്തിയാക്കി തദ്ദേശസ്ഥാപനങ്ങൾക്ക് വിട്ടുനൽകുന്ന പദ്ധതികളുടെ ഗ്യാരണ്ടി കാലാവധി കഴിഞ്ഞുള്ള പരിപാലനത്തിന് അതത് സ്ഥാപനങ്ങൾ വൈമുഖ്യം കാണിക്കുന്നുണ്ടെങ്കിൽ ആയതിന് പരിഹാരം

കണ്ടെത്തുമോ; വിട്ടുകിട്ടിയ ആസ്തികൾ കൃത്യമായി പരിപാലിക്കുന്നത് നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

എം.എൽ.എ./എം.പി ഫണ്ട് ഉപയോഗിച്ച് ആർജ്ജിക്കുന്ന നിരവധി ആസ്തികളുടെ (ഉദാ. റോഡുകൾ, ആംബുലൻസുകൾ, മിനിമാസ്റ്റ് ലൈറ്റുകൾ) സംരക്ഷണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാറുണ്ട്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള മുൻകൂർ ധാരണയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവഹിച്ചുവരുന്നുമുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് ഫണ്ട് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്താറുണ്ട്. വിട്ടുകിട്ടിയ ആസ്തികൾ സംരക്ഷിക്കുന്നതിനായി ആസ്തി സംരക്ഷണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പരിമിതമായ വിഭവങ്ങളാണ് തങ്ങളിൽ നിക്ഷിപ്തമായ

ചുമതലകൾ നിർവ്വഹിക്കുന്നതിനും ആസ്തികളുടെ സംരക്ഷണത്തിനുമായി വിനിയോഗിക്കുന്നത്.

(എഫ്) തദ്ദേശസ്ഥാപനങ്ങളിൽ ലഭിക്കുന്ന പരാതികൾക്കും നിവേദനങ്ങൾക്കും പരിഹാരത്തിനായി സ്ഥിരം അദാലത്ത് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുജനങ്ങൾക്ക് അവരുടെ പരാതികളും നിർദ്ദേശങ്ങളും ഉന്നയിക്കുന്നതിനുള്ള അവസരം നൽകുന്നതിലേയ്ക്ക് ആധുനിക സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പരാതികൾ പരിഹരിക്കുന്നതിനായി ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയശേഷം മാസംതോറും ആദ്യത്തെ ബുധനാഴ്ച ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്ന ഒരു അദാലത്ത് നടത്തി ജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും കേൾക്കേണ്ടതാണെന്ന് 19-04-2022-ലെ സ.ഉ.(കൈ)നം.84/2022/തസ്വഭവ; സ.ഉ.(കൈ)നം.86/2022/തസ്വഭവ; എന്നീ ഉത്തരവുകൾപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ പരാതി പരിഹാര സംവിധാനത്തിനായി

12-05-2017-ലെ സ.ഉ.(സാധാ)നം.1558/2017/തസ്വഭവ. പ്രകാരം പ്രത്യേകം മാന്വലും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, തദ്ദേശസ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾക്ക് മാനദണ്ഡങ്ങൾ പ്രകാരമുള്ള സമയപരിധി കവിയുന്ന അവസരങ്ങളിലും സേവനം പൂർത്തിയാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന അവസരങ്ങളിലും ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാര സാദ്ധ്യതകൾ രൂപപ്പെടുത്തുന്നതിനായും ഫെസിലിറ്റേഷൻ-മോണിറ്ററിംഗ്- വിജിലൻസ് സംവിധാനമായി പ്രവർത്തിക്കുന്നതിനും ഉപജില്ലാ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമുള്ള സ്ഥിരം അദാലത്ത് സമിതി, സിറ്റിസൺ അസിസ്റ്റന്റ് എന്ന പേരിൽ, 25-04-2023-ലെ സ.ഉ. (സാധാ) നം.916/2023/തസ്വഭവ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. adalat.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴി സ്ഥിരം അദാലത്ത് സമിതി മുമ്പാകെ പരാതികൾ നൽകാനുള്ള സൗകര്യമുണ്ട്. ടി വെബ്സൈറ്റ് മുഖേന ഫോൺ നമ്പർ ഉപയോഗിച്ച് പരാതിയുടെ തുടർനടപടി വിവരങ്ങൾ ട്രാക്ക് ചെയ്യാവുന്നതാണ്.

**വീട്ടുനമ്പർ അനുവദിച്ചതിലെ അപാകത**

348(376) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ ചെല്ലമംഗലം വാർഡിൽ ടി.സി 8/3425(2) പ്രണവ, വട്ടവിള, ശ്രീകൃഷ്ണപുരം, പൗഡിക്കോണത്ത് താമസക്കാരിയായ മാലു എൽ. മധുവിന്റെ വീട്ടുനമ്പർ മറ്റൊരു വ്യക്തിക്ക് അനുവദിച്ചത് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് നൽകിയ E-7650385 എന്ന പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മാലു എൽ. മധുവിന്റെ വീട്ടുനമ്പർ മറ്റൊരു വ്യക്തിക്ക് അനുവദിച്ചത് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് നൽകിയ E-7650385 എന്ന പരാതി RA2/153/2023-LSGD നമ്പർ ഫയലിൽ കൈകാര്യം ചെയ്തുവരുന്നതും ആയതിൻമേൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ റിപ്പോർട്ട് 03-11-2023-ലെ RA2/153/2023-LSGD നമ്പർ സർക്കാർ കത്തുപ്രകാരം ആവശ്യപ്പെടുകയും ടി വിവരം അഡ്വ. മോൻസ്

ജോസഫ് എം.എൽ.എ.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾക്കുള്ള ബഹു. ഓംബുഡ്സ്മാന്റെ 11-07-2023-ലെ 424/23 നമ്പർ ഉത്തരവുപ്രകാരം T.C.8/3425/3 എന്ന നമ്പറിൽ പരാതിക്കാരിയായ മാലു എൽ. മധുവിന് KWA, KSEB, Gas Agency, Aadhar, Passport, Ration Card, Insurance എന്നീ സ്ഥാപനങ്ങളിൽ നൽകുന്നതിനായി ഓണർഷിപ്പ് സർട്ടിഫിക്കറ്റുകൾ നൽകാൻ ഉത്തരവായിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പരാതിയിലെ ടി.സി. 8/3425 എന്ന വീട് യഥാർത്ഥത്തിൽ അസ്സെസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ആരുടേതാണ്; ഈ വീടിന്റെ ഓണർഷിപ്പ് മാറിയിട്ടുണ്ടോ; എങ്കിൽ എന്നാണ് മാറിയത്; ഈ വീട് റിനവേറ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാലപ്പഴക്കം എത്രയാണ്; പ്രസ്തുത വീടിന്റെ അസ്സെസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വിവരണം ലഭ്യമാക്കാമോ?

ഓൺലൈൻ രേഖകൾ പ്രകാരം 8/3425 എന്ന കെട്ടിടം ശ്യാമള എന്ന വ്യക്തിയുടെ പേരിലാണ്. പഞ്ചായത്ത് രജിസ്റ്റർ കാലപ്പഴക്കം കൊണ്ട്

ജീർണ്ണിച്ചതിനാൽ അസ്സെസ്സ്മെന്റ് വിവരങ്ങൾ ലഭ്യമല്ലാത്തതാണ്. ഓൺലൈൻ രേഖകൾ പ്രകാരം 8/3425 എന്ന കെട്ടിടത്തിന് 25 വർഷത്തിലധികം കാലപ്പഴക്കമുണ്ട്.

(സി) 2019 മുതൽ ടി.സി. 8/3425(2) നമ്പർ പ്രകാരം പുതിയ വീട് നിർമ്മിച്ച് 2022 വരെയുള്ള കരം ഒടുക്കിക്കൊണ്ടിരിക്കുകയും കെ.ഡബ്ല്യൂ.എ., കെ.എസ്.ഇ.ബി. കണക്ഷൻ ലഭിക്കുന്നതിനായി ടി സ്ഥാപനങ്ങൾക്ക് ഓണർഷിപ്പ് രേഖ നൽകുകയും ചെയ്ത വീടിന്റെ നമ്പറിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഈ നമ്പർ മറ്റൊരാൾക്ക് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

8/3425(2) എന്ന നമ്പർ കെട്ടിടത്തിന്റെ നമ്പറിൽ മാറ്റം വരുത്തിയിട്ടില്ല. 8/3425(2) എന്ന നമ്പർ ശ്രീമതി ശ്യാമളയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് നൽകിയിട്ടുള്ളതാണ്. ഈ നമ്പർ മറ്റൊരാൾക്കും അനുവദിച്ചിട്ടില്ല.

(ഡി) പ്രസ്തുത പരാതിയിലെ വീട്ടുനമ്പർ മറ്റൊരാൾക്ക് നൽകിയത് എന്നാണ്; കമ്പ്യൂട്ടറിൽ എന്നാണ് മാറ്റം വരുത്തിയത്; ഈ കാലയളവിലെ

റവന്യൂ ഇൻസ്പെക്ടർ ആരാണ്; മാല്യ എൽ. മധുവിന് നമ്പർ അനുവദിച്ച് അസ്സെസ്സ്മെന്റ് രജിസ്റ്ററിലും കമ്പ്യൂട്ടറിലും രേഖപ്പെടുത്തൽ നടത്തിയ തീയതി വ്യക്തമാക്കാമോ; ഈ നമ്പർ ആദ്യം അനുവദിച്ചത് ആർക്കാണെന്ന് അറിയിക്കാമോ?

8/3425(2) എന്ന നമ്പർ 21-05-2020-ൽ ശ്രീമതി ശ്യാമളയ്ക്കും, 8/3425(3) എന്ന നമ്പർ പരാതിക്കാരിയായ മാല്യ എൽ. മധുവിന് 25-06-2020-നും നൽകിയിട്ടുള്ളതാണ്. മറ്റ് വിവരങ്ങൾ ലഭ്യമല്ല. കെട്ടിടനമ്പർ ആദ്യം അനുവദിച്ചത് ശ്രീമതി ശ്യാമളയ്ക്കാണ്. ടി കാലയളവിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ. സുനിൽ എം. എസ്. ആണ്.

(ഇ) മാല്യ എൽ. മധുവിന് വീട്ട് നമ്പർ ലഭിച്ച ഒറ്റ നില വീടിന് രണ്ട് നമ്പർ അനുവദിച്ചിട്ടുണ്ടോ; ആദ്യം അനുവദിച്ച നമ്പർ അഡ്രസ് പ്രൂഫ് ആയി രേഖകളിൽ എല്ലാം ഉപയോഗിച്ച ടിയാൾക്ക് തുടർന്നും ആ നമ്പർ തന്നെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നഗരസഭ അസ്സെസ്സ്മെന്റ് രജിസ്റ്ററിൽ ടി.സി. 8/3425, ടി.സി. 8/3425(1), ടി.സി. 8/3425(2) ഭാഗങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മാലു എൽ. മധുവിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് രണ്ടുനമ്പർ അനുവദിച്ചിട്ടില്ല. മാന്വലായി അനുവദിച്ച നമ്പർ (8/3425(2)) ടിയാൾക്ക് തുടർന്ന് നൽകാൻ കഴിയില്ല. ടി നമ്പർ കമ്പ്യൂട്ടർ രേഖകൾ പ്രകാരം മറ്റൊരാളുടേതാണ്. T.C.8/3425, T.C.8/3425(1) എന്നീ കെട്ടിടങ്ങൾ പഞ്ചായത്തിന്റെ കാലയളവിലുള്ളതും, അസ്സെസ്സ്മെന്റ് വിവരങ്ങൾ കാലപ്പഴക്കംകൊണ്ട് ജീർണ്ണിച്ചതിനാൽ ലഭ്യമല്ലാത്തതുമാണ്. ഓൺലൈൻ രേഖകൾ പ്രകാരം 8/3425(1) എന്ന കെട്ടിടം ശ്രീമതി രാധാസഹദേവന്റെ പേർക്കാണ്. 8/3425(2) എന്ന കെട്ടിടം ശ്രീമതി ശ്യാമളയുടെ പേരിലുമാണ്. ടി കെട്ടിടം 22-10-2021-ന് ടി ശ്യാമളയിൽനിന്ന് ജമമാറ്റം വഴി ശിവപ്രസാദിന് ലഭ്യമായിട്ടുള്ളതുമാണ്. ശ്രീമതി മാലു എൽ. മധുവിന് നമ്പർ അനുവദിക്കുന്ന വേളയിലാണ് 8/3425(2) എന്ന നമ്പർ ശ്രീമതി ശ്യാമളയ്ക്ക് നൽകിയിട്ടുള്ളതായി കണ്ടെത്തിയത്. നഗരസഭ അസ്സെസ്സ്മെന്റ് രജിസ്റ്ററിൽ ടി.സി VIII/3425(2) രേഖപ്പെടുത്തിയിരിക്കുന്നതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചങ്ങനാശ്ശേരി നഗരസഭയിലെ ഖരമാലിന്യ സംസ്കരണം

349(377) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോളിഡ്വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിലുൾപ്പെടുത്തി ചങ്ങനാശ്ശേരി നഗരസഭയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള സോളിഡ്വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിൽ ചങ്ങനാശ്ശേരി നഗരസഭയിൽ ഒന്നാം വർഷ (2022-23) പദ്ധതിയിലുൾപ്പെടുത്തി 15 പ്രോജക്ടുകളും, രണ്ടാം വർഷ (2023-24) പദ്ധതിയിലുൾപ്പെടുത്തി 7 പ്രോജക്ടുകളുമാണ് നടപ്പിലാക്കുന്നത്. പ്രോജക്ടുകളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.+

(ബി) ചങ്ങനാശ്ശേരി നഗരസഭയുടെ ഖരമാലിന്യ നിർമ്മാർജ്ജന പരിപാലന പദ്ധതിയുടെ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചങ്ങനാശ്ശേരി നഗരസഭയുടെ ഖരമാലിന്യ നിർമ്മാർജ്ജന പരിപാലന പദ്ധതിയുടെ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി 14-09-2023-ന് മുനിസിപ്പൽ ടൗൺഹാളിൽവച്ച് പ്രീ കൺസൾട്ടേഷൻ മീറ്റിംഗ് നടത്തുകയും ചർച്ചയിൽ ലഭിച്ച അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കരട് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആയത് 15-01-2024-ന് നഗരസഭ ചെയർമാൻ, ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച ചെയ്തിട്ടുള്ളതും, ഫെബ്രുവരി ആദ്യവാരം നടത്താൻ തീരുമാനിച്ചിരിക്കുന്ന പോസ്റ്റ് കൺസൾട്ടേഷനശേഷം അന്തിമമാക്കുന്നതാണ്.

(സി) നഗരസഭയിലെ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഐ.പി.ഇ. ഗ്ലോബൽ I എന്ന ടെക്നിക്കൽ സർവ്വീസ് കൺസൾട്ടൻസി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

കരട് പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. ഫെബ്രുവരി ആദ്യവാരം നടത്താൻ തീരുമാനിച്ചിരിക്കുന്ന പോസ്റ്റ് കൺസൾട്ടേഷനശേഷം ഇത് അന്തിമമാക്കുന്നതാണ്.

**അവകാശിക്ക് സർവ്വീസ് ആനുകൂല്യങ്ങൾ**

350(378) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായിരിക്കെ 2006-ൽ അന്തരിച്ച ഗോപിയുടെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഭാര്യ സുലോചന സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) അവകാശിക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) തിരുവനന്തപുരം നഗരസഭയിൽ ഫോർട്ട് സർക്കിളിലെ സാനിട്ടേഷൻ വർക്കറായിരിക്കെ 25-08-2006-ൽ മരണപ്പെട്ട വി. ഗോപിയുടെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി 18-07-2022-ലാണ് ഗോപിയുടെ അനന്തരവകാശിയായ ഭാര്യ ശ്രീമതി സുലോചന അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 24-05-1999-ലെ GO (P) No.12/1999/P&ARD ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം ആശ്രിത

നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ജീവനക്കാരൻ മരണപ്പെട്ട തീയതി മുതൽ 2 വർഷവും അവകാശി മൈനർ ആണെങ്കിൽ മേജർ ആയി 3 വർഷത്തിനകവും ആണ്. 2022-ൽ ടിയാരി അപേക്ഷ സമർപ്പിക്കുമ്പോൾ 60 വയസ്സ് കഴിഞ്ഞിട്ടുള്ളതും നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതുമാണ്. KSR Part III Rule 120 പ്രകാരം 3 വർഷത്തിനുശേഷം പെൻഷൻ അനുവദിക്കുന്ന വിഷയത്തിൽ സർക്കാർ അനുമതി ആവശ്യമായതിനാൽ സ്പഷ്ടീകരണത്തിനായി 30-09-2023-ന് നഗരസഭ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ വിഷയം സംബന്ധിച്ച് അവസാനമായി നടത്തിയിട്ടുള്ള കത്തിടപാടുകളുടെ വിവരങ്ങൾ നൽകാമോ?

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 30-09-2023-ലെ ജി.സി.3/12738/2022 നമ്പർ കത്തുപ്രകാരം അപേക്ഷ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും

ടി വിഷയത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

**കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി**

351(379) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-08-2022-ലെ 186/2022/തസ്വഭവ ഉത്തരവുപ്രകാരം അനുമതി ലഭിച്ചിട്ടുള്ള കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സർക്കാരിന്റെ 15-08-2022-ലെ G.O.(Ms)No.186/2022/LSGD. നമ്പർ ഉത്തരവുപ്രകാരം "കൊച്ചിയിലെ സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി" സമയബന്ധിതമായി നടപ്പിലാക്കുവാനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനും കൊച്ചിയുടെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ച സ്പെഷ്യൽ ഏരിയ ആക്ഷൻ പ്ലാൻ തയ്യാറാക്കി

ആരംഭിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതിയുടെ നടത്തിപ്പിന് SPV രൂപീകരണത്തിന് മുന്നോടിയായി DPR സമർപ്പിക്കുന്നതുവരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിംഗിനുമായി ഒരു General Body-യും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായും, ജില്ലാ കളക്ടർ കൺവീനറായും Project Implementation കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ രേഖപ്പെടുത്തുന്നു. 05-12-2022-ലെ G.O.(Ms)No. 266/2022/LSGD നമ്പർ സർക്കാർ ഉത്തരവുപ്രകാരം KIIFCON-നെ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. തുടർന്ന് 17-05-2023, 01-09-2023, 19-10-2023 എന്നീ തീയതികളിൽ Project Implementation കമ്മിറ്റി യോഗം ചേരുകയും ഇതുമായി ബന്ധപ്പെട്ട് KIIFCON സമർപ്പിച്ചിട്ടുള്ള Terms of Reference-ന്മേൽ ചർച്ച നടത്തുകയും, പരിഷ്കരിച്ച ToR സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി & സി) ഇല്ല.

(ഡി) വൈപ്പിൻ കരയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ തരിശുഭൂമി ഈ പദ്ധതിയിലുൾപ്പെടുത്തി ലോജിസ്റ്റിക് ആന്റ് ഇൻഡസ്ട്രിയൽ പാർക്കിനും മറ്റ് ടൂറിസം പദ്ധതികൾക്കും ഉപയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**മനസ്സോടിത്തിരിമണ്ണ് ക്യാമ്പയിനിലൂടെ ലഭിച്ച ഭൂമി**

352(380) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'മനസ്സോടിത്തിരിമണ്ണ്" ക്യാമ്പയിനിലൂടെ ഭൂരഹിത -ഭവനരഹിതർക്ക് വീട് വയ്ക്കാനായി ഇതുവരെ എത്ര ഭൂമി ലൈഫ് മിഷന് ലഭിച്ചുവെന്ന് വിശദമാക്കാമോ; ഇപ്രകാരം ലഭിച്ച ഭൂമി എത്ര പേർക്ക് നൽകാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ; പാലക്കാട് ജില്ലയിൽ ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ?

22-01-2024 വരെ 28.64 ഏക്കർ ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 15.42 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. വിവിധ ജില്ലകളിലായി രജിസ്ട്രേഷൻ പൂർത്തീകരിച്ച ഭൂമിയിൽനിന്ന് വ്യക്തിഗത ഭവന നിർമ്മാണത്തിനായി 79 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്. ഇതിനുപുറമെ 2 സ്ഥലങ്ങളിൽ (തിരുവനന്തപുരം പൂവച്ചൽ ഗ്രാമപഞ്ചായത്ത്, എറണാകുളം നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്) ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പാലക്കാട് ജില്ലയിൽ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 3.52 ഏക്കർ ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 3.22 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ആയതിൽ 11.5 സെന്റ് സ്ഥലം 3 ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

**വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ**

353 (381) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണന്ന് വ്യക്തമാക്കാമോ?

നഗരപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിനായി ലോക ബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയായ മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആറുവർഷമാണ് പദ്ധതി കാലയളവ്. അർബൻ-തദ്ദേശ സ്ഥാപനങ്ങളുടെ (ULBs) ഖരമാലിന്യ സംസ്കരണത്തിൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് ഒരു സമ്പൂർണ്ണ പരിഹാരമായി ആണ് ലോകബാങ്ക്

സഹായത്തോടെ കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ നഗരങ്ങൾക്കും അഞ്ചുവർഷത്തെ ഖരമാലിന്യ പരിപാലന പദ്ധതികൾ തയ്യാറാക്കാൻ ആവശ്യമായ സഹായവും ബഹുവർഷ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ആവശ്യമായ ഉപദേശങ്ങളും നൽകുന്നതാണ്.

കൊച്ചി നഗരസഭയിൽ BPCL-ന്റെ സഹായത്തോടെ 150 TPD CBG Plant നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചുവരികയാണ്. എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് ജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിലേയ്ക്ക് ബ്ലാക്ക് സോൾജിയർ ഫ്ലൈ ലാർവയിൽ (BSF) അധിഷ്ഠിതമായ 100 ടൺ കപ്പാസിറ്റിയുള്ള രണ്ട് കമ്പോസ്റ്റിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പെരിന്തൽമണ്ണ നഗരസഭയിൽ 'ബയോ ശക്തി ബയോ ഊർജ്ജ മോഡൽ' (Waste to Electricity) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പൗൾട്രി മാലിന്യം കൈകാര്യം ചെയ്യുന്നതിന് സ്വകാര്യ മേഖലയുടെ സഹകരണത്തോടെ റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും റിസോഴ്സ് റിക്കവറി സെന്ററുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് അജൈവ മാലിന്യ പരിപാലനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ 20904 മിനി എം.സി.എഫ്.-കളും, 1981 എം.സി.എഫ്.-കളും, 167 ആർ.ആർ.എഫ്.-കളും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം നിലവിലെ മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി നിരന്തരം അവലോകനം ചെയ്യുകയും സംസ്ഥാന വാർ റൂം പോർട്ടലിൽ ഇവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ നിരന്തരം തദ്ദേശസ്ഥാപനതലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്., ആർ.ആർ.എഫ്. എന്നിവയുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിനാൽ നിലവിൽ എം.സി.എഫ്.-കളും ആർ.ആർ.എഫ്.-കളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എം.സി.എഫ്.-കളുടെയും ആർ.ആർ.എഫ്.-കളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവയുടെ സൗകര്യം

മെച്ചപ്പെടുത്തുന്നതിനും 07-10-2023-ലെ സ.ഉ.(സാധാ)നം.1971/2023/ തസ്വഭവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫയർ സേഫ്റ്റി ഉപകരണങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും കൃത്യമായ മാലിന്യ നീക്കം ഉറപ്പാക്കണമെന്നും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും ക്യാമ്പയിൻ പ്രവർത്തനങ്ങൾ വഴിയും നിലവിൽ എം.സി.എഫ്.-കളും ആർ.ആർ.എഫ്.-കളും കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് വികേന്ദ്രീകൃത മാലിന്യ സംസ്കരണ മേഖലയിൽ ഹരിതകർമ്മ സേനകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഹരിതകർമ്മസേനയെ കൂടുതൽ സുതാര്യവും ജനകീയവുമാക്കുന്നതിനും ശുചിത്വമാലിന്യം സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഹരിതകർമ്മസേനയെ ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് വികേന്ദ്രീകൃത മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനാപ്രവർത്തകരുടെ എണ്ണം എത്രയെന്നും ഇവർക്ക് പ്രതിമാസം ശരാശരി എത്ര രൂപയുടെ വേതനം ലഭിക്കുന്നുവെന്നും ഇവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

നിലവിൽ 34660 കുടുംബശ്രീ അംഗങ്ങളാണ് ഹരിതകർമ്മസേനയിൽ പ്രവർത്തിക്കുന്നത്. ഓരോ പ്രദേശത്തെയും ഹരിതകർമ്മ സേനയുടെ പ്രവർത്തനരീതിയും വാതിൽപ്പടി ശേഖരണത്തിന്റെ തോത്, യൂസർഫീയുടെ ലഭ്യത എന്നിവയനുസരിച്ച് അവരുടെ വരുമാനം വ്യത്യാസപ്പെട്ടിരിക്കും. 07-10-2023-ലെ സ.ഉ.(സാധാ)നം.1971/2023/തസ്വഭവ. ഉത്തരവുപ്രകാരം കുറഞ്ഞത് 10,000/- രൂപ എങ്കിലും മാസവരുമാനമായി ലഭിക്കാത്ത ഹരിതകർമ്മ സേനാംഗങ്ങൾക്ക് ടി കുറവ് നികത്തുന്നതിന് തദ്ദേശസ്ഥാപനങ്ങൾ വയബിലിറ്റി ഗ്യാപ് ഫണ്ട് വകയിരുത്തുന്നതിന്

വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ**

354(382) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി നടപ്പിലാക്കുന്ന മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ 2025-ഓടെ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ 2023 ഫെബ്രുവരി-4-ന് മാലിന്യമുക്ത കേരളംപദ്ധതി ബഹുമാനപ്പെട്ടമുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റ് തീപിടുത്തം ഉണ്ടായതിനെത്തുടർന്ന് കോടതി സ്വമേധയാ കേസെടുക്കുകയും 2024 മാർച്ചിനുമുമ്പ് കേരളത്തെ മാലിന്യമുക്തമാക്കണമെന്ന് നിർദ്ദേശിക്കുകയും

ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2024 മാർച്ച് 30-ഓടെ കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ മാലിന്യമുക്തം നവകേരളം എന്ന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. സമഗ്രവും സുസ്ഥിരവുമായ ഒരു സംവിധാനം രൂപപ്പെടുത്തിയെടുക്കാനാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണം, സേവനപ്രദാന സംവിധാനവും പ്രക്രിയയും ഉറപ്പാക്കൽ, സേവന ദാതാക്കളുടെ വൈദഗ്ധ്യവും നൈപുണ്യവും വികസിപ്പിക്കൽ, ആവശ്യമായ പുതിയ നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, മാർഗ്ഗരേഖകൾ എന്നിവ വികസിപ്പിക്കൽ, ജനങ്ങളുടെ മനോഭാവവും ശീലവും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് അനുയോജ്യമാക്കൽ, മാലിന്യ സംസ്കരണ രംഗത്തെ സംരംഭ സാധ്യതകൾ പരമാവധി ഉപയോഗിക്കുക തുടങ്ങി വിപുലവും വൈവിധ്യവുമാർന്ന പ്രവർത്തനങ്ങളാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി നടത്തുന്നത്. മൂന്ന് ഘട്ടങ്ങളായാണ് ഈ ക്യാമ്പയിൻ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

(ബി) പ്രസ്തുത ക്യാമ്പയിനുമായി ബന്ധപ്പെട്ട് മാവേലിക്കര മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ മാവേലിക്കര മുനിസിപ്പാലിറ്റിയും, തഴക്കര, മാവേലിക്കര തെക്കേക്കര, ചുനക്കര, വള്ളികുന്നം, പാലമേൽ, നൂറനാട്, താമരക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളുമാണുള്ളത്. 100 ശതമാനം വാതിൽപ്പടി ശേഖരണം ഉറപ്പാക്കുന്നതിന് ക്യാമ്പയിൻ പ്രവർത്തനങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്ന പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുക, സ്നേഹാരാമ നിർമ്മാണം/പരിപാലനം, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യസംസ്കരണ ഉപാധികൾ സ്ഥാപിക്കുക, ഹരിതകർമ്മസേനയുടെ ബ്രാൻഡിംഗ് നടത്തുന്നതിനാവശ്യമായ പരിശീലനം നൽകി വരുമാനദായകരമായ

അനുബന്ധ പ്രവർത്തനങ്ങൾ നടത്തുക, ഹരിതമിത്രം ആപ്പ് ഉപയോഗം 100 ശതമാനമാക്കുക, സർക്കാർ സ്ഥാപനങ്ങളെ ഗ്രേഡിംഗിന് വിധേയമാക്കുക.

**ലൈഫ് ഭവന പദ്ധതി**

355(383) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ലൈഫ് ഭവന പദ്ധതിപ്രകാരം എത്രപേർക്ക് വീട് വച്ച് നൽകിയിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ?

ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി മുൻസർക്കാരിന്റെ കാലം മുതൽ 22-01-2024 വരെ 4,91,621 കുടുംബങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 3,71,934 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച ഭവനങ്ങളുടെയും പൂർത്തീകരിച്ച ഭവനങ്ങളുടെയും ജില്ലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | അനുവദിച്ച വീടുകളുടെ | പൂർത്തീകരിച്ച |
|---|---|---|

| | എണ്ണം | വീടുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 62942 | 48498 |
| കൊല്ലം | 41278 | 32238 |
| പത്തനംതിട്ട | 15473 | 10292 |
| ആലപ്പുഴ | 33840 | 26931 |
| കോട്ടയം | 19264 | 14269 |
| ഇടുക്കി | 27657 | 22097 |
| എറണാകുളം | 38203 | 27423 |
| തൃശ്ശൂർ | 31643 | 26239 |
| പാലക്കാട് | 54576 | 41435 |
| മലപ്പുറം | 60777 | 41248 |
| കോഴിക്കോട് | 35400 | 26132 |
| വയനാട് | 28855 | 24042 |
| കണ്ണൂർ | 22409 | 16838 |
| കാസർഗോഡ് | 19304 | 14252 |
| ആകെ | 491621 | 371934 |

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

ലൈഫ് ഭവനപദ്ധതിയിൽ 2017-18 വർഷം മുതൽ 24-01-2024 വരെ ആകെ 17104.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

| നം. | ഇനം | തുക(കോടിയിൽ) |
|---|---|---|
| 1 | സംസ്ഥാന വിഹിതം | 5087.77 |

| | | |
|---|---|---|
| 2 | ഹഡ്കോ ലോൺ | 4445.38 |
| 3 | ബാങ്ക് ലോൺ | 425.00 |
| 4 | ഗ്രാമ നഗര പിഎം.എ.വൈ സ്കീമിന് വേണ്ടിയുള്ള കേന്ദ്ര വിഹിതം | 2081.69 |
| 5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം | 5065.03 |
| | ആകെ | 17,104.87 |

**കിലയിലെ ഡയറക്ടർ ജനറലിന്റെ നിയമനം**

356(384) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയുടെ നിയമാവലി പ്രകാരം ഡയറക്ടർ ജനറലിന്റെ ഉയർന്ന പ്രായപരിധി എത്രയെന്ന് അറിയിക്കുമോ?

60 വയസ്

(ബി) നിലവിലുള്ള ഡയറക്ടർ ജനറലിന്റെ പ്രായം എത്രയാണെന്നും പ്രായപരിധി പിന്നിട്ടുവെങ്കിൽ പദവിയിൽ തുടരുന്നത് ഏത് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണെന്നും വിശദമാക്കുമോ?

നിലവിലെ കില ഡയറക്ടർ ജനറലായ ഡോ. ജോയ് ഇളമൺ-ന് 04-07-2023-ന് 60 വയസ്സ് പൂർത്തിയായിട്ടുണ്ട്. കില ഡയറക്ടർ ജനറലിന്റെ

നിയമനാധികാരി സർക്കാരാണ്. പുതിയ ഒരാളെ കണ്ടെത്തി നിയമിക്കുന്നതുവരെ നിലവിലുള്ള ഡയറക്ടർ ജനറൽ സ്ഥാനത്ത് തുടരുവാൻ ഡോ. ജോയ് ഇളമണിനെ 15-05-2023-ലെ സ.ഉ.(സാധാ)നം.1045/2023/ തസ്വഭവ. ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്.

(സി) പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; നാളിതുവരെ സ്വീകരിച്ച നടപടികൾ രേഖകൾ സഹിതം വെളിപ്പെടുത്തുമോ?

പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ കൈക്കൊണ്ടുവരുന്നു.

**എക്സൈസ് വകുപ്പിലെ വാഹനങ്ങൾ**

357 (385) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അബ്കാരി മയക്കുമരുന്ന് കേസുകളുൾപ്പെടെ കണ്ടെത്തുന്നതിനും, വിമുക്തിയുൾപ്പെടെയുള്ള സർക്കാർ പദ്ധതികളും മറ്റും ഫലപ്രദമായി നടപ്പിലാക്കുന്നതിനും, ദൈനംദിന ആവശ്യങ്ങൾക്കും

എക്സൈസ് റേഞ്ച് ഓഫീസുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പലതും പഴകിയതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തനത് സാമ്പത്തിക വർഷം 33 വാഹനങ്ങളാണ് 15 വർഷക്കാലാവധി പൂർത്തിയാക്കിയിട്ടുള്ളത്. ആയവ മാറ്റി പുതിയവ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) എക്സൈസ് റെയിഞ്ച് ഓഫീസുകളിൽ ഉപയോഗിക്കുന്ന പഴയ വാഹനങ്ങൾ മാറ്റി പുതിയവ നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നടപടി സ്വീകരിച്ചുവരികയാണ്. ഈ സർക്കാരിന്റെ കാലത്ത് മുൻസാമ്പത്തിക വർഷങ്ങളിൽ 3 കോടി രൂപ ചെലവഴിച്ച് 33 മഹീന്ദ്ര ബൊലേറോ നിയോ വാഹനങ്ങൾ വാങ്ങി വകുപ്പിലെ കാലപ്പഴക്കമുള്ള വാഹനങ്ങൾക്ക് പകരമായി വിവിധ ഫീൽഡ് ഓഫീസുകൾക്ക് നൽകിയിട്ടുള്ളതാണ്. തനത് സാമ്പത്തിക വർഷം 15 വർഷക്കാലാവധി പൂർത്തീകരിച്ച എക്സൈസ് വകുപ്പിലെ 33 വാഹനങ്ങൾ മാറ്റി പുതിയവ

വാങ്ങുന്നതിന് 2,99,99,892/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ 33 പുതിയ മഹീന്ദ്ര ബൊലേറോ വാഹനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

(സി) 2025 ജനുവരിയിൽ 15 വർഷം കാലാവധി പൂർത്തിയാവുന്ന കൂത്തുപറമ്പ് എക്സൈസ് റേഞ്ചിലെ പഴകിയ വാഹനം മാറ്റി പുതിയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വകുപ്പിലേയ്ക്ക് വാങ്ങുന്ന പുതിയ വാഹനങ്ങളിൽനിന്നും മുൻഗണനാടിസ്ഥാനത്തിൽ, 2025 ജനുവരിയിൽ 15 വർഷം കാലാവധി പൂർത്തിയാവുന്ന കൂത്തുപറമ്പ് എക്സൈസ് റേഞ്ച് ഓഫീസിലെ വാഹനത്തിനുപകരം പുതിയ വാഹനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ചികിത്സാ സംവിധാനം**

358(386) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ചികിത്സാ സംവിധാനം ഒരുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ചികിത്സാ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി വിമുക്തിമിഷന്റെയും, ആരോഗ്യ വകുപ്പിന്റെയും സംയുക്ത നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 14 ലഹരി മോചന ചികിത്സാ കേന്ദ്രങ്ങളിലും സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് ചികിത്സയും കൗൺസിലിംഗും നൽകുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന മേഖലാ കൗൺസിലിംഗ് സെന്ററുകളിലും സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് കൗൺസിലിംഗ് നൽകിവരുന്നു.

ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി ആവശ്യമായ കിടത്തി ചികിത്സ നൽകുന്നതിന് പ്രത്യേകം വാർഡുകൾ തിരുവനന്തപുരം ജില്ലയിലും കോഴിക്കോട് ജില്ലയിലും പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ

തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായുള്ള ഒരു ലഹരി മോചന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**എക്സൈസ് ഇൻസ്പെക്ടർ ലിസ്റ്റ്**

359(387) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

കാറ്റഗറി നമ്പർ 171/2015, (Direct Recruitment) 188/2016, 171/2015, (by transfer) പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽനിന്നും 131 പേർക്ക് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നൽകിയിട്ടുണ്ട്. കാറ്റഗറി നമ്പർ 497/2019, (Direct Recruitment) 498/2019 (by transfer) പ്രകാരമുള്ള 28-12-

2023-ന് നിലവിൽവന്ന പുതിയ റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമന ശിപാർശ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും എക്സൈസ് കമ്മീഷണറുടെ ഓഫീസിൽ ഇതുവരെ ലഭ്യമായിട്ടില്ല. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും 03-03-2020 തീയതി പ്രകാരമുള്ള നിയമന ശിപാർശ ലഭിച്ചശേഷം എക്സൈസ് ഇൻസ്പെക്ടർ (trainee) തസ്തികയിലേക്ക് 20-11-2023 വരെ 78 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. ഒരു ഒഴിവ് എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ ആയി ട്രെയിനിംഗ് ചെയ്തുവരവേ പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ ആയി ട്രെയിനിംഗിന് പ്രവേശിച്ച ശ്രീ. എബിൻ സി. എൻ. എന്നയാൾ തിരികെ എക്സൈസ് വകുപ്പിൽ വരുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ മാറ്റിവച്ചിട്ടുള്ളതും, എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ട്രെയിനിംഗിന് പ്രവേശിക്കുന്നതിന് ടിയാന്റെ പുതിയ താൽപര്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതും, തുടർനടപടികൾ നടന്നുവരികയുമാണ്. KPSC-യുടെ 26-08-2023-ലെ RIA(3) 11863/2018/GW നമ്പർ പ്രകാരം 65 ഉദ്യോഗാർത്ഥികളുടെ നിയമനനിർദ്ദേശം 11-10-2023-ൽ വകുപ്പിൽ

ലഭിക്കുകയും, OP(KAT) 479/2023 കേസിലെ ബഹു. ഹൈക്കോടതിയുടെ 26-10-2023-ലെ ഉത്തരവിന് വിധേയമായി 65 ഉദ്യോഗാർത്ഥികളിൽ എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനി) (by transfer) റാങ്ക് ലിസ്റ്റിലുൾപ്പെട്ട 5 ഉദ്യോഗാർത്ഥികളെ ഒഴിവാക്കി 60 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുള്ളതിൽ 9 പേർ ട്രെയിനിംഗിന് ജോയിൻ ചെയ്യുകയും, ബാക്കി ട്രെയിനിംഗിന് ജോയിൻ ചെയ്യാത്ത 51 ഉദ്യോഗാർത്ഥികളിൽ 36 NJD ഒഴിവുകൾ 29-11-2023-നും, 14 ഒഴിവുകൾ 08-01-2024-നും NJD ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. (50 NJD ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു.) ഒരു ഒഴിവ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമന ഉത്തരവ് നൽകിയിരുന്ന ശ്രീ. റഫീക്ക് കെ., ടിയാന്റെ പിതാവിന്റെ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ടിയാന് പ്രവേശനകാലം ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച അപേക്ഷ സർക്കാർ നിരസിച്ച് ഉത്തരവായിട്ടുള്ളതും, നിശ്ചിത കാലയളവിനുള്ളിൽ (10 ദിവസങ്ങൾക്കകം) ടിയാൻ സർവ്വീസിൽ പ്രവേശിക്കാത്തപക്ഷം പ്രസ്തുത ഒഴിവ് NJD ആയി

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്നും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആകയാൽ (10 ദിവസങ്ങൾക്കകം) ശ്രീ. റഫീക്ക് കെ., സർവ്വീസിൽ പ്രവേശിക്കാത്ത പക്ഷം പ്രസ്തുത ഒഴിവ് NJD ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ 06-04-2022-ലെ in IA No.2/22 in OP (KAT)182/20 നമ്പറിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനാൽ 2023-ൽ വകുപ്പുതല പ്രമോഷൻ കമ്മിറ്റി (ലോവർ) കൂടുന്നതിന് സാധിച്ചിട്ടില്ലാത്തതാണ്. ടി വിഷയത്തിൽ സർക്കാരിൽ സ്പഷ്ടീകരണം ആരായുകയും, തുടർന്ന് സർക്കാർ താൽക്കാലിക സ്ഥാനക്കയറ്റം റഗുലറൈസ് ചെയ്യുന്നമുറയ്ക്കുമാത്രമേ എക്സൈസ് ഇൻസ്പെക്ടറുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുവെന്നും, പി.എസ്.സി. റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുന്നമുറയ്ക്ക് ടി വിഷയം പരിശോധിക്കാമെന്ന് സർക്കാർ എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതുമാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടി

തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് 28-12-2023-ൽ പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം**

360(388) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകളിലെയും കോളേജുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എല്ലാ സ്കൂളുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് രജിസ്റ്റർ നമ്പർ നൽകി അവയ്ക്ക് ഘടനാപരമായ ഒരു പൊതുസ്വഭാവം ഉറപ്പുവരുത്തുന്നതിനും ക്ലബ്ബംഗങ്ങളുടെ അച്ചടക്കം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലബ്ബുകളിൽ അംഗങ്ങളായ കുട്ടികൾ സ്കൂളുകളിൽനിന്ന് വിടുതൽ ചെയ്തുപോകുന്നമുറയ്ക്ക് ഓരോ വർഷവും

ക്ലബ്ബുകൾ പുനഃസംഘടിപ്പിച്ചുവരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നത് അതത് വിദ്യാലയത്തിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ മേൽനോട്ടത്തിലാണ്. ഓരോ സ്കൂളിലെയും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ഏകോപനവും നടത്തുന്നതിന് ബന്ധപ്പെട്ട എക്സൈസ് റേഞ്ചിലെ ഒരു എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പാക്കുന്നതിന് എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരികയാണ്. ലഹരി വിരുദ്ധ ക്ലബ്ബിൽ അംഗങ്ങളാകുന്ന കുട്ടികൾ ചെയ്യേണ്ടുന്ന പ്രവർത്തനങ്ങൾ വിപുലീകരിച്ച് അവ പാലിക്കുന്നതിന് ക്ലബ്ബുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നേതൃത്വപാടവം, ആശയവിനിമയം, സംവാദം, ക്രിയേറ്റീവ് റൈറ്റിംഗ് തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ലഹരി

വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്, ലഹരിക്കെതിരെ കായിക ലഹരി എന്ന ലക്ഷ്യത്തോടെ സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ കായിക ഇനങ്ങളിൽ "ടീം വിമുക്തി" എന്ന പേരിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. കുട്ടികളിലെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുക, അതുവഴി കുട്ടികളെ ബോധവൽക്കരണ പരിപാടികളിൽ പരമാവധി ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പരിപാടികൾ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്നു. ചെറിയ പ്രായം മുതൽക്കുതന്നെ നല്ല ശീലങ്ങൾ കുട്ടികളെ പഠിപ്പിക്കുക, ലക്ഷ്യബോധം വളർത്തുക, കലാ കായിക മത്സരങ്ങളിൽ പ്രാവീണ്യം നേടുക, ശാരീരിക ആരോഗ്യം സംരക്ഷിക്കുക, ദുഷ്പ്രവണതകളിൽനിന്നും അകലം പാലിക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളോടെ പ്രൈമറി തലത്തിൽ "ബാല്യം അമൂല്യം" എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

**കുന്നമംഗലം എക്സൈസ് റേഞ്ച് ഓഫീസ്**

361(389) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമംഗലം എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കാൻ 10 സെന്റ് സ്ഥലം റവന്യൂ വകുപ്പ് വിട്ടുനൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ഥലം വിട്ടുനൽകിക്കൊണ്ടുള്ള ഉത്തരവ് ലഭിച്ചത് എന്നാണെന്ന വെളിപ്പെടുത്താമോ?

ഉണ്ട്. കോഴിക്കോട് ജില്ലാ കളക്ടറുടെ 02-08-2018-ലെ DCKKD/14094/17/L1 നമ്പർ ഉത്തരവുപ്രകാരമാണ് ഭൂമി വിട്ടുനൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഒരു ഓഫീസിന് അധിക ധനാനുമതി നൽകി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകാൻ

കഴിയാത്തതിനാലാണ് പ്രസ്തുത പ്രൊപ്പോസലിന് അനുമതി നൽകാതിരുന്നത്.

**സംസ്ഥാനത്ത് നിലവിലുള്ള ബാറുകൾ**

362(390) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നുവെന്നും പ്രസ്തുത സർക്കാരിന്റെ കാലാവധി പൂർത്തിയായപ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നുവെന്നതിന്റെയും കണക്ക് ലഭ്യമാക്കാമോ?

2016-ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 29 ബാർഹോട്ടലുകളും 813 ബിയർ/വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു. ബിയർ/വൈൻ പാർലറുകളായി മാറ്റിയ ബാർഹോട്ടലുകളിൽ 3 സ്റ്റാറോ അതിനുമുകളിലോ ക്ലാസിഫിക്കേഷൻ നേടിയ 442 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി പോളിസിയിലെ വ്യവസ്ഥകൾക്ക് വിധേയമായി മുമ്പുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതാണ്. കഴിഞ്ഞ

സർക്കാരിന്റെ കാലയളവിൽ 200 ലൈസൻസുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാരിന്റെ കാലാവധി പൂർത്തിയായപ്പോൾ സംസ്ഥാനത്ത് 671 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചിരുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ബാറുകൾ പ്രവർത്തിക്കുന്നുവെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ബാറുകളാണ് അനുവദിച്ചിട്ടുള്ളത് എന്നതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശം നൽകുമോ?

സംസ്ഥാനത്ത് നിലവിൽ 801 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 97 ബാർ ലൈസൻസുകൾ പുതിയതായി അനുവദിച്ചിട്ടുള്ളതും, 3 സ്റ്റാറോ അതിനുമുകളിലോ ക്ലാസിഫിക്കേഷൻ നേടിയ 33 ബിയർ & വൈൻ പാർലറുകൾക്ക് മുമ്പുണ്ടായിരുന്ന ബാർലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതുമാണ്. പുതുതായി അനുവദിച്ചിട്ടുള്ള 97 ബാർ ലൈസൻസുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മണലൂർ മണ്ഡലത്തിലെ എക്സൈസ് ഓഫീസുകൾ**

363(391) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി എക്സൈസ് സർക്കിൾ ഓഫീസ്, ഗുരുവായൂർ റേഞ്ച് ഓഫീസ്, ചൂണ്ടലിലെ കുന്നംകുളം റേഞ്ച് ഓഫീസ് എന്നീ സ്ഥാപനങ്ങൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത കെട്ടിടങ്ങൾ ഒഴിഞ്ഞ് കൊടുക്കുന്നതിനായി കെട്ടിട ഉടമകൾ ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥരോട് ആവശ്യപ്പെടുകയുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഗുരുവായൂരിൽ സ്ഥിതി ചെയ്യുന്ന ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഇരിങ്ങപ്രം വില്ലേജിലെ സർവ്വെ നമ്പർ

95.10-ലുൾപ്പെട്ട 0.0592 ഹെക്ടർ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു. കുന്നംകുളം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കുന്നമുറയ്ക്ക് കുന്നംകുളം എക്സൈസ് റേഞ്ച് ഓഫീസിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും, വാടാനപ്പിള്ളി സർക്കിൾ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**പുതിയ ബിവറേജസ് ഔട്ട് ലെറ്റുകൾ**

364(392) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബിവറേജസ് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 278-ഉം കൺസ്യൂമർഫെഡിന്റെ 42-ഉം ഉൾപ്പെടെ ആകെ 320 ബിവറേജസ് ഔട്ട്ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചുവടെ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് പുതിയ ബിവറേജസ് ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇടുക്കി ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉണ്ട്. ഇടുക്കി ജില്ലയിൽ അനുവദിച്ചിട്ടുള്ള പുതിയ ബിവറേജസ് ഔട്ട് ലെറ്റുകളുടെ സ്ഥലം സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു. ഇടുക്കി ജില്ലയിലെ ടി സ്ഥലങ്ങളിൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**എക്സൈസ് വകുപ്പിലെ നിയമനങ്ങൾ**

365 (393) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ എത്ര പേരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സൈസ് വകുപ്പിൽ നിലവിൽ മിനിസ്റ്റീരിയൽ വിഭാഗം ഇല്ലാത്തതാണ്. കൂടാതെ മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുന്നതിന് സർക്കാർ ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 17-10-2023-ലെ സ.ഉ(സാധാ)നം.728/2023/Taxes നമ്പർ ഉത്തരവുപ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ഓഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ എക്സൈസ് വകുപ്പിൽ നിയമനം നടത്തിവരുന്നു. പ്രസ്തുത തസ്തികകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. (ഓഫീസ് അറ്റൻഡന്റ്-12, ടൈപ്പിസ്റ്റ്-3)

(ബി) ക്ലാസ് IV ജീവനക്കാരിൽനിന്നും തസ്തികമാറ്റം മുഖേന എത്ര പേർക്കാണ് സ്ഥാനക്കയറ്റം നൽകിയതെന്നും അവരുടെ പേര്, തസ്തിക എന്നിവ തരം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

കൊല്ലം എക്സൈസ് ഡിവിഷൻ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ആശ കെ. പി.-ക്ക് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എക്സൈസ് വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ട്, പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

**അമരവിള എക്സൈസ് കോംപ്ലക്സ് നിർമ്മാണം**

366(394) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അമരവിളയിൽ എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനായി നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി സ്ഥലം പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗത്തിന് എപ്പോൾ കൈമാറാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) അമരവിള എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ചുമാറ്റി, ടി കെട്ടിട അവശിഷ്ടങ്ങളുടെ വിലനിർണ്ണയം നടത്തി പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ടി കെട്ടിട അവശിഷ്ടങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം ലേലം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ലേലനടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് സ്ഥലം പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗത്തിന് കൈമാറുന്നതാണ്.

**എക്സൈസ് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്താൻ നടപടി**

367(395) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കർണ്ണാടക അതിർത്തികളിൽനിന്നും വ്യാപകമായ തോതിൽ മദ്യവും മയക്കമരുന്നും സംസ്ഥാനത്തേയ്ക്ക് വരുന്നത് തടയുന്നതിന് എക്സൈസ് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ശക്തമായ പരിശോധനാസംവിധാനം ഏർപ്പെടുത്താൻ നടപടികളുണ്ടാകുമോ; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കർണ്ണാടക അതിർത്തിയിൽ മേജർ ചെക്ക്പോസ്റ്റായ മഞ്ചേശ്വരം, മൈനർ ചെക്ക്പോസ്റ്റുകളായ ആദൂർ, പെർള എന്നീ മൂന്ന് ചെക്ക്പോസ്റ്റുകളാണ് നിലവിലുള്ളത്. ജീവനക്കാരുടെ ലാവണം ഇല്ലാത്ത ചെക്ക്പോസ്റ്റുകളിൽ മറ്റ് എൻഫോഴ്സ്മെന്റ് ഓഫിസുകളിൽനിന്നും ജീവനക്കാരെ താൽക്കാലികമായി നിയമിച്ച് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. അതിർത്തി റോഡുകളിൽ കൂടിയുള്ള മദ്യം-മയക്കമരുന്ന് കടത്ത് തടയുന്നതിനായി വിവിധ എൻഫോഴ്സ്മെന്റ് ഓഫീസുകളായ റേഞ്ച്, സർക്കിൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, ഇന്റലിജൻസ് യൂണിറ്റ്, ഹൈവേ പട്രോളിംഗ് ടീം, സ്ട്രൈക്കിംഗ് ഫോഴ്സ്

ടീമുകൾ, സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ പ്രത്യേക പരിശോധനയ്ക്കായി രൂപീകരിച്ച കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) എൻഫോഴ്സ്മെന്റ് യൂണിറ്റ് എന്നിവ 24 മണിക്കൂറും പരിശോധനകൾ നടത്തി ലഹരി കടത്ത് തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ബിവറേജസ് കോർപ്പറേഷന്റെ വരുമാനം**

368(396) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-നെ അപേക്ഷിച്ച് 2023-24-ൽ ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

കുറവ് വന്നിട്ടില്ല.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തും കോസ്റ്റൽ ടൂറിസം മേഖലകളിലും മയക്കുമരുന്ന് വ്യാപനം തടയുന്നതിനുവേണ്ടി പരിശോധന

ശക്തമാക്കുന്നതുൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് മഫ്ടി നിരീക്ഷണവും ബൈക്ക് പട്രോളിംഗും ശക്തമാക്കിയിട്ടുണ്ട്. സ്കൂളുകളിലും കോളേജുകളിലും രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകൾ, NSS, PTA, SMC എന്നിവയുമായി ചേർന്ന് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. തീരദേശ മേഖലകളിൽ തീരദേശ പോലീസുമായി ചേർന്ന് കടലിലും തീരപ്രദേശങ്ങളിലും സംയുക്ത പരിശോധനകളും കൂടാതെ തീരപ്രദേശങ്ങളിൽ രൂപീകരിച്ചിട്ടുള്ള തീരദേശ ജാഗ്രത സമിതികളുമായി ചേർന്ന് ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവരിൽനിന്നും ലഹരി കടത്തുമായി ബന്ധപ്പെട്ട വിവരശേഖരണവും പരിശോധനകളും കാര്യക്ഷമമായി നടത്തിവരുന്നു.

* * * * * * * * *

(1, 8, 9, 11, 15, 16, 21, 22, 24, 25, 27, 31, 65, 89, 99, 114, 115, 116, 118, 120, 123, 142, 167, 168, 169, 186, 244, 375 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭാ വെബ്സൈറ്റിൽ ലഭ്യമല്ല)

## (2) തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 08-08-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 332-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി

### ഇ-പോസ് മെഷീൻ

(332) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-പോസ് മെഷീൻ സ്ഥാപിച്ചത് ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ?

Linkwell Telesystems Pvt. Ltd

(ബി) പ്രസ്തുത സ്ഥാപനത്തിന് ടെണ്ടർ നടപടികളിലൂടെയാണോ കരാർ നൽകിയത്; വ്യക്തമാക്കാമോ?

അതെ. സർക്കാരിന്റെ ഇ-ടെണ്ടർ സൈറ്റ് മുഖേന ടെണ്ടർ ക്ഷണിച്ചാണ് കരാർ നൽകിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് ഇ-പോസ് മെഷീൻ സ്ഥാപിച്ചതിന്റെ കരാർ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) ഇ-പോസ് മെഷീൻ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളിലാണ് സംസ്ഥാന സർക്കാർ ടെണ്ടർ വിളിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

Supply ARD automation, transformation and Deployment of epos devices in Kerala എന്നീ പ്രവൃത്തികളിലാണ് ടെണ്ടർ വിളിച്ചത്.

(ഇ) ഈ ടെണ്ടറുകളിൽ ഏതൊക്കെ സ്ഥാപനങ്ങൾ പങ്കെടുത്തുവെന്നും ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുക എത്രയായിരുന്നു എന്നും വ്യക്തമാക്കാമോ?

1. Karvy Data Management Services Ltd, Hyderabad-500034.

2. ITI Ltd, Kanjikode, Palakkad- 678623.

3. Oasys Cybernetics Pvt. Ltd, Greams Road, Chennai – 600006.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. M/s Linkwell Tele systems Pvt. Ltd, Hyderabad

5. Integra Micro Systems Pvt. Ltd, Bellary Road, Karnataka

എന്നീ കമ്പനികൾ ടെണ്ടറിൽ പങ്കെടുക്കുകയും ടെക്നിക്കലി ക്വാളിഫൈഡ് അല്ലാത്ത Oasys Cybernetics, Integra Micro Systems എന്നിവയെ തുടർനടപടികളിൽനിന്ന് ഒഴിവാക്കുകയും ചെയ്തതിനുശേഷം ബാക്കിയുള്ള 3 കമ്പനികൾ ക്വാട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു.

| No | Bidder Name | Amount |
|---|---|---|
| 1 | M/s Linkwell Tele systems Pvt. Ltd., Hyderabad | 51,16,78,000.00 |
| 2 | Karvy Data Management Services Ltd Hyderabad | 105,30,26,179.00 |
| 3 | ITI Ltd, Kanjikode, Palakkad | 133,93,95,906.00 |

(എഫ്) ഇ-പോസ് മെഷീൻ സ്ഥാപിച്ചതുമായും അവയുടെ പ്രവർത്തനവുമായും ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്ഥാപനമായ

എൻ.ഐ.സി. എന്തൊക്കെ ജോലികളാണ് ചെയ്യുന്നതെന്നും സംസ്ഥാന സർക്കാർ എന്തൊക്കെ ജോലികളാണ് ചെയ്യുന്നതെന്നും വിശദമാക്കാമോ?

ഇ-പോസ് വഴിയുള്ള ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻ വിതരണം സാധ്യമാക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ഐ.സി. വികസിപ്പിച്ചെടുത്ത AePDS, SCMS എന്നീ സോഫ്റ്റ്‌വെയർ മുഖേനയാണ്. ടി സോഫ്റ്റ്‌വെയറിലൂടെ റേഷൻകട വഴിയുള്ള റേഷൻ സാധനങ്ങളുടെ അലോട്ട്മെന്റും വിതരണവും തത്സമയം മനസ്സിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാധിക്കുന്നു. ടി സോഫ്റ്റ്‌വെയറിൽ ഏതെങ്കിലും തരത്തിലുള്ള പരിഷ്കരണം ആവശ്യമാണെന്ന് വകുപ്പ് നിർദ്ദേശിക്കുന്ന പക്ഷം ആവശ്യമായ മാറ്റങ്ങൾ സോഫ്റ്റ്‌വെയറിൽ നടപ്പാക്കുന്നതും എൻ.ഐ.സി. ആണ്. ഇ-പോസ് മെഷീൻ വഴി റേഷൻ വിതരണം കൃത്യമായും തടസ്സരഹിതമായും നടപ്പിലാകുന്നുണ്ടോയെന്ന് സംസ്ഥാന പൊതുവിതരണ വകുപ്പ് നിരീക്ഷിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നു. ബയോമെട്രിക് സംവിധാനത്തിൽ എന്തെങ്കിലും തകരാർ കണ്ടെത്തുന്ന പക്ഷം വകുപ്പിലെ ഐ.ടി. സെൽ ഉദ്യോഗസ്ഥരും ഇ-പോസ്

മെഷീന്റെ പ്രവർത്തനത്തിന് സാങ്കേതിക സഹായം നൽകുന്ന എൻ.ഐ.സി.യുമായി കൂടിയാലോചന നടത്തി തകരാർ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ ത്വരതിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി. നന്ദകുമാർ, എം.എൽ.എ. അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് ആരോഗ്യ – വനിത - ശിശുവികസന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി

പൊതുജനാരോഗ്യ മേഖലയിൽ രാജ്യത്തിൽ തന്നെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മെഡിക്കൽ കോളേജുകളും വരെ ഉൾപ്പെടുന്ന വിപുലമായ ചികിത്സാ ശൃംഖല കേരളത്തിലെ സർക്കാർ മേഖലയിൽ തന്നെ ലഭ്യമാണ്. പൊതുജനങ്ങൾക്ക് വളരെ കുറഞ്ഞ ചെലവിൽ വളരെ മികച്ച ആരോഗ്യ പരിപാലനം ഉറപ്പാക്കുവാൻ ഇതുവഴി കഴിയുന്നുണ്ട്.

ആരോഗ്യ രംഗത്ത് മെഡിക്കൽ കോളേജുകൾ നൽകുന്ന സംഭാവനകൾ വളരെ വലുതാണ്. നിലവിൽ കേരളത്തിലെ ഓരോ ജില്ലയിലും ഓരോ മെഡിക്കൽ കോളേജ് എന്ന രീതിയിൽ 14 സർക്കാർ മെഡിക്കൽ

കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്ത് മികച്ച സംഭാവനകൾ മെഡിക്കൽ കോളേജുകളുടെ ഭാഗത്ത് നിന്നുമുണ്ടാകുന്നുണ്ട്. സർക്കാർ തലത്തിലുള്ള കൃത്യമായ ഇടപെടലുകളും കൃത്യമായ ആസൂത്രണത്തോടെയുള്ള പദ്ധതികളും കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ പുരോഗതിയിൽ വളരെ വലിയ പങ്കുവഹിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാനസൗകര്യ രംഗത്ത് വളരെ വലിയ മാറ്റങ്ങൾ കൊണ്ടുവരാനും പല പദ്ധതികൾക്കും ആരംഭം കുറിക്കുവാനും പദ്ധതികൾ പൂർത്തീകരിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ കുറച്ച് വർഷങ്ങളിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാനസൗകര്യ മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ ചുരുക്കത്തിൽ ചുവടെ ചേർക്കുന്നു.

- ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 2022-23 വർഷം ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിന് നാഷണൽ

മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കി കോളേജുകൾ ആരംഭിച്ചു.

- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മഞ്ചേരി, കൊല്ലം മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ച് 2022-ലും പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ 2023-ലും പുതിയ നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. കൂടാതെ തിരുവനന്തപുരം സർക്കാർ നേഴ്സിംഗ് കോളേജിനോടനുബന്ധിച്ച് 100 വിദ്യാർത്ഥികളുൾപ്പെടുന്ന ഒരു അധിക ബാച്ചും ആരംഭിച്ചു. ഇത്തരത്തിൽ കഴിഞ്ഞ രണ്ടുവർഷം കൊണ്ട് 612 ബി.എസ്‌സി. നേഴ്സിംഗ് സീറ്റുകളാണ് സർക്കാർ മേഖലയിൽ ആരംഭിച്ചത്. പ്രസ്തുത നേഴ്സിംഗ് കോളേജുകളുടെ പ്രവർത്തനത്തിനായി 79 അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു. അതോടൊപ്പം ആരോഗ്യ വകുപ്പിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സിമെറ്റ്-ന്റെ കീഴിൽ 60 സീറ്റ് വീതമുള്ള

7 നേഴ്സിംഗ് കോളേജുകൾ (നെയ്യാറ്റിൻകര, വർക്കല, കോന്നി, നൂറനാട്, താനൂർ, ധർമ്മടം, തളിപ്പറമ്പ്) 2023-ൽ ആരംഭിച്ചിട്ടുണ്ട്.

- മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിജയകരമായതിനെത്തുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ഗവ. മെഡിക്കൽ കോളേജുകളിൽകൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചു. അപകടങ്ങളാലും രോഗം ബാധിച്ചും അത്യാഹിത വിഭാഗത്തിലെത്തുന്നവർക്ക് സമയബന്ധിതമായി വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതോടൊപ്പം അക്കാദമിക് നിലവാരം ഉയർത്തുകയാണ് ലക്ഷ്യം.

- മെച്ചപ്പെട്ട ഡയാലിസിസ് ചികിത്സ നൽകുന്നതിന്റെ ഭാഗമായി 24 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ചു.

- മെഡിക്കൽ കോളേജുകളിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി അതിനൂതന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പുതിയ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി ക്രിട്ടിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്സ്, ഇന്റർവെൻഷണൽ റേഡിയോളജി, റൂമറ്റോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അദ്ധ്യാപക തസ്തിക ഉൾപ്പെടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി 270 പുതിയ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

**സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം**

നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് പ്രകാരം ആശുപത്രിയിലെ പ്രസവ മുറിയിലും ഓപ്പറേഷൻ തീയേറ്ററിലും നാഷണൽ

സ്റ്റാൻഡേർഡ് ലെവലിലുള്ള ക്വാളിറ്റി ഉറപ്പാക്കുന്ന 'ലക്ഷ്യ' പദ്ധതിയുടെ അംഗീകാരം എസ്.എ.ടി. ആശുപത്രിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലബോറട്ടറി നിർമ്മാണം പൂർത്തികരിച്ചു. മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം 2018-ൽ പൂർത്തീകരിക്കുകയും 2019-ൽ രോഗികൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു.

കിഫ്ബിയുടെ സഹായത്തോടെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കാൻ 16-04-2018-ലെ സ.ഉ.(സാധാ) നം. 1247/2018/ആ.കു.വ. പ്രകാരം ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതിയുടെ SPV (Special Purpose Vehicle) ആയി INKEL-നെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെട്ട റോഡ് വികസനം, ഫ്ലൈ ഓവർ നിർമ്മാണം, പാലങ്ങൾ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന 58.37 കോടി രൂപയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

ഇതിന്റെ രണ്ടാം ഘട്ടത്തിൽ രോഗീ പരിചരണത്തിന്റെയും അക്കാദമിക് സൗകര്യങ്ങളുടെയും വികസനത്തിന് ഊന്നൽ നൽകുന്നു. ആയതിൽ MLT ബ്ലോക്ക്, OT കം സർജിക്കൽ ബ്ലോക്ക്, SATH പുതിയ ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക്, മൾട്ടി ലെവൽ കാർ പാർക്കിംഗ്, ഇമേജോളജി കോംപ്ലക്സ് (MRI, CT &2DR മെഷീൻ മുതലായവ) എന്നിവ ഉൾപ്പെടുന്നു.

- അമൃതം പദ്ധതിയിലുൾപ്പെടുത്തി 5 എം.എൽ.ഡി.-യുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും 150kg/Hour-ന്റെ ഇൻസിനറേറ്ററും സ്ഥാപിച്ചു.
- ക്യാൻസർ ചികിത്സയ്ക്കായി ആധുനിക ചികിത്സാ ഉപകരണമായ ലീനിയർ ആക്സിലറേറ്റർ 18 കോടി രൂപ ചെലവിൽ സ്ഥാപിച്ചു.
- ക്യാൻസർ ചികിത്സയ്ക്കും രോഗ നിർണ്ണയത്തിനും ഉപയോഗിക്കുന്ന മറ്റൊരു ആധുനിക ഉപകരണമായ ടെലി കൊബാൾട്ട് മെഷീൻ 3.58 കോടി രൂപ ചെലവിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ സ്ഥാപിച്ചു.
- ന്യൂറോളജി വകുപ്പിൽ ആധുനിക സൗകര്യങ്ങളോടുകൂടി സ്ട്രോക്ക് ഐ.സി.യു. സ്ഥാപിച്ചു.

- മസ്തിഷ്കവുമായി ബന്ധപ്പെട്ട രോഗങ്ങളുടെ കൃത്യമായ നിർണ്ണയത്തിന് 4.04 കോടി രൂപ ചെലവിൽ സി.റ്റി. ആൻജിയോഗ്രാം ഉപകരണം പ്രവർത്തനക്ഷമമാക്കി.
- ന്യൂറോളജി വിഭാഗത്തിൽ 5.15 കോടി രൂപ ന്യൂറോളജി കാത്ത് ലാബ് സ്ഥാപിച്ചു.
- 98 ലക്ഷം രൂപ ചെലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡ് 7 നവീകരിച്ചു.
- 95 ലക്ഷം രൂപ ചെലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡ് 8 നവീകരിച്ചു.
- 8 കിടക്കകളോടുകൂടിയ ബേൺസ് ഐ.സി.യു. സജ്ജമാക്കി. ബേൺസ് ഒ.റ്റി. സജ്ജമാക്കി.
- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ SPECT സ്കാനർ സ്ഥാപിച്ചു.
- ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിലെ റേഡിയോ ഐസോടോപ്പ് ചികിത്സയുമായി ബന്ധപ്പെട്ടുള്ള മരാമത്ത് പണികൾ

തുടങ്ങിയിട്ടുണ്ട്. ആറ് മാസത്തിനുള്ളിൽ ചികിത്സ ആരംഭിക്കുവാൻ സാധിക്കും. ഈ സൗകര്യം ഇവിടെ സജ്ജമാകുമ്പോൾ തൈറോയിഡ് ക്യാൻസറിനുള്ള റേഡിയോ അയഡിൻ കാര്യക്ഷമമായും കാലതാമസം കൂടാതെയും നൽകാൻ സാധിക്കും.

- പെറ്റ് സ്കാനർ സ്ഥാപിക്കാനുള്ള 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ ഈ സൗകര്യം ഇവിടെ സജ്ജമാകും. തുടർന്ന് ക്യാൻസറിനുള്ള എല്ലാ വിധ റേഡിയോ ഐസോടോപ്പ് ചികിത്സയും ഈ സ്ഥാപനത്തിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടപ്പാക്കി.
- 2021 സെപ്റ്റംബറിൽ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി വിഭാഗം ആരംഭിച്ചു. കുട്ടികൾക്കായി മാത്രം ഹൃദയ ശസ്ത്രക്രിയ തീയേറ്ററും കാത്ത് ലാബും പ്രവർത്തിച്ചുവരുന്നു.

ജന്മനായുള്ള ഗുരുതര ഹൃദയവൈകല്യത്തിനുള്ള ശസ്ത്രക്രിയകൾ ഹൃദ്യം പദ്ധതി വഴി സൗജന്യമായി ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ ചെയ്തുവരുന്നു.

- എസ്.എം.എ. ക്ലിനിക്ക് 2022 ഫെബ്രുവരിയിൽ ആരംഭിച്ചു. സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അസുഖംമൂലം കഷ്ടത അനുഭവിക്കുന്ന കുഞ്ഞുങ്ങളുടെ സമഗ്ര ചികിത്സ ലക്ഷ്യം വച്ച് കേരളത്തിലാദ്യമായി സർക്കാർ തലത്തിൽ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.
- 32 കിടക്കകളും 10 വെന്റിലേറ്ററുകളുമുള്ള പീഡിയാട്രിക് ചികിത്സാ വിഭാഗം വിപുലീകരിച്ച് പ്രവർത്തനമാരംഭിച്ചു.
- അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്കുവേണ്ട മികവിന്റെ കേന്ദ്രമായി രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിൽ ഒന്നും കേരളത്തിലെ ആദ്യത്തേതുമായ ആശുപത്രിയാണ് എസ്.എ.റ്റി.

- പീഡിയാട്രിക് വിഭാഗത്തിലെ കുട്ടികളുടെ ഡയബറ്റിക് ചികിത്സയ്ക്കായി മിഠായി ക്ലിനിക്ക് ആരംഭിച്ചു.
- നിയോ നാറ്റോളജി വിപുലീകരിച്ചു.
- കുട്ടികളുടെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം ആരംഭിച്ചു.
- ഗൈനക് വിഭാഗത്തിൽ സ്ത്രീ സൗഹൃദം ലക്ഷ്യമിട്ട് ആർദ്രം പദ്ധതിയുടെ കീഴിൽ ഗർഭിണികൾക്കും രോഗികൾക്കും ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ ഒ.പി. ബ്ലോക്ക് പണി കഴിപ്പിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 ഐ.സി.യു. കിടക്കകളുള്ള പ്രത്യേക ബ്ലോക്ക് സ്ഥാപിച്ചു.

**സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം**

- കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് 8.1 കോടി രൂപ ചെലവഴിച്ച് ട്രോമാ കെയർ സെന്റർ സ്ഥാപിക്കുന്നതിലേക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.

- 23.75 കോടി രൂപ ചെലവഴിച്ച് 50 കിടക്കകളുള്ള ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളാരംഭിച്ചു.
- 5 കോടി രൂപ ചെലവഴിച്ച് ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക് നിർമ്മിക്കുന്നതിലേക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.
- 2.18 കോടി രൂപ ചെലവഴിച്ച് സെൻട്രൽ ഫാർമസി സ്റ്റോറിന്റെ എക്സ്റ്റൻഷൻ ബിൽഡിംഗ് നിർമ്മിക്കുന്നതിലേക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.
- 2.25 കോടി രൂപ ചെലവഴിച്ച് ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് വിംഗ് വിത്ത് കാലിബ്രേഷൻ ലബോറട്ടറിക്കുവേണ്ടി ഒരു രണ്ട് നില കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കി.
- 8.5 കോടി രൂപ ചെലവഴിച്ച് അത്യാധുനികമായ കാത്ത് ലാബും കാർഡിയോളജി വിഭാഗത്തിന്റെ കീഴിൽ 10 കിടക്കകളുള്ള ഐ.സി.സി.യു.-വും പ്രവർത്തനക്ഷമമാക്കി.
- 1.5 കോടി രൂപ ചെലവഴിച്ച് 12 ഡയാലിസിസ് മെഷീനോടുകൂടിയ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി.

- ക്യാപ്പിറ്റൽ ഫണ്ട് ചെലവഴിച്ച് അതിനൂതനമായ എം.ആർ.ഐ. സ്കാനർ, Flueroscope, High End Ultrasound Scanner എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- കൊല്ലം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 60 സീറ്റോടുകൂടിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു.
- കൊല്ലം മെഡിക്കൽ കോളേജിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോ സർജറി, പ്ലാസ്റ്റിക് സർജറി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിനുൾപ്പെടെ 29 അദ്ധ്യാപക തസ്തികകൾ 21-12-2023-ൽ സൃഷ്ടിച്ചു.
- കൊല്ലം മെഡിക്കൽ കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിച്ചു.

**സർക്കാർ മെഡിക്കൽ കോളേജ്, കോന്നി**

- പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ സർക്കാർ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് തീരുമാനിക്കുകയും ഈ പ്രോജക്ടിന് 10-01-2013-ൽ 165.35 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം ത്വരിതഗതിയിലാക്കി

300 കിടക്കകളോടുകൂടിയ Teaching Hospital, മെഡിക്കൽ അക്കാഡമിക് ബ്ലോക്ക് എന്നിവ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു.

- 200 കിടക്കകളുള്ള ആശുപത്രിയുടേയും കോളേജിന്റെയും അനുബന്ധമായി നിർമ്മിക്കേണ്ട മറ്റ് അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, 5 നിലകളിലായി 200 കുട്ടികൾക്ക് താമസിക്കാവുന്ന ബോയ്സ് ഹോസ്റ്റലും 6 നിലകളിലായി 235 കുട്ടികൾക്ക് താമസിക്കാവുന്ന ലേഡീസ് ഹോസ്റ്റലും 4 സെക്ഷനുകളിലായി (A,B,C,D) 11 നിലകളുള്ള ക്വാർട്ടേഴ്സുകൾ, ലോൻഡ്രി, അനിമൽ ഹൗസ്, 1000 സീറ്റുകളുള്ള ഓഡിറ്റോറിയം, മോർച്ചറി, ഡീൻസ് വില്ല, പ്ലേ ഗ്രൗണ്ട് തുടങ്ങിയവ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബി മുഖേന 351.72 കോടി രൂപയുടെ ഭരണാനുമതി നൽകി ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൽ വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി.

- 01-11-2021 മുതൽ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു. കൂടാതെ അത്യാഹിത വിഭാഗത്തിൽ മൈനർ ഓപ്പറേഷൻ തിയേറ്റർ സംവിധാനം തയ്യാറാക്കി. അത്യാഹിത വിഭാഗത്തിലെ 30 കിടക്കകൾക്ക് ഓക്സിജൻ സംവിധാനം ലഭ്യമാക്കി.
- 29,49,000/- രൂപ ചെലവഴിച്ച് PSA ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കി. LIQUID OXIGEN PLANT (LMO) KMSCL മുഖാന്തരം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി. 2.89 കോടി രൂപ ചെലവിൽ മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റവും പ്ലാന്റ് റൂമും പ്രവർത്തനക്ഷമമാക്കി.
- 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സൗകര്യമൊരുക്കി. 18 ലക്ഷം രൂപ ചെലവഴിച്ച് ഹോർമോൺ അനലൈസർ, 15 ലക്ഷം രൂപ ചെലവഴിച്ച് ഓട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ സിസ്റ്റം എന്നിവ ലാബിൽ സജ്ജമാക്കിയിട്ടുണ്ട്.
- 2023 ഏപ്രിൽ 24-ന് കോന്നി മെഡിക്കൽ കോളേജ് അക്കാഡമിക് ബ്ലോക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ

ഉദ്ഘാടനം നിർവ്വഹിച്ച് പ്രവർത്തനമാരംഭിച്ചു. ടി ബ്ലോക്കിൽ അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി, ഫാർമക്കോളജി, പത്തോളജി, മൈക്രോബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഫോറൻസിക് മെഡിസിൻ എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു.

- എം.എൽ.എ. ഫണ്ടിൽ നിന്നും 25,50,000 രൂപ ചെലവഴിച്ച് കോളേജ് ബസ് ലഭ്യമാക്കി.
- 5 കോടി രൂപ മുതൽ മുടക്കി റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ ജില്ലയിൽ സർക്കാർ മേഖലയിലെ ആദ്യത്തെ 128 സ്ലൈഡ് സി റ്റി സ്കാൻ മെഷീൻ സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചു.
- എം.എൽ.എ. ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ മുടക്കി അൾട്രാസൗണ്ട് സ്കാൻ, 4 ലക്ഷം രൂപ മുടക്കി X-ray എന്നിവ പ്രവർത്തനക്ഷമമാക്കി.
- ആധുനികരീതിയിലുള്ള ലേബർ റൂം നിർമ്മിക്കുന്നതിന് 3.5 കോടി രൂപയുടെ ലക്ഷ്യ പദ്ധതിക്ക് അനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

- 140 ലക്ഷം രൂപ ഉപയോഗിച്ച് ELECTIVE OT യിൽ 3 ഓപ്പറേഷൻ തീയേറ്റർ പണി പുരോഗമിച്ചുവരുന്നു.
- PLAN FUND-ൽ 140 ലക്ഷം രൂപ ഉപയോഗിച്ച് കാഷ്വാലിറ്റിയോട് ചേർന്ന് 2 എമർജൻസി ഓപ്പറേഷൻ തീയേറ്ററുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി Plan Fund-ൽ അനുവദിച്ച 13 ലക്ഷം രൂപ ഉപയോഗിച്ച് അനസ്തേഷ്യ വർക്ക് സ്റ്റേഷൻ സ്ഥാപിച്ചു.
- 13.66 കോടി രൂപ ചെലവഴിച്ച് 6 നിലകളിലായി 240 കുട്ടികൾക്ക് താമസിക്കാവുന്ന തരത്തിൽ ഗേൾസ് ഹോസ്റ്റൽ, 12 കോടി രൂപ ചെലവഴിച്ച് ബോയ്സ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കി.
- 16,68,000/- രൂപ ഉപയോഗിച്ച് പീഡിയാട്രിക് ഐ.സി.യു. നിർമ്മാണം പൂർത്തീകരിച്ചു. 10 ഐ.സി.യു. ബെഡ്, 10 മോണിറ്റർ, 5 വെന്റിലേറ്റർ കൂടാതെ ഐ.സി.യു.-വിന് ആവശ്യമായിട്ടുള്ള മറ്റ് ഉപകരണങ്ങൾ എന്നിവ സജ്ജമാക്കി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

- സർക്കാർ ഉത്തരവ് നം.346/2023/H&FWD dated:21-12-2023 പ്രകാരം കോന്നി സർക്കാർ മെഡിക്കൽ കോളേജിന് 37 അദ്ധ്യാപക തസ്തികകളും ലേ സെക്രട്ടറിയുടെ ഒരു തസ്തികയുമുൾപ്പെടെ 38 തസ്തികകൾ അനുവദിച്ചു.

**സർക്കാർ റ്റി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ**

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- 173 കോടി രൂപ മുതൽ മുടക്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.
- ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റ് ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിച്ചു.
- പഴയ ഐ.സി.യു. കിടക്കകൾ മാറ്റിക്കൊണ്ട് പൂർണ്ണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഐ.സി.യു. കോട്ടുകൾ സ്ഥാപിച്ചു.
- മെഡിസിൻ, സർജറി കാഷ്വാലിറ്റികൾ നവീകരിച്ചു.

- 16 സ്ലൈസ് സി.ടി. സ്കാൻ സ്ഥാപിച്ചു.
- ആർദ്രം പദ്ധതിയുടെ ഭാഗമായി 1.25 കോടി മുതൽ മുടക്കി ഒ.പി. ബ്ലോക്കും വെയ്റ്റിംഗ് ഏരിയയും നിർമ്മിച്ചു.
- ലിക്വിഡ് ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിച്ചു.
- കോവിഡ് രോഗികൾക്കായി 60 കിടക്കകളുള്ള കോവിഡ് ഐ.സി.യു. കൂടാതെ കോവിഡ് പീഡിയാട്രിക് ഐ.സി.യു. എന്നിവ സ്ഥാപിച്ചു.
- ട്രൂനാറ്റ്, ആർ.ടി.പി.സി.ആർ. ടെസ്റ്റുകൾക്കായി പുതിയ ലാബും അനുബന്ധ സജ്ജീകരണങ്ങളും സ്ഥാപിച്ചു.
- കേന്ദ്രീയ രക്തശേഖരണ ഒ.പി. യൂണിറ്റ് സ്ഥാപിച്ചു.
- 30 കോടി രൂപ മുതൽ മുടക്കിൽ ഒ. & ജി. ബ്ലോക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.
- ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന ഏക മെഡിക്കൽ കോളേജായ ആലപ്പുഴയിൽ ട്രോമാകെയർ യൂണിറ്റിനായി 24.67 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

- റീജിയണൽ ക്യാൻസർ സെന്ററിനോട് കിടപിടിക്കുന്ന രീതിയിലുള്ള ഒരു ഓങ്കോളജി ബ്ലോക്കാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി 3.2 കോടി രൂപ ഇതിന്റെ ആദ്യഘട്ടമായി അനുവദിക്കുകയും ടി തുക അനുവദിച്ച് ടി ബ്ലോക്കിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.
- കോവിഡ് കാലഘട്ടത്തിൽ കോവിഡ് വാർഡുകൾ നിർമ്മിക്കുകയും എല്ലാ വാർഡുകളിലും കിടക്കകളോടൊപ്പം ഓക്സിജൻ സൗകര്യം ഒരുക്കുകയും കോവിഡ് ട്രയാജുകൾ സ്ഥാപിക്കുകയും മറ്റു അനുബന്ധ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു (മുമ്പ് 93 ഓക്സിജൻ കിടക്കകൾ മാത്രമാണ് ഉണ്ടായിരുന്നത്).
- വിവിധ വിഭാഗങ്ങളിലായി പുതിയതായി 13 പി.ജി. സീറ്റുകൾ ആരംഭിക്കുന്നതിന് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം**

- കിഫ്ബി ധനസഹായത്തോടെ 564 കോടി രൂപയുടെ ഭരണാനുമതി നൽകി പുതിയ സർജിക്കൽ ബ്ലോക്കും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കും നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ഇതിൽ സർജിക്കൽ ബ്ലോക്കിന്റെ സിവിൽ പൂർത്തിയായിട്ടുള്ളതും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലുമാണ്.
- കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നബാർഡ് സാമ്പത്തിക സഹായം അനുവദിച്ച 200 കിടക്കകളുള്ള കാർഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചു. ഇത് പൂർത്തിയാകുമ്പോൾ 200 കിടക്കകൾ, 3 ഓപ്പറേഷൻ തീയറ്ററുകൾ, ICU കോംപ്ലക്സ് എന്നിവയോടുകൂടി കാർഡിയോളജി, കാർഡിയോ തൊറാസിക് വിഭാഗങ്ങൾക്ക് വലിയ ഒരു വികസനമാണ് ഉണ്ടാവുക. ടി നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.
- 27.26 കോടി രൂപ മുതൽ മുടക്കിൽ 7 നിലകളിലായി 6224 സ്ക്വയർ ഫീറ്റിൽ നിർമ്മാണം പൂർത്തീകരിച്ച ഫാർമസി കോളേജ് കെട്ടിടം

പ്രവർത്തനമാരംഭിച്ചു. 10.6 കോടി NABARD ഫണ്ട് ഉപയോഗിച്ച് ഒന്നാംഘട്ടവും സ.ഉ. (സാധ)നം. 922/2012/ആ.വ. തീയതി 19-03-2012, 16.66 കോടി രൂപ പ്ലാൻ ഫണ്ടുപയോഗിച്ച് സ.ഉ. (സാധ നം.309/2017/ആ.കു.വ. തീയതി 04-02-2017) രണ്ടാംഘട്ട നിർമ്മാണവും പൂർത്തീകരിച്ചു.

- 2022-23 സാമ്പത്തിക വർഷം HDR Brachytherapy machine, Tele cobalt machine, 32 slice CT Scan, C Arm Mobile image intensifie system (Model A) Litto Clast Pneurhatic Ultrasonic with Suction Video bronchoscope, ECOM, Anesthesia work station Model B, Advanced fluorescent microscope, Ultrasonic Aspirator with Universal Handpiece തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ കോട്ടയം ഗവൺമെന്റ് കോളേജുകളിലെ വിവിധ വിഭാഗങ്ങൾക്കായി അനുവദിച്ചു.
- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, എയിറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ചു - 72.24 ലക്ഷം.

- 68.28 ലക്ഷം രൂപ ചെലവിൽ GICH-ൽ 15 ഓക്സിജൻ ബെഡ്, 4 എച്ച്.ഡി.യു., 2 ഐ.സി.യു. എന്നിവ സ്ഥാപിച്ചു.
- 2.30 കോടി രൂപ ചെലവിൽ മോഡുലാർ ഓപ്പറേഷൻ തീയേറ്റർ സ്ഥാപിച്ചു.
- എസ്റ്റാബ്ലിഷ്മെന്റ് & മോഡണൈസേഷൻ ഓഫ് ഡ്രഗ് സറ്റോർ അണ്ടർ ഡി.എം.ഇ. എന്ന പദ്ധതി പ്രകാരം 3 കോടി രൂപ മുതൽ മുടക്കി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം 21-05-2023-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു.
- പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായുള്ള പാർപ്പിട സമുച്ചയ നിർമ്മാണത്തിനായി 6 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയും നിർമ്മാണ ഉദ്ഘാടനം 21-05-2023-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തു.
- 1.78 കോടി രൂപ ഉപയോഗിച്ച് ഒഫ്താൽമോളജി വിഭാഗത്തിൽ നിർമ്മിച്ച മോഡുലാർ തീയേറ്ററിന്റെ ഉദ്ഘാടനം 21-05-2023-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു.

- ഗൈനക്കോളജി വിഭാഗത്തിൽ 58.47 ലക്ഷം രൂപ ചെലവിൽ പാൻഡമിക് ഐ.സി.യു. സ്ഥാപിച്ചു.
- 2022-23 സാമ്പത്തിക വർഷം Low Temperature Hydrogen Peroxide Gas Plasma Sterilizer, Add on High Definition UGI and LGI scope. Bronchoscope Cryosurgery Unit, Portable Echo cardiography Type-C, C arm image intensifier, Circulatory Support System, Neonatal Transport incubator with Ventilator, Video Laryngoscope Model B. Neonatal Ventilator Drager, Analog Mammography Machine, Single Detector D Machine തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ വിവിധ വിഭാഗങ്ങളിലേയ്ക്കായി വാങ്ങുന്നതിന് ഭരണാനുമതി നൽകി.
- എം.ഡി. റേഡിയോ ഡയഗ്നോസിസ് സീറ്റ് 1-ൽ നിന്നും 3 ആയി വർദ്ധിപ്പിച്ചു.
- എം.ഡി. ഗ്യാസ്ട്രോ എൻട്രോളജി സീറ്റ് 1-ൽ നിന്നും 3 ആയി വർദ്ധിപ്പിച്ചു.

- 10 സീറ്റുകളോടുകൂടി ബി.എസ്‌സി. ഇമേജിംഗ് ടെക്നോളജി കോഴ്സ് ആരംഭിച്ചു.
- കോട്ടയം മെഡിക്കൽ കോളേജിൽ ഇന്റർവെൻഷണൽ റേഡിയോളജി, നിയറ്റോളജി, റുമറ്റോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് അദ്ധ്യാപക തസ്തികകൾ 21-12-2023-ന് സൃഷ്ടിച്ചു.
- സംസ്ഥാനത്ത് ആദ്യമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മേഖലയിൽ വിജയകരമായി കോട്ടയം മെഡിക്കൽ കോളേജിൽ നടപ്പിലാക്കി.
- 13 കോടി രൂപ ചെലവിൽ നിർമ്മിച്ച അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

**സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി**

ഇടുക്കി ജില്ലയിലെ പൈനാവിൽ ഗവൺമെന്റ് മെഡിക്കൽ കോളേജ് തുടങ്ങാൻ ഉത്തരവായിരുന്നു. M/S KITCO-യെ പ്രോജക്ട് കൺസൾട്ടന്റായി നിശ്ചയിച്ചിരുന്നു. അടിസ്ഥാന സൗകര്യങ്ങൾപോലും ഒരുക്കാതെ ജില്ലാ ആശുപത്രിയോട് ചേർന്നുനിന്നിരുന്ന ഡി.എം.ഒ. ഓഫീസ് ഷിഫ്റ്റ്

ചെയ്തശേഷം ആ കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തിയാണ് ആദ്യവർഷ ക്ലാസ്സുകൾ ഒരുക്കിയിരുന്നത്. എല്ലാം ഒരുക്കാം എന്ന Under Taking MCI-യ്ക്ക് നൽകിക്കൊണ്ടാണ് 2014-15-ലും 2015-16-ലും 50 വീതം കുട്ടികളെ പ്രവേശിപ്പിച്ചിരുന്നത്. എന്നാൽ മതിയായ കിടക്കകളുള്ള ആശുപത്രിയോ, അക്കാദമിക് ബ്ലോക്കോ, കുട്ടികൾക്കോ, ജീവനക്കാർക്കോ താമസിക്കുന്നതിനുള്ള സൗകര്യമോ, ആവശ്യമായ ജീവനക്കാരോ ഇല്ലാത്തതിനാൽ 2016-ന്റെ ആദ്യംതന്നെ MCI അംഗീകാരം റദ്ദാക്കി. വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാകുന്ന എന്ന് കണ്ട് കഴിഞ്ഞ സർക്കാർ ഇവിടെയുള്ള വിദ്യാർത്ഥികളെ മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റി തുടർ പഠനം ഉറപ്പാക്കുകയും ആയതിന് MCI-യുടെ അംഗീകാരം നേടിയെടുക്കുകയും ചെയ്തു.

മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാണിച്ച പ്രധാന ന്യൂനതകളായ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് മതിയായ കിടക്കകളുള്ള ആശുപത്രി, വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും താമസിക്കാനുള്ള ഹോസ്റ്റൽ, ക്വാർട്ടേഴ്സ്, അക്കാദമിക് ബ്ലോക്ക് മുതലായവ ആയിരുന്നു.

അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 10.53 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. 300 കിടക്കകളുള്ള ആശുപത്രി നിർമ്മിക്കുന്നതിന് 91.69 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ ആദ്യത്തെ ബ്ലോക്കിന്റെ (OP Block) നിർമ്മാണം പൂർത്തീകരിച്ച് 27-08-2020-ൽ ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. ആശുപത്രി ബ്ലോക്ക് II-ന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് അതിവേഗം പുരോഗമിച്ച് പൂർത്തിയായി വരികയാണ്. ഇതുകൂടാതെ ടീച്ചിംഗ് ക്വാർട്ടേഴ്സ്, ബോയ്സ് ഹോസ്റ്റൽ, ബോയ്സ് ഇന്റേൺസ്, ഗേൾസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ്, നോൺ ടീച്ചിംഗ് ക്വാർട്ടേഴ്സ് മുതലായവയുടെ നിർമ്മാണത്തിനായി 92.14 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തുകയും ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.യുടെ സി.എ.എസ്.ആർ. ഫണ്ടിൽനിന്നും 10 കോടി രൂപയാണ് മെഡിക്കൽ

കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ലഭ്യമാക്കിയിരുന്നത്. സി.ടി., ഡിജിറ്റൽ എക്സ്റേ, മാമോഗ്രാം, കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി തുടങ്ങിയ ഉപകരണങ്ങൾ, ഡയാലിസിസ് യൂണിറ്റിലേയ്ക്കുവേണ്ടിയുള്ള ഉപകരണങ്ങൾ, ഒ.പി./ഐ.പി. ബ്ലോക്കിലേയ്ക്കുള്ള ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനുള്ള ഫണ്ട് ഇതിൽനിന്നും കണ്ടെത്തിയിരുന്നു.

നിരന്തരം ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണവും മെഡിക്കൽ കോളേജിന്റെ പ്രവർത്തനവും ഈ സർക്കാരിന്റെ കാലയളവിൽ വിവിധ തലങ്ങളിൽ അവലോകനം നടത്തി ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മുൻപരിശോധനകളിൽ കണ്ടെത്തിയ അടിസ്ഥാന സൗകര്യങ്ങളിലെ കുറവുകൾ പരിഹരിക്കപ്പെടുകയും മെഡിക്കൽ കോളേജിന് അംഗീകാരം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി അപേക്ഷ കൗൺസിൽ മുമ്പാകെ സമർപ്പിച്ചതിനെത്തുടർന്ന് നാഷണൽ മെഡിക്കൽ കൗൺസിൽ പരിശോധന നടത്തുകയും കഴിഞ്ഞ അക്കാദമിക് വർഷം (2022) മുതൽ 100 എം.ബി.ബി.എസ്. വിദ്യാർത്ഥികളെ

പ്രവേശിപ്പിക്കുന്നതിനുള്ള അംഗീകാരം നാഷണൽ മെഡിക്കൽ കൗൺസിലിൽ നിന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

- സി.റ്റി സ്കാൻ, ഡിജിറ്റൽ എക്സ്റേ, മാമോഗ്രാം, കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി തുടങ്ങിയ അത്യാധുനിക പരിശോധനാ സംവിധാനങ്ങളോടൊപ്പം രക്തത്തിലെ പ്ലാസ്മ വേർതിരിച്ച് സൂക്ഷിക്കാനുള്ള ജില്ലയിലെ ആദ്യത്തെ ബ്ലഡ് സെന്ററും ആരംഭിച്ചു.
- ഈ വർഷം (2023) പുതുതായി ഇടുക്കി മെഡിക്കൽ കോളേജിനോട് ചേർന്ന് 60 വിദ്യാർത്ഥികൾ അടങ്ങുന്ന ബാച്ചോടുകൂടിയ നേഴ്സിംഗ് കോളേജ് ആരംഭിച്ചു.
- വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.
- 100 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനൊപ്പം വിദഗ്ദ്ധ ചികിത്സ നൽകുന്നതിനും നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം

നിലനിർത്തുന്നതിനുമായി 50 അദ്ധ്യാപക തസ്തികകളും ഒരു അനദ്ധ്യാപക തസ്തികയും 21-12-2023-ൽ സൃഷ്ടിച്ചിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം**

- 285.31 കോടി രൂപ ചെലവിൽ 8 നിലകളിലായി (LG1, LG, LG3, G+4 floors) 8.27 ലക്ഷം സ്ക്വയർഫീറ്റിൽ 683 ബെഡ്ഡുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഇതിൽ OBG, Paediatrics, paediatric surgery, Dental/Maxilofacial, Physical Medicine, Urology, Nephrology, Gastroenterology, Gastro Surgery, Cardiology, Cardio Thorasic Surgery, Neuro, Neuro Surgery, Radiology എന്നീ വിഭാഗങ്ങൾക്കുള്ള IP, OP, ICU, ഡിജിറ്റൽ ഫ്ലൂറോ സ്കോപ്പി, ഇൻട്രോവെൻഷൻ റേഡിയോളജി സൗകര്യങ്ങളും 14 ഓപ്പറേഷൻ തീയറ്ററുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- 23.75 കോടി രൂപ ചെലവിൽ 50 കിടക്കകളോടുകൂടിയ Critical Care Block-ന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

- Multi Disciplinary ICU expansion-നുവേണ്ടി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകി. PWD മുഖേന ടെണ്ടർ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- ആശുപത്രി അത്യാഹിത വിഭാഗ നവീകരണം: ആശുപത്രി അത്യാഹിത വിഭാഗം 50 ലക്ഷം രൂപ ചെലവിൽ നവീകരിച്ചു.
- 92 ലക്ഷം രൂപ ചെലവിൽ ഓക്സിജൻ ജനറേറ്റർ പ്ലാന്റ് സ്ഥാപിച്ചു.
- എറണാകുളം സർക്കാർ മെഡിക്കൽ കോളേജാശുപത്രി ജനസൗഹൃദമാക്കുന്നതിന് ആർദ്രം പദ്ധതിയിലൂടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 4.8 കോടി രൂപ ചെലവഴിച്ച് ഫാർമസി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ഒ.പി. മുറികളിൽ എ.സി. സ്ഥാപിച്ചു. രജിസ്ട്രേഷൻ ബില്ലിംഗ് കൗണ്ടറുകളുടെ എണ്ണം കൂട്ടി. ഒ.പി ഫാർമസി ഏരിയകളിൽ വിശാലമായ ഇരിപ്പിടങ്ങൾ ഒരുക്കി. ഫാർമസിയിൽ ടോക്കൺ സമ്പ്രദായം നടപ്പിലാക്കി ഒ.പി.കൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ആകാശപാത നിർമ്മിച്ചു. ഒ.പി.കളിലെ ശുചിമുറികൾ നവീകരിച്ചു. കാരുണ്യ, എച്ച്.എൽ.എൽ. ഫാർമസികൾ

പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ആർദ്രം പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇ-ഹെൽത്ത് പദ്ധതിയും എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ആരംഭിച്ചു. ഇ-ഹെൽത്ത് പദ്ധതികളിലൂടെ ഒ.പി.-കളിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയതോടുകൂടി രോഗികൾക്ക് ക്യൂവിൽ നിൽക്കുന്ന സമയം ലഘൂകരിക്കാൻ സാധിച്ചു. കൂടാതെ രോഗികളുടെ പരിശോധന ഫലങ്ങളുടെ റിപ്പോർട്ടുകൾ ഡോക്ടർമാരുടെ സമീപത്തെ കമ്പ്യൂട്ടറുകളിൽ ലഭ്യമാകുകയും ചെയ്യുന്നു. ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് ടെസ്റ്റുകളും ചികിത്സയും മറ്റുസൗകര്യങ്ങളും കൂടുതൽ മെച്ചപ്പെട്ട സാഹചര്യത്തിൽ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ 13 KL ലിക്വിഡ് ഓക്സിജൻ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- 25 കോടി രൂപ ചെലവിൽ റേഡിയോളജി വിഭാഗത്തിൽ ആരംഭിച്ച ഇമേജിംഗ് സെന്ററിൽ, എം.ആർ.ഐ. സ്കാൻ, ഫ്ലൂറോസ്കോപ്പി,Teaching

Hospital, മാമോഗ്രാം, ഡിജിറ്റൽ എക്സ്റേ എന്നിവയുള്ള ഇമേജിംഗ് സെന്റർ സ്ഥാപിച്ചു.

- 1.5 കോടി രൂപ വിനിയോഗിച്ച് നവീകരിച്ച 70 കിടക്കകളും 16 വെന്റിലേറ്റർ, എ.ബി.ജി. മെഷീൻ, അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ, സിപാപ് എക്കോ മെഷീൻ എന്നിവയുൾപ്പെടെ സ്ഥാപിച്ച് നവീകരിച്ചു. വെന്റിലേറ്ററുകളുടെ എണ്ണം 2-ൽ നിന്നും 70 ആയി ഉയർന്നു.
- 12.72 ലക്ഷം ചെലവിൽ Construction of Biomedical Waste Storage Shed-ന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- 85 ലക്ഷം രൂപ ചെലവിൽ Renovation of Existing Library for Meeting MCI Requirement-ന്റെ പ്രവൃത്തി പൂർത്തീകരിച്ചു.
- 47.90 ലക്ഷം രൂപ ചെലവിൽ Modernization of the 2 nos of existing bed cum passenger lift at block - 5 ICU block and Block 6 Gynec-ന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

- 1 കോടി 69 ലക്ഷം രൂപ ചെലവിൽ സ്തനാർബുദ രോഗ പ്രതിരോധത്തിന് മുതൽക്കൂട്ടാവുന്ന ഡിജിറ്റൽ മാമോഗ്രാഫി മെഷീൻ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.
- കെ.ജെ. മാക്സി എം.എൽ.എ.-യുടെ 2020-2021 ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി 20 ലക്ഷം രൂപ ചെലവിൽ കൊറോണ രോഗികൾക്ക് പ്ലാസ്മ തെറാപ്പി നൽകാൻ ഉതകുന്ന അഫേറിസിസ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്.
- ഒരു കോടി രൂപ ചെലവിൽ 160 mA Mobile Digital X-ray machine with battery backup പ്രവർത്തിച്ചുവരുന്നു.
- 1 കോടി 9 ലക്ഷം രൂപ ചെലവിൽ പൾമണോളജി വിഭാഗത്തിൽ Endobronchial Ultrasound (EBUS) സ്ഥാപിച്ചു.
- 45.97 ലക്ഷം രൂപ ചെലവിൽ Advanced Phacoemulsification unit സ്ഥാപിച്ചു.
- 50 ലക്ഷം രൂപ ചെലവിൽ Battery Operated Power drill with two batteries സ്ഥാപിച്ചു.

- 50 ലക്ഷം രൂപ ചെലവിൽ AO Synthes General Instrument set സ്ഥാപിച്ചു.
- 25 ലക്ഷം രൂപ ചെലവിൽ Wax dispenser and embedding station for histopathology tissue block preparation-tissue teck സ്ഥാപിച്ചു.
- 24 ലക്ഷം രൂപ ചെലവിൽ Stobe video Rhino Larngoscope with Monitor Camera and light source സ്ഥാപിച്ചു.
- 13 ലക്ഷം രൂപ ചെലവിൽ Electro Hydrolic Motorized Surgery OT Table & basic attachments സ്ഥാപിച്ചു.
- 14.65 ലക്ഷം രൂപ ചെലവിൽ Ultrasonic Cutting-coagulation Radio frequency vessel sealing system സ്ഥാപിച്ചു.
- ലേഡീസ് ഹോസ്റ്റൽ നവീകരണം -Rs. 50 lakh
- മെൻസ് ഹോസ്റ്റൽ നവീകരണം -Rs. 40 lakh
- 56 ലക്ഷം ചെലവിൽ വനിതാ വിശ്രമ കേന്ദ്രം നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

- Isolation Room Complex – All isolation rooms in one floor with ICU care-നുവേണ്ടി പ്ലാൻ ഫണ്ടിലുൾപ്പെടുത്തി മൂന്നുകോടി രൂപയുടെ ഭരണാനുമതി നൽകി PWD മുഖേന ടെണ്ടർ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- Multi Disciplinary ICU expansion-നുവേണ്ടി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്നുകോടി രൂപയുടെ ഭരണാനുമതി നൽകി PWD മുഖേന ടെണ്ടർ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- 250.11 ലക്ഷം രൂപ ഓഡിറ്റോറിയത്തിൽ ഓഡിയോ ആൻഡ് വീഡിയോ സംവിധാനം സ്ഥാപിക്കുന്ന വർക്കുകൾ പൂർത്തീകരിച്ചു.
- 50 ലക്ഷം രൂപ ചെലവിൽ ഡയാലിസിസ് ബ്ലോക്ക് വിപുലീകരിക്കുകയും ഡയാലിസിസ് സേവനങ്ങളുടെ സമയം 3 ഷിഫ്റ്റുകളായി ദീർഘിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു.
- ശിശു രോഗ വിഭാഗ വാർഡിൽ 2.50 കോടി രൂപ ചെലവിൽ Centre of Excellence-ന്റെ പണി പൂർത്തീകരിച്ചു.

- എച്ച്.ഐ.വി. ബാധിതരായ രോഗികൾക്കായി എ.ആർ.ടി. സെന്റർ ആരംഭിച്ചു.
- പ്രമേഹബാധിതരായ കുട്ടികൾക്ക് സൗജന്യമായി ഇൻസുലിൻ ഉൾപ്പെടെയുള്ള ചികിത്സ ലഭ്യമാക്കുന്നതിന് മിഠായി പദ്ധതിയുടെ സെന്റർ ആരംഭിച്ചു.
- ഒ.പി.യിലും അത്യാഹിത വിഭാഗത്തിലും ചികിത്സ തേടുന്ന വീൽചെയർ, ട്രോളി സേവനം ആവശ്യമായി വരുന്ന രോഗികളെ ഷിഫ്റ്റ് ചെയ്യുന്നതിനായി ഷിഫ്റ്റിംഗ് ടീം രൂപീകരിച്ചു.
- കാസ്പ് പദ്ധതിയിലുൾപ്പെടുത്തി ഡയാലിസിസ് രോഗികൾക്കായി പോർട്ടബിൾ ആർ.ഒ. പ്ലാന്റ് സ്ഥാപിച്ചു.
- ലേബർ റൂമിൽ അടിയന്തര ഓപ്പറേഷൻ തീയറ്റർ സ്ഥാപിച്ചു.
- തിമിര ശസ്ത്രക്രിയ ആവശ്യം വരുന്നവർക്കായി നേത്രരോഗ വിഭാഗം ഓപ്പറേഷൻ തീയറ്റർ പുനരാരംഭിച്ചു.
- 52.80 ലക്ഷം രൂപ ചെലവിൽ ക്യാമ്പസ്സിൽ ഹൈമാസ്റ്റ് വിളക്കുകൾ ഉൾപ്പെടെയുള്ള വിപുലമായ സ്ട്രീറ്റ് സംവിധാനം ഒരുക്കി.

- 11.05 കോടി രൂപ ചെലവിൽ എസ്.ടി.പി. പ്ലാന്റ് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.
- 40 ലക്ഷം രൂപ ചെലവിൽ Renovation of room behind the Cytology ലാബിന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- പേ വാർഡ് നവീകരണം: 50 ലക്ഷം രൂപ ചെലവിൽ ടൈലുകൾ പാകിയും ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും പ്രയോജനകരമാകുന്ന രീതിയിലുള്ള ടോയ്‌ലെറ്റുകൾ സ്ഥാപിച്ച് 20 പേവാർഡ് മുറികൾ നവീകരിച്ചു.
- ട്രോമാ കെയർ ആംബുലൻസ് - ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 40.31 ലക്ഷം രൂപ വിനിയോഗിച്ച് ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളായ വെന്റിലേറ്റർ, മൾട്ടി പാരാമോണിറ്റർ വിത്ത് കാപനോഗ്രാം & amp; ഐ.പി.എം., ഡിഫ്രിബിലേറ്റർ വിത്ത് കാർഡിയോ മോണിറ്റർ തുടങ്ങിയ സൗകര്യങ്ങളുള്ള ആംബുലൻസ് ലഭ്യമാക്കി.

- രോഗി പരിചാരകർക്ക് മരുന്നുതേടി നടക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് ബെഡ്സൈഡിൽ തന്നെ മരുന്ന് എത്തിക്കുന്നതിനായി ഒരു ഫാർമസിസ്റ്റ്, രണ്ട് അറ്റൻഡർ എന്നിവരെ നിയമിച്ച് കാസ്പ് ഫാർമസി ആരംഭിച്ചു.
- സ്ക്രാപ്പ് ഐറ്റംസ് തരംതിരിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആരംഭിച്ചു.
- എ.സി. കഫറ്റേരിയ: 24 മണിക്കൂറും പ്രവർത്തിക്കുന്ന കഫറ്റേരിയ ആരംഭിച്ചു.
- എറണാകുളം മെഡിക്കൽ കോളേജാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനും പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ ന്യൂറോ സർജറി, നിയോനാറ്റോളജി, പീഡിയാട്രിക് സർജറി, കാർഡിയോ തൊറാസിക് സർജറി, യൂറോളജി എന്നിവ ഉൾപ്പെടെ ആരംഭിക്കുന്നതിന് 43 അദ്ധ്യാപക തസ്തികകൾ 21-12-2023-ൽ സൃഷ്ടിച്ചു.

**സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ**

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെയും ആധുനികവത്കരണത്തിന്റെയും ഭാഗമായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

കിഫ്ബി ധനസഹായത്തോടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് 285.54 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കിഫ്ബി ധനസഹായത്തോടെ മദർ & ചൈൽഡ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 277.77 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഐസോലേഷൻ ബിൽഡിംഗ് - ഇൻഫെക്ഷൻ ഡിസീസസ് (ഒന്നാംഘട്ടം) - 5 കോടി (സ്റ്റേറ്റ് കാപിറ്റൽ)

2021 സെപ്റ്റംബറിൽ ഓക്സിജൻ ജനറേഷൻ പ്ലാന്റ് മുതലായ 2.50 കോടി രൂപയുടെ പദ്ധതികളും 2022 സെപ്റ്റംബറിൽ കുട്ടികളുടെ ICU, SNCU, HDU സൗകര്യങ്ങളുടെ വിപുലീകരണം, ലിക്വിഡ് ഓക്സിജൻ പ്ലാന്റ്,

സ്കിൽ ഡെവലപ്മെന്റ് സെന്റർ, പി.ജി. ഹോസ്റ്റൽ, കാമ്പസ് CCTV നിരീക്ഷണ സംവിധാനം, ബയോമെഡിക്കൽ പ്ലാന്റ്, ഹൗസ് സർജൻസ് ഹോസ്റ്റൽ, എംബാമിംഗ് റൂം തുടങ്ങിയ 26.42 കോടി രൂപയുടെ പദ്ധതികളും തൃശ്ശൂർ മെഡിക്കൽ കോളേജിൽ തുടക്കം കുറിക്കാൻ കഴിഞ്ഞു.

കൂടാതെ 6.90 കോടി രൂപയുടെ MRI സ്കാനും 5.50 കോടി രൂപയുടെ മറ്റ് ആധുനിക ഉപകരണങ്ങളും (ഡിജിറ്റൽ റേഡിയോഗ്രാഫി, ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി, etc.) റേഡിയോളജി വിഭാഗത്തിനുവേണ്ടി വാങ്ങിയതുവഴി രോഗനിർണ്ണയം കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നടക്കുന്നതിന് സാഹചര്യമൊരുക്കി. ഇവയ്ക്കുപുറമെ 4.72 കോടി രൂപ ചെലവിൽ പുതിയൊരു CT സ്കാൻകൂടി മൂന്നുമാസത്തിനുള്ളിൽ ഈ ആശുപത്രിയിൽ സ്ഥാപിക്കുന്നതാണ്.

2 കോടി രൂപ ചെലവഴിച്ച് സർജിക്കൽ ഓങ്കോളജി വിഭാഗവും 2 കോടി രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ വിഭാഗവും 1 കോടി രൂപ ചെലവഴിച്ച് നിയോനാറ്റോളജി വിഭാഗവും സജ്ജീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇവയ്ക്കുപുറമെ

- തീപ്പൊള്ളൽ പരിചരണ യൂണിറ്റ് - 2.69 കോടി, സോളാർ ഇലക്ട്രിക് പദ്ധതി - 1 കോടി
- ആംബുലൻസ് ട്രാക് നിർമ്മാണം - 42 ലക്ഷം
- സർജിക്കൽ ഓങ്കോളജി ഒ.പി. & ഒ.റ്റി -2 കോടി
- ടെലി കൊബാൾട്ട് മെഷീൻ - 3.50 കോടി
- ട്രോമാ കെയർ & ട്രയാജ് കെട്ടിടം - 7.04 കോടി (കേന്ദ്ര ഫണ്ട്)
- MRI സ്കാൻ - 6.90 കോടി (RSBY ഫണ്ട്)
- ഡിജിറ്റൽ റേഡിയോഗ്രാഫി - 1.72 കോടി
- ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി -60 ലക്ഷം
- RBSK ട്രെയിനിംഗ് സെന്റർ - 2.12 കോടി (NHM ഫണ്ട്)
- ഇ-ഹെൽത്ത് പദ്ധതി - 1.35 കോടി
- നവീകരിച്ച പവർ ലോൺട്രി - 60 ലക്ഷം
- ബ്ലഡ് ബാങ്ക് നവീകരണം - 56.5 ലക്ഷം
- കോംപ്രീഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ - 70 ലക്ഷം

- മോർച്ചറി കോംപ്ലക്സ് ജനറേറ്റർ - 19 ലക്ഷം
- കോംപ്രീഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ (CLMC) (70 ലക്ഷം) എന്നിങ്ങനെ 32,96,21,000/- രൂപയുടെ പൂർത്തീകരിച്ച 24 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
- ഇതിനുപുറമെ 5 കോടി രൂപ ചെലവിൽ സെൻട്രൽ ലൈബ്രറിയുടെ ഒന്നാംഘട്ടവും 2.15 കോടി രൂപ ചെലവിൽ ഡെന്റൽ കോളേജിലെ ലേഡീസ് ഹോസ്റ്റലിന്റെ ഒന്നാംഘട്ടവും നിർമ്മാണം ആരംഭിക്കുകയും ചെയ്യുന്നു.
- കാർഡിയോളജി വിഭാഗം പി.ജി. സീറ്റിന്റെ അംഗീകാരം നിലനിർത്തുന്നതിനായി ഒരു പ്രൊഫസർ തസ്തികയും എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിനുള്ള അദ്ധ്യാപക തസ്തിക ഉൾപ്പെടെ 7 തസ്തികകൾ 21-12-2023-ൽ സൃഷ്ടിച്ചിട്ടുണ്ട്.
- സർജിക്കൽ ഓങ്കോളജി പൂർണ്ണമായും പ്രവർത്തന സജ്ജമായി.
- പാലിയേറ്റീവ് ക്ലിനിക്ക് ആരംഭിച്ചു.

- നിയോനാറ്റോളജി വിഭാഗം ആരംഭിച്ചു. ഇവിടെ അസോസിയേറ്റ് പ്രൊഫസറെ നിയമിച്ചു.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ സി.വി.ഐ. ക്ലിനിക്ക് ആരംഭിച്ചു.
- എസ്തറ്റിക് ഡെർമറ്റോളജി സ്യൂട്ട് ആരംഭിച്ചു.

**നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന മറ്റ് പദ്ധതികൾ**

- പാരാമെഡിക്കൽ എഡ്യൂക്കേഷൻ കെട്ടിടം - 2 കോടി

പാരാമെഡിക്കൽ കോഴ്സുകളുടെ അദ്ധ്യയന നിലവാരം ഉയർത്തുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായി അനുവദിച്ച 2 കോടി രൂപ ഉപയോഗിച്ചുള്ള കെട്ടിടം.

- പി.ജി. റസിഡന്റ് ക്വാർട്ടേഴ്സ് നിർമ്മാണം രണ്ടാം ഘട്ടം - 3 കോടി രൂപ
- ആശ്വാസ് വാടകവീട് - 4 കോടി

മെഡിക്കൽ കോളേജ് ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് താമസ സൗകര്യം നൽകുന്നതിനായി സംസ്ഥാന സർക്കാർ ഭവന നിർമ്മാണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ആശ്വാസ് വാടകവീട് കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

- പേ വാർഡ് നിർമ്മാണം രണ്ടാം ഘട്ടം - 3 കോടി

നിലവിലുള്ള പേ വാർഡിന് മുകളിൽ 2 നിലകൾകൂടി നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

- ലക്ച്ചർ ഹാളുകളിലെ ഗാലറി നിർമ്മാണം - 2 കോടി.

**സർക്കാർ മെഡിക്കൽ കോളേജ് കോഴിക്കോട്**

- **സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്:** കോഴിക്കോട് മെഡിക്കൽ കോളേജിന് അനുവദിച്ച പി.എം.എസ്.എസ്.വൈ പ്രോജക്റ്റിനുവേണ്ടി കേന്ദ്ര വിഹിതമായി 120 കോടി രൂപയും സംസ്ഥാന വിഹിതമായി 75.93 കോടി രൂപയും അനുവദിച്ചു. 7 നിലകളുള്ള (G + 6) കെട്ടിടത്തിൽ 7 സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, ഓപ്പറേഷൻ തീയേറ്ററുകൾ, തീവ്രപരിചരണ യൂണിറ്റുകൾ, IPD ഫാക്കൽറ്റി ഏരിയ എന്നിവ ഉൾക്കൊള്ളാൻ രൂപകൽപ്പന ചെയ്തിരിക്കുന്നു. ആക്സിഡന്റ് ആൻഡ് എമർജൻസി കെയർ, 5 സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ 500 ബെഡുകൾ (190 ഐ.സി.യു. ബെഡുകൾ ഉൾപ്പെടെ), 19 മോഡുലാർ ഓപ്പറേഷൻ തീയേറ്ററുകൾ, 10 തീവ്രപരിചരണ യൂണിറ്റുകൾ എന്നിവ

ഉൾപ്പെടുന്നതാണ്. സി.സി.ടി.വി. സംവിധാനം, ഡാറ്റാ സംവിധാനം, പി.എ. സിസ്റ്റം ലിഫ്റ്റുകൾ തുടങ്ങിയവ കെട്ടിടത്തെ രോഗീസൗഹൃദ ആശുപത്രിയാക്കുന്നതിന് നിർദ്ദിഷ്ട കെട്ടിടത്തിൽ ലഭ്യമാണ്. താഴെപ്പറയുന്ന വകുപ്പുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. അനസ്തേഷ്യോളജി
2. കാർഡിയോ വാസ്കുലാർ, തൊറാസിക് ശസ്ത്രക്രിയ
3. എമർജൻസി മെഡിസിൻ
4. പ്ലാസ്റ്റിക് സർജറി
5. യൂറോളജി
6. ന്യൂറോ സർജറി
7. സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജി

പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തിയാക്കി 2023 മാർച്ച് 4-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു.

- <u>ആകാശപാത:</u> കോഴിക്കോട് മെഡിക്കൽ കോളേജിലെ എം.സി.എച്ച്., സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, പി.എം.എസ്.എസ്.വൈ.,

സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് ആകാശപാതയുടെ നിർമ്മാണം പൂർത്തീകരിച്ചു. ബി.പി.സി.എൽ.-ന്റെയും കോഴിക്കോട് മെഡിക്കൽ കോളേജ് അലൂമിനി അസോസിയേഷന്റെയും സാമ്പത്തിക സഹായത്തോടെ രണ്ട് കോടി രൂപയ്ക്കാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്.

- മിൽക്ക് ബാങ്ക് പ്രവർത്തനം ആരംഭിച്ചു.
- നെഫ്രോളജി വിഭാഗത്തിൽ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്)-മാരുടെ 4 പോസ്റ്റ് 2021-22 സാമ്പത്തിക വർഷത്തിൽ സൃഷ്ടിച്ചു.
- ഹൗസ് സർജന്മാരുടെ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 2020-21 കാലയളവിൽ 5 കോടിയുടെ ഭരണാനുമതി നൽകി. മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഭാഗമായുള്ള മേജർ ഓപ്പറേഷൻ തിയേറ്റർ ആധുനികവത്കരിക്കുന്നതിനായി 2021-22 സാമ്പത്തിക

വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷത്തിന്റെ ഭരണാനുമതി നൽകി.

- 2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ കോളേജിന്റെ ഭാഗമായുള്ള മേജർ ഓപ്പറേഷൻ തിയേറ്റർ ആധുനികരിക്കുന്നതിനായി 80 ലക്ഷത്തിന്റെ ഭരണാനുമതി നൽകി.

- തൃതീയ ക്യാൻസർ സെന്റർ അഡീഷണൽ ഫ്ലോർ നിർമ്മിക്കുന്നതിനായി 2021-22 കാലയളവിൽ ഒരു കോടിയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

- ആൺകുട്ടികൾക്കായുള്ള സ്റ്റുഡന്റ്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 2021-22 കാലയളവിൽ 8.40 കോടിയുടെ ഭരണാനുമതി നൽകി.

- ക്രിട്ടിക്കൽ കെയർ യൂണിറ്റ്: 2022-23 സാമ്പത്തിക വർഷത്തിൽ 71,94,400/-രൂപ അനുവദിച്ച് ആരംഭിച്ച ക്രിട്ടിക്കൽ കെയർ

യൂണിറ്റ്, നെഞ്ച് രോഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- <u>മോളിക്യുലാർ ഡയഗ്നോസ്റ്റിക് ലബോറട്ടറി:</u> കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് മുൻകൈയെടുത്ത് ഒരു അഡ്വാൻസ്ഡ് മോളിക്യുലാർ ഡയഗ്നോസ്റ്റിക് ലബോറട്ടറി സ്ഥാപിച്ചു.

- <u>ലെവൽ 1 ട്രോമ കെയർ സെന്റർ:</u> G.O.(Rt)No. 2926/2019/H&FWD, dated 04/12/2019 പ്രകാരം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ലെവൽ 1 ട്രോമാകെയർ സെന്റർ നിർമ്മിക്കുന്നതിന് 8 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകി, 7,98,91,000/- അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി 2022-23 വർഷത്തിൽ 3 കോടിയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസി PWD ആണ്. നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ സ്റ്റേജിലാണ്.

- 250 വിദ്യാർത്ഥികൾക്കായുള്ള മെൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ മൂന്നര കോടിയുടെയും പോസ്റ്റ് പാർട്ടം യൂണിറ്റിനായി രണ്ടര കോടിയുടെയും ഭരണാനുമതി നൽകി.
- 2023-24 സാമ്പത്തിക വർഷത്തിൽ Bsc RTT (റേഡിയോ തെറാപ്പി ടെക്നോളജി), Bsc MIT (മെഡിക്കൽ ഇമേജിംഗ് ടെക്നോളജി) കോഴ്സുകൾ ആരംഭിച്ചു.
- Bsc NMT, BASLP കോഴ്സുകൾ നടത്തുന്നതിന് അനുമതി ലഭിച്ചു.
- <u>പെറ്റ് സി.ടി. സ്കാൻ:</u> വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികൾക്ക് അതിനൂതന രോഗനിർണ്ണയ സംവിധാനം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ സാമ്പത്തിക സഹായത്തോടുകൂടിയും ബാങ്ക് വായ്പ ലഭ്യമാക്കിയുമാണ് പെറ്റ് സി.ടി. സ്കാനർ വാങ്ങുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തത്. തുടർന്ന് 9,94,00,000/- രൂപയ്ക്ക് വാങ്ങിയാണ്

ഉപകരണം സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ സ്വകാര്യ മേഖലയിൽ മാത്രം ലഭ്യമായ ഈ ഉപകരണം സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥാപിക്കുകവഴി കൂടുതൽ പാവപ്പെട്ട രോഗികൾക്ക് മികച്ച രോഗനിർണ്ണയം സാധ്യമാക്കുന്നതുവഴി മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

- Co2 Laser Systems for New Born with Tracheal disorder and Respiratory Distress in the Dept. Of ENT. G.O.(Rt) 1983/2021/H&FWD, dated 13-09-2021 പ്രകാരം 111 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 100 ലക്ഷം രൂപ സർക്കാരും 11 ലക്ഷം KASP ഫണ്ടിൽനിന്നും വകയിരുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നവജാത ശിശുക്കളിലെ ശ്വാസകോശ സംബന്ധമായ രോഗങ്ങളുടെ ചികിത്സയിൽ ഏറെ ഫലപ്രദമായൊരു ഉപകരണമാണിത്.
- എം.സി.ഐ. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള ആവശ്യകതകൾ നിറവേറ്റുന്നതിനും പ്രതിവർഷം 250 എം.ബി.ബി.എസ്.

വിദ്യാർത്ഥികളുടെ പ്രവേശനം ഉറപ്പുവരുത്തുന്നതിനായും നിലവിലുള്ള പരീക്ഷാ ഹാളിന്റെ കുറവ് പരിഹരിക്കുന്നതിനുമായി മൂന്നു നിലകളിലായി ഒരേസമയം 750 വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാൻ സൗകര്യമുള്ള ഒരു പുതിയ പരീക്ഷാ ഹാൾ നിർമ്മിക്കുന്നതിന് അനുമതി നൽകി. മെഡിക്കൽ ഫാർമസി, പാരാമെഡിക്കൽ തുടങ്ങി വിവിധ കോഴ്സുകളിൽ പഠിക്കുന്ന 3000-ലേറെ വിദ്യാർത്ഥികൾക്ക് പരീക്ഷാ കേന്ദ്രമേറെ സഹായകരമാകും. മുകളിലത്തെ നിലയിൽ ശീതീകരിച്ച മൾട്ടിപർപ്പസ് ഹാളാണ്. കൂടാതെ 750 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയമായി ഉപയോഗിക്കാനും സാധിക്കും. പരീക്ഷയുമായി ബന്ധപ്പെട്ട് പുറമേനിന്നുമെത്തുന്ന നിരീക്ഷകർക്കുള്ള വിശ്രമ മുറികൾ, ഓഫീസ്, ഡിജിറ്റൽ ടി.വി., ടൈമർ തുടങ്ങിയ സൗകര്യങ്ങളും ഇവിടെയുണ്ട്. G.O.(Rt)No. 1040/2018/H&FWD dated 28-03-2018 പ്രകാരം 13 കോടി

രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതി നിർമ്മാണം പൂർത്തിയാക്കി.

- ബയോ സേഫ്റ്റി ലെവൽ- 3 ലാബ് വൈറസ് റിസർച്ച് ആൻഡ് ഡയഗ്നോസ്റ്റിക് ലബോറട്ടറി (വി.ആർ.ഡി.എൽ., ബയോസേഫ്റ്റി ലെവൽ -3 ലബോറട്ടറി), കേരളത്തിലെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കേന്ദ്ര ആരോഗ്യ ഗവേഷണ വകുപ്പ് (ഡി.എച്ച്.ആർ.) ലഭിച്ചൊരു പദ്ധതിയാണ്. കോവിഡ് പാൻഡെമിക് സമയത്ത്, കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന ബി.എസ്.എൽ. 2 ലാബ് മലബാർ മേഖലയിൽ വൻതോതിൽ ആർ.ടി.പി.സി.ആർ. ടെസ്റ്റുകൾ നടത്തി രോഗനിർണ്ണയം അതിവേഗത്തിലാക്കാൻ സഹായിച്ചിട്ടുണ്ട്. വൈറസ് രോഗങ്ങളുടെ അതിവേഗത്തിലുള്ള രോഗനിർണ്ണയ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ബയോ സേഫ്റ്റി ലെവൽ -3 ലാബിന്റെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ 80 ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്.

- Bone Conduction Implementation Surgery: കോഴിക്കോട് മെഡിക്കൽ കോളേജിൽ ശ്രവണ സംബന്ധമായ രോഗങ്ങൾക്ക് ചികിത്സയിലുള്ള 27 കുട്ടികളെ ഇതിനായി തെരഞ്ഞെടുത്തു. ഓരോ രോഗിക്കും ഏകദേശം 6 ലക്ഷത്തോളം ചെലവ് വരുന്ന ചികിത്സ തികച്ചും സൗജന്യമായിട്ടാണ് ചെയ്തുകൊടുക്കുന്നത്. ഇന്ത്യയിൽ തന്നെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള സൗജന്യ ചികിത്സ. NHM RBSK 1,24,05,200/- രൂപ ഇതിനായി മാറ്റിവച്ചിട്ടുണ്ട്.

- പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കൽ: G.O (Rt) No. 2435/2023/ H&FWD, dated 22-09-2023 പ്രകാരം MCH Surgical Gastro വിഭാഗത്തിൽ 2 സീറ്റുകളിലേയ്ക്കും S3/52/2023-Health, dated 22-09-2023 പ്രകാരം MCH Nuclear Medicine വിഭാഗത്തിൽ 2 സീറ്റുകളിലേയ്ക്കും പ്രവേശനം ആരംഭിക്കുന്നതിനായി അനുമതി ലഭിച്ചു. ഈ സീറ്റുകളിലേയ്ക്ക് പ്രവേശനം ആരംഭിക്കുന്നതോടുകൂടി

വകുപ്പുകളിലെ ജോലി ഭാരം കുറയ്ക്കുന്നതിനും രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനും സാധിക്കുന്നതാണ്.

**പുതിയ ഡിപ്പാർട്ടുമെന്റുകൾ ആരംഭിച്ചത്**

കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 21-12-2023-ലെ G.O (MS)346/2023/H&FWD പ്രകാരം 9 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 4 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ പുതിയ ഡിപ്പാർട്ടുമെന്റുകളിലേയ്ക്കാണ്. നിയോനാറ്റോളജി -1, റൂമറ്റോളജി -1, ഇന്റർവെൻഷനൽ റേഡിയോളജി-1, എൻഡോക്രൈനോളജി-1 എന്നീ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ അദ്ധ്യാപകർ നിയമിക്കപ്പെടുന്നതോടെ ഈ വകുപ്പുകൾ സ്വതന്ത്ര വകുപ്പുകളായി പ്രവർത്തിക്കുവാൻ സാധിക്കുതാണ്. നവജാത ശിശുക്കളുടെ ചികിത്സ, വാതരോഗങ്ങളുടെ ചികിത്സ, ഹോർമോൺ രോഗങ്ങളുടെ ചികിത്സ എന്നീ മേഖലകളിൽ കൂടുതൽ മെച്ചപ്പെട്ട ഒ.പി., ഐ.പി. സേവനം എന്നിവയും മറ്റ് ചികിത്സാ അക്കാദമിക പ്രവർത്തനങ്ങൾ ഭാവിയിൽ നൽകുന്നതിനും സഹായകരമാകുന്നതാണ്. ഇന്റർവെൻഷനൽ റേഡിയോളജി വിഭാഗം

സ്ഥാപിക്കുന്നതോടുകൂടി പല ആന്തരിക രോഗങ്ങൾക്കും റേഡിയേഷൻ ഉപയോഗിച്ച് നൽകുന്ന ചികിത്സാ രീതിയിലൂടെ കൂടുതൽ രോഗികളിലേയ്ക്ക് ആശ്വാസമെത്തിക്കുവാൻ സാധിക്കും. അടുത്തകാലത്ത് മാത്രം വികസിതമായ ഈ ചികിത്സാ വിഭാഗം സർക്കാർ മെഡിക്കൽ കോളേജുകളിലെത്തുന്നത് ഈ സ്ഥാപനത്തെ ആശ്രയിക്കുന്ന പാവപ്പെട്ട രോഗികൾക്ക് വലിയ രീതിയിൽ സഹായകരമാകും.

**സർക്കാർ മെഡിക്കൽ കോളേജ്, വയനാട്**

12-02-2021-ലെ സ.ഉ.(കൈ) നം. 32/2021/ആ.കു.വ. സർക്കാർ ഉത്തരവുപ്രകാരം മാനന്തവാടി ജില്ലാശുപത്രി താൽക്കാലികമായി വയനാട് മെഡിക്കൽ കോളേജാശുപത്രിയാക്കി മാറ്റുകയും പുതിയതായി നിർമ്മിച്ച മൂന്നുനില കെട്ടിടം അദ്ധ്യയന ആവശ്യങ്ങൾക്ക് വിട്ടുനൽകുകയും ചെയ്തിരുന്നു. 19-02-2021-ലെ സ.ഉ.(കൈ)നം. 45/2021/ആ.കു.വ. പ്രകാരം മെഡിക്കൽ കോളേജിനായി 115 അദ്ധ്യാപക തസ്തികകളും 25 അനദ്ധ്യാപക തസ്തികകളുൾപ്പെടെ 140 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. 17-06-2022-ലെ സ.ഉ.(സാധാ) നം. 1416/2022/H&FWD പ്രകാരം വയനാട് സർക്കാർ

മെഡിക്കൽ കോളേജിൽ അഡ്മിഷൻ ആരംഭിക്കുന്നതിനായി NMC അംഗീകാരം, കേരള ആരോഗ്യ സർവ്വകലാശാല അഫിലിയേഷൻ എന്നിവ ലഭ്യമാക്കുന്നതിനായി റൂറൽ, അർബൻ ഹെൽത്ത് സെന്ററുകളായ UPHC മുണ്ടേരി കൽപ്പറ്റ, CHC പേര്യ എന്നിവയെ നിശ്ചയിച്ച് ഉത്തരവാകുകയും ആദ്യഘട്ട പരിശോധനകൾ പൂർത്തീകരിക്കുകയും കേരള ആരോഗ്യ സർവ്വകലാശാലയുടെ അംഗീകാരം ലഭ്യമാകുകയും എന്നാൽ സൗകര്യങ്ങളിന്മേലുള്ള ന്യൂനതകളുള്ളതിനാൽ എൻ.എം.സി. അനുമതി ലഭിച്ചില്ല. വയനാട് സർക്കാർ മെഡിക്കൽ കോളേജിനായി വിഭാവനം ചെയ്ത ഗ്ലെൻ ലെവൻ എസ്റ്റേറ്റിലെ 65 ഏക്കർ ഭൂമി ഏറ്റെടുത്ത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുവാൻവേണ്ടി വാപ്കോസ് ലിമിറ്റഡിനെ കൺസൾട്ടന്റായി നിയമിക്കുകയും തുടർന്ന് അവർ സമർപ്പിച്ച 636.00 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുമുണ്ട്. എന്നാൽ കേന്ദ്രസർക്കാർ പദ്ധതി അനുവദിച്ചില്ല. ഏറ്റെടുക്കപ്പെട്ട ഭൂമി കോടതി വ്യവഹാരത്തിലുൾപ്പെട്ടതിനാൽ വയനാട് മെഡിക്കൽ കോളേജിന്റെ സമഗ്രവികസനത്തിന് ആവശ്യമായിട്ടുള്ള

പ്രവർത്തനം തുടങ്ങാനായിട്ടില്ല. നബാർഡ് ധനസഹായത്തോടെ നിർമ്മിച്ച ബഹുനില കെട്ടിടം പ്രവർത്തനസജ്ജമാക്കി. ഇവിടെ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ വയനാട് മെഡിക്കൽ കോളേജാശുപത്രി പ്രവർത്തിക്കുന്നത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലാണ്. മെഡിക്കൽ കോളേജായി ഉയർത്തപ്പെട്ട ജില്ലാ ആശുപത്രിയുടെ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ കോളേജിൽ നിയോഗിക്കപ്പെട്ട ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതോടൊപ്പം ലബോറട്ടറി റീയേജന്റ്, വിവിധ വിഭാഗങ്ങൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ എന്നിവ പദ്ധതിയിനത്തിലുൾപ്പെടുത്തി നൽകിവരുന്നു. MEG സെൽ അനീമിയ രോഗചികിത്സയ്ക്കായി വാർഡുകൾ സജ്ജീകരിക്കുകയും മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സേവനം ഉൾപ്പെടെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ശിശുരോഗ വിഭാഗത്തിൽ തീവ്രപരിചരണ വിഭാഗം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

60 സീറ്റോടുകൂടിയ പുതിയ ഗവ. നഴ്സിംഗ് കോളേജ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

## സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ

- കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ അടിസ്ഥാന വികസനത്തിനായി കിഫ്ബി ഫണ്ടിൽനിന്നും 124.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

| | |
|---|---|
| മെയിന്റനൻസ് ഫേസ്-I | 29.78 കോടി |
| ട്രോമകെയർ ഫേസ്-II | 57.69 കോടി |
| ട്രോമകെയർ ഫേസ്-III | 37.48 കോടി |

മെയിന്റനൻസ് ഫേസ്-I ന്റെ 35.52 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 65 ശതമാനം പ്രവൃത്തിയാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്.

ട്രോമാകെയർ ഫേസ്-I ന് 88.4 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. വർക്കുകളുടെ ആർക്കിടെക്ചറൽ ഡ്രോയിംഗ് IIT ചെന്നൈയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ട്രോമാകെയർ ഫേസ്-II ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

- പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനാൽ നിലവിലുള്ള ജീവനക്കാരുടെ ആഗിരണ പ്രക്രിയ പൂർത്തിയാക്കുന്നതിനായി 147 ഡോക്ടർമാർ, 521 നേഴ്സിംഗ് ജീവനക്കാർ, 208 നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡർ എന്നീ തസ്തികകളിലും നേഴ്സിംഗ് കോളേജ്, ഫാർമസി കോളേജ്, പാരാമെഡിക്കൽ ജീവനക്കാർ, മിനിസ്റ്റീരിയൽ ജീവനക്കാർ, എഞ്ചിനീയറിംഗ് ജീവനക്കാർ എന്നിവരെ ആഗിരണം ചെയ്യുന്നതിനായി 564 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർമാരുടെയും നഴ്സിംഗ് സ്റ്റാഫിന്റെയും ആഗിരണ പ്രക്രിയ പൂർത്തീകരിച്ച നിയമന ഉത്തരവ് നൽകി. 564 തസ്തികകളുടെ വർഗ്ഗീകരണം പൂർത്തിയായിട്ടില്ല. കൂടാതെ ആശുപത്രിയിൽ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനായി 100 ഡോക്ടർമാരുടെ അധിക തസ്തികകൂടി സൃഷ്ടിച്ചിട്ടുണ്ട്.
- 2021-22-ൽ പ്ലാൻ ഫണ്ടിൽനിന്നും 10,69,85,000 രൂപയുടെ യന്ത്രോപകരണങ്ങൾ (ഡിജിറ്റൽ റേഡിയോഗ്രാഫി, ഐ.എ.ബി.പി.

മെഷീൻ, ഹാർട്ട് ലങ്ങ് മെഷീൻ, കാത്ത് ലാബ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, വെന്റിലേറ്റർ തുടങ്ങിയവ) വാങ്ങി ഉപയോഗിക്കുന്നുണ്ട്. ഇതുമൂലം ആശുപത്രിയുടെ സുഗമമായ പ്രവർത്തനം സാധ്യമാകുന്നു. കൂടാതെ ക്യാൻസർ ചികിത്സയ്ക്കായി 2,50,00,000/- രൂപ ചെലവിൽ ബ്രാക്കിതെറാപ്പി മെഷീൻ വാങ്ങുന്നതിന് ഫണ്ട് നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ടിൽനിന്നും അദർ ചാർജ്ജസ് എന്ന ശീർഷകത്തിൽ അനുവദിച്ച 1,99,04,000 (ഒരു കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി നാലായിരം) രൂപ ഉപയോഗിച്ച് വിവിധ ചെറുകിട ഉപകരണങ്ങൾ വാങ്ങി ആശുപത്രി പ്രവർത്തനം സുഗമമായി നടത്തിവരുന്നു. 2022-23-ൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും 9,90,55,000 (ഒമ്പത് കോടി തൊണ്ണൂറ് ലക്ഷത്തി അമ്പത്തി അയ്യായിരം) രൂപയും മറ്റുപകരണങ്ങൾ വാങ്ങുന്നതിനായി 4,11,37,000 (നാല് കോടി പതിനൊന്ന് ലക്ഷത്തി മുപ്പത്തിയേഴായിരം) രൂപയുടെയും ഭരണാനുമതി നൽകുകയും ഈ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. 2023-24-ൽ യന്ത്രോപകരണങ്ങൾ

വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും 8 കോടി രൂപയും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 4.5 കോടി രൂപയുടെയും ഭരണാനുമതി ലഭിക്കുകയും ഈ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ ഉപകരണങ്ങളുടെ സഹായത്തോടുകൂടി കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകാൻ സാധിക്കും.

- കണ്ണൂർ ഗവ.മെഡിക്കൽ കോളേജിന്റെ ജലസംസ്കരണശാലയുടെ അറ്റകുറ്റപ്പണിക്ക് പ്ലാൻ ഫണ്ടിൽ 90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും കേരള ഗവ. അക്രെഡിറ്റഡ് ഏജൻസിയായ IRTC പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
- Registration cum waiting area നിർമ്മാണത്തിനായി (Creation of Patient Friendly Hospital Environment-DME) പ്ലാൻ ഫണ്ടിൽനിന്നും ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പിലേയ്ക്ക് തുക കൈമാറുകയും ചെയ്തു.

- ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, ഡി-ടൈപ്പ് ക്വാർട്ടേഴ്സ് എന്നിവയുടെ അറ്റകുറ്റ പണികൾക്കായി പ്ലാൻ ഫണ്ടിൽനിന്നും 2,06,01,000 (രണ്ട് കോടി ആറ് ലക്ഷത്തിഒരായിരം) രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പിലേയ്ക്ക് തുക കൈമാറുകയും ചെയ്തു. പ്രവൃത്തി നടന്നുവരുന്നു.
- 2021-22-ൽ ആശുപത്രിയിൽ ലിഫ്റ്റ് (15 യാത്രക്കാർ) നിർമ്മാണത്തിനായി Ensuring Disabled & Elderly Friendly Environment in Medical Colleges എന്ന പ്ലാൻ ഫണ്ടിൽനിന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി 2022-23-ൽ Ensuring Disabled & Elderly Friendly Environment in Medical Colleges എന്ന പ്ലാൻ ഫണ്ടിൽനിന്നും വിവിധ ജോലികൾക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. രണ്ട് റാമ്പിന്റെ പ്രവൃത്തി പൂർത്തിയായി.
- പാരാമെഡിക്കൽ ഹോസ്റ്റൽ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽനിന്നും 2021-22 ൽ 22.71 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതിയും 3 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

- പി.ജി. ഹോസ്റ്റൽ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽനിന്നും 2021-22-ൽ 28.16 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതിയും 2 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.
- ഫാർമസി കോളേജിൽ അഡീഷണൽ ക്ലാസ് റൂം നിർമ്മാണത്തിനായി മൈനർ വർക്ക് എന്ന പ്ലാൻ ശീർഷകത്തിൽ 1 കോടി രൂപയുടെ ഭരണാനുമതി നൽകി.
- Standardisation of facilities in Maternal and Child Health Units in Medical College Hospital എന്ന പ്ലാൻ ശീർഷകത്തിൽ ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി.
- ഇ-ഹെൽത്ത് പ്രോജക്ട് പ്രവൃത്തികൾ ഈ സ്ഥാപനത്തിൽ പുരോഗമിച്ചുവരികയാണ്.
- ബഹു. കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. ടി. വി. രാജേഷിന്റെ ആസ്തിവികസന ഫണ്ട് (11.77 ലക്ഷം രൂപ) ഉപയോഗിച്ച് വൈറോളജി ലാബ് സ്ഥാപിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതിയുടെ ഭാഗമായി 7 കോടി രൂപ ചെലവിട്ട് നിർമ്മിച്ച 400 മീറ്റർ സിന്തറ്റിക് ട്രാക്കിന്റെയും 58 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച ഫുട്ബോൾ ഗ്രൗണ്ടിന്റെയും ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു.
- HDS ഫണ്ട് ഉപയോഗിച്ച് ഫാർമസിയുടെ നവീകരണ പ്രവൃത്തിയും മരുന്ന് സംഭരണശാലയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.
- മൈനർ വർക്ക്സ് ശീർഷകത്തിൽ Revamping of roofing the terrace level of existing examination hall area-ക്കുവേണ്ടി 85 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.
- കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഈ ആശുപത്രിയിൽ ഓക്സിജൻ ജനറേഷൻ പ്ലാന്റ് നിർമ്മിച്ചു. ആയതിന് കെട്ടിടം നിർമ്മിക്കാനാവശ്യമായ 30 ലക്ഷം രൂപ അനുവദിച്ചത് എൻ.എച്ച്.എം. ആണ്. ഇതിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ KMSCL വഴിയാണ് ലഭിച്ചത്.

- കോവിഡ് മഹാമാരിയെ കാര്യക്ഷമമായി നേരിടുന്നതിന് എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് 14,45,000 (പതിനാല് ലക്ഷത്തി നാൽപത്തി അയ്യായിരം) രൂപ ചെലവിൽ ഹൈ ഡിപ്പൻഡൻസി യൂണിറ്റ് സ്ഥാപിച്ചു.
- കോവിഡ് മഹാമാരിയെ കാര്യക്ഷമമായി നേരിടുന്നതിന് കേന്ദ്ര സർക്കാരിന്റെ PMCARES ഫണ്ട് ഉപയോഗിച്ച് അതിഥി തൊഴിലാളികൾക്കായി 4,79,994/- രൂപ ചെലവിൽ മൈഗ്രന്റ് വാർഡ് നിർമ്മിച്ചു.
- കണ്ണൂർ ഗവ.മെഡിക്കൽ കോളേജിൽ പുതുതായി പ്ലാസ്റ്റിക് സർജറി വിഭാഗം ആരംഭിച്ചു.
- 2023-24 സാമ്പത്തിക വർഷത്തിൽ മൈനർ വർക്ക്സ് ശീർഷകത്തിൽ വിവിധ വർക്കുകൾക്കുവേണ്ടി 2.15 കോടി രൂപയുടെ ഭരണാനുമതി നൽകി.

- ബഹു. കല്ല്യാശ്ശേരി എം.എൽ.എ., ശ്രീ. എം. വിജിന്റെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് 2 ഹൈമാസ്റ്റ് ലൈറ്റും 2 മിനിമാസ് ലൈറ്റും സ്ഥാപിച്ചിട്ടുണ്ട്.
- ബഹു. കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. എം. വിജിൻ-ന്റെ ആസ്തിവികസന ഫണ്ട് 4,60,000 (നാല് ലക്ഷത്തി അറുപതിനായിരം) രൂപ ഉപയോഗിച്ച് 12 വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ട്.
- ബഹു. കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. എം. വിജിന്റെ ആസ്തിവികസന ഫണ്ട് 35,00,000 (മുപ്പത്തി അഞ്ച് ലക്ഷം) രൂപ ഉപയോഗിച്ച് 49 സീറ്റ് ബസ് വാങ്ങുന്നതിന് ഭരണാനുമതി നൽകി.
- Viral Research Diagnostic Laboratory (VRDL) സ്ഥാപിക്കുന്നതിനും നടത്തിപ്പിനുമായി 1.971 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
- ഡ്രഗ് സ്റ്റോർ നിർമ്മിക്കുന്നതിന് 3.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.
- 15 പി.ജി. സീറ്റുകൾ അധികമായി ലഭിച്ചു.

- മലിനജല ശുദ്ധീകരണശാലയുടെ നവീകരണ പ്രവൃത്തിക്ക് 74.93 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും കേരള ഗവ. അക്രെഡിറ്റഡ് ഏജൻസിയായ IRTC-ക്ക് (പാലക്കാട്) 29-09-2023-ന് Work Order നൽകുകയും ചെയ്തിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്**

കാസർഗോഡ് ജില്ലയുടെ ആരോഗ്യമേഖലയിൽ സമഗ്രമായ പുരോഗതി ഉറപ്പാക്കുന്നതിനും അതിനോടൊപ്പം മിടുക്കരായ വിദ്യാർത്ഥികളുടെ MBBS പഠനം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുമായാണ് കാസർഗോഡ് ജില്ലയിൽ ബദിയടുക്ക വില്ലേജിൽ GO (MS) No. 98/2012/H&FWD Dated 24-03-2012 ഉത്തരവുപ്രകാരം സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിച്ചത്. തുടർന്ന് മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി കാസർഗോഡ് വികസന പാക്കേജ് വഴി 25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും ചെയ്തു. മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്ക്

നിർമ്മാണം ഏകദേശം പൂർത്തിയായ സമയത്താണ് കോവിഡ് മഹാമാരി വന്നതും തുടർന്ന് അക്കാദമിക് ബ്ലോക്ക് കെട്ടിടം CFLTC ആയി ഏറ്റെടുത്തതും. തുടർന്ന് കോവിഡിന്റെ രൂക്ഷത കുറഞ്ഞപ്പോൾ മുടങ്ങിയ പണികൾ പുനരാരംഭിക്കുകയും പ്രസ്തുത പണികൾ നിലവിൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയുടെ പ്രത്യേക പരിതസ്ഥിതി മാനിച്ച് പണി പൂർത്തിയായ അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിലാണ് നിലവിൽ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ഒ.പി. നടന്നുവരുന്നത്.

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണത്തിനായി 95 കോടി രൂപയുടെ ഭരണാനുമതി 2017-ൽ സർക്കാർ നൽകുകയും തുടർന്ന് പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ 55 ശതമാനം ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി മുഖേന 160 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം മെഡിക്കൽ കോളേജിന്റെ പാർപ്പിട സൗകര്യങ്ങൾക്കായി കാസർഗോഡ് വികസന

പാക്കേജ് മുഖേന 29 കോടി രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തി വളരെ വേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇപ്രകാരം കാസർഗോഡ് മെഡിക്കൽ കോളേജിൽ മാത്രം ഏകദേശം 315 കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി**

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ 2022-2023, 2023-2024 വർഷങ്ങളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ

മഞ്ചേരിയിൽ പ്രവർത്തിച്ചിരുന്ന ജനറൽ ആശുപത്രിയുടെ സ്ഥലവും കെട്ടിടവും ജീവനക്കാരെയും ഉൾപ്പെടുത്തി 17-06-2014-ലെ സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം. 1999/2014 പ്രകാരം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജാശുപത്രിയാക്കി മാറ്റുകയും ടി ആശുപത്രിയുടെ കീഴിലുള്ള എച്ച്.ഡി.എസ് പുനഃസംഘടിപ്പിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. മഞ്ചേരി ജനറൽ ആശുപത്രി മെഡിക്കൽ കോളേജ് ആശുപത്രിയാക്കി മാറ്റിയശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

പ്ലാൻ ഫണ്ട് ഉപയോഗിച്ചും വിവിധ സർക്കാർ പദ്ധതികൾ പ്രകാരവും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുകയും ഉപകരണങ്ങൾ വാങ്ങുകയും മെഡിക്കൽ കോളേജ് ഡോക്ടർമാരുടെയും ഹൗസ് സർജന്മാരുടെയും സേവനം ഉപയോഗപ്പെടുത്തിയും പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സാധാരണ ജനങ്ങൾക്ക് പരമാവധി പ്രയോജനകരമാകുംവിധം പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. ആശുപത്രിയോടനുബന്ധമായി പ്രധാന കെട്ടിടത്തിലെ വിവിധ നിലകളെ ബന്ധിപ്പിച്ചുകൊണ്ട് റാമ്പ് നിർമ്മിക്കുകയും 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് സജ്ജമാക്കുകയും കാഷ്വാലിറ്റി നവീകരണ പ്രവർത്തനങ്ങൾ, ലേബർ റൂം വിപുലീകരണം, എം.ആർ.ഐ. സ്കാനിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം, റസിഡന്റ്സ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം, വിവിധ ഐ.സി.യു.-കളുടെ നിർമ്മാണം തുടങ്ങി നിരവധി നിർമ്മാണ പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്നുവരുന്നത്.

മുമ്പ് അമ്മമാർക്കും കുട്ടികൾക്കുമായി നിർമ്മിച്ച ബ്ലോക്ക് 1, പുതുതായി നിർമ്മിച്ച ബ്ലോക്ക് 2 എന്നിവയിലാണ് മെഡിക്കൽ കോളേജ് അക്കാദമിക് വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. 5 ബാച്ചുകളിലായി അഞ്ഞൂറോളം വിദ്യാർത്ഥികൾ എം.ബി.ബി.എസ്. കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങുകയും നിലവിൽ 5 ബാച്ചുകളിലായി 550 കുട്ടികൾ പഠിക്കുകയും ഒരു ബാച്ച് ഹൗസ് സർജൻസ് പരിശീലനം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ മൂന്ന് വകുപ്പുകളിലായി 2 വീതം പി.ജി. സീറ്റുകൾക്ക് അനുമതി ലഭ്യമാകുകയും ക്ലാസ്സുകൾ നടന്നുവരികയുമാണ്.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയോട് ചേർന്ന് 23.75 കോടി രൂപ ചെലവിൽ പുതുതായി ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സർക്കാർ നിർമ്മാണ ചുമതല നൽകിയിട്ടുള്ള മെസ്സേഴ്സ് കിറ്റ്കോ പ്രതിനിധികൾ സ്ഥല പരിശോധന നടത്തുകയും വിശദമായ ഡി.പി.ആർ. തയ്യാറാക്കി എൻ.എച്ച്.എം.-ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. കേന്ദ്രസർക്കാർ പദ്ധതി

പ്രകാരം ഒരു ഓക്സിജൻ ജനറേറ്റർ മഞ്ചേരി മെഡിക്കൽ കോളേജിന് ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്ലാന്റ് നിലവിൽ ആശുപത്രിക്ക് സമീപം സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും സൗകര്യപ്രദമായ രീതിയിൽ രണ്ടു നിലകളോടുകൂടിയ കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി കുടുംബശ്രീ മുഖാന്തിരം പ്രവർത്തിപ്പിക്കുന്നുണ്ട്.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ താമസ സൗകര്യം ഒരുക്കുന്നതിന് 103.86 കോടി രൂപ ചെലവഴിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, നോൺ ടീച്ചിംഗ് സ്റ്റാഫ് ക്വാർട്ടേഴ്സ്, ടീച്ചിംഗ് സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം 95 ശതമാനം പൂർത്തിയാക്കുകയും പ്രസ്തുത കെട്ടിടങ്ങൾ താമസത്തിനായി സജ്ജമാക്കുകയും ചെയ്തതിനോടൊപ്പം ഇന്റേണൽ റോഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടുമുണ്ട്. ആഡിറ്റോറിയം നിർമ്മാണം, സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ആഡിറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട മെക്കാനിക്കൽ, ഇലക്ട്രിക്കൽ, സിവിൽ ജോലികൾ പൂർത്തീകരിക്കുന്നതിനായി 2,24,68,312/- രൂപയുടെ

സാങ്കേതികാനുമതി 22-07-2023-ന് നൽകിയിരുന്നു. ഇവ കൂടി പൂർത്തിയായാൽ മഞ്ചേരി മെഡിക്കൽ കോളേജിലെ പാർപ്പിട സൗകര്യങ്ങളുമായി ബന്ധപ്പെട്ട ജോലികളെല്ലാം തന്നെ പൂർത്തിയാകുന്നതാണ്.

2022-23, 2023-24 വർഷങ്ങളിൽ മഞ്ചേരി മെഡിക്കൽ കോളേജിനായി പ്ലാൻ ഹെഡ് മുഖേന 10 കോടി രൂപ വീതം അനുവദിച്ചിരുന്നു. കൂടാതെ 2022-2023 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 10 കോടി രൂപയ്ക്കുപുറമേ 10,31,70,000/-രൂപ കൂടി അധികമായി അനുവദിച്ചിരുന്നു. ഇതെല്ലാം ചേർത്ത് മഞ്ചേരി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രം 2022-23 സാമ്പത്തിക വർഷത്തിൽ 20,31,70,000/-രൂപ അനുവദിച്ചിരുന്നു.

മഞ്ചേരി മെഡിക്കൽ കോളേജിൽ 2022-23, 2023-2024 വർഷങ്ങളിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ 2022-2023, 2023-2024 വർഷങ്ങളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ

2022-23

- മഞ്ചേരി ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കുന്നതിനായി 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം പ്രാരംഭ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു.
- കാന്റീൻ വിപുലീകരണം, ടോയ്‌ലെറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 87,51,000/-രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു.
- കുടിവെള്ള സംവിധാനം കാര്യക്ഷമമാക്കുന്നതിന് 18,80,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും തുക വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

- റസിഡന്റ്സ് ക്വാർട്ടേഴ്സ് 2, 3 നിലകളുടെ വിപുലീകരണത്തിനായി 1,00,00,000/-രൂപയുടെ ഭരണാനുമതി പൊതുമരാമത്ത് ഹെഡ്ഡിൽ നേരിട്ട് അനുവദിച്ചിട്ടുള്ളതാണ്. പ്രവൃത്തി നടന്നുവരുന്നു.
- ആശുപത്രിയിലെ എ-ബ്ലോക്ക് നവീകരണത്തിനായി 1,66,50,000/-രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതുമാണ്.
- കുടിവെള്ള സംവിധാനത്തിനായി 63,50,000/-രൂപയുടെ ഭരണാനുമതി നൽകുകയും തുക വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.
- ആശുപത്രിയിൽ ഫയർ ആൻഡ് സേഫ്റ്റി സംവിധാനം - 80,00,000/-രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് ഹെഡ്ഡിൽ നേരിട്ട് അനുവദിച്ചിട്ടുള്ളതാണ്. ടെണ്ടർ നടപടികൾക്കുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.
- ആശുപത്രിയിൽ മാലിന്യസംസ്കരണം - പത്ത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

- കുട്ടികളുടെ ഐ.സി.യു, എച്ച്.ഡി.യു & വാർഡ് - 2.65 കോടി രൂപയുടെ ഭരണാനുമതി നൽകുകയും (ERCP Fund) ചെലവാക്കി കുട്ടികളുടെ ഐ.സി.യു, എച്ച്.ഡി.യു & വാർഡ്-ന്റെ നിർമ്മാണം 2023-ൽ പൂർത്തിയാക്കുകയും ചെയ്തു.
- കാഷ്വാലിറ്റി നവീകരണം - 1.78 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പി.ഡബ്ല്യു.ഡി. മുഖാന്തിരം മേൽ തുക ഉപയോഗിച്ച് കാഷ്വാലിറ്റി നവീകരിക്കുകയും കൂടുതൽ വിശാലമാക്കുകയും പുതിയ ഉപകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.
- റാമ്പ് നിർമ്മാണം - 1.20 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പി.ഡബ്ല്യു.ഡി മുഖാന്തരം മേൽ തുക ഉപയോഗിച്ച് 'എ' ബ്ലോക്ക് 'സി' ബ്ലോക്ക് എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വിശാലവും രോഗീസൗഹൃദവുമായ ഒരു റാമ്പ് നിർമ്മിക്കുകയും രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും ഡോക്ടർമാരുടെയും സഞ്ചാരം അനായസമാക്കുകയും ചെയ്തു.

- എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് - 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.
- ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയ 3,85,48,732/- രൂപ വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

2023-24

- മൈനർ വർക്സ് - 1,05,00,000/-രൂപയുടെ ഭരണാനുമതി നൽകി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി.എസ്. നടപടികൾ പുരോഗമിക്കുന്നു.
- മഞ്ചേരി ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കുന്നതിനായി 30,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.
- മെഡിക്കൽ കോളേജ് ആശുപത്രിയെ രോഗീസൗഹൃദമാക്കുന്നതിന് 20,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

- റീവാമ്പിംഗ്- അടിസ്ഥാന സൗകര്യ വികസനം 30,00,000/-രൂപയുടെ ഭരണാനുമതി നൽകുകയും തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.
- മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാതൃ-ശിശു സംരക്ഷണ യൂണിറ്റിൽ സൗകര്യം ഒരുക്കുന്നതിനായി 40,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.
- ഉപകരണങ്ങൾ വാങ്ങുന്നതിന് അനുവദിച്ച 2,64,84,180/-രൂപ വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

<u>മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് വികസനത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്</u>

- മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ ഉത്തരവ് നമ്പർ 28/2019/ആ.കു.വ തീയതി 16-02-2019 പ്രകാരം ലഭ്യമായിരുന്നു.
- ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനായി വേണ്ടിവരുന്ന 5 ശതമാനത്തിൽ കുറയാത്ത കണ്ടിജൻസി തുകയായ

50 ലക്ഷം രൂപ സർക്കാരിൽനിന്നും ലഭ്യമാകുകയും ആയത് മലപ്പുറം എൽ.എ. സ്പെഷ്യൽ തഹസീൽദാർക്ക് 26-03-2022-ന് ഡെപ്പോസിറ്റ് ചെയ്തുനൽകിയിട്ടുള്ളതുമാണ്.

- കോളേജിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മേൽ ഭൂമി അടിയന്തര പ്രാധാന്യത്തോടെ ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിദഗ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.
- സ.ഉ (കൈ)നം. 160/2023/RD തീയതി 11-07-2023 പ്രകാരം മേൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.
- മേൽ ഭൂമി മലപ്പുറം എൽ.എ., താലൂക്ക് സർവ്വേയർ എന്നിവർ അളന്ന് അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.
- പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.
- മേൽ ഭൂമി ഏറ്റെടുക്കുന്നതിന് സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എം.ആർ.ഐ. മെഷീൻ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

മഞ്ചേരി, കൊല്ലം മെഡിക്കൽ കോളേജുകളിലേയ്ക്ക് എം.ആർ.ഐ. മെഷീൻ വാങ്ങുന്നതിനായി 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ആകെ 15,66,98,000 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ എം.ആർ.ഐ. മെഷീൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് 16-05-2023-ന് ചേർന്ന മീറ്റിംഗിൽ ദീർഘകാല ഉപയോഗം പരിഗണിച്ച് വൈഡ് ബോർ മെഷീൻ വാങ്ങാമെന്ന് തീരുമാനിക്കുകയും ആയതിന് ആകെ 15 കോടി രൂപ ആവശ്യമായി വരുമെന്ന് കണ്ടെത്തി, നിലവിലെ സാഹചര്യത്തിൽ മഞ്ചേരി മെഡിക്കൽ കോളേജിന്റെ അടിയന്തരാവശ്യം പരിഗണിച്ച് കൂടുതൽ തുക കൂടി ചേർത്ത് മഞ്ചേരി മെഡിക്കൽ കോളേജിൽ എം.ആർ.ഐ. മെഷീൻ വാങ്ങുന്നതിന് അനുമതി നൽകണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ അടിയന്തര പ്രാധാന്യമുള്ള നിർമ്മാണ പ്രവൃത്തികൾ

### ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം & റേഡിയോളജി & ലബോറട്ടറി കോംപ്ലക്സ് നിർമ്മാണം

മഞ്ചേരി മെഡിക്കൽ കോളേജിൽ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം & റേഡിയോളജി & ലബോറട്ടറി കോംപ്ലക്സ് നിർമ്മാണം എന്നിവയ്ക്കായി 13-09-2017-ലെ GO (Rt) No. 2474/17/H&FWD പ്രകാരം ആകെ മൊത്തം 8.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും പ്രവൃത്തി ആരംഭിച്ചിരുന്നില്ല. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ആയത് പ്രകാരം ഒ.പി. ബ്ലോക്കിന്റെ നിർമ്മാണത്തിന് 50.50 കോടി രൂപയും റേഡിയോളജി & ലബോറട്ടറി കോംപ്ലക്സ് നിർമ്മാണത്തിന് 26 കോടി രൂപയും ആവശ്യമാണ്. പ്രസ്തുത പദ്ധതികൾ നബാർഡ് പദ്ധതിയിൽ (NABARD RIDF Tranche-XXX (2024-25) ഉൾപ്പെടുത്തുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

മഞ്ചേരി മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ, കാർഡിയോളജി, കാർഡിയോതൊറാസിക്, നെഫ്രോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് 15 അധ്യാപക തസ്തിക 21-12-2023 ൽ സൃഷ്ടിച്ചു.

മഞ്ചേരി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 60 സീറ്റോടുകൂടിയ പുതിയ നഴ്സിംഗ് കോളേജ് 2022-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മേൽപ്രകാരം മഞ്ചേരി മെഡിക്കൽ കോളേജ് സ്ഥാപിതമായത് മുതൽ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തിയും വിവിധ പദ്ധതികൾ പ്രകാരവും മെഡിക്കൽ കോളേജിന്റെ ഉന്നമനത്തിനും രോഗീ സൗഹൃദാന്തരീക്ഷം ഉറപ്പാക്കുന്നതിനും വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുമായി വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിക്കുകയും അതിനനുസരിച്ച് ഫണ്ടുകൾ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

(4) 29-01-2024-ന് ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

കാസർഗോഡ് ജില്ലയിലെ ഉളിയംകടവിലെ നദീമുഖത്തുനിന്ന് 3.50 കിലോമീറ്റർ അകലെയാണ് (കവ്വായി ബാക്ക് വാട്ടർ). പയ്യന്നൂർ മുനിസിപ്പാലിറ്റി, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്, പിലിക്കോട് ഗ്രാമപഞ്ചായത്ത്, കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്ത് എന്നിവയുടെ പരിധിയിൽ വരുന്ന മുകൾ ഭാഗത്തുള്ള തോടുകളുടെ കരകളിലെ കൃഷിയിടങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനാണ് ഈ പദ്ധതി. ഉളിയംകടവിൽ കവ്വായി നദിയുടെ കുറുകെയാണ് മേൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ വലത് കരയിലേയ്ക്ക് തൃക്കരിപ്പൂർ പഞ്ചായത്തിലെ ഒളവറയിൽനിന്ന് പഞ്ചായത്ത് റോഡിലൂടെയും ഇടതുകരയിലേയ്ക്ക് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ കോളോത്ത് നിന്ന് മുനിസിപ്പൽ റോഡിലൂടെയും പ്രവേശിക്കാം.

നിർദ്ദിഷ്ട വർക്കിന്റെ ലൊക്കേഷൻ, വൃഷ്ടിപ്രദേശം, ജലം വ്യാപിക്കുന്ന പ്രദേശം മുതലായവ പൂർണ്ണമായും കാസർഗോഡ് ജില്ലയിൽപ്പെട്ടതാണ്. നദിയുടെ ഈ സ്ഥാനത്തുനിന്ന് ഒഴുകുന്ന വെള്ളം നേരിട്ട് 3.5 കിലോമീറ്ററിനുള്ളിൽ കവ്വായി ബാക്ക് വാട്ടറിൽ എത്തുകയും ഒടുവിൽ അറബിക്കടലിലെത്തുകയും ചെയ്യുന്നു.

നിർദ്ദിഷ്ട റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥിതി ചെയ്യുന്ന ഉളിയംകടവിൽ, കവ്വായി പുഴയുടെ ഇടതുകര പയ്യന്നൂർ മുനിസിപ്പാലിറ്റിയും വലതുകര തൃക്കരിപ്പൂർ പഞ്ചായത്തുമാണ്. നിർദ്ദിഷ്ട റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇരുകരകളിലും നിലവിൽ റോഡുകളുണ്ട്. പാലം നിർമ്മിച്ചാൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂരുമായും കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തുമായും ബന്ധിപ്പിക്കാം. നദിയുടെ വലതുകരയിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് പയ്യന്നൂരിൽ സ്ഥിതിചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ 5 കിലോമീറ്റർ യാത്ര ലാഭിച്ച് എളുപ്പത്തിൽ എത്താം. കൂടാതെ ഈ പദ്ധതി പ്രാവർത്തികമായാൽ ഏകദേശം 800 ഹെക്ടറോളം

കൃഷി സ്ഥലത്ത് ഉൾപ്പെടുന്ന തെങ്ങ്, കവുങ്ങ്, നെല്ല്, പച്ചക്കറികൾ തുടങ്ങിയ കാർഷിക വിളകൾക്ക് ജലസേചനത്തിന് ഉപകാരപ്രദമാവുകയും ചെയ്യും. മേൽപ്പറഞ്ഞ പ്രദേശത്ത് ഉപ്പുവെള്ളം കയറുന്നത് തടയാൻ സാധിച്ചാൽ ആ പ്രദേശത്തെ ജനങ്ങൾക്ക് വേനൽക്കാലത്ത് കുടിവെള്ളക്ഷാമവും വേനലിൽ വേലിയേറ്റംമൂലം ഉപ്പുവെള്ളം പുഴയിലൂടെ കൃഷിയിടങ്ങളിലേയ്ക്ക് കയറുന്നത് തടയുവാൻ സാധിക്കുകയും ചെയ്യും.

ഈ സ്ഥലത്ത് നദിയുടെ വലത് കരയിൽ "ഉപ്പ് സത്യാഗ്രഹ സ്മൃതിമണ്ഡപം" എന്ന പേരിൽ ഒരു സ്മാരകവും നദിയുടെ ഇടതുകരയിൽ ഒരു മുനിസിപ്പൽ പാർക്കും പ്രവർത്തിക്കുന്നു. മനോഹരമായ ഈ ജലാശയവും ചുറ്റുമുള്ള പ്രദേശവും ഈ പദ്ധതിയിലൂടെ ടൂറിസത്തിന്റെ മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്താം.

പ്രസ്തുത പദ്ധതിക്കുവേണ്ടി 85.40 കോടി രൂപയുടെ പദ്ധതിക്ക് നബാർഡ് സ്കീമിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(5) 29-01-2024-ന് ശ്രീമതി ശാന്തകുമാരി കെ., എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

പാലക്കാട് ജില്ലയിലെ ഇടത്തരം ജലസേചന പദ്ധതിയാണ് കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി. മൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 1961-ലാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. തുടർന്ന് 1964-ൽ ആസൂത്രണ കമ്മീഷന്റെ അനുമതിയും 1966-ൽ സർക്കാർ ഭരണാനുമതിയും നൽകി. 70.8 ദശലക്ഷം ഘനമീറ്റർ സംഭരണശേഷിയുള്ള ഡാമും 66 കിലോമീറ്റർ നീളം വരുന്ന ഇടതുകര കനാലും 9.36 കിലോമീറ്റർ നീളം വരുന്ന വലതുകര കനാലും കൂടാതെ 196.082 കിലോമീറ്റർ ഡിസ്ട്രിബ്യൂട്ടറി & മൈനർ ഡിസ്ട്രിബ്യൂട്ടറി കനാലുകളുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.

ഇതിൽ കാഞ്ഞിരപ്പുഴ ഡാമിന്റെയും വലതുകര കനാലിന്റെയും നിർമ്മാണവും 61.71 കിലോമീറ്റർ നീളം വരെ ഇടതുകര കനാലിന്റെയും 174.275 കിലോമീറ്റർ നീളത്തിൽ ഡിസ്ട്രിബ്യൂട്ടറി & മൈനർ ഡിസ്ട്രിബ്യൂട്ടറി കനാലുകളുടെ നിർമ്മാണവും ഇതുവരെ പൂർത്തിയായി. 1980-ൽ പദ്ധതി

ഭാഗികമായി കമ്മീഷൻ ചെയ്തു. പൂർത്തിയായ കനാൽ ശൃംഖലയിലൂടെ 8467 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തിവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിലുണ്ടായ തടസ്സങ്ങൾമൂലം ഇടതുകര കനാലിന്റെ വാലറ്റഭാഗത്ത് ഏകദേശം 4 കിലോമീറ്ററും മാരായമംഗലം, കുലുക്കല്ലൂർ, വല്ലപ്പുഴ, കുളപ്പുള്ളി നോർത്ത് എന്നീ ഡിസ്ട്രിബ്യൂട്ടറികളുടെയും നിർമ്മാണം പൂർത്തീകരിക്കാനായിട്ടില്ല. ഇതുകൂടി പൂർത്തീകരിച്ചാൽ ആകെ 9713 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനാകും.

നിലവിൽ 61.70 കിലോമീറ്റർ വരെ കാഞ്ഞിരപ്പുഴ ഇടതുകര കനാലിലൂടെ ജലവിതരണം നടത്തുന്നുണ്ട്. കാലപ്പഴക്കംമൂലം കനാലിലൂടെയുള്ള ജലചോർച്ച വളരെക്കൂടുതലാണ്. ആയതിനാൽ 61.70 കിലോമീറ്റർ ജലവിതരണം നടത്തുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇത് കുറയ്ക്കുന്നതിനുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ആദ്യഘട്ടത്തിൽ (2023-24 സാമ്പത്തിക വർഷം) നബാർഡ് വഴി 10 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. തുടർപ്രവൃത്തികൾക്കായി ഏകദേശം 85 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത ഫണ്ട് നബാർഡ് വഴി

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ടി പ്രവൃത്തികൾകൂടി പൂർത്തിയാകുന്നതോടെ ഇടതുകര കനാലിന്റെ 61.70 കിലോമീറ്റർ വരെയുള്ള ജലവിതരണം വളരെ സുഗമമാകുന്നതാണ്. ഇതുനുശേഷം മാത്രമേ 61.71 കിലോമീറ്റർ മുതൽ 66 കിലോമീറ്റർ വരെയുള്ള ഇടതുകര മെയിൻ കനാലും (4.29 കിലോമീറ്റർ) അനുബന്ധ 3 ഡിസ്ട്രിബ്യൂട്ടറികളുടെ നിർമ്മാണവും ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പ്രവൃത്തികൾക്കായി (സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ) ഏകദേശം 250 കോടി രൂപ ചെലവ് വരുന്നതാണ്. ഇതിനുശേഷം മാത്രമേ കാഞ്ഞിരപ്പുഴ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

## (6) 29-01-2024-ന് ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഈരാറ്റുപേട്ട-വാഗമൺ റോഡ് കിഫ്ബി ഫണ്ട് വിനിയോഗിച്ച് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 136, ക്രമ നം. 19 പ്രകാരം 25 കോടി രൂപ വകയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ

11-12-2016-ലെ G.O.(Rt)No.1687/2016/PWD ഉത്തരവുപ്രകാരം റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കോർപ്പറേഷൻ ഓഫ് കേരള (RICK) നിർവ്വഹണ ഏജൻസിയായി (SPV) നിശ്ചയിച്ച് പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതിയും നൽകിയിരുന്നു. പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ RICK സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി അവലോകനം നടത്തുകയും 21-12-2017-ലെ APR-2/330/2017/KIIFB നം. നടപടിക്രമ ഉത്തരവ് പ്രകാരം 63.99 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകുകയും ചെയ്തിരുന്നു.

പദ്ധതിയുടെ 4(1) നോട്ടിഫിക്കേഷൻ 16-06-2023-ൽ പ്രസിദ്ധീകരിച്ചിരുന്നു. പദ്ധതിയുടെ സാമൂഹിക ആഘാത പഠനം നടത്തുകയും അതിന്റെ റിപ്പോർട്ട് 2023 നവംബറിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള റോഡ് 2023-ൽ ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി PWD BM&BC ഓവർലെ ചെയ്യുകയും നിലവിലെ ട്രാഫിക് കണ്ടീഷൻസിന് പര്യാപ്തമാക്കുകയും ചെയ്തതാണ്. പ്രസ്തുത നിർമ്മാണത്തിന് 3 വർഷത്തെ DLP കാലാവധിയും ബാധകമായതിനാലാണ് പദ്ധതിയുമായി

ബന്ധപ്പെട്ട എല്ലാ നടപടികളും താൽക്കാലികമായി നിർത്തിവെക്കാൻ തീരുമാനിച്ചത്.

(7) 29-01-2024-ന് ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർവ്വഹണം നടത്തുന്ന വിവിധ പ്രവൃത്തികൾ സംബന്ധിച്ച്.

കടമക്കുടി - പിഴല പാലം

പരിസ്ഥിതി സൗഹൃദമായി നിർമ്മിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സോപാധിക അനുമതി നൽകിയിട്ടുള്ള കടമക്കുടി ദ്വീപ സമൂഹങ്ങളെ ബന്ധിപ്പിക്കുന്ന മൂലമ്പിള്ളി-ചാത്തനാട് റോഡിന്റെ ഭാഗമായി 2012-ൽ നിർമ്മാണം നടത്താൻ തീരുമാനിച്ച 3 പാലങ്ങളിൽ മൂലമ്പിള്ളി - പിഴല പാലം, കടമക്കുടി - ചാത്തനാട് പാലം എന്നിവ ഗോശ്രീ ഐലന്റ്സ് ഡെവലപ്പ്മെന്റ് അതോറിറ്റി (GIDA) മുഖേനയും ഈ പാലങ്ങളുടെ മധ്യത്തിലായി വരുന്ന പിഴല-കടമക്കുടി പാലം കിഫ്ബി ഫണ്ടിംഗ്

വിനിയോഗിച്ച് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) മുഖേനയും നിർവ്വഹണം നടത്തുന്നതിനാണ് തീരുമാനിച്ചിരുന്നത്.

കടമക്കുടി-പിഴല പാലത്തിനായി നിർവ്വഹണ ഏജൻസി (കെ.ആർ.എഫ്.ബി.) സമർപ്പിച്ച ഡി.പി.ആർ. പ്രകാരം പ്രസ്തുത 3 പാലങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ GIDA ഫണ്ടിംഗ് വിനിയോഗിച്ച് നടപ്പിലാക്കുന്നതാണെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കിഫ്ബി പ്രസ്തുത പദ്ധതിക്കായി 43.88 കോടി രൂപയുടെ സാമ്പത്തികാനുമതി 04-08-2022-ന് നൽകിയത്. ഈ ഘട്ടത്തിൽ കടമക്കുടി, പിഴല ദ്വീപുകളെ ബന്ധിപ്പിക്കുന്ന വാട്ടർ മെട്രോ പ്രൊപ്പോസൽ സംബന്ധിച്ച ധാരണയില്ലായിരുന്നു. വാട്ടർ മെട്രോ കാരണം പാലം പ്രവൃത്തി നടപ്പിലാക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി 21-06-2023-ന് കിഫ്ബിയിൽ നടന്ന അവലോകന യോഗത്തിലെ തീരുമാനപ്രകാരം 13-07-2023-ന് കിഫ്ബി, കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥരും കടമക്കുടി ഗ്രാമപഞ്ചായത്തിലെ പ്രതിനിധികളും ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ സംയുക്ത

സ്ഥലപരിശോധന നടത്തിയിരുന്നു. സ്ഥലപരിശോധനയിൽ CRZ ക്ലിയറൻസിന്റെ അഭാവത്തിൽ നിർദ്ദിഷ്ട പാലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തിയിൽനിന്നും GIDA പിന്മാറിയതായി അറിയാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ശരിയായ കണക്ടിവിറ്റിയുടെ അഭാവത്തിൽ പാലം പൂർണ്ണമായും പ്രവർത്തനക്ഷമമാകില്ലെന്നത് കണക്കിലെടുത്ത് 31-10-2023-ലെ കത്ത് മുഖേന പ്രവൃത്തി തൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കുന്നതായി GIDA സെക്രട്ടറിയെ അറിയിച്ചിരുന്നു. 24-11-2023-ലെ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ഇക്കാര്യം നിർവ്വഹണ ഏജൻസിയെയും GIDA സെക്രട്ടറിയെയും അറിയിച്ചിരുന്നു.

31-10-2023-ലെ കത്തിന് മറുപടിയായി GIDA സെക്രട്ടറി സമർപ്പിച്ച കത്തിൽ പാലം വന്നുചേരുന്ന ഇരുകരകളിലുമുള്ള പഞ്ചായത്ത് റോഡുകൾ 9 മീറ്ററായി വീതികൂട്ടി നിർമ്മിക്കുന്നതിന് GIDA നടപടി സ്വീകരിച്ചുവരുന്നതായും വാട്ടർ മെട്രോ പദ്ധതി പാലത്തിന് ബദലാകില്ലെന്നും പ്രാദേശിക യാത്രാ ക്ലേശങ്ങൾക്ക് പരിഹാരമാകില്ലെന്നും

നിർദ്ദിഷ്ട വാട്ടർ മെട്രോ ജെട്ടികളിലേയ്ക്കുള്ള സർവ്വീസ് റോഡ് സൗകര്യം ലഭ്യമാക്കേണ്ടതുണ്ടെന്ന വസ്തുതകൂടി കണക്കിലെടുത്ത് പിഴല-കടമക്കുടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഉടനടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത കത്ത് നിലവിൽ കിഫ്ബിയിൽ പരിഗണനയിലാണ്.

വൈപ്പിൻ - പള്ളിപ്പുറം പാരലൽ റോഡ്

കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 01-11-2016-ലെ G.O.(P) No. 1502/2016/PWD പ്രകാരം 75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്ന വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡ് നിർമ്മാണ പ്രവൃത്തിക്കായി നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച DPR കിഫ്ബി അവലോകനം നടത്തി, കിഫ്ബി മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ആയത് സംസ്ഥാന ബഡ്ജറ്റ് മുഖേന നിർവ്വഹിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യമെന്ന വിവരം പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുകയും ചെയ്തിരുന്നു. ഇതിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത റോഡിനായി സംസ്ഥാന ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു.

വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന് വകയിരുത്തിയ തുക കായൽ റോഡ് നിർമ്മാണത്തിനായി മാറ്റി അനുവദിക്കണമെന്ന് ശിപാർശയിൽ 24-02-2018-ലെ G.O. (MS) No. 69/2018/Fin പ്രകാരം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതോ മന്ത്രിസഭാ യോഗം അംഗീകരിച്ചിട്ടുള്ളതോ ആയ പദ്ധതികൾക്കുമാത്രമെ കിഫ്ബി ധനസഹായം നൽകാനാകൂയെന്നതിനാൽ പ്രസ്തുത ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം അറിയിച്ചിരുന്നതാണ്.

<u>വല്ലാർപാടം പനമ്പുകാട് റിംഗ് ബണ്ട് റോഡ്</u>

വല്ലാർപാടം പനമ്പുകാട് കായലോര റിംഗ് ബണ്ട് റോഡിന്റെ ശേഷിക്കുന്ന ഭാഗത്തിന്റെ നിർമ്മാണത്തിനുകൂടി ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുന്നതിൽ കിഫ്ബിക്ക് എതിർപ്പില്ലെന്നും ഫണ്ടിന്റെ പരിമിതി കണക്കിലെടുത്ത് ടി പ്രവൃത്തിക്കായി കിഫ്ബി ഫണ്ടിംഗ് വഴി ഭരണാനുമതി ലഭിച്ച 20 കോടി രൂപ വിനിയോഗിക്കാനാവില്ലെന്നും ഇതിനുള്ള തുക

ഇറിഗേഷൻ വകുപ്പിന്റെ പദ്ധതി ഫണ്ടിൽനിന്നും കണ്ടെത്തേണ്ടതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ പ്രവൃത്തിയുടെ പ്രാധാന്യവും ആയത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കി ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 24-11-2023-ന് കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിൽ പ്രസ്തുത പ്രവൃത്തി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന്റെ നിരീക്ഷണത്തിൽ ഇറിഗേഷൻ വകുപ്പുമുഖേന കിഫ്ബി ഫണ്ടിംഗ് വിനിയോഗിച്ച് ഡെപ്പോസിറ്റ് വർക്കായി നിർവ്വഹിക്കാൻ തീരുമാനിച്ചിട്ടുള്ളതും ആയതിനാൽ ഡി.പി.ആർ. സമർപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

<u>വൈപ്പിൻ കോളേജ്</u>

13-11-2017-ലെ സ.ഉ. (സാധാ) നം. 285/2017/ഉ.വി.വ. പ്രകാരം ഭരണാനുമതി ലഭിച്ച വൈപ്പിൻ കോളേജിന്റെ പദ്ധതി നിർവ്വഹണ

ഏജൻസിയായി കിറ്റ്കോയെ 19-06-2019-ലെ സ.ഉ.(കൈ) നം. 173/2019/ഉ.വി.വ. പ്രകാരം നിയമിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തി സംബന്ധിച്ച രേഖകളൊന്നും കിഫ്ബിയിൽ ലഭ്യമാകാതിരുന്ന പശ്ചാത്തലത്തിൽ 16-02-2022-ന് കിഫ്ബിയിൽ നടന്ന അവലോകന യോഗത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് കുറഞ്ഞത് അഞ്ചേക്കർ സ്ഥലം വേണമെന്നും കോളേജിന്റെ പേരിൽ മതിയായ സ്ഥലമില്ലാത്തതിനാൽ സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച അന്തിമതീരുമാനം കൈക്കൊണ്ട ശേഷമേ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ സാധിക്കുകയുള്ളൂവെന്ന് കിറ്റ്കോ അറിയിക്കുകയുണ്ടായി. മേൽനടപടികൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി ഡി.പി.ആർ. സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

കിഫ്ബി മുഖേന നടപ്പാക്കുന്ന വിവിധ കോളേജ് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി 11-10-2023-ന് ചേർന്ന യോഗത്തിൽ വൈപ്പിൻ കോളേജുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നിർദ്ദേശം നൽകുകയും ചെയ്തിരുന്നെങ്കിലും നിർവ്വഹണ ഏജൻസിയിൽനിന്നും ടി പ്രവൃത്തി സംബന്ധിച്ച രേഖകളൊന്നും നാളിതുവരെ കിഫ്ബിയിൽ ലഭ്യമായിട്ടില്ല.

കടമക്കുടി ഗവൺമെന്റ് HSS &VHSS

23-11-2023-ലെ GED003-28/APR-2/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവുപ്രകാരം കടമക്കുടി ഗവൺമെന്റ് എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്.-ലെ അടിസ്ഥാന സൗകര്യവികസനത്തിനായി 1.295 കോടി രൂപയുള്ള ധനാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുള്ളതും നിർവ്വഹണ ഏജൻസിയായ KILA സമർപ്പിച്ച Project Execution Document-ന് പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി ഫൗണ്ടേഷൻ റീ-ഡിസൈൻ ചെയ്യേണ്ടതുണ്ടെന്ന വ്യവസ്ഥയ്ക്ക്

വിധേയമായി 07-09-2023-ന് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത വ്യവസ്ഥകൾ പാലിച്ച് കിഫ്ബി അംഗീകാരത്തോടെ ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

എളങ്കുന്നപ്പുഴ ഗവ. എച്ച്.എസ്.എസ്.

എളങ്കുന്നപ്പുഴ ഗവ. എച്ച്.എസ്.എസ്.-ലെ അടിസ്ഥാന സൗകര്യവികസനത്തിനായി നിർവ്വഹണ ഏജൻസിയായ KILA 02-10-2023-ന് സമർപ്പിച്ച ഡി.പി.ആർ. നിലവിൽ കിഫ്ബി അവലോകനം നടത്തിവരുന്നതാണ്. അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

വൈപ്പിൻ മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി നിർവ്വഹണ ഏജൻസികളുടെ അവലോകന യോഗം ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് കൂടി സൗകര്യപ്രദമായ

ദിവസം കിഫ്ബി ആസ്ഥാനത്തുവച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (8) 29-01-2024-ന് ശ്രീ. പി. പി. സുമോദ്, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

തരൂർ നിയമസഭാ മണ്ഡലത്തിലെ കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളത്. 2018-ൽ ഭരണാനുമതിയും 2019-ൽ സാങ്കേതികാനുമതിയും നൽകിയ പ്രവൃത്തിയാണിത്. 28-09-2019-ൽ പ്രവൃത്തിക്കുള്ള സൈറ്റ് കരാറുകാരന് കൈമാറിയിരുന്നു. എന്നാൽ ഈ പ്രവൃത്തിക്കിടയിൽ ജൽജീവൻ മിഷനുവേണ്ടി പൈപ്പ് സ്ഥാപിക്കാൻ അനുമതി നൽകി. ഇതിന്റെ റെസ്റ്റൊറേഷൻ പ്രവൃത്തിയും അതേ കരാറുകാരൻ തന്നെയാണ് ഏറ്റെടുത്തത്. റെസ്റ്റൊറേഷൻ പ്രവൃത്തി പൂർത്തീകരിച്ച് റോഡ് പ്രവൃത്തി ആരംഭിക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയതിനെത്തുടർന്ന് നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കി സാധാരണ നിലയിൽ ബാലൻസ് എസ്റ്റിമേറ്റ് ഏറ്റെടുത്ത് പ്രവൃത്തി റീ-ടെണ്ടർ ചെയ്യാറാണ് പതിവ്. എന്നാൽ ഇവിടെ വെള്ളക്കെട്ട്

ഒഴിവാക്കാനുള്ള പ്രവൃത്തികൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുകയാണുണ്ടായത്. ഇതിന് ധനകാര്യ വകുപ്പിന്റെകൂടി അനുമതി ആവശ്യമാണ്. `നിലവിലിത് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കും.

(9)29-01-2024-ന് ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

കഴിഞ്ഞ ഏഴ് വർഷത്തിനിടെ സ്പോർട്സ് ക്വാട്ടയിൽ റിക്കാർഡ് നിയമനമാണ് നടന്നിട്ടുള്ളത്. ഈ കാലയളവിൽ 703 കായിക താരങ്ങൾക്കാണ് നിയമനം നൽകിയത്. രണ്ടാം പിണറായി സർക്കാർ വന്നശേഷം സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള 2010-14 റാങ്ക് ലിസ്റ്റിൽനിന്ന് 65 പേർക്കുകൂടി നിയമനം നൽകി. പോലീസിൽ സ്പോർട്സ് ക്വാട്ടയിൽ 31 പേർക്കും നിയമനം നൽകി. കെ.എസ്.ഇ.ബി. 27 പേർക്ക് നിയമനം നൽകി. 2015-19 കാലയളവിൽ സ്പോർട്സ് ക്വാട്ടയിൽ 249 പേരെ നിയമിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

05-11-2019-ലെ സ.ഉ. (കൈ) നം. 208/2019/പൊ.ഭ.വ. പ്രകാരം 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാൻ അനുമതി നൽകിയിരുന്നു. സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരാകുന്ന കായിക താരങ്ങളുടെ സേവന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് 20-05-2006-ലെ G.O. (MS) No. 127/06/GAD പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവരിൽ, ആക്ടീവ് സ്പോർട്സിൽ തുടരാൻ ആഗ്രഹിക്കുന്നവരെ സൂപ്പർ ന്യൂമററി തസ്തികയിലാണ് നിയമിക്കുന്നത്. അവരെ ഓഫീസ് സമയങ്ങളിൽ പതിവ് പരിശീലനങ്ങളിൽ പങ്കെടുക്കാൻ അനുവദിക്കുന്നതാണ്. എന്നാൽ അവർ ഉച്ചയ്ക്കുമുമ്പോ ഉച്ച കഴിഞ്ഞോ ഉള്ള ഒരു സെഷനിൽമാത്രം ഓഫീസിൽ ഹാജരാകേണ്ടതാണ്. പ്രസ്തുത കായിക

താരങ്ങൾ ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിക്കുകയോ 35 വയസ് പൂർത്തിയാകുകയോ ഏതാണോ ആദ്യം അതുവരെ സൂപ്പർ ന്യൂമററി തസ്തികയിൽ തുടരേണ്ടതും ആയതിനുശേഷം നിയമനം ലഭിച്ച വകുപ്പിൽ ബന്ധപ്പെട്ട തസ്തികയിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാരിന്റെ പ്രത്യേക അനുമതിയോടെ 40 വയസ്സുവരെ ആക്ടീവ് സ്പോർട്സിൽ തുടരാനും കായികതാരങ്ങൾക്ക് അവസരമുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 9-ൽ ആക്ടീവ് സ്പോർട്സ് സംബന്ധിച്ച നിർവ്വചനം ഉൾപ്പെടുത്തിയിട്ടുണ്ട്. ആക്ടീവ് സ്പോർട്സിൽ തുടരുന്നവർ പ്രസ്തുത ഖണ്ഡികയിൽ പറഞ്ഞിരിക്കും പ്രകാരമുള്ള മത്സരങ്ങളിൽ പങ്കെടുക്കേണ്ടതുണ്ട്.

24-01-2024-ലെ സ.ഉ.(കൈ) നമ്പർ 9/2024/GAD ഉത്തരവ് പ്രകാരം ആക്ടീവ് സ്പോർട്സിൽ നിന്ന് വിരമിക്കുന്ന തീയതി പ്രാബല്യത്തിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവരെ റഗുലർ ഒഴിവുകൾ നിലവിലുണ്ടെങ്കിൽ അതിലേയ്ക്ക് ആഗിരണം ചെയ്യേണ്ടതാണ്. റഗുലർ ഒഴിവില്ലെങ്കിൽ സർക്കാർ അനുമതിയോടെ താല്കാലിക തസ്തിക സൃഷ്ടിച്ച്

പ്രസ്തുത തസ്തികയിൽ നിയമിക്കേണ്ടതാണ്. അത്തരത്തിൽ നിയമിതരാകുന്നവരുടെ റഗുലർ സർവ്വീസ് സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതാണ്.

സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരാകുന്ന കായിക താരങ്ങൾക്ക് അനുവദിക്കാവുന്ന അവധികൾ സംബന്ധിച്ച് പൊതുഭരണ വകുപ്പിൽനിന്നും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ലായിരുന്നു. പ്രസ്തുത ജീവനക്കാരുടെ അവധികൾക്കായുള്ള വിവിധ അപേക്ഷകളിലന്മേലുള്ള അഭിപ്രായം ബന്ധപ്പെട്ട വകുപ്പുകൾ പൊതുഭരണ വകുപ്പിനോട് തേടിയ സാഹചര്യം പരിഗണിച്ച് ധനകാര്യ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ അവധി സംബന്ധിച്ച് 04-07-2023-ൽ സ.ഉ. (കൈ) നം. 103/2023/പൊ.ഭ.വ. ഉത്തരവ് പുറപ്പെടുവിച്ചത്. ആയതുപ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരാകുന്നതും ആക്ടീവ് സ്പോർട്സിൽ തുടരുന്നതുമായ ജീവനക്കാർക്ക് സൂപ്പർ ന്യൂമററി തസ്തികകളിൽ തുടരുന്ന കാലയളവിൽ പരമാവധി മൂന്ന് മാസം ശൂന്യവേതന അവധിയും കെ.എസ്.ആർ ഭാഗം 1, അനുബന്ധം VII,

സെക്ഷൻ 2, ചട്ടം 3-ലെ വ്യവസ്ഥകൾക്കുവിധേയമായി പ്രത്യേക ആകസ്മികാവധിയും അനുവദനീയമാണ്. സൂപ്പർ ന്യൂമററി തസ്തികയിൽ തുടരുന്ന ജീവനക്കാർക്ക് പ്രതിവർഷം സംസ്ഥാനതല മത്സരങ്ങൾക്കായി 15-ഉം ദേശീയ മത്സരങ്ങൾക്കായി 45-ഉം അന്തർദേശീയ മത്സരങ്ങൾക്കായി 90-ഉം ദിവസത്തെ പ്രത്യേക ആകസ്മികാവധി അനുവദിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആക്ടീവ് സ്പോർട്സിൽ തുടരുന്ന സൂപ്പർ ന്യൂമററി ജീവനക്കാർക്ക് കെ.എസ്.ആർ. പ്രകാരമുള്ള മറ്റ് അവധികൾ അനുവദിക്കണമെന്ന കായിക താരങ്ങളുടെ ആവശ്യം പരിഗണനാർഹമാണോ എന്നത് പരിശോധിച്ചുവരികയാണ്.

********